ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.


ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in

4

# ഗാന്ധിസാഹിത്യം

## അർത്ഥശാസ്ത്രം



digitized by www .sreyas.in



digitized by www .sreyas.in



digitized by www .sreyas.in

This book has been printed on the paper supplied by the Government of India at concessional rate

---

MALAYALAM

**Arthasaastram**

Gandhian Literature Series—Vol. IV

by Mahatma Gandhi

Edited by Prof. K. S. Lakshmana Panicker

Translated by N. K. Damodaran

First Published July 1962

Reprinted April 1982

Cover design: Asok

© Kerala Gandhi Smarak Nidhi, Trivandrum

Mahatma Gandhi's Writings reproduced with the permission of The Navajivan Trust, Ahmedabad

Published by
Kerala Gandhi Smarak Nidhi, Trivandrum

Printed at Sandesanilayam Press, Changanacherry for
D. C. Press, Kottayam

Distributors:
CURRENT BOOKS
Kottayam, Trivandrum, Ernakulam,
Trichur, Kozhikode, Tellicherry, Alleppey

Rs. 28.00

GSN . S No. 58 B No. 52 (2) CB - D - 104 - 3000 - 0382

digitized by www .sreyas.in

മഹാത്മാ ഗാന്ധി

# അർത്ഥശാസ്ത്രം

എഡിറ്റർ

പ്രൊഫ. കെ. എസ്. ലക്ഷ്മണപ്പണിക്കർ

വിവർത്തകൻ

എൻ. കെ. ദാമോദരൻ

പ്രകാശകർ

കേരള ഗാന്ധിസ്മാരകനിധി

തിരുവനന്തപുരം

വില 28.00

digitized by www .sreyas.in

## ഗാന്ധിസാഹിത്യപരമ്പരയിലെ ഗ്രന്ഥങ്ങൾ


വാല്യം 1. ഗാർഹികജീവിതം

,, 2. സാമൂഹ്യജീവിതം

,, 3. രാഷ്ട്രതന്ത്രം

,, 4. അർത്ഥശാസ്ത്രം

,, 5. വിദ്യാഭ്യാസം

,, 6. തത്ത്വചിന്തയും മതവും

,, 7. തിരഞ്ഞെടുത്ത കത്തുകൾ



വിതരണം

**കറന്റ് ബുക്സ്**

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ
കോഴിക്കോട് തലശ്ശേരി ആലപ്പുഴ



digitized by www .sreyas.in

പ്രസിദ്ധീകരണോപദേശകസമിതി:

ശ്രീ കൈനിക്കര എം. കുമാരപിള്ള (ചെയർമാൻ)
മഹാകവി ജി. ശങ്കരക്കുറുപ്പ്
പ്രൊഫ. സി. പി. മാത്യൂ
ശ്രീ കെ. രാധാകൃഷ്ണമേനോൻ
ശ്രീ പി. ശിവരാമ അയ്യർ
ഡാ. എൻ. പി. പിള്ള
ശ്രീ ജി. കുമാരപിള്ള
ശ്രീ പി. പി. ഉമ്മർകോയ
ശ്രീ കെ. ജനാർദ്ദനൻപിള്ള (സെക്രട്ടറി)

പ്രസാധകസമിതി:

ശ്രീ കൈനിക്കര എം. കുമാരപിള്ള
(ചീഫ് എഡിററർ & ചെയർമാൻ)
ഡാ. എൻ. പി. പിള്ള
ഡാ. വി. കെ. സുകുമാരൻനായർ
പ്രൊഫ. കെ. എസ്. ലക്ഷ്മണപ്പണിക്കർ
ശ്രീ ജി. കുമാരപിള്ള
ശ്രീ പി. ശിവരാമ അയ്യർ
ശ്രീ സി. ഉത്തമക്കുറുപ്പ്
(അസിസ്റ്റൻറ് എഡിററർ & കൺവീനർ)

digitized by www .sreyas.in

# പ്രസ്താവന

(ഒന്നാം പതിപ്പിനെഴുതിയതു്)

മഹാത്മജിയുടെ വീരചരമംകൊണ്ടു് അസ്തപ്രജ്ഞരായ ഭാരതജനത ഭക്തിപ്രശ്രയപൂർവ്വം ആ ചരണങ്ങളിലർപ്പിച്ച ശ്രദ്ധാഞ്ജലിയാണു് ഗാന്ധിസ്മാരകനിധി. ദുഃഖാർദ്രമായ ആ ഹൃദയങ്ങളിലെല്ലാം ഒരേ ഒരു വികാരമാണു് അലതല്ലിയിരുന്നതു്. അതു് പ്രധാനമന്ത്രി നെഹ്റുവിന്റെ വാക്കുകളിൽക്കൂടി ഇപ്രകാരം പുറത്തു വന്നു: 'നമുക്കു പ്രചോദനം നല്കി നയിച്ചിരുന്ന ആചാര്യൻ നഷ്ടപ്പെട്ടിരിക്കുന്നു. ഇനി നാംതന്നെയാണു് ഈ ഭാരം ചുമക്കേണ്ടതു്. അദ്ദേഹത്തിന്റെ ആദർശങ്ങളിലും പരിപാടികളിലും നാം ഉറച്ചുനില്ക്കുമോ, അതോ പുതിയ മാർഗ്ഗങ്ങളിലേക്കു വഴുതിപ്പോകുമോ?' ഒരു പുതിയ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനായി രാഷ്ട്രപിതാവു് ചില നിർദേശങ്ങളും, വ്യക്തവും വിശദവുമായ പരിപാടികളും രാജ്യത്തിനു സമർപ്പിച്ചിരിക്കുന്നു. ആ പരിപാടികളുടെ നിർവഹണത്തിലാണു് അദ്ദേഹം അഹോരാത്രം ഏർപ്പെട്ടിരുന്നതു്. ആ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻതന്നെ ജനങ്ങൾ നിശ്ചയിച്ചു. അതിലേക്കു രൂപീകരിക്കപ്പെട്ട 'നിധി'യെ ദരിദ്രരുടെ ചില്ലിക്കാശും, ധനാഢ്യരുടെ ലക്ഷങ്ങളും ഒന്നിനൊന്നു മത്സരിച്ചു് നാട്ടിലെ ഏറ്റവും വലിയ പൊതുനിധിയാക്കിത്തീർത്തു.

സ്മാരകനിധിയുടെ ഏറ്റവും പ്രധാനമായ പരിപാടിയായി അംഗീകരിക്കപ്പെട്ടതു് ഗ്രാമങ്ങളിലെ നിർമാണപ്രവർത്തനമാണു്. ചില പ്രധാന സ്ഥലങ്ങളിൽ സ്മാരകമന്ദിരങ്ങൾ പണിയുക, കുഷ്ഠരോഗനിവാരണ ഫൗണ്ടേഷൻ ഏർപ്പെടുത്തുക, ഗാന്ധിജിയുടെ ജീവിതത്തെ അധികരിച്ചുള്ള ചലച്ചിത്രങ്ങൾ നിർമിക്കുക, ജനക്ഷേമകരമായ സ്ഥാപനങ്ങൾക്കു ധനസഹായംചെയ്യുക എന്നിവയ്ക്കും പ്രത്യേകം തുകകൾ നീക്കിവെക്കപ്പെട്ടു. ഇവയെപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണു് അദ്ദേഹത്തിന്റെ തത്ത്വസംഹിതയുടെ പഠനത്തിനും പ്രചാരണത്തിനും സൗകര്യമുണ്ടാക്കുക—പ്രത്യേകിച്ചും, ബുദ്ധിജീവികൾക്കു്. ഈ കാര്യം അംഗീകരിക്കപ്പെട്ടതു് അല്പം വൈകിയാണു്. സമുദായത്തിലെ ഏറ്റവും താണ ശ്രേണിയിലുള്ളവരുൾപ്പെടെ എല്ലാവരുടെയും പൂർണ്ണവികാസത്തിനുതകുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയേക്കുറിച്ചു സ്വപ്നം കാണുകയും അതിലേക്കു നയിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തിരുന്ന ആ മനുഷ്യസ്നേഹി ചിന്തനത്തിനും പരീക്ഷണത്തിനും വിധേയമാക്കാത്ത ഒരു വിഷയവുമില്ല. അവയെക്കുറിച്ചെല്ലാം വളരെ വ്യക്തവും ദൃഢവുമായ ആശയങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. ആ ആശയങ്ങൾ എത്ര വേഗത്തിൽ വ്യാപകമായി അംഗീകരിക്കപ്പെടുന്നുവോ, അതിനനുസരിച്ചായിരിക്കും ഒരു പുതിയ വ്യവസ്ഥിതി രൂപംകൊള്ളുന്നതു്. അതുകൊണ്ടു് എല്ലാ പ്രാദേശികഭാഷകളിലും അദ്ദേഹത്തിന്റെ ലേഖനസമാഹാരങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണെന്നു തീരുമാനിക്കപ്പെട്ടു. അഖിലേന്ത്യാടിസ്ഥാനത്തിൽ ഈ തീരുമാനങ്ങൾ ഉണ്ടാകുന്നതിനു വളരെ മുമ്പുതന്നെ ഇതിലേക്കു് ഒരു പദ്ധതി കേരളശാഖ കേന്ദ്രത്തിനു സമർപ്പിച്ചുവെങ്കിലും, അവരുടെ അംഗീകാരം കിട്ടിയതു് 1959-ൽ മാത്രമാണു്.

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു നിധിസംഭരണം കുറവായിരുന്ന കേരളത്തിനു് ഇതു ദുർവഹമായ ഒരു പദ്ധതിയാണു്. അതുകൊണ്ടു ചെലവു് കഴിയുന്നിടത്തോളം ചുരുക്കിയും, എന്നാൽ ഗുണത്തിനു് അല്പംപോ

digitized by www .sreyas.in

ലും ഗ്ലാനി സംഭവിക്കാത്ത വിധത്തിലും ഈ ജോലി നിർവഹിക്കേണ്ടിവന്നു. ഭാഗ്യവശാൽ ഈ പദ്ധതിയിൽ നിധിയേപ്പോലെതന്നെ താല്പര്യമുള്ള പല സുഹൃത്തുക്കളേയും ഞങ്ങൾക്കു കിട്ടി. ഈ പദ്ധതിയുടെ ചുമതലകൾ മുഴുവൻ വഹിക്കുവാൻ സർവ്വഥാ യോഗ്യനും പ്രാപ്തനുമായ ശ്രീ കൈനിക്കര കുമാരപിള്ളയെ ചീഫ് എഡിറററായി ലഭിച്ചതാണു ഞങ്ങളുടെ ഏററവും വലിയ നേട്ടം. ഗാന്ധിസാഹിത്യപ്രസിദ്ധീകരണത്തിലുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥമായ താല്പര്യം അന്യത്ര ചേർത്തിട്ടുള്ള അദ്ദേഹത്തിന്റെ പ്രസ്താവനയിൽ നിന്നു വ്യക്തമാണ്. ഔദ്യോഗികജീവിതത്തിൽ നിന്നു വിരമിച്ചുവെങ്കിലും, ആകാശവാണിയിൽ വഹിച്ചുവരുന്ന ചുമതലയേറിയ ഉദ്യോഗത്തിനിടയ്ക്കു കിട്ടാവുന്നിടത്തോളം സമയം ലാഭിച്ചെടുത്തും, രാത്രിയിലെ നിദ്രയേയും വിശ്രമത്തേയും അപഹരിച്ചുമാണ് ഈ ഭാരിച്ച ജോലി അദ്ദേഹം നിർവഹിച്ചതു്. ചീഫ് എഡിററർ ജോലിക്കോ, ഗ്രന്ഥപ്രസാധനത്തിനോ യാതൊരു പ്രതിഫലവും പററുകില്ലെന്ന നിർബന്ധമായ നിബന്ധനയോടു കൂടിയാണ് അദ്ദേഹം സേവനമനുഷ്ഠിച്ചതു്. അദ്ദേഹത്തിന്റെ ഈ മഹാമനസ്കതയിൽ ഗാന്ധിസ്മാരകനിധിക്കുള്ള കടപ്പാടു് അവാച്യമാണ്.

മററു ഗ്രന്ഥങ്ങൾ തയ്യാറാക്കിയ സുഹൃത്തുക്കളെല്ലാവരുംതന്നെ അതതു വിഷയങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടിയവരാണ്. ഗാന്ധിജിയോടുള്ള ഭക്ത്യാദരങ്ങൾകൊണ്ടും, ഇക്കാര്യത്തിലുള്ള തീവ്രമായ താല്പര്യംകൊണ്ടും മാത്രമാണ് തങ്ങളുടെ ഔദ്യോഗികവ്യഗ്രതകൾക്കിടയ്ക്കും അവർ ഈ ജോലി നിർവഹിച്ചതു്. അവരോടെല്ലാമുള്ള നിസ്സീമമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

ഈ പദ്ധതിക്കു രൂപം കൊടുക്കാനും, നേതൃത്വം നല്കാനും രൂപീകരിക്കപ്പെട്ട ഉപദേശകസമിതി നിർവഹിച്ച സ്തുത്യർഹമായ സേവനത്തിനു് അതിലെ ഓരോ അംഗത്തോടും ഗാന്ധിസ്മാരകനിധിക്കു് അളവററ നന്ദിയുണ്ടു്.

ഈ ഗ്രന്ഥാവലി ഏററവും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രത്യേക ശ്രദ്ധയോടുകൂടി ഭംഗിയായി മുദ്രണം ചെയ്യാൻ സമ്മതിച്ച 'ഇൻഡ്യാപ്രസ്സി'നോടും, ഇതിന്റെ വിതരണം ഏറെറടുത്തിരിക്കുന്ന 'സാഹിത്യപ്രവർത്തക സഹകരണസംഘ'ത്തോടും ഞങ്ങൾക്കു് അനല്പമായ നന്ദിയുണ്ടു്.

ലാഭേച്ഛ കൂടാതെ ഏററവും ചുരുങ്ങിയ വിലയ്ക്കു് ഈ ഗ്രന്ഥങ്ങൾ വില്ക്കാനാണ് ഗാന്ധിസ്മാരകനിധി തീരുമാനിച്ചിട്ടുള്ളതു്. മനുഷ്യജന്മത്തിന്റെ പരമമായ ലക്ഷ്യം പ്രാപിക്കാൻ ആശിക്കുന്ന വ്യക്തികൾക്കും, ഒരു നവലോകം സൃഷ്ടിക്കാൻ കൊതിക്കുന്ന സാമൂഹ്യപ്രവർത്തകർക്കും, വികസനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും, നാട്ടിന്റെ ഭരണസാരഥ്യം വഹിക്കുന്ന നേതാക്കന്മാർക്കും എല്ലാം ഒരുപോലെ മാർഗ്ഗം തെളിക്കുന്ന ഒരനശ്വരദീപമായിരിക്കും ഈ ഗ്രന്ഥാവലി. ഇതു് എല്ലാ കേരളഗൃഹങ്ങളിലും, വിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും, ആഫീസുകളിലും അമൂല്യമായ ഒരു നിധിയായി സൂക്ഷിക്കപ്പെടുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. സ്നേഹത്തിന്റെയും സത്യത്തിന്റെയും അടിസ്ഥാനത്തിൽ ഒരു പുതിയ സമുദായം രചിക്കുവാൻ സഹായിക്കുന്ന ഈ യത്നത്തിൽ സഹകരിക്കുവാൻ ഓരോ കേരളീയനും ആവേശപൂർവം മുന്നോട്ടു വരുമെന്നുള്ള പ്രത്യാശയോടുകൂടി ഈ ഗ്രന്ഥം കൈരളിയുടെ പാവനചരണങ്ങളിൽ സമർപ്പിക്കുന്നു.

ഗാന്ധിസ്മാരകനിധിക്കുവേണ്ടി

തിരുവനന്തപുരം
2-10-1961

കെ. ജനാർദ്ദനൻപിള്ള
(സഞ്ചാലക്)

digitized by www .sreyas.in

# ആമുഖം

ഗാന്ധിസ്മാരകനിധിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണു്, ഗാന്ധിസാഹിത്യം ഭാരതത്തിലെ പ്രാദേശിക ഭാഷകളിലെല്ലാം അവതരിപ്പിക്കുക എന്നതു്. ഗാന്ധിസാഹിത്യത്തിന്റെ സ്വരൂപം മനസ്സിലാക്കിയാൽ മാത്രമേ ഈ അവതരണസംരംഭത്തിൽ അന്തർഭവിച്ചിരിക്കുന്ന യത്നത്തിന്റെ സ്വഭാവം വ്യക്തമാകൂ.

മഹാത്മാഗാന്ധി ഒരു സാഹിത്യകാരനോ ഗ്രന്ഥകർത്താവോ ആയിരുന്നു എന്നു പറയുന്നതു് അത്ര ശരിയായിരിക്കുകയില്ല. സാഹിത്യവ്യവസായം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു ഉപകരണം മാത്രമേ ആയിരുന്നുള്ളു; ഒരിക്കലും ഒരു ലക്ഷ്യമായിരുന്നില്ല. എങ്കിലും ഉന്നതന്മാരായ പല സാഹിത്യകാരന്മാരെയുംകാൾ കൂടുതൽ എഴുതിയ ആളാണദ്ദേഹം. അദ്ദേഹം എഴുതിയതെല്ലാം സാഹിത്യവുമാണു്.

ഗാന്ധിജിയുടെ സാഹിത്യം, കത്തുകൾ ഒഴിച്ചാൽ, മുട്ടുമുക്കാലും 'ഇന്ത്യൻ ഒപ്പീനിയൻ', 'നവജീവൻ', 'യങ്ങ് ഇന്ത്യ', 'ഹരിജൻ'— ഈ വാരികകളിലാണു്—പ്രധാനമായും അവസാനത്തെ രണ്ടെണ്ണത്തിലാണു്—ആദ്യം പ്രത്യക്ഷപ്പെട്ടതു്. ഗ്രന്ഥരൂപത്തിൽ അദ്ദേഹം രചിച്ച കൃതികൾ വളരെ കുറവാണു്. അദ്ദേഹത്തിന്റെ കൃതികളായി 'നവജീവൻ പ്രസിദ്ധീകരണശാല' ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മിക്ക പുസ്തകങ്ങളും ആ രൂപത്തിൽ അദ്ദേഹം രചിച്ചവയല്ല. അന്യർ ആ വാരികകളിൽനിന്നു സഞ്ചയിച്ചു് ആ രൂപംകൊടുത്തിട്ടുള്ളവയാണു്. 'നവജീവൻ പ്രസിദ്ധീകരണങ്ങൾ' തന്നെ ആകെ അറുപതിൽപരമുണ്ടെന്നു തോന്നുന്നു. അവരുടേതല്ലാതെയും ഗാന്ധിസാഹിത്യഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടു്. ഭാരതസർക്കാരിന്റെ പ്രസിദ്ധീകരണവകുപ്പു് ഈ അടുത്തകാലത്തു കിട്ടാവുന്നിടത്തുനിന്നെല്ലാം കിട്ടാവുന്നതെല്ലാം സമ്പാദിച്ചു സമാഹരിച്ചു കാലാനുക്രമം ക്രോഡീകരിച്ചു വിപുലവും സമഗ്രവുമായ രൂപത്തിൽ ഗാന്ധിജിയുടെ കൃതികൾ പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ടു്. ഇതേവരെയായി അതിന്റെ അഞ്ചു ഭാഗങ്ങളേ പുറത്തായിട്ടുള്ളു. ഈ അഞ്ചു ഭാഗങ്ങളിലുംകൂടി 1906 വരെയുള്ള കൃതികളേ ഉൾപ്പെടുത്തിയിട്ടുമുള്ളു.

ഈ വസ്തുതകളിൽനിന്നു് ഒരു കാര്യം വ്യക്തമാകും. പ്രാദേശിക ഭാഷകളിൽ ഗാന്ധിസാഹിത്യം അവതരിപ്പിക്കുന്നതു് ഇപ്പോൾ ഭാരതസർക്കാർ പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുള്ള സമ്പൂർണ്ണ ഗാന്ധിസാഹിത്യത്തിന്റെ പരിഭാഷയുടെ രൂപത്തിലാകാം. പക്ഷേ, അതു പൂർത്തിയാകാൻ വളരെ വർഷങ്ങൾ വേണ്ടിവരും. പോരെങ്കിൽ സാധാരണ വായനക്കാർക്കു് അതു ദുഷ്പ്രാപമായിരിക്കും; മിക്കവാറും നിഷ്പ്രയോജനമായിരിക്കും. അതല്ലെങ്കിൽ പിന്നെ അവശേഷിക്കുന്നതു് 'നിർദ്ധാരണ' (Selection)ത്തിന്റെയും പ്രസാധന (Editing)ത്തിന്റെയും മാർഗ്ഗം അവലംബിക്കുക മാത്രമാണു്.

digitized by www .sreyas.in

ഒരു സംശയം സംഗതമാണു്. 'നവജീവൻ' പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ ഉണ്ടല്ലോ. ഗാന്ധിമാർഗചാരികളും ഗാന്ധിസാഹിത്യപണ്ഡിതന്മാരുമായ പ്രഗത്ഭന്മാരാണു് അവ പ്രസാധനം ചെയ്തിട്ടുള്ളതു്. ആ ഗ്രന്ഥങ്ങൾ അങ്ങനെതന്നെ അങ്ങു പരിഭാഷപ്പെടുത്തിയാൽ പോരേ? വിവർത്തനാർഹമാണു് ആ ഗ്രന്ഥങ്ങളെന്നു് ആരും സമ്മതിക്കും. ന്യായമായുണ്ടാകാവുന്ന ഒരു സംശയമാണിതു്. പക്ഷേ, ആ ഗ്രന്ഥങ്ങളെല്ലാം ശ്രദ്ധിച്ചു വായിച്ചിട്ടുള്ള ഒരാൾക്കു്, ഗാന്ധിസാഹിത്യം പ്രാദേശികഭാഷകളിൽ അവതരിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പരിമിതി അറിയാമെങ്കിൽ, ആ സംശയം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഒന്നാമതു്, ആ ഗ്രന്ഥങ്ങൾ വളരെയാണു്. അതെല്ലാം വിവർത്തനം ചെയ്യുന്നതിനു വമ്പിച്ച ശ്രമവും, ധനവ്യയവും ആവശ്യമാണു്. കൂടാതെ, ആ ഗ്രന്ഥങ്ങൾതന്നെയും പല ആളുകൾ അവരവരുടേതായ ഉദ്ദേശ്യത്തെ മുൻനിർത്തി നടത്തിയ നിർദ്ധാരണത്തിന്റെയും, പ്രസാധനത്തിന്റെയും ഫലങ്ങളാണു്. വ്യക്തമായ ഒരേ ലക്ഷ്യത്തെ മുൻനിർത്തി പരസ്പരധാരണയോടു കൂടി എല്ലാവരും ചേർന്നു് അംഗീകരിച്ച ഒരു സാമാന്യപദ്ധതിയനുസരിച്ചല്ല അവ തയ്യാർ ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് അതതു ഗ്രന്ഥത്തിന്റെ പ്രസാധനോദ്ദേശ്യം അനുസരിച്ചു പല ഗ്രന്ഥങ്ങളിലും ഒരേ ലേഖനങ്ങൾതന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കാണാം. പ്രവർത്തനവ്യാപ്തിയിലും ധനവ്യയത്തിലും പരിമിതിയുള്ള ഒരു പ്രസിദ്ധീകരണ സംരംഭം വിജയിക്കണമെങ്കിൽ, അതുകൊണ്ടു് ഉണ്ടാകാവുന്ന പ്രയോജനത്തിന്റെ പരമാവധി ഉളവാകണമെങ്കിൽ, കൂടുതൽ വിവേകപൂർവ്വകമായ തിരഞ്ഞെടുപ്പും സംഗ്രഹണവും അനിവാര്യമാണെന്നു് അല്പം ആലോചിച്ചാൽ ആർക്കും ബോദ്ധ്യമാകും.

ഗാന്ധിസ്മാരകനിധിയുടെ ആഭിമുഖ്യത്തിൽ ഏതാനും പ്രാദേശികഭാഷകളിൽ ഗാന്ധിസാഹിത്യപ്രസിദ്ധീകരണം ആരംഭിച്ചിട്ടു കുറച്ചു കാലമായിരിക്കുന്നു. ചിലതിൽ—തെന്നിന്ത്യൻ ഭാഷകളിൽ കർണ്ണാടകവും, തമിഴും പ്രത്യേകം പ്രസ്താവ്യമാണു്—ആ യത്നം വളരെ പുരോഗമിച്ചിട്ടുമുണ്ടു്. ഭാരതത്തിനു പൊതുവായ ഒരു പദ്ധതിയനുസരിച്ചല്ല ഈ പ്രവർത്തനം നടക്കുന്നതു്. ഓരോ ഭാഷയിലും അതിനു ചുമതലപ്പെട്ട ഒരു വിദഗ്ദ്ധസമിതി ആലോചിച്ചു നിശ്ചയിച്ചിട്ടുള്ള ഒരു പദ്ധതി അനുസരിച്ചാണു പ്രസാധനം നടക്കുന്നതു്. പക്ഷേ, എല്ലാവരും ലഭ്യമായ ഗാന്ധിസാഹിത്യസമുച്ചയത്തിൽനിന്നു് ഒരു തിരഞ്ഞെടുപ്പു നടത്താൻ നിർബദ്ധരായിട്ടുണ്ടു്. മിക്കവാറും വിഷയപരമായി അപഗ്രഥിച്ചു്, ഓരോ വിഷയത്തേയും അധികരിച്ചു് അദ്ദേഹം എഴുതുകയും, പറയുകയും ചെയ്തിട്ടുള്ളതിൽ നിന്നു് ഏററവും പ്രധാനമെന്നും പ്രയോജനകരമെന്നും അവർക്കു തോന്നിയതു തിരഞ്ഞെടുത്തു പ്രസിദ്ധീകരിക്കുന്നതിനാണു് എല്ലാവരുടെയും യത്നം.

ഇതിൽനിന്നെല്ലാം ഭിന്നമായ രീതിയിൽ ഗാന്ധിസാഹിത്യം പ്രസാധനം ചെയ്താൽകൊള്ളാമെന്നു് എനിക്കു തോന്നിത്തുടങ്ങിയിട്ടു വളരെക്കാലമായി. ഗാന്ധിസാഹിത്യ പ്രസിദ്ധീകരണങ്ങളുമായി എനിക്കുണ്ടായ പരിചയമാണു് ആ വഴിക്കു് എന്നെക്കൊണ്ടു ചിന്തിപ്പിച്ചതു്. ആ പരിചയം കൂടുതൽ വ്യാപകവും ഗാഢവും ആയതോടുകൂടി ആ പ്രത്യേ

digitized by www .sreyas.in

ക പ്രസാധനരീതിയുടെ രൂപം എൻെറ മനസ്സിൽ കൂടുതൽ തെളിയാനും ഉറയ്ക്കാനും ഇടയായി.

1957 ഉത്തരാർദ്ധത്തിലാണെന്നു തോന്നുന്നു, ഗാന്ധിസ്മാരകനിധി കേരളശാഖയുടെ സഞ്ചാലകനായ ശ്രീ കെ. ജനാർദ്ദനൻപിള്ള ഗാന്ധി സാഹിത്യം മലയാളത്തിൽ അവതരിപ്പിക്കുന്നതിനു് ഒരു പദ്ധതി ഉണ്ടാക്കുന്നതിനെപ്പററി എന്നോടു സംസാരിക്കുകയുണ്ടായി. അതിനോടുകൂടിത്തന്നെ ഗാന്ധിസാഹിത്യപ്രസ്ഥാനത്തിൻെറ പ്രധാന ചുമതല ഞാൻ ഏറെറടുത്താൽ കൊള്ളാമെന്നു് അഭിപ്രായപ്പെടുകയും ചെയ്തു. അതിനു് അനുകൂലമായ ഒരു മറുപടി പറയാൻ എനിക്കു വളരെ സമയമോ വലിയ ആലോചനയോ വേണ്ടിവന്നില്ല, മൂന്നു കാരണങ്ങൾകൊണ്ടു്. ഒന്നു്, മഹാത്മാഗാന്ധിയുടെ ആദർശങ്ങളും ആശയങ്ങളും ഏതൊരു മലയാളിക്കും വ്യക്തമായി ഗ്രഹിക്കത്തക്ക രൂപത്തിൽ അവതരിപ്പിക്കേണ്ടതു് ആവശ്യമാണെന്ന ബോധം. രണ്ടു്, ഗാന്ധിസാഹിത്യപ്രസാധനത്തെപ്പററി ഞാൻ സങ്കല്പത്തിൽ രൂപംകൊടുത്തിരുന്ന പദ്ധതിയുടെ പ്രായോഗിക പരീക്ഷണത്തിനു കിട്ടുന്ന ആ അവസരം വിധികല്പിതമാണെന്ന തോന്നൽ. മൂന്നു്, ഇതാണു് ഏററവും പ്രധാനം—മഹാത്മാഗാന്ധിയോടു വ്യക്തിപരമായി എനിക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്ന നിസ്സീമമായ കടപ്പാടു്.

ഒരു കാര്യം ഇവിടെ അസന്ദിഗ്ദ്ധമാംവണ്ണം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ മഹാത്മാഗാന്ധിയുടെ ശിഷ്യനല്ല; ശിഷ്യനായിരുന്നിട്ടില്ല; അനുയായിയുമല്ല. ശിഷ്യനെന്നോ അനുയായിയെന്നോ അർത്ഥം വരത്തക്ക രൂപത്തിൽ ചിലർ എന്നെപ്പററി പരാമർശിച്ചിട്ടുള്ള സന്ദർഭങ്ങളിലെല്ലാം ഞാൻ ലജ്ജകൊണ്ടു ചൂളിയിട്ടേ ഉള്ളു; അഭിമാനിച്ചിട്ടില്ല. ആ പദത്തിനു ഞാൻ അർഹനല്ല; അർത്ഥിയുമല്ല. എങ്കിലും അദ്ദേഹത്തോടു് എനിക്കു കടപ്പാടുണ്ടു്—ഒരു മഹാനദിയോടു്, അതിൽനിന്നു് കൈക്കുമ്പിളിൽ കൊള്ളാവുന്നിടത്തോളം മാത്രം വെള്ളം കോരി മതിയാവോളം കുടിച്ചു് ആശ്വാസമടയുന്ന ഒരു പിപാസുവിനുള്ള കടപ്പാടു്—മാർത്താണ്ഡബിംബത്തോടു്, അതിൽനിന്നു തൻെറ കൊച്ചുജീവനു് ആവശ്യമുള്ളിടത്തോളം മാത്രം, താങ്ങാവുന്നിടത്തോളം മാത്രം ചൈതന്യം ആഗിരണം ചെയ്തു ജീവസന്ധാരണം നിർവഹിക്കുന്ന ഒരു കാട്ടുപൂവിനുള്ള കടപ്പാടു്! എടുത്തതു കുറച്ചേ ഉള്ളു, എടുക്കാനുള്ള കഴിവിൻെറ കുറവുകൊണ്ടു്. എങ്കിലും കടപ്പാടു് അനല്പമാണു്, പരിപൂർണ്ണമാണു്. എന്തുകൊണ്ടെന്നാൽ എടുക്കാവുന്നതിൻെറ, പരിമിതമായ കഴിവിനു പ്രയോജനപ്പെടുത്താവുന്നതിൻെറ, പരമാവധിതന്നെ എടുത്തിട്ടുണ്ടു്.

ഗാന്ധിസാഹിത്യത്തിൻെറ പ്രസാധനഭാരം ഏല്ക്കുന്നതു് എന്നെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമായ ഒരു കർത്തവ്യമാക്കിത്തീർത്തതു് ആ കടപ്പാടാണു്. ഞാൻ നല്കിയ ഉറപ്പിന്മേൽ ജനാർദ്ദനൻപിള്ള മുമ്പോട്ടു പോയി. ആലോചനകളുടേയും ഒരുക്കങ്ങളുടേയും പുരോഗതി അദ്ദേഹം എന്നെ മുറയ്ക്കു് അറിയിച്ചുകൊണ്ടുമിരുന്നു. അതു സംബന്ധിച്ചുള്ള പ്രവർത്തനം ആരംഭിക്കുന്നതിനു് ആവശ്യമായ പ്രാരംഭ നടപടികൾ പൂർത്തിയായതു 1959 മദ്ധ്യത്തിലാണു്.

digitized by www .sreyas.in

ഗാന്ധിസാഹിത്യ പ്രസിദ്ധീകരണ കാര്യാലയം തിരുവനന്തപുരത്തു ഗാന്ധിസ്മാരകനിധിയുടെ കാര്യാലയമിട്ടിരിക്കുന്ന കെട്ടിടത്തിൽതന്നെ സജ്ജീകരിച്ചു. ആകാശവാണിയിൽ ഉത്തരവാദിത്തമുള്ള ഒരു ഉദ്യോഗം വഹിക്കുന്ന എനിക്കു് ഗാന്ധിസാഹിത്യപ്രസാധനം സംബന്ധിച്ചുള്ള ജോലിക്കായി വളരെ സമയം വിനിയോഗിക്കുക സാദ്ധ്യമല്ലാതിരുന്നതുകൊണ്ടു് കാര്യാലയത്തിന്റെ ദൈനംദിന പ്രവത്തനങ്ങാം നടത്തിക്കൊണ്ടു പോകുന്നതിനു് ഒരു അസിസ്റ്റന്റ് എഡിററരെക്കൂടി നിയമിച്ചു. കിട്ടാവുന്നിടത്തോളം ഗാന്ധിസാഹിത്യ ഗ്രന്ഥങ്ങാം സംഭരിച്ചു് ഒരു ഗ്രന്ഥശാലയുണ്ടാക്കി. പ്രസാധനവും പ്രസിദ്ധീകരണവും സംബന്ധിച്ചു വേണ്ട നിർദ്ദേശങ്ങാം നല്കുന്നതിനു് ഒരുപദേശകസമിതിയേയും നിയമിച്ചു. അങ്ങനെ, ജോലി ആരംഭിക്കുന്നതിനുള്ള സന്നാഹം പൂത്തിയായി.

1959 ജൂലൈ 18-ാം തീയതി ഉപദേശക സമിതിയുടെ ആദ്യത്തെ യോഗം കൂടി. അതിൽ എന്റെ പ്രസാധനപദ്ധതിയുടെ സാമാന്യ സ്വരൂപം സമർപ്പിച്ചു വിശദീകരിച്ചു. അതിന്റെ എല്ലാ വശങ്ങളും സൂക്ഷ്മമായി പരിശോധിച്ചതിനു ശേഷം ഉപദേശകസമിതി അതു പൂണ്ണമായി അംഗീകരിച്ചു.

ഇനി ആ പദ്ധതിയെപ്പററി പറയാം. പ്രസാധനത്തിനു വ്യക്തമായ ഒരു ലക്ഷ്യമുണ്ടെങ്കിൽ അതായിരിക്കുമല്ലോ പ്രസാധനത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതു്. എനിക്കു പ്രസാധനം സംബന്ധിച്ചു വ്യക്തവും പ്രത്യേകവുമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. അതു്, ചുരുക്കത്തിൽ ഇതാണു് — ഗാന്ധിജിയുടെ ആശയപ്രപഞ്ചം ഏററവും സാന്ദ്രവും സമഗ്രവും, സുഗ്രഹവുമായ രൂപത്തിൽ ആവിഷ്ക്കരിക്കുക — അന്യരുടെ വാക്കുകളിലല്ല, അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ.

ഇതിൽ അടങ്ങിയിരിക്കുന്ന പ്രക്രിയ എന്താണെന്നു് ഒരുദാഹരണം കൊണ്ടു വ്യക്തമാക്കാൻ ശ്രമിക്കാം. മഹാത്മാഗാന്ധി ഏററവും കൂടുതൽ പറയുകയും എഴുതുകയും ചെയ്തിട്ടുള്ളതു മനുഷ്യജീവിതത്തിന്റെ പാരമ്യന്തികലക്ഷ്യമായ സത്യസാക്ഷാല്ക്കാരത്തിനുള്ള ഏകവും അപരിത്യാജ്യവുമായ ഉപാധിയായി അദ്ദേഹം കരുതിയ അഹിംസയെക്കുറിച്ചാണല്ലോ. ജീവിതം ആസകലം, ജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും, സകല അംശങ്ങളിലും, അദ്ദേഹം അഹിംസയുടെ പ്രശ്നങ്ങാം ദർശിച്ചു. ദക്ഷിണാഫ്രിക്കയിൽവെച്ചു് അദ്ദേഹം പൊതുജീവിതം അഥവാ ലോകസേവനം, ആരംഭിച്ച—1893 മുതൽ 1948 ജനുവരി 30-ാം തീയതി സായംകാലത്തു തന്റെ ഘാതകന്റെ മുമ്പിൽ മുകുളപാണിയായി സവ്വപാപഹരമായ രാമനാമം അവസാനമായി ഉച്ചരിച്ചുകൊണ്ടു നിലംപതിച്ച ആ അന്തിമ മുഹൂത്തംവരെ അദ്ദേഹം എഴുതിയതും പറഞ്ഞതുമെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ അഹിംസയെപ്പററിയാണു്. ജീവിതത്തിലെ സകല പ്രവൃത്തികാംകൊണ്ടും ഉദാഹരിച്ചതു് അഹിംസയാണു്. എന്നാൽ, ഈ അഹിംസയെപ്പററി പോലും അദ്ദേഹം സമഗ്രമായ ഒരു ഗ്രന്ഥം രചിച്ചിട്ടില്ല എന്നു നാം ഓർമിക്കണം.

digitized by www .sreyas.in

അഹിംസയെപ്പററി ഗാന്ധിജി, തുടർച്ചയായി, ഏകാഗ്രമായി സമഗ്രമായി ഒരു പ്രബന്ധം രചിച്ചു എന്നു നമുക്കു് ഒന്നു സങ്കല്പിക്കാം. ഏതാണ്ടു് അമ്പതിൽപരം കൊല്ലത്തിനുള്ളിൽ അസംഖ്യം സന്ദർഭങ്ങളിലായി അദ്ദേഹം അഹിംസയെപ്പററി എഴുതിയ ലേഖനങ്ങളുടേയും ചെയ്ത ഭാഷണങ്ങളുടേയും ആകെത്തുകയുടെ വലുപ്പമോ രൂപമോ അതിനുണ്ടായിരിക്കയില്ലെന്നു തീർച്ചയാണല്ലോ. തുച്ഛമായ ഒരംശത്തിന്റെ വലുപ്പമേ അതിനുണ്ടായിരിക്കയുള്ളു. ലേഖനങ്ങളിൽ അനിവാര്യമായി കടന്നുകൂടിയിട്ടുള്ള ബഹുലമായ ആശയാവത്തനങ്ങൾ അതിൽ കാണുകയില്ല. എന്നാൽ, അവയിൽ എല്ലാററിലുംകൂടി ലയിച്ചുകിടക്കുന്ന പ്രധാനങ്ങളായ ആശയങ്ങൾ സർവവും യുക്തിയുക്തവും ഗാഢവുമായ പരസ്പരബന്ധത്തോടുകൂടി, അതിൽ തീർച്ചയായി ഉണ്ടായിരിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ കൃതികളിൽനിന്നു പ്രസക്തമായ എല്ലാ ഭാഗങ്ങളും സഞ്ചയിച്ചു് സൂക്ഷ്മമായി അപഗ്രഥിച്ചു് പ്രധാനങ്ങളായ ആശയങ്ങൾ വേർതിരിച്ചെടുത്തു പരസ്പരം യുക്തിപൂർവം ഘടിപ്പിച്ചു സമന്വയിച്ചു് അദ്ദേഹത്തിന്റെ ആ സാങ്കല്പിക പ്രബന്ധത്തിന്റെ ഏകദേശമായ ഒരു ഛായയെങ്കിലും നിർമിക്കുക എന്നുള്ളതാണു ലക്ഷ്യം.

വായനക്കാർ തെററിദ്ധരിക്കാതിരിക്കാൻ ഒരു കാര്യം ഇവിടെ സ്പഷ്ടമാക്കിക്കൊള്ളട്ടെ. അഹിംസയെപ്പററി ഒരു പ്രത്യേക ഗ്രന്ഥം ഞങ്ങൾ തയ്യാറാക്കിയിട്ടില്ല. 'തത്വചിന്തയും മതവും' എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം മാത്രമാണു് അതു്. ഉദാഹരണത്തിനുവേണ്ടി അതിന്റെ പ്രസാധനവിധം വിശദീകരിച്ചുവെന്നേയുള്ളു.

ഞങ്ങൾ തയ്യാർ ചെയ്യുന്ന പ്രസിദ്ധീകരണങ്ങളിൽ കൂടി മഹാത്മാഗാന്ധിയുടെ ആശയപ്രപഞ്ചം മുഴുവൻ അവതരിപ്പിക്കുന്നതിനു കുറേക്കൂടി സ്ഥൂലമായ വിഭജനവും കുറേക്കൂടി കൃപണമായ സംക്ഷേപണവും ആവശ്യമായിരുന്നു. അതുകൊണ്ടു ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളെ അവലംബിച്ചാണു ഞങ്ങൾ വിഷയവിഭജനം ചെയ്തതു് —1. ഗാർഹികജീവിതം, 2. സാമൂഹ്യജീവിതം, 3. രാഷ്ട്രതന്ത്രം, 4. അത്ഥശാസ്ത്രം, 5. വിദ്യാഭ്യാസം, 6. തത്വചിന്തയും മതവും — പരസ്പരബദ്ധങ്ങളായ ഈ ആറു ഭാഗങ്ങൾ കൂടാതെ ഗാന്ധിജിയുടെ വിവിധതരത്തിലുള്ള പരശതം കത്തുകളിൽനിന്നു് അദ്ദേഹത്തിന്റെ ബഹുമുഖമായ താല്പര്യങ്ങൾ, ലോകവ്യാപകമായ സൗഹൃദം, വ്യക്തിഗതങ്ങളായ സ്നേഹബന്ധങ്ങൾ ഹൃദയാവർജ്ജകമായ നർമബോധം —ചുരുക്കത്തിൽ അദ്ദേഹത്തിന്റെ സങ്കീർണ്ണവും അസമാനവുമായ സത്വപ്രഭാവം — ഏററവും കൂടുതൽ പ്രതിഫലിപ്പിക്കുന്ന കത്തുകൾ തിരഞ്ഞെടുത്തു സമാഹരിച്ചു് ഒരു പ്രത്യേക ഭാഗവും. അങ്ങനെ ഏഴു ഭാഗങ്ങളായിട്ടാണു് ഗാന്ധിസാഹിത്യം ഞങ്ങൾ തയ്യാർ ചെയ്തിട്ടുള്ളതു്. ഗാന്ധിജിയുടെ കൃതികളിൽ സർവപ്രധാനമെന്നുതന്നെ പറയാവുന്ന അദ്ദേഹത്തിന്റെ ആത്മകഥ ഈ പരമ്പരയിൽ ഉൾപ്പെടുത്താതിരുന്നതു് മലയാളത്തിൽ ആ ഗ്രന്ഥം ഇതിനു മുമ്പുതന്നെ ഒന്നിലധികം രൂപത്തിൽ പ്രസിദ്ധീകൃതമായിട്ടുള്ളതുകൊണ്ടാണു്.

digitized by www .sreyas.in

ഈ രൂപത്തിലുള്ള വിഭജനം പല തരത്തിൽ പ്രയോജനപ്പെടുമെന്നാണു് ഞങ്ങളുടെ പ്രതീക്ഷ. കാര്യമായ യാതൊന്നും വിട്ടുപോകാൻ അനുവദിക്കാത്ത നീരന്ധ്രമായ ഒരു രക്ഷാവലയമാണതു്. അതിൽ പെടാത്തതായി ഒരു ജീവിതപ്രശ്നവും ഉണ്ടായിരിക്കയില്ല; അതുകൊണ്ടു് അതിൽ ഉൾക്കൊള്ളിക്കാൻ വയ്യാത്തതായി ഒരാശയവും അവശേഷിക്കുകയുമില്ല. ആശയങ്ങളുടെ ഗ്രഹണത്തിനും പരീക്ഷണത്തിനും ജീവിതസംബന്ധമായ ആ വിശകലനം അനുവാചകരെ വളരെ സഹായിക്കുമെന്നും ന്യായമായി പ്രത്യാശിക്കാം. ഇതിനൊക്കെപ്പുറമെ ഓരോ അനുവാചകനും തന്റെ പ്രത്യേക താല്പര്യത്തിനു പാത്രമായ ഭാഗമോ ഭാഗങ്ങളോ മാത്രം അനായാസം വായിച്ചു തൃപ്തിയടയാനുള്ള സൗകര്യവും അതു നല്കുന്നു.

ആദ്യത്തെ ഉപദേശകസമിതിയോഗം ഈ പദ്ധതി അംഗീകരിച്ചു എന്നു പറഞ്ഞല്ലോ. ആ യോഗത്തിൽവെച്ചുതന്നെ ഈ ഗ്രന്ഥങ്ങൾ തയ്യാർ ചെയ്യുന്നതിനു പ്രാപ്തരായ പ്രസാധകന്മാരേയും നിശ്ചയിച്ചു. അതതു വിഷയങ്ങളിൽ അവഗാഹവും മഹാത്മാഗാന്ധിയുടെ ആശയങ്ങളുമായി ഏറെക്കുറെ ഗാഢമായ പരിചയവുമുള്ള ആളുകളായിരുന്നു അതിലേക്കു് ആവശ്യം. കൂടെക്കൂടെ തമ്മിൽ കാണുന്നതിനും ചർച്ച ചെയ്യുന്നതിനുമുള്ള സൗകര്യവും അവർക്കു് ഉണ്ടായിരിക്കേണ്ടിയിരിക്കുന്നു. ഇതെല്ലാം പരിഗണിച്ചതിനുശേഷം വിവിധ ഭാഗങ്ങളുടെ പ്രസാധനത്തിന്റെ ചുമതല താഴെപ്പറയുന്നവരെ ഏല്പിക്കാൻ നിശ്ചയിച്ചു. അവർ ഒരു പ്രസാധകസമിതിയായി പ്രവർത്തിക്കണമെന്നും തീരുമാനിച്ചു.

1. ഗാർഹിക ജീവിതം —സി. ഉത്തമക്കുറുപ്പു് (അസി. എഡിറ്റർ)
2. സാമൂഹ്യ ജീവിതം —ജി. കുമാരപിള്ള, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.
3. രാഷ്ട്രതന്ത്രം —ഡോ. വി. കെ. സുകുമാരൻനായർ, കേരള യൂണിവേഴ്സിറ്റി.
4. അർത്ഥശാസ്ത്രം —പ്രൊഫസർ കെ. എസ്. ലക്ഷ്മണപ്പണിക്കർ, യൂണിവേഴ്സിറ്റി കോളേജ്.
5. വിദ്യാഭ്യാസം —ഡോ. എൻ. പി. പിള്ള, കേരള യൂണിവേഴ്സിറ്റി.
6. തത്ത്വചിന്തയും മതവും —കൈനിക്കര കുമാരപിള്ള (ചീഫ് എഡിറ്റർ)
7. കത്തുകൾ —പി. ശിവരാമയ്യർ, അഡ്വക്കേറ്റ്, എറണാകുളം.

പ്രസാധകസമിതിയിലെ അംഗത്വം സ്വീകരിച്ചു് അവരവർക്കു് നിശ്ചയിച്ചിട്ടുള്ള ചുമതല നിർവഹിക്കാമെന്നു് അവരെല്ലാവരും സന്തോഷപൂർവം സമ്മതിച്ചു. ഈ പ്രസാധകസമിതി 1959 ജൂലൈ അവസാനത്തിൽ സമ്മേളിച്ചു് അവരുടെ പ്രവർത്തനത്തിന്റെ രീതി നിർണ്ണയിച്ചു. എല്ലാ മാസത്തിലും ആദ്യത്തെ ഞായറാഴ്ച ഒരുമിച്ചു കൂടണമെന്നും പ്രവർത്തനത്തിന്റെ പുരോഗതിയും പ്രവർത്തനത്തെ സംബന്ധി

ക്കുന്ന പ്രസക്തങ്ങളായ മററു കാര്യങ്ങളും ചർച്ച ചെയ്യണമെന്നും തീരുമാനിച്ചു.

ആദ്യമായി ചെയ്യേണ്ടിയിരുന്നതു് ഓരോ വിഷയത്തേയും അധികരിച്ചു് ഗാന്ധിജി എഴുതുകയോ പറയുകയോ ചെയ്തിട്ടുള്ളതെല്ലാം പ്രസിദ്ധീകൃതങ്ങളായിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്നും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽനിന്നും ശേഖരിക്കുകയായിരുന്നു. ശേഖരണത്തിന്റെ കൂടെത്തന്നെ വിഷയപരമായ ഒരു വിഭജനവുംകൂടി നടത്തുന്നതിനു സഹായിക്കത്തക്ക തരത്തിൽ ഓരോ പ്രസാധകനും താൻ പ്രസാധനം ചെയ്യാൻപോകുന്ന പുസ്തകത്തിനു് ഉണ്ടാകാവുന്ന ഉള്ളടക്കം അപഗ്രഥനം ചെയ്തു് ഒരു താല്ക്കാലിക വിഷയസൂചി തയ്യാറാക്കി ഈ വിഷയസൂചികൾ പ്രസാധക സമിതി ചർച്ചചെയ്തു വേണ്ട ഭേദഗതികളോടെ അംഗീകരിച്ചു. അവയെ അവലംബിച്ചുകൊണ്ടു് ശേഖരണവും ആരംഭിച്ചു.

ലേഖനങ്ങളും ലേഖനഭാഗങ്ങളും സഞ്ചയിച്ചു തുടങ്ങിയതോടുകൂടി ഞങ്ങളുടെ വിഷയസൂചികളും അനിവാര്യമായി രൂപഭേദം പ്രാപിച്ചു തുടങ്ങി. ചില വിഷയവിഭാഗങ്ങൾ ആവശ്യമില്ലാതെയായി. ചിലതു പുതുതായി ഉൾപ്പെടുത്തേണ്ടിവന്നു.

ഏററവും കൂടുതൽ വൈഷമ്യം അനുഭവപ്പെട്ടതു് ശേഖരിക്കുന്ന ലേഖനങ്ങളുടെ നിഷ്കൃഷ്ടമായ വിശകലനത്തിലാണു്. ഗാന്ധിജിയുടെ ചിന്തയുടേയും ആശയങ്ങളുടേയും ഒരു പ്രത്യേകത അവയുടെ ഉദ്ഗ്രഥന സ്വഭാവമാണു്. യഥാർത്ഥ ജീവിതത്തിൽ, അനുഭവത്തിൽ, വസ്തുതകളും ആശയങ്ങളും പരസ്പരബദ്ധങ്ങളായിട്ടാണു്, സങ്കീർണ്ണനിബദ്ധങ്ങളായിട്ടാണു പ്രത്യക്ഷപ്പെടുന്നതു്. എന്നാൽ, അവ സാമാന്യബുദ്ധിക്കു സുഗ്രഹമാകണമെങ്കിൽ അപഗ്രഥനം കുറെ ആവശ്യമാണു്. അപഗ്രഥനത്തിനൊരുങ്ങിയാൽ അവയുടെ ജൈവമായ സങ്കീർണ്ണസത്ത ശിഥിലമാകുകയും ചെയ്യും. ഇക്കാര്യത്തിൽ ഒരു മദ്ധ്യമാർഗം അവലംബിക്കാനാണു് ഞങ്ങൾ ശ്രമിച്ചിട്ടുള്ളതു്. ആശയത്തിന്റെ ജീവനു ഹാനി സംഭവിക്കാത്തിടത്തോളമുള്ള വിശകലനത്തിനേ ഞങ്ങൾ പ്രായേണ മുതിർന്നിട്ടുള്ളു.

ഓരോ ഭാഗത്തിന്റെയും വിഷയത്തെ സംബന്ധിച്ചു് ഗാന്ധിജി രേഖപ്പെടുത്തിയിട്ടുള്ളതെല്ലാം ലഭ്യമായ സകല പ്രസിദ്ധീകരണങ്ങളിൽനിന്നും സഞ്ചയിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. ഒരു കാര്യത്തിലേ ഞങ്ങൾക്കു് അല്പം ഖേദമുള്ളു. 'യംഗ് ഇന്ത്യ'യും 'ഹരിജന'മാണല്ലോ ഭൂരിഭാഗം ഗാന്ധിസാഹിത്യത്തിന്റെ പ്രമാണരേഖകൾ. വളരെയൊക്കെ ശ്രമിച്ചിട്ടും അവ വിലയ്ക്കോ കടമായോ സമ്പാദിക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. അതുകൊണ്ടു 'നവജീവ'ന്റെയും മററു പ്രസിദ്ധീകരണസ്ഥാപനങ്ങളുടെയും ഗാന്ധിസാഹിത്യസമാഹാരങ്ങളിലെ 'പകർപ്പു'കളാണു ഞങ്ങൾക്കു് ആശ്രയമായിത്തീർന്നതു്. പക്ഷേ, അതുകൊണ്ടു കാര്യമായ ഒരു കുറവും ഞങ്ങൾ സഞ്ചയിച്ച ഗാന്ധിസാഹിത്യത്തിന്റെ സൂക്ഷ്മതയ്ക്കോ വിശ്വാസ്യതയ്ക്കോ സംഭവിച്ചിരിക്കയില്ലെന്നാണു് ഞങ്ങളുടെ പ്രത്യാശ, അവയെല്ലാം വിദഗ്ധന്മാർ ശ്രദ്ധാപൂർവം പ്രസാധനം ചെയ്ത ഗ്രന്ഥങ്ങളാകകൊണ്ടു്. ഞങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ധാരണങ്ങളുടെയെല്ലാം പ്രമാണഗ്രന്ഥങ്ങളും മൂലരേഖകളും ചൂണ്ടിക്കാണിച്ചിട്ടുമുണ്ടു്.

digitized by www .sreyas.in

ഏകദേശം ഒരു കൊല്ലംകൊണ്ടു സംഭരണം മിക്കവാറും പൂർത്തിയായി. ഞങ്ങളുടെ ജോലിയുടെ അടുത്ത ഘട്ടമായിരുന്നു ഏററവും ശ്രമാവഹം — പ്രസാധനം. വളരെ ശ്രദ്ധയോടും ആലോചനയോടുംകൂടി വേണ്ടിയിരുന്നു അതു നിർവഹിക്കാൻ. സംഭരണം കഴിഞ്ഞപ്പോൾ ടൈപ്പുചെയ്ത ആയിരവും രണ്ടായിരവും താളുകളാണു് ഓരോ പ്രസാധകന്റേയും കൈയിൽ വന്നുചേർന്നതു്. അതെല്ലാം തിരിഞ്ഞു്, കുടഞ്ഞു്, സാരാംശം സമാഹരിക്കേണ്ടിയിരുന്നു. ഒരേ വിഷയത്തെ അധികരിച്ചു വളരെക്കൊല്ലങ്ങളിലായി നടത്തിയിട്ടുള്ള വളരെ വളരെ പരാമർശങ്ങളുണ്ടാവും. അവയിൽ അനേകം ആശയങ്ങൾ അനേകം പ്രാവശ്യം ആവർത്തിച്ചിട്ടുണ്ടാവും. അതേ സമയംതന്നെ ചില പുതിയ ആശയങ്ങളോ വിശദീകരണങ്ങളോ ചിന്നിച്ചിതറിക്കിടക്കുന്നുമുണ്ടാവും. ചില ആശയങ്ങൾക്കു കാലാന്തരത്തിൽ അല്പം പരിണാമംതന്നെയും സംഭവിച്ചിരിക്കാം. പ്രസാധകൻ ചെയ്യേണ്ടതു് ഒരു വിഷയത്തെ അധികരിച്ചു് അദ്ദേഹം ആവിഷ്കരിച്ചിട്ടുള്ള അഭിപ്രായങ്ങളെല്ലാം അപഗ്രഥിച്ചു്, കേവലമായ ആവർത്തനങ്ങൾ പരിത്യജിച്ചു്, കാതലായ ഭാഗങ്ങൾ വ്യവച്ഛേദിച്ചെടുത്തു് ആശയത്തിനു കാലക്രമത്തിൽ വ്യത്യാസമോ വികാസമോ ഉണ്ടായിട്ടുണ്ടെങ്കിൽ അതുകൂടി വ്യക്തമാകത്തക്ക തരത്തിൽ കാലാനുക്രമമായി— ആശയവൈശദ്യത്തിനുവേണ്ടി ചിലപ്പോൾ കാലക്രമം വിഗണിച്ചും — പരസ്പരം ബന്ധിപ്പിച്ചു്, ആ ആശയനിബന്ധത്തിന്റെ പൂർണ്ണമായ സ്വരൂപം അദ്ദേഹത്തിന്റെ സ്വന്തം വാക്കുകളിൽ—അതായതു് അദ്ദേഹത്തിന്റെ ലേഖനങ്ങളും ലേഖനഭാഗങ്ങളുംകൊണ്ടുതന്നെ — നിർമിക്കുകയാണു്.

ഈ രീതിയിലുള്ള പ്രസാധനത്തിൽ പല ലേഖനങ്ങളുടേയും പ്രസക്തങ്ങളായ ഭാഗങ്ങൾ മാത്രമേ നിർദ്ധാരണം ചെയ്യാൻ പററുകയുള്ളു എന്നു സ്പഷ്ടമാണു്. അപ്പോൾ, അതു് ആ ലേഖനങ്ങളോടു ചെയ്യുന്ന കടുംകൈയാകയില്ലേ? ഒരുതരത്തിൽ അതൊരു കടുംകൈയാണെന്നു സമ്മതിക്കാതെ തരമില്ല. പ്രത്യേകിച്ചും ആശയങ്ങളുടെ ഏകാഗ്രതയ്ക്കും വൈശദ്യത്തിനും നിദർശനങ്ങളായ ഗാന്ധിജിയുടെ ലേഖനങ്ങളെ സംബന്ധിച്ചു്. പക്ഷേ, ഒന്നു നാം ഓർമിക്കേണ്ടതുണ്ടു്. ഈ ബന്ധദാർഢ്യവും ആശയവൈശദ്യവും ഓരോ പ്രബന്ധത്തെ സംബന്ധിച്ചു് അനുഭവപ്പെടുന്ന ഗുണങ്ങളാണു്. ഒരേ വിഷയത്തെ അധികരിച്ചു പല പ്രാവശ്യം രചിച്ചിട്ടുള്ള അനേകം ലേഖനങ്ങൾ ഒരുമിച്ചെടുക്കുമ്പോൾ അവയിൽ ആകെക്കൂടി ഈ ഏകാഗ്രതയോ വൈശദ്യമോ അനുഭവപ്പെടുകയില്ല. കാരണം സ്പഷ്ടമാണു്. ആ ഉദ്ദേശ്യത്തോടുകൂടിയല്ല അവ എഴുതപ്പെട്ടതു്. ഞങ്ങൾ സ്വീകരിച്ച പ്രസാധനലക്ഷ്യം അവയ്ക്കു് ആകെക്കൂടി ഏകാഗ്രതയും വൈശദ്യവും നല്കുകയാണു്. അഥവാ, അവയിൽ ആകെക്കൂടി രൂപംകൊണ്ടിട്ടുള്ള ആശയം തെളിച്ചെടുക്കുകയാണു്. ബഹുലമായ ആവർത്തനങ്ങളും മുഖ്യമായ ആശയത്തിന്റെ വികാസത്തിൽ അപ്രസക്തങ്ങളായിത്തീരുന്ന അംശങ്ങളും ഒഴിവാക്കുക മാത്രമാണു് അതിനുള്ള മാർഗം. ചില ലേഖനങ്ങളുടെ അപഗ്രഥനവും കൃന്തനവുംകൊണ്ടു് അവയുടെ സംയുക്തചൈതന്യത്തിന്റെ ഉദ്ഗ്രഥനവും പൂരണവും പ്രകാശനവുമാണു ഞങ്ങൾ സാധിക്കാൻ യത്നിച്ചിട്ടുള്ളതു്. അതു മാത്രമാണു് ഞങ്ങളുടെ സമാധാനം.

digitized by www .sreyas.in

ഒരു ഗ്രന്ഥത്തിനുള്ളിൽ ഒരേ ആശയത്തിന്റെതന്നെ കേവലമായ ആവർത്തനം ഉണ്ടാവാതിരിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ആ ശ്രമത്തിൽ ഞങ്ങൾ സാമാന്യം വിജയിച്ചിട്ടുണ്ടെന്നും തോന്നുന്നു. വിഷയവിഭജനത്തിന്റെ രീതികൊണ്ട് ഒന്നിലധികം ഗ്രന്ഥങ്ങളിൽ ഒരേ നിർദ്ധാരണങ്ങൾ കടന്നുകൂടുന്നതിനെ തടയാനും ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല, കഴിയുമായിരുന്നുമില്ല. ജീവിതത്തിന്റെ ഏതു മണ്ഡലവും, അതിന്റെ ഏതു് അവാന്തരഭാഗവും ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സത്യം, അഹിംസ ഇവയുടെ പരീക്ഷണരംഗമാണ്. അങ്ങനെയാണ് അദ്ദേഹം ചിന്തിച്ചിട്ടുള്ളതും പ്രതിപാദിച്ചിട്ടുള്ളതും. ആ നിലയ്ക്കു പല മണ്ഡലങ്ങൾക്കും പൊതുവായ ജീവിതപ്രശ്നങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന സന്ദർഭങ്ങൾ ഒന്നിലധികം ഗ്രന്ഥങ്ങളിൽ സ്ഥാനംപിടിച്ചു എന്നു വരാം. ഒഴിവാക്കാവുന്ന ഒരാവർത്തനമല്ല അതു്. എന്തുകൊണ്ടെന്നാൽ അതതു ഗ്രന്ഥങ്ങളിൽ രൂപംകൊള്ളുന്ന ആശയത്തിന്റെ പൂർണ്ണതയ്ക്കു് അവ അനുപേക്ഷണീയമായിരിക്കും.

ഇതുവരെ പറഞ്ഞതു പ്രസാധനലക്ഷ്യത്തേയും, പ്രസാധനവിധത്തേയും സംബന്ധിച്ചു ഞങ്ങൾ സ്വീകരിച്ച ആദർശമാണ്. അതു മാത്രം പറഞ്ഞുനിറുത്തിയാൽ ഈ ഗ്രന്ഥങ്ങളെപ്പറ്റി അമിതമായ പ്രതീക്ഷകൾ വായനക്കാരിൽ ഉണ്ടായേക്കാം. ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ ആ പ്രതീക്ഷകൾക്കു ഭംഗം നേരിട്ടു എന്നു വരാം. അതൊഴിവാക്കുവാൻ ചില വസ്തുതകൾ ഇവിടെ തുറന്നു പ്രസ്താവിച്ചുകൊള്ളട്ടെ. മഹാത്മാഗാന്ധിയുടെ ആശയപ്രപഞ്ചം സമഗ്രമായി, സാന്ദ്രമായി, സുഗ്രഹമായി ആവിഷ്കരിക്കുക എന്ന പ്രധാന ലക്ഷ്യം നിറവേറ്റാൻ കഴിഞ്ഞുവെന്നു ഞങ്ങൾ തെല്ലും അഭിമാനിക്കുന്നില്ല.

ഒന്നാമതായി അങ്ങനെ അവികലമായ ഒരു നവീനശില്പം കൂട്ടിയിണക്കത്തക്ക തരത്തിലല്ല അദ്ദേഹത്തിൽനിന്നു നമുക്കു കിട്ടിയിട്ടുള്ള സാഹിത്യത്തിന്റെ സ്വരൂപം. പല തരത്തിലും വലുപ്പത്തിലുമുള്ള അനേകം കെട്ടിടങ്ങളുടെ സാമഗ്രികൾ സഞ്ചയിച്ച് അവ മാത്രം ഉപയോഗിച്ച്, പുറത്തുനിന്നു പുതുതായി ഒരു സാമഗ്രിയും ഉപയോഗിക്കാതെ, ആ കെട്ടിടങ്ങളെല്ലാറ്റിനേയുംകാൾ വലുതും, ഭിന്ന മാതൃകയിലുള്ളതുമായ മറ്റൊരു കെട്ടിടം കെട്ടാൻ ശ്രമിച്ചാൽ ആ ശില്പത്തിനു ചില കുറ്റങ്ങളും കുറവുകളും ഉണ്ടാകാതെ തരമില്ല. അതു പണിയാൻ ഉപയോഗിച്ച സാധനങ്ങൾ ആ വലുപ്പത്തിലും മാതൃകയിലുമുള്ള ഒരു കെട്ടിടം പണിയാൻ ഉദ്ദേശിക്കപ്പെട്ടവയായിരുന്നില്ല, എന്നുള്ളതുതന്നെയാണ് അതിന്റെ കാരണം. അതുപോലെ ഒരുദ്യമമായിരുന്നു ഞങ്ങളുടേതു്. അതിന്റെ നിർവഹണത്തിൽ അനിവാര്യമായ ആ കുറ്റങ്ങളും കുറവുകളും കടന്നുകൂടിയിട്ടുമുണ്ട്.

പക്ഷേ, ഞങ്ങൾ നിർമിച്ച ശില്പത്തിലെ വൈകല്യങ്ങൾ എല്ലാം ആ ഇനത്തിൽപെട്ടവയാണെന്നു വിശ്വസിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. അവയിൽ ഭൂരിഭാഗത്തിനും ഞങ്ങൾതന്നെയാണ് ഉത്തരവാദികൾ. ആ ഉത്തരവാദിത്തത്തിൽനിന്ന് ഏതെങ്കിലും തരത്തിൽ ഒഴിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നുമില്ല.

digitized by www .sreyas.in

ഈ പ്രസാധനം കൈയേററവരിൽ അസി. എഡിററർ ശ്രീ ഉത്തമക്കുറുപ്പ് ഒഴിച്ച് എല്ലാവരുംതന്നെ നിയമേന ചുമതലയുള്ള മററു ധാരാളം ജോലികൾ ഉള്ളവരായിരുന്നു. ഇത്രമാത്രം ശ്രമവും ശ്രദ്ധയും ആവശ്യപ്പെടുന്ന ഒരു യത്നത്തിനു വേണ്ടുന്ന സാവകാശം ആർക്കുംതന്നെ കിട്ടിയിട്ടില്ല. അവരവർക്കു കിട്ടിയ സാവകാശം ഉപയോഗിച്ച് അവരവരുടെ കഴിവനുസരിച്ചു ചെയ്ത പ്രയത്നത്തിന്റെ ഫലമാണ് ഈ ഗ്രന്ഥങ്ങൾ. ഞങ്ങൾ ആരംഭത്തിൽ ഉദ്ദേശിച്ചിരുന്നത്, ഓരോ ഗ്രന്ഥത്തിന്റെയും പ്രസാധനത്തിന്, അതിനു ചുമതലപ്പെട്ട ആൾ മാത്രം പ്രധാന ഉത്തരവാദി ആയിരിക്കുമെങ്കിലും മററുള്ളവരിൽ ആരെങ്കിലുംകൂടി അതു പരിശോധിച്ച് അംഗീകരിക്കണം എന്നതായിരുന്നു. ഞങ്ങൾ ഒരു പ്രസാധകസമിതിയായി പ്രവർത്തിക്കണം എന്ന തീരുമാനത്തിന്റെ അർത്ഥംതന്നെ അതായിരുന്നു. ചീഫ് എഡിററർ എന്ന നിലയിൽ, എല്ലാ ഗ്രന്ഥങ്ങളും സശ്രദ്ധം വായിച്ച് എനിക്ക് ആവശ്യമെന്നോ അഭിലഷണീയമെന്നോ തോന്നുന്ന പരിഷ്കാരങ്ങൾ നിർദ്ദേശിക്കണമെന്നു ഞാനും ആഗ്രഹിച്ചിരുന്നു. എന്നാൽ, ഞങ്ങൾക്കെല്ലാവർക്കും നേരിട്ട സമയദൌർലഭ്യംകൊണ്ട് അവരവർ ഏറെറടുത്ത ഗ്രന്ഥത്തിന്റെ പ്രസാധനംതന്നെയും ക്ലേശിച്ചു നിർവഹിക്കുന്നതിനേ ഞങ്ങൾക്കു കഴിഞ്ഞിട്ടുള്ളു. പരസ്പരം പരിശോധിക്കുന്നതിനും സഹായിക്കുന്നതിനും ഞങ്ങൾക്കു സാധിച്ചിട്ടില്ല. അതുകൊണ്ട് ഓരോ ഗ്രന്ഥത്തിന്റെയും ഇപ്പോഴത്തെ രൂപത്തിനു പൂർണ്ണമായും ഉത്തരവാദി പ്രായേണ അതിന്റെ പ്രസാധകൻ മാത്രമാണ്. ഈ നിലയ്ക്ക് ഈ ഗ്രന്ഥങ്ങളിൽ ഒന്നുപോലും കുററമററതാണെന്നോ ഞങ്ങളുടെ ഉദ്ദേശ്യം തികച്ചും സഫലീകരിക്കുന്നതാണെന്നോ ഞങ്ങൾ അവകാശപ്പെടുന്നില്ല.

ഒരാശ മാത്രമേ ഞങ്ങൾക്കല്പം ആശ്വാസം തരുന്നുള്ളു. ഈ പ്രസിദ്ധീകരണത്തിന് അനേകം കുറവുകൾ ഉണ്ടെങ്കിലും മഹാത്മാഗാന്ധിയുടെ പ്രാധാന്യമർഹിക്കുന്ന ആശയങ്ങളൊന്നും അതിൽ വിട്ടുകളഞ്ഞിട്ടില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. അതുകൊണ്ടു പൂർണ്ണതയെത്താത്ത ഈ രൂപത്തിൽപോലും അത് അദ്ദേഹത്തിന്റെ മഹനീയങ്ങളായ ആദർശങ്ങളും, ആശയങ്ങളും വിശദമായി ഗ്രഹിക്കാൻ മലയാളികളെ സഹായിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ആ പ്രതീക്ഷ സാമാന്യമായിട്ടെങ്കിലും ഫലിച്ചാൽ ഞങ്ങൾക്കും ഗാന്ധിസ്മാരകനിധിക്കും അല്പം ചാരിതാർത്ഥ്യത്തിനു വകയുണ്ട്.

ഞങ്ങൾ ഇംഗ്ലീഷിൽ തയ്യാർചെയ്ത മൂലരൂപങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തതു ഞങ്ങളല്ല, അതിനു നിയുക്തരായ വേറെ ആളുകളാണ്. ആ വിവർത്തനങ്ങളെല്ലാം അസി. എഡിററർ ശ്രീ ഉത്തമക്കുറുപ്പും അതിലേക്കു പ്രത്യേകം നിയമിതനായ ശ്രീ പി. കെ. പരമേശ്വരൻനായരും ചേർന്നു സശ്രദ്ധം പരിശോധിച്ച് ആവശ്യാനുസരണം പരിഷ്കരിച്ചിട്ടുണ്ട്. മലയാളത്തിലേക്കുള്ള ഈ രൂപാന്തരത്തിൽ ഗാന്ധിസാഹിത്യത്തിന്റെ അഴകിനും പൊരുളിനും പറയത്തക്ക ഗ്ലാനിയൊന്നും സംഭവിച്ചിരിക്കയില്ലെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ഇനി എനിക്കു ചില കുററസമ്മതങ്ങളും ക്ഷമാപണങ്ങളും കൃതജ്ഞതാവചസ്സുകളും മാത്രമേ രേഖപ്പെടുത്താനുള്ളു.

digitized by www .sreyas.in

ചീഫ് എഡിറ്റർ എന്ന നിലയിൽ ഞാൻ ചെയ്യാനുദ്ദേശിച്ചിരുന്നതും, അവശ്യം ചെയ്യേണ്ടിയിരുന്നതുമായ പല കാര്യങ്ങളും എനിക്കു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ ഗാന്ധിസാഹിത്യപരമ്പരയിൽ ഒരു ഗ്രന്ഥത്തിന്റെ — തയ്യാർചെയ്യാൻ ഒരുതരത്തിൽ ഏറ്റവും ബുദ്ധിമുട്ടുള്ള ഗ്രന്ഥത്തിന്റെ—പ്രസാധനം എനിക്ക് ഏല്ക്കേണ്ടിവന്നു. എന്റെ മറ്റു ബദ്ധപ്പാടുകളിൽനിന്നു പിടിച്ചെടുക്കാൻ കഴിഞ്ഞ സമയം മുഴുവൻ അതപഹരിച്ചുകളഞ്ഞു. എന്നിട്ടും എനിക്കു സംതൃപ്തി തോന്നത്തക്കവണ്ണം അതു ചെയ്തുതീർക്കുവാൻ എനിക്കു കഴിഞ്ഞിട്ടുമില്ല. ഈ പരിതഃസ്ഥിതിയിൽ മറ്റു ഗ്രന്ഥങ്ങളുടെ പ്രസാധനത്തെ സംബന്ധിച്ചിടത്തോളം കാര്യമായി എനിക്കു യാതൊന്നുംതന്നെ ചെയ്യാൻ സാധ്യമായില്ല. എന്റെ ഈ കഴിവുകേടിൽ എനിക്കു ഖേദമുണ്ട്.

എന്റെ സഹപ്രസാധകന്മാർ, പ്രസാധനത്തിലും ആഫീസ് കാര്യങ്ങളുടെ നിർവഹണത്തിലും ശ്രദ്ധയോടും കൃത്യനിഷ്ഠയോടും വിശ്വസ്തതയോടുംകൂടി പ്രവർത്തിച്ചുപോന്ന അസി. എഡിറ്റർ ശ്രീ സി. ഉത്തമക്കുറുപ്പ്, ഞാൻ തയ്യാർചെയ്ത ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു ചുരുങ്ങിയ സമയംകൊണ്ടു വിവർത്തനം ചെയ്തുതന്ന മിത്രങ്ങൾ, പല സന്ദർഭങ്ങളിലും വളരെ ക്ലേശകരമായ ആഫീസ്ജോലികൾ യാതൊരു വൈമനസ്യവും കാണിക്കാതെ നിർവഹിച്ച ആഫീസിലെ പ്രവർത്തകന്മാർ, ഇവരോടെല്ലാം ഞാൻ കൃതജ്ഞനാണ്. ഞാൻ അവരിൽ ചിലരോടൊക്കെ പരിഭവിച്ചിട്ടുണ്ട്. ചിലരെ ദയവില്ലാതെ ഞെരുക്കിയിട്ടുണ്ട്. അപൂർവം സന്ദർഭങ്ങളിൽ മയമില്ലാതെ കുറ്റപ്പെടുത്തിയിട്ടുപോലുമുണ്ട്. അവരെല്ലാവരും സ്നേഹപൂർവം അതെല്ലാം സഹിച്ച് ആവുംവണ്ണം അദ്ധ്വാനിച്ച് ക്ലേശഭൂയിഷ്ഠമായ ഈ സംരംഭം വിജയിപ്പിച്ചവരാണ്. അവരെ ഉപദ്രവിച്ചതിനു മാപ്പ്! അവരുടെ സ്നേഹത്തിനും സഹകരണത്തിനും നന്ദി!

ഈ വലിയ ജോലിയുടെ ഭാരം എന്നെ ഏല്പിച്ച ഗാന്ധിസ്മാരകനിധിയുടെ കേരളശാഖ, പ്രത്യേകിച്ച് അതിന്റെ സഞ്ചാലകനായ ശ്രീ കെ. ജനാർദനൻപിള്ള, അതിരു കവിഞ്ഞ വിശ്വാസമാണ് എന്നിൽ അർപ്പിച്ചത്. ആ ജോലി ചെയ്തുതീർക്കുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തു തന്നു. സർവോപരി അതിന്റെ നിർവഹണത്തിൽ സമ്പൂർണ്ണമായ സ്വാതന്ത്ര്യവും എനിക്ക് അനുവദിച്ചുതന്നു. ഇതിനെല്ലാം ഗാന്ധിസ്മാരകനിധിയോടും ശ്രീ ജനാർദനൻപിള്ളയോടും എനിക്ക് അളവറ്റ കൃതജ്ഞതയുണ്ട്. ഗാന്ധിസ്മാരകനിധികാര്യാലയത്തിലെ മറ്റു പ്രവർത്തകന്മാരും ഞങ്ങളെ പലവിധത്തിൽ സഹായിച്ചിട്ടുണ്ട്. അവർക്കും എന്റെ കൃതജ്ഞത.

എന്റെ ഔദ്യോഗികകൃത്യങ്ങൾക്കു വിഘ്നം വരാത്ത തരത്തിൽ ഈ ജോലികൂടി ഏറ്റെടുത്തുകൊള്ളാൻ ആകാശവാണി ഔദാര്യപൂർവം എനിക്കു നല്കിയ അനുവാദമാണ് മഹത്തായ ഈ യത്നത്തിന്റെ ചുമതല ഏല്ക്കാനും, ഈ മട്ടിലെങ്കിലും അതു നിർവഹിക്കാനും എനിക്കു സൗകര്യം തന്നത്. ആകാശവാണിയോട് എനിക്കുള്ള കടപ്പാടും, കൃതജ്ഞതയും അനല്പമാണ്.

digitized by www .sreyas.in

ദീർഘിച്ചുപോയ ഈ ആമുഖം നിറുത്തുന്നു. ഞങ്ങൾ ഏറെറടുത്ത ജോലി മഹത്തും കഠിനവുമായിരുന്നു. അതിൽ വേണ്ടിടത്തോളം സമയവും ശ്രദ്ധയും ചെലുത്താൻ കഴിയാഞ്ഞതിൽ ഞങ്ങൾക്കെല്ലാവക്കും കുന്നിതമുണ്ട്. എന്നിരുന്നാലു, ഈ വിധത്തിലെങ്കിലും അതു പൂർത്തിയാക്കാൻ കഴിഞ്ഞതിൽ അല്പം ചാരിതാത്ഥ്യം ഇല്ലാതെയുമില്ല.

മഹാത്മാഗാന്ധിയെപ്പോലെ ലോകശ്രദ്ധയെ ആകർഷിച്ചിട്ടുള്ള മറെറാരു മഹാൻ ഈ അടുത്ത കാലത്തെങ്ങും ജീവിച്ചിട്ടില്ല; അദ്ദേഹത്തെപ്പോലെ, സ്വജീവിതത്തെ, അതിൻെറ സകല അംശത്തിലും സനിഷ്കർഷമായ സത്യാന്വേഷണമായി രൂപാന്തരപ്പെടുത്തിയ മറെറാരാളെ ലോകചരിത്രം ആകെത്തിരഞ്ഞാലും കണ്ടെത്താൻ സാദ്ധ്യമല്ല. ഈ ഗാന്ധിസാഹിത്യഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ മഹനീയവും പാവനവുമായ ആശയപ്രപഞ്ചത്തിലേക്കു കേരളീയരെ ആകർഷിക്കുകയും നയിക്കുകയും ചെയ്യുമെങ്കിൽ, ഭൗതികവും ധാർമികവും ആദ്ധ്യാത്മികവുമായ സകല ജീവിതപ്രശ്നങ്ങളെയുംപററി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള സുചിന്തിതങ്ങളായ അഭിപ്രായങ്ങളും നിർദ്ദേശിച്ചിട്ടുള്ള പ്രായോഗിക പരിഹാരങ്ങളും ഗ്രഹിക്കുവാൻ സാമാന്യമായെങ്കിലും അവരെ സഹായിക്കുമെങ്കിൽ, പ്രസാധക സമിതിയുടെയും ഗാന്ധിസ്മാരകനിധിയുടെയും പരിശ്രമം പാഴിലായില്ലെന്നു സമാധാനിക്കാം.

തിരുവനന്തപുരം
2-10-1961

കൈനിക്കര എം. കുമാരപിള്ള
ചീഫ് എഡിറ്റർ

digitized by www .sreyas.in

# മുഖവുര

മഹാത്മാഗാന്ധിയുടെ അർത്ഥശാസ്ത്രം — അങ്ങനെയൊന്നുണ്ടോ? താൻ ഒരു അർത്ഥശാസ്ത്രജ്ഞനാണെന്നു ഗാന്ധിജി ഒരിക്കലും അവകാശപ്പെട്ടിരുന്നില്ല. ആധുനിക അർത്ഥശാസ്ത്രത്തിന്റെ ശില്പികളായറിയപ്പെടുന്ന ആഡം സ്മിത്ത്, കാറൽ മാർക്സ്, ആൽഫ്രഡ് മാർഷൽ, ജെ. എം. കെയിൻസ് മുതലായവരുടെ കൂട്ടത്തിൽ ഒരാളായി ഗാന്ധിജിയെ ആരും എണ്ണുന്നുമില്ല. പിന്നെന്താണ് മഹാത്മാഗാന്ധിയുടെ അർത്ഥശാസ്ത്രം എന്ന തരംതിരിപ്പിന്റെ പ്രസക്തി?

സ്മിത്തും, മാർക്സും, കെയിൻസും അർത്ഥശാസ്ത്രത്തിൽ വിപ്ലവാത്മകമായ ഒരു സമീപനരീതി സ്വീകരിച്ചു. നിലവിലിരുന്നതിൽനിന്നും വ്യതിരിക്തമായ ഒരു ചിന്താഗതി അവരോരോരുത്തരും സൃഷ്ടിച്ചു. പരമ്പരാഗതങ്ങളായ തത്ത്വസംഹിതകൾ ഇടിച്ചുപൊളിക്കുകയും, അഭിനവസിദ്ധാന്തങ്ങൾ ആവിഷ്കരിക്കുകയും ചെയ്ത ഈ പ്രാമാണികന്മാർ സമൂഹത്തിന്റെ സാമ്പത്തികവ്യാപാരങ്ങളിലും, ഭരണകൂടങ്ങളുടെ ലക്ഷ്യപ്രഖ്യാപനങ്ങളിലും അദൃഷ്ടപൂർവ്വമായ സ്വാധീനം ചെലുത്തി. ഇതുപോലെതന്നെ മഹാത്മാഗാന്ധിയുടെ സമീപനരീതിയും ചിന്താഗതിയും നിലവിലിരുന്ന അർത്ഥശാസ്ത്ര സിദ്ധാന്തങ്ങളോടുള്ള ഒരു വെല്ലുവിളിയായിരുന്നു. അർത്ഥശാസ്ത്രത്തിലെ ചിന്താസരണിയുടെ ഗതി തിരിച്ചുവിടാൻ ഗാന്ധിജിക്കു സാധിച്ചുവെന്നു പറയാവതല്ല. എങ്കിലും ഒരു വമ്പിച്ച ജനവിഭാഗത്തിന്റെ ആദർശങ്ങളേയും ആചാരങ്ങളേയും മൂല്യബോധത്തേയും വ്യാപാരങ്ങളേയും കരുപ്പിടിപ്പിക്കാൻ ഗാന്ധിജിക്കു കഴിഞ്ഞു. ഭാരതീയ ഭരണഘടനയിലെ നിർദ്ദേശകതത്ത്വങ്ങളിലും, യൂണിയൻ ഗവണ്മെന്റിന്റേയും സംസ്ഥാനഗവണ്മെന്റുകളുടേയും സാമ്പത്തികപരിപാടികളിലും മഹാത്മാഗാന്ധിയുടെ അർത്ഥശാസ്ത്രസിദ്ധാന്തങ്ങൾ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ആത്മനിഷ്ഠമായ സമീപനം അർത്ഥശാസ്ത്രജ്ഞന്മാർ വർജ്ജിക്കണമെന്നും, വസ്തുനിഷ്ഠമായ അപഗ്രഥനവും പക്ഷരഹിതമായ അനുമാനവുംകൊണ്ട് അവർ തൃപ്തിപ്പെടണമെന്നുമാണ് പ്രായേണ വിശ്വസിക്കപ്പെട്ടുപോന്നത്. ഇന്നയിന്ന പരിതഃസ്ഥിതികളിൽ ഇന്നയിന്ന പരിപാടികൾ കൈക്കൊണ്ടാൽ ഇന്നയിന്ന ഫലങ്ങൾ സംജാതമാകും. ഇതു പറയാൻ മാത്രമേ അർത്ഥശാസ്ത്രജ്ഞന് അധികാരമുള്ളൂ. ഇതു വർജ്ജ്യം, ഇതു സ്വീകാര്യം എന്ന് ഒരു അർത്ഥശാസ്ത്രജ്ഞനെന്ന നിലയിൽ മൂല്യനിർദ്ദേശം ചെയ്യാൻ അയാൾക്ക് അധികാരമില്ല. ത്യാജ്യഗ്രാഹ്യവിവേചനം ഓരോരുത്തരുടേയും വിധിക്കു വിട്ടുകൊടുക്കണം. അർത്ഥശാസ്ത്രം അതിനു സഹായകമാകാം. പക്ഷേ, അനുശാസനം അർത്ഥശാസ്ത്രത്തിന്റെ ധർമ്മമല്ല.

ഗാന്ധിജിയുടെ നിലപാട് ഇതല്ല. മനുഷ്യജീവിതത്തെ സമഗ്രമായി വീക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഗാന്ധിജി അർത്ഥശാസ്ത്രം കൈകാര്യം ചെയ്യുന്നത്. അർത്ഥശാസ്ത്രത്തെ സദാചാരശാസ്ത്രത്തിൽനിന്നും ഒറ്റപ്പെടുത്തുന്നത് അവിഹിതമെന്ന് അദ്ദേഹം കരുതിയിരുന്നു.

അഹിംസയും സത്യവുംതന്നെയാണ് മഹാത്മാഗാന്ധിയുടെ അർത്ഥശാസ്ത്രത്തിന്റെയും അടിക്കല്ലുകൾ. ആധുനിക ഫാക്ടറിസംസ്കാരം അഹിംസയ്ക്ക് അനുരൂപമായ അടിത്തറയല്ല. സ്വയംപര്യാപ്തമായ ഗ്രാമത്തിൽ മാത്രമേ അഹിംസയുടെ വേര് ഓടുകയുള്ളൂ. എന്തെന്നാൽ അഹിംസയുടെ കാതലായ ചൂഷണം ഒഴിവാക്കാൻ ഗ്രാമവ്യവസ്ഥിതി

digitized by www .sreyas.in

യിൽ മാത്രമേ സാദ്ധ്യമാകൂ. ഗ്രാമീണമനോഭാവം വളരണമെങ്കിൽ ചക്രയിൽ അടിയുറച്ച വിശ്വാസമുണ്ടായിരിക്കണം. ഇങ്ങനെ ഗാന്ധിജിയുടെ അർത്ഥശാസ്ത്രത്തിന്റെ ആണിക്കല്ല് ചക്രയാണെന്നു സിദ്ധിക്കുന്നു. അർത്ഥശാസ്ത്രീയമായ ഗാന്ധിസൂക്തങ്ങളിൽ മുക്കാലും ചക്രയെ പററിയുള്ള സ്തോത്രങ്ങളായിരിക്കുന്നതിന്റെ കാരണം മററൊന്നുമല്ല.

മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ഈശ്വരസാക്ഷാത്കാരമാണെന്നും, അതിനുവേണ്ടി അവന്റെ ശക്തികൾ മുഴുവനും വിനിയോഗിക്കണമെന്നുമുള്ള സിദ്ധാന്തമാണ് ഗാന്ധിജിയുടെ അർത്ഥശാസ്ത്രത്തിന്റെ ആധാരം. നാൾതോറും വളരുന്ന ഭൗതികാവശ്യങ്ങളും അവ നിറവേററാനായി മനുഷ്യൻ സമ്പാദിച്ചുകൂട്ടുന്ന സമ്പത്തും ഈ ലക്ഷ്യപ്രാപ്തിക്കു വിഘാതമുണ്ടാക്കുന്നു. ജീവിതാവശ്യങ്ങൾ കഴിയുന്നതും ചുരുക്കുകയാണ് — ഇച്ഛാനിയന്ത്രണമാണ് — യഥാർത്ഥ ആനന്ദത്തിനും സംതൃപ്തിക്കുമുള്ള മാർഗ്ഗം എന്നു രണ്ടായിരത്തിയഞ്ഞൂറു വർഷങ്ങൾക്കു മുമ്പ് ശ്രീബുദ്ധൻ നമ്മെ പഠിപ്പിച്ചു. മററനേകം ആചാര്യന്മാർ പില്ക്കാലത്ത് ഈ സിദ്ധാന്തം ആവർത്തിച്ചുവെങ്കിലും ഭാരതീയജനത ഈ പാഠം മറന്നുവെന്നു ഗാന്ധിജി കണ്ടു. മാത്രമല്ല, പാശ്ചാത്യജനതയുടെ ഐശ്വര്യവായ്പിലും ആർഭാടജീവിതത്തിലും ഭ്രമിച്ച് ഭാരതീയർ അവരെ അനുകരിക്കാനും തുടങ്ങി. ഈ ഭ്രമത്തിൽനിന്നും പിൻവാങ്ങി തങ്ങളുടെ ആദ്ധ്യാത്മികചൈതന്യം വീണ്ടെടുക്കുന്നതിനു ഭാരതീയരെ ആഹ്വാനം ചെയ്യുന്നതിനിടയിൽ പാശ്ചാത്യരുടെ അർത്ഥശാസ്ത്രത്തിന്റെ പോരായ്മകൾ ഗാന്ധിജി തെളിച്ചുകാട്ടി: 'സമ്പത്തിലുമുപരി സത്യവും, ധനധാടിയെക്കാൾ കൂടുതൽ ധൈര്യവും, സ്വാർത്ഥത്തിലും മീതെ സേവനബുദ്ധിയും കാണിക്കുമ്പോൾ മാത്രമേ നമ്മുടേത് ഒരു യഥാർത്ഥ ആദ്ധ്യാത്മിക രാഷ്ട്രമായിത്തീരൂ. ഇതിനുള്ള ശ്രമമാണ് യഥാർത്ഥ അർത്ഥശാസ്ത്രം.'

ഭൗതികപുരോഗതിയെ എല്ലാത്തിനുമുപരിയായി എണ്ണുന്നതിനെയും ധനസമ്പാദനത്തിനുവേണ്ടി സത്യധർമ്മാദികൾ വെടിയുന്നതിനെയും അതിശക്തിയായി അപലപിച്ചുവെങ്കിലും, ഗാന്ധിജി ദാരിദ്ര്യത്തെ ഉപാസിച്ചിരുന്നില്ല. പട്ടിണിയും ഇല്ലായ്മയും സദാചാരത്തെത്തന്നെ ഹനിക്കുമെന്നും, ആവശ്യത്തിനുവേണ്ട ആഹാരവും വസ്ത്രവും പാർപ്പിടവും ഓരോരുത്തനും ലഭിക്കണമെന്നും ഗാന്ധിജി നിർവിശങ്കം പ്രഖ്യാപിച്ചു. ഒന്നു നോക്കിയാൽ മഹാത്മജിയുടെ ജീവിതംതന്നെയും കൊടുംദാരിദ്ര്യത്തിൽനിന്ന് ഭാരതീയജനതയെ മോചിപ്പിക്കുന്നതിനുള്ള ഒരു നീണ്ട യജ്ഞമായിരുന്നില്ലേ?

കായികാദ്ധ്വാനത്തെ ഇത്ര കണ്ടു വാഴ്ത്തിയ ഒരു ചിന്തകൻ ഭാരതത്തിലുണ്ടായിരുന്നോ എന്നു സംശയമാണ്. ഓരോരുത്തനും ആഹാരത്തിനുള്ള വക സ്വന്തം കായികാദ്ധ്വാനംകൊണ്ടുണ്ടാക്കണമെന്നും, തങ്ങളുടെ ബുദ്ധിപരമായ കഴിവുകൾ പണമുണ്ടാക്കാനല്ലാതെ മനുഷ്യരാശിയെ സേവിക്കാനായി വിനിയോഗിക്കണമെന്നും ഗാന്ധിജി ഉദ്ബോധിപ്പിച്ചു. വ്യക്തികളുടെ കായികാദ്ധ്വാനം കേന്ദ്രമാക്കിയുള്ള ഒരു സമ്പദ്വ്യവസ്ഥിതിയാണ് അദ്ദേഹം വിഭാവനം ചെയ്തത്. മാത്രമല്ല, ശരീരാദ്ധ്വാനവുമായി ഘടിപ്പിച്ചെങ്കിലേ അഹിംസ പുലർത്തുവാനുമാകൂ.

മുതലാളിവ്യവസ്ഥിതിയിൽ മുഴച്ചുനില്ക്കുന്ന അന്തരങ്ങൾ — സ്വത്തിലും ആദായത്തിലുമുള്ള അസമത്വങ്ങൾ — ഗാന്ധിജിക്ക് അരോചകങ്ങളായിരുന്നു. സമ്പത്തികസമത്വമാണ് അഹിംസയുടെ താക്കോൽ എന്നും ഗാന്ധിജി വിശ്വസിച്ചു. എന്നാൽ, അസമത്വത്തിനും അപകർഷത്തിനും പ്രതിവിധിയായി കമ്യൂണിസത്തെ ഗാന്ധിജി അംഗീകരിച്ചിരുന്നില്ല. ലക്ഷ്യംപോലെതന്നെ മാർഗ്ഗവും ഉത്തമമായിരിക്കണമെന്നു ശഠിച്ചിരുന്ന മഹാത്മജിക്കു വർഗ്ഗവൈരത്തിൽ അധിഷ്ഠിതവും, ഹിംസ

digitized by www .sreyas.in

ധ്യംകൊള്ളുന്നതുമായ കമ്യൂണിസ്റ്റുസിദ്ധാന്തങ്ങൾ സ്വീകാര്യമായി തോന്നിയില്ല. ജന്മിയും മുതലാളിയും നിലനില്ക്കുന്നിടത്തോളംകാലം സമൂഹത്തിന്റെ ഊരാളന്മാരെന്ന നിലയിൽ മിതമായ ആവശ്യനിർവഹണത്തിനു പോരുന്ന വക മാത്രം അനുഭവിച്ച്, അധികമുള്ളതു മററുള്ളവരുടെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കുന്ന സമ്പ്രദായമാണ് ഗാന്ധിജി നിർദ്ദേശിച്ചതു്. ഈ നിലപാട് ഗാന്ധിജി ജന്മി–മുതലാളിബന്ധുവായിരുന്നു എന്ന ആരോപണത്തിനു് ഇടയാക്കിയിട്ടുണ്ട്. ഇതു് അടിസ്ഥാനരഹിതമായ ആക്ഷേപമാണു്. എന്തെന്നാൽ ഗാന്ധിജി വിഭാവനം ചെയ്യുന്ന വ്യവസ്ഥിതിയിൽ ഉല്പാദനവും ഉപഭോഗവും കഴിയുന്നിടത്തോളം ഒരു സ്ഥലത്തുതന്നെ നടക്കും. വൻതോതിലുള്ള വ്യവസായവും കൃഷിയുമല്ല, എല്ലാവരും ശരീരംകൊണ്ട് അദ്ധ്വാനിക്കുന്ന കുടിൽവ്യവസായങ്ങളും ഗ്രാമവ്യവസായങ്ങളും ചെറിയ തോതിലുള്ള കൃഷിയുമായിരിക്കും ഈ വ്യവസ്ഥിതിയിലെ വ്യാപാരങ്ങൾ. ചൂഷണത്തിനു സൗകര്യം നല്കുന്ന വിധം സാമ്പത്തികവ്യാപാരങ്ങൾ അവിടെ സംഘടിപ്പിക്കപ്പെടുകയില്ല.

അർത്ഥശാസ്ത്രത്തിന്റെ സ്വഭാവത്തെയും ധർമത്തെയുംപററി പൊതുവെയും, ഭാരതത്തിന്റെ സാമ്പത്തികപ്രശ്നങ്ങളെപ്പററി പ്രത്യേകമായും ഗാന്ധിജി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. തൽസംബന്ധമായ സിദ്ധാന്തങ്ങളും വ്യാഖ്യാനങ്ങളും പരസ്സഹസ്രം ലേഖനങ്ങളിലും പ്രസംഗങ്ങളിലുമായി ചിതറിക്കിടക്കുകയാണ്. 'സാമ്പത്തികവും വ്യാവസായികവുമായ ജീവിതവും ബന്ധങ്ങളും,' 'ഖാദി', 'നൂറു ശതമാനം സ്വദേശി', ഇങ്ങനെ രണ്ടു വാല്യത്തിൽ അധികം അർത്ഥശാസ്ത്രസംബന്ധമായ ഗാന്ധിസൂക്തസമാഹാരങ്ങൾ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ട്. ഈ ഗ്രന്ഥങ്ങൾ ഓരോന്നും ഓരോ സാമ്പത്തികപ്രശ്നത്തിന്റെ പ്രതിപാദനമാണ് ഉൾക്കൊള്ളുന്നതു്. ഗാന്ധിവചനങ്ങളിൽ മുഖ്യമായവ കോർത്തിണക്കി മഹാത്മജിയുടെ അർത്ഥശാസ്ത്രീയമായ നിലപാടു സമഗ്രമായി പ്രകാശിപ്പിക്കുന്നതിനു് ഉതകുന്നവിധം 'അർത്ഥശാസ്ത്രം' എന്ന ഈ സമാഹാരം തയ്യാറാക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഒന്നാം അദ്ധ്യായത്തിൽ അഭിലഷണീയമായ അർത്ഥശാസ്ത്രത്തിന്റെ സ്വഭാവവും ധർമവും എന്താണെന്ന ഗാന്ധിജിയുടെ അഭിപ്രായം സുസ്പഷ്ടമാക്കുന്ന ഉദ്ധരണികളാണു ചേർത്തിരിക്കുന്നതു്. ഏററവും കൂടുതൽ ധനം ആർജ്ജിക്കാനും സ്വാർത്ഥം പുലർത്താനും മററുള്ളവരെ നിഷ്കരുണം ചൂഷണം ചെയ്യാനും പ്രേരിപ്പിക്കുന്ന ആധുനിക അർത്ഥശാസ്ത്രത്തെ അപലപിച്ചുകൊണ്ടു യഥാർത്ഥ അർത്ഥശാസ്ത്രം സാമൂഹ്യനീതിക്കും സർവോദയത്തിനുംവേണ്ടി നിലകൊള്ളുന്നുവെന്നു് ഗാന്ധിജി ഉദ്ഘോഷിക്കുന്നു. മത്സരത്തിനു പകരം സഹകരണം, സ്വാർത്ഥത്തിനു പകരം സമൂഹത്തിന്റെ ഉത്കർഷം, ചൂഷണത്തിന്റെ സ്ഥാനത്തു സേവനം ഇവയാണു് ഉത്തമമായ അർത്ഥശാസ്ത്രം നിർദ്ദേശിക്കുന്നതു്.

കാർഷികമേഖലയിലെ സാമ്പത്തികപ്രശ്നങ്ങളാണു രണ്ടാമദ്ധ്യായത്തിലെ പ്രതിപാദ്യം. ജന്മി–കുടിയാൻ ബന്ധങ്ങൾ, കൃഷിസമ്പ്രദായങ്ങളുടെ പരിഷ്കരണം, സഹകരണാടിസ്ഥാനത്തിലുള്ള കന്നുകാലിവളർത്തൽ, വളം നിർമാണം മുതലായവയെപ്പററി ഗാഢമായി ഗാന്ധിജി ചിന്തിച്ചിരുന്നതിന്റെ തെളിവുകൾ ഇതിൽ കാണാം.

മൂന്നാമദ്ധ്യായത്തിന്റെ ഉള്ളടക്കം ഗ്രാമീണസമ്പദ്‌വ്യവസ്ഥിതിയെപ്പററിയുള്ള ലേഖനങ്ങളിലും, പ്രഭാഷണങ്ങളിലുംനിന്നു് എടുത്തിട്ടുള്ളതാണു്. സ്വയംപര്യാപ്തമായ ഗ്രാമത്തിൽ മാത്രമേ ഹിംസയും അസത്യവും ഒഴിവാക്കുന്ന സാമ്പത്തികവ്യാപാരങ്ങൾ നടത്താനാകൂ. ഈ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണപുനരുദ്ധാരണത്തിന്റെ

digitized by www .sreyas.in

ലക്ഷ്യങ്ങളും മാർഗങ്ങളും ഗാന്ധിജി ചർച്ച ചെയ്യുന്നു. ഭാരതത്തിലെ സാർവത്രികമായ തൊഴിലില്ലായ്മയും ദാരിദ്ര്യവും പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നൂൽനൂല്പും നെയ്ത്തുമാണു് ഏററവും പ്രായോഗികമായ മാർഗമെന്നു ഗാന്ധിജി ദൃഢമായി വിശ്വസിച്ചു. ചക്കയുടെ പ്രവാചകനായ ഗാന്ധിജി തന്റെ ജീവിതത്തിന്റെ സിംഹഭാഗവും ചക്ക പ്രചരിപ്പിക്കുന്നതിനു വിനിയോഗിച്ചു. ഈ ഗ്രന്ഥത്തിലെ അദ്ധ്യായങ്ങളിൽ ഏററവും ദീർഘമായതു് ചക്കയുടെ ഗുണഗണങ്ങൾ വർണ്ണിക്കുന്ന മൂന്നാമദ്ധ്യായമാണെന്നതു യാദൃച്ഛികമല്ല. മഹാത്മജിക്കു പ്രിയങ്കരങ്ങളായിരുന്ന എല്ലാ മൂല്യങ്ങളുടേയും മൂർത്തീഭാവമായിരുന്നു ചക്ക. സത്യവും അഹിംസയും സംയമനവും സ്നേഹവും സാമൂഹ്യനീതിയുമെല്ലാം ഉളവാക്കുകയും ഉദ്ദീപിപ്പിക്കുകയും ചെയ്യുന്ന യന്ത്രവിശേഷമായിട്ടാണു് ഗാന്ധിജി ചക്കയെ ആരാധിച്ചിരുന്നതു്. ഇങ്ങനെ തന്റെ ശ്രദ്ധ മുഴുവൻ ചക്കയിൽ ചെലുത്തിയതുമൂലം ഗാന്ധിജി മററു ഗ്രാമവ്യവസായങ്ങളെ അവഗണിച്ചില്ലേ എന്നു പലരും ന്യായമായി സംശയിക്കുന്നു. എങ്കിലും ചക്കയെ കേന്ദ്രമാക്കിക്കൊണ്ടുള്ള ഗ്രാമീണ പുനരുദ്ധാരണപരിപാടികൾ സംവിധാനം ചെയ്യുന്നതിൽ ഗാന്ധിജി ജാഗരൂകനായിരുന്നു.

വ്യവസായവല്ക്കരണത്തിന്റെ ഗുണദോഷവിവേചനമാണു് നാലാമദ്ധ്യായത്തിലെ ഉദ്ധരണികളിൽ കാണുന്നതു്. വമ്പിച്ച തോതിലുള്ള യന്ത്രസംവിധാനങ്ങൾ ഉൾക്കൊള്ളുന്ന വൻവ്യവസായങ്ങൾ വളർത്തുന്നതു് എല്ലാം വിധത്തിലും ആപല്ക്കരവും അനാശാസ്യവുമാണെന്നു ഗാന്ധിജി ഊന്നിപ്പറയുന്നു. യന്ത്രപ്രയോഗം അപ്പാടെ വർജ്ജിക്കണമെന്നു ഗാന്ധിജി ശഠിച്ചില്ല. ചൂഷണത്തിനു വക നല്കാത്തതും അദ്ധ്വാനഭാരം ലഘുപ്പെടുത്തുന്നതുമായ സിംഗർ തയ്യൽയന്ത്രംപോലുള്ള ഉപകരണങ്ങൾക്കു ഗാന്ധിജിയുടെ അംഗീകാരം ലഭിച്ചു. എന്നാൽ, വൻവ്യവസായങ്ങൾ സംഘടിപ്പിക്കുകയും, യന്ത്രോപകരണങ്ങൾ ധാരാളം പ്രയോഗിക്കുകയും ചെയ്യുമ്പോൾ മാനുഷമൂല്യങ്ങൾ പ്രായേണ അവഗണിക്കപ്പെടും. അദ്ധ്വാനിക്കുന്നവരെ ഞെക്കിപ്പിഴിഞ്ഞും, ഉപഭോക്താക്കളെ കബളിപ്പിച്ചും ലാഭം വീർപ്പിക്കുന്നതിനു യന്ത്രപ്രയോഗമുൾക്കൊണ്ട വൻതോതിലുള്ള ഉല്പാദനം പ്രേരണ നല്കും. ഇതു തൊഴിലില്ലായ്മയ്ക്കും വഴി തെളിക്കും; മനുഷ്യരെ മടിപിടിപ്പിക്കുകയും ചെയ്യും. ഈ കാരണങ്ങളാലാണു് കുടിൽവ്യവസായങ്ങളും ഗ്രാമവ്യവസായങ്ങളും മാത്രമേ യഥാർത്ഥക്ഷേമം പുലർത്തുകയുള്ളുവെന്നു ഗാന്ധിജി വിശ്വസിച്ചിരുന്നതു്.

ഖാദിയുടെ പ്രവാചകനായ ഗാന്ധിജിക്കു മിൽത്തുണിയും മിൽവ്യവസായവും അരോചകമായിരുന്നു. സ്വദേശിപ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനു ഗാന്ധിജി തീവ്രമായി യത്നിച്ചു. എന്നാൽ, വിദേശവസ്തുക്കൾ വർജ്ജിക്കുന്നതിനും, സ്വദേശി പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹം നടത്തിയ മഹായത്നത്തിൽ ഹിംസയുടേയും സങ്കുചിത ദേശീയത്വത്തിന്റേയും നിഴൽ വീശിയിരുന്നില്ല. ഒരു നാടൻ സംരംഭമാണെന്നതുകൊണ്ടു മിൽവ്യവസായം അനുവദനീയമായി ഗാന്ധിജി കരുതിയില്ല. എന്തെന്നാൽ ജനസാമാന്യത്തെ ചൂഷണം ചെയ്യുന്നതിലും ഇൻഡ്യയിലെ ദാരിദ്ര്യം കടുപ്പിക്കുന്നതിലും അതു മററു വൻവ്യവസായങ്ങളുടെ പിന്നിലായിരുന്നില്ല.

വർദ്ധമാനമായ വ്യവസായവല്ക്കരണം മുതലാളി-തൊഴിലാളിബന്ധങ്ങൾ ഉൾക്കൊള്ളുന്ന പല പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചതോടെ ഗാന്ധിജിയും തന്റെ ശ്രദ്ധ അക്കാര്യത്തിൽ ചെലുത്തി. ചൂഷണോത്സുകരും പ്രബലന്മാരുമായ മുതലാളിമാരെ ചെറുക്കുന്ന നിസ്സഹായരായ തൊഴിലാളികളോടായിരുന്നു ഗാന്ധിജിക്കു കൂറു കൂടുതൽ. ട്രേഡ്യൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ മഹാത്മജി ഒരു നല്ല പങ്കു വഹിച്ചിട്ടുമുണ്ടു്. എന്നാൽ,

digitized by www .sreyas.in

ഹിംസാത്മകമായ പണിമുടക്ക് തൊഴിലാളികൾക്കുതന്നെയും ഹാനികരമാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. തൊഴിലാളികളെ വ്യവസായ സംരംഭങ്ങളുടെ യഥാർത്ഥ ഉടമസ്ഥന്മാരായി ഗണിക്കാനും അവക്കുവേണ്ട സകല സൗകര്യങ്ങളും കഴിവുപോലെ നൽകി, അവരുടെ ഊർജ്ജസ്വലമായ സഹകരണം ആർജ്ജിക്കാനും ഗാന്ധിജി നിരവധി പ്രമാണങ്ങളിലും ലേഖനങ്ങളിലുംകൂടി മുതലാളിമാരെ ഉദ്ബോധിപ്പിച്ചു.

അഞ്ചാമദ്ധ്യായത്തിൽ ഭാരതത്തിലെ സാമ്പത്തിക പ്രശ്നങ്ങളെപ്പററി പ്രത്യേകമായുള്ള പരാമർശങ്ങൾ അടങ്ങിയിരിക്കുന്നു. ഒരു രാജ്യത്തിലെ സാമ്പത്തിക കാര്യങ്ങൾ അതിന്റെ ഭൂമിശാസ്ത്രപരമായ സ്വഭാവത്തെയും ജനങ്ങളുടെ മനോഭാവത്തെയും ആശ്രയിച്ചിരിക്കുമെന്നതിനാൽ, ഭാരതീയ സാമ്പത്തിക പ്രശ്നങ്ങൾ പാശ്ചാത്യ മാതൃകയിൽ പരിഹരിക്കാൻ ശ്രമിക്കുന്നതു തെററാണെന്നു ഗാന്ധിജി ഊന്നിപ്പറഞ്ഞു. ഭാരതത്തിലെ മൗലികപ്രശ്നമായ ദാരിദ്ര്യത്തെപ്പററിയും, അതിനോടനുബന്ധിച്ചുള്ള മററു സാമ്പത്തിക പ്രശ്നങ്ങളെപ്പററിയും (ഭക്ഷ്യം, ജനപ്പെരുപ്പം, തൊഴിലില്ലായ്മ, മധുവർജ്ജനം, ദേശസാൽക്കരണം, പൊതുച്ചെലവ്, നികുതിനയം, വിദേശവ്യാപാരം, സാമ്പത്തിക നിയന്ത്രണം ഇങ്ങനെ പലതിനെപ്പററിയും) ഗാന്ധിജിക്കു സുചിന്തിതമായ അഭിപ്രായങ്ങൾ ഉണ്ടായിരുന്നതായി കാണാം.

തന്റെ മുഖ്യമായ ജീവിത ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനു ഏതുതരം സമ്പദ്‌വ്യവസ്ഥിതിയാണു് ഏററവും അനുരൂപമായതെന്നു് ഗാന്ധിജി പരിചിന്തനം ചെയ്തതിന്റെ രേഖകളാണു് അവസാനത്തെ അദ്ധ്യായത്തിൽ സഞ്ചയിച്ചിരിക്കുന്നതു്.

എല്ലാ സാമ്പത്തിക സംരംഭങ്ങൾക്കും മുതലു് (മൂലധനം) ആവശ്യമാണെന്നു് ഗാന്ധിജി അംഗീകരിച്ചുവെങ്കിലും മുതലാളിവ്യവസ്ഥിതി അദ്ദേഹത്തിനു സ്വീകാര്യമായിരുന്നില്ല. അതുപോലെതന്നെ പാശ്ചാത്യമാതൃകയിലുള്ള സോഷ്യലിസവും കമ്യൂണിസവും ഗാന്ധിജി അനഭിലഷണീയമായി കരുതി. ഈ രണ്ടിനും ആധാരമായ സ്വാർത്ഥതല്പരതയും വർഗവൈരവും ഹിംസയും ഭാരതീയ ജനതയുടെ സംസ്കാരത്തിനും പാരമ്പര്യത്തിനും ചേർന്നതല്ലെന്നു ഗാന്ധിജി വിധിച്ചു. ഭൂസ്വത്തു മുഴുവനും ഈശ്വരന്റേതാണെന്നു് (അതായതു്, മനുഷ്യരാശിയുടെ പൊതുസ്വത്താണെന്നു്) നമ്മെ പഠിപ്പിച്ച ഋഷിവര്യന്മാരാണു് യഥാർത്ഥ സോഷ്യലിസത്തിന്റെ ഉപജ്ഞാതാക്കൾ. മഹാത്മജി വിഭാവനം ചെയ്യുന്ന സോഷ്യലിസ്റ്റു് വ്യവസ്ഥിതിയിൽ 'മാനുഷരെല്ലാരുമൊന്നുപോലെ'യാണു്. പ്രഭുവിനും കർഷകനും, പണക്കാരനും പാവപ്പെട്ടവനും, മുതലാളിക്കും തൊഴിലാളിക്കും തുല്യമായ ജീവിതസൗകര്യങ്ങളുണ്ടായിരിക്കും. ഹിംസാത്മകമായ മാർഗങ്ങൾ ഇതിനു സ്വീകരിച്ചുകൂടാ. അഹിംസയിലും സത്യത്തിലുംകൂടി മാത്രമേ യഥാർത്ഥ സോഷ്യലിസം സ്ഥാപിക്കാനാകൂ. ഇത്തരം അഹിംസയ്ക്കു നിരക്കുന്ന ഒരു മാർഗമാണു് മുതലാളിമാരും സെമീന്ദാരന്മാരും യഥാർത്ഥത്തിൽ സമുദായത്തിന്റേതായ ഭൂസ്വത്തിന്റേയും മൂലധനത്തിന്റേയും ഊരാളന്മാരായി വർത്തിക്കുകയെന്നതു്. ഊരാളന്മാർ മിതമായ ആവശ്യത്തിനുള്ള വക മാത്രം എടുത്തുകൊണ്ടു്, ബാക്കിയുള്ളതു മുഴുവൻ സമുദായത്തിന്റെ പൊതുക്ഷേമത്തിനു ചെലവഴിക്കണം. ജന്മിത്തവും മുതലാളിത്തവും നിലനിർത്തുന്നതിനുള്ള ഒരടവായി കരുതി പലരും ഈ സിദ്ധാന്തത്തെ എതിർത്തുവെങ്കിലും, ഗാന്ധിജിക്കു് ഇതിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. ധാരാളം ധനം സമ്പാദിക്കുകയും, എന്നാൽ, അതു മററുള്ളവരുടെ ആവശ്യത്തിനു ചെലവാക്കാതിരിക്കുകയും ചെയ്യുന്നവരോടു കാണി

ഥമെന്ന ഒരു താല്ക്കാലിക സൗജന്യമെന്ന നിലയിലാണ് ഗാന്ധിജി ഈ സിദ്ധാന്തത്തെ സാധൂകരിച്ചത്.

ആത്യന്തികമായ ശാന്തിയും സംതൃപ്തിയും കൈവരുത്തുന്ന ഏക വ്യവസ്ഥിതി സർവ്വോദയവും സമഗ്ര ഗ്രാമസേവയും ഉൾക്കൊണ്ട പഞ്ചായത്തുരാജ് — ഗ്രാമസ്വരാജ് — ആണെന്നു ഗാന്ധിജി ദീർഘദർശനം ചെയ്തു. പ്രഥമികാവശ്യങ്ങളെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യവും സ്വയംപര്യാപ്തവുമായ ഇത്തരം ഗ്രാമത്തിൽ ലളിതജീവിതം നയിക്കുന്നവരും ത്യാഗനിരതരുമായ സർവ്വോദയ പ്രവർത്തകർ രാഷ്ട്രനിർമാണ പരിപാടികളിൽ വ്യാപൃതരായിരിക്കും. ഖാദി പ്രചരണം, അയിത്തോച്ചാടനം, സാമൂഹ്യസൗഹാർദസംസ്ഥാപനം, മദ്യവർജ്ജനം, ഗ്രാമവ്യവസായ പരിപോഷണം എന്നിവയിൽ അവർ പ്രത്യേകം ശ്രദ്ധ ചെലുത്തും. തങ്ങൾക്കാവശ്യമുള്ള ഭക്ഷ്യവും, വസ്ത്രനിർമാണത്തിനു വേണ്ട പഞ്ഞിയും ഗ്രാമീണർ സ്വന്തം ഗ്രാമത്തിൽത്തന്നെ ഉല്പാദിപ്പിക്കും. ഉല്പാദനം കഴിയുന്നത്ര സഹകരണാധിഷ്ഠാനത്തിൽ സംഘടിപ്പിക്കും. ജലവിതരണം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം മുതലായവയെല്ലാം പഞ്ചായത്തിന്റെ ചുമതലയായിരിക്കും. വർഷംതോറും പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചുപേരടങ്ങിയ പഞ്ചായത്തായിരിക്കും ഓരോ ഗ്രാമത്തിന്റെയും നിയമനിർമാണവും. നീതിന്യായവും, ആഭ്യന്തര ഭരണവും സംബന്ധിച്ചുള്ള കൃത്യങ്ങൾ നിർവഹിക്കുന്നത്.

മേൽ കാണിച്ചവിധം ആറു പ്രകരണങ്ങളിലായി അർത്ഥശാസ്ത്രീയമായ ഗാന്ധിസൂക്തങ്ങളിൽ മുഖ്യമായവ ക്രോഡീകരിക്കാനുള്ള ഒരു യത്നം 'അർത്ഥശാസ്ത്രം' എന്ന ഈ സമാഹാരത്തിൽ നടത്തിയിട്ടുണ്ട്.

മനുഷ്യരാശിയുടെ സാമ്പത്തിക വ്യാപാരങ്ങളും വാസനകളും സൂക്ഷ്മമായി നിരീക്ഷിച്ചും, തൽസംബന്ധമായ പരമ്പരാഗതമായ വിജ്ഞാനസമ്പത്ത് സ്വായത്തമാക്കിയും, വിവിധ ജനവിഭാഗങ്ങളുമായി സമ്പർക്കം പുലർത്തിയും, നവംനവങ്ങളായ പരീക്ഷണങ്ങളും ഗവേഷണങ്ങളും സ്വന്തമായി നടത്തിയും, ഇതര ചിന്തകന്മാരുമായി നിർദാക്ഷിണ്യം വാദപ്രതിവാദം ചെയ്തും, എല്ലാ പ്രശ്നങ്ങളെപ്പററിയും നിഷ്കൃഷ്ടമായി ചിന്തിച്ചുമാണ് ഗാന്ധിജി പരസ്സഹസ്രം ലേഖനങ്ങൾ എഴുതുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളത്. ഇവ പൂർണ്ണമായി വായിക്കുന്നതും പഠിക്കുന്നതും അത്യന്തം പ്രയോജനപ്രദമായിരിക്കും. എന്നാൽ, ഈ നീണ്ട വഴി മുഴുവൻ സഞ്ചരിച്ച് ഗാന്ധിജിയെ കണ്ടെത്താനുള്ള അദ്ധ്വാനത്തിന്റെ ഭാരം മിക്കവർക്കും ദുർവഹമായി തോന്നാം. ഇതു ലഘൂകരിക്കാൻ ഈ 'അർത്ഥശാസ്ത്രം' ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
1-6-1962

**കെ. എസ്. ലക്ഷ്മണപ്പണിക്കർ**

digitized by www .sreyas.in

# വിഷയവിവരം

അദ്ധ്യായം

1. ഗാന്ധിയൻ അർത്ഥശാസ്ത്രത്തിന്റെ മൗലികതത്ത്വങ്ങൾ — 33

ഗാന്ധിയൻ സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനം—സത്യവും അഹിംസയും(33)—സമ്പദ്വ്യവസ്ഥയുടെ സാന്മാർഗ്ഗികാധിഷ്ഠാനം (35)— ആധുനിക സമ്പദ്വ്യവസ്ഥയിലെ പ്രമാദങ്ങൾ (44) —സമുദായസേവനവും എല്ലാവരുടേയും നന്മയും—സാമ്പത്തികജീവിതത്തിന്റെ മുദ്രാവാക്യം (46)—മനുഷ്യസ്നേഹവും യാചകവൃത്തിയും(50) —ആഹാരത്തിനു വേണ്ടിയുള്ള പ്രയത്നം—പ്രയത്നത്തിന്റെ മാന്യത(53)—വർണ്ണാശ്രമധർമ്മം(71)—സാമ്പത്തിക സമത്വം(74)—സമ്പത്തും ക്ഷേമവും(85)—പണവും കടംകൊള്ളലും(91).

2. കാർഷികസമ്പദ്വ്യവസ്ഥ — 94

കാർഷികബന്ധങ്ങൾ(94) — കാർഷികപരിഷ്കാരങ്ങളുടെ പ്രാധാന്യം(104)—കന്നുകാലിവളർത്തൽ(107)—വളം—കളങ്ങളും കൂട്ടുവളവും (133).

3. ഗ്രാമീണസമ്പദ്വ്യവസ്ഥ — 149

ഗ്രാമപുനസ്സംഘടന — ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും (149) — കൈകൊണ്ടുള്ള നൂൽനൂല്പിന്റെയും ഖാദിയുടെയും പ്രാധാന്യം (173).

4. വ്യാവസായികസമ്പദ്വ്യവസ്ഥ — 325

ആധുനിക വ്യവസായവൽക്കരണത്തിന്റെ ന്യൂനതകൾ(325) മിൽ വ്യവസായം (354) — വ്യാവസായികബന്ധങ്ങൾ (372)—തൊഴിലാളിക്ഷേമം (414) — തൊഴിലാളിസംഘടന (432).

5. ഭാരതത്തിന്റെ ചില ജീവപ്രധാനമായ സാമ്പത്തികപ്രശ്നങ്ങൾ — 435

ഭാരതീയ സമ്പദ്വ്യവസ്ഥയുടെ സ്വഭാവം (435)—ദാരിദ്ര്യം (437)—തൊഴിലില്ലായ്മ (442)—ആഹാരം (444)—ജനസംഖ്യാപ്രശ്നം (461)—സഹകരണം (464)—മദ്യനിരോധനം (468)—പൊതുമുതലെടുപ്പ് (496)—വിദേശവാണിജ്യം (508) — സാമ്പത്തിക നിയന്ത്രണങ്ങൾ (515) — സ്റ്റേറ്റ് സംരംഭം(529)—സാമ്പത്തികസംവിധാനം(531).

6. സാമ്പത്തികവ്യവസ്ഥിതികൾ— താരതമ്യവിചാരം — 533

ക്യാപ്പിറ്റലിസവും സോഷ്യലിസവും (533) — ട്രസ്റ്റിഷിപ്പ് സിദ്ധാന്തം (548)—പഞ്ചായത്തുരാജ്, സർവോദയം, സമഗ്രഗ്രാമസേവ (555).

digitized by www .sreyas.in

# രണ്ടാം പതിപ്പിനെക്കുറിച്ച്

ഗാന്ധിജി ലോകരംഗത്തുനിന്നു തിരോധാനം ചെയ്തിട്ട് ഇപ്പോൾ 33 വർഷം തികയുന്നു. ഒരു സത്യയുഗത്തിനുവേണ്ടി ജീവിക്കുകയും അന്ത്യശ്വാസംവരെ പ്രവർത്തിക്കുകയും ചെയ്ത ആ മഹാപുരുഷന്റെ കാലത്തിനു ശേഷം ഇന്ത്യയിലും ലോകത്തും എന്തു സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നു പരിശോധിക്കുന്നവർക്ക് ആശ്വാസത്തിന് എന്തെങ്കിലും അവകാശമുണ്ടോ? ഇല്ലെന്നായിരിക്കും സാർവത്രികമായി ലഭിക്കാവുന്ന ഒരു ഉത്തരം. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഗാന്ധിജിയുടെ ജീവിതവും സന്ദേശവും ലോകജീവിതരംഗത്തും കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ എന്ന ചോദ്യം സൂക്ഷ്മപഠനത്തിനും വിലയിരുത്തലിനും വിഷയമാക്കേണ്ട ഒന്നാണ്. ഉണ്ടാക്കിയിട്ടുള്ള ചലനങ്ങൾ എത്ര ചെറുതായാലും വലുതായാലും ആ ജീവിതസന്ദേശത്തെ ജനഹൃദയങ്ങളിൽ കൊണ്ടെത്തിക്കുക എന്ന മഹത്തായ ഒരു നിശ്ചിത കർത്തവ്യമാണ്, ഏതു ദേശത്തും ഏതു ഭാഷയിലും ഉണ്ടായിട്ടുള്ള ഗാന്ധിസാഹിത്യകൃതികൾ നിർവഹിച്ചിട്ടുള്ളത്. ഗാന്ധിജിയുടെ ആശയ പ്രപഞ്ചത്തെ പ്രതിനിധാനം ചെയ്യുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്ന വിഷയത്തിൽ, ഭാരതത്തിൽ പ്രമുഖമായ ഒരു സ്ഥാനം അഖിലേന്ത്യാ ഗാന്ധിസ്മാരക നിധിക്കുണ്ട്. മലയാളത്തിൽ കേരള ഗാന്ധിസ്മാരക നിധിയും എളിയ തോതിലാണെങ്കിലും ഇത്രയും കാലത്തിനകം 57 ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തിട്ടുണ്ട്. ഇത്രയുംകൊണ്ട് സ്വന്തം കർത്തവ്യം സമർത്ഥമായി നിർവഹിച്ചുവെന്നവകാശപ്പെടുവാൻ സാദ്ധ്യമല്ലെന്നു ഞങ്ങൾക്കു തികച്ചും ബോദ്ധ്യമുണ്ട്. പല പരിമിതികളുടെയും പരാധീനത ഈ വിഷയത്തിൽ സംഘടനയെ ബാധിച്ചിട്ടുമുണ്ട്. എങ്കിലും കേരള ഗാന്ധിസ്മാരക നിധിയുടെ ഒരു പ്രമുഖ പ്രസിദ്ധീകരണമായ ഏഴു വാല്യങ്ങൾ അടങ്ങുന്ന ഗാന്ധിസാഹിത്യകൃതികളുടെ ഒരു രണ്ടാംപതിപ്പ് ഇപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിച്ചുവെന്നതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഈ ഏഴു വാല്യങ്ങളുടെയും ഒന്നാം പതിപ്പിൽ അവ തയ്യാറാക്കിയ പ്രസാധകസമിതിയുടെ നേതൃത്വം വഹിച്ചിരുന്ന ശ്രീ കൈനിക്കര കുമാരപിള്ളയുടെ വിശദമായ ആമുഖവും ഈ വാല്യത്തിന്റെ പ്രസാധകനായ പ്രൊഫ. കെ. എസ്. ലക്ഷ്മണപ്പണിക്കർ തയ്യാറാക്കിയ പ്രസാധകക്കുറിപ്പും ഈ ഗ്രന്ഥത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്. അതിൽ നിന്നും ഈ ഗ്രന്ഥാവലിയെക്കുറിച്ചുള്ള വ്യക്തമായ ചിത്രം എല്ലാവർക്കും ലഭിക്കുമെന്നതിനാൽ പ്രത്യേകമായ ഒരു വിശദീകരണക്കുറിപ്പിന്റെ ആവശ്യം ഇനി ഉദിക്കുന്നില്ല. ഈ രണ്ടാം പതിപ്പിന് ഒരു പ്രത്യേകമായ അവതാരികയുടെ പ്രസക്തിയും തീരെ ഇല്ലെന്നുതന്നെ പറയാം.

എങ്കിലും ഇരുപത്തൊമ്പതു വർഷങ്ങൾക്കു മുമ്പ് ഈ ഗ്രന്ഥങ്ങൾ ആദ്യമായി പ്രകാശനം ചെയ്തതിനു ശേഷം ഒരു പുനഃപ്രസിദ്ധീകരണത്തിനു തയ്യാറാകുമ്പോൾ പ്രകാശകന്മാരുടെ ആശയും ആശങ്കകളും സംക്ഷിപ്തമായെങ്കിലും പ്രകടമാക്കേണ്ടതു് ആവശ്യമാണെന്നു തോന്നുന്നു.

ഭാരതത്തിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള പ്രബുദ്ധമായ കേരള ജനതയുടെ ഹൃദയത്തെയും ബുദ്ധിയെയും സ്പർശിക്കുന്നതിനുള്ള രാജപാത വിവിധ തലങ്ങളിലുള്ള പ്രസിദ്ധീകരണങ്ങളിലൂടെയാണ് പട്ടുത്തുയർത്തേണ്ടതെന്ന കാര്യം നിസ്തർക്കമാണ്. കേരളം ശങ്കരാചാര്യരുടെ

digitized by www .sreyas.in

നാടാണെന്നും കേരളജനതയെ സ്വാധീനിക്കുന്നതിനു ബുദ്ധിയുടെ മണ്ഡലത്തിലാണു മുഖ്യമായി പ്രവർത്തിക്കേണ്ടതെന്നും പലതവണ ആചാര്യ വിനോബാഭാവേ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഇത്തരുണത്തിൽ ഞാൻ ഓർത്തുപോകുന്നു. എന്നാൽ, ഇന്നു മലയാളഭാഷയിൽ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥങ്ങൾ, പത്രങ്ങൾ, വാരികകൾ, മാസികകൾ എന്നിവയുടെ എണ്ണവും പ്രചാരവും അവയുടെ നിലവാരവും നോക്കുമ്പോൾ ഉൽക്കണ്ഠയും ഒരു നിസ്സഹായതാബോധവുമല്ലാതെ മനസ്സിലവശേഷിക്കുമെന്നു തോന്നുന്നില്ല. ഇത്തരം പ്രസിദ്ധീകരണങ്ങളുടെ പ്രതിധ്വനിയാണു് കേരളീയ ജനജീവിതത്തിലിന്നു പ്രമുഖമായി പ്രത്യക്ഷപ്പെട്ടു കാണുന്നതു്. ആദർശനിഷ്ഠയും സന്മാർഗപരതയുമുള്ള ഒരു ചെറിയ ശതമാനം പ്രസിദ്ധീകരണങ്ങൾ ഉണ്ടെങ്കിലും അവയുടെ ആകർഷണവലയം ചെറുതാണു്. ഉത്തമഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം ഒരു വശത്തു നടക്കുമ്പോൾ അവയെ സ്വീകരിച്ചു് അവയിലടങ്ങിയിരിക്കുന്ന തത്വസംഹിതകൾക്കുവേണ്ടി പ്രവർത്തിക്കാനും ജനജീവിതത്തെ അതിനനുഗുണമായി സംഘടിപ്പിക്കാനും കർമനിഷ്ഠരായ ചിന്തകർ മറുവശത്തു മുന്നോട്ടു വരാതിരുന്നാൽ ഇത്തരം ഗ്രന്ഥങ്ങൾ ചിലരുടെ മനോരഥങ്ങളിൽ മാത്രം ഒതുങ്ങിപ്പോകുമെന്നുള്ളതാണു് ആത്യന്തികമായി സംഭവിക്കുക.

ഗാന്ധിസാഹിത്യത്തിനും ഇതേ ദുരന്തം ഭാഗികമായിട്ടെങ്കിലും സംഭവിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വ്യക്തിയിലും സമൂഹത്തിലുമുള്ള നന്മയുടെ ശക്തിയെ ഉണർത്തി, വികസിപ്പിച്ചു്, സംഘടിപ്പിക്കാനും അങ്ങനെ തിന്മയെ പരാജയപ്പെടുത്താനുമുള്ള ഒരു കർമപരിപാടിയാണു് ഗാന്ധിജി ആവിഷ്കരിച്ചതും വിജയപൂർവം പരീക്ഷിച്ചതുമെന്നു നിഷ്കൃഷ്ടമായ അർത്ഥത്തിൽ മനസ്സിലാക്കിയവർ ചുരുക്കമാണെന്നു തോന്നുന്നു. അങ്ങനെ നോക്കുമ്പോൾ നാം മുഖ്യമായ ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു. ഗാന്ധിജിയെപ്പററി കുറെ കാര്യങ്ങൾ ജനങ്ങൾ ധരിച്ചിട്ടുണ്ടു്. അങ്ങനെ ധരിച്ചിട്ടുള്ളവർ പല തരക്കാരാണു്. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം ചെയ്ത മഹത്തായ സേവനത്തിൽ ഒതുങ്ങുന്ന ഉപരിതലത്തിലുള്ള ഒരു ജീവചരിത്രപാഠം ഒരുപക്ഷേ, തൊട്ടുതെറിച്ചും ആളുകൾ മനസ്സിലാക്കിയിട്ടുണ്ടു്. താത്വികമായി അല്പംകൂടി മനസ്സിലാക്കാൻ ശ്രമിച്ച ചിലർ ആ താത്വികവശത്തിന്റെ മഹത്വം അംഗീകരിച്ചുവെങ്കിലും അവ അപ്രായോഗികമെന്നു ചിന്തിച്ചു് പ്രായേണ ഉപേക്ഷിക്കുകയായിരിക്കും ചെയ്തിട്ടുള്ളതു്. അങ്ങനെ അപ്രായോഗികവും പഴഞ്ചനും പിന്തിരിപ്പനും എന്നാൽ മഹത്തുമായ തത്വസംഹിതകളുടെ ആചാര്യനായിട്ടാണു് ഒരുപക്ഷേ, അവർ ഗാന്ധിജിയെ കണക്കാക്കിയിട്ടുള്ളതും. ചിലർ അദ്ദേഹത്തെ ഒരു സാമൂഹ്യപരിഷ്കർത്താവായി കാണുമ്പോൾ മററു ചിലർ അദ്ദേഹത്തെ ഒരു മതനിഷ്ഠനായി മാത്രം കണക്കാക്കുന്നു. ശാസ്ത്രത്തിന്റെയും വ്യവസായയുഗത്തിന്റെയും ഒരു ശത്രുവായി പലരും അദ്ദേഹത്തെ ചിത്രീകരിച്ചിട്ടുണ്ടു്. ഇങ്ങനെ ഗാന്ധിജി പലർക്കും പലതാണെന്നതു് ഒരു വസ്തുതയാണു്. അദ്ദേഹത്തെക്കുറിച്ചു് നിഷ്കൃഷ്ടമായി പഠിക്കാനും മനസ്സിലാക്കാനുമുള്ള സന്നദ്ധതയുടെ കുറവാണു് ഇതിനു കാരണമെന്നതിനു സംശയമില്ല. ഈ സന്നദ്ധത സാർവത്രികമായി എല്ലാ തലങ്ങളിലും ഉണ്ടാവാൻ സാദ്ധ്യമല്ലെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. ഗാന്ധിജിയുടെ മാർഗം സത്യനിഷ്ഠമായ, സ്നേഹനിഷ്ഠമായ ഒരു വിമോചനമാർഗമാണെന്നു കാണുന്നവർ ഗാന്ധിജിയെപ്പററിയുള്ള പഠനത്തിനും പ്രചാരണത്തിനും പൂർവ്വവത്ശക്തിയോടെ പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നു മാത്രം ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

digitized by www .sreyas.in

ഈ കൃതികളുടെ ഒന്നാം പതിപ്പ് പ്രസിദ്ധപ്പെടുത്തിയ ശേഷം കാലം വളരെ വേഗം കടന്നുപോയി. കാലം പലതിനെയും ഹനിക്കുന്നു, പുറം തള്ളുന്നു. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം, കാലം ലോകത്തിന്റെ സ്മരണമണ്ഡലത്തിൽ എന്തു മാററമാണു വരുത്തിയതെന്നു പറയുക എളുപ്പമല്ല. ഏതായാലും ഗാന്ധിജി വിസ്മരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല, ജീവത്തായ ജീവിതപ്രശ്നങ്ങളുടെ പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ ശ്രമിക്കുന്നവർക്ക് ഗാന്ധിജിയുടെ സന്ദേശത്തിന്റെ വെളിച്ചം മുമ്പെന്നപോലെ വഴി കാണിക്കുന്നുമുണ്ട്. പ്രശ്നം വ്യക്തിജീവിതത്തിലായാലും അന്തർദ്ദേശീയ തലത്തിലായാലും ചെറുതായാലും വലുതായാലും അവിടെയൊക്കെ ഉത്തരം കണ്ടെത്തുവാൻ ഗാന്ധിജി നല്കുന്ന വെളിച്ചം പലപ്പോഴും സഹായമാകുമെന്ന് ഇന്നു കൂടുതൽ കൂടുതൽ അംഗീകരിക്കപ്പെടുന്നു.

ഇന്നു ലോകത്തെ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ പരിശോധിച്ചാൽ അവയ്ക്കെല്ലാം യുക്തിയുക്തവും അനിഷേധ്യവും സത്യനിഷ്ഠവും മാനുഷികവുമായ പരിഹാരമാർഗങ്ങൾ ഗാന്ധിജി കാണിച്ചുകൊടുത്തിട്ടുണ്ട് എന്നു മനസ്സിലാകും. യുദ്ധംകൊണ്ടു യാതൊരടിസ്ഥാനപ്രശ്നങ്ങളും പരിഹരിക്കാൻ സാദ്ധ്യമാവാത്ത ഒരു ഘട്ടത്തിലാണു ലോകം ഇന്നു ചെന്നെത്തിയിരിക്കുന്നതെന്ന് യുദ്ധത്തിന്റെ പരമാചാര്യന്മാർപോലും സമ്മതിക്കുന്നു. അക്രമത്തിന്റെ മാർഗം പ്രായോഗികമല്ലെന്നു തെളിഞ്ഞാൽ മനുഷ്യനു മനുഷ്യത്വത്തിന്റെ ശരിയായ മാർഗ്ഗത്തിലേക്കു മടങ്ങിവരാതെ സാദ്ധ്യമല്ല. സത്യാഗ്രഹമാർഗ്ഗമല്ലാതെ മറെറാരു പ്രായോഗികമാർഗ്ഗമില്ലെന്നു ലോകം സമ്മതിക്കുന്നൊരു കാലം വളരെ വിദൂരവുമല്ല. മതത്തിന്റെ ഇടുങ്ങിയ ഭിത്തികൾക്കു പുറത്തു വരാതെ ലോകത്തിനു ഗതിയില്ലെന്ന് മനസ്സിലാക്കി മതസാഹോദര്യത്തിന്റെ മാർഗ്ഗം വെട്ടിത്തുറക്കുകയാണ് ഗാന്ധിജി ചെയ്തതു്. ജനസംഖ്യാപ്രശ്നത്തിന്റെയും സദാചാരത്തിന്റെയും മാർഗം രണ്ടാവാൻ സാദ്ധ്യമല്ല. പ്രകൃതിയോട് ഇണങ്ങിച്ചേർന്ന്, പ്രകൃതിനിയമങ്ങളിലും ജീവിതനിയമങ്ങളിലുംകൂടി പ്രകടമാകുന്ന സത്യത്തിന്റെ നിയമത്തെ അനുസരിക്കുവാനാണ് ഗാന്ധിജി മാർഗദർശനം ചെയ്തതു്. ഇങ്ങനെയുള്ള ഗാന്ധിമാർഗ്ഗത്തിന്റെ ഉദാത്തഭാവങ്ങളെ വ്യക്തമാക്കുന്ന ഗ്രന്ഥങ്ങൾ വർഷംതോറും നൂറുകണക്കിന് ലോകസാഹിത്യഗ്രന്ഥങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടുവരുന്നു.

ശാസ്ത്രയുഗത്തിൽ ഗാന്ധിജിയുടെ പ്രസക്തി എന്തെന്ന് ഇത്തരം മഹദ്ഗ്രന്ഥങ്ങളിലൂടെ ചിന്തകന്മാർ പ്രസ്പഷ്ടമാക്കിയ ഒരു കാലഘട്ടമാണ് ഈ ഇരുപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധം. അത്തരം മഹദ്ഗ്രന്ഥങ്ങൾകൂടി വായിച്ചു പഠിക്കുവാൻ കേരളീയർക്കു കഴിയണം. ആ ഗ്രന്ഥങ്ങൾക്കെല്ലാം അവലംബം ഗാന്ധിജിയുടെ സ്വന്തം ലേഖനങ്ങളും പ്രസ്താവങ്ങളുമാണ്. അവയെ അടിസ്ഥാനപ്പെടുത്തിയാണു ചിന്തകന്മാർ സ്വന്തം ചിന്തകളെ വളർത്തിയിട്ടുള്ളതു്. ഗാന്ധിജിതന്നെ എഴുതിയ എല്ലാ സാഹിത്യത്തിന്റെയും സമാഹാരമാണ് ഈ സപ്തഗ്രന്ഥങ്ങൾ. സുഹൃത്തുക്കൾ ഇവയെ ഒരമൂല്യ നിധിയായി കരുതി സ്വീകരിക്കുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

നേരത്തെ പറഞ്ഞതുപോലെ 1941-ലാണ് ഈ ഗ്രന്ഥസമുച്ചയത്തിന്റെ ഒന്നാം പതിപ്പ് പ്രസിദ്ധപ്പെടുത്തിയതു്. അവ നേരത്തേ വിററുതീർന്നിരുന്നുവെങ്കിലും ഒരു രണ്ടാം പതിപ്പിന് ഇത്രയും വൈകി. കടലാസ് വിലയും അച്ചടിക്കൂലിയും അനുനിമിഷമെന്നപോലെ വർദ്ധിച്ചുവരുന്ന ഇക്കാലത്തു് ഇത്ര മിതമായ നിരക്കിൽ ഈ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞതു് ഒരു മഹാഭാഗ്യമായി ഞങ്ങൾ കരുതുന്നു.

നിയന്ത്രിതവിലയ്ക്കു കടലാസ് അനുവദിച്ചുതന്ന് ഇന്ത്യാഗവണ്മെൻറ് സഹായിച്ചു. അങ്ങനെ മാർക്കററ്റേററിൽ, 350 ക. വില വെക്കേണ്ട

digitized by www .sreyas.in

ഈ ഗ്രന്ഥങ്ങൾക്ക് 175 ക. വില നിശ്ചയിക്കാനും അതിൽതന്നെ ഭീമമായ ഇളവു വരുത്തി പ്രിപബ്ലിക്കേഷൻ വില നിശ്ചയിക്കാനും അതുതന്നെ ഗഡുക്കളായി അടച്ചു സാധാരണക്കാർക്കുപോലും ഈ മഹദ്ഗ്രന്ഥങ്ങൾ സ്വന്തമാക്കാൻ അവസരമുണ്ടാക്കാനും സാധിച്ചു. ഈ സന്ദർഭം ബഹുജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതായി കാണുന്നതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഈ രണ്ടാം പതിപ്പിന്റെ അച്ചടിയുടെ ചുമതല കോട്ടയത്തു് ഡി. സി. പ്രസ്സാണ് ഏറ്റെടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ അവർ പ്രത്യേകം കൃതജ്ഞതയ്ക്ക് അർഹരാണ്.

വിതരണച്ചുമതലകളും പ്രിപബ്ലിക്കേഷൻ സംബന്ധിച്ച ഉത്തരവാദിത്തങ്ങളും കറന്റ് ബുക്സ് ഏറ്റെടുത്തു. ഈയവസരത്തിൽ അതിന്റെ ഭാരവാഹികളെയെല്ലാം ഞങ്ങൾ കൃതജ്ഞതാപൂർവം സ്മരിക്കുന്നു.

ഗാന്ധിസ്മാരകനിധി കേന്ദ്രങ്ങളും പ്രവർത്തകരും കേരള സർവോദയ സംഘത്തിലെയും ഗാന്ധി പീസ് ഫൗണ്ടേഷനിലെയും പല പ്രവർത്തകരും വലിയ താല്പര്യം കാണിക്കുകയും സഹകരിക്കുകയും ചെയ്തു. പ്രിപബ്ലിക്കേഷൻ സൗകര്യം ഉപയോഗപ്പെടുത്തി ഈ ബൃഹദ്ഗ്രന്ഥം സ്വന്തമാക്കുവാൻ ബഹുജനങ്ങളും മുന്നോട്ടു വന്നു.

എല്ലാവർക്കും കേരള ഗാന്ധിസ്മാരകനിധിയുടെ കൃതജ്ഞത രേഖപ്പെടുത്തട്ടെ.

ഗാന്ധിഭവൻ
17-12-81

**പി. ഗോപിനാഥൻ നായർ**
സെക്രട്ടറി

digitized by www .sreyas.in

അദ്ധ്യായം ഒന്ന്

# ഗാന്ധിയൻ അർത്ഥശാസ്ത്രത്തിന്റെ മൗലികതത്ത്വങ്ങൾ

## എ. ഗാന്ധിയൻ സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനം- സത്യവും അഹിംസയും

1

അഹിംസാത്മകമായ ഒരു വീക്ഷണഗതി നമ്മുടെ മനസ്സിൽ നിലനിൽക്കണം. എന്തെന്നാൽ സത്യവും അഹിംസയുമാണ് ഞാൻ വിഭാവനംചെയ്യുന്ന വ്യവസ്ഥിതിയുടെ അടിസ്ഥാനം.

2

തൊഴിൽശാലാസംസ്കാരത്തിന്മേൽ അഹിംസ കെട്ടിപ്പടുക്കുക സാദ്ധ്യമല്ല. എന്നാൽ സ്വയംപര്യാപ്തതയുള്ള ഗ്രാമങ്ങളുടെ അടിസ്ഥാനത്തിൽ അതു സാധിക്കും. ഞാൻ വിഭാവന ചെയ്യുന്നതരത്തിലുള്ള ഗ്രാമീണസമ്പദ്വ്യവസ്ഥയിൽ ചൂഷണത്തിനു സ്ഥാനമില്ല. ചൂഷണം ഹിംസയുടെ കാതലാണ്. അതുകൊണ്ട് അഹിംസാനിരതരാവാൻ കഴിയണമെങ്കിൽ നിങ്ങൾക്ക് ആദ്യം ഒരു ഗ്രാമീണമനോഭാവമുണ്ടാകണം; ഗ്രാമീണമനോഭാവം കൈവരാൻ ചർക്കയിൽ വിശ്വസിക്കയും വേണം.

3

തിട്ടമായിപ്പറയുകയാണെങ്കിൽ യാതൊരു പ്രവർത്തനവും വ്യവസായവും, എത്ര തുച്ഛമായ അളവിലാണെങ്കിലും, കുറച്ചൊക്കെ ഹിംസ കൂടാതെ സാദ്ധ്യമല്ല. ജീവിതംതന്നെയും ഒട്ടൊക്കെ ഹിംസ കൂടാതെ അസാദ്ധ്യമാണ്. അതു കഴിയുന്നത്ര കുറയ്ക്കുക എന്നതാണ് നമ്മുടെ കർത്തവ്യം. അഹിംസ എന്ന നിഷേധാത്മകമായ വാക്കുതന്നെ ജീവിതത്തിൽ അനിവാര്യമായ ഹിംസ ഉപേ

---

1. The Ideology of the Charka, P. 86 (Khadi, P. 219)
2. Harijan, 4-11-1939 (Panchayat Raj, P. 14)
3. Harijan, 1-9-1940 (Sarvodaya, pp. 37,38)

digitized by www .sreyas.in

ക്ഷിക്കുന്നതിനുള്ള യത്നത്തെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട് അഹിംസയിൽ വിശ്വസിക്കുന്ന ഏതൊരാളും ഹിംസ ഏററവും കുറവായിമാത്രം വേണ്ടിവരുന്ന പ്രവൃത്തനങ്ങളിൽ ഏർപ്പെടും. ഉദാഹരണമായി, അഹിംസയിൽ വിശ്വസിക്കുന്ന ഒരാൾ കശാപ്പുകാരൻെറ തൊഴിൽ ചെയ്യുക എന്നുള്ളത് ആക്കും വിഭാവന ചെയ്യാവുന്നതല്ല. ഒരു മാംസഭുക്കിന് അഹിംസാനിഷ്ഠനാകാൻ പാടില്ലെന്നല്ല. എന്നാൽ അഹിംസയിൽ വിശ്വസിക്കുന്ന ഒരു മാംസഭുക്ക് ശിക്കാറിനു പോകുകയോ, യുദ്ധത്തിലോ യുദ്ധസന്നാഹങ്ങളിലോ ഏർപ്പെടുകയോ ചെയ്യുകയില്ല. ഇങ്ങനെ ഹിംസ അവശ്യം അന്തർഭവിച്ചിട്ടുള്ള അനവധി പ്രവർത്തനങ്ങളും തൊഴിലുകളുമുണ്ട്. ഒരഹിംസാവിശ്വാസി അവ പരിവർജ്ജിക്കണം. എന്നാൽ കൃഷിയുണ്ട്; അതു കൂടാതെ ജീവിതംതന്നെ അസാദ്ധ്യമാണ്; അതിലാകട്ടെ, ഒട്ടൊക്കെ ഹിംസ അന്തർഭവിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ ഒരു നിർണ്ണായകഘടകം ഇത്രമാത്രമാണ്. തൊഴിൽ ഹിംസയിൽ അധിഷ്ഠിതമാണോ? എന്നാൽ എല്ലാ പ്രവർത്തനങ്ങളിലും ഏതാണ്ടൊരളവിൽ ഹിംസ കലന്നിട്ടുള്ളതുകൊണ്ട്, അതിനെ കഴിയുന്നത്ര കുറയ്ക്കാൻ ശ്രമിക്കുക മാത്രമാണ് നമ്മാൽ കരണീയം. അഹിംസയിൽ ഹൃദയപൂർവ്വകമായ വിശ്വാസമില്ലെങ്കിൽ ഇതു സാദ്ധ്യമല്ല. യഥാർത്ഥത്തിൽ അക്രമമൊന്നും പ്രവർത്തിക്കാതെ തൻെറ കാലയാപനത്തിന്നുവേണ്ടി അദ്ധ്വാനിക്കുന്ന ഒരാളുണ്ടെന്നിരിക്കട്ടെ. അയാൾ മററുള്ളവരുടെ ധനത്തിലും ഐശ്വര്യത്തിലും അസൂയാലുവാണെങ്കിൽ, അഹിംസാനിഷ്ഠനല്ല. ഇങ്ങനെ നോക്കിയാൽ മൗലികമായിത്തന്നെ ഹിംസാവിഹീനവും, ചൂഷണമോ അഭ്യസൂയയോ അടങ്ങിയിട്ടില്ലാത്തതുമായ തൊഴിലത്രെ അഹിംസാധിഷ്ഠിതമായ തൊഴിൽ. ഇപ്പോൾ എനിക്കു ചരിത്രപരമായ തെളിവൊന്നും കൈവശമില്ലെങ്കിലും, ഇന്ത്യയിൽ ഒരു കാലത്ത് ഈമാതിരി അഹിംസാധിഷ്ഠിതമായ തൊഴിലുകളെ അടിസ്ഥാനമാക്കിയുള്ള ഗ്രാമീണസമ്പദ്വ്യവസ്ഥ നിലവിലിരുന്നുവെന്നും, അതു മനുഷ്യൻെറ അവകാശത്തെയല്ല കർത്തവ്യത്തെയാണ് ആധാരമാക്കിയിരുന്നതെന്നും ഞാൻ വിശ്വസിക്കുന്നു. അത്തരം തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ അവരുടെ നിത്യവൃത്തിക്കു വേണ്ട വക സമ്പാദിക്കുകതന്നെ ചെയ്തിരുന്നു. അതേസമയം അവരുടെ പ്രയത്നം സമുദായത്തിൻെറ നന്മയ്ക്കു് ഉതകുന്നതുമായിരുന്നു. ഉദാഹരണത്തിന്, മരപ്പണിക്കാരൻ ഗ്രാമത്തിലെ കർഷകനു വേണ്ടതു ചെയ്തുകൊടുത്തിരുന്നു. അയാൾക്കു ഗ്രാമീണരിൽനിന്നു പ്രതിഫലം ലഭിച്ചതു് നാണയമായിട്ടല്ല; കാർഷികവിഭവങ്ങളായിട്ടായിരുന്നു. ഈ ഏർപ്പാടിലും അനീതി ഉണ്ടായി എന്നു വരാം. എന്നാൽ അതു് ഏററവും പരിമിതമായ അളവിലായിരിക്കും. അറുപതിൽപരം വർഷങ്ങൾക്കു മുമ്പ് കത്തിയാവാറിൽ നിലവിലിരുന്ന ജീവിതരീ

digitized by www .sreyas.in

തിയെക്കുറിച്ച് എനിക്കു നേരിട്ടുള്ള അറിവിനെ ആസ്പദമാക്കിയാണ് ഞാൻ ഇതു പ്രസ്താവിക്കുന്നതു്. അന്നു ജനങ്ങളുടെ കണ്ണുകളിൽ ഇന്നു കാണുന്നതിൽ കൂടുതൽ പ്രകാശവും, അവയവങ്ങൾക്കു കൂടുതൽ ഓജസ്സുമുണ്ടായിരുന്നു. ആ ജീവിതരീതി മനഃപൂർവ്വമല്ലാത്ത അഹിംസയിൽ അധിഷ്ഠിതമായിരുന്നു.

ശരീരപ്രയത്നമായിരുന്നു ഇത്തരം തൊഴിലുകളുടെയും വ്യവസായങ്ങളുടെയും കാതൽ. വലിയതോതിലുള്ള യന്ത്രസാമഗ്രികൾ അന്നുണ്ടായിരുന്നില്ല. സ്വപ്രയത്നത്താൽ കൃഷിചെയ്യാൻ സാധിക്കുന്ന ഭൂമിയുടെ മാത്രം ഉടമകൊണ്ടു തൃപ്തിപ്പെടുന്ന ഒരാൾക്ക് അന്യരെ ചൂഷണംചെയ്യുവാൻ കഴികയില്ല. കൈത്തൊഴിലുകൾ ചൂഷണത്തേയും അടിമത്തത്തേയും ഒഴിവാക്കുന്നു. വലിയതോതിലുള്ള യന്ത്രസാമഗ്രികൾ, ധനമെല്ലാം ഒരാളുടെ കൈവശം കുമിഞ്ഞുകൂടാൻ സഹായിക്കുകയും, അതുപയോഗിച്ച് അയാൾ അന്യരുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും, അവർ അയാൾക്കു വിടുപണിയെടുക്കുകയും ചെയ്യുന്നു. തന്റെ ജോലിക്കാർക്ക് ആദർശപരമായ സ്ഥിതികളുണ്ടാക്കാൻ അയാൾ ശ്രമിക്കുമായിരിക്കും. എന്നിരുന്നാലും അതു് ഹിംസയുടെ ഒരു വകഭേദമായ ചൂഷണത്തിൽ കുറഞ്ഞ ഒന്നുമല്ല.

## ബി. സമ്പദ്വ്യവസ്ഥയുടെ സാന്മാർഗ്ഗികാധിഷ്ഠാനം

**4**

സമ്പദ്വ്യവസ്ഥയും ധർമ്മസംഹിതയും തമ്മിൽ ഒരു വ്യക്തമായ അതിർത്തിരേഖയോ വ്യത്യസ്തതയോ ഞാൻ കല്പിക്കുന്നില്ലെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഒരു വ്യക്തിയുടേയോ ജനതയുടേയാ ധാർമ്മികക്ഷേമത്തെ വ്രണപ്പെടുത്തുന്ന സമ്പദ്വ്യവസ്ഥ നീതിവിരുദ്ധവും, തന്മൂലം പാപകരവുമാകുന്നു. അങ്ങനെ, ഒരു രാജ്യം മറ്റൊരു രാജ്യത്തെ ചൂഷണത്തിനു് ഇരയാക്കാൻ അനുവദിക്കുന്ന സമ്പദ്വ്യവസ്ഥയും അധാർമ്മികംതന്നെയാണ്. അന്യന്റെ വിയർപ്പിൽനിന്നുണ്ടാകുന്ന സാധനങ്ങൾ വിലയ്ക്കുവാങ്ങി ഉപയോഗിക്കുകമാത്രം ചെയ്യുന്നതു പാപമാകുന്നു. അതുപോലെ അമേരിക്കൻഗോതമ്പു ഭക്ഷിക്കുകയും, അതേസമയം അയൽക്കാരനായ ധാന്യക്കച്ചവടക്കാരന്റെ പതിവുകച്ചവടം ഇല്ലായ്മചെയ്ത് അയാളെ പട്ടിണിയാക്കുകയും ചെയ്യുന്നതും പാപംതന്നെ. എന്റെ അയൽക്കാരായ നൂൽനൂൽപ്പുകാരും നെയ്ത്തുകാരും നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങിയാൽ എനിക്കു ധരിക്കാൻ തുണിയും, അവർക്കു വേണ്ട ആഹാരവും വസ്ത്രവും ഉണ്ടാകുമെന്നറിഞ്ഞിരിക്കെ, റീ

4. Young India (Collected Vol. 1919-1922 P. 672) 13-10-1921

digitized by www .sreyas.in

ന്റെ തെരുവിലെ ഏററവും പുതിയ നേർമ്മയുള്ള തുണിത്തരങ്ങൾ ഞാൻ വാങ്ങി ധരിക്കുന്നതും മുമ്പുപറഞ്ഞതുപോലെ പാപമാകുന്നു. എന്റെ പാപം എനിക്ക പ്രത്യക്ഷത്തിൽ ബോദ്ധ്യംവന്നാൽ വിദേശവസ്ത്രങ്ങൾ ഞാൻ തീയിട്ടു ചുടുകയും അങ്ങനെ ആത്മശുദ്ധിവരുത്തുകയും, മേലാൽ എന്റെ അയൽക്കാരുണ്ടാക്കുന്ന പരുത്ത ഖാദികൊണ്ടു് ഞാൻ തൃപ്തിപ്പെടുകയും വേണം. എന്റെ അയൽക്കാർ ഈ തൊഴിൽ മതിയാക്കുകയും, നൂൽനൂൽക്കുന്നതിൽ താല്പര്യമില്ലാത്തവരായിത്തീരുകയും ചെയ്യുന്നുവെന്നറിഞ്ഞാൽ, ഞാൻതന്നെ ആ ജോലി ഏറെറടുത്തു് അതിനെ പ്രചാരത്തിൽ കൊണ്ടുവരണം.

## 5

സാമ്പത്തികപുരോഗതി യഥാർത്ഥ പുരോഗതിയുമായി ഏററുമുട്ടുന്നുണ്ടോ? സാമ്പത്തികപുരോഗതിയെന്നതിന്നു് നാം കല്പിക്കുന്ന അർത്ഥം, അതിരററ ഭൗതികോൽകർഷം എന്നായിരിക്കുമെന്നു ഞാൻ കരുതുന്നു. യഥാർത്ഥ പുരോഗതിയെന്നാൽ ധാർമ്മികപുരോഗതിയാണു്—അതായതു് നമ്മിൽ സ്ഥായിയായുള്ള അംശത്തിന്റെ ഉൽക്കർഷം. അതുകൊണ്ടു് ഈ വിഷയം ഇപ്രകാരം അവതരിപ്പിക്കാം: ധാർമ്മികപുരോഗതി ഭൗതികപുരോഗതിക്കു് ആനുപാതികമായിത്തന്നെ വദ്ധിക്കുന്നില്ലേ? നമ്മുടെ പരിഗണനയിലിരിക്കുന്നതിനേക്കാൾ കുറേക്കൂടി വിസ്തൃതമായ ഒരു പ്രമേയമാണിതെന്നു് എനിക്കറിയാം. ചെറിയ കാര്യം ആവിഷ്കരിക്കുമ്പോഴം സദാ നമ്മുടെ മനസ്സിലുള്ളതു കൂടുതൽ വിപുലമായ കാര്യമാണെന്നു കരുതാൻ ഞാൻ ധൈര്യപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഈ ദൃശ്യപ്രപഞ്ചത്തിൽ പരിപൂർണ്ണവിശ്രമം അഥവാ സ്വസ്ഥത എന്നൊന്നില്ല എന്നു ബോദ്ധ്യപ്പെടത്തക്ക ശാസ്ത്രജ്ഞാനം നമുക്കുണ്ടു്. അതുകൊണ്ടു ഭൗതികപുരോഗതി ധാർമ്മികപുരോഗതിയുമായി ഏററുമുട്ടുന്നില്ലെങ്കിൽ, അതു് രണ്ടാമത്തേതിനെ തീർച്ചയായും മുന്നോട്ടു നയിക്കുകതന്നെ വേണം. ഇതിലെ വലിയ സിദ്ധാന്തത്തിനുവേണ്ടി നിലകൊള്ളാൻ കഴിവില്ലാത്തവർ ചിലപ്പോൾ തങ്ങളുടെ വാദഗതി അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന വികൃതമായ മാർഗ്ഗംകൊണ്ടു തൃപ്തിപ്പെടാൻ നമുക്കു സാദ്ധ്യമല്ല. ദിവസം ഒരു നേരത്തെ ആഹാരംകൊണ്ടു മാത്രം ജീവിക്കുന്നവരെന്നു് പരേതനായ സർ വില്യം വിത്സൺ ഹണ്ടർ പ്രസ്താവിച്ചിട്ടുള്ള ഇന്ത്യയിലെ മൂന്നുകോടി ആളുകളുടെ പ്രത്യക്ഷദൃഷ്ടാന്തം അവരെ പീഡിപ്പിക്കുന്നതായി തോന്നുന്നു. മൂന്നുകോടിയുടെ ധാർമ്മികാഭിവൃദ്ധിയേപ്പററി ചിന്തിക്കുകയോ സംസാരിക്കുകയോ ചെ

5. 1916 ഡിസംബർ 22-ാം തീയതി അല്ലഹബാദിലെ മുയർ സെൻട്രൽ കാളേജ് ഇക്കണോമിക് സൊസൈററിയുടെ ഒരു യോഗത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്. (To the Students, pp. 24—29)

digitized by www .sreyas.in

യ്യുന്നതിനുമുമ്പ്, അവരുടെ ദൈനംദിനാവശ്യങ്ങൾ സാധിച്ചു കൊടുക്കണമെന്ന് അവർ വാദിക്കുന്നു. ഇവരുടെ കാര്യത്തിൽ ഭൗതികപുരോഗതിയെന്നു പറയുന്നതു് ധാർമ്മികപുരോഗതിതന്നെയാണ് എന്ന് അവർ അഭിപ്രായപ്പെടുന്നു. പിന്നെ ഇതിൽനിന്നു പെട്ടെന്ന് ഒരു ചാട്ടമാണ്: മൂന്നു കോടി മനുഷ്യരെ സംബന്ധിച്ചിടത്തോളം സത്യമായിരിക്കുന്നതു മുഴുവൻ ലോകത്തെസ്സംബന്ധിച്ചിടത്തോളവും സത്യംതന്നെയായിരിക്കുമെന്ന് അവർ സമൎത്ഥിക്കുന്നു. വിഷമംപിടിച്ച പ്രശ്നങ്ങൾ ദുഷിച്ചനിയമം സൃഷ്ടിക്കുമെന്ന കാര്യം അവർ മറന്നുപോകുന്നു. ഈ വിധത്തിലുള്ള ഒരു നിഗമനം എത്ര പരിഹാസ്യമായ ഭോഷത്തമാണെന്നു ഞാൻ പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. കഠിനമായ ദാരിദ്ര്യം സാന്മാൎഗ്ഗികാധഃപതനത്തിലേക്കല്ലാതെ മറെറന്തിലേക്കെങ്കിലും വഴിതെളിക്കുമെന്ന് ആരും ഒരിക്കലും പ്രസ്താവിച്ചിട്ടില്ല. ഓരോ മനുഷ്യനും ജീവിക്കാനും, ആവശ്യമായ ആഹാരസാമഗ്രികൾക്ക വക കാണാനും, ആവശ്യാനുസരണം വസ്ത്രവും, താമസസൗകര്യവും ഉണ്ടാക്കുവാനും അവകാശമുണ്ട്. എന്നാൽ വളരെ ലളിതമായ ഈ കാര്യത്തിൻെറ നിൎവ്വഹണത്തിന് അൎത്ഥശാസ്ത്രജ്ഞന്മാരുടേയോ അവരുടെ, നിയമങ്ങളുടേയോ സഹായം നമുക്ക് ആവശ്യമില്ല.

'നാളത്തെ കാര്യം ചിന്തിക്കാതിരിക്കുക' എന്നതു ലോകത്തുള്ള മിക്ക മതഗ്രന്ഥങ്ങളിലും മുഴങ്ങിക്കേൾക്കുന്ന ഒരു അനുശാസനമാണ്. സുവ്യവസ്ഥിതമായ ഒരു സമുദായത്തിൽ ഒരാളുടെ ജീവിതാവശ്യങ്ങൾ നേടുക എന്നതു ലോകത്തിൽ ഏററവും സുഗമമായിരിക്കേണ്ടതും അപ്രകാരംതന്നെ കാണപ്പെടുന്നതുമായ ഒരു സംഗതിയാണ്. വാസ്തവത്തിൽ ഒരു രാജ്യത്തിൻെറ സുസ്ഥിതിയുടെ മാനദണ്ഡം അവിടത്തെ ലക്ഷപ്രഭുക്കളുടെ എണ്ണമല്ല, പിന്നെയോ, ബഹുജനങ്ങളുടെ ഇടയിലെ പട്ടിണിയില്ലായ്മയാണ്. നമുക്ക പരിശോധിക്കേണ്ട ഒരേ ഒരു പ്രസ്താവം, ഭൗതികോൽക്കർഷം സദാചാരത്തിൻെറയും അഭിവൃദ്ധിയാണെന്ന് ഒരു സാർവ്വ ലൗകികനിയമമായി പ്രഖ്യാപിക്കാമോ എന്നുള്ളതാകുന്നു.

ഇനി നമുക്ക ചില ഉദാഹരണങ്ങൾ നോക്കാം. റോമിനു വലിയ ഭൗതികസുഭിക്ഷത ഉണ്ടായപ്പോൾ ധാൎമ്മികമായ അധഃപതനം സംഭവിച്ചു. ഈജിപ്റ്റിനും അതേ അനുഭവമുണ്ടായി. എന്തെങ്കിലും ചരിത്രരേഖയുള്ള മിക്ക രാജ്യങ്ങൾക്കും ഈ അനുഭവംതന്നെ ഉണ്ടായിക്കാണും. രാജാവും ദേവനുമായിരുന്ന ശ്രീകൃഷ്ണൻെറ പിൻഗാമികളും ബന്ധുക്കളും ഭൗതികസമ്പത്തിൽ മുഴുകിയപ്പോൾ അധഃപതിച്ചു. റാക്ക്ഫെല്ലർമാൎക്കും, കാർണ്ണേഗിമാൎക്കും സാധാരണ അളവിലുള്ള സദാചാരനിഷ്ഠയില്ലാ എന്നു പറയാൻ നാം ഒരുമ്പെടേണ്ട. അവരേപ്പററി വിധികല്പിക്കുന്നതിൽ സന്തോഷപൂൎവ്വം അല്പം ദാക്ഷിണ്യം കാണിക്കുക. അവരുടെ സദാചാരത്തിൻെറ നിലവാ

digitized by www .sreyas.in

രം ഏററവും ഉന്നതമായിരിക്കുമെന്നു് നാം പ്രതീക്ഷിക്കുന്നില്ലെന്നു സാരം. അവരെസ്സംബന്ധിച്ചിടത്തോളം ഭൗതികലാഭംമാത്രം ധാർമ്മികലാഭമാകുന്നില്ല. ദക്ഷിണാഫ്രിക്കയിൽവച്ചു് അനേകായിരം ഇന്ത്യാക്കാരുമായി എനിക്കു് ഉററസമ്പക്കം പുലത്താൻ കഴിഞ്ഞിരുന്നു. ആ കാലത്തു ധനപരമായി അവക്കു് എത്രത്തോളം ഉയച്ച സിദ്ധിച്ചോ, അത്രത്തോളം താഴ്ച ധാർമ്മികമായിട്ടു് ഉണ്ടായിട്ടുണ്ടെന്നു് എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞു. ഏററവും മിതമായി പറഞ്ഞാൽ, നമ്മുടെ ധനവാന്മാർ, പാവപ്പെട്ടവർ ചെയ്തതുപോലെ സഹനസമരമെന്ന ധാർമ്മികായോധനത്തെ പുരോഗമിപ്പിച്ചില്ല. അവരുടെ ആത്മാഭിമാനബോധം ദരിദ്രരുടേതിനു തുല്യം വ്രണപ്പെട്ടതായി കണ്ടില്ല. അപകടമേഖലയിൽ കടക്കുകയാണെന്ന ഭയം എനിക്കില്ലായിരുന്നുവെങ്കിൽ, ഞാൻ നമ്മുടെ നാട്ടിലെ ദൃഷ്ടാന്തംതന്നെ എടുത്തു്, സമ്പത്തുടമ യഥാത്ഥ വളർച്ചയ്ക്കു് എങ്ങനെയാണു് പ്രതിബന്ധമായിത്തീന്നിട്ടുള്ളതെന്നു് ചൂണ്ടിക്കാണിക്കുകപോലും ചെയ്തേനെ. ലോകത്തിലെ മതഗ്രന്ഥങ്ങൾ ഇന്നത്തെ പാഠ്യപുസ്തകങ്ങളേക്കാൾ കൂടുതൽ വിശ്വസനീയവും ദോഷരഹിതവുമായ അത്ഥശാസ്ത്രനിയമപ്രതിപാദനഗ്രന്ഥങ്ങളാണെന്നു് ഞാൻ വിചാരിക്കുന്നു. ഈ സായാഹ്നത്തിൽ നാം നമ്മോടുതന്നെ ചോദിക്കുന്ന ചോദ്യം പുതിയ ഒന്നല്ല. അതു രണ്ടായിരം വർഷങ്ങൾക്കു മുമ്പു് യേശുവിനോടു ചോദിച്ചതാണു്. വിശുദ്ധ മക്കോസ് ആ രംഗം വിശദമായി വിവരിച്ചിട്ടുണ്ടു്. യേശു തന്റെ ഉദാത്തഭാവത്തിൽ വത്തിക്കുന്നു. അദ്ദേഹം സഗൗരവം സംസാരിക്കുകയാണു്. നിത്യതയേക്കുറിച്ചു് അദ്ദേഹം സംസാരിക്കുന്നു. തന്റെ ചുററുമുള്ള ലോകത്തേപ്പററി അദ്ദേഹത്തിനറിയാം. അക്കാലത്തെ ഏററവും വലിയ അത്ഥശാസ്ത്രജ്ഞൻ അദ്ദേഹംതന്നെ. സ്ഥലകാലങ്ങളെ മിതമായി വിനിയോഗിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. അദ്ദേഹം അവസ്ഥാതീതനായിരുന്നു. പ്രഭാവപൂണ്ണനായ അദ്ദേഹത്തോടു് ഒരാൾ ഓടിവന്നു് മുമ്പിൽ മുട്ടുകുത്തി ചോദിച്ചു: ''നല്ല ഗുരോ! നിത്യജീവനെ അവകാശം ആക്കുവാൻ ഞാൻ എന്തു ചെയ്യണം?'' അതിനു് യേശു: ''എന്നെ നല്ലവൻ എന്നു് പറയുന്നതെന്തു്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല. 'കൊലചെയ്യരുതു്, വ്യഭിചാരം ചെയ്യരുതു്, മോഷ്ടിക്കരുതു്, കള്ളസ്സാക്ഷ്യം പറയരുതു്, ചതിക്കരുതു്, നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക' എന്നീ കല്പനകളെ നീ അറിയുന്നുവല്ലൊ'' എന്നു പറഞ്ഞു. ഇതിനു മറുപടിയായി അയാൾ അദ്ദേഹത്തോടു്: ''പ്രഭോ ഇതൊക്കെയും ഞാൻ ചെറുപ്പംമുതൽ പ്രമാണിച്ചുപോരുന്നു'' എന്നു പറഞ്ഞു. യേശു അയാളെ നോക്കി അയാളെ സ്നേഹിച്ചു്: ''ഒരു കുറവു നിനക്കുണ്ടു്; നീ പോയി നിനക്കുള്ളതു് എല്ലാം വിററു് ദരിദ്രർക്കു കൊടുക്കുക; എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. വരൂ. കുരിശു ചുമന്നുകൊണ്ടു് എന്നെ അനുഗമിക്ക'' എന്നു

digitized by www .sreyas.in

പറഞ്ഞു. വളരെ സമ്പത്തുള്ളവനാകകൊണ്ടു് ഈ വചനത്തിൽ വിഷാദിച്ച് ദുഃഖിതനായിപ്പൊയ്ക്കളഞ്ഞു. യേശു തന്റെ ചുററും നോക്കി ശിഷ്യന്മാരോടു പറഞ്ഞു: ''സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നതു് എത്ര പ്രയാസം.'' അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ടു് ശിഷ്യന്മാർ വിസ്മയിച്ചു. എന്നാൽ യേശു വീണ്ടും അവരോടു്: ''മക്കളെ, സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുന്നതു് എത്ര പ്രയാസം? ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയൂടെ കടക്കുന്നതു് എളുപ്പം.'' എന്നു് ഉത്തരം പറഞ്ഞു. ഇംഗ്ലീഷ് ഭാഷയിലെ ഏററവും ഉൽകൃഷ്ടമായ വാക്കുകളിൽ പ്രസ്താവിച്ചിട്ടുള്ള ഒരു ജീവിതനിയമമാണു് ഇവിടെ നമുക്കു ലഭിച്ചിരിക്കുന്നതു്. എന്നാൽ ആ ശിഷ്യന്മാർ, ഇന്നു നാം ചെയ്യാറുള്ളതുപോലെ അവിശ്വാസംകൊണ്ടു് തലകുലുക്കി. ഇന്നു നാം പറയുമ്പോലെതന്നെ അവർ അദ്ദേഹത്തോടും പറഞ്ഞു: ''ഈ നിയമം പ്രയോഗത്തിൽ പരാജയപ്പെടുന്നതു് എങ്ങനെയെന്നു നോക്കുക: നാം സർവ്വവും വിററു് ഒന്നുമില്ലാത്തവരായാൽ നമുക്കു് ആഹാരത്തിനൊന്നും കാണുകയില്ല. നമുക്കു് പണം വേണം. ഇല്ലെങ്കിൽ ന്യായമായ സന്മാർഗ്ഗം ആചരിക്കാൻ സാധിക്കാതെവരും.'' ഇങ്ങനെ അവരുടെ ഭാഗം പിടിച്ചു് അവർ വാദിക്കുന്നു. എന്നിട്ടു് അവർ ഏററവും വിസ്മയിച്ചു് തമ്മിൽതമ്മിൽ പറഞ്ഞു: ''എന്നാൽ രക്ഷ പ്രാപിപ്പാൻ ആക്കു കഴിയും?'' യേശു അവരെ നോക്കി, ''മനുഷ്യക്കു് അസാദ്ധ്യംതന്നെ, ദൈവത്തിനു് അല്ലതാനും; എന്തെന്നാൽ ദൈവത്തിനു സകലവും സാദ്ധ്യമല്ലോ,'' എന്നു പറഞ്ഞു. അപ്പോൾ പത്രോസ് അദ്ദേഹത്തോടു്, ''ഇതാ, ഞാൻ എല്ലാംവിട്ടു് നിന്നെ അനുഗമിക്കുന്നു,'' എന്നു പറഞ്ഞുതുടങ്ങി. അതിനു് യേശു, ''എന്റെ നിമിത്തവും സുവിശേഷനിമിത്തവും വീടോ, സഹോദരന്മാരെയോ, സഹോദരികളെയോ, അമ്മയെയോ, അപ്പനെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തുതന്നെ നൂറു മടങ്ങു് വീടുകളെയും, സഹോദരന്മാരെയും സഹോദരികളെയും, അമ്മമാരേയും, മക്കളെയും, നിലങ്ങളെയും, വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എങ്കിലും മുമ്പന്മാർ പലരും പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരും ആകും.'' എന്നു ഉത്തരം പറഞ്ഞു. നിയമം അനുസരിക്കുന്നതിന്റെ വിലയോ സമ്മാനമോ ഈ വിധത്തിൽ ലഭ്യമാകുന്നു. ഹൈന്ദവേതരമായ മററു മതഗ്രന്ഥങ്ങളിൽനിന്നും ഈ മാതിരി വാക്യങ്ങൾ പകർത്താൻ ഞാൻ മുതിർന്നിട്ടില്ല. യേശുവിന്റെ ഈ നിയമവാക്യങ്ങൾക്കു് ഉപോദ്ബലകമായി ആ വാക്യങ്ങളേക്കാൾ ഒരു പക്ഷേ, കൂടുതൽ ശക്തിമത്തായ നമ്മുടെ ഋഷീശ്വരന്മാരുടെ വാക്യങ്ങളുദ്ധരിച്ചു് നിങ്ങളെ ഞാൻ അവമാനിക്കുന്നില്ല. നമ്മുടെ ശ്രദ്ധയിലിരിക്കുന്ന പ്രശ്നത്തിന്റെ വിധിരൂപത്തിലുള്ള ഉത്തരത്തി

digitized by www .sreyas.in

ന്ന് അനുരൂപമായ സാക്ഷ്യത്തിന്ന് ഏററവും ശക്തമായതു് ലോകത്തിലെ മഹാചാര്യന്മാരുടെ ജീവിതംതന്നെയാണ്. യേശു, മഹമ്മദ്, ബുദ്ധൻ, നാനാക്ക്, കബീർ, ചൈതന്യൻ, ശങ്കരൻ, ദയാനന്ദൻ, രാമകൃഷ്ണൻ എന്നിവർ ആയിരക്കണക്കിന്ന് ആളുകളുടെ മേൽ അനല്പമായ സ്വാധീനം ചെലുത്തുകയും, അവരുടെ സ്വഭാവം രൂപവല്ക്കരിക്കുകയും ചെയ്തവരാണ്. ഈ മഹാന്മാരുടെ ജീവിതത്താൽ ലോകം കൂടുതൽ ധന്യമായിട്ടുമുണ്ട്. അവരെല്ലാവരും ദാരിദ്ര്യം സ്വയം വരിച്ചവരായിരുന്നു.

ഇന്നത്തെ ഭൗതികഭ്രമത്തെ നാം എത്രത്തോളം നമ്മുടെ ജീവിതലക്ഷ്യമാക്കുന്നുവോ, അത്രത്തോളം നാം ഉൽകർഷമാർഗ്ഗത്തിൽ കീഴ്പോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണെന്നു ഞാൻ വിശ്വസിക്കാതിരുന്നെങ്കിൽ എന്റെ വാദമുഖം ഇത്രത്തോളം വിശദീകരിക്കാൻ തുനിയുകയില്ലായിരുന്നു. ഞാൻ വിവരിച്ച പ്രകാരത്തിലുള്ള സാമ്പത്തിക പുരോഗതി യഥാർത്ഥ പുരോഗതിക്കു വിരുദ്ധമാണെന്നു ഞാൻ കരുതുന്നു. തന്മൂലം സമ്പദ്വർദ്ധകങ്ങളായ പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തുക എന്നതു് പുരാതനാദർശമായിരുന്നു. ഭൗതികോൽക്കർഷത്തിനുള്ള അഭിലാഷങ്ങളെല്ലാം ഇതു വിരാമമിട്ടിരുന്നില്ല. ധനസമ്പാദനത്തെ ജീവിതലക്ഷ്യമാക്കിയിട്ടുള്ളവർ എല്ലാക്കാലത്തുമുണ്ടായിരുന്നതുപോലെ ഇനിയും നമ്മുടെ ഇടയിലുണ്ടായിരിക്കേണ്ടതുതന്നെയാണ്. എന്നാൽ അതു് ആദർശത്തിൽനിന്നുള്ള ഒരു പതനമാണെന്നു നാം എല്ലാക്കാലത്തും അംഗീകരിച്ചിട്ടുണ്ടു്. നമ്മുടെ ഇടയിലുള്ള ഏററവും വലിയ ധനികന്മാർക്കു്, തങ്ങൾ സ്വമേധയാ ദരിദ്രരായി കഴിഞ്ഞിരുന്നെങ്കിൽ അതായിരുന്നേനേ കുറേക്കൂടി ശ്രേഷ്ഠമായ സ്ഥിതി എന്നു പലപ്പോഴും തോന്നാറുണ്ടെന്നറിയുന്നതു് രസകരമാണ്. ദൈവത്തേയും, ധനദേവതയേയും ഒരുമിച്ചു സേവിക്കാൻ സാദ്ധ്യമല്ലെന്നുള്ളതു് വിലയേറിയ ഒരു ധനശാസ്ത്രസിദ്ധാന്തമാകുന്നു. നാം നമുക്കു വേണ്ടതു തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ഇന്നു പാശ്ചാത്യരാഷ്ട്രങ്ങൾ ഭൗതികവാദമെന്ന രക്ഷസ്സിന്റെ ചവിട്ടടിയിൽ കിടന്നു ഞരങ്ങുകയാണ്. അവരുടെ ധാർമ്മികവളർച്ച മുരടിച്ചുപോയിരിക്കുന്നു. അവരുടെ ഉൽക്കർഷത്തെ അവർ പവൻ, ഷില്ലിംഗ്, പെൻസായി അളക്കുന്നു. അമേരിക്കൻധനം മാനദണ്ഡമായി തീർന്നിരിക്കുന്നു. മററു രാഷ്ട്രങ്ങൾ അമേരിക്കയെ നോക്കി അസൂയപ്പെടുന്നു. അമേരിക്കക്കാരുടെ ധനസ്ഥിതി നമ്മളും കൈവരുത്തുമെന്നും, എന്നാൽ അവരുടെ രീതികൾ വർജ്ജിക്കുമെന്നും നമ്മുടെ നാട്ടുകാരിൽ ഒട്ടുവളരെപേർ പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്. അങ്ങനെയൊരുദ്യമത്തിനു നാം തയാറാകുന്നെങ്കിൽ അതു പരാജയത്തിന്റെ മുന്നോടിയായിരിക്കുമെന്നു പ്രസ്താവിക്കാൻ ഞാൻ ധൈര്യപ്പെടുന്നു. നമുക്കു് ഒരേനിമിഷം വിവേകികളും, പ്രശാന്തരും, ക്രുദ്ധരുമായിരിക്കാൻ സാദ്ധ്യമല്ല. നാം

digitized by www .sreyas.in

ലോകത്തു ധാമ്മികമായി പരമോന്നതിയിലെത്തണമെന്നു നമ്മുടെ നേതാക്കന്മാർ നമ്മെ പഠിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഈ രാജ്യം ഒരുകാലത്തു ദേവന്മാരുടെ ആവാസസ്ഥാനമായിരുന്നുവെന്നു പറഞ്ഞുകേരംക്കാറുണ്ട്. യന്ത്രശാലകളിലേയും, തൊഴിൽശാലകളിലേയും പുകക്കുഴലിൽനിന്നു വരുന്ന പുകയും കോലാഹലങ്ങളുംകൊണ്ടു ബീഭത്സമായതും, തങ്ങരം എന്തിനായിട്ടു സഞ്ചരിക്കുന്നു എന്നറിയാൻ പാടില്ലാത്തവരും വികലശ്രദ്ധരും പെട്ടിയിൽ ചാള അടുക്കിയതുപോലെ സുഖസൗകര്യങ്ങരം ഗണ്യമാക്കാതെ ഞെരുക്കി അടച്ചിരിക്കുന്നതുകൊണ്ടു സ്വഭാവത്തിന്റെ രൂക്ഷത മാറാത്തവരും കഴിയുമെങ്കിൽ തങ്ങളെ സ്ഥാനഭ്രംശം വരുത്താൻ ഉററുനോക്കിക്കൊണ്ടിരിക്കുന്നവരും തങ്ങരംക്കു തരംകിട്ടിയാൽ അവരേയും അപ്രകാരം ചെയ്യാൻ കാത്തിരിക്കുന്നവരുമായ മനുഷ്യരെക്കൊണ്ടു നിറച്ചതുമായ അനവധി വണ്ടികളെ വലിച്ചുകൊണ്ടോടുന്ന യന്ത്രശകടങ്ങരം പൊയ്ക്കൊണ്ടിരിക്കുന്ന റോഡുകളുള്ളതുമായ ഒരു ദേശത്തു് ദൈവം അധിവസിക്കുമെന്നു കരുതാൻ നിവൃത്തിയില്ല. ഞാൻ ഈ സംഗതികളെപ്പററി പ്രസ്താവിക്കുന്നതു് ഇവ ഭൗതികാഭിവൃദ്ധിയുടെ പ്രതീകങ്ങളായി കരുതപ്പെടുന്നതുകൊണ്ടാണു്. എന്നാൽ ഇവ നമ്മുടെ സന്തുഷ്ടിയെ അണുപോലും വദ്ധിപ്പിക്കുന്നില്ല. ഇതുതന്നെയാണു വാലസ് എന്ന മഹാശാസ്ത്രജ്ഞൻ തന്റെ സുചിന്തിതമായ തീരുമാനമായി എടുത്തു പറഞ്ഞിട്ടുള്ളതു്. ''പണ്ടുമുതൽ നമുക്കു കൈവന്നിട്ടുള്ള അതിപുരാതന രേഖകരം നോക്കിയാൽ അക്കാലത്തു സാധാരണമായിരുന്ന നൈതികമായ പരിഗണനകളും ആശയങ്ങളും സദാചാരത്തിന്റെ അംഗീകൃതനിലവാരവും തൽഫലമായ പെരുമാററവും ഇന്നു നിലവിലിരിക്കുന്നവയിൽനിന്നും ഒട്ടുംതന്നെ അപകൃഷ്ടങ്ങളായിരുന്നില്ലെന്നതിന്നു് വേണ്ടുവോളം സൂചനകരം നാം കാണുന്നു.''

അനന്തരം ഒരദ്ധ്യായപരമ്പരയിൽ സാമ്പത്തികമായി പുരോഗമിച്ച ഇംഗ്ലീഷ്ജനതയുടെ സ്ഥിതിയെന്തെന്നു് അദ്ദേഹം പരിശോധിക്കാൻ ഒരുമ്പെടുന്നു. അദ്ദേഹം ഇപ്രകാരം പറയുന്നു:

''സമ്പത്തിന്റെ ഈ ദ്രുതഗതിയിലുള്ള വളച്ച്യും പ്രകൃതിയുടെമേൽ നമുക്കുണ്ടായിട്ടുള്ള വദ്ധിച്ച സ്വാധീനശക്തിയും നമ്മുടെ അപൂണ്ണമായ സംസ്കാരത്തെയും ഉപരിപ്ലവരീതിയിലുള്ള ക്രിസ്തുമതവിശ്വാസത്തെയും ഒട്ടേറെ ആയാസപ്പെടുത്തിയിട്ടുണ്ടു്. അഭൂതപൂവ്വവും അമ്പരപ്പിക്കുന്നതുമായ പലവിധം സാമുദായികദുർവൃത്തികരം അതിന്റെകൂടെ വന്നുചേരുകയും ചെയ്തു.''

പുരുഷന്മാരുടെയും, സ്ത്രീകളുടെയും, കുഞ്ഞുങ്ങളുടെയും ശവശരീരങ്ങളുടെമേൽ തൊഴിൽശാലകരം ഉയൻവന്നതിനേയും, സാമ്പ

digitized by www .sreyas.in

ത്തികമായി രാജ്യം അതിവേഗം പുരോഗമിച്ചപ്പോഠം സദാചാര പരമായി അധഃപതിച്ചതിനേയുംപററി അദ്ദേഹം തുടൻ വിവരി ക്കുന്നു. ശുചിത്വക്കുറവ്, ജീവനാശം വരുത്തുന്ന വ്യാപാരങ്ങഠം, മായംകലത്തൽ, കയ്ക്കളി, ചൂതുകളി എന്നിവയെ ഉദാഹരണ മായി ചൂണ്ടിക്കാണിക്കുന്നു. ധനം വർദ്ധിക്കുന്നതോടുകൂടി നീതി ന്യായങ്ങഠം അധഃപതിക്കുന്നതിനേയും, മദ്യപാനം, ആത്മഹത്യ എന്നിവകൊണ്ടുള്ള മരണങ്ങഠം കൂടിവരുന്നതിനേയും, അകാലമര ണത്തിൻെറയും ജനനാലുള്ള വികലതകളുടെയും ശരാശരി സംഖ്യ പെരുകിവരുന്നതിനേയും, വ്യഭിചാരം ഒരു ആചാരമായിത്തീൻ തിനേയും അദ്ദേഹം എടുത്തു പറയുന്നു. അദ്ദേഹം തൻെറ അന്വേ ഷണം താഴെ ചേർക്കുന്ന അത്ഥവത്തായ കുറിപ്പുകളോടുകൂടി ഉപ സംഹരിക്കുന്നു:

''വിവാഹമോചനക്കോടതികളിലെ നടപടി പരിശോധി ച്ചാൽ സമ്പത്തിൻെറയും, വിശ്രമവേളകളുടെയും ഫലമായുണ്ടാകു ന്ന മററു വശങ്ങഠം കാണ്മാൻ കഴിയും. നാട്ടിൻപുറങ്ങളിലെ ഭവന ങ്ങളിലും, ലണ്ടൻ പട്ടണത്തിലും ചിലപ്പോഠം പലതരം ലഹരി ക്കൂത്തുകഠം കാണാറുണ്ടെന്നും, അതിദുർവൃത്തരായ ചക്രവത്തിമാരു ടെകാലത്തെ വെറിക്കൂത്തുകഠംപോലും ഇവയെ അതിശയിക്കുന്നവ യല്ലെന്നും ലണ്ടനിൽ വളരെക്കാലം കഴിഞ്ഞുകൂടിയ ഒരു സ്നേഹി തൻ എന്നോടു തീർത്തുപറഞ്ഞു. യുദ്ധത്തെപ്പററിയും ഞാൻ വിശേ ഷിച്ചൊന്നും പറയണമെന്നില്ല; റോമാസാമ്രാജ്യത്തിൻെറ ഉദയം മുതൽക്കു് അതു് ഏറെക്കുറെ വിട്ടുമാറാത്ത ഒരു രോഗമായിത്തീ ന്നിട്ടുണ്ടു്. എന്നാൽ ഇപ്പോഠം എല്ലാ പരിഷ്കൃതജനങ്ങളുടെയിട യിലും യുദ്ധത്തിനോടു നിശ്ചയമായും വിപ്രതിപത്തിയുണ്ടു്. എ ന്നിരുന്നാലും സമാധാനത്തിനുവേണ്ടിയുള്ള ഏററവും ധമ്മപരായ ണമായ പ്രഖ്യാപനങ്ങഠംക്കൊപ്പം വൻതോതിൽ യുദ്ധസാമഗ്രി കഠം സംഭരിക്കുന്നതും കാണുമ്പോഠം ഭരിക്കുന്ന കൂട്ടക്കു മാർഗ്ഗദർശ കമായിരിക്കേണ്ട ധാമ്മികത മിക്കവാറും അന്തർദ്ധാനം ചെയ്തതാ യി കരുതേണ്ടിയിരിക്കുന്നു.''

ബ്രിട്ടീഷ്ഭരണത്തിൻകീഴിൽ നാം വളരെയൊക്കെ പഠിച്ചു; എന്നാൽ സാക്ഷാൽ ധമ്മബോധത്തെ സംബന്ധിച്ചു് അവരിൽ നിന്നും ഒന്നും പഠിക്കാനില്ലെന്നും നാം സൂക്ഷിക്കാത്തപക്ഷം ഭൗതി കരോഗത്തിനു് ഇരയായിത്തീൻ അവരുടെ ദോഷവശങ്ങളെല്ലാം നമ്മുടെ ഇടയിൽ പ്രചരിക്കാൻ സംഗതിയാകുമെന്നുമാണു് എൻെറ ഉറച്ച വിശ്വാസം. അവരുമായുള്ള ബന്ധംകൊണ്ടു് നമുക്കു നന്മ ല ഭിക്കണമെങ്കിൽ നമ്മുടെ സംസ്കാരത്തെയും സദാചാരത്തെയും നാം മുറുകെപ്പിടിക്കണം; അതായതു പണ്ടത്തെ മേന്മകളെച്ചൊല്ലി ഊററം കൊള്ളുന്നതിനുപകരം, നമ്മുടെ പൂവ്വകാലത്തെ ധാർമ്മികമ

digitized by www .sreyas.in

ഹിമ ജീവിതത്തിൽ പകർത്താൻ നമുക്കു സാധിക്കണം. നമ്മുടെ ജീവിതംതന്നെ മുൻപറഞ്ഞ മഹിമയേച്ചൊല്ലിയുള്ള അഭിമാനത്തിന് സാക്ഷ്യം വഹിക്കണം. അപ്പോൾ നാം ബ്രിട്ടീഷുകാർക്കും നമുക്കുതന്നേയും ഗുണം ചെയ്യും. അവർ നമുക്കു ഭരണകർത്താക്കളെ പ്രദാനംചെയ്യുന്നു എന്ന കാരണത്താൽ നാം അവരെ അനുകരിക്കാൻ തുടങ്ങിയാൽ, അവരും നമ്മളും അധഃപതിക്കും. ആദർശങ്ങളെയോ അവയെ ശരിക്കു പ്രയോഗത്തിൽ വരുത്തേണ്ടതിനെയോപററി നാം ഭയപ്പെടേണ്ട കാര്യമില്ല. എങ്കിൽമാത്രമേ നാം ഒരു ആദ്ധ്യാത്മികരാഷ്ട്രമായിത്തീരുകയുള്ളു; സ്വർണ്ണത്തേക്കാൾ കൂടുതലായി സത്യത്തെയും, അധികാരം ധനം എന്നിവകൊണ്ടുള്ള പ്രതാപത്തെക്കാൾ നിർഭയത്വത്തെയും, സ്വാർത്ഥതയെക്കാൾ ദാനശീലത്തെയും പ്രകടമാക്കാൻ നമുക്കു കഴിയുകയുള്ളു. നമ്മുടെ വീടുകളെയും കൊട്ടാരങ്ങളെയും ക്ഷേത്രങ്ങളെയും സമ്പത്തിന്റെ പ്രതീകങ്ങൾ നീക്കി ശുദ്ധീകരിക്കുകയും അവയിൽ ധാർമ്മികതയുടെ പ്രതീകങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യാൻ സാദ്ധ്യമാകുമെങ്കിൽ എത്ര സംഘടിതമായ എതിർശക്തികളോടും, ഒരു വലിയ സൈനികസജ്ജീകരണത്തിന്റെ ഭാരം ചുമക്കാതെതന്നെ, യുദ്ധത്തിലേപ്പെടാൻ നമുക്കു കഴിഞ്ഞേക്കും. ആദ്യമായി നാം ദൈവരാജ്യത്തേയും ദൈവനീതിയേയും ആരായുക. അങ്ങനെ ചെയ്താൽ നമുക്കു വേണ്ടതൊക്കെയും പുറകെ വന്നുചേർന്നുകൊള്ളുമെന്നാണ് അലംഘനീയമായ കരാർ. ഇതൊക്കെയാണ് യഥാർത്ഥ സമ്പദ്വ്യവസ്ഥകൾ. നാം ഇവയെ ആദ്യന്തം വിലമതിക്കാനും നമ്മുടെ നിത്യജീവിതത്തിൽ നടപ്പാക്കാനും ഇടയാകട്ടെ.

## 6

മതത്തിന് എന്തെങ്കിലും വിലകല്പിക്കണമെങ്കിൽ അതു് സമ്പദ്വ്യവസ്ഥയോടു ബന്ധപ്പെടുത്തത്തക്കതായിരിക്കണം; അതുപോലെതന്നെ സമ്പദ്വ്യവസ്ഥയും മതത്തോടോ, ആദ്ധ്യാത്മികതയോടോ ഘടിപ്പിക്കത്തക്കതായിരിക്കണം—ഇതാണ് മാനസികപരിമിതി. അതുകൊണ്ടു് മതവും ധനശാസ്ത്രവും കൂട്ടിച്ചേർത്തുള്ള ഈ പദ്ധതിയിൽ ചൂഷണത്തിനും അമേരിക്കനൈസേഷനും—അങ്ങനെയാണ് ആ സാങ്കേതികപദം—സൗകര്യമില്ല. ഇൻഡ്യയിലെ പ്രതിഭാശാലിയായ ഒരു മഹാൻ—സർ എം. വിശ്വേശ്വരയ്യയല്ലാതെ മററാരുമല്ല അദ്ദേഹം—പറഞ്ഞതുപോലെ, ഒരു ഇംഗ്ലീഷുകാരനു 30 (അതോ മുപ്പത്താറാണോ? തിരുത്തിനു വിധേയനായിട്ടാണ് ഞാൻ പറയുന്നതു്) അടിമകളുള്ളപ്പോൾ, ഒരമേരിക്കനു 33 അടിമകളാണുള്ളതു്. മതമായി മാററാവുന്ന യഥാർത്ഥ ധനതത്ത്വസംഹിതയിൽ മനുഷ്യരേയോ കന്നുകാലികളേയോ യന്ത്രങ്ങളേ

6. Young India, 15-9-1927

digitized by www .sreyas.in

യോ അടിമകളാക്കിവെച്ചുകൊണ്ടിരിക്കുകയെന്നതിനു സ്ഥാനമില്ലെന്നു് സ്വന്തനിലയിൽ ഞാൻ വിചാരിക്കുന്നു. സമ്പദ്വ്യവസ്ഥയിൽ അടിമത്തത്തിനു സ്ഥാനമില്ല. അതുകൊണ്ടു ഞാൻ നിർദ്ദേശിക്കുന്നതു് നിങ്ങൾക്കു് ഖാദിയിൽനിന്നു് ഒഴിഞ്ഞുനില്ക്കുക സാദ്ധ്യമല്ലെന്നാണു്. അതിനു് ഏററവും വലിയ പരിധിയാണു ള്ളതു്. മദ്യവർജ്ജനം അതിൻെറ പ്രവർത്തനപരിധിയിൽ കുറെ ആളുകളെ ഉൾപ്പെടുത്തുന്നു. മദ്യപനെ ലഹരിവർജ്ജകനായി പരിവർത്തനം ചെയ്യിക്കുന്ന ആൾ അനുഗൃഹീതനാണു്. പരിഷ്കർത്താവിൻെറ വചനം മൂലം പരിവർത്തിതനായ മദ്യപനും നിസ്സംശയം അനുഗൃഹീതനാണു്.

## 7

സാക്ഷാൽ ധർമ്മശാസ്ത്രമെല്ലാം നല്ല ധനശാസ്ത്രവുംകൂടിയായിരിക്കണമെന്നതുപോലെതന്നെ സമ്പദ്വ്യവസ്ഥ ഒരിക്കലും അത്യുന്നതമായ ധാർമ്മികമാനദണ്ഡത്തിനെതിരായിരിക്കയുമില്ല. ധനദേവതയെ പൂജിക്കാനുപദേശിക്കുന്നതും, ബലഹീനനെ ചൂഷണം ചെയ്തു സമ്പത്തു കൂട്ടിവെക്കാൻ ബലവാനെ സഹായിക്കുന്നതുമായ അർത്ഥശാസ്ത്രം ഭയാനകമായ ഒരു ശാസ്ത്രാഭാസമാണു്. അതു മരണത്തിനു കളമൊരുക്കുന്നു. നേരേമറിച്ചു്, ശരിയായ സമ്പദ്വ്യവസ്ഥ സാമുദായികനീതിക്കുവേണ്ടി നിലകൊള്ളുന്നു; ഏററവും ശക്തിഹീനരുൾപ്പെടെ സകലരുടേയും നന്മയെ ഒന്നുപോലെ അതു് പുരോഗമിപ്പിക്കുന്നു. മാന്യമായ ജീവിതത്തിന്നു് അതു് അനുപേക്ഷണീയവുമാണു്.

## സി. ആധുനികസമ്പദ്വ്യവസ്ഥയിലെ പ്രമാദങ്ങൾ

## 8

ആധുനിക അർത്ഥശാസ്ത്രജ്ഞന്മാർ ആസൂത്രണം ചെയ്തിട്ടുള്ളവയിൽ ഏററവും നിർദ്ദയമായ സിദ്ധാന്തമാണിതു്.* ഇത്ര നീചമായ പരിഗണനകൾ വെച്ചുകൊണ്ടു് നാം എല്ലായ്പോഴും മനുഷ്യബന്ധങ്ങളെ നിയന്ത്രിക്കാറില്ല. ഒരു ഇംഗ്ലീഷ്കാരൻ ഒരിംഗ്ലീഷ്കല്ലുരിപ്പണിക്കാരനു്, കുറഞ്ഞ കൂലിവേലക്കാരനായ ഇൻഡ്യക്കാരനെക്കാൾ, കൂടുതൽ കൂലി കൊടുക്കുന്നു. (ആ നടപടി ശരിയുമാണു്.) ഇംഗ്ലണ്ടിൽ കുറഞ്ഞ കൂലി ഏർപ്പെടുത്താൻ നടത്തുന്ന ഏതു ശ്രമവും വിപ്ലവത്തിനു വഴിതെളിക്കും. ഉയർന്ന ശമ്പളത്തിൽ ജോലിചെയ്യുന്ന വിശ്വസ്തനായ ഒരു ഭൃത്യനെ, കൂടുതൽ

7. Harijan, 9-10-1937 (India of My Dreams, P. 71)

8. Young India, 27-10-1921 (Cent per Cent Swadesi, P. 87)

* വിലകുറഞ്ഞുകിട്ടുന്ന വിപണിയിൽനിന്നു് സാമാനം വാങ്ങണമെന്ന സിദ്ധാന്തം.

digitized by www .sreyas.in

സമർത്ഥനും അയാളെപ്പോലെ വിശ്വാസയോഗ്യനുമായ മററൊരുവനെ കിട്ടുമെന്നുള്ള കാരണത്താൽ പിരിച്ചുവിടുന്നതു് എൻെറ അഭിപ്രായത്തിൽ പാപകരമായിരിക്കും. സാന്മാർഗ്ഗികവും വികാരപരവുമായ പരിഗണനകളെ അവഗണിക്കുന്ന അർത്ഥശാസ്ത്രം മെഴുകുകൊണ്ടുണ്ടാക്കിയ രൂപംപോലെയാണു്. ജീവനുള്ളതുപോലെ കാണപ്പെടുമെങ്കിലും യഥാർത്ഥത്തിൽ അതിനു് ചൈതന്യമില്ല. പുതുമോടിയിലുള്ള ഈ അർത്ഥശാസ്ത്രനിയമങ്ങൾ ഓരോ പരീക്ഷണഘട്ടത്തിലും പ്രയോഗത്തിൽ പൊളിഞ്ഞുപോയിട്ടുണ്ടു്. ഇവയെ മാർഗ്ഗനിർദ്ദേശകസിദ്ധാന്തങ്ങളായി സ്വീകരിക്കുന്ന രാഷ്ട്രങ്ങളും വ്യക്തികളും നശിച്ചേ തീരൂ. ഭക്തിപൂർവ്വം പാകംചെയ്യുന്ന ഭക്ഷണത്തിനു കൂടുതൽ വിലകൊടുക്കുന്ന മുസൽമാനും, സംസ്കാരശുദ്ധമല്ലാത്ത ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുന്ന ഹിന്ദുവും പ്രകടിപ്പിക്കുന്ന ത്യാഗബുദ്ധിയിൽ ഏതോ ഒരു മഹത്ത്വമുണ്ടു്. ഇംഗ്ലണ്ടിലും ജപ്പാനിലുംനിന്നു കുറഞ്ഞ വിലയ്ക്കു തുണിത്തരങ്ങൾ നാം വാങ്ങിത്തുടങ്ങിയപ്പോൾ നമ്മുടെ കഥ കഴിഞ്ഞു. നമ്മുടെ അയൽക്കാർ സ്വന്തം കുടിലുകളിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾ വാങ്ങുന്നതു് മതപരമായ ആവശ്യമാണെന്നു ബോധ്യം വരുമ്പോൾ നാം വീണ്ടും ജീവനുള്ളവരായിത്തീരും.

9

നാം കർഷകനുമായി സമ്പർക്കംപുലർത്തി, നമ്മോടു നേരിട്ടു് ഇടപെടാൻ അയാളെ പ്രേരിപ്പിക്കേണ്ടതാണു്. ഖാദിയുടെ മുന്നേററം വർദ്ധിക്കുന്തോറും, കിട്ടാവുന്നതിൽ ഏററവും കൂടുതൽ വിലയ്ക്കു വില്ക്കുകയും ആകാവുന്നതിൽ ഏററവും കുറഞ്ഞ വിലയ്ക്കു വാങ്ങുകയും ചെയ്യുക എന്ന വാണിജ്യലോകത്തിൻെറ ഇതേവരെയുള്ള നയത്തിൽനിന്നും നമ്മുടെ മാർഗ്ഗം തുലോം വ്യത്യാസപ്പെടുത്തേണ്ടതാണെന്നു നമുക്കു കൂടുതൽ കൂടുതൽ ബോദ്ധ്യമാകും. ലോകവാണിജ്യം പക്ഷപാതരഹിതമായ അടിസ്ഥാനത്തിലല്ല ഇപ്പോൾ കെട്ടിപ്പടുത്തിരിക്കുന്നതു്. 'വാങ്ങുന്നവർ സൂക്ഷിച്ചുകൊള്ളുക' എന്നതാണു് അതിൻെറ പ്രമാണം. ഖാദിസമ്പദ്‌വ്യവസ്ഥയുടെ പ്രമാണമാകട്ടെ 'സകലർക്കും തുല്യനീതി' എന്നുള്ളതാണു്. അങ്ങനെ ഇന്നത്തെ ആത്മനാശകമായ മത്സരരീതിയെ അതു് ഇല്ലാതാക്കുന്നു. ഖാദിസമ്പദ്വ്യവസ്ഥ രൂപപ്പെടുത്തിയിട്ടുള്ളതു് ഏററവും ദരിദ്രരായവരുടെയും നിസ്സഹായരുടെയും താല്പര്യത്തെ ഉദ്ദേശിച്ചാണു്: ഖാദിപ്രവർത്തകർ പൊതുജനങ്ങളുടെ ഇടയിൽ എത്രകണ്ടു കടന്നുചെല്ലുകയും അവരുടെ വിശ്വാസം ആർജ്ജിക്കയും ചെയ്യുന്നുവോ അത്രകണ്ടു മാത്രമേ ഖാദി വിജയിക്കയുള്ളു. അവരുടെ വിശ്വാസം സമ്പാദിക്കുന്നതിനുള്ള ഏകമാർഗ്ഗം അവരുടെ ഇടയിൽ നിസ്വാർത്ഥസേവനമനുഷ്ഠിക്കുകയാണു്.

---

9. Young India, 27-10-1927 (Khadi, P. 75)

digitized by www .sreyas.in

10

ഖദർസമ്പദ്വ്യവസ്ഥ സാധാരണ സമ്പദ്വ്യവസ്ഥയിൽനിന്നും പാടേ ഭിന്നമാണ്. രണ്ടാമത്തേതിനു് മാനുഷികഘടകത്തെപ്പററി യാതൊരു നോട്ടവുമില്ല. ആദ്യത്തേതു് മനുഷ്യവശത്തെ മാത്രം പരിഗണിക്കുന്നു. രണ്ടാമത്തേതു് പ്രത്യക്ഷത്തിൽ സ്വാർത്ഥപരവും ആദ്യത്തേതു് അവശ്യം സ്വാർത്ഥരഹിതവുമാണ്. ഖദറിനെപ്പററിയുള്ള സങ്കല്പത്തിൽത്തന്നെ മത്സരവും തന്മൂലം വിലയും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഹോട്ടലുകളും വീട്ടിലെ അടുക്കളയും തമ്മിൽ മത്സരമില്ലല്ലൊ. തന്റെ ജോലിക്കു കിട്ടാവുന്ന പ്രതിഫലത്തെക്കുറിച്ചോ ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി മുതലായവയെക്കുറിച്ചോ ഗൃഹറാണി ചിന്തിക്കാറില്ല. കുഞ്ഞുങ്ങളെ വളർത്തുമ്പോലെതന്നെ അടുക്കളക്കാര്യം നടത്തിക്കൊണ്ടുപോകേണ്ടതും തന്റെ കർത്തവ്യമാണെന്നേ അവർ ധരിച്ചിട്ടുള്ളു. അവർ ചെലവു കണക്കാക്കുകയാണെങ്കിൽ വസ്തുതാനിഷ്ഠമായ യുക്തിവാദം അടുക്കളയേയും കുഞ്ഞുങ്ങളേയും നശിപ്പിക്കാൻ അവരെ തടയാൻവയ്യാത്ത വിധം നിർബ്ബന്ധിക്കും. ചിലർ രണ്ടിനേയും നശിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഈശ്വരാധീനംകൊണ്ടു് ഈ ചിന്താപദ്ധതി അഭിവൃദ്ധിപ്പെടുന്ന ലക്ഷണമില്ല. വീട്ടിലെ ചക്കിയെ നശിപ്പിച്ച നാം ഇൻഡ്യയിലെ മനുഷ്യരാശിയോടു പാപം ആചരിക്കയാണു ചെയ്തിട്ടുള്ളതെന്നു ഗ്രഹിക്കാത്തതു് നമ്മുടെ സ്വതസിദ്ധമായ അലസതകൊണ്ടാണു്. നാം ചെയ്ത പാപത്തെപ്പററി പശ്ചാത്തപിച്ചുകൊണ്ടു് നമുക്കു ശാന്തി നല്കുന്ന ആ ചക്രത്തിലേക്കു മടങ്ങാം.

## ഡി· സമുദായസേവനവും എല്ലാവരുടേയും നന്മയും സാമ്പത്തികജീവിതത്തിന്റെ മുദ്രാവാക്യം

11

"Unto This Last" (സർവ്വോദയം) എന്നതിലടങ്ങിയിട്ടുള്ള ഉപദേശങ്ങളെ ഞാൻ മനസ്സിലാക്കുന്നതു താഴെക്കാണുംപ്രകാരമാണു്:

1) വ്യക്തിയുടെ ക്ഷേമം സമൂഹത്തിന്റെ ക്ഷേമത്തിൽ അടങ്ങിയിരിക്കുന്നു.

2) എല്ലാവർക്കും അവരവരുടെ ജോലി ചെയ്തു് ഉപജീവനം കഴിക്കാൻ തുല്യാവകാശമുള്ള സ്ഥിതിക്കു് അഭിഭാഷകന്റെ ജോലിക്കും ക്ഷുരകന്റെ ജോലിക്കും ഒരേ വിലതന്നെയാണുള്ളതു്.

10. Young India, 16-7-1931 (Khadi, P. 72)
11. An Autobiography, Pt. IV Ch. XVIII (Sarvodaya, P. 8)

digitized by www .sreyas.in

3) ദേഹാദ്ധ്വാനംകൊണ്ടുള്ള ജീവിതം, അതായതു്, ഭൂമിയിൽ കൃഷി ചെയ്യുന്നവന്റെയും കരകൗശലവേലക്കാരന്റെയും ജീവിതമാണു് ജീവിതവ്യം.

ഇതിൽ ആദ്യത്തേതു് എനിക്കു് അറിയാമായിരുന്നു. രണ്ടാമത്തേതിനെക്കുറിച്ചു് അവ്യക്തമായി ഞാൻ മനസ്സിലാക്കിയിരുന്നു. മൂന്നാമത്തേതു് ഒരിക്കലും എന്റെ ചിന്തയിൽ വന്നില്ല. രണ്ടാമത്തേതും മൂന്നാമത്തേതും ഒന്നാമത്തേതിലടങ്ങിയിരിക്കുന്നു എന്നു് "Unto This Last" എന്ന ഗ്രന്ഥം എനിക്കു് പകൽപോലെ വ്യക്തമാക്കിത്തന്നു. ഞാൻ പുലർച്ചയ്ക്കു് എഴുന്നേററതു് ഈ തത്ത്വങ്ങളെ പ്രയോഗത്തിൽ വരുത്താൻ സന്നദ്ധനായിട്ടാണു്.

## 12

അഹിംസയുടെ ഒരു ആരാധകനു് ഭൂരിപക്ഷഭൂരിസുഖം എന്ന പ്രയോജനവാദികളുടെ സിദ്ധാന്തത്തോടു് അനുകൂലിക്കാൻ സാദ്ധ്യമല്ല. അയാൾ എല്ലാവരുടേയും ഏററവും കൂടുതൽ ഗുണത്തിനുവേണ്ടി യത്നിക്കുകയും ആ ആദർശം സഫലമാക്കുന്നതിനുള്ള ശ്രമത്തിൽ ചരമമടയുകയും ചെയ്യും. മററുള്ളവർ ജീവിക്കുന്നതിനുവേണ്ടി തന്നത്താൻ മരിക്കാൻ അയാൾ സന്നദ്ധനായിരിക്കും. അയാൾ മററുള്ളവക്കൊപ്പം സേവനം നടത്തിയിട്ട തന്നത്താൻ മരണം പ്രാപിക്കും. ഭൂരിപക്ഷഭൂരിഗുണം എന്നതിൽ ഏററവും കൂടുതൽ ആളുകൾക്കു് ഏററവും കൂടുതൽ ഗുണം എന്നതു് ഉൾപ്പെടും; അതുകൊണ്ടു പല സംഗതികളിലും രണ്ടു കൂട്ടരും ഒരുമിച്ചു ചേരും. എന്നാൽ അവർ തമ്മിൽ പിരിഞ്ഞു വിപരീതമാർഗ്ഗങ്ങളിൽ പ്രവർത്തിക്കേണ്ട ഒരു കാലം വരികയും ചെയ്യും. പ്രയോജനവാദിയുടെ നിലപാടു് യുക്ത്യനുസൃതമാകണമെങ്കിൽ, അയാൾ ഒരിക്കലും ആത്മത്യാഗം ചെയ്യുകയില്ല. കേവലവാദി ആത്മബലി തന്നേയും ചെയ്യും.

## 13

സ്നേഹത്തിൽ അഥവാ അഹിംസയിൽ വേരുറച്ചതല്ലെങ്കിൽ, സേവനം സാദ്ധ്യമല്ല. യഥാർത്ഥ സ്നേഹം മഹാസമുദ്രംപോലെ അതിരില്ലാത്തതും ഒരാളുടെ ഉള്ളിൽക്കിടന്നു പൊങ്ങിയും വീർത്തും പുറത്തു ചാടി എല്ലാ അതിർത്തികളേയും ഭേദിച്ചു ലോകം മുഴുവൻ വ്യാപിക്കുന്നതുമായിരിക്കും. ആഹാരത്തിനുള്ള അദ്ധ്വാനം കൂടാതെ ഈ സേവനം സാദ്ധ്യമല്ല; ഗീതയിൽ അതിനെ യജ്ഞം എന്നു വിവരിച്ചിട്ടുണ്ടു്. സേവനത്തിനു വേണ്ടി ശരീരപ്രയത്നം ചെയ്യുന്ന ഒരു പുരുഷനോ സ്ത്രീയ്ക്കോ മാത്രമേ ജീവിക്കാൻ അവകാശമുള്ളു.

12. Young India, 9-12-1926 (Sarvodaya, P. 8)
13. Young India, 20-9-1928 (Selections from Gandhi, P. 48)

digitized by www .sreyas.in

14

സേവനം അനുഷ്ഠിക്കാനുള്ള ബാദ്ധ്യത (ശാശ്വതമായ ഒരു ധാർമ്മികനിയമമെന്ന നിലയിൽ) എല്ലാ മനുഷ്യർക്കും ബോദ്ധ്യപ്പെട്ടാൽ, ധനം കുന്നുകൂട്ടുന്നതു പാപമാണെന്നു് അവർ കരുതുകയും തൽഫലമായി സാമ്പത്തികാസമത്വവും ക്ഷാമം, പട്ടിണി എന്നിവയും ഇല്ലാതാവുകയും ചെയ്യും.

15

നിങ്ങളുടെ ബുദ്ധിവൈഭവത്തെ പവൻ ഷില്ലിംഗ് പെൻസായി മാററാതെ രാജ്യസേവനത്തിനായി വിനിയോഗിക്കുക. നിങ്ങൾ ഒരു ഭിഷഗ്വരനാണെങ്കിൽ നിങ്ങളുടെ സാമർത്ഥ്യം മുഴുവൻ പ്രയോജനപ്പെടുത്തത്തക്കവിധം രോഗങ്ങൾ ഇൻഡ്യയിലുണ്ടു്; നിങ്ങൾ ഒരു അഭിഭാഷകനാണെങ്കിൽ, വേണ്ടിടത്തോളം അഭിപ്രായഭിന്നതകളും വഴക്കും ഇൻഡ്യയിലുണ്ടു്; കൂടുതൽ ശല്യത്തിനിടയാക്കാതെ വഴക്കുകൾ പറഞ്ഞുതീർത്തു വ്യവഹാരങ്ങൾ ഇല്ലാതാക്കുക. നിങ്ങൾ ഒരു എഞ്ചിനീയറാണെങ്കിൽ നമ്മുടെ ആളുകളുടെ ധനസ്ഥിതിക്കും ആവശ്യത്തിനും യോജിച്ചതും ആരോഗ്യപൂർണ്ണവും ശുദ്ധവായു ലഭിക്കുന്നതുമായ മാതൃകാഭവനങ്ങൾ നിർമ്മിക്കുക. നിങ്ങൾ പഠിച്ചതിൽ യാതൊന്നുംതന്നെ പ്രയോജനപ്പെടുത്താൻ കഴിയാത്തതായിട്ടില്ല.* കാൺഗ്രസ്സിന്റെയും അതിനോടു ബന്ധപ്പെട്ട സമാജങ്ങളുടെയും കണക്കുകൾ പരിശോധിക്കുന്നതിനു് അക്കൗണ്ടന്റന്മാരെ എല്ലായിടത്തും കൂടിയേ തീരൂ. ഇൻഡ്യയിലേയ്ക്കു വരിക—നിങ്ങൾക്കു വേണ്ടുവോളം ജോലിയും പ്രതിദിനം നാലണ നിരക്കിൽ കൂലിയും തരാം. ഈ നാലണ ഇൻഡ്യയിൽ ലക്ഷക്കണക്കിനുള്ള ജനങ്ങൾക്കു കിട്ടുന്നതിൽക്കൂടുതലാണു്.

16

മില്ലിലുണ്ടാക്കുന്ന സാധനങ്ങളുമായി മത്സരിക്കാനുള്ള പ്രവണത ഈ സംഘം ഉപേക്ഷിക്കണം എന്നുള്ളതു സ്പഷ്ടമാണു്. തോൽക്കുമെന്നു നിശ്ചയമുള്ള ഒരു കളിയിൽ നാം പങ്കുകൊള്ളുകയില്ലല്ലോ. മനുഷ്യന്റെ കൈകൊണ്ടുള്ള പ്രയത്നത്തെ പരാജയപ്പെടുത്താൻ വിദേശിയോ, സ്വദേശിയോ ആയ ഏതൊരു വലിയ വ്യവസായസംഘടനയ്ക്കും എപ്പോഴും കഴിയും. സംഘം ശ്രമിക്കുന്നതു് വ്യാജവും മാനുഷികപരിഗണനകളില്ലാത്തതുമായ സമ്പദ്വ്യവസ്ഥയുടെ സ്ഥാനത്തു് യഥാർത്ഥവും മനുഷ്യോചിതവുമായ സമ്പ

14. Ethical Religion by Mahatma Gandhi (1930) P. 58
15. Young India, 5-11-1931 (Sarvodaya, P. 35)

* ഈ ചോദ്യം ചോദിച്ച സ്നേഹിതൻ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റാണു്.

16. Harijan, 13-7-1935

digitized by www .sreyas.in

ഭ്യവസ്ഥ സ്ഥാപിക്കുന്നതിനാണ്. കൊല്ലുന്ന മത്സരമല്ല ജീവൻ കൊടുക്കുന്ന സഹകരണമാണ് മനുഷ്യൻെറ നിയമം. ഹൃദയസാ വേഗത്തെ അവഗണിക്കുന്നത് മനുഷ്യന് വികാരമുണ്ടെന്നുള്ളതിനെ മറക്കുന്നതിനു സമമാണ്. 'ദൈവത്തിൻെറ പ്രതിരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാ'ണ് നമ്മളെങ്കിൽ ഏതാനംപേരുടെ നന്മയോ വളരെ അധികം പേരുടെപോലും നന്മയോ അല്ല, എല്ലാവരുടെയും നന്മയാണ് നാം പുരോഗമിപ്പിക്കേണ്ടത്.

## 17

നമ്മുടെ പ്രഥമകത്തവ്യം നാം സമുദായത്തിനു് ഒരു ഭാരമായിത്തീരരുതെന്നുള്ളതാണ്; അതായത് നാം സ്വാശ്രയശീലരായിരിക്കണം. ഇങ്ങനെ നോക്കിയാൽ സ്വയംപര്യാപ്തതതന്നെ ഒരുതരം സേവനമാണെന്നു കാണാം. സ്വയംപര്യാപ്തത കൈവന്നതിനു ശേഷം നമ്മുടെ വിശ്രമവേളകൾ മററുള്ളവരുടെ സേവനത്തിനായി വിനിയോഗിക്കണം. എല്ലാവരും സ്വയംപര്യാപ്തരായാൽ ആക്കും പിന്നെ ശല്യമില്ല. അത്തരം ഒരവസ്ഥ കൈവന്നാൽ ആരും ആരെയും സേവിക്കേണ്ട ആവശ്യവും കാണുകയില്ല. എന്നാൽ നമുക്ക് ആ നില ഇനിയും കൈവന്നിട്ടില്ല. അതുകൊണ്ട് സമുദായസേവനത്തെപ്പററി ചിന്തിക്കേണ്ടിയിരിക്കുന്നു. പരിപൂർണ്ണമായ സ്വയംപര്യാപ്തത നേടുന്ന വിഷയത്തിൽ നാം വിജയിച്ചാലും മനുഷ്യൻ ഒരു സാമൂഹ്യജീവിയായിരിക്കുന്നിടത്തോളം കാലം, സേവനം ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ നമുക്കു സ്വീകരിക്കേണ്ടിവരും. അതായത്, മനുഷ്യൻ എത്രമാത്രം സ്വാശ്രയിയാണോ അത്രമാത്രം പരസ്പരാശ്രയിയുമാണ്. സമുദായത്തെ നല്ല നിലയിൽ കൊണ്ടുപോകുന്നതിന് ആശ്രയം ആവശ്യമായിവരുമ്പോൾ അത് ആശ്രയമെന്ന നില വിട്ട് സഹകരണമായിത്തീരുന്നു. സഹകരണത്തിന് ഒരു മാധുര്യമുണ്ട്. സഹകരിക്കുന്നവരുടെ ഇടയിൽ ബലഹീനരോ ബലവാന്മാരോ ഇല്ല. ഓരോ ആളും മറേറ ആൾക്കു സമനാണ്. ആശ്രയിക്കുമ്പോൾ ഒരു നിസ്സഹായത അനുഭവപ്പെടുന്നു. ഒരു കുടുംബത്തിലെ അംഗങ്ങൾ എത്രത്തോളം സ്വയം ആശ്രയിക്കുന്നുവോ, അത്രത്തോളം പരസ്പരം ആശ്രയിക്കുകയും ചെയ്യുന്നു. എൻേറതെന്നോ, നിൻേറതെന്നോ ഉള്ള വിചാരം അവിടെ ഉണ്ടാകുന്നില്ല. അവരെല്ലാം സഹകാരികളാണ്. അതുപോലെതന്നെ ഒരു സമൂഹത്തെയോ ഒരു ജനതയെയോ മനുഷ്യസമുദായത്തെ മുഴുവനുമോ ഒരു കുടുംബമായി കണക്കാക്കിയാൽ എല്ലാ മനുഷ്യരും സഹകാരികളായിത്തീരുന്നു. അത്തരത്തിലുള്ള ഒരു സഹകരണചിത്രം

---

17. The Ideology of the Charka, 29-11-1945. (Khadi, pp. 219-220)

digitized by www .sreyas.in

നമുക്കു വിഭാവനചെയ്യാൻ കഴിയുമെങ്കിൽ ജീവനില്ലാത്ത ഒരു യന്ത്രത്തിന്റെ സഹായം നമുക്കാവശ്യമില്ലെന്നു ബോധ്യമാകും. യന്ത്രത്തെ ഏററവും കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനു പകരം ഏററവും കുറച്ച് ഉപയോഗപ്പെടുത്തിയാൽ മതിയാകുന്നതാണ്. അതിലാണ് സമൂഹത്തിന്റെ യഥാർത്ഥക്ഷേമവും, ആത്മരക്ഷയും സ്ഥിതിചെയ്യുന്നതു്.

## ഇ. മനുഷ്യസ്നേഹവും യാചകവൃത്തിയും

18

ശരീരശേഷിയുള്ള ഏതെങ്കിലും ഒരു സ്ത്രീയോ പുരുഷനോ ജോലിയും ആഹാരവുമില്ലാതെ കഴിയുന്നിടത്തോളം കാലം നാം വിശ്രമിക്കുകയോ സുഖഭക്ഷണം കഴിക്കുകയോ ചെയ്യുന്നതിൽ ലജ്ജിക്കേണ്ടതാണ്.

19

കുറേക്കാലം മുമ്പ് കൽക്കട്ടായിലെ 'മാർബിൾ പാലസ്' എന്ന രമ്യഹർമ്മ്യത്തിലേക്കു് ചിലർ എന്നെ കൊണ്ടുപോയി. വളരെ വിലകൂടിയതും സുന്ദരവുമായ വർണ്ണചിത്രങ്ങളാൽ അതു മോടിയായി അലങ്കരിക്കപ്പെട്ടിരുന്നു. അതിന്റെ ഉടമസ്ഥന്മാർ മുൻവശത്തുള്ള പറമ്പിൽവെച്ച് അവിടെ ചെന്നെത്തുന്ന എല്ലാ യാചകർക്കും ഭക്ഷണം കൊടുത്തുവന്നു. ഓരോ ദിവസവും അവിടെ കൂടുന്ന യാചകരുടെ സംഖ്യ അനേകായിരമായിരുന്നുവെന്നും ഞാൻ അറിഞ്ഞു. ഇതു് നിശ്ചയമായും രാജോചിതമായ ഒരു ദാനകർമ്മംതന്നെ. ദാതാക്കളുടെ പരോപകാരശീലത്തിനു് ഈ പ്രവൃത്തി ശ്ലാഘ്യത വർദ്ധിപ്പിക്കുന്നുണ്ടു്. എന്നാൽ രാജോചിതമായ ആ കൊട്ടാരം കീറത്തുണി ചുററിയ ഈ മനുഷ്യസമൂഹത്തിന്റെ ദീനാവസ്ഥയെ നോക്കി പരിഹസിക്കുമ്പോൾ, അവർക്കു് തങ്ങൾ അന്നദാനം ചെയ്യുന്നതിന്റെ അനൗചിത്യം ദാതാക്കൾക്കു ലേശവും ഉള്ളിൽ തട്ടിയിട്ടുള്ളതായി തോന്നുന്നില്ല. ഇതുപോലെ വേദനാജനകമായ മറെറാരു കാഴ്ച ഞാൻ സൂരി സന്ദർശിച്ച അവസരത്തിൽ കണ്ടു. ആ ജില്ലയിലുള്ള യാചകർക്കു ഭക്ഷണം കൊടുക്കുന്നതിനു സ്വീകരണക്കമ്മററി ഏർപ്പാടുചെയ്തിരുന്നു: മാർബിൾ പാലസ്സിൽ എന്റെ ചുററും കൂടിയ ജനക്കൂട്ടം, താഴെ പൊടിനിറഞ്ഞ ഇലകളിൽ ഭക്ഷണം കഴിക്കുന്ന യാചകന്മാരുടെ ഇടയിൽ കൂടി, കടന്നുപോയിക്കൊണ്ടിരുന്നു. ചിലർ ഇലകളിൽ ചവിട്ടുകപോലും ചെയ്തു. സൂരിയിൽ അല്പംകൂടി ഭംഗിയായി കാര്യ

---

18. Young India, 6-10-1921. (Selections from Gandhi, P. 47)
19. Young India, 13-8-1925 (Towards Non-violent Socialism—pp. 141—142)

digitized by www .sreyas.in

ങ്ങൾ നിർവ്വഹിച്ചു ജനക്കൂട്ടം യാചകരുടെ ഇടയിൽക്കൂടി നടക്കേണ്ട ആവശ്യമുണ്ടായില്ല. എന്നാൽ എന്നെ ഉദ്ദിഷ്ടസ്ഥാനത്തേക്കു കൊണ്ടുപോയ മോട്ടോർകാർ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന യാചകരുടെ നടുവിൽക്കൂടി പതുക്കെ കൊണ്ടുപോയി. അവിടെ ഒരു സ്നേഹിതൻ എന്നോടു പറയുകയുണ്ടായി ഞാൻ പാവങ്ങളുടെ മിത്രമായതുകൊണ്ടു് എന്റെ ബഹുമാനാർത്ഥമാണു്, ഇതെല്ലാം ചെയ്യുന്നതെന്നു്. അതോർത്തപ്പോൾ എനിക്കു വലിയ കുറച്ചിൽ തോന്നി. മനുഷ്യവർഗ്ഗത്തിൽ ഒരു വലിയ ഭാഗം യാചകാവസ്ഥയിലെത്തുന്നതു കണ്ടുകൊണ്ടു് തൃപ്തനായി കഴിയാൻ എനിക്കു സാധിക്കുമെങ്കിൽ അവരോടുള്ള എന്റെ സൗഹൃദം പരിതാപകരമായ ഒന്നായിരിക്കണം. അവർ യാചകാവസ്ഥയിലേക്കു താഴുന്നതിനേക്കാൾ പട്ടിണികിടക്കുന്ന സ്ഥിതിയെ സമചിത്തതയോടെ വീക്ഷിക്കാനുള്ള ഹൃദയകാഠിന്യം ഇൻഡ്യയിലെ ദരിദ്രരോടുള്ള സ്നേഹത്തിന്റെ ഫലമായി എനിക്കുണ്ടായിട്ടുണ്ടെന്നു് എന്റെ സ്നേഹിതന്മാർ അറിഞ്ഞിട്ടില്ല. സത്യസന്ധമായ ഏതെങ്കിലും മാർഗ്ഗത്തിൽ ആഹാരത്തിനുവേണ്ടി പ്രയത്നിക്കാത്ത ആരോഗ്യവാനായ ഒരു മനുഷ്യനു് ഒരു നേരത്തെ സൗജന്യാഹാരം കൊടുക്കുക എന്ന ആശയത്തെ എന്റെ അഹിംസാബോധം സഹിക്കുകയില്ല. എനിക്കു് അധികാരമുണ്ടായിരുന്നെങ്കിൽ സൗജന്യഭക്ഷണം കൊടുക്കുന്ന എല്ലാ ധർമ്മസത്രങ്ങളും ഞാൻ നിറുത്തുമായിരുന്നു. അതു സമുദായത്തെ അധഃപതിപ്പിക്കുകയും അലസത, പ്രവൃത്തിവിമുഖത, കാപട്യം, കുററംചെയ്യാനുള്ള പ്രവണത എന്നിവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അസ്ഥാനത്തുള്ള ഇത്തരം ദീനാനുകമ്പ രാജ്യത്തിന്റെ ഭൗതികമോ, ആത്മീയമോ ആയ സമ്പത്തിനെ പുരോഗമിപ്പിക്കുന്നില്ലെന്നു മാത്രമല്ല, ദാതാവിനു തന്റെ പ്രവൃത്തി ശ്ലാഘ്യമാണെന്നു് ഒരു തെററായ ബോധം ഉണ്ടാക്കുകയും ചെയ്യുന്നു. പ്രവർത്തിക്കാൻസന്നദ്ധരായ സ്ത്രീപുരുഷന്മാർക്കു് ആരോഗ്യവും ശുചിത്വവുമുള്ള പരിസരങ്ങളിൽ ഭക്ഷണം കൊടുക്കത്തക്കവണ്ണമുള്ള സ്ഥാപനങ്ങൾ തുടങ്ങാൻ ദാതാവു മുതിർന്നെങ്കിൽ ആ സംരംഭം എത്ര നല്ലതും ബുദ്ധിപൂർവ്വവുമായിരുന്നേനെ. ചക്കുകൊണ്ടുള്ള നൂൽനൂല്പോ, പരുത്തിയുടെ സംസ്കരണപ്രവൃത്തികളിൽ മറേറതെങ്കിലുമോ മാതൃകാപരമായ ഒരു ഉദ്യമമായിരിക്കുമെന്നു് വ്യക്തിപരമായി ഞാൻ കരുതുന്നു. അവർ ഇഷ്ടപ്പെടുന്നില്ലെങ്കിൽ മറേറതെങ്കിലും തൊഴിൽ സ്വീകരിക്കട്ടെ. 'വേലയില്ലെങ്കിൽ ഭക്ഷണവുമില്ല' എന്നതായിരിക്കണം നിയമം. ഓരോ നഗരത്തിനും അതിന്േറതായ വിഷമംപിടിച്ച യാചകപ്രശ്നമുണ്ടു്; അതിനുത്തരവാദികൾ ധനികന്മാരുമാണു്. അലസന്മാരുടെ മുഖത്തേയ്ക്കു സൗജന്യഭക്ഷണം വലിച്ചെറിയുന്നതു് എളുപ്പമാണു്. എന്നാൽ സത്യനിഷ്ഠമായ ജോലി ചെയ്തതിനുമേൽ മാത്രം ആഹാരം കൊടുക്കുന്ന ഒരു സ്ഥാപനമുണ്ടാക്കുന്നതു പ്രയാ

digitized by www .sreyas.in

സമാണതാനം. ധനപരമായ വീക്ഷണകോണത്തിൽനിന്ന നോക്കിയാൽ പ്രാരംഭദശയിൽ വേലചെയ്യിച്ച് ആഹാരം കൊടുക്കുന്നതിനുള്ള ചെലവ് ഇപ്പോഴത്തെ സൗജന്യഭക്ഷണ ഏർപ്പാടിനേക്കാരം കൂടിയിരിക്കും. എന്നാൽ കാലാന്തരത്തിൽ ചെലവു കുറഞ്ഞുകിട്ടുമെന്നാണ് എന്റെ ബോദ്ധ്യം. അതല്ലെങ്കിൽ രേഖാഗണിതശാസ്ത്രത്തിലെ അനുക്രമവൃദ്ധിക്കണക്കിൽ ഈ നാട്ടിൽ പെരുകിവരുന്ന അലഞ്ഞുതിരിയുന്നവരുടെ എണ്ണം ക്രമാതീതമായി കൂട്ടുകതന്നെ ചെയ്യും.

## 20

ദരിദ്രന്മാരെ ഭിക്ഷകൊടുത്തു പരിരക്ഷിക്കാമെന്നു പറയരുത്. രണ്ടു കൂട്ടർ മാത്രമേ ഭിക്ഷാദാനം ലഭിക്കാൻ അർഹരായുള്ളു. അവരിൽ ഒന്നാമത്തവർ യാതൊരു സ്വത്തുമില്ലാതെ പരിപാവനമായ വിജ്ഞാനം പ്രചരിപ്പിക്കുക മാത്രം തൊഴിലായുള്ള ബ്രാഹ്മണരും, രണ്ടാമത്തവർ അംഗഹീനന്മാർ അന്ധന്മാർ മുതലായവരുമാണ്. ശരീരശേഷിയുള്ള അലസന്മാർക്കു ഭിക്ഷകൊടുക്കുന്ന അനീതിപരമായ ഏർപ്പാട് നമുക്ക് ഒടുങ്ങാത്ത നാണക്കേടും അപകർഷവും വരുത്തിക്കൊണ്ടു തുടർന്നുപോരുന്നു. ഈ നാണക്കേട് ഇല്ലാതാക്കാനാണ് ചർക്കായുടെ സന്ദേശവുംകൊണ്ടു ഞാൻ രാജ്യമൊട്ടുക്കു സഞ്ചരിക്കുന്നതു്.

## 21

യുവാക്കന്മാരും യുവതികളും തങ്ങളുടെ ആവശ്യങ്ങരം നിർവ്വഹിക്കാൻ ഭിക്ഷ യാചിക്കുന്നതിൽ ലജ്ജിക്കേണ്ടതാണ്. ശരീരപ്രയത്നത്തിൽ ലജ്ജിക്കേണ്ട എന്തോ ഉണ്ടെന്നുള്ള ധാരണ മാററിയാൽ സാമാന്യബുദ്ധിയുള്ള യുവാക്കന്മാർക്കും യുവതികരംക്കും ചെയ്യാൻ വേണ്ടുവോളവും അതിനപ്പുറവും ജോലിയുണ്ട്.

## 22

യാചകവൃത്തിയെ പ്രോത്സാഹിപ്പിക്കുന്നതു ചീത്തയാണെന്നിരിക്കെ, ഒരു യാചകൻ എന്നെ സമീപിച്ചാൽ ജോലിയും ഭക്ഷണവും കൊടുക്കാമെന്നു പറയാതെ അയാളെ ഞാൻ പറഞ്ഞയയ്ക്കുകയില്ല. ജോലി ചെയ്യുന്നില്ലെങ്കിൽ അയാളെ ആഹാരം നല്കാതെതന്നെ ഞാൻ പറഞ്ഞയയ്ക്കും. മുടന്തൻ, അംഗഹീനൻ തുടങ്ങി ശാരീരികമായ അവശതയുള്ളവരെ സംരക്ഷിക്കേണ്ടതു് രാജ്യത്തിന്റെ ചുമതലയാണ്. എന്നാൽ, അന്ധത ഭാവിച്ചോ, യഥാർത്ഥ

20. Young India, 24-2-1927 (Selections from Gandhi, P. 47)
21. Harijan, 1-3-1935 (Economic and Industrial Life and Relations, vol. II, P. 93)
22. Harijan, 11-5-1935 (India of My Dreams, P. 61)

digitized by www .sreyas.in

അന്ധതയുടെ പേരിലോ അനവധി കാപട്യങ്ങൾ നടക്കുന്നുണ്ട്. അനേകം അന്ധന്മാർ, ന്യായരഹിതമായി കിട്ടുന്ന ആദായംകൊണ്ടു ധനികന്മാരായിട്ടുണ്ട്. ഈ പ്രേരണയ്ക്കു സൗകര്യംകൊടുക്കാതെ അവരെ ഒരു അഭയകേന്ദ്രത്തിൽ ആക്കുന്നതു നന്നായിരിക്കും.

## 23

ജോലിക്കുവേണ്ടിമാത്രം ജോലി ചെയ്യാൻ തയ്യാറില്ലാത്തവരായി ലക്ഷക്കണക്കിനാളുകളുണ്ടെന്നെനിക്കറിയാം. ആഹാരത്തിനുവേണ്ടിയല്ലെങ്കിൽ അവർക്കു ജോലിചെയ്യാൻ പ്രചോദനം ഉണ്ടാവില്ല. അമേരിക്കയിലെ ഏതാനും കോടീശ്വരന്മാർ വന്നു് നമുക്കു് ആവശ്യമുള്ള ആഹാരസാധനം മുഴുവൻ തരാമെന്നു പറയുകയും, നാം യാതൊരു ജോലിയും ചെയ്യേണ്ടെന്നും അവരുടെ മനുഷ്യസ്നേഹം പ്രകടിപ്പിക്കാൻ അനുവദിച്ചാൽ മതിയെന്നും നമ്മോടു് അപേക്ഷിക്കുന്നുവെന്നും വിചാരിക്കുക. ഞാൻ അവരുടെ ദയാപൂർവ്വമുള്ള ദാനത്തെ കട്ടായമായി നിരസിക്കും.

## എഫ്. ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം—പ്രയത്നത്തിന്റെ മാന്യത

## 24

അഭ്യസ്തവിദ്യരായ നമുക്കു് ആഹാരത്തിനുവേണ്ടി പ്രയത്നിക്കുന്ന ശീലം നഷ്ടപ്പെട്ടുകഴിഞ്ഞു. നെയ്ത്തുകാരുടേയും നൂൽചുറ്റുന്നവരുടേയും, നൂൽനൂൽക്കുന്നവരുടേയും ശമ്പളം ദിനംപ്രതി വർദ്ധിക്കുന്നതു കാരണം അവർക്കു് ആഹാരപ്രശ്നം എന്നൊന്നില്ല. ദിവസം എട്ടു മണിക്കൂർ നെയ്യുന്ന ഒരാൾക്കു് ആരംഭകാലത്തുതന്നെ കുറഞ്ഞതു് ഒരു രൂപാ നിരക്കിനു കൂലികിട്ടും. സമർത്ഥരായ നെയ്ത്തുകാർ ഇപ്പോൾ ദിവസം രണ്ടുരൂപാ സമ്പാദിക്കുന്നു. ഡെസ്കിനരികിലിരുന്നുള്ള വേലകൊണ്ടുമാത്രം കാലയാപനം ചെയ്യാമെന്നു നാം വിചാരിക്കരുതു്.

## 25

ബുദ്ധിപരമായ പ്രയത്നത്തിന്റെ വിലയെ ഞാൻ താഴ്ത്തിപ്പറയുന്നില്ല. എന്നാൽ എത്ര വലിയ ബുദ്ധിപരപ്രയത്നവും ശാരീരികപ്രയത്നത്തിന്റെ കുറവു പരിഹരിക്കാൻ പര്യാപ്തമല്ല. സകലരുടേയും നന്മയ്ക്കായി ദേഹാധ്വാനം ചെയ്യാനാണു് നാം ജനിച്ചിട്ടു

---

23. Harijan, 7-12-1935

24. Young India, 25-8-1921 (Economic and Industrial Life and Relations, vol. I, P. 95)

25. Young India, 15-10-1925. (Economic and Industrial Life and Relations, vol. I, Introduction P. XXXV)

digitized by www .sreyas.in

ള്ളതു്. ബുദ്ധിപരപ്രയത്നം ശാരീരികയത്നത്തേക്കാൾ അത്യധികം മഹത്തരമായിരിക്കും; പലപ്പോഴും ആണുതാനും. എന്നാൽ ഒരിക്കലും അതു് മററതിൻെറ ബദലല്ല; ബദലാക്കാൻ സാദ്ധ്യവുമല്ല. ബുദ്ധിപരമായ ആഹാരം നാം കഴിക്കുന്ന ധാന്യങ്ങളേക്കാൾ എത്രയോ മികച്ചതാവാമെങ്കിലും അതൊരിക്കലും ധാന്യങ്ങളുടെ സ്ഥാനം വഹിക്കുകയില്ലല്ലൊ. ഭൂമിയിലെ ഉല്പന്നങ്ങളെക്കൂടാതെ, ബുദ്ധിയുടെ ഉല്പന്നങ്ങൾ അസംഭവ്യമാണു്.

## 26

എല്ലാരും ഉപയോഗപ്രദമായ എന്തെങ്കിലും ശരീരാധ്വാനം ചെയ്യണം. ഞാനിപ്പോൾ ചെയ്യുന്ന ഏക ശരീരപ്രയത്നം നൂൽനൂല്പാണു്; അതു് ഒരു പ്രതീകംമാത്രമാണു്. ശരീരംകൊണ്ടു വേണ്ടത്ര പ്രയത്നം ഞാൻ ചെയ്യുന്നില്ല. ഞാൻ മററുള്ളവരുടെ ഒരാദായത്തെ ആശ്രയിച്ചു ജീവിക്കുന്നു എന്നു തന്നത്താൻ കരുതുന്നതിൻെറ കാരണങ്ങളിൽ ഒന്നു് അതാണു്. തങ്ങളുടെ ശരീരവും, ആത്മാവും, മനസ്സും രാഷ്ട്രത്തിന്നായി ഉഴിഞ്ഞുവച്ചിട്ടു് ജീവസന്ധാരണത്തിനു സഹജീവികളുടെ, അതായതു് ദൈവത്തിൻെറ, കാരുണ്യത്തെ ആശ്രയിക്കുന്ന ആളുകളെ എല്ലാ ജനതയുടെ ഇടയിലും കാണാൻ കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നു.

## 27

മനുഷ്യൻ പ്രയത്നിച്ചു ജീവസന്ധാരണം ചെയ്യണമെന്നുള്ള നിയമം ആദ്യമായി എൻെറ ഉള്ളിൽ ഗാഢമായി പതിഞ്ഞതു് ടാൾസ്റ്റായി 'ഭക്ഷണത്തിനുള്ള പ്രയത്ന'ത്തേപ്പററി എഴുതിയ ഉപന്യാസങ്ങൾ വായിച്ചപ്പോഴാണു്. അതിനു മുമ്പുതന്നെ റസ്കിനിൻെറ 'അൺടു ദിസ് ലാസ്റ്റു്' വായിച്ചുകഴിഞ്ഞപ്പോൾ ഞാൻ ആ നിയമത്തെ ആദരിക്കാൻ തുടങ്ങി. മനുഷ്യൻ തൻെറ കൈകൊണ്ടു ജോലിചെയ്തു് ആഹാരം സമ്പാദിക്കണമെന്നുള്ള ദിവ്യനിയമം ആദ്യമായി ഉന്നയിച്ചതു് ററി. എം. ബോൺഡാരഫ് എന്ന റഷ്യൻ ഗ്രന്ഥകാരനാണു്. ടാൾസ്റ്റായി അതിനെ പരസ്യപ്പെടുത്തി, അതിനു കൂടുതൽ പ്രസിദ്ധീകരണം നല്കി. എൻെറ അഭിപ്രായത്തിൽ ഈ തത്ത്വംതന്നെയാണു് ഗീതയിലെ മൂന്നാമദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. യജ്ഞംകൂടാതെ ഭക്ഷിക്കുന്നതു മോഷ്ടിച്ച ഭക്ഷണം കഴിക്കുന്നതിനു സമമാണെന്നു് അതിൽ പറയുന്നു. ഇവിടെ യജ്ഞം എന്നതിൻെറ അർത്ഥം ഭക്ഷണത്തിനായുള്ള പ്രയത്നം എന്നായിരിക്കാനേ ഇടയുള്ളു.

---

26. Young India, 5-11-1925. (Economic and Industrial Life and Relations, vol. I, P. 65)

27. From Yaravda Mandir (1930) Ch. IX

digitized by www .sreyas.in

## 28

യുക്തിവിചാരവും ഇതിനു സമാനമായ ഒരു അനുമാനത്തിൽ നമ്മെ എത്തിക്കുന്നു. ശരീരപ്രയത്നം ചെയ്യാത്ത ഒരു മനുഷ്യന് ഭക്ഷണം കഴിക്കാൻ അവകാശമുണ്ടോ? 'നിന്റെ നെററിയിലെ വിയർപ്പോടെ നീ ഉപജീവനം കഴിക്കണം,' എന്നു ബൈബിൾ അനുശാസിക്കുന്നു. ഒരു കോടീശ്വരൻ മുഴുവൻ സമയവും മെത്തയിൽ കിടന്നുരുളുകയും, മെത്തയിൽ കയറാൻതന്നെ അന്യസഹായംവേണ്ട നിലയിലാവുകയും ചെയ്താൽ, അയാൾക്കു് ഏറിയകാലം ജീവിതം കഴിച്ചുകൂട്ടാൻ സാദ്ധ്യമല്ല; വളരെവേഗം അയാൾക്കു ജീവിതം മുഷിപ്പനായിത്തീരും. അതുകൊണ്ടു് അയാൾ വ്യായാമം ചെയ്തു വിശപ്പുണ്ടാക്കുകയും അങ്ങനെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. ധനികനോ, നിർദ്ധനനോ ആയ ഏതൊരാൾക്കും ഏതെങ്കിലും ഒരു പ്രകാരത്തിൽ വ്യായാമം ചെയ്യേണ്ടതാവശ്യമാണെങ്കിൽ, എന്തുകൊണ്ടതു സൃഷ്ടിപരയത്നത്തിന്റെ, അതായതു് ആഹാരത്തിനു വേണ്ടിയുള്ള പ്രയത്നത്തിന്റെ, രൂപത്തിൽ ആയിക്കൂടാ? കർഷകനോടു് ആരും പ്രാണായാമം ചെയ്യുന്നതിനോ, മാംസപേശികൾക്കു ജോലികൊടുക്കുന്നതിനോ പറയുന്നില്ല. മനുഷ്യസമുദായത്തിൽ പത്തിലൊൻപതിൽകൂടുതൽ ഭാഗം കൃഷിചെയ്തു ജീവിക്കുന്നു. ശേഷമുള്ള പത്തിലൊരുഭാഗവും ബഹുഭൂരിപക്ഷത്തിന്റെ മാതൃക സ്വീകരിച്ചു് അവരവർക്കുവേണ്ട ആഹാരത്തിനു മാത്രമായിട്ടെങ്കിലും അദ്ധ്വാനിക്കുകയാണെങ്കിൽ ലോകം എത്രയോ കൂടുതൽ സന്തോഷപ്രദവും അരോഗവും സമാധാനപൂർണ്ണവും ആയേനെ. ഇവരുംകൂടി പങ്കെടുക്കുകയാണെങ്കിൽ കൃഷിസംബന്ധിച്ചുണ്ടാകാറുള്ള പല ബുദ്ധിമുട്ടുകളും എളുപ്പത്തിൽ പരിഹരിക്കാം. കൂടാതെ, ഭക്ഷണത്തിനുവേണ്ടി പ്രയത്നിക്കാനുള്ള ബാധ്യത വ്യത്യാസംകൂടാതെ സകലരും അംഗീകരിക്കുമ്പോൾ, ഉച്ചനീചഭേദങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെടും. ഇതു് എല്ലാ വർണ്ണങ്ങൾക്കും പൊതുവെ ബാധകമാണു്. മുതലാളിയും തൊഴിലാളിയും തമ്മിൽ ലോകവ്യാപകമായ ഒരു സംഘട്ടനം നടക്കുന്നു. ദരിദ്രനു ധനികനോടു് അസൂയയുണ്ടു്. എല്ലാവരും അവരവരുടെ ഭക്ഷണത്തിനുവേണ്ടി ജോലി ചെയ്യുമെങ്കിൽ വലിയവനും ചെറിയവനും എന്നുള്ള വ്യത്യാസം മാഞ്ഞുപോകും. ധനികന്മാർ പിന്നെയും ഉണ്ടായിരിക്കുമെങ്കിലും തങ്ങൾ വസ്തുക്കളുടെ ട്രസ്റ്റികൾമാത്രമാണെന്നു് അവർ സ്വയം കരുതുകയും, പൊതുജനങ്ങളുടെ ആവശ്യത്തിനായി അവ വിനിയോഗിക്കുകയും ചെയ്യും. അക്രമരാഹിത്യം പാലിക്കുകയും സത്യത്തെ ആരാധിക്കുകയും ബ്രഹ്മചര്യം പ്രകൃതിനിയമമായി അനുഷ്ഠിക്കുകയും ചെയ്യുന്ന ആൾക്കു് ഭക്ഷണത്തിനായുള്ള ജോലി ഒരു യഥാർത്ഥ അനുഗ്രഹമായിരിക്കും. കൃഷിയോടുമാത്രമേ ഈ ജോലിക്കു നേരിട്ടു

---

28. From Yaravda Mandir (1930) Ch. IX

digitized by www .sreyas.in

ബന്ധമുണ്ടായിരിക്കുകയുള്ളു. ഇക്കാലത്താകട്ടെ, കർഷകവൃത്തി എല്ലാവർക്കും സൗകര്യപ്പെടുന്ന ഒന്നല്ല. അതുകൊണ്ട് ഒരാൾക്കു നൂൽനൂൽപ്പിലോ നെയ്ത്തിലോ മരപ്പണിയിലോ കൊല്ലപ്പണിയിലോ ഏർപ്പെടാം. എന്നാൽ കൃഷി വേണം എല്ലായ്പോഴും ആദർശമായി കരുതാൻ. ഓരോരുത്തനും അവനവൻെറ തോട്ടിയായിരിക്കണം. ഭക്ഷണംപോലെ ഒരാവശ്യമാണ് വിരേചനവും. അവരവരുടെ മലം ഓരോരുത്തരും നീക്കംചെയ്യുന്നതായിരിക്കും ഉത്തമം. ഇതു സാദ്ധ്യമല്ലെങ്കിൽ ഓരോ കുടുംബവും അതിൻെറ തോട്ടിവേല നിർവ്വഹിക്കണം. സമുദായത്തിലെ ഒരു പ്രത്യേക വിഭാഗത്തിൻെറ തൊഴിലായി തോട്ടിവേലയെ നീക്കിവച്ചതിൽ എന്തോ മൗലികമായ തെററുണ്ടെന്ന് എനിക്കു തോന്നിത്തുടങ്ങിയിട്ടു വർഷങ്ങൾ വളരെയായി. അത്യന്താപേക്ഷിതമായ ഈ ശുചീകരണസേവനത്തിനു സമുദായത്തിൽ ഇത്ര കുറഞ്ഞ പദവി ആദ്യമായി കല്പിച്ചത് ആരാണെന്നുള്ളതിനു ചരിത്രപരമായ രേഖയൊന്നും നമുക്കില്ല. ആരായിരുന്നാലും ശരി അയാൾ നന്മയല്ല നമുക്കു ചെയ്തിട്ടുള്ളത്. നമ്മളെല്ലാവരും തോട്ടികളാണെന്നുള്ള ബോധം ബാല്യംമുതൽക്കേ നമ്മുടെ മനസ്സിൽ ഉറപ്പിക്കണം. ഇതു മനസ്സിലാക്കിയിട്ടുള്ള ഓരോരുത്തരും ആഹാരത്തിനുള്ള പ്രയത്നം തോട്ടിവേലയിൽ ആരംഭിക്കുകയാണ് അതിനുള്ള എളുപ്പവഴി. ഇങ്ങനെ ബുദ്ധിപൂർവ്വം സ്വീകരിക്കുന്ന തോട്ടിവേല മനുഷ്യർ തമ്മിലുള്ള സമഭാവനയെ ശരിക്കും മാനിക്കാൻ സഹായിക്കും.

## 29

ബോൺഡാരഫ് എന്ന റഷ്യൻ എഴുത്തുകാരനെ പരാമർശിച്ചുകൊണ്ട്, ആഹാരത്തിനായി വേലചെയ്യുക എന്നതിൻെറ മമ്മപ്രാധാന്യം അദ്ദേഹം കണ്ടുപിടിച്ചതാണ് ആധുനികകാലങ്ങളിലെ അതിവിശിഷ്ടമായ കണ്ടുപിടിത്തങ്ങളിലൊന്നെന്ന് ടോൾസ്റ്റായി പ്രസ്താവിക്കുന്നു. ആരോഗ്യവാനായ ഓരോ വ്യക്തിയും തൻെറ ആഹാരസമ്പാദനത്തിനു വേണ്ട ശരീരപ്രയത്നം ചെയ്യണമെന്നും തൻെറ ബുദ്ധിസാമർത്ഥ്യത്തെ തൻെറ കാലയാപനത്തിനോ സ്വത്തു വർദ്ധിപ്പിക്കുന്നതിനോ അല്ല, മനുഷ്യരാശിയുടെ സേവനത്തിനായിമാത്രം വിനിയോഗിക്കണമെന്നുമാണ് അദ്ദേഹത്തിൻെറ ആശയം. ഈ തത്ത്വം എല്ലാ സ്ഥലത്തും പാലിച്ചാൽ മനുഷ്യരൊക്കെ സമന്മാരാവുകയും, ആരും പട്ടിണി കിടക്കാതിരിക്കുകയും ലോകത്തുനിന്ന് ഒട്ടുവളരെ പാപങ്ങൾ ഒഴിവാകുകയും ചെയ്യും.

ഈ സുവർണ്ണനിയമം ലോകമൊട്ടാകെ ഒരിക്കലും നടപ്പായില്ലെന്നു വരാം. വേണമെന്നുള്ള ഉദ്ദേശത്തോടെ അല്ലെങ്കിലും, ലക്ഷ

29. From Ashram Observances in Action (1932) pp. 60—62

digitized by www .sreyas.in

ക്കണക്കിനാളുകറം അവരറിയാതെതന്നെ അതനുഷ്ഠിക്കുന്നു. എന്നാൽ അവരുടെ മനസ്സ് വിപരീതമായ മാർഗ്ഗത്തിലാണു പ്രവർത്തിക്കുന്നതു്. അതുകൊണ്ടു് അവർ സ്വയം അസന്തുഷ്ടരാണു്. അവരുടെ പ്രയത്നത്തിനു വേണ്ടത്ര ഫലം ഉണ്ടാവുന്നില്ല. പ്രസ്തുത നിയമം മനസ്സിലാക്കി പ്രയോഗത്തിൽ വരുത്താൻ ശ്രമിക്കുന്നവക്കു് ഈ സ്ഥിതിഗതികറം ഉത്തേജനം നൽകുന്നുണ്ടു്. അതിനെ സ്വയം അനുസരിക്കുകമൂലം അവർ നല്ല ആരോഗ്യവും പരിപൂർണ്ണ ശാന്തിയും അനുഭവിക്കുകയും, അങ്ങനെ സേവനത്തിനുള്ള അവരുടെ ശേഷി വർദ്ധിക്കുകയും ചെയ്യുന്നു.

എൻെറ അഭിപ്രായത്തിൽ, ഗീതയിലെ മൂന്നാം അദ്ധ്യായത്തിൽ ഇതേ തത്ത്വംതന്നെ പ്രതിപാദിച്ചിരിക്കുന്നു. അതിലെ യജ്ഞം എന്നുള്ള വാക്കിനു് ശരീരാദ്ധ്വാനം എന്ന അത്ഥമാണു വിവക്ഷിച്ചിട്ടുള്ളതെന്നു പറയാൻ ഞാൻ മുതിരുന്നില്ല. എന്നാൽ 'യജ്ഞത്തിൽനിന്നു മഴയുണ്ടാകുന്നു.' (പദ്യം 14) എന്നു ഗീത പറയുമ്പോറം ശരീരപ്രയത്നത്തെയാണു അതു സൂചിപ്പിക്കുന്നതെന്നു് എനിക്കു തോന്നുന്നു. യജ്ഞശിഷ്ടം (പദ്യം 13) നമ്മുടെ നെററി വിയത്തു നാം സമ്പാദിക്കുന്ന ആഹാരമാണു്. തൻെറ ഭക്ഷണത്തിനു വേണ്ടി ഒരാറം ചെയ്യുന്ന പ്രയത്നത്തെ ഗീതയിൽ യജ്ഞം എന്ന വകുപ്പിൽ ഉറംപ്പെടുത്തിയിരിക്കുന്നു. തൻെറ ശരീരസംരക്ഷണത്തിനാവശ്യമുള്ളതിൽ കവിഞ്ഞ ആഹാരം കഴിക്കുന്ന ആറം ഒരു മോഷ്ടാവാണു്. എന്തെന്നാൽ, നമ്മളിൽ മിക്കവരും സ്വന്തം ജീവനത്തിനു വേണ്ടത്ര ജോലി ചെയ്യുന്നില്ല. തൻെറ ജീവസന്ധാരണത്തിനു് ആവശ്യമുള്ളതിൽക്കവിഞ്ഞു യാതൊന്നും സ്വീകരിക്കാൻ ഒരാറംക്കു് അവകാശമില്ലെന്നും ഓരോരുത്തക്കും ജീവിക്കാൻ തക്ക പ്രതിഫലം കിട്ടേണ്ടതാണെന്നും ഞാൻ വിശ്വസിക്കുന്നു.

തൊഴിൽവിഭജനം ആവശ്യമില്ലെന്നു് ഇതുകൊണ്ടു വിവക്ഷിക്കപ്പെടുന്നില്ല. മനുഷ്യനു് അത്യാവശ്യമായ എല്ലാ സാധനങ്ങളും നിമ്മിക്കുന്നതിനു ശരീരപ്രയത്നം വേണ്ടതാകയാൽ അത്യാവശ്യപ്പെട്ട എല്ലാ തൊഴിലുകളിലേയും പ്രയത്നം ഭക്ഷണത്തിനുള്ളത്ര യത്നമായി കണക്കാക്കാവുന്നതാണു്. എന്നാൽ തമ്മിൽ പലരും അത്തരം പ്രയത്നം ചെയ്യാത്തതുകൊണ്ടു് ആരോഗ്യം സംരക്ഷിക്കാൻ പ്രത്യേകം വ്യായാമം ചെയ്യേണ്ടിയിരിക്കുന്നു. തൻെറ കൃഷിസ്ഥലത്തു ജോലി ചെയ്യുന്ന ഒരാറംക്കു ശ്വാസോച്ഛ്വാസവ്യായാമമോ മാംസപേശികളെ പ്രവത്തിപ്പിക്കുന്നതിനുള്ള അഭ്യാസമോ ആവശ്യമില്ല. ആരോഗ്യസംരക്ഷണത്തിനുള്ള മററു നിയമങ്ങറം അയാറം പാലിച്ചാൽ അയാറംക്കു് ഒരിക്കലും രോഗം പിടിപെടുകയില്ല.

തല്ക്കാലം ആവശ്യമുള്ളതിൽക്കവിഞ്ഞു് ഒന്നും ഒരിക്കലും ദൈവം സൃഷ്ടിക്കുന്നില്ല. അതുകൊണ്ടു് തനിക്കാവശ്യമുള്ളതിൽക്കൂടു

digitized by www .sreyas.in

തൽ ഒരാൾ സ്വായത്തമാക്കുകയാണെങ്കിൽ അയാൾ തന്റെ അയല്ക്കാരനെ ദാരിദ്ര്യത്തിലേക്കു തള്ളിവിടുകയായിരിക്കും ചെയ്യുക. ലോകത്തിന്റെ പല ഭാഗങ്ങളിലും പട്ടിണിയുണ്ടാകാൻ കാരണം പലരും തങ്ങളുടെ ആവശ്യത്തിൽ വളരെ കൂടുതൽ പിടിച്ചെടുക്കുന്നതാണ്. പ്രകൃതിയുടെ സംഭാവനയെ നമ്മുടെ ഇഷ്ടാനുസരണം വിനിയോഗിക്കാം; എന്നാൽ പ്രകൃതിയുടെ കണക്കുപുസ്തകങ്ങളിൽ കടവും ധനവും എപ്പോഴും തുല്യമാണ്. രണ്ടു കാളത്തിലും മിച്ചമൊന്നും കാണുകയില്ല.

## 30

നിങ്ങൾ ചോദിച്ചേക്കും, ''എന്തിനാണു നമ്മുടെ കൈ ഉപയോഗിക്കുന്നതു്?'' എന്നിട്ടു പറയും: ''കൈകൊണ്ടുള്ള ജോലി ചെയ്യേണ്ടതു് അക്ഷരാഭ്യാസമില്ലാത്തവരാണ്. സാഹിത്യവും രാഷ്ട്രീയലേഖനങ്ങളും വായിച്ചുകൊണ്ടു സമയം കഴിക്കാൻ മാത്രമേ എനിക്കു സാധിക്കുകയുള്ളു.'' വേലയുടെ അന്തസ്സ് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു എന്നാണു തോന്നുന്നതു്. ഒരു ക്ഷുരകനോ ചെരിപ്പുകുത്തിയോ കാളേജ്‌വിദ്യാഭ്യാസത്തിനു പോയാൽ അയാൾ തന്റെ തൊഴിൽ ഉപേക്ഷിക്കാൻ പാടില്ല. ക്ഷുരകന്റെ തൊഴിൽ വൈദ്യന്റെ തൊഴിലിനോളംതന്നെ വിശിഷ്ടമാണെന്നു ഞാൻ കരുതുന്നു.

## 31

ഗ്രാമീണതൊഴിലാളിയുടെ ജീവിതത്തിന്റെ കേന്ദ്രം ചർക്കയായിരിക്കും. ഖാദിയുടെ പിന്നിലുള്ള ഉദ്ദേശം അതു കൃഷിക്കു പൂരകവും തുല്യവ്യാപകവുമായ ഒരു വ്യവസായം ആണെന്നതത്രെ. നമ്മുടെ ഗ്രാമങ്ങളിൽനിന്ന് അലസതയെ ആട്ടിപ്പായിച്ച് ഓരോ ഗ്രാമീണഭവനവും ഉത്സാഹഭരിതമായ തേനീച്ചക്കൂടിനു സമാനമാകുന്നതുവരെ നമ്മുടെ ജീവിതത്തിൽ ചർക്കയെ യോഗ്യമായ സ്ഥാനത്തു പ്രതിഷ്ഠിച്ചതായി പറയാൻ പാടില്ല.

ജോലിക്കാരൻ മുടങ്ങാതെ നൂൽനൂൽക്കുക മാത്രമല്ല, തന്റെ ആഹാരത്തിനുവേണ്ടി മഴവോ മൺവെട്ടിയോകൊണ്ടു വേലചെയ്യുകയും വേണം. ഉറക്കത്തിനും വിശ്രമത്തിനുമായുള്ള എട്ടുമണിക്കൂർ ഒഴിച്ച് ബാക്കി സമയം മുഴുവൻ അയാൾ എന്തെങ്കിലും ജോലി ചെയ്യണം. അയാൾക്കു പാഴാക്കിക്കളയാൻ സമയമുണ്ടാവുകയില്ല. അലസതയ്ക്കു് അയാൾ സ്വയം വശംവദനാകയില്ല; മററുള്ളവരെ

---

30. Speeches and Writings of Mahatma Gandhi, P. 389 (Bread Labour, P. 25)

31. Harijan, 31-8-1934 (Bread Labour, P. 31)

digitized by www .sreyas.in

അതിനു് അനുവദിക്കുകയുമില്ല. അയാളുടെ ജീവിതം, അവിരാമവും ആനന്ദപ്രദവുമായ പരിശ്രമത്തിൽ അയൽക്കാക്കു് എപ്പോഴും ഒരു പാഠമായിരിക്കും. നിർബ്ബന്ധിതമോ സ്വമേധയാ ഉള്ളതോ ആയ അലസത പോകണം. പോയില്ലെങ്കിൽ യാതൊരു സിദ്ധൗഷധവും ഫലിക്കാൻ പോകുന്നില്ല; അർദ്ധപ്പട്ടിണി ഇന്നത്തെപ്പോലെ അയാളുടെ ജീവിതത്തിലെ ഒരു തീരാപ്രശ്നമായി ശേഷിക്കുകയും ചെയ്യും. രണ്ടു ധാന്യം ഭക്ഷിക്കുന്നവൻ നാലെണ്ണം ഉണ്ടാക്കണം. ഈ നിയമം സാവ്വത്രികമായി സ്വീകരിക്കപ്പെടാത്തപക്ഷം ജനസംഖ്യയിൽ എത്ര കുറവു വരുത്തിയാലും പ്രശ്നം പരിഹൃതമാകയില്ല. ഈ നിയമം അംഗീകരിക്കുകയും, ആചരിക്കുകയും ചെയ്യുകയാണെങ്കിൽ ഇനി വരാനിരിക്കുന്ന ലക്ഷക്കണക്കിനോ അതിൽക്കൂടുതലോ ആളുകൾക്കു കഴിഞ്ഞുകൂടാനുള്ള സൗകര്യങ്ങൾ ഉണ്ടാകും.

ഇപ്രകാരം, ഗ്രാമത്തിലെ പ്രവർത്തകൻ പരിശ്രമശീലത്തിൻെറ ഒരു സജീവമൂത്തിയായിരിക്കും.

## 32

''തങ്ങളുടെ നിർബ്ബന്ധിതവിശ്രമവേള എങ്ങനെ വിനിയോഗിക്കണമെന്നറിയാൻ പാടില്ലാത്ത ആളുകളെപ്പററി പ്രതിപാദിക്കാൻ ഞാൻ ഒരുമ്പെടുകയാണു്. ഈ നിർബന്ധിതാലസ്യമാണു് അവരെ ജീവനില്ലാത്ത ശിലകളെപ്പോലെയാക്കിത്തീർത്തതു്. തങ്ങളെ ശല്യപ്പെടുത്താതിരുന്നാൽ മതിയെന്നുണ്ടു് അവരിൽ ചിലക്കു്. അത്ര വലിയ ജാഡ്യം അവരിൽ കുടികൊള്ളുന്നു. അവരുടെ കനം തൂങ്ങുന്ന അലസവേലകളെക്കാൾ വൈചിത്ര്യശൂന്യമല്ലതു്. തങ്ങൾ ഏതാനും നാണയം സമ്പാദിക്കുക മാത്രമല്ല, തങ്ങളുടെയും രാജ്യവാസികളുടെയും ആരോഗ്യം സംരക്ഷിക്കുകകൂടി ചെയ്യുന്നുണ്ടെന്നു് അവർ മനസ്സിലാക്കുമ്പോൾ അതിൻെറ ഏകരൂപതകൊണ്ടുള്ള വിരസത നീങ്ങിക്കൊള്ളും. തീച്ചയായും അതു് ആധുനിക വ്യവസായശാലകളിൽ ജോലി ചെയ്യുന്നതിനേക്കാൾ വിരസമായിരിക്കയില്ല. പുതുതായി എന്തെങ്കിലും നിമ്മിക്കുന്നതിലുള്ള ആനന്ദം നശിപ്പിക്കാത്ത ഏതു തൊഴിലും, എത്രതന്നെ ഏകരൂപമായിരുന്നാലും, വിരസമായിരിക്കയില്ല. ചെരുപ്പുണ്ടാക്കുന്ന ഒരു വലിയ വ്യവസായശാലയിൽ നിങ്ങൾ പോവുക. അവിടെ ചിലർ ചെരുപ്പിൻെറ അടിത്തോലും മററു ചിലർ മുകൾഭാഗവും ഉണ്ടാക്കുന്നതിൽ ഏപ്പെട്ടിരിക്കുന്നതു കാണാം. വേറെ ചിലർ മററു ഭാഗങ്ങൾ നിമ്മിക്കുന്നു. ഇതു മുഷിപ്പൻ ജോലിയാണു്. കാരണം, ഇതിൽ ബുദ്ധി പ്രയോഗിക്കുന്നില്ല. എന്നാൽ മുഴവൻ ചെരുപ്പും തന്നത്താ

32. Harijan, 8-3-1935 (Economic and Industrial Life and Relations, vol. I, P. 100)

digitized by www .sreyas.in

ന്നുണ്ടാക്കുന്ന ചെമ്മാൻെറ ജോലി വൈരസ്യജനകമല്ല. അയാൾക്കു തൻെറ സാമർത്ഥ്യം അതിൽ പ്രകടിപ്പിക്കാൻ കഴിയുന്നതിനു പുറമേ തന്നത്താൻ ഒരു സാധനം സൃഷ്ടിച്ചു സന്തോഷം അനുഭവപ്പെടുകയും ചെയ്യും....അല്ല. പ്രായേണ സർവ്വവും ഒരു ജോലി ഏതു മനോഭാവത്തോടുകൂടി ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഞാൻ എൻെറ വെള്ളം കോരിയും വിറകുവെട്ടുകാരനുമാകുന്നതിൽ എനിക്കു വല്ലായ്മയുണ്ടാവില്ല. എന്നാൽ ആ ജോലി ബുദ്ധിപൂർവ്വകമായിട്ടായിരിക്കണം ഞാൻ ചെയ്യുന്നതു്. മററൊരാളുടെ നിർബ്ബന്ധംകൊണ്ടാവരുത്. ബുദ്ധിപൂർവ്വകമായും, ഏതെങ്കിലും ഉൽകൃഷ്ടമായ ഉദ്ദേശത്തോടുകൂടിയും ചെയ്യുന്ന എല്ലാ തൊഴിലും ഒരു പുനഃസൃഷ്ടികർമ്മവും വിനോദവും ആയിരിക്കും.

ഓരോരുത്തരും എട്ടുമണിക്കൂർ വേലചെയ്തു സന്തുഷ്ടരാകണമെന്നു ഞാൻ അഭിലഷിക്കുന്നു. ജോലിചെയ്യുന്നതിലുള്ള മനോഭാവത്തെ ആശ്രയിച്ചാണ് എല്ലാം സ്ഥിതിചെയ്യുന്നതു്. ദിവസം എട്ടു മണിക്കൂർ സമയത്തെ നിർവ്യാജവും പരിശുദ്ധവുമായ പ്രയത്നം കഴിഞ്ഞാൽ ബുദ്ധിപരമായ പ്രവർത്തനങ്ങൾക്കു് വേണ്ടുവോളം സമയം കിട്ടും. മടിപിടിച്ചും ഉറക്കംതൂങ്ങിയും കഴിയുന്ന അവസ്ഥ ഇല്ലാതാക്കുക എന്നതാണ് എൻെറ ലക്ഷ്യം. ഓരോ ഇൻഡ്യാക്കാരനും തൻെറ നെററി വിയർത്തു് മാസം 20 രൂപാ സമ്പാദിക്കുന്നു എന്നു ലോകത്തോടു വിളിച്ചുപറയാൻ സാധിച്ചാൽ ഞാൻ അതീവ കൃതാർത്ഥനാകും.

## 33

യജ്ഞം ചെയ്യാനുള്ള കർത്തവ്യം ചുമത്തി ബ്രഹ്മാവു് മനുഷ്യരെ സൃഷ്ടിച്ചു; എന്നിട്ടു് അവരോടു പറഞ്ഞു: ''ഇതുകൊണ്ടു നിങ്ങൾ അഭിവൃദ്ധിപ്പെടുക. ഇതു് നിങ്ങളുടെ ആഗ്രഹങ്ങളെ നിറവേററട്ടെ.'' ഗീത പറയുന്നു: ''ഈ യജ്ഞം ചെയ്യാതെ ഭക്ഷിക്കുന്നവൻ മോഷ്ടിച്ച ഭക്ഷണമാണു കഴിക്കുന്നതു്.'' ''നിൻെറ മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കുക,'' എന്നു ബൈബിൾ പറയുന്നു. യജ്ഞങ്ങൾ പലവിധത്തിലാകാം. അതിലൊന്നു ഭക്ഷണത്തിനുവേണ്ടിയുള്ള പ്രയത്നമാണ്. എല്ലാവരും അവരവരുടെ ആഹാരത്തിനുവേണ്ടിമാത്രം പ്രയത്നിച്ചാൽ എല്ലാക്കും ആവശ്യത്തിനുള്ള ആഹാരവും വിശ്രമവും ലഭിക്കും. അങ്ങനെ ആയാൽ ജനപ്പെരുപ്പത്തെപ്പററിയുള്ള മുറവിളിയും രോഗങ്ങളും നമ്മുടെ ചുററും കാണുന്ന ദുരിതങ്ങളും എല്ലാം ഇല്ലാതാകും. അത്തരം അദ്ധ്വാനമാണ് ഏററവും വലിയ യജ്ഞം. ശരീരംകൊണ്ടോ മനസ്സുകൊണ്ടോ മനുഷ്യൻ മററു പല കാര്യങ്ങളും ചെയ്യും; എന്നാൽ

33. Harijan, 29-6-1935 (Economic and Industrial Life and Relations, vol. I, pp. 69—70)

digitized by www .sreyas.in

അതെല്ലാം പൊതുനന്മയ്ക്കുവേണ്ടിയുള്ള സ്നേഹപരമായ പ്രയത്നമായിരിക്കും. അങ്ങനെയാകുമ്പോൾ ധനികനും ദരിദ്രനും, ഉയർന്നവനും താണവനുമില്ല; തൊടാവുന്നവനും തൊട്ടുകൂടാത്തവനും ഉണ്ടായിരിക്കയില്ല.

ഇതു് അപ്രാപ്യമായ ഒരാദർശമായിരിക്കാം. എന്നാൽ ആ കാരണംകൊണ്ടു് നാം അതിലേക്കുള്ള പരിശ്രമം ഉപേക്ഷിക്കേണ്ട ആവശ്യമില്ല. യജ്ഞത്തിൻെറ നിയമങ്ങൾ—അതായതു് നമ്മുടെ ജീവിതത്തിൻെറ നിയമങ്ങൾ, പൂർണ്ണമായി നിറവേററുന്നില്ലെങ്കിൽ പോലും, നമ്മുടെ ദൈനംദിനാഹാരത്തിന്നു വേണ്ടത്ര ശരീരയത്നം ചെയ്യുമെങ്കിൽ, നാം ആദർശപ്രാപ്തിക്കായുള്ള മാർഗ്ഗത്തിൽ വളരെ ദൂരം മുന്നേറിക്കഴിയും.

അപ്രകാരം ചെയ്താൽ നമ്മുടെ ആവശ്യങ്ങൾ പരിമിതവും ആഹാരം ലളിതവുമാകും. അപ്പോൾ നമ്മൾ ജീവിക്കാനായി ഭക്ഷിക്കുകയല്ലാതെ ഭക്ഷിക്കാനായി ജീവിക്കുകയില്ല. ഈ പ്രസ്താവനയുടെ സൂക്ഷ്മതയെപ്പററി സംശയം തോന്നുന്നയാൾ തൻെറ ഭക്ഷണത്തിനുവേണ്ടി വിയർത്തു പണിയെടുക്കട്ടെ. എന്നാൽ തൻെറ പ്രയത്നഫലം അയാൾക്കു് അത്യന്തം രുചികരമായി അനുഭവപ്പെടും; താൻ കഴിച്ചുവന്ന ആഹാരസാധനങ്ങളിൽ പലതും ആവശ്യത്തിൽ കവിഞ്ഞതായിരുന്നെന്നു ബോദ്ധ്യമാവുകയും ചെയ്യും.

മനുഷ്യർക്കു ബുദ്ധിപരമായ പ്രയത്നംമൂലേന ആഹാരം സമ്പാദിച്ചുകൂടേ? പാടില്ല. ശരീരത്തിൻെറ ആവശ്യം ശരീരംകൊണ്ടുതന്നെ നിർവ്വഹിക്കണം. 'സീസറിനു് അവകാശപ്പെട്ടതു സീസറിനു കൊടുത്തേക്കുക' എന്ന ചൊല്ലു് ഇക്കാര്യത്തിൽ ശരിക്കു യോജിക്കുന്നതാണു്.

കേവലം മാനസികമായ, അതായതു് ബുദ്ധിപരമായ, പ്രയത്നം ആത്മാവിനും അതിൻെറ സംതൃപ്തിക്കുംവേണ്ടിയുള്ളതാണു്. ഒരിക്കലും അതിന്നു് പ്രതിഫലം ആവശ്യപ്പെടാൻ പാടില്ല. ഒരു മാതൃകാരാജ്യത്തു് വൈദ്യൻ, വക്കീൽ തുടങ്ങിയവർ സമുദായത്തിൻെറ നന്മയ്ക്കുവേണ്ടിയല്ലാതെ തങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയില്ല. ഭക്ഷണത്തിനുവേണ്ടിയുള്ള പ്രയത്നം സംബന്ധിച്ച നിയമം അനുസരിക്കുന്നതുമൂലം സമുദായഘടനയിൽ ഒരു നിശ്ശബ്ദവിപ്ലവമുണ്ടാകും. ജീവിതമത്സരത്തിൻെറ സ്ഥാനത്തു പരസ്പരസേവനത്തിനുള്ള മത്സരം പുലർത്തുന്നതാണു് മനുഷ്യൻെറ വിജയം. അങ്ങനെയായാൽ മൃഗീയനിയമത്തിൻെറ സ്ഥാനം മനുഷ്യനിയമം കരസ്ഥമാക്കും.

ഗ്രാമങ്ങളിലേക്കു തിരികെപ്പോവുക എന്നതിൻെറ അർത്ഥം ആഹാരത്തിനുവേണ്ടി പ്രയത്നിക്കുകയെന്ന കർത്തവ്യത്തെയും അ

digitized by www .sreyas.in

തോട്ട ബന്ധപ്പെട്ട സകലതിനേയും സ്വയമേവ അംഗീകരിക്കുക എന്നാണ്. എന്നാൽ ''ഭാരതത്തിന്റെ ലക്ഷക്കണക്കിനുള്ള സന്താനങ്ങരം ഇന്ന് ഗ്രാമത്തിലാണ താമസിക്കുന്നതെങ്കിലും അവർ അർദ്ധപ്പട്ടിണിയിൽ കഴിയുകയാണ്''' എന്ന ഒരു നിരൂപകൻ പറയുന്നു. ഇതു വെറും സത്യം മാത്രമാണ്. ഭാഗ്യവശാൽ, സ്വമേധയാ തങ്ങളുടെ വിധിക്ക് അവർ കീഴടങ്ങിയിരിക്കയല്ലെന്ന് നമുക്കറിയാം. തരംകിട്ടുമെങ്കിൽ അവർ ശരീരാദ്ധ്വാനം ഉപേക്ഷിക്കുകയും, തങ്ങരംക്ക കഴിഞ്ഞുകൂടാൻ സൗകര്യം ലഭിക്കുന്നപക്ഷം അടുത്ത നഗരത്തിലേക്ക തള്ളിക്കേറുകയും ചെയ്യും. ഒരു യജമാനനോടുള്ള നിർബന്ധിതമായ അനുസരണം ഒരുതരം അടിമത്തമാണ്. എന്നാൽ ഒരു പിതാവിനോട് സ്വമനസ്സാലെയുള്ള അനുസരണം പുത്രത്വത്തിന്റെ മഹത്ത്വത്തെ കുറിക്കുന്നു. അതുപോലെ ഭക്ഷണത്തിനുവേണ്ടിയുള്ള പ്രയത്നത്തിന്റെ നിയമത്തെ നിർബന്ധിതമായി അനുസരിക്കുക എന്നതു് ദാരിദ്ര്യം രോഗം അസംതൃപ്തി എന്നിവ വളർത്തുന്നു. ആ അനുസരണം ഒരുതരം അടിമത്തമാണ്. സ്വേച്ഛാനുസാരമായ അനുസരണ സംതൃപ്തിയും ആരോഗ്യവും കൈവരുത്തും. വെള്ളിയുടേയും സ്വർണ്ണത്തിന്റേയും വിലയല്ലാ ആരോഗ്യമാണ് യഥാർത്ഥസമ്പത്തു്. ഗ്രാമവ്യവസായസംഘം, ഭക്ഷണത്തിനുവേണ്ടി സ്വമനസ്സാലെയുള്ള അദ്ധ്വാനത്തിന്റെ ഒരു പരീക്ഷണമാണ്.

## 34

വിശ്രമാവസരം ധാരാളം ലഭിക്കുന്നവരെല്ലാം—ശരീരാദ്ധ്വാനം ചെയ്യുന്നവരും ബുദ്ധിപരമായി പ്രവർത്തിക്കുന്നവരും—ആ അവസരത്തെ എത്രയു് നന്നായിട്ടല്ല ഉപയോഗിക്കുന്നതെന്ന നമുക്കറിയാം. യഥാർത്ഥത്തിൽ നാം മിക്കവാറും കാണുന്നതു് മടിയന്റെ മനസ്സ പിശാചിന്റെ തൊഴിൽശാലയായി മാറുന്നതായിട്ടാണ്.

അതു് (രണ്ടു മണിക്കൂർ ശരീരപ്രയത്നത്തിനും ആറു മണിക്കൂർ ബുദ്ധിപരമായ പ്രവർത്തനങ്ങരംക്കമായി ദിവസത്തെ വിഭജിക്കുന്നതു്) പ്രായോഗികമാണോ എന്ന എനിക്ക നിശ്ചയമില്ല. ഞാൻ അതിനെപ്പററി ഗണിതശാസ്ത്രാടിസ്ഥാനത്തിൽ കണക്കുകൂട്ടി നോക്കിയിട്ടില്ല. എന്നാൽ ബുദ്ധിപരമായ അദ്ധ്വാനം ഒരാരം രാഷ്ട്രത്തിനുവേണ്ടിയല്ലാതെ ലാഭത്തിനുവേണ്ടിമാത്രം ചെയ്യുകയാണെങ്കിൽ ഈ പദ്ധതി തകർന്നുപോകുമെന്ന് എനിക്ക നിശ്ചയമുണ്ട്. അങ്ങനെ തകരാതിരിക്കണമെങ്കിൽ ഗവണ്മെൻറ് ആ രണ്ടുമണിക്കൂർ പ്രയത്നത്തിന് അയാരംക്ക നല്ല പ്രതിഫലം കൊടുക്കുകയും മറേറ ജോലി പ്രതിഫലം കൊടുക്കാതെ അയാളെക്കൊണ്ടു ചെയ്യിക്കുകയും വേണം. അതൊരു നല്ല കാര്യമായിരിക്കും; എന്നാൽ

34. Harijan, 1-8-1936 (Bread Labour P. 23)

digitized by www .sreyas.in

ത്തു ഗവൺമെൻറു നടപ്പാക്കുന്ന ഒരു നിർബന്ധിതസേവനവ്യവസ്ഥയുണ്ടെങ്കിലേ സാദ്ധ്യമാകൂ.

അതു് (ഗാന്ധിജി ചെയ്യുന്ന ജോലി) നിർബന്ധിതജോലിയാണു്; ജോലിക്കാരനു് അതു വിശ്രമമനുവദിക്കുന്നില്ല. ഉദാഹരണത്തിനു്, അതു് ഞാൻ ടെന്നീസ് കളിക്കാൻ പോകുന്നെങ്കിൽ എങ്ങനെ ആകുമായിരുന്നോ അതുപോലെയാണെന്നു പറയാം. എന്നാൽ എൻെറ കാര്യം വച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു, നാം കൈകൊണ്ടു് എട്ടുമണിക്കൂർ വേല ചെയ്താൽ നമ്മുടെ മനോഭാവം വളരെയധികം നന്നാകുമെന്നു് എനിക്കു നിശ്ചയമുണ്ടെന്നു്. അലസത കലർന്ന ഒററ വിചാരംപോലും നമുക്കുണ്ടാവുകയില്ല; എൻെറ മനസ്സും അലസചിന്തകളിൽനിന്നും പൂർണ്ണമായി വിമുക്തമല്ലെന്നു ഞാൻ സമ്മതിക്കുന്നു. ഇപ്പോഴും ഞാൻ ഈ വിധത്തിൽ കഴിയുന്നതു് വളരെ ചെറുപ്പത്തിലെതന്നെ ശരീരപ്രയത്നത്തിൻെറ വില ഞാൻ മനസ്സിലാക്കിയതുകൊണ്ടാണു്.

''ശരീരപ്രയത്നത്തിനു് ഇത്രമാത്രം നൈസർഗ്ഗികഗുണമുണ്ടെങ്കിലും, നമ്മുടെ ആളുകൾ എട്ടു മണിക്കൂറിൽ കൂടുതൽ ജോലിചെയ്തിട്ടും അവരുടെ മനസ്സിൻെറ പരിശുദ്ധിക്കും വീര്യത്തിനും പറയത്തക്ക മേന്മയുണ്ടായിക്കാണുന്നില്ല.''

ശരീരാദ്ധ്വാനം സ്വതേ ഒരു വിദ്യാഭ്യാസമല്ല, കേവലം മാനസികപ്രയത്നം ഒരു വിദ്യാഭ്യാസമല്ലാത്തതുപോലെതന്നെ. ഈ ഈ വസ്തുത അറിയാത്തതുകൊണ്ടു്, നമ്മുടെ ആളുകൾക്കു് ഇതു ക്ലേശകരമായ ഒരേർപ്പാടായി തോന്നിയിട്ടുണ്ടു്. അതു് ഒരാളുടെ സഹജവാസനകളെ മരവിപ്പിക്കുന്നു. ആ വിഷയത്തിലാണു് സവർണ്ണഹിന്ദുക്കളുടെ പേരിൽ എനിക്കു ഏററവും കൂടുതൽ പരാതിയുള്ളതു്. അവരാകട്ടെ, കൂലിവേലക്കാർക്കു തങ്ങളുടെ ജോലിയിൽ ഒരു സന്തോഷം തോന്നാതെയും അതിൽ അവർക്കു താല്പര്യമില്ലാതെയും ആക്കുകയും ജോലി ക്ലേശഭൂയിഷ്ഠമായി അനുഭവപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ആ പാവങ്ങളെയും സവർണ്ണരോടൊപ്പം സമുദായത്തിൽ സ്ഥാനമുള്ളവരായി ഗണിച്ചിരുന്നെങ്കിൽ, ഏററവും അഭിമാനകരമായ ഒരു നില അവർക്കുണ്ടായിരുന്നേനേ. ഇതു കലിയുഗമാണെന്നാണു സങ്കല്പം. സത്യയുഗത്തിൽ അഥവാ സുവർണ്ണകാലത്തു്—പേരെന്തെങ്കിലുമാകട്ടെ—സമുദായത്തിൽ ഇന്നത്തെക്കാരം മെച്ചപ്പെട്ട വ്യവസ്ഥിതിയുണ്ടായിരുന്നു. സംസ്കാരങ്ങൾ ഉണ്ടാവുകയും നശിക്കുകയും ചെയ്തിട്ടുള്ള ഒരു പുരാതനരാജ്യമാണു നമ്മുടേതു്. ഒരു പ്രത്യേക കാലത്തു നമ്മൾ എങ്ങനെയായിരുന്നു എന്നു പറയുക പ്രയാസമാണു്. എന്നാൽ ശൂദ്രരെ നാം വളരെക്കാലം അവഗണിക്കുക കാരണമാണു് നമുക്കു് ഇന്നത്തെ സ്ഥിതി വന്നുചേർന്നതു്. ഇപ്പോഴത്തെ ഗ്രാമീണസംസ്കാരം—അതിനു സംസ്കാരമെന്നു

digitized by www .sreyas.in

പേർ പറയാമെങ്കിൽ—അതിദാരുണമായ ഒന്നാണു്. ഗ്രാമീണർ മൃഗങ്ങളെക്കാരം താണനിലയിലാണു ജീവിക്കുന്നതു്. മൃഗങ്ങളെ പ്രകൃതിക്കനുസരണമായി പ്രവർത്തിക്കാനും ജീവിക്കാനും പ്രകൃതി തന്നെ നിർബന്ധിക്കുന്നു. നമ്മുടെ തൊഴിലാളികരംക്ക പ്രകൃതി ക്കനുസരണമായി വേലചെയ്തു ജീവിക്കാൻ വയ്യാത്ത വിധത്തിൽ നാം അവരെ അധഃപതിപ്പിച്ചിരിക്കുന്നു. നമ്മുടെ ജനങ്ങരം ബു ദ്ധിപൂർവ്വവും സന്തോഷസമേതവും പ്രയത്നിച്ചിരുന്നെങ്കിൽ, ഇന്ന ത്തെ നമ്മുടെ സ്ഥിതി വളരെ വ്യത്യസ്തമായിരുന്നേനെ.

## 35

പ്രയത്നം കൂടാതെയുള്ള അഥവാ പ്രയത്നത്തിന്റെ ഫലമായു ണ്ടാകാത്ത സംസ്കാരം, ഒരു റോമൻ കത്തോലിക്കാ ഗ്രന്ഥകാരൻ പ റയുന്നതുപോലെ, മനംമടുപ്പിക്കുന്ന ഒന്നാണു്. റോമാക്കാർ സുഖ ലോലുപത ഒരു പതിവാക്കിയതു കാരണം നശിക്കാനിടയായി. സദാ എഴുതുകയും വായിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതു കൊണ്ടു മനുഷ്യനു ബുദ്ധി വികസിപ്പിക്കാൻ കഴിയുകയില്ല. എന്റെ വായനയെല്ലാം ഞാൻ ജയിലിൽ കിടന്നപ്പോരം ലഭിച്ച വിശ്രമവേളകളിലായിരുന്നു. അടുക്ക തെററാതെയും ഒരു ലക്ഷ്യ ത്തോടുംകൂടി അതു ചെയ്തിരുന്നതിനാൽ എനിക്കു് അതുകൊണ്ടു പ്രയോജനമുണ്ടായി. ശാരീരികമായ ജോലി പ്രതിദിനം എട്ടു മ ണിക്കൂർ വീതം അനേക ദിവസങ്ങളും മാസങ്ങളും ഞാൻ ചെയ്തെ ങ്കിലും, മാനസികമായ ഒരധഃപതനം എനിക്കുണ്ടായതായിത്തോ ന്നുന്നില്ല. ഞാൻ കൂടക്കൂടെ ദിവസം നാല്പതു മൈലോളം നടന്നി ട്ടുണ്ടു്. എന്നിട്ടും ഒരുന്മേഷക്കുറവും എനിക്കു് അനുഭവപ്പെട്ടിട്ടില്ല.

## 36

സത്യസന്ധമായി പണം സമ്പാദിക്കണമെന്നുദ്ദേശ്യമുള്ള ഒ രാരംക്ക യാതൊരു തൊഴിലും നികൃഷ്ടമല്ല. ദൈവം തന്നിട്ടുള്ള കൈയും കാലും ഉപയോഗിക്കാനുള്ള സന്നദ്ധത മാത്രമേ ആവശ്യ മുള്ളു.

## 37

തൊഴിലിനോടു് അവജ്ഞ കാട്ടുകയും, തന്മൂലം അതിനോടു് അശ്രദ്ധ ഭാവിക്കുകയും ചെയ്തപ്പോരം മുതൽ ദുരിതംപിടിച്ച ഈ രാജ്യത്തു് ഒരു ദുർദ്ദിനം ഉദയംചെയ്തു. മണ്ണിന്റെ മക്കളായ ലക്ഷ

35. Harijan, 1-8-1936

36. Harijan, 19-12-1936 (Economic and Industrial Life and Relations, vol. I, P. XXXIV)

37. Harijan, 7-5-1939 (Cent per Cent Swadeshi, P. 38)

digitized by www .sreyas.in

കണക്കിനുള്ള ആളുകളുടെ പരിശ്രമത്തിന്റെ ഫലമാണ് ഈ ഭൂമിയുടെ നിലനില്പുതന്നെ എന്നിരിക്കെ, ആ ആളുകളെ താണതരക്കാരായി ഗണിക്കുകയും ഒരു ചെറിയ ന്യൂനപക്ഷമായ തൊഴിലില്ലാത്ത ജനവിഭാഗം വിശേഷാവകാശങ്ങളുള്ള ഒരു വർഗ്ഗമായിത്തീരുകയും ചെയ്തതോടെ ഇൻഡ്യയ്ക്കു സാന്മാർഗ്ഗികമായും ഭൗതികമായുമുള്ള അധഃപതനം വന്നുചേർന്നു. ഈ രണ്ടിൽ ഏതാണു കൂടുതൽ നാശമുണ്ടാക്കിയതെന്നു നിശ്ചയിക്കുക പ്രയാസമെന്നല്ല അസാദ്ധ്യംതന്നെ. എന്നാൽ കൃഷിക്കാരെയും കരകൗശലത്തൊഴിലാളികളെയും കുററകരമായി അവഗണിച്ചതാണു നമ്മെ പാപ്പരത്തത്തിലേക്കും ജാഡ്യത്തിലേയ്ക്കും സ്വാഭാവികമായ അലസതയിലേയ്ക്കും കൊണ്ടുവിട്ടത്. മനോജ്ഞമായ ശീതോഷ്ണാവസ്ഥ, ഉന്നതങ്ങളായ പർവ്വതനിരകൾ, ഗംഭീരങ്ങളായ നദികൾ, ദൈർഘ്യമേറിയ കടലോരങ്ങൾ എന്നിവയോടുകൂടിയ അനന്തമായ വിഭവങ്ങൾ ഇൻഡ്യയ്ക്കുണ്ട്; ഈ വിഭവങ്ങളെ ചൂഷണംചെയ്താൽ ഗ്രാമങ്ങളിൽ ദാരിദ്ര്യവും രോഗങ്ങളും കൂടാതെ കഴിക്കാമായിരുന്നു.

## 38

മുപ്പത്തിനാലു വർഷം തുടർച്ചയായി സത്യത്തിലും അഹിംസയിലുമുള്ള പരിചയവും പരീക്ഷണവുംകൊണ്ട് എനിക്കു ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടുള്ളത്, അഹിംസയെ ബോധപൂർവ്വമുള്ള ശരീരപ്രയത്നത്തോടു ബന്ധപ്പെടുത്തുകയും നമ്മുടെ അയൽക്കാരനുമായുള്ള നിത്യസമ്പർക്കത്തിൽ തെളിയിക്കുകയും ചെയ്തില്ലെങ്കിൽ അഹിംസ നിലനിറുത്തുക സാദ്ധ്യമല്ലെന്നാണ്. ഇതാണു നിർമ്മാണപരമായ പരിപാടി. അത് ഒരു ലക്ഷ്യമല്ല; ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു മാർഗ്ഗമാണ്. തന്മൂലം അതു മിക്കവാറും ലക്ഷ്യമായി മാററാവുന്നതുമാണ്. അഹിംസാത്മകമായ പ്രതിരോധത്തിനുള്ള ശക്തി നിർമ്മാണപരമായ പരിപാടിയുടെ സത്യസന്ധമായ പ്രവർത്തനംകൊണ്ടുമാത്രമേ ഉണ്ടാവുകയുള്ളൂ.

## 39

ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നമെന്ന തത്ത്വത്തെപ്പററി എന്തോ ചിന്താക്കുഴപ്പമുണ്ടെന്നു തോന്നുന്നു. അത് ഒരിക്കലും സാമൂഹ്യസേവനത്തിനു് എതിരല്ല. ആഹാരത്തിനുവേണ്ടി ബുദ്ധിപൂർവ്വം ചെയ്യുന്ന യത്നം ഏതുകാലത്തും ഏററവും ഉയന്ന രീതിയിലുള്ള സാമൂഹ്യസേവനമാണ്. രാജ്യത്തിലെ ഉപയോഗപ്രദമായ

38. Harijan, 27-1-1940

39. Harijan, 23-2-1917 (Economic and Industrial Life and Relations, vol. I., pp. 77,79)

digitized by www .sreyas.in

സ്വത്തിനെ തന്റെ വ്യക്തിപരമായ പ്രയത്നത്താൽ വദ്ധിപ്പിക്കുന്നതിനേക്കാരം നല്ലതായി ഒരു മനുഷ്യന് എന്താണു ചെയ്യാനുള്ളത്? 'അസ്തിത്വം' പ്രയത്നമാണ്.

പ്രയത്നത്തിനു 'ബുദ്ധിപൂർവ്വം' എന്ന വിശേഷണം ചേർത്തിരിക്കുന്നതു്, പ്രയത്നം സമുദായസേവനമാകണമെങ്കിൽ നിശ്ചിതമായ ആ ഉദ്ദേശം അതിന്റെ പിന്നിലുണ്ടാവണം എന്നുള്ളതുകൊണ്ടാണ്. അല്ലെങ്കിൽ എല്ലാ തൊഴിലാളിയും സമുദായസേവനമനുഷ്ഠിക്കുന്നവനാണെന്നു പറയാൻ കഴിഞ്ഞേക്കും. ഒരുകണക്കിനു അയാരം അതുതന്നെ ചെയ്യുന്നു എന്നു പറയാം; എന്നാൽ ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് അതിലും ഉപരിയായ ചില സംഗതികളാണ്. എല്ലാവരുടേയും പൊതുനന്മയ്ക്കായി പ്രയത്നിക്കുന്ന ഒരാരം സമുദായത്തെ സേവിക്കുന്നതു കൂടാതെ അയാരംക്കു കിട്ടുന്ന കൂലിക്കു് അർഹനാവുകയും ചെയ്യുന്നു. അതുകൊണ്ടു് ആഹാരത്തിനുവേണ്ടിയുള്ള ആമാതിരി തൊഴിൽ സമുദായസേവനത്തിൽ നിന്നും ഭിന്നമല്ല. മനുഷ്യരാശി തങ്ങരംക്കോ തങ്ങളുടെ കുടുംബങ്ങരംക്കോവേണ്ടി ചെയ്യുന്നതു് ഒരു സമുദായസേവകൻ പൊതുനന്മയ്ക്കായി ചെയ്യുന്നു. *ഈ ഏഴു് അംഗങ്ങരംക്കും തങ്ങളുടെ ആഹാരത്തിനുവേണ്ടി ദാസ്യവൃത്തി അനുഷ്ഠിക്കുന്നതിനല്ലാതെ സേവനത്തിനു സമയം കിട്ടുന്നില്ല. അവരുടെ ജോലിയിൽ അവർ സമർത്ഥന്മാരായിരുന്നെങ്കിൽ ഈ സ്ഥിതി വരണമെന്നില്ല. യഥാർത്ഥത്തിൽ അവർ സമർത്ഥരല്ല. പാടത്തെ പണിക്കാരെന്നു നിലയ്ക്കു് അവർ മററു തൊഴിലാളികളോടു കിടനില്ക്കാൻ പ്രാപ്തരല്ല. കരകൗശലങ്ങളിലും അവർ വേണ്ടത്ര അഭ്യാസമില്ലാത്തവരാണ്. തന്റെ ഉപകരണങ്ങരംകൊണ്ടു ബുദ്ധിപൂർവ്വം വേലചെയ്താൽ ഒരു നൂൽനൂല്പുകാരനു് ഒരു നിശ്ചിതസമയത്തിനുള്ളിൽ ഇരട്ടി ജോലി ചെയ്തുതീർക്കാൻ കഴിയുമെന്നു ദൈവാധീനംകൊണ്ടു് ഇപ്പോരം ഒരു തൊഴിലാളിക്കറിയാം. അതിന്റെ അത്ഥം ചക്രയിൽനിന്നുള്ള ആദായം ഇരട്ടിക്കുന്നു എന്നാണ്. മിക്ക സംഗതികളെ സംബന്ധിച്ചും ഇതു ശരിയാണ്. കൃഷിപ്പണിയിൽ കാർഷികോപകരണങ്ങളുപയോഗിച്ചു നേടാവുന്ന അഭിവൃദ്ധി വളരെ അധികമാണ്; പ്രകൃതി പ്രതികൂലമല്ലെങ്കിൽ, കർഷകനു് ഇപ്പോരം ജോലി ചെയ്യുന്ന സമയംകൊണ്ടു തന്റെ ആദായം നാലുമടങ്ങു വദ്ധിപ്പിക്കാൻ സാധിക്കും. ഇതിൽനിന്നു മനസ്സിലാക്കേ

---

* ഏതാനും സഹപ്രവർത്തകരുടെ സഹായത്തോടുകൂടി ഏഴംഗങ്ങളുള്ള ഒരാശ്രമം നടത്തിയിരുന്ന ഒരു പ്രവർത്തകൻ തനിക്കും കൂട്ടുകാർക്കും ജീവികാസമ്പാദനത്തിൽ നേരിടുന്ന ക്ലേശങ്ങളെക്കുറിച്ച് ശ്രീ കിശോർലാൽ മശ്രുവാലയ്ക്ക് എഴുതിയ ഒരു കത്തിനെ പരാമർശിച്ചുകൊണ്ട് ഗാന്ധിജി എഴുതിയ ഒരു ലേഖനത്തിൽനിന്നാണ് ഈ ഭാഗം.

digitized by www .sreyas.in

ണ്ടതു് ഇത്രയും ആദായത്തിനുവേണ്ടി ഇപ്പോൾ ചെയ്യുന്നിടത്തോളം ജോലി അയാൾ ചെയ്യേണ്ട ആവശ്യമില്ലെന്നാണ്. അതുകൊണ്ടു് ആ ജോലിക്കാർ അവരുടെ തൊഴിലിൽ പ്രാവീണ്യം സമ്പാദിച്ചുകഴിഞ്ഞാൽ അവർക്കു ചുരുങ്ങിയ സമയംകൊണ്ടു ജീവിക്കാൻ വേണ്ടതുണ്ടാക്കാൻ പ്രാപ്തിവരുന്നതിനും പുറമേ പൊതുസേവനം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ട കഴിവു ശേഷിക്കുന്നതുമാണ്. ഗൃഹസ്ഥരെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം ഏറെക്കുറെ സങ്കീർണ്ണമാകുന്നുണ്ടു്. അവർക്കു പലതരം ചെലവുകൾ വഹിക്കേണ്ടിവരുമെന്നുള്ളതാണ് അതിനു കാരണം; എന്നാൽ ത്യാഗസന്നദ്ധതയുള്ള ഒരു ജോലിക്കാരന്റെ മാസംതോറുമുള്ള ആവശ്യങ്ങൾക്കു നാലു രൂപാ മതിയാകുമെങ്കിൽ ആ നാലു രൂപയ്ക്കുള്ള ജോലി കഴിഞ്ഞാൽ പിന്നെയും ധാരാളം സമയം ശേഷിച്ചുകിട്ടുന്നതാണ്

ബുദ്ധിപരമായ പ്രവൃത്തി പ്രാധാന്യമേറിയതും അതിനു ജീവിതപദ്ധതിയിൽ സുസമ്മതമായ ഒരു സ്ഥാനമുള്ളതുമാണ്. എന്നാൽ, ഞാൻ നിർബ്ബന്ധപൂർവ്വം ആവശ്യപ്പെടുന്നതു ശരീരംകൊണ്ടുള്ള പ്രവൃത്തി നിശ്ചയമായും ചെയ്യണമെന്നാണ്. ഒരു മനുഷ്യനെയും ആ കർത്തവ്യത്തിൽനിന്നും ഒഴിവാക്കാൻ പാടില്ലെന്നു ഞാൻ വാദിക്കുന്നു. ശരീരപ്രയത്നംകൂടി ചെയ്യുന്നവനു് തന്റെ ബുദ്ധിപരമായ ജോലിയുടെ ഗുണംപോലും മെച്ചപ്പെടുത്താൻ കഴിയും. പുരാതനകാലങ്ങളിൽ ബ്രാഹ്മണർ മനസ്സുകൊണ്ടെന്നപോലെ ശരീരംകൊണ്ടും പ്രവർത്തിച്ചിരുന്നു എന്നു ധൈര്യസമേതം പറയാം. അവർ അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽത്തന്നെ ഇക്കാലത്തു ശരീരാദ്ധ്വാനം ഒഴിച്ചുകൂടാൻപാടില്ലാത്ത അതിപ്രധാനമായ ഒരാവശ്യമായിത്തീർന്നിട്ടുണ്ടു്.

## 40

ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ പണിയെടുത്തു ജീവിച്ചെങ്കിൽ ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു. അസാമാന്യമായ ബുദ്ധിപ്രഭാവം പ്രത്യേകപരിഗണന അർഹിക്കുന്നില്ല. ഓരോ ആളും തന്റെ ആഹാരത്തിനുവേണ്ടി ശരീരപ്രയത്നം ചെയ്യുകയാണെങ്കിൽ കവികൾ, ഭിഷക്കുകൾ, അഭിഭാഷകന്മാർ തുടങ്ങിയവർ അവരുടെ വിശേഷസിദ്ധികളെ മനുഷ്യരാശിയുടെ നന്മയ്ക്കായി പ്രതിഫലേച്ഛകൂടാതെ വിനിയോഗിക്കുന്നതു തങ്ങളുടെ കർത്തവ്യമായി കരുതുമായിരുന്നു. സ്വധർമ്മത്തിലുള്ള സ്വാർത്ഥരഹിതമായ താല്പര്യം കാരണം അവരുടെ പ്രവൃത്തിയുടെ ഫലം ഉത്കൃഷ്ടവും കൂടുതൽ ധന്യവുമാകും.

---

40. Harijan, 3-3-1947 (Bread Labour, P. 28)

digitized by www .sreyas.in

## 41

ആഹാരത്തിനുവേണ്ടി അദ്ധ്വാനിക്കുകയെന്നതിന്റെ സാമ്പത്തികശാസ്ത്രം ജീവിതത്തിന്റെ സജീവമാർഗ്ഗമാണ്. ഓരോരുത്തനും ആഹാരത്തിനും വസ്ത്രത്തിനുംവേണ്ടി ശരീരപ്രയത്നം ചെയ്യണമെന്നാണ് അതിന്റെ സാരം. ആഹാരസമ്പാദനയത്നത്തിന്റെ മാഹാത്മ്യവും ആവശ്യവും ജനങ്ങളെ പറഞ്ഞു ബോധ്യപ്പെടുത്താൻ അയാൾക്കു കഴിയുമെങ്കിൽ ആഹാരത്തിന്റെയും വസ്ത്രത്തിന്റെയും കുറവ് ഒരിക്കലും ഉണ്ടാവുകയില്ല. ഭൂമിയിൽ വേലചെയ്യുകയോ നൂൽനൂൽക്കുകയോ നെയ്യുകയോ ചെയ്യാതിരിക്കുന്നവർ പട്ടിണി കിടക്കുകയും നഗ്നരായി സഞ്ചരിക്കുകയും ചെയ്യണമെന്നു ദൃഢമായി അവരോടു പറയാൻ അയാൾ മടിക്കുകയില്ല. ഇൻഡ്യ ഒന്നാകെ പട്ടിണിയുടെയും നഗ്നതയുടെയും വക്കിലെത്തിക്കഴിഞ്ഞു എന്ന് അവർ പത്രങ്ങളിൽ വായിക്കുന്നുണ്ട്. അയാൾ നിർദ്ദേശിക്കുന്ന പദ്ധതി അവർ സ്വീകരിക്കുകയാണെങ്കിൽ ഇൻഡ്യയിലെ സാമാന്യജനങ്ങൾ ഉല്പാദിപ്പിക്കുന്ന ഭക്ഷണവും ഖാദിയും വേണ്ടുവോളമായിത്തീരും. ഭൂമിയെ ബുദ്ധിപൂർവ്വം ഉപയോഗിക്കുന്നതിൽ അവരെ സഹായിക്കുകയും, നൂൽനൂൽക്കാനും നെയ്യാനുമുള്ള ഉപകരണങ്ങളും ജോലി പരിശീലിപ്പിക്കാനുള്ള ആളുകളേയും അവർക്കുണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതു് നിശ്ചയമായും ആവശ്യമാണ്.

## 42

ആരോഗ്യവാനായ ഓരോ വ്യക്തിയും തന്റെ ആഹാരത്തിനു വേണ്ടി പ്രയത്നിക്കേണ്ടതും അയാളുടെ ബുദ്ധിപരമായ കഴിവുകൾ ജീവസന്ധാരണത്തിനോ ധനസമ്പാദനത്തിനോ ഉപയോഗിക്കാതെ മനുഷ്യസേവനത്തിനായിമാത്രം വിനിയോഗിക്കേണ്ടതുമാണ്.

യന്ത്രങ്ങളും കൃത്രിമവളങ്ങളും ഉപയോഗിച്ചു കൃഷിയിലുള്ള വിളവും അതേമാതിരി വ്യവസായോല്പന്നങ്ങളും വർദ്ധിപ്പിക്കുന്നു എന്നുള്ള യാഥാർത്ഥ്യം ഈ നിയമത്തെ ദുർബ്ബലപ്പെടുത്തുന്നില്ല. പ്രകൃതിശക്തിയെ രൂപാന്തരപ്പെടുത്തുന്നു എന്നുമാത്രമേ അതിനർത്ഥമുള്ളു. നാം എത്ര ശ്രമിച്ചാലും ശേഷിക്കുന്നതു് എല്ലായ്പ്പോഴും ശൂന്യമാണ്.

---

41. Harijan, 7-9-1947 (Economic and Industrial life and Relations, vol. I. P. 95)

42. Harijan, 11-4-1948 (Economic and Industrial Life and Reations vol. I, P. 81. First para is taken from the 'Bread Labour' P. 32)

digitized by www .sreyas.in

## 43

ബുദ്ധിവികാസം എന്നതിനു പ്രപഞ്ചത്തെ സംബന്ധിക്കുന്ന വസ്തുതകളെക്കുറിച്ചുള്ള വിജ്ഞാനം എന്നാണു സാധാരണ അർത്ഥം കല്പിക്കുന്നതു്. അത്തരം അറിവു് ആശ്രമവിദ്യാർത്ഥികൾക്കു് അത്യദ്ധ്വാനം ചെയ്തു് നല്കുന്നില്ലെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ ബുദ്ധിശക്തിയുടെ പുരോഗതികൊണ്ടു ഗ്രഹണശക്തിയും കാര്യാകാര്യവിവേചനവുമാണുണ്ടാകുന്നതെങ്കിൽ അതിനുള്ള സൗകര്യങ്ങൾ ആശ്രമത്തിൽ വേണ്ടുവോളമുണ്ടു്. ശരീരാദ്ധ്വാനം ശമ്പളത്തിനുവേണ്ടി മാത്രം ചെയ്യപ്പെടുമ്പോൾ അദ്ധ്വാനിക്കുന്ന ആൾ മന്ദബുദ്ധിയും നിരുന്മേഷനുമായിത്തീരാനിടയുണ്ടു്. എങ്ങനെ എന്തിനുവേണ്ടിയാണു കാര്യങ്ങൾ നിർവ്വഹിക്കുന്നതെന്നു് അയാളോടു് ആരും പറയുന്നില്ല; അയാൾക്കും സ്വയമേവ ഒരു ജിജ്ഞാസയില്ല; താൻ ചെയ്യുന്ന ജോലിയിൽ ഒരു പ്രത്യേകതാത്പര്യവുമുണ്ടാകുന്നുമില്ല. എന്നാൽ ആശ്രമത്തിലെ സ്ഥിതി അതല്ല. അവിടെ ശുചീകരണപ്രവൃത്തിയുൾപ്പെടെ എല്ലാം ബുദ്ധിപൂർവ്വവും താത്പര്യത്തോടുകൂടിയും ഈശ്വരഭക്തിയോടുകൂടിയും ചെയ്യണം. ഇങ്ങനെ ആശ്രമത്തിലെ എല്ലാ വകുപ്പുകളിലെയും പ്രവർത്തനത്തിൽ ബുദ്ധിശക്തിയെ പോഷിപ്പിക്കുന്നതിനു സന്ദർഭമുണ്ടാകുന്നു. തന്റെ പ്രവർത്തനവിഷയത്തിൽ പൂർണ്ണമായ അറിവു സമ്പാദിക്കാൻ ഓരോരുത്തർക്കും പ്രോത്സാഹനം നൽകപ്പെടുന്നു. അതു ചെയ്യാൻ കൂട്ടാക്കാത്ത ഓരോ ആളും അതിനു് ഉത്തരം പറയേണ്ടിവരും. ആശ്രമത്തിലെ ഓരോ ആളും ഒരു തൊഴിലാളിയാണു്; ആരും ശമ്പളത്തിന്റെ അടിമയല്ല.

അറിവു്, പുസ്തകങ്ങൾമുഖേനമാത്രമേ ലഭിക്കൂ എന്നു വിഭാവന ചെയ്യുന്നതു് ഒരു ഭീമമായ അന്ധവിശ്വാസമാണു്. ഈ തെറ്റു് നാം ഉപേക്ഷിക്കണം. പുസ്തകപാരായണത്തിനു ജീവിതത്തിൽ ഒരു സ്ഥാനമുണ്ടു്; എന്നാൽ അതിന്റെ സ്ഥാനത്തുമാത്രമേ അതു് ഉപയോഗപ്പെടുകയുള്ളു. ശരീരപ്രയത്നത്തെ ബലികഴിച്ചിട്ടു ഗ്രന്ഥവിജ്ഞാനം വർദ്ധിപ്പിക്കാൻ ശ്രമിക്കുകയാണെങ്കിൽ അതിനെതിരായി ഒരു വിപ്ലവംതന്നെ നാം ഇളക്കിവിടേണ്ടിയിരിക്കുന്നു. നമ്മുടെ സമയത്തിൽ ഏറിയകൂറും ശരീരാദ്ധ്വാനത്തിനു വിനിയോഗിച്ചിട്ടു് ഒരു ചെറിയ അംശംമാത്രം വായനയ്ക്കു നീക്കിവയ്ക്കണം. ഇൻഡ്യയിൽ ഇന്നു ധനികരും ഉയർന്ന വർഗ്ഗക്കാരെന്നറിയപ്പെടുന്നവരും ശരീരപ്രയത്നത്തെ അവഗണിക്കുന്നതുകൊണ്ടു് തൊഴിലിനു നിർബ്ബന്ധപൂർവ്വം മാഹാത്മ്യം കല്പിക്കേണ്ടതു് ഒരാവശ്യമായിത്തീർന്നിരിക്കുന്നു. യഥാർത്ഥബുദ്ധിവികാസത്തിനുതന്നെയും ഒരാൾ ഉപയോഗപ്രദമായ ഏതെങ്കിലും ശരീരായാസത്തിൽ ഏർപ്പെടേണ്ടതാണു്.

---

43. Harijan, 28-11-1948 (Economic and Industrial Life and Relations, vol. I, P. 82)

digitized by www .sreyas.in

## 44

നവീനസമ്പ്രദായവ്യവസ്ഥ 'തൊഴിൽവിഭജന'ത്തെപ്പററി പറയുന്നു. ഇങ്ങനെതന്നെയാണു് വൈദികകാലങ്ങളിലെ വർണ്ണവ്യവസ്ഥ (വർഗ്ഗവിഭജനം) യും ചെയ്തതു്. ഏതാനുംപേർ ശരീരപ്രയത്നത്തിൽനിന്നും പരിപൂർണ്ണമായി ഒഴിവാക്കപ്പെടണമെന്നു് അതിനുർത്ഥമില്ല. തന്റെ കഴിവനുസരിച്ചു് ഓരോരുത്തനും സമുദായത്തോടുള്ള കടപ്പാടു നിർവ്വഹിക്കണമെന്നേ അതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളു. തന്റെ പ്രത്യേകപന്ഥാവിലുള്ള ഏതെങ്കിലും ഉപയോഗപ്രദമായ ജോലിയിലേർപ്പെട്ടിരിക്കുമ്പോഴും പൊതുവായുള്ള ഉത്തരവാദിത്വങ്ങൾ ഒരാൾക്കും അവഗണിക്കാൻ പാടില്ല. പ്രൊഫസർമാർ, വിദ്യാർത്ഥികൾ, ജഡ്ജിമാർ മുതലായവർക്കു സമുദായത്തിൽ അവരവരുടേതായ സ്ഥാനമുണ്ടു്; എന്നാൽ വായു, വെള്ളം, ആഹാരം എന്നിവ എല്ലാവർക്കും ഒഴിച്ചുകൂടാൻ പാടില്ലാത്തതുപോലെ, മാനസികവും ശാരീരികവുമായ രണ്ടുതരം ജോലികളും ഓരോരുത്തർക്കും അത്യന്താപേക്ഷിതമാണു്. ചിലർ ശാരീരികജോലി മാത്രവും മററു ചിലർ മാനസികജോലിമാത്രവും ചെയ്യാമെന്നു പറയുന്നതു തെററാണു്. വേദങ്ങളിൽ ആളുകളെയും അവർക്കുള്ള ജോലികളെയും നാലായി തരംതിരിച്ചു് ശേഷമുള്ളവരെയുംകൂടി ഉൾപ്പെടുത്തി എല്ലാവരെയും മൊത്തത്തിൽ 'പഞ്ചകൃഷ്ടിഃ' (അഞ്ചു ജോലിക്കാർ) എന്നു വിളിച്ചുവന്നു. കൃഷ്ടിഃ എന്നാൽ ജോലിക്കാരൻ എന്നർത്ഥം. ഒരുതരം ജോലി ഒരാൾ മറെറാരാളെക്കാൾ കൂടുതൽ ചെയ്തുതീർത്തു എന്നു വരുന്നതു വേറെ കാര്യം. എന്നാൽ ഓരോരുത്തരും എന്തെങ്കിലും ജോലി ചെയ്യുകതന്നെ വേണം. ഈ തത്വം നാം മറക്കുകയാണെങ്കിൽ സമുദായം ഛിന്നഭിന്നമാവുകയും വലിയവനെന്നും ചെറിയവനെന്നുമുള്ള വ്യത്യാസം വന്നുകൂടുകയും ചെയ്യും. ഈ വ്യത്യാസം ഇൻഡ്യയ്ക്കുമാത്രം പ്രത്യേകമായുള്ളതല്ല; ലോകമൊട്ടുക്കു് ഇതു നിലവിലുണ്ടു്. എന്നാൽ ഇൻഡ്യയിൽ മററു വ്യാപാരങ്ങളിലെന്നപോലെ, ഇതിനും മതസംബന്ധമായ ഒരു അനുമതി നൽകിയിട്ടുണ്ടു്. തോട്ടിക്കു് ആ വേല മാത്രമേ ചെയ്യേണ്ടതായിട്ടുള്ളു. മററാരും അതു ചെയ്യാൻ കൂട്ടാക്കുകയുമില്ല. അവനെ താണതരക്കാരനും തൊട്ടുകൂടാത്തവനുമായി ഗണിക്കുന്നതുകൊണ്ടു് അവനു വേറെ ജോലിയൊന്നും ചെയ്യാൻ ഒക്കുന്നില്ല. ഇതു് അടിമത്തമാണു്. ഇതു നീതിയല്ല; മർദ്ദനമാണു്. നമ്മുടെ സമുദായത്തിനു് ഇതു വലിയ ദോഷം ചെയ്തിട്ടുണ്ടു്.

---

44. Harijan, 31-7-1949.

digitized by www .sreyas.in

## ജി. വർണ്ണാശ്രമധർമ്മം

### 45

അർത്ഥശാസ്ത്രപരമായ വീക്ഷണത്തിൽ ഒരു കാലത്ത് ഇതിനു (വർണ്ണാശ്രമധർമ്മം) വലിയ വില കല്പിച്ചിരുന്നു. പരമ്പരയായുള്ള സാമർത്ഥ്യത്തിനു് അതു് ഉറപ്പു നൽകിയിരുന്നു; മത്സരം കുറയ്ക്കുകയും ചെയ്തു. നിർദ്ധനതയ്ക്കു് അതു് ഏററവും നല്ല പരിഹാരമായിരുന്നു. വണിക്സംഘങ്ങൾകൊണ്ടുള്ള പ്രയോജനങ്ങളെല്ലാം അതിൽനിന്നുണ്ടായി. സാഹസിക സംരംഭങ്ങളെയോ നിർമ്മാണശക്തിയെയോ അതു വളർത്തിയില്ലെങ്കിലും അതു് അവയ്ക്കു പ്രതിബന്ധമുണ്ടാക്കിയതായി അറിവില്ല.

ചരിത്രത്തിൻെറ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ, ജാതി എന്നതു ഭാരതീയസമുദായത്തിൻെറ പരീക്ഷണശാലയിലെ ഒരു പരീക്ഷണമോ ഒരു സാമുദായികക്രമീകരണമോ ആയി ഗണിക്കാം. അതു് ഒരു വിജയമാണെന്നു നമുക്കു തെളിയിക്കാമെങ്കിൽ, ലോകസംസ്കൃതിക്കുള്ള ഒരുപകരണമായും ദുരാശയിൽനിന്നും ദുർമ്മോഹത്തിൽനിന്നും ഉത്ഭവിക്കുന്ന ഹൃദയശൂന്യമായ മത്സരത്തിനും സമുദായഭിന്നിപ്പിനും ഒന്നാംതരം പ്രതിവിധിയായും അതിനെ ലോകത്തിനു സമർപ്പിക്കാവുന്നതാണ്.

### 46

ഹിന്ദുമതത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്ന അതു് ഒരു സാർവ്വലൗകികനിയമമാണ്. അതു് ആത്മീയധനതത്ത്വശാസ്ത്രത്തിൻെറ ഒരു നിയമമാണ്. പാശ്ചാത്യജനതയും ഇസ്ലാംമതംതന്നെയും പൂർണ്ണസമ്മതംകൂടാതെ ഈ നിയമം അനുസരിക്കാൻ നിർബ്ബദ്ധരായിട്ടുണ്ട്. ഉൽകൃഷ്ടതയോടോ അപകൃഷ്ടതയോടോ അതിനു് ഒരു ബന്ധവുമില്ല. ഭക്ഷണം, പാനം, വിവാഹം എന്നിവസംബന്ധിച്ചുള്ള ആചാരങ്ങൾ വർണ്ണാശ്രമധർമ്മത്തിൻെറ ഒരഭേദ്യഘടകമല്ല. ആ നിയമം എൻെറയും നിങ്ങളുടെയും മുൻഗാമികളായ ഋഷിമാർ കണ്ടുപിടിച്ചിട്ടുള്ളതാണ്: ജീവിതത്തിലെ ഏററവും നല്ല ഭാഗം ദൈവത്തിനും ലോകത്തിനുമായിട്ട് — തങ്ങൾക്കായിട്ടല്ല — സമർപ്പിച്ചാൽ അതു പാരമ്പര്യത്തെ സംബന്ധിക്കുന്ന നിയമമായി അംഗീകരിക്കണമെന്നു് അവർ മനസ്സിലാക്കി. ജീവിതത്തിലെ ഉന്നതതരമായ യത്നങ്ങൾക്കായി ഉപയോഗിക്കാൻ മനുഷ്യൻെറ ശക്തിയെ അവനു സ്വാതന്ത്ര്യമായി വിട്ടുകൊടുക്കുന്നതിനു് ഉദ്ദേശിച്ചിട്ടുള്ള ഒരു നിയമമാണിതു്. അതുകൊണ്ടു് യഥാർത്ഥ അബ്രാഹ്മണർ ചെയ്തുതുടങ്ങേണ്ടതു് തങ്ങൾ ഇരിക്കുന്ന സ്ഥാനത്തിൻെറ അടി

45. Young India, 5-1-1921. (India of My Dreams, P. 250)
46. Young India, 22-9-1927

digitized by www .sreyas.in

ത്തറതോണ്ടുകയല്ല, അവിടെ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളെ തൂത്തു വൃത്തിയാക്കുകയാണ്.

## 47

വർണ്ണാശ്രമധർമ്മം മനുഷ്യന് ഈ ഭൂമിയിലുള്ള പ്രവർത്തനധർമ്മത്തെപ്പററി പ്രതിപാദിക്കുന്നു. ദിവസംതോറും മനുഷ്യൻ ജനിക്കുന്നതു് ധനം കുന്നുകൂട്ടുന്നതിനുള്ള മാർഗ്ഗം ആരായുന്നതിനോ വിവിധ രീതിയിലുള്ള ജീവിതവൃത്തികൾ കണ്ടുപിടിക്കുന്നതിനോ അല്ല; പ്രത്യുത, അവൻെറ ശക്തിയുടെ ഓരോ അണുവും അവൻെറ സ്രഷ്ടാവിനെ അറിയുന്നതിനായി വിനിയോഗിക്കാനാണ്. അതുകൊണ്ടു്, ശരീരത്തെയും ആത്മാവിനെയും ഒന്നിച്ചു സംരക്ഷിക്കുന്നതിലേയ്ക്കായി അതു് അവൻെറ പിതാമഹന്മാരുടെ തൊഴിലിൽ അവനെ ഒതുക്കി നിർത്തുന്നു. അതാണ് — അതിൽ കൂടുതലോ കുറവോ ആയ മററൊന്നുമല്ല — വർണ്ണാശ്രമധർമ്മം.

## 48

വർണ്ണാശ്രമമെന്നാൽ വലിയവനും ചെറിയവനും തമ്മിലും മുതലാളിയും തൊഴിലാളിയും തമ്മിലുമുള്ള വ്യത്യാസത്തെ പൊരുത്തപ്പെടുത്തുന്നതിനുള്ള മാർഗ്ഗമല്ലാതെ മറെറന്താണ്? ഈ വിഷയം സംബന്ധിച്ചു പാശ്ചാത്യദേശങ്ങളിൽനിന്നും വന്നുചേരുന്നതെല്ലാം അക്രമമാകുന്ന ബ്രഷ്കൊണ്ടു് കീലടിച്ചതാണ്.

## 49

ഓരോ മനുഷ്യനും ലോകത്തിൽ ജനിക്കുന്നതു് പ്രകൃതിക്കനുസരണമായ ചില പ്രവണതകളോടുകൂടിയാണെന്നു ഞാൻ വിശ്വസിക്കുന്നു. തനിക്കു ജയിക്കാൻ കഴിയാത്ത ചില പ്രത്യേക പരിമിതികളോടുകൂടിയാണ് ഓരോ മനുഷ്യനും ജനിക്കുന്നതു്. ആ പരിമിതികളുടെ ശ്രദ്ധാപൂർവ്വമായ നിരീക്ഷണത്തിൻെറ ഫലമായിട്ടാണ് വർണ്ണനിയമം ആവിഷ്കരിക്കപ്പെട്ടതു്. ചില പ്രത്യേക വാസനകളോടുകൂടിയ ചില ആളുകൾക്കു് അതു് ഏതാനും നിശ്ചിതപ്രവൃത്തി മേഖലകൾ സ്ഥാപിക്കുന്നു. എല്ലാ അയോഗ്യമായ മത്സരങ്ങളെയും അതു് ഒഴിവാക്കുന്നു. പരിമിതികൾ അംഗീകരിച്ചുകൊണ്ടുതന്നെ, വർണ്ണനിയമം വലിയവനും ചെറിയവനുമെന്നുള്ള ഭേദത്തിനു സ്ഥാനം കൊടുക്കുന്നില്ല. അതു ജോലിയുടെ പ്രതിഫലത്തിനു് അവനു് ഉറപ്പുകൊടുക്കവേതന്നെ, അയൽക്കാരനെ ശല്യപ്പെടുത്തുന്ന കാര്യത്തിൽനിന്നു് അവനെ തടയുകയും ചെയ്യുന്നു. മഹത്തായ ഈ നിയ

---

47. Young India, 27-10-1927 (Sarvodaya, P. 56)

48. Amrit Bazaar Patrika, 3-8-1934 (Selections from Gandhi P. 95.)

49. The Modern Review, October 1935, P. 413

digitized by www .sreyas.in

ത്തിന്ന് അധഃപതനവും അവമതിയും വന്നുകൂടി. ഈ നിയമത്തിൽ അടങ്ങിയിട്ടുള്ള തത്വങ്ങരം ശരിക്കു മനസ്സിലാക്കി പ്രയോഗത്തിൽ വരുത്തുമ്പോരംമാത്രമേ ആദർശപരമായ ഒരു സാമുദായികവ്യവസ്ഥിതി രൂപം പ്രാപിക്കയുള്ളു എന്നാണ് എൻെറ ദൃഢവിശ്വാസം.

## 50

വർണ്ണസമ്പ്രദായം സാന്മാർഗ്ഗികവും അർത്ഥശാസ്ത്രപരമായി ശരിയുമാണ്. അതു് പൂർവ്വജന്മങ്ങളുടേയും പാരമ്പര്യത്തിൻേറയും സ്വാധീനശക്തിയെ അംഗീകരിക്കുന്നു. എല്ലാവരും തുല്യശക്തിയോടും ഒരേമാതിരി പ്രവണതകളോടുംകൂടി ജനിക്കുന്നില്ല. ഓരോ ശിശുവിൻെറയും ബുദ്ധിസാമർത്ഥ്യത്തിൻെറ അളവു കണ്ടുപിടിക്കുന്നതിന്ന് അച്ഛനമ്മമാർക്കോ രാഷ്ട്രത്തിനോ സാദ്ധ്യമല്ല. എന്നാൽ ഓരോ ശിശുവിനെയും പാരമ്പര്യവും സാഹചര്യവും മുജ്ജന്മവാസനയും നിർദ്ദേശിക്കുന്ന തൊഴിലിനു തയാറാക്കുകയാണെങ്കിൽ യാതൊരു വൈഷമ്യത്തിന്നുമിടയില്ല; പ്രയോജനരഹിതമായ പരീക്ഷണങ്ങരംക്കുവേണ്ടി സമയം നഷ്ടപ്പെടുത്തേണ്ടിവരികയില്ല, ആത്മവിനാശകമായ മത്സരം ഉണ്ടാവുകയില്ല; ഒരു സംതൃപ്തമനോഭാവം സമുദായത്തിൽ പ്രചരിക്കുകയും ജീവിതമത്സരം ഉണ്ടാകാതിരിക്കുകയും ചെയ്യും.

വർണ്ണസമ്പ്രദായത്തിൽ വലുതും ചെറുതുമെന്നുള്ള വ്യത്യാസത്തിൻെറ നിർമ്മാർജ്ജനം അടങ്ങിയിരിക്കുന്നു. മരപ്പണിക്കാരനെ ചെരുപ്പുകുത്തിയേക്കാരം മേന്മയുള്ളവനായും, ഒരു വക്കീലിനെയോ ഡാക്കുറെയോ ആ രണ്ടുകൂട്ടരെക്കാളും മെച്ചപ്പെട്ടവരായും കണക്കാക്കുകയാണെങ്കിൽ ആരും സ്വമനസ്സാലെ ചെരുപ്പുകുത്തിയോ മരപ്പണിക്കാരനോ ആവുകയില്ല; എല്ലാവരും വക്കീലന്മാരും ഡാക്കുറന്മാരുമാകാൻ ശ്രമിക്കും. അവക്കു് അങ്ങനെ ചെയ്യാൻ അവകാശമുണ്ടാവുകയും അങ്ങനെ ചെയ്യുന്നതിനാൽ അവർ പ്രശംസിക്കപ്പെടുകയും ചെയ്യും. അതായതു്, വർണ്ണസമ്പ്രദായം നിന്ദ്യമായിത്തീരുകയും ആ നിലയിൽ അതു നിർത്തലാക്കപ്പെടുകയും ചെയ്യും.

തൻെറ അച്ഛൻെറ തൊഴിൽ ഓരോരുത്തരും പരിശീലിക്കണമെന്നു നിർദ്ദേശിക്കുമ്പോരം, ഓരോ തൊഴിൽചെയ്യുന്ന ആളും ജീവിക്കാനുള്ള വകമാത്രമല്ലാതെ മറെറാന്നും സമ്പാദിക്കരുതെന്ന വ്യവസ്ഥയുംകൂടി അതിൽ അന്തർഭവിക്കുന്നു. മരപ്പണിക്കാരൻ ചെരുപ്പുകുത്തിയെക്കാരം കൂടുതലും, വക്കീലോ ഡാക്കുറോ ആ രണ്ടു കൂട്ടരെക്കാരം കൂടുതലും സമ്പാദിക്കുകയാണെങ്കിൽ ഓരോരുത്തരും വക്കീലോ ഡാക്കുറോ ആയിത്തീരാൻ ശ്രമിക്കും. ഇന്നത്തെ സ്ഥിതി അതാണ്. അതിൻെറ ഫലമായി പരസ്പരവിദ്വേഷം വർദ്ധിക്കു

50. Harijan, 3-7-1949

digitized by www .sreyas.in

കയും ആവശ്യത്തിലധികം വക്കീലന്മാരും ഡാക്ടറന്മാരും ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. സമുദായത്തിനു ചെരുപ്പുകുത്തിയെയും മരപ്പണിക്കാരനെയുമെന്നപോലെ വക്കീലിനെയും ഡാക്ടറെയും ആവശ്യമായിരിക്കാം. ഈ നാലു തൊഴിലുകളെയും ഉദാഹരണത്തിനും, താരതമ്യത്തിനുമായിമാത്രം എടുത്തിട്ടുള്ളതാണ്. സമുദായത്തിന് ഇതോ അതോ മറേറതെങ്കിലുമോ തൊഴിൽ ആവശ്യമുള്ളതോ ഇല്ലാത്തതോ എന്നു വിചിന്തനം ചെയ്യാൻ തുനിയുന്നതു് അപ്രസക്തമായിരിക്കും.

## എച്ച്. സാമ്പത്തിക സമത്വം

### 51

എൻെറ ആദർശം തുല്യവിതരണമാണ്; എന്നാൽ ഞാൻ അറിഞ്ഞിടത്തോളം അതു് അനുഭവസിദ്ധമാക്കാൻ ഒക്കുകയില്ല. അതുകൊണ്ടു് നീതിപൂർവ്വമായ ഒരു വിതരണത്തിനാണു് ഞാൻ ശ്രമിക്കുന്നതു്.

### 52

അഹിംസാമാർഗ്ഗം സ്വീകരിക്കുന്നതുകൊണ്ടു് മുതലാളിയെ നശിപ്പിക്കാനല്ല മുതലാളിത്തത്തെ ഇല്ലായ്മ ചെയ്യാനാണ് നാം ശ്രമിക്കുന്നതു്. മുതലിൻെറ സമ്പാദനത്തിനും സംരക്ഷണത്തിനും വർദ്ധനവിനും ആരെയാണോ മുതലാളി ആശ്രയിക്കുന്നതു് അവർക്കുവേണ്ടി മുതൽസൂക്ഷിപ്പുകാരനായിരിക്കാൻ നാം മുതലാളിയെ ക്ഷണിക്കുന്നു. മുതലാളിയിലുണ്ടാകേണ്ട ഈ പരിവർത്തനത്തിനുവേണ്ടി തൊഴിലാളി കാത്തിരിക്കുകയും വേണ്ട. മൂലധനം ഒരു ശക്തിയാണെങ്കിൽ തൊഴിലും അങ്ങനെതന്നെ. ഇതിൽ ഓരോ ശക്തിയും നശീകരണത്തിനോ സൃഷ്ടിപരമായ പ്രവർത്തനത്തിനോവേണ്ടി വിനിയോഗിക്കാം; ഓരോ ശക്തിയും മറേറതിനെ ആശ്രയിച്ചിരിക്കുന്നു. തൊഴിലാളിക്കു തൻെറ ശക്തിയെപ്പററി ബോദ്ധ്യം വരുന്ന ഉടൻ അടിമയായിക്കഴിയുന്നതിനുപകരം, മുതലാളിയ്ക്കൊപ്പം ഒരു പങ്കാളിയാകാനുള്ള നിലയിൽ അയാൾ എത്തുന്നു. താൻ ഏക ഉടമസ്ഥനാകണമെന്നുദ്ദേശിച്ചുകൊണ്ടാണ് അയാൾ പ്രയത്നിക്കുന്നതെങ്കിൽ അതു പൊന്മുട്ടയിടുന്ന കോഴിയെ കൊല്ലാൻ ശ്രമിക്കുന്നതിനു സമമാകും. ബുദ്ധിശക്തിയിലും അവസരാനുകൂല്യത്തിലുമുള്ള അസമത്വം കാലാവസാനംവരെ നിലനില്ക്കും. ഒരു നദീതീരത്തു താമസിക്കുന്ന ആൾക്ക് എന്നായാലും ഒരു വരണ്ട മണലാരണ്യത്തിൽ താമസിക്കുന്ന ആളെക്കാൾ കൃഷിചെയ്യുന്നതിനു കൂടുതൽ സൗ

---

51. Young India, 17-3-1921 (Selections from Gandhi, P. 77)

52. Young India, 26-3-1931 (Selections from Gandhi, P. 88)

digitized by www .sreyas.in

കര്യം ലഭിക്കും. എന്നാൽ അസമത്വം നമ്മുടെ മുഖത്തു തുറിച്ചുനോക്കുന്നുണ്ടെങ്കിൽ, അത്യാവശ്യമായ സമത്വം കൈവിടാനും പാടില്ല. പക്ഷിമൃഗാദികളെപ്പോലെതന്നെ ഓരോ മനുഷ്യനും ജീവിതാവശ്യങ്ങൾ ലഭിക്കുന്നതിനു തുല്യാവകാശമുണ്ടു്. ഓരോ അവകാശത്തോടുമനുബന്ധിച്ചു് അതിനു് അനുരൂപമായ ഒരു കർത്തവ്യവും അതിന്മേലുണ്ടാകുന്ന ആക്രമണത്തെ തടയാനുള്ള പ്രതിവിധിയുമുള്ളതുകൊണ്ടു്, പ്രാഥമികമായ സമത്വം സംരക്ഷിക്കുന്നതിനുള്ള കർത്തവ്യങ്ങളും പ്രതിവിധികളും കണ്ടുപിടിക്കുകമാത്രമേ ആവശ്യമായിട്ടുള്ളു. അനുരൂപമായ കർത്തവ്യം എന്റെ ശരീരാവയവങ്ങൾകൊണ്ടുള്ള പ്രവർത്തനവും അനുരൂപമായ പ്രതിവിധി എന്റെ പ്രയത്നഫലം അപഹരിക്കുന്നവരോടുള്ള നിസ്സഹകരണവുമാണു്. മുതലാളിയുടെയും തൊഴിലാളിയുടെയും മൗലികമായ സമത്വം ഞാൻ അംഗീകരിക്കണമെങ്കിൽ — അങ്ങനെ അംഗീകരിക്കേണ്ടതാണു് — അയാളെ നശിപ്പിക്കുന്നതിനു ഞാൻ ഉദ്യമിക്കരുതു്. അയാൾക്കു മനംമാററം വരുത്താനാണു ഞാൻ ശ്രമിക്കേണ്ടതു്. എന്റെ നിസ്സഹകരണംകൊണ്ടു് അയാൾ ചെയ്യുന്ന തെററു് അയാൾ തന്നെത്താൻ മനസ്സിലാക്കും. ഞാൻ നിസ്സഹകരിക്കുമ്പോൾ വേറൊരാൾ എന്റെ സ്ഥാനം കരസ്ഥമാക്കിക്കളയുമെന്നു ഭയപ്പെടേണ്ടതുമില്ല. തൊഴിൽ ചെയ്യിക്കുന്ന ആളുടെ തെററിനെ അനുകൂലിക്കാതിരിക്കാൻ എന്റെ സഹപ്രവർത്തകരെ പ്രേരിപ്പിക്കാമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. തൊഴിലാളിസമൂഹത്തെ ഈ രീതിയിൽ പഠിപ്പിക്കുകയെന്നതു് മന്ദഗതിയിലുള്ള ഒരു പ്രക്രിയയാണെന്നുള്ളതിനു സംശയമില്ല; എന്നാൽ അതു് എത്രയും അസന്ദിഗ്ദ്ധമാകകൊണ്ടു്, അതു് തീർച്ചയായും ശീഘ്രതമവുമായിരിക്കും. മുതലാളിയെ നശിപ്പിക്കുന്നതു് ഒടുവിൽ തൊഴിലാളിയുടെ നാശത്തിൽ കലാശിക്കുമെന്നു് എളുപ്പത്തിൽ തെളിയിക്കാം; പരിപൂർണ്ണമായി ദുഷിച്ചവനെന്നു തെററിധരിച്ചുവച്ചിരിക്കുന്ന ഒരുവനെ നശിപ്പിക്കുന്നതു് ഒരാവശ്യമാണെന്നു വരത്തക്കവണ്ണം ഒരാളും അത്ര പരിപൂർണ്ണനല്ല.

## 53

സമുദായത്തെപ്പററിയുള്ള എന്റെ ധാരണ, നാം തുല്യരായി ജനിച്ചിരിക്കെ, അതായതു് തുല്യമായ ജീവിതസൗകര്യത്തിനു നമുക്കു് അവകാശമുണ്ടായിരിക്കെ, എല്ലാവർക്കും ഒരേമാതിരി കാര്യശേഷി കാണുകയില്ല എന്നാണു്. പ്രകൃത്യാതന്നെ അതു് അസാദ്ധ്യമായ ഒരു സംഗതിയാണു്. ഉദാഹരണമായി, എല്ലാവർക്കും ഒരേ പൊക്കമോ നിറമോ ബുദ്ധിസാമർത്ഥ്യമോ ഉണ്ടായിരിക്കുകയില്ല; അതുകൊണ്ടു ചിലർക്കു കൂടുതൽ സമ്പാദിക്കുന്നതിനും മററു ചിലർക്കു കുറച്ചു സമ്പാദിക്കുന്നതിനുമാത്രവും ശേഷിയുണ്ടായി

53. Young India, 26- 11-1931 (Sarvodaya, P. 34)

digitized by www .sreyas.in

രിക്കും എന്നുള്ളതു് സ്വാഭാവികമാണു്. സമർത്ഥന്മാർക്കു കൂടുതൽ ലഭിക്കുകയും അവർ തങ്ങളുടെ ബുദ്ധിസാമർത്ഥ്യം അതിലേക്കായി വിനിയോഗിക്കുകയും ചെയ്യും. അവരുടെ സാമർത്ഥ്യം ഉപയോഗപ്പെടുത്തുന്നതു് ദയവോടുകൂടിയാണെങ്കിൽ സ്റ്റേററിന്റെ ജോലിയായിരിക്കും അവർ ചെയ്യുന്നതു്. ആമാതിരി ആളുകൾ മറെറാരു വ്യവസ്ഥയ്ക്കും വിധേയരാകാതെ സ്വത്തിന്റെ സൂക്ഷിപ്പുകാരെന്നനിലയിൽ വർത്തിക്കുന്നതാണു്. ബുദ്ധിസാമർത്ഥ്യമുള്ള ഒരാളെ കൂടുതൽ സമ്പാദിക്കാൻ ഞാൻ അനുവദിക്കും; അയാൾക്കുള്ള പ്രതിഭയെ ഞാൻ സ്തംഭിപ്പിക്കുകയില്ല. ഒരച്ഛന്റെ സമ്പാദ്യക്കാരായ എല്ലാ മക്കളുടെയും വരവു പൊതുകുടുംബസ്വത്തിൽ ചേരുന്നതുപോലെ, അയാളുടെ അധികസമ്പാദ്യത്തിൽ ഏറിയകൂറും നാട്ടിന്റെ നന്മയ്ക്കായി ഉപയോഗപ്പെടുത്തണം.

## 54

മനുഷ്യനു ദിവസവും അന്നന്നത്തേയ്ക്കു് ആഹാരത്തിനുള്ള വകയല്ലാതെ കൂടുതലൊന്നും കൊടുക്കുകയില്ല എന്നുള്ള ദൈവികനിയമത്തെക്കുറിച്ചു നമുക്കുള്ള അജ്ഞതയോ അവഗണനയോ ആണു് അസമത്വങ്ങൾക്കും അതിൽനിന്നു് ഉത്ഭവിക്കുന്ന കഷ്ടതകൾക്കും ഇടയാക്കുന്നതു്. ധനികർ തങ്ങളുടെ ആവശ്യത്തിൽക്കവിഞ്ഞുള്ള സാമാനങ്ങൾ ശേഖരിച്ചുവയ്ക്കുകകാരണം കൂടുതലുള്ളതു് ഉപയോഗശൂന്യമായി നഷ്ടപ്പെടുന്നു; അതേസമയം നിത്യതയ്ക്കില്ലാതെ ലക്ഷക്കണക്കിനാളുകൾ പട്ടിണികൊണ്ടു മരിക്കുന്നു. ഓരോ ആളും തനിക്കാവശ്യമുള്ളതുമാത്രം സംഭരിച്ചാൽ ആർക്കും കുറവുണ്ടാവുകയില്ലെന്നു മാത്രമല്ല, എല്ലാവരും സംതൃപ്തിയോടുകൂടി കഴിയുകയും ചെയ്യും. ഇന്നത്തെ സ്ഥിതി നോക്കിയാൽ, ദരിദ്രന്മാരെപ്പോലെതന്നെ ധനികന്മാരും അസന്തുഷ്ടരാണു്. ദരിദ്രനു ലക്ഷപ്രഭുവാകണമെന്നും ലക്ഷപ്രഭുവിനു കോടീശ്വരനാകണമെന്നുമാണു് അഭിലാഷം. സംതൃപ്തി ലോകം മുഴുവൻ പ്രചരിപ്പിക്കുന്നതിനായി ധനികർ തങ്ങളുടെ കൈവശമുള്ളതിൽ കുറെഭാഗം ഉപേക്ഷിക്കുന്ന വിഷയത്തിൽ മുൻകൈ എടുക്കാൻ തയാറാവണം. തങ്ങൾക്കു മിതമായ സ്വത്തു മതിയെന്നു് അവർ നിശ്ചയിച്ചാൽ പട്ടിണിക്കാർക്കു് എളുപ്പത്തിൽ ആഹാരമുണ്ടാവുകയും ധനികരോടൊപ്പം സംതൃപ്തിയുടെ പാഠം അവർ പഠിക്കുകയും ചെയ്യും. ത്യാഗത്തിന്റെ ആദർശം ശരിക്കു സഫലമാകണമെങ്കിൽ പക്ഷികൾക്കെന്നപോലെതന്നെ മനുഷ്യനും തലയ്ക്കുമുകളിൽ ഒരു മേൽക്കൂരയും അടുത്തദിവസത്തേക്കു യാതൊരു വസ്ത്രവും ആഹാരവും ഇല്ലാതിരിക്കണം.

54. From Yaravda Mandir (1930) P. 23

digitized by www .sreyas.in

## 55

നമുക്കു ദിവസന്തോറുമുള്ള ആവശ്യത്തിനു വേണ്ടതു് പ്രകൃതി ഉല്പാദിപ്പിക്കുന്നുണ്ടു്; ഓരോരുത്തനും അവനവനു് ആവശ്യമുള്ളതു മാത്രം എടുക്കുകയാണെങ്കിൽ ലോകത്തു നിർദ്ധനതയോ പട്ടിണി മരണമോ ഉണ്ടാവുകയില്ല. എന്നാൽ ഈ അസമത്വം നിലനി ല്ക്കുന്നിടത്തോളം കാലം നമ്മൾ മോഷണം നടത്തുകയാണു്. ഞാൻ ഒരു സ്ഥിതിസമത്വവാദിയല്ല. ഉള്ളവരുടേതു് ഇല്ലാതാക്കണമെ ന്നു് എനിക്കു് ഉദ്ദേശവുമില്ല; എന്നാൽ ഇരുട്ടിൽനിന്നു വെളിച്ചം കാണാൻ അഭിലഷിക്കുന്നവർ ഈ നിയമം വ്യക്തിപരമായി അ നുസരിക്കണമെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. ആരുടെയും വസ്തു വകകളെ ഇല്ലാതാക്കണമെന്നു് എനിക്കു വിചാരമില്ല. അങ്ങനെ ചെയ്താൽ ഞാൻ അഹിംസാതത്ത്വത്തിൽനിന്നും വ്യതിചലിക്കുക യായിരിക്കും. എന്നെക്കാൾ കൂടുതൽ വകകൾ ആക്കെങ്കിലുമുണ്ടെ ങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ. എന്നാൽ എൻെറ ജീവിതത്തെ ക്രമീകരിക്കണമെന്നുള്ളതുകൊണ്ടു് എനിക്കാവശ്യമുള്ളതിൽ കവി ഞ്ഞു യാതൊന്നും ഞാൻ കൈവശം വച്ചുകൊണ്ടിരിക്കയില്ലെന്നു് ഉറപ്പുപറയുന്നു. കൊഴുപ്പുവർഗ്ഗങ്ങൾ അശേഷമടങ്ങിയിട്ടില്ലാത്ത ഒരു ചപ്പാത്തിയും ഒരുനുള്ളുപ്പും മാത്രം ഉൾപ്പെട്ട ഒരുനേരത്തെ ഭ ക്ഷണംകൊണ്ടു തൃപ്തിപ്പെടേണ്ടവരായ മൂപ്പതുലക്ഷം ആളുകൾ ഇൻ ഡ്യയിലുണ്ടു്. ഈ മൂപ്പതുലക്ഷം പേക്കും ശരിക്കു വസ്ത്രവും ആഹാ രവും കൊടുത്തതിനുശേഷമല്ലാതെ നിങ്ങൾക്കും എനിക്കും ഒന്നി നും അവകാശപ്പെടാൻ പാടില്ല. ഈ വിഷയത്തിൽ കൂടുതൽ അ റിവുണ്ടായിരിക്കേണ്ട നിങ്ങളും ഞാനും നമ്മുടെ ആവശ്യങ്ങളെ ക്ര മപ്പെടുത്തണം. അവക്കു് വേണ്ട ശുശ്രൂഷയും ആഹാരവും വസ്ത്രവും ലഭിക്കുന്നതിനുവേണ്ടി നാം സ്വമനസ്സാലെ പട്ടിണികിടക്കാൻ പോലും തയാറാകണം.

## 56

ദൃഷ്യം ഈ വ്യവസ്ഥിതിക്കു് സ്വാതന്ത്ര്യസിദ്ധമാണു്. ഉല്പാദനം പ്രാദേശികാടിസ്ഥാനത്തിലാകുമ്പോൾ, അഥവാ, ഉല്പാദനവും വി തരണവും ഒരേ സമയത്തു നടക്കുകയാണെങ്കിൽ, വിതരണം സമീ കരിക്കാൻ എളുപ്പം കഴിയും. നിങ്ങളുടെ ഉൽപന്നങ്ങൾ ചെലവാ ക്കാൻ ലോകത്തിലുള്ള മററു വ്യാപാരസ്ഥലങ്ങൾ ആരായേണ്ടിവ രുന്നെങ്കിൽ തുല്യവിതരണം ഒരിക്കലും സാദ്ധ്യമാകയില്ല. ഇതു കൊണ്ടു് പാശ്ചാത്യജനത ശാസ്ത്രത്തിലും നിർമ്മാണത്തിലും നേടി യിട്ടുള്ള അത്ഭുതകരമായ പുരോഗതിമൂലം ലോകത്തിനു പ്രയോജന

55. Speeches and Writings of Mahatma Gandhi, P. 384 (Sarvodaya, P. 14)

56. Harijan, 2-11-1934 (Economic and Industrial Life and Relations, vol. I, P. 154)

digitized by www .sreyas.in

മൊന്നുമില്ല എന്നർത്ഥമാകുന്നില്ല. പാശ്ചാത്യർ അവരുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തണമെന്നുമാത്രമേ ഇതിനു് അർത്ഥമുള്ളു. വിശ്വസൗഹൃദത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ വൈദഗ്ധ്യം വിദൂരരാജ്യങ്ങളിൽ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നെങ്കിൽ അമേരിക്ക ഇപ്രകാരം പറഞ്ഞേക്കും: ''ഞങ്ങൾക്ക പാലങ്ങൾ പണിയാനറിയാം; അതു ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുകയില്ല; പാലം പണിയാൻ ഞങ്ങൾ നിങ്ങളെ പ്രതിഫലംകൂടാതെ പഠിപ്പിക്കാം എന്നു ഞങ്ങൾ ലോകത്തോടു പറയുന്നു.'' അമേരിക്ക പറയുന്നതു് ''മററു രാജ്യങ്ങൾക്ക ഗോതമ്പിന്റെ ഒരു നാമ്പു് ഉല്പാദിപ്പിക്കാൻ കഴിയുമെങ്കിൽ ഞങ്ങൾ രണ്ടായിരം നാമ്പു് ഉണ്ടാക്കും'' എന്നാണു്. ഈ കല അഭ്യസിക്കാൻ തയാറുള്ളവരെ അതു് പ്രതിഫലംകൂടാതെ പഠിപ്പിക്കുകയാണു് അമേരിക്കയുടെ കത്തവ്യം; അതല്ലാതെ ലോകം മുഴുവൻ ആവശ്യമുള്ള ഗോതമ്പു് അവർ ഉല്പാദിപ്പിക്കാൻ ശ്രമിക്കുകയാണെങ്കിൽ അതു ലോകത്തിനു് ഒരു ദുരവസ്ഥയായി പരിണമിക്കുകയേ ഉള്ളു.

ജനാവലിയുടെ യഥാത്ഥ ആവശ്യം മുഴുവൻ സാധിച്ചുകഴിയുമ്പോൾ ഉല്പാദനം അവശ്യം നിന്നുപോകും. ഒരു ജനതയുടെ ആവശ്യങ്ങളെ വിഗണിച്ചും അവരെ ദാരിദ്ര്യത്തിലേക്ക തള്ളിവിട്ടും കൊണ്ടു്, സ്വർണ്ണം വദ്ധിപ്പിക്കുന്നതിനുവേണ്ടിമാത്രം ഉല്പാദനം തുടരുക സാദ്ധ്യമാകയില്ല. പ്രകൃതിനിയമങ്ങൾക്ക വിരുദ്ധമായി ചുരുക്കം ചിലരുടെ മടിശ്ശീല അമിതമായി വീർക്കുകയും, മററുള്ളവരുടെ സുഭിക്ഷതയുടെ നടുവിൽ ദാരിദ്ര്യം നടമാടുകയും ചെയ്യുകയില്ല; ഉദാഹരണത്തിനു്, ഇന്നു് അമേരിക്കയിൽത്തന്നെ ഇതാണു നടക്കുന്നതു്.

## 57

ഒരു സ്ഥിതിസമീകരണം പൊതുവെ കൈവരുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എത്രയോ ശതാബ്ദങ്ങളായി തൊഴിലാളികളെ വേർതിരിച്ചു് അവക്കു് ഒരു താണ പദവി കല്പിച്ചുവരുകയാണു്. അവർ ശൂദ്രരായി കഴിയുകയാണു്; ശൂദ്രൻ എന്ന വാക്കിനു താണനിലയിലുള്ളവൻ എന്ന അർത്ഥമാണു കൊടുത്തിരിക്കുന്നതു്. ഒരു നെയ്ത്തുകാരന്റേയോ കൃഷിക്കാരന്റേയോ അദ്ധ്യാപകന്റേയോ പുത്രന്മാക്ക തമ്മിൽ യാതൊരു വ്യത്യാസവും അനുവദിക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം.

## 58

ഉല്പാദനവും ഉപഭോഗവും ഒരേ സ്ഥലകാലങ്ങളിൽത്തന്നെ നടക്കുകയാണെങ്കിൽ, അവസാനമില്ലാതെയും എത്ര കഷ്ടപ്പെട്ടും

57. Harijan, 15-1-1938 (India of My Dreams, P. 71)
58. Harijan, 28-1-1939

digitized by www .sreyas.in

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവണത ഇല്ലാതാകും. ഇന്നത്തെ സാമ്പത്തികസംവിധാനത്തിന്റെ ഫലമായുണ്ടാകുന്ന അററമില്ലാത്ത സകലവൈഷമ്യങ്ങളും പ്രശ്നങ്ങളും അതോടെ അവസാനിക്കുകയും ചെയ്യും.

## 59

വർഗ്ഗങ്ങൾ തമ്മിലുള്ള വൈരം ദൂരീകരിക്കപ്പെടും. ജനങ്ങളുടെ ഇടയിൽ നിശ്ചേതനവും കൃത്രിമവുമായുള്ള ഒരു നിലവാരം ഞാൻ വിഭാവനചെയ്യുന്നില്ല. ഒരു മരത്തിന്റെ ഇലകളിലെന്നതുപോലെ അവരുടെ ഇടയിലും ഒരു വൈവിധ്യം ഉണ്ടായിരിക്കും. ഇന്നു നാം കാണുന്നതുപോലെ ഉള്ളവരെന്നും ഇല്ലാത്തവരെന്നും ഉള്ള അവസ്ഥയും തൊഴിലില്ലായ്മയും വർഗ്ഗങ്ങളും സമൂഹങ്ങളും തമ്മിലുള്ള സ്ഥിതിവ്യത്യാസങ്ങളും ഉണ്ടായിരിക്കയില്ല. അഹിംസ അതിന്റെ പൂർണ്ണമായ പരിമാണത്തിൽ രാജ്യത്തിന്റെ പൊതുനയമായിത്തീരുകയാണെങ്കിൽ, വിദ്വേഷമില്ലാത്തതും അവശ്യം വേണ്ടതുമായ സമത്വം നാം പ്രാപിക്കുമെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല.

## 60

ഗ്രാമത്തിലെ ഒരു മരപ്പണിക്കാരന്റെ ശമ്പളത്തിൽ കൂടിയ തുക അഭിഭാഷകവൃത്തികൊണ്ടു ദിവസംപ്രതി ഉണ്ടാവാൻ പാടില്ല.

## 61

സാമ്പത്തികസമത്വമാകുന്ന ഉറപ്പുള്ള അസ്ഥിവാരത്തിൽ കെട്ടിപ്പടുത്തതല്ലെങ്കിൽ ഈ പരിപാടി* മുഴുവൻ വെറും മണലിൽ കെട്ടി ഉയർത്തിയ ഒരു എടുപ്പു മാത്രമാകും. സാമ്പത്തികസമത്വമെന്നതിനു ലോകത്തുള്ള സാധനങ്ങൾ ഓരോ ആൾക്കും സമഓഹരിയിൽ കൈവശം ഉണ്ടായിരിക്കുകയെന്നു് അർത്ഥമില്ല. എന്നാൽ, ഓരോ ആൾക്കും വാസയോഗ്യമായ ഒരു വീടും വേണ്ടത്ര സമീകൃതാഹാരവും ഉടുക്കാൻ വേണ്ട ഖാദിയും ഉണ്ടായിരിക്കണമെന്നുള്ള അർത്ഥം അതിനുണ്ടു്; ഇന്നു നിലവിലിരിക്കുന്ന ക്രൂരമായ അസമത്വത്തെ തികച്ചും അഹിംസാത്മകമായ മാർഗ്ഗങ്ങളിലൂടെ ഇല്ലാതാക്കണമെന്നും അതിനർത്ഥമുണ്ടു്.

---

59. Harijan, 27-9-1940
60. Harijan, 13-7-1940
61. Harijan, 18-8-1940 (Sarvodaya, P. 132)

* ഗ്രാമപുനർനിർമ്മാണപരിപാടി

digitized by www .sreyas.in

## 62

തുല്യവിതരണത്തിന്റെ ശരിയായ വിവക്ഷ ഓരോ മനുഷ്യനും തന്റെ സ്വാഭാവികമായുള്ള ആവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടിവരുന്ന എല്ലാ സാധനങ്ങളും ഉണ്ടായിരിക്കണമെന്നും, അതിൽക്കൂടുതലായി ഒന്നും ഉണ്ടായിരിക്കാൻ പാടില്ലെന്നുമാണ്. ഉദാഹരണത്തിന്, ദഹനക്കുറവുള്ള ഒരാൾക്ക പലഹാരമുണ്ടാക്കാൻ കാൽറാത്തൽ മാവു മതിയെന്നിരിക്കെ, ആരോഗ്യമുള്ള ഒരാൾക്ക് ഒരു റാത്തൽ മാവു വേണ്ടിവന്നേക്കും; ഇരുകൂട്ടർക്കും അവരുടെ ആവശ്യം നിറവേററാൻ സൗകര്യമുണ്ടായിരിക്കണം. ഈ ആദർശം ഫലവത്താക്കുന്നതിനു സമുദായവ്യവസ്ഥിതി മുഴുവൻ പുതുക്കിപ്പണിയേണ്ടിവരും. അഹിംസയിൽ അധിഷ്ഠിതമായ ഒരു സമുദായത്തിനു മറെറാരാദർശം വച്ചുപുലർത്താൻ സാദ്ധ്യമല്ല. ഉദ്ദിഷ്ടസ്ഥാനത്തു നാം എത്തിയില്ലെന്നു വരാം; എന്നാൽ അതു മനസ്സിൽ വച്ചുകൊണ്ട് ആ സ്ഥാനത്തെ സമീപിക്കുന്നതിനു നാം അനവരതം പ്രയത്നിക്കണം. ലക്ഷ്യത്തിലേയ്ക്കു നാം എത്രത്തോളം അടുക്കുന്നുവോ അത്രത്തോളം സംതൃപ്തിയും ആഹ്ലാദവും നമുക്ക് അനുഭവപ്പെടും; അഹിംസാത്മകമായ ഒരു സമുദായത്തിന്റെ ആവിർഭാവത്തിനു അത്രത്തോളംതന്നെ നാം സംഭാവന ചെയ്യുകയുമാകും. ഇപ്രകാരമൊരു ജീവിതരീതി, മററുള്ളവർ തുടങ്ങുന്നതിനുവേണ്ടി കാത്തിരിക്കാതെതന്നെ, ഒരാൾക്ക സ്വീകരിക്കാവുന്നതാണ്. ഒരു നടപടിക്രമം ഒരു വ്യക്തിക്ക് അനുവർത്തിക്കാമെങ്കിൽ, ഒരു സമൂഹത്തിനും അതു കണ്ട് അതുപോലെ ചെയ്യാവുന്നതാണ്. ഒരു ശരിയായ മാർഗ്ഗം സ്വീകരിക്കുന്നതിന് ആരും മറെറാരാൾക്കുവേണ്ടി കാത്തിരിക്കേണ്ടതില്ലെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. ഏതു സംഗതിയിലും ഉദ്ദിഷ്ടലക്ഷ്യം പരിപൂർണ്ണമായി നേടാൻ സാദ്ധ്യമല്ലെന്നു തോന്നിപ്പോയാൽ ആ സംഗതി തുടങ്ങാൻ ആളുകൾ അറയ്ക്കുക സാധാരണമാണ്. അത്തരത്തിലുള്ള ഒരു മനസ്ഥിതി ഉൽക്കർഷത്തിനു സാരമായ ഒരു പ്രതിബന്ധമായിത്തീരുന്നു.

അഹിംസാമാർഗ്ഗത്തിലൂടെ തുല്യവിതരണം നടപ്പിൽവരുത്തുന്നതെങ്ങനെ എന്നു നമുക്കാലോചിക്കാം. ഈ ആദർശത്തെ തന്റെ ജീവിതത്തിലെ ഒരംശമായി സ്വീകരിച്ചിട്ടുള്ള ഒരാൾ ആദ്യം ചെയ്യേണ്ടതു തന്റെ സ്വന്തജീവിതത്തിൽ വേണ്ട ഭേദഗതികൾ വരുത്തുകയാണ്. ഇൻഡ്യയുടെ ദാരിദ്ര്യത്തെ മനസ്സിൽ വച്ചുകൊണ്ട് അയാൾ തന്റെ ആവശ്യങ്ങളെ പരിമിതപ്പെടുത്തും. അയാളുടെ സമ്പാദ്യങ്ങൾ അസത്യത്തിന്റെ അംശംപോലും കലരാത്തതായിരിക്കും. വെറും ലാഭമോഹത്താൽ പ്രേരിതമായ പ്രവർത്തനം അയാൾ ഉപേക്ഷിക്കും.

62. Harijan, 25-8-1940 (India of My Dreams, pp. 73-74)

digitized by www .sreyas.in

അയാളുടെ വസതി പുതിയ ജീവിതരീതിക്ക് അനുയോജ്യമായിരിക്കും. ജീവിതത്തിലെ ഓരോ മേഖലയിലും ആത്മനിയന്ത്രണം പാലിക്കപ്പെടും. തന്റെ ജീവിതത്തിൽ വേണ്ടതൊക്കെ ചെയ്തുകഴിഞ്ഞാൽ മാത്രമേ തന്റെ കൂട്ടുകാരുടെയും അയൽവാസികളുടെയും ഇടയിൽ ഈ ആദർശത്തെപ്പററി ഉപദേശപ്രസംഗം നടത്താനുള്ള നില അയാൾക്കു കൈവരികയുള്ളു.

## 63

അഹിംസാത്മകമായ സ്വാതന്ത്ര്യത്തിന്റെ പ്രധാന താക്കോൽ സാമ്പത്തികസമത്വമാണ്. സാമ്പത്തികസമത്വത്തിനുവേണ്ടി പ്രവർത്തിക്കുക എന്നുവച്ചാൽ മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ശാശ്വതസംഘട്ടനത്തെ നിർമ്മാർജ്ജനം ചെയ്യുക എന്നതാകുന്നു. അതിന്റെ സാരം, ജനതയുടെ സ്വത്തിന്റെ ഭൂരിഭാഗം കൈവശം വച്ചുകൊണ്ടിരിക്കുന്ന ഏതാനും ധനികന്മാരുടെ നില താഴ്ത്തി നിരപ്പിലാക്കുകയും അതോടൊപ്പം അർദ്ധപ്പട്ടിണിയിലും നഗ്നതയിലും കഴിയുന്ന ലക്ഷക്കണക്കിനുള്ളവരുടെ നില ഉയർത്തി മററവരോടൊപ്പം ആക്കുകയും ചെയ്ക എന്നാണ്. ധനികരും വിശപ്പിൽ മുഴുകിക്കഴിയുന്ന ലക്ഷോപലക്ഷം ദരിദ്രരും തമ്മിലുള്ള വിസ്തൃതമായ വിടവു നികത്താൻ കഴിയാത്തിടത്തോളംകാലം അഹിംസാധിഷ്ഠിതമായ ഒരു ഭരണകൂടം സൃഷ്ടിക്കുക സാദ്ധ്യമല്ല. നിർദ്ധനർക്ക് ഏററവും വലിയ ധനികരോടൊപ്പം അധികാരമുണ്ടാകുന്ന ഒരു സ്വതന്ത്ര്യഇൻഡ്യയിൽ ന്യൂഡൽഹിക്കൊട്ടാരത്തിനും ദരിദ്രരായ തൊഴിലാളികളുടെ ദുരിതസമ്പൂർണ്ണമായ കുടിലുകൾക്കും തമ്മിലുള്ള അന്തരം ഒരു ദിവസംപോലും നിലനില്ക്കയില്ല. ധനത്തെയും ധനംകൊണ്ടുണ്ടാകുന്ന അധികാരത്തെയും സ്വമനസ്സാലെ ഉപേക്ഷിച്ച് അവയെ പൊതുനന്മയ്ക്കായി വിഭജിച്ചില്ലെങ്കിൽ ഹിംസാപരവും രക്തപങ്കിലവുമായ ഒരു വിപ്ലവം നിശ്ചയമായും ഒരു ദിവസം പൊട്ടിപ്പുറപ്പെടുകതന്നെ ചെയ്യും. ധനികനെ മുതൽസൂക്ഷിപ്പുകാര (ട്രസ്റ്റി)നാക്കുന്ന എന്റെ വിശ്വാസപ്രമാണത്തിൽ, അതിന്റെമേൽ ചൊരിഞ്ഞിട്ടുള്ള പരിഹാസത്തെ വിഗണിച്ച്, ഞാൻ ഉറച്ചുനില്ക്കുകയാണ്. അതു ദുഷ്പ്രാപമായ ഒന്നാണെന്നുള്ളതു സത്യംതന്നെ. അക്രമരാഹിത്യവും അതുപോലെതന്നെ. എന്നാൽ, ചെങ്കുത്തായ ആ കയററം കയറാൻ 1920–ൽ നാം നിശ്ചയിച്ചതാണല്ലോ.

---

63. Constructive Programme (1944), P. 18

digitized by www .sreyas.in

## 64

ചർക്കായും അതോടുചേർന്ന മററു വ്യവസായങ്ങളും പൂർണ്ണമായി വിജയിക്കുന്നെങ്കിൽ സാമുദായികവും ധനപരവുമായ എല്ലാ അസമത്വങ്ങളെയും നീക്കം ചെയ്യാം. അഹിംസ ജനങ്ങൾക്കു നല്കുന്ന ശക്തിയെപ്പററിയുള്ള ഉറച്ച ബോധവും തങ്ങൾക്കുള്ള അടിമത്തത്തോട് സഹകരിക്കുന്നതിലുള്ള ബുദ്ധിപൂർവ്വമായ വിസമ്മതവും കൊണ്ട് സമത്വം ഉണ്ടാവുകതന്നെ ചെയ്യും.

## 65

''ഓരോരുത്തനും അവനവന്റെ ആവശ്യത്തിനനുസരിച്ച്'' എന്നതായിരുന്നു മാർക്സിന്റെ നിർവ്വചനം. ഭാര്യയും നാലു സന്താനങ്ങളുമുള്ള ആളിനു വേണ്ടത് ഒരൊററയാൾ ആവശ്യപ്പെടുകയാണെങ്കിൽ അതു സാമ്പത്തികസമത്വത്തിന്റെ ലംഘനമാണ്. ധനികവർഗ്ഗങ്ങൾ തമ്മിലും, സാമാന്യജനസമൂഹങ്ങൾ തമ്മിലും, രാജാവും ദരിദ്രനും തമ്മിലും ഉള്ള സ്പഷ്ടമായ വ്യത്യാസങ്ങളെ ചൂണ്ടിക്കാണിച്ച്, വലിയവർക്കു കൂടുതൽ ആവശ്യമുണ്ടെന്നുള്ളതിനെ ന്യായീകരിക്കാൻ ആരും ശ്രമിക്കാതിരിക്കട്ടെ. അതു് അർത്ഥശൂന്യമായ യുക്ത്യാഭാസവും എന്റെ വാദത്തിന്റെ ഒരു വികൃതാനുകരണവുമായിരിക്കും. ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം ഇന്നു് ഒരു വേദനാജനകമായ കാഴ്ചയാണ്. പാവപ്പെട്ട ഗ്രാമവാസികളെ ഒരു വിദേശഗവണ്മെന്റും തങ്ങളുടെ രാജ്യക്കാരായ നഗരവാസികളും ചൂഷണം ചെയ്യുന്നു. അവർ ആഹാരസാധനങ്ങൾ ഉല്പാദിപ്പിച്ചിട്ടു വിശന്നു കഴിയുന്നു. അവർ പാൽ സംഭരിച്ചിട്ടും അവരുടെ കുഞ്ഞുങ്ങൾക്ക് അതു കിട്ടുന്നില്ല. ഇതു ലജ്ജാവഹമാണ്. ഓരോരുത്തർക്കും സമീകൃതമായ ആഹാരവും ആവാസയോഗ്യമായ ഒരു വീടും കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസ സൗകര്യങ്ങളും ആവശ്യത്തിനുള്ള വൈദ്യസഹായവും കിട്ടണം.

സോഷ്യലിസ്റ്റുകളും കമ്മ്യൂണിസ്റ്റുകളും പറയുന്നതു് അവർക്കു സാമ്പത്തികസമത്വമുണ്ടാക്കാൻ ഇന്നു സാദ്ധ്യമല്ലെന്നാണ്. അവർ അതിനനുകൂലമായ പ്രചരണംമാത്രം നടത്തി വിദ്വേഷം ജനിപ്പിക്കയും വളർത്തുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു. അവർ പറയുന്നതു് രാഷ്ട്രത്തിന്റെമേൽ അവർക്കു നിയന്ത്രണശക്തിയുണ്ടായാൽ അവർ സമത്വം നിർബ്ബന്ധിതമാക്കുമെന്നാണ്. എന്റെ പദ്ധതിയനുസരിച്ച് രാഷ്ട്രം ജനങ്ങളുടെ ഹിതം നടപ്പിൽ വരുത്തുകയ

---

64. Harijan, 25-1-1942, (Economic and Industrial Life and Relations, vol. I, P. III)

65. Harijan, 31-4-1946, (Economic and Industrial Life and Relations, vol. I, P. 110)

digitized by www .sreyas.in

ല്ലാതെ, എന്തെങ്കിലും അവരോടാജ്ഞാപിക്കയോ, നിർബ്ബന്ധപൂർവ്വം അവരെക്കൊണ്ടു് അതനുസരിപ്പിക്കയോ ചെയ്കയില്ല. സ്നേഹത്തിന്റെ പടച്ചട്ടയണിഞ്ഞു്—ദ്വേഷത്തിന്റെയല്ല—എന്റെ വീക്ഷണകോണത്തിലേക്ക ജനങ്ങളെ പരിവർത്തനം ചെയ്തു്, അങ്ങനെ അഹിംസയിലൂടെ സാമ്പത്തികസമത്വം ഞാൻ കൈവരുത്തും. ജനസമുദായം മുഴുവൻ എന്റെ അഭിപ്രായത്തോടു യോജിക്കുന്നതുവരെ കാത്തിരിക്കാതെ ഞാൻതന്നെ ഈ പദ്ധതി സമാരംഭിക്കും. അമ്പതു മോട്ടോർകാറുകളുടെയോ പത്തു 'ബിഘ' ഭൂമിയുടെയോ ഉടമസ്ഥനാണ ഞാനെങ്കിൽ ഞാൻ വിഭാവന ചെയ്യുന്ന ധനപരമായ സമത്വം നടപ്പിൽ വരുത്തുക എനിക്ക സാദ്ധ്യമല്ലെന്നുള്ളതു സ്പഷ്ടമാണു്. അതിലേക്കു് ഞാൻ തന്നത്താൻ ദരിദ്രന്മാരിൽവച്ചു ദരിദ്രനാകണം. കഴിഞ്ഞ 50 വർഷങ്ങൾക്ക മേലായി ഞാൻ അതിനുവേണ്ടിയാണ പരിശ്രമിക്കുന്നതു്; അതുകൊണ്ട ധനികന്മാർ തരുന്ന കാറുകളും മററു സൗകര്യങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും, ഒരു മികച്ച കമ്മ്യൂണിസ്റ്റാണു് ഞാനെന്നു ഞാൻ അവകാശപ്പെടുന്നു. എന്നാൽ അവയ്ക്കു് എന്റെമേൽ യാതൊരു സ്വാധീനവും ഉണ്ടായിരിക്കുകയില്ല; സാമാന്യജനങ്ങളുടെ താല്പര്യത്തിനുവേണ്ടി അവയെ വലിച്ചെറിയാൻ എനിക്ക പ്രയാസമില്ല.

## 66

ഒരു മന്ത്രി പ്രതിമാസം 1500 രൂപയും ഒരു ചപ്രാസിയോ ഒരദ്ധ്യാപകനോ 15 രൂപയും ശമ്പളം വാങ്ങുന്നതെന്തുകൊണ്ടാണു്? ഈ ചോദ്യം ചോദിച്ചതുകൊണ്ടുമാത്രം അതിനു് ഒരു പരിഹാരമുണ്ടാകുന്നില്ല. ഈ വ്യത്യാസങ്ങൾ യുഗങ്ങളായി നിലനിന്നുവരുന്നവയാണു്. ഒരാനയ്ക്കു വളരെയധികം ആഹാരസാധനം വേണ്ടിയിരിക്കെ, ഒരു ഉറുമ്പിനു് ഒരു മണി അരി മതിയാകുന്നില്ലേ? ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഇതേപ്പററി ചിന്തിക്കണം. ആനയ്ക്കും ഉറുമ്പിനും ആവശ്യങ്ങളിലുള്ള വ്യത്യാസംപോലെ മനുഷ്യർ തമ്മിലുള്ള ആവശ്യങ്ങളുടെ വ്യത്യാസവും നാം ശരിക്ക ഗ്രഹിച്ചാൽ സംശയങ്ങളൊന്നും ഉദിക്കുകയില്ല. അനുഭവം നമ്മെ പഠിപ്പിക്കുന്നതു് ആവശ്യങ്ങൾ തമ്മിലുള്ള വ്യത്യാസം സമുദായത്തിൽ നിലനില്ക്കുന്നു എന്നാണു്. എന്നാൽ അതിനു് ആസ്പദമായ നിയമമെന്തെന്നു നമുക്കു് അറിവില്ല. അതുകൊണ്ടു് ഈ വ്യത്യാസത്തെ കഴിവുള്ളിടത്തോളം കുറയ്ക്കുകമാത്രമേ ഇന്നു സാദ്ധ്യമായിട്ടുള്ളു. സമാധാനപരമായ പ്രക്ഷോഭണം നടത്തിയും പൊതുജനങ്ങളിൽ അനുകൂലാഭിപ്രായം സൃഷ്ടിച്ചും ഈ കുറയ്ക്കൽ നടപ്പിലാക്കാവുന്നതാണു്. ബലപ്രയോഗത്താലോ സത്യാഗ്രഹത്തിന്റെ പേ

66. Harijan, 21-4-1946 (Economic and Industrial Life and Relations, vol. I, P. 116)

digitized by www .sreyas.in

രിൽ ദുരാഗ്രഹംകൊണ്ടോ അതു സാദ്ധ്യമാകയില്ല. മന്ത്രിമാർ ജനങ്ങളുടെ ആളുകളാണ്. അവർ ഈ ഉദ്യോഗം ഏറ്റെടുക്കുംമുമ്പും അവരുടെ ആവശ്യങ്ങൾ ചപ്രാസികളുടേതിനു തുല്യമായിരുന്നില്ല. മന്ത്രിയുടെ ഉദ്യോഗം വഹിക്കുന്നതിന് ഒരു ചപ്രാസി പ്രാപ്തനാവുകയും അതേസമയം തന്റെ ആവശ്യങ്ങൾ വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്യുന്നതു് കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു മന്ത്രിയും തനിക്കു നിശ്ചയിച്ചിട്ടുള്ള ശമ്പളത്തിന്റെ പരമാവധിത്തുകയും വാങ്ങണമെന്നു നിർബന്ധമില്ലെന്നുള്ള കാര്യവും വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. ഈ പ്രശ്നങ്ങളിൽനിന്നും ഉദിക്കുന്ന ഒരു സംഗതിയെപ്പററി ഗാഢമായി ചിന്തിക്കേണ്ടതുണ്ട്. പ്രതിമാസം തനിക്കു ലഭിക്കുന്ന വേതനമായ വെറും പതിനഞ്ചു രൂപകൊണ്ട് ഒരു ചപ്രാസിക്ക് തന്നെയും തന്റെ കുടുംബത്തെയും, കൈക്കൂലി വാങ്ങാതെ, പുലർത്താൻ കഴിയുമോ? പ്രലോഭനങ്ങൾക്കു വശംവദനാകാതിരിക്കത്തക്കവണ്ണം യോഗ്യമായ ശമ്പളം അവർക്കു കൊടുക്കേണ്ടതല്ലേ? ഇതിനുള്ള പോംവഴി നാംതന്നെ നമ്മുടെ ചപ്രാസികളായിരിക്കുക എന്നുള്ളതാണ്. അതല്ല, നമുക്ക് അവരുടെ സേവനം കൂടിയേ കഴിയൂ എങ്കിൽ അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കത്തക്ക ശമ്പളം അവർക്കു കൊടുക്കണം. ഇങ്ങനെ മന്ത്രിയും ചപ്രാസിയും തമ്മിലുള്ള വലിയ വിടവു നികത്താൻ കഴിയും.

മന്ത്രിമാരുടെ ശമ്പളം 500 രൂപയിൽനിന്നും 1500 രൂപയാക്കി വദ്ധിപ്പിച്ചതു് എന്തിനാണെന്നുള്ളതു മറെറാരു സംഗതിയാണ്. എന്നാൽ ഇതു പ്രധാന പ്രശ്നവുമായി താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമാണ്. ആ പ്രശ്നത്തിനു് ഇതു പരിഹാരം ഉണ്ടാക്കുന്നുമില്ല. പ്രധാനം പ്രശ്നം പരിഹൃതമാകുമ്പോൾ ഇതും വാസ്തവത്തിൽ ശരിപ്പെട്ടുകൊള്ളും.

## 67

മാതൃകാപരവും ലോകം അസൂയപ്പെടത്തക്കതുമായ ഒരു സ്വതന്ത്രജീവിതം ഇൻഡ്യ നയിക്കണമെങ്കിൽ എല്ലാ തോട്ടിത്തൊഴിലാളികളും ഡാക്ടറന്മാരും അഭിഭാഷകരും അദ്ധ്യാപകന്മാരും കച്ചവടക്കാരും ഒരു ദിവസത്തെ സത്യസന്ധമായ ജോലിക്ക് ഒരേമാതിരി ശമ്പളം വാങ്ങണമെന്നുള്ളതിൽ എനിക്കു സംശയമില്ല. ഇൻഡ്യൻസമുദായം ഈ ലക്ഷ്യത്തിൽ ഒരിക്കലും എത്തിയില്ലെന്നുവരാം; എന്നാൽ ഇൻഡ്യ ഒരു സന്തുഷ്ടരാജ്യമാകണമെങ്കിൽ ഓരോ ഇൻഡ്യാക്കാരനും തന്റെ ജീവിതനൗകയെ ആ ലക്ഷ്യത്തെ ലാക്കാക്കി വിടേണ്ടതും മററു യാതൊരു ലക്ഷ്യവും അവനുണ്ടാകാൻ പാടില്ലാത്തതുമാണ്.

67. Harijan, 16-3-1947 (Towards Non-violent Socialism P. 24)

digitized by www .sreyas.in

## ഐ. സമ്പത്തും ക്ഷേമവും

### 68

'നാഗരികത' എന്ന വാക്കുകൊണ്ടു് വിവക്ഷിക്കപ്പെട്ടിട്ടുള്ള സ്ഥിതിവിശേഷങ്ങളെന്താണെന്നു നമുക്കു് ആദ്യമായി പരിശോധിക്കാം. നാഗരികതയിൽ ജീവിക്കുന്ന ജനങ്ങൾ ശാരീരികക്ഷേമത്തെ ജീവിതോദ്ദേശ്യമാക്കുന്നു എന്ന വസ്തുതയാണു് അതിന്റെ ഉരകല്ലു്. ചില ഉദാഹരണങ്ങളിലേക്കു കടക്കാം. യൂറോപ്പിലെ ആളുകൾ നൂറു വർഷത്തിനുമുമ്പുണ്ടായിരുന്നതിനെക്കാൾ നല്ല കെട്ടിടങ്ങളിൽ ഇപ്പോൾ താമസിക്കുന്നു. ഇതു നാഗരികതയുടെ ഒരു ചിഹ്നമായി കണക്കാക്കപ്പെടുകയും യഥാർത്ഥത്തിൽ ശാരീരികമായ ആനന്ദത്തെ വർദ്ധിപ്പിക്കുന്നതിനു് അതു് ഉതകുകയും ചെയ്യുന്നു. പുരാതനകാലങ്ങളിൽ അവർ മൃഗചർമ്മങ്ങൾ ഉടുക്കുകയും കുന്തങ്ങൾ ആയുധമായി ഉപയോഗിക്കുകയും ചെയ്തുവന്നു. ഇപ്പോഴാകട്ടെ അവർ നീളമുള്ള കാലുറകൾ ധരിക്കുകയും, ശരീരം മോടിപിടിപ്പിക്കുന്നതിനു വിവിധ രീതിയിലുള്ള വസ്ത്രവിശേഷങ്ങൾ ഉപയോഗിക്കുകയും, കുന്തങ്ങൾക്കുപകരം അഞ്ചും അതിൽക്കൂടുതലും അറകളുള്ള കൈത്തോക്കുകൾ കൊണ്ടുനടക്കുകയും ചെയ്യുന്നു. അധികം വസ്ത്രങ്ങളും ബൂട്സ് മുതലായവയും ധരിച്ചു പരിചയമില്ലാത്ത ഒരു രാജ്യത്തിലെ ആളുകൾ യൂറോപ്യൻ വസ്ത്രധാരണരീതി അനുവർത്തിക്കുകയാണെങ്കിൽ അവർ കാട്ടാളത്തം വിട്ടു നാഗരികത പ്രാപിച്ചതായി ഗണിക്കപ്പെടുന്നു. മുൻകാലങ്ങളിൽ യൂറോപ്പിലെ ആളുകൾ കൈവേലകൊണ്ടു നിലം ഉഴുതു പോന്നു. ഇപ്പോഴാകട്ടെ ആവിയന്ത്രങ്ങളുടെ സഹായത്തോടുകൂടി വളരെ വിസ്തീർണ്ണമുള്ള സ്ഥലം ഒരാൾക്കു് ഉഴാൻ കഴിയുകയും അങ്ങനെ കൂടുതൽ ധനം ആർജ്ജിക്കുകയും ചെയ്യുന്നു. ഇതും നാഗരികതയുടെ ഒരു ലക്ഷണമാണെന്നാണു പറയപ്പെടുന്നതു്. പണ്ടു വളരെച്ചുരുക്കം ആളുകൾ മാത്രമേ വിലയേറിയ ഗ്രന്ഥങ്ങൾ എഴുതിയിരുന്നുള്ളു. ഇപ്പോൾ ആരും തനിക്കു തോന്നിയ എന്തും എഴുതി അച്ചടിപ്പിച്ചു മനുഷ്യരുടെ മനസ്സിനെ ദുഷിപ്പിക്കുന്നു. മുൻകാലങ്ങളിൽ ജനങ്ങൾ വണ്ടികളിൽ സഞ്ചരിച്ചുപോന്നു. ഇപ്പോൾ ആകാശവാഹനങ്ങളിലൂടെ നാനൂറും അതിൽക്കൂടുതലും മൈൽ വേഗത്തിൽ യാത്ര ചെയ്യുന്നു. ഇതു നാഗരികതയുടെ ഉച്ചകോടിയായി കണക്കാക്കപ്പെടുന്നു. മനുഷ്യർ പുരോഗമിക്കുന്നതോടുകൂടി അവർക്കു വിമാനങ്ങളിൽ കയറി ഏതാനും മണിക്കൂർകൊണ്ടു ലോകത്തിന്റെ ഏതു ഭാഗത്തും എത്താൻ കഴിയുമെന്നു പറയപ്പെടുന്നു. മനുഷ്യർക്കു് അവരുടെ കൈയും കാലും ഉപയോഗിക്കേണ്ടിവരികയില്ല. ഒരു ബട്ടൺ പിടിച്ചമർത്തുമ്പോൾ അവരുടെ വസ്ത്രങ്ങൾ അരികിൽ വരും; വേറൊരു

68. Indian Home Rule, (1908) pp. 35, 36

ബട്ടൺ അമർത്തുമ്പോഠം വൃത്താന്തപത്രം അവരെ സമീപിക്കും; മൂന്നാമതൊന്നമർത്തുമ്പോഠം ഒരു മോട്ടോർകാർ അവക്കുവേണ്ടി കാത്തു നില്ക്കും; വൈവിദ്ധ്യമുള്ളതും രുചികരവുമായ പല ആഹാരസാധനങ്ങഠം അവക്കുണ്ടാകും. എല്ലാ കാര്യങ്ങളും യന്ത്രങ്ങഠം നിവ്വഹിക്കും. മുൻകാലങ്ങളിൽ തമ്മിൽ യുദ്ധം ചെയ്യേണ്ടിവരുമ്പോഠം ആളുകഠം അവരുടെ ശരീരശക്തിയുടെ പരിമാണമാണ് കണക്കാക്കിവന്നതു്; ഇന്നാണെങ്കിൽ, ഒരു കുന്നിന്മുകളിൽ ഒരു തോക്കിൻെറ പിറകിലിരിക്കുന്ന ആഠംക്കു് ആയിരക്കണക്കിനാളുകളുടെ ജീവൻ ഇല്ലാതാക്കാൻ കഴിയും. ഇതത്രെ നാഗരികത! മുമ്പു തുറസ്സായ സ്ഥലങ്ങളിൽനിന്നു് ആളുകഠം അവക്കു് ഇഷ്ടമുള്ളിടത്തോളംമാത്രം ജോലി ചെയ്യുമായിരുന്നു. ഇപ്പോഠം ആയിരക്കണക്കിനാളുകഠം ഒരുമിച്ചുചേന്നു് തങ്ങളുടെ കാലയാപനത്തിനുവേണ്ടി തൊഴിൽശാലകളിലോ ഖനികളിലോ വേല ചെയ്യുന്നു. അവരുടെ അവസ്ഥ മൃഗങ്ങളുടേതിലും കഷ്ടമാണു്. തങ്ങളുടെ ജീവനു നേരിടാവുന്ന അപകടത്തെ വിഗണിച്ചു് ഏററവും ആപല്ക്കരമായ ജോലികളിൽ ഏപ്പെട്ടു ലക്ഷപ്രഭുക്കളുടെ മേന്മയ്ക്കുവേണ്ടി പ്രവത്തിക്കാൻ അവർ നിർബന്ധിതരാകുന്നു. പണ്ടു ബലം പ്രയോഗിച്ചു മനുഷ്യരെ അടിമകളാക്കിവന്നു. ഇപ്പോഠം പണവും അതിൽനിന്നു ലഭിക്കുന്ന സുഖഭോഗങ്ങളും അടിമത്തം സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. മനുഷ്യർ സ്വപ്നം കണ്ടിട്ടുപോലുമില്ലാത്ത സുഖക്കേടുകഠം ഇപ്പോഴുണ്ടു്; അവയ്ക്കുള്ള ചികിത്സ കണ്ടുപിടിക്കുന്നതിൽ ഡാക്ടറന്മാരുടെ ഒരു പടതന്നെ ഏപ്പെട്ടിരിക്കയാണു്. അതുകാരണം ആശുപത്രികളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ടു്. ഇതും നാഗരികതയുടെ തെളിവാണു്. മുമ്പു് എഴുത്തുകളയയ്ക്കുന്നതിനു പ്രത്യേക ദൂതന്മാരും വലിയ ചെലവും വേണ്ടിയിരുന്നു; ഇന്നു് ഒരു പെനി ചെലവാക്കിയാൽ ഒരു കൂട്ടുകാരനെ എഴുത്തുമുഖേന ആക്കും ശകാരിക്കാം. അതേ ചെലവിൽ ഒരാളുടെ നന്ദി പ്രകടിപ്പിക്കാൻ കഴിയുമെന്നുള്ളതും വാസ്തവംതന്നെ. പണ്ടു വീട്ടിലുണ്ടാക്കുന്ന അപ്പവും മലക്കറിക്കൂട്ടാനം ചേത്തുള്ള രണ്ടോ മൂന്നോ നേരത്തെ ആഹാരം മതിയായിരുന്നു. ഇപ്പോഴത്തെ മനുഷ്യക്കു് മണിക്കൂറിലൊരിക്കൽ വല്ലതും തിന്നണമെന്നുള്ളതുകൊണ്ടു് കാര്യങ്ങഠം നോക്കാൻ അവക്കു് അവസരം കിട്ടുക വിഷമമായിത്തീന്നിട്ടുണ്ടു്. കൂടുതലായി ഇക്കാര്യത്തിൽ എന്താണു ഞാൻ പറയേണ്ടതു്? ഇതെല്ലാം പല അധികൃതഗ്രന്ഥങ്ങളിൽനിന്നും നിങ്ങഠംക്കു ഗ്രഹിക്കാവുന്നതാണു്. ഇതെല്ലാം നാഗരികതയുടെ യഥാത്ഥ പരീക്ഷണങ്ങളാണു്. മററാരെങ്കിലും ഇതിനു് എതിരു പറയുകയാണെങ്കിൽ അയാഠം അജ്ഞനാണെന്നു ധരിച്ചുകൊള്ളണം! ഈ നാഗരികതയിൽ സദാചാരത്തെയോ മതത്തെയോ പററിയുള്ള നോട്ടമില്ല. അതിൻെറ ഉപാസകന്മാർ ശാന്തമായിപ്പറയുന്നതു് മതോദ്ബോധനം അവരുടെ ജോലിയല്ല എന്നാണു്. അതു് അന്ധവിശ്വാസം വളത്തുന്ന ഒന്നാണെന്നുപോലും

digitized by www .sreyas.in

ചിലർ ഗണിക്കുന്നു. മററുചിലർ മതത്തിന്റെ ചട്ടധരിച്ചുകൊണ്ടു സദാചാരത്തെപ്പററി പ്രലപിക്കുന്നു. എന്നാൽ ഇരുപതു കൊല്ലത്തെ പരിചയത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് സദാചാരത്തിന്റെ പേരിൽ ദുരാചാരമാണു് മിക്കപ്പോഴും അഭ്യസിപ്പിക്കുന്നതു് എന്നാണു്.

## 69

മനസ്സു് ചപലമായ ഒരു പക്ഷിയാണെന്നു നാം കാണുന്നു; അതിനു കൂടുതൽ കിട്ടുന്തോറും കൂടുതൽ ആവശ്യമുണ്ടു്; ഒരിക്കലും സംതൃപ്തി വരുകയുമില്ല. നമ്മുടെ വികാരങ്ങളിൽ നാം എത്ര കൂടുതൽ വിഹരിക്കുന്നുവോ അത്രത്തോളം അവ അനിയന്ത്രിതമാകുന്നു. അതുകൊണ്ടു് നമ്മുടെ പൂർവ്വികന്മാർ നമ്മുടെ ലാലസകൾക്കു് ഒരു അതിരു കല്പിച്ചിരുന്നു. സന്തോഷം മനസ്സിന്റെ ഒരു സ്ഥിതിവിശേഷമാണെന്നു് അവർ കണ്ടു. ധനികനായതുകൊണ്ടു് ഒരുത്തൻ സന്തോഷമുള്ളവനായിരിക്കണമെന്നു നിർബന്ധമില്ല; ദരിദ്രനായതുകൊണ്ടു് അസന്തുഷ്ടനായിരിക്കണമെന്നുമില്ല. ധനികന്മാർ മിക്കവാറും സന്തോഷരഹിതരായും ദരിദ്രന്മാർ സന്തോഷമുള്ളവരായും കാണപ്പെടുന്നു. ലക്ഷക്കണക്കിനാളുകൾ എപ്പോഴും ദരിദ്രരായിരിക്കും. ഇതെല്ലാം ഗ്രഹിച്ചുകൊണ്ടു നമ്മുടെ പൂർവ്വികന്മാർ ആഡംബരങ്ങളിലും സുഖഭോഗങ്ങളിലുംനിന്നു നമ്മെ പിന്തിരിപ്പിച്ചു. ആയിരക്കണക്കിനു വർഷങ്ങൾക്കുമുമ്പു് ഉപയോഗിച്ചിരുന്നതുമാതിരി കലപ്പകൊണ്ടു നാം നിലം ഉഴുന്നു. മുൻകാലങ്ങളിലുണ്ടായിരുന്നമാതിരി കുടിലുകൾ ഇന്നും നാം താമസത്തിനുപയോഗിക്കുന്നു. നമ്മുടെ നാട്ടിനു സ്വന്തമായുള്ള വിദ്യാഭ്യാസരീതി ഇന്നും നിലവിലുണ്ടു്. ജീവിതത്തെ കരണ്ടുനശിപ്പിക്കുന്ന മത്സരം നമ്മുടെ ഇടയിലുണ്ടായിട്ടില്ല. ഓരോരുത്തനും അവനവന്റെ തൊഴിലിലോ വ്യാപാരത്തിലോ ഏർപ്പെടുകയും നിയമാനുസൃതമായ ഒരു കൂലി ചുമത്തുകയും ചെയ്തുവന്നു. നമുക്കു് യന്ത്രനിർമ്മിതി അറിയാൻ പാടില്ലായ്കകൊണ്ടല്ല, എന്നാൽ അത്തരം സംരംഭങ്ങളിൽ നമ്മുടെ ശ്രദ്ധ തിരിച്ചുവിട്ടാൽ നാം അടിമത്തത്തിലാണ്ടു സന്മാർഗ്ഗബോധം നഷ്ടപ്പെടുമെന്നറിയാവുന്നതുകൊണ്ടാണു് നമ്മുടെ പൂർവ്വികന്മാർ അതിലേക്കുദ്യമിക്കാഞ്ഞതു്. അതുകൊണ്ടു വേണ്ടവിധത്തിൽ വിചിന്തനം ചെയ്തശേഷം, നമ്മുടെ കൈകാലുകൾകൊണ്ടു നിർവ്വഹിക്കാവുന്ന ജോലികൾമാത്രം നാം ചെയ്താൽ മതിയെന്നു് അവർ തീരുമാനിച്ചു. നമ്മുടെ യഥാർത്ഥ ആനന്ദവും ആരോഗ്യവും നമ്മുടെ കൈകാലുകൾകൊണ്ടുള്ള ന്യായമായ പ്രവർത്തനത്തിലാണടങ്ങിയിരിക്കുന്നതെന്നു് അവർ മനസ്സിലാക്കി. കൂടാതെ, വലിയ നഗരങ്ങൾ ഒരു കെണിയും അനാവശ്യമായ ഒരു ബാദ്ധ്യതയുമാണെന്നും, ജന

69. Indian Home Rule (1908), pp. 61—62)

digitized by www .sreyas.in

ങ്ങൾ അതിൽ സന്തുഷ്ടരായി കഴിയുകയില്ലെന്നും, മോഷ്ടാക്കളുടെയും കൊള്ളക്കാരുടെയും സംഘങ്ങൾ അവിടെ ഉണ്ടാകുമെന്നും, വ്യഭിചാരവും മററു ദുർമ്മാർഗ്ഗങ്ങളും അവിടെ അഭിവൃദ്ധിപ്പെടുമെന്നും, ധനികർ ദരിദ്രരുടെ വക മോഷ്ടിച്ചെടുക്കുമെന്നും അവർ യുക്തിപൂർവ്വം ഗ്രഹിച്ചു. അതുകാരണം ചെറിയ ഗ്രാമങ്ങൾകൊണ്ട് അവർ തൃപ്തിപ്പെട്ടു. രാജാക്കന്മാരും അവരുടെ ഖഡ്ഗങ്ങളും നീതിശാസ്ത്രത്തിന്റെ ഖഡ്ഗത്തിനു താഴെയാണെന്ന് അവർ ധരിക്കുകയും, ഭൂമിയുടെ അധിപന്മാരായ രാജാക്കന്മാർക്ക് ഋഷിമാരെയും ഫക്കീറുകളെയുംകാൾ താണപടിമാത്രം അവർ വകവച്ചുകൊടുക്കുകയും ചെയ്തു. ഈമാതിരി ഭരണഘടനയുള്ള ഒരു രാഷ്ട്രത്തിനു മററുള്ളവരിൽനിന്നും പഠിക്കുന്നതിനേക്കാൾ അവരെ പഠിപ്പിക്കുന്നതിനുള്ള പ്രാപ്തിയുണ്ടായിരിക്കും. ഈ രാഷ്ട്രത്തിനു കോടതികളും അഭിഭാഷകരും ഡാക്ടറന്മാരുമുണ്ടായിരുന്നു; എന്നാൽ അവരെല്ലാം ഒരു അതിരിനുള്ളിലായിരുന്നു. ഈ തൊഴിലുകളൊന്നും മേൽത്തരമല്ലെന്ന് എല്ലാവർക്കുമറിയാമായിരുന്നു; അന്നത്തെ വക്കീലന്മാരും വൈദ്യന്മാരും മനുഷ്യരിൽനിന്നും പിടിച്ചുപറിച്ചില്ല; അവർ ജനങ്ങളുടെ ആശ്രിതന്മാരല്ലാതെ യജമാനന്മാരായിരുന്നില്ല. ന്യായം നടത്തൽ മിക്കവാറും നീതിപൂർവ്വംതന്നെയായിരുന്നു. കോടതിയെ കൂടാതെ കഴിക്കണമെന്നായിരുന്നു സാധാരണനിശ്ചയം. ജനങ്ങളെ കോടതിയിൽ പോകാൻ പ്രേരിപ്പിക്കുന്ന ദല്ലാളന്മാർ അന്നില്ലായിരുന്നു. ഈ ദുഷ്യംപോലും തലസ്ഥാനനഗരങ്ങളിലും അവയുടെ പ്രാന്തപ്രദേശങ്ങളിലുമേ കാണപ്പെട്ടിരുന്നുള്ളു. സാധാരണ ജനങ്ങൾ സ്വതന്ത്രരായി ജീവിച്ചു കൃഷിയിൽ ഏർപ്പെട്ടു കഴിഞ്ഞുവന്നു. യഥാർത്ഥ സ്വയംഭരണംകൊണ്ടുള്ള നന്മ അവർ അനുഭവിക്കുന്നുണ്ടായിരുന്നു.

## 70

എന്റെ സ്വപ്നത്തിലുള്ള സ്വരാജ് പാവപ്പെട്ടവന്റെ സ്വരാജ് ആണ്. ജീവിതാവശ്യങ്ങൾ രാജാക്കന്മാർക്കും ധനികന്മാർക്കുമൊപ്പം നിങ്ങൾക്കും അനുഭവിക്കാൻ കഴിയണം. അവർക്കുള്ളമാതിരി കൊട്ടാരങ്ങൾ നിങ്ങൾക്കും ഉണ്ടായിരിക്കണമെന്നു ഇതിനർത്ഥമില്ല. അവയൊന്നും സന്തുഷ്ടിക്ക് ആവശ്യമുള്ളതല്ല. നിങ്ങളും ഞാനും അവയിലകപ്പെട്ടു നാശമടഞ്ഞേക്കും. എന്നാൽ, ഒരു ധനികൻ അനുഭവിക്കുന്ന സാധാരണ സുഖസൗകര്യങ്ങൾ നിങ്ങൾക്കും ലഭിക്കേണ്ടതാണ്. സ്വരാജിൽ ഈ വ്യവസ്ഥകൾക്ക് ഉറപ്പുണ്ടെങ്കിൽമാത്രമേ അതു പൂർണ്ണ സ്വരാജ് ആവുകയുള്ളു.

---

70. Young India, 26-3-1921 (From a speech to the labour union of Ahmedabad)

digitized by www .sreyas.in

## 71

നമുക്ക് എല്ലായ്പോഴും നമ്മുടെ യഥാർത്ഥ ആവശ്യങ്ങളെപ്പററി അറിവില്ല; നമ്മിൽ അധികംപേരും നമ്മുടെ ആവശ്യങ്ങളെ അനുചിതമായി വർദ്ധിപ്പിച്ച ബോധമില്ലാതെ സ്വയം മോഷ്ടാക്കളായിത്തീരുന്നു. ആ വിഷയത്തെക്കുറിച്ച് അല്പം ചിന്തിച്ചാൽ നമ്മുടെ ആവശ്യങ്ങളിൽ പലതും ഒഴിവാക്കാൻ കഴിയുമെന്നു നമുക്ക മനസ്സിലാക്കാം. അസ്തേയതത്വം അനുസരിക്കുന്ന ഒരാൾക്ക് തന്റെ ആവശ്യങ്ങളിൽ അനുക്രമം കുറവുവരുത്താൻ കഴിയും. ഈ ലോകത്തുള്ള ശോകാവഹമായ ദാരിദ്ര്യത്തിൽ ഏറിയകൂറും ഉണ്ടാകുന്നതു് അസ്തേയതത്വം ലംഘിക്കുന്നതുമൂലമാണു്.

## 72

നാഗരികത — അതിന്റെ ശരിയായ അർത്ഥത്തിൽ നോക്കിയാൽ—ആവശ്യങ്ങൾ വർദ്ധിപ്പിക്കുന്നതിലല്ല, അവ സ്വമനസ്സാലെ കരുതിക്കൂട്ടി പരിമിതമാക്കുന്നതിലാണു് സ്ഥിതിചെയ്യുന്നതു്. അങ്ങനെ ചെയ്യുമ്പോൾ യഥാർത്ഥ സന്തോഷവും സംതൃപ്തിയുമുണ്ടാവുകയും സേവനത്തിനുള്ള ശേഷി വർദ്ധിക്കുകയും ചെയ്യും. പരിശ്രമംകൊണ്ടു് ഒരാൾക്ക തന്റെ ആവശ്യങ്ങൾ കുറയ്ക്കാവുന്നതും, ആവശ്യങ്ങൾ കുറയ്ക്കുന്നതുമൂലം സന്തോഷവും ശരീരത്തിനു് ആരോഗ്യവും മനസ്സിനു ശാന്തിയും ലഭിക്കുന്നതുമാണു്. ഈ തത്വം അടിസ്ഥാനപ്പെടുത്തി പരിശോധിക്കുമ്പോൾ ആശ്രമത്തിൽ ആവശ്യമില്ലെന്നു തെളിയിക്കാവുന്ന പല സാധനങ്ങളുമുണ്ടെന്നും തന്മൂലം നമ്മുടെ അയൽക്കാരെ മോഷ്ടിക്കാൻ നാം പ്രേരിപ്പിക്കുന്നു എന്നും മനസ്സിലാക്കാം.

## 73

സുഭിക്ഷത എന്നതിനു് ഓരോരുത്തൎക്കും ധാരാളം തിന്നാനും കുടിക്കാനും വസ്ത്രധാരണം ചെയ്യാനും മനസ്സിനു പരിശീലനവും ശിക്ഷണവും നൽകാനുമുള്ള വക ഉണ്ടായിരിക്കുക എന്നാണു നിങ്ങൾ അർത്ഥം കല്പിക്കുന്നതെങ്കിൽ ഞാൻ തൃപ്തനാണു്. എന്നാൽ, ദഹിക്കുന്നതിൽക്കൂടുതൽ സാധനങ്ങൾ എന്റെ വയററിൽ കുത്തിച്ചെലുത്തുന്നതിനും, എനിക്കു് ഉപയോഗിക്കാവുന്നതിൽ കവിഞ്ഞുള്ള സാമഗ്രികൾ എനിക്കുണ്ടായിരിക്കുന്നതിനും ഞാൻ ഇഷ്ടപ്പെടുന്നില്ല. അതേസമയം, ദാരിദ്ര്യം, കഷ്ടപ്പാടു്, ദുരിതം, വൃത്തി

---

71. From Yaravda Mandir, (1930) pp. 20—21

72. From Yaravda Mandir, (1930) Ch. VI. (India of My Dreams P. 54)

73. Harijan, 12-2-1938 (Cent per Cent Swadeshi, P. 125)

digitized by www .sreyas.in

കേട്, അഴക്ക്, പൊടി ഇവയൊന്നും ഇൻഡ്യയിൽ പാടില്ലെന്നുള്ളപക്ഷക്കാരനാണ് ഞാൻ.

## 74

നമ്മുടെ രാജ്യത്തിൽ ദരിദ്രതയ്ക്ക് ഒരു ബഹുമതി ഉണ്ടായിരുന്നു. ദരിദ്രൻ തന്റെ നിർദ്ധനതയെക്കുറിച്ചു ലജ്ജിച്ചിരുന്നില്ല. ധനികന്റെ കൊട്ടാരത്തെക്കാൾ തന്റെ കുടിലിനെ അയാൾ കൂടുതൽ ഇഷ്ടപ്പെട്ടു. എന്നല്ല, അതിൽ അയാൾ അഭിമാനംകൊള്ളുകയും ചെയ്തു. ഭൗതികവസ്തുക്കളിൽ അവനു ദാരിദ്ര്യമുണ്ടായിരുന്നെങ്കിലും ആത്മീയദാരിദ്ര്യം ഇല്ലായിരുന്നു. സംതൃപ്തിയായിരുന്നു അയാളുടെ നിധി. ''നമുക്കെല്ലാവർക്കും ധനികരാകാനും കൊട്ടാരങ്ങളുടെ ഉടമസ്ഥരാകാനും സാധിക്കാത്തതുകൊണ്ട് ധനികരുടെ കൊട്ടാരങ്ങൾ ഇടിച്ചു നിരത്തിയിട്ട് അവരെ നമ്മുടെ നിലയിലേയ്ക്കു താഴ്ത്തുകയെങ്കിലും ചെയ്യാം'' എന്നയാൾ തന്നത്താൻ പറയുമായിരിക്കാം. അതു തങ്ങൾക്കോ മററാർക്കെങ്കിലുമോ സന്തോഷമോ സമാധാനമോ നൽകുകയില്ല; ദൈവം ഇത്തരം ദരിദ്രരുടെ സ്നേഹിതനോ സഹായിയോ ആയിരിക്കുകയുമില്ല. ഭൗതികവസ്തുക്കളുടെ ഉടമസ്ഥതയിലുള്ള അസമത്വത്തെ സംബന്ധിച്ചിടത്തോളം നിർദ്ധനത ലോകം മുഴുവൻ നിലനിന്നിരുന്നു. ഒരുകണക്കിനു് അതു് ഒഴിച്ചുകൂടാൻ പാടില്ലാത്തതായിരുന്നിരിക്കാം; എന്തെന്നാൽ ബുദ്ധിപ്രഭാവത്തിലോ ആവശ്യങ്ങളുടെ അളവിലോ എല്ലാ മനുഷ്യരും സമന്മാരല്ല. കണക്കററ സമ്പത്തുള്ളതും, ദൈവത്തിന്റെ സ്ഥാനം ധനദേവത അപഹരിച്ചിട്ടുള്ളതുമായ അമേരിക്കയിൽപോലും ദരിദ്രന്മാർ ധാരാളം ഉണ്ടായിട്ടുണ്ട്. റംഗൂണിലെ തെരുവുകളിൽ ഷാ ആലമിന്റെ ബന്ധുക്കൾ ഭിക്ഷയിരിക്കുന്നതു കവി മലബാറി കാണുകയുണ്ടായി. അതിനെക്കുറിച്ചു തന്റെ ഹൃദയത്തിൽ ആഞ്ഞിറങ്ങിയ ആശയം അടിസ്ഥാനമാക്കി ഒരു മനോഹരപദ്യം അദ്ദേഹം രചിച്ചു. അതിന്റെ ചുരുക്കം, ദൈവം യാതൊരുത്തനു സ്നേഹിതനും സഹായിയുമായിട്ടുണ്ടോ അവൻ മാത്രമാണ് ധനികൻ എന്നായിരുന്നു. തങ്ങളുടെ ആവശ്യങ്ങൾ ഏററവും ചുരുക്കുന്നതിൽ ആഹ്ലാദിച്ചിരുന്ന ഒരു മനുഷ്യമാതൃക ഇൻഡ്യയിലുണ്ടായിരുന്നു. ശകലം മാവും ഒരുനുള്ള് ഉപ്പും മുളകും മാത്രം തന്റെ കൈലേസിൽ കെട്ടിക്കൊണ്ട് അയാൾ നടക്കും. അയാളുടെ കൈവശം ഒരു ലോട്ടയും കിണററിൽനിന്നു വെള്ളം കോരാൻ ഒരു കയറും ഉണ്ടായിരിക്കും. അയാൾക്കു വേറൊന്നും ആവശ്യമില്ല. ദിവസം പത്തുപന്ത്രണ്ടു മൈൽ അയാൾ കാൽനടയായി സഞ്ചരിക്കും. അയാൾ ആ മാവു കുഴച്ചു കൈലേസിൽ

74. Harijan, 21-7-1946 (Towards Non-violent Socialism, pp. 153—154)

digitized by www .sreyas.in

സൂക്ഷിക്കുകയും ചുള്ളികൾ ശേഖരിച്ചു തീ കൂട്ടി അതിൻെറ കനലിൽ മാവു ചുട്ടെടുക്കുകയും ചെയ്യും. അതിനു 'ബടി' എന്നാണു പേർ. അയാൾക്കു് അതു വളരെ സ്വാദുള്ളതായിത്തോന്നും. ആ സ്വാദു സ്ഥിതിചെയ്യുന്നതു് ആഹാരത്തിൻെറ ഗുണത്തിലല്ല, സത്യസന്ധമായ പ്രയത്നവും മനസ്സിൻെറ സംതൃപ്തിയും അയാൾക്കു പ്രദാനംചെയ്യുന്ന വിശപ്പിലാണു്. അങ്ങനെയുള്ള ഒരാൾക്കു് ദൈവം കൂട്ടുകാരനും സ്നേഹിതനുമായിരിക്കും. അയാൾക്കു് താൻ ഒരു രാജാവിനെയോ ചക്രവർത്തിയെയോ അപേക്ഷിച്ചു കൂടുതൽ ധനവാനാണെന്നു ബോദ്ധ്യംവരുകയും ചെയ്യും. ദൈവം പരധനത്തിൽ തൃഷ്ണയുള്ളവൻെറ സ്നേഹിതനായിരുന്നിട്ടില്ല. ഓരോരുത്തർക്കും ഈ ദൃഷ്ടാന്തം സ്വീകരിച്ചു് അനിർവ്വചനീയമായ സമാധാനവും സന്തുഷ്ടിയും തന്നത്താൻ അനുഭവിക്കുകയും മററുള്ളവരിലേക്കു പകർന്നുകൊടുക്കുകയും ചെയ്യാൻ കഴിയും. നേരേമറിച്ചു് ധനത്തിനു വേണ്ടി കൊതിച്ചുനടക്കുന്ന ഒരുത്തനു ചൂഷണം അതിലേക്കുള്ള മാർഗ്ഗമായി സ്വീകരിക്കേണ്ടിവരും. അങ്ങനെ സ്വീകരിച്ചാൽ പോലും കോടിക്കണക്കിനുള്ള ദരിദ്രന്മാർക്കു ലക്ഷപ്രഭുക്കളാകാൻ സാദ്ധ്യതയില്ല. യഥാർത്ഥ ആനന്ദം സംതൃപ്തിയിലും ദൈവത്തോടുള്ള വേഴ്ചയിലുമാണു് സ്ഥിതിചെയ്യുന്നതു്.

## ജെ. പണവും കടംകൊള്ളലും

### 75

തൊഴിലാളികളുടെ ഇടയിൽ തിരക്കിയാൽ, തങ്ങളുടെ കൈവശം പണമില്ലാതാകുമ്പോൾ അവർ പ്രതിമാസം ഒരു രൂപയ്ക്കു് ഒരണ മുതൽ നാലണവരെ പലിശ കൊടുക്കുന്നതായി നമുക്കറിയാൻ കഴിയുന്നു. ഇതു് ഒരു ഭയങ്കരമായ ചോർച്ചയാണു്. ഒരുതവണയെങ്കിലും ഈമാതിരി പലിശ കൊടുക്കുന്നവനു് അതിൽനിന്നും ഒരിക്കലും വിമുക്തനാവാൻ സാദ്ധ്യമല്ല. ഇതേപ്പററി നമുക്കു് അല്പം ചിന്തിക്കാം. പതിനാറുരൂപയ്ക്കു് ഒരണ നിരക്കിലുള്ള പലിശ ഒരു രൂപയാകുന്നു. ഈ നിരക്കിനു പലിശകൊടുക്കുന്നവർ മുതലിനു സമമായ ഒരു തുക ഒരു വർഷവും നാലു മാസവുംകൊണ്ടു് കൊടുക്കുന്നു. ഇതു് 75 ശതമാനം പലിശയ്ക്കു തുല്യമാകുന്നു. പന്ത്രണ്ടു മുതൽ പതിനാറു ശതമാനംവരെ പലിശപോലും വളരെ കൂടുതലായിട്ടാണു് ഗണിക്കപ്പെടുന്നതു്; ആ നിലയ്ക്കു്, 75 ശതമാനം പലിശ കൊടുക്കുന്നവൻ എങ്ങനെ രക്ഷപ്പെടും? പിന്നെ,

---

75. 1918-ലെ അഹമ്മദ്ബാദ് ടെക്സ്റ്റൈൽ തൊഴിലാളികളുടെ പണിമുടക്കുകാലത്തു് പ്രസിദ്ധീകരിച്ച 17 ലഘുലേഖകളിൽ 10-ാമത്തേതിൽനിന്നു്. (Economic and Industrial Life and Relations, vol. III, P. 129)

digitized by www .sreyas.in

രൂപയ്ക്കു് മാസം നാലണവീതം പലിശ കൊടുക്കുന്നവന്റെ കാര്യം നാം എന്തു പറയാനാണു്? അയാൾ മാസത്തിൽ പതിനാറു രൂപയ്ക്കു് 4 രൂപാവീതം പലിശ കൊടുക്കുകയും, നാലു മാസം കൊണ്ടു് മുതലിനു തുല്യമായ ഒരു തുക അടച്ചുതീർക്കുകയും ചെയ്യുന്നു. ഇതു് 300 ശതമാനം പലിശയാണു്! ഇത്തരം പലിശ കൊടുക്കുന്നവർ എന്നും കടക്കാരായിക്കഴിയുകയും, അവർക്കു് അതിൽനിന്നും രക്ഷപ്പെടാൻ സാധിക്കാതാവുകയും ചെയ്യുന്നു. പലിശ കൊടുക്കുന്നതു പാവങ്ങൾക്കു് എത്രമാത്രം ഭാരമായിത്തീരുന്നു എന്നു മുഹമ്മദുനബിക്കു ബോദ്ധ്യമായിരുന്നു. അതുകൊണ്ടാണു് പലിശ ചുമത്തുന്നതിനെ പരിശുദ്ധ ഖുർആൻ കർശനമായി നിരോധിച്ചിരിക്കുന്നതു്. ഈമാതിരി കാരണങ്ങൾകൊണ്ടായിരിക്കണം ഹിന്ദുമതഗ്രന്ഥങ്ങളിൽ, മുതലിന്റെ ഇരട്ടിയിൽ കവിഞ്ഞ പലിശയില്ല എന്നു നിർദ്ദേശിച്ചിട്ടുള്ളതു്.

ഇപ്പോഴത്തെ കഷ്ടപ്പാടുകൾ കാരണം എല്ലാ തൊഴിലാളികളും ഇത്ര അമിതമായ പലിശ കൊടുക്കുകയില്ലെന്നു ശപഥംചെയ്യുകയാണെങ്കിൽ താങ്ങാനാവാത്ത ഒരു ഭാരത്തിൽനിന്നും അവർക്കു മോചനം ലഭിക്കും. 12 ശതമാനത്തിൽ കൂടുതൽ പലിശ ആരും കൊടുക്കരുതു്. ''ഇതെല്ലാം നല്ലതുതന്നെ; എന്നാൽ നാം പലിശ വ്യവസ്ഥയിൽ കടംവാങ്ങിക്കഴിഞ്ഞിട്ടുള്ളതു് എങ്ങനെ തിരിച്ചു കൊടുക്കും? അതു് ഒരു ജീവിതകാലത്തോളം നമ്മുടെ കൈയിലുണ്ടായിരിക്കുമല്ലോ.'' എന്നു ചിലർ പറഞ്ഞേക്കും. ഇതിലേക്കു് ഒരു പോംവഴി, ധനസഹായം ചെയ്യത്തക്കവിധത്തിൽ ഒരു പരസ്പരസഹായ പ്രസ്ഥാനം തൊഴിലാളികളുടെ ഇടയിലുണ്ടാക്കുകയാണു്. പലിശഭാരത്താൽ ഞെരിഞ്ഞു തകരുന്ന തങ്ങളുടെ സഹപ്രവർത്തകരെ മോചിപ്പിക്കാൻ കഴിയുന്ന ചിലർ തൊഴിലാളികളുടെ ഇടയിലുണ്ടെന്നു നമുക്കറിയാം. പുറമേയുള്ളവർ ഇതിൽ ഇടപെടുകയില്ല. നമ്മിൽ വിശ്വാസമുള്ളവർ മാത്രമേ നമ്മെ സഹായിക്കൂ. ഈ പീഡനത്തിൽനിന്നും തൊഴിലാളികൾ ഏതു വിധത്തിലെങ്കിലും രക്ഷപ്രാപിക്കണം. ഇത്ര വലിയ പലിശ കൊടുക്കുന്നതാണു് അവരുടെ ദാരിദ്ര്യത്തിനുള്ള ഒരു പ്രധാന കാരണം.

## 76

പണം കൊടുത്താൽ അതു ദോഷമേ ചെയ്യൂ. ആവശ്യമുള്ളപ്പോൾ പണം സമ്പാദിക്കുകയാണു് വേണ്ടതു്. മതപ്രചരണസംഘങ്ങൾക്കുവേണ്ടി അമേരിക്കയും ബ്രിട്ടനും പണം ചെലവാക്കുന്നതു ഗുണത്തെക്കാൾ ദോഷമാണു ചെയ്തിട്ടുള്ളതെന്നു് എനിക്കു ബോദ്ധ്യമായിട്ടുണ്ടു്. നിങ്ങൾക്കു ദൈവത്തെയും ധനദേവതയെയും ഒരുമിച്ചു സേവിക്കുക സാദ്ധ്യമല്ല. എന്റെ ഭയം, ഇൻഡ്യ

76. Harijan, 26-12-1936 (Rebuilding Our Villages, P. 8)

digitized by www .sreyas.in

യെ സേവിക്കാൻ ധനദേവതയാണു നിയോഗിക്കപ്പെട്ടിരുന്നതെന്നും, ദൈവം പിൻവാങ്ങി നില്ക്കുകയാണെന്നും, ഇതിന്റെ ഫലം അദ്ദേഹം ഒരിക്കൽ പ്രതികാരം ചെയ്യുകയായിരിക്കുമെന്നുമാണ്. ''പണംകൊണ്ടു ഞാൻ നിങ്ങളെ സേവിക്കാം'' എന്നു് അമേരിക്കക്കാരൻ പറയുമ്പോൾ, ഞാൻ അയാളെ ഭയപ്പെടുന്നു. ''നിങ്ങളുടെ എഞ്ചിനീയറന്മാരെ ഇങ്ങോട്ടയയ്ക്കുക; ധനം സമ്പാദിക്കാനല്ല, അവരുടെ ശാസ്ത്രസംബന്ധമായ അറിവു ഞങ്ങൾക്ക പ്രയോജനപ്പെടുത്താൻ'' എന്നു ഞാൻ അയാളോടു പറയും. അനുഭവത്തിൽനിന്നും എനിക്കുണ്ടായിട്ടുള്ള ഉറച്ച വിശ്വാസം ആത്മീയമായ സംഗതികളിൽ ധനത്തിനു വളരെ ചെറിയ പങ്കു മാത്രമേ വഹിക്കാനുള്ളു എന്നാണു്.

## 77

തൊഴിൽകൊണ്ടുള്ളത്രതന്നെ പ്രയോജനം പണംകൊണ്ടുമുണ്ടു്. ആകെക്കൂടി നോക്കിയാൽ പണം എന്നതു് കൈമാററത്തിനുള്ള ഒരു ഉപാധിമാത്രമാണു്. 25 രൂപ കൈവശമുള്ള ഒരാൾക്കു്, ദിവസം എട്ടു മണിക്കൂർ വേലയ്ക്കു് 3 അണ വീതം കൂലി കണക്കാക്കിയാൽ 50 തൊഴിലാളികൾ തന്റെ അധീനതയിലുണ്ടെന്നു കരുതാം. തന്നോടൊപ്പം വേലചെയ്യുന്ന 49 സഹപ്രവർത്തകരുള്ള ഒരു തൊഴിലാളി 25 രൂപ കൈവശമുള്ള ആളിനു സമനായിത്തീരുന്നു. ഇതുകൊണ്ടു പ്രയോജനമെന്തെങ്കിലുമുണ്ടെങ്കിൽ അതു തൊഴിലിന്റെ കുത്തകക്കാരന്നാണു്. രണ്ടു കൂട്ടരും സമന്മാരായാൽ യോജിപ്പിൽ കാര്യം നടക്കും.

## 78

എന്റെ പദ്ധതിയനുസരിച്ചു ഞാൻ ആവത്തിച്ചു പറയുന്നതു് നടപ്പിലുള്ള നാണയം തൊഴിലാണ്, ലോഹമല്ല എന്നാണു്. തന്റെ തൊഴിൽ ഉപയോഗിക്കുന്ന ആർക്കും ആ നാണയമുണ്ടു്, അതായതു് ധനമുണ്ടു്. തന്റെ തൊഴിലിനെ അയാൾ തുണിയായും ധാന്യമായും മാററുന്നു. തന്നത്താനുണ്ടാക്കാൻ കഴിയാത്ത മണ്ണെണ്ണ ആവശ്യമായാൽ മിച്ചമുള്ള ധാന്യം കൊടുത്തു് അയാൾക്കു് അതു വാങ്ങാം. അതു സൗജന്യവും ന്യായയുക്തവും തുല്യവുമായ വ്യവസ്ഥയിലുള്ള തൊഴിൽകൈമാററമാണു്— അതുകൊണ്ടു് അതൊരു കവർച്ചയല്ലാതാകുന്നു. ഇതു് ആദികാലങ്ങളിലെ സാധനകൈമാററസമ്പ്രദായത്തിലേയ്ക്കുള്ള തിരിച്ചുപോക്കാണെന്നു നിങ്ങൾ ആക്ഷേപം പറഞ്ഞേക്കാം. എന്നാൽ അന്താരാഷ്ട്രീയവ്യാപാരങ്ങളെല്ലാം കൈമാററവ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയല്ലേ നടക്കുന്നതു്?

---

77. Harijan, 16-10-1945 (Selections from Gandhi, P. 96)
78. Harijan, 2-11-1934 (Economic and Industrial Life and Relations, P. 155)

digitized by www .sreyas.in

അദ്ധ്യായം രണ്ട്

# കാർഷികസമ്പദ്വ്യവസ്ഥ

## എ. കാർഷികബന്ധങ്ങൾ

1

ഈയിടെ നടന്ന എന്റെ യു. പി.* പര്യടനത്തിനിടയിൽ, പല യുവസെമിന്ദാരന്മാരും താലൂക്കദാരന്മാരും തങ്ങളുടെ ജീവിതരീതി ലളിതമാക്കാനും ദേശഭക്തിയാൽ പ്രചോദിതരായി കുടിയാനവന്മാരുടെ പ്രയാസങ്ങൾ ലഘൂകരിക്കാനും തുടങ്ങിയിരിക്കുന്നതായിക്കണ്ടു. അതിനെക്കാൾ കൂടുതലായി മറ്റൊന്നും എന്നെ സന്തോഷിപ്പിക്കയുണ്ടായില്ല. പല സെമിന്ദാരന്മാരും ചെയ്യുന്ന കടുംകൈകളേയും, നിയമാനുസൃതമായും അല്ലാതെയും അവർ തരം കിട്ടുമ്പോഴെല്ലാം ഓരോരോ കരങ്ങൾ വസൂൽചെയ്കയും അതിന്റെ ഫലമായി കുടിയാനവൻ വെറും അടിമത്തത്തിൽ ആണ്ടു പോകയും ചെയ്യുന്നതിനെയുംപററിയുള്ള ഭയങ്കരകഥകൾ ഞാൻ കേട്ടിരുന്നു. തന്നിമിത്തം അങ്ങനെയുള്ള കുറെയധികം യുവതാലൂക്കദാരന്മാരെ കണ്ടെത്തിയതു സുഖകരമായ ഒരു വിസ്മയമായി എനിക്കു തോന്നി.

എന്നാൽ ഈ ഉൽക്കർഷം കുറേക്കൂടി മുമ്പോട്ടു പോവാനും സമ്പൂർണ്ണമാവാനുമുണ്ട്. ഇപ്പോഴും അവരുടെ കൂട്ടത്തിൽ ഏററവും നല്ലവരുടെ ഇടയിൽപ്പോലും, അവരും കുടിയാനവന്മാരും തമ്മിൽ വലിയ അന്തരം ഉണ്ട്. തങ്ങൾ ചെയ്ത അല്പം ചിലതിനെപ്പോലും അനല്പമായ രക്ഷാകർത്തൃഭാവവും ആത്മസംതൃപ്തിയും അവർക്കുണ്ട്. പക്ഷേ, എന്തുതന്നെ ചെയ്താലും അതു്, കുടിയാനവനു് അവകാശപ്പെട്ടതു വളരെ താമസിച്ചു മടക്കിക്കൊടുക്കുന്നു എന്നതിൽ കവിഞ്ഞു് ഒന്നുമാകുന്നില്ല. ക്ഷത്രിയരെന്നു പറയപ്പെടുന്നവരുടെ ശ്രേഷ്ഠഭാവത്തിനും, പാവപ്പെട്ട കുടിയാനവൻ തന്റെ വിധിയായി വിനയപൂർവ്വം അംഗീകരിക്കുന്ന പരമ്പരാഗതമായ

---

1. Young India, 5-12-1929 (Towards Non-violent Socialism, pp. 128, 129)

* അന്നത്തെ യുണൈററഡ് പ്രോവിൻസ് (ഇന്നത്തെ ഉത്തരപ്രദേശ്)

digitized by www .sreyas.in

നപകൃഷ്ടവും ബീഭത്സമായ വർണ്ണാശ്രമാഭാസമാണു് ഉത്തരവാദി. സമാധാനപരമായ മാർഗ്ഗത്തിലൂടെ ഇന്ത്യൻ ജനസമൂഹത്തിന്റെ യഥാർത്ഥ പുരോഗതിയുണ്ടാകണമെങ്കിൽ, കുടിയാനവനും തങ്ങളുടേതുപോലുള്ള ആത്മാവുതന്നെയാണുള്ളതെന്നും, പാവപ്പെട്ടവരുടെ മേൽ യാതൊരു കോയ്മയും തങ്ങളുടെ സമ്പത്തു് തങ്ങൾക്കു നല്കുന്നില്ലെന്നുമുള്ള വസ്തുതയ്ക്കു ധനികവർഗ്ഗങ്ങളുടെ പക്ഷത്തു വ്യക്തമായ അംഗീകാരം ഉണ്ടാകണം. ജാപ്പനീസ് പ്രഭുക്കന്മാർ ചെയ്തപോലെ, തങ്ങളുടെ സമ്പത്തു് രക്ഷ്യന്മാരായ കുടിയാനവന്മാരുടെ നന്മയ്ക്കായി കൈവശം വച്ചു സൂക്ഷിക്കുന്ന ട്രസ്റ്റികളാണു തങ്ങൾ എന്നു് അവർ സ്വയം പരിഗണിക്കണം. അപ്പോൾ അവർ തങ്ങളുടെ അദ്ധ്വാനങ്ങൾക്കു കമ്മീഷൻ എന്ന നിലയിൽ ന്യായമായ ഒരു തുകയിൽ കൂടുതലൊന്നും എടുക്കുകയില്ല. ഇന്നാകട്ടെ, ധനികവർഗ്ഗത്തിന്റെ തികച്ചും അനാവശ്യമായ ആഡംബരങ്ങളും ധാരാളിത്തവും ഒരുവശത്തു്; അവർ ആരുടെ ഇടയിൽ ജീവിക്കുന്നുവോ ആ കുടിയാനവന്മാരുടെ വൃത്തികെട്ട ചുറ്റുപാടുകളും ദാരുണമായ ദാരിദ്ര്യവും മറുവശത്തു്; ഇവ തമ്മിൽ യാതൊരു പൊരുത്തവുമില്ല. ആകയാൽ ആദർശയോഗ്യനായ ഒരു സെമീന്ദാർ, ഇപ്പോൾ കുടിയാനവൻ സഹിക്കുന്ന വളരെയധികം ഭാരം അതിവേഗം ലഘൂകരിക്കും. അയാൾ കുടിയാനവന്മാരുമായി അടുത്തിടപെടും: അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കും. അവരുടെ ജീവനെത്തന്നെ നശിപ്പിക്കുന്ന നൈരാശ്യത്തിന്റെ സ്ഥാനത്തു പ്രത്യാശ നിറയ്ക്കും. ശുചീകരണത്തിന്റെയും ആരോഗ്യശാസ്ത്രത്തിന്റെയും നിയമങ്ങളെപ്പറ്റി കുടിയാനവൻ അജ്ഞനായിരിക്കുന്നതിൽ അയാൾ അസംതൃപ്തനായിരിക്കും. കുടിയാനവന്റെ ജീവിതാവശ്യങ്ങൾ നിറവേറുന്നതിനുവേണ്ടി അയാൾ ദാരിദ്ര്യം സ്വയം വരിക്കും. തന്റെ അധീനതയിലുള്ള കുടിയാനവന്മാരുടെ സാമ്പത്തികസ്ഥിതി അയാൾ പഠിക്കും; അവർക്കുവേണ്ടി പള്ളിക്കൂടങ്ങൾ സ്ഥാപിക്കും; അവിടെ കുടിയാനവന്മാരുടെ കുട്ടികളുടെ കൂടെ സ്വന്തം കുട്ടികളെയും പഠിപ്പിക്കും. അയാൾ ഗ്രാമക്കിണറും ഗ്രാമക്കുളവും തുറപ്പിച്ചു വൃത്തിയാക്കും; തന്നത്താൻ വഴി തൂത്തുവാരിയും കക്കൂസു വൃത്തിയാക്കിയും ഈ അത്യാവശ്യമായ ജോലികൾ ചെയ്യാൻ കുടിയാനവനെ പഠിപ്പിക്കും; സ്വന്തം തോട്ടങ്ങൾ തനിക്കു മാത്രമായി വയ്ക്കാതെ കുടിയാനവന്റെ സ്വച്ഛന്ദമായ ഉപയോഗത്തിനു തുറന്നിട്ടുകൊടുക്കും. തന്റെ ഉല്ലാസത്തിനുവേണ്ടി സൂക്ഷിക്കുന്ന ആവശ്യമില്ലാത്ത കെട്ടിടങ്ങളിലധികവും ആശുപത്രിയോ പള്ളിക്കൂടമോ അതുപോലെ മറ്റെന്തെങ്കിലുമോ ആക്കി ഉപയോഗപ്പെടുത്തും. മുതലാളിവർഗ്ഗം കാലത്തിന്റെ സൂചനകൾ വായിച്ചാൽ മതി, തങ്ങളുടെ സ്വത്തെല്ലാം ദൈവദത്തമാണെന്ന ധാരണ പുനഃപരിശോധനചെയ്താൽ മതി, എത്രയും ചുരുങ്ങിയ കാലയളവിൽ ഗ്രാമങ്ങളെന്നറിയപ്പെ

digitized by www .sreyas.in

ടുന്ന. ഏഴുലക്ഷം ചാണകക്കുന്നുകൾ സമാധാനത്തിൻേറയും ആരോഗ്യത്തിൻേറയും സുഖത്തിൻേറയും ആസ്ഥാനങ്ങളാക്കി മാററാം. മുതലാളി ജപ്പാനിലെ സാമുറായിയുടെ മാതൃക പിന്തുടരുന്നപക്ഷം, അയാൾക്ക വാസ്തവത്തിൽ നഷ്ടപ്പെടുവാനൊന്നുമില്ല. സകലതും നേടുവാനേയുള്ളു. മുതലാളി അധികമുള്ള സ്വത്തു സ്വമനസ്സാ വിട്ടുകൊടുക്കുകയും തൽഫലമായ യഥാത്ഥ സുഖം സകലക്കും കൈവരുത്തുകയും ചെയ്യുന്നതു നന്നു്. അയാൾ യഥാവസരം ഉണരുന്നില്ലെങ്കിൽ ഉന്നിദ്രരും, എന്നാൽ അറിവില്ലാത്തവരുമായ ദരിദ്രലക്ഷങ്ങൾ രാജ്യത്തെ കുഴപ്പത്തിൽ ആഴ്ത്തും. ആസന്നമായ ആ കുഴപ്പം ഒരു പ്രബലഗവണ്മെൻറിൻെറ സായുധസൈന്യങ്ങൾക്കുപോലും തടയാൻ ആവില്ല. ഇന്ത്യ വിപത്തു വിജയകരമായി ഒഴിവാക്കുമെന്നു ഞാൻ ആശിച്ചിരുന്നതാണു്. യു. പി. യിലെ ചെറുപ്പക്കാരായ താലൂക്കുദാരന്മാരിൽ ചിലരെ കണ്ടുമുട്ടാനും അടുത്തിടപെടാനും സാധിച്ചതുമൂലം എൻെറ പ്രത്യാശ ബലപ്പെട്ടിരിക്കുന്നു.

## 2

സെമിന്ദാരന്മാർ ഉടൻ ഉണർന്നു പ്രവത്തിക്കുന്നതു നന്നു്. അവർ വെറും കരംപിരിവുകാർ മാത്രമാവാതാരിക്കട്ടെ. കുടിയാന്മാരുടെ ട്രസ്റ്റികളും വിശ്വസ്തസ്നേഹിതന്മാരുമായിത്തീരണം അവർ. തങ്ങളുടെ സ്വകാര്യധനം അവർ ചുരുക്കണം. വിവാഹത്തിൻേറയും മററും സന്ദർഭങ്ങളിൽ നിർബന്ധിതസംഭാവനകളായി കുടിയാന്മാരിൽനിന്നും പിടുങ്ങുന്ന ഇടലാഭങ്ങളും, ഒരു കിസാനിൽനിന്നു വേറൊരു കിസാനിലേയ്ക്കു വസ്തു കൈമാററം ചെയ്യുമ്പോഴോ, അഥവാ കരം കൊടുക്കാത്തതിനു് ഒരു കിസാനെ കുടിയിറക്കിയശേഷം വീണ്ടും അയാൾക്ക വസ്തു തിരികെ കൊടുക്കുമ്പോഴോ ഈടാക്കുന്ന നസ്രാണായും അവർ ഉപേക്ഷിക്കണം; കിസാന്മാക്ക ഭൂമിയിൽ സ്ഥിരാവകാശം നല്കണം: അവരുടെ ക്ഷേമത്തിൽ സജീവമായ താല്പര്യമെടുക്കണം; അവരുടെ കുട്ടികൾക്ക ശരിയായി നടത്തപ്പെടുന്ന പള്ളിക്കൂടങ്ങൾ ഉണ്ടാക്കിക്കൊടുക്കണം; പ്രായമായവക്ക നിശാപാഠശാലകളും രോഗികൾക്കു് ആശുപത്രികളും ഡിസ്പൻസറികളും ഏർപ്പെടുത്തണം; ഗ്രാമീണരുടെ ആരോഗ്യകാര്യത്തിൽ ശ്രദ്ധിക്കണം. ഇങ്ങനെ വിവിധമാർഗ്ഗങ്ങളിലൂടെയും സെമിന്ദാരന്മാർ തങ്ങളുടെ ബഹുമുഖസേവനങ്ങൾക്കു് ഒരു നിശ്ചിത കമ്മീഷൻ മാത്രം എടുക്കുന്ന യഥാത്ഥ സ്നേഹിതന്മാരാണെന്നു കുടിയാനവന്മാക്ക തോന്നാൻ സംഗതിയാക്കണം. ചുരുക്കിപ്പറഞ്ഞാൽ അവർ സ്വന്തം നില ന്യായീകരിക്കണം;

2. Young India, 28-5-1931 (Towards Non-violent Socialism, P. 126)

digitized by www .sreyas.in

കാൺഗ്രസ്സുകാരെ വിശ്വസിക്കണം. അവർതന്നെ കാൺഗ്രസ്സുകാരാകയും, ജനങ്ങളുടേയും ഗവണ്മെൻറിൻേറയും ഇടയിലുള്ള ഒരു പാലമാണു് കാൺഗ്രസ്സെന്നു് അറിയുകയും വേണം. ജനങ്ങളുടെ സ്വാധ്യാൽക്ഷേമം കാംക്ഷിക്കുന്നവക്കെല്ലാം കാൺഗ്രസ്സിൻെറ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണു്. സെമിന്ദാരന്മാരോടു കൃഷീവലന്മാർക്കുള്ള ബാദ്ധ്യതകൾ അവർ നിറവേററിക്കാണ്മാൻ കാൺഗ്രസ്സുകാരും ശ്രദ്ധിക്കണം—ചട്ടപ്രകാരമുള്ള ബാദ്ധ്യതകളെയല്ല, അവർതന്നെ ന്യായമെന്നു സമ്മതിച്ചിട്ടുള്ളവയെയാണു ഞാൻ വിവക്ഷിക്കുന്നതു്. വസ്തുക്കൾ തങ്ങളുടേതുമാത്രമാണു്, സെമിന്ദാരന്മാർക്കു് അതിൽ ഒരു കാര്യവുമില്ല, എന്ന വിശ്വാസപ്രമാണം അവർ ഉപേക്ഷിക്കണം. അവർ ഒരു കൂട്ടുകുടുംബത്തിലെ അംഗങ്ങളാണു്, അഥവാ ആയിരിക്കണം. ആ കുടുംബത്തിൽ അവരുടെ അവകാശങ്ങൾക്കു കോട്ടംതട്ടാതെ സൂക്ഷിക്കുന്ന തലവനാണു് സെമിന്ദാർ. നിയമം എന്തായാലും ശരി, സെമിന്ദാരി പരിരക്ഷാർഹമാകണമെങ്കിൽ, കൂട്ടുകുടുംബത്തിൻെറ വ്യവസ്ഥകളിൽ എത്തിച്ചേരണം.

## 3

സാമാന്യജനങ്ങൾ ഇന്നു ജന്മികളേയും അമിതലാഭേച്ഛുക്കളേയും തങ്ങളുടെ ശത്രുക്കളായി കാണുന്നില്ല. എന്നാൽ ഈ വർഗ്ഗങ്ങൾ സാമാന്യജനങ്ങളോടു ചെയ്തിട്ടുള്ള ദ്രോഹത്തെപ്പററി അവരിൽ ബോധം ജനിപ്പിക്കേണ്ടതുണ്ടു്. മുതലാളിമാരെ ശത്രുക്കളായി പരിഗണിക്കണമെന്നു് ഞാൻ ജനങ്ങളെ പഠിപ്പിക്കുന്നില്ല. എന്നാൽ തങ്ങൾതന്നെയാണു് തങ്ങളുടെ ശത്രുക്കൾ എന്നു ഞാൻ അവരെ പഠിപ്പിക്കുന്നുണ്ടു്. ബ്രിട്ടീഷുകാരോ ജനറൽ ഡയറോ ചീത്തയാണെന്നു നിസ്സഹകരണക്കാർ ഒരിക്കലും ജനങ്ങളോടു പറഞ്ഞില്ല. അവർ ഒരു വ്യവസ്ഥയുടെ ദാസന്മാരാണെന്നേ പറഞ്ഞുള്ളു. ആകയാൽ വ്യക്തിയെയല്ല, വ്യവസ്ഥിതിയെയാണു് ഇല്ലായ്മ ചെയ്യേണ്ടതു്.

സെമിന്ദാർ ഒരു വ്യവസ്ഥിതിയുടെ ആയുധംമാത്രമാണു്. ബ്രിട്ടീഷ് വ്യവസ്ഥിതിക്കു് എതിരായി പ്രക്ഷോഭണം നടത്തുമ്പോൾ തന്നെ, സെമിന്ദാരന്മാക്കെതിരായും ഒരു പ്രക്ഷോഭണം തുടങ്ങേണ്ട ആവശ്യമില്ല. ഈ രണ്ടു വ്യവസ്ഥിതികളെയും തമ്മിൽ വേർതിരിക്കാവുന്നതാണു്. എന്നാൽ സെമിന്ദാരന്മാക്കു കരം കൊടുക്കരുതെന്നു നമുക്കു പറയേണ്ടിവന്നു. കാരണം, ആ പണം വാങ്ങി അവർ ഗവണ്മെൻറിനു കരം കൊടുക്കുന്നു. എന്നാൽ സെമിന്ദാരന്മാർ കുടിയാനവന്മാരോടു യോഗ്യമായി പെരുമാറുന്ന കാലത്തോളം നമുക്കു് അവരോടു വഴക്കില്ല.

3. Young India, 26-11-1931 (Selections from Gandhi, P. 85)

digitized by www .sreyas.in

4

ന്യായമായ കാരണം കൂടാതെ, ജന്മികളിൽനിന്ന അവരുടെ സ്വകാര്യവസ്തുക്കൾ പിടിച്ചെടുക്കുന്നതിൽ ഞാനൊരു കക്ഷിയാവു കയില്ലെന്ന നിങ്ങളോട് ഉറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. എൻെറ ലക്ഷ്യം നിങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കയും നിങ്ങളെ മാനസാന്തരപ്പെടുത്തുകയുമാണ്. അങ്ങനെ നിങ്ങളുടെ സ്വകാര്യസ്വത്തു കുടിയാന്മാർക്കുവേണ്ടിയുള്ള ഒരു ട്രസ്റ്റായി വയ്ക്കയും, പ്രധാനമായും അവരുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കയും വേണം. തികച്ചും സത്യസന്ധവും മാററാൻ വയ്യാത്തതുമായ ഒരു ഹിതപരിശോധന നടത്തുകയാണെങ്കിൽ, ധനികവർഗ്ഗത്തിൻെറ വസ്തുവകകൾ പാടേ പിടിച്ചെടുക്കുന്നതിന നമ്മുടെ ജനലക്ഷങ്ങൾ വോട്ടു ചെയ്യില്ല. ജന്മിയും കുടിയാനും തമ്മിലുള്ള സഹകരണത്തിനും ഏകീകരണത്തിനും വേണ്ടിയാണ ഞാൻ പരിശ്രമിക്കുന്നത്[4].

എന്നാൽ ഒരു മുന്നറിയിപ്പു തരേണ്ടിയിരിക്കുന്നു. ഞാൻ മില്ലുടമസ്ഥന്മാരോട് എന്നും പറഞ്ഞിട്ടുണ്ട്, അവർ മില്ലുകളുടെമേൽ കുത്തകാവകാശമുള്ള ഉടമസ്ഥന്മാരല്ലെന്നും വേലക്കാരും ഉടമസ്ഥതയിൽ തുല്യാവകാശികളാണെന്നും. ഇതുപോലെതന്നെ നിങ്ങളുടെ ഭൂമിയുടെ മേലുള്ള ഉടമസ്ഥാവകാശവും നിങ്ങൾക്കെന്നപോലെ കൃഷിക്കാർക്കും കൂടിയുള്ളതാണ് എന്ന ഞാൻ പറയും. ആഡംബരപൂർണ്ണമോ ധൂർത്തമോ ആയ ജീവിതത്തിൽ നിങ്ങളുടെ ധനം ദുർവ്യയം ചെയ്യരുത്; കൃഷിക്കാരുടെ ഗുണത്തിനായി അതു വിനിയോഗിക്കണം.

നിങ്ങളുമായി ഉററബന്ധമുണ്ടെന്നും, ഒരേ കുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ തങ്ങളുടെ താല്പര്യത്തിന ഹാനി സംഭവിക്കയില്ലെന്നും ഒരു അനുഭവബോധം ഒരിക്കൽ അവരിൽ ജനിപ്പിച്ചാൽ, നിങ്ങളും അവരും തമ്മിൽ ഏററുമുട്ടലോ വർഗ്ഗസമരമോ ഉണ്ടാവാൻ നിവൃത്തിയില്ലെന്ന തീർച്ച.

നിങ്ങളുടെ സകല ഭീതിയും ആശങ്കയും ഒരു സാപരാധമനസ്സാക്ഷിയുടെ ഫലമാണെന്ന ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. നിങ്ങൾ അറിഞ്ഞോ അറിയാതെയോ ചെയ്തുപോയിട്ടുള്ള അന്യായങ്ങൾ തുടച്ചുനീക്കുക. സമാധാനമായും സ്വാതന്ത്ര്യമായും ജീവിക്കണമെന്നതിൽക്കവിഞ്ഞ അത്യാശയൊന്നും കുടിയാനവന്മാർക്കില്ല. നിങ്ങളുടെ വസ്തുക്കൾ അവർക്കുവേണ്ടി ഉപയോഗപ്പെടുത്തുമെന്നുണ്ടെ

---

4. Amrit Bazaar Patrika, 2-8-1934 (Selections from Gandhi, P. 93)

digitized by www .sreyas.in

ങ്കിൽ, നിങ്ങൾ വസ്തു കൈവശംവച്ചുകൊണ്ടിരിക്കുന്നതിൽ അവർ ഈർഷ്യപ്പെടുകയില്ല.*

ചൂഷണവും ചൂഷണേച്ഛയും നിലനില്ക്കെ ചൂഷകനും ചൂഷിതനും തമ്മിൽ സഹകരണം വേണമെന്നു ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. പക്ഷേ, മുതലാളിമാരും ജന്മികളും ഒരു സഹജപ്രേരണയാൽ ചൂഷകന്മാരാണെന്നോ, അവരുടെയും സാമാന്യജനങ്ങളുടെയും താല്പര്യങ്ങൾക്കു തമ്മിൽ അടിസ്ഥാനപരമോ അസന്ധേയമോ ആയ വൈരുദ്ധ്യം ഉണ്ടെന്നോ ഞാൻ വിശ്വസിക്കുന്നില്ല എന്നുമാത്രം. എല്ലാ ചൂഷണവും ചൂഷിതന്റെ മനസ്സാലെയോ ബലപ്രയോഗഫലമായോ ഉള്ള സഹകരണത്താൽ സാധിക്കുന്നതാണ്. നാം സമ്മതിച്ചുകൊടുക്കാൻ മടിച്ചാലും ശരി, ആളുകൾ ചൂഷകനെ അനുസരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ ചൂഷണം നടക്കുകില്ലെന്ന വസ്തുത അവശേഷിക്കുന്നു. എന്നാൽ സ്വാതന്ത്ര്യ പൊന്തിവരികയും, നാം നമ്മെ ബന്ധിക്കുന്ന ചങ്ങലയെ ആശ്ലേഷിക്കയും ചെയ്യുന്നു. ഇതു് അവസാനിക്കണം. ജന്മികളെയും മുതലാളിമാരെയും ഉന്മൂലനം ചെയ്കയല്ല, അവരും ജനങ്ങളും തമ്മിൽ ഇന്നു നിലവിലിരിക്കുന്ന ബന്ധങ്ങൾ കുറേക്കൂടി ആരോഗ്യകരവും വിശുദ്ധവുമായ ഒന്നായി പരിവർത്തനം ചെയ്യുകയാണാവശ്യം.

## 5

സെമിന്ദാരന്മാരെയും മററു മുതലാളിമാരെയും അക്രമരഹിതമാർഗ്ഗത്തിലൂടെ മാനസാന്തരപ്പെടുത്താമെന്നാണ് എന്റെ പ്രതീക്ഷ. ആകയാൽ വർഗ്ഗസമരം അനിവാര്യമായി എനിക്കു തോന്നുന്നില്ല. കാരണം, അക്രമരാഹിത്യത്തിന്റെ കാതലായ ഭാഗം ഏററവും കുറഞ്ഞ എതിർപ്പിന്റെ മാർഗ്ഗത്തിലൂടെ പോവുക എന്നതാണ്. കർഷകന്മാർ തങ്ങളുടെ ശക്തി മനസ്സിലാക്കുന്ന നിമിഷം സെമിന്ദാരിയുടെ ദൂഷ്യം നിർവ്വീര്യമാകും. യോഗ്യമായ നിലയിൽ തങ്ങൾക്കും കുട്ടികൾക്കും ഉണ്ണാനും ഉടുക്കാനും വിദ്യാഭ്യാസം ചെയ്യാനും മതിയായ പ്രതിഫലം കിട്ടിയില്ലെങ്കിൽ തങ്ങൾ ഭൂമിയിൽ പണിയെടുക്കുകില്ലെന്നു അവർ പറഞ്ഞാൽ, പാവപ്പെട്ട സെമിന്ദാക്ക് എന്തു ചെയ്യാൻ കഴിയും? വാസ്തവത്തിൽ പ്രയത്നിക്കുന്നവനാണ് പ്രയത്നഫലത്തിന്റെ ഉടമസ്ഥൻ. പ്രയത്നിക്കുന്നവർ ബുദ്ധിപൂർവ്വം ഒന്നിച്ചുചേന്നാൽ, അവർ തടുക്കാനാവാത്ത ഒരു ശക്തിയായിത്തീരും. ഇതുകൊണ്ടാണ്, ഒരു വർഗ്ഗസമരത്തിന്റെ ആവശ്യകത ഞാൻ കാണാത്തതു്. വർഗ്ഗസമരം അനിവാര്യമെന്നു

---

* Sarvodaya, P. 52

5. Harijan, 5-12-1936 (Economic and Industrial Life and Relations, vol. I, P. 48)

digitized by www .sreyas.in

തോന്നിയിരുന്നെങ്കിൽ, അതു് ഉപദേശിക്കാനും പഠിപ്പിക്കാനും ഞാൻ മടിക്കില്ല.

## 6

''നിങ്ങളുടെയും എൻെറയും അഭിപ്രായങ്ങൾക്ക തമ്മിലുള്ള വ്യത്യാസം, സെമിന്ദാരിവ്യവസ്ഥിതി അവസാനിപ്പിക്കണമോ നന്നാക്കിയെടുക്കണമോ എന്ന പ്രശ്നത്തെ ആസ്പദമാക്കിയുള്ളതാണു്. ഞാൻ പറയുന്ന അതു നന്നാക്കിയെടുക്കണമെന്നു്; നന്നാക്കാൻ സാധിച്ചില്ലെങ്കിൽ അതു സ്വയം നശിച്ചുകൊള്ളുമെന്നും. നിങ്ങൾ പറയുന്ന അതു് നന്നാക്കിയെടുക്കാൻ സാധ്യമേ അല്ലെന്നു്.

അവർ (സെമിന്ദാരന്മാരും മഹാജന്മാരും) വാസ്തവത്തിൽ ഉദ്യോഗസ്ഥമേധാവിത്വസമ്പ്രദായത്തിൻെറ അവിഭാജ്യഭാഗമാണു്. എന്നാൽ അവർ അതിൻെറ നിസ്സഹായരായ ആയുധങ്ങളത്രെ. അവർ എന്നും ഇപ്രകാരം കഴിയണമോ? അവരെ നമ്മിൽനിന്നും അകററത്തക്കവണ്ണം നാം ഒന്നും ചെയ്തുകൂടാ. അവർ തങ്ങളുടെ മനോഭാവം മാററുമെങ്കിൽ, അവരുടെ സേവനങ്ങൾ രാഷ്ട്രത്തിനുവേണ്ടി ഉപയോഗപ്പെടുത്താം. ഇല്ലെങ്കിൽ അവർ സ്വാഭാവികമായി സ്വയം നശിക്കും. നമ്മിൽ അഹിംസയുണ്ടെങ്കിൽ നാം അവരെ ഭയപ്പെടുത്തിക്കൂടാ. കാൺഗ്രസ്സിനു അധികാരമുള്ളപ്പോൾ ഈ കാര്യത്തിൽ നാം രണ്ടിരട്ടി സൂക്ഷിക്കണം.''

സെമിന്ദാരെ നിർമ്മാർജ്ജനം ചെയ്യണമെന്നല്ല ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു്. ബുദ്ധിയും സാമഗ്രിയും നല്ലുന്ന ആളും, കൈകൊണ്ടു വേലചെയ്യുന്ന ആളെപ്പോലെതന്നെ, അദ്ധ്വാനിക്കുന്നവനാണു്. അവർ തമ്മിലുള്ള ഭീമമായ അന്തരം നീക്കുകയാണു്, അഥവാ നീക്കുകയായിരിക്കണം, നമ്മുടെ ഉദ്ദേശ്യം.

## 7

നിങ്ങൾ കൃഷിചെയ്യുന്ന ഭൂമി നിങ്ങളുടെ വകയാകണം എന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ പൊടുന്നനെ അതു നിങ്ങളുടെ സ്വന്തമാവാൻ വയ്യ. നിങ്ങൾക്കു് അതു സെമിന്ദാരിൽനിന്നും ബലംപ്രയോഗിച്ചു പിടിച്ചെടുക്കാൻ നിവൃത്തിയില്ല. അഹിംസയാണു്, നിങ്ങളുടെ ശക്തിയെപ്പററിയുള്ള ബോധമാണു്, ലക്ഷ്യപ്രാപ്തിക്കുള്ള ഏകമാർഗ്ഗം.

---

6. Harijan, 23-4-1938 (Towards Non-violent Socialism, P. 131)
7. Harijan, 20-5-1939, P. 133

digitized by www .sreyas.in

8

ഒരു ദേശീയ സെമിന്ദാർ സാധാരണക്കാരെപ്പോലെ ജീവിക്കാൻ ശ്രമിക്കും; കുടിയാനവന്മാരെ കൂട്ടുടമകളായി പരിഗണിക്കും. വേറൊരു പ്രകാരം പറഞ്ഞാൽ, അയാൾ തന്റെ പ്രയത്നത്തിനും മുടക്കുമുതലിനും മിതമായ ഒരു കമ്മീഷൻ എടുത്തുകൊണ്ട് കുടിയാന്മാർക്കുവേണ്ടിയുള്ള ഒരു ട്രസ്റ്റ് എന്ന നിലയിൽ സെമിന്ദാരി വച്ചുകൊണ്ടിരിക്കും. സെമിന്ദാരല്ലാത്ത ഒരു ദേശീയവാദി സെമിന്ദാരെ തന്റെ ജന്മശത്രുവായി പരിഗണിക്കയില്ല. അയാൾക്കു കുറേശ്ശ മാനസാന്തരം വരുത്തി, അയാൾ ചെയ്ത തെററുകൾക്കു നിവൃത്തിയുണ്ടാക്കാൻ നോക്കും.

9

കിസാൻ അഥവാ കർഷകൻ, ഭൂരഹിതനായ വേലക്കാരൻ എന്ന നിലയിലായാലും ശരി, വേലചെയ്യുന്ന ഉടമസ്ഥൻ എന്ന നിലയിലായാലും ശരി, പ്രഥമ ഗണനീയനാണ്. അയാൾ ഭൂമിയുടെ ഉപ്പാകുന്നു. ഭൂമി ന്യായമായി അയാളുടേതാണ്, അഥവാ അയാളുടേതായിരിക്കണം. എങ്ങോ കിടക്കുന്ന ജന്മിക്കോ സെമിന്ദാർക്കോ അല്ല ഉടമസ്ഥതസ്ഥാവകാശം. എന്നാൽ അഹിംസാമാർഗ്ഗത്തിൽ, സ്ഥലത്തില്ലാത്ത ജന്മിയെ അധ്വാനിക്കുന്നവനു് ബലാല്ക്കാരമായി ബഹിഷ്കരിക്കാവുന്നതല്ല. ജന്മിക്കു തന്നെ ചൂഷണം ചെയ്യാൻ സാധിക്കാത്തവിധം അയാൾ വേലചെയ്യണം. കർഷകർ തമ്മിൽ ഏററവും അടുത്ത സഹകരണം കൂടിയേ തീരൂ. പ്രത്യേക സംഘടനാദളങ്ങളും കമ്മററികളും അവയില്ലാത്ത സ്ഥലങ്ങളിൽ രൂപവല്ക്കരിക്കണം; നിലവിലുള്ളവ ആവശ്യാനുസരണം പരിഷ്കരിക്കണം. കിസാന്മാർ അധികവും അക്ഷരശൂന്യരാണ്. പ്രായമായവരെയും, സ്കൂളിൽ പോകാൻതക്ക പ്രായമുള്ള ചെറുപ്പക്കാരെയും, സ്ത്രീപുരുഷഭേദമെന്യേ, വിദ്യാഭ്യാസം ചെയ്യിക്കണം. അധ്വാനിക്കുന്നവർ ഭൂരഹിതരാണെങ്കിൽ അവർക്കു ലഭിക്കുന്ന കൂലി യോഗ്യമായി ജീവിക്കാൻ പര്യാപ്തമായിരിക്കണം. യോഗ്യമായി ജീവിക്കാൻ എന്നു പറഞ്ഞാൽ, ആരോഗ്യകരമായി ജീവിക്കാനുതകുന്ന സമീകൃതാഹാരവും, പാർപ്പിടവും വസ്ത്രവും അവർക്കുണ്ടായിരിക്കണമെന്നർത്ഥം.

ഭൂനിയമങ്ങൾ അന്വേഷണവിധേയമാക്കണം. കർഷകന്റെ ഋണബാദ്ധ്യത ഗവേഷണത്തിനുള്ള ഒരു നിസ്സീമമണ്ഡലമാണ്. കന്നുകാലി പ്രശ്നവും ഇന്ത്യയിലെ കൃഷിയുടെ ഒരു അവിഭാജ്യഘ

8. Harijan, 27-4-1940, P. 108
9. Hind Swaraj (1908) (Selections from Gandhi, P. 142)

digitized by www .sreyas.in

ടകമാണ്; തന്നിമിത്തം വളരെ സങ്കീർണ്ണവും ഏതാണ്ട് കുഴക്കുന്നതുമായ ഈ പ്രശ്നം പ്രവർത്തകന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

## 10

ഒരു വസ്തുവുടമസ്ഥൻ തന്റെ കുടിയാന്മാരുടെ പ്രയത്നഫലം സ്വന്താവശ്യത്തിനായി അപഹരിച്ച് അവരെ ചൂഷണംചെയ്യുന്നുവെന്നു വിചാരിക്കുക. അവർ ന്യായവാദം ചെയ്താൽ അയാൾ ചെവിക്കൊള്ളുകയില്ല. എന്നല്ല, തന്റെ ഭാര്യയ്ക്കു് ഇത്രയുംവേണം, കുട്ടികൾക്ക് ഇത്രയും വേണം എന്നിങ്ങനെ ഓരോ തടസ്സവാദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും. കുടിയാനവന്മാരോ അവരുടെ ഗുണത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്വാധീനശക്തിയുള്ളവരോ, ഭർത്താവിനെ ഗുണദോഷിക്കാൻ ഭാര്യയോട് അപേക്ഷിക്കണം. ഒരുവേള അവൾ പറഞ്ഞേക്കും, തന്നെസംബന്ധിച്ചിടത്തോളം, അയാൾ ചൂഷണം ചെയ്തുണ്ടാക്കിയ പണം തനിക്ക് ആവശ്യമില്ലെന്ന്. ഇതുപോലെ മക്കളും പറഞ്ഞേക്കും, തങ്ങൾക്കാവശ്യമുള്ളതു തങ്ങൾതന്നെ ഉണ്ടാക്കിക്കൊള്ളാമെന്ന്.

ഇനിയും അയാൾ ആരു പറയുന്നതും കേൾക്കുന്നില്ല, അഥവാ, അയാളുടെ ഭാര്യയും മക്കളും കുടിയാനവന്മാർക്കെതിരായി യോജിക്കുന്നു എന്നു വിചാരിക്കുക. അവർ വഴങ്ങേണ്ട. ഇറങ്ങാൻ പറഞ്ഞാൽ ഇറങ്ങിക്കൊടുക്കണം. എന്നാൽ ഭൂമി ദേഹണ്ഡിക്കുന്നവന്റെ വകയാണെന്നു വ്യക്തമാകും. ഉടമസ്ഥനു തന്റെ ഭൂമി മുഴുവൻ തന്നത്താൻ കൃഷി ചെയ്യാൻ സാധിക്കില്ല. അവർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ അയാൾ സമ്മതിച്ചുകൊടുക്കേണ്ടിവരും. പക്ഷേ, കുടിയാനവന്മാരുടെ സ്ഥാനത്തു മററാളുകൾ പ്രതിഷ്ഠിക്കപ്പെട്ടേക്കും. അപ്പോൾ അക്രമരഹിതമായ പ്രക്ഷോഭണം തുടരണം. അവസാനം പുതുതായി പ്രവേശിച്ച കുടിയാന്മാർ തങ്ങളുടെ തെററു മനസ്സിലാക്കും. ബഹിഷ്കൃതരായ കുടിയാന്മാരുമായി യോജിച്ച് വസ്തുവുടമസ്ഥനോട് അവകാശവാദം ചെയ്യും. ഇങ്ങനെ പൊതുജനാഭിപ്രായം രൂപവല്ക്കരിക്കുന്ന ഒരു പരിപാടിയാണ് സത്യാഗ്രഹം. അതു സമുദായത്തിന്റെ എല്ലാ ഘടകങ്ങളെയും ഉൾക്കൊള്ളുന്നു; അങ്ങനെ ഉദ്ദിഷ്ടകാര്യം അപ്രതിരോധ്യമായിത്തീരുകയും ചെയ്യുന്നു. ഹിംസ ഈ പ്രക്രിയയെ തടസ്സപ്പെടുത്തുകയും, സമുദായസംവിധാനത്തിൽ ഒന്നാകെയുണ്ടാകേണ്ട യഥാർത്ഥ വിപ്ലവത്തെ വിളംബിപ്പിക്കുകയും ചെയ്യുന്നു.

---

10. Harijan, 31-3-1946 (Towards Non-violent Socialism P. 134)

digitized by www .sreyas.in

**11**

അയാളുടെ (ജന്മിയുടെ) ഭൂമി കണ്ടുകെട്ടിയിരുന്നില്ല. അയാളുടെ ഓഹരി -- താൻ ടിംബുക്ററുവിൽ ആയിരുന്നാൽപോലും അയാൾക്കു് അതു് എടുക്കാവുന്നതാണു് — അൻപതു ശതമാനത്തിൽനിന്നു മുപ്പത്തിമൂന്നു ശതമാനമായി കുറയ്ക്കേണ്ടിയിരുന്നുവെന്നുമാത്രം. വിളവിന്റെ പകുതിയിൽനിന്നും മൂന്നിലൊന്നായി കരം കുറവുചെയ്യുക എന്ന നിർദ്ദേശത്തിൽ ഒരു ഹാനിയും അയാൾക്കു കാണാൻ കഴിഞ്ഞില്ല. അവർ വർഗ്ഗീയപ്രശ്നത്തിന്റെ പിടിയിൽ അതിമാത്രം അകപ്പെട്ടിരിക്കയാണെന്നായിരുന്നു അയാളുടെ പേടി. അവർ വർഗ്ഗീയതയ്ക്കുപരിയായി ചിന്തിക്കണം. ഓരോ പ്രശ്നവും നിഷ്കൃഷ്ടമായി, അതാതിന്റെ ഗുണദോഷങ്ങളെ അടിസ്ഥാനപ്പെടുത്തി, പരിശോധിക്കണം. അപ്പോൾ ഒരിക്കലും തെററുപററുകില്ല. ആകയാൽ അവർ, ഉടമസ്ഥന്റെ ഓഹരി കുറവുചെയ്യണമെന്ന ആവശ്യത്തിന്നാധാരമായ സാന്മാർഗ്ഗികസിദ്ധാന്തം അംഗീകരിക്കയും, വിജയിക്കാൻ സാദ്ധ്യതയുള്ള സാരവത്തായ ഭേദഗതികൾക്കുവേണ്ടി ശ്രമിക്കയും ചെയ്യണം. മിതമായ ന്യൂനീകരണത്തെയല്ലാതെ, കണ്ടുകെട്ടലിനെ നേരിടാൻ അവർ ഇടയാക്കാതിരിക്കട്ടെ. കഴിഞ്ഞ അനേകവർഷമായി ഇന്ത്യ കണ്ടുകെട്ടലിനിടയിലൂടെയാണു് കഴിഞ്ഞുപോന്നതെന്നു് അവർ ഓർമ്മിക്കട്ടെ. ഒന്നിനുപുറകെ ഒന്നായി അനേകം വ്യവസായങ്ങൾ നശിച്ചു; ഇന്ത്യയിലെ കൈത്തൊഴിൽകാരും കൃഷിക്കാരും മേല്ക്കുമേൽ ദാരിദ്ര്യത്തിൽ ആഴ്ത്തപ്പെട്ടു.

നാം ആഗ്രഹിക്കുന്ന മാററം അഹിംസാത്മകമാർഗ്ഗത്തിലൂടെ കൈവരുത്തുകയാണെങ്കിൽ, ചില വർഗ്ഗങ്ങളുടെ ധിഷണാവൈഭവസമ്പത്തു് ലോകത്തിനു നഷ്ടപ്പെടുകയില്ല. തൊഴിലാളികൾക്കു ദോഷകരമായി അതു പ്രയോഗിക്കപ്പെടുകയുമില്ല. ഭാവിയിലെ അഹിംസാധിഷ്ഠിതമായ ജീവിതവ്യവസ്ഥിതിയിൽ, ഭൂമി രാഷ്ട്രത്തിന്റെ വകയായിരിക്കും. കാരണം, 'സഭി ഭൂമി ഗോപാൽ കീ?' എന്നു് ആപ്തവാക്യമില്ലേ? അങ്ങനെയൊരു വിന്യാസത്തിൽ ധിഷണാവൈഭവവും അദ്ധ്വാനവും പാഴായിപ്പോവില്ല. ഹിംസാപരമായ മാർഗ്ഗത്തിലൂടെ ഇതു് അസാദ്ധ്യമായിരിക്കും. അതുകൊണ്ടു്, ഹിംസയിലൂടെ സാധിക്കുന്ന ജന്മിയുടെ ഉന്മൂലനാശം ഒടുവിൽ തൊഴിലാളിക്കും നാശകരമായിപ്പരിണമിക്കും എന്നു പറയുന്നതു്

---

11. Harijan, 9-3-1947 (Selections from Gandhi, P. 99)
വിളവിൽ നിലമുടമസ്ഥനുള്ള അവകാശം പകുതിയിൽനിന്നു് മൂന്നിലൊന്നാക്കി ചുരുക്കുവാൻ ബംഗാളിൽ നടന്നിരുന്ന ശ്രമം നീട്ടിവെയ്ക്കണമെന്ന അഭിപ്രായം പ്രകടിപ്പിച്ച ഒരാൾക്കു ഗാന്ധിജി നൽകിയ മറുപടിയിൽനിന്നു്.

digitized by www .sreyas.in

സത്യമാണ്. ആകയാൽ, വസ്തുവിൽമകൾ ബുദ്ധിപൂർവ്വം പ്രവർത്തി ച്ചാൽ ഒരു കക്ഷിക്കും നഷ്ടം നേരിടുകയില്ല.

## ബി. കാർഷികപരിഷ്കരണങ്ങളുടെ പ്രാധാന്യം

### 12

ഈ രാജ്യത്തെ ജനങ്ങൾക്ക് അന്യൂനവും ശാശ്വതവുമായ ഒരേ ഒരു രക്ഷാമാർഗ്ഗം കൃഷിയാണെന്ന കാര്യത്തിൽ എനിക്ക് ആദ്യം മുതല്ക്കേ നല്ല ഉറപ്പുണ്ട്. അതിൽ നാം ശ്രദ്ധിക്കയും അതിനെ ആ ധാരമാക്കി എത്രത്തോളം മുമ്പോട്ടു പോകാമെന്നു നോക്കുകയും ചെ യ്യേണ്ടതാണ്. നമ്മുടെ ചെറുപ്പക്കാരിൽ കുറേപ്പേർ ഖാദിയുടെ സ്ഥാനത്തു കൃഷിയിൽ വിദഗ്ദ്ധ പരിശീലനം നേടി രാജ്യസേവ നം നടത്തുന്നുവെങ്കിൽ, ഞാൻ അതിനെ അനുകൂലിക്കയേ ഉള്ളു. ന മുക്കു കൃഷിയിൽ ശ്രദ്ധ പതിപ്പിക്കാനുള്ള സമയം സമാഗതമായി രിക്കയാണ്. രാജ്യഭരണം നമ്മുടെതന്നെ കൈവശമില്ലെങ്കിൽ കൃ ഷിപരിഷ്കരണം അസാധ്യമാണെന്നു ഞാൻ ഇതുവരെ വിശ്വ സിച്ചിരുന്നു. ഈ വിഷയത്തിൽ എന്റെ അഭിപ്രായത്തിനു് ഇ പ്പോൾ മാററം വന്നുകൊണ്ടിരിക്കയാണ്. ഇന്നത്തെ സ്ഥിതി യിൽത്തന്നെയും നമുക്കു കൃഷിപരിഷ്കരണം സാധിക്കാമെന്നു തോന്നുന്നു. തന്റെ നികുതികൾ കൊടുത്തശേഷവും, കർഷകനു കു റച്ച് ആദായം ആ വഴിക്കുണ്ടാക്കാൻ കഴിയും. കൃഷിപരിഷ്കര ണംവഴി കർഷകനു വല്ല അധികാദായവും ഉണ്ടായാൽ അതു് ഇ വിടത്തെ വൈദേശികഗവണ്മെൻറു് എന്തെങ്കിലും ഒഴികഴിവുപറ ഞ്ഞു് വെട്ടിവിഴുങ്ങിക്കളയുമെന്ന് ജവഹർലാൽ നെഹ്റു പറയു ന്നു. എന്നാൽത്തന്നെയും, കൃഷിസംബന്ധമായി കഴിയുന്നത്ര അ റിവു നേടുകയും പ്രചരണം നടത്തുകയും ചെയ്യുന്നതിനു് അതു തട സ്സമായിക്കൂടാ എന്നാണ് എന്റെ അഭിപ്രായം. കൃഷിപരിഷ്ക രണംമുഖേന ഗ്രാമീണർക്ക് സിദ്ധിച്ചേക്കാവുന്ന കൂടുതൽ വരുമാനം ഗവണ്മെൻറു കൈക്കലാക്കിയേക്കാം. അവരങ്ങനെ ചെയ്താൽ നമു ക്കു പ്രതിഷേധിക്കാം, ഗവണ്മെൻറിനോടു് എതിർക്കാൻ ജനങ്ങ ളെ പഠിപ്പിക്കയും ഇപ്രകാരം കൊള്ളയടിക്കാൻ പററുകില്ലെന്നു ഗവണ്മെൻറിനു വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യാം. ആകയാൽ നാം കൃഷികാര്യത്തിൽ താത്പര്യമുള്ള പ്രവർത്തകരെ ഇനിമേൽ കണ്ടുപിടിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

---

12. സേവാഗ്രാമത്തിൽവെച്ച്, ട്രസ്ററികളുടെ സമ്മേളനത്തിനു ശേഷം 11-10-1944-ൽ ആൾ ഇൻഡ്യാ സ്പിന്നേഴ്സ് അസോസ്യേഷൻ സെക്രട്ടറിയുമായി നടത്തിയ ചർച്ചയിൽനിന്ന്. (Khadi, P. 192)

digitized by www .sreyas.in

## 13

കുറച്ചു പഞ്ഞി സംഭരിച്ചുവച്ച് നൂൽനൂൽക്കുന്നതിനും സ്വന്തം ഉപയോഗത്തിനു ഖാദി നിർമ്മിക്കുന്നതിനും പഞ്ഞിക്കൃഷിക്കാരെ പ്രേരിപ്പിക്കാൻ വ്യാപകമായ ഒരു ശ്രമം നടത്തേണ്ടതാണെന്ന് ഒരു ലേഖകൻ നിർദ്ദേശിച്ചിരിക്കുന്നു. കൃഷിക്കാർ സ്വന്തം ആവശ്യത്തിനു സസ്യങ്ങൾ കൃഷി ചെയ്യുന്നതുപോലെ, പഞ്ഞിക്കൃഷിയില്ലാത്ത സ്ഥലങ്ങളിൽ വേണ്ടത്ര പഞ്ഞി കൃഷിചെയ്യുന്നതിനു കൃഷിക്കാരിൽ ചിലരെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും അയാൾക്ക് അഭിപ്രായമുണ്ട്. ഈ നിർദ്ദേശം നടപ്പിൽ വന്നാൽ കൃഷിക്കാർക്ക് ഖാദി വില കുറച്ചു കിട്ടുമെന്ന് അദ്ദേഹം വാദിക്കുന്നു. ഖാദിപ്രസ്ഥാനം തുടങ്ങുന്നതിനുമുമ്പ് തെക്കേ ചില പ്രദേശങ്ങളിൽ ഈ സമ്പ്രദായം പിൻതുടർന്നുവന്ന കൃഷിക്കാർ ഉണ്ടായിരുന്നുവത്രേ.

ലേഖകന്റെ നിർദ്ദേശത്തിന് വളരെ ശക്തിയുണ്ട്. സ്വന്തം ആവശ്യത്തിനു വേണ്ട പഞ്ഞി സൂക്ഷിക്കാൻ കൃഷിക്കാരെ പ്രേരിപ്പിക്കയെന്ന പരീക്ഷണം ബിജോളിയായിലും (രാജപുട്ടാണാ) ബർദോളിയിലും കത്തിയവാറിലും നടത്തിക്കൊണ്ടിരിക്കയാണ്; സംഭരിച്ചുവയ്ക്കുന്ന പഞ്ഞി വില കൂടുമ്പോൾ വില്ക്കാനുള്ള പ്രലോഭനത്തെ ചെറുക്കുവാൻ കൃഷിക്കാർക്കു പ്രയാസമാണെന്നു കത്തിയവാറിൽ കണ്ടുകഴിഞ്ഞു. ഖാദിയുടെ ധനതത്ത്വശാസ്ത്രം മനസ്സിലാക്കുന്നതുവരെ ഇതു് സാധ്യമല്ല. തങ്ങളുടെ വിശ്രമാവസരങ്ങളിൽ പഞ്ഞിനെയ്ത്തിനുമുമ്പുള്ള പ്രക്രിയകൾ വിധേയമാക്കുന്നതിനുവേണ്ടിച്ചെയ്യുന്ന അധ്വാനം കൂടിയവിലയ്ക്കു പഞ്ഞി വിററാൽ കിട്ടുന്ന അതേ പ്രയോജനംതന്നെ കൈവരുത്തുമെന്നും, അതിനും പുറമേ സാട്ടാക്കച്ചവടക്കാരുടെ പിടിയിൽനിന്നും തങ്ങളെ സ്വതന്ത്രരാക്കുമെന്നും ഉള്ള വസ്തുതയും അവർ ഗ്രഹിക്കേണ്ടതുണ്ട്. അഖിലേന്ത്യാ നൂൽനൂല്പുസംഘം കൃഷിക്കാരെ ഖാദിയുടെ ധനതത്ത്വശാസ്ത്രം പഠിപ്പിക്കേണ്ടിവരുമെന്നാണ് ഇതിന്റെ അർത്ഥം. ഖാദിപ്രവർത്തനത്തിന്റെ എല്ലാ ശാഖയിലും ഒപ്പമെത്തുന്നതിന് ഖാദിപ്രചാരകന്മാർ പഞ്ഞിക്കൃഷിക്കാരുമായി ഗാഢസമ്പർക്കം പുലർത്തേണ്ടതു് ആവശ്യമാണ് എന്നതിനു സംശയമില്ല. എന്തെന്നാൽ പട്ടണത്തിലേക്കു വേണ്ട ഖാദി നിർമ്മിക്കാൻ പഞ്ഞി വാങ്ങുന്നതിനുപോലും പഞ്ഞിക്കൃഷിക്കാരുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നതും ഇപ്പോഴത്തെപ്പോലെ കമ്പോളത്തിൽനിന്നും വാങ്ങാതെ നേരിട്ട് അവരോടു വാങ്ങുന്നതും ആവശ്യമായി വരും. നമുക്കു സാട്ടാക്കച്ചവടക്കാരുടെ പിടിയിൽനിന്നും, പഞ്ഞിയുടെ കമ്പോളനിലവാരത്തിലുള്ള ഏററക്കുറച്ചിലുകളിൽനിന്നും സ്വതന്ത്രരായി,

---

13. Young India, 27-10-1927 (Khadi, P. 74)

digitized by www .sreyas.in

ഖാദിയുടെ വില നിജപ്പെടുത്താൻ സാധിക്കണമെങ്കിൽ, കൃഷിക്കാരനുമായി സമ്പർക്കത്തിൽ ഏർപ്പെടുകയും നമ്മളോടു നേരിട്ടു് ഇടപാടു നടത്തുന്നതിനു് അവനെ പ്രേരിപ്പിക്കുകയും ചെയ്യണം.

## 14

ഞാൻ കൃഷിയെപ്പററി ഊന്നിപ്പറയാത്തതിന്റെ ഒരു കാരണം, ആ വിഷയത്തിൽ എന്റെ അറിവു വളരെ തുച്ഛമാണെന്നുള്ളതാണു്. എന്റെ അറിവു തുച്ഛമായിരിക്കെ, എനിക്കു് എങ്ങനെ കൂടുതൽ അറിവുതരാൻ സാധിക്കും? എന്നാൽ ചർക്കയുടെ കാര്യത്തിൽ അങ്ങനെയല്ല. ഞാൻ അതേപ്പററി വേണ്ടുവോളം അറിവു സമ്പാദിച്ചിട്ടുണ്ടു്. ഇനി രണ്ടാമത്തെ കാരണം, വിദേശീയാക്രമണം ചർക്കയെ നശിപ്പിച്ചുകളഞ്ഞുവെന്നതാണു്. കൃഷിയെ നശിപ്പിക്കാൻ സാധിച്ചിട്ടില്ല. അതിന്റെ രൂപം വളരെ മാറിയിട്ടുണ്ടു്. തന്മൂലം നമ്മുടെ അടിമത്തം വർദ്ധിച്ചിട്ടുമുണ്ടു്, അത്രതന്നെ. മൂന്നാമത്തെ കാരണം, കൃഷിയിൽ കരകൗശലത്തിനു വളരെ ലഘുവായ ഒരു സ്ഥാനമേയുള്ളു എന്നതാണു്. ഖാദിനിർമ്മാണത്തിലെ വിവിധപ്രക്രിയകളിലെപ്പോലെ കരനൈപുണ്യവും അംഗുലീകൗശലവും ഇത്രത്തോളം ആവശ്യമുള്ള മറെറാരു വ്യവസായവും ഇല്ല. നാലാമത്തെ കാരണം, വിദേശീയശക്തി ആദ്യം ഭൂമിയുടെമേൽ പിടിപാടുറപ്പിക്കുന്നു. മററു കാര്യങ്ങൾ തദ്വാരാ നിയന്ത്രിക്കുകയും ചെയ്യുന്നു എന്നുള്ളതാണു്. തന്നിമിത്തം ഗവണ്മെൻറിന്റെ സഹായം കൃഷിപരിഷ്കരണത്തിനു വളരെ ആവശ്യമാണു്. ഈവക കാരണങ്ങളാലാണു് ഞാൻ കൈകൊണ്ടുള്ള നൂൽനൂല്പിനു കൂടുതൽ പ്രാധാന്യം കല്പിക്കുന്നതു്.

## 15

നിങ്ങളുടെ സ്ഥാനത്തു ഞാനാണെങ്കിൽ, തുടക്കത്തിലേ കലപ്പ ഉപയോഗിക്കാൻ ഞാൻ ഉപദേശിക്കയില്ല. നമ്മുടെ കുഞ്ഞുങ്ങൾക്കു കൈക്കോട്ടു കൊടുത്തിട്ടു് അതു നല്ലതുപോലെ ഉപയോഗിക്കാൻ പഠിപ്പിക്കും. അതൊരു കലയാണു്. വൃഷഭശക്തി പുറകേ വരട്ടെ. ഇതുപോലെതന്നെ, മണ്ണിന്റെ ഗുണക്കുറവു കാരണം നിങ്ങൾ പേടിച്ചു പിൻവാങ്ങുന്നതു് എനിക്കു് ഇഷ്ടമല്ല. മുകളിൽ ഒരു പാളി പശിമരാശിമണ്ണോ കൂട്ടുവളമോ ഇട്ടാൽ, ഉപയോഗമുള്ള പല സസ്യങ്ങളും ചെടികളും നട്ടുവളർത്താൻ സാധിക്കും. ആഴം കുറഞ്ഞ കുഴിയെടുത്തു മലമൂത്രങ്ങൾ അതിൽ ശേഖരിച്ചു് വളമാക്കിക്കൊണ്ടു്, ഉടൻതന്നെ ഒരു ആരംഭമിടാം. ഇങ്ങനെ മലമൂത്രങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനു് ഒരു പക്ഷത്തിൽ കൂടുതൽ സമ

14. Ideology of the Charka, 29-11-1945. (Khadi, P. 220)
15. Harijan, 3-3-1946 (Food Shortage and Agriculture, P. 15)

digitized by www .sreyas.in

യും വേണ്ടാ. കുളിപ്പുരയിൽനിന്നോ അടുക്കളയിൽനിന്നോ പുറത്തു പോകുന്ന ഓരോ നാഴി വെള്ളവും സസ്യങ്ങളുടെ തടങ്ങളിലേക്കു തിരിച്ചുവിടണം. ഒരു തുള്ളി വെള്ളംപോലും പാഴിൽപ്പോകാൻ അനുവദിക്കരുതു്. പച്ചിലവർഗ്ഗങ്ങൾ മൺചട്ടികളിലോ ഉപേക്ഷിക്കപ്പെട്ട പഴയ തകരപ്പാട്ടകളിലോ വളർത്താവുന്നതാണു്. എത്ര നിസ്സാരമായ അവസരവും വെറുതെ കളയരുതു്, രാജ്യവ്യാപകമായ തോതിൽ ഈവിധം പരിശ്രമിച്ചാൽ അതിന്റെ ആകെക്കൂടിയുള്ള ഫലം വമ്പിച്ചതായിരിക്കും.

## 16

മുനിസ്സിപ്പാലിററികളോടു ഞാൻ പറയും: നിങ്ങൾ മീററിംഗുകൾ വിളിച്ചുകൂട്ടി, ഏതു ഭൂമി കൃഷിചെയ്യണമെന്നു ചർച്ച ചെയ്തിട്ടുണ്ടോ? തീരുമാനമെടുക്കാൻ താമസിക്കരുതു്, എന്തെന്നാൽ ഉടനെ കിള ആരംഭിക്കണം. നിങ്ങൾ പൗരന്മാരുടെ യോഗങ്ങളും വിളിച്ചുകൂട്ടണം. ദേശീയമായ ഈ അടിയന്തിരപ്രവത്തനത്തിൽ കൈയയച്ചു സഹായിക്കാൻ അവരോടു് ആവശ്യപ്പെടണം.

ഗവണ്മെൻറിനോടു ഞാൻ പറയും: ഏതു പദ്ധതിയുടെയും വിജയകരമായ വികസനത്തിനു് ഭരണയന്ത്രത്തിന്റെ പുനസ്സംവിധാനം അത്യാവശ്യമാണെന്നുവരികിലും, നിലവിലുള്ള ഭരണയന്ത്രംതന്നെ കുറേക്കൂടി പ്രയോജനപ്രദമാക്കുന്നതിനു ദൈനംദിനശ്രമം നടത്തണം. ഗവണ്മെൻറു് വിത്തുസംഭരണവിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. മുന്നറിയിപ്പുകൂടാതെയുള്ള പരിശോധനകൾ കൂടെക്കൂടെ നടത്തണം. സ്റ്റോറുകളിൽനിന്നു കൊടുക്കുന്ന വിത്തു കിസാന്മാക്കു് ആവശ്യമുള്ളതരവും, നല്ല ഗുണമുള്ളതും ആയിരിക്കണം. വിതരണം ചെയ്യുന്നതിനു മുമ്പു് അതു വേണ്ടപ്രകാരം പരിശോധിക്കപ്പെട്ടിരിക്കയും വേണം. ഇതിലേക്കു ഗവണ്മെൻറു സർവ്വവിധ ശ്രമവും നടത്തേണ്ടതാണു്. ഈവക സ്റ്റോറുകളെ സംബന്ധിച്ചു് ഞെട്ടിക്കുന്ന അനുഭവങ്ങൾ എനിക്കു് ഉണ്ടായിട്ടുണ്ടു്.

## സി. കന്നുകാലിവളർത്തൽ

## 17

ഞാൻതന്നെ പശുവിനെ ബഹുമാനിക്കുന്നു, അതായതു്, അവളെ വാത്സല്യാന്വിതമായ ഭക്തിയോടെ വീക്ഷിക്കുന്നു. പശു ഇൻഡ്യയുടെ രക്ഷകയാണു്. എന്തെന്നാൽ ഇൻഡ്യ ഒരു കർഷക

---

16. Harijan, 23-11-1947 (Food Shortage and Agriculture, P. 154)
17. Hind Swaraj (1908) P. 50

digitized by www .sreyas.in

രാജ്യമായതുകൊണ്ടു്, പശുവിനെ ആശ്രയിച്ചാണു് അവരുടെ നില നില്പു്. പശു അനേകം പ്രകാരത്തിൽ അത്യന്തം ഉപയോഗമുള്ള ഒരു മൃഗമാണു്. നമ്മുടെ മഹമ്മദീയസഹോദരന്മാർ ഇതു സമ്മതിക്കും.

ഞാൻ പശുവിനെ ബഹുമാനിക്കുന്നതുപോലെ എന്റെ സഹജീവികളായ മനുഷ്യരെയും ബഹുമാനിക്കുന്നു. മഹമ്മദീയനോ ഹിന്ദുവോ ആയിക്കൊള്ളട്ടെ, മനുഷ്യൻ പശുവിനെപ്പോലെതന്നെ ഉപയോഗമുള്ളവനാണു്.

ഹിന്ദുക്കൾ പശുക്കളെ ക്രൂരമായി പീഡിപ്പിക്കുമ്പോൾ അവരെ വിനാശത്തിൽനിന്നു രക്ഷിക്കാൻ ആരുണ്ടു്? ഹിന്ദുക്കൾ നിഷ്ഠുരണം ഹേമിച്ചു് പശുവിന്റെ സന്തതികളെക്കൊണ്ടു പണിയെടുപ്പിക്കുമ്പോൾ അവരോടു ന്യായവാദം ചെയ്യാൻ ആരുണ്ടു്? എന്നാൽ ഇതൊന്നും ഒരു ജനതയായി വർത്തിക്കാൻ നമുക്കു തടസ്സമായിട്ടില്ല.

## 18

ഗോസംരക്ഷണം എന്റെ ദൃഷ്ടിയിൽ മനുഷ്യപരിണാമത്തിലെ അത്യത്ഭുതകരമായ പ്രതിഭാസങ്ങളിലൊന്നാണു്. അതു മനുഷ്യനെ അവന്റെ വർഗ്ഗസീമയ്ക്കപ്പുറം കൊണ്ടുപോകുന്നു. പശുവെന്നാൽ എനിക്കു് മനുഷ്യന്റെ താഴെയുള്ള ജീവലോകം മുഴുവനുമെന്നാണർത്ഥം. പശുവിലൂടെ എല്ലാ ജീവജാലവുമായുള്ള അഭേദത്വം മനസ്സിലാക്കാൻ മനുഷ്യൻ നിയുക്തനാണു്. പശുവിനെ പൂജാർഹമായ മൃഗമായി തെരഞ്ഞെടുത്തതെന്തുകൊണ്ടെന്നു് എനിക്കു് വ്യക്തമാണു്. ഇൻഡ്യയിൽ പശു മനുഷ്യരുടെ അത്യുത്തമമിത്രമായിരുന്നു. അവൾ സുഭിക്ഷതാദാത്രിയായിരുന്നു. അവൾ പാൽ നൽകുകമാത്രമല്ല കൃഷി സാദ്ധ്യമാക്കിത്തീർക്കുകകൂടിച്ചെയ്തു. പശു അനുകമ്പയുടെ കവിതയാണു്. ഈ സൗമ്യജന്തുവിൽ ഒരുവൻ അനുകമ്പ വായിക്കുന്നു. ലക്ഷോപലക്ഷം ഇൻഡ്യക്കാർക്കു് അവൾ മാതാവാണു്. പശുസംരക്ഷണമെന്നാൽ ദൈവത്തിന്റെ സകല മൂകസൃഷ്ടികളുടെയും സംരക്ഷണമെന്നാണർത്ഥം. പൗരാണികഋഷി, അയാൾ ആരായിരുന്നാലും ശരി, പശുവിൽതൊട്ടാരംഭിച്ചു. സൃഷ്ടിയിൽ താണ പടിയിൽ നില്ക്കുന്ന ജീവികളുടെ സംവേദനം കൂടുതൽ ശക്തിമത്താണു്. കാരണം, അവ മിണ്ടാപ്രാണികളാണു്.

ലോകത്തിൽ ഏതെങ്കിലും ഭാഗത്തു് കന്നുകാലികളുടെ അവസ്ഥ ഭാഗ്യംകെട്ട ഇന്ത്യയിലെപ്പോലെ മോശമാണോ എന്നു് എനിക്കറിഞ്ഞുകൂടാ. ഇതിനു നാം ഇംഗ്ലീഷുകാരെ കുററംപറഞ്ഞിട്ടു കാര്യ

18. Young India, 6-10-1921 (Sarvodaya, P. 65)

digitized by www .sreyas.in

മില്ല. നമ്മുടെ ദാരിദ്ര്യംകൊണ്ടാണെന്നു ന്യായവാദം ചെയ്യുകയും വേണ്ട. നമ്മുടെ കന്നുകാലികളുടെ ശോച്യാവസ്ഥയ്ക്കു കാരണം നമ്മുടെ കുററകരമായ അനാസ്ഥതന്നെ. പിഞ്ച്ജ്രപ്പോളുകൾ (ഗോശാലകൾ) നമ്മുടെ ജീവകാരുണ്യപ്രകൃതിക്ക് ഒരു മറുപടിയാണെങ്കിലും, ആ പ്രകൃതിയുടെ വികൃതമായ നിർവ്വഹണത്തിന്റെ ഒരു പ്രകടനവുമാണ്. മാതൃകാപരമായ ക്ഷീരോല്പാദനകേന്ദ്രങ്ങളും ആദായകരങ്ങളായ ദേശീയസ്ഥാപനങ്ങളുമായിരിക്കേണ്ടതിനുപകരം, ജരാതുരങ്ങളായ കന്നുകാലികളെ സ്വീകരിക്കുന്ന ഡിപ്പോകൾ മാത്രമായിരിക്കയാണ്. നാം പശുപരിപാലനമതം പ്രസംഗിക്കുമ്പോൾ തന്നെ, പശുവിനെയും അവളുടെ സന്തതികളെയും അടിമപ്പെടുത്തുന്നു; നാംതന്നെ അടിമകളാകയും ചെയ്യുന്നു.

## 19

ഗോരക്ഷണസംഘങ്ങൾ, പശുക്കൾക്കു തീററികൊടുക്കുന്നതിലും, ക്രൂരതയെ നിവാരണം ചെയ്യുന്നതിലും, അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന മേച്ചിൽസ്ഥലങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും, പാവപ്പെട്ട ഇടയന്മാരിൽനിന്നും വാങ്ങി പിഞ്ച്ജ്രപ്പോളുകളെ മാതൃകാപരവും പരാശ്രയംകൂടാതെ നടന്നുപോകുന്നതുമായ ക്ഷീരോല്പാദനകേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

## 20

ലാഹോറിൽവച്ചു ഞാൻ ലാലാ ധൻപത്റായിയെ കണ്ടെത്തുകയുണ്ടായി. എന്നെപ്പോലെയൊരു വിചിത്രസ്വഭാവി. ഹിന്ദുക്കളാണു കശാപ്പുകാരായ മുസൽമാന്മാർക്കു പശുക്കളെ വില്ക്കുന്നതെന്നദ്ദേഹം പറഞ്ഞു. ഇങ്ങനെ ചെയ്യുന്നതിന്റെ കാരണം സാമ്പത്തികമാണ്. മേച്ചിൽസ്ഥലങ്ങളായി ഉപയോഗപ്പെട്ടിരുന്ന ഗ്രാമത്തിലെ പൊതുസ്ഥലങ്ങൾ ഗവണ്മെൻറു വേലികെട്ടിയടച്ചു. അതുകൊണ്ട് ആളുകൾക്കു പശുക്കളെ വളർത്താൻ നിവൃത്തിയില്ലാതായി. അദ്ദേഹം ഈ ദുർഘടത്തിനു് ഒരു പോംവഴി നിർദ്ദേശിച്ചു. കറവതീർന്ന പശുക്കളെ വില്ക്കേണ്ട ആവശ്യമില്ല. അദ്ദേഹംതന്നെ ഇത്തരം പശുക്കളെ വാങ്ങി ഒരു പരീക്ഷണം നടത്തിനോക്കി. അവയെ കലപ്പയ്ക്കു കെട്ടി, ശരിയായി സൂക്ഷിക്കയാണെങ്കിൽ കുറേക്കഴിഞ്ഞു് അവ മാംസംവച്ചു് വീണ്ടും ഗർഭം ധരിക്കാൻ പാകമാകുമത്രേ. ഈ പ്രസ്താവനയുടെ യാഥാർത്ഥ്യത്തെപ്പററി ഉറപ്പുതരാൻ എനിക്കു നിർവ്വാഹ

19. Young India, 29-5-1924 (How to Serve the Cow, P. 29)

20. ബൽഗാമിൽവെച്ചു നടന്ന ഗോസംരക്ഷണസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്. Young India, 29-1-1925 (How to serve the Cow, pp. 48-49)

digitized by www .sreyas.in

മില്ല. എന്നാൽ ലാലാ ധൻപത്റായി പറഞ്ഞതുപോലെയാണു വസ്തുതകളെങ്കിൽ ഈ സമ്പ്രദായം പൊതുവേ സ്വീകരിക്കാതിരിക്കാൻ ഒരു കാരണവും ഞാൻ കാണുന്നില്ല. ഒരു പരിതഃസ്ഥിതിയിലും പശുക്കളെ ഭാരംവലിക്കാൻ ഉപയോഗിച്ചുപോകരുതെന്നു നമ്മുടെ ശാസ്ത്രങ്ങൾ ഒരിടത്തും പറഞ്ഞിട്ടില്ല. നാം പശുക്കളെ വേണ്ടപ്രകാരം തീററുകയും കാര്യമായി ശുശ്രൂഷിക്കയും ചെയ്തിട്ട്, അതിനെ വണ്ടിവലിക്കാനോ നിലമുഴാനോ ഉപയോഗിച്ചാൽ അതിൽ ഒരു തെററും ഉണ്ടാവാൻ തരമില്ല. എന്നാൽ എപ്പോഴും അവളെ അവളുടെ കഴിവിന്നപ്പുറം ആയാസപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം. ആകയാൽ ഞാൻ ആ നിർദ്ദേശം നിങ്ങളുടെ പരിഗണനസ്സും, പ്രായോഗികമാണെന്നുണ്ടെങ്കിൽ അംഗീകാരത്തിനുംവേണ്ടി നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു. ഒരാൾ പശുവിനെ ഇപ്രകാരം രക്ഷിക്കാൻ ശ്രമിക്കുന്നുവെങ്കിൽ നാം അയാളെ പുഛിച്ചുകൂടാ.

മററു പ്രവിശ്യകളുടെ കഥ കിടക്കട്ടെ. ഗുജറാത്തിലെ ഹിന്ദുക്കൾ പശുക്കളെ ഹിംസിക്കാറുണ്ടെന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? നിങ്ങൾ അത്ഭുതപ്പെട്ടേക്കും. എന്നാൽ ഞാൻ പറയട്ടെ, ഗുജറാത്തിൽ വണ്ടിക്കു കെട്ടുന്ന കാളകളെ മുള്ളാണിവെച്ച വടികൊണ്ടു പ്രഹരിച്ചാണ് മുമ്പോട്ടു തെളിക്കുന്നതു്. മുറിവേററ് അവയുടെ മുതുകിൽനിന്നും രക്തം വാർന്നൊഴുകും. ഇതു ഗോഹത്യയല്ല, വൃഷഭഹത്യയാണെന്നു നിങ്ങൾ പറഞ്ഞേക്കും. എന്നാൽ രണ്ടിനും തമ്മിൽ—പശുവിനെ ഹിംസിക്കുന്നതും അവളുടെ പുരുഷസന്താനത്തെ ഹിംസിക്കുന്നതും തമ്മിൽ—ഞാൻ യാതൊരു വ്യത്യാസവും കാണുന്നില്ല. ഇനിയും നിങ്ങൾ പറഞ്ഞേക്കും, 'ഈ പ്രവൃത്തി നീചവും നിന്ദ്യവുമാണ്, എന്നാൽ ഇതു കൊലയാകുന്നില്ല' എന്ന്. ഇവിടെയും ഞാൻ വിയോജിക്കുന്നു. കാളയ്ക്കു സംസാരിക്കാമായിരുന്നെങ്കിൽ, കശാപ്പുകാരന്റെ കത്തികൊണ്ടുള്ള സത്വരമരണമോ ഇതുപോലെയുള്ള നീണ്ട യാതനയോ ഏതാണു കൂടുതൽ ഇഷ്ടപ്പെടുകയെന്നു ചോദിച്ചാൽ അവൻ നിശ്ചയമായും മറുപടി പറഞ്ഞേനേ, ആദ്യത്തേതുതന്നെ എന്ന്. കൽക്കത്തയിൽവച്ച് ഒരു സിന്ധിമാന്യൻ എന്നെ കൂടെക്കൂടെ സന്ദർശിക്കുമായിരുന്നു. കൽക്കത്തയിൽ പാൽക്കാർ പശുക്കളോടു ചെയ്യുന്ന ക്രൂരതയെപ്പററിയുള്ള കഥകൾ അദ്ദേഹം എന്നോടു പറഞ്ഞു. ക്ഷീരവ്യവസായസ്ഥലങ്ങളിൽ നടന്നുവരുന്ന ദോഹനസമ്പ്രദായം ഞാൻ നേരിട്ടൊന്നു കാണണമെന്ന് അദ്ദേഹം താൽപര്യപ്പെട്ടു. അവിടെ പശുക്കളെ ജുഗുപ്സാവഹമായ രീതിയിൽ താഡിക്കുന്നു. ഇതു ചെയ്യുന്നവർ ഹിന്ദുക്കളാണുതാനും. ഇനിയും, പശുവിനെ പൂജിക്കുന്ന ഇന്ത്യയിലെപ്പോലെ എല്ലും തൊലിയും മാത്രമായ പശുക്കളെയും കാളകളെയും ലോകത്തിൽ മറെറാരിടത്തും നിങ്ങൾക്കു കാണാൻ സാധിക്കയില്ല. ഇവിടത്തെപ്പോലെ കാളകളെക്കൊണ്ടു കഴിവിന്നപ്പുറം വേറെങ്ങും പണി

ന്യടുപ്പിക്കാറുമില്ല. ഈവക സംഗതികൾ തുടരുന്നിടത്തോളംകാലം ഗോവധം നിറുത്തണമെന്നു് ആരോടും പറയാൻ നമുക്കു് അവകാശമില്ല എന്നു ഞാൻ വാദിക്കും.

## 21

മാതൃകായോഗ്യമായ ഒരു ഗോശാലയിൽനിന്നു്, അതു സ്ഥാപിച്ചിരിക്കുന്ന നഗരത്തിനു്, സ്വന്തം സംരക്ഷണയിലുള്ള കന്നുകാലികളുടെ ഗുണപൂർണ്ണമായ പാലും, പാദരക്ഷകൾക്കായി വില കുറവും ഈടുമുള്ള തോലും—കൊല്ലപ്പെടുന്ന കാലികളുടെ തോലല്ല, ചാകുന്ന കന്നുകാലികളുടെ തോൽ — കുറഞ്ഞ വിലയ്ക്കു ലഭിക്കും. അത്തരം ഗോശാല നഗരത്തിന്റെ നടുക്കോ തൊട്ടടുത്ത അയൽ പക്കത്തോ, ഒന്നോ രണ്ടോ ഏക്കർ സ്ഥലത്തായിരിക്കയില്ല സ്ഥാപിക്കുന്നതു്. പിന്നെയോ, കുറെ ദൂരെ, എന്നാൽ എളുപ്പം എത്തിച്ചേരാവുന്ന അകലത്തിൽ, അൻപതുമുതൽ അറുപതുവരെ ഏക്കർ സ്ഥലത്തായിരിക്കും. അവിടെ ആധുനികരീതിയിലുള്ള ഒരു ഡയറിയും (ക്ഷീരോല്പാദനശാല) ടാനറിയും (തോലുറച്ചാപ്പ) തികച്ചും വ്യവസായപരവും എന്നാൽ ദേശീയവുമായ രീതിയിൽ നടത്തുന്നുണ്ടാവണം. അവിടെ ലാഭമോ വിതരണം ചെയ്യാൻ ആദായവീതമോ കാണുകില്ല; പക്ഷേ, നഷ്ടവും കാണുകില്ല. ഇന്ത്യയൊട്ടാകെ ഉടലെടുക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഹിന്ദുമതത്തിന്റെ വിജയലക്ഷണങ്ങളായിരിക്കും. ഗോക്കളെപ്പററി അതായതു ഗോരക്ഷണവിഷയത്തിൽ, ഹിന്ദുക്കൾക്കുള്ള താൽപര്യത്തിനു് അവ നിദർശനങ്ങളായിരിക്കും. അഭ്യസ്തവിദ്യരുൾപ്പെടെ അനേകായിരംപേർക്കു തൊഴിലുണ്ടാവും. ഡയറിയും ടാനറിയും നടത്താൻ വിദഗ്ദ്ധമായ ശാസ്ത്രീയവിജ്ഞാനം ആവശ്യമുണ്ടു്. ഡന്മാർക്കല്ല, ഇന്ത്യയാണു് ഏററവും മികച്ച ഡയറി പരീക്ഷണങ്ങൾക്കു മാതൃകാരാജ്യമായിരിക്കേണ്ടതു്. ആണ്ടുതോറും ഒൻപതുകോടിരൂപ വിലവരുന്ന, ചത്ത കന്നുകാലികളുടെ തോൽ കയററുമതി ചെയ്തും, കൊന്ന കന്നുകാലികളുടെ തോൽ സ്വന്തം ആവശ്യത്തിനുപയോഗിച്ചും ഇന്ത്യ അപമാനം വലിച്ചുവച്ചുകൂടാ. ഈ വിധമുള്ള സ്ഥിതി ഇന്ത്യയ്ക്കു് അപമാനകരമാണെങ്കിൽ, ഹിന്ദുക്കൾക്കു് അതിൽ കൂടുതൽ അപമാനകരമാണു്. എല്ലാ ഗോശാലക്കമ്മിററികളും, ഗിരിഭിയിൽനിന്നു ലഭിച്ച മംഗളപത്രത്തിനു മറുപടിയായി ഞാൻ ചെയ്ത പ്രസ്താവനകൾ ഹൃദയപൂർവ്വം സ്വീകരിക്കുമെന്നും, അവരുടെ ഗോശാലകളെ മാതൃകാപരമായ ഡയറികളായും ടാനറികളായും ക്ഷീണിച്ചവയും അംഗഭംഗപ്പെട്ടവയുമായ എല്ലാ കന്നുകാലികൾക്കും ഒരു അഭയസ്ഥാനമായും മാററുമെന്നും ഞാൻ ആശിക്കുന്നു.

---

21. Young India, 22-10-1925 (Village Industries, P. 29)

digitized by www .sreyas.in

## 22

പശുവിനെ രക്ഷിക്കുന്ന ഒരു ഹിന്ദു എല്ലാ മൃഗങ്ങളെയും രക്ഷിക്കണം. എന്നാൽ എല്ലാ കാര്യങ്ങളുംകൂടി പരിഗണിച്ചാൽ, അയാറം, മററു മൃഗങ്ങളെ രക്ഷിക്കാതെ പശുവിനെമാത്രം രക്ഷിക്കുന്നതിൽ നാം അയാളെ നിന്ദിക്കേണ്ടതില്ല. അയാറം പശുവിനെ രക്ഷിക്കുന്നതു ശരിയോ എന്നുമാത്രം നാം ചിന്തിച്ചാൽ മതി. മൃഗങ്ങളെ പൊതുവെ കൊല്ലാതിരിക്കുക എന്നതു് അഹിംസയിൽ വിശ്വസിക്കുന്ന ഒരുവൻെറ കത്തവ്യമായി പരിഗണിക്കാമെങ്കിൽ, അയാറം മേൽപ്രകാരം പശുവിനെ സംരക്ഷിക്കുന്നതു തെററാവാൻ ന്യായമില്ല. എല്ലാ ഹിന്ദുക്കളും എല്ലാ മതഭക്തന്മാരും അങ്ങനെ ചെയ്യുന്നുണ്ടു്. പൊതുവെ ജന്തുക്കളെ ഹിംസിക്കാതിരിക്കയും ആകയാൽ അവയെ സംരക്ഷിക്കുകയും ചെയ്ക എന്ന കത്തവ്യം ഒരു നിരാക്ഷേപമായ വസ്തുതയായി അംഗീകരിക്കണം. അപ്പോറം, ഗോസംരക്ഷണം ഒരു കത്തവ്യമായി സ്വീകരിച്ചിരിക്കുന്ന എന്നുള്ളതു് ഹിന്ദുമതത്തിനു് അതിമാത്രം പ്രശസ്തിക്കു കാരണമാണു്. മററു മൃഗങ്ങറംക്കും രക്ഷണഹസ്തം നീട്ടിക്കൊടുക്കാമെന്നുള്ളപ്പോറം, ഗോരക്ഷണത്തിൽമാത്രം ഒതുങ്ങിനിൽക്കുന്ന ആറം ഹിന്ദുമതത്തിലെ ഒരു മോശപ്പെട്ട മാതൃകയാണെന്നുംകൂടി പറയേണ്ടതുണ്ടു്. പശു ഒരു പ്രതീകമായിമാത്രം നിലകൊള്ളുന്നു. അയാറം ചെയ്യണമെന്നുദ്ദേശിക്കപ്പെട്ടിട്ടുള്ളതിൽ ഏററവും കുറഞ്ഞ കാര്യമാണു് പശുസംരക്ഷണം.

## 23

ഗോരക്ഷണവ്യവസ്ഥകറം നിർദ്ദേശിക്കുവാൻ ഞാൻ ശ്രമിക്കുകയുണ്ടായി. അവ ഇവിടെ ആവത്തിക്കുന്നതു കൊള്ളാമെന്നു തോന്നുന്നു.

1) ഇത്തരം ഓരോ സ്ഥാപനവും പുറത്തു തുറസ്സായ സ്ഥലത്തു സ്ഥാപിക്കണം. പുല്ലു വളത്താനും കന്നുകാലികറംക്കു വ്യായാമത്തിനും ഉതകുന്ന ധാരാളം സ്ഥലം, അതായതു് ആയിരക്കണക്കിനേക്കർ വെളിസ്ഥലം, അവിടെ വേണം. എല്ലാ ഗോശാലകളുടെയും കൈകാര്യകത്തൃത്വം എനിക്കായിരുന്നെങ്കിൽ പശുക്കളെ സ്വീകരിക്കാൻ ആവശ്യമുള്ളിടങ്ങളിൽമാത്രം ഇപ്പോഴുള്ള സ്ഥാപനങ്ങറം നിലനിത്തുകയും, മറെറല്ലാ സ്ഥലത്തുമുള്ളവയിൽ ഏററിയപങ്കം ലാഭകരമായ നല്ല വിലയ്ക്കു് വില്ക്കുകയും, സമീപത്തു് അനുയോജ്യമായ സ്ഥലങ്ങറം ഞാൻ വാങ്ങുകയും ചെയ്യേനേ.

22. Young India,11-11-1926 (How to Serve the Cow, P. 5)
23. Young India, 31-3-1927 (How to Serve the Cow, pp. 32-33)

digitized by www .sreyas.in

2) ഓരോ ഗോശാലയും മാതൃകായോഗ്യമായ ഡയറിയായും, ടാനറിയായും മാററണം. ചാകുന്ന കന്നുകാലികളെ അവിടെത്തന്നെ സൂക്ഷിച്ച് ശാസ്ത്രീയമായി സംസ്കരിച്ച്, തോലും എല്ലും കുടലും പരമാവധി പ്രയോജനപ്പെടുത്തണം. കൊല്ലപ്പെട്ട കന്നുകാലികളുടെ തോലും മററുംപോലെയല്ല ചത്ത കന്നുകാലികളുടെ തോൽ; അതു വിശുദ്ധവും ഉപയോഗക്ഷമവുമാണ്. ആദ്യം പറഞ്ഞവ മനുഷ്യരുടെ ഉപയോഗത്തിനു്, ചുരുങ്ങിയപക്ഷം ഹിന്ദുക്കളുടെ ഉപയോഗത്തിനു്, അയോഗ്യമായിക്കരുതണം.

3) പല ഗോശാലകളിലും ഗോമൂത്രവും ചാണകവും പാഴിൽക്കളയുകയാണു ചെയ്യുന്നതു്. ഇതു കുററകരമായ ഒരു ദുർവ്യയമായി ഞാൻ കണക്കാക്കുന്നു.

4) എല്ലാ ഗോശാലകൾക്കും ശാസ്ത്രീയമായ മേൽനോട്ടവും മാർഗ്ഗദർശനവും ഉണ്ടായിരിക്കണം.

5) ഗോശാലകൾ ശരിയായി നടത്തിയാൽ അവിടത്തെ വരവുകൊണ്ടുതന്നെ ചെലവുകൾ നടന്നുപോകണം. നടത്താൻ സാധിക്കും. സംഭാവനകൾ അവയുടെ വിപുലീകരണത്തിനു് വിനിയോഗിക്കണം. ഒരിക്കലും ഈ സ്ഥാപനങ്ങളെ ആദായത്തിനുള്ള വ്യവസായകേന്ദ്രങ്ങളാക്കണമെന്നല്ല ഉദ്ദേശം. കിട്ടുന്ന ലാഭം മുഴുവൻ അംഗഭംഗപ്പെട്ടതും ശക്തി ക്ഷയിച്ചതുമായ കന്നുകാലികളെ മാത്രമല്ല, കശാപ്പുശാലകളിലേക്കു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ കന്നുകാലികളെയും തുറന്ന കമ്പോളത്തിൽ വിലയ്ക്കു വാങ്ങുന്നതിനായി വിനിയോഗിക്കേണ്ടതാണു്.

6) ഗോശാലകളിൽ എരുമയെയും ആടിനെയുംകൂടി സ്വീകരിക്കാൻ വിചാരിച്ചാൽ ഈ ഉദ്ദേശ്യം നിറവേറുകയില്ല. എന്റെ നോട്ടത്തിൽ, ഇൻഡ്യ മുഴുവൻ സസ്യഭുക്കാകുന്നതുവരെ കോലാടിനെയും ചെമ്മരിയാടിനെയും കശാപ്പുകാരന്റെ കത്തിക്കു വിധേയമാകാതെ രക്ഷിക്കാൻ സാദ്ധ്യമല്ല. നാം എരുമപ്പാലിനു നിർബ്ബന്ധം പിടിക്കില്ലെങ്കിൽ, പശുവിൻപാൽ മതി എന്നു നിശ്ചയിച്ച് എരുമപ്പാൽ, വൈരാഗ്യപൂർവ്വം വർജ്ജിക്കുമെങ്കിൽ, എരുമയെ രക്ഷിക്കാം. നേരേമറിച്ചു ബോംബെയിൽ പശുവിൻപാലിനു പകരം എരുമപ്പാലാണു വാങ്ങുക. വൈദ്യന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നുണ്ടു്, വൈദ്യശാസ്ത്രപ്രകാരം പശുവിൻപാൽ എരുമപ്പാലിനെക്കാൾ മെച്ചമാണെന്നു്. യുക്തിയുക്തമായ മേൽനോട്ടംകൊണ്ടു്, പശുവിൻപാൽ ഇപ്പോഴത്തേതിലും ഗുണസമ്പന്നമാക്കാമെന്നു ഡയറിവിദഗ്ദ്ധന്മാരും അഭിപ്രായപ്പെടുന്നുണ്ടു്. എരുമയെയും പശുവിനെയുംകൂടി രക്ഷിക്കുവാൻ സാദ്ധ്യമല്ലെന്നാണു് എന്റെ പക്ഷം. എരുമവളർത്തൽ വേണ്ടെന്നുവെച്ചാലേ

digitized by www .sreyas.in

പശുവിനെ രക്ഷിക്കാൻ പററൂ. എരുമയെ വിപുലമായ തോതിൽ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കില്ല. മേലാൽ എരുമകളുടെ എണ്ണം വർദ്ധിപ്പിക്കാതിരുന്നാൽ ഇപ്പോൾ കൈവശമുള്ളവയെ രക്ഷിക്കാൻ കഷ്ടിച്ചു സാധിക്കും. എരുമയെ പെരുപ്പിക്കൽ മതത്തിന്റെ ഒരംശമല്ല; പശുവിനെ പെരുപ്പിക്കുന്നതും അതല്ല. നാം നമ്മുടെ സ്വന്തം ഉപയോഗങ്ങൾക്കുവേണ്ടിയാണ് അവയെ പോററുന്നത്. എരുമയെ വളർത്തുന്നത് പശുവിനോടും എരുമയോടും കാട്ടുന്ന ഒരു ക്രൂരതയാണ്. തങ്ങൾക്കു ലാഭകരമായി തീററിപ്പോററാൻ വയ്യാത്തതുകൊണ്ടു് ഹിന്ദുഗോപന്മാർ ഇന്നും ഇളയ പോത്തിൻകുട്ടികളെ നിർദ്ദയം കൊല്ലാറുണ്ടെന്നു് ജീവകാരുണ്യപ്രവർത്തകർ മനസ്സിലാക്കണം. പശുവിനെയും അവളുടെ സന്താനങ്ങളെയും രക്ഷിക്കുന്നതിനു് — അതുമാത്രമാണ് നടപ്പുള്ള കാര്യം — ഹിന്ദുക്കൾ പശുവിനെയും അവളിൽനിന്നുള്ള ഉല്പന്നങ്ങളെയുംകൊണ്ടു കച്ചവടം നടത്തി ലാഭമുണ്ടാക്കുന്ന പതിവു് ഉപേക്ഷിക്കണം. അല്ലാതെ തരമില്ല. മതം യഥാർത്ഥമാകണമെങ്കിൽ ജീവകാരുണ്യപരമായ ധനതത്ത്വശാസ്ത്രത്തെ തൃപ്തിപ്പെടുത്തണം. അതായതു വരവും ചിലവും അന്യോന്യം ശരിക്കു ശരിയാകണം. അപ്രകാരമുള്ള ആർത്ഥികസംപ്രാപ്തി പശുസംരക്ഷണത്തിലേ സാധിക്കൂ. ഭക്തന്മാരായ ഹിന്ദുക്കളിൽനിന്നുള്ള സഹായം അക്കാര്യത്തിലുണ്ടാകും. ഈ മഹത്തും ജീവകാരുണ്യപരവുമായ സംരംഭം ഗോമാംസഭുക്കുകളുടെ ഒരു ലോകത്തിന്റെ മുമ്പിൽവെച്ചാണ് നടത്തുന്നതെന്നു് ഓർമ്മിക്കണം. ലോകം മുഴവൻ മുഖ്യമായും സസ്യഭുക്കാകുന്നതുവരെ ഞാൻ വിവരിച്ച പരിമിതികളിൽനിന്നു് ഒരു പുരോഗതിയും ഉണ്ടാകാൻ സാദ്ധ്യമല്ല. ലക്ഷ്യപ്രാപ്തിവരെ സംരംഭം തുടരാൻ ഭാവിതലമുറയ്ക്കു വഴിതുറന്നുകൊടുക്കുകയാണ് നമുക്കു ചെയ്യാനുള്ളതു്. പരിമിതി വകവയ്ക്കാതെയുള്ള എടുത്തുചാട്ടം എരുമയ്ക്കും മററു മൃഗങ്ങൾക്കും പുറമേ പശുവിനേയും കശാപ്പുശാലയിൽ എത്തിച്ചുകൊടുക്കുന്നതിനായിരിക്കും വഴിതെളിക്കുക.

ഹിന്ദുക്കളും, ഗോശാലകളുടെയും പഞ്ച്ജ്രപ്പോളുകളുടെയും മേൽനോട്ടം വഹിക്കുന്ന ജീവകാരുണ്യസഭകളും പശുസംരക്ഷണം സംബന്ധിച്ച് മേൽപ്പറഞ്ഞ വ്യവസ്ഥകൾ മനസ്സിൽവച്ചുകൊണ്ടു് അവ നടപ്പിൽവരുത്താൻ ഉടനടി പരിശ്രമിക്കേണ്ടതാണ്.

## 24

''മതകാര്യങ്ങളിൽ ഏതു രാഷ്ട്രീയ ഇടപെടലിനും ഞാൻ എതിരാണ്. ഇന്ത്യയിലെ ഗോപ്രശ്നം മതവും സാമ്പത്തികശാസ്ത്രവും കൂടിക്കലർന്ന ഒരു സംഗതിയാണ്. സാമ്പത്തികശാസ്ത്രത്തെ സംബ

24. Young India, 7-7-1927 (How to Serve the Cow, pp. 20-24)

digitized by www .sreyas.in

ന്ധിച്ചിടത്തോളം കന്നുകാലിവിഭവസംരക്ഷണം ഹിന്ദുസ്റ്റേററെന്നോ, മുസ്ലീംസ്റ്റേററെന്നോ വ്യത്യാസംകൂടാതെ എല്ലാ സ്റ്റേററുകളെയും സംബന്ധിക്കുന്ന കാര്യമാണ്. ഞാൻ നിങ്ങളുടെ ചോദ്യാവലി ശരിയായിട്ടാണ് മനസ്സിലാക്കിയതെങ്കിൽ അതിലെ അടിസ്ഥാനപരമായ സംഗതി, സ്റ്റേററ് ഹിന്ദുക്കളുടെയും മുസൽമാന്മാരുടെയും ഇടയിൽ കടന്ന്, മുസ്ലീങ്ങൾ മതപരമെന്നു ഗണിക്കുന്ന ആവശ്യങ്ങൾക്കുപോലുമുള്ള ഗോഹത്യ നിയമംകൊണ്ടു നിരോധിക്കുന്നതു ന്യായയുക്തമായിരിക്കുമോ എന്നുള്ളതാണ്. ഇന്ത്യ ഇവിടെപ്പിറന്ന ഹിന്ദുക്കളുടേതെന്നപോലെ ഇവിടെപ്പിറന്ന മുസൽമാന്മാരുടെയും ക്രിസ്ത്യാനികളുടെയും മററുള്ളവരുടെയും നാടാണ്. ഇവിടത്തെ ഒരു ഹിന്ദുസ്റ്റേററുപോലും സ്വപ്രജകളിൽ ഏതെങ്കിലും വിഭാഗം മതപരമെന്നു ഗണിക്കുന്ന ആവശ്യങ്ങൾക്കായി ചെയ്യുന്ന ഗോവധത്തെ, ആ പ്രജാവിഭാഗത്തിലെ ബുദ്ധിമാന്മാരുടെ ഭൂരിപക്ഷത്തിൻെറ സമ്മതംകൂടാതെ നിരോധിക്കയില്ല — പ്രസ്തുതവധം ഹിന്ദുക്കളെ പ്രകോപിപ്പിക്കാനോ മുഷിപ്പിക്കാനോ യാതൊരുദ്ദേശവുമില്ലാതെ രഹസ്യമായിട്ടാണ് നടത്തുന്നതെങ്കിൽ, ഇത്തരമേതെങ്കിലും വധത്തെപ്പററിയുള്ള അറിവുതന്നെ ഹിന്ദുക്കളെ പ്രകോപിപ്പിക്കുമെന്നുള്ളതു തീർച്ചയാണ്. നിർഭാഗ്യവശാൽ ഇൻഡ്യയിൽ ഗോഹത്യയെല്ലാറ്റുമ്പൊടുന്നതു പലപ്പോഴും ഹിന്ദുക്കളുടെ വികാരങ്ങളെ വ്രണപ്പെടുത്താനും അവഹേളിക്കാനുമാണെന്നു നമുക്കറിയാം. സ്വന്തം പ്രജകളെപ്പററി അല്പമെങ്കിലും വിചാരമുള്ള സ്റ്റേററുകൾ ഇതിനെ അമർച്ചചെയ്യേണ്ടതാണ്. എന്നാൽ എൻെറ അഭിപ്രായത്തിൽ ഗോപ്രശ്നത്തിൻെറ സാമ്പത്തികവശം യഥാവിധി കൈകാര്യം ചെയ്യുമെങ്കിൽ അതു സ്വയമേവ മതപരമായ ദുർബ്ബലവശത്തിനു നിവാരണമുണ്ടാക്കും. ഗോഹത്യ സാമ്പത്തികമായി അസാദ്ധ്യമാകണം, അസാദ്ധ്യമാക്കാൻ കഴിയും. നിർഭാഗ്യമെന്നു പറയട്ടെ, ഹിന്ദുക്കളുടെ വിശുദ്ധമൃഗമാണു ലോകത്തിൽ എല്ലാ സ്ഥലങ്ങളിലുംവച്ച് കൊലയ്ക്ക് ഏററവും വിലകുറഞ്ഞ മൃഗമായിത്തീർന്നിരിക്കുന്നത്. ഇതിനു താഴെക്കാണുന്ന പോംവഴികൾ ഞാൻ നിർദ്ദേശിക്കുന്നു.

1) പരസ്യകമ്പോളത്തിൽ വില്പനയ്ക്കുവരുന്ന എല്ലാ കന്നുകാലികളെയും മററു ക്രേതാക്കൾ പറയുന്ന വിലയിൽ കൂടുതൽ പറഞ്ഞു സ്റ്റേററുതന്നെ വാങ്ങണം.

2) സ്റ്റേററ് എല്ലാ പ്രധാന പട്ടണങ്ങളിലും കുറഞ്ഞവിലയ്ക്കു പാൽ സപ്ലൈചെയ്യുന്ന ഡയറികൾ നടത്തണം.

3) സ്റ്റേററ് തോലുറച്ചാപ്പുകൾ നടത്തണം. അതിൻെറ അധീനതയിലുള്ള കന്നുകാലികളുടെ തോല്, എല്ല് മുതലായവ ഉപ

യോഗപ്പെടുത്തണം. സ്വകാര്യഉടമകളുടെവക ചത്ത കന്നുകാലികളെയും വിലയ്ക്കു വാങ്ങാൻ സ്റ്റേററു തയ്യാറാകണം.

4) സ്റ്റേററ് മാതൃകാപരമായ കാലിവളർത്തൽകേന്ദ്രങ്ങൾ നടത്തുകയും, കന്നുകാലികളെ വളർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന കലയിൽ ആളുകൾക്ക് ഉത്ബോധനം നല്കുകയും വേണം.

5) സ്റ്റേററ് മേച്ചിൽസ്ഥലങ്ങൾക്കായി ഉദാരമായ വ്യവസ്ഥകൾ ഉണ്ടാക്കണം. ലോകത്തിലെ ഒന്നാംകിട വിദഗ്ദ്ധന്മാരെ വരുത്തി കന്നുകാലികളെ സംബന്ധിച്ച ശാസ്ത്രത്തിൽ ജനങ്ങൾക്കു വേണ്ട അറിവു നല്കണം.

6) ഈ ആവശ്യത്തിലേക്ക് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറുണ്ടാക്കണം. അതു് ആദായത്തിനുവേണ്ടിയാകരുതു്. കന്നുകാലികളുടെ വിവിധ ഇനങ്ങളിലും അവററയെ സംബന്ധിച്ച മററു കാര്യങ്ങളിലും വരുത്തുന്ന ഓരോ പരിഷ്കാരത്തിൻെറയും മുഴുവൻ പ്രയോജനം അങ്ങനെ ആളുകൾക്കു ലഭിക്കണം.

മേൽപ്പറഞ്ഞ പദ്ധതിയിൽ പ്രായംചെന്നവയും, അംഗഭംഗം വന്നവയും, രോഗം ബാധിച്ചവയുമായ എല്ലാ കന്നുകാലികളുടെയും സംരക്ഷണംകൂടി ഉദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതു ഭാരമേറിയ സംഗതിയാണ്, സംശയമില്ല. എന്നാൽ ഈ ഭാരം എല്ലാ സ്റ്റേററുകളും—വിശേഷിച്ചും ഹിന്ദുസ്റ്റേററുകൾ — സന്തോഷപൂർവ്വം സഹിക്കേണ്ടതാണ്. ഈ പ്രശ്നത്തെപ്പററി എൻെറതന്നെ പഠനത്തിൻെറ ഫലമായി ഞാൻ വിചാരിക്കുന്നതു്, ശാസ്ത്രീയാടിസ്ഥാനത്തിൽ നടത്തുന്ന ഡയറികളിലെയും ടാനറികളിലെയും ആദായംകൊണ്ട് (വളത്തിൻെറ ലാഭം വേറെ) സാമ്പത്തികമായി ഉപയോഗമില്ലാതായ കന്നുകാലികളെ സംരക്ഷിക്കുന്ന ചിലവുവഹിക്കാനും, തോലും, തോൽസാമാനങ്ങളും, ക്ഷീരവും, ക്ഷീരോല്പന്നങ്ങളും, ചത്ത കന്നുകാലികളുടെ അവശിഷ്ടഭാഗങ്ങൾകൊണ്ടുണ്ടാക്കാവുന്ന മററു പലസാധനങ്ങളും കമ്പോളനിരക്കിനു വിൽക്കാനും ഗവണ്മെൻറിനു സാദ്ധ്യമാകുമെന്നാണ്. ഈ ഒടുവിൽപറഞ്ഞ സാധനങ്ങൾ ഇപ്പോൾ ശാസ്ത്രീയവിജ്ഞാനത്തിൻെറ അഭാവംകൊണ്ടോ, തെററായ മനോഭാവംകൊണ്ടോ പരമാർത്ഥത്തിൽ പാഴായിപ്പോകുകയാണു ചെയ്യുന്നതു്. അഥവാ അവയിൽനിന്നു പരമാവധി പ്രയോജനം ലഭിക്കുന്നില്ല. ഇവിടെ സമർപ്പിച്ചിരിക്കുന്ന പദ്ധതിയുടെ ഏതെങ്കിലും ഭാഗങ്ങളെ സംബന്ധിച്ച വിശദീകരണമായോ മറേറാ കൂടുതൽ വിവരണം വല്ലതും വേണമെന്നുണ്ടെങ്കിൽ നിങ്ങൾ ദയവുചെയ്തു് എന്നെ അറിയിക്കണം.''

വിവിധഗോരക്ഷണസംഘങ്ങളിലെ അംഗങ്ങളുമായി നടത്തിയ ചർച്ചകളാകട്ടെ, എൻെറ മുമ്പിലിരിക്കുന്ന എഴുത്തുകുത്തുകളാ

digitized by www .sreyas.in

കട്ടെ, ഈ കത്തിൽ പ്രസ്താവിച്ച അഭിപ്രായത്തിനു് എന്തെങ്കിലും മാററം വരുത്താൻ പ്രേരണ നല്കുന്നില്ല. ഗോവധത്തിനെതിരായി നിയമനിർമ്മാണം ഒരിക്കലും പാടില്ലെന്നു് എങ്ങും ഞാൻ പറഞ്ഞിട്ടില്ലെന്ന സംഗതി വായനക്കാരൻ ശ്രദ്ധിക്കണം. നിയമനിർമ്മാണം പ്രതികൂലമായി ബാധിക്കുന്ന പ്രജകളിൽ ബുദ്ധിയുള്ളവരുടെ ഭൂരിപക്ഷത്തിന്റെ സമ്മതംകൂടാതെ നിയമനിർമ്മാണംമൂലം ഗോവധനിരോധനം പാടില്ലെന്നേ ഞാൻ പറഞ്ഞുള്ളു. ആകയാൽ മൈസൂർസ്റേറററു് ഗോഹത്യ നിരോധിച്ചുകൊണ്ടു് നിയമനിർമ്മാണം നടത്തുന്നതു് തികച്ചും ന്യായയുക്തമാണു്. വാസ്തവത്തിൽ അങ്ങനെതന്നെ ചെയ്യേണ്ടതുമാണു് — അവിടത്തെ മുസ്ലിം ജനതയിൽ ബുദ്ധിയുള്ള ഭൂരിപക്ഷത്തിന്റെ സമ്മതം ഉണ്ടെങ്കിൽ. മൈസൂറിൽ ഹിന്ദുക്കളും മുസൽമാന്മാരും തമ്മിൽ സൗഹാർദ്ദപരമായ ബന്ധമാണുള്ളതെന്നും, മുസൽമാന്മാരിൽ ഭൂരിപക്ഷവും നിയമം മൂലമുള്ള നിരോധനത്തിനു് ഹിന്ദുക്കളെപ്പോലെതന്നെ അനുകൂലികളാണെന്നും, എന്നെ വന്നുകണ്ട ഗോരക്ഷണസംഘാംഗങ്ങൾ ഉറപ്പിച്ചു പറഞ്ഞു. യൂറോപ്യന്മാരിൽ പലരും, വിശേഷിച്ചും മിഷനറിമാർ, ഇത്തരം നിരോധനത്തിനു് അനുകൂലികളാണെന്നും അവർ തീർത്തു പറഞ്ഞുകേട്ടതിൽ എനിക്കു സന്തോഷം തോന്നി. എന്നോടു ചെയ്ത പ്രസ്താവനകൾ ശരിയാണെങ്കിൽ, മൈസൂറിനെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണം മുഖേനയുള്ള നിരോധനത്തിനു് അവിടെ വഴിതെളിഞ്ഞിരിക്കയാണു്. എന്നാൽ ഞാൻ എന്റെ കത്തിൽ ചൂണ്ടിക്കാണിച്ചതും, ഈ പംക്തികളിൽ പലപ്പോഴും ഊന്നിപ്പറഞ്ഞിട്ടുള്ളതുമായ ഒരു സംഗതി ആവർത്തിച്ചുകൊള്ളട്ടെ. അതായതു്, ഗോസംരക്ഷണം സംബന്ധിച്ചുള്ള ഏതു പരിപാടിയുടെയും ഏററവും ചെറിയ ഭാഗംമാത്രമാണു് നിയമംമൂലമുള്ള നിരോധനം. പക്ഷേ, എനിക്കു കിട്ടിയ എഴുത്തുകളുടെ പോക്കും, ഗോരക്ഷണസംഘങ്ങളിൽ മിക്കതിന്റെയും പ്രവർത്തനവും കാണിക്കുന്ന വെറും നിയമപ്രകാരമുള്ള നിരോധനംകൊണ്ടു് അവർ തൃപ്തിപ്പെട്ടുകൊള്ളുമെന്നു്.

എല്ലാററിനും നിയമനിർമ്മാണത്തെ ആശ്രയിക്കുന്നതിനെതിരായി ഈവക സംഘങ്ങൾക്കു മുന്നറിയിപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. നിയമഭരിതമായ ഈ രാജ്യത്തു നമുക്കു നിയമനിർമ്മാണം ക്രമത്തിലധികമായിട്ടുണ്ടു്. ഏതു ദോഷത്തിനും എതിരായി ഒരു നിയമം പാസ്സാക്കിയാൽ കൂടുതൽ ശ്രമംകൂടാതെ ആ ദോഷം നശിച്ചുകൊള്ളുമെന്നു് ആളുകൾ വിചാരിക്കുന്നതുപോലെ തോന്നുന്നു. ഇതിനെക്കാൾ നിന്ദ്യമായ ഒരു ആത്മവഞ്ചനയില്ല. നിയമം, അജ്ഞന്മാരോ കുബുദ്ധികളോ ആയ ഒരു ചെറിയ ന്യൂനപക്ഷത്തിന്നെതിരായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. അവക്കെതിരേമാത്രമേ അതു ഫലിക്കയുള്ളു. എന്നാൽ ബുദ്ധിയുക്തവും സംഘ

ടിതവുമായ പൊതുജനാഭിപ്രായത്താലോ, അഥവാ മതത്തിന്റെ മറപിടിച്ചു നിൽക്കുന്ന മതഭ്രാന്തമായ ഒരു ന്യൂനപക്ഷത്താലോ എതിർക്കപ്പെടുന്ന നിയമസംവിധാനം ഒരിക്കലും വിജയിക്കാൻ സാദ്ധ്യമല്ല. ഗോരക്ഷണപ്രശ്നത്തെപ്പററി ഞാൻ കൂടുതൽ പഠിക്കുന്തോറും, ഞാൻ നിർദ്ദേശിച്ച വഴിക്കു നിരന്തരവും അക്ഷീണവുമായ സൃഷ്ടിപരയത്നം ഉണ്ടായെങ്കിൽമാത്രമേ പശുവിന്റെയും പശുവിന്റെ സന്താനത്തിന്റെയും സംരക്ഷണം സാദ്ധ്യമാകയുള്ളു എന്ന വിശ്വാസം ശക്തിപ്പെട്ടുവരികയാണ്. ഞാൻ രൂപരേഖ നൽകിയ നിർമ്മാണപരിപാടിയിൽ ചിലതെല്ലാം കൂട്ടിച്ചേർക്കാനോ പരിഷ്കരിക്കാനോ പഴുതു കണ്ടേക്കും, ഒരുവേള പഴുതുണ്ട്. എന്നാൽ ഇന്ത്യയുടെ കന്നുകാലിസമ്പത്തിനെ വിനാശത്തിൽനിന്നു രക്ഷിക്കണമെങ്കിൽ ഒരു വിപുലമായ സൃഷ്ട്യുന്മുഖ പരിപാടിയുടെ തികഞ്ഞ ആവശ്യകതയുണ്ടെന്ന കാര്യത്തിൽ സംശയിക്കാൻ പഴുതില്ല. കന്നുകാലിസംരക്ഷണം എന്നുവച്ചാൽ ഇന്ത്യയിലെ പട്ടിണിപ്പാവങ്ങളായ ലക്ഷോപലക്ഷം സ്ത്രീപുരുഷന്മാരുടെ സംരക്ഷണമെന്നുകൂടിയാണർത്ഥം. ഈ ദരിദ്രലക്ഷങ്ങളും ഇന്ത്യയിലെ കന്നുകാലികളുടെ നിലയിലേക്ക് അധഃപതിച്ചവരാണ്. ഇന്ത്യൻ സ്റ്റേറ്റുകൾക്ക് ഈ സംഗതിയിലും ഇതുപോലുള്ള സംഗതികളിലും, ഇന്ത്യയിലെ ഇതരഭാഗങ്ങൾക്കു നിശ്ചയമായും നേതൃത്വം നൽകാൻ കഴിയും. ഒരുവേള, സ്റ്റേറ്റുകളുടെ കൂട്ടത്തിൽ, ശരിയായ ഒരു തുടക്കമിടാൻ മൈസൂറിനേക്കാൾ പററിയ, കഴിവുള്ള, മറെറാരു സ്റ്റേററുമില്ല. എനിക്കു കിട്ടിയിട്ടുള്ള വിവരങ്ങളിൽ നിന്നെല്ലാം പറയുകയാണ്: അവിടെ ജനസമ്മതനായ ഒരു രാജാവുണ്ട്, പ്രബുദ്ധമായ പൊതുജനാഭിപ്രായമുണ്ട്, ഹിന്ദുമുസ്ലീം പ്രശ്നമില്ല, ദയാലുവായ ഒരു ദിവാനുണ്ട്. 'ഇമ്പീരിയൽ ഇൻസ്ററിട്യൂട്ട് ആഫ് ഡയറിംഗ് ആൻഡ് ആനിമൽ ഹസബൻഡ്രി' എന്ന സ്ഥാപനമുണ്ട്. ഇമ്പീരിയൽ ഡയറിവിദഗ്ദ്ധൻ മി. വില്യം സ്മിത്ത് ബാംഗ്ലൂരിൽ താമസമുറപ്പിച്ചിരിക്കയാണ്. ഇങ്ങനെ പ്രസ്തുത സ്റേററിന് ഒരു സൃഷ്ടിപരമായ നയം ഉരീകരിക്കാൻ ആവശ്യമായ എല്ലാ കരുക്കളുമുണ്ട്. ഇതിനുംപുറമേ പ്രകൃതി മൈസൂറിനു് അതിവിശിഷ്ടമായ ഒരു കാലാവസ്ഥ നൽകി അനുഗ്രഹിച്ചിട്ടുമുണ്ട്. ഒരു ഹിന്ദുരാജാവ് എത്രയും കാമ്യമായിക്കരുതുന്ന ബിരുദം 'ഗോബ്രാഹ്മണരക്ഷകൻ' എന്നതാണ്. പശുവെന്നാൽ ഇന്ത്യക്കു പാലും മററനേകം സാധനങ്ങളും പ്രദാനംചെയ്യുന്ന വെറുമൊരു മൃഗമെന്നുമാത്രമല്ല അർത്ഥം. നിസ്സഹായർ, ചവുട്ടിമെതിക്കപ്പെടുന്നവർ, പാവങ്ങൾ എന്നുകൂടി അതിനർത്ഥമുണ്ട്. ദിവ്യജ്ഞാനത്തിന്റെയും ദിവ്യാനുഭൂതിയുടെയും പ്രതിനിധി എന്നാണു ബ്രാഹ്മണൻ എന്നാൽ അർത്ഥം. എന്നാൽ ഇന്നാകട്ടെ, ഹാ കഷ്ടം! ഹിന്ദുരാജാക്കന്മാർ ഗോബ്രാഹ്മണസംരക്ഷണത്തിനുറപ്പു നൽകാൻ വിമനസ്കരല്ലെങ്കിൽ, ശക്തിഹീനരാണ്; പലപ്പോഴും ഉദാസീന

digitized by www .sreyas.in

രാണ്. ഗോഹത്യയ്ക്കെതിരായി എന്തെല്ലാം നിയമം പാസ്സാക്കിയാലും ശരി, കാലിവളർത്തൽ, ക്ഷീരോല്പാദനം, ചത്ത പശുക്കളുടെ വിനിയോഗം എന്നിവ എല്ലാ ആളുകളുടെയും ഗുണത്തിനായി നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുംവേണ്ടി സ്റ്റേററുകളും ജനങ്ങളും പരസ്പരം സഹകരിക്കുന്നില്ലെങ്കിൽ, ഇന്ത്യയിൽ കന്നുകാലികളെ വളർത്തുന്നത് അവ കശാപ്പുകാരന്റെ കൈയിനാൽ അകാലത്തിൽ ഹനിക്കപ്പെടുന്നതിനായിരിക്കും ഉപകരിക്കുക.

## 25

എല്ലാ ഗോശാലയോടും അല്ലെങ്കിൽ പഞ്ച്ജ്രപ്പോളിനോടും ചേർന്ന് അവിടത്തെ ആവശ്യത്തിനു പര്യാപ്തമായ ഒരു തോലുറച്ചാപ്പ ഉണ്ടായിരിക്കണം. വേറൊരുപ്രകാരം പറഞ്ഞാൽ അത്തരം ഓരോ സ്ഥാപനത്തിന്റെയും മേൽനോട്ടം വഹിക്കുന്ന മാനേജർക്ക്, മരിച്ച കന്നുകാലികളുടെ അവശിഷ്ടങ്ങൾ വിനിയോഗിക്കുന്നതിനാവശ്യമായ സത്വരനടപടികളെപ്പററി സമഗ്രമായ വിജ്ഞാനം ഉണ്ടായിരിക്കണം. അങ്ങനെയായാൽ ഒരു പ്രത്യേക ഗോശാലയിൽ എത്ര കന്നുകാലികളാകാം എന്ന പ്രശ്നം ഒട്ടുംതന്നെ ഉദിക്കയില്ല. ഗോശാലയിലെ കന്നുകാലികളുടെ മരണനിരക്ക് എന്തെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ പ്രമേയത്തിന് അതു സംഗതവുമല്ല. ഒരു ഗോശാലയുടെ മാനേജർ അവിടെ ഒരൊററ കാലിയെങ്കിലുമുള്ളകാലത്തോളം അതിനെ ശുശ്രൂഷിക്കാൻ എപ്രകാരം അറിഞ്ഞിരിക്കണമോ, അപ്രകാരംതന്നെ അതു ചാകുമ്പോൾ അതിന്റെ അവശിഷ്ടങ്ങൾ എങ്ങനെ വിനിയോഗിക്കണമെന്നും തീർച്ചയായും അറിഞ്ഞിരിക്കണം. ഞാൻ വിവരിച്ചമാതിരി കന്നുകാലിസംരക്ഷണാർത്ഥമുള്ള ജീവകാരുണ്യസ്ഥാപനങ്ങൾ, ഗ്രാമത്തിൽ ചാകുന്ന കന്നുകാലികളുടെ അവശിഷ്ടങ്ങൾ സാധാരണഗതിയിൽ ഏറെറടുക്കണം. കന്നുകാലികളുടെയും അധഃകൃതവർഗ്ഗങ്ങളുടെയും പൊതുജനങ്ങളുടെയും താല്പര്യം ഒന്നുപോലെ അതിലാണു സ്ഥിതിചെയ്യുന്നത്. ഗോശാലകളോ, അവയോടനുബന്ധിച്ച് തോലുറച്ചാപ്പകളോ ഇല്ലാത്ത ഗ്രാമങ്ങളിൽ, ഗോരക്ഷണത്തിൽ വിശ്വസിക്കുന്ന സ്ഥലവാസികളിലാരെങ്കിലും ചത്ത മൃഗത്തിന്റെ ജഡം അടുത്ത ഊറച്ചാപ്പയിലേക്കു നീക്കം ചെയ്യിക്കുന്ന ജോലി സ്വയം നിർവ്വഹിക്കണം. അല്ലെങ്കിൽ അതിന്മേൽവേണ്ട പ്രാരംഭക്രിയകൾ നടത്തിച്ച്, ഉപയോഗമുള്ള ഭാഗങ്ങൾമാത്രം അങ്ങോട്ടയക്കണം.

ഞാൻ വിവരിച്ചതുപോലെയുള്ള ഊറച്ചാപ്പകളുടെ സ്ഥാപനത്തിനു വലിയ മൂലധനം ആവശ്യമില്ല. ജോലിക്കാരെ പരിശീ

25. Young India, 3-11-1927 (P. 367)

digitized by www .sreyas.in

ലീപ്പിച്ചെടുക്കുന്നതിനു കുറച്ചു പ്രാരംഭച്ചെലവുകൾമാത്രം വേണ്ടി വരും. ഊറയ്ക്കിട്ടാൽ ചത്ത കാലികളുടെ തോലിനെക്കാൾ കൊന്ന കാലികളുടെ തോലാണ് ഇപ്പോൾ മെച്ചമായിക്കാണുന്നതെന്നുള്ള തു പരമാർത്ഥമാണ്. എന്നാൽ കഴിഞ്ഞ യുദ്ധകാലത്തു് ഇന്ത്യാഗ വണ്മെണ്ടു ചത്ത കാലികളുടെ തോലിന്റെ ഗുണം വർദ്ധിപ്പിക്കാൻ വമ്പിച്ച തുക ചെലവാക്കി. ചത്ത കാലികളുടെ തൊലി ഊറ യ്ക്കിട്ടു കൊന്ന മൃഗങ്ങളുടെ തോലിനോടു കിടനിൽക്കുന്ന നല്ല തോൽ ഉണ്ടാക്കാൻ സാധിക്കുമെന്നു് ഊറപ്പണിവിദഗ്ദ്ധന്മാർ എ ന്നോടു പറഞ്ഞിട്ടുണ്ടു്. ഞാൻതന്നെ ഈ വഴിക്കു ചില പരീക്ഷ ണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണു്. കട്ടക്കിൽ ശ്രീ മധുസൂദന ദത്തും ഇതേ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണെന്നു് അദ്ദേഹം എന്നോടു പറഞ്ഞു. 'കൽക്കട്ടാ ഗവണ്മെണ്ടു റിസേർച്ചു ടാനറി'യും ഇതുപോലെയുള്ള പരീക്ഷണങ്ങളിൽ ഏർപ്പെട്ടിരി ക്കയാണു്.

എന്നാൽ കഷ്ടമിതാണു്. നാം ആണ്ടുതോറും കോടിക്കണ ക്കിനു വിലവരുന്ന തോലു് അന്യരാജ്യങ്ങളിലേക്കു കയററുമതി ചെയ്യുന്നു. കൊന്ന കാലികളുടെ തോൽകൊണ്ടുണ്ടാക്കിയ സാമാ നങ്ങൾ നാം കഥയറിയാതെ ഉപയോഗിച്ചു് അവയുടെ കൊലയ്ക്കു പരോക്ഷമായി പങ്കാളികളാകുന്നു.

ഇവിടെ ചാകുന്ന കന്നുകാലികളുടെ തോൽ അന്യരാജ്യങ്ങ ളിലേക്കു കയററി അയയ്ക്കുന്നതിനെ തടയാൻ നാം വിചാരിച്ചാൽ മതി. പരോപകാരപ്രവണമായ രീതിയിൽ, ഊറച്ചാപ്പുകൾ സ്ഥാപിച്ചു് തോലിന്റെ കയററുമതിവ്യാപാരം നമ്മുടെ നിയന്ത്ര ണത്തിൽകൊണ്ടുവന്നു്, ഇതു നമുക്കു നിഷ്പ്രയാസം സാധിക്കാം. ഇതിനാൽ ആണ്ടുതോറും നമുക്കു് ഒൻപതുകോടി രൂപ ലാഭപ്പെ ടുത്താമെന്നുമാത്രമല്ല, ആ തുക വേണ്ടപോലെ വിനിയോഗിച്ചു് അനേകം കന്നുകാലികളെ രക്ഷിക്കയും ചെയ്യാം.

## 26

തക്കസമയത്തു ത്രാണനശ്രമം നടത്തിയില്ലെങ്കിൽ ഗോക്കൾ നശിക്കും. സംഭവ്യമായ സത്വരവിനാശത്തിൽനിന്നും ഗോക്കളെ രക്ഷിക്കുന്ന ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പലപ്പോഴും ഈ പ്രശ്നം അഭിമുഖീകരിക്കാറുണ്ടു്. മതപരമായ വികാരം കൂടാതെ തന്നെ എരുമയല്ലേ കുറേക്കൂടി കുറഞ്ഞചെലവിൽ പോററാൻ പററിയ മൃഗം? പശുവിനെ വളത്താനാണു ചെലവു കുറവെന്നും, രണ്ടു മൃഗങ്ങളേയും ഒരേ സമയം രക്ഷിക്കാൻ സാദ്ധ്യമല്ലെന്നും, പശു

26. Harijan, 24-10-1936 (How to Serve the Cow, P. 52)

digitized by www .sreyas.in

സംരക്ഷണത്തിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കമെങ്കിൽ എരുമയുടെ കാര്യം അതുതന്നെ നോക്കിക്കൊള്ളുമെന്നും, ഒരു സാധാരണക്കാരനെന്ന നിലയിൽ ഞാൻ എന്നും നിർവ്വിശങ്കം അഭിപ്രായപ്പെട്ടിട്ടുണ്ട്.

പശു പോയാൽ എരുമയ്ക്കു് അതിന്റെ സ്ഥാനം വഹിക്കാൻ ഒരിക്കലും സാധിക്കയില്ല. പാടുപെടുന്ന പട്ടിണിക്കാരനായ കൃഷീകനും പശുവിന്റേയും അവളുടെ ആൺസന്താനത്തിന്റേയും അഭാവം തന്നെ നിലംപരിചാക്കുന്ന ദുർഘടമായി അനുഭവപ്പെടും.

## 27

''കഷ്ടമിതാണു്,'' അദ്ദേഹം മറ്റൊരവസരത്തിൽ പറഞ്ഞു, ''നമ്മുടെ പശുസംരക്ഷണസംഘങ്ങളിൽ മിക്കതും പശുവിനെയും എരുമയെയും ഒപ്പം വളർത്തും. എരുമപ്പാൽ വിററു സംഘപ്രവർത്തനം ആദായകരമായ ഒരു ഏർപ്പാടാക്കി മുന്നോട്ടു കൊണ്ടുപോകാൻ നോക്കും. പശു ആദായകരമല്ലെന്നാണു് അവരുടെ വിചാരം. പശുവിനെമാത്രം പോററുകയും സകലശ്രദ്ധയും അവളുടെ പാൽ വർദ്ധിപ്പിക്കുന്നതിലും അവളെ വംശാഭിവൃദ്ധിക്കുതകുന്ന ഒരു നല്ല ഉരുവാക്കുന്നതിലും അവരു ചാകുമ്പോരു മൃതശരീരത്തിന്റെ ഓരോ അംശവും ഉപയോഗപ്പെടുത്തുന്നതിലും കേന്ദ്രീകരിക്കയും ചെയ്യുമെങ്കിൽ ആദായമുണ്ടാകുമെന്ന കാര്യത്തിൽ സംശയിക്കാനില്ല. കൊല്ലുകയോ തിന്നുകയോ ചെയ്യേണ്ട ആവശ്യം നേരിടാതെ പശുവിനെയും എരുമയേയുംകൂടി രക്ഷിക്കാമെന്നു് ആക്കെങ്കിലും എന്നെ ബോദ്ധ്യപ്പെടുത്താമെങ്കിൽ, രണ്ടിനേയും എന്റെ പദ്ധതിയിൽ ഉരുപ്പെടുത്താൻ എനിക്കു പൂർണ്ണസമ്മതമായിരിക്കും. എന്നാൽ വസ്തുത ഇതാണു്. പാലിന്റെ കാര്യമൊഴിച്ചാൽ, ഒരു ആദായകരമല്ലാത്ത മൃഗമാണു് എരുമ. ഇന്ത്യയിൽ ചുരുക്കം ചില പുഞ്ചനിലങ്ങളിലൊഴികെ കൃഷികാര്യങ്ങരുക്കു് അതിനെക്കൊണ്ടുപയോഗമില്ല. ആകയാൽ നാം അതിന്റെ ആൺസന്താനത്തെ പട്ടിണിക്കിടുകയോ കൊല്ലുകയോ ചെയ്യുന്നു. സ്വന്തം പശുക്കളുടെ ക്ഷീരസമൃദ്ധിയെപ്പററി അഭിമാനിക്കുന്ന സുപ്രസിദ്ധ ഡയറികളിൽ ചിലതുപോലും കാളക്കിടാങ്ങളെ നശിപ്പിച്ചുകളയുന്നതായിക്കണ്ടിട്ടുണ്ടു്. നമുക്കു പശുക്കളുടെ പാൽ വർദ്ധിപ്പിക്കണം. അവയെ നല്ല ഉഴവുകാളകളുടെ മാതാക്കളാക്കുകയും വേണം. പശുവിൻപാലിനു ചെലവില്ലെന്നു പറയുന്നതിൽ അർത്ഥമില്ല. മററു പാൽ കൊടുക്കാൻ നാം വിസമ്മതിക്കയും, ഏററവും ഗുണാഢ്യവും പരിശുദ്ധവും നിർദ്ദോഷവുമായ പാൽ കൊടുക്കുമെന്നു് ഉറപ്പു നല്കുകയും ചെയ്താൽ സകലരും നമ്മുടെ സ്ഥിരം പററുകാരായിത്തീരും. എന്നാൽ ഒന്നാ

27) Harijan, 19-6-1937 (How to Serve the Cow, pp. 53-54)

digitized by www .sreyas.in

മതായി ചെയ്യേണ്ടതു് എരുമയെ ഒഴിവാക്കുകയാണു്. നിങ്ങളുടെ ശ്രദ്ധ ഖാദിയിലും മിൽത്തുണിയിലും വിഭജിച്ചു നിങ്ങൾക്കു ഖാദിയെ അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കയില്ല. പശുവിൻെറ ആഹാരകാര്യത്തിലും സംരക്ഷണത്തിലും വേണ്ടത്ര ശ്രദ്ധ നാം ഇനിയും പതിപ്പിച്ചിട്ടില്ല. ഏററവും മെച്ചപ്പെട്ട ഫലസിദ്ധി കാണിച്ചുകൊടുക്കുക, എന്നാൽ നിങ്ങൾക്കു് ആരുടെയും ഒത്താശയുടെ അഭാവത്തെപ്പററി പരാതിപ്പെടേണ്ടിവരികില്ല. എന്തുകൊണ്ടാണു് ചില കമ്പനികളുടെ ഓഹരിക്കുവേണ്ടി ആളുകൾ ഭ്രാന്തെടുത്തോടുന്നതു്? അതൊരു ആദായകരമായ ഏപ്പാടാകാൻപോകയാണെന്നു് അവക്കറിയാം. നിങ്ങളുടേതും ആദായകരമായ ഒരു ഏപ്പാടാകുമെന്നു് ആളുകളെ വിശ്വസിപ്പിക്കാമെങ്കിൽ, അവർ ഒത്താശ ചെയ്യാൻ ഓടിയെത്തും. ഒന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ബോംബേപോലൊരു നഗരംതന്നെയാകട്ടെ; അവിടത്തെ കുഞ്ഞുങ്ങളുടെ കാനേഷുമാരിക്കണക്കെടുക്കുക. തങ്ങളുടെ കുഞ്ഞുങ്ങൾക്കു പശുവിൻപാൽമാത്രം വാങ്ങുന്ന ആളുകളുടെ പേരു് ലിസ്റ്റിൽ കൊള്ളിക്കുക. നിങ്ങളുടെ ക്ഷീരശാല കുഞ്ഞുങ്ങൾക്കു പശുവിൻ പാൽമാത്രം വിതരണംചെയ്യുന്ന ഒരു സ്ഥാപനമാക്കുക. തേയില പോലുള്ള സാധനങ്ങൾക്കു് ആളുകളുടെ ഇടയിൽ പ്രചാരം നൽകുന്നതെങ്ങനെയെന്നു നിങ്ങൾക്കറിയാമോ? തേയിലവ്യാപാരികൾ, തേയിലപ്പൊതികൾ സൗജന്യമായി വിതരണം ചെയ്യുന്നു. സൗജന്യമായി ചായക്കടകൾ നടത്തുന്നു. നിങ്ങൾക്കും അതുപോലെ ചെയ്തു പശുവിൻപാൽ പ്രചരിപ്പിക്കാം. നിങ്ങളുടെ ലക്ഷ്യം ബോംബേയിലുള്ള സകലമാനപേരുടേയും ആവശ്യം നിവ്വഹിക്കുക എന്നതായിരിക്കണം. കൽക്കത്തപോലുള്ളൊരു നഗരത്തിൽ പശുവിൻപാലിനു് ആവശ്യക്കാരുണ്ടു്. ഒന്നാംതരം ഹരിയാനാ പശുക്കൾ കല്ക്കത്തായിൽ ഇറക്കുമതി ചെയ്യപ്പെടുന്നുണ്ടു്. പക്ഷേ, പശുക്കളുടെ കറവ വററിയാലുടനെ അവ കശാപ്പുകാരൻെറ കൈയിൽ ചെന്നുചേരുന്നു. തൽഫലമായി ഹരിയാനാ പശുക്കൾ പഞ്ചാബിൽ കുറഞ്ഞുവരികയാണു്. ഇല്ല, പശുവിനെ കശാപ്പുകാരനു കൊടുക്കേണ്ട ആവശ്യമില്ല. അവളുടെ കറവററ കാലത്തെ സംരക്ഷണത്തിനു വേണ്ടതിലധികം വക അവൾ തൻെറ പാലിൻെറ സമൃദ്ധികൊണ്ടും, സന്താനങ്ങളെക്കൊണ്ടും തന്നിട്ടുണ്ടാവും; ജീവിച്ചിരുന്ന കാലത്തെ വിലതന്നെ അവൾ ചത്തുകഴിഞ്ഞാലും സമ്പാദിച്ചുകൊടുക്കും. സ്റ്റേററിനോ യഥാത്ഥമതഭക്തർക്കോ പശുവിനെ രക്ഷിക്കാം. സ്റ്റേററിനെ നമുക്കു തല്ക്കാലം ഒഴിവാക്കാം. മതപരമായ ചായ്‌വുള്ളവരാണു് ഉണൎന്നു പ്രവൎത്തിക്കേണ്ടതും, ഈ കാര്യത്തിൽ വിജ്ഞാനവും അദ്ധ്വാനവും അൎപ്പിക്കേണ്ടതും.''

digitized by www .sreyas.in

## 28

ഇന്ത്യയിൽ കന്നുകാലിസമ്പത്തിന്റെ സംരക്ഷണം ഒരു പ്രധാന സാമ്പത്തികപ്രശ്നമാണെന്നു വളരെക്കുറച്ചുപേരേ മനസ്സിലാക്കുന്നുള്ളു. പല കുഴപ്പങ്ങളും അതിൽ കടന്നുകൂടിയിട്ടുണ്ട്. നെയ്യിൽ മായംചേക്കൽ എക്കാലവും അവയിലൊന്നാണ്. കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി അതു വർദ്ധമാനമായ ഒരു ദുർഘടമായിട്ടുണ്ട്. നെയ്യെന്നു കള്ളപ്പേരു കൊടുത്തിട്ടുള്ള വിലകുറഞ്ഞ സസ്യോൽപ്പന്നമായ എണ്ണ, ഇറക്കുമതി ചെയ്യപ്പെടുന്നതാണ് അതിനു ഹേതു. ഘനീഭവിപ്പിച്ചു മററുചില പ്രക്രിയകൂടിച്ചെയ്തിറക്കിയിട്ടുള്ള ഈ തരം എണ്ണ കണ്ടാൽ നെയ്യാണെന്നു തോന്നും. ഇടനിലക്കാരും ക്ഷീരോല്പന്നവില്പനക്കാരും ശുദ്ധമായ നെയ്യിൽ ധാരാളം മായംചേർത്തു്, കൃഷിക്കാരനോ കന്നുകാലിവളർത്തൽകാരനോ വില്ക്കുന്നതിലും കുറഞ്ഞ വിലയ്ക്കു വില്ക്കുന്നുണ്ടെന്നു് ശ്രീ പന്നലാൽ പറയുന്നു. ഈ ദ്രോഹം ഇങ്ങനെ തുടരുകയാണെങ്കിൽ, പ്രത്യേകിച്ചും ഇത്തരം സസ്യനെയ്യു് ബോംബേയിലും മററും വൻതോതിൽ നിർമ്മിക്കപ്പെടുന്ന സ്ഥിതിക്കു്, ഈ മത്സരത്തിൽ പിടിച്ചുനില്ക്കാൻ കഷ്കന്മാക്കു സാദ്ധ്യമല്ല. സാക്ഷാത്തായ നെയ്യു് കമ്പോളത്തിൽനിന്നും അപ്രത്യക്ഷമാകുന്നപക്ഷം ഡയറിംഗു കൂടാതെയുള്ള കൃഷിയും ഭാരവാഹനാവശ്യങ്ങൾക്കായുള്ള കന്നുകാലിവളർത്തലും അസാദ്ധ്യമായിത്തീരും എന്നുകൂടി ശ്രീ പന്നലാൽ ന്യായമായി കൂട്ടിച്ചേർക്കുന്നു. അപ്പോൾ കന്നുകാലിവളർത്തൽ ആദായകരമായ ഒരു തൊഴിലായിരിക്കുന്നതിനു പകരം ഒരു ആഡംബരമായിത്തീരും. അതിനാൽ, മായംചേക്കൽ തടയാൻ ഫലവത്തായ നടപടികൾ കൈക്കൊള്ളണമെന്നു് ശ്രീ പന്നലാൽ അഭിപ്രായപ്പെടുന്നു. ഈ നിർദ്ദേശത്തോടു ഞാൻ ഹാർദ്ദമായി യോജിക്കുന്നു. മായംചേർക്കലിനെതിരായി സുവ്യവസ്ഥിതമായ ഒരു പൊതുജനപ്രക്ഷോഭണംതന്നെ ഉണ്ടാവണം; ആവശ്യമെന്നു കണ്ടാൽ, നിരോധനനിയമങ്ങൾ പാസാക്കുകയും വേണം.

## 29

ഗോമാതാവു് നമുക്കു ജന്മംതന്ന മാതാവിനെക്കാൾ പല വിധത്തിലും മെച്ചപ്പെട്ടവളാണ്. നമ്മുടെ അമ്മ നമുക്കു് ഒരു രണ്ടു കൊല്ലം പാലു തന്നിട്ടു് നാം വളരുമ്പോൾ നമ്മിൽനിന്നു ശുശ്രൂഷ കിട്ടണമെന്നു പ്രതീക്ഷിക്കുന്നു. ഗോമാതാവു നമ്മിൽ നിന്നു പുല്ലും ധാന്യവുമൊഴിച്ചു മററൊന്നും പ്രതീക്ഷിക്കുന്നില്ല. നമ്മുടെ അമ്മ കൂടെക്കൂടെ സുഖക്കേടുവന്നു കിടപ്പാകയും അപ്പോ

---

28. Harijan, 20-1-1940 (How to Serve the Cow, P. 64)
29. Harijan, 15-9-1940 (India of My Dreams, P. 127)

digitized by www .sreyas.in

ഴൊക്കെയും നമ്മുടെ ശുശ്രൂഷ പ്രതീക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ഗോമാതാവു് വളരെ അപൂർവ്വമായിമാത്രമേ രോഗബാധിതയാകുന്നുള്ളൂ. മരണത്തോടുകൂടി അവസാനിക്കാത്ത നിരന്തരമായ ഒരു സേവനറിക്കാർഡാണു് ഇവിടെ കാണുന്നതു്. നമ്മുടെ അമ്മ മരിക്കുമ്പോൾ ശവം കുഴിച്ചിടുന്നതിനു് അല്ലെങ്കിൽ ദഹിപ്പിക്കുന്നതിനു് നമുക്കു ചെലവുണ്ടു്. ഗോമാതാവാകട്ടെ ചത്തു കഴിഞ്ഞാലും ജീവിച്ചിരിക്കുമ്പോഴത്തെപ്പോലെതന്നെ ഉപയോഗപ്രദയാണു്. നമുക്കു് അവളുടെ ശരീരത്തിലെ മാംസം, അസ്ഥികൾ, കുടലുകൾ, കൊമ്പുകൾ, തോൽ എന്നിങ്ങനെ എല്ലാ ഭാഗങ്ങളും ഉപയോഗപ്പെടുത്താം. ഞാൻ ഇപ്പറയുന്നതു് നമുക്കു ജന്മംതരുന്ന അമ്മയെ തരംതാഴ്ത്താനല്ല, എന്റെ ഗോപൂജയ്ക്കു സാരമായ കാരണങ്ങളുണ്ടെന്നു കാണിക്കാൻവേണ്ടിയാണു്.

നമ്മുടെ ഗ്രാമങ്ങളിലെവിടെയും കാളകളാണു് ഗതാഗതവാഹനങ്ങൾ. സിംലായിൽപ്പോലും ഈ സ്ഥിതിക്കു മാററം വന്നിട്ടില്ല. ട്രെയിനും മോട്ടോർകാറും അവിടെ ചെല്ലുന്നുണ്ടു്. എന്നാൽ മലമ്പാതയിലൂടനീളം ഭാരമേററിയ വണ്ടിയും വലിച്ചു കാളകൾ താഴോട്ടും മേലോട്ടും ഇഴഞ്ഞുപോകുന്നതു ഞാൻ കണ്ടു. ഈ വാഹനം നമ്മുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഒരു ഭാഗമാണെന്നു തോന്നുന്നു. മാത്രമല്ല, നമ്മുടെ കൈത്തൊഴിൽ സംസ്കാരം നിലനില്ക്കുമെങ്കിൽ ഈ കാളകളും നിലനില്ക്കണം.

ആരുടെ കന്നുകാലികളാണു് ഏററവും മെച്ചപ്പെട്ടതെന്നും, അയാൾക്കു് അത്ര നന്നായി അവയെ സംരക്ഷിക്കുവാൻ എങ്ങനെ കഴിയുന്നുവെന്നും നിങ്ങൾ കണ്ടുപിടിക്കണം. ഗ്രാമത്തിലെ ഏററവും നല്ല കാളയ്ക്കും ഏററവും നല്ല പശുവിനും എന്തെങ്കിലും സമ്മാനം നിശ്ചയിക്കുക. മാതൃകാപരമായ കന്നുകാലികളില്ലാതെ മാതൃകാഗ്രാമം ഉണ്ടാവുക സാദ്ധ്യമല്ല.

## 30

എരുമപ്പാലിനോടും നെയ്യിനോടുമുള്ള നമ്മുടെ പക്ഷഭേദത്തെപ്പററി ഞാൻ അത്ഭുതപ്പെടുന്നു. നമ്മുടെ ധനതത്ത്വശാസ്ത്രം ദീർഘവീക്ഷണമില്ലാത്തതാണു്. നാം ഉടനെ കിട്ടുന്ന ലാഭമേ നോക്കുന്നുള്ളൂ. അന്തിമാപഗ്രഥനത്തിൽ പശുവാണു കൂടുതൽ വിലയുള്ള മൃഗമെന്നു നാം മനസ്സിലാക്കുന്നില്ല. പശുവിന്റെ വെണ്ണയ്ക്കും (നെയ്യും) ഒരു ഇളം മഞ്ഞനിറമാണു സ്വാഭാവികമായുള്ളതു്. ഈ വർണ്ണവിശേഷം എരുമവെണ്ണയേക്കാൾ (നെയ്യിനേക്കാളും) പശുവിൻവെണ്ണയ്ക്കുള്ള മേന്മയെ കാണിക്കുന്നു. അതിനു് അതിന്റേ

30. Harijan, 8-2-1942 (How to Serve the Cow, P. 58)

digitized by www .sreyas.in

തായ ഒരു സുഗന്ധമുണ്ട്. സേവാഗ്രാമത്തിൽ വരുന്ന വിദേശികളായ സന്ദർശകന്മാർ, അവിടെ കിട്ടുന്ന പരിശുദ്ധമായ പാൽ കണ്ട് ആനന്ദപരവശരാകുന്നു. എരുമപ്പാലും വെണ്ണയും യൂറോപ്പിൽ ഏതാണ്ട് അജ്ഞാതമാണ്. ഇവയോട് ഇന്ത്യയിൽ മാത്രമേ ഒരു കൗതുകം കാണാനാവൂ. ഇതു പശുവിനെ ഇല്ലായ്മ ചെയ്യാനാണ് സഹായിച്ചിട്ടുള്ളതു്. ഇക്കാരണത്താലാണ്, പശുവിന്റെ കാര്യത്തിൽമാത്രമായി ശ്രദ്ധ കേന്ദ്രീകരിച്ചില്ലെങ്കിൽ അവളെ രക്ഷിക്കാൻ കഴികയില്ലെന്നു ഞാൻ പറയുന്നതു്.

## 31

പാലിന്റെയും നെയ്യുടെയും വ്യാപാരം മുഴുവൻ ഹിന്ദുക്കളുടെ കൈയിലാണ്. എന്നാൽ ശുദ്ധമായ പാലും നെയ്യും വിതരണം ചെയ്യാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? പാലിൽ മായംചേർത്താണു വില്പന. മായം ചേർക്കാൻ ഉപയോഗിക്കുന്ന വെള്ളംപോലും അശുദ്ധമായിരിക്കും. കമ്പോളത്തിൽ വില്ക്കുന്ന നെയ്യ് പലപ്പോഴും വിഷമാണെന്നുതന്നെ പറയാം. ന്യൂസിലാൻഡിലോ, ഡെൻമാർക്കിലോ, ആസ്ത്രേലിയായിലോ നിന്നു കിട്ടുന്ന വെണ്ണ അസ്സൽ പശുവിൻവെണ്ണയാണ്. എന്നാൽ ഇവിടെ കിട്ടുന്ന നെയ്യിന്റെയോ വെണ്ണയുടെയോ കാര്യത്തിൽ അങ്ങനെയൊരുറപ്പില്ല. ഈ പ്രശ്നം സംബന്ധിച്ചു ഞങ്ങൾ കുറേപ്പേർ നിഷ്കർഷയോടെയിരിക്കുന്ന വാർദ്ധായിൽ പരിശുദ്ധമെന്നുറപ്പുപറയാവുന്ന ഒരു സേർ നെയ്യ് വാങ്ങാവുന്ന ഒരൊററക്കടയില്ല.

## 32

''നാം ഇന്നു പശുവിനെ രക്ഷിക്കുന്നില്ലെങ്കിൽ, പശുവിനേയും എരുമയേയുംകൂടി രക്ഷിക്കാൻ സാധിക്കാതെവരും. രണ്ടിനേയുംകൂടി രക്ഷിക്കാൻ ഒരു സംയുക്തശ്രമം അസാദ്ധ്യം. സംയുക്തശ്രമം എരുമ പശുവിനെ ഇല്ലായ്മചെയ്യുന്നതിൽ കലാശിക്കും. പശുവാണ് കൂടുതൽ അവഗണിക്കപ്പെടുന്ന മൃഗം. അതുകൊണ്ടാണ് നാം പശുവിന്റെ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നതു്.

എരുമയെ 'ബായിക്കോട്ടു' ചെയ്യുന്ന പ്രശ്നമില്ല; അത്രപോലുമില്ല അതിനെ കൊല്ലുന്ന പ്രശ്നം. പാശ്ചാത്യധനതത്ത്വ

31. Harijan, 8-2-1942 (അഖിലേന്ത്യാ ഗോസേവാസംഘത്തിന്റെ 1-2-'42ൽ നടന്ന കാൺഫ്രൻസിൽ ചെയ്ത പ്രസംഗത്തിൽനിന്ന്. How to Serve the Cow, P. 57)

32. Harijan, 15-2-1942 (1-2-'42 ലെ ഗോസേവാസംഘസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്. (How to Serve the Cow, P. 55)

digitized by www .sreyas.in

ശാസ്ത്രജ്ഞന്മാക്കു് എളുപ്പം മനസ്സിലുദിക്കുന്ന മാർഗ്ഗമാണു് കൊല. താഴ്ന്നയിനം പശുക്കളെയും കാളകളെയും കശാപ്പുചെയ്തു സൊല്ലയൊഴിക്കുന്നതു് അതുകൊണ്ടാണു്. പക്ഷേ, ആ പോംവഴി നന്നെന്നു ഞാൻ വിചാരിക്കുന്നില്ല. ശരിയായ പശുസംരക്ഷണ ശാസ്ത്രത്തിൽ നാം പ്രാവീണ്യം നേടുകയാണെങ്കിൽ എരുമയെയും മററു മൃഗങ്ങളെയും രക്ഷിക്കുന്ന ശാസ്ത്രം നമുക്കു തനിയേ വെളിപ്പെട്ടുകിട്ടുമെന്നാണു് എൻെറ ദൃഢവിശ്വാസം.''

## 33

അടുത്തകാലത്തു നടന്ന ഗോസേവാസംഘസമ്മേളനത്തിൽ ചർച്ചാവിഷയമായ പ്രധാന പ്രശ്നം കന്നുകാലിവളർത്തൽ വ്യക്തികൾ നടത്തണമോ സംഘങ്ങൾ നടത്തണമോ എന്നുള്ളതായിരുന്നു. വ്യക്തികളുടെ പശുപരിപാലനത്താൽ പശു ഒരിക്കലും രക്ഷപ്പെടുകയില്ലെന്നു പറയാൻ എനിക്കുതന്നെ യാതൊരു സന്ദേഹവുമില്ലായിരുന്നു. അവളുടെയും, അവളോടുകൂടി എരുമയുടേയും രക്ഷ സംഘടിതയത്നംവഴി മാത്രമേ സാധിക്കൂ. ഒരു കർഷകനു് തന്നെത്താൻ തൻെറ കന്നുകാലികളെ സ്വഗൃഹത്തിൽവച്ചു വേണ്ടപടി, ശാസ്ത്രീയമായ വിധത്തിൽ പരിരക്ഷിക്കുവാൻ തികച്ചും അസാദ്ധ്യമാണു്. പശുവിൻെറ, പൊതുവെ കന്നുകാലികളുടെ സ്ഥിതി അധഃപതിക്കുവാനുള്ള മററു കാരണങ്ങളിൽവച്ചു്, സംഘടിതയത്നത്തിൻെറ അഭാവമാണു് മുഖ്യം.

ലോകം ഇന്നു ജീവിതത്തിൻെറ ഏതു മണ്ഡലത്തിലും കൂട്ടായുള്ള അഥവാ സഹകരണാടിസ്ഥാനത്തിലുള്ള യത്നം എന്ന ആദർശത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കയാണു്. ഈ വഴിക്കു വളരെ നേട്ടങ്ങളും ഉണ്ടായിട്ടുണ്ടു്, ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ടു്. നമ്മുടെ നാട്ടിലേക്കും ആ ആദർശം കടന്നുവന്നിരിക്കുന്നു, എന്നാൽ നമ്മുടെ ഇടയിലെ പാവപ്പെട്ടവക്കു പ്രയോജനം കൈവരുത്താനാകാത്തവണ്ണം ഒരു വികൃതരൂപത്തിൽ. നമ്മുടെ ജനസംഖ്യാവർദ്ധനവിനൊത്തു് ഒരു ഇടത്തരം കൃഷിക്കാരൻെറ കൈവശഭൂമി അനുദിനം കുറഞ്ഞുവരികയാണു്. മാത്രമല്ല, ഒരു വ്യക്തിക്കു് ഉടമപ്പെട്ടതു പലപ്പോഴും ഏററവും ചെറിയ ഒരു പറമ്പായിരിക്കും. അത്തരം കർഷകന്മാരെ സംബന്ധിച്ചിടത്തോളം സ്വന്തം വീട്ടിൽ കന്നുകാലികളെ സൂക്ഷിക്കുക എന്നതു് ആത്മഹത്യാപരമായ ഒരു നയമാണു്. എങ്കിലും അതാണു് ഇന്നു നിലവിലുള്ള സ്ഥിതി. സാമ്പത്തികകാര്യങ്ങൾക്കു പ്രഥമസ്ഥാനം കല്പിക്കയും മതപരവും നീതിപരവും ജീവകാരുണ്യപരവുമായ ചിന്തനങ്ങളിൽ വളരെ തുച്ഛമായി മാത്രം ശ്രദ്ധ ചെലുത്തുകയും ചെയ്യുന്ന ആളുകൾ ഉളെള

33. Harijan, 15-2-1942 (How to Serve the Cow, pp. 39—41)

digitized by www .sreyas.in

സ്വരം ഉദ്ഘോഷിക്കുന്നതു്, കന്നുകാലികളിൽ നിന്നു കിട്ടുന്ന ആദായം അവയെ പുലർത്തുവാനുള്ള ധനവ്യയവുമായി തട്ടിച്ചുനോക്കുമ്പോഠം യാതൊരു താരതമ്യവുമില്ലാത്തതാണു്, ആ ധനവ്യയം കർഷകനെ ഗ്രസിച്ചുകൊണ്ടിരിക്കയാണു്, എന്നത്രേ. ഉപയോഗശൂന്യങ്ങളായ മൃഗങ്ങളെ കൊന്നൊടുക്കാത്തതു് ഒരു വിഡ്ഡിത്തമാണെന്നു് അവർ പറയുന്നു.

അപ്പോഠം ജീവകാരുണികന്മാർ എന്തു ചെയ്യണം? അതാണു പ്രശ്നം. നമ്മുടെ കന്നുകാലികളുടെ ജീവനെ രക്ഷിക്കാൻ മാത്രമല്ല, അവ നമുക്കൊരു ഭാരമായിത്തീരാതിരിക്കാനും ഒരുപായം കണ്ടുപിടിക്കുക. അതാണു് ആ പ്രശ്നത്തിനുള്ള പ്രകടമായ ഉത്തരം. സഹകരണാടിസ്ഥാനത്തിലുള്ള യത്നം നമുക്കു വളരെയധികം സഹായകമായിരിക്കും എന്നു് എനിക്കുറപ്പുണ്ടു്.

താഴെക്കാണിച്ചിരിക്കുന്ന താരതമ്യപഠനം പ്രയോജനകരമായിരിക്കും.

1) കൂട്ടായുള്ള കാലിവളർത്തൽസമ്പ്രദായത്തിൽ യാതൊരു കർഷകനും ഇന്നു് അയാഠം ചെയ്യുന്നതുപോലെ കന്നുകാലികളെ സൂക്ഷിക്കുക സാദ്ധ്യമല്ല. അവ വായു ദൂഷിപ്പിക്കുന്നു. പരിസരങ്ങഠം വൃത്തികേടാക്കുകയും ചെയ്യുന്നു. മൃഗങ്ങളോടൊത്തു താമസിക്കുന്നതു് ബുദ്ധിപൂർവ്വകമല്ല; അതിൽ ജീവകാരുണ്യവുമില്ല. മനുഷ്യൻ അങ്ങനെ താമസിക്കണമെന്നു് ഉദ്ദേശിക്കപ്പെട്ടിട്ടില്ല. കൂട്ടുസമ്പ്രദായം അംഗീകരിക്കുകയാണെങ്കിൽ, കന്നുകാലികഠംക്കു വേണ്ടിവരുന്ന സ്ഥലംകൂടെ കർഷകനും കുടുംബത്തിനും ഒഴിഞ്ഞു കിട്ടും.

2) കന്നുകാലികളുടെ എണ്ണം വർദ്ധിച്ചുവരുന്തോറും കർഷകനു തന്റെ വീട്ടിൽ ജീവിക്കാൻ അസാദ്ധ്യമായിത്തീരുന്നു. അതുകൊണ്ടു കന്നുകിടാങ്ങളെ വില്ക്കുന്നതിനും, പോത്തുകളെ കൊന്നൊടുക്കുകയോ, വെളിയിൽ തള്ളി അവ പട്ടിണികിടന്നു ചാകുവാൻ ഇടയാക്കുകയോ ചെയ്യുന്നതിനും അയാഠം നിർബ്ബന്ധനായിത്തീരുന്നു. കാലിസംരക്ഷണം സഹകരണാടിസ്ഥാനത്തിലാണെങ്കിൽ ഈ ക്രൂരത ഒഴിവാക്കാം.

3) കന്നുകാലികഠംക്കു രോഗം ബാധിക്കുമ്പോഠം അവയെ വേണ്ടപോലെ ചികിത്സിപ്പിക്കാൻ കൂട്ടുവ്യവസ്ഥയിലുള്ള കാലിവളർത്തൽകൊണ്ടു സാധിക്കുന്നു. ഒരു സാധാരണകർഷകനു് സ്വന്തം ചെലവിൽ അപ്രകാരം ചികിത്സിക്കാൻ സാധിക്കില്ല.

4) അതുപോലെതന്നെ, കൂട്ടുവ്യവസ്ഥയിൽ അനേകം പശുക്കഠംക്കുവേണ്ടി ഒരു വിത്തുമൂരിയെ തെരഞ്ഞെടുത്തു നിഷ്പ്ര

യാസം പോററാനാവും. ധാർമ്മികാടിസ്ഥാനത്തിലല്ലാതെ ഇതു് മററുതരത്തിൽ സാദ്ധ്യമല്ല.

5) സഹകരണസമ്പ്രദായത്തിൽ, മൃഗങ്ങൾക്ക മേയാൻതക്ക വണ്ണം പൊതുമേച്ചിൽസ്ഥലങ്ങൾ എളുപ്പത്തിൽ ലഭ്യമാവും. നേരേമറിച്ചു് പൊതുവേ ഒരു കർഷകനും തനതായി അത്തരം സൗകര്യമൊന്നുമില്ല.

6) കൂട്ടുവ്യവസ്ഥയിൽ കാലികളുടെ തീററസാധനങ്ങൾക്ക വേണ്ടിവരുന്ന ചെലവും താരതമ്യേന നന്നേ കുറയും.

7) നല്ല വിലയ്ക്ക പാൽ വില്ക്കാനുള്ള സൗകര്യം വളരെ വർദ്ധിക്കും. പാലിൽ മായംചേർക്കാനുള്ള ആവശ്യകതയോ പ്രലോഭനമോ കൂട്ടുവ്യവസ്ഥയിലെ കാലിയുടമസ്ഥനുണ്ടാവില്ല.

8) കന്നുകാലികൾ ഓരോന്നിൻെറയും പോരിമ നിശ്ചയിക്കാനുള്ള പരിശോധന പ്രത്യേകം പ്രത്യേകം നിർവ്വഹിക്കുക അസാദ്ധ്യമാണു്. എന്നാൽ ഒരു ഗ്രാമത്തിലെ കാലികൾക്കു് ഒന്നടങ്കമാകുമ്പോൾ ഇതു് നിഷ്പ്രയാസം നിർവ്വഹിക്കാം. അങ്ങനെ കന്നുകാലികളുടെ വർഗ്ഗപാരമ്പര്യം മെച്ചപ്പെടുത്തുകയും ചെയ്യാം.

9) മുൻപറഞ്ഞ ലാഭസൗകര്യങ്ങൾ സഹകരണാടിസ്ഥാനത്തിലുള്ള കാലിവളർത്തലിനു് അനുകൂലമായിട്ടുള്ള മതിയായ വാദമുഖങ്ങളാണു്. ഏററവും ശക്തമായ അനുകൂലവാദമുഖം, വ്യക്തിപദ്ധതി നമ്മുടെയും അതുപോലെതന്നെ നമ്മുടെ ഉരുക്കളുടെയും സ്ഥിതി ദയനീയമാക്കിത്തീർക്കുവാനുള്ള ഒരു ഉപാധിയായിക്കാലാശിച്ചിരിക്കുന്നു എന്നുള്ളതാണു്. മേൽ സൂചിപ്പിച്ച മുഖ്യമായ പരിവർത്തനംകൊണ്ടു മാത്രമേ നമുക്ക നമ്മെയും അവയെയും രക്ഷപ്പെടുത്താൻ പററൂ.

സഹകരണാധിഷ്ഠിതമായ കൃഷിസമ്പ്രദായം സ്വീകരിക്കുന്നതുവരെ കൃഷിയിൽനിന്നും പൂർണ്ണമായ പ്രയോജനം നമുക്ക സിദ്ധിക്കയില്ലെന്നും കൂടി എനിക്ക നല്ല ഉറപ്പുണ്ടു്. ഒരു ഗ്രാമത്തിലെ നൂറു കുടുംബങ്ങൾ തങ്ങളുടെ ഭൂമി കൂട്ടുവ്യവസ്ഥയനുസരിച്ചു കൃഷിചെയ്യുന്നതും അതിൽനിന്നുള്ള ആദായം വീതിച്ചെടുക്കുന്നതും, ഭൂമിയെ നൂറു തുണ്ടുകളാക്കി വിഭജിക്കുന്നതിനേക്കാൾ വളരെയേറെ നല്ലതാണെന്ന സംഗതി യുക്തിസഹമായിത്തോന്നുന്നില്ലേ? ഭൂമിയെപ്പററിപ്പറഞ്ഞതു് കന്നുകാലികളെസംബന്ധിച്ചും സംഗതമാണു്.

പൊടുന്നനെ ഇത്തരത്തിലുള്ള ഒരു ജീവിതരീതി അനുവർത്തിക്കുവാൻ തക്കവണ്ണം ജനങ്ങളെ മാനസാന്തരപ്പെടുത്തുക എന്നുള്ളതു വിഷമമായിരിക്കാം—അതു തികച്ചും മറെറാരു കാര്യമാണു്,

digitized by www .sreyas.in

ളുടങ്ങിയ നേർവഴി എപ്പോഴും സഞ്ചരിക്കാൻ പ്രയാസമുള്ളതായിരിക്കും. ഗോരക്ഷണപരിപാടിയിലെ ഓരോ ചുവടുവയ്പും പ്രശ്നകണ്ടകങ്ങൾകൊണ്ടു വ്യാകീർണ്ണമാണ്. പക്ഷേ, ഈ ബുദ്ധിമുട്ടുകളെ തരണംചെയ്താൽ മാത്രമേ വഴി കുറേക്കൂടി സുഗമമാകുമെന്നു പ്രത്യാശയ്ക്കു വകയുള്ളൂ. വ്യക്തിപരമായ യത്നത്തെ അപേക്ഷിച്ചു യോജിച്ചുള്ള കാലിവളർത്തലിന്റെ വലിയ മേന്മ ചൂണ്ടിക്കാണിക്കയെന്നുള്ളതാണ് എന്റെ ഇപ്പോഴത്തെ ഉദ്ദേശ്യം. ആദ്യപദ്ധതി തെററാണ്. രണ്ടാമത്തേതാണ് ശരി എന്നുകൂടി എനിക്ക് അഭിപ്രായമുണ്ട്. വാസ്തവത്തിൽ വ്യക്തികൾതന്നെയും സഹകരണംവഴി മാത്രമേ സ്വന്തം സ്വാതന്ത്ര്യത്തെ പരിരക്ഷിക്കാനാവുകയുള്ളൂ.

കാലിവളർത്തലിലുള്ള വ്യക്തിപരമായ യത്നം സ്വാർത്ഥതയ്ക്കും ക്രൂരതയ്ക്കും വഴിതെളിച്ചിട്ടുണ്ട്. സംഘയത്നത്തിനാകട്ടെ ഈ രണ്ടു ദൂഷ്യങ്ങളെയും പാടെ ദൂരീകരിക്കാൻ കഴിയുന്നില്ലെങ്കിൽതന്നെ, നന്നേ കുറയ്ക്കാൻ കഴിയും.

## 34

കന്നുകാലികളുടെ ഇന്നത്തെ ദയനീയസ്ഥിതി തീർച്ചയായും എന്റെ അഭിപ്രായത്തിനു മതിയായ തെളിവാണ്. വ്യക്തിഗതമായ ഉടമയും സംരക്ഷണവും പരാജയപ്പെട്ടിരിക്കുന്നതുകൊണ്ടു തന്നെയാണ് പശു ഇന്ന് ഒരു ഭാരമായിത്തീർന്നിരിക്കുന്നത്. ഒരു വ്യക്തിക്കു തന്റെ കന്നുകാലികളെ വേണ്ടപടി സംരക്ഷിക്കാനാവാതിരിക്കുന്നത് എന്തുകൊണ്ട്, സ്വന്തമായി ഒരു വിത്തുമൂരിയെയോ മേച്ചിൽ സ്ഥലമോ വെച്ചുപുലർത്താൻ കഴിയാത്തതു് എന്തുകൊണ്ട്, പാലും നെയ്യും വിററഴിക്കുന്നതിന് സമുചിതക്രമീകരണങ്ങൾ ചെയ്യാൻ അയാൾക്ക് എത്രകണ്ടു വിഷമമുണ്ട്, എന്നൊക്കെ എന്റെ മുൻലേഖനമൊന്നിൽ വിവരിച്ചിട്ടുണ്ട്. ഏതു രാജ്യത്തും പണക്കാരെന്നോ പാവപ്പെട്ടവരെന്നോ ഭേദമില്ലാതെ ആർക്കും നിഷ്പ്രയാസം എഴുത്തുകൾ അയയ്ക്കത്തക്കവണ്ണം തപാൽവകുപ്പു ചെയ്തിരിക്കുന്ന ഏർപ്പാടുകൾപോലെ, സ്വന്തം സജ്ജീകരണങ്ങളുണ്ടാക്കാൻ വ്യക്തികൾക്കു തനിച്ചു സാദ്ധ്യമല്ല. ഈ ഉദാഹരണം പശുക്കളുടെ കാര്യത്തിലും സംഗതമാണ്. കാലിവളർത്തൽ പ്രശ്നം കൂട്ടുടമവഴി, അഥവാ കൂട്ടുഭവസമ്പ്രദായംവഴിമാത്രമേ പരിഹൃതമാകാൻ പോകുന്നുള്ളൂ. ഉടമയും സേവനവും ചേർന്നു പോകയില്ല. ഞാൻ ഒരാളുടെ ഉടമയിൽപ്പെട്ടവനായിരിക്കും. എന്നാൽ, നൂററുകണക്കിനാളുകൾക്ക് എന്നെ സേവിക്കാനാവും. എന്നെ സേവിക്കുവാനുള്ള അവകാശം ഒരാളിനു മാത്രമേ ഉള്ളുവെങ്കിൽ, എന്റെ സ്ഥിതി എന്തായിരിക്കും? തികച്ചും ഇതുതന്നെ

34. Harijan, 8-3-1942 (How to Serve the Cow, P. 47)

digitized by www .sreyas.in

യാണു പശുക്കളുടെ കാര്യത്തിലും സംഭവിക്കുന്നതു്. വ്യക്തികൾ പശു തങ്ങളുടേതാണെന്നു് അവകാശപ്പെടുന്നു; അവർ അതിനു വേണ്ട ശുശ്രൂഷ ചെയ്യുന്നില്ല.

## 35

ഈ പ്രശ്നം,* കറവപ്പശുക്കളെപ്പോലും ഉഴവുപണിക്കും മററും ഉപയോഗിക്കേണ്ടതാണെന്നു് പഞ്ചാബി സോത്സാഹം വാദിച്ചിരുന്നതുമൂലം, ഒരു കാലത്തു് വളരെയധികം ചർച്ചയ്ക്കു് വിഷയീഭവിച്ചിട്ടുള്ള ഒന്നാണു്. അവയ്ക്കു് ഇങ്ങനെ നല്കുന്ന വ്യായാമംമൂലം അവയിൽനിന്നു കുറേക്കൂടി നല്ല പാൽ കൂടുതൽ അളവിൽ ലഭിക്കുമെന്നു് അയാൾ അവകാശപ്പെട്ടിരുന്നു. പശുവിനു് അതിൻെറ ശരീരത്തിനു ലേശംപോലും ഹാനികരമല്ലാത്ത വിധത്തിലുള്ള പണി നൽകുന്നതിൽനിന്നു് എൻെറ ഗോഭക്തി എന്നെ തടയുന്നില്ല. ഭാരം വലിക്കുന്ന മൃഗങ്ങളോടുള്ള നമ്മുടെ പെരുമാററത്തിൽ അഭിലഷണീയമായ പലതും ഇനി വരേണ്ടിയിരിക്കുന്നു എന്നുള്ളതാണു് പരമാർത്ഥം. മച്ചിപ്പശുക്കളെ കഠിനമല്ലാത്ത പണികൾക്ക വിനിയോഗിക്കുന്നതിനെ ഞാൻ സ്വാഗതംചെയ്യും, അതു് ആളുകളെ മററു മൃഗങ്ങളുടെ കാര്യത്തിൽ ഇന്നത്തേക്കാൾ കൂടുതൽ ശ്രദ്ധയുള്ളവരാക്കുമെങ്കിൽ.

## 36

ഗോസംരക്ഷണം, ഗോരസവ്യാപാരം, എന്നീ മണ്ഡലങ്ങളിലെ സ്ഥിതിയും ഇതുതന്നെ. പശുവിനും കാളയ്ക്കും കാർഷികവൃത്തിയുമായി അഭേദ്യബന്ധമുണ്ടു്. ഈ മണ്ഡലത്തിലും നമ്മുടെ ഭാഗം നിർവ്വഹിക്കുന്നതിൽ നാം പരാജയപ്പെട്ടിരിക്കയാണു്. അതുകൊണ്ടു ഗ്രാമങ്ങളിലേക്കു് ഇറങ്ങുന്ന നമ്മുടെ പ്രവർത്തകന്മാർ ഇനിമേൽ ജാഗരൂകരായിരിക്കേണ്ടതുണ്ടു്. ഈ വഴിക്കെല്ലാം ഫലവത്തായ സേവനങ്ങൾ അനുഷ്ഠിക്കാൻ വേണ്ട അറിവു് അവർ സമ്പാദിക്കണം.*

---

35. Harijan, 10-5-1942 (How to Serve the Cow, P. 44)

* ''ഉഴുക, ധാന്യം പൊടിക്കുക എന്നീവക ജോലികൾക്കു മച്ചിപ്പശുക്കളെ ഉപയോഗിച്ചാലെന്തു്? കശാപ്പുശാലയിലേയ്ക്കുള്ള അവയുടെ പോക്കു് തടയാൻ ഇതൊരു മാർഗ്ഗമല്ലേ?'' എന്ന പ്രശ്നം.

36. Khadi, P. 193

* രണ്ടുകൊല്ലത്തെ ജയിൽവാസവും കഴിഞ്ഞു്, ഗാന്ധിജിയും അതുപോലെതന്നെ എ. ഐ. എസ്. എ. യുടെ മററു പല ട്രസ്ററികളും വിമുക്തരായപ്പോൾ, ആ ട്രസ്ററികളുടെ ഒരു കാൺഫറൻസ് 1944 സെപ്ററംബർ ഒന്നും രണ്ടും മൂന്നും തീയതികളിലായി സേവാഗ്രാമ

## 37

ഇനി കൃഷിയെപ്പററി ചിന്തിക്കാം. നമ്മുടെ ഗ്രാമീണർ ജീവസന്ധാരണത്തിനു കൃഷിയേയും ഉഴവുമാടുകളെയും ആശ്രയിക്കുന്നു. വ്യക്തിഗതമായ പരിചയം ഇല്ലായ്കയാൽ ഞാൻ ഇക്കാര്യത്തിൽ ഏതാണ്ട് അജ്ഞനാണ്. എങ്കിലും ഒരു കാര്യം എനിക്കു തീർത്തുപറയാൻ കഴിയും. കൃഷിയോ കന്നുകാലിയോ ഇല്ലാത്ത ഒരൊററ ഗ്രാമവും ഉണ്ടാവില്ല. കൊങ്കണത്തും മറേറതാനും പ്രദേശങ്ങളിലും ഒഴിച്ച്, എങ്ങും അവയെ കൃഷിക്കു വളരെയധികം ഉപയോഗിക്കാറില്ല. നമ്മുടെ ഗ്രാമസേവകൻ തന്റെ ഗ്രാമത്തിലെ കന്നുകാലിസമ്പത്തിന്റെ കാര്യത്തിൽ സദാ ബദ്ധശ്രദ്ധനായിരിക്കേണ്ടതുണ്ട്. ഈ സമ്പത്തു വേണ്ടപോലെ ഉപയോഗിക്കാൻ നമുക്ക് ആവില്ലെങ്കിൽ ഇന്ത്യയ്ക്കാപത്താണ്, നമ്മുടെ വിനാശവും. കാരണം അപ്പോഴാം നമുക്ക് ഈ മൃഗങ്ങളുടെ ഉപയോഗം പാശ്ചാത്യദേശങ്ങളിലെപ്പോലെ ഒരു സാമ്പത്തികഭാരമായിത്തീരും. നമുക്ക് അവയെ കൊന്നൊടുക്കുകയല്ലാതെ മറെറാരു മാർഗ്ഗവും അവശേഷിക്കയുമില്ല.

## 38

* ഈ ചോദ്യം വളരെ മുമ്പ് 1915–ൽത്തന്നെ എന്നോട് ചോദിച്ചിട്ടുള്ളതാണ്. ഗർഭമില്ലാത്ത പശുക്കളെ നിലമുഴാനുപ

---

ത്തിൽവച്ചു നടത്തപ്പെടുകയുണ്ടായി. ആ സമ്മേളനത്തിൽ ഗാന്ധിജി എല്ലാ ദിവസവും സന്നിഹിതനാകയും തന്റെ പുതിയ വീക്ഷണഗതികൾ അവിടെ അവതരിപ്പിക്കയും ചെയ്തിരുന്നു.

അടുത്ത ദിവസം ഒരു പ്രമേയത്തെക്കുറിച്ച് അല്പം ചർച്ച നടന്നു. നേരത്തേ പ്രസ്തുത സമ്മേളനത്തിന്റെ പരിഗണനയ്ക്കു വയ്ക്കപ്പെട്ട ഒരു പ്രമേയമായിരുന്നു അത്. സമയദൗർല്ലഭ്യംകൊണ്ട് അതിനെക്കുറിച്ച് ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. കുറേക്കൂടി വിചിന്തനം അർഹിക്കുന്നതാണ് ആ പ്രമേയമെന്നും തോന്നി. സമ്മേളനം കഴിഞ്ഞ് എ. ഐ. എസ്. എ. യുടെ കാര്യദർശി ഗാന്ധിജിയുമായി ഈ വിഷയത്തെപ്പററി 1944 ഒക്ടോബർ 7-ാം തീയതി മുതൽ 14-ാം തീയതിവരെ പ്രതിദിനം ഒരു മണിക്കൂർ വീതം ചെലവാക്കി വേണ്ട ചർച്ച നടത്തി. അന്നത്തെ സംഭാഷണം സ്വാമി ആനന്ദ് രേഖപ്പെടുത്തിയിരുന്നു.

(ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഗാന്ധിജി 11-10-1944-ൽ പ്രസ്താവിച്ച സംഗതികളിൽനിന്നാണ് മുകളിൽ ഉദ്ധരിച്ച ഭാഗം.)

37. 8-10-1944-ലെ ചർച്ചയിൽനിന്ന് (Khadi, P. 179)

38. Harijan, 15-9-1946 (How to Serve the Cow, P. 51)

* ഗർഭമുള്ളവയൊഴികെ എല്ലാ പശുക്കളേയും പോത്തുകളേയും ഉഴാൻ ഉപയോഗിച്ചുകൂടേ?

digitized by www .sreyas.in

യോഗിക്കുന്നതുകൊണ്ടു് അവസ്ഥു് ഒരു ഹാനിയും വരികില്ലെന്നു് ഇന്നത്തെപ്പോലെ അന്നും എനിക്കു തോന്നി. നേരേമറിച്ചു് അവ സ്ഥു ബലം വർദ്ധിക്കും. പാലു് അളവിൽ കൂടുകയും ചെയ്യും. എ ന്നാൽ ഈ പ്രയോജനം ഉണ്ടാകണമെങ്കിൽ പശുവിനെ ഒരു സു ഹൃത്തിനെപ്പോലെ കരുതുകയും ഇന്നു നമ്മുടെ നാട്ടിൽ പലപ്പോഴും ചെയ്യുന്നതുപോലെ ക്രൂരമായി അതിനോടു പെരുമാറാതിരിക്കയും വേണം. നമ്മെ സേവിക്കുന്ന മൃഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ സൗഹൃദഭാവം നിർബന്ധിതമാക്കണം. എല്ലാ ജീവികളും അതതിനു കല്പിച്ചിട്ടുള്ള പരിധിയിൽനിന്നു പണിയെടുക്കണം. അത്തരം പണി മനുഷ്യനെയായാലും മൃഗത്തെയായാലും ഉന്നമി പ്പിക്കുകയല്ലാതെ ഒരിക്കലും അധഃപതിപ്പിക്കയില്ല.

## 39

നിയമംകൊണ്ടു ഗോഹത്യ ഒരിക്കലും നിർത്താൻ സാധി ക്കില്ല. വിദ്യാഭ്യാസംകൊണ്ടും അറിവുകൊണ്ടും പശുവിന്റേനേ ക്കുള്ള ദയകൊണ്ടും മാത്രമേ അതു സാധിക്കയുള്ളു. ഭൂമിക്കു ഭാരമാ യിട്ടുള്ള ജീവികളെ രക്ഷപ്പെടുത്താൻ അസാദ്ധ്യമാണു്. ഒരുവേള മനുഷ്യന്റെതന്നെയും കഥയതാണു്, അവൻ ഭൂമിക്കു ഭാരമാണെ ങ്കിൽ.

## 40

അപ്പോൾ പശുവിൽനിന്നും വേണ്ടത്ര പാലു് ലഭിക്കാതെവ രുമ്പോൾ, അഥവാ വേറെ ഏതെങ്കിലും വിധത്തിൽ അതു് സാ മ്പത്തികനഷ്ടമുണ്ടാക്കുന്ന ഒരു ഭാരമായിത്തീരുമ്പോൾ, അതിനെ കൊല്ലാതെ രക്ഷപ്പെടുത്തുന്നതെങ്ങനെ? ഉത്തരം താഴെക്കാണുംപ്ര കാരം സംഗ്രഹിക്കാം:

1) പശുവിനോടും അതിന്റെ സന്തതിയോടും ഹിന്ദുക്കൾ തങ്ങളുടെ കർത്തവ്യം നിറവേററുന്നതുമൂലം. അവർ ആ കർത്തവ്യം നിറവേററുമെങ്കിൽ, നമ്മുടെ കന്നുകാലികൾ ഭാരതത്തിനും ലോ കത്തിനുതന്നെയും ഒരു അഭിമാനമായിരിക്കും. നേരേ മറിച്ചാണു് ഇന്നത്തെ സ്ഥിതി.

2) നല്ല കന്നുകാലികളെ ജനിപ്പിച്ചു പോററിപ്പുലർത്തുന്നതി നെസംബന്ധിച്ച ശാസ്ത്രം പഠിക്കുന്നതുമൂലം. ഇന്നു് ഈ വഴി ക്കുള്ള പ്രവർത്തനം യാതൊരു ദേകാംപ്പോരും കേടാവിയുമില്ലാതെ കിടക്കുകയാണു്.

---

39. Harijan, 15-9-1946 (How to Serve the Cow, P. 25)
40. Harijan, 31-8-1947 (India of My Dreams, pp. 129-130)

digitized by www .sreyas.in

3) ഇന്നത്തെ ക്രൂരമായ വരിയുടക്കൽ സമ്പ്രദായത്തിനു പകരം പാശ്ചാത്യരാജ്യങ്ങളിൽ പ്രയോഗിച്ചുവരുന്ന ദയാപരമായ രീതി അനുവർത്തിക്കുക.

4) ഭാരതത്തിലെ 'പിഞ്ച്രപ്പോള്'കാംക്ക് ഒരു സമൂലപരിവർത്തനം വരുത്തുക. ഇന്നു് അതു നിയമേന കൈകാര്യംചെയ്യുന്നതു് ഒരു പദ്ധതിയും കൂടാതെ തികച്ചും അന്ധമായിട്ടാണു്.

5) ഈ പ്രാഥമികകാര്യങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞാൽ മുസ്ലീങ്ങൾ തങ്ങളുടെ ഹൈന്ദവസഹോദരന്മാരെക്കരുതിയെങ്കിലും കന്നുകാലികളെ ഇറച്ചിക്കുവേണ്ടിയോ മററു പ്രകാരത്തിലോ കൊല്ലാതിരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കും.

മേൽപ്പറഞ്ഞതിന്റെയൊക്കെ പിമ്പിൽ ഒരു തത്വം ഒളിഞ്ഞുകിടപ്പുണ്ടെന്നു വായനക്കാർക്കു കാണാം. അതായതു്, അഹിംസാസിദ്ധാന്തം. ആ പരമോൽകൃഷ്ടമായ കാര്യം സാധിതമായിക്കഴിഞ്ഞാൽ മററുള്ളതെല്ലാം എളുപ്പമായിത്തീരുന്നതാണു്. അഹിംസ എവിടെയുണ്ടോ അവിടെ അനന്തമായ ക്ഷമയുണ്ടു്; ആന്തരികശാന്തിയുണ്ടു്; വിവേകവും, ആത്മത്യാഗവും, സാക്ഷാത്തായ ജ്ഞാനവും ഉണ്ടു്. ഗോരക്ഷണം അത്ര എളുപ്പമുള്ള കാര്യമല്ല; അതിന്റെ പേരിൽ വളരെയധികം പണം പാഴ്ച്ചെലവു ചെയ്യപ്പെടുന്നു. എന്നിട്ടും ഹിന്ദുക്കൾ ഗോരക്ഷകന്മാരായിത്തീരേണ്ടതിനുപകരം അഹിംസയുടെ അഭാവംമൂലം ഗോഹത്യക്കാരായിത്തീരുകയാണു്. ഇന്ത്യയിൽനിന്നു വൈദേശികഭരണം നിഷ്കാസനംചെയ്യുന്നതിനെക്കാൾ വിഷമമായ കാര്യമാണിതു്.

(കുറിപ്പു്: ഭാരതത്തിൽ ശരാശരി ഒരു പശുവിൽനിന്നു് പ്രതിദിനം കിട്ടുന്ന പാൽ ഏതാണ്ടു് 2 പൗണ്ടു് ആണെന്നു പറയപ്പെടുന്നു, ന്യൂസിലണ്ടിൽ 14 പൗണ്ടു്; ഇംഗ്ലണ്ടിൽ 15 പൗണ്ടു്; ഹോളണ്ടിൽ 20 പൗണ്ടു്. പാലിന്റെ അളവിലുള്ള വദ്ധനവിന്നനുപാതമായി പശുക്കളുടെ ആരോഗ്യാഭിവൃദ്ധിയും കണക്കാക്കാം.)

## ഡി. വളം—കളങ്ങളും കൂട്ടുവളവും

41

മലം വേണ്ടപോലെ ഉപയോഗപ്പെടുത്തിയാൽ നമുക്കു് അനേകലക്ഷം രൂപാ വിലയുള്ള വളം ലഭിക്കുന്നതിനുപുറമേ, അനേകം രോഗങ്ങളിൽനിന്നു രക്ഷയും കിട്ടും. നാം നമ്മുടെ വൃത്തി

41. Satyagraha in South Africa, P. 240 (India of My Dreams, P. 168)

digitized by www .sreyas.in

കെട്ട സ്വഭാവങ്ങൾമൂലം നമ്മുടെ പവിത്രമായ നദീതീരങ്ങളെ മലിനപ്പെടുത്തുകയും, ഈച്ചകൾക്കു മുട്ടയിട്ടു പെരുകുവാൻ ഏററവും പററിയ സാഹചര്യങ്ങൾ സൃഷ്ടിക്കയും ചെയ്യുന്നു. നമ്മുടെ കുററകരമായ അനാസ്ഥമൂലം മൂടാതിട്ടേക്കുന്ന വിസർജ്ജിതങ്ങളിൽ ചെന്നിരിക്കുന്ന ഇതേ ഈച്ചകൾതന്നെ കുളിച്ചു വൃത്തിയായ നമ്മുടെ ശരീരത്തെ മലിനപ്പെടുത്തുന്നു. ഒരു വലിയ ശല്യത്തിൽനിന്നും രക്ഷപ്പെടാനുള്ള ഉപകരണം ഒരു ചെറിയ കൈക്കോട്ടാണ്. മലമൂത്രങ്ങൾ മൂടാതിട്ടേക്കുകയും, കണ്ണിൽ കണ്ടേടത്തു മൂക്കുചീററിയിടുകയും തുപ്പുകയും ചെയ്യുന്നതു് ദൈവത്തിന്റെയും മനുഷ്യന്റെയും നേരെ ആചരിക്കുന്ന പാപമാണ്. അന്യരെപ്പററിയുള്ള പരിഗണനയുടെ ദുഃഖകരമായ അഭാവത്തെ അതു വെളിപ്പെടുത്തുകയും ചെയ്യുന്നു. തന്റെ വിസർജ്ജിതങ്ങൾ മൂടാത്ത ഒരുവൻ, വനവാസിയാണെങ്കിൽപ്പോലും കനത്ത ശിക്ഷയ്ക്കർഹനാണ്.

## 42

ഇവിടെ പറഞ്ഞതിനോടെല്ലാം ഒരാൾക്കു് അനുകൂലിക്കാൻ സാധിക്കും. മി. ബ്രെയിൻ നിർദ്ദേശിച്ചിട്ടുള്ളതുപോലെയുള്ള കുഴികളാണ് സാധാരണമായി ശുപാർശചെയ്യപ്പെടാറുള്ളതെന്നു് എനിക്കറിയാം. എന്നാൽ എന്റെ അഭിപ്രായത്തിൽ, പുരേ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഉപരിതലത്തിൽ കുഴിച്ചുമൂടുന്നതാണ് കൂടുതൽ ശാസ്ത്രീയവും ലാഭകരവും. കുഴിതോണ്ടലിന്റെ ചെലവു കുറയും; വിസർജ്ജിതങ്ങൾ നീക്കംചെയ്യുന്നതിന്റേതു് ഒഴിവാകും, അല്ലെങ്കിൽ തീർച്ചയായും കുറയും. ഇതിനും പുറമെ, ഏതാണ്ടൊരാഴ്ചയ്ക്കകം വിസർജ്ജിതം വളമായിത്തീരുന്നു എന്നുള്ളതും പരിഗണിക്കുക. എന്തെന്നാൽ തറനിരപ്പിൽനിന്നു് ആറോ ഒൻപതോ ഇഞ്ചിനുള്ളിൽ ജീവിക്കുന്ന അണുജീവികളും, വായുവും സൂര്യപ്രകാശവും അതിന്മേൽ മാററങ്ങളുളവാക്കുകയും, വിസർജ്ജിതം ആഴത്തിൽ കുഴിച്ചിടുമ്പോഴത്തെക്കാൾ അതിവേഗത്തിൽ അതിനെ മധുരമായ വളമാക്കിത്തീർക്കുകയും ചെയ്യുന്നു.

എന്നാൽ വിസർജ്ജിതം നീക്കംചെയ്യുന്നതിനുള്ള വിവിധമാർഗ്ഗങ്ങളല്ല ഓർമ്മിച്ചിരിക്കേണ്ട പ്രധാന സംഗതി. എല്ലാ വിസർജ്ജിതവും കുഴിച്ചിടേണ്ടതു് അത്യാവശ്യമാണ്. അതാണ് കൂടുതൽ പ്രധാനം. കൃഷിക്കു വളംചെയ്യുന്നതിനാൽ നല്ല വിളവു ലഭിക്കയും അങ്ങനെ ഗ്രാമീണരുടെ ആരോഗ്യവും ഭൗതികസ്ഥിതിയും മെച്ചപ്പെടുകയും ചെയ്കയെന്ന ദ്വിവിധോദ്ദേശ്യം അതിനുണ്ട്. മലമൂത്രങ്ങളൊഴികെ, കുപ്പയിൽ തള്ളേണ്ട മററു ജൈവവസ്തുക്കളും പ്രത്യേകം കുഴിച്ചിടേണ്ടതാണ്. ഗ്രാമപുനർനിർമ്മാണ

42. Harijan, 1-3-1935 (Re-building Our Villages, P. 11)

digitized by www .sreyas.in

ത്തിൻെറ ആദ്യത്തെ പടി നിശ്ചയമായും ശുചിത്വത്തിലുള്ള നിഷ്കർഷയാണ്.*

## 43

മനുഷ്യവിസർജ്ജിതങ്ങാം വേണ്ടപോലെ വിനിയോഗിച്ചാൽ ആളൊന്നുക്ക് ഒരു വർഷം രണ്ടുരൂപാ വീതം ആദായമുണ്ടാക്കാമെന്നു ജി. ഐ. ഫൗളർ 'സമ്പത്തും പാഴ്സാധനങ്ങളും' (Wealth and Waste) എന്ന തൻെറ പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഭൂരിപക്ഷം ആളുകളും വിലപിടിച്ച ഈ വളം പാഴിൽക്കളയുകയും രോഗത്തെ ക്ഷണിച്ചുവരുത്തുകയുമാണ് ചെയ്യുന്നത്. അദ്ദേഹം പ്രൊഫസർ ബ്രൂറംട്ടിനിയുടെ 'പാഴ്സാധനങ്ങളുടെ ഉപയോഗം' (Use of Waste Materials) എന്ന ഗ്രന്ഥത്തിൽനിന്നും ഇങ്ങനെ ഉദ്ധരിക്കുന്നു: ''ഡൽഹിയിലെ 2,82,000 താമസക്കാരിൽനിന്നു ലഭിക്കുന്ന നൈട്രജൻ ഏററവും കുറഞ്ഞതു് പതിനായിരവും, ഏററവും കൂടിയതു തൊണ്ണൂററയ്യായിരവും ഏക്കർ സ്ഥലം ഫലഭൂയിഷ്ഠമാക്കാൻ പര്യാപ്തമാണ്.'' നമ്മുടെ തോട്ടികളോട് എങ്ങനെയാണു പെരുമാറേണ്ടതെന്നു നമുക്കു അറിയാൻ പാടില്ലാത്തതുകൊണ്ടു്, പുരാണപ്രസിദ്ധമായ ഡൽഹിയിൽ നാം ലജ്ജിക്കത്തക്കവിധം മഹാമാരി പകർത്തുന്ന ദൂഷിച്ച ഇടങ്ങളുണ്ട്. നമ്മളെല്ലാം തോട്ടികളായിത്തീരുമെങ്കിൽ നമ്മോടു പെരുമാറേണ്ടതെങ്ങനെയെന്നു നാം മനസ്സിലാക്കുകയും, ഇന്നു വിഷമായിട്ടുള്ള സാധനം നാളെ സസ്യജാലങ്ങൾക്കുള്ള ആഹാരമായി മാററുന്നതെങ്ങനെയെന്നു കണ്ടറികയും ചെയ്യാമായിരുന്നു. ഡാക്ടർ ഫൗളറുടെ അഭിപ്രായപ്രകാരം, ഇന്ത്യയിലെ മുപ്പതുകോടി ജനങ്ങൾ എന്നുവച്ചാൽ, രാജ്യത്തിനു പ്രതിവർഷം അറുപതുകോടി രൂപയുടെ ലാഭം എന്നാണർത്ഥം—മനുഷ്യവിസർജ്ജിതം ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തുകമാത്രം ചെയ്യുമെങ്കിൽ.

## 44

1. വിസർജ്ജിതങ്ങൾ ഉപരിതലത്തിലാണ് കുഴിച്ചുമൂടുന്നതെങ്കിൽ; പൂരേയുടെ ഫാർമുല അനുസരിച്ച് കൂടിവന്നാൽ രണ്ടാഴ്ചകം വിത്തുകൾ വിതയ്ക്കാവുന്നതാണ്. ഒരു കൊല്ലത്തെ ഉപയോഗംകഴിഞ്ഞു് അതേ മണ്ണുതന്നെ വിസർജ്ജിതങ്ങൾ കുഴിച്ചുമൂടുന്നതിനുപയോഗപ്പെടുത്താവുന്നതാണ്.

---

* പഞ്ചാബിലെ ഗ്രാമപുനരുദ്ധാരണക്കമ്മീഷണറായിരുന്ന മി. ബ്രെയിൻ വളക്കുഴികളെപ്പററി പ്രസിദ്ധപ്പെടുത്തിയ ഒരു ബുള്ളററിനെ പരാമർശിച്ചുകൊണ്ട്.

43. Harijan, 15-3-1935, (Food Shortage and Agriculture, P. 72)

44. Harijan, 13-4-1935, (Re-building Our Villages, P. 12)

digitized by www .sreyas.in

2. വിസർജ്ജിതങ്ങൾ അററപ്പെട്ടുകൂടാതെ ആക്കം കൈകാര്യം ചെയ്യാവുന്ന നല്ല ഹൃദ്യമായ വളമായിക്കഴിഞ്ഞിട്ടേ എന്തെങ്കിലും വിതയ്ക്കാൻ കഴിയൂ അഥവാ വിതയ്ക്കാവൂ എന്നുള്ളതുകൊണ്ട്, മനുഷ്യരുടെയോ കന്നുകാലികളുടെയോ കാലുകൾ മലദൂഷിതമാകുന്ന പ്രശ്നം ഉദിക്കുന്നതേയില്ല.

## 45

മലമൂത്രങ്ങൾ അതേപടി വിളവുകൾക്കു വളമായി ഉപയോഗിക്കാമെന്ന് ആരും നിർദ്ദേശിച്ചിട്ടില്ല. വിസർജ്ജിതം മണ്ണുമായിച്ചേർന്നാൽ ഒരു നിശ്ചിതസമയം കഴിഞ്ഞ് അതു മണ്ണിനെ വീര്യമുള്ളതാക്കുന്നു. മണ്ണിൽ ചേർന്നുകഴിഞ്ഞാൽ വിസർജ്ജിതത്തിനു ചില മാററങ്ങൾ വരേണ്ടതായുണ്ട്. അതിനുശേഷമേ ഭൂമി ഉഴാനും കൃഷിചെയ്യാനും യോഗ്യമാകുന്നുള്ളൂ. പരീക്ഷണത്തിൽ ഇതു സംശയാതീതമാണെന്നു കാണാം. വിസർജ്ജിതങ്ങൾ കുഴിച്ചുമൂടിയിട്ടുള്ള സ്ഥലം ഒരു നിശ്ചിതസമയത്തിനുശേഷം വെട്ടിത്തുറന്നുനോക്കുക. അവിടെ നല്ല ഇനിയ മണ്ണല്ലാതെ മലാംശമോ ദുർഗ്ഗന്ധമോ ഇല്ലെന്നു കണ്ടാൽ, മണ്ണ് വിത്തു വിതയ്ക്കാൻ പാകമായി എന്നു കരുതാം. കഴിഞ്ഞ മുപ്പതു കൊല്ലമായി ഇത്തരം വളം ഞാൻ എല്ലാത്തരം വിളവുകൾക്കും ഉപയോഗിച്ചു നോക്കുകയും, അതു വളരെ ഗുണപ്രദമാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## 46

ഇൻഡോറിലെ 'സസ്യവ്യവസായ ഇൻസ്റ്റിട്യൂട്ടി'ൽ നടത്തിവന്ന പരീക്ഷണങ്ങളുടെ ഫലമായി—ഈ വഴിക്കു കഴിഞ്ഞ ഇരുപതു വർഷമായി മി. അൽബർട്ട് ഹോവാർഡ് ചെയ്ത പരിശ്രമങ്ങളുടെ പരിണതഫലമാണത്—ഈ സിദ്ധാന്തങ്ങൾ വളരെ നിഷ്പ്രയാസം പ്രായോഗികമാക്കാവുന്നതാണെന്നു വ്യക്തമായി തെളിഞ്ഞിട്ടുണ്ട്. ഇൻഡോർ രീതിയിലുള്ള കമ്പോസ്റ്റ് നിർമ്മാണം പ്രായോഗികമായ ഒരു സാങ്കേതികരീതി കാണിച്ചുതരികയും പുതിയ വികസനമാർഗ്ഗങ്ങൾ തുറക്കുകയും ചെയ്യുന്നു. കൃഷിസ്ഥലത്തുനിന്നും പട്ടണത്തിൽനിന്നും ലഭിക്കുന്ന അളവററ ചപ്പുചവറുകൾ അങ്ങനെ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. ചാണകം ഇന്ധനമായുപയോഗിക്കുന്നതിനെയും പിണ്ണാക്ക് മറുനാട്ടിൽ കയററി അയയ്ക്കുന്നതിനെയും വിഘാതപ്പെടുത്തുക തുടങ്ങിയ അസാധാരണോപായങ്ങളെ ആശ്രയിക്കാതെ ധാരാളം വളം ഇതിനാൽ ലഭ്യമാകുന്നു. ഇതേസമയം, ജൈവദ്രവ്യങ്ങളുമായി കൂട്ടിച്ചേരുമ്പോൾ

---

45. Harijan, 11-5-1935, (Rebuilding Our Villages, P. 13)

46. Harijan, 17-8-1935, (Food Shortage and Agriculture, pp. 73—76)

digitized by www .sreyas.in

കൃത്രിമവളങ്ങൾ ഏററവും അധികം ഫലം ചെയ്യുന്നതുകൊണ്ടു്, അവയുടെ ഉപയോഗം ലാഭകരമാകുകയും ചെയ്യുന്നു.

ഏതൽപ്രശ്നങ്ങളും അവയിൽ അന്തർലീനമായിട്ടുള്ള മൗലിക സിദ്ധാന്തങ്ങളും 'കാർഷികപ്പാഴ്വസ്തുക്കളുടെ ഉപയോഗം' (Utilization of Agricultural Waste) (ഹോവേർഡും വാഡും, ഓക്സ്ഫോർഡ് യൂണിവേഴ്സിററി പ്രസ്സ്, 1931) എന്ന ലേഖനത്തിൽ പരിചിന്തിക്കയും, ഇൻഡോർ രീതിയുടെ പ്രവർത്തനവിധങ്ങൾ വിവരിക്കയും ചെയ്തിട്ടുണ്ടു്. ഇന്ത്യയിലെ കർഷകൻെറ പ്രത്യേക സാഹചര്യങ്ങൾക്കു യോജിക്കുമാറു്, ഈ രീതിയുടെ ഒരു ചുരുങ്ങിയ പ്രവർത്തനരൂപരേഖ മാത്രമാണു് ഈ ലേഖനം നൽകുന്നതു്.

ഇന്ത്യയിൽ ജലസേചനം ചെയ്തു വളർത്തുന്ന വിളവുകളെ സംബന്ധിച്ചിടത്തോളം കളങ്ങളിലുണ്ടാകുന്ന വളം (farm-yard manure) ഗുണകരമാണു്. എന്നാൽ മററു നിലങ്ങളിൽ കാലാകാലങ്ങളിൽ കുറേശ്ശെ വളം ഇട്ടുകൊടുക്കേണ്ടതും അതുപോലെതന്നെ അത്യാവശ്യമാണു്. ഇൻഡോർ കൂട്ടുവളനിർമ്മാണരീതി കൂടുതൽ ഫലപുഷ്ടിയുള്ള ധാരാളം വളം എളുപ്പം നിർമ്മിക്കാൻ സഹായിക്കുന്നു. ഈ വളം ഇട്ടുകഴിഞ്ഞാലുടൻ വിളവിനു പ്രയോജനം ചെയ്തുതുടങ്ങും. ഫാംയാർഡുവളത്തിൻെറ കാര്യത്തിൽ എപ്പോഴും അങ്ങനെ കാണാറില്ല. ശരിക്കു നിർമ്മിച്ചാൽ ഇൻഡോർ കമ്പോസ്റ്റു് മൂന്നു മാസം കഴിയുമ്പോൾ ഉപയോഗിക്കാൻ പാകമാകും. അപ്പോൾ അതു കടുത്ത തവിട്ടുനിറത്തിലോ കാപ്പിയുടെ നിറത്തിലോ ഉള്ള, നിശ്ചിത രൂപമില്ലാത്ത, ഒരു സാധനമായിരിക്കും. അതിൻെറ ഇരുപതു ശതമാനം ഭാഗികമായി ദ്രവിച്ചതും വിരലുകൊണ്ടു ഞെക്കിയാൽ പൊടിഞ്ഞുപോകുന്നതുമായ പരുക്കൻ പദാർത്ഥമാണു്. ബാക്കി ഭാഗം വെള്ളത്തിൽ നനച്ചാൽ (ലയിക്കാത്ത ഭാഗങ്ങൾ കുതിർന്നു് വീർത്തിരിക്കുമല്ലോ) ഒരിഞ്ചിൽ ആറിഴകളുള്ള അരിപ്പിൽക്കൂടി വാർന്നുപോകത്തക്കവണ്ണം നേർത്തിരിക്കും. ഉപയോഗിച്ച വിസർജ്ജിതസാധനങ്ങളുടെ സ്വഭാവം അതനുസരിച്ചു്, നൈട്രജൻെറ അംശം. 8% മുതൽ 1% വരെ പല തോതിൽ ഉണ്ടായിരിക്കും. ഒരു ജോടി കാളകളുടെ ഒരു കൊല്ലത്തെ ചാണകത്തിൻെറ നാലിലൊരു ഭാഗവും, നൂറു മുതൽ നൂററിഇരുപത്തഞ്ചു വണ്ടിവരെ നാനാതരം കളങ്ങളിൽനിന്നു ശേഖരിക്കുന്ന കുപ്പയും, തൊഴുത്തിൽ നിന്നു കിട്ടുന്ന, കാലിമൂത്രംവീണ കുതിർന്ന മണ്ണിൻെറ പകുതിയും കൂട്ടിച്ചേർത്തു പ്രതിവർഷം അൻപതു വണ്ടി കമ്പോസ്റ്റു് നിർമ്മിക്കാം. മൂത്രം വീണ കുതിർന്ന മണ്ണിൻെറ ബാക്കി പകുതിയും നല്ല വളമാണു്. അതു് അങ്ങനെതന്നെ വിളവുകളുടെ മൂട്ടിലിടാം. കൂടുതൽ അവശിഷ്ടങ്ങളുണ്ടെങ്കിൽ, മുഴുവൻ ചാണകവും മൂത്രം വീണ

digitized by www .sreyas.in

മണ്ണും ഏതാണ്ട 150 വണ്ടി കമ്പോസ്റ്റ് ഉണ്ടാക്കാൻ ഉപയോഗിക്കാവുന്നതാണ്. ഇൻഡോറിലെ കൂലിനിരക്കനുസരിച്ച് (ദിവസം 8 മണിക്കൂർ ജോലി ചെയ്യുന്നതിനു് പുരുഷന്മാൎക്കു് 7 അണയും സ്ത്രീകൾക്കു് 5 അണയും) ഒരു വണ്ടി പാകമായ കമ്പോസ്റ്റ് നിൎമ്മിക്കുന്നതിനു ചെലവു് എട്ടര അണയാണു്.

*1. ഇൻഡോർ രീതിയുടെ രൂപരേഖ*

മററുവിധത്തിൽ ഉപയോഗമില്ലാത്ത ചപ്പുചവറുകളും, പച്ചച്ചാണകവും, ചാരവും, മൂത്രം വീണ മണ്ണും കുഴിക്കകത്തിട്ട വേഗത്തിൽ ദ്രവിപ്പിക്കുകയാണു് ഈ രീതി അനുസരിച്ചുള്ള പ്രക്രിയയുടെ പ്രധാന സ്വഭാവം. ഒരു കുഴിക്കു രണ്ടടിയിലധികം ആഴം പാടില്ല. പതിന്നാലടി വീതി വേണം. നീളം മുപ്പതടിയായിരിക്കുന്നതാണു് സൗകര്യം. ഇതു ചെറിയ തോതിലും വലിയ തോതിലുമുള്ള സംരംഭങ്ങൾക്കു യോജിക്കും. ഉദാഹരണമായി മൂന്നടി നീളം വരുന്ന ഒരു ഭാഗം രണ്ട ജോടിക്കാളകളുടെ കിടക്കുന്ന സ്ഥലത്തെ ആറു ദിവസത്തെ വിരിപ്പുകൾകൊണ്ട നിറയ്ക്കാവുന്നതാണു്. തൊട്ടടുത്ത ഭാഗം ഇതിനേത്തുടൎന്നു് നിറയ്ക്കാം. ഓരോ ഭാഗവും ഓരോ പ്രത്യേക ഏകകമായി (യൂണിററു്) പിന്നീട പരിഗണിക്കപ്പെടുന്നു. കുഴിയിൽ നിക്ഷിപ്തമാകുന്ന സാധനം കുറച്ചു ചാണകവും ചാരവും മൂത്രത്തിൽ കുഴഞ്ഞ മണ്ണും, തയ്യാറിൽ ഇരിക്കുന്ന മറെറാരു കമ്പോസ്റ്റു കുഴിയിൽനിന്നെടുത്ത അഴുകിയ സാധനങ്ങളും (fungus starter) ചേർത്തു കലക്കിക്കുഴമ്പാക്കിയ വെള്ളംകൊണ്ടു് എല്ലാടവും ഒരുപോലെ നനയ്ക്കണം. ചുറുക്കെ അഴുകിത്തുടങ്ങുന്ന കൂട്ടുവളക്കുഴി കുമിളുകളുടെ വളർച്ചകൊണ്ട വെള്ളനിറത്തിലായിത്തീരും. ഈ സാധനം പിന്നീട പുതിയൊരു കുഴിയിൽ ഊൎജ്ജസ്വലമായ ദ്രവീകരണം ആരംഭിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. ഫംഗസ്സ് സ്റ്റാർട്ടർ ലഭ്യമല്ലാത്ത ആദ്യത്തെത്തവണ, കന്നുകാലിക്കു വിരിപ്പുണ്ടാക്കുമ്പോൾ കുറച്ചു പച്ചിലകൾകൂടി കലൎത്തി ഫംഗസ്സിൻെറ വളർച്ചയെ ഉത്തേജിപ്പിക്കാവുന്നതാണു്. മൂന്നുനാലു തവണ കഴിഞ്ഞേ സ്റ്റാർട്ടറിനു പൂൎണ്ണമായ ഊർജ്ജിതം ലഭിക്കുകയുള്ളു. അനന്തരം മുകളിൽ വെള്ളം തളിച്ചു് ഈൎപ്പവും കാററും ക്രമീകരിച്ചും, ഇളക്കിയും രണ്ടാമതും ഫംഗസ്സ് സ്റ്റാർട്ടർ കൂട്ടിച്ചേൎത്തും —ഇത്തവണ 30 ദിവസത്തിലധികം പഴക്കംചെന്ന ഒരു കുഴിയിൽനിന്നെടുത്ത സ്റ്റാർട്ടറാണു് ചേൎക്കേണ്ടതു്—ഈ ഊർജ്ജിതാവസ്ഥ തുടൎന്നുകൊണ്ടുപോകണം. കുഴിയിലുള്ള സാധനം പെട്ടെന്നു വളരെ ചൂടുള്ളതായിത്തീരുന്നു, വളരെക്കാലത്തേക്കു് അങ്ങനെതന്നെയിരിക്കയും ചെയ്യുന്നു. ക്രമമായി കൈകാര്യം ചെയ്താൽ ഓരോഘട്ടത്തിലും ധാരാളം വായു അകത്തു കടക്കുകയും, സാധനങ്ങൾ കൂടികലൎന്നു നല്ല മിശ്രിതമാകയും ചെയ്യും. (കണ്ടാൽ എല്ലാടവും ഒരുപോലെയിരിക്കുമെന്നുള്ളതാണു് അതിൻെറ ലക്ഷണം.) മിത

digitized by www .sreyas.in

മായ ജലസേചനത്താൽ പെട്ടെന്നു ദ്രവീകരണം ആരംഭിക്കുന്നു. അതു് അവിരാമമായി അവസാനംവരെ തുടരുകയും, ഏകരൂപമായ ഒരു പദാർത്ഥം സൃഷ്ടിക്കയും ചെയ്യും.

2. കുഴിയെടുപ്പ്

തൊഴുത്തിനടുത്തു് കഴിയുമെങ്കിൽ വെള്ളം കിട്ടാൻ എളുപ്പമുള്ളതും നല്ലതുപോലെ വെള്ളം വലിഞ്ഞതുമായ ഒരു സ്ഥലം തെരഞ്ഞെടുക്കുക. അവിടെ ഒരടി ആഴത്തിൽ കിളച്ചു മണ്ണുകോരി നാലുപുറവും നിരത്തി, 30 അടി നീളത്തിലും 14 അടി വീതിയിലും ഒരു കുഴിയുണ്ടാക്കുക. കുഴിയുടെ നീളമുള്ള വശം കിഴക്കുപടിഞ്ഞാറായിരിക്കണം. ഈരണ്ടു കുഴികൾ അടുത്തടുത്തായിട്ടുവേണം തയ്യാറാക്കാൻ. ഈ കുഴികൾ തമ്മിലുള്ള അകലം നാലടിയായിരിക്കണം. ഓരോ ജോടി കുഴികൾ തമ്മിലുള്ള അകലം പന്ത്രണ്ടടിയും. അവസാനഘട്ടത്തിലും മഴക്കാലത്തും കൂനക്കൂട്ടിയിടുന്നതു് ഈ വിസ്താരമുള്ള സ്ഥലത്താണു്. ഓരോ കൂനയിൽനിന്നും നേരിട്ടു വളം വണ്ടിയിൽക്കയററി കൊണ്ടുപോകുന്നതിനും ഈ സ്ഥലം ഉപകരിക്കും.

3. മണ്ണും മൂത്രവും

കന്നുകാലികളുടെ മൂത്രത്തിൽ വളക്കൂറുള്ള പദാർത്ഥങ്ങൾ ധാരാളം അടങ്ങിയിരിക്കുന്നു. സാധാരണ രീതിയിലുള്ള വളംനിർമ്മാണത്തിൽ ഇവ അധികവും നഷ്ടപ്പെട്ടു പോകയാണു ചെയ്യുന്നതു്. തൊഴുത്തിനു ശരിയായ തറയുണ്ടാക്കുന്നതു വ്യയഹേതുകമാണു്; കന്നുകാലികൾക്കു പററിയതുമല്ല. അവയ്ക്കു വിശ്രമിക്കാനും ഉറങ്ങാനും ഉണങ്ങിയതും ചൂടുള്ളതും മാർദ്ദവമുള്ളതുമായ ഒരു നല്ല കിടക്ക ഇളകിയ മണ്ണു വിരിച്ചുണ്ടാക്കാവുന്നതാണു്. മെതിക്കളത്തിൽനിന്നു തൂത്തുവാരുന്ന സാധനങ്ങളും, ഒലിപ്പു തടയുന്നേടത്തു് അടിഞ്ഞുകൂടുന്ന വണ്ടലും, കപ്പക്കുഴികളിലെ മണ്ണും ഇതിലേക്കു സൗകര്യമായി കിട്ടും. ഒരു സൊല്ലയും കൂടാതെ മുഴുവൻ മൂത്രവും ഉള്ളിൽ വലിച്ചെടുത്തു സൂക്ഷിക്കാൻ ആറിഞ്ചു പൊക്കമുള്ള ഒരു പാളി വിരിപ്പുമതി. നനവുതട്ടുന്ന ഭാഗങ്ങൾ ദിവസവും കോരി മാററി പുതിയ മണ്ണും പുൽക്കൂട്ടിൽ അധികം വരുന്ന തീററയും ഇട്ടു് അവിടം ദിവസവും മൂടിക്കൊണ്ടാൽ മതി. മൂത്രം വലിച്ചെടുക്കുന്ന ഈ വിരിപ്പു് നന്നാലുമാസം കൂടുമ്പോൾ മാററുകയും പുതിയ വിരിപ്പു് ഇടുകയും വേണം. മാററുന്ന പാളിയുടെ നേരിയ ഭാഗം കമ്പോസ്റ്റുണ്ടാക്കുന്നതിനുവേണ്ടി ഉപയോഗിക്കുകയും ബാക്കി നിലത്തിൽ ഇടുകയും ചെയ്യാം. ഇതു ചെടികൾക്കു പെട്ടെന്നു പിടിക്കുന്ന ഒരു വളമാണു്. ജലസേചനം ചെയ്തു വളർത്തുന്ന ഏതു വിളവുകൾക്കും മണ്ണിനുമീതേ വിതറുന്ന വളമെന്ന നിലയിൽ അതു വിശേഷിച്ചും പററിയതാണു്.

digitized by www .sreyas.in

47

4. ചാണകവും ചാരവും

ദിവസവും ലഭിക്കുന്ന പച്ചച്ചാണകത്തിന്റെ നാലിലൊന്നു ഭാഗം മാത്രമേ ആവശ്യമുള്ളൂ; ഇതു വെള്ളത്തിൽ കുഴമ്പുപോലെ കലക്കിയാണു ചേർക്കുന്നതു്. ബാക്കി ചാണകം വേണമെങ്കിൽ തീയെരിക്കാൻ ഉപയോഗിക്കാം. അടുക്കളയിൽനിന്നും മററും ലഭിക്കുന്ന വിറകുചാരം ശേഖരിച്ചു മൂടി സൂക്ഷിച്ചുവയ്ക്കേണ്ടതാണു്.

5. കളത്തിലെ പാഴ്‌വസ്തു

കളകൾ, പഞ്ഞി, എള്ളു്, തിന, മുന്തിരി, പയറു്, ഉഴുന്നു് എന്നിവയുടെ തണ്ടു്, കരിമ്പിൻതലപ്പു്, കരിമ്പിൻചണ്ടി, കരിയില, കന്നുകാലികൾ തിന്നാതെ കളയുന്ന പുല്ലു്, വയ്ക്കോൽ മുതലായ തീററസാധനങ്ങൾ തുടങ്ങി മററു പ്രകാരത്തിൽ പ്രയോജനമില്ലാത്ത എല്ലാത്തരം സസ്യജമായ പാഴ്‌സാധനങ്ങളും കമ്പോസ്റ്റാക്കി മാററാം. കട്ടിയുള്ള സാധനങ്ങളാണെങ്കിൽ പൊടിച്ചുചേർക്കണം. സിൻഡിലെ മെററലിടാത്ത പരുത്ത റോഡുകളിൽ ഇതു വിജയകരമായി ചെയ്തുവന്നു: സാധനങ്ങൾ വാരി കാളവണ്ടിത്താരയിലിട്ടേക്കുകയും പൊടിയുന്ന ഭാഗങ്ങൾ കൂടെക്കൂടെ മാററി, പൊടിക്കാനുള്ളവ പകരം ഇടുകയുംമാത്രമാണു് അവിടെ ചെയ്തുവന്നതു്. കുററികൾ വേരുകൾ മുതലായവപോലെ വളരെ കട്ടപ്പം കൂടിയ അവശിഷ്ടങ്ങൾ (പൊട്ടിക്കുന്നതിനും പുറമേ) രണ്ടു ദിവസം വെള്ളത്തിലിട്ടോ രണ്ടോ മൂന്നോ മാസം നനഞ്ഞ മണ്ണിൽ കുഴിച്ചിട്ടോ കുതിർത്തു വേണം ഉപയോഗിക്കാൻ. എങ്കിലേ ഉപയോഗം വിജയകരമാകൂ. രണ്ടാമതു പറഞ്ഞ പ്രക്രിയ വർഷകാലത്തു ചെയ്യാൻ വളരെ എളുപ്പമാണു്. പച്ചസാധനങ്ങൾ ഭാഗികമായി ഉണക്കിയിട്ടു് അടുക്കിവയ്ക്കണം. കുറേശ്ശയുള്ള പലമാതിരി സാധനങ്ങൾ ഒരുമിച്ചു കൂട്ടിവയ്ക്കുയും ഏതെങ്കിലും ഒരു സാധനം തന്നെ കൂടുതലായുണ്ടെങ്കിൽ അതു പ്രത്യേകം കൂട്ടിവയ്ക്കുയും വേണം. ഇവയെല്ലാം കമ്പോസ്റ്റുകുഴിയിലേക്കു നീക്കുമ്പോൾ എല്ലാത്തരം സാധനങ്ങളുടേയും ഒരു മിശ്രിതം ഉണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണു്. ഒരു സാധനം തനിച്ചു് ആകെയുള്ളതിന്റെ മൂന്നിലൊന്നിൽ കവിയരുതു്. കുതിർത്തോ മയപ്പെടുത്തിയോ എടുത്തിട്ടുള്ള വളരെ കട്ടികൂടിയ സാധനം ഒരു പ്രാവശ്യം വളരെക്കുറച്ചേ ഉപയോഗിക്കാവൂ. സാധാരണ ലഭ്യമാകുന്ന പലതരം അവശിഷ്ടങ്ങൾ യഥാക്രമം സൂക്ഷിച്ചുവയ്ക്കുയും ഒരാണ്ടത്തെ മുഴവൻ ആവശ്യത്തിനു മതിയാകുന്ന അളവിൽ ഉപയോഗിക്കുയും ചെയ്യുമെങ്കിൽ, വാസ്തു

---

47. Harijan, 24-8-1935 (Food Shortage and Agriculture, pp. 76—82)

digitized by www .sreyas.in

വത്തിൽ ഇതു തനിയേതന്നെ സാധിക്കും. നേരത്തെ വിതച്ചുവളർത്തിയിട്ടുള്ള പയറോ അവരയോപോലുള്ള പടരുന്ന സസ്യങ്ങൾ പച്ചവിടുന്നതിനുമുമ്പ് പറിച്ചെടുത്തു വാടിക്കഴിഞ്ഞശേഷം വളം നിർമ്മാണത്തിനുപയോഗിച്ചാൽ കമ്പോസ്റ്റിൻെറ ഗുണം കുറേക്കൂടി നന്നാക്കാം. റാബി വിളവിറക്കലിനു ഭൂമി യഥാകാലം ഒഴിഞ്ഞു കിട്ടും. മുൻകൂട്ടി സാൻ വളർത്തിയതിൻെറ പ്രയോജനം റാബികൃഷിക്കും കിട്ടും.

6. വെള്ളം

വീട്ടാവശ്യങ്ങൾക്ക് ഉപയോഗിച്ചുകഴിഞ്ഞ വെള്ളം കമ്പോസ്റ്റുണ്ടാക്കുന്ന സ്ഥലത്തിനു സമീപം ഒരു ചെറിയ കുഴിയിലേക്കോ താഴ്ത്തിവച്ച തൊട്ടിയിലേക്കോ തിരിച്ചുവിടുന്നതു ജോലി ലാഭിക്കാൻ ഒരു വഴിയാണ്; സൗകര്യവുമാണ്. ഇങ്ങനെ ശേഖരിക്കുന്ന വെള്ളം നിത്യവും ഉപയോഗപ്പെടുത്തണം. ഏതുതരം വെള്ളവും കൂടുതൽനാൾ കെട്ടിക്കിടക്കുന്നതു് ഉപദ്രവകരമാണ്. കൂടുതൽ ആവശ്യമുള്ള വെള്ളം വേറെ കൊണ്ടുവരണം. ഒരുവണ്ടി കമ്പോസ്റ്റു നിർമ്മിക്കുന്നതിനു് 50 മുതൽ 60 വരെ പാട്ട വെള്ളം ആവശ്യമാണ്.

7. ഈ രീതിയുടെ വിശദാംശങ്ങൾ

കുഴികളിൽ വിരിപ്പുനിറയ്ക്കൽ: ഏഴര അടി വീതം നീളമുള്ള രണ്ടു മുളകളിലായി 4 അടി നീളവും 3 അടി വീതിയുമുള്ള ഒരു പാകം കെട്ടി ഒരു സ്റ്റ്ട്രെച്ചർ ഉണ്ടാക്കണം. ഒരു കാളക്കു് ഒരു സ്റ്റ്ട്രെച്ചർ, ഒരു പോത്തിനു ഒന്നര സ്റ്റ്ട്രെച്ചർ, എന്ന കണക്കിനു് കൃഷിയിടത്തിലെ പാഴ്സാധനങ്ങൾ തൊഴുത്തിൽ വിരിക്കണം. അവിടെ വിശ്രമിക്കയും ഉറങ്ങുകയും ചെയ്യുന്ന കന്നുകാലികൾ ഇവയെ ചവുട്ടിയരയ്ക്കുകയും, അവററയുടെ മൂത്രം ഇവയിൽ വീണു ലയിക്കുകയും ചെയ്യും. താഴെയും മുകളിലും ഉണക്കച്ചവറും (ഇതു പ്രത്യേകം കരുതിവച്ചേക്കണം) ഇടയ്ക്കു വാടിയ പച്ചിലകളും അട്ടിയിട്ടാണ് മഴക്കാലത്തു വിരിപ്പുണ്ടാക്കുക. വളക്കുഴിയിൽ കലക്കിത്തളിക്കാനുപയോഗിച്ചശേഷമുള്ള പച്ചച്ചാണകം, ഒന്നുകിൽ വരളിയാക്കുകയോ അല്ലെങ്കിൽ വിരിപ്പിൻെറ മുകളിൽ ഒരു ചെറിയ മധുരനാരങ്ങയെക്കാൾ കവിയാത്ത മുഴപ്പിൽ പിണ്ഡങ്ങളാക്കി നിരത്തുകയോ ചെയ്യണം. കുഴമ്പുണ്ടാക്കി ബാക്കിവന്ന മൂത്രമണ്ണും ഫംഗസ്സ് സ്റ്റാർട്ടറും അടുത്തദിവസം രാവിലെ വിരിപ്പിന്മേൽ വിതറണം. അപ്പോൾ തറ ഒററംമുതൽ മറേറ അററംവരെ മുട്ടിയും കോരികയുംകൊണ്ടു വടിച്ചുകോരി നേരെ കുഴികളിലിട്ടു്, കനം കുറഞ്ഞ പാളികളായി ചവറു് മാന്തികൊണ്ടു് നിരത്തണം. അത്തരം ഓരോ പാളിയും അടുത്തതായി കുറേശ്ശ ചാരവും, ചാണകവും, മണ്ണും, ഫംഗസ്സ് സ്റ്റാർട്ടറും ചേർത്തു് കലക്കിയ കുഴമ്പുകൊ

digitized by www .sreyas.in

ണ്ട് ഉടനീളം ഒരുപോലെ നനസ്സണം. തൊഴത്തിലെ വിരിപ്പു കാം മാററിക്കഴിഞ്ഞിട്ട് തറ നല്ലപോലെ തൂത്തുവാരുകയും അ ങ്ങനെ കിട്ടുന്ന നേർത്ത സാധനങ്ങാം ഒരു പുറവിരിപ്പായി കുഴി യിൽ ഇടുകയും വേണം. ഈ മുകാംവിരിപ്പ വെള്ളംതളിച്ച നന സ്സണം. അന്നു വൈകുന്നേരവും അടുത്ത ദിവസം രാവിലെയും വെള്ളം തളിക്കുന്നതോടുകൂടി നനപ്പു പൂത്തിയാകും. കിട്ടുന്ന ചപ്പു ചവറുകളുടെ അളവനുസരിച്ച് ഒരു കുഴിയോ അതിൻെറ ഒരു ഭാഗ മോ ആറുദിവസംകൊണ്ടു മുഗാംഭാഗംവരെ നിറസ്സണം. അനന്തരം മറെറാരു കുഴിയിലോ, അതേ കുഴിയുടെ മറെറാരുഭാഗത്തോ നിറ ച്ചുതുടങ്ങാം. കുഴി നിറസ്സുമ്പോാം ചവുട്ടി ഒതുക്കുന്നതു ദോഷമാണ്. അങ്ങനെ ചെയ്താൽ വായു പുറത്തുപോകും.

വർഷകാലത്തു കുഴികളിൽ വെള്ളം നിറയും. മഴ തുടങ്ങു മ്പോാം കുഴിക്കകത്തുള്ള സാധനങ്ങാം കോരി തറയിൽ കൂട്ടിയി ടണം. മഴക്കാലത്ത് നിരത്തിൽ എട്ട് അടി നീളവും രണ്ടടി വീതിയും ത്രുക്കായ വശങ്ങളും ഉള്ള കൂനകളായി കമ്പോസ്റ്റ് ഉണ്ടാ ക്കണം. വിസ്താരമുള്ള സ്ഥലങ്ങളിൽ, തണുത്ത കാറേറൽക്കാതി രിക്കാൻ കൂനകാം അടുത്തടുത്തു വേണം നിർമ്മിക്കാൻ.

8. *കമ്പോസ്ററ് ഇളക്കുകയും നനയ്ക്കുകയും ചെയ്യുന്ന വിധം*

അഴുകിക്കൊണ്ടിരിക്കുന്ന കമ്പോസ്റ്റിൻെറ മുകളിൽ ആഴ്ച തോറും വെള്ളം തളിച്ചു നനവു മാറാതെ സൂക്ഷിക്കണം. ഉള്ളിലുള്ള ഈർപ്പവും വായുവും തീന്നുപോകുമെന്നുള്ളതുകൊണ്ട് അവ വീണ്ടും കിട്ടുന്നതിനായി മൂന്നു തവണ ഇളക്കി വെള്ളം തളിക്കേണ്ടതാണ്. മഴയുള്ള കാലങ്ങളിൽ വളരെക്കുറച്ചുമാത്രം വെള്ളം തളിക്കയോ ഒട്ടും തളിക്കാതിരിക്കയോ ചെയ്യാം. എന്നാൽ ഏതു കാലത്താ യാലും ആദ്യം കുഴി നിറസ്സുമ്പോഴും കൂന കൂട്ടുമ്പോഴും തീർച്ചയായും വെള്ളം തളിക്കേണ്ടതാണ്.

9. *ഏതാണ്ട് പതിനഞ്ചു ദിവസം കഴിഞ്ഞുള്ള ആദ്യത്തെ ഇളക്ക്*

കുഴിയുടെ മുകളിലുള്ള അഴുകാത്ത പാളി മുഴുവൻ മാററുക. അതു് ഒരു പുതിയ കുഴി നിറസ്സുന്നതിനുവേണ്ടി ഉപയോഗിക്കാം. 30 ദിവസം പഴകിയ കമ്പോസ്റ്റ് തുറന്നുകിടക്കുന്ന ഉപരിതല ത്തിൽ വിതറുകയും ആറിഞ്ചാഴത്തിൽ നനവു തട്ടത്തക്കവിധം മീതേ വെള്ളം തളിക്കുകയും ചെയ്യുക. ആദ്യം ഇളക്കുമ്പോാം കുഴി നെടുകെ രണ്ടായി ഭാഗിച്ച് കാററുവാക്കിനുള്ള ഭാഗം അന ക്കാതെ, അതിൻെറ മീതെ മറേറ ഭാഗത്തെ സാധനങ്ങാം വെട്ടി ക്കോരിയിടുക. (തടികൊണ്ടുള്ള ഒരു കുപ്പമാന്തി ഇതിലേക്കുപ യോഗിക്കുന്നതു സൗകര്യപ്രദമായിരിക്കും.) വെട്ടിക്കോരുന്നതു പാ ളിപാളിയായിട്ടായിരിക്കരുത്. ത്രുക്കായോ ചായിച്ചോ താഴ്ത്തി വെട്ടി കുഴിയുന്നിടത്തോളം മേലുകീഴുള്ള സാധനങ്ങാം കോരിയെ

digitized by www .sreyas.in

ടുക്കണം. ഇങ്ങനെ ഇളക്കിയിട്ട് ആറിഞ്ച് കനത്തിലുള്ള ഓരോ പാളിയും വെള്ളം തളിച്ച് നനയ്ക്കണം. വർഷകാലത്ത്, കൂനയ്ക്കു വളരെയധികം കിളരം കൂടാതെ കഴിക്കാൻ, മൊത്തത്തിൽ ഇളക്കിമറിച്ചിടാം.

10. *ഒരു മാസം കഴിഞ്ഞുള്ള രണ്ടാമത്തെ ഇളക്ക്*

കുഴിയുടെ ഒരു പകുതി ഭാഗത്തായി കിടക്കുന്ന സാധനം വെറുതെ കിടക്കുന്ന മറേറ ഭാഗത്തേയ്ക്ക് മേൽപ്പറഞ്ഞപ്രകാരം ഇളക്കിയിട്ട വെള്ളം തളിക്കണം; മുകളിൽനിന്നു താഴോട്ട കൂടിക്കലരാൻ ശ്രദ്ധിക്കണം.

11 *രണ്ടാം മാസത്തിന്റെ അവസാനമുള്ള മൂന്നാമത്തെ ഇളക്ക്*

ഇതിന്മുണ്ണം തന്നെ കമ്പോസ്റ്റ്, കുഴിയുടെ അടുത്തുള്ള വിശാലമായ സ്ഥലത്തു കോരിയിടണം. രണ്ടു കുഴികളിലെ കമ്പോസ്റ്റ് അവയ്ക്കു രണ്ടിന്റെമിടയ്ക്കുള്ള സ്ഥലത്തു കോരിയിട്ട് 10 അടി വീതിയും $3\frac{1}{2}$ അടി പൊക്കവുമുള്ള കൂനയുണ്ടാക്കാം. നീളം എത്ര വേണമെങ്കിലും ആകാം. ഇങ്ങനെ അനേകം കുഴികളോ കൂനകളോ ഒരുമിച്ച് സൂക്ഷിക്കാവുന്നതാണ്. സൗകര്യമുള്ളപക്ഷം വളം നല്ലതുപോലെ നനച്ചുകഴിഞ്ഞിട്ട കുഴിയിൽനിന്നു വണ്ടിയിൽ കയററി നേരേ നിലത്തിലേക്കു കൊണ്ടുപോകാം. വളം ഉപയോഗിക്കേണ്ട സ്ഥലത്താണ് കൂന കൂട്ടേണ്ടതു്. അങ്ങനെയായാൽ വിത്തു വിതയ്ക്കുന്ന കാലത്തു വിലയേറിയ സമയം ലാഭിക്കാം. എല്ലാ കൂനകളും ഉരുക്കനേയുള്ള വശങ്ങളോടും പരന്ന മുകൾഭാഗത്തോടും കൂടി ശരിയാക്കിയിടേണ്ടതാണ്. ദ്രവീകരണത്തെ തടയുന്ന ഉണക്ക് കൂടുതൽ തട്ടാതിരിക്കാൻ ഇതു് ഉതകും.

നല്ല കമ്പോസ്റ്റിന് ഒരിക്കലും നാററം കാണുകയില്ല. കാഴ്ചയ്ക്ക് ഉടനീളം ഒരേപ്രകാരം ഇരിക്കയും ചെയ്യും. നാററമുണ്ടാവുകയോ ഈച്ച അടക്കുകയോ ചെയ്യുന്നപക്ഷം, അതു കൂടുതൽ വായു ആവശ്യമുണ്ട് എന്നതിന്റെ അടയാളമാണ്. അപ്പോഠം കുഴിയിളക്കുകയും കുറച്ചു ചാമ്പലും ചാണകവും ചേർക്കുകയും വേണം.

താഴെ കാണുന്ന അടിസ്ഥാനവിവരങ്ങളുടെ സഹായത്തോടെ ഓരോ ഇനത്തിലും ആവശ്യമുള്ള സാധനങ്ങളുടെ അളവ് കണ്ടുപിടിക്കാവുന്നതാണ്.

12. *നാല്പതു മൃഗങ്ങൾക്ക് അവശ്യമുള്ള അളവ്.*

*ആറു ദിവസത്തേക്ക് ദിവസംതോറും കുഴികളിൽ നിറയ്ക്കേണ്ടത്*

ഒരു ദിവസം കുഴിയിലേക്കിടുന്ന വിരിപ്പും ചവറും — 40 മുതൽ 50 വരെ ട്രെസ്റ്റച്ചർ. ഇതിന്റെ പുറത്തു് 18 ഇഞ്ച് വ്യാസവും 6 ഇഞ്ച് ആഴവുമുള്ള ഇരുമ്പുബേസിന് നാലു ബേസിൻ ഹംഗസ്സ് സ്റ്റാർട്ടറും 15 ബേസിൻ മൂത്രമണ്ണും അടപ്പിൽ വയ്ക്കാനുപയോഗിക്കാതെ അധികം കിടക്കുന്ന ചാണകപ്പൊടിയും വിതറി

digitized by www .sreyas.in

യശേഷമാണു് ഇതു കുഴിയിൽ നിക്ഷേപിക്കുന്നതു്. കുഴമ്പു് തൊഴുത്തിൽനിന്നു് ഒരു ദിവസം കിട്ടുന്ന സാധനങ്ങൾക്കു് ഇരു പതു പാട്ട (നാലു ഗ്യാലൻ) വെള്ളവും അഞ്ചു ബേസിൻ ചാണ കവും ഒരു ബേസിൻ ചാരവും, ഒരു ബേസിൻ മൂത്രമണ്ണും രണ്ടു ബേസിൻ ഫംഗസ്സു് സ്റ്റാർട്ടറും. കുഴി നിറച്ചുകഴിഞ്ഞാലുടനെ 6 പാട്ട വെള്ളവും വൈകിട്ടു് 10 പാട്ട വെള്ളവും പിറേറന്നു് രാവി ലെ 6 പാട്ട വെള്ളവും വീഴ്ത്തേണ്ടതുണ്ടു്. മുകൾപ്പരപ്പിലെ വെള്ളം വീഴ്ത്തൽ: ഓരോ പ്രാവശ്യവും 25 പാട്ടവീതം. ഇളക്കുമ്പോൾ: ആദ്യത്തെ ഇളക്കിനു് 60 മുതൽ 100 വരെ പാട്ട; രണ്ടാമത്തേതിനു് 40 മുതൽ 60 വരെ പാട്ട; മൂന്നാമത്തേതിനു് 40 മുതൽ 80 വരെ പാട്ട. ഇതു കാലാവസ്ഥയെ ആശ്രയിച്ചിരിക്കും.

ആദ്യത്തെ ഇളക്കിനു ഫംഗസ്സു് സ്റ്റാർട്ടർ: 12 ബേസിൻ.

### വിവരപ്പട്ടിക

ഒരു ബേസിൻെറയോ കുട്ടയുടെയോ ഉള്ളടക്കത്തിൻെറ അള വും (രണ്ടു കൈ നിറയെ എന്ന കണക്കിനു്) തൂക്കവും (റാത്തൽ ക്കണക്കിനു്)

| സാധനം | അളവു് (രണ്ടു കൈനിറയെ എന്ന കണക്കിനു്) | തൂക്കം (റാത്തൽ കണക്കിനു്) |
|---|---|---|
| പച്ചച്ചാണകം | 6 മുതൽ 7 വരെ | 40 |
| മൂത്രമണ്ണു് | 20 — 21 — | 22 |
| വിറകുചാരം | 15 | 20 |
| ഫംഗസ്സു് സ്റ്റാർട്ടർ | 5 | 20 |
| ആദത്തെ ഇളക്കിയി ടീലിനു് വേണ്ട സ്റ്റാർട്ടർ | 6 | 20 |

### പ്രവർത്തനത്തിൻെറ സമയവിവരപ്പട്ടിക

| ദിവസങ്ങൾ | ചെയ്യുന്ന കാര്യങ്ങൾ |
|---|---|
| 1 | കുഴിനിറയ്ക്കൽ ആരംഭിക്കുന്നു. |
| 6 | കുഴിനിറയ്ക്കൽ അവസാനിക്കുന്നു. |
| 10 | ഫംഗസ്സു് ഉണ്ടായിക്കഴിയുന്നു. |
| 12 | ആദ്യത്തെ നനപ്പു്. |
| 15 } 16 } | ആദ്യത്തെ ഇളക്കിയിടീലും ഒരു മാസം പഴകിയ കമ്പോസ്ററുചേർക്കലും. |
| 24 | രണ്ടാമത്തെ നനപ്പു്. |
| 30 } 32 } | രണ്ടാമത്തെ ഇളക്കു്. |

digitized by www .sreyas.in

| ദിവസങ്ങൾ | ചെയ്യുന്ന കാര്യങ്ങൾ |
|---|---|
| 38 | മൂന്നാമത്തെ നനപ്പ്. |
| 45 | നാലാമത്തെ നനപ്പ്. |
| 60 | മൂന്നാമത്തെ ഇളക്കൽ. |
| 67 | അഞ്ചാമത്തെ നനപ്പ്. |
| 75 | ആറാമത്തെ നനപ്പ്. |
| 90 | കമ്പോസ്റ്റ് ഉപയോഗിക്കാൻ തയാറാകുന്നു. |

ഇൻഡോർ സമ്പ്രദായം അതിന്റെ സകല വിശദാംശങ്ങളോടു കൂടി നടപ്പാക്കാൻ സാഹചര്യങ്ങൾ അനുവദിക്കുന്നില്ലെങ്കിൽ, അതിന്റെ പ്രയോജനങ്ങൾ താഴെക്കാണുന്ന രീതി പിന്തുടർന്നാൽ ഭാഗികമായി ലഭിക്കുന്നതാണ്.

കൂടിക്കലർന്ന പാഴ്സാധനങ്ങൾ കന്നുകാലികൾക്കു കിടക്കയായി വിരിച്ചുകൊടുക്കയും നേരത്തെ വിവരിച്ചതുപോലെ അടുത്തദിവസം രാവിലെ അതു നീക്കംചെയ്യുന്നതിനുമുമ്പായി ആവശ്യമുള്ളത്ര ചാണകവും മൂത്രം വീണ മണ്ണും ചാരവും അതിന്മേൽ വിതറുകയും ചെയ്യുക. അനന്തരം അതു വളം ഉപയോഗിക്കേണ്ട നിലത്തിന്റെ അരികിലേക്കോ അല്ലെങ്കിൽ വെള്ളം വടിഞ്ഞുപോയിട്ടുള്ള മറേറതെങ്കിലും സ്ഥലത്തേക്കോ കൊണ്ടുപോയി 3 ഇഞ്ചു പൊക്കത്തിലും 8 ഇഞ്ചു വീതിയിലും സൗകര്യമുള്ള നീളത്തിലും സംഭരിക്കുക. മഴ ആരംഭിച്ചുകഴിഞ്ഞാൽ ഒരു മാസത്തിനകം അതിൽ ഫംഗസ്സ് പിടിക്കും. മഴക്കോളുള്ളതോ സാമാന്യം മഴയുള്ളതോ ആയ ഒരു ദിവസം നോക്കി അതു നല്ലതുപോലെ ഒന്നിളക്കുക. ഒരു മാസം കഴിഞ്ഞു് ഒന്നോ രണ്ടോ പ്രാവശ്യംകൂടി ഇളക്കിക്കൊടുത്താൽ, മഴ വേണ്ടത്ര ഉണ്ടെങ്കിൽ, ആ കാലം അവസാനിക്കുന്നതിനു മുമ്പായി അതു് അഴുകിത്തുടങ്ങും.

ഈ വളം ഉപയോഗത്തിനു പററിയവിധത്തിൽ പാകമാകണമെങ്കിൽ ഒരു വർഷം എന്തായാലും കാത്തിരിക്കണം. മഴ തീരെ കുറവാണെങ്കിൽ അതിലും കൂടുതൽ കാത്തിരിക്കേണ്ടിവരും.

ഇങ്ങനെ ലഭിക്കുന്ന വളം ശരിയായരീതിയിൽ നിർമ്മിക്കുന്ന കമ്പോസ്റ്റിനേക്കാൾ താഴ്ന്നതരമായിരിക്കുമെങ്കിലും, സാധാരണ ഫാം യാർഡുവളത്തേക്കാൾ മെച്ചപ്പെട്ടതായിരിക്കുമെന്നുള്ളതിൽ സംശയമില്ല. കാരണം, ഈ രീതിയിലും കട്ടപ്പമുള്ള തടിക്കഷണങ്ങൾപോലെയുള്ള പാഴ്സാധനങ്ങൾ നിഷ്പ്രയാസം അഴുക്കാൻ കഴിയും. അങ്ങനെ ഇപ്പോൾ നിലവിരിക്കുന്ന ഗ്രാമീണ സമ്പ്രദായത്തിൽ ഉണ്ടാക്കുന്നതിനെക്കാൾ വളരെയേറെ വളം ഈ രീതിയിൽ ഉണ്ടാകും.

digitized by www .sreyas.in

## 48

കമ്പോസ്റ്റുവളം നിർമ്മിക്കുന്നതിനായി രാജ്യവ്യാപകമായ ഒരു പ്രചരണം നടത്തണം. ഇന്നു് ഗ്രാമപ്രാന്തങ്ങളിൽ ചപ്പുചവറുകൾ കണ്ടമാനം കൂടിക്കിടക്കുകയാണു്. ഗ്രാമങ്ങളിലെ ഇടവഴികളിൽത്തന്നെയും അവ ധാരാളം ചിതറിക്കിടക്കുന്നുണ്ടു്. ഈ ചവറുകൾ മുഴുവൻ വിലപ്പിടിപ്പുള്ള വളമായി രൂപാന്തരപ്പെടുത്തുന്നതിനു് ഗ്രാമീണരെ പഠിപ്പിക്കാൻ കൃഷിവകുപ്പുകാർ സുശക്തമായ ഒരു ശ്രമം നടത്തുമെങ്കിൽ അതു കാർഷികോല്പാദനത്തെ സാരമായി വർദ്ധിപ്പിക്കുമെന്നുമാത്രമല്ല ഗ്രാമങ്ങളെ ശുദ്ധമാക്കുകയും, രോഗങ്ങൾ കുറയ്ക്കുകയും ചെയ്യും.

കമ്പോസ്റ്റു നിർമ്മാണത്തെപ്പററി ഒരു ചെറിയ ലഘുലേഖയുടെ രൂപത്തിൽ യു. പി. യിലെ കർഷകരോടു ഞാൻ നടത്തിയ ഒരു ഉദ്ബോധനം ഇവിടെ ഉദ്ധരിക്കട്ടെ:

''സഹോദരരായ കർഷകരെ,

നമ്മുടെ മാതാവായ ഭൂമിയോടു നാം വേണ്ടപോലെ പെരുമാറുന്നില്ല. നമ്മെ എല്ലാം ഊട്ടിവളർത്തുന്നതിനു് അവൾ അവൾക്കു കഴിവുള്ളതെല്ലാം ചെയ്യുന്നു. എന്നാൽ നാം തിരികെ അവളെ ഊട്ടാറില്ല. ബഹുമാന്യയായ ഒരു മാതാവിനോടു് കർത്തവ്യബോധമുള്ള കുട്ടികൾ പെരുമാറുന്നതുപോലെ നാം പെരുമാറിയില്ലെങ്കിൽ അവൾക്കു് എങ്ങനെ നമ്മെ പോററാൻ കഴിയും? ഓരോ കൊല്ലവും നാം ഭൂമി ഉഴുകയും വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്നു. വളരെ അപൂർവ്വമായിട്ടേ നാം മണ്ണിനു് എന്തെങ്കിലും വളം ചെയ്യാറുള്ളു. നാം വളം ഇടുമ്പോൾത്തന്നെയും അതു പലപ്പോഴും പകുതി അഴുകിയ ചവറായിരിക്കും. നല്ലതുപോലെ പാകം ചെയ്ത ആഹാരം നമുക്കു് ആവശ്യമാണെന്നതുപോലെ നല്ലതുപോലെ തയ്യാറാക്കിയ വളം മണ്ണിനും ആവശ്യമാണു്.

നിർഭാഗ്യവശാൽ നമ്മുടെ ഗ്രാമങ്ങളിൽ കന്നുകാലിച്ചാണകത്തിൽ പകുതിയും തീകത്തിക്കാൻ ഉപയോഗിച്ചുവരികയാണു്. മണ്ണിനു് ഇങ്ങനെ സംഭവിക്കുന്ന വളക്കുറവു് പരിഹരിക്കുന്നതിനു നാം കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതുണ്ടു്. നമ്മളെല്ലാം നമ്മുടെ പുരയിടങ്ങളിൽ കീകാർ (ബാബൂൽ) തൈകളും മററും വച്ചുപിടിപ്പിക്കണം. കീകാർ വിളവുകൾക്കു ദോഷംചെയ്യുകയില്ല; വാസ്തവത്തിൽ അതിൻെറ താഴെ വിളവുകൾ പലപ്പോഴും കൂടുതൽ പുഷ്ടിയായി വളരാറുണ്ടു്. മഴ കഴിയുമ്പോൾ നമ്മുടെ പറമ്പിൽ നാം ശ്രദ്ധിച്ചുനോക്കിയാൽ തനിയെ മുളച്ചുവ

48. Harijan, 23-11-1947 (Food Shortage and Agriculture, pp. 154—155)

digitized by www .sreyas.in

രുന്ന കുറെ നല്ല തൈകളെങ്കിലും കണ്ടുപിടിക്കാൻ സാധിക്കും. അവയുടെ തടങ്ങൾ വൃത്തിയാക്കി ചുററിനും മുള്ളുവച്ച് അവയെ സംരക്ഷിക്കണം. നമുക്കു ധാരാളം മരങ്ങളുണ്ടെങ്കിൽ നമുക്കു കൂടുതൽ ചാണകം വളത്തിനുവേണ്ടി സൂക്ഷിക്കാൻ കഴിയും.

വീട്ടാവശ്യം കഴിഞ്ഞു ബാക്കിവരുന്ന ചാണകം ഏററവും ഫലപ്രദമായ രീതിയിൽ ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് ഇനി ഞാൻ നിങ്ങളോടു പറയാം. കന്നുകാലികളുടെ ചവുട്ടടിയിൽ കിടക്കുന്നതും മേച്ചിൽസ്ഥലത്തു കിടക്കുന്നതുമായ ചാണകം മുഴുവൻ സംഭരിക്കണം. അതു് അമൂല്യമായ ഒരു വസ്തുവാണ്; അല്പംപോലും പാഴാകരുത്. ഗ്രാമങ്ങളിലെ ഇടവഴികളിലും നമ്മുടെ പറമ്പുകളിലും കിടക്കുന്ന വയ്ക്കോലും, പുല്ലും, മററു ചവറുകളും കൂടി സംഭരിക്കണം. നാം ഇനി ഒരിക്കലും കുട്ടക്കണക്കിനു ചാണകം ചവററുകൂനകളുടെ പുറത്തിടരുത്. 10 അടി വീതിയും 20 അടി നീളവും 3 അടി ആഴവുമുള്ള ഒരു കുഴി കുഴിക്കണം. ഓരോ ദിവസവും ആ കുഴിയുടെ അടുത്തു് രണ്ടു സാധനങ്ങൾ—ഒന്നു ചാണകവും മറേറതു ചവറും—കൊണ്ടുചെന്നു കൂന കൂട്ടണം. ഇങ്ങനെ മുഴുവനും സംഭരിച്ചശേഷം അതു്, കുഴിയുടെ ഒരററത്തു നാലടി സ്ഥലം വിട്ടിട്ട് ബാക്കിസ്ഥലത്തു ദിവസവും നിരത്തണം. ആദ്യം ചവറുകളുടെ ഒരു നേരിയ വിരിപ്പ് (3 ഇഞ്ചു കനത്തിൽ), അതിന്റെ മുകളിൽ ചാണകത്തിന്റെ ഒരു നേരിയ പാളി (1 ഇഞ്ചു കനത്തിൽ) എന്ന ക്രമത്തിൽ വേണം പോകാൻ. ചാണകത്തെ കാററിൽനിന്നും വെയിലിൽനിന്നും രക്ഷിക്കുന്നതിന് എന്നും അവസാനം ചവറുകൊണ്ടുള്ള ഒരു വിരിപ്പ് മുകളിലിടണം. മൂന്നുദിവസം കൂടുമ്പോൾ ഈ പാളികൾ വെള്ളംകൊണ്ട് നനയ്ക്കണം. കുഴിയുടെ പകുതി ഭാഗം മുകളററംവരെ ഇങ്ങനെ നിറഞ്ഞു കഴിയുമ്പോൾ രണ്ടുമൂന്നിഞ്ചു കനത്തിൽ മണ്ണിട്ടു മൂടി ഏഴെട്ടാഴ്ചക്കാലത്തേക്ക് അതു് അങ്ങനെ സൂക്ഷിക്കണം. ഇനി ഈ കുഴിയുടെ അടുത്തുതന്നെ മറെറാരു കുഴി കുഴിക്കുകയും മുകളിൽ പറഞ്ഞ രീതിയിൽത്തന്നെ അതിന്റെ പകുതിഭാഗം നിറയ്ക്കുകയും ചെയ്യണം. ഏഴ് ആഴ്ചയ്ക്കുമുമ്പ് ഈ കുഴിയും നിറഞ്ഞാൽ മൂന്നാമത്തു മറെറാരു കുഴി കുഴിക്കുകയും അതും നിറയ്ക്കാൻ ആരംഭിക്കുകയും ചെയ്യണം. ആദ്യത്തെ കുഴിയിലെ വളം ഏഴെട്ടാഴ്ച മൂടിവെച്ചിരുന്നു കഴിയുമ്പോൾ ആ കുഴിയിൽ ഒഴിഞ്ഞു കിടക്കുന്ന നാലടി സ്ഥലത്തു നാം ഇറങ്ങിനിന്നു കമ്പോസ്റ്റ് ആ ഭാഗത്തേക്ക് മറിച്ചിടണം. അപ്പോൾ മറേറ അററത്തു് നാലടി സ്ഥലം ഒഴിയും. നാം ഇങ്ങനെ മറിച്ചിടുമ്പോൾ അതിനകത്തുള്ള വിവിധ വിരിപ്പുകളും പാളികളും തമ്മിൽ നല്ലതുപോലെ കൂട്ടിക്കലർത്തുന്നതിനും, എന്തെങ്കിലും പൊടിയാതെ കിടപ്പുണ്ടെങ്കിൽ അതു പൊടിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അനന്തരം നാം അ

digitized by www .sreyas.in

തിൽ ധാരാളം വെള്ളം ഒഴിക്കുകയും വീണ്ടും അതു മണ്ണിട്ടു മൂടി ഏതാണ്ട് ഏഴെട്ടാഴ്ച സൂക്ഷിക്കുകയും ചെയ്യണം. അതു കഴിഞ്ഞു നാം ആ കുഴി തുറന്നു നോക്കുമ്പോൾ അതിനകത്തു നല്ലതുപോലെ അഴകി ക്കലർന്ന നല്ല വളം കാണാം. ഈ വളത്തിനാണ് കമ്പോസ്റ്റ് എന്ന പ്രത്യേക പേരു നൽകപ്പെട്ടിരിക്കുന്നതു്. കമ്പോസ്റ്റ്നിർമ്മാണത്തിനു് പല രീതികളുണ്ടു്. അവയിൽ അധികവും സങ്കീർണ്ണമാണു്. ഞാൻ ഇപ്പോൾ വിവരിച്ച രീതിയാണു് കിസാൻ ആശ്രമത്തിൽ സ്വീകരിച്ചിട്ടുള്ളതു്. അതു വളരെ ലളിതമായതിനാൽ നമുക്കെല്ലാം ചെയ്യാൻ കഴിയുന്നതാണു്. ഇതിനു ഞാൻ കിസാൻ കമ്പോസ്റ്റ് എന്നാണു പേരിട്ടിരിക്കുന്നതു്.

## 49

മൃഗങ്ങളുടെയും മനുഷ്യരുടെയും വിസർജ്ജിതങ്ങൾ ചപ്പുചവറുകളോടു കൂട്ടിച്ചേർത്തു് രസികൻ വളം നിർമ്മിക്കാവുന്നതാണു്. അതു വിലയേറിയ ഒരു വസ്തുവാണു്. അതു മണ്ണിൻെറ ഉല്പാദനശക്തി വളരെ വർദ്ധിപ്പിക്കും. ഈ വളം നിർമ്മിക്കുന്നതുതന്നെ ഒരു ഗ്രാമീണ വ്യവസായമായിരുന്നു. പക്ഷേ, ഇന്ത്യയിലെ മററെല്ലാ ഗ്രാമീണവ്യവസായങ്ങളേയുംപോലെ ഇതും പുനരുദ്ധരിക്കുന്നതിനും, ഇന്ത്യയെ സമൃദ്ധമാക്കുന്നതിനും, ജനകോടികളുടെ സഹകരണം ലഭിച്ചില്ലെങ്കിൽ, കാര്യമായ ഫലമൊന്നുമുണ്ടാവില്ല.

## 50

ഇന്ത്യയിലെ ജനങ്ങളുടെ സൗഹൃദപൂർണ്ണമായ സഹകരണമുണ്ടെങ്കിൽ ഭക്ഷ്യദൗർലഭ്യം ഉച്ചാടനം ചെയ്യാമെന്നു മാത്രമല്ല, ഇന്ത്യയ്ക്കാവശ്യമുള്ളതിലേറെ ഭക്ഷ്യസാധനങ്ങൾ ഉല്പാദിപ്പിക്കുകയുംചെയ്യാം. ഈ ജൈവവളം മണ്ണിനെ എന്നും സമ്പുഷ്ടമാക്കുകയേ ഉള്ളു; ഒരിക്കലും അതിൻെറ വീര്യം കെടുത്തുകയില്ല. ദിവസവും പാഴായിപ്പോകുന്ന സാധനങ്ങൾ, ബുദ്ധിപൂർവ്വം കമ്പോസ്റ്റ് ചെയ്താൽ അതു് അമൂല്യമായ വളമായി മണ്ണിൽ തിരിച്ചുചെല്ലുകയും കോടിക്കണക്കിനു രൂപായുടെ ലാഭമുണ്ടാക്കുകയും, ധാന്യങ്ങളുടെയും, പയറുവർഗ്ഗങ്ങളുടെയും ഉല്പാദനം പലമടങ്ങു് വർദ്ധിപ്പിക്കുകയും ചെയ്യും. ഇതിനുംപുറമെ പാഴായ സാധനങ്ങളുടെ ബുദ്ധിപൂർവ്വകമായ വിനിയോഗം പരിസരങ്ങളെ ശുചിയാക്കിത്തീർക്കുന്നു. ശുചിത്വം ദൈവഭക്തിയോടടുത്ത ഗുണമാണെന്നു മാത്രമല്ല. അതു് ആരോഗ്യത്തെ സഹായിക്കുകയും ചെയ്യുന്നു.

---

49. Delhi Diary, pp. 270—271
50. Harijan, 28-12-1947 (Panchayat Raj, P. 29)

digitized by www .sreyas.in

## അദ്ധ്യായം മൂന്ന്

# ഗ്രാമീണസമ്പദ്വ്യവസ്ഥ

### എ. ഗ്രാമപുനഃസ്സംഘടന ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും

1

നമ്മുടെ ശരാശരി ആയുഷ്കാലനിരക്ക് ശോചനീയമാംവണ്ണം താണുപോകുന്നതിനും നമ്മൾ ഒന്നിനൊന്നു ദരിദ്രരായിത്തീരുന്നതിനും കാരണം നമ്മുടെ ഏഴു ലക്ഷം ഗ്രാമീണരെ നാം അവഗണിക്കുന്നതാണ്. നാം അവരെപ്പററി ചിന്തിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ; പക്ഷേ, അവരെ ചൂഷണം ചെയ്യാൻമാത്രം. ഇൻഡ്യയുടെ ഭൂതകാലമഹിമയെക്കുറിച്ച്, പാലും തേനും ഒഴുകിയിരുന്ന ആ നാടിനെക്കുറിച്ച്, രോമാഞ്ചജനകമായ വിവരണങ്ങൾ നാം വായിക്കാറുണ്ട്. പക്ഷേ, ഇന്നാകട്ടെ, അതു് പട്ടിണിക്കാരായ ദരിദ്രലക്ഷങ്ങളുടെ വാസസ്ഥാനമാണ്. മനോഹരമായ ഈ പന്തലിൽ പ്രഭാപൂരം പൊഴിക്കുന്ന വൈദ്യുതദീപങ്ങളുടെ താഴത്തു് നാം ഇരിക്കുന്നു; എന്നാൽ പാവങ്ങളുടെ മുതലുകൊണ്ടാണ് ഈ ദീപങ്ങൾ കത്തിക്കുന്നതെന്ന വസ്തുത നാം അറിയുന്നില്ല. ഈ ദീപങ്ങൾക്കായി നാം അവരോടു കടപ്പെട്ടിരിക്കുന്നുവെന്നുള്ളതു് വിസ്മരിക്കുകയാണെങ്കിൽ ഇവ ഉപയോഗിക്കുവാൻ നമുക്ക് യാതൊരവകാശവുമില്ല.

2

ഓരോ രാജ്യസ്നേഹിയുടെയും കർത്തവ്യം നാശോന്മുഖമായ ഈ പോക്കിനെ തടയുന്നതിനുള്ള മാർഗ്ഗം ആരായുകയാണ്. നഗരങ്ങളിലെപ്പോലെ സുഖസൗകര്യങ്ങളോടുകൂടി താമസിക്കത്തക്കവിധം ഗ്രാമങ്ങളെ പുനഃസംവിധാനം ചെയ്യണം. ഇതുതന്നെയാണ് രാജ്യസ്നേഹിയായ ഓരോരുത്തരുടെയും കർത്തവ്യം. ഗ്രാമീണർ ഉദ്ധരിക്കാൻ കഴിയാത്തവിധം അധഃപതിച്ചുപോയിരിക്കാം; ഗ്രാമീ

---

1. Harijan, 11-5-1935 (India of My Dreams, P. 47)
2. Harijan, 7-3-1936 (India of My Dreams, P. 93)

digitized by www .sreyas.in

ണസംസ്കാരത്തിന്റെ കാലം കഴിഞ്ഞുപോയി എന്നു വരാം, ഏഴു ലക്ഷം ഗ്രാമങ്ങൾ പോയി, തൽസ്ഥാനത്ത് മുന്നൂറുകോടി ജനസംഖ്യയുള്ള എഴുന്നൂറു ചിട്ടപ്പെടുത്തിയ നഗരങ്ങൾ ഉണ്ടായെന്നു വരാം. ഇപ്രകാരമാണ് ഇന്ത്യയുടെ വിധി എങ്കിൽ അതും ഒരു ദിവസംകൊണ്ടു സംഭവിക്കാൻ പോകുന്നില്ല. അനേകം ഗ്രാമങ്ങളെയും ഗ്രാമീണരെയും നിർമ്മാർജ്ജനം ചെയ്തിട്ട് ശേഷിക്കുന്ന ഗ്രാമങ്ങളെയും ഗ്രാമീണരെയും പട്ടണങ്ങളായും പട്ടണവാസികളായും രൂപാന്തരപ്പെടുത്താൻ കാലം കുറെ പിടിക്കും.

3

അതിലേയ്ക്കുള്ള ഏകമാർഗ്ഗം അവരുടെയിടയിൽ വർത്തിക്കുകയും, ഉറച്ച വിശ്വാസത്തോടുകൂടി അവരുടെ തോട്ടികളും ശുശ്രൂഷകരും ഭൃത്യരുമെന്ന നിലയിൽ — രക്ഷാധികാരികൾ എന്ന നിലയിലല്ല — പ്രവർത്തിക്കുകയും, അവരുടെനേർക്കുള്ള നമ്മുടെ പ്രതികൂലമനോഭാവവും മുൻതീരുമാനങ്ങളും വിസ്മരിക്കുകയുമാണ്. ഒരു നിമിഷത്തേക്ക് നമുക്ക് സ്വരാജിനെപ്പോലും മറക്കാം; ആ കൂട്ടത്തിൽ ആരുടെ സാന്നിദ്ധ്യമാണോ നമുക്ക് ഓരോ കാൽവയ്പിലും അസ്വാസ്ഥ്യം ജനിപ്പിക്കുന്നത്, ആ 'ഉള്ള കൂട്ടരെയും' വിസ്മരിക്കാം. അവരവിടെയുണ്ട്. ആമാതിരി വലിയ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനു ധാരാളം ആളുകളും ഉണ്ട്. ഇപ്പോൾ ആവശ്യമായിത്തീർന്നിട്ടുള്ളതും നമ്മുടെ ലക്ഷ്യത്തിലെത്തിക്കഴിഞ്ഞാൽപ്പോലും ശേഷിക്കുന്നതുമായ എളിയഗ്രാമീണ പ്രവർത്തനങ്ങളിൽ നമുക്ക് ഏർപ്പെടാം.

4

ഗ്രാമീണപ്രസ്ഥാനം ഗ്രാമവാസികൾക്കെന്നപോലെതന്നെ നഗരവാസികൾക്കും ഒരു ശിക്ഷണരംഗമാണ്. നഗരങ്ങളിൽനിന്നു വരുന്ന പ്രവർത്തകന്മാർ ഗ്രാമീണമനസ്ഥിതി വളർത്തുകയും ഗ്രാമീണരെപ്പോലെ ജീവിക്കുവാൻ പഠിക്കുകയും വേണം. അതുകൊണ്ട് ഗ്രാമീണരെപ്പോലെ അവരും പട്ടിണികിടക്കണമെന്നു് അർത്ഥമില്ല. എന്നാൽ പഴയജീവിതരീതിയിൽ ഒരു സമൂലപരിവർത്തനം വരണമെന്നു് നിശ്ചയമായും അതിനർത്ഥമുണ്ട്.

5

ഗ്രാമങ്ങളെ ഗ്രസിച്ചിരിക്കുന്ന മൂന്നു ദോഷങ്ങളെ നമുക്കു നേരിടേണ്ടതുണ്ട്: (1) യോജിച്ചുള്ള ശുചീകരണത്തിന്റെ അഭാവം.

3. Harijan, 16-3-1936 (India of My Dreams, P. 94)
4. Harijan, 11-4-1936 (India of My Dreams, P. 94)
5. Harijan, 16-5-1936 (India of My Dreams, P. 95)

digitized by www .sreyas.in

(2) കുറഞ്ഞതരത്തിലുള്ള ഭക്ഷണം. (3) ജാഡ്യത. ഗ്രാമീണക്ക് അവരുടെ ക്ഷേമത്തിൽ താല്പര്യമില്ല. ആധുനികശുചീകരണസമ്പ്രദായങ്ങളെ അവർ ഗണ്യമാക്കുന്നില്ല. കൃഷിസ്ഥലങ്ങൾ കിളയ്ക്കുക മുതലായി തങ്ങൾ പരിചയിച്ച ജോലികളിൽ കവിഞ്ഞുള്ള പ്രയത്നങ്ങൾ അവർ ഇഷ്ടപ്പെടുന്നില്ല. ഈ വൈഷമ്യങ്ങൾ യഥാർത്ഥവും ഗൗരവമേറിയവയുംതന്നെ എന്നിരുന്നാലും അവ നമ്മെ പരാജയപ്പെടുത്തിക്കൂടാ. നമ്മുടെ സംരംഭത്തിൽ നമുക്ക് ഉറച്ച വിശ്വാസമുണ്ടായിരിക്കണം. ജനങ്ങളോട് നാം എത്രയും ക്ഷമയോടുകൂടി പെരുമാറണം. ഗ്രാമീണപ്രവർത്തനങ്ങളിൽ നാം തുടക്കക്കാരാണ്. വളരെ പഴക്കംചെന്ന ഒരു രോഗത്തെയാണ് നമുക്കു നേരിടേണ്ടി വന്നിരിക്കുന്നത്. ക്ഷമയും സ്ഥിരോത്സാഹവും ഉണ്ടെങ്കിൽ മലയ്ക്കു സമമായ വൈഷമ്യങ്ങളെയും നമുക്കു തരണം ചെയ്യാൻ കഴിയും. രോഗികൾ തീരാവ്യാധി പിടിപെട്ടവരാണെന്ന് അറിവുണ്ടെങ്കിലും അവരെ ഉപേക്ഷിച്ചുപോകാത്ത ശുശ്രൂഷികകളെപ്പോലെയാണ് നമ്മൾ.

## 6

ഇന്നു മിക്ക ഗ്രാമങ്ങളിലും ആവശ്യമുള്ള ധാന്യം കൃഷിചെയ്തുണ്ടാക്കുന്നതുപോലെ, ഓരോ ഗ്രാമത്തിനും വേണ്ടതായ നൂൽനൂൽപ്പും നെയ്ത്തും അവിടെത്തന്നെ നിർവ്വഹിക്കപ്പെടണം എന്നുള്ളതാണ് നമ്മുടെ ആദർശം. ആവശ്യമുള്ള ധാന്യം മുഴവൻ കൃഷിചെയ്തുണ്ടാക്കുന്നതിനേക്കാൾ എളുപ്പമാണ് ഓരോ ഗ്രാമത്തിനും വേണ്ടിടത്തോളം നൂൽനൂൽപ്പും നെയ്ത്തും നടത്തുന്നത്. യാതൊരു പ്രയാസവുംകൂടാതെ വേണ്ടുവോളം പഞ്ഞി ശേഖരിച്ച് നൂലെടുത്തു നെയ്യാൻ ഓരോ ഗ്രാമത്തിനും സാധിക്കും.

## 7

അർദ്ധപട്ടിണിക്കാരായ ഇൻഡ്യയിലെ ജനസാമാന്യം മന്ദം മന്ദം നിർജ്ജീവതയിലേക്കു താഴുന്നു എന്നുള്ള വസ്തുത നഗരവാസികളുടെ അറിവിൽപ്പെടുന്നില്ല. വിദേശീയനായ ചൂഷകനുവേണ്ടിച്ചെയ്യുന്ന ദല്ലാൾപ്പണിയിൽനിന്നും കിട്ടുന്ന ആദായംകൊണ്ടാണ് നഗരവാസി അനുഭവിക്കുന്ന ദുരിതംപിടിച്ച സുഖസൗകര്യങ്ങൾ ലഭിക്കുന്നതെന്നും അപ്രകാരമുള്ള ലാഭങ്ങളും ദല്ലാൾവട്ടവും സാമാന്യജനതയെ വാട്ടിയെടുക്കുന്നവയാണെന്നും അവരാൾ അറിയുന്നില്ല. നിയമപ്രകാരം ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു ഗവൺമെൻറു സ്ഥാപിച്ചു നടത്തിവരുന്നതുതന്നെ ഈ വിധത്തിൽ പാവങ്ങളെ ചൂഷണം ചെയ്യാനാണെന്ന് അവർ മനസ്സിലാക്കുന്നില്ല.

---

6. Young India, 11-8-1921 (Panchayat Raj P. 26)
7. Young India, 23-3-1922 (Selections from Gandhi, P. 64)

digitized by www .sreyas.in

വെറും യുക്ത്യാഭാസങ്ങളോ കണക്കുകളിൽ കാണിക്കുന്ന ജാലവിദ്യകളോകൊണ്ട്, നഗ്നനേത്രങ്ങൾക്കു ദൃശ്യമാകുന്ന ഗ്രാമീണ മനുഷ്യാസ്ഥികൂടങ്ങൾ നൽകുന്ന തെളിവുകളെ മാച്ചുകളയുക സാദ്ധ്യമല്ല. ദൈവം എന്നൊരാൾ മുകളിൽ ഉണ്ടെങ്കിൽ ചരിത്രത്തിൽ സാമ്യം കണ്ടുപിടിക്കാൻ സാധിക്കാത്തതും മനുഷ്യരാശിയോടു ചെയ്യുന്നതുമായ ഈ പാപകർമ്മത്തിനു് ഇംഗ്ലണ്ടും ഇൻഡ്യയിലെ നഗരവാസികളും ഉത്തരം പറയേണ്ടിവരുമെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല.

8

നമുക്കു വേണ്ട ധാന്യം നാം കൃഷിചെയ്തുണ്ടാക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നതുപോലെതന്നെ നമുക്കു് ആവശ്യമുള്ള പഞ്ഞിയും നാം ഉല്പാദിപ്പിക്കുകയും നമ്മുടെ വീടുകളിൽത്തന്നെ നൂലെടുക്കുകയും നമ്മുടെ നെയ്ത്തുകാർ നെയ്ത വസ്ത്രങ്ങൾ നാം ധരിക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു പണ്ടത്തെ നമ്മുടെ ദേശീയസമ്പദ്വ്യവസ്ഥ. ഈ വിവരണത്തിൽ ആദ്യഭാഗം ഇപ്പോഴും യഥാർത്ഥമായി തുടരുന്നു. എന്നാൽ രണ്ടാംഭാഗം മിക്കവാറും നടപ്പിലില്ലാതായിട്ടുണ്ടു്. ഒരാൾ സാധാരണയായി ഭക്ഷണത്തിനു ചെലവാക്കുന്നതിന്റെ പത്തിലൊരംശം വസ്ത്രത്തിനുവേണ്ടി ചെലവാക്കുന്നു; ഇങ്ങനെ നമ്മുടെ വരവിന്റെ പത്തിലൊന്നു നമ്മുടെ ഇടയിൽത്തന്നെ വിതരണം ചെയ്യുന്നതിനുപകരം ഇംഗ്ലണ്ടിലേക്കോ നമ്മുടെ മില്ലുകളിലേക്കോ അയയ്ക്കുന്നു. അതിന്റെ അർത്ഥം നാം അത്രത്തോളം തൊഴിൽ നഷ്ടപ്പെടുത്തുന്നു എന്നും, വസ്ത്രധാരണത്തിനുവേണ്ടി പ്രത്യേകം ചെലവുചെയ്യുന്നു എന്നും, തൽഫലമായി രണ്ടുതരത്തിലും നഷ്ടം സഹിക്കുന്നു എന്നുമാണു്. ഇങ്ങനെ വസ്ത്രത്തിനുവേണ്ടി ചെലവുചെയ്യുന്നതിനായി നാം ആഹാരത്തിന്റെ കാര്യത്തിൽ കുറവുവരുത്തുകയും അങ്ങനെ ദിനംപ്രതി ദരിദ്രതത്തിലേക്കു് ആണ്ടുപോവുകയും ചെയ്യുന്നു. കൃഷി, നൂൽനൂൽപ്പ് എന്നീ രണ്ടു വ്യവസായങ്ങളും നമ്മുടെ ഭവനങ്ങളിലും ഗ്രാമങ്ങളിലുംനിന്നു് അപ്രത്യക്ഷമാകുമ്പോൾ നാം നശിക്കാനേ തരമുള്ളു.

9

മിസ്റ്റർ ബ്രെയിൻ എഴുതിയ 'ഇൻഡ്യയിലെ ഗ്രാമോദ്ധാരണം' (Village Uplift in India) എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പായ 'ഗ്രാമീണഭാരതത്തിന്റെ പുനർനിർമ്മാണം' (The Re-

8. Young India, 8-1-1925 (Selections from Gandhi, P. 56)
9. Young India, 14-11-1929 (Re-building Our Villages, pp. 102-104)

digitized by www .sreyas.in

making of Village India) എന്ന ഗ്രന്ഥം ഞാൻ വായിച്ചു. ലാലാ ദശരാജിന്റെ ലേഖനങ്ങളിൽനിന്നും ഒരാശയം തീരുമാനിക്കാൻ കഴിയുന്നതു്, ഗ്രാമങ്ങളുടെ പുനഃസംവിധാനം സംബന്ധിച്ചുള്ള ഗുർഗാവു് പരീക്ഷണം വാസ്തവത്തിൽ ഒരു പരാജയം ആയിരുന്നുവെന്നാണു്. മിസ്റ്റർ ബ്രെയിൻ ഗുർഗാവിൽനിന്നും മടങ്ങിയതോടുകൂടി അദ്ദേഹത്തിന്റെ പ്രചോദനം അഥവാ നിർബ്ബന്ധം അനുസരിച്ചു പ്രവർത്തിച്ചുപോന്നവർ നിർബ്ബാധിതരായിക്കാണപ്പെട്ടു; അന്നു തയാറാക്കിയ വളക്കുഴികൾ ഉപേക്ഷിക്കപ്പെട്ടു. പുതിയ കലപ്പകൾ തുരുമ്പിച്ചുതുടങ്ങി; സഹവിദ്യാഭ്യാസപ്രസ്ഥാനം വിലയംപ്രാപിച്ചു.

ഈ പരാജയത്തിനുള്ള കാരണം കണ്ടുപിടിക്കാൻ വലിയ അന്വേഷണമൊന്നും ആവശ്യമില്ല. അദ്ദേഹത്തിന്റെ പരിഷ്കാരം ഉള്ളിൽനിന്നും ഉത്ഭവിച്ചതല്ല; പുറമേനിന്നും അടിച്ചേല്പിക്കപ്പെട്ടതായിരുന്നു. മിസ്റ്റർ ബ്രെയിൻ സ്വന്തം ഔദ്യോഗികസ്ഥാനത്തെ തന്റെ സിൽബന്തികളുടെയും പൊതുജനങ്ങളുടെയുംമേൽ നിർബ്ബന്ധിതപ്രേരണ ചെലുത്തുന്നതിനുപയോഗപ്പെടുത്തി; എന്നാൽ നിർബ്ബന്ധംകൊണ്ടു കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല; തന്മൂലം വിജയത്തിനു് അത്യന്താപേക്ഷിതമായ ആ ഉറച്ച വിശ്വാസം ഇല്ലാതായി. സംഭവങ്ങളുടെ പരിണതഫലം ജനങ്ങൾക്കു വിശ്വാസം ജനിപ്പിച്ചുകൊള്ളുമെന്നു് മിസ്റ്റർ ബ്രെയിൻ വിചാരിച്ചു. എന്നാൽ പരിഷ്കാരത്തിനുള്ള പ്രവൃത്തിമാർഗ്ഗം അതല്ല. പരിഷ്കർത്താവിന്റെ പന്ഥാവിൽ വിതറിയിരിക്കുന്നതു റോസാപുഷ്പങ്ങളല്ല, മുള്ളുകളാണു്. അതുകൊണ്ടു് അയാളുടെ മുന്നോട്ടുള്ള കാൽവയ്പുകൾ ഏററവും ശ്രദ്ധാപൂർവ്വം വേണ്ടതാണു്. അയാൾക്കു മുടന്തിനടക്കാം, എന്നാൽ ചാടാൻ പാടില്ല. മിസ്റ്റർ ബ്രെയിനാകട്ടെ, അക്ഷമനായി ഒരൊററ കാൽവയ്പിൽ വളരെ അധികദൂരം കടന്നുപോകാനുദ്ദേശിച്ചു; അതിൽ അദ്ദേഹം പരാജയപ്പെട്ടു.

ഒരുദ്യോഗസ്ഥൻ ഒരു പരിഷ്കർത്താവാകുമ്പോൾ തന്റെ ഔദ്യോഗികസ്ഥാനം അതിലേക്കു സഹായകമല്ലെന്നും പ്രത്യുത, അതൊരു പ്രതിബന്ധമാണെന്നുമുള്ള വസ്തുത മനസ്സിലാക്കിയിരിക്കണം. അയാൾ എത്ര ഭഗീരഥപ്രയത്നം ചെയ്താലും അയാളെയും അയാളുടെ ഉദ്ദേശങ്ങളെയും ജനങ്ങൾ സംശയദൃഷ്ടിയോടുകൂടിയേ വീക്ഷിക്കുകയുള്ളു; ആപത്തൊന്നുമില്ലാത്തിടത്തു് അവക്കു് ആപത്തു ശങ്കയുണ്ടാകും. അതുസംബന്ധിച്ചുള്ള അവരുടെ പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥനെ പ്രീണിപ്പിക്കാനല്ലാതെ, തങ്ങളെ തൃപ്തിപ്പെടുത്താനായിരിക്കുകയില്ല. മി. ബ്രെയിന്നു് നേരിടേണ്ടിവന്ന മറെറാരു തകരാറു് പണം വേണ്ടുവോളം കിട്ടാനുള്ള വിനാശകരമായ സൗകര്യമുണ്ടായിരുന്നതാണു്. എന്റെ അഭിപ്രായത്തിൽ, ഒരു പരി

digitized by www .sreyas.in

ഷ്ഠത്താവിൻെറ സമരത്തിനു വേണ്ട സാമഗ്രികളിൽ ഒടുവിലത്തെ സ്ഥാനംമാത്രമേ ധനത്തിനു കല്പിക്കാൻ പാടുള്ളു. ആവശ്യത്തിൻെറ തോതനുസരിച്ച് അഭ്യർത്ഥനകളൊന്നും കൂടാതെതന്നെ പണം വന്നു ചേർന്നുകൊള്ളും. തങ്ങളുടെ സംരംഭങ്ങരം വിജയിക്കാത്തതിനു കാരണം ധനസഹായത്തിൻെറ കുറവാണെന്നു വാദിക്കുന്ന പരിഷ്ഠത്താക്കളെ ഞാൻ എല്ലായ്പോഴും അവിശ്വസിക്കുകയേ ചെയ്തിട്ടുള്ളു. മനഃപൂർവ്വമുള്ള ഔത്സുക്യവും വേണ്ടുവോളം അറിവും ആത്മവിശ്വാസവുമുള്ള ആരംക്കു ധനസഹായം ഏതുകാലത്തും ഉണ്ടാവുക സ്വാഭാവികമാണ്; മിസ്റ്റർ ബ്രെയിനാകട്ടെ, തൻെറ പരീക്ഷണങ്ങരംക്കുള്ള വിജയത്തിന് ആത്മവിശ്വാസത്തെയും ജനങ്ങളിലുള്ള വിശ്വാസത്തെയും അപേക്ഷിച്ചു കൂടുതലായി ധനത്തെയാണ് ആശ്രയിച്ചതു്. ലാലാ ദശരാജിൻെറ കണക്കനുസരിച്ച് മിസ്റ്റർ ബ്രെയിനു് പ്രതിവർഷം ഈ ഇനത്തിൽ 50,000 രൂപ ചെലവാക്കാനുണ്ടായിരുന്നിട്ടും, പണത്തിൻെറ കുറവുകാരണം പല ജോലികളും പുരോഗമിപ്പിക്കാൻ കഴിയുന്നില്ലെന്ന് അദ്ദേഹം പരാതിപ്പെടുന്നു. അദ്ദേഹത്തിൻെറ അതിമോഹം തൃപ്തിപ്പെടുത്താൻ കഴിയാത്തവിധത്തിലുള്ളതാണ്; അതനുസരിച്ചുതന്നെയാണ് അദ്ദേഹത്തിൻെറ പരീക്ഷണവും.

അദ്ദേഹത്തിൻെറ പരീക്ഷണങ്ങളെക്കൂടാതെതന്നെ ആ ഗ്രന്ഥം പഠനാർഹമാണ്. മി. ബ്രെയിൻെറ ആത്മാർത്ഥതയെപ്പററി സംശയിക്കാനില്ല. പ്രസ്തുത ഗ്രന്ഥത്തിലെ ഓരോ വശവും അതിനു സാക്ഷ്യം വഹിക്കുന്നു. ഗ്രന്ഥകാരൻെറ പല നിർദ്ദേശങ്ങളുടെയും യഥാർത്ഥ മേന്മ തക്കമെററതാണ്. ആ പുസ്തകം സമർത്ഥമായി എഴുതപ്പെട്ടതാണ്. ഗ്രാമപുനഃസംഘടനാപ്രവർത്തനങ്ങളിൽ ഏർപ്പെടാനാശിക്കുന്ന ഓരോ ആളും മി. ബ്രെയിൻെറ ഗ്രന്ഥം ശരിക്കു പഠിക്കണം. ഗ്രാമങ്ങളിലെ ന്യൂനതകരം മി. ബ്രെയിൻെറ വിവരണമനുസരിച്ചു താഴെ പറയുന്നവയാണ്.

1) കർഷകൻെറ കൃഷിസമ്പ്രദായങ്ങരം മോശമാണ്.

2) അയാളുടെ ഗ്രാമം വൃത്തികെട്ടതാണ്; അയാരം അഴുക്കിലും ചേറിലും രോഗത്തിലും കഷ്ടപ്പാടുകളിലുംകൂടി ജീവിക്കുന്നു.

3) അയാരം സാംക്രമികരോഗങ്ങരംക്കു വശംവദനാണ്.

4) അയാരം തൻെറ സ്വത്തു മുഴുവൻ പാഴാക്കുന്നു.

5) അയാരം സ്ത്രീകളെ അപമതിയിലും അടിമത്തത്തിലും തള്ളുന്നു.

6) തൻെറ ഗൃഹത്തെയോ ഗ്രാമത്തെയോ അയാരം ശ്രദ്ധിക്കുന്നില്ല; തന്നെയും തൻെറ പരിസരങ്ങളെയും നന്നാക്കുന്നതിനു വേണ്ടി സമയമോ ചിന്തയോ അയാരം ചെലവഴിക്കുന്നില്ല.

7) ഏതു മാററത്തെയും അയാരം എതിർക്കുന്നു; അയാരം

digitized by www .sreyas.in

നിരക്ഷരകുക്ഷിയാണ്; മററു പരിഷ്കൃതരാജ്യങ്ങളിലും തന്റെ രാജ്യത്തിലെ മററു ഭാഗങ്ങളിലുമുള്ള ഗ്രാമീണക്കുണ്ടാകുന്ന പുരോഗതിയെക്കുറിച്ച് അയാൾ അജ്ഞനാണ്. താൻ മനസ്സുവെച്ചാൽ തനിക്കുണ്ടാകാവുന്ന സ്ഥിതിയെക്കുറിച്ചും അയാൾ പഠിക്കുകയോ അറിയുകയോ ചെയ്യുന്നില്ല.

ഈ വിവരണം വളരെ അതിശയോക്തിപരമാണ്. ഇൻഡ്യയിലെ ഗ്രാമീണന്റെ കൃഷിസമ്പ്രദായം തീർച്ചയായും മോശമല്ല. അയാൾക്കു കൃഷിയെപ്പററി ആക്ഷേപാർഹമല്ലാത്ത ഒരു പ്രായോഗികജ്ഞാനമുണ്ടെന്നു പലരും സമ്മതിച്ചിട്ടുണ്ട്. രണ്ടാമത്തും മൂന്നാമത്തുമായി ചൂണ്ടിക്കാണിക്കുന്ന പോരായ്മകൾ സമ്മതിച്ചുകൊടുക്കാതെ തരമില്ല. നാലാമത്തേതു മുഴുവനായിട്ടല്ലെങ്കിലും അധികവും സമ്മതിച്ചുകൊടുക്കാൻ നിവൃത്തിയില്ലാത്തതാണ്; കാരണം അയാൾക്കു നശിപ്പിക്കാൻ സ്വത്തില്ലാത്തതുതന്നെ. അഞ്ചും ആറും ഏഴും ഏറെക്കുറെ ശരിയാണ്. നിർദ്ദേശിച്ചിട്ടുള്ള പരിഹാരങ്ങൾ പതിനെട്ടാണ്. അവയെ താഴെക്കാണുന്നവിധം സമാഹരിക്കാം.

1) നല്ല കന്നുകാലികളെ വളർത്തുക.
2) ആധുനികോപകരണങ്ങൾ ഉപയോഗിക്കുക.
3) നല്ല വിത്തുപയോഗിക്കുക.
4) പേർഷ്യൻ ചക്രങ്ങൾ ഘടിപ്പിക്കുക.
5) വളം കുഴികളിൽ ശേഖരിക്കുക.
6) ചാണകവറളിയുണ്ടാക്കുന്ന ഏർപ്പാടു നിർത്തലാക്കുക.
7) ഗ്രാമീണബാങ്കുകളെ ഉപയോഗപ്പെടുത്തുക.
8) നിലങ്ങളെ വരമ്പുപിടിച്ച്, സമചതുരങ്ങളായി ഭാഗിച്ച്, നിരപ്പാക്കി മഴവെള്ളം നഷ്ടപ്പെടുന്നതു് തടയുക.
9) കൈവശഭൂമികളെ ഏകീകരിക്കുക.
10) കിണറുപയോഗിച്ച് ആണ്ടുമുഴുവൻ ആവശ്യമുള്ള വിളവു സമ്പാദിക്കുക.
11) ഒഴിഞ്ഞുകിടക്കുന്ന ഭൂപ്രദേശങ്ങളിലെല്ലാം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.
12) കന്നുകാലികൾക്കുണ്ടാകുന്ന രോഗബാധ തടയാൻ കുത്തിവയ്ക്കുക.
13) വിളവിന്റെ പങ്കുപററാനെത്തുന്ന എലി, മുള്ളൻപന്നി, ക്ഷുദ്രജീവികൾ എന്നിവയെ കൊന്നു നശിപ്പിക്കുക.
14) മേച്ചിൽസ്ഥലങ്ങളെ അഭിവൃദ്ധിപ്പെടുത്തുക.
15) നിങ്ങൾക്കുള്ള ഭൂമിയിൽ പകുതി നല്ലവണ്ണം കൃഷി ചെയ്തിട്ട്, മിച്ചമുള്ളതു പുല്ലു വളർത്താൻ വിനിയോഗിക്കുക.
16) കിണററുവെള്ളം കൊണ്ടുപോകുന്നതിനു് ഭൂമിക്കടിയിലൂടെ കുഴലുകൾ ഘടിപ്പിക്കുക.

digitized by www .sreyas.in

17) മണൽക്കുന്നുകളുണ്ടാകാതിരിക്കത്തക്കവണ്ണം, അവിടവിടെ വളരുന്നതും മണലിനെ തടഞ്ഞുനിർത്തുന്നതുമായ ചെടികൾ വച്ചു പിടിപ്പിക്കുക.

18) ചാലുകളെയും തോടുകളെയും ചൊവ്വാക്കി വൃത്തിയാക്കുക.

ഇതിൽ പല നിർദ്ദേശങ്ങളും പ്രശംസനീയങ്ങളാണ്. പുതിയ കാര്യങ്ങളിൽ ശ്രദ്ധാപൂർവ്വമുള്ള പരീക്ഷണം ആവശ്യമാണ്. പഴയതിൽ കുറെയൊക്കെ നടപ്പിലാക്കാൻ കഴിയാത്തമട്ടിലുള്ളവയാണ്. നവീനോപകരണങ്ങളെപ്പററിയാണെങ്കിൽ, പതിനഞ്ചു വർഷത്തെ തുടരെയുള്ള പരീക്ഷണങ്ങൾക്കുശേഷം, ഉപകരണങ്ങളോടു യാതൊരു വിദ്വേഷവുമില്ലാതെതന്നെ, അവയിൽ പലതും ആശ്രമത്തിൽ തുടർച്ചയായി ഉപയോഗിച്ചുനോക്കിയതിൽ മിക്കതും പ്രയോജനരഹിതമാണെന്നുള്ള അനുമാനത്തിൽ ഞങ്ങൾ എത്തി. ഞങ്ങൾ അവയൊന്നും നാശമാക്കിയില്ലെന്നും വായനക്കാരോടു് ഉറപ്പു പറയാം. ഞങ്ങൾ പതർച്ചകൂടാതെ പുരോഗമിക്കുന്നുണ്ട്. എന്നാൽ നവീനോപകരണങ്ങൾ അപൂർവ്വമായിട്ടേ ഉപയോഗയോഗ്യമായിക്കാണപ്പെടുന്നുള്ളു. ആശ്രമത്തിലെ ഈ പരീക്ഷണത്തെപ്പററി വ്യവസ്ഥിതമായ ഒരു കുറിപ്പു പിന്നീടു നൽകാമെന്നു ഞാനുദ്ദേശിക്കുന്നു. അതിനിടയിൽ, നവീനോപകരണങ്ങൾ വാങ്ങാൻപോകുന്നവരോടു് ഒന്നേ പറയാനുള്ളു: ''സാവധാനം ധിറുതിപ്പെടുക.'' വളം സൂക്ഷിക്കുന്നതും, ചാണകവറളിയുണ്ടാക്കി വളം ധൂർത്തമായി നശിപ്പിക്കുന്ന നടപടിയെ തടയുന്നതും ശ്രദ്ധാർഹമായ നിർദ്ദേശങ്ങളാണ്. വസ്തുക്കളെ തുണ്ടുതുണ്ടാക്കുന്നതു നിശ്ചയമായും അടിയന്തിരശ്രദ്ധ പതിയേണ്ട ഒരു പോരായ്മയാണ്. വിട്ടുവീഴ്ചയില്ലാത്ത ഒരു നിയമനിർമ്മാണംകൊണ്ടുമാത്രമേ വ്യാപിച്ചുകൊണ്ടിരിക്കുന്ന നിരർത്ഥകമായ ഈ ശിഥിലീകരണത്തെ നിർമ്മാർജ്ജനം ചെയ്യാൻ സാദ്ധ്യമാകയുള്ളു. ഈ നിർദ്ദേശങ്ങൾക്കെല്ലാം യഥാർത്ഥ വിദ്യാഭ്യാസവും ആത്മവിശ്വാസവും വേണ്ടിയിരിക്കുന്നു. പട്ടിണിയിൽ കഴിയുന്ന കർഷകനു വിദ്യാഭ്യാസവും ആത്മവിശ്വാസവുമില്ല; എന്തെന്നാൽ നിർദ്ധനത ജന്മസിദ്ധമാണെന്നും അതിൽനിന്നും മോചനം കിട്ടുകയില്ലെന്നും അയാൾ വിശ്വസിക്കുന്നു. ശുചീകരണത്തെപ്പററി മി. ബ്രെയിനു വിലയേറിയ നിർദ്ദേശങ്ങൾ തരാനുണ്ട്. ശുദ്ധവാരുന്ന സാധനങ്ങൾ, ചവറു്, ചാണകം, ചാരം മുതലായ വളങ്ങൾ ശരിയായി തയാറാക്കിയിട്ടുള്ള കുഴികളിലല്ലാതെ ഇടാൻ അദ്ദേഹം അനുവദിക്കുന്നില്ല. വളക്കുഴികളെ കക്കൂസുകളായിട്ടുകൂടി ഉപയോഗപ്പെടുത്തുന്നതിനുവേണ്ട വിപുലമായ ബോധനവും അദ്ദേഹം നൽകുന്നു.

digitized by www .sreyas.in

10

പ്രാചീനകാലത്തു് നെല്ലുകുത്തുകയും അരി പൊടിക്കുകയും ചെയ്തുവന്ന സമ്പ്രദായത്തോടുള്ള ഒരു പക്ഷപാതമനോഭാവംകൊണ്ടു ഞാൻ അതിലോട്ടു മടങ്ങിപ്പോകാൻ ഇഷ്ടപ്പെടുന്നതായി സംശയിക്കരുതു്. ആ മടങ്ങിപ്പോക്കിനെ ഞാൻ അനുകൂലിക്കുന്നതു് അലസതയിൽ കഴിയുന്ന ലക്ഷക്കണക്കിലുള്ള ഗ്രാമീണർക്കു തൊഴിലുണ്ടാക്കിക്കൊടുക്കാൻ വേറെ മാർഗ്ഗമില്ലാത്തതുകൊണ്ടാണു്. ഇന്നത്തെ അടിയന്തിരാവസ്ഥയിലുള്ള സാമ്പത്തികദുരിതത്തിനു് ഒരു പരിഹാരം കണ്ടുപിടിച്ചില്ലെങ്കിൽ ഗ്രാമപുനരുദ്ധാരണം അസാദ്ധ്യമാകുമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് അലസമായി കഴിക്കുന്ന അവസരങ്ങളെ ഉപയോഗപ്രദമായി ചെലവാക്കാൻ ഗ്രാമീണരെ പ്രേരിപ്പിക്കുന്നതുതന്നെ ഒരുറച്ച ഉദ്ധാരണപ്രവർത്തനമായിരിക്കും.

11

ഗ്രാമീണരോടു് ഒരു മഹാപരാധം പ്രവർത്തിച്ചു എന്ന കുററം നമുക്കുണ്ടു്; അതിനുള്ള ഏക പരിഹാരം നഷ്ടപ്പെട്ട അവരുടെ വ്യവസായങ്ങളെയും കലകളെയും പുനരുദ്ധരിക്കുന്നതിനു് അവരെ പ്രോത്സാഹിപ്പിക്കുകയും, അതിനുള്ള കമ്പോളം അവർക്കുണ്ടെന്നു് ഉറപ്പുവരുത്തിക്കൊടുക്കുകയുമാണു്. ദൈവത്തെപ്പോലെ ക്ഷമിക്കുകയും സഹിക്കുകയും ചെയ്യുന്ന മററാരുമില്ല; എന്നാൽ അദ്ദേഹത്തിന്റെ ക്ഷമയ്ക്കും സഹനശക്തിക്കുംപോലും ഒരതിരൊക്കെയുണ്ടു്. ഗ്രാമങ്ങളോടു നമുക്കുള്ള കർത്തവ്യം നാം അവഗണിക്കുകയാണെങ്കിൽ നാം സ്വയം നാശം വരുത്തിവയ്ക്കുകയായിരിക്കും. ഇതു വളരെ ഭാരമേറിയ ഒരു കർത്തവ്യമല്ല; അവിശ്വസനീയമാംവിധം അത്ര തുച്ഛമാണു്. നമുക്കു ഗ്രാമീണമനോഭാവമുണ്ടാകണമെന്നുമാത്രം. വലിയ ചെലവില്ലാത്ത ജോലിയുമാണതു്. ഏററവും അടുത്ത ഗ്രാമങ്ങളിൽ പോകാൻ വാളൻറിയർമാരെ ആവശ്യമുണ്ടു്; അവർ അവിടെച്ചെന്നു ഗ്രാമീണർ സംഭരിക്കുന്ന വിഭവങ്ങൾക്കു നഗരങ്ങളിൽ കമ്പോളമുണ്ടെന്നു് ഉറപ്പുകൊടുക്കണം. എല്ലാ ജാതികളിലും വർഗ്ഗങ്ങളിലും കക്ഷികളിലും മതങ്ങളിലുംപെട്ട സ്ത്രീപുരുഷന്മാർക്ക ഏറെറടുക്കാവുന്ന ഒരു ജോലിയാണതു്. നമ്മുടെ രാജ്യത്തെ സമ്പദ്വ്യവസ്ഥയോടു പൊരുത്തപ്പെട്ട ഒന്നാണിതു്.

കഠിനമായ സൂര്യരശ്മി മുതുകിൽ ഏററുകൊണ്ടു കുനിഞ്ഞുനിന്നു വേലചെയ്യുന്ന ഗ്രാമീണരുമായി നാം താദാത്മ്യം പ്രാപിക്കുക

10. Harijan, 30-11-1934 (Re-building Our Villages, P. 35)

11. Harijan, 1-3-1935 (Panchayat Raj, P. 23 and India of My Dreams, P. 92)

digitized by www .sreyas.in

യും, അവർ കുളിക്കാനും മുണ്ടു നനയ്ക്കാനും പാത്രം തേക്കാനും അവരുടെ കന്നുകാലികൾ കുടിക്കാനും കിടന്നു മറിയാനുമുപയോഗിക്കുന്ന നീരുറവകളിലെ വെള്ളം നാം കുടിക്കാൻ ഇഷ്ടപ്പെടുന്നതെങ്ങനെയാണെന്ന് ആലോചിക്കുകയുംവേണം. ആ ഒരു സ്ഥിതിയുണ്ടാകുമ്പോൾമാത്രമേ നാം ജനസാമാന്യത്തെ പ്രതിനിധാനം ചെയ്യുകയുള്ളു. അന്ന്—ഇതു ഞാൻ ഇപ്പോൾ എഴുതുന്നു എന്നുള്ളതോടൊപ്പംതന്നെ തീർച്ചയാണ്—അവർ നിശ്ചയമായും നമ്മുടെ ഓരോ ആഹ്വാനത്തിനും വശംവദരാകും.

അവർക്കാവശ്യമുള്ള മലക്കറികളും പച്ചിലക്കറികളും വലിയ ചെലവു കൂടാതെ നട്ടുവളർത്താൻ സാധിക്കുമെന്നും അവക്കു തങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ കഴിയുമെന്നും നാം കാണിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. പച്ചിലകൾ വേവിച്ചുകഴിയുമ്പോൾ അവയിലുള്ള മിക്ക ജീവകങ്ങളും നഷ്ടപ്പെടുന്നുവെന്നു നാം അവക്കു മനസ്സിലാക്കിക്കൊടുക്കണം.

സമയം, ആരോഗ്യം, ധനം എന്നിവയെ മിതമായി ചെലവഴിക്കാൻ നാം അവരെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ലയണൽ കർട്ടിസ് നമ്മുടെ ഗ്രാമങ്ങളെ ചാണകക്കൂമ്പാരങ്ങളായി വർണ്ണിച്ചിട്ടുണ്ട്. നമുക്ക് അവയെ മാതൃകാഗ്രാമങ്ങളായി മാറേറണ്ടിയിരിക്കുന്നു. നമ്മുടെ ഗ്രാമീണക്കു ചുററും ശുദ്ധവായു നിറഞ്ഞിരിക്കുകയാണെങ്കിലും അവക്കു ശുദ്ധവായു ലഭിക്കുന്നില്ല; ഏററവും നല്ല ഭക്ഷണസാധനങ്ങൾ അവക്കു ചുററുമുണ്ടെങ്കിലും അവക്കു നല്ല ആഹാരം കിട്ടുന്നില്ല. ആഹാരവിഷയത്തിൽ ഞാൻ ഒരു മതപ്രചാരകനെപ്പോലെ സംസാരിക്കുന്നതു് എന്റെ ലക്ഷ്യം ഗ്രാമങ്ങളെ മനോജ്ഞവസ്തുക്കളാക്കുക എന്നതായതുകൊണ്ടാണ്.

## 12

ഗ്രാമം നശിക്കുകയാണെങ്കിൽ ഇൻഡ്യയും നശിക്കുമെന്നു പറയേണ്ടിയിരിക്കുന്നു. പിന്നെ ഇൻഡ്യ ഇൻഡ്യയായിരിക്കുകയില്ല. ലോകത്തിനായുള്ള ഇൻഡ്യയുടെ ദൗത്യം നഷ്ടപ്പെടുകയും ചെയ്യും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതായാൽമാത്രമേ അവയുടെ പുനരുദ്ധാരണം സാദ്ധ്യമാകുകയുള്ളു. വൻതോതിലുള്ള വ്യവസായവല്ക്കരണം പരോക്ഷമായോ പ്രത്യക്ഷമായോ ഗ്രാമീണരെ ചൂഷണം ചെയ്യുന്നതിനു വഴിതെളിക്കും; എന്തെന്നാൽ മത്സരവും കമ്പോളവും സംബന്ധിച്ച പ്രശ്നങ്ങൾ അവിടെ പൊന്തിവരാൻ ഇടയുണ്ട്. അതുകൊണ്ട് ഗ്രാമങ്ങൾ സ്വയംപര്യാപ്തമായിത്തീരുന്നതിലും പ്രധാനമായും അവയുടെ ആവശ്യത്തിനു വേണ്ട സാധനങ്ങൾ നിർമ്മിക്കുന്നതിലും നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. ഗ്രാമീണ

12. Harijan, 29-8-1936 (Selections from Gandhi, P. 69)

digitized by www .sreyas.in

വ്യവസായത്തിന്റേതായ ഈ രീതി വച്ചുപുലർത്തുകയാണെങ്കിൽ ഗ്രാമവാസികൾ തങ്ങൾക്കു് ഉണ്ടാക്കാനും, വിനിയോഗിക്കാനും കഴിവുള്ള നവീന യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗപ്പെടുത്തുന്നതിനു വിരോധമില്ല. മററുള്ളവരെ ചൂഷണം ചെയ്യുന്നതിനു് ആവക സാധനങ്ങൾ പ്രയോജനപ്പെടരുതെന്നേയുള്ളു.

## 13

ഗ്രാമപ്രവർത്തകൻ പരിശ്രമത്തിന്റെ ഒരു സജീവമൂർത്തിയായിത്തീരുന്നു. പരുത്തി നടുന്നതുമുതൽ പഞ്ഞി ശേഖരിച്ചു നെയ്യുന്നതുവരെ ഖാദിസംബന്ധിച്ചുള്ള സകല നടപടികളിലും അയാൾ പ്രാവീണ്യം സമ്പാദിക്കുകയും അതു പൂർണ്ണതയിലെത്തിക്കുന്നതിനു് അയാളുടെ ശ്രദ്ധ മുഴുവൻ വിനിയോഗിക്കുകയും ചെയ്യും. അയാൾ അതിനെ ഒരു ശാസ്ത്രമായി ഗണിക്കുകയാണെങ്കിൽ അതു് അയാളെ ശല്യപ്പെടുത്തുകയില്ലെന്നു മാത്രമല്ല അതിന്റെ വികസനസാദ്ധ്യതകൾ ബോദ്ധ്യമാകുന്തോറും അയാൾക്കു നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഉന്മേഷം അനുഭവപ്പെടുകയും ചെയ്യും. ഗ്രാമത്തിൽ ഒരു അദ്ധ്യാപകനായിട്ടു പോകുകയാണെങ്കിൽ, അവിടെ അയാൾ ഒരു വിദ്യാർത്ഥിയുംകൂടി ആയിരിക്കും. അകൃത്രിമശീലരായ ഗ്രാമീണരിൽനിന്നു വളരെ പഠിക്കാനുണ്ടെന്നു് അയാൾ വേഗത്തിൽ മനസ്സിലാക്കും. ഗ്രാമീണജീവിതത്തിന്റെ ഓരോ വിശദാംശത്തിലും അയാൾ പ്രവേശിക്കും; ഗ്രാമത്തിലെ കരകൗശലങ്ങൾ കണ്ടുപിടിച്ചു് അവയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ട മാർഗ്ഗങ്ങൾ ആരായും. ഖാദിയുടെ സന്ദേശത്തോടു ഗ്രാമവാസികൾക്കു് ഒരുദാസീനമനോഭാവമാണുള്ളതെന്നു് അയാൾക്കു കാണാൻ കഴിഞ്ഞേക്കും. എന്നാൽ സേവനത്തിലുള്ള പരിചയം ഉപയോഗപ്പെടുത്തി അവരിൽ ഖാദിയെ സംബന്ധിച്ചു താല്പര്യവും ശ്രദ്ധയും ഉളവാക്കാൻ അയാൾക്കു സാദ്ധ്യമാകും. തന്റെ പരിമിതികൾ വിസ്മരിച്ചു കൃഷകന്റെ ഋണബാദ്ധ്യതാപ്രശ്നം പരിഹരിക്കാനുള്ള വ്യർത്ഥമായ ശ്രമത്തിൽ അയാൾ ഏർപ്പെടുകയില്ല.

ശുചിത്വം, ആരോഗ്യചര്യ എന്നിവയിൽ അയാൾ കൂടുതൽ ശ്രദ്ധ ചെലുത്തും. തന്റെ വീടും പരിസരങ്ങളും ശുചിത്വത്തിനു് ഒരു മാതൃകയാക്കി വയ്ക്കുന്നതിനു പുറമേ, അയാൾ ചൂലും കുട്ടയും എടുത്തുകൊണ്ടു് ഗ്രാമം മുഴുവൻ ചുററിനടന്നു ശുചീകരണത്തെ പ്രോത്സാഹിപ്പിക്കും.

ഒരു ഗ്രാമീണാസ്പത്രി തുടങ്ങുന്നതിനോ ഗ്രാമത്തിലെ ഒരു ഭിഷക്കാകുന്നതിനോ അയാൾ ഉദ്യമിക്കയില്ല. ഒഴിവാക്കപ്പെടേണ്ട

---

13) Harijan, 31-8-1934 Sarvodaya, pp. 126—129)

digitized by www .sreyas.in

കെണികളാണിവ. എൻെറ ഹരിജൻ പ്രവർത്തനസഞ്ചാരത്തിനിടയിൽ ഞാൻ ഒരു ഗ്രാമം സന്ദർശിച്ചു. അവിടെ നമ്മുടെ പ്രവർത്തകരിലൊരാൾ തൻെറ അജ്ഞതമൂലം ഒരു വലിയ കെട്ടിടം കെട്ടി അതിൽ ഒരു ഔഷധവിതരണാലയം സ്ഥാപിച്ച് ചുററുമുള്ള ഗ്രാമങ്ങളിൽ മരുന്നു സൗജന്യമായി വിതരണം ചെയ്തിരുന്നു. വാസ്തവത്തിൽ, വാളൻറിയറന്മാർ വീടുകൾതോറും മരുന്നു കൊണ്ടുനടന്നു കൊടുത്തുവന്നു. പ്രതിമാസം 1200 രോഗികൾ രജിസ്റ്ററിൽ ഉള്ളതായി ഈ സ്ഥാപനം അഭിമാനിച്ചു. സ്വാഭാവികമായിത്തന്നെ എനിക്ക് ഇതിനെക്കുറിച്ചു നിശിതവിമർശനം നടത്തേണ്ടിവന്നു. ഗ്രാമസേവനം നടത്തേണ്ടതു് ഈ വിധത്തിലല്ലെന്നു് ഞാൻ അയാളോടു പറഞ്ഞു. ദീനത്തിനു ചികിത്സിക്കുന്നതിനേക്കാൾ ഗ്രാമീണരെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച പാഠങ്ങൾ ഗ്രഹിപ്പിച്ചു ദീനം ഒഴിവാക്കാൻ ശ്രമിക്കുകയായിരുന്നു ആ പ്രവർത്തകൻെറ കർത്തവ്യം. കൊട്ടാരത്തിനു തുല്യമായ ആ കെട്ടിടത്തെ പ്രാദേശികസമിതിക്കു വാടകയ്ക്കു കൊടുത്തിട്ടു് ഓലമേഞ്ഞ കുടിലുകളിൽ താമസമുറപ്പിക്കാൻ ഞാൻ അയാളോടു് ആവശ്യപ്പെട്ടു. മരുന്നുകളായി അവിടെ കയിനാ, ആവണക്കെണ്ണ, അയൊഡീൻ മുതലായവമാത്രം ശേഖരിച്ചാൽ മതിയായിരുന്നു. വ്യക്തിയുടേയും ഗ്രാമത്തിൻേറയും പൊതുവേയുള്ള ശുചിത്വത്തിൻെറ മാഹാത്മ്യം മനസ്സിലാക്കി എന്തു ക്ലേശം സഹിച്ചും അതു പാലിക്കുന്നതിനുള്ള വ്യഗ്രത ജനങ്ങളിൽ ഉളവാക്കുന്ന വിഷയത്തിൽ പ്രവർത്തകൻെറ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണു്. അയാളുടെ ജീവിതം ഗ്രാമീണജീവിതവുമായി പൊരുത്തപ്പെട്ടുപോകുന്ന ഒന്നായിരിക്കണം. അയാൾ പുസ്തകപാരായണത്തിൽ മുഴുകിയിരിക്കുന്ന ഒരു സാഹിത്യകാരനാണെന്നും വിരസമായ ജീവിതത്തിലെ വിശദാംശങ്ങളിൽ ശ്രദ്ധിക്കാൻ വിമുഖനാണെന്നും ഭാവിക്കരുതു്. നേരേമറിച്ചു്, അയാളെ എപ്പോൾ കണ്ടാലും ചക്കാ, തറി, മഴു, മൺവെട്ടി മുതലായ ഉപകരണങ്ങൾകൊണ്ടുള്ള പ്രവർത്തനങ്ങളിൽ അയാൾ വ്യാപൃതനാണെന്നും, തങ്ങളുടെ എത്ര തുച്ഛമായ അന്വേഷണങ്ങൾക്കു സമാധാനം പറയാൻ സന്നദ്ധനാണെന്നും ജനങ്ങൾക്കു ബോദ്ധ്യം വരണം. തൻെറ ഭക്ഷണത്തിനുവേണ്ടി എപ്പോഴും അയാൾ നിഷ്ഠ്ഠപൂർവ്വം വേലചെയ്യണം. അവനവൻെറ നിത്യാവശ്യങ്ങളിൽ കവിഞ്ഞുള്ളതു് ഉല്പാദിപ്പിക്കാനുള്ള കരുത്തു് ദൈവം ഓരോരുത്തനും നല്കിയിട്ടുണ്ടു്; സ്വവൈഭവം ഉപയോഗിക്കുകമാത്രം ചെയ്താൽ മതി. തൻെറ കഴിവു് ഏതാണ്ടു മോശമാണെങ്കിൽത്തന്നെയും—അതിന്നനുസരണമായ തൊഴിൽ അയാൾക്കു് കിട്ടാതിരിക്കുകയില്ല. ജനങ്ങൾ അയാളെ പുലത്തുമെന്നുള്ളതിനാണു പുലത്താതിരിക്കും എന്നതിനേക്കാൾ കൂടുതൽ സാദ്ധ്യതയുള്ളതു്; എന്നാൽ ചില സ്ഥലങ്ങളിൽ അയാൾക്കു് ഒരു തണുത്ത സ്വീകരണമായിരിക്കാം ലഭിക്കുക. എന്നിരുന്നാലും അയാൾ തൻെറ അദ്ധ്വാനശീലത്തിൽ

digitized by www .sreyas.in

അയവുവരുത്തുകയില്ല. ഹരിജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു എന്ന കാരണത്താൽ അയാളെ ചില ഗ്രാമവാസികൾ പരിവർജ്ജിക്കാൻ തുനിഞ്ഞുവെന്നുവരാം. അങ്ങനെ വരുമ്പോൾ അയാൾ ഹരിജനങ്ങളെ സമീപിക്കയും തന്റെ ആഹാരം അവരിൽനിന്നു പ്രതീക്ഷിക്കയും ചെയ്യട്ടെ. വേലക്കാരൻ കൂലിക്കു് അവകാശപ്പെട്ടവനാണു് എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഹരിജനങ്ങളെ ആത്മാർത്ഥമായി സേവിച്ചിട്ടു് അവരിൽനിന്നു ഭക്ഷണം സ്വീകരിക്കുന്നതിനു് അയാൾ മടിക്കേണ്ട കാര്യമില്ല. എന്നാൽ എടുക്കുന്നതിൽ കൂടുതൽ കൊടുക്കുക എന്ന തത്വമനുസരിച്ചു് അയാൾ പ്രവർത്തിക്കണം. പ്രാരംഭഘട്ടങ്ങളിൽ കേന്ദ്ര മൂലധനത്തിൽനിന്നു കിട്ടാൻ സൗകര്യമുള്ളപ്പോൾ തന്റെ തുച്ഛമായ വേതനം അതിൽനിന്നും അയാൾ പററിക്കൊള്ളേണ്ടതാണു്.

നമ്മുടെ ആയുധങ്ങൾ ആദ്ധ്യാത്മികമാണെന്നു് ഓർമ്മിക്കണം. അതു് അപ്രതിരോദ്ധ്യമായും അതേസമയം അദൃശ്യമായും പ്രവർത്തിക്കുന്ന ഒരു ശക്തിയാണു്. അതിന്റെ പുരോഗതി അങ്കഗണിതരീതിയെക്കാൾ ക്ഷേത്രഗണിതരീതിയിലാണു്. പുറകിൽനിന്നു മുന്നോട്ടു തള്ളുന്ന ഒരു പ്രേരണാശക്തിയുള്ളിടത്തോളംകാലം അതു് ഒരിക്കലും നില്ക്കുകയില്ല. അതുകൊണ്ടു്, നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളുടേയും പശ്ചാത്തലം ആദ്ധ്യാത്മികമായിരിക്കണം. അതുകൊണ്ടാണു് നടത്തയ്ക്കും സ്വഭാവത്തിനും ഏററവും കർശനമായ പരിശുദ്ധി ആവശ്യമായിരിക്കുന്നതു്.

## 14

ഒരു ഭാരതീയമാതൃകാഗ്രാമം നിർമ്മിക്കുന്നതു് പൂർണ്ണമായ ശുചീകരണസൗകര്യങ്ങളോടുകൂടിയായിരിക്കും. ആവശ്യമുള്ള വെളിച്ചവും വായുസഞ്ചാരവും ഉള്ളതും അഞ്ചുമൈൽ ചുററളവിലുള്ള സ്ഥലങ്ങളിൽനിന്നു കിട്ടുന്ന സാധനങ്ങൾകൊണ്ടു നിർമ്മിക്കപ്പെട്ടതുമായ ചെറു ഭവനങ്ങളായിരിക്കും അതിലുള്ളതു്. ആ കുടിലുകളിൽ വീട്ടാവശ്യത്തിനുള്ള മലക്കറി കൃഷി ചെയ്യുന്നതിനും അവരവരുടെ കന്നുകാലികളെ കെട്ടിസൂക്ഷിക്കുന്നതിനും വേണ്ടതായ പറമ്പുണ്ടായിരിക്കും. ഗ്രാമത്തിലെ ഇടവഴികളും തെരുവുകളും പൊടിയുടെ ശല്യത്തിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കും. ആവശ്യത്തിനു മതിയാകുന്നതും ആർക്കും ഉപയോഗിക്കാൻ തടസ്സമില്ലാത്തതുമായ കിണറുകൾ ഉണ്ടായിരിക്കും. എല്ലാവർക്കും ഈശ്വരാരാധനയ്ക്കുള്ള മന്ദിരങ്ങളും പൊതുസമ്മേളനത്തിനുള്ള സ്ഥലവും ഗ്രാമത്തിലെ കന്നുകാലികളെയെല്ലാം തീററത്തക്കവണ്ണമുള്ള മേച്ചിൽപ്രദേശവും സഹകരണാടിസ്ഥാനത്തിലുള്ള ഒരു കന്നുകാലിവളർത്തൽകേന്ദ്രവും

14. Harijan, 9-1-1937 (Sarvodaya, pp. 129—130)

digitized by www .sreyas.in

വ്യവസായികവിദ്യാഭ്യാസം കേന്ദ്രകാര്യമായിട്ടുള്ള പ്രൈമറിയും
സെക്കൻഡറിയും വിദ്യാലയങ്ങളും, വിവാദങ്ങൾ പറഞ്ഞൊഴു
ക്കുന്ന പഞ്ചായത്തുകളും അതിലുണ്ടായിരിക്കും. ഗ്രാമത്തിനാവശ്യ
മുള്ള ധാന്യങ്ങളും മലക്കറിയും പഴവർഗ്ഗങ്ങളും ഖാദിയും അവിടെ
ഉല്പാദിപ്പിക്കപ്പെടും. ഇതാണു് ഒരു മാതൃകാഗ്രാമത്തെപ്പററി സ
മാന്യമായുള്ള എൻെറ ആശയം. ഇന്നത്തെ നിലയ്ക്കു് അതിലുള്ള
കുടിലുകൾ ചില ചില്ലറ പരിഷ്കാരങ്ങളോടുകൂടി അതേനില
യിൽത്തന്നെ തുടരും. ഒരു നല്ല ജമിന്ദാരെ കിട്ടുകയോ, അല്ലെ
ങ്കിൽ ജനങ്ങളുടെ ഇടയിൽ സഹകരണമനോഭാവം ഉണ്ടാവുകയോ
ചെയ്താൽ മാതൃകാകുടിലുകളൊഴികെയുള്ള മററു പരിപാടികളെല്ലാം
ഗവണ്മെൻറിൻെറ സഹായം കൂടാതെ ഗ്രാമവാസികൾക്കോ ജമി
ന്ദാരന്മാക്കോ തങ്ങൾക്കു ചെലവാക്കാവുന്ന തുകകൊണ്ടു നടപ്പിൽ വ
രുത്താൻ സാധിക്കും. മുൻപറഞ്ഞ സഹായംകൊണ്ടു ഗ്രാമപുനഃ
സംഘടനയിൽ ചെയ്തുതീക്കാവുന്ന കാര്യങ്ങൾക്കു് അതിരില്ല. എ
ന്നാൽ പരസ്പര സഹകരണവും പൊതുനന്മയ്ക്കുവേണ്ടി ശ്രമദാനം
ചെയ്വാനുള്ള സന്നദ്ധതയും ഗ്രാമവാസികളുടെ ഇടയിൽ ഉണ്ടായാൽ
അവർക്കു താന്താങ്ങളുടെ ഗുണത്തിനുവേണ്ടി എന്തെല്ലാം ചെയ്വാൻ
കഴിയുമെന്നു കണ്ടുപിടിക്കുകയാണു് എൻെറ ഇപ്പോഴത്തെ കത്ത
വ്യം. വ്യക്തിയുടെ വരവു് എന്നതിൽനിന്നു വ്യത്യസ്തമായി ഗ്രാ
മത്തിൻെറ പൊതുവരവു കണക്കിലെടുത്താൽ ബുദ്ധിപൂവ്വമായ നേ
തൃത്വംകൊണ്ടു് അതു് ഇരട്ടിക്കാൻ കഴിയുമെന്നു് എനിക്കു ബോ
ദ്ധ്യമുണ്ടു്. വാണിജ്യാവശ്യങ്ങൾക്കു് എല്ലായ്പോഴും ഉപയോഗപ്രദ
മല്ലെങ്കിലും പ്രാദേശികതാല്പര്യങ്ങൾക്കു മിക്കവാറും ഉതകുന്ന ഒടു
ങ്ങാത്ത വിഭവങ്ങൾ നമ്മുടെ ഗ്രാമങ്ങളിലുണ്ടു്. ഗ്രാമീണക്കു് അ
വരുടെ നില അഭിവൃദ്ധിപ്പെടുത്തുന്നതിൽ താല്പര്യമില്ലാത്തതാണു്
ഏററവും ശോചനീയമായ സംഗതി.

ഗ്രാമീണപ്രവത്തകനു് ഒന്നാമതായി പരിഹാരം കണ്ടുപിടി
ക്കാനുള്ള പ്രശ്നം ഗ്രാമത്തിൻെറ ശുചീകരണമാണു്. പ്രവർത്തകരെ
ഭഗ്നാശയരാക്കുന്നതും ശരീരത്തിൻെറ സുസ്ഥിതിയെ തുരങ്കം വയ്ക്കു
ന്നതും രോഗങ്ങളെ ഉല്പാദിപ്പിക്കുന്നതുമായ പ്രശ്നങ്ങളിൽവച്ചു് ഏ
ററവും കൂടുതൽ അവഗണിക്കപ്പെട്ടിരിക്കുന്ന ഒന്നാണിതു്. പ്രവർ
ത്തകൻ സ്വമനസ്സാലെ ഒരു തോട്ടിയാവുകയാണെങ്കിൽ അയാൾ
ആദ്യമായി മലം ശേഖരിച്ചു് അതിനെ വളമാക്കുകയും ഗ്രാമത്തി
ലെ തെരുവുകൾ തൂത്തുവാരുകയും ചെയ്യും. ദിനകൃത്യങ്ങൾ എവി
ടെ എങ്ങനെ നിവ്വഹിക്കണമെന്നു് അയാൾ പറഞ്ഞുകൊടുക്കും;
ശുചീകരണത്തിൻെറ മാഹാത്മ്യത്തെയും അതു വിഗണിച്ചാൽ ഉ
ണ്ടാകുന്ന അപകടത്തെയുംപററി ഗ്രാമവാസികളെ പറഞ്ഞു മന
സ്സിലാക്കും. അവർ ആക്കാര്യങ്ങൾ ശ്രദ്ധിച്ചാലും ഇല്ലെങ്കിലും അ
യാൾ തൻെറ ജോലി തുടന്നു നടത്തും.

digitized by www .sreyas.in

## 15

വിദ്യാഭ്യാസത്തിന്റെ ഗുണം സിദ്ധിച്ചിട്ടുള്ളവരുടെ അവഗണനമൂലം ഗ്രാമങ്ങൾക്കു വളരെക്കാലത്തെ ക്ലേശം സഹിക്കേണ്ടി വന്നിട്ടുണ്ട്. അഭ്യസ്തവിദ്യർ നഗരജീവിതം സ്വീകരിച്ചു. ഗ്രാമീണപ്രസ്ഥാനം ഗ്രാമങ്ങളുമായി ആരോഗ്യകരമായ സമ്പർക്കം പുലർത്തുന്നതിനുള്ള ഒരു ഉദ്യമമാണ്. അതിലേയ്ക്കു സേവനവ്യഗ്രതയുള്ള ആളുകളെ ഗ്രാമങ്ങളിൽ സ്ഥിരതാമസമാക്കാൻ പ്രേരിപ്പിക്കുകയും തദ്വാരാ ഗ്രാമസേവനത്തിൽ അവർക്ക് സ്വയം താല്പര്യം ഉളവാക്കുകയുമാണു വേണ്ടത്. സേവനോദ്ദേശ്യത്തോടുകൂടി ഗ്രാമങ്ങളിൽ വാസം ഉറപ്പിച്ചിട്ടുള്ളവർ തങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന വൈഷമ്യങ്ങളെ ഭയപ്പെടുന്നില്ല. ഗ്രാമീണരുടെ വെറുപ്പുൾപ്പെടെയുള്ള ഇത്തരം വൈഷമ്യങ്ങളോട് ഏറ്റുമുട്ടേണ്ടിവരുമെന്നു ഗ്രാമവാസത്തിനു് ഇറങ്ങി പുറപ്പെടുമ്പോൾതന്നെ അവർക്ക് അറിയാവുന്നതാണ്. തങ്ങളിലും തങ്ങളുടെ ദൗത്യത്തിലും വിശ്വാസമുണ്ടെങ്കിൽമാത്രമേ ഗ്രാമീണരെ സേവിക്കാനും അവരുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താനും സാധിക്കയുള്ളു. ജനങ്ങളുടെ ഇടയിൽ നയിക്കുന്ന ഒരു യഥാർത്ഥ ജീവിതംതന്നെ, അടുത്ത പരിസരങ്ങളിൽ അതിന്റേതായ സ്വാധീനം ചെലുത്താൻ കഴിവുള്ള ഒരു സാധനപാഠമായിത്തീരുന്നു....ധനസമ്പാദനം ഉദ്ദേശിച്ചു ഗ്രാമങ്ങളിൽ പോകുന്നവർക്ക് അവിടത്തെ ജീവിതം ആകർഷകമായിരിക്കുകയില്ല. സേവനത്തിനുള്ള പ്രചോദനമില്ലെങ്കിൽ ഗ്രാമീണജീവിതം, അതിന്റെ പുതുമ തേഞ്ഞുമാഞ്ഞുകഴിയുമ്പോൾ, പരുഷമായിത്തോന്നും. ഗ്രാമത്തിൽ പ്രവർത്തനത്തിനു ചെല്ലുന്ന ഒരു ചെറുപ്പക്കാരനും ചില്ലറ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടുതുടങ്ങുമ്പോൾ തന്റെ സംരംഭം ഉപേക്ഷിച്ചുകളയരുത്. ക്ഷമയോടുകൂടി പ്രവർത്തിച്ചാൽ ഗ്രാമവാസികൾ നഗരവാസികളിൽനിന്നു വളരെയൊന്നും വ്യത്യസ്തരല്ലെന്നും അവരോടു കാട്ടുന്ന ദയയും ശ്രദ്ധയും അവർ മനസ്സിലാക്കിപ്പെരുമാറുമെന്നും കാണാൻ കഴിയും. നാട്ടിലുള്ള മഹത്തുക്കളുമായി സമ്പർക്കം പുലർത്താൻ ഗ്രാമങ്ങളിൽ സൗകര്യമില്ലെന്നുള്ളതു് തർക്കമററ സംഗതിതന്നെ. ഗ്രാമീണമന:സ്ഥിതി വളരുന്നതോടുകൂടി, ഗ്രാമങ്ങളിലേക്കു യാത്ര ചെയ്യുന്നതും ഗ്രാമവാസികളുമായി സജീവസമ്പർക്കത്തിലേർപ്പെടുന്നതും ആവശ്യമാണെന്നു നേതാക്കന്മാർക്കു ബോദ്ധ്യപ്പെടും. കൂടാതെ, ചൈതന്യൻ, രാമകൃഷ്ണൻ, തുളസീദാസൻ, കബീർ, നാനക്, ദാദു, തുഖാറാം, തിരുവള്ളുവർ തുടങ്ങിയ സിദ്ധന്മാരുടെയും, അവരെപ്പോലെതന്നെ പ്രശസ്തരും വിശുദ്ധരുമെങ്കിലും, പ്രസ്താവസാദ്ധ്യമല്ലാത്തവിധം സംഖ്യാതീതരായ മററു മഹത്തുക്കളുടേയും കൃതികൾ മുഖേന മഹാന്മാരും സത്തുക്കളുമായുള്ള സമ്പർക്കം എല്ലാവർക്കും ലഭ്യമാകുന്നതാണ്.

---

15. Harijan, 20-2-1937 (Panchayat Raj, pp. 3—4)

ശാശ്വതമൂല്യങ്ങളിലേക്കു മനസ്സിനെ തിരിച്ചുവിടാനാണു വിഷമം. രാഷ്ട്രീയം, സാമുദായികം, സാമ്പത്തികം, ശാസ്ത്രീയം എന്നീവിധമുള്ള ആധുനികചിന്തകളാണ് ഉദ്ദേശിക്കുന്നതെങ്കിൽ ജിജ്ഞാസ ശമിപ്പിക്കാൻതക്ക സാഹിത്യം നമുക്കു കിട്ടാൻ പ്രയാസമില്ല. എന്നാൽ മതസാഹിത്യംപോലെ അതു് അത്ര സുലഭമല്ലെന്നു് ഞാൻ സമ്മതിക്കുന്നു. സിദ്ധന്മാർ സാമാന്യജനങ്ങൾക്കുവേണ്ടി എഴുതുകയും സംസാരിക്കുകയും ചെയ്തു. ആധുനികചിന്തകൾ ജനസാമാന്യത്തിനു സ്വീകാര്യമായ വിധത്തിൽ രൂപാന്തരപ്പെടുത്തിക്കൊടുക്കുന്ന വഴക്കം ഇതുവരെ ഉണ്ടായിട്ടില്ല. അതു വേണ്ടസമയത്തുണ്ടാവുകതന്നെ വേണം. അതുകൊണ്ടു് ഞാൻ യുവാക്കന്മാരെ ഉപദേശിക്കുന്നതു്, അവർ പിന്മാറാതെ തങ്ങളുടെ ശ്രമം തുടരുകയും തങ്ങളുടെ സാന്നിദ്ധ്യംകൊണ്ടു് ഗ്രാമങ്ങളെ വാസയോഗ്യവും പ്രിയംകരവുമാക്കുകയും ചെയ്യണമെന്നാണു്. ഗ്രാമവാസികൾക്കു സ്വീകാര്യമായവിധത്തിൽ ഗ്രാമസേവചെയ്തു് അവക്കു് അതു സാധിക്കാം. സ്വപ്രയത്നംകൊണ്ടു ഗ്രാമങ്ങളെ ശുചിയാക്കിയും തന്റെ കഴിവനുസരിച്ചു നിരക്ഷരത്വം നീക്കിയും ഓരോരുത്തർക്കും ഈ പ്രവൎത്തനം ആരംഭിക്കാം. പ്രവർത്തകരുടെ ജീവിതം നിഷ്കളങ്കവും വ്യവസ്ഥിതവും കർമ്മപരായണവുമാണെങ്കിൽ അവർ പ്രവർത്തിക്കുന്ന ഗ്രാമങ്ങളിൽ അതു പടൎന്നുപിടിക്കുമെന്നുള്ളതിനു സംശയമില്ല.

## 16

ഗ്രാമസമുദായങ്ങളെ പുനരുദ്ധരിക്കണം. ഇൻഡ്യൻനഗരങ്ങൾക്കാവശ്യമുള്ളതെല്ലാം ഇൻഡ്യൻ ഗ്രാമങ്ങളിൽ ഉല്പാദിപ്പിച്ചു നൽകിവന്നിരുന്നു. നമ്മുടെ നഗരങ്ങൾ വിദേശക്കമ്പോളങ്ങളായി മാറി, വിലകുറഞ്ഞതും മോശപ്പെട്ടതുമായ സാധനങ്ങൾ ഇറക്കുമതിചെയ്തുതുടങ്ങിയതോടുകൂടി ഗ്രാമങ്ങൾ നിർദ്ധനാവസ്ഥയിലായി.

## 17

ഗ്രാമങ്ങളെ സ്വാൎത്ഥതയ്ക്കുവേണ്ടി ചൂഷണംചെയ്യാതെ, അവയിൽനിന്നും കിട്ടുന്ന ശക്തിക്കും ആഹാരസൗകര്യങ്ങൾക്കും പകരം അവയ്ക്കു വേണ്ടതു ചെയ്തുകൊടുക്കുന്നതു് സ്വന്തം കർത്തവ്യമാണെന്നുള്ള ബോധം നഗരങ്ങൾക്കുണ്ടായാൽ മാത്രമേ അവയ്ക്കു തമ്മിൽ ആരോഗ്യകരവും ധാൎമ്മികവുമായ ഒരു ബന്ധം ഉണ്ടാവുകയുള്ളു. സാമൂഹ്യപുനഃസംഘടന എന്ന മഹനീയമായ ഈ പ്രവർത്തനത്തിൽ നഗരങ്ങളിലെ ശിശുക്കൾ അവരുടെ പങ്കു നിർവ്വഹിക്കണമെ

---

16. Harijan, 27-2-1937 (Sarvodaya, P. 44)
17. Harijan, 19-10-1937

digitized by www .sreyas.in

കിൽ, അവരുടെ വിദ്യാഭ്യാസത്തിനു നിശ്ചയിക്കുന്ന വിഷയങ്ങൾ ഗ്രാമങ്ങളിലെ ആവശ്യങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടവയായിരിക്കണം.

## 18

ഇൻഡ്യൻ ഗ്രാമീണന്റെ കാര്യത്തിൽ അതിപ്രാചീനമായ ഒരു സംസ്കാരം, അസംസ്കൃതിയാൽ മൂടപ്പെട്ട് ഒളിഞ്ഞുകിടക്കുന്നു. ആ മൂടൽ മാററി അവന്റെ മാറാത്ത ദാരിദ്ര്യവും നിരക്ഷരത്വവും ഇല്ലാതാക്കിയാൽ സംസ്കാരവും പ്രബുദ്ധതയുമുള്ള ഒരു സ്വതന്ത്രപൗരന്റെ ഏററവും നല്ല മാതൃക നിങ്ങൾക്കു കാണാൻ കഴിയും.

## 19

''നിങ്ങളിൽ പലരും നഗരങ്ങളിൽനിന്നു വരുന്നവരോ നഗരജീവിതത്തിൽ പഴകിയവരോ ആയിരിക്കുമെന്നുള്ളതു് ഒരു കഷ്ടം തന്നെ. നിങ്ങളുടെ മനസ്സിനെ നഗരങ്ങളിൽനിന്നു ഗ്രാമങ്ങളിലേക്കു തിരിച്ചുവിട്ടില്ലെങ്കിൽ നിങ്ങൾക്കു ഗ്രാമസേവനം നടത്താൻ കഴിയുകയില്ല. നഗരങ്ങളല്ല, ഗ്രാമങ്ങളാണു് ഇൻഡ്യയെ സൃഷ്ടിക്കുന്നതെന്നും, അവയുടെ നിശ്ചേതനമായിക്കിടക്കുന്ന കൈത്തൊഴിലുകളോടുകൂടി ഗ്രാമജീവിതത്തെ ഉദ്ധരിച്ചില്ലെങ്കിൽ അവയെ പുനസ്സംഘടിപ്പിക്കാൻ സാദ്ധ്യമല്ലെന്നും നിങ്ങൾ മനസ്സിലാക്കണം. മൃതപ്രായമായ ഗ്രാമങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വ്യവസായവല്ക്കരണം പര്യാപ്തമാവുകയില്ല. കുടിലിൽ കഴിഞ്ഞുകൂടുന്ന കർഷകനെ ഉദ്ധരിക്കണമെങ്കിൽ അവന്റെ കരകൗശലം തിരിച്ചുകിട്ടുന്നതിനും, അവന്റെ ആവശ്യങ്ങൾക്കു് ഇന്നത്തെപ്പോലെ നഗരത്തെയല്ലാതെ ഗ്രാമത്തെത്തന്നെ ആശ്രയിച്ചു കഴിയുന്നതിനുമുള്ള സൗകര്യങ്ങൾ ലഭ്യമാകണം. ഈ അടിസ്ഥാനതത്വം നിങ്ങൾക്കു ഗ്രഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഗ്രാമീണപുനസ്സംഘടനയ്ക്കുവേണ്ടി നിങ്ങൾ ചെലവാക്കുന്ന സമയം മുഴുവൻ വ്യർത്ഥമായിപ്പോകും. ഒരു കാര്യംകൂടി നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. ഗ്രാമസേവനത്തിനു യോഗ്യതസമ്പാദിക്കാനുദ്ദേശിക്കുന്ന ഏതൊരാളും തന്റെ മനസ്സും കണ്ണും ശുദ്ധമാക്കിക്കൊണ്ടു സഞ്ചരിക്കേണ്ടതും, ഓരോ സ്ത്രീയെയും തന്റെ അമ്മയോ, സഹോദരിയോ ആയി കരുതേണ്ടതുമാണു്.''

## 20

ഇൻഡ്യയോളംതന്നെ പഴക്കമുള്ള ഗ്രാമങ്ങളുടേതായ ഇൻഡ്യയോ, വിദേശീയമേധാവിത്വത്തിന്റെ ഫലമായി ആവിർഭവിച്ച

18. Harijan, 28-1-1939
19. Harijan, 24-6-1939
20. Harijan, 20-1-1940 (Re-building Our Villages, P. 3)

digitized by www .sreyas.in

നഗരങ്ങളുടേതായ ഇൻഡ്യയോ, ഏതാണു വേണ്ടതെന്നു നമുക്കു തീരുമാനിക്കേണ്ടിയിരിക്കുന്നു. ഇന്നാകട്ടെ നഗരങ്ങൾ ഗ്രാമങ്ങളെ കീഴടക്കിവച്ച് അവിടത്തെ പണം ചോർത്തി എടുക്കുന്നതു കാരണം ഗ്രാമങ്ങൾ ക്രമേണ പൊളിഞ്ഞു നാശഗർത്തത്തിൽ പതിച്ചുകൊണ്ടിരിക്കുന്നു. വിദേശീയമേധാവിത്വം നീങ്ങുമ്പോൾ, നഗരങ്ങൾ ഗ്രാമങ്ങൾക്കു സേവനമനുഷ്ഠിക്കണമെന്ന് എന്റെ ഖാദിമനസ്ഥിതി എന്നോടു പറയുന്നു. ഗ്രാമങ്ങളെ ചൂഷണംചെയ്യുന്നതു് കരുതിക്കൂട്ടിയുള്ള അക്രമമാണ്. അക്രമരാഹിത്യത്തിൽ സ്വരാജ് കെട്ടിപ്പടുക്കണമെന്നു നാം ഉദ്ദേശിക്കുന്നു എങ്കിൽ ഗ്രാമങ്ങൾക്കുള്ള ശരിയായ സ്ഥാനം അവയ്ക്കു നല്കാൻ നാം ബാദ്ധ്യസ്ഥരാവുകതന്നെ വേണം.

## 21

ഓരോ തൊഴിലാളിയും തന്റെ കൂലിക്ക് അർഹനാകുന്നു എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഗ്രാമസേവനത്തിനിറങ്ങുന്ന ഓരോ ബിരുദധാരിക്കും ഗ്രാമവാസികളിൽനിന്നു വാസസൗകര്യവും, ഭക്ഷണവും, വസ്ത്രവും ലഭിക്കാൻ അർഹതയുണ്ട്. ഗ്രാമീണർ അതെല്ലാം കൊടുക്കുന്നുമുണ്ട്. എന്നാൽ ബിരുദധാരി ഒരു പ്രഭുവിനെപ്പോലെ ജീവിക്കുകയും അയാളുടെ ജീവിതച്ചെലവ് അവരുടെ കഴിവിന്റെ പത്തിരട്ടിയാവുകയും ചെയ്താൽ, അവർ അതിനു തയാറാവുകയില്ല. അയാളുടെ ജീവിതരീതി ഏറെക്കുറെ അവരുടേതിനു് അനുരൂപമായിരിക്കുകയും, അയാളുടെ പ്രവർത്തനം അവരുടെ അഭിനന്ദനം ആർജ്ജിക്കത്തക്കവിധത്തിലായിരിക്കുകയും വേണം.

## 22

ഗ്രാമീണപുനസ്സംഘടനയിൽ ഗ്രാമങ്ങളുടെ ശുചീകരണംകൂടി ഉൾപ്പെടുത്തിയില്ലെങ്കിൽ, ഗ്രാമങ്ങൾ ഇന്നത്തെപ്പോലെ അഴുക്കുകൂമ്പാരങ്ങളായിത്തന്നെ അവശേഷിക്കും. ഗ്രാമശുചീകരണം ഗ്രാമീണജീവിതത്തിന്റെ ഒരു അതിപ്രധാനഭാഗമാണ്. അതു് എത്രത്തോളം പ്രധാനമാണോ അത്രത്തോളം വിഷമവുമാണ്. ദീർഘകാലത്തെ വൃത്തിഹീനത നിർമ്മാർജ്ജനംചെയ്യുന്നതിനു് ഒരു ധീരയത്നം ആവശ്യമാണ്. ഗ്രാമശുചീകരണശാസ്ത്രത്തിൽ അജ്ഞനും, തോട്ടിവേലയിൽ അസമർത്ഥനുമായ ഒരു ഗ്രാമപ്രവർത്തകനു് ഗ്രാമസേവനത്തിൽ അലിഞ്ഞുചേരാൻ പ്രയാസമായിരിക്കും.

പുതിയ, അഥവാ, അടിസ്ഥാനപരമായ, വിദ്യാഭ്യാസംകൂടാതെ ഇൻഡ്യയിലെ ലക്ഷക്കണക്കിനുള്ള ശിശുക്കളുടെ പഠി

---

21. Harijan, 9-3-1940
22. Harijan, 18-8-1940 (India of My Dreams, pp. 146-147)

digitized by www .sreyas.in

ത്തം മിക്കവാറും അസാദ്ധ്യമാണെന്നുള്ളതു പൊതുവെ സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്. അതുകൊണ്ടു് ഗ്രാമപ്രവർത്തകൻ അതു നല്ലവണ്ണം അഭ്യസിച്ച്, തന്നത്താൻ ഒരു അടിസ്ഥാനവിദ്യാഭ്യാസാദ്ധ്യാപകനായിത്തീരണം.

അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ പുറകെ സാധാരണഗതിയിൽ പ്രായപൂർത്തിവിദ്യാഭാസം വന്നുകൊള്ളും. ഈ പുതിയ വിദ്യാഭ്യാസം വേരുറച്ചുകഴിഞ്ഞാൽ കുട്ടികൾതന്നെ അച്ഛനമ്മമാരുടെ അദ്ധ്യാപകരായിത്തീരും. അതെങ്ങനെയായാലും ഗ്രാമപ്രവർത്തകന്നു പ്രായപൂർത്തിവിദ്യാഭ്യാസത്തിൻെറ ചുമതലകൂടി വഹിക്കേണ്ടതായുണ്ടു്.

സ്ത്രീയെ പുരുഷൻെറ ഉത്തമാർദ്ധമെന്നു പറയാറുണ്ടു്. അവൾക്കു നിയമപ്രകാരം പുരുഷനോടൊപ്പമുള്ള അവകാശമില്ലാതിരിക്കുകയും, ഒരു പെൺകുട്ടിയുടെ ജനനത്തിന്നു് ഒരു ആൺകുട്ടിയുടെ ജനനത്തിനുള്ള സ്വാഗതം ലഭിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം ഇൻഡ്യ പക്ഷവാതരോഗത്തിൻെറ ക്ലേശമനുഭവിക്കുകയാണെന്നു നാം മനസ്സിലാക്കണം. സ്ത്രീയെ അടിമപ്പെടുത്തിവയ്ക്കുന്നതു് അഹിംസയെ നിഷേധിക്കുന്നതിനു തുല്യമാണു്. അതുകൊണ്ടു് ഓരാ ഗ്രാമപ്രവർത്തകനും ഓരോ സ്ത്രീയെയും യഥോചിതം തൻെറ അമ്മയോ സഹോദരിയോ പുത്രിയോ ആയി ഗണിക്കുകയും അവരെ ബഹുമാനത്തോടുകൂടി വീക്ഷിക്കുകയും വേണം. അത്തരം ഒരു പ്രവർത്തകനു മാത്രമേ ഗ്രാമവാസികളുടെ വിശ്വാസം ആർജ്ജിക്കാൻ സാധിക്കൂ.

ആരോഗ്യമില്ലാത്ത ഒരു ജനതയ്ക്കു് സ്വരാജ് നേടാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ജനങ്ങളുടെ ആരോഗ്യത്തെ വിഗണിച്ചു എന്ന വീഴ്ച നമ്മിൽ ആരോപിതമാകാൻ ഇടയാകരുതു്. ഓരോ ഗ്രാമപ്രവർത്തകനും ആരോഗ്യത്തിൻെറ പൊതുതത്ത്വങ്ങൾ അറിഞ്ഞിരിക്കണം.

## 23

ലക്ഷക്കണക്കിനുള്ള നമ്മുടെ ജനങ്ങളുടെ പട്ടിണിപ്രശ്നത്തിനു് ഉടനടി ഉണ്ടാക്കാവുന്ന ന്യായമായ പരിഹാരം ഖാദിയല്ലാതെ മറെറാന്നുമല്ലെന്നു് ഇപ്പോൾ എല്ലാവരും വിശ്വസിക്കുന്നുണ്ടാവും. അതുകൊണ്ടു് അതേപ്പററി ഞാൻ വിസ്തരിക്കേണ്ട കാര്യമില്ല. എന്നാൽ ഒരു കാര്യം പറയാം: ഖാദിയുടെ പുനരുജ്ജീവനംകൊണ്ടല്ലാതെ നാശഗർത്തത്തിൽ നിപതിച്ചുപോയ ഗ്രാമത്തിലെ കൈത്തൊഴിൽക്കാരനെ ഉദ്ധരിക്കാൻ കഴിയുകയില്ല. ഖാദിക്കു

23. Harijan, 18-8-1940, P. 252

digitized by www .sreyas.in

വേണ്ട ഉപകരണങ്ങൾ (ചക്രം, തറി, മുതലായവ) ഗ്രാമത്തിലെ ആശാരിയെയും കൊല്ലനെയുംകൊണ്ടുണ്ടാക്കിക്കണം. ഇവ ഗ്രാമത്തിൽത്തന്നെ ഉണ്ടാക്കിയാൽമാത്രമേ ഗ്രാമം സ്വയംപര്യാപ്തവും ഐശ്വര്യപൂർണ്ണവുമാവുകയുള്ള.

ഖാദി പുനരുദ്ധരിച്ചാൽ മററ് എല്ലാ ഗ്രാമവ്യവസായങ്ങളും പുനരുദ്ധരിക്കപ്പെടുമെന്ന മുൻകൂട്ടി നിശ്ചയിക്കാം. ഖാദിന്റെ യുക്തുകാക്ക നമ്മൾ വേണ്ടിടത്തോളം പ്രാധാന്യം കല്പിക്കാത്തതിനാൽ വൈദേശികമോ മില്ലിലുണ്ടാക്കുന്നതോ ആയ സാധനങ്ങൾ ഉപയോഗിക്കുന്നതിൽ അബദ്ധമൊന്നുമില്ലെന്ന നാം കരുതുന്നു. ആ ത്തരം ആളുകൾ ഖാദിയുടെ ആന്തരാത്മം ഗ്രഹിക്കാൻ കഴിവില്ലാത്തവരായിരിക്കാം. ഗ്രാമവ്യവസായസംഘടനാസ്ഥാപനംമുഖേന മറെറല്ലാ ഗ്രാമീണവ്യവസായങ്ങളെയും ഖാദിക്കു തുല്യമായ നിലയിൽത്തന്നെ കാൺഗ്രസ്സ് ഗണിച്ചിട്ടുണ്ടെന്നുള്ള വസ്തുത അവർ വിസ്മരിക്കുന്നു. സൂര്യനില്ലാത്ത സൗരയൂഥം ഇരുണ്ടിരിക്കുമെന്നുള്ളതുപോലെ, മററു ജ്യോതിർഗ്ഗോളങ്ങളില്ലെങ്കിൽ സൂര്യനും പ്രകാശശൂന്യനായിരിക്കും. പ്രപഞ്ചത്തിലെ സകല വസ്തുക്കളും പരസ്പരാശ്രയികളാണ്. ഗ്രാമങ്ങൾക്കു മുക്തിയില്ലെങ്കിൽ ഇൻഡ്യയ്ക്കും മുക്തിയുണ്ടാവുക സാദ്ധ്യമല്ല.

## 24

ഇൻഡ്യൻ നഗരങ്ങളിലെ സ്വത്തു കണ്ടു നാം വഞ്ചിതരാകരുത്. അതു് ഇംഗ്ലണ്ടിലോ അമേരിക്കയിലോ നിന്നു വരുന്നതല്ല, വെറും പാവപ്പെട്ടവരുടെ രക്തത്തിൽനിന്നും വരുന്നതാണ്. ഇൻഡ്യയിൽ ഏഴു ലക്ഷം ഗ്രാമങ്ങളുള്ളതായി പറയപ്പെടുന്നു. അവയിൽ ചിലതു നിർമ്മാർജ്ജിതമായിട്ടുണ്ട്. ബംഗാളിലും കർണ്ണാടകത്തിലും മററു സ്ഥലങ്ങളിലും പട്ടിണിയും രോഗവുംകൊണ്ടു മരിച്ച ആയിരക്കണക്കിനുള്ള ആളുകളെപ്പററി ആരുടെ കൈവശവും ഒരു രേഖയുമില്ല. ഗ്രാമവാസികളുടെ അനുഭവങ്ങളെക്കുറിച്ച് ഗവണ്മെൻറു രജിസ്റ്ററുകളിൽനിന്നു യാതൊരറിവും ലഭിക്കുകയില്ല. എന്നാൽ ഞാൻ ഒരു ഗ്രാമീണനായതുകൊണ്ട് എനിക്കു ഗ്രാമവാസികളുടെ സ്ഥിതിയെപ്പററി അറിയാം. ഗ്രാമീണസമ്പദ്വ്യവസ്ഥയെക്കുറിച്ച് എനിക്ക് അറിവുണ്ട്. ഞാൻ പറയുന്നതു് മുകളിൽനിന്നുള്ള ഞെരുക്കകാരണം താഴെയുള്ളവർ ചതഞ്ഞുപോകുന്നു എന്നാണ്.

ആകെക്കൂടി വേണ്ടതു്, അവരുടെ ചുമലിൽനിന്നും താഴെ ഇറങ്ങിക്കൊടുക്കുകയാണ്.

24. Amrit Bazaar Patrika, 30-6-1944 (Selections from Gandhi, P. 48)

digitized by www .sreyas.in

## 25

ലോകത്തു രണ്ടുതരം ചിന്താഗതികൾ നിലവിലുണ്ട്. അതിലൊന്നു ലോകത്തെ നഗരങ്ങളായി വിഭജിക്കാനും മറേറതു് ഗ്രാമങ്ങളായി വിഭജിക്കാനും ആഗ്രഹിക്കുന്നു. ഗ്രാമീണസംസ്കാരവും നാഗരികസംസ്കാരവും തികച്ചും വ്യത്യസ്ഥമാണു്. ഒന്നു യന്ത്രങ്ങളെയും വ്യവസായവല്ക്കരണത്തേയും, മറേറതു കരകൗശലങ്ങളെയും ആശ്രയിക്കുന്നു. നാം രണ്ടാമത്തേതിനാണു് മുൻഗണന നൽകിയിട്ടുള്ളതു്.

ഈ വ്യവസായവൽക്കരണവും വലിയതോതിലുള്ള ഉല്പാദനവും താരതമ്യേന അടുത്തകാലത്താണു് വളർന്നുവന്നിട്ടുള്ളതു്. അതു നമ്മുടെ സന്തുഷ്ടിയെ വർദ്ധിപ്പിക്കുന്നതിനു് എത്രമാത്രം പര്യാപ്തമായിട്ടുണ്ടെന്നു നമുക്കു നിശ്ചയമില്ല; എന്നാൽ ഒന്നു നമുക്കറിയപ്പെട്ടിട്ടുണ്ട്. അതായതു്, ഈയിടെയുണ്ടായ ലോകയുദ്ധങ്ങൾ അതിന്റെ പുറകേ വന്നുചേർന്നിട്ടുള്ളവയാണെന്നു്. രണ്ടാം ലോകയുദ്ധം ഇനിയും അവസാനിച്ചിട്ടില്ല; അഥവാ അവസാനിച്ചാൽ ത്തന്നെ എന്തു്? ഒരു മൂന്നാം ലോകയുദ്ധത്തെപ്പററി നാം കേട്ടുതുടങ്ങിയിരിക്കുന്നു. ഇതിനുമുമ്പൊരിക്കലും നമ്മുടെ രാജ്യം ഇന്നത്തെപ്പോലെ അസന്തുഷ്ടിയിലും ദുരിതത്തിലും മുഴുകിയിട്ടില്ല. നഗരത്തിലുള്ളവർക്കു് വലിയ ലാഭവും നല്ല ശമ്പളവും കിട്ടുന്നുണ്ടായിരിക്കാം; എന്നാൽ അതൊക്കെ ഗ്രാമീണരുടെ രക്തം ഊററിക്കുടിക്കുന്നതിൽനിന്നുണ്ടാകുന്ന സൗകര്യങ്ങളാണു്. നമുക്കു ലക്ഷവും കോടിയുമൊന്നും ശേഖരിക്കേണ്ട ആവശ്യമില്ല. നമ്മുടെ ജോലിക്കു് എപ്പോഴും പണത്തെ ആശ്രയിക്കേണ്ടതായിട്ടില്ല. ജീവിതത്തെ ഉദ്ദിഷ്ടസംഗതിക്കായി ഉഴിഞ്ഞുവയ്ക്കാൻ സന്നദ്ധതയുണ്ടെങ്കിൽ പണത്തിന്റെ കാര്യം സാരമില്ല. ആ സംഗതിയിൽ നമുക്കു് ഉറച്ച വിശ്വാസവും നമ്മോടുതന്നെ സത്യസന്ധതയും ഉണ്ടായിരിക്കണം. ഇതൊക്കെ നമുക്കുണ്ടെങ്കിൽ 30 ലക്ഷം രൂപാ ഗ്രാമങ്ങളിലേയ്ക്കു വികേന്ദ്രീകരിച്ചാൽ 300 കോടി രൂപായുടെ ദേശീയ സമ്പത്തു നമുക്കു് ആർജ്ജിക്കാം; പ്രധാനമായ ആ സംഗതി നിർവ്വഹിക്കുന്നതിനു വേണ്ടതു് ഗ്രാമങ്ങളെ സ്വയംപര്യാപ്തവും ആത്മവിശ്വാസമുള്ളവയുമാക്കുകയാണു്. എന്നാൽ നിങ്ങൾ ഒന്നു ധരിക്കണം: സ്വയംപര്യാപ്തതയെപ്പററിയുള്ള എന്റെ സങ്കല്പം സങ്കുചിതമായ ഒന്നല്ല. ഞാനുദ്ദേശിക്കുന്ന സ്വയംപര്യാപ്തതയിൽ സ്വാർത്ഥതയ്ക്കും ഔദ്ധത്യത്തിനും സ്ഥാനമില്ല.

ഒററപ്പെട്ടു നില്ക്കാനല്ല ഞാൻ ഉപദേശിക്കുന്നതു്. നമ്മുടെ കാര്യസിദ്ധിക്കുവേണ്ടി നാം ധൂളിക്കുസമം താഴ്മയുള്ളവരാകണം.

---

25. Hindustan Standard, 6-12-1944 (Selections from Gandhi, pp. 135—136)

digitized by www .sreyas.in

പഞ്ചസാര പാലിനോടു ചേരുന്നതുപോലെ നാം ജനങ്ങളുമായി ഇടപഴകണം. ഗ്രാമവാസികഠം കഴിവുള്ളിടത്തോളം സ്വയംപര്യാപ്തരായിരിക്കമെങ്കിൽ, ബുദ്ധിവികസനത്തിനും ഭാവിയിലേക്ക നാം വിഭാവനംചെയ്യുന്ന അഹിംസാധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥിതി കൈവരുത്തുവാൻ ആവശ്യമുള്ള അറിവു സമ്പാദിക്കുന്നതിനുംവേണ്ടി അവർ സമയം വിനിയോഗിക്കും.

## 26

നഗരങ്ങളുടെ വളച്ച് മനുഷ്യരാശിക്കും ലോകത്തിനും നിർഭാഗ്യകരമായ ഒരു ദുഷിച്ച സംഗതിയായി ഞാൻ കരുതുന്നു; അതു് ഇംഗ്ലണ്ടിനും നിശ്ചയമായും ഇൻഡ്യക്കും നിർഭാഗ്യകരമാണു്. ബ്രിട്ടീഷുകാർ ഇൻഡ്യയെ നഗരങ്ങഠംമുഖേനയാണു ചൂഷണം ചെയ്തിട്ടുള്ളതു്. നഗരങ്ങളാകട്ടെ, ഗ്രാമങ്ങളെ ചൂഷണം ചെയ്തു. നഗരങ്ങളിലെ മണിമന്ദിരങ്ങഠം പണിതിട്ടുള്ളതു് ഗ്രാമങ്ങളുടെ രക്തമാകുന്ന സിമൻറുകൊണ്ടാണു്. ഇന്നു നഗരങ്ങളുടെ ധമനികളെ വീർപ്പിച്ചുകൊണ്ടിരിക്കുന്ന രക്തം ഗ്രാമങ്ങളിലെ രക്തവാഹിനികളിൽക്കൂടി വീണ്ടും ഒഴുകണമെന്നാണു് എൻെറ ആഗ്രഹം.

## 27

ഗ്രാമങ്ങഠം നിലനില്ക്കുമെന്നു മാത്രമല്ല അവ ശക്തിയും അഭിവൃദ്ധിയും പ്രാപിക്കണമെന്നുകൂടി നാം ആശിക്കുകയാണെങ്കിൽ ഗ്രാമീണമായ ഒരു കാഴ്ചപ്പാടുണ്ടായിരിക്കുക എന്നതാണു ശരിയായ വീക്ഷണഗതി. ഇതു ശരിയാണെങ്കിൽ നമ്മുടെ പ്രദർശനങ്ങളിൽ നഗരങ്ങളിലെ ജാലവിദ്യകഠംക്കും ആഡംബരത്തിനും സ്ഥാനമുണ്ടായിരിക്കുകയില്ല; നഗരങ്ങളിലെ കളികഠംക്കും മററു വിനോദങ്ങഠംക്കും അവിടെ ആവശ്യമുണ്ടായിരിക്കാൻ പാടില്ല. ഒരു പ്രദർശനം തമാശയ്ക്കോ ആദായത്തിനോ ആയിരിക്കരുതു്; അതു് ഒരിക്കലും കച്ചവടക്കാക്കു് പരസ്യത്തിനുള്ള ഒരു മാർഗ്ഗമായിക്കൂടാ. അവിടെ യാതൊരു വില്പനയും അനുവദിക്കാൻ പാടില്ല. ഖാദി, ഗ്രാമവ്യവസായോൽപ്പന്നങ്ങഠം എന്നിവപോലും അവിടെ വില്ക്കരുതു്. ഒരു പ്രദർശനം വിദ്യാഭ്യാസത്തിനു മാർഗ്ഗദർശകവും ആകർഷകവും ഗ്രാമീണക്കു് ഏതെങ്കിലുമൊരു വ്യവസായം തുടങ്ങുന്നതിനു പ്രേരകവുമായിരിക്കണം. ഇന്നത്തെ ഗ്രാമജീവിതത്തിലെ പ്രകടമായ കുററങ്ങളേയും കുറവുകളെയും അതു ചൂണ്ടിക്കാണിക്കുകയും അവയ്ക്കു പരിഹാരമാർഗ്ഗങ്ങഠം നിർദ്ദേശിക്കുകയും ചെയ്യണം. ഗ്രാമോദ്ധാരണമെന്ന ആശയം ഉടലെടുത്തതിനുശേഷം ഓരോ ഇനത്തിലും എത്രത്തോളം ഫലപ്രാപ്തി ഉണ്ടായിട്ടുണ്ടെന്നും അതു

26. Harijan, 23-6-1946
27. Gram Udyog Patrika, July, 1946 (Village Industries, P. 38)

digitized by www .sreyas.in

സൂചിപ്പിക്കണം. എന്നുതന്നെയല്ല ഗ്രാമീണജീവിതത്തെ കലാസു ഭഗമാക്കാനും അതു പഠിപ്പിക്കണം.

മേൽപ്പറഞ്ഞ വ്യവസ്ഥകാംക്കനുരൂപമായിരിക്കാൻ ഒരു പ്രദർശനത്തിൻെറ സ്വഭാവം എന്തായിരിക്കണമെന്നു് നമുക്കു നോക്കാം.

1) ഗ്രാമങ്ങളുടെ രണ്ടു മാതൃകകാം ഉണ്ടായിരിക്കണം—ഒന്നു് ഇന്നു കാണുന്നരീതിയിലുള്ളതും മറേറതു പരിഷ്കരിച്ചതും. പരിഷ്കരിച്ച ഗ്രാമം പരിപൂർണ്ണശുചിത്വമുള്ളതായി കാണപ്പെടണം. അതിലെ വീടുകളും റോഡുകളും പരിസരങ്ങളും നിലങ്ങളും തികച്ചും വൃത്തിയായിരിക്കണം. കന്നുകാലികളുടെ സ്ഥിതിയും അഭിവൃദ്ധിപ്പെട്ടിരിക്കണം. ഏതു വ്യവസായങ്ങാംകൊണ്ടാണു കൂടുതൽ വരുമാനമുണ്ടാകുന്നതെന്നും അതെങ്ങനെയാണുണ്ടാകുന്നതെന്നും കാണിച്ചുകൊടുക്കുന്ന പുസ്തകങ്ങളും വിവരണപ്പത്രങ്ങളും ചിത്രങ്ങളും ഉപയോഗപ്പെടുത്തണം.

2) വിവിധഗ്രാമീണവ്യവസായങ്ങളുടെ നടത്തിപ്പു് എങ്ങനെയാണെന്നും അതിലേയ്ക്കാവശ്യമുള്ള ഉപകരണങ്ങാം എവിടെനിന്നു കിട്ടുമെന്നും അവ എങ്ങനെ ഉണ്ടാക്കാമെന്നും അവിടെ പ്രദർശിപ്പിക്കണം. ഓരോ വ്യവസായത്തിൻെറയും പ്രവർത്തനം ശരിക്കു കാണിച്ചുകൊടുക്കണം. ഇക്കൂട്ടത്തിൽ താഴെപ്പറയുന്ന സംഗതികാംക്കുകൂടി സ്ഥാനമുണ്ടായിരിക്കണം.

a) മാതൃകാപരമായ ഗ്രാമീണഭക്ഷണം. b) ഗ്രാമവ്യവസായവും യന്ത്രങ്ങളുപയോഗിച്ചുള്ള വ്യവസായവും തമ്മിലുള്ള താരതമ്യം. c) ജന്തുസംരക്ഷണത്തിനുള്ള മാതൃകാപാഠങ്ങാം. d) കലാവിഭാഗം. e) ഗ്രാമത്തിലെ കക്കൂസിൻെറ മാതൃക. f) കൃഷിസ്ഥലങ്ങളിൽ സജ്ജമാക്കുന്ന വളവും രാസവളവും തമ്മിലുള്ള താരതമ്യപഠനം. g) മൃഗങ്ങളുടെ തോലു്, എല്ലു് തുടങ്ങിയവ ഉപയോഗപ്പെടുത്തുന്ന സമ്പ്രദായം. h) ഗ്രാമീണസംഗീതം, സംഗീതോപകരണങ്ങാം. ഗ്രാമീണനാടകങ്ങാം. i) നയീതാലിം (പുതിയബോധനസമ്പ്രദായം) j) ഗ്രാമത്തിലെ കളികാം വ്യായാമശാലകാം വ്യായാമരീതികാം മുതലായവ. k) ഗ്രാമത്തിലെ മരുന്നുകാം. l) ഗ്രാമത്തിലെ പ്രസവമന്ദിരം. ആദ്യം വിശദമാക്കിയ നയത്തിൻെറ പരിധിയിൽ നില്ക്കത്തക്കവണ്ണം ഈ പട്ടിക കൂടുതൽ വിപുലമാക്കാം. ഞാൻ സൂചിപ്പിച്ചിട്ടുള്ളവ ഉദാഹരണങ്ങാംമാത്രമാണു്. അവ പരിപൂർണ്ണമാണെന്നു കരുതരുതു്. ഞാൻ ചക്കിയെയോ മററു ഗ്രാമവ്യവസായങ്ങളെയോ പററി സൂചിപ്പിക്കാത്തതു് അവ സ്വാഭാവികമായിത്തന്നെ അവിടെ ഉണ്ടായിരിക്കുമെന്നുള്ളതുകൊണ്ടാണു്. അവയെക്കൂടാത്ത ഒരു പ്രദർശനം തികച്ചും ഉപയോഗശൂന്യമായ ഒന്നായിരിക്കും.

digitized by www .sreyas.in

## 28

ഞാൻ വിഭാവന ചെയ്യുന്ന ഒരു ഗ്രാമീണഘടകം ഏററവും ശക്തിമത്തായ ഒന്നാണ്. എന്റെ സങ്കല്പഗ്രാമം 1,000 മനുഷ്യാത്മാക്കളെ ഉൾക്കൊള്ളുന്നതായിരിക്കും. സ്വയംപര്യാപ്തതയുടെ അടിസ്ഥാനത്തിൽ ശരിക്കു സംഘടിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ അത്തരം ഒരു ഘടകം നല്ല കഴിവുള്ള ഒന്നായിരിക്കും.

## 29

ഗ്രാമീണർ നിർമ്മിക്കുന്ന സാധനങ്ങൾക്കു വെളിയിൽ നല്ല കമ്പോളം ഉണ്ടാകത്തക്കവണ്ണം അവർ ഉയർന്ന തരത്തിലുള്ള സാമർത്ഥ്യം നേടണം. നമ്മുടെ ഗ്രാമങ്ങൾ പൂർണ്ണമായി വികസിച്ചുകഴിഞ്ഞാൽ അവിടെ സമർത്ഥന്മാർക്കും കലാവിദഗ്ദ്ധന്മാർക്കും ഒരു കുറവും ഉണ്ടാകുകയില്ല. ഗ്രാമീണകവികൾ, കലാകാരന്മാർ, ശില്പികൾ, വിവിധഭാഷാനിപുണന്മാർ, ഗവേഷണപ്രവർത്തകർ, എന്നിവരെല്ലാം അവിടെയും ഉണ്ടായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ ജീവിതത്തിനു വേണ്ട സകലതും ഗ്രാമങ്ങളിൽ കാണും. ഇന്നു ഗ്രാമങ്ങളെല്ലാം ചാണകക്കുമ്പാരങ്ങളാണ്. നാളെ അവ സുന്ദരമായ ഏദൻതോട്ടങ്ങളെപ്പോലെയാകും. അവിടെ വസിക്കുന്നവർ മികച്ച ബുദ്ധിസാമർത്ഥ്യമുള്ളവരും മററാർക്കും ചതിക്കാനും ചൂഷണം ചെയ്യാനും സാദ്ധ്യമല്ലാത്തതരത്തിലുള്ളവരുമായിരിക്കും.

ഗ്രാമങ്ങളുടെ ഇപ്രകാരമുള്ള പുനസ്സംഘടന ഉടനെ ആരംഭിക്കേണ്ടതാണ്. അതു താൽക്കാലികാടിസ്ഥാനത്തിലല്ല, സ്ഥിരമായ അടിസ്ഥാനത്തിലായിരിക്കണം. കരകൗശലം, കല, ആരോഗ്യം, വിദ്യാഭ്യാസം ഇവയെല്ലാം ഒററ പദ്ധതിയിൽ കൂട്ടിയിണക്കണം. 'നയീതാലിം' ഈ നാലിന്റെയും ഒരു സുന്ദരസമന്വയമാണ്. അതു് ഒരു വ്യക്തിയുടെ ഉൽപത്തി മുതൽ മരണം വരെയുള്ള മുഴുവൻ വിദ്യാഭ്യാസത്തേയും ഉൾക്കൊള്ളുന്നതായിരിക്കും. അതുകൊണ്ടു് ഗ്രാമോദ്ധാരണപ്രവർത്തനത്തെ ആരംഭത്തിൽ തന്നെ ദൃഢമായി വേർപെടുത്തുന്ന പ്രത്യേകവകുപ്പുകളായി ഞാൻ വിഭജിക്കുകയില്ല; പ്രത്യുത, ഈ നാലിനെയും യോജിപ്പിക്കുന്ന ഒരു പദ്ധതിയെമാത്രമേ ഞാൻ ഏറെറടുക്കുകയുള്ളു. കരകൗശലത്തെയും വ്യവസായത്തെയും വിദ്യാഭ്യാസത്തിൽനിന്നു വ്യത്യസ്തമായിട്ടു ഗണിക്കാതെ ആദ്യത്തെ രണ്ടിനെയും ഒടുവിലത്തേതിലേക്കുള്ള ഒരു മാർഗ്ഗമായി ഞാൻ കണക്കാക്കും. അതുകൊണ്ടു് നയീതാലിമിനെ ഈ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതാണ്.

---

28. Harijan, 4-8-1946 (Panchayat Raj, P. 16)
29. Harijan, 10-11-1946 (Panchayat Raj, P. 16)

digitized by www .sreyas.in

30

ബുദ്ധിയും തൊഴിലും തമ്മിലുള്ള ബന്ധവിച്ഛേദം ഗ്രാമങ്ങളെ അവഗണിക്കുക എന്ന കുററകൃത്യത്തിന്ന് ഇടയാക്കി അതുകൊണ്ടു സുന്ദരങ്ങളായ ചെറുഗ്രാമങ്ങരം നാട്ടിൽ നിരന്നു കാണപ്പെടുന്നതിനുപകരം ചാണകക്കുന്നുകളാണു നമുക്കുള്ളതു്. പല ഗ്രാമങ്ങളിലേക്കുമുള്ള പ്രവേശനം സുഖപ്രദമായിട്ടല്ല അനുഭവപ്പെടുന്നതു്. മിക്കവാറും കണ്ണടച്ചു മൂക്കുംപൊത്തി നടക്കേണ്ടിവരും. പരിസരങ്ങരം അത്രത്തോളം മലിനവും ദുർഗ്ഗന്ധപൂർണ്ണവുമായിരിക്കും. കാൺഗ്രസ്സ് അംഗങ്ങളിൽ ഭൂരിഭാഗവും ഗ്രാമങ്ങളിൽനിന്നുള്ളവരായിരിക്കുമെങ്കിൽ — അങ്ങനെയാണു വേണ്ടതു്—അവക്ക് നമ്മുടെ ഗ്രാമങ്ങളെ അക്ഷരംപ്രതി ശുചിത്വത്തിന്റെ മാതൃകയാക്കാൻ കഴിയണം. എന്നാൽ നിത്യജീവിതത്തിൽ ഗ്രാമീണരുമായി താദാത്മ്യം പ്രാപിക്കണമെന്നുള്ളതു തങ്ങളുടെ കർത്തവ്യമായി അവർ ഒരിക്കലും ഗണിച്ചിട്ടില്ല. ദേശീയമോ സാമുദായികമോ ആയ ശുചീകരണബോധം നമ്മുടെ ഇടയിൽ കാണുന്ന ഒരു സദ്ഗുണമല്ല. നമുക്കു് എങ്ങനെ എങ്കിലും ഒന്നു കുളിക്കണമെന്നേയുള്ളു; അതിനുവേണ്ടി നാം ഉപയോഗിക്കുന്ന കിണറോ, കുളമോ, പുഴയോ മലീമസമാക്കുന്നതിന്റെ ഗൗരവം നാം ഗൗനിക്കുന്നില്ല. നമ്മുടെ ഗ്രാമങ്ങളുടെയും പരിശുദ്ധങ്ങളായ നദീതടങ്ങളുടെയും ലജ്ജാവഹമായ അവസ്ഥയ്ക്കും, ശുചിത്വക്കുറവിൽനിന്നുത്ഭവിക്കുന്ന രോഗങ്ങരംക്കും നമ്മുടെ ഈ ദുർവൃത്തിയാണു കാരണമെന്നു ഞാൻ കരുതുന്നു.

## ബി. കൈകൊണ്ടുള്ള നൂൽനൂൽപിന്റെയും ഖാദിയുടെയും പ്രാധാന്യം

31

ഇൻഡ്യയിലെ വർദ്ധിച്ചുവരുന്ന നിർദ്ധനതയ്ക്കുള്ള ദിവ്യൗഷധം, കൈത്തറിയും ചക്കയുമാണെന്നു ഞാൻ 1908 ൽ 'ഹിന്ദ് സ്വരാജി'ൽ വിവരിച്ചപ്പോരം ഈ രണ്ടു സാധനങ്ങളും ഞാൻ കണ്ടിരുന്നതായി ഓക്കുന്നില്ല. ഇവിടത്തെ ജനസാമാന്യത്തെ തകക്കുന്ന ദാരിദ്ര്യത്തിൽനിന്നു് അവരെ മോചിപ്പിക്കുന്ന ഏതൊരു പദ്ധതിയും സ്വരാജ് സ്ഥാപിക്കുന്നതിനു സഹായകമായിരിക്കുമെന്നുള്ളതു് എല്ലാവക്കുമറിയാവുന്ന സംഗതിയായി ഞാൻ ആ പുസ്തകത്തിൽ അംഗീകരിച്ചിട്ടുണ്ടു്. 1915—ൽ ദക്ഷിണാഫ്രിക്കയിൽനിന്നും ഇൻഡ്യയിലേക്കു മടങ്ങി എത്തിയപ്പോരംപോലും ഞാൻ

30. Constructive Programme, P. 15, Edn. 1948 (Bread Labour, P. 25)

31. An Autobiography, pp. 360-362

digitized by www .sreyas.in

യഥാർത്ഥത്തിൽ ഒരു ചക്ക് കണ്ടിട്ടുണ്ടായിരുന്നില്ല. സബർമതിയിൽ ഞങ്ങൾ സത്യാഗ്രഹാശ്രമം സ്ഥാപിച്ചപ്പോൾ ഏതാനും കൈത്തറികൾ അവിടെ ഏർപ്പെടുത്തി. ഇതു ചെയ്തുകഴിഞ്ഞയുടനെ ഒരു വലിയ വൈഷമ്യം ഞങ്ങൾക്കു് അഭിമുഖീകരിക്കേണ്ടിവന്നു. ഞങ്ങളെല്ലാവരും ഉയർന്നതരം തൊഴിലുകളിലോ വ്യാപാരങ്ങളിലോ ഏർപ്പെട്ടവരായിരുന്നു. കൈത്തൊഴിലറിയാവുന്നവരാരുംതന്നെ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നില്ല. കൈത്തറിയുടെ പ്രവർത്തനം തുടരാൻ സാധിക്കണമെങ്കിൽ ഞങ്ങളെ നെയ്ത്തു പഠിപ്പിക്കാൻ ഒരു നെയ്ത്തുവിദഗ്ദ്ധൻ ആവശ്യമായിരുന്നു. ഒടുവിൽ പാലൻപൂരിയിൽനിന്നു് ഒരാളെ വല്ലവിധവും കിട്ടിയെങ്കിലും അയാൾക്കറിയാമായിരുന്ന തൊഴിൽ മുഴുവൻ ഞങ്ങൾക്കു പറഞ്ഞുതന്നില്ല. എന്നാൽ മഗൻലാൽ ഗാന്ധി തോററു പിന്മാറുന്ന സ്വഭാവക്കാരനല്ലായിരുന്നു. ജന്മനാ യന്ത്രവിദ്യയിൽ വാസനയുള്ള ഒരാളായതുകൊണ്ടു് അദ്ദേഹം ഏറെ താമസിയാതെ അതിൽ വൈദഗ്ദ്ധ്യം നേടി; ഒന്നിനുപുറകെ ഒന്നായി അനേകം നെയ്ത്തുകാരെ ആശ്രമത്തിൽ പരിശീലിപ്പിക്കുകയും ചെയ്തു.

ഞങ്ങളുടെ സ്വന്തം കൈകൊണ്ടു നിർമ്മിക്കുന്ന വസ്ത്രംതന്നെ ധരിക്കണമെന്നു ഞങ്ങൾ തീരുമാനിച്ചു. അതുകൊണ്ടു മിൽത്തുണി ഞങ്ങൾ പൂർണ്ണമായി വർജ്ജിക്കുകയും ആശ്രമവാസികളെല്ലാം ഇൻഡ്യൻനൂലുകൊണ്ടു കൈത്തറിയിൽ നെയ്യുന്ന തുണിയേ ഉപയോഗിക്കൂ എന്നു നിശ്ചയിക്കുകയും ചെയ്തു. ഈ സമ്പ്രദായം അംഗീകരിച്ചതു കാരണം ഒരു പരിചയപ്രപഞ്ചംതന്നെ ഞങ്ങൾക്കു സ്വായത്തമായി. നെയ്ത്തുകാരുടെ ജീവിതസ്ഥിതികൾ, അവരുടെ തുണിഉല്പാദനത്തിന്റെ വ്യാപ്തി, അവക്കാവശ്യമുള്ള നൂലുകിട്ടുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, അവരെ വഞ്ചനയ്ക്കിരയാക്കുന്ന രീതി, വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവരുടെ ഋണബാദ്ധ്യതകൾ എന്നിവയെപ്പററി നേരിട്ടു ഗ്രഹിക്കാൻ ഞങ്ങൾക്കു സൗകര്യം കിട്ടി. ഞങ്ങളുടെ ആവശ്യത്തിനു വേണ്ട തുണി മുഴുവൻ ഉടനടി നിർമ്മിക്കാൻ ഞങ്ങൾക്കു നിവൃത്തിയില്ലായിരുന്നു. മറെറാരു പോംവഴി ഉണ്ടായിരുന്നതു് കൈത്തറിനെയ്ത്തുകാരിൽനിന്നു ഞങ്ങൾക്കാവശ്യമുള്ള തുണി വാങ്ങുക എന്നതായിരുന്നു. എന്നാൽ തുണിക്കച്ചവടക്കാരിൽനിന്നോ നെയ്ത്തുകാരിൽനിന്നോ ഇന്ത്യൻ മിൽനൂലുകൊണ്ടു നെയ്ത തുണി എളുപ്പത്തിൽ കിട്ടാൻ സാദ്ധ്യമായിരുന്നില്ല. ഇൻഡ്യൻ മില്ലുകളിൽ നേർത്ത നൂലുൽപാദിപ്പിക്കാത്തതുകൊണ്ടു് നെയ്ത്തുകാർ തയ്യാറാക്കിയ നേർമ്മയുള്ള തുണികളെല്ലാം വിദേശനൂലുകൊണ്ടുണ്ടാക്കിയവയായിരുന്നു. ഇക്കാലത്തുതന്നെയും മേൽത്തരം നൂലുകൾ ഇന്ത്യൻമില്ലുകളിൽ ചുരുങ്ങിയ തോതിലേ ഉണ്ടാക്കുന്നുള്ളു. ഏററവും കൂടിയ നമ്പർ നൂലുകൾ ഉണ്ടാക്കുക എന്നതു് ഇവിടെ സാദ്ധ്യമല്ലതന്നെ അതുകൊണ്ടു്

digitized by www .sreyas.in

ളുവളരെ ശ്രമപ്പെട്ടതിൻെറ ഫലമായിട്ടാണു് ഏതാനും നെയ്ത്തു കാർ, അവർ ഉണ്ടാക്കുന്ന തുണി മുഴുവൻ ആശ്രമത്തിലേക്കു് എടുത്തുകൊള്ളണമെന്നുള്ള വ്യവസ്ഥയിൽ, സ്വദേശിനൂലുകൊണ്ടു് തുണി നെയ്തു തരാമെന്നു സമ്മതിച്ചതു്. ഇങ്ങനെ മിൽനൂലുകൊണ്ടു് ഉണ്ടാക്കുന്ന തുണി ഞങ്ങൾ സ്വയം ഉപയോഗിക്കുകയും ഞങ്ങളുടെ സ്നേഹിതന്മാരുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചെയ്തതോടെ ഞങ്ങൾ ഇൻഡ്യൻ നൂൽമില്ലുകളുടെ സ്വയമേവയുള്ള ഏജൻറന്മാരായിത്തീർന്നു. അതുകാരണം ഞങ്ങൾക്കു മില്ലുകളുമായി സമ്പൎക്കമുണ്ടാവുകയും അവയുടെ ഭരണരീതിയെയും അവക്കുണ്ടാകുന്ന വൈഷമ്യങ്ങളെയും പററി ഒരു സാമാന്യജ്ഞാനം സമ്പാദിക്കാൻ കഴിയുകയും ചെയ്തു. മില്ലുകളുടെ ലക്ഷ്യം അവയിലുൽപ്പാദിപ്പിക്കുന്ന നൂലുകൊണ്ടു നെയ്യുക എന്നതാണെന്നു ഞങ്ങൾ മനസ്സിലാക്കി. കൈത്തറി നെയ്ത്തുകാരുമായുള്ള അവയുടെ സഹകരണം സ്വമനസ്സാലെ ഉള്ളതായിരുന്നില്ല; ഒഴിച്ചുകൂടാൻ പാടില്ലാത്തതും താല്ക്കാലികവുമായിരുന്നു. ഞങ്ങളുടെ സ്വന്തം നൂലുകൊണ്ടു നെയ്യണമെന്ന കാര്യത്തിൽ ഞങ്ങൾ അക്ഷമരായി. ഇതു ഞങ്ങൾക്കു തന്നത്താൻ ചെയ്യാൻ കഴിയുന്നതുവരെ മില്ലുകളെ ആശ്രയിക്കേണ്ടിവരുമെന്നു സ്പഷ്ടമായിരുന്നു. ഇൻഡ്യൻ നൂൽനൂൽപുമില്ലുകളുടെ ഏജൻറന്മാരായിത്തുടരുന്നതുകൊണ്ടു് രാജ്യത്തിനു് ഏതെങ്കിലും സേവനമനുഷ്ഠിക്കാൻ കഴിയുമെന്നു ഞങ്ങൾക്കു തോന്നിയില്ല.

പിന്നെയും ഞങ്ങളുടെ ബുദ്ധിമുട്ടുകൾക്കു് അവസാനമുണ്ടായില്ല. ചർക്കയോ നൂലെടുക്കാൻ പഠിപ്പിക്കാൻ ഒരു നൂല്പുകാരനേയോ ഞങ്ങൾക്കു കിട്ടിയില്ല. ആശ്രമത്തിൽ നെയ്ത്തു നടത്തുന്നതിലേക്കു പേണുകളും ബോബിനുകളും നിറയ്ക്കാൻ ഞങ്ങൾ വല്ല ചക്രങ്ങളും ഉപയോഗിച്ചിരുന്നു. എന്നാൽ അവയെ ചൎക്കകളായി ഉപയോഗിക്കാമെന്നുള്ളതിനെപ്പററി ഞങ്ങൾക്കു യാതൊരു രൂപവുമില്ലായിരുന്നു. നൂൽ നൂല്ക്കുന്ന രീതി കാണിച്ചുതരാൻ കഴിവുള്ള ഒരു സ്ത്രീയെ ഒരിക്കൽ കാളിദാസ് ജാവേരി കണ്ടുപിടിച്ചു. പുതിയ സംഗതികൾ വളരെ എളുപ്പത്തിൽ പഠിക്കാൻ സമൎത്ഥനാണെന്നു് അറിയപ്പെട്ടിരുന്ന ഒരു ആശ്രമാംഗത്തെ ഞങ്ങൾ ആ സ്ത്രീയുടെ അടുക്കലേക്കയച്ചു. എന്നാൽ ആ കലയുടെ രഹസ്യം മനസ്സിലാക്കാതെ അദ്ദേഹവും തിരിച്ചുപോരുകയാണുണ്ടായതു്.

അങ്ങനെ സമയം മുന്നോട്ടുപോയി. അതോടുകൂടി എൻെറ ഉല്ക്കണ്ഠയും വൎദ്ധിച്ചുകൊണ്ടിരുന്നു. ആശ്രമം സന്ദർശിക്കുന്നവരിൽ നൂൽനൂല്പിനെപ്പററി അറിവുണ്ടെന്നു സംശയം തോന്നിയവരോടെല്ലാം ആ കലയെപ്പററി ഞാൻ ചോദ്യം ചോദിച്ചുകൊണ്ടിരുന്നു. എന്നാൽ, പ്രസ്തുതകല സ്ത്രീകളുടെമാത്രമായിരുന്നതുകൊണ്ടും അതു ബഹിഷ്കരണത്തിൻെറ വക്കുവരെ എത്തിയിരുന്നതുകൊണ്ടും, വല്ല ഒഴിഞ്ഞ മൂലയിലും ഒരു നൂൽനൂല്പുകാരി അവശേഷിച്ചിട്ടു

ണ്ടെങ്കിൽ അവരെപ്പററിയുള്ള വിവരങ്ങളറിയാൻ സ്ത്രീവർഗ്ഗത്തിൽ പെട്ട ഒരാൾക്കേ സാധിക്കുമായിരുന്നുള്ളു.

1917–ൽ എന്റെ ഗുജറാത്തിസ്നേഹിതന്മാർ ബ്രോച്ചുവിദ്യാഭ്യാസസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കാൻ എന്നെ കൂട്ടിക്കൊണ്ടുപോയി. അവിടെവച്ചാണു് ഗംഗാബെൻ മജ്ജുംദാർ എന്ന വിശിഷ്ടവനിതയെ എനിക്കു കണ്ടുകിട്ടാൻ കഴിഞ്ഞതു്. വിധവയെങ്കിലും അവരുടെ ഉത്സാഹശീലം നിസ്സീമമായിരുന്നു. വിദ്യാഭ്യാസം അതിന്റെ അംഗീകൃതാർത്ഥത്തിൽ, അവക്കു വളരെയൊന്നുമുണ്ടായിരുന്നില്ല. എന്നാൽ ധീരതയിലും സാമാന്യബുദ്ധിയിലും അവർ സാധാരണ അഭ്യസ്തവിദ്യകളെ അതിശയിച്ചിരുന്നു. ശപിക്കപ്പെട്ട അസ്പൃശ്യതയെ അവർ കാലേക്കൂട്ടിത്തന്നെ നിരാകരിക്കുകയും മട്ടിതവർഗ്ഗങ്ങളുടെ ഇടയിൽ നിർഭയം സഞ്ചരിച്ചു സേവനം നടത്തുകയും ചെയ്തുപോന്നു. അവക്കു സ്വന്തമായി വേണ്ട ധനസ്ഥിതിയുണ്ടായിരുന്നു. എന്നാൽ ചുരുങ്ങിയ ആവശ്യങ്ങളേ ഉണ്ടായിരുന്നുള്ളു. ദൃഢഘടിതമായ ഒരു ശരീരം ഉണ്ടായിരുന്നതുകൊണ്ടു് അവർ എല്ലാ സ്ഥലത്തും ആരുടെയും സഹായംകൂടാതെ ഒററയ്ക്കു സഞ്ചരിച്ചിരുന്നു. കുതിരസ്സവാരിയിൽ അവർ നിഷ്ണാതയായിരുന്നു. ഗോദ്രാ സമ്മേളനത്തിൽവച്ചു് എനിക്കു് അവരെ കൂടുതൽ അടുത്തറിയാൻ കഴിഞ്ഞു. ചർക്കയുടെ കാര്യത്തിലുള്ള എന്റെ ഖേദം ഞാൻ അവരെ അറിയിച്ചു. അവർ ചർക്കയെക്കുറിച്ചു് ആത്മാർത്ഥമായും ഇടവിടാതെയും അന്വേഷിക്കാമെന്നു വാഗ്ദാനംചെയ്തു് എന്റെ മനസ്സിന്റെ ഭാരം ലഘൂകരിച്ചു.

## 32

ഒടുവിൽ, ഗുജറാത്തിൽ അവസാനമില്ലാതെ അലഞ്ഞുനടന്ന ശേഷം, ബറോഡാസംസ്ഥാനത്തു വിജാപ്പൂരിൽവച്ചു് ചക്ക കണ്ടുപിടിക്കാൻ ഗംഗാബഹന്നു സാധിച്ചു. അവിടെ അനവധി ആളുകളുടെ വീടുകളിൽ ചർക്കകൾ ഉണ്ടായിരുന്നു; എന്നാൽ വളരെക്കാലമായി അവ ഉപയോഗശൂന്യമായ പഴയ സാമാനങ്ങളുടെ കൂട്ടത്തിൽ തട്ടിൻപുറത്തു തള്ളിയിരിക്കുകയായിരുന്നു. നൂലെടുക്കുന്നതിനുള്ള പഞ്ഞിത്തിരികൾ തയാറാക്കിക്കൊടുക്കുകയും, തങ്ങൾ ഉല്പാദിപ്പിക്കുന്ന നൂലുമുഴുവൻ വിലയ്ക്കെടുത്തുകൊള്ളാമെന്നു കരാർ ചെയ്യുകയും ചെയ്താൽ, വീണ്ടും നൂൽനൂല്പു തുടങ്ങാൻ തങ്ങൾ സന്നദ്ധരാണെന്നു് അവിടത്തെ ആളുകൾ ഗംഗാബഹനെ അറിയിച്ചു. ഈ സന്തോഷവാർത്ത ഗംഗാബെൻ എന്നെ അറിയിച്ചു. പഞ്ഞിച്ചുരുളുകൾ സംഭരിച്ചുകൊടുക്കുന്നതു് ഒരു വൈഷമ്യമുള്ള കാര്യമായിരുന്നു. പരേതനായ ഉമർ സോബാനിയോടു ഞാൻ ഈ സംഗതി

32. An Autobiography, pp. 362-363

പറഞ്ഞപ്പോഠം അദ്ദേഹം തന്റെ മില്ലിൽനിന്നും വേണ്ടുവോളം പഞ്ഞിച്ചുരുളുകളയച്ചുതരാമെന്ന സമ്മതിച്ചു. ഉമർ സോബാനിയിൽ നിന്നും ലഭിച്ച പഞ്ഞിച്ചുരുളുകഠം ഞാൻ ഗംഗാബഹനയച്ചു കൊടുത്തു. അല്പംകഴിഞ്ഞപ്പോഠംമുതൽ നൂൽ ധാരാളമായി വന്നു തുടങ്ങുകയും അതു വേണ്ടുംവണ്ണം വിനിയോഗിക്കുക എന്നതു് ഒരു പ്രശ്നമായിത്തീരുകയും ചെയ്തു.

ഉമർ സോബാനിയുടെ ഔദാര്യം മഹത്തായിരുന്നു. എന്നാൽ എക്കാലത്തും ആ സൗജന്യം ഉപയോഗപ്പെടുത്തുന്നതു യുക്തമല്ലല്ലോ. തുടരെ അദ്ദേഹത്തിന്റെ പക്കൽനിന്നും പഞ്ഞിച്ചുരുളുകഠം സ്വീകരിക്കുന്നതിൽ ഒരസുഖം എന്റെ മനസ്സിനു് അനുഭവപ്പെട്ടു. എന്നുതന്നെയല്ല മില്ലിലുണ്ടാക്കുന്ന പഞ്ഞിച്ചുരുളുകളുപയോഗിക്കുന്നതു് മൗലികമായി തെററാണെന്നു് എനിക്കു തോന്നിത്തുടങ്ങി. മില്ലിലെ പഞ്ഞിച്ചുരുളുകളുപയോഗിക്കാമെങ്കിൽ എന്തുകൊണ്ടു് മിൽനൂലും പാടില്ല? പുരാതനകാലത്തെ ആളുകഠംക്കു മില്ലിലെ പഞ്ഞിച്ചുരുളുകഠം ലഭിച്ചിരുന്നില്ലല്ലോ. അന്നു് എങ്ങനെ അവർ പഞ്ഞിച്ചുരുളുകഠം ഉണ്ടാക്കി? ഈ ചിന്തകളോടുകൂടി പഞ്ഞി കടയുന്നവരിൽനിന്നു പഞ്ഞിച്ചുരുളുണ്ടാക്കാൻ കഴിവുള്ള ഏതാനും പേരെ കണ്ടുപിടിക്കാൻ ഞാൻ ഗംഗാബഹനോടു നിർദ്ദേശിച്ചു. അവർ ആത്മവിശ്വാസത്തോടുകൂടി ആ ജോലി ഏറെറടുത്തു. പഞ്ഞി കടയാൻ ഒരുക്കമുള്ള ഒരാളെ അവർ അതിലേക്കു് ഏർപ്പെടുത്തി. അയാഠം പ്രതിമാസം മുപ്പത്തഞ്ചുരൂപായിൽ കുറയാത്ത ഒരു തുക ആവശ്യപ്പെട്ടു. തല്ക്കാലം അതിലേക്കു ചെലവാക്കുന്ന ഏതു തുകയും കൂടുതലല്ലെന്നു് എനിക്കു തോന്നി. കടഞ്ഞ പഞ്ഞിയിൽനിന്നു പഞ്ഞിച്ചുരുളുകഠം ഉണ്ടാക്കാൻ അവർ ഏതാനും ചെറുപ്പക്കാരെ പരിശീലിപ്പിച്ചു. ഞാൻ പഞ്ഞിക്കുവേണ്ടി ബോംബെയിൽ അപേക്ഷ സമർപ്പിച്ചു. ശ്രീ യശ്വന്തപ്രസാദ് ദേശായി എന്റെ അഭ്യർത്ഥന ചെവിക്കൊണ്ടു. ഗംഗാബഹന്റെ ഉദ്യമം ഇങ്ങനെ പ്രതീക്ഷയിൽക്കവിഞ്ഞു് അഭിവൃദ്ധി പ്രാപിച്ചു. വിജാപ്പൂരിലെടുത്ത നൂലുകൊണ്ടു നെയ്യാനുള്ള നെയ്ത്തുകാരെ അവർ കണ്ടുപിടിച്ചു; താമസംവിനാ വിജാപ്പൂർ ഖാദിക്കു് സൽപ്പേരു സമ്പാദിക്കാൻ കഴിഞ്ഞു.

ഈ സംഭവവികാസങ്ങഠം വിജാപ്പൂരിൽ ഉണ്ടായിക്കൊണ്ടിരിക്കെ ചർക്കയ്ക്കു് ആശ്രമത്തിൽ അതിവേഗം ഒരുറച്ച സ്ഥാനം ലഭിച്ചു. മഗൻലാൽ ഗാന്ധി തന്റെ യന്ത്രവിദ്യാപരമായ ബുദ്ധിവൈഭവംമുഴുവൻ പ്രയോഗിച്ചതിന്റെ ഫലമായി ചർക്കയിൽ പല പരിഷ്കാരങ്ങളും വരുത്താൻ അദ്ദേഹത്തിനു സാധിച്ചു. ചർക്കയും അതിനു വേണ്ട ഉപകരണങ്ങളും ആശ്രമത്തിൽത്തന്നെ നിർമ്മിച്ചുതുടങ്ങി. ആശ്രമത്തിൽ ആദ്യമായി ഉണ്ടാക്കിയ ഖാദിത്തുണിക്കു ഗജമൊന്നിനു് 17 അണ വിലയായി. വളരെ പരുത്ത

digitized by www .sreyas.in

ഈ ഖാദി ഈ വിലയ്ക്കു വാങ്ങാൻ എന്റെ സ്നേഹിതരോടു ശുപാർശചെയ്യാൻ ഞാൻ മടിച്ചില്ല; അവർ സന്മനസ്സോടെ ആ വില കൊടുക്കുകയും ചെയ്തു.

ഞാൻ സുഖമില്ലാതെ ബോംബെയിൽ കിടക്കുകയായിരുന്നു. എന്നാലും ചക്രയെ സംബന്ധിച്ച അന്വേഷണങ്ങൾ നടത്താനുള്ള ആരോഗ്യം എനിക്കുണ്ടായിരുന്നു. ഒടുവിൽ ഞാൻ രണ്ടു നൂൽ നൂല്പുകാരെ കണ്ടുപിടിച്ചു. അവരാകട്ടെ ഒരു സേർ അതായതു് 28 തോല, അഥവാ ഉദ്ദേശം മുക്കാൽ റാത്തൽ, നൂലിനു് ഒരു രൂപാ കൂലി ചുമത്തി. ഖാദിയുടെ അർത്ഥശാസ്ത്രത്തെപ്പററി എനിക്കു് അക്കാലത്തു് അറിവില്ലായിരുന്നു. കൈകൊണ്ടു നൂൽക്കുന്ന നൂലിനു് എന്തു വില കൊടുക്കുന്നതും കൂടുതലല്ലെന്നുള്ള ധാരണയാണു് എനിക്കുണ്ടായിരുന്നതു്. ഞാൻ കൊടുത്ത വില വിജാപ്പൂരിൽ കൊടുത്തുവന്ന വിലയുമായി താരതമ്യപ്പെടുത്തിയപ്പോൾ ഞാൻ വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്നു് എനിക്കു മനസ്സിലായി. നിരക്കിൽ ഞാൻ വരുത്തിയ കുറവു സ്വീകരിക്കാൻ നൂൽനൂല്പുകാർ വിസമ്മതിച്ചു. അതുകൊണ്ടു് എനിക്കു് അവരുടെ സേവനം വേണ്ടെന്നുവയ്ക്കേണ്ടിവന്നു. എങ്കിലും അവരെക്കൊണ്ടുദ്ദേശിച്ചിരുന്ന പ്രയോജനം ലഭിക്കാതിരുന്നില്ല. ശ്രീമതിമാരായ അവന്തികാബായി, രമീബായി കാംദർ, ശങ്കരലാൽ ബങ്കറുടെ (വിധവയായ) മാതാവു്, ശ്രീമതി വസുമതി ബെൻ എന്നിവരെ അവർ നൂൽനൂല്പു പഠിപ്പിച്ചു. ചർക്ക എന്റെ മുറിയിൽ ഉല്ലാസപൂർവ്വം മുഴങ്ങാൻ തുടങ്ങി; എന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിൽ ഒരു നല്ല പങ്കു് ആ മുഴക്കത്തിനുണ്ടായിരുന്നുവെന്നു് അതിശയോക്തി കൂടാതെ പറയാം. അതു ശാരീരികമായിട്ടല്ല, മനഃശാസ്ത്രപരമായിട്ടാണു് കൂടുതൽ ഫലിച്ചതെന്നു സമ്മതിക്കാൻ ഞാൻ തയ്യാറാണു്. എന്നാൽ, മനുഷ്യനിലെ മാനസികാംശം ശാരീരികാംശത്തിൽ എത്ര ശക്തിമത്തായ പ്രതികരണമുളവാക്കുമെന്നുള്ളതിനു് ഒരു തെളിവുമാത്രമാണിതു്. ഞാനും ചക്രയിൽ പ്രവർത്തിക്കാൻ തുടങ്ങി; എന്നാൽ തല്ക്കാലം വളരെയൊന്നും ചെയ്യാൻ സാധിച്ചില്ല.

ബോംബെയിൽ വീണ്ടും കൈകൊണ്ടുണ്ടാക്കുന്ന പഞ്ഞിത്തിരി സമ്പാദിക്കുന്ന പ്രശ്നം പൊന്തിവന്നു. ഒരു പഞ്ഞി കടച്ചിൽകാരൻ, തന്റെ കടച്ചിൽവില്ലിൽ ഞാണൊലി മുഴക്കിക്കൊണ്ടു ദിവസവും ശ്രീജിത്ത് രവിശങ്കറുടെ വസതി കടന്നു പൊയ്ക്കൊണ്ടിരുന്നു. ഞാൻ അയാളെ വരുത്തി ചോദിച്ചതിൽ അയാൾ മെത്തയ്ക്കു് പഞ്ഞി കടയുന്ന ആളാണെന്നു മനസ്സിലായി. പഞ്ഞി കടഞ്ഞു് ചുരുളുകൾ ഉണ്ടാക്കിത്തരാമെന്നു് അയാൾ സമ്മതിച്ചു. പക്ഷേ, അതിലേക്കു കടുത്ത പ്രതിഫലം ആവശ്യപ്പെട്ടു; ഞാൻ അതു് ഏതായാലും കൊടുക്കുകയും ചെയ്തു. ഇങ്ങനെ തയ്യാറാക്കിയ

digitized by www .sreyas.in

നൂല് പവിത്രഏകാദശിക്കു ഹാരങ്ങളുണ്ടാക്കുന്നതിനായി ഞാൻ ചില വൈഷ്ണവസ്നേഹിതന്മാർക്ക് വിലയ്ക്കു കൊടുത്തു. ശ്രീജിത് ശിവജി ബോംബെയിൽ ഒരു നൂൽനൂല്പുക്ലാസ്സ് തുടങ്ങി. ഈ പരീക്ഷണങ്ങൾക്കെല്ലാം ഭാരിച്ച ചെലവു വേണ്ടിവന്നു. ദേശഭക്തന്മാരും മാതൃഭൂമിയെ സ്നേഹിക്കുന്നവരും ഖാദിയിൽ വിശ്വാസമുള്ളവരുമായ സ്നേഹിതന്മാർ സന്മനസ്സോടെ ആ ചെലവു വഹിച്ചു. എന്റെ വിനീതമായ അഭിപ്രായം ഇങ്ങനെ പണം ചെലവാക്കിയതു് ഒരു ദുർവ്യയമായിരുന്നില്ലെന്നാണ്, അതു വിലയേറിയ അനുഭവങ്ങൾ ഞങ്ങൾക്കു നൽകുകയും ചർക്കയുടെ സാദ്ധ്യതകൾ ഞങ്ങൾക്കു പ്രത്യക്ഷമാക്കിത്തരുകയും ചെയ്തു.

ഇത്രയുമായപ്പോൾ ഖാദിമാത്രംകൊണ്ടുള്ള വേഷം ധരിക്കാൻ ഞാൻ അക്ഷമനായി. എന്റെ ദോത്തി ഇപ്പോഴും ഇൻഡ്യൻ മിൽത്തുണികൊണ്ടുള്ളതായിരുന്നു. ആശ്രമത്തിലും വിജാപ്പൂരിലുമുണ്ടാക്കിയ പരുക്കൻ ഖാദിക്കു 30 ഇഞ്ചു വീതിയേ ഉണ്ടായിരുന്നുള്ളു. ഒരു മാസത്തിനകം 45 ഇഞ്ചു വീതിയുള്ള ഒരു ഖാദിധോത്തി എനിക്കുണ്ടാക്കിത്തന്നില്ലെങ്കിൽ വീതികുറഞ്ഞ ഈ പരുക്കൻധോത്തി ഞാൻ ധരിച്ചു തുടങ്ങുമെന്നു് ഞാൻ ഗംഗാബെഹനു മുന്നറിയിപ്പു നൽകി. ഈ അന്ത്യശാസനം അവരെ ഒന്നു ഞെട്ടിപ്പിച്ചു. എങ്കിലും എന്റെ ആവശ്യം ഫലപ്രാപ്തിയിലെത്തിക്കാൻ അവർ ശ്രമിച്ചതുകാരണം ഒരു മാസത്തിനകംതന്നെ 45 ഇഞ്ചു് വീതിയുള്ള ഒരു ജോടി ഖാദിധോത്തി അവർ എനിക്കയച്ചുതന്നു. അങ്ങനെ എനിക്കുണ്ടാകുമായിരുന്ന ഒരു വിഷമസ്ഥിതിയിൽനിന്നു് അവർ എന്നെ രക്ഷപ്പെടുത്തി.

ഇതിനടുപ്പിച്ചു നെയ്ത്തുകാരനായ ശ്രീജിത് രാംജിയെയും അദ്ദേഹത്തിന്റെ ഭാര്യ ഗംഗാ ബെന്നിനെയും ലാഥിയിൽനിന്നും ആശ്രമത്തിലേക്കു ശ്രീജിത് ലക്ഷ്മീദാസ് കൊണ്ടുവന്നു; അവർ ആശ്രമത്തിൽ ഖാദിധോത്തികൾ നെയ്തു തുടങ്ങി. ഖാദിപ്രചരണവിഷയത്തിൽ ഈ ദമ്പതികൾ വഹിച്ച പങ്ക് ഒട്ടും നിസ്സാരമല്ല. കൈകൊണ്ടുണ്ടാക്കിയ നൂൽ നെയ്യുന്ന വിദ്യ ഗുജറാത്തിലും വെളിയിലുമായി അസംഖ്യം ആളുകളെ അവർ അഭ്യസിപ്പിച്ചു. ഗംഗാബെൻ തറിയിൽ വേലചെയ്തുകൊണ്ടിരിക്കുന്നതു് ആവേശപ്രദമായ ഒരു കാഴ്ചയാണ്. നിരക്ഷരയും എന്നാൽ സ്ഥിരനിശ്ചയയുമായ ഈ സഹോദരി ഉത്സാഹപൂർവ്വം തറിയിൽ പ്രവർത്തിക്കുമ്പോൾ അവരുടെ ശ്രദ്ധയെ അതിൽനിന്നും പിന്തിരിപ്പിക്കുക സാദ്ധ്യമായിരുന്നില്ല. അത്രമാത്രം അവർ ആ ജോലിയിൽ ലയിച്ചിരിക്കും. അവരുടെ പ്രിയപ്പെട്ട തറിയിൽനിന്നും അവരുടെ നോട്ടത്തെ മറ്റൊന്നിലേക്കു തിരിക്കുന്നതു് കുറേക്കൂടി വിഷമമാണ്,

digitized by www .sreyas.in

33

കൃത്രിമം ഇല്ലാതാക്കുന്നതിനു് ഒരു കാര്യം ആവശ്യമാണു്. അഭ്യസ്തവിദ്യനായ ഓരോ ഇൻഡ്യാക്കാരനും തന്റെ സ്പഷ്ടമായ പ്രാഥമിക കർത്തവ്യം മനസിലാക്കുമെങ്കിൽ, തന്റെ വീട്ടിലെ സ്ത്രീകൾക്കു് ഒരു ചർക്ക വാങ്ങിക്കൊടുക്കുകയും നൂൽനൂല്പു് അഭ്യസിക്കാൻ വേണ്ട സാഹചര്യം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യും. ഇങ്ങനെ അനേകലക്ഷം ഗജം നൂൽ ദിനംപ്രതി ഉല്പാദിപ്പിക്കാം. ഈ നൂലുകൊണ്ടു നിർമ്മിക്കുന്ന വസ്ത്രം ധരിക്കാനുള്ള സൗമനസ്യം ഓരോ ഇൻഡ്യാക്കാരനും കാണിക്കുമെങ്കിൽ ഇൻഡ്യയ്ക്കു സാദ്ധ്യമായ ഒരേ ഒരു കുടിൽവ്യവസായത്തെ പുനസ്ഥാപിക്കുന്നതിനു സഹായിക്കുകയായിരിക്കും അയാൾ ചെയ്യുന്നതു്.

ഒരു കുടിൽവ്യവസായമില്ലെങ്കിൽ ഇൻഡ്യൻ കർഷകൻ നാശഗർത്തത്തിൽ ആണ്ടുപോകും. ഭൂമിയിലെ ആദായംകൊണ്ടു് അയാൾക്കു തന്നത്താൻ പുലർത്തുക സാദ്ധ്യമല്ല. ഒരനുബന്ധവ്യവസായം അയാൾക്കു് ആവശ്യമാണു്. അതിൽ ഏററവും സുകരവും ചെലവുകുറഞ്ഞതും ഉത്തമവും നൂൽനൂല്പാണു്.

നമ്മുടെ മാനസികവീക്ഷണത്തിൽ ഇതു് ഒരു വിപ്ലവം സൃഷ്ടിക്കുമെന്നു് എനിക്കറിയാം. അതു് ഒരു വിപ്ലവമായതുകൊണ്ടു തന്നെയാണു് സ്വരാജ് ലഭിക്കുന്നതിനുള്ള മാർഗ്ഗം സ്വദേശിയാണെന്നു ഞാൻ അവകാശപ്പെടുന്നതു്. പ്രതിവർഷം അറുപതുകോടി രൂപാ മിച്ചംവച്ചു് ആ വൻ തുക നൂൽനൂല്പുകാരുടെയും നെയ്ത്തുകാരുടെയും സ്വന്തം ഭവനങ്ങളിൽ വിതരണം ചെയ്യാൻ കഴിയുന്ന ഒരു ജനത, സംഘടനാശക്തിയും പരിശ്രമശീലവും സ്വയമേവ ആർജ്ജിച്ചുകഴിഞ്ഞിരിക്കും; അതു തങ്ങളുടെ ചൈതന്യപൂർണ്ണമായ വളർച്ചയ്ക്കു വേണ്ടതെല്ലാം ചെയ്യാനുള്ള കഴിവു് അവർക്കു നല്കുകയും ചെയ്യും.

പരിഷ്കാരം സ്വപ്നം കാണുന്ന ആൾ മന്ത്രിക്കും: ''ഉത്തരവാദഭരണം കിട്ടുന്നതുവരെ കാത്തിരിക്കുക. അന്നു നമ്മുടെ സ്ത്രീകളെക്കൊണ്ടു് നൂൽനൂല്പിക്കാതെയും നെയ്ത്തുകാരെക്കൊണ്ടു നെയ്യിക്കാതെയും ഇൻഡ്യൻ വ്യവസായത്തെ ഞാൻ സംരക്ഷിക്കും.'' ചിന്താശീലമുള്ളവർകൂടി യഥാർത്ഥത്തിൽ പറഞ്ഞതാണിതു്. ഈ പ്രമേയത്തിൽ രണ്ടു തരത്തിലുള്ള മിത്ഥ്യാബോധം അന്തർഭവിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ധൈര്യപ്പെടുന്നു. സംരക്ഷകത്താരിപ്പിനു (Protective tariff) വേണ്ടി കാത്തിരിക്കാൻ ഇൻഡ്യയ്ക്കു സാദ്ധ്യമല്ല; അങ്ങനെയുള്ള സംരക്ഷണംകൊണ്ടു വസ്ത്രധാര

33. Young India, 10-12-1929 (Economic and Industrial Life and Relations, pp. 304—305)

digitized by www .sreyas.in

ണങ്ങളെല്ലാം കുറയുകയില്ല. രണ്ടാമതായി വെറും സംരക്ഷണംകൊണ്ടു ദരിദ്രലക്ഷങ്ങൾക്കു പ്രയോജനമുണ്ടാവുകയില്ല. നൂൽനൂല്പുവ്യവസായം അവർക്കു് വീണ്ടെടുത്തുകൊടുത്തിട്ടു് ആ മാർഗ്ഗത്തിൽക്കൂടി ഒരു വിശേഷാൽ വരവു് അവർക്കുണ്ടാകാൻ സഹായിക്കുകയാണു് വേണ്ടതു്. അതുകൊണ്ടു് ഒരു സംരക്ഷകത്താരിപ്പു് നമുക്കുണ്ടായാലും ഇല്ലെങ്കിലും കൈകൊണ്ടു നൂലെടുക്കുന്ന വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുകയും കൈത്തറിനെയ്ത്തിനെ പ്രോത്സാഹിപ്പിക്കുകയുമാണു് നാം ചെയ്യേണ്ടതു്.

യുദ്ധം ഉഗ്രമായി നടന്നുകൊണ്ടിരുന്നകാലത്തു് അമേരിക്കയിലും ഇംഗ്ലണ്ടിലും കിട്ടാവുന്ന ആളുകളുടെ സേവനം നാവികസങ്കേതങ്ങളിൽ കപ്പൽനിർമ്മാണത്തിനായി വിനിയോഗിച്ചിരുന്നു. അവർ ആ ജോലി അത്ഭുതകരമായ വേഗത്തിൽ നിർവ്വഹിക്കുകയും ചെയ്തു. എന്റെ ഹിതമനുസരിച്ചു പ്രവർത്തിക്കാൻ കഴിയുമായിരുന്നെങ്കിൽ, കിട്ടാവുന്ന ഓരോ ഇൻഡ്യക്കാരനെയും നൂൽനൂല്പും നെയ്ത്തും പഠിപ്പിക്കുകയും, ദിവസന്തോറും ഒരു ക്ലപ്തസമയം സ്ത്രീപുരുഷഭേദമെന്യേ അവരെ ആ ജോലിയിൽ ഏർപ്പെടുത്തുകയും ചെയ്യുമായിരുന്നു. എന്റെ പ്രവർത്തനം വിദ്യാലയങ്ങളിലും കലാശാലകളിലും ആരംഭിച്ചു്, സജ്ജീകൃതസംഘടിതഘടകങ്ങളെ നാട്ടിനു പ്രദാനം ചെയ്യുമായിരുന്നു—പ്രസ്തുത സ്ഥാപനങ്ങൾ ഇപ്പോൾ തന്നെ ചെയ്യുന്നതുപോലെ.

## 34

ഭൂലോകത്തിലുള്ളതിൽ 75 കോടി ജനങ്ങൾ ശരിക്കു വസ്ത്രധാരണം ചെയ്യുന്നവരും 50 കോടി ആളുകൾ പകുതി വസ്ത്രധാരണംകൊണ്ടു കഴിയുന്നവരും, 25 കോടി ജനങ്ങൾ വസ്ത്രമില്ലാത്തവരുമാണെന്നു സാമ്രാജ്യ പഞ്ഞികൃഷിസംഘടന (Empire Cotton Growing Association) യിലെ സർ ചാൾസ് മക്കാറ ഈയിടെ പ്രസ്താവിച്ചിട്ടുണ്ടു്. ഇൻഡ്യയെ സംബന്ധിച്ചു നമുക്കു് അത്തരം കണക്കുകളൊന്നുമുണ്ടായിട്ടില്ല. എങ്കിലും പഞ്ഞിക്കൃഷി ചെയ്യുന്ന നാടുകളുടെ കൂട്ടത്തിൽ ഇൻഡ്യ അമേരിക്കയ്ക്കു മാത്രമേ പിന്നിലായിട്ടുള്ളു എന്ന വസ്തുത പരിഗണിക്കുമ്പോൾ, ഇൻഡ്യയിൽ വസ്ത്രധാരണം ചെയ്യുന്നവരുടെയും അല്ലാത്തവരുടെയും അനുപാതം ഇൻഡ്യൻ ജനതയ്ക്കു് ഏററവും അവമാനകരമായ ഒന്നാണെന്നുള്ളതു് നിഷേധിക്കാവുന്നതല്ല. മെച്ചപ്പെട്ട പഞ്ഞി കൂടുതൽ ഉല്പാദിപ്പിക്കാൻ നമുക്കു സാധിക്കുമെന്നു പരുത്തിക്കമ്മററി തെളിയിച്ചിട്ടുണ്ടു്. നമ്മുടെ പഞ്ഞി ഉപയോഗപ്പെടുത്താൻ പുതിയ മില്ലുകൾ സ്ഥാപി

34. Young India, 28-4-1920 (Collected vol. 1919—1922, P. 490)

digitized by www .sreyas.in

ക്കുന്നതിനുവേണ്ടി നാം അനിശ്ചിതമായി കാത്തിരിക്കുകയാണ്. യന്ത്രങ്ങൾ മററുള്ളവരിൽനിന്നു കിട്ടാനായി നാം നോക്കിയിരിക്കുകയാണ്. ഏററവും വലിയ ഇറക്കുമതി രാജ്യങ്ങളിൽ ഒന്നായ ഇംഗ്ലണ്ടിൽപോലും മിൽയന്ത്രങ്ങളെ സംബന്ധിച്ച പ്രശ്നം വളരെ ഗൗരവാവഹമാണ്. മാഞ്ചെസ്റ്റർ ഗാർഡിയൻ പത്രം പരുത്തിവ്യവസായത്തെസംബന്ധിച്ചുള്ള അതിൻെറ ത്രൈമാസികനിരൂപണത്തിൽ പറയുന്നത് ചെലവു വളരെ കൂടുന്നതുകൊണ്ട് പുതിയ മില്ലുകൾ സ്ഥാപിക്കുന്നതിന് ആരും ഉദ്യമിക്കുന്നില്ലെന്നും, അതുകൊണ്ട് ഏതാണ്ടൊരു ദീർഘകാലത്തേയ്ക്കു സാമാനങ്ങൾക്ക് ഉല്പാദനത്തിൽ കവിഞ്ഞ ആവശ്യം ഉണ്ടാകാൻ ഇടയുണ്ടെന്നുമാണ്. നമ്മുടെ ചർക്കയും കൈത്തറിയും പുനരുദ്ധരിച്ചില്ലെങ്കിൽ വസ്ത്രമില്ലാത്തവരെക്കുറിച്ചുള്ള പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമല്ലെന്നു ഇതിൽനിന്നും വെളിവാകുന്നു. പ്രകൃതി നമുക്കു വേണ്ടതു തന്നിട്ടുണ്ട്, കൂടുതൽ തരാനുള്ള സാദ്ധ്യതകളുമുണ്ട്; നാം അതിന്നു് അർഹരാകുവാൻ ജോലി ചെയ്യേണ്ടിരിക്കുന്നു.

## 35

സ്വദേശിപ്രസ്ഥാനത്തെപ്പററി തീരെ അറിവില്ലാത്ത ആൾക്കുപോലും നമുക്കാവശ്യമുള്ള തുണി നാം നിർമ്മിക്കുന്നില്ലെന്നറിയാം. അതുകൊണ്ട്, നാം മിൽത്തുണിതന്നെ ഉപയോഗിക്കുകയാണെങ്കിൽ പാവങ്ങൾക്കു കിട്ടേണ്ടതിനെ നാം ഇല്ലാതാക്കുകയോ മിൽത്തുണിയുടെ വില വർദ്ധിപ്പിക്കുകയോ ചെയ്യുകയായിരിക്കും. അതുകൊണ്ടു സ്വദേശിപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കാനുള്ള ഏകമാർഗ്ഗം കൂടുതൽ തുണി ഉല്പാദിപ്പിക്കുക എന്നതാണ്. മില്ലുകൾക്കു കൂണുപോലെ വളരാൻ സാദ്ധ്യമല്ല. അതുകൊണ്ടു നാം, കൈകൊണ്ടു നെയ്യുന്ന തുണിയേയും കൈകൊണ്ടു നൂല്ക്കുന്ന നൂലിനെയും ആശ്രയിക്കുകതന്നെ വേണം. നൂലിനു ഇന്നത്തെപ്പോലെ വിലക്കൂടുതൽ മുമ്പുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്; മില്ലുകൾ നൂലിൽനിന്നു ഭീമമായ ലാഭം നേടുന്നുണ്ട്. കൈകൊണ്ടു നൂലുണ്ടാക്കിയാൽ കൂടുതൽ നൂൽ ഉല്പാദിപ്പിക്കാനും നൂലിൻെറ വില കുറയ്ക്കാനും സാധിക്കും.

നൂൽ നൂല്ക്കുന്നതും നെയ്യുന്നതും എങ്ങനെ എന്നതാണ് അടുത്ത പ്രശ്നം. സ്റ്റാൻഡാർഡു തുണി ധരിക്കാൻ കൊള്ളാവുന്ന തുണിയാണെന്ന് അംഗീകരിച്ചു കഴിഞ്ഞാൽ, കൈകൊണ്ടുണ്ടാക്കുന്ന നൂലും കൈകൊണ്ടു നെയ്യുന്ന തുണിയുംകൊണ്ടു കമ്പോളം നിറയ്ക്കാൻ സാധിക്കുമെന്ന് എനിക്കു സ്വാനുഭവത്തിൽനിന്നും അറിയാം. ഈ

35. Young India, 28-4-1920 (Collected vol. 1919—1922, pp. 490—493)

digitized by www .sreyas.in

തുണി വടക്കേ ഇൻഡ്യയിൽ ഖദർ എന്നും, ബോംബെ സംസ്ഥാനത്തിൽ ഖാദി എന്നും വിളിക്കപ്പെടുന്നു. ഖദറിൽനിന്നും സാരിപോലുമുണ്ടാക്കാമെന്നു കാണിച്ചതിനു സരളാദേവി നമ്മുടെ കൃതജ്ഞത അർഹിക്കുന്നു. ദേശീയവാരത്തിൽ ഏററവും യോജിച്ച വേഷം ഖദർസാരിയും ഖദർബ്ലൗസുമാണെന്ന് അവർക്കു തോന്നി; അവർ അതുതന്നെ ധരിക്കുകയും ചെയ്തു. ഖദർസാരി ഉടുത്തുകൊണ്ട് അവർ വിരുന്നുസൽക്കാരങ്ങളിൽ പങ്കുകൊണ്ടു. അത് ഒരസാദ്ധ്യസംഗതിയെന്നാണ് അവരുടെ സ്നേഹിതർ കരുതിയിരുന്നത്. ഏററവും നേർമ്മയുള്ള പട്ടുവസ്ത്രമോ, ഡാക്കാമസ്ലീനോമാത്രം ധരിച്ചിട്ടുള്ള ഒരു സ്ത്രീക്കു ഖദറിൻെറ ഭാരം താങ്ങാൻ കഴിയുകയില്ലെന്നായിരുന്നു അവർ വിചാരിച്ചത്. ആ ധാരണയെല്ലാം തെററാണെന്നും ഒന്നാംതരം പട്ടുസാരിക്കുപകരം ഖദർസാരി ധരിച്ചതുകാരണം തൻെറ ഉന്മേഷത്തിനും അഴകിനും യാതൊരു കുറവുമുണ്ടായില്ലെന്നും അവർ തെളിയിച്ചു. അവർ ഖദർസാരി ധരിച്ചിരിക്കുന്നതുകണ്ടു മഹാനായ അവരുടെ മാതുലൻ സർ രവീന്ദ്രനാഥടാഗോർ ആശീർവ്വാദപൂർവ്വം അവരോടു പറഞ്ഞതു് ''ആ സാരി ധരിക്കുന്നതു് നിനക്കു് അഭംഗിയായി തോന്നുന്നില്ലെങ്കിൽ, നീ എവിടെ, ഏതു സദസ്സിൽ, പോയാലും നിനക്കു് അതു യോജിച്ചതായിത്തന്നെയിരിക്കും,'' എന്നായിരുന്നു. ഇൻഡ്യയിലെ മികച്ച കലാവാസനയുള്ള രണ്ടു വ്യക്തികൾ ഖദറിൽ കലാരസികത്വത്തിനു യാതൊരു കുറവും കണ്ടില്ലെന്നു ബോദ്ധ്യപ്പെടുത്താനാണ് പാവനമായ ഈ സംഭവം ഞാൻ വിവരിക്കുന്നതു്. ഈ തുണിക്കാണ് ഇൻഡ്യയിലെ സംസ്കാരമുള്ള കുടുംബങ്ങളിൽ സ്ഥാനം നൽകാൻ ഞാൻ ഉദ്യമിക്കുന്നതു്. എന്തെന്നാൽ സ്വദേശിപ്രസ്ഥാനത്തിൻെറ ഈ ശൈശവദശയിൽ അതിൻെറ തല്ക്കാലവിജയം ഖദർ ഉപയോഗപ്പെടുത്തുന്നതിനെ ആശ്രയിച്ചിരിക്കുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ഖദർ ഡാക്കാമസ്ലിനെക്കാൾ കൂടുതൽ കലാസുഭഗമാണു്. ഇതിനു കാരണം അതിൻെറ സാഹചര്യവിശേഷമാണു്. ഇന്നാകട്ടെ അതു പട്ടിണിയിൽ കഴിഞ്ഞവർക്കു രക്ഷ നല്കുന്നു. ലജ്ജാകരമായ ജീവിതവൃത്തിയിൽനിന്നും വീണ്ടെടുക്കപ്പെട്ട സ്ത്രീകളെയും, വേലചെയ്യാൻ വീട്ടിനു വെളിയിൽ പോകാതെ തൊഴിലില്ലാത്തതുകാരണം അലസരായും തമ്മിൽ കലഹിച്ചും കഴിയുന്ന സ്ത്രീകളെയും അതു സംരക്ഷിക്കുന്നു. അതുകൊണ്ടു് ഖദറിനു് ഒരാത്മാവുണ്ടു്; അതിനൊരു വ്യക്തിത്വവുമുണ്ടു്. അതു ധരിക്കുന്ന ആൾക്കു്, അതു നിർമ്മാതാക്കളിൽനിന്നു് അതിൻെറ നിർമ്മിതി സംബന്ധിച്ച ഓരോ പ്രക്രിയയും ഗ്രഹിക്കാൻ കഴിയും. നമ്മുടെ അഭിരുചികൾ അധഃപതിച്ചിട്ടില്ലായിരുന്നെങ്കിൽ, ശരീരത്തിൽ പററിപ്പിടിക്കുന്ന കാലിക്കോത്തുണിയേക്കാൾ ഖദർതന്നെ ഉഷ്ണകാലത്തുപോലും ധരിക്കാൻ നാം

digitized by www .sreyas.in

ഇഷ്ടപ്പെട്ടേനെ. അതുപയോഗിക്കുന്നവർ, മനസ്സുണ്ടെങ്കിൽ, എന്റെ ഈ പ്രസ്താവനയുടെ നിജസ്ഥിതിക്കു് സാക്ഷ്യം വഹിക്കട്ടെ.

ഈ ഖദർ ഇപ്പോൾ സത്യാഗ്രഹാശ്രമത്തിൽ സംഭരിച്ചുവരികയാണു്. എന്റെ അധീനതയിലുള്ള സ്ഥലസൗകര്യത്തിൽ കവിഞ്ഞ ചരക്കു് ഞാൻ സംഭരിച്ചിട്ടുണ്ടു്. അതുകൊണ്ടു തങ്ങളുടെ ഭവനങ്ങളിൽ ഖദർ ഏർപ്പെടുത്തി ഈ വൈഷമ്യത്തിൽനിന്നും രക്ഷ നല്കാൻ മുന്നോട്ടു വരണമെന്നു് ഞാൻ ‘യംഗ് ഇൻഡ്യാ’ വായനക്കാരോടു് ആവശ്യപ്പെടുന്നു.

ആശ്രമം ഇതിൽനിന്നും ലാഭമൊന്നും എടുക്കുന്നില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. വല്ലതും മിച്ചമുണ്ടെങ്കിൽ അതു പ്രാരംഭഘട്ടങ്ങളിൽ വന്നിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിനോ ചെലവു കൂടുതലുള്ള മററു ജില്ലകളിൽനിന്നും വരുന്ന ഖദറിന്റെ വില കുറയ്ക്കുന്നതിനോ വിനിയോഗിക്കയാണു്. വില എല്ലായിടത്തും ഒന്നുപോലെയല്ല. നെയ്ത്തുകാരെ അവരുടെ പഴയ തൊഴിൽ വീണ്ടും സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നതോടുകൂടി അവരുടെ ജീവിതാവശ്യങ്ങൾ നേടുന്നതിനു വേണ്ടതു് ഞാൻ തല്ക്കാലം കൊടുക്കേണ്ടതായിട്ടും വരുന്നു.

ബാഹ്യവസ്ത്രങ്ങൾക്കു ഖദറുപയോഗിക്കാൻ മടിയുള്ളവർക്കു് അടിയുടുപ്പിനു് അതു് ഉപയോഗപ്പെടുത്താം. ഖദർ ശരീരത്തിൽ ധരിക്കാൻ തീരെ ഇഷ്ടമില്ലാത്ത ആളുകൾപോലും അതുകൊണ്ടു് തൊപ്പി, തുവാല, തുടപ്പുതുണി, തേയില അരിപ്പ, സഞ്ചി, കിടക്കവിരി, മെത്തത്തുണി, ഹോൾഡാൾ, പരവതാനികൾ, തലയണകൾ, മേശ കസേര മുതലായവയ്ക്കുള്ള മൂടിത്തുണികൾ തുടങ്ങിയവ ഉണ്ടാക്കാൻ ഉപയോഗപ്പെടുത്താവുന്നതാണല്ലോ. സ്വദേശിച്ചായംകൊണ്ടു് ടർക്കിച്ചുവപ്പുനിറത്തിൽ അതിൽ ചായം പിടിപ്പിക്കുന്നുണ്ടു്. അങ്ങനെ ചെയ്യുന്നതുകൊണ്ടു് അതു കൂടുതൽ ഈടുനില്ക്കും. ചവുക്കാളം, ചവിട്ടുമെത്ത, മൃദൂപസ്തരണങ്ങൾ എന്നിവയ്ക്കു് ഉപയോഗിച്ചാൽ ഭംഗിക്കുറവുകാണുകയുമില്ല. പാവങ്ങളുടേതും അവഗണിക്കപ്പെട്ടവരുടേതുമായ ഈ വ്യവസായത്തെ സഹായിക്കാനാഗ്രഹിക്കുന്നവർ സബർമതി സത്യാഗ്രഹാശ്രമത്തിലെ ഖദർവകുപ്പുമാനേജർക്കു് എഴുതി ഖദർ വരുത്തണമെന്നു ഞാൻ ഉപദേശിക്കുന്നു.

## 36

ഇൻഡ്യയിലെ പുരാതനകുടിൽവ്യവസായത്തിന്റെ—വിശ്രമവേളകളിൽ കോടിക്കണക്കിനു സ്ത്രീകൾ കൈകൊണ്ടു നൂൽനൂല്ക്കു

36. Young India, 19-5-1920 (Collected vol. 1919—1922 pp. 493—495)

ന്നതും പുരുഷന്മാർ കൈത്തറിയിൽ നെയ്യുന്നതുമായ വ്യവസായത്തിന്റെ—പുനരുദ്ധാരണം ശബ്ദരഹിതവും എന്നാൽ ശക്തിമത്തുമായ ഒരു വിപ്ലവം രാജ്യത്തു സൃഷ്ടിക്കാതിരിക്കുകയില്ല; തൽഫലമായി കോടിക്കണക്കിനു രൂപാ ഇൻഡ്യയ്ക്കു വെളിയിൽ പോകുന്നതു തടഞ്ഞു് അതു് ഏതാനും മുതലാളിമാരുടെ കൈയിൽ കേന്ദ്രീകരിക്കാതെ ദരിദ്രരുടെ ഇടയിൽ വിതരണംചെയ്യാൻ സാധിക്കും. ഇതിന്റെ അർത്ഥം ഇൻഡ്യയിൽ മുതലാളിമാർ വേണ്ടെന്നല്ല, അവർ ഏതായാലും ഇവിടെ ഉണ്ടാവും. അവരുടെ കാര്യം നോക്കിക്കൊള്ളാൻ അവർക്ക് പ്രാപ്തിയുമുണ്ടു്. എണ്ണമററ പാവങ്ങളെ അവരുടെ ക്ലേശഭൂയിഷ്ഠമായ ദാരിദ്ര്യത്തിലും തന്മൂലമുണ്ടാകുന്ന അധഃപതനത്തിലുംനിന്നു മോചിപ്പിക്കേണ്ടതാണാവശ്യം. കൈകൊണ്ടു നൂൽ നൂററു് കൈത്തറിയിൽ നെയ്യുന്ന വ്യവസായത്തെ പുനർജ്ജീവിപ്പിച്ചാൽ മാത്രമേ അവരെ ഫലപ്രദമായും ദ്രുതഗതിയിലും ഉദ്ധരിക്കാൻ കഴിയൂ. അതുകൊണ്ടു് ഖദർ ആവശ്യമാണെന്നു തെളിഞ്ഞുകഴിഞ്ഞാൽ അതിന്റെ ഉല്പാദനത്തിനു് ഇൻഡ്യയിലെ ഓരോ മുക്കിലും മൂലയിലും പ്രോത്സാഹനം ലഭിക്കുമെന്നു് ആശിക്കാം.

## 37

പണ്ഡിററു്ജി തന്റെ അനുകരണീയവും മനോജ്ഞവുമായ രീതിയിൽ ഇൻഡ്യൻ രാജകുടുംബത്തെ ചർക്ക കൈകാര്യംചെയ്യാൻ പ്രേരിപ്പിക്കെ, ഒരു ഇൻഡ്യൻ പ്രഭുകുടുംബാംഗമായ ശ്രീമതി സരളാദേവി ചൗധു്റാണി, ആ കല അഭ്യസിക്കുകയും തന്റെ കഴിവു മുഴുവൻ ആ പ്രസ്ഥാനത്തിനായി വിനിയോഗിക്കുകയും ചെയ്തു. അവരുടെ സ്വന്തം പ്രസ്താവനകളിലും മററുള്ളവർ അവരെപ്പററി പറഞ്ഞിട്ടുള്ള സംഗതികളിലുംനിന്നു വെളിവാകുന്നതു സ്വദേശി അവരിൽ ആവേശം ജനിപ്പിച്ചു എന്നാണു്. മസ്ലിൻ സാരി ധരിക്കുമ്പോഴും തനിക്കു് ഒരസുഖം അനുഭവപ്പെടുന്നു എന്നും, ഉഷ്ണകാലത്തുപോലും ഖദർസാരിയാണു തൃപ്തികരമായിത്തോന്നുന്നതെന്നും അവർ പറയുന്നു. ഇന്നും സ്വദേശിയെപ്പററി അവരുടെ പ്രസംഗത്തേക്കാഠം അവർ ധരിക്കുന്ന ഖദർസാരിയാണു് കൂടുതൽ വാചാലമായ ഉദ്ബോധനം നൽകുന്നതു്. അമൃതസരസ്സിലെയും ലൂധിയാനായിലെയും മററു സ്ഥലങ്ങളിലെയും സദസ്യരോടു് അവർ സംസാരിക്കുകയും അമൃതസരസ്സിലെ നൂൽനൂൽപുസമിതിയിൽ സേവനക്കാരെ ചേർക്കുന്നതിൽ അവർ വിജയിക്കുകയും ചെയ്തിട്ടുണ്ടു്.

മഹത്തായ ഈ കല ഉദ്ധരിക്കുന്നതിനുള്ള ശ്രമത്തെ പരിഹാസ്യമായി വീക്ഷിക്കുന്ന സ്നേഹിതന്മാരുണ്ടെന്നു് എനിക്കറി

37. Young India, 21-7-1920 (Collected vol. 1919—1922. pp. 501—503)

digitized by www .sreyas.in

യാം. മില്ലുകൾ, തയ്യൽയന്ത്രങ്ങൾ. ടൈപ്പ്റൈററുകൾ, എന്നിവയുടേതായ ഇക്കാലത്തു് ഈ പഴഞ്ചൻ നൂൽനൂൽപുചക്രത്തെ ഉദ്ധരിക്കുന്ന കാര്യത്തിൽ വിജയിക്കാമെന്നു് ഒരു ഭ്രാന്തൻ മാത്രമേ കരുതുകയുള്ളു എന്നു് അവർ എന്നെ ഓർമ്മപ്പെടുത്തുന്നു. തയ്യൽസൂചി തയ്യൽയന്ത്രത്തിനുവേണ്ടി സ്ഥാനം ഒഴിഞ്ഞുകൊടുത്തിട്ടില്ലെന്നും, ടൈപ്പ്റൈററർ യന്ത്രം വന്നതുകാരണം കൈയിന്റെ വൈദഗ്ധ്യത്തിനു സ്ഥാനമില്ലാതായിട്ടില്ലെന്നുമുള്ള സംഗതി ഈ സ്നേഹിതന്മാർ മറന്നുകളയുന്നു. ഭോജനശാലകൾക്കൊപ്പം വീട്ടടുക്കളയും പ്രവർത്തനത്തിലിരിക്കുന്നതുപോലെ, നൂൽനൂൽപുമില്ലുകളോടു ചർക്കാസ്സും സഹവർത്തിത്വത്തിൽ കഴിയാമെന്നുള്ളതിനു യാതൊരു സന്ദേഹവുമില്ല. ടൈപ്പ്റൈററും തയ്യൽയന്ത്രവും പൊയ്പോയെന്നുവരാം. എന്നാൽ സൂചിയും ഈറൽപ്പേനയും നിലനില്ക്കുകതന്നെ ചെയ്യും. മില്ലുകൾ നശിച്ചേക്കാം. ചർക്കയാകട്ടെ ഒരു ദേശീയാവശ്യമാണു്. ഇതിൽ വിശ്വസിക്കാത്തവർ ദരിദ്രഭവനങ്ങളിൽ ചെന്നു് ഈ ചർക്ക അവിടത്തെ തുച്ഛമായ ആദായത്തെ പോഷിപ്പിച്ചിട്ടുണ്ടോ എന്നും, ആ ഭവനങ്ങളിൽ പാർക്കുന്നവർക്കു് ആനന്ദവും സംതൃപ്തിയും കൈവരുത്തിയിട്ടുണ്ടോ എന്നും അന്വേഷിച്ചറിയട്ടെ.

## 38

ഇൻഡ്യയിലെ ഏററവും പഴക്കമുള്ള യന്ത്രത്തിന്റെ സംഗീതം സാവധാനത്തിലും എന്നാൽ ദൃഢമായും വീണ്ടുമിതാ സമുദായമദ്ധ്യത്തിൽ വ്യാപിക്കുന്നു. ഇൻഡ്യയിലെ റാണിമാരും മഹാറാണിമാരും രാഷ്ട്രത്തിനുവേണ്ടി നൂൽനൂല്ക്കുന്നതുവരെ, രാജാക്കന്മാരും മഹാരാജാക്കന്മാരും കൈത്തറിയിൽ നെയ്ത തുണി ഉണ്ടാക്കുന്നതുവരെ, താൻ തൃപ്തനാവുകയില്ലെന്നു പണ്ഡിററു് മാളവ്യജി പ്രസ്താവിച്ചിരിക്കുന്നു. സ്വന്താവശ്യത്തിനു തൊപ്പികൾ തുന്നിയിരുന്ന അറംഗസീബിനെ അവർക്കു മാതൃകയാക്കാം. കുറേക്കൂടി വലിയ ചക്രവർത്തിയായിരുന്ന കബീർ ഒരു നെയ്ത്തുകാരനായിരുന്നു; ആ കലയ്ക്കു് അദ്ദേഹത്തിന്റെ കവിതകളിൽ ശാശ്വത പ്രതിഷ്ഠ നൽകിയിട്ടുമുണ്ടു്. യൂറോപ്പു് ചെകുത്താന്റെ കെണിയിൽ പെടുന്നതിനു മുമ്പു് അവിടത്തെ രാജ്ഞിമാർ നൂൽനൂല്ക്കുകയും അതൊരു മാന്യമായ തൊഴിലായി ഗണിക്കുകയും ചെയ്തുവന്നു. 'സ്പിൻസ്റ്റർ', 'വൈഫ്'' എന്ന വാക്കുകൾതന്നെ 'സ്പിന്നിംഗ്'' (നൂൽനൂല്ക്കുക) 'വീവിംഗ്'' (നെയ്തുണ്ടാക്കുക) ഈ കലകൾക്കു പൂർവ്വകാലത്തുണ്ടായിരുന്ന ബഹുമതിയെ തെളിയിക്കുന്നു. 'ആദാം മണ്ണു വെട്ടിക്കഴിക്കുകയും അവ്വാ നൂൽനൂല്ക്കുകയും ചെയ്ത കാലത്തു് ആരാണു് മഹാനായിക്കഴിഞ്ഞതു്?' എന്ന ചൊല്ലുത

---

38. Young India, 21-7-1920 (Cellected vol. 1919—1922 pp. 497—501)

digitized by www .sreyas.in

ന്നെ ഈ വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്നു. പാവനമായ നമ്മുടെ ഭൂമിയുടെ പുരാതനതൊഴിൽ ഏറ്റെടുക്കാൻ ഇൻഡ്യൻ രാജവംശത്തെ പ്രേരിപ്പിക്കാൻ സാധിക്കുമെന്നു പണ്ഡിററ്ജിക്കു് ആശിക്കാം. ഈ നാട്ടിന്റെ സമൃദ്ധിയുടെയും യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെയും പുനരുദ്ധാരണം ആയുധകലണിതത്തെ ആശ്രയിച്ചല്ല സ്ഥിതിചെയ്യുന്നതു്. അതിനു വേണ്ടതു് നൂൽപുചക്രത്തിന്റെ ഗീതധ്വനി ഓരോ ഭവനത്തിലും വീണ്ടും മുഴങ്ങിക്കേൾക്കുകയാണു്. 'ഹാർമോണിയം', 'കൺസെർട്ടിന', 'അക്കാർഡിയൻ' എന്നീ സംഗീതയന്ത്രങ്ങളുടെ ഗംഭീരശബ്ദത്തെക്കാൾ കൂടുതൽ മധുരമായ സംഗീതവും അതോടൊപ്പം കുറെ ആദായവും അതു നല്കുന്നു.

ഈശ്വരാധീനംകൊണ്ടു് ശ്രീ രവിശങ്കർ ജഗജ്ജീവൻ നൽകിയ സമ്മാനം ഫലപ്രദമാകാനുള്ള സാദ്ധ്യതകൾ കാണുന്നുണ്ടു്. ഡക്കാണിലെ ഒരു ക്ഷമാശീലനായ ശില്പി നിർമ്മിച്ച അത്ഭുതകരമായ ഒരു പുതിയതരം ചക്ര ഏറെത്താമസിയാതെ ഇൻഡ്യയ്ക്കു ലഭ്യമാകും. വെറും സാധാരണസാധനങ്ങൾകൊണ്ടാണു് അതിന്റെ നിർമ്മിതി. കുഴപ്പം ഉണ്ടാക്കുന്ന യാതൊന്നും അതിലില്ല. അതു വില കുറഞ്ഞതും എളുപ്പത്തിൽ നന്നാക്കാവുന്നതുമായിരിക്കും. സാധാരണ ചർക്കയേക്കാൾ കൂടുതൽ നൂൽ അതിൽ ഉണ്ടാക്കാം; അഞ്ചു വയസ്സുള്ള ഒരാൺകുട്ടിക്കോ, പെൺകുട്ടിക്കോ അതിനെ പ്രവർത്തിപ്പിക്കുകയും ചെയ്യാം. പുതിയ ചക്രയിൽനിന്നു് അവകാശപ്പെടുന്ന ഫലം ഉണ്ടായാലും ഇല്ലെങ്കിലും കൈകൊണ്ടു നൂലെടുക്കുന്നതിന്റെയും കൈത്തറിനെയ്ത്തിന്റെയും ഉദ്ധാരണം ഇൻഡ്യയുടെ സാമ്പത്തികവും സാന്മാർഗ്ഗികവുമായ പുനരുജ്ജീവനത്തിന്നു് ഏററവും കൂടുതൽ ഉപകരിക്കുമെന്നാണു് എന്റെ ബോദ്ധ്യം. കൃഷിയിൽനിന്നു കിട്ടുന്ന ആദായത്തിനു പുറമെ മറെറാരു ആദായംകൂടി ലഭിക്കാൻ, ഇങ്ങനെ ഒരു ചെറുവ്യവസായം ജനലക്ഷങ്ങൾക്കു വേണ്ടിയിരിക്കുന്നു. അനേകവർഷങ്ങൾക്കു മുമ്പുതന്നെ നൂൽനൂൽപ്പു് ഒരു കുടിൽവ്യവസായമായിരുന്നു. പട്ടിണിയിൽനിന്നു ജനലക്ഷങ്ങളെ രക്ഷിക്കണമെങ്കിൽ അവരുടെ വീടുകളിൽ നൂൽനൂൽപ്പു് പുനരാരംഭിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുകയും, ഓരോ ഗ്രാമത്തിനും സ്വന്തമായ ഒരു നെയ്ത്തുകാരൻ ഉണ്ടാവുകയും വേണം.

## 39

നെയ്ത്തുകാരുടെ ആവശ്യത്തിനു് ആരെങ്കിലുമൊക്കെ നൂൽ നൂൽക്കേണ്ടിയിരിക്കുന്നു. ഒഴിവുസമയങ്ങളിൽ ഓരോരുത്തരും പ്ര

---

39. Young India, 19-1-1921 (Economic and Industrial Life and Relations, vol. II, pp. 74—76)

digitized by www .sreyas.in

തിപത്തിമൂലമോ പണത്തിനായിട്ടോ നൂൽ നൂല്ക്കുകയാണെങ്കിൽ മാത്രമേ ഇതു സാദ്ധ്യമാകൂ.

നാം ഒരു ആദ്ധ്യാത്മികസമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഒരു സാധാരണകാലഘട്ടത്തിലല്ല നാം ജീവിക്കുന്നതു്. അസാധാരണകാലങ്ങളിൽ സാധാരണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കും. ഒരു സംവത്സരത്തിനകം നമുക്ക സ്വരാജ് കരസ്ഥമാക്കണമെന്നുണ്ടെങ്കിൽ നാം മറ്റെല്ലാം ഉപേക്ഷിച്ചു ശ്രദ്ധ മുഴുവൻ നമ്മുടെ ലക്ഷ്യത്തിലേയ്ക്കു് കേന്ദ്രീകരിക്കണം. അതുകൊണ്ടു് ഇൻഡ്യ ഒട്ടുക്കുള്ള വിദ്യാർത്ഥികളോടു ഞാൻ നിർദ്ദേശിക്കാനൊരുമ്പെടുന്നതു്, അവരുടെ സാധാരണവിദ്യാഭ്യാസം ഒരു വർഷത്തേയ്ക്കു നിർത്തിവച്ചിട്ടു കൈകൊണ്ടു നൂലുണ്ടാക്കാൻ അവരുടെ സമയം മുഴുവൻ വിനിയോഗിക്കണമെന്നാണു്. അതായിരിക്കും സ്വന്തം മാതൃഭൂമിക്കുവേണ്ടി അവർക്കു ചെയ്യാവുന്ന ഏററവും വലിയ സേവനവും, സ്വരാജ് സമ്പാദിക്കുന്നതിനു പ്രകൃത്യാ ഉള്ള അവരുടെ ഏററവും വലിയ സംഭാവനയും. കഴിഞ്ഞ യുദ്ധകാലത്തു നമ്മുടെ ഭരണകർത്താക്കൾ ഓരോ വ്യവസായശാലയെയും ഈയംകൊണ്ടു വെടിയുണ്ട നിർമ്മിക്കാനുള്ള ആയുധപ്പുരയായി മാററാനുദ്യമിച്ചു. നമ്മുടെ ഈ സമരത്തിനാവശ്യം രാഷ്ട്രത്തിനുവേണ്ടി നൂൽച്ചുരുളുകൾ ശേഖരിക്കാനുതകുന്ന വ്യവസായശാലയായി ഓരോ ദേശീയവിദ്യാലയത്തെയും കലാശാലയെയും രൂപാന്തരപ്പെടുത്തുകയാണു്. ഇതിലേർപ്പെടുന്നതുകൊണ്ടു വിദ്യാർത്ഥികൾക്കു് ഒന്നും നഷ്ടപ്പെടുകയില്ല. നേരമറിച്ചു് ഇഹത്തിലും പരത്തിലും അവർ ഒരു രാജ്യം നേടുകയും ചെയ്യും. ഇൻഡ്യയിൻ തുണിക്ഷാമമുണ്ടു്. ഈ ദുർഭിക്ഷതയെ നിവാരണം ചെയ്യുന്നതിൽ സഹായിക്കുന്നതു നിശ്ചയമായും ഒരു ഉൽക്കൃഷ്ടകൃത്യമായിരിക്കും. വിദേശിനൂലുപയോഗിക്കുന്നതു പാപമാണെങ്കിൽ, സ്വദേശിനൂൽ കൂടുതൽ ഉല്പാദിപ്പിക്കുന്നതു് ഒരു പുണ്യമാണു്; അങ്ങനെ ഉല്പാദിപ്പിക്കുന്നതു വിദേശിനൂൽ ഉപയോഗിക്കാത്തതുകാരണമുണ്ടാകുന്ന നൂലിൻെറ കുറവു നികത്താൻ സഹായിക്കുകയും ചെയ്യും.

ഇതിൽനിന്നു് ഉത്ഭവിക്കുന്ന ഒരു ചോദ്യം, നൂലുല്പാദിപ്പിക്കുന്നതു് ഇത്ര അത്യാവശ്യസംഗതിയാണെങ്കിൽ പാവങ്ങളിൽ ഓരോരുത്തർക്കും പ്രതിഫലം കൊടുത്തു് എന്തുകൊണ്ടു് അതു ചെയ്യിച്ചുകൂടാ എന്നായിരിക്കും. അതിനുത്തരം, കൈകൊണ്ടുള്ള നൂൽനൂല്പ്, നെയ്ത്തു്, ആശാരിപ്പണി മുതലായവപോലുള്ള ഒരു തൊഴിലാവുകയില്ല, ആയിരുന്നിട്ടുമില്ല, എന്നാണു്. ബ്രിട്ടീഷ്ഭരണത്തിനു മുമ്പുള്ള ഇൻഡ്യയുടെ സമ്പദ്വ്യവസ്ഥയിൽ നൂൽനൂല്പ് ഇൻഡ്യൻസ്ത്രീകൾ വിശ്രമാവസരങ്ങളിൽ നിർവ്വഹിച്ചുവന്നതും മാന്യവുമായ ഒരു ജോലിയായിരുന്നു. നമുക്കുള്ള ചുരുങ്ങിയ സമയംകൊണ്ടു് സ്ത്രീകളുടെ ഇടയിൽ ഈ കല പുനരുദ്ധരി

digitized by www .sreyas.in

ക്കാൻ പ്രയാസമാണ്. എന്നാൽ രാഷ്ട്രത്തിന്റെ ഈ ആഹ്വാനം ചെവിക്കൊള്ളുക എന്നതു പള്ളിക്കൂടംകുട്ടികളെ സംബന്ധിച്ച് ഏററവും എളുപ്പവും സുകരവുമായ ഒരു കാര്യമാണ്. ഈ ജോലി പുരുഷന്മാരുടെയോ വിദ്യാർത്ഥികളുടെയോ അന്തസ്സിനു ചേർന്നതല്ലെന്ന് ആരും അപവദിക്കാതിരിക്കട്ടെ. ഇൻഡ്യൻസ്ത്രീകൾക്കു കൂടുതൽ വിശ്രമാവസരം ഉണ്ടായിരുന്നതുകൊണ്ട് ഈ കല അവർക്കു മാത്രമായുള്ളതായി കഴിഞ്ഞുകൂടി. സുന്ദരവും സംഗീതാത്മകവും വലിയ ശ്രമം ആവശ്യമില്ലാത്തതുമായിരുന്നതുകാരണം അതു സ്ത്രീകളുടെ കുത്തകയായിത്തീർന്നതാണ്. എന്നാൽ സംഗീതം എങ്ങനെയോ അതുമാതിരി ഇതു് സ്ത്രീക്കും പുരുഷനും ഒന്നുപോലെ ആകർഷകമായിരിക്കും. കൈകൊണ്ടുള്ള നൂൽനൂല്പിൽ സ്ത്രീകളുടെ ചാരിത്രസംരക്ഷണവും ക്ഷാമത്തിനെതിരായുള്ള കരുതലും വിലകൾ താഴ്ത്തിക്കൊണ്ടുവരാനുള്ള ശക്തിവിശേഷവും അന്തർലീനമായിരിക്കുന്നു. സ്വരാജിന്റെ രഹസ്യം അതിലാണ് ഒളിഞ്ഞുകിടക്കുന്നത്. വിദേശീയനിർമ്മാതാക്കളുടെ പൈശാചികപ്രേരണകൾക്കു നമ്മുടെ പിതാമഹന്മാർ വശംവദരായതിനു നമുക്കു ചെയ്യാവുന്ന ഏററവും കുറഞ്ഞ പ്രായശ്ചിത്തം കൈകൊണ്ടുള്ള നൂൽനൂല്പിന്റെ പുനരുദ്ധാരണമാണ്.

കൈകൊണ്ടുള്ള നൂൽനൂല്പിന്റെ മാന്യത പള്ളിക്കൂടംകുട്ടികൾ വീണ്ടെടുക്കും. ഖദറിനെ പരിഷ്കൃതരീതിയിൽ മോടിപിടിപ്പിക്കുന്നതിനുള്ള നടപടികൾ അവർ ത്വരിതപ്പെടുത്തും. തങ്ങളുടെ മക്കളുണ്ടാക്കുന്ന നൂലുകൊണ്ടു നെയ്യുന്ന വസ്ത്രം ധരിക്കാൻ മാതാപിതാക്കന്മാർ എന്ന പേരിനർഹരായ ആരും വിസമ്മതം പ്രകടിപ്പിക്കുകയില്ല. ഈ കലയെ വിദ്യാർത്ഥികൾ പ്രായോഗികമായി അംഗീകരിക്കുമെങ്കിൽ നെയ്ത്തുകാരുടെ ശ്രദ്ധ നിർബ്ബന്ധപൂർവ്വം അതിലേക്കാകൃഷ്ടമാകും. പഞ്ചാബിയെ—ഭടന്റെ തൊഴിലിൽനിന്നെന്നു പറയാൻ വയ്യ—അന്യനാടുകളിലെ സ്വതന്ത്രരും നിരപരാധികളുമായ ജനതയെ കൊല്ലുന്ന തൊഴിലിൽനിന്ന് വീണ്ടെടുക്കണമെങ്കിൽ, നെയ്ത്തുജോലി അയാളെ തിരിച്ചേല്പിക്കണം. പഞ്ചാബിലെ സമാധാനശീലരായ ജുലാനാവർഗ്ഗം മിക്കവാറും നാമാവശേഷമായിട്ടുണ്ട്. പഞ്ചാബിലെ നെയ്ത്തുകാരനു നിർദ്ദോഷമായ പഴയ ജീവിതവൃത്തിയിലേക്കു തിരിച്ചുപോകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ട ചുമതല അവിടത്തെ വിദ്യാർത്ഥികളുടേതാണ്.

വിദ്യാലയങ്ങളിൽ ഈ വ്യതിയാനം എങ്ങിനെ വരുത്താൻ സാധിക്കുമെന്നും, ഈ അടിസ്ഥാനത്തിൽ എത്രവേഗത്തിൽ നമ്മുടെ വിദ്യാലയങ്ങളെയും കലാശാലകളെയും ദേശവല്ക്കരിക്കാമെന്നും ഇനിയൊരു ലക്കത്തിൽ പ്രതിപാദിക്കാമെന്നു ഞാൻ ആശിക്കുന്നു. എല്ലായിടത്തും വിദ്യാർത്ഥികൾ എന്നോടു ചോദിക്കുന്നതു് ദേശവ

digitized by www .sreyas.in

ല്കരിക്കപ്പെട്ട വിദ്യാലയങ്ങളിൻ എന്തെല്ലാം പുതിയ കാര്യങ്ങ ളാണു ഞാൻ അവതരിപ്പിക്കാനുദ്ദേശിക്കുന്നതെന്നാണു്. നൂൽനൂ ല്പു നിശ്ചയമായും ഞാൻ ഏർപ്പെടുത്തുമെന്നു് അവരോടെല്ലാം പ റഞ്ഞിട്ടുണ്ടു്. കഴിഞ്ഞകാലത്തെ നമ്മുടെ ഉപേക്ഷയ്ക്കു പരിഹാര മായി പരിവർത്തനകാലത്തു് നമ്മുടെ പ്രത്യേകശ്രദ്ധ പതിയേ ണ്ടതു് നൂൽനൂല്പിലും ഉടനടി വേണ്ടതായ മററു ചില ദേശീയാ വശ്യങ്ങളിലുമായിരിക്കണമെന്നു മുമ്പിലത്തെക്കാരം കൂടുതൽ വ്യക്ത മായി എനിക്കു തോന്നുന്നു. പുതിയ അദ്ധ്യയനപദ്ധതിയിൽ പ്ര വേശിക്കുവാൻ വിദ്യാർത്ഥികരം കൂടുതൽ സമർത്ഥരും സന്നദ്ധരു മായിരിക്കും.

## 40

ഖദർധാരണം പ്രതിനിധാനംചെയ്യുന്നതു്, രാജ്യത്തിൻെറ എ ത്രയും വലിയ സാമ്പത്തികാവശ്യത്തിൻെറ ഏററവും പ്രായോഗി കമായ അംഗീകാരത്തിൽ കവിഞ്ഞൊന്നിനേയുമല്ല. ഒരു തെമ്മാ ടിക്കുപോലും ഈ ആവശ്യം ബോദ്ധ്യപ്പെടുമെന്നുള്ളതുകൊണ്ടു് അ യാരംക്കും ഖദർ ധരിക്കാൻ തികച്ചും അവകാശമുണ്ടു്. ഒരു ഗവ ണ്മെൻറുചാരൻ ജനങ്ങളെ വഞ്ചിക്കാനായി അതു ധരിക്കുകയാണെ ങ്കിലും രാജ്യത്തിനുണ്ടാകുന്ന സാമ്പത്തികലാഭത്തെ പരിഗണി ച്ചു് അയാരം ഖദർ ധരിക്കുന്നതിനെ ഞാൻ സ്വാഗതംചെയ്യും. എന്നാൽ ഖദർധാരിക്കു് അയാരം അർഹിക്കുന്നതിൽ കവിഞ്ഞ സ്ഥാനം ഞാൻ വകവച്ചുകൊടുക്കുകയില്ല. അതുകൊണ്ടു് ധർമ്മബു ദ്ധിയോ മറെറന്തെങ്കിലും വിശിഷ്ട ഗുണമോ അയാരംക്കുണ്ടെന്നു ഞാൻ സമ്മതിച്ചുകൊടുക്കുകയുമില്ല. സഹകാരികളോ സക്കാർജീ വനക്കാരോ ഖദർ ധരിക്കുന്നതുകൊണ്ടു് അവരെ നിസ്സഹകരണപ്ര സ്ഥാനത്തിൽപെട്ടവരാണെന്നു തെററിദ്ധരിച്ചേക്കാനിടയില്ലെന്നു് ഇതിൽനിന്നും വ്യക്തമാണു്. ഭക്തിയോടുകൂടി പള്ളിയിൽ പോ കുന്നയാരം, സാധുക്കളെ കളിപ്പിക്കുന്ന കള്ളക്കൗശലക്കാരും അവി ടെ പോകുന്നു എന്ന കാരണത്താൽ, പള്ളിയെ ഉപേക്ഷിക്കുകയി ല്ല എന്നതുപോലെതന്നെ നമുക്കു് ഇനിമേൽ ഖദറിനെ പരിത്യ ജിക്കേണ്ടതായിട്ടുമില്ല.

## 41

'സെർവെൻറ് ആഫ് ഇൻഡ്യാ' പത്രത്തിനു നൂൽനൂല്പിൻെറ നേക്കു് ആക്ഷേപമുണ്ടു്; അതു വസ്തുതകളെക്കുറിച്ചുള്ള അജ്ഞതമൂ ലമാണെന്നു ഞാൻ ഇപ്പോരംതന്നെ വിശദമാക്കാം. നൂൽനൂല്പു്

40. Young India, 9-2-1921 (Collected vol. pp. 520—521)

41. Young India, 16-2-1921 (Economic and Industrial Life and Relations, vol. II, pp. 234—235)

digitized by www .sreyas.in

ഒരു സ്ത്രീയുടെ ചാരിത്രത്തെ സംരക്ഷിക്കുന്നു; പൊതുനിരത്തുകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ വിശുദ്ധിക്കു വരാവുന്ന അപകടത്തിൽനിന്നു രക്ഷനേടാൻ അതു് അവരെ പ്രാപ്തരാക്കുന്നു. നൂൽനൂല്പുപോലെ ലക്ഷക്കണക്കിനു സ്ത്രീകൾക്കു് ഏർപ്പെടാവുന്ന മറെറാരു തൊഴിലിനെയുംപററി എനിക്കറിവില്ല. മുൻപറഞ്ഞ പരിഹാസ ലേഖകനെ എനിക്കു ധരിപ്പിക്കാനുള്ളതു്, അനേകം സ്ത്രീകൾ മററു പണികളുപേക്ഷിച്ചു സ്വൈരമായി വീട്ടിലിരുന്നു് ഏററവും അനുഗൃഹീതമായ തൊഴിലെന്നു് അവർതന്നെ പറയാറുള്ള നൂൽനൂല്പിൽ ഏർപ്പെട്ടുകഴിഞ്ഞു എന്നാണു്. ഒരു സംഗീതയന്ത്രത്തിന്റെ ലക്ഷണങ്ങൾ അതിനുണ്ടെന്നു ഞാൻ അവകാശപ്പെടുന്നു; എന്തെന്നാൽ, വിശന്നിരിക്കുന്ന ഒരു നഗ്നയായ സ്ത്രീ, പിയാനോ വായിക്കുന്നതിനോടൊപ്പം നൃത്തംചെയ്യാൻ വിസമ്മതിക്കുമെന്നിരിക്കെ, ചക്കയുടെ പ്രവർത്തനം ദർശിക്കുമ്പോൾ മുഖത്തു് ആഹ്ലാദം പ്രകാശിക്കുന്ന സ്ത്രീകളെ ഞാൻ കണ്ടിട്ടുണ്ടു്; കാരണം ആ ഗ്രാമ്യയന്ത്രം അവക്കു ഭക്ഷണവും വസ്ത്രവും നൽകുന്നു എന്നതാണു്.

അതെ, ഇൻഡ്യയിൽ നെടുനാളായി നിലനില്ക്കുന്ന ദാരിദ്ര്യപ്രശ്നത്തിനു് അതു പരിഹാരമുണ്ടാക്കും; ക്ഷാമബാധയെ അതു് ഒഴിവാക്കുകയും ചെയ്യും. ജലസേചനവും ദുരിതനിവാരണവും സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിലെ അഴിമതികളെപ്പററി എനിക്കറിയാവുന്നതുപോലെ ആ ഹാസ്യലേഖകനു് അറിയാൻപാടില്ലായിരിക്കും. ഈ ജോലികൾ ഏററിയകൂറും കപടമാണു്. എന്റെ ബുദ്ധിമാന്മാരായ ഉപദേഷ്ടാക്കൾ ഓരോ വീട്ടിലും ചക്കയെ പ്രതിഷ്ഠിക്കുന്നകാര്യത്തിൽ ബദ്ധശ്രദ്ധരാകുമെങ്കിൽ അതു ക്ഷാമത്തിനെതിരായുള്ള ഒരു പരിപൂർണ്ണ സംരക്ഷണമാകുമെന്നു ഞാൻ ഉറപ്പു പറയുന്നു. ആസ്ത്രേലിയായെ ഉദാഹരണത്തിനു ചൂണ്ടിക്കാട്ടുന്നതു മൗഢ്യമാണു്. എന്റെ ജനതയുടെ ദാരിദ്ര്യവും പരിമിതികളും ഞാൻ സമ്മതിക്കുന്നു. ഇൻഡ്യയുടെ കാമധേനുവിനെപ്പററിമാത്രമേ എനിക്കു ചിന്തിക്കാൻ കഴിയൂ; അതു ചക്കയാണു്. ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ആഗമനത്തിനു മുമ്പു് ഇൻഡ്യയിലെ ഓരോ ഭവനത്തിലും ചക്കയുണ്ടായിരുന്നു. ഇൻഡ്യ പഞ്ഞി ധാരാളം കൃഷിചെയ്തുണ്ടാക്കുന്ന ഒരു രാജ്യമാകയാൽ ഒരു ഗജം നൂലുപോലും വെളിയിൽനിന്നു് ഇറക്കുമതിചെയ്യുന്നതു കുററകരമായി ഗണിക്കണം. ആ ലേഖകൻ ഉദ്ധരിച്ചിട്ടുള്ള കണക്കുകൾ അപ്രസക്തമാണു്.

1917—18-ൽ ഇഡ്യയിൽ 62.7 കോടി പൗണ്ടു നൂലു് ഉല്പാദിപ്പിച്ചുവെങ്കിലും, അനേകം കോടി ഗജം നൂലുകൂടി വെളിയിൽനിന്നും ഇറക്കുമതിചെയ്യുകയും മില്ലുകളും നെയ്ത്തുകാരും അവയെ നെയ്ത്തിനുപയോഗിക്കുകയും ചെയ്തു. ഇന്നു മില്ലിലുണ്ടാകുന്നതിനേക്കാൾ കൂടുതൽ തുണി നമ്മുടെ നെയ്ത്തുകാർ നെയ്യുന്നു

digitized by www .sreyas.in

ണ്ടെന്നും എന്നാൽ അതിൽ ഭൂരിഭാഗവും വിദേശീയനൂലാണെന്നും അതുകൊണ്ടു നമ്മുടെ നെയ്ത്തുകാർ വിദേശങ്ങളിലെ നൂൽനൂല്പുകാരെയാണു സഹായിക്കുന്നതെന്നും ആ ലേഖകനു് അറിയാൻ പാടില്ലെന്നു തോന്നുന്നു. നാം അതിനു പകരം മറ്റെന്തെങ്കിലും ചെയ്തിരുന്നുവെങ്കിൽ ഞാൻ അത്ര ഗണ്യമാക്കുകയില്ലായിരുന്നു. നൂൽനൂല്പ് മിക്കവാറും നിർബന്ധിതമായി നിന്നുപോയപ്പോൾ അതിന്റെ സ്ഥാനത്തു വന്നതു് അടിമത്തവും അലസതയും മാത്രമായിരുന്നു.

ഇനി ഏതാനും കണക്കുകളെപ്പററി പറയാം. ഒരു കുട്ടി ഒരു ദിവസം ഉദ്ദേശം നാലുമണിക്കൂർ വേലചെയ്താൽ കാൽ പൗണ്ടു് നൂലുനൂല്ക്കും. അപ്പോൾ 64,000 വിദ്യാർത്ഥികൾ പ്രതിദിനം 16,000 പൗണ്ടു നൂലുണ്ടാക്കും. കൈകൊണ്ടുണ്ടാക്കുന്ന രണ്ടു പൗണ്ടു നൂലു് ഒരു നെയ്ത്തുകാരൻ ദിവസംപ്രതി നെയ്താൽ 8,000 നെയ്ത്തുകാർക്കു് അതുമൂലം ഭക്ഷണത്തിനു വകയുണ്ടാകും. ശുദ്ധീകരണത്തിനുള്ളതായ ഈ സംവത്സരത്തിൽ വിദ്യാർത്ഥികളും മററും ഒരു പ്രായശ്ചിത്തമെന്ന നിലയ്ക്കു് നൂൽനൂല്ക്കേണ്ടതും, അങ്ങനെ നൂൽനൂല്പു പ്രചരിപ്പിച്ചും കൈകൊണ്ടുണ്ടാക്കുന്ന നൂലിന്റെ ഉല്പാദനം വർദ്ധിപ്പിച്ചും ഈ വർഷത്തേക്കാവശ്യമുള്ള നൂലു മുഴുവൻ നാം ഉണ്ടാക്കേണ്ടതുമാണു്. ഇത്രയും ചെയ്യാൻ ജനങ്ങൾക്കു മടി തോന്നിയേക്കാം. എന്നാൽ ഓരോരുത്തരും ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടാൽ അതു വളരെ സുഗമമായി തോന്നിത്തുടങ്ങും; വളരെക്കുറച്ചു ത്യാഗമേ അതിലേക്കാവശ്യമുള്ളു; മറെറാരു ഫലവുമുണ്ടായില്ലെങ്കിലും പ്രതിവർഷം ആറുകോടി രൂപാ വെളിയിലേയ്ക്കു പോകുന്നതുകൊണ്ടുള്ള നഷ്ടം ഒഴിവാക്കാം. പല മില്ലുടമകളും സാമ്പത്തികശാസ്ത്രജ്ഞന്മാരും വ്യാപാരവ്യവസായപ്രമുഖന്മാരുമായി ഈ വിഷയത്തെക്കുറിച്ചു ഞാൻ ചർച്ചചെയ്തിട്ടുണ്ടു്. എന്റെ ഈ പ്രസ്താവനയെ വെല്ലുവിളിക്കാൻ അവരിൽ ആർക്കും ഇതേവരെ സാധിച്ചിട്ടില്ല. ഒരു ഗൗരവമേറിയ വിഷയത്തെ ഗൗരവത്തോടും സൂക്ഷ്മവിവരങ്ങൾ വച്ചുകൊണ്ടും 'സെർവൻറ് ആഫ് ഇൻഡ്യാ' കൈകാര്യംചെയ്യുമെന്നു ഞാൻ കാര്യമായി പ്രതീക്ഷിക്കുന്നു.

## 42

ഭൂമി മുഴുവൻ ജലവിതരണം ചെയ്യാൻ മഴയ്ക്കു കഴിയുന്നതുപോലെ മനുഷ്യന്റെ വൈദഗ്ദ്ധ്യത്തിനു കഴിയില്ല. മഴയുടെ കാര്യത്തിൽ ജലസേചനവകുപ്പോ, നടപടിനിയമങ്ങളോ, പരിശോധനയോ, ജലനികുതിയോ ഒന്നുംതന്നെയില്ല. ഓരോന്നും സൗമ്യ

42. Young India, 6-7-1921 (Collected vol. 1919—1922, P. 522)

digitized by www .sreyas.in

മായും ലളിതമായും നിർവ്വഹിക്കപ്പെടുന്നതുകൊണ്ട് അതിന്റെ പരിപൂർണ്ണത ആരുടെയും ശ്രദ്ധയിൽ പെടാതെ പോകുന്നു. അതുപോലെ ലക്ഷക്കണക്കിനുള്ള വീടുകളിൽ വേലയും ധനവും ഏററവും ലഘുവായ രീതിയിൽ വിതരണം ചെയ്യാൻ ചക്രിനു ശക്തിയുണ്ട്. നെററിയിലെ വിയർപ്പുകൊണ്ടു നിത്യവൃത്തിക്കുള്ള മാർഗ്ഗം നേടുന്നതിനെപ്പററി അറിവില്ലാത്ത നമ്മിൽ പലക്കും പ്രതിദിന ആദായമായ മൂന്നണ മനുഷ്യന്റെ പരിഗണന അർഹിക്കാത്ത ഒരു നിസ്സാര തുകയാണെന്നു തോന്നിയേക്കാം. സാധനങ്ങൾക്കു വില കൂടിക്കൊണ്ടിരിക്കുന്ന ഈ കാലങ്ങളിൽപോലും ദിവസം മൂന്നണ ഒരനുഗ്രഹമായിക്കരുതുന്ന ദരിദ്രന്മാരുള്ള ജില്ലകളുണ്ടെന്ന് അവർ അറിയുന്നില്ല. എന്നാൽ വ്യക്തിയുടെ സമ്പാദ്യത്തിന്റെ അടിസ്ഥാനത്തിൽമാത്രം ചക്രിന്റെ കാര്യം നാം കണക്കാക്കരുത്. രാഷ്ട്രത്തിന്റെ പുനരുജ്ജീവനവിഷയത്തിൽ ചക്രം ഒരു മഹാശക്തിയാണ്. നമുക്കു യഥാർത്ഥ സ്വരാജ് വേണമെന്നുണ്ടെങ്കിൽ സാമ്പത്തികസ്വാതന്ത്ര്യം നാം നേടണം. വിദേശവസ്ത്രബഹിഷ്കരണം അതിന്റെ നിഷേധാത്മകമായ ഒരു വശമാണ്. ഇതിലേക്ക് രാജ്യത്തിനാവശ്യമുള്ള തുണി മുഴുവൻ നാം ഉൽപാദിപ്പിക്കണം. കൈകൊണ്ട് നൂൽ നൂററാൽ മാത്രമേ ഇതു സാദ്ധ്യമാകയുള്ളു. നമ്മുടെ മില്ലുകളെല്ലാംകൂടി പ്രവർത്തിച്ചാലും ഈ ആവശ്യം നിവർത്തിക്കാൻ കഴിയുകയില്ല. മില്ലിലുണ്ടാകുന്ന നേർത്ത തുണിക്കുവേണ്ടി എല്ലാവരും തള്ളിക്കയറിയാൽ ദരിദ്രന്റെ കഴിവിനെ കവച്ചുവയ്ക്കുന്ന വിലക്കയററം ഉണ്ടാവുകയും 1907—1908—ലെ അനുഭവം ആവർത്തിക്കുകയും ചെയ്യും.

കൂടാതെ, ഇൻഡ്യയിലെ മൂന്നു കാലാവസ്ഥയ്ക്കും ഏററവും യോജിച്ച തുണി ഖാദിയാണ്. മൃദുലവും സ്വച്ഛവുമായ ഖാദിയുടെ സ്പർശനം ഏററുകഴിഞ്ഞാൽ പിന്നെ, ഒട്ടിപ്പിടിക്കുന്ന മസ്ലോ ടസിലോ ഉപയോഗിക്കാൻ സാദ്ധ്യമല്ലെന്ന് ഈ വേനൽക്കാലത്ത് ഖാദി ഉപയോഗിച്ചിട്ടുള്ളവർക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഒരു സാധാരണ മഞ്ഞുകാലത്തെ തണുപ്പു തടക്കാൻ കമ്പിളിത്തുണിയേക്കാൾ ഖാദിക്കു കഴിയുമെന്ന് ഖാദി ധരിക്കുന്നവർക്ക് അനുഭവമുണ്ട്. ഇൻഡ്യയിലെ ശീതോഷ്ണസ്ഥിതിക്ക് വസ്ത്രങ്ങൾ കൂടെക്കൂടെ നനച്ചു വൃത്തിയാക്കേണ്ടതായിവരും. അങ്ങനെ നനയ്ക്കാൻതക്കവണ്ണം ഈടുനിൽക്കുന്നത് ഖാദിമാത്രമാണ്. ഒരു കാലത്തു ജനങ്ങൾ പൊതുവേ ധരിച്ചിരുന്നതു ഖാദിയാണ്. അന്നത്തെ പട്ടേൽമാരും ദേശ്മുഖ്മാരും വീടുകളിൽ നൂററ നൂലുകൊണ്ട് നിർമ്മിച്ച ഖാദി ധരിക്കുമ്പോൾ എത്ര ആദരണീയരായി കാണപ്പെട്ടുവെന്ന് നേരിട്ടു കണ്ടാൽമാത്രമേ വിശ്വസിക്കാൻ കഴിയൂ. ആണ്ടിലെ ആറു കാലാവസ്ഥയിലും ഉപ്പ് അല്ലാതെ മറെറാന്നും ഇറക്കുമതി ചെയ്യേണ്ടിവന്നിട്ടില്ലെന്ന വസ്തുതയിൽ

digitized by www .sreyas.in

ഗ്രാമം മുഴുവൻ ന്യായമായി അഭിമാനിച്ചിട്ടുള്ളതിനു് ഉദാഹരണങ്ങൾ ധാരാളമുണ്ടു്. ആ വ്യവസ്ഥതിയിൽ ചോർച്ചയോ ചൂഷണമോ ഉണ്ടാകാൻ ഇടയില്ല; പരരാജു് (അന്യരുടെ ഭരണം) ഉണ്ടാകാനുള്ള സാഹചര്യവുമില്ല. ഒരു ചെറിയ ഗ്രാമത്തിനു് അതിന്റെ ആത്മാഭിമാനത്തിനും അന്തസ്സിനും സ്വാതന്ത്ര്യത്തിനും യോജിച്ച വിധത്തിൽ ഭരണകർത്താക്കളോടു് വ്യവസ്ഥകൾ നിർദ്ദേശിക്കാൻ സാധിക്കും. നമ്മുടെ സുഖഭോഗവാഞ്ഛ സ്വരാജിനുവേണ്ടിപ്പോലും നിയന്ത്രിക്കാൻ വയ്യാത്തവിധം അത്ര ഉറച്ചുപോയതാണോ?

## 43

നൂൽനൂൽപ്പു് വെറും നിർദ്ധനരൊഴികെയുള്ളവക്കു് ജീവിതമാർഗ്ഗമാണെന്നു് ആരും ഒരിക്കലും പറഞ്ഞിട്ടില്ല. നൂൽനൂൽപിനെ അതിന്റെ പഴയ പദവിയിലേക്കു് വീണ്ടും ഉദ്ധരിച്ചു്, കൃഷിക്കു താങ്ങായ ഒരു സാർവ്വലൗകികവ്യവസായമാക്കി, കൃഷിയോ മറേറതെങ്കിലും തൊഴിലോ ചെയ്യാനില്ലാത്ത മാസങ്ങളിൽ അവക്കു് ഏർപ്പെടാവുന്നതാക്കാനാണു് ഉദ്ദേശിക്കുന്നതു്. ഈ ആണ്ടിൽത്തന്നെ വിദേശവസ്ത്രബഹിഷ്കരണം പരിപൂർണ്ണമായി നടപ്പിലാക്കുന്നതിനുവേണ്ടി തൽക്കാലം എല്ലാവരെയും അവരുടെ വിശ്രമവേള നൂൽനൂൽപിനായി വിനിയോഗിക്കാൻ ക്ഷണിച്ചുകൊള്ളുന്നു. ദിവസം പന്ത്രണ്ടണ സമ്പാദിക്കാൻ കഴിയുന്ന ശരീരശക്തിയുള്ള ഒരു തൊഴിലാളി തന്റെ ജോലിയുപേക്ഷിച്ചിട്ടു് നൂൽനൂൽപിനു വരണമെന്നു് ആരും ആവശ്യപ്പെടുന്നില്ല. രാജ്യത്തിലെ പല ഭാഗങ്ങളിലുമുള്ള ജനങ്ങൾ മഹാദാരിദ്ര്യത്തിൽ കഴിയുന്നതുകൊണ്ടു് ദിവസം മൂന്നണ കൂലികിട്ടുന്നതു് ദുർഘടഘട്ടങ്ങളെ തരണം ചെയ്യാൻ സഹായിക്കുന്ന ഒരു മഹാനുഗ്രഹമായി അവർ കരുതുന്നു. ക്ഷാമത്തിനും വരൾച്ചയ്ക്കുമെതിരായ ഒരു പരിപൂർണ്ണ രക്ഷാഭോഗമായിരിക്കാൻ ചർക്കയ്ക്കു കഴിവുണ്ടു്. മൂന്നണ എന്നതു വളരെ കരുതലോടുകൂടിയതും യാഥാസ്ഥിതികവുമായ ഒരു കണക്കുകൂട്ടലാണെന്നു് എടുത്തുപറയേണ്ടിയിരിക്കുന്നു.

## 44

ദൈവം നമുക്കു തരുന്ന കുഞ്ഞുങ്ങളെക്കുറിച്ചു് നാം നന്ദിപൂർവ്വം തൃപ്തരായിരിക്കുന്നതുപോലെ ഇൻഡ്യയ്ക്കു് ഉല്പാദിപ്പിക്കാൻ കഴിയുന്ന തുണികൊണ്ടും തൃപ്തരാകാൻ നാം തയ്യാറകണം. ഒരു ശിശു മറെറാരാൾക്കു വിരൂപമായിത്തോന്നുന്നു എന്ന കാരണത്താൽ അതിനെ ദൂരത്തെറിഞ്ഞുകളയുന്ന ഒരു മാതാവിനെപ്പററി എനിക്കറിവില്ല. അതേ മനോഭാവമായിരിക്കണം ഇന്ത്യയിൽ നിർമ്മി

43. Young India, 4-8-1921 (Collected vol. 1919—1922, P. 523)
44. Young India, 11-8-1921 (Collected vol. pp. 759—761)

digitized by www .sreyas.in

ക്കുന്ന സാധനങ്ങളോട് രാജ്യസ്നേഹികളായ നമ്മുടെ സ്ത്രീകൾക്ക ണ്ടാകേണ്ടതു്. കൈകൊണ്ടുണ്ടാക്കുന്ന നൂലും കൈകൊണ്ടു നെയ്ത തുണിയും മാത്രമേ നിങ്ങൾ ഇന്ത്യയിൽ നിർമ്മിക്കപ്പെട്ടതായി ക ണക്കാക്കാൻ പാടുള്ളൂ. പരിവർത്തനഘട്ടത്തിൽ പരുക്കൻ ഖാദിമാ ത്രമേ ധാരാളമായി കിട്ടുകയുള്ളൂ. നിങ്ങളുടെ വാസനയ്ക്കനുസരണ മായുള്ള കരകൗശലം മുഴുവൻ അതിൽ പ്രയോഗിച്ചുകൊള്ളുക. ഏതാനും മാസത്തേക്കു നിങ്ങൾക്കു പരുക്കൻഖാദികൊണ്ടു തൃപ്തി പ്പെടാമെങ്കിൽ, ലോകത്തിന്റെ അസൂയയ്ക്കും നൈരാശ്യത്തിനും കാരണമായ നേർമ്മയുള്ളതും വിലകൂടിയതും നിറപ്പകിട്ടുള്ളതുമായ പണ്ടത്തെ വിശിഷ്ട വസ്ത്രങ്ങൾ നമുക്കു വീണ്ടും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ ഇൻഡ്യയ്ക്കു് നൈരാശ്യത്തിന്നവകാശമില്ല. ആറുമാസ ക്കാലം നമ്മൾ സ്വാർത്ഥത്യാഗം പരിശീലിക്കാമെങ്കിൽ, കലാസ്വ ഭാവമായി നാം ഇന്നു കരുതുന്നതൊക്കെ വെറും മിത്ഥ്യയാണെന്നും, രൂപത്തെ മാത്രമല്ല, അതിലൊളിഞ്ഞുകിടക്കുന്ന ഒന്നിനെക്കൂടി യാണു കല ആശ്രയിച്ചിരിക്കുന്നതെന്നും ഗ്രഹിക്കാൻ കഴിയുമെന്നു ഞാൻ ഉറപ്പുപറയുന്നു.

ജീവൻ നശിപ്പിക്കുന്ന കലയും ജീവൻ നൽകുന്ന കലയു മുണ്ടു്. പാശ്ചാത്യരാജ്യങ്ങളിൽനിന്നോ വിദൂരപൗരസ്ത്യരാജ്യങ്ങ ളിൽനിന്നോ നാം ഇറക്കുമതി ചെയ്തിട്ടുള്ള നേർത്ത തുണിത്തരങ്ങൾ നമ്മുടെ ലക്ഷോപലക്ഷം സഹോദരീസഹോദരന്മാരുടെ മരണ ത്തിനും ആയിരക്കണക്കിനു പ്രിയ സഹോദരിമാരുടെ സദാചാര വിരുദ്ധജീവിതത്തിനും ഇടയാക്കിയിട്ടുണ്ടെന്നുള്ളതു് അക്ഷരംപ്രതി ശരിയാണു്. യഥാർത്ഥകല അതിന്റെ രചയിതാക്കളുടെ ആനന്ദ ത്തിനും സംതൃപ്തിക്കും പരിശുദ്ധിക്കും സാക്ഷ്യം വഹിക്കണം. ആമാതിരി കല വീണ്ടും നമ്മുടെ ഇടയിൽ ഉദ്ധരിക്കപ്പെടണമെ ങ്കിൽ നിങ്ങളുടെ കൂട്ടത്തിലുള്ള സത്തുക്കൾ ഉടൻതന്നെ ഖാദി ഉപ യോഗിച്ചുതുടങ്ങണം.

സ്വദേശി പരിപാടിയുടെ വിജയത്തിനു് ഖാദി ഉപയോഗി ക്കുന്നതുമാത്രമല്ല, വിശ്രമാവസരങ്ങളിൽ നിങ്ങൾ ഓരോരുത്തരും നൂൽനൂൽക്കുന്നതും ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യമാണു്. ബാ ലന്മാരോടും പുരുഷന്മാരോടും നൂൽനൂൽക്കണമെന്നു ഞാൻ നിർ ദ്ദേശിച്ചിട്ടുണ്ടു്. അവരിൽ ആയിരക്കണക്കിനാളുകൾ ദിവസവും നൂൽനൂൽക്കുന്നതായി എനിക്കറിയാം. എന്നാൽ നൂൽനൂല്പിന്റെ പ്രധാനഭാരം പണ്ടത്തെപ്പോലെ നിങ്ങൾ (സ്ത്രീകൾ) തന്നെ വഹി ക്കണം. ഇരുനൂറു വർഷങ്ങൾക്കുമുമ്പു് ഇന്ത്യൻ സ്ത്രീകൾ ഇവി ടത്തെ ആവശ്യത്തിനു മാത്രമല്ല വിദേശങ്ങളിൽ അയയ്ക്കാൻപോ ലും വേണ്ട നൂൽനൂററുവന്നു. പരുക്കൻനൂലുകൾ മാത്രമല്ല ലോക ത്തിലേക്കു് ഏററവും നേർത്തതരം നൂലും അവർ നിർമ്മിക്കുമായി

digitized by www .sreyas.in

രുന്നു. നമ്മുടെ പൂർവ്വികർ ഉണ്ടാക്കിവന്നതിനോളം നേർമ്മയുള്ള നൂല് ഒരു യന്ത്രത്തിനും ഉണ്ടാക്കാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. അടുത്ത രണ്ടുമാസത്തേയ്ക്കും അതിനുശേഷവും ആവശ്യമുള്ള ഖാദി നമുക്കുണ്ടാകണമെങ്കിൽ നിങ്ങൾ നൂൽനൂല്പുസംഘങ്ങൾ സ്ഥാപിക്കുകയും നൂൽനൂൽപ്പു മത്സരങ്ങൾ ഏർപ്പെടുത്തുകയും കൈകൊണ്ടു നിർമ്മിച്ച നൂലുകൊണ്ടു ഇൻഡ്യൻ കമ്പോളത്തെ നിറയ്ക്കുകയും ചെയ്യണം. ഇതിലേക്കു നിങ്ങളിൽ ചിലർ നൂൽനൂല്പിലും പഞ്ഞികടയലിലും ചക്ക് ശരിക്കു ഘടിപ്പിക്കുന്നതിലും വിദഗ്ദ്ധന്മാരാകണം. അതിന് ഇടവിടാത്ത അദ്ധ്വാനം ആവശ്യമാണ്. നൂൽനൂല്പിനെ ഒരു ഉപജീവനമാർഗ്ഗമായി നിങ്ങൾ കരുതേണ്ട. ഇടത്തരക്കാരുടെ കുടുംബവരവിന് അതു പൂരകമായിരിക്കും. വെറും നിർദ്ധനരായ സ്ത്രീകൾക്കു നിശ്ചയമായും അതു് ഒരു ജീവിതമാർഗ്ഗമായിത്തീരും. പണ്ടത്തെപ്പോലെ ചക്ക് വിധവയുടെ ഇഷ്ടചങ്ങാതിയായിരിക്കണം. എന്നാൽ ഈ അഭ്യർത്ഥന വായിക്കുന്ന നിങ്ങൾക്കു് ഒരു കർത്തവ്യം, അഥവാ ധർമ്മം, എന്ന നിലയ്ക്കാണു് അതു സംഭാവന ചെയ്യപ്പെട്ടിരിക്കുന്നതു്.

നല്ല ധനസ്ഥിതിയുള്ള ഇൻഡ്യൻവനിതകളെല്ലാവരും പ്രതിദിനം ഒരു നിശ്ചിത അളവിൽ നൂൽനൂൽക്കുകയാണെങ്കിൽ നൂലിന്റെ വില കുറയ്ക്കുന്നതിനും, മററു പ്രകാരത്തിൽ സാധിക്കുന്നതിലും എളുപ്പത്തിൽ അതിനു വേണ്ടത്ര നേർമ്മ കൈവരുത്തുന്നതിനും അവർക്കു കഴിയും.

## 45

ആവശ്യമുള്ള തൊഴിലുകളുടെ വൈചിത്ര്യശൂന്യത ഉന്മേഷകരവും ഉല്ലാസപ്രദവുമാണ്. ഒരു കലാകാരനു് ഒരിക്കലും തന്റെ കലയിൽ മുഷിവു് തോന്നുകയില്ല. തന്റെ കലയിൽ വൈദഗ്ദ്ധ്യം നേടിയ ഒരു നൂൽനൂൽപ്പുകാരനു് ക്ഷീണം തോന്നാതെ തുടരെ ജോലിചെയ്യാൻ കഴിയും. തക്ലിക്കു് അതിന്റേതായ ഒരു സംഗീതമുണ്ടു്; പരിശീലനം സിദ്ധിച്ച ഒരു നൂൽനൂൽപ്പുകാരനു് അതു ശരിക്കു ഗ്രഹിക്കാൻ കഴിയും. സ്വരാജ് സമ്പാദിക്കുന്നതിനുവേണ്ടി ഇന്ത്യ മുഷിഞ്ഞു പ്രവർത്തിച്ചുകഴിയുമ്പോൾ, എന്നെന്നേക്കും ആനന്ദപ്രദമായ ഒരു സുന്ദരവസ്തുവിനെ അവർ നിർമ്മിച്ചിരിക്കും. എന്നാൽ ചക്കിനെ ഒഴിവാക്കിയിട്ടു്, അതു സാദ്ധ്യമല്ല. അതുകൊണ്ടു് ഇൻഡ്യക്കുവേണ്ടി ഏററവും നല്ല ദേശീയവിദ്യാഭ്യാസം നിശ്ചയമായും നൂൽചക്രത്തെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുന്നതായിരിക്കും.

45. Young India, 18-8-1921 (Selections from Gandhi, P. 49)

digitized by www .sreyas.in

## 46

യന്ത്രങ്ങളുടേതായ ഈ യുഗത്തിൽ കൈകൊണ്ടു നൂൽനൂൽക്കുന്നതിനെയും കൈത്തറിനെയ്ത്തിനെയും ഒരു ദേശീയ വ്യവസായമാക്കണമെന്ന ആശയത്തെ ചിലർ പുച്ഛിക്കുന്നു; എന്നാൽ ലക്ഷക്കണക്കിനുള്ള നമ്മുടെ നാട്ടുകാർ തങ്ങൾക്കു യോജിച്ച തൊഴിലില്ലാത്തതു കാരണം കഷ്ടപ്പെട്ടു കാലം കഴിക്കുന്നതിനെയും, ആഹാരത്തിന്റെ കുറവുകൊണ്ടും പട്ടിണികിടന്നും ആയിരക്കണക്കിന് ആളുകൾ ആണ്ടുതോറും മരിക്കുന്നതിനെയും അവർ വിസ്മരിക്കുന്നു. നൂറുവർഷത്തിനു മുമ്പാകട്ടെ കൈകൊണ്ടു നൂൽനൂൽക്കുന്നതും നെയ്യുന്നതും നിർദ്ധനന്റെ മരണത്തിനെതിരായുള്ള ഒരു രക്ഷാഭോഗമായിരുന്നു. ഈ വ്യവസായം കൈവരുത്തിയിട്ടുള്ള ആശ്വാസം എത്രമാത്രമായിരുന്നുവെന്നു മി. ദത്താ തന്റെ 'ഇൻഡ്യാ ചരിത്രം—വിക്ടോറിയൻ കാലഘട്ടം' എന്ന ഗ്രന്ഥത്തിൽ, 1913 മുതൽ 1920 വരെയുള്ള ഏഴുകൊല്ലക്കാലം ഡാക്ടർ ബുക്കാനൻ നടത്തിയ ഗവേഷണത്തിൽനിന്നും ഉദ്ധരിച്ചുകൊണ്ട്, രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിശദവിവരങ്ങളിൽനിന്നും തങ്ങളുടെ മാന്യവും സത്യസന്ധവുമായ തൊഴിൽകൊണ്ടു നൂൽനൂൽപ്പുകാരും നെയ്ത്തുകാരും കോടിക്കണക്കിനു രൂപാ സമ്പാദിച്ചിരുന്നതായിക്കാണാം. ഈ വ്യവസായത്തിന്റെ വികേന്ദ്രീകരണം—ഓരോ ഗ്രാമവും നഗരവും ജില്ലയും അതിനു ആവശ്യമുള്ളതു സംഭരിക്കുന്നതു്—അതിന്റെ വിതരണത്തെ സ്വാഭാവികമായി ലാഘവപ്പെടുത്തുകയും അതിന്റെ ഉപഭോക്താവിനെ, ഇന്നു് അയാളെ വിഷമിപ്പിക്കുന്ന റെയിൽവേ എക്സൈസ് തുടങ്ങിയ എല്ലാത്തരം ചുങ്കങ്ങളിൽനിന്നും മദ്ധ്യവർത്തികളുടെ ലാഭങ്ങളിൽനിന്നും മോചിപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കാലഘട്ടത്തിലേക്കു തിരിച്ചുപോകാൻ നമുക്കു കഴിഞ്ഞില്ലെങ്കിലും—നമ്മുടെ മനസ്സിന്റെ ചായ്‌വും സംശയവുമല്ലാതെ മറ്റു തടസ്സമൊന്നും അതിനില്ല — ഇന്നു നമ്മുടെ കമ്പോളങ്ങളിൽ കൊണ്ടുവന്നു് കുമിക്കുന്ന വിദേശവസ്ത്രങ്ങളെ അതിവേഗത്തിൽ നിർമ്മാർജ്ജനം ചെയ്യത്തക്കവണ്ണമെങ്കിലും നമ്മുടെ വ്യവസായങ്ങളെ സംഘടിപ്പിക്കാൻ സാദ്ധ്യമാവില്ലെ?

## 47

കൈകൊണ്ടു നൂൽ നൂല്ക്കുന്നതിനെപ്പററി എതിർപ്പുണ്ടായാലും, ആ സുന്ദരകല ഇൻഡ്യയിൽ സാർവ്വത്രികമായില്ലെങ്കിൽ സ്വരാജ്

46. Young India, 15-9-1921 (Collected vol. 1919—1922, pp. 502-503)

47. Young India, 22-9-1921 (Collected vol. 1919-1922, pp. 543-544)

digitized by www .sreyas.in

അപ്രാപ്യമാണെന്നുള്ള വിശ്വാസത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. എന്റെ ഈ നിർദ്ദേശത്തിനുള്ള വാദമുഖം അവിശ്വസനീയമാംവിധം അത്ര ലളിതമാണ്. ഇൻഡ്യയിലെ ഭവനങ്ങൾ സ്വാശ്രയശക്തമായില്ലെങ്കിൽ ഇൻഡ്യയ്ക്കു ജീവിക്കുവാൻ കഴിയുകയില്ല. ഒരു അനുബന്ധത്തൊഴിൽകൂടിയില്ലെങ്കിൽ അവയ്ക്ക് അങ്ങനെയാകാൻ സാദ്ധ്യമല്ല. അതുകൊണ്ട് നമ്മുടെ തുണി മുഴവൻ മില്ലുകളിൽ നിർമ്മിക്കപ്പെട്ടാൽ യാതൊരു പ്രയോജനവുമുണ്ടാകയില്ല. കൈകൊണ്ടുള്ള നൂൽനൂല്പ് സാർവ്വത്രികമായാൽ അതിൽനിന്നും കോടിക്കണക്കിനുണ്ടാകുന്ന ആദായത്തിന്റെ പങ്ക് ഓരോ ഭവനത്തിനും, വിഷമംപിടിച്ച യന്ത്രത്തിന്റെയൊന്നും സഹായം കൂടാതെതന്നെ, ലഭ്യമാകും. ഇൻഡ്യയ്ക്കാവശ്യമുള്ള തുണി മുഴവൻ ഉല്പാദിപ്പിക്കാൻ ഇൻഡ്യയ്ക്കു കഴിവുണ്ട്. നൂൽനൂല്പു സാർവ്വത്രികമാകുമ്പോൾ നെയ്ത്തുകാരും പഞ്ഞികടച്ചിൽക്കാരുമായ ലക്ഷക്കണക്കിനുള്ള ആളുകൾ അവരുടെ പഴയ തൊഴിൽ വീണ്ടും സ്വീകരിച്ചുകൊള്ളുമെന്നുള്ളതു സ്പഷ്ടമാണ്.

ഇതാണ് കൈകൊണ്ടു നൂൽനൂൽക്കുന്നതിന്റെ സാമ്പത്തികവശം.

അതു് നമ്മുടെ സ്ത്രീകളെ, അവരുടെ പരിശുദ്ധി ലംഘിക്കാൻ നിർബ്ബദ്ധരാക്കുന്ന അവസ്ഥയിൽനിന്നു രക്ഷിക്കും. ജീവിതമാർഗ്ഗമായി സ്വീകരിക്കപ്പെടുന്ന യാചകവൃത്തിയെ അതു് അവസാനിപ്പിക്കും. നിബ്ബന്ധിതമായി നമുക്കു വന്നുചേരുന്ന അലസതയെ ദൂരീകരിക്കും. മനസ്സിനു സ്ഥിരതയുണ്ടാക്കും. എന്നുതന്നെയല്ല, ലക്ഷക്കണക്കിനാളുകൾ അതിനെ ഒരു പുണ്യകർമ്മമായി സ്വീകരിക്കുമ്പോൾ നമ്മെ അതു് ഈശ്വരോന്മുഖരാക്കുമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

ഇതാണു നൂൽനൂല്പിന്റെ ധാർമ്മികവശം.

അതു സാർവ്വത്രികമാവുകയും വിദേശവസ്ത്രവാണിജ്യം ഒരു അതീതകാലസംഗതിയായിത്തീരുകയും ചെയ്യുമ്പോൾ, ഇൻഡ്യയ്ക്കു താല്പര്യവും ബോധവും കൈവന്നിട്ടുണ്ടെന്നും അഹിംസാത്മകവും മതപരവുമായ അവളുടെ സമരത്തിൽ വിജയപ്രതീക്ഷയുണ്ടെന്നുമുള്ളതിനു് അതു് ഉറച്ച തെളിവായിത്തീരും.

വിദേശവസ്ത്രബഹിഷ്കരണത്തിലും, കൈകൊണ്ടു നൂൽനൂററും നെയ്തും നമുക്കു വേണ്ട തുണി നിർമ്മിക്കുന്നതിലും നമുക്കുള്ള ശേഷിയെപ്പററി ഇപ്പോൾ അന്യനാട്ടുകാർക്കു വിശ്വാസമില്ല. എന്നാൽ അതൊരു യാഥാർത്ഥ്യമായി പരിണമിക്കുമ്പോൾ, ഇൻഡ്യയുടെ അഭിപ്രായവും എതിരിടാൻ വയ്യാത്ത ഒരു ശക്തിയായിത്തീരും. വേണ്ടിവന്നാൽ അന്നു് —അതുവരെയില്ല— വഴങ്ങാത്ത ഒരു ഗവ

ണ്മെൻറിനെ മുട്ടുകുത്തിക്കാൻ നിയമലംഘനം ആരംഭിക്കുകയും ചെയ്യാം.

ഇതാണ് രാഷ്ട്രീയവശം.

ഞാൻ ബംഗാൾ ഒട്ടാകെ നോക്കിയിട്ടും തൻെറ സമയവും ശ്രദ്ധയും മുഴുവൻ, നൂൽനൂല്പിൻെറ സുവിശേഷം പ്രചരിപ്പിക്കുന്നതിനും അതു് അഭ്യസിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും ഉപദേശിക്കുന്നതിനുമല്ലാതെ മററൊന്നിനും വിനിയോഗിക്കാത്ത ഒരു നൂൽനൂൽപ്പുവിദഗ്ദ്ധനെ കണ്ടുകിട്ടിയില്ലെന്നുള്ളതു് ഖേദകരമായിത്തോന്നി. സാമാന്യജനങ്ങൾ അതു് അഭ്യസിക്കാൻ സന്നദ്ധരായിരുന്നു. എന്നാൽ അതെങ്ങനെയാണു വേണ്ടതെന്നു് അവക്കറിഞ്ഞുകൂടായിരുന്നു. ബംഗാളിനെപ്പററിയുള്ള ഈ യാഥാത്ഥ്യം മററു മിക്ക പ്രവിശ്യകളെ സംബന്ധിച്ചും ശരിയാണു്. ഓരോ പ്രവിശ്യയിലും ഒരു മാതൃകാചക്കയും, തത്സംബന്ധമായി വേണ്ടി വരുന്ന ഉപദേശവും മാർഗ്ഗനിർദ്ദേശവും നൽകാൻ ഒരു സംഘം വിദഗ്ദ്ധന്മാരും ഉണ്ടായിരിക്കണം. വിദഗ്ദ്ധോപദേശം ലഭ്യമാകുമെങ്കിൽ പലരിലും കുടികൊള്ളുന്ന ഭാസുരമായ പാടവം പ്രയോജനപ്പെടുത്താമായിരുന്നു. കൽക്കട്ടാ നാഷണൽ കാളേജ്ഹാളിൽ പ്രദർശിപ്പിച്ചിരുന്ന പതിനഞ്ചു പുതിയ കണ്ടുപിടുത്തങ്ങൾ ഉപയോഗയോഗ്യമോ അല്ലയോ എന്നു് ആരാണു് തീരുമാനിക്കേണ്ടതു്? എല്ലായിടത്തും വിവിധരീതിയിലുള്ള ചക്ക ഉപയോഗിക്കുന്നതു ഞാൻ കണ്ടു. എന്നാൽ ഈ ചക്രങ്ങളുടെ ഉപയോഗക്ഷമത പരിശോധിക്കുന്നതിനുള്ള ഒരുദ്യമവും ഞാൻ കണ്ടില്ല. ബംഗാളിൽ ഇന്നു് ആയിരക്കണക്കിനു് ആളുകൾ നൂലുണ്ടാക്കുന്നുണ്ടു്. എന്നാൽ അവർ ചെയ്യുന്ന ജോലിയുടെ അളവു നിർണ്ണയിക്കുന്നതിനു് ആരുമില്ല. അതുകൊണ്ടു്, തങ്ങളുടെ ദൗത്യത്തിൽ ദൃഢവിശ്വാസമുള്ള ആറു പുരുഷന്മാരെയും ആറു സ്ത്രീകളെയുമെങ്കിലും ഇക്കാര്യത്തിനു് ഓരോ കാൺഗ്രസ്സ് പ്രവർത്തകസമിതിയും നിയോഗിക്കണമെന്നു ഞാനുപദേശിക്കുന്നു.

## 48

ലക്ഷക്കണക്കിനാളുകൾക്കു ഭിക്ഷ കൊടുക്കുക സാദ്ധ്യമല്ല. ഭിക്ഷ വാങ്ങി കാലം കഴിക്കുന്നവക്കു് ആത്മാഭിമാനം നിശ്ശേഷം നഷ്ടപ്പെടുന്നു. ഈ ദുഷ്യം വ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ ധാന്യമില്ലെന്നുള്ളതല്ല അതിനു കാരണമെന്നു തോന്നുന്നു. ആളുകൾക്കു ജോലിയില്ല, പണവുമില്ല. ഗവണ്മെൻറിൽനിന്നു നടത്തിക്കുന്ന ആശ്വാസപ്രവത്തനം, കല്ലുപൊട്ടിക്കലും ചുമപ്പിക്കലും മാത്രമാണു്. ഒരു സ്നേഹിതൻ പ്രസ്താവിച്ചതു്, ദുരിതത്തിൽപെട്ട

48. Young India, 6-10-1921 (Collected vol. 1919-1922, P. 532)

digitized by www .sreyas.in

സ്ത്രീപുരുഷന്മാക്കു് ജോലി ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ഗവണ്മെന്റു് റോഡുകൾ കിളച്ചുമറിച്ചിട്ടു് പിന്നീടു കേടുതീർക്കുന്നു എന്നാണു്. കിളച്ചുമറിച്ചിട്ടായാലും അല്ലെങ്കിലും ഗവണ്മെന്റിന്റെ ഏക ആശ്വാസനടപടി റോഡിന്റെ അററകുററപ്പണി മാത്രമാണു്. അതിൽനിന്നും ഒരു സ്ത്രീക്കു കിട്ടിവന്നതു് ഒരണയൊ അഞ്ചു പൈസയൊ മാത്രവും പുരുഷനു പത്തു പൈസയിൽ കവിയാത്ത തുകയുമാണെന്നാണു് എന്റെ അറിവു്. എന്നാൽ ദിവസം എട്ടു മണിക്കൂർ സമയം ചർക്കയിൽ വേലചെയ്യുന്ന ഒരു പഞ്ചമസ്ത്രീക്കു കാൺഗ്രസ്സ് പ്രവർത്തകസമിതി ദിവസം മൂന്നണ വീതം കൊടുത്തുവന്നതായി എനിക്കറിയാം. പഞ്ചമസ്ത്രീകൾക്കു വേണ്ടി ചെയ്യുന്നതു്, ക്ഷാമബാധിതരായ ആയിരക്കണക്കിലുള്ള സ്ത്രീകൾക്കും, പുരുഷന്മാർക്കും ചെയ്തുകൊടുക്കാവുന്നതാണു്. ഈ ജില്ലകളിൽ പുരുഷന്മാർക്കുപോലും ദിവസം മൂന്നണ കിട്ടുന്നതു് ഒരു മഹാനുഗ്രഹമാണു്. ചർക്കയ്ക്കു് മറേറതു തൊഴിലിനുമില്ലാത്ത സാദ്ധ്യതകളുണ്ടു്. എന്തെന്നാൽ പ്രാരംഭനടപടികളായ പഞ്ഞികടയലും കുരുനീക്കലും, തുടർന്നുവരുന്ന നെയ്ത്തും അതിനോടു ബന്ധപ്പെട്ടിരിക്കുന്നു. സീഡഡ് ഡിസ്ട്രിക്റ്റുകളിൽ വലിയ വിഷമംകൂടാതെ നെയ്ത്തു പഠിപ്പിക്കാൻ സാധിക്കും. തുണി നിർമ്മിക്കുന്നതിനുള്ള എല്ലാ നടപടികളും ക്രമപ്പെടുത്തി സംഘടിപ്പിക്കാമെങ്കിൽ ആയിരക്കണക്കിനാളുകൾക്കു തങ്ങളുടെ ഭവനങ്ങളിൽത്തന്നെ സ്ഥിരമായ തൊഴിൽ ലഭിക്കും.

## 49

ചർക്ക നഷ്ടപ്പെട്ടതോടെ നമ്മുടെ ഇടത്തെ ശ്വാസകോശം നശിച്ചു എന്നു ഞാൻ വാദിക്കുന്നു. അതുകാരണം നാമെല്ലാം ഉത്ഘടമായ ക്ഷയരോഗം ബാധിച്ചവരായിത്തീർന്നിരിക്കുന്നു. ചർക്കയുടെ പുനരുദ്ധാരണം ഈ ദുഷ്ടരോഗത്തിന്റെ വളർച്ചയെ തടയും. എല്ലാ ദേശത്തും എല്ലാവരും ചെയ്യേണ്ട ചില കാര്യങ്ങളുണ്ടു്. ഇൻഡ്യൻപ്രദേശത്തു് ഈ പരിവർത്തനഘട്ടത്തിൽ എന്തുതന്നെ ആയാലും എല്ലാവരും ചെയ്യേണ്ടതും, എല്ലാക്കാലത്തും ബഹുഭൂരിപക്ഷം ആളുകൾ ചെയ്യേണ്ടതും ചർക്ക പ്രവർത്തിപ്പിക്കുകതന്നെയാണു്.

വിദേശവസ്ത്രത്തോടുള്ള നമ്മുടെ പ്രേമമാണു് ചർക്കയെ അതിന്റെ മാന്യമായ സ്ഥാനത്തുനിന്നും പുറംതള്ളിയതു്. അതുകൊണ്ടു വിദേശവസ്ത്രം ധരിക്കുന്നതു് ഒരു പാപമായി ഞാൻ കരുതുന്നു.

---

49. Young India, 13-10-1921 (Collected vol. 1919-1922, P. 532)

digitized by www .sreyas.in

'ആഹാരത്തിനുവേണ്ടി വേലചെയ്യേണ്ട ആവശ്യമില്ലാത്ത ഞാൻ നൂൽനൂൽക്കുന്നതെന്തിനാണ്?' എന്നൊരു ചോദ്യം ഉണ്ടാകാം. ഞാൻ ഭക്ഷിക്കുന്നതു് എന്റെവകയല്ലാത്തതുകൊണ്ടുതന്നെ. എന്റെ രാജ്യക്കാരെ കൊള്ളയടിച്ചു ഞാൻ ജീവിക്കുന്നു. നിങ്ങളുടെ കീശയിൽ വന്നുവീഴുന്ന ഓരോ പൈസയുടെയും ആഗമത്തെപ്പററി ആരായുക; അപ്പോൾ ഞാനെഴുതുന്നതിന്റെ സത്യസ്ഥിതി നിങ്ങൾക്കു ബോദ്ധ്യപ്പെടും.

നഗ്നരെ, അവക്കാവശ്യമുള്ള ജോലികൊടുക്കാതെ, അവർ ആവശ്യപ്പെടാത്ത തുണികൊടുത്തു് അപമാനിക്കാൻ ഞാൻ തയ്യാറില്ല. അവരുടെ രക്ഷാധികാരിയാവുക എന്ന പാപം ഞാൻ ചെയ്യുകയില്ല; എന്നാൽ അവരെ നിർദ്ധനരാക്കാനാണു ഞാൻ സഹായിച്ചതെന്നു് എനിക്കു ബോദ്ധ്യംവന്നാൽ, അവക്കു് അപ്പക്കഷണങ്ങളോ തുണിയോ വലിച്ചെറിഞ്ഞുകൊടുക്കാതെ, എന്റെ ആഹാരസാധനങ്ങളിലും വസ്ത്രങ്ങളിലും ഏററവും നല്ലതു് അവക്കു കൊടുക്കുകയും അവരുടെ ജോലിയിൽ ഞാൻ പങ്കുചേരുകയും ചെയ്യും.

ദൈവം മനുഷ്യനെ അവന്റെ ഭക്ഷണത്തിനുവേണ്ടി ജോലി ചെയ്യാൻ സൃഷ്ടിക്കുകയും ജോലിചെയ്യാതെ ഭക്ഷിക്കുന്നവർ മോഷ്ടാക്കളാണെന്നു വിധിക്കുകയും ചെയ്തു.

## 50

ജോലി എന്ന വാക്കുകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു് നിശ്ചയമായും ശരീരപ്രയത്നത്തെയാണ്; എല്ലാവരും പൊതുനന്മയ്ക്കുവേണ്ടി ചെയ്യുന്ന ജോലിയാണു് ത്യാഗപൂർവ്വമുള്ള ജോലി. ആമാതിരി ജോലിയും ആമാതിരി ത്യാഗവും നൂൽനൂല്പല്ലാതെ മറെറാന്നുമല്ല. ഭഗവത്ഗീതയുടെ രചയിതാവിനു് ചർക്കയുടെ കാര്യം മനസ്സിലുണ്ടായിരുന്നു എന്നു ഞാൻ സൂചിപ്പിക്കുന്നില്ല. അദ്ദേഹം മനുഷ്യന്റെ പ്രവർത്തനപരിപാടിയിൽ ഒരു മൗലികതത്ത്വം നിർദ്ദേശിച്ചുവെന്നേയുള്ളു. അതു വായിച്ചു് ഇൻഡ്യയിൽ അതു പ്രായോഗികമാക്കുന്നതിനെപ്പററി ചിന്തിച്ചതിൽ, ഏററവും യോജിച്ചതും സ്വീകാര്യവും ത്യാഗപരവുമായ ശരീരപ്രയത്നം നൂൽനൂല്പു മാത്രമാണെന്നു ഞാൻ കരുതുന്നു. അതിനെക്കാൾ അന്തസ്സുള്ളതും ദേശീയവുമായ മറെറാന്നിനെപ്പററിയും വിഭാവന ചെയ്യാൻ എനിക്കു കഴിയുന്നില്ല. പാവങ്ങൾക്കു ചെയ്യേണ്ടതായുള്ള വേല ദിവസം ഒരു മണിക്കൂർ സമയം നമ്മളും ചെയ്തു് അങ്ങനെ അവരുമായും അവർമുഖേന മനുഷ്യരാശിയുമായും താദാത്മ്യം പ്രാപിക്കണം. ദൈവത്തെ സ്മരിച്ചുകൊണ്ടു് പാവങ്ങൾക്കുവേണ്ടി

50. Young India, 21-10-1921 (Selections from Gandhi, P. 50)

digitized by www .sreyas.in

അവർ ചെയ്യുന്നതുപോലെ പ്രയത്നിക്കുക എന്നതിൽ കവിഞ്ഞുള്ള ഈശ്വരാരാധനയെപ്പററി എനിക്കു ചിന്തിക്കാൻ സാധിക്കുന്നില്ല. ഭൂമിയിലുള്ള ധനത്തെ കൂടുതൽ ന്യായമായി വിതരണം ചെയ്യാൻ ചർക്കക്കു കഴിയും.

## 51

ഒരു ദേശീയ ഗവണ്മെൻറിനു ചെയ്യാവുന്നതിൽ ഏററവും സ്വാഭാവികമായ സംഗതി കൈത്തറികളുടെയും ചർക്കകളുടെയും എണ്ണം വർദ്ധിപ്പിക്കുകയും കൈകൊണ്ടെടുത്ത നൂലുകൊണ്ടു കമ്പോളം നിറയ്ക്കുകയുമാണ്. മില്ലുടമസ്ഥരുണ്ടാക്കുന്ന അനർഹമായ വിലവർദ്ധനവിനെ തടയുകയും ഒരു മഹത്തായ കുടിൽവ്യവസായത്തെ ഉറപ്പിക്കുന്നതിനു ജനങ്ങളുടെ ഇടയിലുണ്ടായിരിക്കുന്ന വമ്പിച്ച പരിവർത്തനത്തെ ശരിക്കു പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതു് ഒരു ദേശീയ ഗവണ്മെൻറിന്റെ കർത്തവ്യമാകുന്നു.

## 52

ലോകത്തിലുണ്ടായിട്ടുള്ളതിൽ ഏററവും വലുതും സ്വമനസ്സാലെയുള്ളതുമായ സഹകരണമാണ് കൈകൊണ്ടുള്ള നൂൽനൂല്പിന്റെ പുരോഗതിക്കു് ആവശ്യം എന്നു് പ്രവർത്തകരിൽ ചുരുക്കംപേർ മാത്രമേ ഗ്രഹിച്ചിരിക്കുകയുള്ളു. വിസ്തൃതമായ ഭൂപ്രദേശത്തു ചിതറിക്കിടപ്പുള്ളവരും, തങ്ങളുടെ നിത്യവൃത്തിക്കുവേണ്ടി പ്രവർത്തിക്കുന്നവരുമായ ലക്ഷക്കണക്കിനുള്ള മനുഷ്യജീവികളുടെ സഹകരണം അതിനുണ്ടാവണം. കൃഷിക്കു സഹകരണാടിസ്ഥാനത്തിലുള്ള ശ്രമം ആവശ്യമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ കൈകൊണ്ടുള്ള നൂൽനൂല്പിനു് അതിനേക്കാൾ മഹത്തും സത്യസന്ധവുമായ സഹകരണം വേണ്ടിയിരിക്കുന്നു. ഗോതമ്പു വളരുന്നതു് മനുഷ്യന്റെ സത്യസന്ധതയെക്കാൾ പ്രകൃതിയുടെ സത്യസന്ധതകൊണ്ടാണു്. നമ്മുടെ കുടിലുകളിൽ നൂലുണ്ടാക്കുന്നതു് മനുഷ്യന്റെ സത്യസന്ധതയെമാത്രം ആശ്രയിച്ചിരിക്കയാണു്. ലക്ഷക്കണക്കിനാളുകളുടെ സന്മനസ്സും ബുദ്ധിപൂർവ്വമായ സഹകരണവുമില്ലെങ്കിൽ കൈകൊണ്ടുള്ള നൂൽനൂല്പു സാദ്ധ്യമല്ല. ധാന്യവില്പനക്കാരനുള്ള കച്ചവടസൗകര്യംപോലെ തന്റെ നൂൽ മുറയ്ക്കു വിററഴിക്കുന്നതിനു നൂൽനൂല്പുകാരനും ഉറപ്പുലഭിക്കുകയും, പഞ്ഞി കടയുന്നതിൽ അയാൾക്കു് പരിചയമില്ലെങ്കിൽ ആവശ്യമുള്ള പഞ്ഞിത്തിരികൾ കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു ഘട്ടത്തിൽ നാം എത്തേണ്ടിയി

---

51. Young India, 3-11-1921 (Collected vol. 1919—1921, P. 539)

52. Young India, 3-11-1921 (Collected vol. 1919—1922. pp. 545—546)

digitized by www .sreyas.in

രിക്കുന്നു. കൈകൊണ്ടു നൂൽനൂല്ക്കുന്നതുമുഖേന ജനസാമാന്യത്തിന്റെ വർദ്ധിച്ചുവരുന്ന നിർദ്ധനതയെ മന്ത്രശക്തിയാലെന്നപോലെ ഉച്ചാടനം ചെയ്യാൻ കഴിയുമെന്നു ഞാൻ അവകാശപ്പെടുന്നതിൽ അത്ഭുതപ്പെടാനുണ്ടോ? ചൈനയിൽ യന്ത്രങ്ങൾക്കുണ്ടായിരിക്കുന്ന പുരോഗതിയെപ്പററി, ഒരു വൃത്താന്തപത്രത്തിൽ വന്ന ലേഖനം വെട്ടിയെടുത്തു് ഒരു ഇംഗ്ലീഷ് സ്നേഹിതൻ എനിക്കയച്ചുതന്നിരിക്കുന്നു. കൈകൊണ്ടുള്ള നൂൽനൂല്പിനുവേണ്ടി വാദിക്കുന്ന ഞാൻ യന്ത്രങ്ങളെ സംബന്ധിച്ചുള്ള എന്റെ ആദർശം പ്രചരിപ്പിക്കുകയാണെന്നു് അദ്ദേഹം സങ്കല്പിക്കുന്നതായിക്കാണുന്നു. എന്നാൽ അങ്ങനെ ഒന്നും ഞാൻ ചെയ്യുന്നില്ല. ഇൻഡ്യയുടെ നിർദ്ധനതയും തൽഫലമായ അലസതയും ഒഴിവാക്കാൻ പര്യാപ്തമാകുമെങ്കിൽ അതിവിപുലമായ യന്ത്രത്തിന്റെ ഉപയോഗത്തെയും ഞാൻ അനുകൂലിക്കാം. ദാരിദ്ര്യത്തെ ആട്ടിയോടിക്കുന്നതിനും വേലയുടെയും ധനത്തിന്റെയും ദൗർല്ലഭ്യത്തെ ഇല്ലായ്മ ചെയ്യുന്നതിനും പററിയ ഏക ഉപായമായിട്ടാണു് നൂൽനൂല്പ് ഞാൻ നിർദ്ദേശിച്ചിട്ടുള്ളതു്. ചർക്ക സ്വതേ അമൂല്യമായ ഒരു യന്ത്രമാണു്; ഇൻഡ്യയിലെ പ്രത്യേക സ്ഥിതിക്കു യോജിച്ച വിധത്തിലുള്ള പരിഷ്കാരങ്ങൾ അതിൽ വരുത്താൻ എന്റെ എളിയ കഴിവുകൾ ഞാൻ വിനിയോഗിച്ചിട്ടുമുണ്ടു്. അതുകൊണ്ടു് ഇൻഡ്യയേയും മനുഷ്യരാശിയേയും സ്നേഹിക്കുന്ന ഒരാൾക്കു തന്നത്താൻ ചോദിക്കാനുള്ള ഒരേ ഒരു ചോദ്യം, ഇൻഡ്യയുടെ നികൃഷ്ടസ്ഥിതിയെയും ദുരിതത്തെയും ശമിപ്പിക്കാനുള്ള ഏററവും നല്ല പ്രായോഗികമാർഗ്ഗം ഏതാണെന്നാണു്. പല ദിക്കിലായി ചിതറിക്കിടക്കുന്ന ഇൻഡ്യൻ ജനതയ്ക്കു് വേണ്ടതു ചെയ്യാനോ അവരിൽ കൂടെക്കൂടെ തൊഴിൽ നഷ്ടപ്പെടുന്നവർക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കാനോ മനുഷ്യന്റെ ബുദ്ധികൗശലത്താൽ നിർമ്മിക്കപ്പെടുന്ന ഏതെങ്കിലും ജലസേചനപദ്ധതിക്കാകട്ടെ കൃഷിപരിഷ്കരണപദ്ധതിക്കാകട്ടെ സാദ്ധ്യമല്ല. ദിവസം ശരാശരി അഞ്ചു മണിക്കൂർമാത്രം വേലചെയ്യുന്ന—അതും തങ്ങളുടെ ഇഷ്ടപ്രകാരമല്ല, പരിതസ്ഥിതികളുടെ സമ്മർദ്ദംകൊണ്ടുമാത്രം—ഒരു ജനതയെപ്പററി വിഭാവന ചെയ്യുമ്പോൾ ഇൻഡ്യയുടെ ഒരു പരമാർത്ഥ ചിത്രം നിങ്ങൾക്കു കാണാം.

## 53

1) ഈ പ്രസ്ഥാനം* സ്വമനസാലെയുള്ള ഒരു നിരോധനത്താരിപ്പിന്റെ (Prohibitive tariff) പ്രയോജനം കൈവരുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണു്.

---

53. Young India, 8-12-1921 (Collected vol. 1919—1920, pp. 550—551)

* കൈകൊണ്ടുള്ള നൂൽനൂല്പ്പ്.

2) എന്നാൽ മുതലാളിയെ അനർഹമായ വിധത്തിൽ ഗ്ലണപ്പെടുത്തുന്നതിനോ, ഉപഭോക്താവിനെ നഷ്ടപ്പെടുത്തുന്നതിനോ ഇടയാകാത്തവിധത്തിലാണ് അതു വിഭാവനം ചെയ്തിട്ടുള്ളതു്. വളരെ ചുരുങ്ങിയ ഈ പരിവർത്തനകാലഘട്ടത്തിൽ ഈ രാജ്യത്തു നിർമ്മിക്കുന്ന സാധനങ്ങളുടെ വില, ഇപ്പോൾ കാണപ്പെടുന്നതുപോലെ പെരുകിയേക്കും. എന്നാൽ ആ വിലക്കയററം താല്ക്കാലികമായിരിക്കുകയേ ഉള്ളു. കാരണം ഉപഭോക്താക്കൾതന്നെ നിർമ്മാതാക്കളാകുമെന്നുള്ളതുതന്നെ. വീട്ടിൽ ഭക്ഷണം പാകംചെയ്യുന്നതു വ്യയഹേതുകമല്ല. ഹോട്ടൽ പാചകത്തിന് അതിൻെറ സ്ഥാനം കരസ്ഥമാക്കാൻ സാധിക്കുകയുമില്ല; അതുപോലെ കുടിൽവ്യവസായമായി നൂലും തുണിയും നിർമ്മിക്കുന്നതു കൂടുതൽ വ്യയഹേതുകമാവാൻ തരമില്ല. നമ്മുടെ ജനങ്ങളിൽ ഇരുപത്തിയഞ്ചുകോടിയിലധികംപേർ അവർക്കാവശ്യമുള്ള നൂല് കൈകൊണ്ടു നൂല്ക്കുകയും അതു സമീപപ്രദേശങ്ങളിൽ ഏല്പിച്ചു നെയ്യിക്കുകയും ചെയ്യും. ഈ ജനത മണ്ണിനെ ആശ്രയിച്ചു കഴിയുന്നവരും, ആണ്ടിൽ നാലുമാസമെങ്കിലും അലസരായി കഴിയേണ്ടിവരുന്നവരുമാണ്.

ഈ അവസരത്തിൽ അവർ നൂൽനൂല്ക്കുകയും ആ നൂൽ നെയ്യിച്ച് ആ വസ്ത്രം ധരിക്കുകയും ചെയ്താൽ ഒരു മിൽത്തുണിക്കും ഖാദിയോടു മത്സരിക്കാൻ സാദ്ധ്യമാകയില്ല. ഇങ്ങനെ നിർമ്മിക്കുന്ന തുണി അവർക്കു കിട്ടാവുന്നതിൽ ഏററവും വില കുറഞ്ഞതായിരിക്കും. ജനസംഖ്യയിൽ ബാക്കിയുള്ളവർ ഈ പരിപാടിയിൽ പങ്കുകൊണ്ടില്ലെങ്കിൽത്തന്നെയും ഇരുപത്തിയഞ്ചു കോടി ആളുകൾ നിർമ്മിക്കുന്ന വസ്ത്രത്തിൽ മിച്ചംവരുന്നതു് അവർക്കു കൊടുക്കാവുന്നതാണ്.

3) മത്സരരഹിതമായ ഇറക്കുമതികളാണ് ഇൻഡ്യൻ മില്ലുകളിൽ നിർമ്മിക്കുന്ന സാധനങ്ങളോടു മത്സരിക്കുന്നവയെക്കാൾ കൂടുതലെന്നുള്ളതു ശരിതന്നെ. ഞാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയിൽ ഈ പ്രശ്നം ഉദിക്കുന്നില്ല; കാരണം ആ പദ്ധതിയുടെ പ്രധാന ഉദ്ദേശം വിദേശരാജ്യങ്ങളുമായി ഒരു വാണിജ്യസമരം നടത്തുകയെന്നുള്ളതല്ല; പിന്നെയോ, ജനസഞ്ചയത്തിനു തൊഴിലില്ലാതിരിക്കുന്ന സമയത്തെ പ്രയോജനപ്പെടുത്തി, വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തിൽനിന്നും അവരെ മോചിപ്പിക്കുക എന്നതാണ്.

4) ബഹിഷ്കരണത്തിൻെറ ഫലം തുണിയുടെ വിലവർദ്ധനവായിരിക്കുകയില്ലെന്നു ഞാൻ മുമ്പുതന്നെ വെളിവാക്കിയിട്ടുണ്ട്.

5) നിർദ്ദിഷ്ട ബഹിഷ്കരണം വിതരണവും ആവശ്യവും സംബന്ധിച്ചുള്ള നിയമത്തിനെതിരായിട്ടല്ല; എന്തെന്നാൽ, വേണ്ടുവോളം ഉല്പാദിപ്പിക്കുന്നതുമുഖേന അതു് ആ നിയമത്തിനു സ്ഥാ

digitized by www .sreyas.in

നമില്ലാതാക്കുന്നു. എന്നാൽ കൂടുതൽ നേർമ്മയുള്ള തുണിത്തരങ്ങളും ഇഷ്ടപ്പെടുന്നവരും, വിചിത്രരൂപമായി നിറങ്ങളും പടങ്ങളും സംയോജിപ്പിക്കുന്നതിൽ താത്പര്യമുള്ളവരും സ്വാഭിരുചിയിൽ മാററം വരുത്തണമെന്നു് ഈ പ്രസ്ഥാനം ആവശ്യപ്പെടുന്നുണ്ടു്.

6) ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഏജൻറന്മാർ ജീവകാരുണ്യലേശമില്ലാതെ ആസൂത്രണംചെയ്തു നടപ്പിൽ വരുത്തിയ പദ്ധതി അനുസരിച്ചാണു് കൈകൊണ്ടുള്ള നൂൽനൂൽപ്പു നശിക്കാനിടയായതെന്നു് ഞാൻ ഈ പുറങ്ങളിൽ വ്യക്തമാക്കിയല്ലോ. കൃത്രിമവും അതിനിഷ്ഠൂരവുമായ രീതിയിൽ അതിനെ നശിപ്പിച്ചില്ലായിരുന്നുവെങ്കിൽ, എത്ര വളരെ ഉപകരണങ്ങളുപയോഗിച്ചായാലും ഈ ദേശീയ കലയ്ക്കും വ്യവസായത്തിനും സ്ഥാനഭ്രംശം വരുത്താൻ സാധിക്കുമായിരുന്നില്ല.

7) പഞ്ഞിക്കൃഷിക്കുണ്ടായ അപകർഷത്തിനു് ഇൻഡ്യൻ കർഷകനെ ഉത്തരവാദിയാക്കാൻ എനിക്കു നിവൃത്തിയില്ല. കൃഷി ചെയ്യാനുള്ള പ്രചോദനം മുഴുവൻ ഇല്ലാതായതു് നൂൽനൂൽപ്പു നശിപ്പിക്കപ്പെട്ടതുകൊണ്ടാണു്. രാഷ്ട്രം കർഷകൻെറ കാര്യത്തിൽ ശ്രദ്ധിച്ചതേയില്ല.

8) ഖദ്ദറിൻെറ പ്രവർത്തനത്തിൻെറ ഫലമായി കർഷകൻെറ ശ്രദ്ധ പഞ്ഞിക്കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ പതിഞ്ഞിട്ടുണ്ടെന്നു് ഞാൻ അഭിമാനിക്കുന്നു. ജനങ്ങളുടെ കലാബോധം നേർമ്മയുള്ള നൂലു വേണമെന്ന തോന്നൽ അവരിൽ ഉണ്ടാക്കും; അതിലേക്കു വളരെ നീളമുള്ള ഇഴ ആവശ്യമാണു്. പഞ്ഞിക്കൃഷി വർദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രം ഇൻഡ്യയുടെ ദാരിദ്ര്യപ്രശ്നത്തിനു പരിഹാരമുണ്ടാവുകയില്ല നിർബ്ബന്ധിതമായ അലസത എന്ന പ്രശ്നം പിന്നെയും സ്പർശിക്കപ്പെടാതെ അവശേഷിക്കും.

9) സാമ്പത്തികക്ലേശമാകുന്ന പ്രശ്നം ഏററവും സ്വാഭാവികവും ലളിതവും വ്യയരഹിതവും വ്യാപാരോചിതവുമായ രീതിയിൽ പരിഹരിക്കുവാൻ കഴിവുണ്ടെന്ന ബഹുമതി ചർക്കയ്ക്കുണ്ടെന്നു ഞാൻ അവകാശപ്പെടുന്നു. ആ ലേഖകൻ തൻെറ അജ്ഞതമൂലം പ്രസ്താവിച്ചിട്ടുള്ളതുപോലെ, ചർക്ക ഉപയോഗശൂന്യമായ സാധനമല്ലെന്നു മാത്രമല്ല, ഏററവും പ്രയോജനപ്രദവും ഓരോ വീട്ടിലും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമാണു്. അതു രാഷ്ട്രത്തിൻെറ അഭിവൃദ്ധിയുടെയും തന്മൂലം സ്വാതന്ത്ര്യത്തിൻെറയും പ്രതീകമാണു്. അതു വാണിജ്യയുദ്ധത്തിൻെറയല്ല, വാണിജ്യസമാധാനത്തിൻെറ ചിഹ്നമാകുന്നു. ലോകരാഷ്ട്രങ്ങൾക്കു്, വിദ്വേഷത്തിൻെറയല്ല, നേരെ മറിച്ചു് സൗമനസ്യത്തിൻെറയും സ്വാശ്രയത്തിൻെറയും സന്ദേശമാണു് അതു നൽകുന്നതു്. ലോകസമാധാനത്തെ ഭീഷണിപ്പെടുത്തുന്നതും ലോകവിഭവങ്ങളെ ചൂഷണം ചെയ്യുന്നതുമായ ഒരു നാവിക

digitized by www .sreyas.in

പ്പടയുടെ സംരക്ഷണം അതിനാവശ്യമില്ല; എന്നാൽ ഇന്നു് അവരവരുടെ വീടുകളിൽ ഭക്ഷണം പാകം ചെയ്യുന്നതുപോലെ നൂൽനൂൽപ്പും ഇന്നത്തെ രീതിയിൽ സ്വഭവനങ്ങളിൽ നടത്താൻ ജനലക്ഷങ്ങൾ മതപരമായ ഒരു ദൃഢനിശ്ചയം ചെയ്യുകയാണാവശ്യം. ചെയ്യേണ്ടതു ചെയ്യാതിരിക്കുക, ചെയ്യരുതാത്തതു് ചെയ്യുക എന്നീ വീഴ്ചകൾക്കു് ഒരുപക്ഷേ, ഭാവിതലമുറയുടെ ശാപം എന്റെ മേലുണ്ടായേക്കാം; എന്നാൽ ചർക്കയെ പുനരുദ്ധരിക്കാൻ നിർദ്ദേശിക്കുന്ന എന്നെ അവർ ആശീർവ്വദിക്കുമെന്നു് എനിക്കുറപ്പുണ്ടു്. എന്റെ സർവ്വസ്വവും ഞാൻ അതിനുവേണ്ടി പണയപ്പെടുത്തുകയാണു്. എന്തെന്നാൽ ചർക്കയുടെ ഓരോ കറക്കത്തിലും അതു ശാന്തിയും സന്മനോഭാവവും സ്നേഹവും നൂൽക്കുകയാണു് ചെയ്യുന്നതു്. മാത്രമല്ല, ചർക്കയുടെ നഷ്ടം ഇൻഡ്യയുടെ അടിമത്തത്തിനിടയാക്കിയതുപോലെതന്നെ, അതിന്റെ പരിധിയിൽവരുന്ന എല്ലാ വിവക്ഷകളോടുംകൂടി അതിനെ നാം സ്വമേധയാ പുനരുദ്ധരിക്കുകയാണെങ്കിൽ, അതു് ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനും നിദാനമായിത്തീരും.

## 54

ജനലക്ഷങ്ങൾക്കു് പൊതുവിലുള്ള ഏക വ്യവസായം നൂൽനൂൽപ്പല്ലാതെ മറെറാന്നുമല്ല. മററു വ്യവസായങ്ങൾ സാരമില്ലെന്നോ ഉപയോഗശൂന്യമാണെന്നോ ഇതിനർത്ഥമില്ല. വ്യക്തിപരമായി നോക്കുമ്പോൾ മറേറതു വ്യവസായവും നൂൽനൂൽപ്പിനെക്കാൾ കൂടുതൽ ആദായകരമായിരിക്കാം. വാച്ചുനിർമ്മാണം ഏററവും കൂടുതൽ പ്രതിഫലം കിട്ടുന്നതും ആകർഷകവുമായ ഒരു വ്യവസായമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ എത്രപേർക്കു് അതിൽ ഏർപ്പെടാൻ സാധിക്കും? ലക്ഷക്കണക്കിനുള്ള ഗ്രാമവാസികൾക്കു് അതുകൊണ്ടു വല്ല പ്രയോജനവും ഉണ്ടോ? ക്ഷുൽപീഡിതരായ ജനങ്ങളുടെ മുമ്പിൽ, പാകംചെയ്യാത്ത വിവിധ തരത്തിലുള്ള ആഹാരസാധനങ്ങൾ നിരത്തിയിട്ടു് അവർക്കിഷ്ടമുള്ളതു തിരഞ്ഞെടുത്തുകൊള്ളുമെന്നു കരുതുന്നതു നിഷ്പ്രയോജനമാണു്. ആ സാധനങ്ങളെക്കൊണ്ടു് എന്തു ചെയ്യണമെന്നു് അവർക്കറിയാൻ കഴിയുകയില്ല. ഏററവും ആകർഷകമായിത്തോന്നുന്നതിന്റെ പുറകെ അവർ പാഞ്ഞടുക്കുകയും ആ ഉദ്യമത്തിൽ അവരുടെ കഥ കഴിയുകയും ചെയ്തേക്കാം. മറേറതെങ്കിലും വ്യവസായത്തിലേർപ്പെടാൻ പ്രാപ്തിയും ആഗ്രഹവുമുള്ളവർ അങ്ങനെ ചെയ്യട്ടെ. എന്നാൽ, എല്ലാവർക്കും ഏറെറടുക്കാൻ കഴിയുന്ന ഏക വ്യവസായമായ കൈകൊണ്ടുള്ള നൂൽനൂല്പിൽത്തന്നെ രാഷ്ട്രത്തിന്റെ വിഭവങ്ങൾ മുഴുവൻ

54. Young India, 30-9-1926 (Economic and Industrial Life and Relations, vol. I, P. lxix)

digitized by www .sreyas.in

കേന്ദ്രീകരിക്കണം. ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഇതല്ലാതെ മറ്റൊരു വ്യവസായവും ഏറ്റെടുക്കുക സാദ്ധ്യമല്ല.

## 55

അനേകലക്ഷം ജനങ്ങൾക്ക് ഏററവും യോജിച്ചതും പ്രായോഗികവുമായ തൊഴിൽ നൂൽനൂല്പാണ്.

## 56

ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള സ്ത്രീപുരുഷന്മാർക്ക് ആണ്ടിൽ നാലുമാസമെങ്കിലും തൊഴിലില്ലായ്മമൂലം അലസരായി കഴിയേണ്ടിവരുന്നു എന്ന ധാരണയിൽ അധിഷ്ഠിതമാണ് കൈകൊണ്ടുള്ള നൂൽനൂല്പിന്റെ സിദ്ധാന്തം.

## 57

നിയമനിഷേധത്തിനും സ്വരാജിനും ഖദർ ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നു ഞാൻ നിർദ്ദേശിച്ചതിനു രണ്ടു കാരണങ്ങളുണ്ട്. ഖദർ നമ്മുടെ രാജ്യത്തു സാർവ്വത്രികമായില്ലെങ്കിൽ സ്വരാജ് അസാദ്ധ്യമാണെന്നുള്ളതാണ് ഒന്നാമത്തെ കാരണം. രണ്ടാമത്തേതു്, ജനസഞ്ചയത്തിന്റെ ശിക്ഷണത്തിനു് അതു് ഏററവും ഫലപ്രദമായ വിധത്തിൽ ഉതകുമെന്നുള്ളതാണ്. ശിക്ഷണമില്ലെങ്കിൽ കൂട്ടായുള്ള നിയമനിഷേധം അപ്രായോഗികമത്രെ.

## 58

ഓരോ ഗ്രാമത്തെയും ആഹാരത്തിന്റെയും വസ്ത്രത്തിന്റെയും കാര്യത്തിൽ സ്വയം പര്യാപ്തമാക്കുക എന്നുള്ളതാണ് ഖദറിന്റെ കാതലായ വസ്തുത.

## 59

ഒറീസ്സായിലെ അസ്ഥിശേഷരായ ജനങ്ങൾക്ക് ഞാൻ ചക്രം എടുത്തെറിഞ്ഞുകൊടുത്താൽ അവർ അതിൽ നോക്കുകപോലുമില്ല. എന്നാൽ ഞാൻ അവരുടെ മദ്ധ്യത്തിലിരുന്നു് നൂൽനൂല്ക്കുകയാണെങ്കിൽ, മത്സ്യം വെള്ളത്തിലേക്കെന്നപോലെ, അവർ അതി

---

55. Young India, 12-4-1928, (Economic and Industrial Life and Relations, vol. I, P. lxix)

56. Young India, 22-10-1925 (Economic and Industrial Life and Relations, vol. I, P. lxix)

57. Young India, 12-6-1924

58. Young India, 17-7-1924

59. Young India, 7-8-1924 (Khadi, P. 109)

digitized by www .sreyas.in

ലേക്കെടുത്തു ചാടും. സാമാന്യ ജനങ്ങൾ വലിയ ആളുകളുടെ പ്രസംഗത്തെയല്ല പ്രവൃത്തിയെയാണ് അനുകരിക്കുന്നതു്. അതുകൊണ്ടാണ് നൂൽനൂല്പുപ്രമേയം അത്യാവശ്യമായിത്തീർന്നിരിക്കുന്നതു്. അതു ഗ്രാമങ്ങളോടുള്ള കർത്തവ്യത്തെക്കുറിച്ച് നമ്മിൽ ബോധം ഉളവാക്കുന്നു; നൂൽനൂല്പിനുള്ള അഭിരുചി അന്തരീക്ഷത്തിൽ നിറയ്ക്കുന്നു; ഖാദിയുടെ വില കുറയ്ക്കുകയും ചെയ്യുന്നു. നൂൽനൂല്പുപ്രമേയം ദൃഢവിശ്വാസത്തോടെ രാജ്യമാകെ നടപ്പിലാക്കുകയാണെങ്കിൽ, നമുക്ക് ഇതുവരെ വിഭാവനം ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തവിധത്തിലുള്ള പ്രഭാവം അതിനുണ്ടാകും.

## 60

കർഷകർ ചർക്കയ്ക്കു് അടിമകളാകേണ്ട കാര്യമില്ല. കഠിനാദ്ധ്വാനത്തിനുശേഷം അതു് ഉല്ലാസപ്രദമായ ഒരു വൈചിത്ര്യവും വിനോദവും ആയി അനുഭവപ്പെടുന്നു. ഇൻഡ്യയിലെ സ്ത്രീജനങ്ങൾക്ക് അതിനെ ഒരു സ്ഥിരം സ്ഥാപനമെന്ന നിലയിൽ സംഭാവന ചെയ്തിരിക്കുകയാണ്. ഏതു് അസാധാരണസന്ദർഭങ്ങളിലും അവർക്കു നൂൽനൂൽക്കാം. അദ്ധ്വാനിക്കുന്നവരിൽ ഭൂരിപക്ഷവും ദിവസം ശരാശരി അരമണിക്കൂർ ഇതിലേക്കു് നീക്കിവയ്ക്കുമെങ്കിൽ, തങ്ങളുടെ ആവശ്യത്തിനും മററുള്ളവർക്കുവേണ്ടി മിച്ചംവയ്ക്കാനും മതിയായ അളവിൽ നൂൽ നിർമ്മിക്കാൻ അവർക്കു കഴിയും. അത്തരത്തിൽ പ്രവർത്തിക്കുന്ന ഒരാൾക്കു് അയാളുടെ, അല്ലെങ്കിൽ അവളുടെ, വാർഷികാദായത്തിൽ ഒരുരൂപാ പതിനൊന്നണയെങ്കിലും കൂടുതലുണ്ടാക്കാം—പട്ടിണിക്കാരന്റെ വരവിൽ ഇതൊരു തുച്ഛമായ വർദ്ധനയല്ല. നമുക്കാവശ്യമുള്ള തുണി മുഴുവൻ നെയ്യുന്നതിനുവേണ്ട കൈത്തറികളും നെയ്ത്തുകാരും ഇൻഡ്യയിലുണ്ടെന്നു പരക്കെ സമ്മതമാണ്. കൈകൊണ്ടു നൂൽനൂല്ക്കുന്ന പ്രശ്നംമാത്രമേ പിന്നീടു് അവശേഷിക്കുന്നുള്ളു. കർഷകർ ആ ജോലിയിൽ ഏർപ്പെട്ടമെങ്കിൽ തുണിയുടെ വിഷയത്തിൽ ഇൻഡ്യയെ സ്വയംപര്യാപ്തമാക്കുക എന്ന പ്രശ്നം വലിയ മുതൽമുടക്കുകൂടാതെ പരിഹരിക്കപ്പെടും. ഇതുകാരണം തങ്ങളുടെ കുടിലുകളിലിരുന്നു ജോലി ചെയ്യുന്ന ലക്ഷക്കണക്കിനുള്ള നൂൽനൂൽപ്പുകാരുടെയും, ആയിരക്കണക്കിനുള്ള നെയ്ത്തുകാരുടെയും പഞ്ഞി കടയുന്നവരുടെയും ഇടയിൽ ആറുകോടി രൂപയെങ്കിലും പരിക്രമിച്ചുകൊണ്ടിരിക്കുകയും അത്രത്തോളം കർഷകരുടെ സമ്പാദ്യശക്തി വർദ്ധിക്കുകയും ചെയ്യും.

കർഷകരുടെ ആദായം വർദ്ധിപ്പിക്കുന്നതിനോ, വിശ്രമാവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനോ ഒരു വിശേഷാൽ തൊ

---

60. Young India, 21-8-1924 (Economic and Industrial Life and Relations, vol. II, pp. 249—251)

digitized by www .sreyas.in

ഴിൽ ഉണ്ടായിരിക്കണമെന്നുള്ളതു് ലോകത്തു് പരക്കെ അനുഭവബോദ്ധ്യം വന്നിട്ടുള്ള ഒരു കാര്യമാണു്. കുറച്ചുകാലത്തിനുമുമ്പുതന്നെ ഇൻഡ്യയ്ക്കാവശ്യമുള്ള നൂലു മുഴുവൻ ഇവിടത്തെ സ്ത്രീകൾ തങ്ങളുടെ വിശ്രമാവസരങ്ങളിൽ നിർമ്മിച്ചുവന്നിരുന്നു എന്ന സംഗതി വിസ്മരിക്കാൻ പാടില്ല. നൂൽനൂൽപ്പിന്റെ പുനരുജ്ജീവനം ഈ പ്രസ്താവനയുടെ യാഥാർത്ഥ്യത്തെ മനസ്സിൽ പതിയത്തക്കവണ്ണം തെളിയിച്ചിട്ടുണ്ടു്. നൂൽനൂൽപ്പുപ്രസ്ഥാനം പരാജയപ്പെട്ടു എന്നു വിചാരിക്കുന്നതു തെററാണു്. പ്രവർത്തകർ ഭാഗികമായി പരാജയപ്പെട്ടു എന്നതു ശരിതന്നെ. എന്നാൽ അവർ വേണ്ടതുപോലെ പ്രവർത്തിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം അതു തുടർന്നുപോന്നിട്ടുമുണ്ടു്. അതിനു് ഇനിയും ഒരു ഉറച്ച നില കൈവന്നിട്ടില്ലെന്നുള്ളതു സത്യമാണു്. അതിനു കാരണം സംഘടനയുടെ അപൂർണ്ണതയും നൂൽനൂൽപ്പുകാർക്കു മുറയ്ക്കു തൊഴിൽ കിട്ടുന്ന വിഷയത്തിലുള്ള ആശങ്കയുമാണു്.

ഇൻഡ്യ ദുർഭിക്ഷതയുടെ നാടാണു്. ഇവിടെ സ്ത്രീപുരുഷന്മാർ കല്ലുപൊട്ടിക്കുന്നതിലോ പഞ്ഞി കടഞ്ഞു നൂൽനൂൽക്കുന്നതിലോ ഏതിലേർപ്പെടുകയാണു ഭേദം? വിട്ടുമാറാത്ത ക്ഷാമം ഒറീസ്സായിലെ ജനങ്ങളെ യാചകാവസ്ഥയിലേക്കു് അധഃപതിപ്പിച്ചിട്ടുണ്ടു്. ഇനിയിപ്പോൾ അവരെക്കൊണ്ടു ജോലി ചെയ്യിക്കാൻപോലും വിഷമമാണു്. അവർ മന്ദം മന്ദം മരിച്ചുകൊണ്ടിരിക്കുന്നു. നൂൽനൂല്പിനെ പുനരുദ്ധരിക്കുകമാത്രമാണു് അവർക്കു ശേഷിച്ചിട്ടുള്ള ഏകരക്ഷാമാർഗ്ഗം.

പരിഷ്കരിച്ച കൃഷിസമ്പ്രദായത്തിനു ശ്രീ റായി പ്രാധാന്യം കല്പിക്കുന്നു. ഇതു വേണ്ടതുതന്നെ. എന്നാൽ നൂൽനൂൽപ്പു് ഉദ്ദിഷ്ട കൃഷിപരിഷ്കാരത്തിന്റെ സ്ഥാനം കരസ്ഥമാക്കാനുള്ളതല്ല; പ്രത്യുത അതിന്റെ മുന്നോടിയാകാനുള്ളതാണു്. ഈ പരിഷ്കാരത്തിനു ഗുരുതരമായ വൈഷമ്യങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ടു്. ഗവണ്മെൻറിന്റെ വൈമനസ്യം, മൂലധനത്തിന്റെ അഭാവം, പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ കർഷകനുള്ള നിർബ്ബന്ധപൂർവ്വമായ പ്രതിഷേധം, എന്നിവയെ നാം തരണം ചെയ്യേണ്ടിയിരിക്കുന്നു. നൂൽനൂൽപ്പിനെസ്സംബന്ധിച്ചു് അവകാശപ്പെടുന്ന സംഗതികൾ താഴെ ചേർക്കുന്നു.

1) വിശ്രമാവസരങ്ങളുള്ളവർക്കും, ഏതാനും ചെമ്പുതുട്ടുകൾ ആവശ്യമുള്ളവർക്കും എത്രയും സുസജ്ജമായ തൊഴിൽ അതാണു്.
2) ആയിരക്കണക്കിനാളുകൾക്കു് അതറിയാം;
3) അതു് എളുപ്പം പഠിക്കാം;
4) പറയത്തക്ക മുതൽമുടക്കൊന്നും അതിനാവശ്യമില്ല;
5) ചർക്ക എളുപ്പത്തിലും കുറഞ്ഞ ചെലവിലും ഉണ്ടാക്കാം

digitized by www .sreyas.in

ഒരു കഷണം ഓടും ഒരുതുണ്ടു തടിയുമുണ്ടെങ്കിൽ അതുകൊണ്ടു നൂൽ നൂല്ക്കാമെന്നു നമ്മിൽ മിക്കവക്കും അറിയാൻ പാടില്ല;

6) ജനങ്ങഠംക്കതിനെക്കുറിച്ച് അവജ്ഞയില്ല;

7) ക്ഷാമവും ദുർഭിക്ഷതയുമുണ്ടാകുമ്പോഠം അതു് ഉടനടി ആശ്വാസം നൽകുന്നു;

8) വിദേശവസ്ത്രം വാങ്ങുന്നതുകൊണ്ടു് ഇൻഡ്യയിൽനിന്നു വെളിയിലേക്കുള്ള പണച്ചോർച്ചയെ തടയാൻ അതിനു മാത്രമേ കഴിയൂ;

9) അങ്ങനെ മിച്ചംവരുന്ന ലക്ഷക്കണക്കിനുള്ള തുക അർഹിക്കുന്ന ദരിദ്രരുടെ ഇടയിൽ താനേ വിതരണം ചെയ്യപ്പെടുന്നതിനു അതു് ഇടയാക്കുന്നു;

10) ഈ വിഷയത്തിൽ ഏററവും തുച്ഛമായ വിജയംപോലും ജനങ്ങഠംക്കു പെട്ടെന്നു് അത്രയും ലാഭമുണ്ടാക്കുന്നതായിരിക്കും;

11) ജനങ്ങളുടെ ഇടയിൽ സഹകരണം കൈവരുത്തുന്നതിനു തകുന്ന ഏററവും ശക്തിമത്തായ ഉപകരണം അതാണു്.

അതിനു തടസ്സമായി നില്ക്കുന്നതു് ഇടത്തരക്കാരുടെ വിശ്വാസക്കുറവാണു്; അവർക്കു വിശ്വാസം ഉണ്ടായാൽ മാത്രമേ ആവശ്യമുള്ള പ്രവത്തകരെ കിട്ടുകയുള്ളു. അതിനെക്കാഠം വലിയ വൈഷമ്യം നേത്ത മിൽത്തുണികഠംക്കുപകരം ഖാദി ഉപയോഗിക്കുന്നതിൽ ജനങ്ങഠംക്കുള്ള പ്രതിപത്തിക്കുറവാണു്. പരിവത്തനകാലത്തു് ഖാദിക്കുള്ള വിലക്കൂടുതൽ മറെറാരു ബുദ്ധിമുട്ടായിത്തീരുന്നുണ്ടു്. ധാരാളം ആളുകഠം നൂൽനൂല്പുപ്രമേയം അംഗീകരിക്കാൻ സന്നദ്ധരായാൽ മിൽത്തുണിയോടു മത്സരിക്കാൻ ഖാദിക്കു കഴിവുണ്ടാകും. ഈ പ്രസ്ഥാനത്തിൻെറ വിജയത്തിനു ജനങ്ങളുടെ ഭാഗത്തുനിന്നും കുറെയൊക്കെ ത്യാഗം ആവശ്യമാണെന്നുള്ളതിനു സംശയമില്ല. കർഷകരുടെ ആവശ്യങ്ങളിൽ ശ്രദ്ധയുള്ളതും, അവരെ വിദേശമത്സരത്തിൽനിന്നും രക്ഷിക്കാൻ സന്നദ്ധതയുള്ളതും, നമ്മുടേതുമായ ഒരു ഭരണകൂടം നമുക്കുണ്ടായിരുന്നെങ്കിൽ ജനങ്ങളിൽനിന്നു് ഇങ്ങനെ ഒരു ത്യാഗം വേണ്ടിവരുകയില്ലായിരുന്നു. തല്ക്കാലം ഇടത്തരക്കാരിൽ ബാഹ്യപ്രേരണകൂടാതെയുണ്ടാകുന്ന ത്യാഗശീലം കൊണ്ടു്, ഒരു ദേശീയ ഗവണ്മെൻറിനു ചെയ്യാൻ കഴിയുന്നതൊക്കെ നിർവ്വഹിക്കാൻ സാധിക്കും.

ശക്തി നഷ്ടപ്പെടുക എന്ന പ്രശ്നം ഉദിക്കുന്നില്ല. ഡാക്കർ റായി മുമ്പു ഭിക്ഷ കൊടുത്തുവന്നവരും, ഇപ്പോഠം മാന്യമായ തൊഴിലിൽ ഏർപ്പെടുത്തിയതു കാരണം ഭാഗികമായോ പരിപൂർണ്ണമായോ സ്വയം സംരക്ഷിക്കാൻ പ്രാപ്തരായിത്തീന്നവരുമായ ആയിരക്കണക്കിനുള്ള നമ്മുടെ സഹോദരിമാർ അവരുടെ ശക്തി ദുർവ്യയം ചെയ്യുകയാണോ ഉണ്ടായതു്? അവക്കു യാചനയോ, പട്ടിണിയോ അല്ലാതെ മറെറാരു തൊഴിലുമില്ല. യുവാക്കന്മാർ ഗ്രാമങ്ങ

digitized by www .sreyas.in

ളിൽ പോയി, ഗ്രാമീണരുടെ ആവശ്യങ്ങളെപ്പററി പഠിച്ച്, അനുഭാവപൂർവ്വം അവരെ മുന്നോട്ടു പോകാൻ സഹായിക്കുന്നതു് ശക്തിയുടെ ദുർവ്യയമാണോ? ധനികരായ ആയിരക്കണക്കിനു യുവാക്കന്മാരും യുവതികളും പട്ടിണിക്കാരായ ജനലക്ഷങ്ങളെപ്പററി ചിന്തിച്ച് മതപരമായ നിഷ്ഠയോടെ അരമണിക്കൂർ നീക്കിവച്ച്, അത്രയും സമയം അവക്കുവേണ്ടി നൂൽനൂല്ക്കുന്നതു് ശക്തിയുടെ ദുർവ്യയമാണോ? യാതൊരു ജോലിയും ചെയ്യാനില്ലാത്ത സമയത്തു് ഒരു പുരുഷനോ, സ്ത്രീയോ ഏതാനും പൈസക്കുവേണ്ടി നൂൽനൂല്ക്കുകയാണെങ്കിൽ, അത്രയും ലാഭംതന്നെയാണ്. ഒരു പുരുഷനോ സ്ത്രീയോ ഒരു യജ്ഞമെന്നോണം നൂൽനൂല്ക്കുകയാണെങ്കിൽ, അതും അത്രത്തോളം ലാഭമാണ്. ലാഭം മാത്രമുള്ളതും നഷ്ടം തീരെ ഇല്ലാത്തതുമായ ഒരു പ്രവൎത്തനം ഉണ്ടെങ്കിൽ അതു് കൈകൊണ്ടുള്ള നൂൽനൂല്പാണ്.

## 61

നമ്മുടെ മില്ലുകൾക്കെതിരായി ഖാദിയെ സംരക്ഷിക്കുക എന്നതാണ് എൻെറ ഉദ്ദേശം. എന്നാൽ മില്ലുകളുടെ നേർക്കു് ഒരു വികൃതസമരം കൂടാതെതന്നെ ഖാദിക്കു് അതിൻെറ സ്ഥാനം ലഭിക്കുമെന്നാണ് എൻെറ ദൃഢവിശ്വാസം. ഖാദിയുടെ ആരാധകർ ചുറുക്കോടുകൂടിയ കൈകൊണ്ടു്, നമ്മുടെ മില്ലുകളിൽപ്പോലുമുണ്ടാക്കുന്ന നൂലിനെയും തുണിയേയും അപേക്ഷിച്ച് കൂടുതൽ പ്രാധാന്യം ഖാദിക്കു കൈവരത്തക്കവണ്ണം നിർബന്ധമായി അവർ പ്രചരണം നടത്തണം. അതു് ഇച്ഛാനുസരണം തിരഞ്ഞെടുക്കാമെന്നു വയ്ക്കുന്നതു് ഖാദിയെ നശിപ്പിക്കലായിരിക്കും.

## 62

പൊതുവായ എല്ലാ സംഘടിതജീവിതത്തിനും അടിസ്ഥാനമായി നമുക്കുള്ളതു് ചക്രയാണ്. അതിനെ കൂടാതെ ഒരുറച്ച പൊതുജീവിതം കെട്ടിപ്പടുക്കുക സാദ്ധ്യമല്ല. നമ്മുടെ നാട്ടിലെ ഏററവും താണപടിയിലുള്ള ആളുകളുമായി നമ്മെ അഭേദ്യമായി ബന്ധിക്കുന്നതും, തന്മൂലം അവക്കു് ആശ്വാസം വകനൽകുന്നതുമായ ഒരേ ഒരു പ്രത്യക്ഷശൃംഖല അതാകുന്നു. അതിനോടു പലതും കൂട്ടിച്ചേർക്കാവുന്നതാണ്; ചേർക്കേണ്ടതുമാണ്. എന്നാൽ, മുകളിലുള്ള പണികൾ ആരംഭിക്കുന്നതിനുമുമ്പ് അസ്ഥിവാരത്തിൻെറ ദൃഢതയെപ്പററി ബുദ്ധിമാനായ ഒരു ശില്പി ഉറപ്പുവരുത്തുന്നതുപോലെ, നമുക്കും ഇക്കാര്യത്തിൽ വേണ്ട ഉറപ്പുവരുത്താൻ ശ്രമിക്കാം. കെട്ടിടത്തിൻെറ വലിപ്പമനുസരിച്ച് അസ്ഥിവാരം താഴ്ചയും ബലവു

61. Young India, 28-8-1924 (Khadi, P. 59)
62. Young India, 4-9-1924 (Re-building Our Villages, P. 29)

digitized by www .sreyas.in

മുള്ളതായിരിക്കേണ്ടതാണല്ലോ. അതുകൊണ്ട് ഫലസിദ്ധിക്കുവേണ്ടി നൂൽനൂല്പിനെ ഇൻഡ്യയിൽ സാർവ്വത്രികമാക്കണം.

## 63

വിമർശകർ പറയുന്നതു് ചക്കിന്നു് ശരിയായ സ്ഥാനം ലഭിച്ചിട്ടില്ലെന്നും, അതു വേണ്ടുവോളം ഉദ്വേഗജനകമല്ലെന്നും, സ്ത്രീകൾക്കുമാത്രമുള്ള തൊഴിലാണതെന്നും, മദ്ധ്യയുഗത്തിലേക്കുള്ള തിരിച്ചുപോക്കാണെന്നും, യന്ത്രങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ശാസ്ത്രീയവിജ്ഞാനത്തിന്റെ ഗംഭീരമായ മുന്നേററത്തിന്നെതിരായുള്ള ഒരു വിഫലശ്രമമാണെന്നുമാണു്. എന്റെ വിനീതാഭിപ്രായത്തിൽ ഇൻഡ്യക്കു് ആവശ്യം ഉദ്വേഗമല്ല, ഉറച്ച പ്രവർത്തനമാണു്. ജനസാമാന്യത്തിനു് ഉറച്ച പ്രവത്തനംതന്നെ ഉദ്വേഗമാണു്; അതേസമയം ഒരു രസായനവുമാണു്. ചക്കയിൽ വേണ്ട പരീക്ഷണം നാം നടത്തിയിട്ടില്ലെന്നുള്ളതാണു് പരമാർത്ഥം. നമ്മിൽ പലരും അതിനെപ്പററി ഗൗരവപൂർവ്വം ചിന്തിച്ചിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അഖിലേന്ത്യാ കാൺഗ്രസ് പ്രവത്തകസമിതി അംഗങ്ങൾപോലും നൂൽനൂല്പിനെ സംബന്ധിച്ചു് അവർതന്നെ അപ്പഴപ്പോൾ അംഗീകരിച്ചിട്ടുള്ള പ്രമേയങ്ങൾ നടപ്പിൽവരുത്തിയിട്ടില്ല. നമ്മിൽ ഭൂരിപക്ഷം ആളുകളും അതിൽ വിശ്വസിക്കുകപോലും ചെയ്തിട്ടില്ല. അങ്ങനെയിരിക്കെ ഉദ്വേഗത്തിന്റെ കുറവുമൂലമാണു് നൂൽനൂല്പു പരാജയമടഞ്ഞതെന്നു പറയുന്നതു ന്യായമല്ല. അതു് വെറും വൃദ്ധകൾക്കുള്ള ഒരു തൊഴിലാണെന്നു പറയുന്നതു് യാഥാർത്ഥ്യങ്ങളെ അവഗണിക്കലാണു്. നൂൽനൂല്പുയന്ത്രങ്ങൾ ചക്കകളുടെ ഒരു പെരുക്കം മാത്രമാണു്. പുരുഷന്മാരാണു് അവയുടെ നടത്തിപ്പുകാർ. ചില തൊഴിലുകൾ പുരുഷന്മാരുടെ അന്തസ്സിനു കുറവുണ്ടാക്കുന്നതാണെന്നുള്ള അന്ധവിശ്വാസം നാം ഉപേക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സാധാരണസ്ഥിതിയിൽ നൂൽനൂല്പ് സ്ത്രീകളുടെ തൊഴിലായിരിക്കണമെന്നുള്ളതിനു സംശയമില്ല. എന്നാൽ ഭാവിയിലെ രാഷ്ട്രം ചക്കിന്നു് ഒരു കുടിൽവ്യവസായത്തിനുള്ള പരിമിതികൾക്കനുസരിച്ചു് വേണ്ട പരിഷ്കാരങ്ങൾ വരുത്താനായി കുറെ പുരുഷന്മാരെ എല്ലായ്പോഴും ഏർപ്പെടുത്തിവയ്ക്കേണ്ടതായിട്ടുണ്ടു്. പുരുഷന്മാരായ നമ്മിൽ ചിലർ അതിന്റെ പ്രവർത്തനത്തിൽ ഏർപ്പെടാതെയും, അതിനെപ്പററി രാവും പകലും ചിന്തിക്കാതെയും ഇരുന്നെങ്കിൽ ചക്കയുടെ ഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ അസാദ്ധ്യമായിരുന്നേനെ എന്നു നിങ്ങളെ അറിയിക്കേണ്ടിയിരിക്കുന്നു.

---

63. Young India, 26-12-1924 (Khadi, P. 29)

digitized by www .sreyas.in

## 64

ഖദർസംഘടന സഹകരണസംഘങ്ങളെയോ, മറേറതുതരം ഗ്രാമീണസംഘടനയെയോ അപേക്ഷിച്ച് ഏററവും മെച്ചപ്പെട്ടതാകുന്നു. ഉന്നതമായ രാഷ്ട്രീയഫലങ്ങൾകൊണ്ടു നിറഞ്ഞതാണതു്; എന്തെന്നാൽ ബ്രിട്ടന്റെ പന്ഥാവിലുള്ള അസാന്മാർഗ്ഗികപ്രവണതകളെ അതു ദൂരീകരിക്കുന്നു. ഇൻഡ്യയിലെ കർഷകലക്ഷങ്ങളുടെ നാശത്തിൽ അധിഷ്ഠിതമായതുകൊണ്ടാണു് ലങ്കാഷയർ വ്യാപാരത്തെ സന്മാർഗ്ഗവിരുദ്ധമെന്നു ഞാൻ പറയുന്നതു്. ഒരു ദുർമ്മാർഗ്ഗം മറെറാന്നിലേയ്ക്കു വഴിതെളിക്കുന്നതുകൊണ്ടു്, ബ്രിട്ടന്റെ പ്രത്യക്ഷമായ പല അധർമ്മപ്രവൃത്തികളുടെയും ഉൽപത്തി ഈ അസാന്മാർഗ്ഗികവ്യാപാരത്തിൽനിന്നാണെന്നു കാണാം. അതുകൊണ്ടു് ഇൻഡ്യയുടെ സ്വമേധയാ ഉള്ള ശ്രമത്താൽ ബ്രിട്ടന്റെ പന്ഥാവിൽനിന്നും ഈ വലിയ പ്രലോഭനം നീക്കംചെയ്യാമെങ്കിൽ, അതു് ഇൻഡ്യയ്ക്കും ബ്രിട്ടനും ഒന്നുപോലെ നല്ലതായിരിക്കും; എന്നു മാത്രമല്ല ബ്രിട്ടൻ ഇന്നു ലോകത്തിലെ പ്രബലശക്തിയായതുകൊണ്ടു്, മനുഷ്യരാശിക്കു പൊതുവെയും അതു നല്ലതായിരിക്കും.

## 65

ഈ കുടിൽവ്യവസായത്തിന്റെ—എല്ലാ കുടിൽവ്യവസായങ്ങളുടെയുമല്ല—പുനരുദ്ധാരണം, വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കും. ഈ ഒരു വ്യവസായത്തെ നാം ഉദ്ധരിക്കുമ്പോൾ മററു വ്യവസായങ്ങളെല്ലാം അതിനെ അനുഗമിച്ചുകൊള്ളും. ചർക്കയെ ഞാൻ ഒരു ഭദ്രമായ ഗ്രാമീണജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള അടിസ്ഥാനമാക്കും; മററു പ്രവർത്തനങ്ങളുടെയെല്ലാം പരിക്രമണത്തിനുള്ള കേന്ദ്രമാക്കും.

## 66

തീവണ്ടിയുടെ സ്ഥാനത്തു് നാടൻ വണ്ടികളെ പ്രതിഷ്ഠിക്കാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും, ഇല്ലെങ്കിൽ മില്ലുകൾക്കു പകരം ചർക്കകൾ ഏർപ്പെടുത്താൻ ഞാൻ ആശിക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നും ഒരു സ്നേഹിതൻ എന്നോടു ചോദിച്ചു. തീവണ്ടിയെ ബഹിഷ്കരിച്ചു് അതിന്റെ സ്ഥാനം നാടൻവണ്ടികൾക്കു നല്കാൻ ഞാനുദ്ദേശിക്കുന്നില്ലെന്നും, ഉദ്ദേശിച്ചാലും അതു സാദ്ധ്യമല്ലെന്നും ഞാൻ മറുപടി പറഞ്ഞു. മുപ്പതുകോടി നാടൻവണ്ടികൾക്കും ദൂരം ഇല്ലാതാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ മില്ലുകളുടെ സ്ഥാ

64. Young India, 26-12-1924 (Selections from Gandhi, P. 58)
65. Young India, 21-5-1925 (Selections from Gandhi, P. 56)
66. Young India, 28-5-1925 (Khadi, P. 27)

digitized by www .sreyas.in

നം ചർക്കകൾക്കു നല്കാൻ എനിക്കു കഴിയും. തീവണ്ടി വേഗതയുടെ പ്രശ്നം പരിഹരിച്ചു. മില്ലുകളുടെ കാര്യത്തിൽ ഉല്പാദനമാണു പ്രശ്നം. ഇൻഡ്യയിലുണ്ടായിരുന്നതുപോലെ പ്രവർത്തിക്കാൻ വേണ്ട ആളുണ്ടെങ്കിൽ, അതിൽ ചർക്കയ്ക്കു് എളുപ്പം മത്സരിക്കാം. തന്റെ ജോലിയുടെ വില കണക്കാക്കുന്നില്ലെങ്കിൽ, ഒരു ഗ്രാമവാസിക്കു് തനിക്കാവശ്യമുള്ള തുണി മുഴുവൻ മില്ലിൽനിന്നു കിട്ടുന്നതിനെക്കാൾ കുറഞ്ഞ വിലയ്ക്കു നിർമ്മിക്കാൻ കഴിയുമെന്നു ഞാൻ അയാളോടു പറഞ്ഞു. നൂൽനൂല്ക്കുകയോ നെയ്യുകയോ ചെയ്യുന്നതു വിശ്രമാവസരങ്ങളിലായതുകൊണ്ടു്, വേലക്കൂലി കണക്കാക്കേണ്ട കാര്യമില്ല. വ്യാജമോ, അപൂർണ്ണമോ ആയ സാദൃശ്യങ്ങൾ മനുഷ്യരെ എങ്ങനെ വഞ്ചിക്കുന്നു എന്നതു വിചിത്രംതന്നെ.

ചർക്കയ്ക്കെതിരായി ഉന്നയിച്ചിട്ടുള്ള മറ്റൊരു വാദം അതു വ്യഥാ പ്രയത്നത്തിനിടയാക്കുന്നു എന്നാണു്. വേണ്ടപോലെ ചിന്തിക്കാതെ കൊണ്ടുവന്നിട്ടുള്ള വിഭ്രമജനകമായ ഒരു വാദമാണതു്. ഒരു ഉദ്ദേശത്തോടുകൂടി ചെയ്യുന്ന ഏതൊരു സംഗതിയും പ്രയത്നം പാഴാക്കുന്ന ഒന്നായി പരിഗണിക്കാൻ പാടുള്ളതല്ലെന്നു ഞാൻ തെളിയിച്ചുകൊടുത്തു. ആണ്ടിൽ നാലുമാസമെങ്കിലും യാതൊന്നും ചെയ്യാനില്ലാത്ത ജനലക്ഷങ്ങൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കാനാണു് ചർക്ക അവർക്കു സംഭാവന ചെയ്യപ്പെട്ടതു്. ഓരോ അരമണിക്കൂറും നൂറുഗജത്തിൽ കുറയാത്ത നൂൽ തരുന്ന ചർക്കയിൽ പ്രവർത്തിക്കുന്നതു വിഫലയത്നമായിക്കരുതാൻപാടില്ലെന്നും ഞാൻ ആ ആക്ഷേപക്കാരനോടു പറഞ്ഞു. കൂടാതെ, അതൊരു വിഫലയത്നമല്ലെന്നുമാത്രമല്ല, ഭദ്രതയുള്ള സാമ്പത്തികകാര്യംകൂടിയാണു്. എന്തെന്നാൽ, ജനലക്ഷങ്ങൾക്കു് ആവശ്യമുള്ളതും, ഏതു സന്ദർഭത്തിലും ഏർപ്പെടാവുന്നതും, പ്രത്യേക വൈദഗ്ദ്ധ്യമോ ദീർഘകാലപരിശീലനമോ ആവശ്യമില്ലാത്തതും, ഉല്പാദനക്ഷമവുമായ ഒരു തൊഴിലാണതു്. അത്തരത്തിലുള്ള ഒരു തൊഴിൽ നൂൽനൂല്പല്ലാതെ മറ്റൊന്നുമല്ല.

## 67

ധനത്തിന്റെ അഭാവത്തെക്കാൾ ജനങ്ങളെ കൂടുതൽ പീഡിപ്പിക്കുന്നതു് തൊഴിലിന്റെ അഭാവമാണു്. പ്രയത്നം ധനമാണു്. ആരാണോ ജനലക്ഷങ്ങൾക്കു തങ്ങളുടെ കുടിലുകളിൽവച്ചു ചെയ്യാവുന്ന അഭിമാനകരമായ ജോലി നല്കുന്നതു്, അയാൾ അവർക്കു വസ്ത്രവും ആഹാരവും കൊടുക്കുകയാണു്; അതു പണത്തിനു തുല്യം തന്നെയാണല്ലോ. ചർക്കാ അത്തരം തൊഴിൽ നല്കുന്നു. അതിനു പകരം മറ്റൊന്നു കണ്ടുപിടിക്കുന്നതുവരെ ചർക്കാ പ്രാബല്യത്തിലിരിക്കുകതന്നെ വേണം.

---

67. Young India, 18-6-1925 (Khadi, P. 5)

digitized by www .sreyas.in

68

അലസതയാണ് എല്ലാ ദോഷങ്ങൾക്കും പ്രധാനഹേതു; ആ ഹേതുവിനെ നശിപ്പിച്ചാൽ കൂടുതൽ ശ്രമംകൂടാതെ മിക്ക ദോഷങ്ങളെയും പരിഹരിക്കാം. പട്ടിണികിടക്കുന്ന ഒരു ജനതയ്ക്ക് ആശയ്ക്കു വകയോ, പ്രവൃത്തിക്കുള്ള മനോധർമ്മമോ അവശേഷിക്കുകയില്ല. അഴുക്കും രോഗവും അവർ കാര്യമാക്കാറില്ല. എല്ലാ പരിഷ്കാരങ്ങളെപ്പററിയും അവർ പറയുന്നതു് ''ഇതുകൊണ്ടു് എന്തുഗുണം?'' എന്നാണു്. നിരാശയാകുന്ന ഹേമന്തതമസ്സിനെ ആശയുടെ സൂര്യപ്രകാശമാക്കി മാററാൻ അവക്കുള്ളതു് ജീവദാതാവായ ചക്ക മാത്രമാണു്.

69

ചക്കയുടെ സന്ദേശം അതിൻെറ ചുററളവിനെക്കാൾ വളരെ കൂടുതൽ വിസ്തൃതമാണു്. അതിൻെറ സന്ദേശം ജീവിതലാളിത്യവും, മനുഷ്യസേവനവും, പരദ്രോഹം കൂടാതുള്ള ജീവിതവും, ധനികനും ദരിദ്രനും, മുതലാളിയും തൊഴിലാളിയും, രാജാവും കർഷകനും തമ്മിലുണ്ടാകേണ്ട അഭേദ്യബന്ധത്തിൻെറ സൃഷ്ടിയുമാണു്.

70

കൈകൊണ്ടുള്ള നൂൽനൂല്പിൻെറ വിജയത്തിനു വിഘാതമായി രണ്ടു വൈഷമ്യങ്ങളാണു് പ്രധാനമായി എൻെറ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടതു്.

1) കൈകൊണ്ടെടുക്കുന്ന നൂലു് മിൽനൂലിനോടൊപ്പം ബലമുള്ളതായിക്കാണാത്തതുകൊണ്ടു് അതിനൊരിക്കലും മിൽനൂലുമായി മത്സരിക്കാൻ കഴിവുണ്ടാവുകയില്ല.

2) ചക്കയിൽനിന്നും ഉല്പാദിപ്പിക്കുന്ന നൂൽ വളരെ കുറച്ചായതുകൊണ്ടു് അതു ലാഭകരമാവുകയില്ല.

അനേക വർഷങ്ങളായി ഖദർ ധരിക്കുന്നവരുടെ അനുഭവം കൈകൊണ്ടുണ്ടാക്കിയ നൂലുപയോഗിച്ചു നെയ്ത തുണി അതേ നമ്പർ ഒന്നാം തരം മിൽനൂലുകൊണ്ടു നെയ്ത തുണിയെക്കാൾ എക്കാലത്തും കൂടുതൽ ഈടുനില്ക്കുമെന്നുള്ളതാണു്. ഉദാഹരണത്തിനു്, ആന്ധ്രായിലെ എൻെറ ചില സ്നേഹിതന്മാർ അവർ ഉപയോഗിച്ചുവരുന്നതും നാലു വർഷവും അതിൽ കൂടുതലും കാലം

68. Young India, 27-8-1925 (Khadi, P. 6)
69. Young India, 17-9-1925
70. Young India, 8-10-1925 (Khadi, pp. 31—32)

digitized by www .sreyas.in

ഈടുനിന്നിട്ടുള്ളതുമായ ധോത്തികൾ എന്നെ കാണിച്ചു. എന്നാൽ മിൽനൂലുകൊണ്ടു നിർമ്മിച്ച ധോത്തികളാകട്ടെ, ഒരു വർഷത്തിനുള്ളിൽ പഴകി ദ്രവിച്ചുപോയി. ഇതിൽനിന്നും എനിക്കു വിശദമാക്കാനുള്ളത്, കൈകൊണ്ടു നൂൽക്കുന്ന നൂല് കൂടുതൽ ഈടുനില്ക്കുന്നുവെന്നതല്ല, ജനസംഖ്യയിൽ 85 ശതമാനം വരുന്ന ഇൻഡ്യയിലെ കർഷകർക്ക് ഏർപ്പെടാവുന്ന ഒരേ ഒരു ഉപവ്യവസായം കൈകൊണ്ടുള്ള നൂൽനൂല്പാണെന്നും, വസ്ത്രധാരണത്തിനുള്ള നമ്മുടെ ഏർപ്പാടുകളെല്ലാം അത്തരം നൂലുതന്നെ ഉപയോഗപ്പെടുത്തണമെന്നുള്ള ധാരണയോടെയായിരിക്കണമെന്നുമുള്ളതാണ്. അതിനാൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്, എവിടെ എങ്ങനെ നിർമ്മിച്ചതായാലും തരക്കേടില്ല, ഏററവും വിലകുറഞ്ഞ നൂലു വാങ്ങണമെന്നതിലല്ല, കൈകൊണ്ടു നൂല്ക്കുന്നതിൽ ഏററവും നല്ലതും വിലകുറഞ്ഞതും വാങ്ങണമെന്നതിലായിരിക്കണം. എൻെറ സിദ്ധാന്തം യുക്തിയുക്തമാണെങ്കിൽ, രാഷ്ട്രത്തിൻെറ എല്ലാ വ്യവസായവകുപ്പുകളും ചർക്കയെ കേന്ദ്രമാക്കി പ്രവർത്തിക്കണം. അതുകൊണ്ടു വ്യവസായഡിപ്പാർട്ടുമെൻറ് കൂടുതൽ നൂലുല്പാദിപ്പിക്കത്തക്ക വിധത്തിലുള്ള പരിഷ്കാരങ്ങൾ ചർക്കയിൽ വരുത്തണം. കൈകൊണ്ടു നൂൽനൂല്ക്കുന്നതിനെ താനേ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം ആ നൂൽ അവർ വിലയ്ക്കു വാങ്ങണം. അപ്രകാരമുള്ള എല്ലാ തരം നൂലും ഉപയോഗപ്പെടുത്തത്തക്ക മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. കൈകൊണ്ടു നൂല്ക്കുന്നതിൽ ഏററവും നേർമ്മയുള്ള നൂലിനു സമ്മാനങ്ങൾ കൊടുക്കണം. നല്ല നൂൽ നിർമ്മിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ആരായണം.

എന്നാൽ കൈകൊണ്ടുള്ള നൂൽനൂല്പ് ആദായകരമല്ലെന്ന് ഒരാക്ഷേപമുണ്ട്. തൊഴിലില്ലാത്ത സമയം ധാരാളമുള്ളവർക്കും തങ്ങളുടെ തുച്ഛമായ വരവിൽ ഒരു പൈസ കൂടുന്നതിനെപ്പോലും സ്വാഗതംചെയ്യുന്നവർക്കും അതു നിശ്ചയമായും ആദായകരമാണ്. ലക്ഷക്കണക്കിന് കർഷകർ ആണ്ടിൽ കുറഞ്ഞതു നാലു മാസം തൊഴിലില്ലാതെ കഴിയേണ്ടിവരുന്ന അവസ്ഥ നമ്മുടെ ഇടയിലില്ലെങ്കിൽ, ചർക്കാപരിപാടി തകർന്നുതന്നെ. ഖാദിപ്രവർത്തകർ സ്നേഹത്തിനുവേണ്ടി പ്രയത്നിക്കുന്നിടത്തെല്ലാം ഗ്രാമവാസികൾക്ക് അത് ആദായകരമായിരിക്കുമെന്നു മാത്രമല്ല, അവരുണ്ടാക്കുന്ന നൂലു വാങ്ങാൻ ആളുണ്ടെന്നുള്ളത് അവർക്ക് അനുഗ്രഹമായിത്തീരുകയും ചെയ്യുന്നു. പ്രതിമാസം അഞ്ചോ ആറോ രൂപയിൽ കവിയാത്ത വരവുള്ളവർക്ക്, സമയമുണ്ടെങ്കിൽ, രണ്ടു രൂപാകൂടി ഒരു മാസത്തിലാദായം കിട്ടുന്ന ജോലി അവർ സന്തോഷപൂർവ്വം ഏറെറടുക്കും.

digitized by www .sreyas.in

## 71

കന്നുകാലിവളർത്തൽ ഒരനുബന്ധവ്യവസായമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു നല്ലതും, എക്കാലത്തും നൂൽനൂല്പിനെക്കാൾ കൂടുതൽ ആദായകരവുമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ അതിനു മൂലധനവും കന്നുകാലിവളർത്തലിനെപ്പററിയുള്ള അറിവും ഉണ്ടായിരിക്കണം; ആ അറിവു സാധാരണ കർഷകനു് ഇല്ലാത്തതും, കാലേക്കൂട്ടിയുള്ള വലിയ പഠനം കൂടാതെയുണ്ടാകാത്തതുമാണു്. അതുകൊണ്ടു് ഏതുതരത്തിലായാലും ഇൻഡ്യയിലെ സ്ഥിതിക്കു് കൈകൊണ്ടുള്ള നൂൽനൂല്പിനോടു കിടനില്ക്കുത്തക്ക മറെറാരനുബന്ധവ്യവസായമില്ലതന്നെ.

അതിന്റെ വിലമതിക്കാൻപാടില്ലാത്ത മഹിമ സ്ഥിതിചെയ്യുന്നതു് ഏതാനുംപേക്കു് ഉയർന്നതോതിൽ പ്രതിഫലം കൊടുക്കാനുള്ള അതിന്റെ കഴിവിലല്ല. ജനലക്ഷങ്ങൾക്കു് ആദായകരമായ ഒരു തൊഴിൽ ഉടൻ സംഭാവനചെയ്യുന്നതിലാണു്. അതുകൊണ്ടു് ഇതൊന്നുമാത്രമാണു് വിജയപൂർവ്വം സംഘടിപ്പിക്കാൻ സാദ്ധ്യതയുള്ള ഒരു വിശേഷാൽ തൊഴിൽ. കന്നുകാലിവളർത്തൽ എത്ര നല്ലതായിരുന്നാലും, അതല്ല, കൈകൊണ്ടുള്ള നൂൽനൂല്പു തന്നെയാണു് അത്യുത്തമമായ അനുബന്ധവ്യവസായം.

## 72

കൂടുതൽ ആദായകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ അതുപേക്ഷിച്ചിട്ടു് നൂൽനൂല്പു സ്വീകരിക്കണമെന്നു ഞാൻ ഒരിക്കലും നിർദ്ദേശിച്ചിട്ടില്ല. മററു് ആദായകരമായ തൊഴിലൊന്നുമില്ലാത്തവർ—അതും യാതൊരു തൊഴിലും ചെയ്യാനില്ലാത്ത സമയങ്ങളിൽ മാത്രം—നൂൽനൂല്ക്കണമെന്നേ പ്രതീക്ഷിക്കുന്നുള്ളുവെന്നും, അതിനു മാത്രമേ അവരെ പ്രേരിപ്പിക്കാവൂ എന്നും ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. തൊഴിലില്ലാത്തതു കാരണം ആണ്ടിൽ നാലുമാസക്കാലമെങ്കിലും അലസരായിക്കഴിയുന്ന ലക്ഷക്കണക്കിനു സ്ത്രീപുരുഷന്മാർ നമ്മുടെ നാട്ടിലുണ്ടെന്നുള്ള നിഗമനത്തിലാണു് കൈകൊണ്ടുള്ള നൂൽനൂല്പുസിദ്ധാന്തം അധിഷ്ഠിതമായിരിക്കുന്നതു്. നൂൽനൂല്ക്കുമെന്നു പ്രതീക്ഷിക്കാവുന്നവരായി രണ്ടുതരം ആളുകളേയുള്ളു—ഒന്നാമതു്, ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ളമാതിരി, കൂലിക്കുവേണ്ടി വേലചെയ്യുന്ന തരക്കാരും, രണ്ടാമതു് ഒരു യജ്ഞമെന്നു നിലയിലും ഖദറിന്റെ വില കുറയുന്നതിനായിട്ടും നൂൽനൂല്ക്കുന്ന ചിന്താശീലരും. തൊഴിലാളികൾ

71. Young India, 15-10-1925 (Khadi, P. 32)

72. Young India, 22-10-1925 (Economic and Industrial Life and Relations, vol. II, P. 257)

digitized by www .sreyas.in

നൂൽനൂല്ക്കാത്തതു് എനിക്കു മനസ്സിലാക്കാം; എന്നാൽ അവർ ഖദർധരിക്കാത്തതിനുള്ള കാരണം എന്താണെന്നു വെളിവാകുന്നില്ല. †ആ മഹാസദസ്സിലുള്ള ഒരാളുംപോലും ഖദർ ധരിക്കാത്തതിനു ന്യായമായ സമാധാനം പറയാനില്ല. 'ഗിരിദി'ക്കു യാതൊരു പ്രയാസവും കൂടാതെ വേണ്ടത്ര നൂൽനൂല്ക്കുകയും ഖദർ നെയ്യുകയും ചെയ്യാവുന്നതാണു്. ഏതു നിലയിലും ആ പ്രദേശത്തേക്കു് വേണ്ടത്ര തയാർചെയ്ത ഖദർ താരതമ്യേന കുറഞ്ഞ വിലയ്ക്കു് ബീഹാറിലെ മററു ഭാഗങ്ങളിൽനിന്നും ലഭിക്കും. ഈ മംഗളപത്രങ്ങളിൽ ഖദറിന്റെയും ചർക്കായുടെയും കുറവുകൾ സമ്മതിക്കുന്നുണ്ടെങ്കിലും, അതു് സമീപഭാവിയിൽ വരുത്തേണ്ട പരിഷ്കരണത്തിലുള്ള താല്പര്യംകൊണ്ടല്ല, ഇന്നത്തെ സ്ഥിതി തുടരുന്നതിനുള്ള ഒരു സമാധാനം എന്ന നിലയ്ക്കാണെന്നു ഞാൻ ഭയപ്പെടുന്നു. പററിപ്പോയ തെററു പരിഹരിക്കാനുള്ള ഉദ്ദേശംകൂടെ ഉള്ളപ്പോൾ മാത്രമേ കുററസമ്മതം നല്ലതാവൂ. ഒരു പരിവത്തനത്തിനെതിരായി ഒരാളെ ഉറപ്പിച്ചുനിർത്താനാണു് ഉപയോഗപ്പെടുത്തുന്നതെങ്കിൽ, അതു നിഷ്പ്രയോജനമെന്നല്ല, കൂടുതൽ കഷ്ടമാണു്. എനിക്കു നല്കപ്പെട്ട അനവധി മംഗളപത്രങ്ങളിൽ കാണുന്ന കുററസമ്മതങ്ങൾ ഒരു നിശ്ചിതമായ വ്യതിയാനത്തിന്റെ മുന്നോടിയായിരിക്കുമെന്നു ഞാൻ ആശിക്കുന്നു.

## 73

*കവി വിചാരിക്കുന്നതു് ഞാൻ എല്ലാവരോടും മററു പ്രവത്തനങ്ങളൊക്കെ ഉപേക്ഷിച്ചിട്ടു് അവരുടെ മുഴുവൻ സമയവും നൂൽനൂല്ക്കാൻ ആവശ്യപ്പെടുന്നു എന്നാണു്; അതായതു്, കവി തന്റെ കാവ്യദേവതയെയും, കർഷകൻ തന്റെ കലപ്പയെയും, അഭിഭാഷകൻ തന്റെ വക്കാലത്തിനെയും, ഡാക്ടർ തന്റെ കത്തിയെയും പരിത്യജിക്കണമെന്നു്. തങ്ങളുടെ തൊഴിലുപേക്ഷിക്കാൻ ഞാൻ ആരോടും ആവശ്യപ്പെട്ടിട്ടില്ലാത്തതുകൊണ്ടു് ഇതു സത്യവിരുദ്ധമാണു്; എന്നാൽ രാഷ്ട്രത്തിനുവേണ്ടിയുള്ള ഒരു യജ്ഞമെന്ന നിലയിൽ ദിവസം മുപ്പതുമിനിററു സമയം നൂൽനൂല്പിനു വിനിയോഗിച്ചു്, അങ്ങനെ തങ്ങളുടെ തൊഴിലിന്റെ മേന്മ വർദ്ധിപ്പിക്കണമെന്നാണു് ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്. പട്ടിണികിടന്നും ജോലിയൊന്നും ചെയ്യാനില്ലാതെയും വലയുന്ന സ്ത്രീപുരുഷന്മാർ ഒരു കാലയാപനമാർഗ്ഗമായി നൂൽനൂല്ക്കാനും, അർദ്ധപട്ടിണിയിൽ കഴിയുന്ന കർഷകൻ തന്റെ തുച്ഛമായ വരവു വർദ്ധിപ്പിക്കാൻ വിശ്രമവേളകളിൽ നൂൽനൂല്ക്കാനും ഞാൻ ആവശ്യപ്പെട്ട

† ബീഹാറിൽ നടന്ന ഒരു പൊതുയോഗത്തെ പരാമർശിച്ചുകൊണ്ടു്.

73. Young India, 5-11-1925 (Khadi, pp. 33—34)

* രവീന്ദ്രനാഥടാഗോർ

digitized by www .sreyas.in

ന്നുണ്ടു്. കവി ദിവസം അര മണിക്കൂർ നൂൽനൂല്ക്കുകയാണെങ്കിൽ തന്റെ കവിതയുടെ മാററു വർദ്ധിക്കും. അങ്ങനെയായാൽ ദരിദ്രന്റെ ആവശ്യങ്ങളെയും ദുരിതങ്ങളെയും ഇപ്പോഴത്തെക്കാൾ കൂടുതൽ ശക്തിയായ രീതിയിൽ അതു പ്രതിനിധാനം ചെയ്യും.

ചർക്കകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു് മൃത്യുസമാനമായ ഒരു സാമാന്യത രാഷ്ട്രത്തിൽ സംജാതമാകുകയാണെന്നു് കവി ചിന്തിക്കുന്നു; അങ്ങനെ ഭാവനചെയ്തുകൊണ്ടു്, കഴിയുമെങ്കിൽ താൻ അതിനെ പരിത്യജിക്കുമെന്നു് അദ്ദേഹം കരുതുകയും ചെയ്യുന്നു. എന്നാൽ, ചർക്കയുടെ ഉദ്ദേശ്യം സർവ്വപ്രധാനവും സജീവവുമായ ഒരേ കമ്പം ഇൻഡ്യയിലെ ജനലക്ഷങ്ങളിൽ സൃഷ്ടിക്കുക എന്നതാണു്; ഇതാണു് സത്യം. പ്രകൃതിയിലെ ചേതോഹരവും വർണ്ണശബളവുമായ വൈവിധ്യത്തിന്റെ പിന്നിൽ ഉദ്ദേശ്യം, സംവിധാനം, രൂപം എന്നിവയുടെ ഒരു സംയോജനം തെററാത്ത വിധത്തിൽ ഒരാൾക്കു ദർശിക്കാൻ കഴിയും. രണ്ടു മനുഷ്യർ—ഇരട്ടപെററവർ പോലും—ഒരേമാതിരിയിലല്ല; എന്നിരുന്നാലും മനുഷ്യരാശിക്കു് ഒഴിച്ചുകൂടാൻപാടില്ലാത്തവിധം പൊതുവായ പലതുമുണ്ടു്. രൂപസമാനതയുടെ പിന്നിൽ ഒരേ ജീവൻതന്നെ പരക്കെ വ്യാപിച്ചുകിടക്കുകയുമാണു്.

മനുഷ്യവർഗ്ഗത്തിൽ ബഹുഭൂരിപക്ഷത്തിനും കൃഷി പൊതുവായുള്ളതല്ലേ? അല്പകാലത്തിനു മുമ്പുവരെ നൂൽനൂല്പും മനുഷ്യരാശിക്കു പൊതുവെയുള്ളതായിരുന്നു. രാജാവിനും കർഷകനും ഭക്ഷണവും വസ്ത്രവും ആവശ്യമാണെന്നുള്ളതുപോലെ, ഇരുകൂട്ടരും തങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി അദ്ധ്വാനിക്കയും വേണം. ഒരു പ്രതീകവും യജ്ഞവും എന്നുള്ള നിലയ്ക്കു മാത്രമാണെങ്കിൽ, രാജാവും അങ്ങനെ ചെയ്യും. എന്നാൽ അദ്ദേഹം തന്നോടും ജനങ്ങളോടും സത്യസന്ധതയുള്ളവനാണെങ്കിൽ, അദ്ദേഹത്തിനു് അത്രയും ചെയ്യേണ്ടതു് ഒഴിച്ചുകൂടാൻപാടില്ലാത്തതാണു്. അതിപ്രധാനമായ ഈ ആവശ്യം യൂറോപ്പിനു് ഇപ്പോൾ ബോദ്ധ്യമായില്ലെന്നുവരാം. കാരണം, യൂറോപ്യന്മാരല്ലാത്ത വർഗ്ഗക്കാരെ ചൂഷണം ചെയ്യുന്നതു് ഒരു മതമായി അവർ സ്വീകരിച്ചിട്ടുള്ളതുതന്നെ. എന്നാൽ അതു് ഒരു കപടമതവും, സമീപഭാവിയിൽ നശിച്ചുപോകുന്നതുമാണു്.

പരിഷ്കരിച്ച കലപ്പ ഒരു നല്ല ഉപകരണമാണു്. എന്നാൽ ഒരാൾ അയാൾ കണ്ടുപിടിച്ചിട്ടുള്ള യന്ത്രംകൊണ്ടു് ഇൻഡ്യയിലുള്ള ഭൂമി മുഴുവൻ ഉഴുതുതീർക്കുകയും, കൃഷിവകവിഭവങ്ങളെല്ലാം കയ്യടക്കിവയ്ക്കുകയും ചെയ്താൽ ജനലക്ഷങ്ങൾ മററു തൊഴിലില്ലാതെ പട്ടിണിയിൽപെടുകയും അലസതയിൽ കഴിഞ്ഞു്, ഇപ്പോൾത്തന്നെ പലരും ആയിട്ടുള്ളതുപോലെ, മൂഢന്മാരാവുകയും

digitized by www .sreyas.in

ചെയ്യും. അശേഷം അസൂയാർഹമല്ലാത്ത ഈ സ്ഥിതിയിലേയ്ക്ക് അനവധിയാളുകൾകൂടി മണിക്കൂർതോറും വഴുതിവീണേക്കാനിടയുണ്ട്. കുടിൽവ്യവസായയന്ത്രത്തിൽ വരുത്തുന്ന ഓരോ പരിഷ്കാരവും ഞാൻ സ്വാഗതംചെയ്യും; എന്നാൽ ദശലക്ഷക്കണക്കിനുള്ള കർഷകർക്ക് അവരുടെ ഭവനങ്ങളിൽ മറെറന്തെങ്കിലും തൊഴിൽ നല്ലാൻ തയ്യാറില്ലെങ്കിൽ, യന്ത്രശക്തികൊണ്ടു പ്രവർത്തനംനടത്തുന്ന തറികൾ ഏർപ്പെടുത്തി കൈവേലയെ നിഷ്കാസനംചെയ്യുന്നതു കുററകരമാണെന്നു് എനിക്കറിയാം.

ഇൻഡ്യയിലെ ദുരിതനിവാരണത്തിനുള്ള എല്ലാ സഹകരണ ശ്രമങ്ങളും ചർക്കയെ കേന്ദ്രമാക്കിക്കൊണ്ടുള്ളതായിരിക്കണം. ചർക്കയുടെ ചുററും, അതായതു് അലസതയെ പരിത്യജിച്ചവരും സഹകരണത്തിൻെറ മഹത്വം ഗ്രഹിച്ചിട്ടുള്ളവരുമായ ജനതയുടെ ഇടയിൽ, മലമ്പനി നിവാരണപരിപാടി, പരിഷ്കരിച്ച ശുചീകരണസമ്പ്രദായം, ഗ്രാമവാസികളുടെ ഇടയിലുണ്ടാകുന്ന തർക്കങ്ങൾ തീർക്കൽ, കന്നുകാലിവളർത്തലും സംരക്ഷണവും തുടങ്ങിയ നൂറുക്കൂട്ടം ഗുണപ്രദങ്ങളായ പ്രവർത്തനങ്ങൾ പ്രായോഗികമാക്കുന്നതിനു് ഒരു ദേശീയസേവകൻ ഉദ്യമിക്കണം. ചർക്കാപ്രവർത്തനം ശരിയായി പ്രതിഷ്ഠാപിതമായിട്ടുള്ള സ്ഥലങ്ങളിൽ ഇത്തരം ആശ്വാസപ്രവർത്തനങ്ങൾ അതാതു ഗ്രാമവാസികളുടെയും പ്രവർത്തകരുടെയും കഴിവനുസരിച്ചു നടന്നുവരുന്നുണ്ടു്.

## 74

ഞാൻ യഥാർത്ഥത്തിൽ മില്ലുകളുടെ ഒരു ഏജൻറായതുകൊണ്ടു പ്രയോജനമില്ല. അതു രാജ്യത്തിനു ഗുണത്തേക്കാൾ കൂടുതൽ ദോഷമായിരിക്കും ചെയ്യുന്നതു്. ഭാവിയിൽ വളരെക്കാലത്തേക്കു മില്ലുകളിൽനിന്നും സാമാനം വാങ്ങുന്നവരുടെ സംഖ്യയിൽ കുറവു വരുകയില്ല. അതുകൊണ്ടു് എനിക്കു ചെയ്യാനുള്ളതും ഞാൻ ചെയ്യുന്നതും കൈകൊണ്ടു നൂൽക്കുന്ന നൂലുകൊണ്ടുള്ള വസ്ത്രനിർമ്മാണത്തിനുവേണ്ട സംഘടനകളുണ്ടാക്കുകയും, അങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന ഖാദിക്കുവേണ്ട വിപണികൾ കണ്ടുപിടിക്കുകയുമാണു്. ഞാൻ അതുകൊണ്ടു് എൻെറ ശ്രദ്ധ മുഴുവൻ ഖാദിനിർമ്മാണത്തിൽ കേന്ദ്രീകരിക്കുകയാണു്. ഈ രൂപത്തിലുള്ള സ്വദേശിയെ ഞാൻ ശുപാർശചെയ്യുന്നതു് അദ്ധ്പ്പട്ടിണിക്കാരും വേണ്ടവോളം ജോലിയില്ലാത്തവരുമായ നമ്മുടെ സ്ത്രീകൾക്കു തൊഴിൽ നൽകാൻ ഇതുമുഖേന സാധിക്കുമെന്നുള്ളതുകൊണ്ടാണു്. എൻെറ ലക്ഷ്യം ഈ സ്ത്രീകളെക്കൊണ്ടു നൂൽനൂല്പിക്കുകയും ആ നൂലുകൊണ്ടു നെയ്ത ഖാദി ഇൻഡ്യൻജനതയ്ക്കു ധരിക്കാൻ കൊടുക്കു

---

74. An Autobiography, P. 365

digitized by www .sreyas.in

കയുമാണ്. ഈ പ്രസ്ഥാനം എത്രത്തോളം വിജയിക്കമെന്ന് എനിക്കറിയാൻപാടില്ല; ഇപ്പോഴം അതു വെറും അപകപസ്ഥിതിയിൽ കഴിയുന്നതേയുള്ള. എന്നാൽ എനിക്ക അതിൽ ഉറച്ച വിശ്വാസമുണ്ട്. എന്തായാലും അതു ദോഷമൊന്നും വരുത്തുകയില്ല. നേരെമറിച്ച് നാട്ടിലെ തുണിയുല്പാദനത്തിൽ അതിനുണ്ടാക്കാൻ കഴിയുന്ന വർദ്ധനവ് — അത് എത്ര തുച്ഛമായാലും—സാരമായ ഒരാദായലബ്ധിയെ സൂചിപ്പിക്കുന്നു.

## 75

ഒരു പട്ടിണിക്കാരൻ മറെറന്തിനുംമുമ്പ തന്റെ വിശപ്പടക്കാനുള്ള മാർഗ്ഗമാണാരായുന്നത്. ഒരുരുള ഭക്ഷണത്തിനുവേണ്ടി തന്റെ സ്വാതന്ത്ര്യവും മററു സർവ്വസ്വവും അയാശ വില്ക്കാൻ തയ്യാറാണ്. ഇതാണ് ഇന്ത്യയിലെ ലക്ഷക്കണക്കിനുള്ള ആളുകളുടെ സ്ഥിതി. അവക്കാകട്ടെ സ്വാതന്ത്ര്യം, ദൈവം എന്നുതുടങ്ങിയ എല്ലാ വാക്കുകളും യാതൊരു അത്ഥവുമില്ലാതെ കൂട്ടിച്ചേത്ത അക്ഷരങ്ങരം മാത്രമാണ്. അവ പരുഷങ്ങളായി അവക്കു തോന്നാറുണ്ട്. സ്വാതന്ത്ര്യബോധം ഈ ജനങ്ങളിൽ ഉണ്ടാക്കണമെങ്കിൽ, തികച്ചും ശൂന്യമായ അവരുടെ വീടുകളിലിരുന്ന് എളുപ്പത്തിൽ ചെയ്യാവുന്നതും കഷ്ടിച്ച നിത്യവൃത്തിക്കെങ്കിലും വക നൽകുന്നതുമായ തൊഴിൽ അവക്കു നാം ഉണ്ടാക്കിക്കൊടുക്കണം. ഇതു് ചക്കകൊണ്ടു മാത്രമേ സാധിക്കുകയുള്ള. അങ്ങനെ അവക്കു സ്വാശ്രയബോധവും സ്വയം ജീവിക്കാനുള്ള കഴിവും ഉണ്ടായാൽ പിന്നെ നമുക്ക് അവരോട് സ്വാതന്ത്ര്യം കാൺഗ്രസ് എന്നിവയെപ്പററി പറയാവുന്ന നില വരും. അതുകൊണ്ട് അവക്കു ജോലിയുണ്ടാക്കിക്കൊടുക്കുന്നവരും, തിന്നാൻ ഒരു കഷണം അപ്പം ലഭിക്കാൻ മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നവരുമായിരിക്കും, അവക്കു മോചനം നൽകുകയും തീവ്രമായ സ്വാതന്ത്ര്യാഭിലാഷം അവരിൽ ജനിപ്പിക്കുകയും ചെയ്യുന്നവർ. ഇതാണ് ചക്കയുടെ രാഷ്ട്രീയമൂല്യം.

## 76

ചക്കയിൽ ഓരോ നൂലെടുക്കുമ്പോഴും ഞാൻ ഇൻഡ്യയിലെ പാവങ്ങളെപ്പററിയാണ് ചിന്തിക്കുന്നത്. വിശപ്പിന്റെ യാതന അനുഭവിക്കുകയും, വയറുനിറയ്ക്കാൻ എന്തെങ്കിലും വേണമെന്നുമാത്രം ആശിക്കുകയും ചെയ്യുന്ന ഒരാശക്ക് തന്റെ വയറുതന്നെയാണ് ദൈവം. അയാശക്ക് ആഹാരംകൊടുക്കുന്ന ആളാണ് അയാളുടെ യജമാനൻ. ആ യജമാനനിലൂടെ ദൈവത്തെ കാണാൻ പോലും അയാശക്ക സാധിക്കും. അംഗവൈകല്യമില്ലാത്തവക്കു ഭി

75. Young India, 18-3-1926 (Sarvodaya, P. 138)
76. Young India, 20-5-1926 (Khadi, P. 110)

digitized by www .sreyas.in

ക്ഷകൊടുക്കുന്നതു കൊടുക്കുന്ന ആളിനും വാങ്ങുന്ന ആളിനും അപകർഷം ഉണ്ടാക്കുകയാണു്. അവക്കു വേണ്ടതു് എന്തെങ്കിലും തൊഴിലാണു്; ലക്ഷക്കണക്കിനാളുകൾക്കു് ഏർപ്പെടാവുന്ന തൊഴിൽ കൈകൊണ്ടുള്ള നൂൽനൂൽപ്പു മാത്രമാണു്. ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനസഞ്ചയത്തിന്റെ മനസ്സിൽ നൂൽനൂൽപ്പിന്റെ പ്രഭാവത്തെപ്പററിയുള്ള ഉറച്ച വിശ്വാസമുണ്ടാകണമെങ്കിൽ, ഞാൻ പ്രസംഗിച്ചാൽ പോരാ, തന്നത്താൻ നൂൽനൂൽക്കണം. അതുകൊണ്ടാണു് എന്റെ നൂൽനൂൽപ്പിനെ ഒരു പ്രായശ്ചിത്തമോ മതപരമായ ഒരു ചടങ്ങോ ആയി ഞാൻ വിവരിച്ചിട്ടുള്ളതു്. പാവങ്ങളോടു പരിശുദ്ധവും അതന്ദ്രവുമായ സ്നേഹമുള്ളിടത്തു ദൈവമുണ്ടെന്നു വിശ്വസിക്കുന്നതുകൊണ്ടു്, ഞാൻ നൂൽച്ചക്രയിലെടുക്കുന്ന ഓരോ നൂലിലും ദൈവത്തെക്കാണുന്നു.

## 77

ഇതുവരെ ശേഖരിക്കപ്പെട്ടിട്ടുള്ള തെളിവുകളിൽനിന്നു് നൂൽനൂൽപ്പു് ഒരു സുന്ദരകലയാണെന്നും, അതിന്റെ പ്രവർത്തനരീതി തന്നെ എത്രയും ആനന്ദപ്രദമാണെന്നും സ്പഷ്ടമായിട്ടുണ്ടു്. വിവിധവണ്ണത്തിലുള്ള നൂലുകൾ എടുക്കുന്നതിനു യാന്ത്രികമായ വലിമാത്രം പോരാ. നൂൽനൂൽപ്പു് ഒരു കലയായി പരിശീലിക്കുന്നവക്കു്, വിരലും കണ്ണും ആവശ്യമായവണ്ണത്തിലുള്ള നൂലിന്റെ നിർമ്മിതിയെ നയിക്കുമ്പോഴുണ്ടാകുന്ന ആനന്ദം എത്രമാത്രമാണെന്നറിയാം. കല കലയാകണമെങ്കിൽ, അതു് പ്രീതിദായകമായിരിക്കണം. സർ പ്രഭാശങ്കർപാററണി ഒരുദിവസത്തെ കഠിനാദ്ധ്വാനത്തിനുശേഷം ഞരമ്പുകൾക്കു് ആശ്വാസവും സ്വൈരമായ ഉറക്കവും ലഭിക്കുന്നതിനുവേണ്ടി ചർക്കയെ അഭയംപ്രാപിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള സാക്ഷ്യം ഞാൻ ഒരു കൊല്ലത്തിനുമുമ്പു് ഉദ്ധരിച്ചിട്ടുണ്ടു്.*

ഇതു് ഒന്നോ രണ്ടോ പേക്കുണ്ടായിട്ടുള്ള ഒററതിരിഞ്ഞ അനുഭവമല്ല. പല നൂൽനൂൽപ്പുകാക്കുമുണ്ടായിട്ടുള്ളതാണു്. നൂൽനൂല്പു്

---

77. Young India, 26-5-1925 (Khadi, P. 8)

*''ഞാൻ വേഗം എന്റെ മുറിയിലേക്കു കയറിച്ചെന്നു. അവിടത്തെ ഇരുളിൽ എന്നെ നഖശിഖാന്തം കീറിമുറിച്ച ഒരു മനോവ്യഥയുമായി എനിക്കു മല്ലിടേണ്ടിവന്നു. ഞാൻ കുറച്ചുനേരം പ്രാർത്ഥിച്ചു. എന്റെ മനസ്സു വല്ലാതെ ക്ലേശിക്കുന്നുണ്ടായിരുന്നു. ഉടൻ ഞാൻ ചർക്കയിലേക്കു തിരിയുകയും, അതിൽ മാന്ത്രികമായ ഒരാശ്വാസം കണ്ടെത്തുകയും ചെയ്തു! പ്രശാന്തമായി തുടർന്നുകൊണ്ടിരുന്ന അതിന്റെ താളാനുസൃതമായ ചലനം എന്റെ ഹൃദയാസ്വാസ്ഥ്യത്തെ ശമിപ്പിക്കുകയും, അതിന്റെ സേവനത്തെപ്പററിയുള്ള ചിന്ത എന്നെ ഈശ്വരനോടടുപ്പിക്കുകയും ചെയ്തു.''

digitized by www .sreyas.in

അനേകംപേൎക്ക് ആഹ്ലാദപ്രദമാണെന്നുള്ളതുകൊണ്ട്, അതു് എല്ലാവൎക്കും സന്തോഷപ്രദമായിരിക്കുമെന്നു പറയുന്നതിൽ അൎത്ഥമില്ല. ചിത്രമെഴുത്തു് ഒരു മനോജ്ഞമായ കലയായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും എല്ലാവരും അതിൽ ഏൎപ്പെടുന്നില്ലല്ലോ.

## 78

ബ്രഹ്മചര്യം അനുഷ്ഠിക്കാൻ ആകാംക്ഷയുള്ളവൎക്ക് ഞാൻ ചൎക്ക സംഭാവന ചെയ്യുന്നു. അതു പുച്ഛിക്കപ്പെടേണ്ട ഒരു സംഗതിയല്ല; അനുഭവത്തിൽനിന്നാണു് ഈ പ്രസ്താവന. തന്റെ വികാരങ്ങളെ സംയമനം ചെയ്യേണ്ട ഒരാൾ ശാന്തനായിരിക്കേണ്ടതുണ്ട്. അയാളിലുള്ള ക്ഷോഭം മുഴുവൻ അവസാനിക്കണം. ചൎക്കയുടെ ചലനം ശബ്ദരഹിതവും ശാന്തവുമായതുകൊണ്ട് പരിപൂൎണ്ണ വിശ്വാസത്തോടുകൂടി അതിനെ തിരിച്ചിട്ടുള്ളവൎക്ക് തങ്ങളുടെ വികാരങ്ങളെ അടക്കാൻ അതു സഹായിച്ചതായി അറിയാം. ചൎക്ക തിരിക്കുന്നതുകൊണ്ട് എന്റെ കോപം ശമിപ്പിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്; മററു പല ബ്രഹ്മചാരികളും ഇതിലേക്കു സാക്ഷ്യം വഹിച്ചിട്ടുള്ളതായി എനിക്കു ചൂണ്ടിക്കാട്ടാൻ കഴിയും. അത്തരക്കാരെല്ലാം മടയന്മാരും വിഡ്ഢികളുമാണെന്നു് എളുപ്പത്തിൽ പരിഹസിക്കാം; എന്നാൽ അതു് അൎത്ഥമില്ലാത്ത പരിഹാസമാണെന്നു ഒടുവിൽ ബോധ്യമാകും. കോപാവേശത്തോടെ പുച്ഛിക്കുന്നയാൾ തന്റെ വികാരങ്ങളെ ശമിപ്പിക്കുന്നതിനും കരുത്തും ശക്തിയും സമ്പാദിക്കുന്നതിനുമുള്ള ഒരു വിശിഷ്ട ഉപകരണം നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നതു്. അതുകൊണ്ട് ഈ വരികൾ വായിക്കുന്ന ഓരോ യുവാവിനോടും യുവതിയോടും ചൎക്കയിൽ ഒന്നു പ്രവൎത്തിച്ചുനോക്കാൻ ഞാൻ ശുപാൎശ ചെയ്യുന്നു. അല്പനേരം അടങ്ങിയിരുന്നു് നൂൽനൂല്ക്കുമ്പോൾ അവരുടെ വികാരങ്ങൾ ശമിച്ചുതുടങ്ങുന്നതായി അവൎക്ക് അനുഭവപ്പെടും. നൂൽനൂല്പ് അവസാനിച്ചാലും ആ ദിവസത്തിന്റെ ശേഷമുള്ള സമയം അവർ ശാന്തരായിരിക്കുമെന്നു ഞാൻ പറയുന്നില്ല; എന്തെന്നാൽ മനുഷ്യവികാരങ്ങൾ കാററിനേക്കാൾ വേഗതയുള്ളതാണ്. അവയെ പൂൎണ്ണമായി കീഴടക്കുന്നതിനു് അവസാനമില്ലാത്ത ക്ഷമ വേണ്ടിയിരിക്കുന്നു; നൂൽച്ചക്രം സ്വഭാവദാൎഢ്യം പരിശീലിക്കുന്നതിനു് ഒരു ശക്തമായ മാൎഗ്ഗമുണ്ടാക്കുമെന്നു മാത്രമേ ഞാൻ അവകാശപ്പെടുന്നുള്ളു.

## 79

നൂൽനൂല്പിന്റെ ഫലമായി ജനലക്ഷങ്ങൾ ഒരു സംയുക്തസഹകരണോദ്യമത്തിനുവേണ്ടി സംഘടിക്കുകയും, അവരുടെ കഴിവു

78. Young India, 27-5-1926 (Khadi, P.9)
79. Young India, 27-5-1926 (Khadi, P. 10)

digitized by www .sreyas.in

മുഴുവൻ സംഭരിച്ചു വേണ്ടവിധം വിനിയോഗിക്കുകയും, മാതൃഭൂമിയെ സേവിക്കുന്നതിനായി കോടിക്കണക്കിനു ജീവൻ സമർപ്പിക്കുകയും ചെയ്യും. ഇത്തരത്തിലുള്ള ഒരു ഗംഭീരകൃത്യനിർവ്വഹണംമുഖേന നമ്മുടെ സ്വന്തം ശക്തിയെപ്പററിയുള്ള ബോധ്യം നമുക്കുണ്ടാവും. അതിന്റെ ഫലമായി വിശദാംശങ്ങളെയും വിഷമംപിടിച്ച അസംഖ്യം പ്രശ്നങ്ങളെയും പററിയുള്ള ഒരു പരിപൂർണ്ണജ്ഞാനം നമുക്കു സമ്പാദിക്കാൻ സാധിക്കും. ഉദാഹരണമായി ഓരോ പൈസയുടെയും കണക്കു സൂക്ഷിക്കുന്നതിനു പഠിക്കുക, ഗ്രാമങ്ങളിൽ വൃത്തിയായും ആരോഗ്യത്തിനു യോജിച്ചവിധത്തിലും താമസിക്കാൻ അഭ്യസിക്കുക, മാർഗ്ഗതടസ്സമുണ്ടാക്കുന്ന വൈഷമ്യങ്ങളെ ദൂരീകരിക്കുക മുതലായവ സാധിക്കും. ഇതെല്ലാം അഭ്യസിച്ചില്ലെങ്കിൽ ഈ കാര്യം നേടുവാൻ നാം അപ്രാപ്തരാകും. ഈ പ്രാപ്തി നമ്മിൽ ഉല്പാദിപ്പിക്കാനുള്ള മാർഗ്ഗം ചക്രം നമുക്കുണ്ടാക്കിത്തരുന്നു.

## 80

ആരോഗ്യകരവും ജീവൻ നല്കുന്നതുമായ ഒരൊററ വ്യാവസായികപ്രവർത്തനംപോലും നൂൽനൂല്പിനുവേണ്ടി ഉപേക്ഷിക്കണമെന്നു ഞാൻ ആലോചിക്കുകയോ, അങ്ങനെ ഉപദേശിക്കുകയോ ചെയ്തിട്ടില്ല. ചക്രയുടെ അടിസ്ഥാനം മുഴുവനും, പകുതിത്തൊഴിൽ മാത്രമുള്ള കോടിക്കണക്കു ജനങ്ങൾ ഈ രാജ്യത്തുണ്ടെന്നുള്ള വസ്തുതയിലാണു സ്ഥിതിചെയ്യുന്നതു്. അങ്ങനെ ആരും ഉണ്ടായിരുന്നില്ലെങ്കിൽ ചർക്കയ്ക്കു് സ്ഥാനമില്ല എന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ നമ്മുടെ ഗ്രാമങ്ങളെ സന്ദർശിച്ചിട്ടുള്ള ഓരോരുത്തർക്കും അവിടെ അലസതയിൽ മാസങ്ങൾ പലതും കഴിഞ്ഞുപോകുന്നുവെന്നും, അതു ഗ്രാമീണരുടെ നാശത്തിനു നിദാനമാകുന്നുണ്ടെന്നും മനസ്സിലാക്കാൻ കഴിയും. ഇടത്തരക്കാരോടു് ഒരു യജ്ഞമെന്ന നിലയിൽ നൂൽനൂല്ക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നതുതന്നെ അവരുടെ വിശ്രമാവസരങ്ങളെ സങ്കല്പിച്ചുകൊണ്ടാണു്. ചർക്കാപ്രസ്ഥാനം യാതൊരുദ്യമത്തെയും നശിപ്പിക്കുന്ന ഒന്നല്ല. അതു ജീവൻ നൽകുന്ന ഒരു പ്രവർത്തനമാണു്. അതുകൊണ്ടാണു് ഞാൻ അതിനെ 'അന്നപൂർണ്ണ' അല്ലെങ്കിൽ 'അപ്പത്തിനു വെണ്ണ', അല്ലെങ്കിൽ 'കുറവു നികത്തുന്നതു്' എന്നൊക്കെ പറയുന്നതു്.

## 81

ഒരു പ്രിയസ്നേഹിതൻ തനിക്കും മററുചില സ്നേഹിതന്മാർക്കും ചോദിക്കണമെന്നു തോന്നിയ ഒരു ചോദ്യത്തിനു് എന്നോടു്

---

80. Young India, 27-5-1926 (Khadi, P. 34)

81. Young India, 10-6-1926 (Economic and Industrial Life and Relations, vol. II, pp. 232-233)

digitized by www .sreyas.in

ഉത്തരം ആവശ്യപ്പെട്ടിരിക്കുന്നു. ''നൂൽനൂൽപ്പിൽ സഹകരണമുണ്ടോ? അതു ജനങ്ങളെ വ്യക്തിപരമായ മനോഭാവമുള്ളവരും, സ്വന്തംകാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവരുമാക്കുകയും, പാറക്കഷണങ്ങൾപോലെ അവരെ ഒന്നിനൊന്നു വേർപെടുത്തുകയും ചെയ്യുന്നില്ലേ?''

ഏററവും സംക്ഷിപ്തവും അസന്നിഗ്ദ്ധവുമായി എനിക്കു കൊടുക്കാൻ കഴിയുന്ന ഉത്തരം 'സുസംഘടിതമായ ഒരു നൂൽനൂൽപ്പു കേന്ദ്രം പോയി വീക്ഷിക്കുകയും, അവിടത്തെ നടപടികൾ തന്നത്താൻ പരിശോധിച്ചുനോക്കുകയും ചെയ്യുക. സഹകരണംകൂടാതെ നൂൽനൂൽപ്പു വിജയിക്കുകയില്ലെന്ന് അപ്പോൾ നിങ്ങൾക്കു കണ്ടുപിടിക്കാൻ കഴിയും'. എന്നായിരിക്കും.

ഈ ഉത്തരം ചുരുങ്ങിയതാണെങ്കിലും അമ്മാതിരി ഒരു സന്ദർശനത്തിനു സമയമുണ്ടാക്കാൻ ശ്രമിക്കാത്തവർക്ക് (അവരാണു ഭൂരിപക്ഷം) അതു് ഉപയോഗശൂന്യമാണെന്ന് എനിക്കറിയാം. അതുകൊണ്ട് അവരെ ബോദ്ധ്യപ്പെടുത്തുന്നതിലേക്ക് ഒരു നൂൽനൂൽപ്പുകേന്ദ്രത്തെക്കുറിച്ച് എൻെറ കഴിവനുസരിച്ചുള്ള ഒരു വിവരണം നൽകാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞയാണ്ടിൽ മദിരാശിയിലെ ഒരു സഹകരണസംഘത്തിൽ ഞാൻ പ്രസംഗിക്കവെ, കൈകൊണ്ടുള്ള നൂൽനൂൽപ്പുമുഖേന ലോകത്തിലെ ഏററവും വലിയ സഹകരണസംഘം സ്ഥാപിക്കാൻ ഞാൻ ശ്രമിക്കുകയാണെന്നു പറയുകയുണ്ടായി. ഞാൻ ഇങ്ങനെ അവകാശപ്പെട്ടതു സത്യവിരുദ്ധമായിട്ടല്ലായിരുന്നു. അതൊരു അത്യാഗ്രഹമായിരിക്കാം. എന്നാൽ, കൈകൊണ്ടുള്ള നൂൽനൂല്പ് അതുകൊണ്ടുദ്ദേശിക്കുന്ന ഫലം പ്രാപിക്കണമെങ്കിൽ ലക്ഷക്കണക്കിനാളുകൾ യഥാർത്ഥമായി അതിൽ സഹകരിക്കണമെന്നുള്ളതുകൊണ്ട് അതു സത്യവിരുദ്ധമല്ല.

ഇൻഡ്യയിലെ തൊഴിലില്ലായ്മയുടെ ഫലമായിക്കാണപ്പെടുന്ന നിർബ്ബന്ധിത അലസതയും നിർദ്ധനതയും ഉച്ചാടനം ചെയ്യുകയാണതിൻെറ ഉദ്ദേശ്യം. ഈ ഉദ്ദേശ്യം മഹനീയമാണെന്ന് എല്ലാവരും സമ്മതിക്കുമല്ലോ. അതിലേക്കുള്ള ശ്രമവും അതനുസരിച്ചു മഹനീയമായിരിക്കണം.

തുടക്കത്തിൽതന്നെ സഹകരണമുണ്ടാവണം. നൂൽനൂൽപ്പ് ഒരാളിൽ സ്വാശ്രയബോധം ഉളവാക്കുമെങ്കിൽ, ഓരോ ചുവടുവയ്പിലും പരസ്പരാശ്രയത്തിൻെറ ആവശ്യം മനസ്സിലാക്കാനുള്ള കഴിവും അയാൾക്കുണ്ടാകുന്നതാണ്. ഒരു സാധാരണനൂൽനൂല്പുകാരിക്ക് അവരുടെ മിച്ചമുള്ള നൂലിനു നിശ്ചിതമായ കമ്പോളമുണ്ടാകണം. അവർക്ക് അതു നെയ്യാൻ സാദ്ധ്യമല്ല. അനവധിയാ

ളുകളുടെ സഹകരണമില്ലെങ്കിൽ അവരുടെ നൂലിനു കമ്പോളം ലഭിക്കുകയില്ല. നമ്മുടെ കൃഷിനടത്തിപ്പു സാദ്ധ്യമാകുന്നതു്, കൃഷി ചെയ്യുന്നതിലും കൃഷിയുല്പന്നങ്ങൾ വിററഴിക്കുന്നതിലും, ചെറിയ തോതിലെങ്കിലും അനേകലക്ഷം ആളുകളുടെ സഹകരണം ഉള്ളതു കൊണ്ടാണു്; അതിനു സമമായ ഒരു വലിയതോതിലുള്ള സഹകരണമുണ്ടെങ്കിൽമാത്രമേ നൂൽനൂൽപ്പും വിജയിക്കുകയുള്ളു.

ഒരു മാതൃകാകേന്ദ്രത്തിന്റെ പ്രവർത്തനം നമുക്കു പരിശോധിക്കാം. കേന്ദ്രത്തിലെ ആഫീസിൽ പഞ്ഞിക്കായു് ശേഖരിക്കുന്നു. കേന്ദ്രത്തിൽവച്ചുതന്നെയായിരിക്കാം അതു തല്ലിപ്പാകപ്പെടുത്തുന്നതു്. പിന്നീടു്, കടയുന്നവരുടെ ഇടയിൽ അതു വിതരണം ചെയ്യുകയും, അവർ അതിനെ ചുരുളുകളാക്കി തിരെ്യ ഏല്പിക്കുകയും ചെയ്യുന്നു. ആ ചുരുളുകൾ നൂൽനൂൽപ്പുകാർക്കു കൊടുക്കുകയും, അവർ ആഴ്ചതോറും നൂൽ കൊണ്ടേല്പിച്ചു്, പുതിയ ചുരുളുകളും അവരുടെ കൂലിയും പററിക്കൊണ്ടുപോവുകയും ചെയ്യുന്നു. ഇങ്ങനെ വന്നുചേരുന്ന നൂൽ നെയ്ത്തുകാരെ ഏല്പിക്കുന്നു. അവർ കൊണ്ടുപോയി ഖാദിയാക്കി വില്പനയ്ക്കു യോജിച്ചവിധത്തിൽ തിരെ്യ ക്കൊണ്ടുകൊടുക്കുന്നു. പിന്നീടു് ഈ ഖാദി അതു ധരിക്കേണ്ടവരായ പൊതുജനങ്ങൾക്കു വില്ക്കുന്നു. ഇങ്ങനെ ജാതിവർണ്ണവർഗ്ഗഭേദമെന്യേ അസംഖ്യം ജനങ്ങളുമായി കേന്ദ്ര ആഫീസിനു് നിരന്തരമായ സജീവബന്ധം പുലർത്തേണ്ടിവരും. കേന്ദ്രത്തിനു ലാഭേച്ഛ തൊന്നും ഉണ്ടാക്കാനില്ല. ഏററവും അഗതികളായവരെപ്പററി ചിന്തിക്കാനല്ലാതെ അവയ്ക്കു മറെറാന്നിലും ശ്രദ്ധിക്കാനുമില്ല. കേന്ദ്രം പ്രയോജനകരമായിത്തീരണമെങ്കിൽ അതു് അക്ഷരംപ്രതി കളങ്കരഹിതമായിരിക്കണം. കേന്ദ്രവും വിപുലമായ ഈ പ്രസ്ഥാനത്തിന്റെ ഘടകങ്ങളും തമ്മിലുള്ള ബന്ധം വെറും ആത്മീയമോ ധാർമ്മികമോ ആണു്. അതുകൊണ്ടു് ഒരു നൂൽനൂൽപ്പുകേന്ദ്രം ഒരു സഹകരണസംഘവും, അതിലെ അംഗങ്ങൾ പഞ്ഞിതല്ലുന്നവരും കടയുന്നവരും നൂൽനൂൽപ്പുകാരും നെയ്ത്തുകാരും വാങ്ങുന്നവരുമാണു്; ഇവരെല്ലാവരും പരസ്പരസൗഹൃദത്താലും സേവനത്താലും ബന്ധിക്കപ്പെട്ടവരുമാണു്. ഈ സംഘടനയിൽ ഓരോ പൈസയുടെയും ചലനത്തിന്റെ ഗതി, അതു മുന്നോട്ടും പിന്നോട്ടും ഒഴുകുന്നതനുസരിച്ചു്, സൂക്ഷ്മമായി കണ്ടുപിടിക്കാൻ കഴിയും. ഈ കേന്ദ്രങ്ങൾ അഭിവൃദ്ധിപ്പെടുകയും, സ്വരാജ്യസ്നേഹം ഉള്ളിൽ ജ്വലിക്കുന്നവരും തങ്ങളുടെ പരിശുദ്ധികൊണ്ടു് എല്ലാത്തരം പ്രലോഭനങ്ങളെയും കീഴടക്കുന്നവരുമായ യുവാക്കൾ അവയിലേക്കാകർഷിക്കപ്പെടുകയും ചെയ്യുമ്പോൾ, അവ ഗ്രാമവാസികളിൽ ആരോഗ്യം, ശുചീകരണം, ചെറുതരം രോഗങ്ങൾക്കുള്ള ഗാർഹികചികിത്സ, കുഞ്ഞുങ്ങൾക്കാവശ്യമുള്ള വിദ്യാഭ്യാസസമ്പ്രദായം എന്നിവയെപ്പററി പ്രാഥമികവിജ്ഞാനം പ്രസരിപ്പിക്കുന്ന കേന്ദ്രങ്ങളായി

digitized by www .sreyas.in

ത്തീരുകതന്നെ ചെയ്യും. ആ സമയം ഇനിയും സമാഗതമായിട്ടില്ല. അതിന്റെ ആരംഭം നിശ്ചയമായും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. എന്നാൽ, ആ പ്രസ്ഥാനത്തിനു സാവധാനത്തിൽമാത്രമേ വളരാൻ കഴിയൂ. നെയ്യുപോലെയോ, അല്ലെങ്കിൽ അതിലും ഉപരിയായി തപാൽസ്റ്റാമ്പുപോലെയോ, കമ്പോളത്തിൽ ഖാദി ഒരു വില്പനസാധനമാകുന്നതുവരെ, സാരമായ ഫലം കാണിക്കാൻ സാദ്ധ്യമല്ല. തന്റെ അമ്മ പാകപ്പെടുത്തിവയ്ക്കുന്ന ചോറു് ഒരു കുഞ്ഞു ഭക്ഷിച്ചു തൃപ്തിപ്പെടുമ്പോൾ, ഏതുതരം അരികൊണ്ടു് അതു തയാറാക്കിയെന്നോ, ആ അരിയുടെ വിലയെന്തെന്നോ ചിന്തിക്കാത്തതുപോലെ, മറേറതുതരം തുണിക്കും പകരം ഖാദിതന്നെ വാങ്ങണമെന്നു ജനങ്ങളെ ഉൽബോധിപ്പിക്കാൻ തല്ക്കാലം വിപുലമായ ശ്രമം വേണ്ടിയിരിക്കുന്നു. ആ കുഞ്ഞു് അതെപ്പററി ചിന്തിച്ചാൽ, അമ്മ വിനിയോഗിച്ചിട്ടുള്ള പ്രയത്നവും സ്നേഹവും കണക്കാക്കുമ്പോൾ ആ അരിക്കു വലിയ വിലയുണ്ടെന്നു ഗ്രഹിക്കാൻ കഴിയും. ഭാരതാംബയുടെ മക്കൾ ഗാഢനിദ്രയിൽനിന്നുണരുകയും ആ മാതാവിന്റെ പുത്രികളുടെയും പുത്രന്മാരുടെയും കൈകൊണ്ടു നിർമ്മിക്കുന്ന നൂലു് അവളുടെ കോടിക്കണക്കിലുള്ള സന്താനങ്ങൾക്കു് ഒരിക്കലും വിലക്കൂടുതലുള്ളതല്ലെന്നു മനസ്സിലാക്കുകയും ചെയ്യുന്നതോടെ, ഖാദിയെ സംബന്ധിച്ചും അങ്ങനെ ഒരു കാലമുണ്ടാകും. ഈ വെറും പരമാർത്ഥം നമ്മുടെ ഉള്ളിലുദിക്കുമ്പോൾ നൂൽനൂൽപ്പുകേന്ദ്രങ്ങൾ നൂറുമടങ്ങു വർദ്ധിക്കുകയും, ഒരു ആശാകിരണം ഇരുളടഞ്ഞ ഇൻഡ്യൻകുടിലുകളിൽ പ്രവേശിക്കുകയും ചെയ്യും. ആ ആശയാകട്ടെ, നമുക്കവശ്യം വേണ്ടതും, എന്നാൽ കൈവരുത്താനുള്ള മാർഗ്ഗം നമുക്കറിയാൻപാടില്ലാത്തതുമായ സ്വാതന്ത്ര്യത്തിന്റെ ഏററവും ഉറച്ച അടിത്തറയായിരിക്കും.

## 82

കർഷകരുമായുള്ള നമ്മുടെ സമ്പർക്കം ചക്രയിലൂടെ അവരെ സേവിക്കുന്നതിലൂടെയാണു് തുടങ്ങുന്നതു്; എന്നാൽ അതു് അവിടെ അവസാനിക്കുന്നില്ല. ആ സേവനത്തിന്റെ കേന്ദ്രം ചക്രയാണു്. നിങ്ങളുടെ അടുത്ത ഒഴിവുകാലം ഏതെങ്കിലും ഒരു വിദൂരഗ്രാമത്തിൽ കഴിച്ചുകൂട്ടാമെങ്കിൽ, എന്റെ ഈ അഭിപ്രായത്തിന്റെ നിജസ്ഥിതി നിങ്ങൾക്കു ബോദ്ധ്യമാകും. അവിടത്തെ ആളുകളെ ഉന്മേഷരഹിതരും ഭയവിഹ്വലരുമായി നിങ്ങൾക്കു കാണാം. വീടുകൾ ജീർണ്ണിച്ചുകിടക്കുന്നുണ്ടാവും. ശുചിത്വമുള്ളതോ ആരോഗ്യകരമോ ആയ ഒരവസ്ഥ അവിടെക്കാണാൻ നിങ്ങൾ ശ്രമിക്കുന്നതു വ്യർത്ഥമാകും. കന്നുകാലികളുടെ ഗതി ദയനീയമായിരിക്കും. ഇങ്ങനെയൊക്കെയായിട്ടും അവിടെ അലസത നട

---

82. Young India, 17-6-1926 (Selections from Gandhi, P. 134)

digitized by www .sreyas.in

മാടുന്നതും കാണാം. വളരെക്കാലത്തിനു മുമ്പ് ചർക്ക അവരുടെ വീടുകളിലുണ്ടായിരുന്നുവെന്ന് അവിടത്തെ ആളുകൾ പറയും; എന്നാൽ ഇന്ന് അവർക്ക് അതിനെപ്പററിയോ മറേറതെങ്കിലും കുടിൽവ്യവസായത്തെക്കുറിച്ചോ പറയാൻ കൗതുകമുണ്ടായിരിക്കില്ല. ഭാവിയെക്കുറിച്ചു യാതൊരാശയും അവരിൽ അവശേഷിച്ചിട്ടുണ്ടാവില്ല. അവർ ജീവിച്ചിരിക്കുന്നത് അവക്ക് ഇഷ്ടം പോലെ മരിക്കാൻ കഴിയാത്തതുകൊണ്ടാണ്. നിങ്ങൾ നൂൽനൂല്ക്കുമെങ്കിൽമാത്രമേ അവരും നൂല്ക്കുകയുള്ളു. മുന്നൂറുപേരുള്ള ഒരു ഗ്രാമത്തിൽ നൂറുപേരെങ്കിലും നൂൽനൂല്ക്കുമെങ്കിൽ അവർക്ക് ഒരാണ്ടിൽ 1800 രൂപാ കൂടുതൽ വരവുണ്ടാകുമെന്നു നിങ്ങൾ അവക്ക് ഉറപ്പു കൊടുക്കണം. ഈ വരവിന്മേൽ ഓരോ ഗ്രാമത്തിലും നിങ്ങൾക്ക് ഈടുള്ള പരിഷ്കാരത്തിൻെറ അടിസ്ഥാനം ഉറപ്പിക്കാൻ സാധിക്കും. ഇതു പറയാൻ എളുപ്പമാണെന്നും പ്രവർത്തിക്കാൻ വിഷമമാണെന്നും എനിക്കറിയാം. ഉറച്ച വിശ്വാസം ഇക്കാര്യം എളുപ്പമാക്കും. ''ഞാൻ തനിച്ചേയുള്ളു, ഏഴുലക്ഷം ഗ്രാമങ്ങളിൽ ഞാൻ എങ്ങനെ എത്തും?'' ഈ വാദമാണ് ഔദ്ധത്യം നമ്മോടു മന്ത്രിക്കുന്നത്. ഒരു ഗ്രാമത്തിൽ ഉറച്ചുനിന്നു പ്രവർത്തനം നടത്തി വിജയംനേടിയാൽ മററു ഗ്രാമങ്ങളും പിന്തുടർന്നുകൊള്ളും. അങ്ങനെയായാൽ പുരോഗതി നിശ്ചയമാണ്.

## 83

ലക്ഷക്കണക്കിനാളുകളുടെ ബുദ്ധിസാമർത്ഥ്യം ആവശ്യമുള്ള ഏററവും വലിയ വ്യവസായം നിശ്ചയമായും കൈകൊണ്ടുള്ള നൂൽനൂല്പുതന്നെയാണ്. യഥാർത്ഥത്തിൽ ആവശ്യമുള്ളത്, ജനസംഖ്യയിൽ ഒരു വലിയ വിഭാഗമായ കർഷകക്ക് ബുദ്ധി ഉപയോഗിച്ചു ചെയ്യേണ്ടതും അവരുടെ തലച്ചോറിനും കൈകൾക്കും പരിശീലനം നല്കുന്നതുമായ ഒരു വിശേഷാൽ തൊഴിൽ ഉണ്ടാക്കിക്കൊടുക്കുകയാണ്. അവക്കുവേണ്ടി സൃഷ്ടിക്കാവുന്ന ഏററവും നല്ലതും ചെലവുകുറഞ്ഞതുമായ വിദ്യാഭ്യാസം അതാണ്. തുടങ്ങുന്ന ഉടൻതന്നെ പ്രതിഫലം കിട്ടുന്നതാകകൊണ്ടാണ് ചെലവുകുറഞ്ഞതെന്നു പറഞ്ഞത്. ഇൻഡ്യയിൽ സാർവ്വത്രികമായ വിദ്യാഭ്യാസം നമുക്കു വേണമെന്നുണ്ടെങ്കിൽ, പ്രാഥമികവിദ്യാഭ്യാസം വായന, എഴുത്ത്, കണക്ക് എന്നീ ത്രിവിധവിജ്ഞാനങ്ങൾ ഉൾക്കൊള്ളുന്നതല്ലെന്നും, നൂൽനൂല്പിലും അതിൽ അന്തർല്ലീനമായ എല്ലാ സംഗതികളിലുമാണെന്നും നാം ധരിക്കണം. അതുമുഖേന കൈയ്ക്കും കണ്ണിനും ശരിയായ പരിശീലനം സിദ്ധിച്ചുകഴിഞ്ഞാൽ ബാലികാബാലന്മാർ ത്രിവിധ വിജ്ഞാനബോധനം സ്വീകരിക്കാൻ സന്ന

83. Young India 9-9-1926 (Economic and Industrial Life and Relations, vol. I, P. 89)

digitized by www .sreyas.in

ധരായിരിക്കും. ഇതു ചിലക്കു സർവ്വാബദ്ധമായിട്ടും, വേറേ ചിലക്കു തീരെ അപ്രായോഗികമായിട്ടും തോന്നിയേക്കാം. എന്നാൽ അങ്ങനെ ചിന്തിക്കുന്നവക്കു് ജനലക്ഷങ്ങളുടെ അവസ്ഥ അറിയാൻ പാടില്ല. അതുപോലെതന്നെ, ഇൻഡ്യൻ കർഷകരുടെ ലക്ഷക്കണക്കിനുള്ള കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുക എന്നതിൻെറ അർത്ഥം എന്താണെന്നും അവർ അറിയുന്നില്ല. രാഷ്ട്രീയപ്രബുദ്ധതയ്ക്കു് ഉത്തരവാദികളായ ഇന്ത്യയിലെ അഭ്യസ്തവിദ്യർ തൊഴിലിൻെറ മാന്യതയെ ആദരിക്കുകയും, നൂൽനൂല്പ് അഭ്യസിച്ചു് അതിനെ ഗ്രാമങ്ങളിൽ പുനരവതരിപ്പിക്കുകയെന്നതു് തൻെറ അനുപേക്ഷണീയമായ കർത്തവ്യമാണെന്നു് ഓരോ യുവാവും കരുതുകയും ചെയ്യില്ലെങ്കിൽ, അവശ്യം വേണ്ട ഈ വിദ്യാഭ്യാസസമ്പ്രദായം നടപ്പിൽവരുത്തുക സാദ്ധ്യമല്ല.

## 84

കൈകൊണ്ടുള്ള നൂൽനൂൽപ്പ് നിലവിലുള്ള മറ്റേതെങ്കിലും വ്യവസായത്തിനു സ്ഥാനഭ്രംശം വരുത്താനായി അതിനോടു മത്സരിക്കുകയോ, മത്സരിക്കണമെന്നുദ്ദേശിക്കപ്പെടുകയോ ചെയ്യുന്നില്ല; നല്ല പ്രതിഫലം കിട്ടുന്ന മറ്റേതെങ്കിലും തൊഴിലിൽ ഏപ്പെട്ടിരിക്കുന്ന ശരീരശക്തിയുള്ള ഒരൊററ ആളെപ്പോലും അതിൽനിന്നും പിന്തിരിപ്പിക്കാനുദ്യമിക്കുന്നുമില്ല. അതിനുവേണ്ടി ഉന്നയിക്കപ്പെടുന്ന ഒരേ ഒരവകാശവാദം, ഇൻഡ്യയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഏററവും വിഷമകരമായ ഒന്നിനു്—അതായതു കൃഷിക്കനുബന്ധമായി തക്ക തൊഴിലൊന്നുമില്ലാത്തതുകാരണം ഇൻഡ്യൻ ജനതയുടെ ബഹുഭൂരിപക്ഷത്തിനു് ആണ്ടിൽ ആറുമാസക്കാലത്തോളം നിർബ്ബന്ധിതമായി അഭിമുഖീകരിക്കേണ്ടിവരുന്ന അലസതയും, തൽഫലമായി ജനസാമാന്യത്തിനു് അനുഭവിക്കേണ്ടിവരുന്ന മാററാത്ത പട്ടിണിയും പരിഹരിക്കുന്നതിനു്—ഉടനടി ഫലമുള്ളതും പ്രായോഗികവും സ്ഥിരവുമായ മാർഗ്ഗം അതുമാത്രമെ ഉണ്ടാകുന്നുള്ളു എന്നതാണു്.

## 85

ഖാദി എന്നതു വ്യക്തികളുടെയോ, സമൂഹങ്ങളുടെയോ, വിഭാഗങ്ങളുടെയോ, വർഗ്ഗങ്ങളുടെയോ മാത്രമല്ല, ജനതയുടെ മുഴുവൻ സ്വയം സഹായത്തിൻെറയും സ്വാശ്രയത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും പ്രതീകമാണു്. രാജാവിനും ദരിദ്രനും, പുരുഷനും സ്ത്രീക്കും, ബാലന്മാക്കും ബാലികമാക്കും, ഹിന്ദു മുസ്സൽമാൻ ക്രിസ്ത്യാനി പാഴ്സി ജൂതൻ ഇംഗ്ലീഷുകാരൻ അമേരിക്കൻ ജപ്പാൻകാ

84. Young India, 21-10-1926 (Selections from Gandhi, P. 56)
85. Young India, 10-2-1927 (Khadi, P. 11)

രൻ എന്നിവർക്കും—അവർ ഇൻഡ്യയ്ക്കു നന്മ നേരുന്നവരും ചൂഷ
ണോദ്ദേശ്യം പരിത്യജിച്ചവരുമാണെങ്കിൽ—പങ്കെടുക്കാവുന്ന ഒരു
പ്രസ്ഥാനമാണതു്. അങ്ങനെ അതൊരു അപൂർവ്വ പ്രസ്ഥാനമാണു്.
അതു് ഏതാനുംപേർക്കോ, ബഹുഭൂരിപക്ഷത്തിനോ മാത്രമല്ല, എ
ല്ലാവർക്കും നല്ലതാണു്.

## 86

ചർക്കയുടെ മഹത്തായ കഴിവിനെപ്പററി ചിന്തിക്കുമ്പോൾ
അതിൻെറ ലളിതമായ സന്ദേശം സാർവ്വത്രികമാകുന്നതിനു ദീർഘ
കാലം വേണ്ടിവരുന്നതിൽ അത്ഭുതം തോന്നും. "ഒന്നുമില്ലായ്മയിൽ
നിന്നു് ഒന്നുമുണ്ടാകുന്നില്ല" എന്നു് ലാററിനിൽ ഒരു പഴമൊഴിയു
ണ്ടു്. അക്ഷരത്തിലെങ്കിലും ഈ പഴമൊഴി തെററാണെന്നു് ചർക്ക
തെളിയിക്കുമെന്നു കാണാം. എന്തെന്നാൽ, ഉപയോഗപ്രദമായ യാ
തൊന്നിനെയും നശിപ്പിക്കുകയോ സ്ഥാനഭ്രംശം വരുത്തുകയോ
ചെയ്യാതെ, ജനങ്ങളുടെ വ്യർത്ഥവും അലസവുമായ സമയത്തെ പ്ര
യോജനപ്പെടുത്താൻ അതു ശ്രമിക്കുന്നു.

ഈ അലസത, അതു നിർബ്ബന്ധിതമായാലും സ്വമേധയാ ഉ
ള്ളതായാലും, ജനതയുടെ ആത്മാവിനെത്തന്നെ നശിപ്പിക്കുന്നു. ഗ്രാ
മങ്ങളിലേക്കു ഞാൻ കൂടുതൽ കടന്നുചെല്ലുമ്പോൾ ഗ്രാമീണരുടെ ക
ണ്ണുകളിലെ വെറും ശൂന്യമായ നോട്ടം കണ്ടിട്ടു് എനിക്കു കൂടുതൽ
നടുക്കമുണ്ടാകുന്നു. മറെറാരു പ്രവൃത്തിയിലും ഏർപ്പെടാനില്ലാതെ
തങ്ങളുടെ കാളകൾക്കൊപ്പം വെറും ജോലിക്കാരായി വേലചെയ്യു
കകാരണം, അവർ മിക്കവാറും ആ മൃഗങ്ങളെപ്പോലെയായിട്ടുണ്ടു്.
ജനലക്ഷങ്ങൾ അവരുടെ കൈകളെ കൈകളായി ഉപയോഗിക്കാ
ത്തതു ഭീമമായ ഒരു ദുരന്തമായിത്തീർന്നിരിക്കയാണു്. മനുഷ്യരെന്ന
നിലയ്ക്കു് നമുക്കു സംഭാവന ചെയ്യപ്പെട്ടിട്ടുള്ള ഈ അനുഗ്രഹത്തെ
നാം കുററകരമായവിധത്തിൽ നഷ്ടപ്പെടുത്തുന്നതുകാരണം, ഭീകര
ഫലങ്ങൾ ഉളവാകത്തക്കവിധം പ്രകൃതി നമ്മോടു പ്രതികാരംചെ
യ്യുകയാണു്. ആ അനുഗ്രഹത്തെ തികച്ചും ഉപയോഗപ്പെടുത്താൻ
നാം വിസമ്മതിക്കുന്നു. കൈകളുടെ അതിവിശിഷ്ടമായ ഈ യാ
ന്ത്രികഘടനയാണു്, മററു ചില സവിശേഷതകളോടൊപ്പം നമ്മെ
മൃഗങ്ങളിൽനിന്നും വേർപെടുത്തുന്നതു്. നമ്മിൽ ലക്ഷക്കണക്കി
നാളുകൾ അതിനെ കാലുകളായിട്ടാണു് ഉപയോഗിക്കുന്നതു്. ഇ
തിൻെറ ഫലമായി പ്രകൃതി നമ്മുടെ ശരീരത്തോടൊപ്പം മനസ്സി
നെയും പട്ടിണിയിടുന്നു.

നെറികെട്ട ഈ പാഴ്ച്ചെലവു തടയാൻ ചർക്കയ്ക്കുമാത്രമേ കഴിയൂ.
സാമാന്യത്തിൽ കവിഞ്ഞ മുതൽമുടക്കോ, ബുദ്ധിസാമർത്ഥ്യമോ ഇ

86. Young India, 17-2-1927

digitized by www .sreyas.in

ല്ലാതെ ഇപ്പോൾത്തന്നെ അതു ചെയ്യാൻ നൂൽച്ചക്രത്തിനു സാധിക്കും. ഈ പാഴാക്കൽകാരണം നാം മിക്കവാറും ചേതന സ്തംഭിച്ച ഒരവസ്ഥയിലാണു ജീവിക്കുന്നതു്. അതിനെ പുനരുദ്ധരിക്കണമെങ്കിൽ, ഓരോ ഭവനത്തെയും ഓരോ നൂൽനൂല്പുശാലയായും ഓരോ ഗ്രാമത്തെയും ഓരോ നെയ്ത്തുശാലയായും രൂപാന്തരപ്പെടുത്തണം. അതോടൊപ്പം നാടൻകലയും നാടോടിസംഗീതവും ഉദ്ധരിക്കപ്പെടും. അരപ്പട്ടിണിക്കാരായ ഒരു ജനതയ്ക്കു് മതമോ കലയോ സംഘടനയോ ഉണ്ടാവുകയില്ല.

ചർക്കയെപ്പററി വിമർശിക്കുന്നവർ ഉന്നയിക്കുന്ന ഒരേ ഒരാക്ഷേപം അതു് ആദായകരമല്ലെന്നതാണു്. അതു ദിവസമൊന്നിനു ഒരു പൈസ മാത്രമാണു് ആദായമുണ്ടാക്കിത്തരുന്നതെങ്കിലും അതൊരാദായമായി നാം കണക്കാക്കണം; എന്തെന്നാൽ ഒരമേരിക്കക്കാരൻെറ പ്രതിദിനവരവു് ശരാശരി പതിന്നാലു രൂപയും ഒരു ഇംഗ്ലീഷുകാരൻേറതു് ആറു രൂപയുമായിരിക്കെ ഒരു ഇൻഡ്യാക്കാരൻെറ ശരാശരി വരവു് ആറു പൈസമാത്രമാണു്. ചർക്കാപ്രവർത്തനത്തിൻെറ ഉദ്ദേശ്യം ഇല്ലായ്മയിൽനിന്നും എന്തെങ്കിലും ഉണ്ടാക്കുക എന്നതാണു്. ചർക്കമുഖേന നമുക്കു മിച്ചംപിടിക്കാൻ കഴിയുന്ന അറുപതുകോടി രൂപ ദേശീയ സമ്പാദ്യത്തിനു് ഒരു വലിയ മുതൽക്കൂട്ടാണു്. ആ നടപടി മുഖേന നമ്മുടെ ഗ്രാമങ്ങളെ നാം സ്വയം സംഘടിതങ്ങളാക്കിത്തീർക്കുന്നു. ആ തുകയിൽ ഭൂരിഭാഗവും ഏററവും ദരിദ്രരുടെ ഇടയിൽ വിതരണം ചെയ്യപ്പെടുന്നതുകൊണ്ടു്, അതു് അത്രയും തുകയുടെ ന്യായമായ സമവിതരണത്തിനുള്ള ഒരു പദ്ധതിയായിത്തീരുകയും ചെയ്യുന്നു. അത്തരം വിതരണത്തിൻെറ സാന്മാർഗ്ഗികമൂല്യംകൂടി കണക്കു കൂട്ടുമ്പോൾ ചർക്കയുടെ കാര്യത്തിൽ എതിർപ്പിനു സ്ഥാനമില്ലാതായിത്തീരുന്നു.

## 87

ഖദർ എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നു മി. ശുക്ലത്തു്വാല ചോദിക്കുന്നു. അതു ലാളിത്യത്തിനുവേണ്ടി നിലകൊള്ളുന്നു, വൃത്തികേടിനായിട്ടല്ല. അതു പാവങ്ങൾക്കു യോജിച്ചതാണു്; പുരാതനകാലത്തെപ്പോലെ ധനികരുടെയും കലാരസികരായ സ്ത്രീപുരുഷന്മാരുടെയും ശരീരങ്ങളെ അലങ്കരിക്കത്തക്കവണ്ണം സംവിധാനം ചെയ്യപ്പെടാവുന്നതുമാണു്. പ്രാചീന കലകളെയും കരകൗശലങ്ങളെയും അതു പുനരുദ്ധരിക്കുന്നു. എല്ലാ യന്ത്രങ്ങളെയും നശിപ്പിക്കാൻ അതു് ഉദ്യമിക്കുന്നില്ല; എന്നാൽ ഇത്തിക്കണ്ണികൾ സമമായുള്ള അവയുടെ വളർച്ചയെ അതു നിയന്ത്രിക്കുന്നു. അതു ഏററ

87. Young India, 17-3-1927

digitized by www .sreyas.in

വും പാവപ്പെട്ടവർക്ക് അവരുടെ കുടിലുകളിൽ യന്ത്രത്തിന്റെ പ്രയോജനമുണ്ടാകുന്നു. ചക്രതന്നെ സുന്ദരമായ ഒരു യന്ത്രവിശേഷമാണു്.

ഖദർ നിർദ്ധനരെ ധനികരുടെ ബന്ധനത്തിൽനിന്നും മോചിപ്പിക്കുകയും, വർഗ്ഗങ്ങളും സമൂഹങ്ങളും തമ്മിൽ സദാചാരപരവും ആത്മീയവുമായ ഒരു കെട്ടുപാടുണ്ടാക്കുകയും ചെയ്യുന്നു. ധനികർ ദരിദ്രരിൽനിന്നും കൈവശപ്പെടുത്തിയിട്ടുള്ളതിന്റെ ഒരംശം അതു ദരിദ്രക്കു വീണ്ടെടുത്തുകൊടുക്കുന്നു.

ഖദർ ഒരൊററ കുടിൽവ്യവസായത്തിനുപോലും സ്ഥാനഭ്രംശം വരുത്തുന്നില്ല. നേരെമറിച്ച് അതു മററു ഗ്രാമീണവ്യവസായങ്ങളുടെ കേന്ദ്രമായിത്തീരുന്നു എന്നുള്ള അംഗീകാരം അതിനു ദിവസേന സിദ്ധിച്ചുകൊണ്ടിരിക്കുന്നു. വിധവയുടെ തകർന്ന ഭവനത്തിൽ അതു് ഒരാശ്വാസകിരണം വീശുന്നു.

അവർക്കു കഴിയുമെങ്കിൽ കൂടുതൽ സമ്പാദിക്കുന്നതിനെ അതു തടയുന്നില്ല. കുറേക്കൂടി നല്ല തൊഴിൽ അന്വേഷിക്കുന്ന വിഷയത്തിൽ അതു് ഒരുത്തർക്കും പ്രതിബന്ധമായി നില്ക്കുന്നില്ല. എന്തെങ്കിലും തൊഴിൽ വേണമെന്നുള്ളവർക്കു ഖദർ മാന്യമായ ഒരു തൊഴിൽ സംഭാവന ചെയ്യുന്നു. രാഷ്ട്രം അലസമാക്കിക്കളയുന്ന സമയത്തെ അതു പ്രയോജനപ്പെടുത്തുന്നു. കുറേക്കൂടി ആദായകരമായ തൊഴിൽ നല്കുന്നവരുടെ പ്രവൃത്തിയെപ്പററി ആ ബഹുമാന്യ സ്നേഹിതൻ അഭിമാനപുരസ്സരം പ്രതിപാദിക്കുന്നു; എന്നാൽ ഖദർ സ്വയമേവ അതു ചെയ്യുന്നുണ്ടെന്നു് അദ്ദേഹം അറിഞ്ഞിരിക്കട്ടെ. ഏതാനും പേരുടെ കീശകളിൽ രൂപയിടാതെ, പാവങ്ങളുടെ കീശയിൽ അണകൊണ്ടിടാൻ അതിനു കഴിയും. നഗരങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നവർ, അവർ പ്രശസ്തമായ ജോലി ചെയ്യുന്നുണ്ടെങ്കിലും, നമ്മുടെ പ്രശ്നത്തിന്റെ വക്കിൽമാത്രമേ സ്പർശിക്കുന്നുള്ളു. ഖദർ അതിന്റെ കേന്ദ്രത്തെത്തന്നെ സ്പർശിക്കുകയും, അങ്ങനെ മററു ഭാഗങ്ങളുംകൂടി അതിൽ നിർബ്ബന്ധിതമായി ഉൾപ്പെടുകയും ചെയ്യുന്നു.

അക്ഷമനായ ആ കമ്മ്യൂണിസ്റ്റിന്റെ കത്തു് ആദ്യവസാനം നഗരങ്ങളെ പുരസ്കരിച്ചുകൊണ്ടുള്ളതും, തന്മൂലം ഇൻഡ്യയെയും അതിലെ ഏഴു ലക്ഷം ഗ്രാമങ്ങളിൽമാത്രം കാണുന്ന ഇൻഡ്യൻ സ്ഥിതിഗതികളെയും വിഗണിച്ചുകൊണ്ടുള്ളതുമാണു്. അര ഡസനോളം വരുന്ന ആധുനിക നഗരങ്ങൾ ശരീരത്തിലെ മുഴപോലെയുള്ളവയും, ഇക്കാലത്തു് ഗ്രാമങ്ങളുടെ ജീവരക്തം ചോർത്തിയെടുക്കുക എന്ന ദുരുദ്ദേശം നിർവ്വഹിക്കുന്നതിനുമാത്രം ഉതകുന്നവയുമാകുന്നു. ആ ഉദ്ദേശ്യം പുനഃപരിശോധനചെയ്തു വിപരീതഫലം സംജാതമാക്കി നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ സൗഹൃദം സ്ഥാപിക്കു

digitized by www .sreyas.in

കയാണു് ഖദറിന്റെ ലക്ഷ്യം. ധിക്കാരപരമായ ദ്രോഹപ്രവൃത്തികളോടുകൂടിയ പട്ടണങ്ങൾ ഗ്രാമീണരുടെ ജീവനും സ്വാതന്ത്ര്യത്തിനും നിരന്തരശല്യമാണു്.

ഏററവും വലിയ സംഘടനാശക്തി ഖദറിൽ അന്തർലീനമായിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ, അതിനു് അതിനെത്തന്നെ സംഘടിപ്പിക്കേണ്ടതുണ്ടു്; അതു് ഇൻഡ്യയെ മുഴുവൻ ബാധിക്കുന്നതുമാണു്. ഖദർ, മഴപോലെ സ്വർഗ്ഗത്തിൽനിന്നു് വീണിരുന്നുവെങ്കിൽ, അതൊരു നാശമാകുമായിരുന്നു. എന്നാൽ, പട്ടിണികിടക്കുന്ന ജനലക്ഷങ്ങളുടേയും ഇടത്തരക്കാരായ ആയിരമായിരം സ്ത്രീപുരുഷന്മാരുടേയും ഹൃദയപൂർവ്വമായ സഹകരണംകൊണ്ടു മാത്രമേ അതു നിർമ്മിക്കാൻ സാധിക്കൂ എന്നതുകൊണ്ടു്, അതിന്റെ വിജയത്തിനു് സമാധാനപരമായ മാർഗ്ഗത്തിലൂടെ വിഭാവന ചെയ്യാവുന്ന ഉത്തമമായ സംഘടന എന്നാണർത്ഥം. പാചകവൃത്തി പുനരുജ്ജീവിപ്പിക്കേണ്ടിവരുകയും അതിനും ഇതേ സംഘടന ആവശ്യമായിവരുകയും ചെയ്തിരുന്നെങ്കിൽ, ഖദറിനുണ്ടെന്നു് ഞാൻ അവകാശപ്പെടുന്ന അതേ മേന്മതന്നെ അതിനുമുണ്ടെന്നു ഞാൻ അവകാശപ്പെടും.

## 88

നമ്മുടെ രാജ്യത്തെ പ്രതിദിന പ്രതിശീർഷവരുമാനം എത്രയാണെന്നു് നിങ്ങൾക്കറിയാമോ? അതു് ഒന്നര അണയാണെന്നു്—ഇതും തെററിദ്ധരിപ്പിക്കുന്നതാണെങ്കിലും—നമ്മുടെ സാമ്പത്തികശാസ്ത്രജ്ഞർ പറയുന്നു. ഒരു നദിക്കു ചിലേടങ്ങളിൽ ആറടിയും മററു ചിലേടങ്ങളിൽ രണ്ടടിയും ആഴമുണ്ടെന്ന വസ്തുത മുൻനിർത്തി, അതിന്റെ ശരാശരി ആഴം നാലടിയാണെന്നു കണക്കാക്കി ഒരാൾ അതു് ഇറങ്ങിക്കടക്കാൻ ഒരുമ്പെട്ടാൽ, അയാൾ മുങ്ങിച്ചാവില്ലേ? ഇങ്ങനെയാണു് സ്ഥിതിവിവരക്കണക്കുകൾ നമ്മെ വഴിതെററിക്കുന്നതു്. പാവപ്പെട്ടവന്റേയും, വൈസ്റോയിയുടെയും, കോടീശ്വരന്മാരുടേയും ആദായക്കണക്കുകളിൽനിന്നാണു് ശരാശരി വരുമാനം കണക്കാക്കിയിരിക്കുന്നതു്. അതുകൊണ്ടു്, ശരിയായ പ്രതിശീർഷവരുമാനം കഷ്ടിച്ചു മുക്കാൽ അണയായിരിക്കും. ഈ നിലയ്ക്കു്, ഞാൻ ചർക്കയുടെ സഹായത്തോടുകൂടി ആ വരുമാനം മുക്കാൽ അണകണ്ടെങ്കിലും വർദ്ധിപ്പിക്കുകയാണെങ്കിൽ, ചർക്കയെ ഞാൻ എന്റെ കാമധേനുവെന്നു വിളിക്കുന്നതു ശരിയല്ലേ? ഇന്ത്യയിൽ ദാരിദ്ര്യമില്ലെന്നു്, ദിവസംതോറും ഏതാനും കാലണത്തുട്ടുകളെങ്കിലും കിട്ടാത്തതുകൊണ്ടു് പട്ടിണികിടക്കുന്നവർ ഇന്ത്യയിലില്ലെന്നു്, എന്നെ ആരെങ്കിലും വിശ്വസിപ്പിക്കുകയാണെങ്കിൽ,

88. Young India, 17-3-1927 (Khadi, P. 6)

digitized by www .sreyas.in

എനിക്കു തെററുപററിയെന്നു് ഞാൻ സമ്മതിക്കാം; ചർക്കയെ നശിപ്പിക്കുകയും ചെയ്യാം.

## 89

അഭ്യസ്തവിദ്യരായ വിഭാഗക്കാരുടെ മുമ്പാകെ ഞാൻ ചർക്കയുടെ സാമ്പത്തികവശം അവതരിപ്പിക്കുന്നില്ല. അതിന്റെ ആദ്ധ്യാത്മികവശം മനസ്സിലാക്കാൻമാത്രം ഞാൻ അവരോടാവശ്യപ്പെടുന്നു. നൂൽനൂല്ക്കുകയും ഖാദിമാത്രം ധരിക്കുകയും ചെയ്യുന്നതുകൊണ്ടു്, ദരിദ്രരോടുള്ള സഹഭാവം അവർക്കു് വ്യക്തമാക്കാം. എന്നാൽ, ദരിദ്രരേസംബന്ധിച്ചിടത്തോളം സാമ്പത്തികംതന്നെയാണു് ആദ്ധ്യാത്മികം. പട്ടിണികിടക്കുന്ന ആ ദശലക്ഷങ്ങളോടു് മറെറാരഭ്യർത്ഥനയും ചെയ്യാൻ നിങ്ങൾക്കു സാദ്ധ്യമല്ല.

## 90

ഇൻഡ്യയെ മെനിൻജൈററിസ് രോഗം ബാധിച്ചിരിക്കുന്നു; അതിനുവേണ്ട ശസ്ത്രക്രിയ ചെയ്തു് ആ ദരിദ്രലക്ഷങ്ങൾക്കു് എന്തെങ്കിലും പ്രയോജനം കൈവരുത്തണമെന്നു നിങ്ങൾക്കു് ഉദ്ദേശ്യമുണ്ടെങ്കിൽ, അതു ഖാദിമുഖേന മാത്രമേ സാധിക്കൂ. ആത്മീയപ്രവണതയുള്ള ജനങ്ങളെന്നനിലയ്ക്കു്, നിങ്ങൾ നിങ്ങളെക്കാൾ ഭാഗ്യം കുറഞ്ഞവരും അത്യാവശ്യച്ചെലവുകൾക്കോ വസ്ത്രധാരണത്തിനോ പോലും പാങ്ങില്ലാത്തവരുമായ ജനങ്ങളെപ്പററി ചിന്തിക്കുകയും, അവരുമായി വേർപെടാൻ കഴിയാത്ത ബന്ധമുണ്ടായിരിക്കണമെന്നു വിചാരിക്കുകയും ചെയ്യുമെങ്കിൽ, അതിലേക്കു ഖാദിയല്ലാതെ മററു മാർഗ്ഗമില്ലെന്നു ഞാൻ വീണ്ടും പറയുന്നു. എന്നാൽ അതു കക്കശമായിത്തോന്നിയേക്കാം; കാരണം അതൊരു പുതിയ സംഗതിയാണു്, സങ്കല്പസ്ഥിതവും പലരും കരുതുന്നതുപോലെ, ദിവാസ്വപ്നസന്നിഭവുമാണു്. ഞാൻ അല്പം മുമ്പു പറഞ്ഞ വെല്ലൂരിലെ മതപ്രചാരകനായ എന്റെ സ്നേഹിതൻ ഞങ്ങളുടെ സംഭാഷണാവസാനത്തിൽ എന്നോടു ചോദിച്ചതു് ''എന്നാൽ നിങ്ങൾക്കു് ആധുനികപുരോഗതിയുടെ പ്രയാണത്തെ തടയാൻ സാധിക്കുമോ? നാഴികമണിയുടെ സൂചികളെ പുറകോട്ടു നടത്താനും, ഖാദിപ്രവർത്തനത്തിലേർപ്പെട്ടു് വെറും തുച്ഛമായ പ്രതിഫലം പററിക്കൊള്ളാൻ നിങ്ങളുടെ ആളുകളെ പ്രേരിപ്പിക്കാനും നിങ്ങൾക്കു കഴിയുമോ?'' എന്നാണു്. ഈ സ്നേഹിതൻ തന്റെ ഇൻഡ്യയെക്കുറിച്ചു ശരിക്കു് അറിഞ്ഞിട്ടില്ല എന്നുമാത്രമേ എനിക്കു പറയാനുള്ളു. വെല്ലൂരിലെ യോഗംകഴിഞ്ഞു ഞാൻ ആർക്കാട്ടിലും ആമ്പൂരിയിലും പോയി. അ

---

89. Young India, 5-5-1927

90. Young India, 15-9-1927 (മദ്രാസ് വൈ. എം. സി. എ.യിൽ ചെയ്ത ഒരു പ്രസംഗം)

വിടത്തെ ജനങ്ങളെ കൂടുതലായി അറിയാൻ എനിക്കു കഴിഞ്ഞി ല്ലെങ്കിലും അവർ എന്നെക്കാരം മോശമായി വസ്ത്രധാരണം ചെയ്യ വരായിരുന്നു എന്നു ഞാൻ ഉറപ്പുപറയുന്നു. അത്തരക്കാരെ, കുറച്ചൊ ന്നുമല്ല, പതിനായിരക്കണക്കിനാണു ഞാൻ കണ്ടതു്. ആധുനിക പുരോഗതിയെപ്പററി അവരോടു് സംസാരിച്ചുനോക്കുക. ദൈവ ത്തിന്റെ പേരു അവരോടു പറയുന്നതു വ്യർത്ഥമാണു്. ആ വിധ ത്തിൽ അവരെ ആകർഷിക്കാമെന്നേയുള്ളൂ. ദൈവത്തെപ്പററി സം സാരിച്ചാൽ എന്നെയും നിങ്ങളെയും അവർ പിശാചുക്കളെന്നു വി ളിക്കും. അവർക്കു ദൈവത്തെപ്പററി എന്തെങ്കിലും അറിവുണ്ടെ ങ്കിൽ, അതു ഭീകരനും പ്രതികാരതല്പരനും ദയാഹീനനുമായ ഒരു ക്രൂരഭരണാധികാരി എന്ന നിലയിലാണു്. സ്നേഹമെന്നാൽ എ ന്തെന്നു് അവക്കു് അറിയാൻ പാടില്ല. അവക്കുവേണ്ടി നിങ്ങരം ക്കു് എന്തുചെയ്യാൻ കഴിയും? ഉല്ലാസവതികളായ ഈ സഹോദരി മാരെ (ആ സദസ്സിലുള്ള സ്ത്രീകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) അ വർ ഇപ്പോരം ഉപയോഗിച്ചുവരുന്ന പട്ടുസാരികളുപേക്ഷിച്ചു് മര വിച്ച മുരടൻ കൈകരംകൊണ്ടു നെയ്യുന്ന ഖാദിസാരികരം ധരിപ്പി ക്കുക ശ്രമസാദ്ധ്യമാണു്. ഖാദി പരുക്കനാണു്! ഭാരം കൂടുതലുള്ള താണു്! പട്ടു വളരെ മൃദുവാണു്. അവക്കു് ഒമ്പതു ഗജം പട്ടുവസ്ത്രം ധരിക്കാം; എന്നാൽ അത്രയും നീളം ഖാദി ധരിക്കാൻ സാദ്ധ്യ മല്ല. ഒറീസ്സായിലെ പാവപ്പെട്ട സഹോദരിമാക്കു സാരിയേ ഇല്ല; അവർ കീറത്തുണികളാണു ധരിക്കുന്നതു്. സഭ്യതയ്ക്കു യോജിക്കാ ത്ത രീതി അവക്കില്ല; നമുക്കു് അതുണ്ടെന്നു ഞാൻ ഉറപ്പുപറയു ന്നു. നാം വസ്ത്രം ധരിക്കുന്നെങ്കിലും നഗ്നരാണു്; അവർ നഗ്നരാ ണെങ്കിലും വസ്ത്രംധരിച്ചവരാണു്. ഈ കാരണങ്ങളാലാണു് ഞാൻ നാടൊട്ടുക്കു് അലഞ്ഞുനടക്കുന്നതു്. നമ്മുടെ ജനങ്ങളെ ഉന്മേഷവാ ന്മാരാക്കി, അവരിൽ പ്രേരണചെലുത്താൻ ഞാൻ ശ്രമിക്കുന്നു.

ഇൻഡ്യയിലെ ഓരോ സ്ത്രീയും പുരുഷനും അവരവരുടെ ച ക്രയിൽ പ്രവർത്തിക്കുന്നതുവരെ എനിക്കു സന്തുഷ്ടനാവാൻ സാദ്ധ്യ മല്ല. കുറേക്കൂടി നല്ലതായ ഒന്നു കണ്ടുപിടിക്കാൻ കഴിയുമെങ്കിൽ ആ ചക്രം ചുട്ടുകളയുക. ജനലക്ഷങ്ങരംക്കു് അവരുടെ ആവശ്യങ്ങരം വീട്ടിലിരുന്നുതന്നെ നിവ്വഹിക്കുന്നതിനുതകുന്ന ജോലി ഈ നൂൽ നൂല്പു മാത്രമാണു്. അതു് ഒരു മഹത്തായ കൃത്യമാണു്. എനിക്കു് അതു നിർവ്വഹിക്കാൻ കഴിവില്ലെന്നറിയാം; ദൈവത്തിനു് അതു സാധിക്കുമെന്നും അറിയാം. ഏററവും ഗംഭീരവും ശക്തിമത്തുമായ കാര്യംപോലും, വേണമെന്നു തോന്നിയാൽ, അദ്ദേഹത്തിനു് നി സ്സാരമാണു്. കണ്ണടച്ചുതുറക്കുന്നതിനുമുമ്പു് അദ്ദേഹത്തിനു സർവ്വവും സംഹരിക്കാൻ കഴിയുമെന്നുള്ളതു്, ഈയിടെ ആയിരക്കണക്കിനു ഭവനങ്ങളെ ഗുജറാത്തിലും, ഏതാനും വർഷങ്ങരംക്കുമുമ്പു് ആയിര ക്കണക്കിനു ഭവനങ്ങളെ തെക്കേ ഇൻഡ്യയിലും നശിപ്പിച്ചതിൽ

digitized by www .sreyas.in

നിന്നും സ്പഷ്ടമാണല്ലോ. ഖാദിയുടെയും ചക്രയുടെയും ഈ സന്ദേശം, ദൈവത്തിലും അദ്ദേഹത്തിന്റെ സൃഷ്ടിയായ മനുഷ്യനിലുമുള്ള ഉറച്ച വിശ്വാസത്തോടെ, ഞാൻ വഹിക്കുന്നു. നിങ്ങൾ ഇന്ന് എന്നെ പരിഹസിച്ചേക്കും; ഇത് ഒരു കെട്ട സംഗതിയാണെന്നും പറഞ്ഞേക്കും. നിങ്ങൾക്ക തോന്നുന്നെങ്കിൽ എന്നെ അവിശ്വസിക്കാം; ഞാൻ ഖാദി പ്രചരിപ്പിക്കാൻ പുറപ്പെട്ടിരിക്കുന്ന ഒരു രാഷ്ട്രീയതന്ത്രശാലിയാണെന്നും, എന്റെ പക്കൽ എന്തോ രഹസ്യങ്ങൾ ഉണ്ടെന്നും നിങ്ങൾ പറഞ്ഞേക്കും. എന്നെയും എന്റെ സന്ദേശത്തെയും നിങ്ങൾ ദുർവ്യാഖ്യാനം ചെയ്യാനിടയുണ്ട്. നിങ്ങൾ ഇങ്ങനെ പറഞ്ഞേക്കും:

''ഇക്കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ശേഷിയും ധനസ്ഥിതിയും ഞങ്ങൾക്കില്ല.'' നിങ്ങൾക്ക് വാദങ്ങൾകൊണ്ട് എന്നെ പുറകോട്ട പായിക്കാനും നിശ്ശബ്ദനാക്കാനും സാധിക്കുമെന്ന് എനിക്കറിയാം. എന്നാൽ ദൈവത്തിൽ ഉറച്ച വിശ്വാസമുള്ളിടത്തോളംകാലം, എനിക്ക നിങ്ങളിലുള്ള വിശ്വാസവും നഷ്ടപ്പെടുകയില്ല. ആ വിശ്വാസം ഉപേക്ഷിക്കാൻ കഴിയാത്തതുകൊണ്ട് എനിക്ക ഖാദിയുടെയും ചക്രയുടേയും സന്ദേശത്തിലുള്ള ഉറച്ച വിശ്വാസം ഉപേക്ഷിക്കാനും സാദ്ധ്യമല്ല.

എന്റെ ഹൃദയം നിങ്ങളുടെ മുമ്പിൽ അനാവരണം ചെയ്യുന്നതിലും ഖാദിസന്ദേശത്തിന്റെ അടിത്തട്ടിലുള്ള ആദ്ധ്യാത്മികവശം നിങ്ങൾക്ക കാണിച്ചുതരുന്നതിലും ഞാൻ ഇതുവരെ വിജയിച്ചിട്ടില്ലെങ്കിൽ, ഇനി ഒരിക്കലും വിജയിക്കുമെന്ന തോന്നുന്നമില്ല. എനിക്ക പറയാനുള്ളത് ഞാൻ വിജയം നേടാൻ നിശ്ചയിച്ചിരിക്കുന്ന എന്നുമാത്രമാണ്. ശരിക്കുള്ള സന്ദേശം പുറപ്പെടുവിക്കാൻ എന്റെ നാവിന കഴിവില്ലായിരിക്കാം. ദൈവം അതെല്ലാം ചെയ്തുകൊള്ളും; ആ നാമധേയത്തിലാണ് ഞാൻ ഈ സന്ദേശം നിങ്ങൾക്ക സംഭാവന ചെയ്തിട്ടുള്ളത്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## 91

ചക്രയിൽ യഥാർത്ഥ വിശ്വാസമില്ലാതെ വെറും വാക്കുകൾകൊണ്ടുള്ള അനുഭാവപ്രകടനവും, രക്ഷാധികാരിഭാവത്തിൽ നൽകപ്പെടുന്ന ഏതാനും നാണയങ്ങളുംകൊണ്ട് സ്വരാജ് ലഭ്യമാവുകയോ, അദ്ധ്വാനിക്കുന്ന അവശലക്ഷങ്ങളെ സംബന്ധിക്കുന്ന ദാരിദ്ര്യപ്രശ്നം പരിഹരിക്കപ്പെടുകയോ ചെയ്യുകയില്ല. എന്റെ പ്രസ്താവന തിരുത്തേണ്ടിയിരിക്കുന്നു. അദ്ധ്വാനിക്കുന്ന ലക്ഷങ്ങൾ

---

91. Young India, 15-9-1927 (Selections from Gandhi, pp. 57—58)

digitized by www .sreyas.in

എന്നു ഞാൻ പറഞ്ഞു; അതൊരു യഥാർത്ഥ വിവരണമായി പരിണമിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. നിർഭാഗ്യവശാൽ നമ്മുടെ വസ്ത്രധാരണം സംബന്ധിച്ച അഭിരുചിയിൽ നാം യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല; അതുകാരണം നമ്മുടെ പട്ടിണിക്കാരായ ജനലക്ഷങ്ങൾക്ക് ആണ്ടുമുഴുവൻ പ്രയത്നിക്കാനുള്ള സൗകര്യം ഇല്ലാതായിത്തീർന്നു. ആണ്ടിൽ നാലുമാസക്കാലമെങ്കിലും അവർക്കാവശ്യമില്ലാത്ത നിർബ്ബന്ധിതവിശ്രമകാലം നാം അവരിൽ ചുമത്തിയിരിക്കുന്നു. ഇതു് എന്റെ സങ്കല്പസൃഷ്ടിയല്ല; ജനസാമാന്യത്തിന്റെ മദ്ധ്യത്തിൽ സഞ്ചരിച്ചിട്ടുള്ള നിങ്ങളുടെ നാട്ടുകാർ നല്കുന്ന തെളിവു് നിങ്ങൾ തിരസ്കരിക്കുകയാണെങ്കിൽ, ഇതു പല ഇംഗ്ലീഷ് ഭരണകർത്താക്കളും ആവർത്തിച്ച പറഞ്ഞിട്ടുള്ള ഒരു സത്യമാണു്. അതുകൊണ്ടു ഞാൻ ഈ പണക്കിഴിയെടുത്തു പട്ടിണി കിടക്കുന്ന നമ്മുടെ സഹോദരിമാൾക്കു് വിതരണംചെയ്താൽ, ആ പ്രശ്നത്തിനു പരിഹാരമുണ്ടാവുകയില്ല. നേരേമറിച്ചു് അതു് അവരുടെ ആത്മാവിനെ കൂടുതൽ ദരിദ്രമാക്കാനേ ഉപകരിക്കൂ. അവർ യാചകരാവുകയും, അന്യന്റെ ഔദാര്യത്തെ ആശ്രയിച്ചു ജീവിക്കുന്ന ശീലം അഭ്യസിക്കുകയും ചെയ്യും. ഭിക്ഷതെണ്ടി കാലം കഴിക്കാൻ പഠിക്കുന്ന ഒരു പുരുഷനെയോ സ്ത്രീയെയോ ജനതയെയോ ദൈവംതന്നെ അതിൽനിന്നു പിന്തിരിപ്പിച്ചു രക്ഷിക്കട്ടെ. നിങ്ങളും ഞാനും ചെയ്യേണ്ടതു നമ്മുടെ ആ സഹോദരിമാൾക്കു് അവരുടെ വീട്ടിലിരുന്നു കാലം കഴിക്കത്തക്കവണ്ണമുള്ള തൊഴിൽ ഉണ്ടാക്കിക്കൊടുക്കുകയാണു്; *ഇതൊന്നുമാത്രമാണു് അവർക്കായി സംഭാവനചെയ്യാവുന്ന തൊഴിൽ. അതു് അന്തസ്സുള്ളതും സത്യസന്ധവുമാണു്; അവർക്കു മതിയാകുന്നതുമാണു്. ഒരണ നിങ്ങൾക്കു സാരമില്ലായിരിക്കും. രണ്ടുമൂന്നു മൈൽ നടന്നു ശരീരത്തിനു വ്യായാമം നല്കുന്നതിനു പകരം ട്രാമിൽ കയറി അലസമായിരിക്കുന്നതിനു വേണ്ടി നിങ്ങൾ ആ ഒരണ വലിച്ചെറിഞ്ഞേക്കും. എന്നാൽ ആ തുക ഒരു പാവപ്പെട്ട സഹോദരിയുടെ കീശയിൽ വീണാൽ ഫലപ്രദമാകും. അതിനു വേണ്ട ജോലി അവർ ചെയ്യുന്നു; അവരുടെ പാവനഹസ്തങ്ങൾകൊണ്ടു നൂല്ക്കുന്നതും ഒരു ചരിത്രം പിന്നിലുള്ളതും സുന്ദരവുമായ നൂൽ അവർ എനിക്കു തരുന്നു. ആ നൂലു്, രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ധരിക്കാനുള്ള വിശിഷ്ട വസ്ത്രം നെയ്യാനുള്ളതാണു്. ഒരു കഷണം കാലിക്കോത്തുണിക്കു പിമ്പിൽ അത്തരം ചരിത്രമൊന്നും ഇല്ല. ഈ വിഷയം എനിക്കു വളരെ വലുതാണു്; പ്രായേണ എന്റെ സമയം മുഴുവൻ ഇതിനു വേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുകയുമാണു്. എങ്കിലും ഈ ഒരൊററ വിഷയത്തിനായി ഇനിയും നിങ്ങളുടെ സമയം മുഴുവൻ മിനക്കെടുത്താൻ ഞാനുദ്ദേശിക്കുന്നില്ല.

---

* നൂൽനൂൽപ്പു്.

digitized by www .sreyas.in

## 92

എൻെറ വിനീതമായ അഭിപ്രായത്തിൽ, ഖാദിതത്ത്വത്തെ അടിസ്ഥാനമാക്കി നാം വസ്ത്രധാരണം ചെയ്യുന്നതിൽ കവിഞ്ഞ ഒരു മാർഗ്ഗം ആ തത്ത്വത്തെ ഉദാഹരിക്കാൻ നമുക്കില്ലതന്നെ. ഞാൻ എടുത്തുപറയുന്ന പ്രത്യേകത ശ്രദ്ധിക്കണം. ഖാദി ധരിക്കുന്നതുകൊണ്ടു നന്ദൻെറ തത്ത്വം നമുക്കു ദൃഷ്ടാന്തീകരിക്കാമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഖാദിതത്ത്വം ഗ്രഹിച്ചാൽ മാത്രമേ ഉദ്ദിഷ്ടഫലം ഉണ്ടാവൂ. തെമ്മാടിയും വേശ്യയും ഖദർ ധരിക്കണമെന്നു നാം പ്രതീക്ഷിക്കുന്നു. നമ്മോടൊപ്പം ഈ നാട്ടിലുള്ള ഗോതമ്പും അരിയും അവരും ഭക്ഷിക്കുന്നതുപോലെ, ഏതെങ്കിലും വസ്ത്രവും അവർ ധരിക്കേണ്ടതുണ്ടല്ലോ. എന്നാൽ ഖാദിതത്ത്വം എന്നു പറയുന്നതു ഖാദി ധരിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വമാണെന്നു നാം ശരിക്കു മനസ്സിലാക്കണം. ഓരോ പ്രഭാതത്തിലും നാം വീട്ടിനു പുറത്തുപോകാനായി ഖാദി ധരിക്കുമ്പോൾ ദരിദ്രനാരായണൻെറ പേരിൽ ഇൻഡ്യയിലെ ലക്ഷക്കണക്കിനുള്ള പട്ടിണിപ്പാവങ്ങൾക്കുവേണ്ടിയാണു് അതു ധരിക്കുന്നതെന്നുള്ള സ്മരണ നമുക്കുണ്ടാകണം. ഖാദിതത്ത്വം നമ്മുടെ ഉള്ളിലുറച്ചാൽ ജീവിതത്തിലെ ഓരോ പ്രവൃത്തിപഥത്തിലും നാം ലാളിത്യം പരിശീലിക്കും. ഖാദിതത്ത്വത്തിൻെറ അർത്ഥം അനന്തമായ ക്ഷമ എന്നാണു്. ഖാദിയുടെ ഉല്പാദനത്തെപ്പററി എന്തെങ്കിലും അറിയാവുന്നവർക്കു് നൂൽനൂല്പുകാരും നെയ്ത്തുകാരും എത്ര ക്ഷമയോടുകൂടി അവരുടെ തൊഴിലിൽ പ്രവർത്തിക്കുന്നു എന്നറിയാം; അതുപോലെ സ്വരാജിൻെറ നൂലുനൂല്ക്കുമ്പോൾ നമ്മളും ക്ഷമാശീലരായിരിക്കണം. അതിനു തുല്യമായ ഉറച്ച വിശ്വാസവും ഖാദിതത്ത്വത്തിൽ അന്തർഭവിക്കുന്നു. ചർക്കയിൽ അദ്ധ്വാനിക്കുന്ന ഒരു നൂൽനൂല്പുകാരനു്, താനുണ്ടാക്കുന്ന നൂലിൻെറ അളവു് എത്ര ചെറുതായാലും, അക്കണക്കിനുള്ള കുറെ നൂൽ ഒരുമിച്ചുചേരുമ്പോൾ ഇൻഡ്യാക്കാർക്കെല്ലാം വസ്ത്രധാരണത്തിനു വേണ്ട തുണി നിർമ്മിക്കാൻ സാധിക്കുന്നു എന്നുള്ള നിസ്സീമമായ വിശ്വാസം ഉണ്ടാകുന്നു; അതുപോലെ സത്യത്തിലും അഹിംസയിലും അളവററ വിശ്വാസമുണ്ടായാൽ നമ്മുടെ മാർഗ്ഗത്തിലുണ്ടാകുന്ന എല്ലാ പ്രതിബന്ധങ്ങളെയും നമുക്കു ജയിച്ചു കീഴടക്കാൻ സാധിക്കും.

ഖാദിയിലടങ്ങിയിരിക്കുന്ന തത്ത്വം ഭൂമിയിലുള്ള ഓരോ മനുഷ്യജീവിയോടുമുള്ള അനുഭാവമാണു്. നമ്മുടെ സഹജീവികൾക്കു് ഉപദ്രവകരമായ സകലതും പരിത്യജിക്കുക എന്നാണു് അതിനർത്ഥം. ആ മനോഭാവം ലക്ഷക്കണക്കിനുള്ള നമ്മുടെ രാജ്യവാസികളുടെയിടയിൽ വളർത്താൻ കഴിഞ്ഞാൽ നമ്മുടെ ഈ ഇൻഡ്യാ

---

92. Young India, 22-9-1927

digitized by www .sreyas.in

രാജ്യം ഏതുവിധമായിരിക്കുമെന്നോ! ഞാൻ ഈരാജ്യത്ത് കൂടുതൽ സഞ്ചരിക്കുകയും സംഗതികൾ നേരിൽക്കാണുകയും ചെയ്യുന്തോറും ചർക്കയുടെ പ്രഭാവത്തിലുള്ള എന്റെ ഉറച്ച വിശ്വാസം പ്രബലപ്പെട്ടുവരികയാണ്. രാമനാമജപത്തിന്റെ പ്രഭാവത്തെക്കുറിച്ച് ബുദ്ധിപരമായി നാം യുക്തിവിചാരം ചെയ്യുകയാണെങ്കിൽ, ഹൃദയത്തെ തൃപ്തിപ്പെടുത്താൻ ബുദ്ധിശക്തിക്കു കഴിവില്ലാതെവന്നേക്കും; എന്നാൽ രാമനാമം ജപിക്കുന്ന പാരമ്പര്യം നമുക്കു നല്കിയ ഋഷിമാർ മഠയന്മാരോ, ബുദ്ധിശൂന്യരോ ആയിരുന്നുവെന്നു കരുതുന്ന ഒരാൾപോലും ഈ സദസ്സിലുണ്ടാവുമെന്ന് എനിക്കു തോന്നുന്നില്ല. അതുപോലെ ഖാദിമനോഭാവത്തിലും ഞാൻ ഇപ്പോൾ വിവരിച്ച പ്രഭാവങ്ങളെല്ലാം അടങ്ങിയിരിക്കുന്നു എന്നു ഞാൻ നിങ്ങളെ അറിയിക്കുന്നു. എന്നാൽ അതിന് ആധാരമായി ഒരു പാധിയുണ്ടെന്നു ഞാൻ സമ്മതിക്കുന്നു—ആ മനോഭാവത്തിന്റെ ആവിഷ്കരണത്തോടു ബന്ധപ്പെട്ട ഒരുപാധി. രാമനാമം നമുക്കുപദേശിച്ചുതന്നവരുടെ അനുപമമായ തപശ്ചര്യാഫലമായി അതു നമ്മുടെ മനസ്സിൽ ഒരു സജീവശക്തിയായിത്തീർന്നതുപോലെയാണ് ഖാദിപ്രസ്ഥാനത്തിന്റെ സംഗതിയിലും സംഭവിക്കുന്നത്, എന്നുള്ളതാണ് ആ ഉപാധി. ഖാദിപ്രവർത്തകരുടെ തപശ്ചര്യ അതിനും ഉണ്ടായിരിക്കണം. ഖാദിക്കുവേണ്ടി തങ്ങളുടെ ജീവിതം സമർപ്പിച്ചിട്ടുള്ളവർ ജീവിതപരിശുദ്ധിയിൽ സദാ നിർബന്ധമുള്ളവരല്ലെങ്കിൽ ആ പ്രസ്ഥാനം വഹിക്കുന്ന ദുർഗ്ഗന്ധം നമ്മുടെ നാട്ടുകാരുടെ നാസാരന്ധ്രങ്ങളെ അസഹ്യപ്പെടുത്തുമെന്നുള്ളത് ഓരോ നിമിഷവും എനിക്കു ബോദ്ധ്യപ്പെട്ടിട്ടുള്ള പരമാർത്ഥമാണ്. ഖാദിക്കു മററു വാണിജ്യസാധനങ്ങളോട്, അവയുടെ രംഗത്തിൽ, അവയുടെതന്നെ വ്യവസ്ഥകളനുസരിച്ച്, മത്സരിച്ചു ജയിക്കുക സാദ്ധ്യമല്ലെന്ന് എനിക്കറിയാം. സത്യാഗ്രഹം അതുല്യവും സാധാരണമായി ആളുകളുപയോഗിച്ചുവരുന്നവയിൽനിന്നും വ്യത്യസ്തവുമായ ഒരു ആയുധമായിരിക്കുന്നതുപോലെ, ഖാദിയും ഒരപൂർവ്വ വാണിജ്യച്ചരക്കാണ്. മററു സാധനങ്ങൾക്കു ബാധകമായ വ്യവസ്ഥയിൽ അതിനു വിജയിക്കാൻ സാദ്ധ്യമല്ല; ഞാൻ ഇവിടെ ഇരിക്കുന്നു എന്നുള്ളത് എനിക്കു നിശ്ചയമായി അറിയാവുന്നതുപോലെ, ഖാദി ഒരു അപൂർവ്വസാധനമാണെന്നും അത് ഇന്ന് ഇൻഡ്യയിലുള്ള മററു സാധനങ്ങളെ പിന്നിലാക്കുമെന്നും എനിക്കു നിശ്ചയമുണ്ട്. അതുകൊണ്ട് ഈ ഖാദിപ്പണക്കിഴികളിൽ ഞാൻ ആഹ്ലാദിക്കാത്തതിന്റെ കാരണം നിങ്ങൾ ഗ്രഹിച്ചിരിക്കാനിടയുണ്ട്. എനിക്കു ഖാദിയിലുള്ള വിശ്വാസത്തിന്റെ പത്തിലൊന്നു നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളുടെ സുഭിക്ഷതയിൽനിന്ന് ഇരുനൂറും രണ്ടായിരവും വീതം നല്കയല്ല, പിന്നെയോ, ഖാദിക്ക് ഇനി പണത്തിന്റെ ആവശ്യമില്ല എന്ന സ്ഥിതി കൈവരുത്തി എന്നെ തൃപ്തിപ്പെടുത്തുകയാണു വേണ്ടത്,

digitized by www .sreyas.in

## 93

വിദേശവസ്ത്രബഹിഷ്കരണപ്രസ്ഥാനത്തിൽ, രാഷ്ട്രത്തിനനുകൂലമായ വ്യവസ്ഥയിൽ, മില്ലുടമകളുടെ സഹകരണം നേടാമെന്ന വ്യാമോഹത്തോടെ അവരുടെ മുമ്പിൽ കഴഞ്ഞാടുന്ന എന്റെ വിഫലശ്രമത്തെ താക്കീതുചെയ്തുകൊണ്ടു് ഖാദിപ്രേമികൾ എനിക്കു് ഉർജ്ജിതമായി എഴുതിക്കൊണ്ടിരിക്കുന്നു. അവരുടെ താക്കീതിന്റെ ഉദ്ദേശം ഞാൻ ശരിക്കു മനസ്സിലാക്കുന്നു. അവരിൽ ചിലർ ഖാദിപ്രസ്ഥാനത്തിൽ പരിചയവും പക്വതയും സിദ്ധിച്ചവരാണു്. എന്നിരുന്നാലും മില്ലുടമകൾക്കു് ഈ ദേശീയവീക്ഷണം സ്വീകാര്യമായിത്തോന്നുന്ന ഒരു കാലം ഉണ്ടാകുമെന്നുള്ള എന്റെ ആശ ഞാൻ കൈവിടുന്നില്ല. അഹിംസയിൽ ഒരു തികഞ്ഞ വിശ്വാസി എന്ന നിലയ്ക്കു്, ഓരോ ഇംഗ്ലീഷുകാരനെയും ഇൻഡ്യയുടെ നന്മയ്ക്കായുള്ള ഇൻഡ്യൻമനോഭാവത്തിലേയ്ക്കു പരിവർത്തനം ചെയ്യിക്കാൻ എനിക്കു കിട്ടുന്ന അവസരങ്ങളൊന്നും ഞാൻ പാഴാക്കാത്തതുപോലെ, മില്ലുടമകളെയും ദേശീയവീക്ഷണത്തിലേയ്ക്കു തിരിച്ചുവിടാൻ ഞാൻ ഏതു സന്ദർഭവും വിനിയോഗിക്കും. അഹിംസമുഖേന നമുക്കു സ്വാതന്ത്ര്യം നേടണമെങ്കിൽ അതിനു തടസ്സമുണ്ടാക്കുന്നവരുടെ വാതിലിൽ മുട്ടി, ആ തടസ്സങ്ങൾ നീക്കാൻ അവരോടു് അഭ്യർത്ഥിക്കേണ്ടതായിട്ടുണ്ടു്. രക്തച്ചൊരിച്ചിലോടുകൂടിയ ഒരു വിപ്ലവത്തിൽ എതിരുനില്ക്കുന്നവർ, സ്വദേശീയരോ വിദേശീയരോ ആരായാലും, അവസാനദണ്ഡത്തിനു പാത്രമാകുന്നതുപോലെ, അഹിംസാത്മകമായ വിപ്ലവത്തെ എതിരിടുന്നവർ, ഏതു രാജ്യക്കാരായാലും ന്യായവാദം ചെവിക്കൊള്ളാതെ നിർബ്ബന്ധപൂർവ്വം എതിർക്കുകയാണെങ്കിൽ, അവർ സത്യാഗ്രഹത്തെ നേരിടുകതന്നെ വേണം.

മില്ലുടമകൾക്കു ജനങ്ങളുമായി സഹകരിക്കുന്നതിനു ഞാൻ നിശ്ചയിച്ച വ്യവസ്ഥകളിൽ യാതൊരു ദൂഷ്യവും കാണുന്നില്ല. അങ്ങിനെ ചെയ്യാതിരുന്നെങ്കിലേ തെററുള്ളു. അവർ ആ വ്യവസ്ഥകൾ സ്വീകരിച്ചാൽ ഖാദിക്കു്, അതായതു് ജനസാമാന്യത്തിനു്, യാതൊന്നും നഷ്ടപ്പെടാനില്ല. മില്ലുകൾ, പൊതുജനങ്ങളെ ചൂഷണംചെയ്യുന്ന ഇന്നത്തെ സമ്പ്രദായം ഉപേക്ഷിച്ചിട്ടു് അവരെ സേവിക്കാൻ സന്നദ്ധരായാൽ, അവ കുടിലുകളിലെ ചക്കയുടേയും കൈത്തറിയുടേയും ഉല്പാദനത്തിന്റെ കുറവു പരിഹരിക്കുകയല്ലാതെ, ഇന്നത്തെപ്പോലെ അവയെ കവച്ചുവയ്ക്കുകയില്ല. ഞാൻ പ്രസ്താവിച്ച വ്യവസ്ഥകൾ സ്വീകരിക്കാൻ അവർ മടിക്കുന്നുവെങ്കിൽ, തങ്ങളുടെ പ്രവൃത്തിയുടെ യുക്തിയുക്തമായ അനന്തരഫലങ്ങളെക്കുറിച്ചുള്ള ചിന്തയാണു് അവരെ പിന്തിരിപ്പിക്കുന്നതെന്നു്

93. Young India, 12-4-1928 (Economic and Industrial Life and Relations, vol. II, pp. 236—238)

digitized by www .sreyas.in

നിശ്ചയമായും പറയാം—ഇംഗ്ലീഷുകാർ രാഷ്ട്രത്തിന്റെ ഭൃത്യന്മാരാകുന്നതിൽ നിന്നു് അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചുള്ള ചിന്ത അവരെ പിന്തിരിപ്പിക്കുന്നതുപോലെതന്നെ. അതുകൊണ്ടു് 'കുഴഞ്ഞാട്ടം' എന്ന വാക്കുകൊണ്ടു് എന്നെ പരിഹസിക്കുന്നതു കേട്ടു് പരിഭ്രമിക്കരുതെന്നു് ഞാൻ ഖാദിപ്രേമികളോടു പറഞ്ഞുകൊള്ളട്ടെ. നമുക്കു ദൃഢവിശ്വാസം ഉണ്ടെങ്കിൽ, ഖാദിക്കു നാം അവകാശപ്പെടുന്ന ഊർജ്ജസ്വലത ജന്മസിദ്ധമാണെങ്കിൽ, അതു ജനസാമാന്യത്തിന്റെ ആവശ്യമാണെങ്കിൽ, അവരോടൊപ്പം നമ്മുടെ ശ്രമം നിബ്ദ്ധപൂർവ്വം തുടരുകയാണെങ്കിൽ, അവർ അതിന്റെ തത്ത്വം ഗ്രഹിക്കാതിരിക്കുകയില്ല. ഖാദി പരാജയമടയുന്നതു ഖാദിപ്രേമികൾ തങ്ങളുടെ വിശ്വാസത്തിൽനിന്നു് പതറുകയോ, അവരുടെ വിശ്വാസം വെറും നിഴലിനെ ആധാരമാക്കിയുള്ളതായിരിക്കയോ ചെയ്യുമ്പോൾ മാത്രമാണു്—അതായതു് ജനസാമാന്യത്തിന്റെ ഇടയിൽ കടുത്ത ദാരിദ്ര്യം ഇല്ലാതിരിക്കുക, അവൎക്കു് ആണ്ടുതോറും ജോലിയില്ലാത്ത കുറെ സമയം ഇല്ലാതിരിക്കുക, ജോലിയില്ലാത്ത അവസരങ്ങളുണ്ടായാലും ലക്ഷക്കണക്കിനുള്ള ജനങ്ങൾക്കു് ഏററവും യോജിച്ചതും പ്രായോഗികവുമായ തൊഴിൽ നല്കുന്ന ചൎക്കയില്ലാതിരിക്കുക, എന്നിവയാണു് വാസ്തവസ്ഥിതിയെങ്കിൽമാത്രം.

ഞാൻ ഇപ്പോൾ ചെയ്തുകഴിഞ്ഞ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ എനിക്കു ഖാദിയിലുള്ള ഉറച്ച വിശ്വാസവും, ആ വിശ്വാസത്തിൽനിന്നു് ഉത്ഭവിച്ചിട്ടുള്ള ശക്തിയുംകൊണ്ടാണു് ഞാൻ മില്ലുടമകളുമായി 'കൊഞ്ചിക്കുഴയുന്നതു്'. ഇപ്പോഴത്തെ കൂടിയാലോചനകളിൽനിന്നും യാതൊരു ഗുണവും പെട്ടെന്നുണ്ടാവുകയില്ലെന്നുള്ളതു് മിക്കവാറും തീർച്ചയാണു്. എന്നാൽ വിദേശവസ്ത്രബഹിഷ്ക്കരണത്തിൽ നാം ഇതിനിടയിൽ വിജയിച്ചില്ലെങ്കിലും മേലാലുണ്ടാകുന്ന പ്രവൎത്തനങ്ങൾക്കു് അതു് മാർഗ്ഗദർശകമായിരിക്കും.

ആകയാൽ ഏതു ബഹിഷ്കരണപ്രസ്ഥാനത്തിലും ഖാദിക്കു എന്നു സ്ഥാനമുണ്ടെന്നോരായുക, ആവൎത്തനദോഷമുള്ള സംഗതിയാണെങ്കിലും, പ്രയോജനകരമാണു്. എന്റെ അഭിപ്രായത്തിൽ, വിദേശവസ്ത്രബഹിഷ്കരണം ആവശ്യകവും സുകരവുമായിത്തീരുന്നതു്, അതു ജനസാമാന്യത്തെ ബാധിക്കുന്നതും അവൎക്കു് ഗുണം ചെയ്യുന്നതും അവരുടെ സഹകരണംകൊണ്ടുമാത്രം സാദ്ധ്യമാവുന്നതുമാകകൊണ്ടുമാത്രമാണു്. വിദേശവസ്ത്രബഹിഷ്കരണം സ്വദേശിമില്ലുകൾമുഖേനമാത്രം സാദ്ധ്യമാവുകയാണെങ്കിൽ, അതിന്റെ ഫലം വെറും താല്ക്കാലികമായിരിക്കുകയേ ഉള്ളു. മില്ലുകൾവഴിമാത്രം ബഹിഷ്കരണം നിബ്ദ്ധിതമാക്കുക സമീപഭാവിയിൽ സാദ്ധ്യമല്ലെന്നു ഞാൻ കരുതുന്നു. എന്റെ അഭിപ്രായത്തിൽ, ഖാദിമാത്രമാണു് ഇത്തരം ബഹിഷ്കരണത്തെ ഒരു പ്രായോഗിക

digitized by www .sreyas.in

പ്രമേയമാക്കിയിട്ടുള്ളത്. വാസ്തവത്തിൽ ഇൻഡ്യയിലെ രാഷ്ട്രകാര്യാസക്തന്മാർ ഖാദിയുടെ വില്പന ഏറ്റെടുക്കുമെങ്കിൽ, ഒരു ഗജം വിദേശിയോ സ്വദേശിയോ ആയ മിൽകാലിക്കോത്തുണിപോലും കിട്ടാനില്ലെങ്കിലും, ജനങ്ങൾക്കാവശ്യമുള്ള ഖാദി മുഴുവൻ ഒരു വർഷംകൊണ്ട് ഉല്പാദിപ്പിക്കാൻ സാധിക്കും. അത്രത്തോളം പ്രായോഗികമാണത്. ഗ്രാമങ്ങളിൽ ആവശ്യമുള്ള ഖാദി മിക്കവാറും അവിടെത്തന്നെ നിർമ്മിക്കപ്പെടുമെന്നും തന്നത്താൻ നൂൽനൂൽക്കാത്തവരുടെ ആവശ്യത്തിനുള്ള ഖാദി സംഘടിതകേന്ദ്രങ്ങൾ ഉണ്ടാക്കിക്കൊള്ളുമെന്നുമുള്ള ധാരണയിലാണ് ഞാൻ ഇതു പറയുന്നത്. രാജ്യത്തു പെട്ടെന്ന് ഒരു തുണിക്ഷാമമുണ്ടായാലും, സമാന്യജനങ്ങളെ പ്രോത്സാഹിപ്പിക്കാമെങ്കിൽ, അവർക്കു സ്വന്തം ഖാദി നിർമ്മിക്കാൻവേണ്ട സാമർത്ഥ്യവും നാടൻയന്ത്രസാമഗ്രികളും ഉണ്ടാകുമെന്നാണ് കഴിഞ്ഞ ഏഴുവർഷത്തെ എന്റെ അനുഭവം ചൂണ്ടിക്കാണിക്കുന്നത്. രാഷ്ട്രീയപ്രബുദ്ധതയുള്ള ഇൻഡ്യാക്കാരുടെ മാനസികവീക്ഷണഗതിയിലും വസ്ത്രധാരണ അഭിരുചികളിലും വിപ്ലവപരമായ ഒരു മാററം വരേണ്ടത് ആവശ്യമാണെന്നുള്ളതിന് സംശയമില്ല. അവരിൽ ഒരു വലിയ വിഭാഗം ഇതിനോടു യോജിക്കുന്നില്ലെങ്കിൽ, ഖാദി അനിവാര്യമാണെന്നു വരുമ്പോൾ, അവർക്കു യോജിക്കേണ്ടിവരുമെന്നുള്ള കാര്യത്തിൽ എനിക്കു സംശയമില്ല. അതിനെ അങ്ങനെ അനിവാര്യമാക്കണമെങ്കിൽ ഖാദി പ്രവർത്തകർ ഉറപ്പോടും സത്യസന്ധതയോടും ശാസ്ത്രീയപാടവത്തോടും സൂക്ഷ്മതയോടുംകൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഞാൻ മില്ലുടമകളുമായി കൊഞ്ചിക്കുഴയുകയും അവരുടെ സഹകരണത്തോടുകൂടി വിദേശവസ്ത്രബഹിഷ്കരണം സാധിക്കുന്നതിനുള്ള പോംവഴികളെപ്പററി ചിന്തിക്കുകയും ചെയ്തത്, അവർക്കു മനസ്സുണ്ടെങ്കിൽ സ്വന്തം കാര്യം നോക്കുന്നതോടൊപ്പം രാഷ്ട്രത്തെ സേവിക്കാനും സാധിക്കുമെന്നു കാണിച്ചുകൊടുക്കാനാണ്. ഞാൻ നിർദ്ദേശിച്ചപ്രകാരമുള്ള സംയുക്തോദ്യമംകൊണ്ട് ഈ ഉദ്യമത്തിനു വേണ്ടതു കാലേക്കൂട്ടി ചെയ്യുന്നില്ലെങ്കിൽ, ഖാദി സ്വയം നിശ്ശബ്ദമായും പരോക്ഷമായും ദേശീയാഭിരുചിയിൽ വിപ്ലവം സൃഷ്ടിക്കുകയും തക്കസമയത്തു വേണ്ട ബഹിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്യുമെന്നുള്ളതിൽ ആർക്കും സന്ദേഹമുണ്ടാകാതിരിക്കട്ടെ.

## 94

ഖാദിയുടെ അനർഘമായ മഹത്വം സ്ഥിതിചെയ്യുന്നത്, ജനസഞ്ചയത്തിന് അതിവിപുലമായ ഉൽബോധനം നൽകുന്നതിലും അവരെ ഉദ്ധരിക്കുന്നതിലും അവരുടെ ഇടയിൽ വർദ്ധിച്ച

---

94. Young India, 10-5-1929 (Khadi, P. 62)

digitized by www .sreyas.in

വരുന്ന പട്ടിണിക്കു സാരമായ ആശ്വാസം നൽകുന്നതിലുമാണു്. മിൽത്തുണി സാമാന്യജനങ്ങൾക്കു യാതൊരു ജോലിയും ധനസഹായവും നൽകുന്നില്ല എന്നിരിക്കെ, ജോലിയും കൂലിയുമില്ലാതെ നശിച്ചുകൊണ്ടിരിക്കുന്ന ജനതയ്ക്കു് ഓരോ ഗജം ഖാദിയും അത്രമാത്രം വേലയും പണവും ഉണ്ടാക്കിക്കൊടുക്കുന്നു. അതുകൊണ്ടു് രാജ്യത്തിലെ ഒരു സ്വദേശസ്നേഹിക്കും ഖാദിമാത്രം ഉപയോഗിക്കുന്നതിൽനിന്നും ഖാദിക്കുവേണ്ടിയുള്ള പ്രചരണത്തിൽനിന്നും ഒഴിഞ്ഞുമാറാൻ നിവ്വാഹമില്ല.

## 95

നൂൽനൂൽപുകാരെ സംബന്ധിച്ചിടത്തോളം നാം നിർബന്ധം പ്രയോഗിക്കുന്നില്ല. നെയ്ത്തുകാരെയും നിർബന്ധിക്കാൻ നിവൃത്തിയില്ല. വൈഷമ്യത്തിൻെറ മൂലകാരണം നമുക്കു പരിശോധിക്കാം. നാം ചെയ്ത ആദ്യത്തെ തെററു് നൂൽനൂൽപിൽ പ്രവേശിക്കുകയും നെയ്ത്തിനെ വിഗണിക്കുകയും ചെയ്തു എന്നുള്ളതാണു്. നൂൽനൂൽപ്പിനൊപ്പംതന്നെ സാവ്വത്രികമായ നെയ്ത്തും നാം നടപ്പിൽവരുത്തിയിരുന്നെങ്കിൽ ഈ ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകുമായിരുന്നില്ല. നെയ്ത്തുകാക്കു നെയ്യാനുള്ള വൈഷമ്യം കഴിയുന്നത്ര കുറഞ്ഞിരിക്കുവാൻതക്കവണ്ണം നൂലിൻെറ ഗുണം വർദ്ധിപ്പിക്കുകയാണു പരിഹാരമാഗ്ഗം. നെയ്ത്തുകാരോടു കാര്യം പറയണം; മിൽനൂലിനെ അവർ ആശ്രയിച്ചാൽ ഒടുവിൽ അവരുടെ തൊഴിൽ നശിക്കാനിടയാകുമെന്നു് അവരെ ബോദ്ധ്യപ്പെടുത്തണം. മില്ലുടമസ്ഥർ മനുഷ്യസ്നേഹികളല്ല. മിൽത്തുണിയുമായി മത്സരിക്കത്തക്ക ഒരവസ്ഥ കൈത്തറിക്കാക്കുണ്ടാകുന്നുവെന്നു കണ്ടാൽ, മില്ലുകാർ ഉടൻതന്നെ കൈത്തറി നെയ്ത്തുകാരുടെ കഴുത്തിൽ കുരുക്കിട്ടു മുറുക്കും.

നമുക്കു ചക്രയിൽ വിശ്വാസമുണ്ടെങ്കിൽ താല്ക്കാലികമായ ഈ പ്രതിബന്ധങ്ങളെ ഭയപ്പെടാതെ അചഞ്ചലരായി നാം മുന്നോട്ടു പോകണം. കൈകൊണ്ടു നൂൽക്കുന്ന നൂൽ നെയ്യാനുപയോഗിക്കുന്ന കൈത്തറികളുടെ എണ്ണം ക്രമേണ വർദ്ധിക്കും. നമുക്കു വേണ്ട തുണി നിർമ്മിക്കുന്നതിനാവശ്യമുള്ള തൊഴിലാളികളും തൊഴിൽവൈദഗ്ദ്ധ്യവും നമ്മുടെ നാട്ടിലുണ്ടു്.

## 96

ചക്രയില്ലെങ്കിൽ സ്വരാജു് ഇല്ല എന്നു്, ഒരു മിന്നൽപോലെ, ഞാൻ കണ്ടു. സകല ആളുകളും നൂൽനൂല്ക്കുകതന്നെ വേണമെ

95. Harijan, 20-10-1946 (Khadi, P. 165)

96. Young India, 20-6-1928 (Economic and Industrial Life and Relations, vol. II, pp. 219-220)

digitized by www .sreyas.in

ന്നു് അപ്പോഠംത്തന്നെ ഞാൻ ഗ്രഹിച്ചു. എന്നാൽ തറിയും ചക്കയും തമ്മിലുള്ള വ്യത്യാസം അന്നെനിക്കു് അറിയാൽപാടില്ലായിരുന്നു; അതുകൊണ്ടു് 'ഹിന്ദ്സ്വരാജി'ൽ ചക്ക എന്ന അർത്ഥത്തിൽ തറി എന്ന വാക്കു് ഞാൻ ഉപയോഗിച്ചു.

ഇന്നാകട്ടെ, അഭിഭാഷകരും ഡാക്ടറന്മാരും മററു പലരും ത്യാഗബുദ്ധ്യാ നൂൽനൂല്ക്കുകയും ആ പ്രസ്ഥാനത്തെ സംഘടിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അവരുടെ സംഖ്യ വളരെ പരിമിതമാണു്. നിസ്സഹായമായ മയക്കത്തിൽനിന്നു ജനലക്ഷങ്ങളെ ഉണർത്താൻ അവരെക്കൊണ്ടുമാത്രം സാദ്ധ്യമല്ല. ബഹുഭൂരിപക്ഷം ഇപ്പോഴും ഒഴിഞ്ഞുമാറി നില്ക്കുകയാണു്. തങ്ങളുടെ കൺമുന്നിലുള്ള തിന്നേക്കാഠം ഭയങ്കരമായ ഒരു വിപത്തിനുവേണ്ടി അവർ കാത്തിരിക്കുകയാണെന്നു തോന്നുന്നു. ലക്ഷക്കണക്കിനാളുകഠം ഒരേസമയത്തു നശിക്കുന്ന കാഴ്ചകൊണ്ടുള്ള നടുക്കത്താൽമാത്രമേ അവർ പ്രവർത്തനോത്സുകരാകയുള്ളു എന്നു് അവരുടെ കാത്തിരിപ്പുകണ്ടാൽ തോന്നിപ്പോകും. അതെന്തുമാകട്ടെ, ദരിദ്രലക്ഷങ്ങഠംക്കു് സ്വരാജിൻെറ ദീപ്തി അനുഭവപ്പെടുന്നതുവരെ ജീവസ്സുള്ള സ്വരാജ് ഉണ്ടാവുകയില്ല. അവരും, ജീവിക്കാൻവേണ്ടി അവരുടെ രക്തം ചോർത്തിയെടുക്കുന്ന ശബ്ദമുണ്ടാക്കുന്ന, കുട്ടരായ നമ്മളും തമ്മിൽ ഒരു സജീവസമ്പർക്കമുണ്ടാകുന്നതുവരെ സ്വരാജ് ലഭിച്ചതായി അവർക്കു തോന്നുകയില്ല.

ചർക്കയിലേയ്ക്കു് നമുക്കു തിരിച്ചുപോകാം. മനോദൃഷ്ടിയിൽ ചർക്ക 1908—ൽ കണ്ടുപിടിക്കപ്പെട്ടുവെങ്കിലും അതിൻെറ പ്രവർത്തനം പ്രകടമായതു് 1918—ലായിരുന്നു. മൂന്നുവർഷത്തെ ക്ഷമാപൂർവ്വമുള്ള കഠിനപ്രയത്നത്തിനുശേഷം ആദ്യത്തെ ഖാദിപ്രതിജ്ഞ (ബോംബെയിലെ സഹോദരിമാരുടെ അഭിരുചിക്കുതകുമാറു് വളരെയധികം കലർപ്പുചേർത്തതു്) നടപ്പിലായതു് 1919—ലായിരുന്നു. ചർക്കയ്ക്കു് കോൺഗ്രസ്സു് പരിപാടിയിൽ 1921—ൽ സ്ഥാനം ലഭിച്ചു. ആ പ്രസ്ഥാനത്തിൻെറ അതിനുശേഷമുള്ള ചരിത്രം ഒരു തുറന്ന പുസ്തകമാണു്. രണ്ടായിരം നൂൽനൂൽപ്പുകാരുടെ ജീവിതത്തിലൂടെ അതു് തുടന്നു് എഴുതപ്പെടുകയും, അവരുടെ ജീവിതത്തിൽ ചർക്ക ഒരു ആശാകിരണം വീശുകയും ചെയ്തിട്ടുണ്ടു്. നാഗരികപരിഷ്കാരത്തിൻെറ മനംമയക്കുന്ന വിനാശകരമായ മാസ്മരശക്തിക്കു നാം വശംവദരായിരുന്നില്ലെങ്കിൽ, അല്പം സംയുക്തവും സബോധവും സത്യസന്ധവുമായ ഉദ്യമം പ്രവൃത്തിരൂപത്തിലുണ്ടായിരുന്നെങ്കിൽ, ഇൻഡ്യയിലെ ഓരോ കുടിലിലേക്കും ചക്ക കൊണ്ടുചെന്നെത്തിക്കാൻ സാധിക്കുമെന്നു നാം ഹൃദയപൂർവ്വം മനസ്സിലാക്കുമായിരുന്നു. ഒരു ചക്കയുടെ ഉല്പാദനത്തെ പത്തുകോടികൊണ്ടു ഗുണിച്ചാൽ എത്ര ശക്തമായിത്തീരുമെന്നുള്ളതു്

digitized by www .sreyas.in

അതിൽ ഏററവും വിശ്വാസക്കുറവുള്ള ആശങ്കം ബോദ്ധ്യപ്പെടുന്ന താണു്. എന്നാൽ അതു സമ്മതിക്കാൻ ഭാവമില്ലാതെ അയാരം പറഞ്ഞേക്കും. കണക്കുചെയ്യുന്ന രൂപത്തിൽ അതു ശരിയാകുമെങ്കിലും, ഒരു പ്രായോഗികനിർദ്ദേശമെന്ന നിലയിൽ അതു തികച്ചും അസത്യമായിരിക്കുമെന്നു്. തയാറുള്ള കുതിരയെമാത്രമേ വെള്ളത്തൊട്ടിയിലേയ്ക്കു കൊണ്ടുപോകാൻ കഴിയൂ. എന്നാൽ ഒരു യഥാർത്ഥ നൂൽനൂൽപുകാരനു് അതിരററ ക്ഷമയുണ്ടായിരിക്കണം. അയാരം തോൽവിക്കു വഴങ്ങുകയില്ല. അതുകൊണ്ടു് എന്റെ സ്നേഹിതൻ ഉന്നയിച്ച ചോദ്യത്തിനുത്തരം "ചർക്കയുടെ കഴിവു് ഇനിയും കണ്ടെത്താനിരിക്കുന്നതേയുള്ളു" എന്നാകാമെന്നു തോന്നുന്നു. ഈ രാജ്യത്തുള്ള ചിലർ ആ കണ്ടുപിടിത്തത്തിനു പ്രതിഫലമായി തങ്ങളുടെ ജീവൻതന്നെ കൊടുക്കാൻ സന്നദ്ധരായിട്ടുള്ളതുകൊണ്ടു്. ഒരുകാലത്തു് അതു നടക്കുമെന്നു് എനിക്കറിയാം.

## 97

ഓരോഗജം ഖാദി വാങ്ങുമ്പോഴും അതിന്റെ വിലയുടെ 85 ശതമാനം പട്ടിണിക്കാരും ദരിദ്രരുമായ ഇൻഡ്യാക്കാരുടെ ഭക്ഷണത്തിനാണുപകരിക്കുന്നതു്. ഓരോഗജം മിൽത്തുണി വാങ്ങുന്നതിൽനിന്നും 75 ശതമാനം മുതലാളിയുടെ കീശ വീർപ്പിക്കുന്നതിനു പ്രയോജനപ്പെടുന്നു, 25 ശതമാനത്തിൽ കുറഞ്ഞ ഒരംശമേ തൊഴിലാളിക്കു കിട്ടുന്നുള്ളു. മുതലാളിമാക്കു് ഒരിക്കലും നിസ്സഹായസ്ഥിതിയില്ല; സ്വന്തം കാര്യം നോക്കാനുള്ള കഴിവു് അവക്കു് വേണ്ടുവോളമുണ്ടു്. അവർ ഒരിക്കലും പട്ടിണികിടക്കുന്നില്ല. പട്ടിണി കിടക്കേണ്ട ആവശ്യവുമില്ല. അങ്ങനെ പട്ടിണികിടക്കുന്ന ലക്ഷക്കണക്കിനുള്ള ജനതയ്ക്കുവേണ്ടിയാണു് ഖാദിപ്രസ്ഥാനം ഉടലെടുത്തിട്ടുള്ളതു്.

## 98

നമുക്കു് എത്ര അസൗകര്യമെന്നു തോന്നിയാലും ഈ രാജ്യവാസികളായ നാം നമ്മുടെ അഭിമാനത്തെ നിലനിർത്താൻ വിദേശവസ്ത്രത്തിനു പകരം കൈകൊണ്ടു നൂററ നൂൽകൊണ്ടു് നിർമ്മിക്കുന്ന ഖദർതന്നെ ധരിക്കണം. നമ്മുടെ അടുത്ത വീട്ടുകാരനുണ്ടാകുന്ന അനുഭവം കാര്യമാക്കാതെ, ഏററവും വിലകുറഞ്ഞ സാധനം വാങ്ങണമെന്നു നമ്മെ പഠിപ്പിക്കുന്ന തത്ത്വസംഹിത നിശ്ചയമായും ദുർബ്ബലമായ ഒന്നാണു്. ആസ്ത്രേലിയയിലോ അമേരിക്കയിലോനിന്നു സൗജന്യസംഭാവനയായി ലഭിക്കുന്ന നല്ല ഗോതമ്പു്, സുവർണ്ണധാന്യമണികരം വിളയിക്കാനുള്ള നമ്മുടെ മണ്ണിൽ

97. Young India, 4-10-1928 (Khadi, P. 59)
98. Young India, 17-1-1929 (Khadi, P. 45)

digitized by www .sreyas.in

കളകൾ വളർത്താനും അങ്ങനെ ഒരു തൊഴിലില്ലാത്ത ഇൻഡ്യയെ സൃഷ്ടിക്കാനുമാണുപകരിക്കുന്നതെങ്കിൽ, നമ്മേസ്സംബന്ധിച്ചിടത്തോളം വിഷംതന്നെയായിരിക്കും. അതുപോലെ, മാഞ്ചെസ്റ്ററിൽനിന്നു സൗജന്യമായി ലഭിക്കുന്ന തുണി സ്വീകരിക്കുന്നതു് ഇൻഡ്യയ്ക്കു് ഒരു നഷ്ടക്കച്ചവടമാണു്. അതിനാൽ, രാഷ്ട്രത്തിന്റെ അലസമായ സമയം പ്രയോജനപ്പെടുത്താൻ ഉപകരിക്കുകയും, ഒപ്പം പ്രയോജനകരമായി ആ സമയം ഉപയോഗപ്പെടുത്താൻ ഉടനടി മറ്റൊന്നും ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം, ഖദർ ലാഭകരമായിരിക്കുമെന്നു് ഞാൻ ആവർത്തിച്ചുപറയുന്നു.

## 99

ലോകത്തിലെ മററു ഭാഗങ്ങളിലുള്ള ആളുകൾക്കു പഞ്ഞിയുടെ ഉപയോഗത്തെപ്പററി അറിവില്ലാതിരുന്നകാലത്തു് ഇൻഡ്യാക്കാർ സൗന്ദര്യബോധത്തിന്റെ മാതൃക കാണിച്ചു്, വിവിധവർണ്ണങ്ങളിലായി ഏററവും നേർമ്മയുള്ള തുണിത്തരങ്ങൾ പാശ്ചാത്യജനതയ്ക്കു് എത്തിച്ചുകൊണ്ടിരുന്നു. ഖാദിയുടെ ഇന്നത്തെ പരിണാമം, മന്ദഗതിയിലാണെങ്കിലും ദൃഢമായിട്ടുതന്നെ, അതു ദിവസംചെല്ലുന്തോറും സൗന്ദര്യബോധമുള്ളവരെ സമീപിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത വെളിവാക്കുന്നു. യഥാർത്ഥകല പ്രകടമാക്കാവുന്നതു് വൻതോതിൽ ഉല്പാദനം നടത്താനുദ്ദേശിക്കപ്പെട്ടിട്ടുള്ള നിർജ്ജീവയന്ത്രശക്തിമുഖേനയല്ല, സ്ത്രീപുരുഷന്മാരുടെ സജീവവും പേലവവുമായ കരസ്പർശത്തിലൂടെമാത്രമാണു്.

ഖാദിക്കു് സ്ഥിരപ്രതിഷ്ഠ നൽകാൻ ഞാൻ ശ്രമിക്കുന്നതു് കർഷകവർഗ്ഗത്തെ ഉന്മൂലനാശത്തിൽനിന്നു രക്ഷിക്കാനുള്ള ഏകമാർഗ്ഗം അതായതുകൊണ്ടാണു്. കർഷകർക്കു സാമ്പത്തികസ്വാതന്ത്ര്യം നൽകുന്നതിനും, സർവ്വോപരി പട്ടിണിയെയും ദാരിദ്ര്യത്തെയും അവന്റെ വാതില്ക്കൽനിന്നും ആട്ടിപ്പായിക്കുന്നതിനും ഖാദിക്കു കഴിവുണ്ടെന്നു ഞാൻ അവകാശപ്പെടുന്നു.

## 100

ദിവസം എട്ടുമണിക്കൂർ വീതം ചർക്കകൊണ്ടു ജോലി ചെയ്യാൻ കഴിയുന്ന ലക്ഷക്കണക്കിനാളുകൾ ഇൻഡ്യയിലുണ്ടെന്നും അതിൽനിന്നും നെയ്തുണ്ടാക്കുന്ന ഖാദി മുഴുവൻ ഉപയോഗിക്കാൻ അവർക്കു സാദ്ധ്യമല്ലെന്നും അറിഞ്ഞിരിക്കേണ്ടതാണു്. ഇൻഡ്യയിലെ നല്ല പൗരന്മാരുടെ കർത്തവ്യം, ഈ സഹോദരന്മാരും സ

---

99. Young India, 14-3-1929 (Economic and Industrial Life and Relations, vol. II, P. 239)

100. Young India, 25-4-1929 (Khadi, P. 52)

digitized by www .sreyas.in

ഹോദരിമാരും നിർമ്മിക്കുന്നതിൽ മിച്ചംവരുന്ന തുണി വാങ്ങുക എന്നതായിരിക്കണം. മൃഗവർഗ്ഗത്തിൽനിന്നും മനുഷ്യനെ വേർതിരിക്കുന്നതു് മനുഷ്യൻെറ സാമൂഹ്യമനസ്ഥിതിയാണെന്നുള്ളതും നാം വിസ്മരിക്കരുതു്. സ്വതന്ത്രരായിരിക്കുക എന്നതു് അവൻെറ അവകാശമാണെങ്കിൽ, പരസ്പരം ആശ്രയിക്കുകയെന്നതു് അത്ര തന്നെ അവൻെറ കർത്തവ്യവുമാണു്. ധാർഷ്ട്യമുള്ള ഒരു മനുഷ്യൻ മാത്രമേ താൻ മററുള്ളവരിൽനിന്നൊക്കെ സ്വതന്ത്രനും സ്വയം പരിപൂർണ്ണതയുള്ളവനുമാണെന്നു് അവകാശപ്പെടുകയുള്ളു. വസ്ത്രത്തിൻെറ ആവശ്യത്തെ സംബന്ധിച്ചിടത്തോളം, ഗ്രാമീണരെ വ്യക്തിപരമായി വേർതിരിക്കാതെ, ഗ്രാമങ്ങളെ കൂട്ടായി പുനസ്സംഘടിപ്പിക്കുന്നതു് സാദ്ധ്യമായ ഒരു സംഗതിയാണു്. ഖാദി പ്രചാരമുള്ള ഒരു നാണയമാകുമ്പോൾ അതിനു വിദേശവസ്ത്രങ്ങളിൽനിന്നോ ഇൻഡ്യൻ മിൽത്തുണിയിൽനിന്നോ ഉള്ള മത്സരത്തെപ്പററി യാതൊന്നും ഭയപ്പെടാനില്ലെന്നു ഞാൻ അനവധി പ്രാവശ്യം പറഞ്ഞിട്ടുള്ളതു് ഇക്കാരണത്താലാണു്. ഇതു സ്വയം തെളിയുന്ന ഒരു വ്യവസ്ഥിതിയാണെന്നു് അല്പം ചിന്തിച്ചാൽ മനസ്സിലാക്കാം.

## 101

കൂലിക്കായുള്ള നൂൽനൂൽപ്പു് ഏർപ്പെടുത്തേണ്ടതു് നിത്യദാരിദ്ര്യമുള്ളവരും, കൃഷികൊണ്ടു തങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്തവരും, വിശ്രമാവസരങ്ങളുള്ളവരുമായ ജനങ്ങൾ പാർക്കുന്ന ഗ്രാമങ്ങളിലായിരിക്കണം. സ്വന്തം ആവശ്യത്തിനു് നൂലുണ്ടാക്കുന്ന ഏർപ്പാടു് എല്ലാ ഗ്രാമങ്ങളിലും നടപ്പാക്കണം. അക്കാര്യത്തിൽ ദാരിദ്ര്യത്തെ കണക്കിലെടുക്കേണ്ട ആവശ്യമില്ല. അത്തരം ആളുകൾക്കു ചെയ്തുകൊടുക്കേണ്ട സഹായം പഞ്ഞിതല്ലുന്നതിനും കടയുന്നതിനും നൂൽനൂൽക്കുന്നതിനും അവരെ അഭ്യസിപ്പിക്കുകയും, അവർക്കു പഞ്ഞിയും മററുപകരണങ്ങളും ഒരൊക്ക വിലയ്ക്കു നല്കുകയും, അവരുടെ നൂലുകൊണ്ടു് അവർക്കുവേണ്ട തുണി നെയ്തു് സാധാരണനിരക്കിൽ കൊടുക്കുകയുമാണു്.

## 102

ഖാദിമുഖേന വിദേശവസ്ത്രബഹിഷ്കരണം സാദ്ധ്യമല്ല എന്നുള്ള നിഗമനം നമുക്കു പരിശോധിക്കാം. ഖാദിയുല്പാദനം നമ്മുടെ ആവശ്യത്തിനു മതിയാകുന്നില്ല എന്നു പറയപ്പെടുന്നു. അങ്ങനെ പറയുകയോ എഴുതുകയോ ചെയ്യുന്നവർക്കു് ഖാദിയുടെ പ്രാഥമികപാഠങ്ങൾപോലും അറിയാൻപാടില്ല. ഖാദി അവസാ

101. Young India, 2-5-1929 (Re-building Our Villages, P. 29)
102. Young India, 20-6-1924 (Khadi, P. 52)

digitized by www .sreyas.in

നമററ വികസനത്തിന്ന സാദ്ധ്യതയുള്ള ഒന്നാണ്; എന്തെന്നാൽ താല്പര്യമുള്ളവക്ക് അപ്പം ഉണ്ടാക്കുമ്പോലെ എളുപ്പത്തിൽ അതു ണ്ടാക്കാം. ബഹിഷ്കരണത്തിൻെറ കാര്യത്തിനുവേണ്ടി ഖാദിയുടെ സമ്പദ്വ്യവസ്ഥയിലേക്കു ഞാൻ പ്രവേശിക്കേണ്ടതായിട്ടില്ല. ഇം ഗ്ലണ്ടും ജപ്പാനും നമുക്കു തുണി അയയ്ക്കുന്നതു നിർത്തിവയ്ക്കുകയും ഏതെങ്കിലുംതരത്തിൽ നമ്മുടെ മില്ലുകാംക്കു പ്രവർത്തിക്കാൻ കഴി യാതാവുകയും ചെയ്താൽ, നാം ഖാദിയുടെ സാമ്പത്തികവശത്തേ പ്പററി ചിന്തിക്കാതെ, നമുക്കാവശ്യമുള്ള ഖാദി നമ്മുടെ വീടുക ളിൽ നിർമ്മിക്കുകതന്നെ ചെയ്യും. വ്യാപാരം നിലച്ചുപോയ തുണി ക്കച്ചവടക്കാരെല്ലാം ഖാദിയുല്പാദനത്തിൽ വ്യാപൃതരാകും. നാം തന്നെ നമ്മുടെ ചുററും പ്രാധാന്യബോധത്തിൻെറ ഒരു ദൂഷിതാന്ത രീക്ഷം സൃഷ്ടിച്ചതുകൊണ്ടുമാത്രമാണ് ഏററവും നിസ്സാരസംഗതി കളിൽപ്പോലും ഒരു നിസ്സഹായത നമുക്കനുഭവപ്പെടുന്നതു്.

ഈ പ്രസ്ഥാനം അതിൻെറ വിജയത്തിന്ന ജനലക്ഷങ്ങളുടെ ഉത്സാഹപൂർവ്വവും സംഘടിതവുമായ സഹകരണത്തെയാണാശ്രയി ക്കുന്നതു്. ചിന്താശീലരായ ജനവിഭാഗം വിജയനിശ്ചയത്തോടെ നൂൽചക്രം കൈകാര്യം ചെയ്യാൻ തുടങ്ങിയാൽ ഈ സഹകരണം നിഷ്പ്രയാസം ലഭിക്കാവുന്നതാണ്. മിതമായ മൂലധനത്തോടുകൂടി യതും അഭിവൃദ്ധിപ്പെടുന്നതും ഊർജ്ജസ്വലവുമായ ഒരു സംഘടന യാണ് ഈ പ്രസ്ഥാനമെന്ന് അവർ ഓർമ്മിക്കട്ടെ. ജനങ്ങാം തങ്ങളുടെ കഴിവു മുഴുവനുപയോഗിച്ച് അതിൽ പ്രവത്തിച്ചാൽ വിജയം സുനിശ്ചിതമാണ്.

യഥാത്ഥ ത്യാഗബുദ്ധി ജനങ്ങളെ ആവേശിക്കുന്നതോടുകൂടി ത്തന്നെ കമ്പോളത്തിൽ കൈകൊണ്ടു നൂററ നൂലിൻെറ ഒരു പ്രളയംതന്നെ സൃഷ്ടിക്കാൻ സാധിക്കും. കൂടുതൽ നൂല് ഉല്പാദി പ്പിക്കുന്നതിലാണ് ഖാദിനിർമ്മാണത്തിൻെറ രഹസ്യം സ്ഥിതി ചെയ്യുന്നതെന്നു ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇൻഡ്യയിലെ എല്ലാ വിദ്യാലയങ്ങളിലുമായി തൊണ്ണൂറേഴ ലക്ഷത്തിൽ കൂടു തൽ വിദ്യാത്ഥികാം പഠിക്കുന്നു. മൊത്തം ജനസംഖ്യയുടെ ദയ നീയമായ ഒരംശ—നാലു ശതമാനത്തിൽ കുറവ്—മാണ് ഇതെ ങ്കിലും, ഒരു യജ്ഞമെന്ന നിലയിൽ നൂൽനൂല്പു സംഘടിപ്പിക്കു ന്നതിന് ഈ സംഖ്യ മതിയാകും. ഖാദിമുഖേന വിദേശവസ്ത്ര ബഹിഷ്കരണം സാദ്ധ്യമാക്കണമെന്ന തീരുമാനത്തിലെത്തിക്കഴി ഞ്ഞാൽ, ഈ സംഖ്യയൊന്നും കണക്കാക്കാതെയും ഇതുപോലെ വലിയ ശ്രമംകൂടാതെയും സംഘടിപ്പിക്കാവുന്ന മററു സ്ഥാപന ങ്ങളും ഒട്ടുവളരെയുണ്ട്.

digitized by www .sreyas.in

## 103

നൂൽനൂൽപ്പുപ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം, നിയമരഹിതവും അന്യായവും സ്വേച്ഛാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ ഇൻഡ്യൻ കുടിലുകളിൽനിന്നും നിർമ്മാർജ്ജനംചെയ്യപ്പെട്ട നൂൽനൂൽപ്പിനെ പുനരുദ്ധരിക്കുകയാണ്. കുടിലുകൾക്കു നഷ്ടപ്പെട്ട ഈ അനുബന്ധ വ്യവസായത്തിനുപകരം മറ്റേതെങ്കിലും വ്യവസായം ഉണ്ടായെങ്കിൽ ഈ പ്രസ്ഥാനം ഉടലെടുക്കുകയില്ലായിരുന്നു. നിർഭാഗ്യവശാലോ ഭാഗ്യവശാലോ അതിനുപകരം ഒന്നുമുണ്ടായില്ല. അതുകൊണ്ട്, കുടിലുകളിലെ നൂൽനൂൽപ്പ് നാമാവശേഷമാക്കപ്പെട്ടതുമൂലം ഭാരതീയ ഭവനങ്ങളെ കീഴ്പെടുത്തിയിരുന്ന ഗുരുതരമായ സാമ്പത്തികദുരിതത്തിനു് ഒരേ ഒരു സത്വരപരിഹാരമെന്ന നിലയിൽ ചർക്കയെത്തന്നെ അഭയംപ്രാപിക്കാൻ, മറ്റെല്ലാ മാർഗ്ഗങ്ങളും പരീക്ഷിക്കപ്പെട്ടശേഷം, വെറും ആവശ്യബോധത്താൽ ഗ്രാമീണജീവിതാഭിജ്ഞർ നിർബ്ബദ്ധരായിത്തീർന്നു. കുറേക്കൂടി നല്ല ഒരു തൊഴിൽ കിട്ടിയാൽ ഉടൻ അവർക്കു ചർക്ക ഉപേക്ഷിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കും. അങ്ങനെ ഈ ജനലക്ഷങ്ങൾക്ക് ഒരു നല്ല തൊഴിൽ പകരം കിട്ടുന്നതിൽ എന്നെക്കാൾ കൂടുതൽ സന്തോഷിക്കുന്നവരായി ആരുമുണ്ടായിരിക്കുകയില്ല. മനുഷ്യബുദ്ധിക്കു ചെല്ലാവുന്നിടത്തോളം, ചർക്കയുടെ സ്ഥാനത്തു കുറേക്കൂടി പ്രയോജനകരമായ മറ്റെന്തെങ്കിലുമുണ്ടാകുമെന്ന ആശയ്ക്കു വഴിയില്ലെന്നു് ഈ പ്രസ്ഥാനത്തിന്റെ പ്രണേതാക്കൾ വിചാരിക്കുകതന്നെ ചെയ്യുന്നു. ലോകത്തിലെ ദുർബ്ബലരാഷ്ട്രങ്ങളെന്നറിയപ്പെടുന്നവയെ പ്രബലശക്തികളായ പാശ്ചാത്യരാഷ്ട്രങ്ങൾ ചൂഷണം ചെയ്യുന്ന സ്ഥിതി അവസാനിക്കുന്ന ഉടൻ—ഒരു കാലത്തു് അതു് അവസാനിക്കുകതന്നെ ചെയ്യും — ലോകം മുഴുവൻ നൂൽചർക്കയിലേക്കു തിരിച്ചുപോകുമെന്നാണു് അവരുടെ ദൃഢവിശ്വാസം. ഏതായാലും, അങ്ങനെയൊരു സംഭവം ഉണ്ടായാലും ഇല്ലെങ്കിലും, ഇൻഡ്യ ഒരു ചൂഷകരാഷ്ട്രമാവാതിരിക്കുകയും ചൂഷണംചെയ്യാൻ പുതിയ രാഷ്ട്രങ്ങളെ കണ്ടുപിടിക്കാതിരിക്കുകയും ചെയ്യണമെങ്കിൽ, അഥവാ, ഇൻഡ്യയുടെ മണ്ണിൽ കൊണ്ടുവന്നു കുന്നുകൂട്ടുന്ന സാമാനങ്ങൾ വാങ്ങാൻ ഇന്നു് അവർ നിർബ്ബദ്ധയായിത്തീരുന്നതുപോലെതന്നെ, പാശ്ചാത്യരാജ്യങ്ങളിൽ അവർ കൊണ്ടുചെന്നു കുന്നുകൂട്ടാവുന്ന സാമാനങ്ങൾ വാങ്ങാൻ അവയെ നിർബ്ബദ്ധരാക്കുവാൻ വേണ്ടത്ര മൃഗീയശക്തി ഒരു സ്വതന്ത്രഭാരതം സംഭരിക്കാതിരിക്കണമെങ്കിൽ, ജീവിതത്തിന്റെ പ്രാഥമികാവശ്യമായ ധാന്യം സ്വയം ഉല്പാദിപ്പിക്കുന്നതുപോലെതന്നെ എല്ലാ ആവശ്യസാധനങ്ങളും അവർ സ്വന്തം കുടിലുകളിൽ നിർമ്മിക്കണം.

---

103. Young India, 21-11-1929 (Economic and Industrial Life and Relations, vol. II, pp. 246-247)

digitized by www .sreyas.in

എന്നാൽമാത്രമേ ഇൻഡ്യയ്ക്കു് അവളുടെ സാമ്പത്തികദുരിതങ്ങളിൽ നിന്നു മുക്തിയുണ്ടാവൂ. അതുകൊണ്ടു് ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ചർക്കയിൽ എടുക്കാവുന്നതിൽ കൂടുതൽ അളവിലും നേർമ്മയിലും നൂൽനൂല്ക്കത്തക്ക ഒരു ചർക്കയോ യന്ത്രമോ സമ്പാദിക്കാൻ നൂൽനൂല്പുപ്രസ്ഥാനത്തിന്റെ പ്രണേതാക്കൾ ശ്രമിക്കുന്നതിൽ പൂർവ്വാപരവൈരുദ്ധ്യമൊന്നുമില്ല. വീടുകളിൽ ഉപയോഗിച്ചുവരുന്ന യന്ത്രങ്ങളിൽ ഇത്തരം പുരോഗമനപരമായ പരിഷ്കാരങ്ങൾ നടപ്പിൽവരുത്തുന്നതു പുരാതനകാലംമുതൽ പതിവുള്ളതാണെന്നു ധരിക്കുക. തക്ലിയുടെ സ്ഥാനത്തു ചർക്ക പ്രതിഷ്ഠിതമായി. ചർക്കയിൽത്തന്നെ വേണ്ട പരിഷ്കാരങ്ങൾ ക്രമേണ ഉണ്ടായിട്ടുണ്ടെന്നു ചില പ്രവിശ്യകളിൽ പ്രവർത്തനത്തിലിരിക്കുന്ന പഴയ മാതൃകകളിലുള്ള ചർക്കകൾ കണ്ടാലറിയാം. ചർക്ക കാലസ്ഥിതിക്കു ചേർന്നതല്ലെന്നുവന്നതോടുകൂടി അതിലുണ്ടായിക്കൊണ്ടിരുന്ന പരിഷ്കാരങ്ങളും പെട്ടെന്നു തടസ്സപ്പെട്ടു. അതുകൊണ്ടു് ഈസ്റ്റിൻഡ്യാക്കമ്പനിഏജൻറന്മാരുടെ ഗൂഢാലോചനയുടെ ഫലമായി തടസ്സപ്പെട്ട മാർഗ്ഗം വീണ്ടും അവലംബിക്കുകമാത്രമാണു് അഖിലേന്ത്യാനൂൽനൂൽപ്പുസംഘത്തിന്റെ ഭരണസമിതി ചെയ്തിരിക്കുന്നതു്. പ്രസ്തുത സമിതിയോ ഞാനോ യന്ത്രങ്ങൾ അതേപടി ഉപയോഗിക്കുന്നതിനു് എതിരല്ല; എന്നാൽ കുടിൽവ്യവസായത്തെ നശിപ്പിച്ചു്, അതിനെ ഒരു സങ്കുചിതവലയത്തിനുള്ളിലാക്കുന്ന യന്ത്രവൽക്കരണസമ്പ്രദായം തെറ്റാണെന്നു ഞങ്ങൾ പറയും. ചുരുക്കിപ്പറഞ്ഞാൽ ഗ്രാമീണസംസ്കാരത്തെയും ഗ്രാമീണജീവിതരീതിയെയും ബലികഴിച്ചു് ഇൻഡ്യയെ നഗരീകരിക്കുന്നതിനു് അവർ എതിരാണു്.

## 104

ചർക്കകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു് ഒരൊററ സ്ത്രീയേയൊ, പുരുഷനേയോ എങ്കിലും അവരുടെ തൊഴിലിൽനിന്നും പുറന്തള്ളുകയെന്നതല്ല; നമ്മുടെ ജനലക്ഷങ്ങൾക്കു് അലസതയിൽ കഴിയേണ്ടിവരുന്ന ഓരോ നിമിഷവും പൊതുനന്മയെ ലാക്കാക്കിയുള്ള ഉല്പാദനപ്രവർത്തനത്തിനു സന്നദ്ധമാക്കുക എന്നതാണു്.

## 105

കമ്പോളത്തിൽ ഇപ്പോൾത്തന്നെ ഒരു ഖാദിക്ഷാമമുണ്ടാകുമെന്നും, അതുകാരണം നമുക്കു നാടൻമില്ലുകളെ ആശ്രയിക്കേണ്ടി വരുമെന്നും, അങ്ങനെ ഇൻഡ്യൻ മിൽത്തുണിയുടെ രൂപം കൈക്കൊണ്ട വിദേശത്തുണി വാങ്ങുക എന്ന മറയത്തത്തിനു നാം

104. Young India, 23-1-1930 (Selections from Gandhi, P. 57)
105. Young India, 30-5-1929)

digitized by www .sreyas.in

വിധേയരായി അമിതവില കൊടുക്കേണ്ടിവരുമെന്നും പലരും ഭയപ്പെടുന്നതായിത്തോന്നുന്നു. നമ്മുടെ മുന്നിലുള്ള സകല മാർഗ്ഗങ്ങളിലൂടെയും ഖാദി ഉല്പാദിപ്പിക്കാൻ നാം ശ്രമിച്ചില്ലെങ്കിൽ ഈ ആപത്തിനെ നമുക്കു നേരിടേണ്ടതായിത്തന്നെ വരും.

1. തനിക്കുവേണ്ടി നൂൽനൂല്ക്കുക. 2. കൂലിക്കുവേണ്ടി നൂൽനൂല്ക്കുക 3. യജ്ഞമെന്ന നിലയിൽ നൂൽനൂല്ക്കുക എന്നിവയാണ് മാർഗ്ഗങ്ങൾ.

സംഘടിപ്പിച്ചുകഴിഞ്ഞാൽ, ഇവയിൽ ആദ്യത്തേതാണ് അതിപ്രധാനവും സാർവ്വത്രികവും ഒരിക്കലും പരാജയപ്പെടാത്തതുമായ മാർഗ്ഗം. ഖാദി ഉല്പാദനത്തിൽ ഏററവും ചെലവുകുറഞ്ഞ പദ്ധതിയും അതാണ്. എന്തെന്നാൽ ഉല്പാദിപ്പിക്കുന്ന ചരക്കിനു കമ്പോളംതേടി നടക്കുക എന്ന ശല്യം അതൊഴിവാക്കുന്നു. കൂലിക്കു നൂൽനൂല്ക്കുക എന്ന രണ്ടാമത്തെ മാർഗ്ഗത്തിനു പ്രവർത്തനസാദ്ധ്യത വേണ്ടുവോളമുണ്ട്. എന്നാൽ അതിലേക്കു പഞ്ഞിശേഖരിക്കുന്നതിനും വില്പന സംഘടിപ്പിക്കുന്നതിനും മൂലധനം ആവശ്യമാണ്. എങ്കിലും, അതു നമ്മുടെ വ്യാപാരപ്രാപ്തിക്കു ഭാരമായിത്തീരുകയും, നമ്മെ ഭാവനാസമ്പന്നരാക്കുകയും, ഒരു ബൃഹത് സംഘടന രൂപീകരിക്കാൻ നമ്മെ പ്രാപ്തരാക്കുകയും, ഇടത്തരക്കാക്ക് ഒരു മാന്യമായ തൊഴിലുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നു. മൂന്നാമത്തെ മാർഗ്ഗം മഹനീയമാണെങ്കിലും ഒരു ചെറിയ വിഭാഗം ആളുകൾക്കുമാത്രമെ അതു് ഏറെറടുക്കാൻ സാദ്ധ്യമാകയുള്ളു. യജ്ഞം അവശ്യം വേണ്ടതാണെന്നു ജനങ്ങൾക്കു ബോദ്ധ്യപ്പെട്ടാൽ അളവററ നൂൽ ഉല്പാദിപ്പിക്കുന്നതിനു് അതു വഴിതെളിക്കും. ലക്ഷക്കണെക്കിനാളുകൾക്കു വസ്ത്രധാരണത്തിനുള്ള നൂൽ നമുക്കു തരാൻ നഗരസഭകൾ നടത്തുന്ന വിദ്യാലയങ്ങൾക്കു സാധിക്കും. ദിവസം അരമണിക്കൂർ ചക്കയിൽ വേലചെയ്യുന്ന നഗരവാസികൾക്കു കുറഞ്ഞതു നൂററുഗജം നല്ല നൂൽ നമുക്കു തരാൻ കഴിയും. നൂൽനൂല്ക്കുന്നതിനെക്കാൾ കുറെക്കൂടി നല്ല കാര്യത്തിനു് ഈ അരമണിക്കൂർസമയം വിനിയോഗിക്കാമെന്നു വിചാരലേശമില്ലാതെ ആരും പ്രതിവചിക്കാതിരിക്കട്ടെ. വെള്ളമില്ലാത്ത ഒരു മണലാരണ്യത്തിലകപ്പെട്ടുപോയ ഒരു ബാലകക്കു തൻെറ സമയം ചെലവഴിക്കാനുള്ള ഏററവും നല്ല കാര്യം ശുദ്ധജലശേഖരണമാണ്. ഈ ആണ്ടിൽത്തന്നെ വിദേശവസ്ത്രബഹിഷ്കരണം സാധിതപ്രായമാക്കണമെന്നു ദൃഢനിശ്ചയം ചെയ്തിട്ടുള്ള ഇൻഡ്യയിലെ ഉത്തമപൗരന്മാർക്കുപോലും പ്രസ്തുത ബഹിഷ്കരണം കൈവരുന്നതുവരെ ചെയ്യാവുന്ന ഏററവും നല്ല കാര്യം നൂൽനൂൽപ്പാണ്. എത്രയും ലഘുവായ ഈ പ്രത്യക്ഷസത്യം നമ്മുടെ ശ്രദ്ധയിൽ പെടാത്തതു്, ഈ ബഹിഷ്കരണത്തിൻെറ ആവശ്യം നമുക്കു് അനുഭവവേദ്യമാകാത്തതുകൊണ്ടാണ്. എന്തായാലും ഈ മൂന്നു മാർഗ്ഗങ്ങളും പരീക്ഷിച്ചുനോക്കുകയാ

digitized by www .sreyas.in

ണം. നമ്മളെല്ലാവരും അവരവരുടെ കഴിവു മുഴുവനുപയോഗിച്ചു് അതിൽ പ്രവത്തിക്കാമെങ്കിൽ ഖാദിക്ഷാമം എന്ന അപകടം ഉണ്ടാകാനിടയില്ല.

## 106

ഖാദിമനോഭാവവും അതുല്പാദിപ്പിക്കുന്നതിൽ താല്പര്യവും ജനങ്ങളിൽ സംജാതമാക്കാമെങ്കിൽ ഒരു മാസത്തിനകം യാതൊരു വൈഷമ്യവുംകൂടാതെ അപരിമിതമായ ഒരളവു ഖാദി നിമ്മിക്കാൻ നമുക്കു സാദ്ധ്യമാകും.

സമത്ഥന്മാരായ നെയ്ത്തുകാർ ഇൻഡ്യ ഒട്ടുക്കുണ്ടു്. അതുകൊണ്ടു് ഏക പ്രശ്നം നൂൽനൂല്പിന്റേതാണു്.

ദൃഢനിശ്ചയവും പരിശ്രമശീലവുമുള്ളവക്കു് ഒരാഴ്ചക്കകം നൂൽനൂല്പും അതുസംബന്ധിച്ച കാലേക്കൂട്ടി വേണ്ടതായ പ്രവർത്തനരീതികളും അഭ്യസിക്കാം.

ഇൻഡ്യയുടെ ആവശ്യത്തിനും അതിൽക്കവിഞ്ഞുമുള്ള പഞ്ഞി ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുണ്ടു്.

അതുകൊണ്ടു് വിദേശവസ്ത്രബഹിഷ്കരണത്തിനുവേണ്ടി പ്രവത്തിക്കുന്നവരെല്ലാം അവരുടെ ശ്രദ്ധമുഴുവൻ, നൂൽനൂൽപ്പുമുഖേന, ഖാദിനിമ്മാണത്തിൽ കേന്ദ്രീകരിക്കേണ്ടതാണു്.

## 107

രാജ്യതന്ത്രത്തിൽ ഹിംസയെന്നപോലെ സമ്പദ്വ്യവസ്ഥയിൽ ഒരു പുതിയ പദ്ധതിയാണു് ഖാദിമാർഗ്ഗം. മാമൂലിൻപ്രകാരമുള്ള രാഷ്ട്രീയരീതികളിൽ അഹിംസ ചിന്താവൈഷമ്യം സൃഷ്ടിച്ചിരിക്കുന്നതുപോലെ, ഖാദിമാഗ്ഗം യാഥാസ്ഥിതികസാമ്പത്തികതത്ത്വങ്ങളിലും കുഴപ്പം സൃഷ്ടിക്കുകതന്നെ ചെയ്യും. പുതിയ പദ്ധതി പഴയ സ്ഥിതിവിവരക്കണക്കിന്റെ പ്രദർശനരീതിയോടു് ഏതാണ്ടു മാത്രമേ യോജിക്കുന്നുള്ളൂ. ബഹിഷ്കരണത്തിന്റെ അസാമാന്യവിജയത്തിനുത്തരവാദി ഖാദിമനസ്ഥിതിയാണു്. ബഹിഷ്കരണംതന്നെയും ഒരു പുതിയ ആഹ്വാനമല്ല. അതു ബംഗാാം വിഭജനകാലത്തോളമോ അതിൽക്കൂടുതലോ പഴക്കം ചെന്നതാണു്. എന്നാൽ വിജയപ്രതീക്ഷ ഉടലെടുത്തതു് 1919–ൽ ഖാദിയുടെ പുനർജ്ജന്മത്തോടുകൂടിയും, ആ പ്രതീക്ഷ ഫലവത്തായതു് ഖാദിമനസ്ഥിതി കഴിഞ്ഞകൊല്ലം അതിന്റെ പാരമ്യത്തിലെത്തിയപ്പോഴുമായിരുന്നു.

---

106. Young India, 24-4-1930 (Khadi, pp. 53—54)
107. Young India, 4-6-1931 (Khadi, P. 55)

digitized by www .sreyas.in

## 108

എന്റെ നിലപാട് സ്പഷ്ടമാണ്:

1) എനിക്കിഷ്ടംപോലെ ചെയ്യാൻ കഴിയുമെങ്കിൽ, മററു തുണികളെല്ലാം—നാടൻമില്ലുകളിൽ നിർമ്മിക്കുന്നവപോലും—ഉപേക്ഷിച്ചിട്ട് ഇൻഡ്യൻജനതയെ മുഴുവൻ ഞാൻ ഖാദി ധരിപ്പിക്കും.

2) ഇൻഡ്യയ്ക്കാവശ്യമുള്ള ഖാദി മുഴുവൻ നിർമ്മിക്കാൻ നമുക്കു മനസ്സില്ലാത്തിടത്തോളംകാലം (കഴിവുകേടിനെപ്പററിയുള്ള ചോദ്യം ഉദിക്കുന്നതേയില്ല) നാടൻമിൽത്തുണികൊണ്ട് ആ കുറവു പരിഹരിക്കാൻ ഞാൻ സമ്മതിക്കും.

3) വിദേശവസ്ത്രത്തെ ബഹിഷ്കരിക്കുന്നത്, അതു ഖാദിയോടും ഇൻഡ്യൻ മിൽത്തുണിയോടും മത്സരിക്കുന്നതുകൊണ്ടാണ്. വിദേശത്തുണികൾ അതതു രാജ്യങ്ങളിൽ നിർമ്മിക്കുന്നതും ഇവിടെ കൊണ്ടുവരുന്നതും ന്യായമായ രീതിയിലാണോ അല്ലയോ എന്ന അർത്ഥത്തിൽ, ഈ മത്സരം ന്യായമാണോ അന്യായമാണോ എന്ന പരിഗണന അപ്രസക്തമാണ്.

4) മത്സരമില്ലാതിരിക്കുകയും, കുറെ വിദേശത്തുണി ഇൻഡ്യയ്ക്കാവശ്യമായിരിക്കുകയും, ഇംഗ്ലണ്ട് ഒരു സ്വതന്ത്ര ഇൻഡ്യയുടെ പങ്കാളിയാവുകയും ചെയ്യുകയാണെങ്കിൽ, ലോകത്തുള്ള മറെറല്ലാ രാജ്യങ്ങളേക്കാളും കൂടുതൽ പരിഗണന ഞാൻ ഇംഗ്ലണ്ടിനായിരിക്കും നല്കുന്നതു്. എന്നാൽ, ഇൻഡ്യ സ്വതന്ത്ര്യയാകുമ്പോൾ ഇവിടേ വേണ്ട ഖാദി മുഴുവൻ നിർമ്മിക്കപ്പെടുമെന്നും പരിവർത്തനഘട്ടത്തിൽ അതിലുണ്ടാകുന്ന കുറവ് നാടൻ മിൽത്തുണികൊണ്ടു പരിഹരിക്കാമെന്നുമാണ് എന്റെ വിശ്വാസം.

## 109

ഖാദിയിൽ എനിക്കുള്ള വിശ്വാസം ധാർമ്മികവും സാമ്പത്തികവും രാഷ്ട്രീയവും (അതിന്റെ ഏററവും വിപുലമായ അർത്ഥത്തിൽ) ആയ അടിസ്ഥാനത്തിൽ മുമ്പിലത്തേക്കാളും കൂടുതൽ ശക്തമാണ്; ഖാദിക്കും മിൽത്തുണികൾതമ്മിൽ, അതു നാടൻമില്ലിലുണ്ടാക്കിയതായാൽപ്പോലും, യാതൊരു സാദൃശ്യവുമില്ല. മിൽത്തുണിയോ മിൽനൂലോ മുഖേന പാവങ്ങളെ ചൂഷണം ചെയ്യുന്ന സമ്പ്രദായം ഖാദിയെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമാണ്. മിൽത്തുണിയും മിൽനൂലും മുഖേന, എത്ര സൗമ്യമായിട്ടായാലും, ഏതെങ്കിലും തരത്തിൽ പാവങ്ങളെ ചൂഷണം ചെയ്യുക എന്നതു് അനിവാര്യമാണ്. ശുദ്ധ ഖാദി ഉപയോഗിക്കുന്നതുമൂലം താരതമ്യേന ധനികന്മാരായ ആളുകളാൽ തുടർച്ചയായി ചൂഷണം ചെയ്യ

---

108. Young India, 30-7-1931 (Khadi, P. 71)
109. Harijan, 9-2-1934 (Khadi, P. 63)

digitized by www .sreyas.in

പ്പെടുന്ന ദരിദ്രക്ക്° (തീരെ തുച്ഛമാണെങ്കിലും) ഏതാണ്ട ചില ആദായം സ്വയമേവ ലഭിക്കുന്നു; അതിന്റെ മൊത്തം കണക്ക കൂട്ടുമ്പോഠം ഗ്രാമങ്ങളിൽ കഴിയുന്ന ജനസഞ്ചയത്തിനു°, ആകെക്കൂടി മതിയാകുന്ന അളവിലല്ലെങ്കിലും, ഒരു വമ്പിച്ച ആദായമാണു കിട്ടുന്നതു°. സകല മില്ലുകളും ദേശീയമാക്കിയാൽപ്പോലും മിൽത്തുണികൊണ്ടു° ഈ കാര്യങ്ങളൊന്നും നിവ്വഹിക്കുക ഒരിക്കലും സാദ്ധ്യമല്ല. മിൽവ്യവസായത്തിൽ, അതു ജനങ്ങഠക്കു വേണ്ടിയുള്ള ധമ്മസ്വത്താക്കിമാററി അതിൽ സമത്ഥമായ ഭരണം ഏപ്പെടുത്തിയാൽപ്പോലും, സ്വാഭാവികമായ ഒരു വിതരണം സാദ്ധ്യമല്ലെന്നു മാത്രമല്ല, അതുകാരണം വളരെയധികം തൊഴിൽ സ്ഥാനഭ്രഷ്ടമാക്കപ്പെടുകയും ചെയ്യും. ഖാദിയെ സംബന്ധിച്ചാണെങ്കിൽ, ഓരോ കുടിലിലും ചക്കയുണ്ടായിരിക്കെ, തൊഴിൽ നഷ്ടപ്പെടുക എന്ന പ്രശ്നമില്ല; പ്രയത്നഫലം സ്വയമേവ വിതരണം ചെയ്യപ്പെടുകയും ചെയ്യും. അതുകൊണ്ടു°, എന്നെ സംബന്ധിച്ചിടത്തോളം ഖാദിക്കും മിൽത്തുണിക്കും തമ്മിൽ യാതൊരു താരതമ്യവുമുണ്ടാവാൻ സാദ്ധ്യമല്ല. അവക്കു യാതൊരു സ്ഥാനസാമീപ്യവുമുള്ളതായി ഞാൻ കാണുന്നില്ല. എന്തെന്നാൽ, അവ രണ്ടും ഒരേ ഇനത്തിൽപെട്ടവയല്ല. ഖാദിക്കു° ഒരിക്കലും മിൽത്തുണിയോളം ഭംഗിയോ വൈവിദ്ധ്യമോ കമ്പോള അടിസ്ഥാനത്തിലുള്ള വിലക്കുറവോ ഉണ്ടാകയില്ല, ഓരോന്നിന്റെയും അളവുകണക്കുതന്നെ വ്യത്യസ്തമാണു°. ഖാദി മാനുഷികമൂല്യത്തെ പ്രതിനിധാനം ചെയ്യുന്നു. മിൽത്തുണിയാകട്ടെ ലോഹവിലയെയാണു പ്രതിനിധാനം ചെയ്യുന്നതു°. ഒരു ഗജം ഖാദി നാലണവില നിരക്കിനു° എനിക്കു ലാഭകരമാണു°. എന്നാൽ അതേ ഇഴയിലുള്ള മിൽത്തുണിക്കു ഗജം ഒന്നിനു രണ്ടണയാണെങ്കിൽത്തന്നേയും എന്നെ സംബന്ധിച്ചിടത്തോളം അതു വിലക്കൂടുതലാണു°. അതുകൊണ്ടു കാര്യാകാര്യവിവേചനമുണ്ടാവുകയും ചിന്താക്കുഴപ്പം ഒഴിവാക്കുകയും ചെയ്യണമെന്നാണു° എന്റെ അഭ്യത്ഥന. ഓരോന്നും അതതിനുള്ള സ്ഥാനത്തു നിലയുറപ്പിക്കട്ടെ. മില്ലധികാരികഠക്കു ഖാദിക്കുള്ള സ്ഥാനത്തെപ്പററി ഈർഷ്യയുണ്ടാകാതിരിക്കട്ടെ. ഖാദിയെപ്പോലെ തോന്നുന്ന വസ്ത്രങ്ങഠ നിമ്മിച്ച° വാങ്ങുന്നവരിൽ അതു ഖാദിയാണെന്നുള്ള വിശ്വാസം ജനിപ്പിച്ച° അത്തരത്തിൽ അവരെ ചതിക്കുന്നതു° മുൻപറഞ്ഞ കൂട്ടരുടെ സ്ഥിതിക്കു യോഗ്യമായ പ്രവൃത്തിയല്ല.

## 110

ഖാദിസമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള നിയമങ്ങഠ പാലിക്കുന്നതിൽ മുമ്പിലത്തെക്കാഠ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ആവശ്യം പുരസ്കരിച്ച° ഒരു ഉറച്ച നില സ്വീകരിക്കേണ്ട സന്ദർഭം

110. Harijan, 27-4-1934 (Khadi, pp. 73—74)

digitized by www .sreyas.in

ഖാദിപ്രവൎത്തകൎക്കുണ്ടായിരിക്കുന്നു. അവയിൽ ചിലതു സാമാന്യ സമ്പദ്വ്യവസ്ഥാനിയമങ്ങളിൽനിന്നും സാരമായി വ്യത്യസ്തമാണു്. സാധാരണമായി, ഒരു സ്ഥലത്തു നിൎമ്മിക്കപ്പെടുന്ന സാധനങ്ങളെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും അയയ്ക്കുകയോ, അയയ്ക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതാണു പതിവു്. സാമാനങ്ങളുടെ നിൎമ്മാതാക്കൾ അവ ഉപയോഗിക്കണമെന്നില്ല. ഖാദിയുടെ നില അതല്ല. അതിന്റെ പ്രത്യേകത അതുല്പാദിപ്പിക്കുന്ന സ്ഥലത്തുതന്നെ ഉപയോഗപ്പെടുത്തണമെന്നും നൂൽനൂൽപ്പുകാരും നെയ്ത്തുകാരും അതു ധരിക്കുന്നവിഷയത്തിൽ മററുള്ളവരെക്കാൾ കൂടുതൽ താല്പര്യമുള്ളവരായിരിക്കണമെന്നുമാണു്. അങ്ങനെ ഉപയോഗിക്കുമ്പോൾ ഖാദിയുടെ വിപണി സ്വയമേവ സുദൃഢമാകും. ഈ ആശയം ഒരിക്കലും പൂൎണ്ണ ഫലപ്രാപ്തിയിലെത്തുകയില്ലെന്നുള്ളതു ശരിതന്നെ. എന്നാൽ ഈ ആദൎശത്തിന്റെ ഫലപ്രാപ്തിയുടെ അളവിലാണു് ഖാദിയുടെ മഹത്ത്വം സ്ഥിതിചെയ്യുന്നതു്. മറെറാരു വ്യവസായത്തിനുമില്ലാത്ത ഈ ഒരു പ്രത്യേകതയുള്ളതുകാരണം ഖാദി ഒരു കുടിൽവ്യവസായമായിത്തീരുന്നു. ഇതിനു ഒരു ചുരുങ്ങിയമട്ടിലെങ്കിലും സാദൃശ്യം വഹിക്കുന്ന മറെറാരു വ്യവസായം—അതിനെ വ്യവസായമെന്നു നാമകരണം ചെയ്യാമെങ്കിൽ—കൃഷി മാത്രമാണു്. അതുകൊണ്ടു് ഖാദിയുടെ ലഘുവായ സമ്പദ്വ്യവസ്ഥയെപ്പററി ശരിക്കു മനസ്സിലാക്കാൻ ആവശ്യമായ ബോധനം നൂൽനൂൽപ്പുകാൎക്കും നെയ്ത്തുകാൎക്കും നൽകേണ്ടതാണു്. ആ രണ്ടു കൂട്ടരും സ്വന്തം ഉപയോഗത്തിനായി നൂൽനൂല്ക്കുകയും തുണി നെയ്യുണ്ടാക്കുകയും ചെയ്താൽ അതവരേസംബന്ധിച്ചിടത്തോളം സ്വാഭാവികമായി ഏററവും വിലകുറഞ്ഞതായിരിക്കും.

ഇതിൽനിന്നും, ഖാദിയെ അതിന്റെ ഉല്പാദനസ്ഥലത്തുനിന്നു വളരെദൂരെ വില്പനയ്ക്കയയ്ക്കരുതെന്നുള്ളതു സ്പഷ്ടമാകുന്നു. അധികംവരുന്ന ഖാദി അതു നിൎമ്മിക്കുന്ന ഗ്രാമത്തിൽത്തന്നെ വില്ക്കണം. പിന്നെയും മിച്ചമുണ്ടെങ്കിൽ അതുണ്ടാകുന്ന ഡിസ്ട്രിക്ടിൽത്തന്നെ വില്പന നടത്തണം. അതിപ്രാചീനകാലംമുതൽ കലാസുഭഗമായ മാതൃകകളിലുള്ള ഖാദി നെയ്യുണ്ടാക്കിവന്ന കുടുംബങ്ങൾ വൈവിദ്ധ്യമുള്ള പ്രത്യേകതരങ്ങൾ തുടൎന്നു നിൎമ്മിച്ചുകൊള്ളും. ഗ്രാമീണന്റെ ഖാദിക്കു് എന്തു സംഭവിച്ചാലും, എല്ലാക്കാലത്തും തൊഴിലും ആദായവും നല്കുന്ന ആ പ്രത്യേകതരം ഖാദി നിലനില്ക്കുകതന്നെ ചെയ്യും.

മുകളിൽ പറഞ്ഞ വസ്തുതകളിൽനിന്നും അഖിലേന്ത്യാ നൂൽനൂൽപ്പു സംഘത്തിന്റെ ഭരണവ്യവസ്ഥയിൽ ഉടൻ ഒരു വിപ്ലവം സൃഷ്ടിക്കാനുദ്ദേശിക്കുന്നതായി ധരിക്കരുതു്. അതിന്റെ വ്യാപാരശാലകൾ മുറയ്ക്കു തുടൎന്നു പ്രവൎത്തിക്കും. എന്നാൽ ചിന്താലോക

ത്തിൽ ഒരു വിപ്ലവമുണ്ടാകുമെന്നു് അതിനർത്ഥമുണ്ടു്. ഖാദിപ്രവർത്തകരിൽ ഏററവും മനോധർമ്മമുള്ളവർ ഗ്രാമീണരുടെ അഭിരുചിക്കു യോജിക്കത്തക്കവണ്ണം അതിനു പകിട്ടും ഈടും ഉണ്ടാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇങ്ങനെ പഞ്ഞിതല്ലുന്നവർ, കടയുന്നവർ, നൂൽനൂൽപ്പുകാർ, നെയ്ത്തുകാർ എന്നിവർ ഒരുവശത്തും, ഖാദിപ്രവർത്തകർ മററുവശത്തുമായി, കൂടുതൽ നല്ലതും യഥാർത്ഥവുമായ ഒരു ബന്ധം സംജാതമാകേണ്ടിയിരിക്കുന്നു. അപ്രകാരമാകുമ്പോൾ നഗരങ്ങളിൽ വില്പന വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആരും വെമ്പൽകൊള്ളുകയില്ല. നഗരവാസികൾ ആവശ്യപ്പെടുന്നതിന്റെ തോതനുസരിച്ചും, ഗ്രാമങ്ങളിൽ ചെന്നുചേരാൻ സൗകര്യവും കഴിവുമില്ലാത്തവരും എന്നാൽ പാവപ്പെട്ട നൂൽനൂൽപ്പുകാർക്കും നെയ്ത്തുകാർക്കുംവേണ്ടി കുറെ ഖാദി വിററെങ്കിൽമാത്രം തൃപ്തിയുള്ളവരുമായ ഖാദിപ്രേമികളുടെ പ്രചരണത്തിന്റെ അടിസ്ഥാനത്തിലുമായിരിക്കും ഈ വില്പനകൾ നിയന്ത്രിക്കപ്പെടുന്നതു്. ഗ്രാമവാസികൾക്കുള്ള വസ്ത്രം എന്ന ഒരു സ്ഥായിയായ നില ഖാദിക്കു കൈവരുമ്പോൾമാത്രമേ, അതിനു സ്ഥിരപ്രതിഷ്ഠ ലഭിക്കുകയുള്ളു എന്നുള്ളതും ധരിച്ചിരിക്കേണ്ടതുണ്ടു്.

111

നൂൽനൂൽപ്പും നെയ്ത്തും ആയിരക്കണക്കിനു് ഹരിജനങ്ങളെ പോററിവരുന്നതും, ശരിക്കു സംഘടിച്ചാൽ അവരിൽ കുറേപ്പേർക്കുകൂടി സംരക്ഷണം നൽകുന്നതുമായ തൊഴിലുകളാണെന്നു എന്റെ പര്യടനങ്ങൾക്കിടയിൽ എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടു്. ചില സ്ഥലങ്ങളിൽ നെയ്ത്തുകാരെ, അവരുടെ തൊഴിൽ കാരണം അസ്പൃശ്യരായി ഗണിച്ചുവരുന്നതായിക്കാണുന്നു. അവർ മിക്കവാറും ഒരു മാതൃകയുമില്ലാത്ത ഏററവും പരുക്കൻ ഖാദി നെയ്യുന്നവരാണു്. ഈ വർഗ്ഗം നശിച്ചുതുടങ്ങിയപ്പോഴാണു് ഖാദിയുടെ ആവിർഭാവം അവരെ നാശത്തിൽനിന്നും വീണ്ടെടുക്കുകയും അവരുടെ പരുക്കൻ ഖാദിക്കു് ആവശ്യക്കാരുണ്ടാവുകയും ചെയ്തതു്. അനവധി ഹരിജൻ കുടുംബങ്ങൾ നൂൽനൂൽപ്പുകൊണ്ടുമാത്രം ജീവിച്ചുവന്നതായി അപ്പോൾ കണ്ടുപിടിക്കപ്പെട്ടു. അങ്ങനെ ഖാദി രണ്ടുതരത്തിൽ ദരിദ്രന്റെ ജീവിതത്തിനു് ആലംബനമാണു്. ഏററവും ദരിദ്രരും ദരിദ്രരിൽവച്ചു് എത്രയും നിസ്സഹായരുമായ ഹരിജനങ്ങളുൾപ്പെടെയുള്ള വെറും പാവങ്ങളെ അതു സഹായിക്കുന്നു. അങ്ങനെവരാൻ ഇടയായതു മററുള്ളവർക്കു ലഭിക്കുന്ന പല തൊഴിലുകളും ഹരിജനങ്ങൾക്കു് അപ്രാപ്യമായതുകൊണ്ടാണു്.

111. Harijan, 27-4-1934 (Khadi, pp. 7—8)

digitized by www .sreyas.in

## 112

ഖാദിയുല്പാദനം പുനഃസംഘടിപ്പിക്കുമ്പോൾ, ഖാദിശാസ്ത്രം സാധാരണ വ്യാപാരങ്ങളോടു കടകവിരുദ്ധമായി പ്രവർത്തിക്കുന്ന ഒന്നാണെന്നു നിങ്ങൾ മറക്കരുത്. ആദം സ്മിത്ത് തന്റെ 'രാഷ്ട്രങ്ങളുടെ സമ്പത്ത്' എന്ന ഗ്രന്ഥത്തിൽ, സാമ്പത്തിക സ്ഥിതിവിശേഷങ്ങൾക്കാധാരമായ ചില തത്ത്വങ്ങൾ നിർവ്വചിച്ചശേഷം, 'ശല്യപ്പെടുത്തുന്ന ഘടക'വും സാമ്പത്തികനിയമങ്ങളുടെ സ്വേച്ഛാപ്രവർത്തനത്തിനു വിലങ്ങുതടിയായി നില്ക്കുന്നതുമായ ചില സംഗതികളെക്കുറിച്ചു സവിസ്തരം പ്രതിപാദിച്ചു. അവയിൽ പ്രധാനപ്പെട്ടതു 'മനുഷ്യാംശ'മാണ്. എന്നാൽ, ഈ 'മനുഷ്യാംശ'ത്തിലാണു ഖാദിയുടെ സമ്പദ്വ്യവസ്ഥ മുഴുവൻ സ്ഥിതിചെയ്യുന്നത്; ആദംസ്മിത്തിന്റെ 'പരിശുദ്ധ സാമ്പത്തികോദ്ദേശ്യ'മായ മനുഷ്യന്റെ സ്വാർത്ഥതയാണ് 'ശല്യപ്പെടുത്തുന്ന ഘടക'വും തന്മൂലം കീഴടക്കപ്പെടേണ്ടതും. അതുകൊണ്ടു മിൽത്തുണിയുടെ ഉല്പാദനത്തിനു ബാധകമായതു് ഖാദിയെക്കുറിച്ചു സംഗതമല്ല. വാണിജ്യപരമായ നിർമ്മാണങ്ങളിൽ പ്രധാനമായി കണ്ടുവരുന്നതു് സാധനങ്ങളുടെ ഗുണം കുറയ്ക്കുക, മായം കലർത്തുക, മനുഷ്യന്റെ താണതരം അഭിരുചികളെ തൃപ്തിപ്പെടുത്തുക എന്നീ ദോഷങ്ങളാണ്. ഖാദിയിലാകട്ടെ, ഇവയ്ക്കൊന്നിനും സ്ഥാനമില്ല. എന്നുമാത്രമല്ല, ഏററവും കൂടിയ ലാഭം, ഏററവും കുറഞ്ഞ കൂലി എന്നതിനും അതിൽ ഒരു സ്ഥാനവുമില്ല. നേരെമറിച്ച് വെറും ലാഭം എന്നൊരു സംഗതി ഖാദിയെ സംബന്ധിച്ചിടത്തോളം ഇല്ലതന്നെ. നഷ്ടംവരാൻ പാടില്ല. നഷ്ടമുണ്ട്, കാരണം പ്രവർത്തകരായ നാം ഇനിയും അപ്രാപ്തരും പരിശീലനക്കുറവുള്ളവരുമായിരിക്കുന്നതുതന്നെ. ഖാദിയിൽ ഈടാക്കുന്ന വില ആദ്യത്തെ ഉല്പാദകരായ നൂൽനൂൽപ്പുകാർക്കു പോകുന്നു; മററുള്ളവർക്ക് അവരുടെ കൂലിമാത്രമേ കിട്ടുന്നുള്ളു.

അടുത്തതായി തരത്തിലും ഗുണത്തിലും ഏകീകരണം വരുത്തുന്ന പ്രശ്നത്തെപ്പററി ചിന്തിക്കാം. ഖാദിയിൽ അതു നിർബന്ധിതമാക്കാൻ നിവൃത്തിയില്ല. രാജഗോപാലാചാരി ഒരിക്കൽ അഭിപ്രായപ്പെട്ടതുപോലെ, ഒരു പാവപ്പെട്ട സാധാരണ നൂൽനൂൽപ്പുകാരിക്ക് ഒരേ തരത്തിലും ഇഴയിലുമുള്ള നൂൽനൂല്ക്കാൻ എപ്പോഴും സാദ്ധ്യമാവുകയില്ല. അവർ ഒരു യന്ത്രമല്ല. ഇന്ന് അവർക്കു സുഖമില്ലായിരിക്കും, നാളെ കുഞ്ഞിനു സുഖക്കേടായി എന്നുവരാം; തന്മൂലം അവളുടെ മനസ്സ് അസ്വസ്ഥമാകും. ആ പാവപ്പെട്ട നൂൽനൂല്പുകാരിയെയോ കുഞ്ഞിനെയോ കുറിച്ചു നിങ്ങൾക്കു സ്നേഹമുണ്ടെങ്കിൽ, എല്ലായ്പോഴും മാർദ്ദവമുള്ളതും ഒരേതരത്തിലുള്ളതുമായ നൂൽ തരണമെന്നു നിങ്ങൾ അവളെ നിർബന്ധിക്കുകയില്ല; അവളുടെ

---

112. Harijan, 21-9-1934 (Khadi, pp. 77—79)

digitized by www .sreyas.in

അപ്പോഴപ്പോഴത്തെ പരിതസ്ഥിതിയനുസരിച്ച് ഏററവും ശ്രദ്ധയോടുകൂടി അവരം നിർമ്മിക്കുന്ന നൂലുകൊണ്ടു നിങ്ങരം തൃപ്തിപ്പെടും. അവരുടെ പാവനമായ കരസ്പർശം ഖാദിക്കു ജീവനും ചരിത്രവും നല്കുന്നു. ഇവ യന്ത്രത്തിൽ നിർമ്മിക്കുന്ന നൂലിൽ ഒരിക്കലും ഉണ്ടാവുകയില്ല. യന്ത്രനിർമ്മിതമായ സാധനത്തിലുള്ള കല കണ്ണിനു മാത്രമേ ഇമ്പമുണ്ടാക്കുന്നുള്ളു; ഖാദിയിലുള്ള കലയാകട്ടെ, ആദ്യം ഹൃദയത്തെയും പിന്നീട് കണ്ണിനെയും ആകർഷിക്കുന്നു. അതുകൊണ്ടു ഖാദിയെ വെളുപ്പിക്കുന്നതിനെ (ബ്ലീച്ചിംഗ്) ഞാൻ നിരുത്സാഹപ്പെടുത്തും. അതു് ഉല്പാദനച്ചെലവു വർദ്ധിപ്പിക്കുകയും, തുണിയുടെ ഈടുനില്പിനെ ബാധിക്കുകയും, അതിൽ വഞ്ചനയുണ്ടെങ്കിൽ അതു കണ്ടുപിടിക്കുന്നതിനു വൈഷമ്യം സൃഷ്ടിക്കുകയും ചെയ്യും. ജനങ്ങളുടെ വാസനാചാപല്യങ്ങളെ പോഷിപ്പിക്കാൻ ശ്രമിക്കാതെ അവരിൽ പുതിയ അഭിരുചി വളർത്താൻ യത്നിക്കണം. സാധാരണരീതിയിൽ ഏതാനും പ്രാവശ്യം അലക്കിയാൽ ഖാദിക്കു നല്ല വെണ്മയും മാർദ്ദവവും കിട്ടും. വെളുപ്പിക്കൽ ആ മാർദ്ദവത്തെ നശിപ്പിക്കുകയാണു ചെയ്യുന്നതു്. ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ച് അനാവശ്യച്ചെലവുകരം കുറയ്ക്കാൻ ശ്രമിക്കണം.

ഖാദിയെ ഒരു കച്ചവടസാധനമായല്ലാതെ അർദ്ധപ്പട്ടിണിക്കാരായ ജനലക്ഷത്തിനുള്ള കാലയാപനമാർഗ്ഗമായി നാം ഗണിക്കുകയാണെങ്കിൽ, നാം നൂൽനൂല്പുകാരിയുടെ ഭവനത്തിൽ കടന്നുചെന്നു് അവരം നൂല്ക്കുന്ന നൂലുകൊണ്ടുണ്ടാക്കുന്ന ഖാദി ധരിക്കാൻ അവളെ പ്രേരിപ്പിക്കണം. അങ്ങനെ ചെയ്താൽ ഖാദിയുടെ ഉല്പാദനച്ചെലവു കുറയുകയും, സ്വയമേവയുള്ള വിതരണം സുനിശ്ചിതമാവുകയും ചെയ്യും. ഇതുവരെ നാം നഗരവാസികരംക്കുവേണ്ടി ഖാദി നിർമ്മിക്കാനാണു് ശ്രമിച്ചിട്ടുള്ളതു്. തുച്ഛമായ രീതിയിൽ ആരംഭിച്ച ഖാദിയുല്പാദനം ഇപ്പോരം പ്രതിവർഷം അനേകലക്ഷം എന്ന കണക്കിലെത്തിയിട്ടുണ്ടു്. അതിൽ നാം വൈവിധ്യം വളരെ ഉണ്ടാക്കിക്കഴിഞ്ഞു. എന്നാൽ അതുകൊണ്ടു ഞാൻ ഇപ്പോരം തൃപ്തിപ്പെടുന്നില്ല. ഖാദി വിഭാവനചെയ്യപ്പെട്ടതു് അതിലും കൂടുതൽ കവിഞ്ഞ ഉദ്ദേശ്യത്തോടെയാണു്; അതായതു് നമ്മുടെ ഗ്രാമങ്ങളെ പട്ടിണിക്കതീതമാക്കാൻവേണ്ടിയാണു്. ഗ്രാമവാസികരം ഖദർ ധരിക്കുകയും മിച്ചം വരുന്നതുമാത്രം നഗരങ്ങളിലേക്കയയ്ക്കുകയും ചെയ്തില്ലെങ്കിൽ ഇതു് അസാദ്ധ്യമാണു്. ഖാദിയുടെ ഏകരഹസ്യം സ്ഥിതിചെയ്യുന്നതു് ഉല്പാദനസ്ഥലത്തുതന്നെ അതിന്റെ വില്പനയ്ക്കു സൗകര്യമുണ്ടാക്കുകയും നിർമ്മാതാക്കരംതന്നെ അതു് ഉപയോഗിക്കുകയും ചെയ്യുന്നതിലാണു്.

അതുസംബന്ധിച്ച നമുക്കുണ്ടാകുന്ന മേൽച്ചെലവുകരം ക്രമാതീതമായി എനിക്കു തോന്നുന്നു. ഖാദിയുടെ കേന്ദ്രസന്ദേശത്തിൽ

digitized by www .sreyas.in

നമ്മുടെ ശ്രദ്ധ ഉറപ്പിക്കാമെങ്കിൽ, ആ ചെലവുകളിൽ ഗണ്യമായ കുറവുണ്ടാകും. ഖാദിയുടെ വില കുറയ്ക്കുന്നതിനുള്ള നിയമങ്ങൾ, ലാഭം പ്രധാനോദ്ദേശ്യമാക്കി നിർമ്മിക്കപ്പെടുന്ന കച്ചവടസാധനങ്ങളുടേതിൽനിന്നും, മുഴുവനായിട്ടല്ലെങ്കിൽ ഭാഗികമായിട്ടെങ്കിലും, വ്യത്യസ്തമാണ്. ഖാദിഉപകരണങ്ങളെ പരിഷ്കരിക്കുന്ന കാര്യത്തിൽ ഒരു പരിമിതിയുണ്ട്: എന്നാൽ മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യവും സത്യസന്ധതയും വർദ്ധിപ്പിക്കുന്നതിനു പരിമിതിയൊന്നുമില്ല. ഇവ രണ്ടിലും നമുക്കു നിരാശയുണ്ടെങ്കിൽ ഖാദിയുടെ വിഷയത്തിലും നമുക്കു നിരാശപ്പെടേണ്ടിവരും. അതുകൊണ്ട് ഖാദിയിൽ മദ്ധ്യവർത്തികളെ ഒഴിവാക്കി നാം ചെലവു കുറയ്ക്കുന്നു; ഈ വ്യവസ്ഥാപനത്തിന്റെ ശാന്തമായ പ്രവർത്തനത്തിനും, സ്വയംപര്യാപ്തത സ്വയംപ്രവർത്തനക്ഷമത എന്നിവയ്ക്കും അത് അത്യന്താപേക്ഷിതമാണ്.

ഖാദിശാസ്ത്രം ഇപ്പോഴും അതിന്റെ ശൈശവദശയിലാണ്. അതു വികസനസാദ്ധ്യതയുള്ള ഒരു ശാസ്ത്രമാണ്. ഞാൻ അതിൽ നടത്തുന്ന ഓരോ പുതിയ കണ്ടുപിടിത്തങ്ങളിൽനിന്ന് എനിക്ക് അതിനെപ്പറ്റി എത്രയോ തുച്ഛമായ അറിവുമാത്രമേ ഉള്ളു എന്ന് ഒന്നിനൊന്നു കൂടുതൽ ബോദ്ധ്യംവരുന്നു.

## 113

ഒരുകണക്കിനു ഖദർ വെറും ഒരു സാമ്പത്തികപ്രമേയമാണ്. ഒരു ഖദർസംഘടന മറ്റെല്ലാത്തിനെക്കാളും പ്രധാനമായി ഒരു വ്യാപാരസ്ഥാപനമായിരിക്കണം. അതുകൊണ്ട് ജനാധിപത്യതത്വം (കക്ഷിരാഷ്ട്രീയം) അതിൽ പ്രായോഗികമല്ല. ജനാധിപത്യഭരണത്തിൽ ഹിതവും ആശയവും തമ്മിൽ തീർച്ചയായും സംഘട്ടനമുണ്ടാവുകയും, വിവിധാശയങ്ങൾ തമ്മിൽ ചിലപ്പോൾ കത്തിപ്രയോഗത്തോടുകൂടിയ സമരത്തിനുപോലും ഇടയാക്കുകയും ചെയ്യും. ഒരു വ്യാപാരസംഘടനയ്ക്കുള്ളിൽ ഇത്തരം ഒരു സംഘട്ടനത്തിനു സ്ഥാനമില്ല. ഒരു വ്യാപാരസ്ഥാപനത്തിൽ കക്ഷികൾ, വകുപ്പുകൾ എന്നിവയുണ്ടാകുന്നതു് വിഭാവന ചെയ്യുക; അവയുടെ ഭാരം താങ്ങാൻവയ്യാതെ സ്ഥാപനം തകർന്നു തരിപ്പണമാകും. എന്നാൽ ഒരു ഖാദിസംഘടന വെറും വ്യാപാരസ്ഥാപനത്തിൽ കവിഞ്ഞ നിലയുള്ളതാണ്. അതു ജനസേവനത്തിനുവേണ്ടി സജ്ജമാക്കപ്പെട്ടിട്ടുള്ള മനുഷ്യസ്നേഹപരമായ ഒരു സ്ഥാപനമാണ്. അത്തരം ഒരു സ്ഥാപനത്തിന്റെ ഭരണം ആളുകളുടെ ഹിതാഹിതങ്ങളനുസരിച്ചു നടക്കേണ്ടതല്ല. വ്യക്തിപരമായ ഉൾപ്പോരുകൾക്ക് അവിടെ സ്ഥാനമില്ല.

---

113. Harijan, 21-9-1934 (Khadi, P. 101)

digitized by www .sreyas.in

## 114

ഉല്പാദനശാലകളിൽനിന്നും കൊണ്ടുവരുന്ന ഖാദിയുടെ മൊത്തം വില്പനയിൽ അതിനു വേണ്ടിവരുന്ന ചെലവുകൾ നിർവ്വഹിക്കാനായി, പതിനഞ്ചണയ്ക്കു് ഒരണകണ്ടു് മിച്ചം ലഭിക്കണം; ഈ രീതിയിൽ വില്പന നിയന്ത്രിക്കണമെന്നുള്ളതാണു് അഖിലേന്ത്യാ നൂൽനൂല്പുസംഘംവക സ്റ്റോറുകളിലെ മാനേജരന്മാരുടെ മുമ്പാകെയുള്ള ആദർശം എന്നു മാത്രം എനിക്കു സമാധാനം പറയാൻ സാധിക്കും. ഈ പതിനഞ്ചണയിൽ ചരക്കു സ്ഥലത്തു കൊണ്ടുവരുന്നതിനുള്ള കൂലി മുതലായ മററു പല ചെലവിനങ്ങളും ഉൾപ്പെടും. അതുകൊണ്ടു് ഓരോ രൂപാ മുടക്കിയുള്ള ഖാദിയുല്പാദനത്തിലും പതിനഞ്ചണ ഉല്പാദകനു കിട്ടുന്നു എന്നു പറയുന്നതു വെറും അബദ്ധമാണു്.

ഖാദി, നെയ്ത്തുകാരന്റെ കയ്യിൽനിന്നും പോയാൽ, അലക്കു്, ചായം മുക്കൽ, തേയ്ക്കൽ, ഇടയ്ക്കുള്ള ഡിപ്പോകളിൽ ശേഖരിക്കൽ തുടങ്ങിയ പല പരിപാടികൾക്കും വിധേയമാകുന്നു. ‘ഉല്പാദകൻ’ എന്നുള്ള പേരിൽ പഞ്ഞികൃഷിക്കാരൻ, പഞ്ഞി പറിക്കുന്നയാൾ, തല്ലുന്നയാൾ, കടയുന്നയാൾ, ചുരുളുണ്ടാക്കുന്നയാൾ, നൂല്പുകാരൻ, ചുററുന്നയാൾ, പാവിടുന്നയാൾ, പശപുരട്ടുകാരൻ, നെയ്ത്തുകാരൻ എന്നിവരെ മാത്രം ഉൾപ്പെടുത്തുകയും, നെയ്ത്തുകഴിഞ്ഞുള്ള പ്രവർത്തനങ്ങൾ നടത്തുന്നവരെ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുകയാണെങ്കിൽ, ‘ഉല്പാദക’നു് രൂപയ്ക്കു് എട്ടണയിൽ കൂടുതൽ കിട്ടിയില്ലെന്നു വരാം. ഒടുവിലത്തെ നടപടികൾ ഒഴിവാക്കുന്നതു സാധാരണവും യുക്തവുമാണു്; എന്തെന്നാൽ, ഖാദികൊണ്ടുള്ള ഉദ്ദേശം സാധിക്കുന്നതിനു് അവശ്യം വേണ്ട കാര്യങ്ങളല്ല അവ; ഗ്രാമീണരോ ശരിക്കുള്ള ഖാദിപ്രവർത്തകരോ അതൊക്കെ ചെയ്തെന്നും ചെയ്തില്ലെന്നും വരാം. അലക്കുക, ചായംമുക്കുക മുതലായവ മിക്കവാറും സംഘടിതമായിട്ടാണു്, അതായതു് മുതലാളിസ്ഥാപനങ്ങൾ മുഖേനയാണു്, നിർവ്വഹിക്കപ്പെടുന്നതു്. ഖാദിയുടെ വില്പനവില വർദ്ധിപ്പിക്കുന്നതിൽ പങ്കുള്ളവരെല്ലാം ഉല്പാദകനുമായി കൂലി പങ്കിട്ടെടുക്കുന്നില്ല. എന്നുവച്ചാൽ ഉല്പാദകന്റെ ഭക്ഷണം തട്ടിയെടുക്കാതെ അയാൾ നിർമ്മിക്കുന്ന ചരക്കിനു കമ്പോളമുണ്ടാക്കിക്കൊടുക്കാൻ സഹായിക്കുന്നു; മുതലാളിസ്ഥാപനങ്ങളായാൽപ്പോലും ഇങ്ങനെയാണു ചെയ്യുന്നതു്. കാരണം, ഒടുവിൽ പറഞ്ഞവർ ഇപ്പോൾ തങ്ങളുടെ ആദായത്തിനുവേണ്ടിയല്ല പ്രവർത്തിക്കുന്നതു്; എന്തുദ്ദേശത്തോടെയാണെങ്കിലും ഉല്പാദകനുവേണ്ടിയാണു് അവർ ജോലി ചെയ്യുന്നതു്. അതുകൊണ്ടു് ഇവിടെ ചർച്ചാവിഷയമായ നോ

114. Harijan, 5-10-1934 (Khadi, pp. 88—89)

digitized by www .sreyas.in

ട്ടീസിൽ* ഓർമ്മിക്കാതെയോ അറിവില്ലാതെയോ ചെയ്യുന്ന അതിശയോക്തിപരമായ പ്രസ്താവന വാസ്തവത്തിൽ ഖാദിയുടെ പരസ്യമായുപയോഗപ്പെടുകയാണു ചെയ്യുന്നത്. ആ നോട്ടീസിന്റെ നക്കലെഴുത്തുകാരൻ ഞാനായിരുന്നെങ്കിൽ, ഇപ്രകാരം പറയുമായിരുന്നു:

''നിങ്ങൾ ഒരു രൂപയ്ക്കു ഖാദി വാങ്ങുമ്പോൾ ഉല്പാദകന് അയാളുടെ വേലയ്ക്കുള്ള പ്രതിഫലം മുഴുവൻ കിട്ടുന്നു; എന്നാൽ സ്വദേശിമില്ലുകളിൽനിന്നു നിങ്ങൾ തുണിവാങ്ങുകയാണെങ്കിൽ, നിങ്ങൾ ഖാദിയുല്പാദകന്റെ പ്രയോജനപ്രദമായ തൊഴിൽ നഷ്ടപ്പെടുത്തുകയും, അതിനു പകരം അയാൾക്കു മറെറാരു തൊഴിൽ നല്കാതിരിക്കുകയുമാണു ചെയ്യുന്നത്. ഖാദീവില്പനയുടെ ഏജൻസിക്കു വെറും ജീവിവിതച്ചെലവു മാത്രമാണു കിട്ടുന്നത്; അതുകൊണ്ട് അവർ ഉല്പാദകർക്കു തുല്യരാണ്.''

ഖാദിയുടെ സമ്പദ്വ്യവസ്ഥയെപ്പററി നിരൂപണദൃഷ്ട്യാ പഠനം നടത്തുന്ന ഒരാൾക്ക് ഖാദിയല്ലാതെ മറേറതെങ്കിലും തുണി ഒരിന്ത്യാക്കാരൻ ഉപയോഗിക്കുന്നത് അർദ്ധപ്പട്ടിണിക്കാരായ ജനതയോടു ചെയ്യുന്ന ഒരു പാതകമാണെന്നു ഗ്രഹിക്കാൻ കഴിയും. അത്തരക്കാരന്റെ പ്രവൃത്തി വിശന്നുപൊരിയുന്ന ഒരു ഗ്രാമീണന്റെ വായിൽനിന്നും ഒരു ഉരുളഭക്ഷണം തട്ടിയെടുക്കുന്നതിനു സമമാണ്. ഖാദിക്ക് ഇടിവു തട്ടുന്നത് അതിന്റെ സഹജമായ ഏതെങ്കിലും ദൂഷ്യത്താലല്ല, അതിന്റെ ബന്ധുക്കൾക്കും ശത്രുക്കൾക്കും ഒന്നുപോലെ അതിനെക്കുറിച്ചുള്ള അജ്ഞതയാലാണ്.

വാങ്ങുന്നയാളുടെ കാര്യത്തെപ്പററിയും ചിന്തിക്കേണ്ടതായിട്ടുണ്ട്. അയാളുടെ വീക്ഷണത്തിൽ പരസ്യം വഴി തെററിക്കുന്ന ഒന്നാണ്. അയാളുടെ രുചിബോധം ഒന്നു പരിഷ്കരിക്കാമെങ്കിൽ, ഖാദിയുടെ വില ഇന്നത്തേതിൽ പകുതിയായി കുറയും—അതായതു് വെളുപ്പിക്കാത്ത ഖാദി അയാൾ വാങ്ങുകയും പിന്നീട് അയാളുടെ ഇഷ്ടാനുസരണം അതിനെ മോടിപിടിപ്പിക്കുകയും ചെയ്യുമെങ്കിൽ. വിലയെപ്പററി പരിഗണിക്കുന്നില്ലെങ്കിൽ, അയാൾ

* ഖാദിയെ പ്രശംസിച്ചുകൊണ്ട് ഒരു പത്രത്തിൽ പ്രസിദ്ധീകൃതമായ ഒരു നോട്ടീസാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. അതിൽ മിൽത്തുണിക്കുവേണ്ടി ചെലവാക്കുന്ന ഓരോ രൂപയിൽനിന്നും 50 ശതമാനം മിൽ ഉടമയ്ക്കും 37 ശതമാനം ഉല്പാദനോപകരണങ്ങൾക്കും ബാക്കി വിദേശികൾക്കും ലഭിക്കുമ്പോൾ, ഖാദിക്കുവേണ്ടി ചെലവഴിക്കുന്ന ഓരോ രൂപയിൽനിന്നും അതിന്റെ നിർവ്വഹണച്ചെലവായ 6 ശതമാനം ഒഴിച്ച്, ബാക്കി മുഴുവനും ഉല്പാദകന് കിട്ടുന്നു എന്ന്, സ്വല്പം അതിശയോക്തിപരമായി, പറഞ്ഞിരുന്നു.

digitized by www .sreyas.in

തല പുണ്ണാക്കേണ്ട കാര്യമില്ല. എന്നാൽ വാങ്ങുന്നയാൾ വിലയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നകൂട്ടത്തിലാണെങ്കിൽ വെളുപ്പിച്ചു ഭംഗിപിടിപ്പിച്ച ഖാദിയേക്കാൾ അപ്രകാരമൊന്നുമല്ലാത്ത ഖാദി വളരെ വിലകുറഞ്ഞതാണെന്നു മനസ്സിലാക്കട്ടെ. അതു മാത്രമല്ല, വെളുപ്പിക്കാത്ത ഖാദി വെളുപ്പിച്ചതിനെക്കാൾ കൂടുതൽ ഈടുനില്ക്കുകയും ചെയ്യും. കഴിഞ്ഞ പന്ത്രണ്ടുവർഷത്തിനിടയിൽ ഖാദിക്കു വളരെ വില കുറഞ്ഞിട്ടുണ്ടെന്നും കുറേക്കൂടി നല്ല ഇഴയിൽ അതു നിർമ്മിക്കപ്പെടുന്നുണ്ടെന്നും പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ചർക്കയ്ക്കുള്ള ഉപകരണങ്ങളിൽ വേണ്ട പരിഷ്കാരം വരുത്തുകയും നൂൽനൂല്പുകാരുടെ വൈദഗ്ദ്ധ്യം വർദ്ധിക്കുകയും ചെയ്യുകകാരണം ഓരോ നൂൽനൂല്പുകാരന്റെയും കീശയിൽ അതു കൂടുതൽ പണം ചെന്നുചേരാൻ ഇടയാക്കിയിട്ടുണ്ട്. ഖാദിശാസ്ത്രത്തിനു വളരെ ഉയർന്നതരം സാങ്കേതികവും യന്ത്രസംബന്ധവുമായ വൈദഗ്ദ്ധ്യം ആവശ്യമാണ്; അതിനുംപുറമെ, ശ്രീ ജെ. സി. ബോസ് തന്റെ പരീക്ഷണശാലയിൽ നമ്മുടെ സഹജീവികളായ സസ്യങ്ങളിൽനിന്നും പ്രകൃതിരഹസ്യം ചികഞ്ഞെടുക്കാൻ അവയുടെ ലോലദളങ്ങളിൽ പ്രയോഗിക്കുന്നതുപോലെയുള്ള ഏകാഗ്രത ഖാദിയെ സംബന്ധിച്ചും അത്യന്താപേക്ഷിതമാണ്.

പരാതിക്കിടയാക്കിയ ആ നോട്ടീസിലുള്ള തെറ്റ് ഖാദിയുടെ മൂല്യം അമിതമാക്കിക്കാണിച്ചു എന്നുള്ളതല്ല, ആ വിഷയം വികലവും അപര്യാപ്തവുമായി അവതരിപ്പിച്ചു എന്നുള്ളതാണ്. അതു് സത്യത്തെ ശരിക്കു വിലമതിക്കാൻ കഴിവില്ലാത്തതുമൂലമുണ്ടായ അനവധാനതയിൽനിന്നും സംഭവിച്ചിട്ടുള്ളതാണ്.

## 115

നൂൽനൂല്പു സാർവ്വത്രികമായെങ്കിൽ, ഇതു്* ഭാഗികമായോ പൂർണ്ണമായോ ശരിയായിരിക്കും. നെയ്ത്തുജോലി നടത്താനായി കൈകൊണ്ടു നൂല്ക്കുന്ന നൂൽ കിട്ടാത്തതു കാരണം, കൂലി സമ്പാദിക്കാനുള്ള പ്രാപ്തി 50 ശതമാനം കുറഞ്ഞ ഹരിജനങ്ങൾ ഇപ്പോഴുണ്ട്. അവർ അനിശ്ചിതമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടു കഷ്ടിച്ചു ജീവസന്ധാരണത്തിനുള്ള വക സമ്പാദിക്കാൻ ശ്ര

19. Harijan, 19-10-1934 (Khadi, pp. 111—113)

* യജ്ഞമെന്നനിലയിലുള്ള നൂൽനൂൽപ് ഒരു ത്യാഗമാണ്; അവനവനുവേണ്ടിയുള്ള നൂൽനൂൽപ് സ്വന്തം വസ്ത്രത്തിനുവേണ്ടിയുമാണ്; പാവപ്പെട്ട നൂല്പുകാരന്റെ ആദായത്തിന് ഇതു രണ്ടും ഹാനികരമാണ്. ഈ നിലയിൽ എന്തുകൊണ്ടാണ് ഗാന്ധിജി ഇവയ്ക്കു രണ്ടിനും വേണ്ടി വാദിക്കുന്നതെന്ന് ഒരാൾ എഴുതിച്ചോദിക്കുകയുണ്ടായി.

മിക്കുന്നു. യജ്ഞമെന്ന നിലയിലുള്ള നൂൽനൂല്പ് രാജ്യത്ത് ഏതെങ്കിലും വലിയ തോതിൽ നടന്നുകൊണ്ടിരുന്നെങ്കിൽ ഈ നെയ്ത്തുകാർ ഇന്നത്തെ ദയനീയസ്ഥിതിയിലേക്കു താഴുകയില്ലായിരുന്നു. ഓറീസ്സായിൽ ഒട്ടുമുക്കാലും ഹരിജനങ്ങളായ പതിനായിരത്തോളം നെയ്ത്തുജോലിക്കാർ വേലകിട്ടാതെ പട്ടിണിയിൽപ്പെട്ട വസ്തുത ഈ പംക്തികളിൽ ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ഈ പട്ടിണിക്കു കാരണം മറ്റുതരത്തിൽ പറഞ്ഞാൽ കൈകൊണ്ടു നൂല്ക്കുന്ന നൂലിന്റെ അഭാവംമാത്രമാണ്. അവക്കു മിൽനൂലുകൊണ്ട് നെയ്ത്തു നടത്താമല്ലോ എന്നു പറയുന്നതുകൊണ്ടു പ്രയോജനമില്ല. ഈ പതിനായിരം നെയ്ത്തുകാരും അതു ചെയ്യുകയായിരുന്നു. എന്നാൽ ജപ്പാന്റെ മത്സരം കാരണം മിൽനൂലുകൊണ്ടുള്ള കൈത്തറിത്തുണിക്ക് ആവശ്യക്കാർ ഗണ്യമായവിധം കുറഞ്ഞുപോയി. ഖാദിനെയ്ത്തുകാക്കാണെങ്കിൽ അതാതു സ്ഥലത്തു ഖാദിക്കു കമ്പോളം ലഭിക്കും; മിൽനൂലുകൊണ്ടു കൈത്തറിയിൽ നെയ്യുന്ന തുണിയുടെ അവസ്ഥ അതല്ല. യജ്ഞമെന്നനിലയിൽ നൂൽനൂല്ക്കുന്നവർ നൂറുകണക്കിനും ആയിരക്കണക്കിനും ഉണ്ടായിരിക്കുകയും, നെയ്ത്തുകാരുടെ സംഖ്യ കുറവായിരിക്കുകയും ചെയ്കയാൽ, കൈകൊണ്ടു നൂല്ക്കുന്ന നൂൽ വേണ്ടുവോളം ലഭ്യമായ ഒരു കാലമുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, യജ്ഞമെന്ന നിലയിലുള്ള നൂൽനൂല്പ് സാധാരണമല്ലാതായിത്തീർന്നു; കൈകൊണ്ടു നൂല്ക്കുന്ന നൂലുപയോഗിച്ചു നെയ്ത്തുനടത്താൻ സന്നദ്ധതയുള്ള നെയ്ത്തുകാരുടെ സംഖ്യ ക്രമാതീതവുമാണ്. അതുകൊണ്ട് ഇനിയും വളരെക്കാലത്തേക്കും, ഖാദിക്കു കമ്പോളത്തിൽ ആവശ്യക്കാരുണ്ടായിരിക്കുന്നിടത്തോളം കാലവും വേണ്ടത്ര നൂൽ കിട്ടത്തക്കവണ്ണം നൂൽനൂല്പ് സർവ്വസാധാരണമാകുന്നതുവരെയും ദേശീയസമ്പദ്വ്യവസ്ഥയിൽ യജ്ഞമെന്നനിലയിലുള്ള നൂൽനൂല്പിനും, സ്വന്താവശ്യത്തിനുള്ള നൂൽനൂല്പിനും ഒരു ഉറച്ച സ്ഥാനമുണ്ടായിരിക്കുന്നതാണ്. പാവങ്ങളെ, പ്രത്യേകിച്ച് ഹരിജനങ്ങളെ, നിശ്ചിതവും പ്രത്യക്ഷവുമായി സേവിക്കുക എന്നതാണ് അതിന്റെ ഉദ്ദേശം.

കൂടാതെ, അത്തരം നൂൽനൂല്പ് ബുദ്ധിസാമർത്ഥ്യവും വിദ്യാഭ്യാസവുമുള്ള സ്ത്രീപുരുഷന്മാരാൽ ചെയ്യപ്പെടേണ്ടതാകയാൽ, അതു് കലയുമായി ബന്ധപ്പെട്ടതും വികസനസാദ്ധ്യതയുള്ളതുമായിത്തീരുന്നു. പഞ്ഞിതല്ലുന്നതിനു കൈകൊണ്ടു പ്രയോഗിക്കുന്ന ഉപകരണം, പഞ്ഞി കടയുന്നതിനുള്ള വില്ല് മുതലായി ചർക്കയിലും അതിനോടു ബന്ധപ്പെട്ട സാധനങ്ങളിലും വന്നിട്ടുള്ള ആശ്ചര്യകരമായ പരിഷ്കാരങ്ങൾക്കു കാരണം, ഇടത്തരക്കാരുടെ ഇടയിലുള്ള അഭ്യസ്തവിദ്യരായ സ്ത്രീപുരുഷന്മാക്കു് ആ പ്രസ്ഥാനത്തിലുണ്ടായ താല്പര്യമാണ്. അഖിലേന്ത്യാ നൂൽനൂല്പുസംഘ

digitized by www .sreyas.in

ത്തിൻെറ കാര്യദർശി ഒരു എം. എ. ബിരുദധാരിയും, ബോംബെയിലെ പ്രശസ്തനും വിജയശാലിതനമായ ഒരു ബാങ്കറുടെ മകനമാണെന്നും, അദ്ധ്യക്ഷൻ ഇൻഡ്യൻവ്യാപാരികളിൽ ഏററവും സമർത്ഥന്മാരിൽ ഒരാളാണെന്നും, തമിഴ്നാട്ടിലെ ഖാദിസംഘടനയുടെ അധിപൻ ഒരഭിഭാഷകപ്രമുഖനായിരുന്ന് ആ ജോലിയിൽനിന്നും വിരമിച്ചയാളാണെന്നും, ബംഗാളിലെ അതിൻെറ സ്ഥാപകന്മാർ ഒരു സമർത്ഥനായ ചികിത്സകനും നിപുണനായ ഔഷധവ്യാപാരിയുമാണെന്നും, ഉത്തരപ്രദേശത്തിലെ സ്ഥാപകൻ ഒരു ദേശീയ കോളജിൽ പ്രിൻസിപ്പലായിരുന്ന മഹാനാണെന്നും ഹരിജൻവായനക്കാരെല്ലാവരും അറിഞ്ഞിരിക്കയില്ല. ഖാദിമുഖേന ദരിദ്രനാരായണസേവചെയ്യാൻ ജീവിതം സമർപ്പിച്ചിട്ടുള്ളവരായി എനിക്കെടുത്തുപറയാൻ സാധിക്കുന്ന അനേകരുടെ പേരുകളിൽനിന്ന് ഏതാനും മാത്രം ഇവിടെ പറഞ്ഞുവെന്നേയുള്ളു. പ്രവൃത്തിനിരതരായ ഈ ഒരുകൂട്ടം ആളുകളില്ലായിരുന്നെങ്കിൽ, ഖാദിക്കുണ്ടായിട്ടുള്ള പുരോഗതിയും, നൂൽനൂല്പ്പ്രസ്ഥാനം ഊർജ്ജിതത്തിലിരുന്ന കാലത്ത് ഉദ്ദേശം രണ്ടരലക്ഷം ജോലിക്കാരുടെ ഇടയിൽ, ഭിക്ഷയുടെ രൂപത്തിലല്ലാതെ സത്യസന്ധമായ തൊഴിലിനു പ്രതിഫലമായി, വിതരണംചെയ്യാൻ നീക്കിവച്ച അരക്കോടി രൂപയുടെ വിതരണവും അസാദ്ധ്യമാകുമായിരുന്നു. ചക്രമുഖേനയല്ലാതെ മറെറതെങ്കിലും മാർഗ്ഗത്തിലൂടെയോ കുറേക്കൂടി നന്നായിട്ടോ ഈ ജോലി നിർവ്വഹിക്കാൻ കഴിയുമായിരുന്നില്ല. അതു് ഏററവും താണവക്ക് സംസ്കാരസമ്പന്നരായ സ്ത്രീപുരുഷന്മാരുമായി സജീവ സമ്പർക്കമുണ്ടാക്കുകയും, ഇരുളടഞ്ഞ കുടിലുകളിൽ ഒരു പ്രകാശരശ്മി വീശുകയും, ക്ഷയോന്മുഖമായ ശരീരങ്ങളിൽ ധൈര്യം ജനിപ്പിക്കയും, പാലു കിട്ടാത്ത ആയിരക്കണക്കിനു ശിശുക്കൾക്കു പാൽ നല്കുകയും, ആവശ്യമുള്ള ഗ്രാമീണർക്കു സ്വയമേവ ക്ഷാമരക്ഷാഭോഗം ഏർപ്പെടുത്തുകയും, അലസതയെ കുറയ്ക്കുകയും, യാചകവൃത്തിയിൽനിന്ന് ആയിരക്കണക്കിനാളുകളെ വീണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് യജ്ഞമെന്നനിലയിലുള്ളതോ സ്വന്താവശ്യത്തിനുവേണ്ടിയുള്ളതോ ആയ നൂൽനൂല്പ്, കൂലിക്കു നൂൽനൂല്ക്കുന്നവക്ക് ഉപദ്രവകരമാണെന്നു പറയുന്നതു തെററാണ്. ഇൻഡ്യയിലെ പുറംതള്ളപ്പെട്ട വർഗ്ഗമായ ഹരിജനങ്ങൾക്കുവേണ്ടി ദിവസം അര മണിക്കൂർ സമയമെങ്കിലും നൂൽനൂൽക്കുന്നതു് എല്ലാവരുടെയും ഒഴിച്ചുകൂടാൻപാടില്ലാത്ത കർത്തവ്യമാണ്.

## 116

ഗ്രാമീണസൗരയൂഥത്തിലെ സൂര്യൻ ഖാദിയാകുന്നു. ഗ്രഹങ്ങളായിട്ടു പറയാവുന്നതു്, ഖാദിയിൽനിന്നു കിട്ടുന്ന ചൂടിനും സം

116. Harijan, 16-11-1934 (Re-building Our Villages, P. 34)

digitized by www .sreyas.in

രക്ഷണത്തിനും പകരമായി, അതിനെ പിന്താങ്ങാൻ കഴിവുള്ള വിവിധ വ്യവസായങ്ങളെയാണ്. ഖാദിയെക്കൂടാതെ മററു വ്യവസായങ്ങൾക്കു വളരാൻ സാദ്ധ്യമല്ല. എന്നാൽ, മററു വ്യവസായങ്ങളെ ഉദ്ധരിക്കാതെ ഖാദിക്കു് ഇനിയും പുരോഗമിക്കാൻ സാദ്ധ്യമല്ലെന്നു് എൻെറ കഴിഞ്ഞ പര്യടനത്തിൽ എനിക്കു കണ്ടുപിടിക്കാൻ സാധിച്ചു. ഗ്രാമങ്ങളിലെ ജോലിയില്ലാത്ത സമയങ്ങൾ ആദായകരമായവിധത്തിൽ വിനിയോഗിക്കുന്നതിനു ഗ്രാമീണജീവിതത്തിലെ എല്ലാവശങ്ങളും സ്പർശിക്കേണ്ടതായിട്ടുണ്ടു്. അതാണു രണ്ടു സംഘങ്ങളും* ചെയ്യുമെന്നു പ്രതീക്ഷിക്കുന്നതു്.

ഖാദിയെ ഒരു സാമ്പത്തികപ്രമേയമായി അശേഷം കരുതാത്ത ഒരു ചിന്താഗതിക്കാരുണ്ടെന്നു് എനിക്കറിയാം. ഗ്രാമീണപ്രവർത്തനങ്ങളുടെ കേന്ദ്രം ഖാദിയാണെന്നു ഞാൻ പ്രസ്താവിച്ചിട്ടുള്ളതു് അവരെ ഭയചകിതരാക്കുകയില്ലെന്നു് ഞാൻ കരുതുന്നു. ഖാദിക്കും മററു ഗ്രാമീണവ്യവസായങ്ങൾക്കുമുള്ള പരസ്പരബന്ധത്തെ ചൂണ്ടിക്കാണിക്കാതെ എൻെറ മനസ്സിലുള്ള ചിത്രം പൂർത്തിയാവുകയില്ല. അതു കാണാൻകഴിയാത്തവരെ അവരുടെ ഉദ്യമം മററു വ്യവസായങ്ങളിൽ കേന്ദ്രീകരിക്കാൻ, ഞാൻ സ്വാഗതംചെയ്തുകൊള്ളുന്നു.

## 117

തുണിയുടെ കാര്യത്തിൽ ഓരോ ഗ്രാമവും സ്വയംപര്യാപ്തമാകണമെന്നുള്ള സന്ദേശം രാജ്യത്തിലെ വിവിധഭാഗങ്ങളിൽ പ്രചരിപ്പിക്കുന്ന പ്രവർത്തകർ നൂലുണ്ടാക്കുന്നതിനു തക്ലിക്കുള്ള ശക്തിയിൽ ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. തക്ലി ശരിക്കു കൈകാര്യംചെയ്താൽ ചക്കയിലെടുക്കുന്നത്രതന്നെ നൂൽ അതിൽ ഉല്പാദിപ്പിക്കാൻ ഒരു സാധാരണ നൂൽനൂല്പുകാരനു സാധിക്കുമെന്നു വാർദ്ധായിലെ സത്യാഗ്രഹാശ്രമത്തിലെയും മററു സഹോദരസ്ഥാപനങ്ങളിലെയും അംഗങ്ങൾ തെളിയിച്ചിട്ടുണ്ടു്. ശരീരം ആകപ്പാടെ ക്ഷീണിച്ചുപോയിട്ടില്ലാത്ത ഒരാൾ, പ്രതിഫലേച്ഛകൂടാതെ വിശ്രമാവസരങ്ങളിൽമാത്രം നൂൽനൂല്ക്കാനുദ്ദേശിക്കുന്നുവെങ്കിൽ, ചക്കയ്ക്കുപകരം തക്ലി ഉപയോഗിച്ചാൽ ഉദിഷ്ടഫലമുണ്ടാകുന്നതാണു്. അതുകൊണ്ടു് ചക്കയ്ക്കുപകരം തക്ലിയിൽ വേല ചെയ്യുന്ന പുതിയരീതി തൽപ്രവർത്തകർ അഭ്യസിച്ചു ഗ്രാമങ്ങളിൽ നടപ്പിലാക്കേണ്ടതാണു്. പ്രായംകൂടിയവക്കും അവശക്കും മേലിലും ചക്ക ആവശ്യമായിരിക്കും. എന്തെന്നാൽ യന്ത്രശാസ്ത്രതത്ത്വങ്ങളനുസരിച്ചു്, ചക്ക എന്നതു് ഒരു തുലായന്ത്രവ്യവസ്ഥ (Sys-

---

*A. I. V. I. A. & A. I. S. A.

117. Harijan, 22-3-1935 (Khadi, pp. 156—157)

digitized by www .sreyas.in

tem of Levers) കൊണ്ടു് പ്രവർത്തിക്കുന്ന തക്ലിമാത്രമാണു്. കൈകൊണ്ടു ഭാരംപൊക്കാൻ മാംസപേശികൾക്കു ശക്തിയില്ലാത്ത ഒരാൾക്കു 'തുലായന്ത്രം' സഹായകമായിരിക്കും. അതിനാൽ തക്ലിയെ പ്രവർത്തിപ്പിക്കാൻ മാംസപേശിക്കു ശക്തിയില്ലാതെയും കൂടെക്കൂടെ കൈപൊക്കാനും താഴ്ത്താനും കഴിവില്ലാതെയുമിരിക്കുന്ന ഒരാൾക്കു ചർക്ക സൗകര്യപ്രദമായിരിക്കും.

എനിക്കു് ഒരു സാധാരണ ചർക്കയിൽ നല്ലവണ്ണം നൂൽനൂല്ക്കാൻ കഴിയുമെന്നു നിങ്ങൾക്കു് അറിയാമല്ലൊ; എന്നാൽ ധനുസ്തക്ലിമാത്രം ഉപയോഗിക്കാൻ ഞാൻ തീരുമാനിക്കുകയും അതിൽ ഞാൻ മിക്കവാറും വിദഗ്ദ്ധനാവുകയും ചെയ്തിട്ടുണ്ടു്. ലക്ഷ്മീദാസു് ഭായിക്കു് 25 ലക്ഷം ചർക്കയ്ക്കുള്ള ആർഡർ നടത്താൻ വിഷമമാണെന്നിരിക്കെ, അത്രയും ധനുസ്തക്ലി നിർമ്മിക്കാൻ ജനങ്ങൾക്കു പ്രയാസമില്ല എന്നതാണു മേൽപ്പറഞ്ഞ എന്റെ തീരുമാനത്തിനു കാരണം. അതു കുറഞ്ഞചെലവിൽ എളുപ്പത്തിലുണ്ടാക്കാവുന്നതും വളരെക്കുറച്ചു സാധനങ്ങൾമാത്രം ആവശ്യമുള്ളതും സാങ്കേതികവൈദഗ്ദ്ധ്യമൊന്നും ആവശ്യമില്ലാത്തതുമാണു്. പഞ്ചാബിലോ ദക്ഷിണേന്ത്യയിലോ അയയ്ക്കുന്നതിനുവേണ്ടി സബർമതിയിൽ ചർക്ക നിർമ്മിക്കുന്നതു് ഒരു തെററായ നയമാണു്. അവ ഓരോ സ്ഥലത്തും ഉണ്ടാക്കപ്പെടണം; അതിനു് ധനുസ്തക്ലിയാണു് ഏററവും യോജിച്ചതു്. ഇതു സാർവ്വത്രികമാക്കിയാൽ ഉല്പാദനം അസാമാന്യമായവിധത്തിൽ വർദ്ധിക്കും.

## 118

'സ്വയംസംപൂർണ്ണ'മായ ഖാദി എന്നതിനു് അതാതു ഗ്രാമത്തിൽ നിർമ്മിച്ച നൂലുകൊണ്ടു ഗ്രാമീണർതന്നെ നെയ്തുണ്ടാക്കുന്നതും, കഴിവുള്ളിടത്തോളം അതാതുഗ്രാമത്തിൽ നട്ടുവളർത്തി തല്ലി കടഞ്ഞെടുത്ത പഞ്ഞി ഉപയോഗിച്ചുള്ളതുമായ ഖാദി എന്നാണർത്ഥം. ഇതാണു് ഖാദിയുടെ യഥാർത്ഥസന്ദേശം. ഗ്രാമീണരുമായി നിരന്തരമായ മാനുഷികബന്ധം പുലർത്തിയാൽമാത്രമേ ഈ ലക്ഷ്യം പ്രാപിക്കാൻ കഴിയുകയുള്ളു. തൊഴിൽകൊണ്ടു ലഭിക്കുന്ന സാമ്പത്തികസൗകര്യം മാത്രമല്ല, തൊഴിലിന്റെ മേന്മയും മൂല്യവുംകൂടി ഗ്രാമവാസികൾക്കു മനസ്സിലാക്കിക്കൊടുക്കണം. ഈ പദ്ധതിയനുസരിച്ചു് ഗ്രാമീണരുടെ അഭിരുചിക്കു് യോജിച്ചവിധത്തിൽ ഖാദി നിർമ്മിക്കപ്പെടും. വെളുപ്പിക്കലും അലക്കും ഒഴിവാക്കാവുന്ന സംഗതികളാണു്. എന്തെന്നാൽ അവരവർക്കുവേണ്ട അലക്കുജോലി ഗ്രാമീണർതന്നെ നിർവ്വഹിച്ചുകൊള്ളും. തുണിയുടെ ഈടുനില്പാണു് പരിഗണിക്കപ്പെടുന്നതെങ്കിൽ, ഈ വിധ

118. Harijan, 29-3-1935 (Khadi, P. 149)

digitized by www .sreyas.in

ത്തിൽ നിർമ്മിക്കുന്ന ഖാദി മറേറതു തുണിയേക്കാളും വില കുറഞ്ഞതായിരിക്കും. നഗരത്തിലെ ഖാദിക്കു പല ആനുഷംഗികച്ചെലവുകളുമുണ്ടാകും. ഉദാഹരണത്തിനു് നെയ്ത്തിനു ശേഷമുള്ള മിനുക്കുപണികാം, സംഭരണം, കയററിയിറക്കൽ, വാടക, കമ്മീഷൻ മുതലായവയുണ്ടു്. ഈ ചെലവുകളെല്ലാം ഗ്രാമത്തിലുണ്ടാക്കുന്ന ഖാദിക്കു് ആവശ്യമില്ലാത്തവയാണു്. പട്ടണങ്ങളും വലിയ നഗരങ്ങളും ഗ്രാമങ്ങളിലെ ഉപയോഗംകഴിഞ്ഞു മിച്ചംവരുന്ന ഖാദി ഉപയോഗിക്കണം.

## 119

ഖാദിസന്ദേശം ഇപ്പോഠം ശരിക്കു മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നതുകൊണ്ടു്, പ്രവത്തകരോടു് എനിക്കു നിർദ്ദേശിക്കാനുള്ളതു് അവർ തത്സംബന്ധമായ എല്ലാ നടപടികളും ഒരുമിച്ചു തുടങ്ങണമെന്നാണു്. പഞ്ഞികൃഷിയോടുകൂടിയാണു പ്രവത്തനം ആരംഭിക്കേണ്ടതു്; അതിലേക്കു് ആദ്യമായി പഞ്ഞികൃഷിസമ്പ്രദായത്തെപ്പററി ഒരു സാമാന്യജ്ഞാനം സമ്പാദിക്കണം. ഗ്രാമത്തിലെ ആവശ്യത്തിലേക്കുള്ള പഞ്ഞി ഏതുസ്ഥലത്തും കൃഷിചെയ്യാൻ സാധിച്ചേക്കും. അതിലേക്കു യോജിച്ച മണ്ണുള്ള സ്ഥലത്തു കൃഷി കേന്ദ്രീകരിക്കേണ്ടതു ലോകമൊട്ടുക്കു കയററിഅയയ്ക്കേണ്ടിവരുമ്പോഴേയുള്ളു. ഗ്രാമത്തിലെ ആവശ്യംമാത്രം നിവ്വഹിക്കാൻ ആ വകയൊന്നും ചിന്തിക്കേണ്ടതില്ല. ഗ്രാമത്തിലെ ഒരു കർഷകനു തന്റെ വയലിന്റെ ഒരു മൂലയിൽ പഞ്ഞി നട്ടുണ്ടാക്കാം; അതല്ലെങ്കിൽ, സഹകരണാടിസ്ഥാനത്തിൽ ഒരു ഗ്രാമത്തിനുവേണ്ട പഞ്ഞി ഒരുമിച്ചു കൃഷിചെയ്യാം. ഇങ്ങനെചെയ്താൽ വിലയിലോ ഈടുനിൽപിലോ ഇറക്കുമതിത്തുണിക്കു നാടൻതുണിയെ തോൽപിക്കാൻ സാധിക്കുകയില്ലെന്നുള്ള കാര്യം സ്പഷ്ടമാകും. ഈ സമ്പ്രദായം ഏററവുംകൂടിയ ശക്തിസംരക്ഷണത്തിനു പ്രേരകമാകും.

## 120

നൂൽനൂല്പുപ്രസ്ഥാനം കഴിഞ്ഞു പതിനേഴു വർഷമായി നടന്നുവരുന്നതും, ആണ്ടുതോറും ചുരുങ്ങിയതു് 1,20,000 സ്ത്രീകാംക്കു സ്ഥിരമായ വരവുണ്ടാക്കിക്കൊടുക്കുന്നതുമാണെങ്കിലും, അതിന്റെ പ്രവത്തകക്കു് നൂൽനൂല്പുശാസ്ത്രത്തിലുള്ള ദയനീയമായ അജ്ഞത മൂലം വരവു് ന്യായമായിട്ടുണ്ടാകേണ്ടതിൽനിന്നും വളരെ കുറവായിട്ടാണിരിക്കുന്നതു്. എന്നാൽ മോശമായ രീതിയിൽ കടഞ്ഞെടുത്ത പഞ്ഞികൊണ്ടു് ബലഹീനമായ ചക്രത്തിൽ, അതിന്റെ ഭ്രമണക്കുറവിനെ കണക്കാക്കാതെ, നൂലെടുത്താൽ ഉല്പാദനം നിശ്ച

119. Harijan, 20-4-1935 (Khadi, P. 154)
120. Harijan, 4-5-1935 (Khadi, P. 96)

digitized by www .sreyas.in

യമായും കുറയും. വിശദാംശങ്ങളിലുള്ള ശ്രദ്ധ മുഖേന ഉല്പാദന ത്തെയും അതനുസരിച്ച് ആദായത്തെയും ഇരട്ടിയാക്കാൻ സാധി ക്കും. പഞ്ഞി ശ്രദ്ധയോടുകൂടി തിരഞ്ഞെടുത്ത്, കൈകൊണ്ടു തല്ലി നല്ലവണ്ണം കടഞ്ഞു് ഉപയോഗപ്പെടുത്താമെങ്കിൽ ഉല്പാദി പ്പിക്കുന്ന നൂലിന്റെ അളവും ശക്തിയും ഈഴയും നന്നായിവരു കതന്നെ ചെയ്യും. നൂലെടുക്കുന്നതിലുള്ള വേഗത, നൂലിന്റെ ശക്തി, മിനുസം, നേർമ്മ എന്നിവ നൂൽ ചുററുന്ന തിരി (spin-dle) യുടെ ഭ്രമണസംഖ്യയെ ആശ്രയിച്ചിരിക്കും; അതായത്ത് ഒരു പ്രാവശ്യം ചക്രം കറങ്ങുമ്പോൾ എത്ര പ്രാവശ്യം സ്പിൻഡിൽ ചുററുന്നു എന്നതനുസരിച്ചായിരിക്കും. അതു കണ്ടുപിടിക്കുന്നതി നു്, സ്പിൻഡിലിന്റെ ചക്രത്തിൽ ലംബമായി ഒരു വര വരച്ചു്, ചക്രയുടെ ചക്രം ഒരു പ്രാവശ്യം ചുററുമ്പോൾ അതു് എത്ര തവണ കറങ്ങുന്നു എന്നു് എണ്ണിക്കണക്കാക്കണം. അതിനു തക്കവണ്ണം സാവധാനത്തിൽ ചക്രം തിരിക്കണം. ചക്രം ഒരു കറക്കം പൂർത്തിയാകുമ്പോൾ സ്പിൻഡിൽ കുറഞ്ഞതു നൂറു പ്രാ വശ്യം കറങ്ങണം. എന്നാൽ മുപ്പത്തിയഞ്ചു പ്രാവശ്യംമാത്രം കറ ങ്ങുന്ന സ്പിൻഡിലുകളുള്ള ചക്ക തന്റെ പര്യടനത്തിനിടയിൽ കണ്ടിട്ടുള്ളതായി ശ്രീ ശങ്കരലാൽ ബങ്കർ പ്രസ്താവിക്കുന്നു. ഈ സ്ഥിതിയിൽ ഉല്പാദനം തീരെ മോശമാകുന്നതിലോ, നൂൽ ബല വും മുറുക്കവുമില്ലാത്തതാകുന്നതിലോ അത്ഭുതപ്പെടാനില്ല. സ്പിൻ ഡിലിന്റെ കറക്കം വർദ്ധിപ്പിക്കുന്നതിനു വേണ്ടതു് മാൽച്ചരടി നെ അതിന്റെ സ്ഥാനത്തു നിറുത്തുന്ന 'ശാരി'യുടെ വ്യാസം കുറ യ്ക്കുകയാണു്. ഓരോ സ്ഥലത്തുമുള്ള പ്രവർത്തകർ അതാതു സ്ഥലത്തു മുള്ള ഓരോ ചർക്കയും പരിശോധിച്ചു്, നൂൽ ചുററുന്ന സ്പിൻ ഡിലിലും മററു ഭാഗങ്ങളിലും വേണ്ടിവരുന്ന മാററങ്ങൾ വരുത്ത ണം. ഒടുവിൽ, തക്ലിയാണു നൂലുല്പാദനത്തിനു പററിയ ഉപകരണ മെന്ന തീരുമാനത്തിലെത്തിയേക്കും. അതിനു് ഏററവും കുറഞ്ഞ ശ്രദ്ധ മതിയാകും; തക്ലിയിൽ നൂലെടുക്കുന്ന പുതിയ സമ്പ്രദായം മുഖേന 200 ചുററലിന്റെ ശരാശരി വേഗത കിട്ടും — അതായത്ത് മണിക്കൂറിൽ 266 ഗജം നൂലു് അഥവാ 440 റൗണ്ടു്.

## 121

ഖാദിയുടെ ലക്ഷ്യം നഗരവാസികൾക്കു മിൽത്തുണിയോടു കിടനിൽക്കത്തക്ക പരിഷ്കൃതരീതിയിലുള്ള ഖാദിയുണ്ടാക്കി ക്കൊടുത്തു്, മററു വ്യവസായങ്ങളിലെപ്പോലെ ഏതാനും കരകൗ ശലക്കാർക്കു തൊഴിൽ നല്കുക എന്നുള്ളതുമാത്രമല്ല; അതു കൃഷിക്കു്

---

121. Harijan, 6-7-1935 (Economic and Industrial Life and Relations, vol. II, pp. 240—241 and Khadi, P. 149)

digitized by www .sreyas.in

ഒരു അനുബന്ധ വ്യവസായമായിത്തീരേണ്ടതാണ്. ഈ ലക്ഷ്യം ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

ഈ ലക്ഷ്യം നടപ്പിൽവരുത്തുന്നതിനു് അതു സ്വയം പ്രവർത്തനക്ഷമമാവുകയും, അതിന്റെ ഉപയോഗം ഗ്രാമങ്ങളിൽ വ്യാപിക്കുകയും ചെയ്യണം. ഗ്രാമവാസികൾ തങ്ങൾക്കാവശ്യമുള്ള റൊട്ടിയോ ചോറോ വേകിച്ചെടുക്കുന്നതുപോലെ, തങ്ങൾക്കു ധരിക്കാനുള്ള ഖാദിയും നിർമ്മിക്കണം; മിച്ചമുണ്ടെങ്കിൽ അതു വില്ക്കാം. ഖാദിസേവാസംഘം അതിന്റെ മട്ടുമാററുകയും, നൂൽനൂല്പുസംഘം അതിന്റെ നയം ഭേദപ്പെടുത്തുകയും ചെയ്തില്ലെങ്കിൽ ഈ ലക്ഷ്യം നടപ്പാവുകയില്ല.

പഞ്ചതി ഖാദിയുടെ രൂപംപ്രാപിക്കുന്നതിനുമുമ്പ് അതു് ഏതെല്ലാം പദ്ധതികൾ തരണംചെയ്യുന്നു എന്നു ഖാദിസേവനത്തിലെ ഓരോ അംഗവും അറിഞ്ഞിരിക്കണം.

സ്വയംപര്യാപ്തമായ ഖാദിക്കു് പ്രാധാന്യം കല്പിക്കുമ്പോൾ വാണിജ്യപരമായ ഉല്പാദനം നഗരവാസികൾക്കുവേണ്ടിമാത്രമായിരിക്കണമെന്നു ക്ലിപ്തപ്പെടുത്തേണ്ടിവരും. അങ്ങനെയാകുമ്പോൾ അതു സംഘത്തിൽ കേന്ദ്രീകരിക്കപ്പെടേണ്ടതിനുപകരം സ്വകാര്യവ്യാപാരികളുടെ കൈയിൽ ചെന്നുചേരും.

ഖാദിയെ വാണിജ്യപരമാക്കുന്ന വിഷയത്തിൽ ഇതേവരെ സംഘത്തിനു് ആധാരമായിരുന്നിട്ടുള്ളതു നിലവിലുള്ള വിലനിരക്കുകളാണ്. നൂൽനൂല്പിനുള്ള കൂലിയാണു മറേറതുതരം വേലയ്ക്കുമുള്ള കൂലിയേക്കാൾ മോശപ്പെട്ടതു്. ഓരോ പ്രവിശ്യയിലും അതു വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. അതുകൊണ്ടു ഖാദിയുടെ വിലയും ഓരോ പ്രവിശ്യയിൽ ഓരോ തരത്തിലായിരിക്കും. അന്യായലാഭമിച്ഛിക്കുന്ന സംഘടനകൾക്കു് ഇത്തരം കഴുത്തറുപ്പൻമത്സരങ്ങളിൽ പങ്കെടുത്തു് അതിനെ അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാം; എന്നാൽ നിർദ്ധനലക്ഷങ്ങളെ സേവിക്കുന്നതിനുമാത്രമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള സംഘങ്ങൾക്കു് ഈവിധമത്സരങ്ങളിൽ ഭാഗഭാക്കുകളാകാൻ സാദ്ധ്യമല്ല. ബീഹാറിലെ ഒരു നൂൽനൂൽപ്പുകാരിക്കു് ഗുജറാത്തിലുള്ള ഒരു സഹോദരിയെക്കാൾ കുറഞ്ഞ ആദായം കിട്ടുന്നതു ന്യായമല്ല. ജീവിതനിലവാരത്തിലുള്ള വ്യത്യാസം കാരണം വിവിധപ്രവിശ്യകളിൽ സാധനങ്ങളുടെ വില വ്യത്യാസപ്പെട്ടിരിക്കുമെന്നുള്ളതിനു സംശയമില്ല. എന്നാൽ സംഘത്തിനു കാര്യങ്ങൾ അപ്പടി സ്വീകരിക്കാൻ നിവൃത്തിയില്ല. ന്യായവിരുദ്ധതയെ മാററുകയാണു സംഘത്തിന്റെ കർത്തവ്യം. ഒരു മണിക്കൂർ നൂൽനൂല്ക്കുന്നതിനു് അത്രയും സമയം നെയ്യുന്നതിനു കിട്ടുന്നതിനെക്കാൾ കുറഞ്ഞ കൂലിയാകേണ്ട കാര്യമില്ല. വെറും സാധാരണനെയ്ത്തിനെക്കാൾ കൂടുതൽ വൈ

digitized by www .sreyas.in

ദശ്യം നൂൽനൂല്പിനാവശ്യമാണ്. വെറുംനെയ്ത്ത് യാന്ത്രികമായ ഒരു പ്രവൎത്തനം മാത്രമാണ്. ഏററവും ലഘുവായ നൂൽനൂല്പിനുപോലും നിപുണമായ കൈകാര്യം ആവശ്യമാണ്. എന്നിട്ടും ഒരുമണിക്കൂർനേരത്തെ വേലയ്ക്കു് നെയ്ത്തുകാരന് ആറു പൈസയെങ്കിലും കിട്ടുമെന്നിരിക്കെ, നൂൽനൂൽപ്പുകാരന് ഒരു പൈസയേ കിട്ടുന്നുള്ളു. പഞ്ഞികടയുന്ന ആളുടെ സ്ഥിതിയും നെയ്ത്തുകാരൻേറതുപോലെ ഭേദമാണ്. ഈ അവസ്ഥയ്ക്കു ചരിത്രപരമായ കാരണങ്ങളുണ്ടു്. എന്നാൽ ചരിത്രപരമാണെന്നുള്ളതുകൊണ്ടുമാത്രം അതു ന്യായീകരിക്കത്തക്കതാകുന്നില്ല. സംഘത്തിൻെറ നിയന്ത്രണത്തിലുള്ള എല്ലാ തൊഴിലുകൾക്കും പ്രതിഫലം ദൃഢമാക്കിയില്ലെങ്കിലും സമീകരിക്കുകയെങ്കിലും ചെയ്യേണ്ട കാലം സമാഗതമായിട്ടുണ്ടു്. പ്രായോഗികമായാൽ ഇതു മണിക്കൂറിൽ ഒരണയിൽ കൂടുതൽ കൂലികിട്ടുന്ന നെയ്ത്തുകാരനെ അയാളുടെ കൂലി കുറയ്ക്കാൻ ക്ഷണിക്കുന്നതിനു സമമാകും. ഇങ്ങനെയുള്ള സമീകരണവ്യവസ്ഥയ്ക്കു നെയ്ത്തുകാരെല്ലാം സ്വമനസ്സാലെ സമ്മതിക്കുന്ന ഒരു കാലം ഒരിക്കലും ഉണ്ടായില്ലെന്നുവരാം. എന്നാൽ എല്ലാ ഉല്പാദനത്തൊഴിലുകൾക്കുമുള്ള പ്രതിഫലം സമീകരിക്കുന്ന തത്ത്വം ശരിയാണെങ്കിൽ, സംഘം ആ ആദർശത്തെ കഴിവുള്ളിടത്തോളം സമീപിക്കണം. ഒററയടിക്ക് അതു നടപ്പിൽവരുത്താൻ കഴിഞ്ഞില്ലെങ്കിൽ, നൂൽനൂൽപ്പുകാർക്ക് അവർ ശരിക്കു ജോലിചെയ്യുന്ന ഓരോ മണിക്കൂറിനുമുള്ള പ്രതിഫലം യോഗ്യമായനിലയിലുയർത്തി ആ പ്രസ്ഥാനത്തിനു് ആരംഭമിടണം. വിനോബാ, ക്ലാസ്സെടുക്കുന്നതോടൊപ്പംതന്നെ, ദിവസം ഒമ്പതുമണിക്കൂറോളം നൂൽനൂൽക്കുന്നതിൽ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്നുമുണ്ടു്. ഒരു മണിക്കൂർനേരം അദ്ദേഹം നിർവ്വഹിക്കുന്ന നൂൽ ഉല്പാദനത്തെ മാതൃകത്തോതായി കണക്കാക്കി, അതിൻെറ അടിസ്ഥാനത്തിൽ നൂൽനൂൽപ്പുകാരൻെറ കൂലി നിശ്ചയിക്കാവുന്നതാണ്; വിനോബായുടെ ൠ പ്രയത്നഫലം താമസിയാതെ പ്രസിദ്ധീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ടു്.

എൻെറ പദ്ധതി നൂൽനൂൽപ്പുകാരൻെറ ജീവിതവുമായി സജീവസമ്പൎക്കംപുലർത്തുന്നതിനു കാലേക്കൂട്ടി ഉദ്ദേശിച്ചുള്ളതാണ്. കൂലിയിൽ അപ്രതീക്ഷിതമായ വർദ്ധനവുണ്ടാക്കുന്ന ഒരു സംഘടന, തൽഫലമായി വിതരണം ചെയ്യപ്പെടുന്ന നാണയങ്ങളുടെ ഗതിയെപ്പററിയും ശ്രദ്ധിക്കും. സൗജന്യമായി വർദ്ധിപ്പിക്കുന്ന കൂലി മദ്യപാനത്തിനോ അമിതമായ വിവാഹച്ചെലവിനോ മററു സദ്യകൾക്കോ വിനിയോഗിക്കുന്നെങ്കിൽ അതുകൊണ്ടു പ്രയോജനമില്ല. ഖാദിപ്രസ്ഥാനത്തിൻെറ സന്ദേശം മിക്കവാറും അസ്പൃശ്യതാനിവാരണപ്രസ്ഥാനത്തിൻേറതിനു തുല്യമാണ്. ഉയർന്ന വർഗ്ഗക്കാരെന്നു ഗണിക്കപ്പെടുന്നവർ യുഗങ്ങളായി താണ വർഗ്ഗ

digitized by www .sreyas.in

ക്കാരെ അവഗണിച്ചുവരുന്നതുകാരണം, താണവർഗ്ഗക്കാർക്കു ജീവിതകല എന്താണെന്നറിയാൻ പാടില്ലാതായിട്ടുണ്ട്. അവർ വെറും വിറകുവെട്ടികളും വെള്ളംകോരികളുമാണെന്നു സ്വയം കരുതുന്നു. ഉയർന്ന വർഗ്ഗക്കാരെന്നു കരുതപ്പെടുന്നവരും അവരുടെ ദുഷ്പ്രവൃത്തികളുള്ള ശിക്ഷയിൽനിന്നും വിമുക്തരല്ല; എന്തെന്നാൽ ജീവിതകലയിൽ അവരും അജ്ഞരാണ്. താണവർഗ്ഗക്കാരുടെ സഹായമില്ലെങ്കിൽ അവർ ഇന്നു നശിച്ചുപോകും. ഉയർന്നവർഗ്ഗക്കാരെ താണവർഗ്ഗക്കാരോടു പ്രായശ്ചിത്തംചെയ്യാൻ പ്രേരിപ്പിച്ച്, അങ്ങനെ ഈ ഇരട്ടദുരിതത്തെ നിർമ്മാർജ്ജനംചെയ്യുകയാണ് ഖാദിയുടെ ദൗത്യം.

ഗ്രാമീണവ്യവസായപ്രവർത്തകർ തങ്ങൾ സംഘടിപ്പിച്ചിട്ടുള്ള വിവിധ ഗ്രാമവ്യവസായങ്ങളിൽ ഏർപ്പെടുന്നവർക്ക് സംഘം നിശ്ചയിക്കുന്ന നിരക്കിൽ കുറയാത്ത കൂലി കിട്ടുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കട്ടെ.

സ്വയംപര്യാപ്തമായ ഖാദിക്കു പ്രാധാന്യം കല്പിക്കുമ്പോൾ, വാണിജ്യപരമായ ഉല്പാദനം നഗരവാസികളുടെ യഥാർത്ഥാവശ്യത്തിനു മാത്രമായിരിക്കണമെന്നുള്ള പരിമിതിയുണ്ടാക്കണം. പിന്നീട് അതു സംഘത്തിന്റെ കയ്യിൽ കേന്ദ്രീകരിക്കപ്പെടുന്നതിനു പകരം സ്വകാര്യവ്യാപാരികളുടെ കൈവശമാകും.

## 122

ഒന്നുകിൽ നൂൽനൂല്പുകാർതന്നെ, അല്ലെങ്കിൽ പ്രായോഗികമായി ഓരോ ഗ്രാമത്തിലും, പരുത്തി നട്ടുവളർത്താതെ സ്വയംപര്യാപ്തമായ ഖാദി ഒരിക്കലും വിജയിക്കുകയില്ല. ചുരുങ്ങിയതു് സ്വയംപര്യാപ്തമായ ഖാദിയെ സംബന്ധിച്ചെങ്കിലും പഞ്ഞികൃഷി വികേന്ദ്രീകരിക്കുകയെന്നതാണ് അതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഇതിലേക്കു്, സേവനം നടത്തപ്പെടുന്ന ഗ്രാമങ്ങളുടെ ഒരു കണക്കെടുപ്പ് ആവശ്യമാണ്. പഞ്ഞികൃഷിചെയ്യാവുന്ന ഭൂമി (ചെറിയതുണ്ടുഭൂമിപോലും) ഓരോ നൂൽനൂല്പുകാരനും നെയ്ത്തുകാരനും ഉണ്ടായില്ലെന്നുവരാം. സ്വയംപര്യാപ്തമായ ഖാദി പ്രവർത്തനക്ഷമമാകുന്നതുകൊണ്ടുമാത്രമായിരിക്കും അഖിലേന്ത്യാ നൂൽനൂല്പുസംഘത്തിന്റെ നിലനില്പുതന്നെ സാധൂകരിക്കപ്പെടുന്നതു്. എന്നാൽ അതു സംബന്ധിച്ചു പറയത്തക്ക പ്രവർത്തനമൊന്നും സംഘം ആരംഭിച്ചിട്ടുപോലുമില്ല.

## 123

സ്വന്തം ആവശ്യത്തിനായി ഉണ്ടാക്കപ്പെടുന്ന ഒരു സാധനത്തിന്റെ നിർമ്മിതിസംബന്ധമായ സകല പ്രക്രിയകളും അതാതു

122. Harijan, 27-7-1935 (Khadi, P. 154)
123. Harijan, 3-8-1935 (Khadi, pp. 155-156)

digitized by www .sreyas.in

കുടുംബത്തിൽത്തന്നെ, അഥവാ അതായത് ആളുകളിൽത്തന്നെ, കേന്ദ്രീകരിക്കുന്നതു് സമയത്തിന്റെയും ധനത്തിന്റെയും മിത വ്യയത്തിനുപകരിക്കുന്നു. കുറേകാലത്തേക്കെങ്കിലും തന്റെ സ്വന്ത മെന്നു കരുതാവുന്നതും, നിത്യവും ജോലിചെയ്യുന്നതുമായ ഭൂമി യുള്ള ഒരാറംക്കു്, തന്റേയും തന്റെ കുടുംബാംഗങ്ങളുടേയും വി ശ്രമവേളകളിലുള്ള പ്രയത്നംകൊണ്ടു് സ്വന്താവശ്യത്തിനുള്ള ഖാദി മുഴുവൻ നിർമ്മിക്കാൻ കഴിയും. പറയത്തക്ക ചെലവൊന്നും കൂടാതെ ഓരോരുത്തനും തനിക്കാവശ്യമുള്ള ഖാദി നിർമ്മിക്കുന്ന തിനുള്ള മാർഗ്ഗത്തെ സംബന്ധിച്ച ബോധനം അഥവാ അഭ്യസനം മാത്രമാണു് അയാറംക്കാവശ്യം. കൂലികൊടുത്തു ജോലി ചെയ്യി ക്കേണ്ടിവരികയും, അതു് ഇത്ര സമയത്തേക്കു് ഇന്ന കൂലി എന്ന അടിസ്ഥാനത്തിലായിരിക്കയും ചെയ്താൽ, നൂൽനൂൽപ്പിന്റെ കണക്കിലായിരിക്കും ഏറിയഭാഗം ചെലവും വേണ്ടിവരുന്നതു്. ഒരുഗജം ഖാദിക്കു വേണ്ട നൂൽനൂല്ക്കുന്നതിനു്, തത്സംബന്ധമായി അതിനുമുമ്പോ പിമ്പോ ചെയ്യേണ്ടിവരുന്ന മറ്റേതുജോലിയേ ക്കാളും കൂടുതൽ സമയം വേണ്ടിവരും. ഒരാറം തന്റെ ആവശ്യ ത്തിലേക്കായി നിഷ്പ്രയാസം ചെയ്തുതീർക്കാവുന്ന പഞ്ഞി തല്ലുക, കടയുക, നൂൽനൂല്ക്കുക എന്നീ ജോലികറം ചെയ്താൽ, മിക്കവാറും മിൽത്തുണി വാങ്ങുന്ന ചെലവുകൊണ്ടു തനിക്കാവശ്യമുള്ള ഖാദി യുണ്ടാക്കാം. ഒരു സാധനത്തിന്റെ വില, അതിന്റെ ഉല്പാദന ത്തിനു വേണ്ടിവരുന്ന പ്രയത്നത്തിന്റെ വിലയെയാണു പ്രതിനി ധാനം ചെയ്യുന്നതു്. അതുകൊണ്ടു് ഉപയോഗിക്കുന്നയാറംതന്നെ അതിനുവേണ്ട പ്രയത്നം ചെയ്യുകയാണെങ്കിൽ — പ്രത്യേകിച്ചും വിശ്രമാവസരങ്ങളിൽ — കാര്യമായ യാതൊരു ചെലവും ഉണ്ടാ കുന്നില്ല. സ്വയംപര്യാപ്തമായ ഖാദി മദ്ധ്യവർത്തിയെ പൂർണ്ണമായി ഒഴിവാക്കുന്നു. അർദ്ധപ്പട്ടിണിക്കാരായ ജനലക്ഷങ്ങളുടെ വരവു വർദ്ധിപ്പിക്കുന്നതിനു് ഏററവും പററിയ മാർഗ്ഗം ഇതാണു്.

എന്നാൽ, ഗ്രാമവാസികറം സ്വയംപര്യാപ്തമായ ഖാദിപ്രവ ർത്തനത്തെ എന്നെങ്കിലും സ്വീകരിക്കുമൊ? സ്വീകരിക്കും; അതു ണ്ടാകുന്നതു്, നമുക്കു് ഉറച്ച വിശ്വാസവും അതോടൊപ്പം സാങ്കേ തികവൈദഗ്ദ്ധ്യവും മലകളെപ്പോലും ഇളക്കാനുള്ള തന്റേടവും ഉണ്ടാവുകയും, പ്രവർത്തകർക്കു വേണ്ട വൈദഗ്ദ്ധ്യം ഉണ്ടാക്കിക്കൊടു ക്കുക എന്ന വിഷമകൃത്യം നിർവ്വഹിക്കുകയും ചെയ്യുമ്പോഴായി രിക്കും. എന്നാൽ, ദുഷ്കരമായാലും സുകരമായാലും, അതു ബൃഹ ത്തോ സംഘടിതമോ ആയ തോതിലോ, സുചിന്തിതമായ ഒരു പദ്ധതിയനുസരിച്ചോ ആരും ഇതുവരെ പരീക്ഷിച്ചുനോക്കിയിട്ടു തന്നെയില്ല. തങ്ങറംക്കു വേണ്ട വസ്ത്രം സ്വയം നിർമ്മിക്കാനും, അങ്ങനെ തങ്ങളുടെ തുച്ഛമായ വകകറം സ്വന്തം ഗ്രാമങ്ങളിൽ നിന്നു് അനാവശ്യമായി ചോർന്നുപോകുന്നതു നിർത്തുവാനും ആവ

digitized by www .sreyas.in

ശ്യമായ ശിക്ഷണം ഗ്രാമീണക്ക നൽകാൻ സുചിന്തിതവും ഭാരത വ്യാപകവുമായ ഒരുദ്യമം നടത്താതെ, അഖിലേന്ത്യാ നൂൽനൂൽപ്പു സംഘടനയ്ക്ക് അതിൻെറ നിലനില്പ്പ് ന്യായീകരിക്കാൻ സാദ്ധ്യമല്ല. ഞാൻ അടുത്ത കാലത്തു് ഈ പത്രപംക്തികളിലൂടെ ഊന്നിപ്പറഞ്ഞുകൊണ്ടിരിക്കുന്നതുപോലെ, അതാതു സ്ഥലത്തു് ഉല്പാദിപ്പിച്ച് അവിടെത്തന്നെ ഉപയോഗിക്കുക എന്ന തത്ത്വമനുസരിച്ച് ഖാദിയെ ഗ്രാമങ്ങളിൽ സാർവ്വത്രികമാക്കുക എന്നതിൽ കുറഞ്ഞ ഒന്നുമല്ല അതിൻെറ സന്ദേശം. ഓരോ ഗ്രാമത്തിലും, ഇതുവരെ പഞ്ഞി നട്ടിട്ടുള്ളതായി അറിയപ്പെടാത്ത ഗ്രാമങ്ങളിൽപ്പോലും, പഞ്ഞിക്കൃഷി ചെയ്യാൻ പ്രേരിപ്പിച്ചിട്ടുവേണം ഇതു് ആരംഭിക്കാൻ. പഞ്ഞിക്കൃഷിയുടെ വികേന്ദ്രീകരണം മുഖേനയല്ലാതെ ഗ്രാമങ്ങളിലെ സാർവ്വത്രികമായ ഖാദിഉല്പാദനം സാദ്ധ്യമല്ല. മരുഭൂമികളിലെ മണ്ണിനെ വിവേകപൂർവ്വം കൈകാര്യം ചെയ്തു്, പുഞ്ചിരിതൂകുന്ന പൂന്തോട്ടങ്ങളാക്കിയതിനു വിശ്വാസയോഗ്യമായ ഉദാഹരണങ്ങളുണ്ടു്. അതുകൊണ്ടു പ്രാദേശികാവശ്യത്തിനു് ഓരോ ഗ്രാമത്തിലും പഞ്ഞി കൃഷിചെയ്തുണ്ടാക്കുന്നതു് ഒരസാദ്ധ്യസംഗതിയല്ല. ഇതു ഗ്രാമീണർക്കു കുറഞ്ഞ വിലയ്ക്കു ഖാദി ലഭിക്കുന്നതിനു സഹായകമായിരിക്കുമെന്നു മാത്രമല്ല, ഖാദിയുടെ ഈടും വർദ്ധിപ്പിക്കും. ഉപയോഗപ്പെടുത്തുന്ന പഞ്ഞിയുടെ തരവും, അതു പറിക്കുകയും വൃത്തിയാക്കുകയും തല്ലുകയും കടയുകയും നൂൽനൂൽക്കുകയും ചെയ്യുന്നരീതിയും നൂലിൻെറ ബലത്തേയും ഉല്പാദനപരിമാണത്തേയും ബാധിക്കുമെന്നു് അനുഭവം വ്യക്തമായി തെളിയിച്ചിട്ടുണ്ടു്. പ്രഖ്യാതമായ ഡാക്കാമസ്ലിൻ ഏതൊരു വസ്തുവിൽനിന്നാണോ ഉണ്ടാകുന്നതു്, ആ വസ്തു, ഷാബ്നത്തിൻെറ അഥവാ പ്രഭാതതുഷാരത്തിൻെറ രൂപത്തിൽ പുറത്തുവരുന്നതിനുമുമ്പ്, വിവിധ പ്രക്രിയകൾക്കു വിധേയമാകുമ്പോൾ എല്ലാ ഘട്ടങ്ങളിലും വളരെ സൗമ്യമായിത്തന്നെ കൈകാര്യം ചെയ്യപ്പെടണം.

## 124

ദരിദ്രനാരായണസേവനത്തിൽ ഉത്സുകരായ ഖാദിപ്രേമികളെ ഞാൻ താക്കീതുചെയ്യുന്നതു്, ഖാദിയുടെ വില വദ്ധിക്കണമെന്നും ഖാദിപ്രവത്തകരുടെ ഇടയിൽ സാങ്കേതികവൈദഗ്ദ്ധ്യവും ഖാദിയുടെ ഉല്പാദനത്തിലും വിതരണത്തിലുമേർപ്പെട്ടിരിക്കുന്ന എല്ലാ വർഗ്ഗങ്ങളിലും സ്വാത്മത്യാഗശീലവും വളത്തണമെന്നുമാണു്. ക്രമാനുഗതമായ വിലക്കുറവു സംഭവിച്ചുകൊണ്ടിരിക്കുന്നതുകണ്ടു് വില്പനശാലകൾ ഉത്സാഹം പ്രകടിപ്പിക്കുന്നുണ്ടു്. ആദ്യം നിർമ്മിച്ച റെറ്റും പരുക്കൻ ഖാദി ഞാൻ ഗജത്തിനു് ഒരു രൂപായിൽ കൂടുതൽ

124. Harijan, 10-8-1935 (Khadi, P. 128)

digitized by www .sreyas.in

വിലയ്ക്കു വിററകാലം ഓർക്കുന്നു. ആമാതിരി പരുക്കൻ ഖാദിക്കു് ഇന്നു രണ്ടണ വിലപോലും കിട്ടുകയില്ല. ഖാദിവസ്ത്രാലയങ്ങളിൽ അതു് ഇന്നു വില്ക്കാൻ വച്ചിട്ടില്ല. ഖാദിയുടെ വിവിധ വകുപ്പുകളിലായി വർദ്ധിച്ചുവന്ന നിപുണതകൊണ്ടാണു് ഈ വിലക്കുറവു സംഭവിച്ചിട്ടുള്ളതു്. എന്നാൽ അതു് നൂൽനൂൽപ്പുകാരനെ ദോഷപ്പെടുത്തിയുണ്ടാക്കിയ കുറവാണു്. അങ്ങനെ ഇന്നും ദരിദ്രനാരായണന്റെ വ്യക്തമായ രൂപം നൂൽനൂൽപ്പുകാരന്റേതാണു്. അയാളാണു് ഇൻഡ്യ ഒട്ടുക്കുള്ള തൊഴിലാളികളിൽ ഏററവും കുറഞ്ഞ കൂലി കിട്ടുന്ന ആൾ. മണിക്കൂറൊന്നിനു് ഒരു പൈസാ നിരക്കിലുള്ള വളരെ തുച്ഛമായ കൂലിയെങ്കിലും കിട്ടത്തക്കവണ്ണം തൊഴിലില്ലായ്മയ്ക്കു വിപുലമായ തോതിൽ ഒരു പരിഹാരം കണ്ടുപിടിച്ചതു്, അഖിലേന്ത്യാ നൂൽനൂൽപ്പുസംഘം ചെയ്ത ഒരു നല്ല കാര്യമാണു്. എന്നാൽ അവരിൽ നിക്ഷിപ്തമായ ധർമ്മം ശരിക്കു നിർവ്വഹിക്കണമെങ്കിൽ, നൂൽനൂൽപ്പുകാരനു കഴിഞ്ഞുകൂടാനുള്ള കൂലിയെങ്കിലും കിട്ടാൻ അവർ വ്യവസ്ഥ ചെയ്യണം. മേലാൽ ആ സംഘത്തിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കേണ്ടതു് ആ റിപ്പോർട്ടിനടിസ്ഥാനമായ കാലഘട്ടത്തിൽ ഖാദിയുടെ വിലയിൽ എന്തു കുറവു വന്നു എന്നതല്ല, നൂൽനൂല്പുകൂലിനിരക്കിൽ എന്തു വർദ്ധന വരുത്തി എന്നതാണു്. നൂൽനൂല്പുകാരനു നെയ്ത്തുകാരനോളമുള്ള കൂലി മണിക്കൂർകണക്കിനു കിട്ടുന്നതുവരെ അവർ തൃപ്തരായിരിക്കാൻ പാടില്ല; ഞാൻ തൃപ്തനായിരിക്കയുമില്ല. പൊതുജനങ്ങൾക്കു തങ്ങൾ ആ പൊതുസ്ഥാപനത്തിൽ പേരുചേർക്കാത്ത അംഗങ്ങളാണെന്നും, നൂൽനൂൽപ്പുകാർ തങ്ങളുടെ രക്ഷാകർത്തൃത്വത്തിലുള്ളവരാണെന്നും ഓർമ്മവേണം. ആ ബന്ധം ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ ക്ഷേത്രഗണിതത്തിലേതുമാതിരി ക്രമപ്രവൃദ്ധമായ ഉയർച്ച ഖാദിക്കുമുണ്ടാകാൻ പ്രയാസമില്ല. ഓരോ ഖാദിപ്രേമിയും തന്റെ കർത്തവ്യം മനസ്സിലാക്കി, പൊതുജനങ്ങൾ കൂടുതൽ വിലകൊടുത്തു ഖാദി വാങ്ങുകയില്ലെന്നു വിചാരിക്കുന്ന പ്രവർത്തകരുടെ ഭയം ദൂരീകരിച്ചാൽകൊള്ളാമെന്നു ഞാൻ ആശിക്കുന്നു.

## 125

ഖാദിസംഘടനകളിലെല്ലാം പ്രഥമസ്ഥാനം ലഭിക്കേണ്ടതു സ്വയംപര്യാപ്തമായ ഖാദിക്കാണു്. ഒരു കണക്കിനു സ്വയംപര്യാപ്തമായ ഖാദിയും വില്പനയ്ക്കുവേണ്ടിയുള്ള ഉല്പാദനവും ഒരുമിച്ചു പോകും. വില്പനയ്ക്കായുള്ള ഉല്പാദനം സ്വയംപര്യാപ്തമായ ഖാദിയുടെ ഒരു ഉപോൽപ്പന്നമായിരിക്കും. ഇതിൽ രണ്ടാമത്തേതു് ആദ്യത്തേതിന്റെ വിജയത്തിനു് ഉറപ്പുനൽകും. ഇക്കാര്യത്തിൽ

---

125. Harijan, 26-10-1935 (Economic and Industrial Life and Relations, vol. II, pp. 262—263)

digitized by www .sreyas.in

ഉല്പാദനത്തിൻെറ ഒരു വ്യവസ്ഥ പ്രവത്തകർ ഖാദിധാരികളായിരിക്കണമെന്നാകകൊണ്ടു്, അവർ സ്വന്ത ആവശ്യത്തിനു് ഖാദി നിർമ്മിക്കയോ വാങ്ങുകയോ ചെയ്യേണ്ടിവരുന്നു. അവരുടെ പ്രതിഫലത്തിൽ പ്രതീക്ഷിക്കാതെയും ആവശ്യപ്പെടാതെയും ഉണ്ടാകുന്ന വലിയ (അവരെസ്സംബന്ധിച്ചിടത്തോളം) വദ്ധനമൂലേന അവക്കു് അതു് എളുപ്പത്തിൽ സാധിക്കാം. എന്നാൽ പ്രതിഫലത്തിലുള്ള വർദ്ധന ഉല്പാദനത്തിൽ മിച്ചംവരുന്നതിനെ ആശ്രയിച്ചാണുണ്ടാകുന്നതു്. അങ്ങനെ കൂടുതലുള്ള ഉല്പാദനത്തിനു് ഉടൻ വില്പനയ്ക്കുള്ള സൗകര്യവും ലഭിക്കണം. ഉല്പാദനകേന്ദ്രങ്ങളുള്ള സ്ഥലങ്ങളിൽ സ്വയംപര്യാപ്തമാർഗ്ഗങ്ങൾ പ്രയോഗത്തിൽ വരുത്താൻ സാധിക്കുമെന്നു് ഇതിൽനിന്നും സ്പഷ്ടമാകുമല്ലോ. എന്തെന്നാൽ ഖാദിപ്രവത്തകക്കു്, അവരുമായി സമ്പക്കത്തിലേർപ്പെടാനിടയായിട്ടുള്ള മററാളുകളിൽ ഉണ്ടാക്കാൻ കഴിയുന്നതിനെക്കാൾ കൂടുതൽ ഉറച്ച വിശ്വാസം നൂൽനൂൽപ്പുകാരിലും മററു കൈത്തൊഴിൽകാരിലും ഉണ്ടാക്കാൻ സാധിക്കും. ആരാണു കൂടുതൽ വിലകൊടുത്തു ഖാദി വാങ്ങാൻ പോകുന്നതെന്നു ചിലർ ചോദിക്കുന്നു. എൻെറ അഭിപ്രായത്തിൽ ഈ ചോദ്യം അജ്ഞതയും വിശ്വാസക്കുറവും ഭാവനാശൂന്യതയുമാണു പ്രകടമാക്കുന്നതു്.

ഇതേവരെ നഗരങ്ങളിലെ ആവശ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ മാത്രമായിരുന്നു നാം ശ്രദ്ധപതിച്ചിരുന്നതു്. നാം നാഗരികമനസ്ഥിതിയോടെ കഴിഞ്ഞുവരുകയായിരുന്നു. ഉല്പാദനകേന്ദ്രങ്ങളുടെ പരിസരപ്രദേശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഗ്രഹിക്കാൻ നാം ശ്രമിച്ചിട്ടില്ല; ഉല്പാദകരെത്തന്നെയും നാം അവഗണിച്ചിരിക്കുകയാണു്. ഉല്പാദകരെ പരീക്ഷിച്ചുനോക്കാതെതന്നെ അവർ നമ്മുടെ നിർദ്ദേശം ചെവിക്കൊള്ളുമെന്നു നാം വിശ്വസിക്കുന്നു. ചുററുപാടുമുള്ള പ്രദേശങ്ങളിലെ ആളുകളിൽ എന്തുകൊണ്ടു് ആ വിശ്വാസം നമുക്കുണ്ടാക്കിക്കൂടാ? നിശ്ചയമായും നിത്യോപയോഗത്തിനു് അവക്കു തുണി ആവശ്യമാണു്. അവരുടെ അടുത്ത വീട്ടുകാരുണ്ടാക്കുന്നതിൽ കുറെ ഖാദി അവർ വാങ്ങുമെന്നു പ്രതീക്ഷിക്കുന്നതു് അതിമോഹമാണോ? ആ വഴിക്കു് ഒരാത്മാത്ഥശ്രമം നടത്തിയിട്ടുള്ളവർ ഒരിക്കലും പരാജയപ്പെട്ടിട്ടില്ലെന്നു് എനിക്കറിയാം. തോൽവി നമ്മുടേതാണു്; സാധനം വാങ്ങേണ്ട ആളുകളുടേതല്ല. അവർ എപ്പോഴും നമ്മുടെക്കൂടെയുണ്ടു്. ഇന്നു് അവർ എന്തു വാങ്ങി ഉപയോഗിക്കുന്നു എന്നതു കണക്കാക്കേണ്ടതില്ല. ചുററുമുള്ള പ്രദേശങ്ങളിലെ ആവശ്യങ്ങൾ നാം മനസ്സിലാക്കിക്കഴിഞ്ഞാൽ, അവിടത്തെ ജനങ്ങളുടെ അഭിരുചിക്കനുസരണമായും അവരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവിധത്തിലുമുള്ള ഖാദി നാം നിർമ്മിക്കും. നഗരവാസികളുടെ ആവശ്യത്തിനായി ഖാദിപ്രവത്തകർ ഇതിനുമുമ്പുതന്നെ അതു വിജയകരമായി സാധിച്ചിട്ടുണ്ടു്. ഇനി അ

വരുടെ ശ്രദ്ധ ഗ്രാമപ്രദേശങ്ങളിലേക്ക തിരിച്ചുവിടരുതോ? ഖാദിയുടെ വിലക്കൂടുതലല്ല ജനങ്ങളെ അതിൽനിന്ന പിന്തിരിപ്പിക്കുന്നതു്; നമുക്കു് അതിലുള്ള വിശ്വാസക്കുറവും നമ്മുടെ ഭാവനാശൂന്യതയുമാണു്. നമുക്ക വിശ്വാസമുണ്ടെങ്കിൽ, വിദൂരപൗരസ്ത്യദേശങ്ങളിൽനിന്നും വരുന്ന ചരക്കുവില്പനക്കാരിൽനിന്ന സാധനങ്ങൾ വാങ്ങുന്ന ജനലക്ഷങ്ങൾ നമുക്കും വശപ്പെടുന്നവരാണെന്ന കാണാൻ കഴിയും. ആ ചരക്കുവില്പനക്കാർ അവരുടെ സാമാനങ്ങൾക്കുള്ള വിലക്കുറവുകൊണ്ടു് ആവശ്യക്കാർ ഉണ്ടായിക്കൊള്ളുമെന്ന പ്രതീക്ഷിക്കുന്നു. നമുക്കാകട്ടെ, ക്രേതാക്കളാകാൻ പോകുന്നവരെ ആകർഷിക്കാൻ പ്രാദേശികമായ ദേശസ്നേഹത്തേയും ചരക്കിന്റെ ഹൃദ്യതയേയും ആശ്രയിക്കാം.

ഓരോ ഖാദിസംഘടനയും സ്വയം സംരക്ഷണശക്തവും അങ്ങനെ സ്വയംഭരണത്തിനു് അർഹവുമാകണമെന്നു് അഖിലേന്ത്യാനൂൽനൂൽപ്പുസംഘത്തിന്റെ നിർവ്വാഹകസമിതി നിർബ്ബന്ധിക്കുന്നതു് ഏറ്റവും ന്യായമാണു്. അവർ മേലാൽ കേന്ദ്രത്തിൽനിന്നും സഹായം പ്രതീക്ഷിച്ചിരിക്കാൻ പാടില്ല. കേന്ദ്രനിക്ഷേപത്തെ, ഇതുവരെ അവഗണിച്ചു തള്ളിയിരിക്കുന്ന സ്ഥലങ്ങളിൽ പ്രവൎത്തനം ആരംഭിക്കാനായി എടുത്തുപയോഗിക്കേണ്ടതാണു്.

## 126

ഖാദിശാസ്ത്രം ഉല്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും വികേന്ദ്രീകരണം ആവശ്യപ്പെടുന്നു. ഖാദിയുടെ ഉപഭോഗം കഴിവുള്ളിടത്തോളം ഉല്പാദനസ്ഥലത്തുതന്നെ ആയിരിക്കണം. എല്ലാ ശ്രമവും ആ ലക്ഷ്യത്തിലേക്ക തിരിച്ചുവിടണം. നഗരങ്ങളുടെ ആവശ്യത്തിനുവേണ്ടി ഉല്പാദനം നടത്താം; എന്നാൽ അതാതു സ്ഥലത്തെ കമ്പോളത്തെ ആശ്രയിക്കുന്നതുപോലെ അതിനെ ആശ്രയിക്കാൻ പാടില്ല. ആദ്യമായി നാം സ്ഥലത്തെ കമ്പോളത്തെപ്പറ്റി പഠിച്ചു് അവിടത്തെ ആവശ്യം നിറവേററണം. എല്ലാ ഖാദിത്തൊഴിലാളികളും—എ. ഐ. എസ്. എ. യുടെയോ എ. ഐ. വി. ഐ. എ. യുടെയോ ആഭിമുഖ്യത്തിൽ പ്രവൎത്തിക്കുന്ന എല്ലാ തൊഴിലാളികളും—ഖാദി ധരിക്കുമെന്ന പ്രതീക്ഷിക്കപ്പെടുന്നതുകൊണ്ടു്, ഏറ്റവും കുറഞ്ഞ ആവശ്യം എത്രയെന്നു് എല്ലായ്പോഴും ഒരു ഉറപ്പുകിട്ടും. സതീശബാബുവും അനന്തപ്പൂരിലെ ശ്രീ ജതൽലാലും പ്രത്യേകം സ്വതന്ത്രമായി കണക്കുകൂട്ടിയതിൽ, സ്വയംപര്യാപ്തമായ ഖാദി എന്നുവച്ചാൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 3 ഗജം സ്വന്തം ഉപയോഗത്തിനെടുക്കുമ്പോൾ 2 ഗജം വെളിയിൽ വില്പനയ്ക്കു കൊടുക്കുക എന്നതാണു് എന്ന നിഗമനത്തിലെ

126. Harijan, 2-11-1935 (Khadi, P. 151)

digitized by www .sreyas.in

ത്തിയിരിക്കുന്നു. ഈ കണക്കുകൂട്ടൽ ശരിയാണെങ്കിൽ, സ്വയംപര്യാപ്തമായ ഖാദി പ്രചരിക്കുന്നതിനു് അതാതു സ്ഥലത്തെ കമ്പോളങ്ങളിൽ വേണ്ടുവോളം പ്രോത്സാഹനമുണ്ടാകണം. മററു ഗ്രാമീണ വ്യവസായങ്ങളും ഖാദിയോടൊപ്പം പ്രവത്തനത്തിലേർപ്പെട്ടിരിക്കുമെന്നുള്ളതുകൊണ്ടു് അവയിൽനിന്നും സ്വയംപര്യാപ്തമായ ഖാദിക്കു് സഹായം ലഭിക്കാവുന്നതാണു്. ഖാദി ധരിക്കുന്ന ആൾക്കു പ്രയത്നമല്ലാതെ മറെറാരു ചെലവും വേണ്ടിവരുകയില്ലെങ്കിൽമാത്രമെ അതിനു സ്വയംപര്യാപ്തമായ ഖാദി എന്ന പേരു കല്പിക്കാവു. രാജ്യമൊട്ടുക്കു പ്രാദേശികക്കമ്പോളങ്ങൾ സ്ഥാപിച്ചു് ഖാദിയുടെ വിപണിയെ ദൃഢമാക്കിയില്ലെങ്കിൽ, സ്വയംപര്യാപ്തഖാദി ഒരിക്കലും പ്രചരിക്കുകയില്ല. അങ്ങനെ ദൃഢപ്പെടുത്തുന്നതിനു് ഓരോ ഉല്പാദനകേന്ദ്രത്തിനും ഒരു സ്ഥലപരിധി നിർണ്ണയിക്കേണ്ടതാണു്. അതുമുഖേന കമ്പോളങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്നതിനെയും ഒരേ സംഘടനയിലെ പ്രവത്തകർതമ്മിലുള്ള അസുഖകരമായ മത്സരത്തെയും ഒഴിവാക്കാം.

## 127

ഓരോ കുടുംബവും ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുകയും, അവക്കാവശ്യമുള്ള ധാന്യം അതിൽ കൃഷിചെയ്തുണ്ടാക്കുകയും, അതു പാകം ചെയ്യുകയും, ഭക്ഷിക്കുകയും ചെയ്യുന്നതുപോലെ, ഓരോ കുടുംബത്തിൻെറയും ആദർശം അവർക്കാവശ്യമുള്ള പഞ്ഞി നട്ടുവളത്തി, നൂലുണ്ടാക്കി, നെയ്തു് ആ വസ്ത്രം ധരിക്കുക എന്നതായിരിക്കണം.

എന്നാൽ ഓരോ കുടുംബത്തിനും ഈ ആദർശത്തിലടങ്ങിയിരിക്കുന്ന തത്വം ഗ്രഹിക്കാൻ മനസ്സും കഴിവും ഉണ്ടാവുകയില്ലെന്നു നമുക്കറിയാം; സ്വയംപര്യാപ്തമായ ഖാദിയുടെ കലർപ്പില്ലാത്ത സന്ദേശത്തെപ്പററി പ്രചരണം തുടങ്ങിയ ഉടൻതന്നെ ഓരോ പ്രവർത്തകനും വിജയമുണ്ടാകയില്ലെന്നും നമുക്കറിയാം. ഗോപബന്ധുബാബു നിർദ്ദേശിച്ചിട്ടുള്ളതുതന്നെ ഒരു മദ്ധ്യഘട്ടമാണു്. ഓരോ ഗൃഹസ്ഥനും വേണ്ടത്ര പഞ്ഞി വാങ്ങി, സ്വയം നൂററു്, നെയ്ത്തുകാരെക്കൊണ്ടു നെയ്യിച്ചു്, അതിലേക്കുള്ള കൂലി കുടുംബമിച്ചത്തിൽനിന്നും കൊടുക്കുകയെന്നുള്ളതാണതു്. എന്നാൽ മിച്ചമൊന്നുമില്ലാത്ത ദശലക്ഷകണക്കിനാളുകളുണ്ടു്; ഈ നടപടികൾക്കൊന്നും തുനിയാതെ തങ്ങളുടെ ആവശ്യത്തിനുള്ള തുണി വിലയ്ക്കു വാങ്ങുന്നവരും ദശലക്ഷക്കണക്കിനുണ്ടു്. സ്വന്തം ആവശ്യത്തിനു നൂൽ നൂല്ക്കുകയും, മറേറതെങ്കിലും വ്യവസായത്തിൽനിന്നും കിട്ടുന്ന ആദായംകൊണ്ടു പഞ്ഞിക്കുള്ള വിലയും നെയ്ത്തുകൂലിയും കൊടുക്കു

---

127. Harijan, 30-11-1935 (Khadi, pp. 152—153)

കയും ചെയ്യുന്നതു് ഒരു അന്തരാളഘട്ടമാണു്. ആവശ്യത്തിനു വേണ്ടതിലധികം നൂൽനൂല്ക്കുകയും, അധികമുള്ളതിന്റെ പ്രതിഫലം കൊണ്ടു നെയ്ത്തുകൂലി കൊടുക്കുകയും ചെയ്യുന്നതു വേറൊരു മദ്ധ്യഘട്ടമാണു്. ഈ ഘട്ടം പ്രവൎത്തകന്റെയും നെയ്ത്തുകാരന്റെയും വീക്ഷണകോണിൽക്കൂടി നോക്കിയാൽ ഏററവും എളുപ്പവുമാണു്. ഈ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനു നമുക്കു സജ്ജീകൃതമായ ഖാദികേന്ദ്രങ്ങളുമുണ്ടു്. അവിടെ നൂൽനൂൽപ്പുകാൎക്കും മററു തൊഴിലാളികൾക്കും എ. ഐ. എസ്. എ ഏജൻസി മുഖേന മുറയ്ക്കു ജോലി കിട്ടണമെങ്കിൽ അവർ ഖാദി ധരിക്കണം, എന്നുള്ള പ്രേരണ പ്രവർത്തകർ പ്രയോഗിക്കേണ്ടതായുണ്ടു്. നൂൽനൂല്ക്കുക, നെയ്യുക, പഞ്ഞികടയുക, ചായംപിടിപ്പിക്കുക എന്നീ തൊഴിലുകളെ ആശ്രയിച്ചു കാലയാപനം ചെയ്യുന്നവർ അവരിൽ ധാരാളമുണ്ടു്. അവർ മിച്ചംവരത്തക്കവണ്ണം ഖാദി ഉല്പാദിപ്പിക്കുകയും അതിന്റെ വില്പനയ്ക്കു സാദ്ധ്യതയുണ്ടാവുകയും ചെയ്താൽ, പിന്നെ അവർ ഖാദി മാത്രമേ ധരിക്കാൻ പാടുള്ളു. നൂൽനൂൽപ്പിനുള്ള കൂലി വൎദ്ധിച്ചിട്ടും ഖാദിക്കു് ഇന്നുള്ളതുപോലെ ആവശ്യക്കാരുണ്ടാകുമെങ്കിൽ, ഇതു് ദുഷ്കരമാകേണ്ട കാര്യമല്ല.

എല്ലാ ഘട്ടങ്ങളിലും വേണ്ട പ്രവർത്തനങ്ങൾ പ്രയോഗത്തിൽ ഒരേസമയത്തുതന്നെ നടത്താവുന്നതാണു്. പുതിയ പദ്ധതി ചെയ്യുന്നതു്, ശരിയായ സ്ഥാനത്തു് ഊന്നുകയും, ലക്ഷ്യമെന്താണെന്നു വ്യക്തമായി പ്രസ്താവിക്കുകയുമാണു്. ഖാദിപ്രവർത്തകർ മേലാൽ വില്പന വർദ്ധിക്കുന്നതിലോ, ഖാദിയുടെ വില കുറയ്ക്കുന്നതിലോ, ദത്തശ്രദ്ധരാകേണ്ടതില്ല. അതുകൊണ്ടു് ഇപ്പോൾമുതൽ ജനങ്ങൾ തുണിയുടെ ആവശ്യത്തെസ്സംബന്ധിച്ചു് — കുറഞ്ഞപക്ഷം നൂൽനൂൽപ്പിനെ സംബന്ധിച്ചിടത്തോളമെങ്കിലും — സ്വയംപര്യാപ്തരാകുന്ന വിഷയത്തിലാണു് ഖാദിപ്രവർത്തകർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതു്. അവർ ഖാദിത്തൊഴിലാളികളുമായി നേരിട്ടു സമ്പൎക്കം പുലർത്തുകയും, അവരോടു സ്നേഹം പ്രകടിപ്പിക്കുകയും, അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും, അവരിൽ എല്ലാവൎക്കും തുല്യാവസരം ലഭിക്കത്തക്കവണ്ണം അവരുടെ വിശ്രമാവസരങ്ങളെ പ്രയോജനപ്രദമാക്കി അങ്ങനെ അവരുടെ സ്ഥിതി ക്രമേണ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണം. ഏററവും കൂടുതൽ ഉല്ക്കർഷേച്ഛുവായ പ്രവർത്തകനുപോലും യോജിച്ച ഒരു പ്രവർത്തനപരിപാടിയാണിതു്. ഇതിലുമൊക്കെ വൈഷമ്യമേറിയ ജോലി, ഒരുഭാഗത്തു് ജനലക്ഷങ്ങളുടെ കണ്ണു തുറപ്പിച്ചു തങ്ങളുടെ വിശ്രമാവസരങ്ങളെ സ്വന്തം അഭ്യുദയത്തിനുവേണ്ടി വിനിയോഗിക്കാൻ അവരെ പ്രേരിപ്പിക്കുക എന്നതും, മറുഭാഗത്തു് ഖാദിയുടെ ക്രേതാക്കളായ നഗരവാസികളേയും ഇടത്തട്ടുകാരേയും ഗ്രാമീണോല്പന്നങ്ങൾ (തങ്ങൾ ഇന്നുവരെ കൊടുത്തുവന്നിട്ടുള്ളതിലും സ്വല്പം കൂടുതലാ

ണ് അവയുടെ വിലയെന്നും, കാഴ്ചയിൽ അവയുടെ ഭംഗി ത ങ്ങാം പരിചയിച്ചിട്ടുള്ള വസ്തുക്കളുടേതിനോളമില്ലെന്നും അവർക്കു തോന്നാമെങ്കിലും) വാങ്ങുന്നതാണ് കാലക്രമത്തിൽ ലാഭകരമാവുക എന്നു മനസ്സിലാക്കാൻ സഹായിക്കുക എന്നതുമാണ്. അതാണ് ആദായകരമെന്നു പറഞ്ഞതു്, അതു ജനങ്ങളുടെ ഭൗതികനില അ ഭിവൃദ്ധിപ്പെടുത്തുമെന്നുള്ളതുകൊണ്ടും തന്മൂലം അവരുടെ ക്രയശക്തി വർദ്ധിക്കുമെന്നുള്ളതുകൊണ്ടുമാണ്. ഈ പുതിയ പദ്ധതി ആവി ഷ്കരിക്കപ്പെട്ടിട്ടുള്ളതു്, ജാതിവർണ്ണവർഗ്ഗഭേദമെന്യേ, മുഴുവൻ രാ ഷ്ട്രത്തിന്റെയും ഏററവും നല്ല കഴിവുകളെ പ്രയോജനപ്പെടുത്തുന്ന തിനാണ്. അവസാനം അവശേഷിക്കുന്ന പ്രശ്നം ഇതുമാത്രമാണ്: ''ഈ ജോലിക്കുവേണ്ട പരിശുദ്ധിയും സ്വാത്മത്യാഗവും അദ്ധ്വാ നശീലവും ബുദ്ധിസാമർത്ഥ്യവുമുള്ള പ്രവർത്തകരെ ആവശ്യമുള്ളിട ത്തോളമുണ്ടോ?''

## 128

ഖാദിയുടെ സന്ദേശം നഗരങ്ങളിൽമാത്രം അടങ്ങിനില്ക്കാനുള്ള തല്ല, അതു ചെവിക്കൊള്ളാൻ സന്നദ്ധരായിരിക്കുന്ന ദശലക്ഷക്ക ണക്കിനു് ഗ്രാമീണരുടെ ഇടയിൽ പ്രചരിക്കാനുംകൂടിയുള്ളതാണ് എന്നുള്ള വസ്തുത ഖാദിപ്രവർത്തകർ ധരിച്ചിരിക്കട്ടെ. മിച്ചംവരു ന്ന ഖാദിമാത്രമാണ് നഗരങ്ങളിലേക്കു പോകേണ്ടതു്. ഭൂരിഭാഗവും ഗ്രാമങ്ങളിൽ നിർമ്മിച്ച് ഗ്രാമവാസികൾതന്നെ ഉപയോഗിക്കണം. ഗ്രാമീണരുടെ പ്രവർത്തനം അവരുടെ കുടിലുകളിൽത്തന്നെ കേന്ദ്രീ കരിക്കത്തക്കവണ്ണം രൂപപ്പെടുത്തണം. അതുകൊണ്ടു് നഗരങ്ങളി ലെ വില്പന ഖാദിസന്ദേശത്തിന്റെ പുരോഗതിയുടെ സൂചന യായി സ്വീകരിക്കാൻ പാടില്ല. ഖാദിയുടെ ഇനിമേലുള്ള സ്ഥി തിവിവരക്കണക്കുകളിൽ, ഗ്രാമങ്ങളിൽ ആണ്ടുതോറുമുണ്ടാകുന്ന പു രോഗതി കാണിക്കേണ്ടതാണ്. ഗ്രാമങ്ങളിലെ ഖാദിപ്രചരണ ത്തിനു ധാരാളം പ്രവർത്തകരുടെ സേവനം വിട്ടുകൊടുക്കണമെ ങ്കിൽ നഗരങ്ങളിലുള്ള നമ്മുടെ പ്രവർത്തനത്തിൽ കുറവുവരുത്തണം.

## 129

ആ ചോദ്യം*കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് ഖാദിക്കു ജ പ്പാൻ ചരക്കിനോടോ ഇൻഡ്യൻ മിൽത്തുണിയോടോ വിലയുടെ കാര്യത്തിൽ മത്സരിക്കാൻ കഴിവുണ്ടോ എന്നാണെങ്കിൽ, അതി നു 'ഇല്ല' എന്നു് ഉറപ്പിച്ചു മറുപടി പറയാം. മനുഷ്യശക്തികൊ ണ്ടു ചെയ്യാവുന്നതും, പ്രയത്നം ലാഭിക്കാനുള്ള യന്ത്രശക്തികൊണ്ടു നിർവ്വഹിക്കാവുന്നതുമായ സംഗതികളെ താരതമ്യപ്പെടുത്തുമ്പോൾ,

128. Harijan, 7-12-1935 (Khadi, P. 154)
129. Harijan, 20-6-1936 (Khadi pp. 38—40)
''ഖാദിക്കു സാമ്പത്തികഭദ്രതയുണ്ടോ?'' എന്ന ചോദ്യം.

digitized by www .sreyas.in

മിക്കതിനും ഈ നിഷേധരൂപത്തിലുള്ള മറുപടിതന്നെ പറയേണ്ടിവരും. ഇൻഡ്യൻ വ്യവസായശാലകളിൽ നിർമ്മിക്കുന്ന സാധനങ്ങളുടെ കാര്യവും ഇതുപോലെതന്നെ. വ്യവസായശാലകളിൽ നിർമ്മിക്കുന്ന തുണി, ഇരുമ്പ്, പഞ്ചസാര എന്നീ സാധനങ്ങൾക്കു വിദേശമത്സരത്തെ തടയാൻ രാഷ്ട്രത്തിന്റെ ഏതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമാണ്. ആ രീതിയിൽ ഈ ചോദ്യം ചോദിക്കുന്നതുതന്നെ തെററാണ്. തുറന്ന കമ്പോളത്തിൽ ഒരു സുസംഘടിതവ്യവസായത്തിനു നന്നായി സംഘടിക്കപ്പെട്ടിട്ടില്ലാത്ത ഒരു വ്യവസായത്തെ നിഷ്പ്രയാസം ആട്ടിപ്പായിക്കാൻ കഴിയും. ആദ്യത്തേതിനുവേണ്ട ധനസഹായവും അളവററ മൂലധനവും അതുകൊണ്ടുതന്നെ താല്ക്കാലിക നഷ്ടത്തിൽ ചരക്കു വില്ക്കുന്നതിനുള്ള കഴിവുമുണ്ടായിരുന്നാൽ അക്കാര്യം പ്രത്യേകിച്ചും സാദ്ധ്യമാണ്. ഒരു രാജ്യത്തെ പല വ്യവസായസംരംഭങ്ങളുടെയും ദുരന്തം ഈ വിധത്തിലായിരുന്നു.

ഈവക ദൂഷ്യങ്ങളുണ്ടെന്നു സമ്മതിച്ചതിനുശേഷവും ഖാദിയൊന്നു മാത്രമാണു യഥാത്ഥ സാമ്പത്തികപ്രമേയമെന്നു ഞാൻ പറയുന്നതിന്റെ അത്ഥമെന്താണ്? ആ പ്രമേയം ഞാൻ പൂണ്ണമായി പ്രസ്താവിച്ചുകൊള്ളട്ടെ: ''ഇന്ത്യയിലെ ഓരോ ഗ്രാമത്തിലേയും പതിനാറുവയസ്സു കഴിഞ്ഞ ശരീരശക്തിയുള്ള ഓരോ വ്യക്തിക്കും, ആണായാലും പെണ്ണായാലും, തന്റെ വയലിലോ കുടിലിലോ തൊഴിൽശാലയിലെങ്കിലുമോ വേലയും മതിയായ കൂലിയും ഉണ്ടാക്കിക്കൊടുക്കാൻ ഉതകുന്ന കുറേക്കൂടി നല്ല ഒരു വ്യവസ്ഥിതി ഉണ്ടാകുന്ന ഒരു കാലം—അങ്ങനെയൊരു കാലം എന്നെങ്കിലുമുണ്ടാകുമെങ്കിൽ—വരുന്നതുവരെ അഥവാ വേണ്ടവണ്ണം ക്രമീകൃതമായ ഒരു ജീവിതത്തിനു് ആവശ്യവും അർഹവുമായ അത്യാവശ്യസുഖസൗകര്യങ്ങൾ ഗ്രാമീണർക്കു കിട്ടത്തക്കവണ്ണം ഗ്രാമങ്ങളുടെ സ്ഥാനത്തു വേണ്ടുവോളം നഗരങ്ങൾ നിർമ്മിക്കപ്പെടുന്നതുവരെ ദശലക്ഷക്കണക്കിനു ഗ്രാമീണരെ മുൻനിർത്തി ചിന്തിക്കുമ്പോൾ ഖാദിയാണ് ഒരേയൊരു സാമ്പത്തികപ്രമേയം.'' നമുക്കു വിഭാവനം ചെയ്യാവുന്ന കാലത്തോളം ഖാദിക്കു് പ്രാബല്യമുണ്ടാവുമെന്നു കാണിക്കാൻ ഞാൻ ഈ പ്രമേയം ഇങ്ങനെ പൂർണ്ണമായി പ്രസ്താവിച്ചാൽമാത്രം മതിയാകും.

ഇന്നു നമ്മെ ഞെരുക്കുന്ന പ്രശ്നം, അധികമധികം പാപ്പരായിവരുന്ന ദശലക്ഷക്കണക്കിനു ഗ്രാമീണർക്കു് വേലയും കൂലിയും ഉണ്ടാക്കിക്കൊടുക്കേണ്ടതെങ്ങനെയെന്നാണ്. ഗ്രാമങ്ങളിൽ പോകാനുള്ള ബുദ്ധിമുട്ടു സഹിക്കാൻ സന്നദ്ധതയുള്ള ആക്കും ഇതു ബോദ്ധ്യപ്പെടുന്നതാണ്. എന്നല്ല ഇതിലേക്കു വിദഗ്ദ്ധമായ തെളിവു് ഇപ്പോൾത്തന്നെ വേണ്ടുവോളമുണ്ടുതാനും. ജനങ്ങൾ സാമ്പത്തികമായും മാനസികമായും ധാർമ്മികമായും ദരിദ്രരാവുകയാണ്.

digitized by www .sreyas.in

പ്രവർത്തിക്കാനും ചിന്തിക്കാനും ജീവിക്കാൻതന്നേയുമുള്ള സന്ന ദ്ധത അവക്കു വേഗത്തിൽ നഷ്ടപ്പെട്ടുവരികയാണ്. മരിച്ചുകഴി ഞ്ഞവരെപ്പോലെ അവർ ജീവിക്കുകയാണ്. ഖാദി അവർക്കു ജോ ലിയും ഉപകരണങ്ങളും അവർ നിർമ്മിക്കുന്ന സാധനങ്ങൾ ഉടനടി വിററഴിക്കാൻ കമ്പോളവും ഉണ്ടാക്കിക്കൊടുക്കുന്നു. ഇന്നലെവരെ നിരാശമാത്രം ശേഷിച്ചിരുന്ന അവർക്കു് അതു് ആശ പ്രദാനം ചെയ്യുന്നു.

''അതു് ഇത്ര ആശാവഹമായ ഒരു സിദ്ധാന്തമാണെങ്കിൽ, ഖാദിക്കു് ഇങ്ങനെ തുച്ഛമായ പുരോഗതിമാത്രമുണ്ടാകാൻ കാരണ മെന്താണു്?'' എന്നു് അവിശ്വാസക്കാരൻ ചോദിക്കുന്നു. ഉത്തരം ഇതാണു്: ജനലക്ഷങ്ങളുടെ കാര്യം കണക്കാക്കുമ്പോൾ അതിൻെറ പുരോഗതി തുലോം മോശമാണെങ്കിലും, ഒററ വ്യവസായം എന്ന നിലയ്ക്കു് അതിനുണ്ടായിട്ടുള്ള മുന്നേററം മറെറല്ലാത്തിനെക്കാളും ഏററവും വലുതാണു്. ഗ്രാമീണരായ ഏററവുമധികം കൂലിവേല ക്കാരുടെ ഇടയിൽ അതു് ആണ്ടുതോറും ഏററവും വലിയ സംഖ്യ കൂലിയായി വിതരണം ചെയ്യുന്നു; കാണാച്ചെലവുകൾ ഏററവും കുറയ്ക്കുന്നു; പ്രായോഗികമായി ഓരോ പൈസയും ജനങ്ങൾക്കിട യിൽത്തന്നെ ചുററിക്കറങ്ങാൻ ഇടയാക്കുകയും ചെയ്യുന്നു. എ. ഐ. എസ്. എ. യിൽനിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന കണക്കുകൾ പരിശോധിക്കുന്ന ആർക്കും ഇതു് എളുപ്പത്തിൽ ബോദ്ധ്യപ്പെടുന്ന താണു്.

ഖാദിക്കു്, ഗ്രാമീണർക്കു് അതിൻെറനേർക്കുണ്ടായിട്ടുള്ള മിക്ക വാറും ഉറച്ച വിരുദ്ധമനോഭാവത്തോടും, രാഷ്ട്രത്തിൻെറ സംരക്ഷ ണമില്ലായ്കയാലുള്ള അന്യായമത്സരത്തോടും, സാമ്പത്തികശാ സ്ത്രവിദഗ്ദ്ധന്മാരെന്നറിയപ്പെടുന്നവരുടെ ഇടയിൽ പ്രചരിക്കുന്ന അ ഭിപ്രായഗതിയോടും, ഖാദിവില ക്രമേണ കുറഞ്ഞുകിട്ടണമെന്നുള്ള ഖാദിധാരികളുടെ അവകാശവാദത്തോടും മല്ലിടേണ്ടതായിട്ടുണ്ടു്. ഇങ്ങനെ, കണ്ണീരിൽ കഴിയുന്ന ഈ രാജ്യത്തിനാവശ്യമായ യഥാ ർത്ഥസമ്പദ്വ്യവസ്ഥയെപ്പററി ഗ്രാമവാസികൾക്കും നഗരവാസി കൾക്കും ബോധം നല്കുക എന്നതാണു് ഇതു സംബന്ധിച്ചുള്ള പ്ര ധാനപ്രശ്നം. ഇവർ എല്ലാ മതങ്ങൾക്കും അതീതരാണു്. ഗ്രാമ ങ്ങളിൽ വസിക്കുന്ന ഹിന്ദുക്കളും, മുസൽമാന്മാരും ക്രിസ്ത്യാനിക ളും ദാരിദ്ര്യമെന്ന ഒരേ വ്യാധി കാരണം ക്ലേശിക്കുന്നവരാണു്. വ്യത്യാസമുണ്ടെങ്കിൽ ക്ലേശത്തിൻെറ കൂടുതൽകുറവിൽമാത്രമാണു്.

ഗജക്കണത്തിനു നോക്കുമ്പോൾ ഖാദിക്കു മിൽത്തുണിയെ ക്കാൾ വിലക്കൂടുതലുണ്ടെങ്കിലും, ആകെത്തുകയിലും ഗ്രാമീണരെ മുൻനിർത്തി നോക്കുമ്പോഴും അതു് ഏററവും ചെലവു കുറഞ്ഞതും പ്രായോഗികവും മത്സരരഹിതവുമായ ഒന്നാണു്. ആ സിദ്ധാന്ത

digitized by www .sreyas.in

ത്തിൻെറ ഒരു സമ്പൂർണ്ണ പരിശോധനയ്ക്കുവേണ്ടി മററു ഗ്രാമവ്യവസായങ്ങളെയും ഖാദിയിൽ ഉൾപ്പെടുന്നവയായി പരിഗണിക്കാം.

## 130

ഖാദിക്കു കോടിക്കണക്കിനാളുകൾക്കു തൊഴിൽ നല്കാൻ കഴിവുണ്ടു്: പട്ടിനാണെങ്കിൽ ഏതാനും ആയിരങ്ങൾക്കേ തൊഴിൽ നല്കാൻ കഴിയൂ. ഖാദി ദരിദ്രനും ധനികനും ഒന്നുപോലെ ആവശ്യമുള്ളതാണു്. പട്ടു് മതവിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ ചില വിശേഷാൽ സന്ദർഭങ്ങളിൽ ധരിക്കാൻ വിധിച്ചിട്ടുള്ളതാകകൊണ്ടു്, ചുരുക്കം ചില ആളുകൾക്കുമാത്രം വേണ്ടിവരുന്നതാണു്. അതുകൊണ്ടു് പട്ടിലും ഖാദിയിലുംനിന്നു് ഏതിനെ തിരഞ്ഞെടുക്കണമെന്നുള്ള ചോദ്യം ഉദിക്കുമ്പോൾ, പട്ടിണിക്കാരായ ജനലക്ഷങ്ങളുടെ അഭ്യുദയം ഹൃദയത്തിലുള്ളവർ സ്വാഭാവികമായി ഖാദിയെത്തന്നെ തിരഞ്ഞെടുക്കും. അഖിലേന്ത്യാ നൂൽനൂല്പു സംഘത്തിൻെറ ഉദ്ദേശംതന്നെ പഞ്ഞികൊണ്ടുണ്ടാക്കിയ ഖാദിക്കു് ഒന്നാം സ്ഥാനം കല്പിക്കുക എന്നതാണു്. ഖാദിയുടെ വിശാലമായ നിർവ്വചനം പഞ്ഞി, പട്ടു്, കമ്പിളി എന്നിവയിൽനിന്നും കൈകൊണ്ടു നൂൽ നിർമ്മിച്ചു കൈകൊണ്ടു നെയ്ത തുണി എന്നാകയാൽ, ആ നിർവ്വചനം കണ്ടിട്ടുള്ളവരുടെ മനസ്സിൽ ചിന്താക്കുഴപ്പമുണ്ടാക്കാതിരിക്കാനാണു് പഞ്ഞികൊണ്ടുള്ള ഖാദി എന്നു ഞാൻ പറയുന്നതു്. വിശാലമായ ഈ നിർവ്വചനം ആവശ്യമായിരുന്നതും ഇന്നും ആവശ്യമായിരിക്കുന്നതും കൈകൊണ്ടു് നൂററുണ്ടാക്കുന്ന രോമത്തുണികളേയും പട്ടുതുണികളേയും ഉൾക്കൊള്ളാനാണു്. എന്നാൽ ഇവ രണ്ടും കൈകൊണ്ടു് നൂററുണ്ടാക്കുന്ന പരുത്തിത്തുണിക്കു പകരമായിട്ടല്ല അതിനു പൂരകമായിട്ടാണു് ഉപയോഗിക്കപ്പെടുന്നതു്. ശിശിരകാലത്തു പലർക്കും കൂടുതൽ ചൂടുള്ള കമ്പിളിയും പട്ടും ആവശ്യമായിവന്നേക്കും.

ഞാൻ ഈ വരികളിൽ ഉന്നയിച്ചിട്ടുള്ള ഈ നയംമുഖേന പട്ടുനൂൽനൂല്പുകാരുടെയും നെയ്ത്തുകാരുടെയും നന്മയെ ഞാൻ അവഗണിക്കുകയാണെന്നു് ആരും ധരിച്ചുവശാകരുതു്. എൻെറ ചിന്താഗതിയിൽനിന്നു് അതിനേക്കാൾ വിദൂരമായി മററൊന്നില്ല; എന്തെന്നാൽ ഖാദിയുടെ കഥ കഴിഞ്ഞാൽ സ്വദേശിപ്പട്ടിൻെറ അവസാനവും അതോടൊപ്പംതന്നെ ഉണ്ടാകുമെന്നു് എനിക്കറിയാം. ജപ്പാൻപട്ടും പാശ്ചാത്യരാജ്യങ്ങളിൽനിന്നും വരുന്ന കൃത്രിമാനുകരണവും ഓരോ കഷണം നാടൻതുണിയേയും നാമാവശേഷമാക്കും. ഖാദിയിലന്തർഭവിച്ചിട്ടുള്ള ചിന്താഗതിയാണു് കാശ്മീർകമ്പിളിക്കും ബംഗാളിലും ആസാമിലുമുള്ള പട്ടിനും സ്വന്തം നിലയി

130. Harijan, 7-11-1936 (Khadi, pp. 221—222)

digitized by www .sreyas.in

ലുറപ്പുനില്ലാൻ കഴിവുണ്ടാക്കിയതു്. പഞ്ഞികൊണ്ടുള്ള ഖാദിയെ ഏതു വൈഷമ്യത്തെയും നേരിടത്തക്കവണ്ണമാക്കിയ എ. ഐ. എസ്. എ. യുടെ വിദൂരവീക്ഷണത്തോടുകൂടിയ നയമാണു് കൈകൊണ്ടുണ്ടാക്കിയ നാടൻ കമ്പിളിത്തുണികളേയും പട്ടുതുണികളേയും സംരക്ഷിക്കുന്നതു്. എന്നാൽ ഇവ മൂന്നുംകൂടി മത്സരിക്കാൻ തുടങ്ങിയാൽ മൂന്നിന്റെയും നാശത്തിനിടയാകും. അവസാനമായി ഓക്കാനുള്ളതു്, പഞ്ഞികൊണ്ടുള്ള ഖാദി സജീവമായിരിക്കുകയും പട്ടു് അന്തരിക്കുകയും ചെയ്താൽ, പട്ടിന്റെ തിരോധാനം മൂലം തൊഴിലില്ലാതാകുന്നവക്കു് പഞ്ഞികൊണ്ടുള്ള നൂൽനൂല്പിലും നെയ്ത്തിലും ഏർപ്പെടാമെന്നുള്ളതാണു്; എന്നാൽ പട്ടിനു പരുത്തിയുടെ സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞാൽ പരുത്തി ഖാദിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോടിക്കണക്കിനാളുകഠംക്കു് തൊഴിൽ നല്ലാൻ സാദ്ധ്യമല്ലാതായിത്തീരും. അതുകൊണ്ടു് ദരിദ്രനാരായണനെ സ്നേഹിക്കുന്നവരെല്ലാം, തങ്ങഠംക്കു് ഇതിൽ രണ്ടിലൊന്നു് തരഞ്ഞെടുക്കാനുള്ള സന്ദർഭമുണ്ടായാൽ, പഞ്ഞികൊണ്ടുള്ള ഖാദിക്കുതന്നെ മുൻഗണന നല്കുക എന്നതാണു് അവരുടെ കത്തവ്യമെന്നു് എനിക്കു തോന്നുന്നു. ഇപ്പോഠം വിലക്കൂടുതലുള്ളതായിക്കാണപ്പെടുന്ന നേർമ്മയുള്ള പരുത്തിഖാദി വാങ്ങുന്നതു് അതേരീതിയിലുള്ള പട്ടുഖാദി വാങ്ങുന്നതിനെക്കാഠം കാലാന്തരത്തിൽ കൂടുതൽ ലാഭകരമായിരിക്കും.

## 131

ഖാദി ഒരു ഭദ്രമായ സാമ്പത്തികപ്രമേയമാണെങ്കിൽ, അതു് ഒരു ശാസ്ത്രവും ഒരു അത്ഭുതകഥയുംകൂടിയാണെന്നു ഞാൻ കൂടെക്കൂടെ പറഞ്ഞിട്ടുണ്ടു്. ശാസ്ത്രത്തിന്റെയോ പുതുമയുടെയോ തത്ത്വം പിന്നിലുള്ള ഏതൊന്നിനെയും ശാസ്ത്രമായി മാററാം. ചിലർ ഖാദിയെ അപഹസിക്കുകയും ആരെങ്കിലും കൈകൊണ്ടു നൂൽനൂല്ക്കുന്നതിനെപ്പററി സംസാരിച്ചാൽ ക്ഷമകേടിന്റെയും വിദ്വേഷത്തിന്റെയും ലക്ഷണങ്ങഠം പ്രകടിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇൻഡ്യ മുഴുവനുമുള്ള നിർബ്ബന്ധിതമായ അലസതയും തൊഴിലില്ലായ്മയും അതുകൊണ്ടുള്ള നിദ്ധനതയും മാററാൻ ഖാദിക്കു കഴിവുണ്ടെന്നു കാണുമ്പോഠം, അതു് പരിഹാസത്തിനോ വെറുപ്പിനോ പാത്രമാകേണ്ട ഒന്നല്ലാതായിത്തീരുന്നു. യഥാർത്ഥത്തിൽ അതു മുൻപറഞ്ഞ ത്രിദോഷങ്ങഠംക്കുള്ള ഒരു സിദ്ധൗഷധമായിരിക്കണമെന്നില്ല. അതു് അത്യാകർഷകമാംവണ്ണം രസപ്രദമാകണമെങ്കിൽ അതിന്റെ ശക്തിയെക്കുറിച്ചു സത്യസന്ധതയോടെ പ്രതിപാദിച്ചാൽ മതിയാകും. എന്നാൽ ആ പ്രഭാവം ഖാദിക്കു കല്പിക്കുകയും, അതേസമയം, തങ്ങളുടെ ആഹാരസമ്പാദനത്തിനായി പഞ്ഞി

131. Harijan, 16-1-1937 (Khadi, P. 80)

digitized by www .sreyas.in

തല്ലുകയോ കടയുകയോ നൂൽനൂല്ക്കുകയോ നെയ്യുകയോ ചെയ്യേണ്ടിവരുന്നതുകൊണ്ടു മാത്രം അങ്ങനെ ചെയ്യുന്ന അജ്ഞരും ദരിദ്രരുമായ തൊഴിലാളികളുടെ രീതിയിൽ ആ ജോലി തുടരുകയും ചെയ്യുക എന്നതു നിങ്ങൾക്കു സാദ്ധ്യമല്ല. അതിൻെറ പ്രഭാവത്തിൽ വിശ്വസിക്കുന്ന ഒരാൾ മനപ്പൂർവ്വവും ബുദ്ധിപൂർവ്വവും വ്യവസ്ഥിതവുമായ രീതിയിലും, ശാസ്ത്രീയമനോഭാവത്തോടുകൂടിയും, യാതൊന്നും കണ്ണുമടച്ചു വിശ്വസിക്കാതേയും, ഓരോ നിർദ്ദേശവും പരീക്ഷിച്ചുനോക്കിയും, വസ്തുതകളും കണക്കുകളും പരിശോധിച്ചും, പരാജയത്തിൽ കലുങ്ങാതെയും, അല്പവിജയങ്ങളിൽ അമിതമായി ആഹ്ലാദിക്കാതെയും, ലക്ഷ്യപ്രാപ്തിവരെ അലംഭാവമുണ്ടാകാതെയും പ്രവത്തനം തുടരണം.

ഒരു ശാസ്ത്രം ശാസ്ത്രമാകണമെങ്കിൽ ശരീരത്തിൻെറയും മനസ്സിൻെറയും ആത്മാവിൻെറയും വിശപ്പു ശമിപ്പിക്കാനുള്ള പരിപൂർണ്ണ സാഹചര്യം സൃഷ്ടിക്കാൻ അതിനു കഴിയണം. അത്തരത്തിലുള്ള ഒരു സംതൃപ്തി കൈവരുത്താൻ ഖാദിക്കു സാധിക്കുമോ എന്നു് അവിശ്വാസികൾ സംശയിക്കുന്നു—അതായതു് 'ഖാദിശാസ്ത്രം' എന്ന ഞാൻ പറയുമ്പോൾ ഞാനതിനെന്തർത്ഥമാണു കല്പിക്കുന്നതെന്നു്.

## 132

ഖാദിയെ നിറപ്പകിട്ടുള്ള മിൽത്തുണിയുമായി അടുപ്പിച്ചു ജനങ്ങളുടെ മനസ്സിനെ മറയ്ക്കുന്നതു് ആപൽക്കരമാണെന്നു് എൻെറ അനുഭവം എന്നെ പഠിപ്പിക്കുന്നു. അതു് യഥാർത്ഥമനുഷ്യരേയും വിദ്യുച്ഛക്തികൊണ്ടു പ്രവർത്തിക്കുന്ന കൃത്രിമമനുഷ്യരേയും ചേർത്തുനിർത്തുന്നതിനു തുല്യമാണു്. വിദ്യുച്ഛക്തികൊണ്ടു പ്രവർത്തിക്കുന്ന കൃത്രിമമനുഷ്യരുമായി താരതമ്യപ്പെടുത്താൻ മുതിർന്നാൽ, മനുഷ്യൻ ആ മത്സരത്തിൽ പിന്തിരിഞ്ഞോടാനാണിടയുള്ളതു്. ഖാദിയെ മിൽത്തുണിയുമായി താരതമ്യപ്പെടുത്തിയാൽ ഖാദിയുടെ സ്ഥിതിയും അതുതന്നെയായിരിക്കും. രണ്ടിൻെറയും നിലവാരങ്ങൾ വ്യത്യസ്തങ്ങളാണു്. രണ്ടിൻെറയും ഉദ്ദേശം പരസ്പരവിരുദ്ധമാണു്. ഖാദി എല്ലാവർക്കും ജോലികൊടുക്കുന്നു. മിൽത്തുണി അപൂർവ്വം ചിലക്കു മാത്രം ജോലി കൊടുത്തിട്ടു്, പലക്കും സത്യസന്ധമായ തൊഴിൽ നഷ്ടപ്പെടുത്തുന്നു. ഖാദി ജനസാമാന്യത്തെ സേവിക്കുമ്പോൾ, മിൽത്തുണി ഉയർന്ന സ്ഥിതിക്കാക്കുമാത്രമേ ഉപകാരപ്പെടുന്നുള്ളു. ഖാദി തൊഴിലാളിവർഗ്ഗത്തെ സേവിക്കുന്നു; മിൽത്തുണി അതിനെ ചൂഷണംചെയ്യുന്നു. എൻെറ ഈ അനുഭവത്തിനു് ഇൻഡ്യയിലൊട്ടാകെയുള്ള ഖാദിപ്രവർത്തകരുടെ പിന്തുണയുണ്ടു്.

---

132. Harijan, 10-4-1937 (Khadi, P. 66)

digitized by www .sreyas.in

## 133

മദ്ധ്യകാലഘട്ടം മോശമായിരുന്നിരിക്കാം; എന്നാൽ മാദ്ധ്യകാലികമാണെന്നുവെച്ചുമാത്രം യാതൊന്നിനേയും തിരിസ്കരിക്കാൻ ഞാൻ തയാറില്ല. ചർക്ക മാദ്ധ്യകാലികമാണു്, സംശയമില്ല. എന്നാൽ അതു സ്ഥിരപ്രതിഷ്ഠപ്രാപിച്ചുകഴിഞ്ഞു. ഈ സാധനം അന്നത്തേതുതന്നെയാണെങ്കിലും അതു സ്വാതന്ത്ര്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായിത്തീൎന്നിട്ടുണ്ടു്: ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ആവിർഭാവത്തോടുകൂടി അതു് അടിമത്തത്തിന്റെ പ്രതീകമായിത്തീർന്നിരുന്നുവല്ലോ. നമ്മുടെ പിതാമഹന്മാർ സ്വപ്നം കണ്ടിട്ടുപോലുമില്ലാത്തവിധം അഗാധവും യഥാർത്ഥവുമായ അർത്ഥം ആധുനികഭാരതത്തിനു ചക്കയിൽ കാണാൻ കഴിഞ്ഞിട്ടുണ്ടു്. കരകൗശലങ്ങൾ ഒരുകാലത്തു ഫാക്ടറിതൊഴിലിന്റെ പ്രതീകങ്ങളായിരുന്നെങ്കിൽ, ഇന്നു് അവ വിദ്യാഭ്യാസത്തിന്റെ പ്രതീകങ്ങളും ഉപാധികളുമായിത്തീരുമാറാകട്ടെ.

## 134

ഇൻഡ്യയിലെ ഏഴുലക്ഷം ഗ്രാമങ്ങളേയും സജീവമാക്കിവച്ചുകൊണ്ടിരിക്കുകയും എല്ലാ പരിഷ്കാരത്തിന്റെയും അടിത്തറയായ സമാധാനം കൈവരുത്തുകയും ചെയ്യണമെങ്കിൽ, നാം ചർക്കയെ സകല കരകൗശലങ്ങളുടെയും കേന്ദ്രമാക്കണമെന്നു ഞാൻ കൂടക്കൂടെ പറയാറുണ്ടല്ലൊ. അങ്ങനെ ചക്കയിലുള്ള എന്റെ വിശ്വാസം ദിനംപ്രതി വർദ്ധിച്ചുവരുകയും ചർക്കയാകുന്ന സൂര്യൻമാത്രമേ മററു കരകൗശലങ്ങളാകുന്ന ഗ്രഹങ്ങളെ പ്രകാശിപ്പിക്കുന്നുള്ളു എന്നു ഞാൻ സ്പഷ്ടമായി കാണുകയും ചെയ്യുന്നു. എന്നാൽ ഞാൻ ഒരു ചുവടുകൂടി മുന്നോട്ടു കടന്നിട്ടു പറയുന്നതു്. ബൃഹത്തായ സൗരയൂഥത്തിൽ പുതിയ നക്ഷത്രങ്ങളും ഗ്രഹങ്ങളും നാം കണ്ടുപിടിച്ചുകൊണ്ടിരിക്കുന്നതുപോലെ നമ്മൾ ദിവസേന പുതിയ കരകൗശലങ്ങൾ കണ്ടുപിടിച്ചുകൊണ്ടിരിക്കണമെന്നാണു്. ഇതിനുവേണ്ടി നാം ചർക്കയെ യഥാർത്ഥ പ്രാണകാരകനായ സൂര്യനാക്കണം. 1921—ലെ ബർദോളി സത്യാഗ്രഹം ആരംഭിക്കുന്നതിനു് ഓരോ ഗൃഹത്തിലും ഓരോ ചർക്കയുണ്ടായിരിക്കണമെന്ന ഒരു വ്യവസ്ഥ നിർബ്ബന്ധമായി ഞാൻ ആവശ്യപ്പെട്ടു: ആ വ്യവസ്ഥ ശരിക്കു നടപ്പിൽവന്നില്ല എന്നറിഞ്ഞിട്ടും, പരേതനായ വിതൽഭായിയുടെ നിർബ്ബന്ധത്തിനു വഴങ്ങി, ഞാൻ സത്യാഗ്രഹം ആരംഭിച്ചു. ഫലം നിങ്ങൾക്കെല്ലാം അറിവുള്ളതാണല്ലൊ. ഇന്നും ഞാൻ ബർദോളിയിലെ ജനങ്ങളോടു പറയുന്നതു് ഒരു വീടിനു് ഒരു ചർക്ക

---

133. Harijan, 16-10-1937 (Selections from Gandhi, P. 59)

134. Harijan, 19-2-1938 (Economic and Industrial Life and Relations, vol. II, P. 336)

digitized by www .sreyas.in

യെന്നുള്ള വ്യവസ്ഥ പാലിക്കണമെന്നാണ്. അതു നിങ്ങൾക്ക് ഒരു ചെറിയ വരവുണ്ടാക്കുന്നതിനും നിങ്ങളെ സ്വയംപര്യാപ്തരാക്കുന്നതിനും സഹായിക്കും.

### 135

ഖാദിക്ക് ഒരു വലിയ സന്ദേശമുണ്ട്. ആണ്ടിൽ നാലുമാസത്തോളം തൊഴിലില്ലാതെ അലസരായിക്കഴിയുന്ന ജനലക്ഷങ്ങൾക്ക് അതു് ഒരു മാന്യമായ തൊഴിൽ നല്കുന്നു. ജോലിക്കുള്ള പ്രതിഫലത്തിന്റെ കാര്യം കൂടാതെതന്നെ, ഖാദി അതിനുതന്നെയുള്ള പ്രതിഫലമായിത്തീരുന്നു. ജനലക്ഷങ്ങൾ നിർബ്ബന്ധിതാലസതയിൽ കഴിയുകയാണെങ്കിൽ അവർ ആത്മീയമായും മാനസികമായും ശാരീരികമായും മരണമടയേണ്ടിവരും. ലക്ഷണക്കിനുള്ള പാവപ്പെട്ട സ്ത്രീകളുടെ നിലയെ ചർക്ക സ്വയമേവ ഉദ്ധരിക്കും. അതുകൊണ്ട മിൽത്തുണി സൗജന്യമായികൊടുത്താലും ജനങ്ങൾ അതു സ്വീകരിക്കാതെ തങ്ങളുടെ പ്രയത്നഫലമായുണ്ടാകുന്ന ഖാദിതന്നെ ഉപയോഗപ്പെടുത്തണം.

### 136

ജീവിതമെന്നതു പണത്തെക്കാൾ വലുതാണു്. ജോലിചെയ്യാൻ കഴിവില്ലാതെ നമ്മുടെ പരിമിതമായ വരവിനു് ഒരു ഭാരമായിത്തീരുന്ന നമ്മുടെ വൃദ്ധമാതാപിതാക്കളെ കൊല്ലുന്നതു ലാഭകരമാണല്ലൊ. അതുപോലെതന്നെ നമുക്കു ഭൗതികസുഖങ്ങൾക്ക് ആവശ്യമില്ലാത്തവരും, പ്രതിഫലമായി യാതൊന്നും ലഭിക്കാതെ നമുക്കു സംരക്ഷിക്കേണ്ടിവരുന്നവരുമായ കുഞ്ഞുങ്ങളെ കൊല്ലുന്നതും ലാഭകരമായിരിക്കും. എന്നാൽ നമ്മുടെ മാതാപിതാക്കളെയാകട്ടെ, കുഞ്ഞുങ്ങളെയാകട്ടെ, നാം കൊല്ലാറില്ല; പ്രത്യുത, എന്തു ചെലവു സഹിച്ചും അവരെ സംരക്ഷിക്കുന്നതു് ഒരു വിശിഷ്ടാവകാശമായി നാം കരുതുന്നു. അതുപോലെ മററല്ലാ തുണിത്തരങ്ങളേയും ഉപേക്ഷിച്ചിട്ട ഖാദിയെ നാം പുലർത്തണം. ശീലത്തിന്റെ പ്രേരണയാലാണു് വിലയുടെ അടിസ്ഥാനത്തിൽ നാം ഖാദിയെപ്പററി ചിന്തിക്കുന്നതു്. ഖാദിസമ്പദ്വ്യവസ്ഥയെപ്പററിയുള്ള നമ്മുടെ വീക്ഷണം നാം പുനഃപരിശോധിക്കണം. ദേശീയക്ഷേമത്തിന്റെ അടിസ്ഥാനത്തിൽ നാം അതിനെപ്പററി പഠിക്കുമ്പോൾ ഖാദി ഒരിക്കലും വിലക്കൂടുതലുള്ളതല്ല എന്നു കാണാൻകഴിയും. പരിവർത്തനഘട്ടത്തിൽ ഗാർഹികസമ്പദ്വ്യവസ്ഥയിൽ വരാവുന്ന തകരാറുകൾ നാം സഹിക്കുകതന്നെ വേണം.

ഇപ്പോൾ ഒരു ദുർഘടസന്ധിയിൽപ്പെട്ട നാം വിഷമിക്കുകയാണു്. ലങ്കാഷയറിനുവേണ്ടി—ഇൻഡ്യൻ മില്ലുകൾക്കുവേണ്ടി

---

135. Harijan, 10-12-1938 (Khadi, pp. 12—13)
136. Harijan, 10-12-1938 (Khadi, P. 76)

digitized by www .sreyas.in

യാണെന്നും വേണമെങ്കിൽ പറയാം—പഞ്ഞിയുല്പാദനം കേന്ദ്രീകരിച്ചിരിക്കുകയാണ്. പഞ്ഞിവില വിദേശക്കമ്പോളങ്ങളിലെ നിരക്കനുസരിച്ചാണ നിശ്ചയിക്കുന്നതു്. ഉല്പാദിപ്പിക്കപ്പെടുന്ന പഞ്ഞിയെ ഖാദിസമ്പദ്വ്യവസ്ഥയനുസരിച്ചു വിതരണം ചെയ്യുകയാണെങ്കിൽ, പഞ്ഞിവിലയിൽ കൂടുതൽ കുറവു വരുകയില്ലെന്നു മാത്രമല്ല, എങ്ങനെയായാലും ഇന്നത്തെ വിലയിൽനിന്നും കുറവായിരിക്കുകയും ചെയ്യും. രാഷ്ട്രം നല്ലന്ന സംരക്ഷണംമുഖേനയോ സ്വമനസ്സാലെയൊ ഖാദിമാത്രം ഉപയോഗിക്കുന്നതിനുള്ള പരിശീലനം ജനങ്ങൾ നേടിക്കഴിഞ്ഞാൽ, ഖാദിയുടെ കാര്യം പണത്തിന്റെ അടിസ്ഥാനത്തിൽ അവർ ചിന്തിക്കുകയില്ല. ഉദാഹരണത്തിനു്, ലക്ഷക്കണക്കിനുള്ള സസ്യഭുക്കുകൾ മാംസാഹാരത്തിന്റെ വിലയെ മാംസേതരാഹാരത്തിന്റേതിനോടു താരതമ്യപ്പെടുത്താറില്ലല്ലൊ. മാംസാഹാരം സൗജന്യമായിക്കിട്ടിയാലും, അതു കഴിക്കുന്നതിനുപകരം, സസ്യഭുക്കുകൾ പട്ടിണി കിടക്കുകയേ ഉള്ളു.

## 137

നമ്മുടെ തൊഴിൽവിഭവങ്ങളെ കൂട്ടിയിണക്കി ശക്തമാക്കുന്നതിലേക്കുള്ള മഹത്തരമായ ഉപാധി ചക്രയാണ്. സ്വമേധയായുള്ളതും ജീവചൈതന്യം നൽകുന്നതുമായ എല്ലാ കൂട്ടുപ്രവർത്തനങ്ങളുടേയും ആത്മാവായ അംഹിംസയുടെ സ്വാഭാവികമായ പ്രതീകമാണ ചക്ര. അങ്ങനെ ഏതു മുനിസിപ്പൽ പ്രവത്തനപദ്ധതിയിലും ചക്രാപ്രചരണപ്രവത്തനത്തിനു്—അതു ഗ്രാമീണരുടെ തൊഴിലില്ലായ്മയുടേയും തൽഫലമായ ദാരിദ്ര്യത്തിന്റേയും അവരനുഭവിക്കുന്ന ഭയങ്കരമായ ജീവിതവൈഷമ്യങ്ങളുടേയും നിവാരണവുമായി ബന്ധപ്പെട്ടതോ, നമ്മുടെ വൻനഗരങ്ങൾക്കു് അപമാനകരമായ പുറംതെരുവുജീവിതത്തിന്റെ പരിഷ്കരണത്തെ സൂചിപ്പിക്കുന്നതോ ആകട്ടെ—നിശ്ചിതമായ ഒരു സ്ഥാനമുണ്ടു്.

എന്നാൽ ഇതിനു ചക്രയിൽ സജീവമായ വിശ്വാസം ആദ്യമായുണ്ടാവണം. ചർക്കയെപ്പററി ബുദ്ധിപൂർവ്വം പഠിക്കുന്നതിനും നൂൽനൂൽപ്പിലും അതോടു ബന്ധപ്പെട്ട മററു പദ്ധതികളിലും വൈദഗ്ദ്ധ്യം നേടുന്നതിനും ഈ വിശ്വാസം പ്രേരകമാകണം. ഇന്നത്തെ സ്ഥിതിയിൽ, നാം സിനിമസ്കൂപോയോ, വെടിപറഞ്ഞോ സമയംകൊല്ലാൻ ശ്രമിക്കുന്നു. വേല ചെയ്യാതെ കാശുണ്ടാക്കുന്നതിലാണു് നമുക്കു താല്പര്യം; ചക്രാപ്രവത്തനത്തിലല്ല. എന്നിരുന്നാലും ചർക്കയെ സാർവ്വത്രികമാക്കുന്ന വിഷയത്തിൽ വിജയിക്കുന്നതിന്റെ തോതനുസരിച്ചു്, നാം നമ്മുടെ ലക്ഷ്യമായ അഹിംസയോടടുക്കുമെന്നാണു് എന്റെ ഉറച്ച വിശ്വാസം.

---

137. Harijan, 18-2-1939

digitized by www .sreyas.in

## 138

ഞാൻ വിഭാവനചെയ്യുന്ന നൂൽബാങ്കിനെസംബന്ധിച്ച രണ്ടാശയങ്ങളാണുള്ളതു്. ഒന്നാമതായി എല്ലാ നൂലും—അതിന്റെ അളവെത്രയായാലും, ഗുണമെന്തായാലും, അതെവിടെനിന്നു വരുന്നതായാലും—അതെല്ലാം ഒരു സ്ഥലത്തു ശേഖരിക്കണം. നെയ്ത്തുകാക്കു മിൽനൂലു നെയ്യുന്ന വേഗതയിൽ ഖാദിനൂലും നെയ്യാൻ സാധിക്കത്തക്കവിധം, അതവക്കു് വെച്ചുകൊടുക്കണം. ഇതിലേക്കു് എല്ലാ നൂലും ഈരെഴയാക്കി പിരിച്ചുചേർക്കണം. ഈ നടപടിക്കു വിധേയമാക്കാത്ത നൂലിനെ നൂലായിഗണിക്കാൻ പാടില്ല. അങ്ങനെ രണ്ടുതരം നൂലുണ്ടായിരിക്കും, ഒന്നു് ഈരെഴയാക്കിച്ചേർത്തതും, മറേറതു് ഒററയിഴയും. ആദ്യത്തേതിനു വിലകൂടും. അഭികാമ്യമായ ഈ നിലയിലെത്തുന്നതിനു സ്വാഭാവികമായി കുറേസമയം വേണ്ടിവരും. ഈ ഇടക്കാലത്തു നൂൽ വേർതിരിച്ചെടുത്തു്, ഒററനൂൽ ഇരട്ടിച്ചു മുറുക്കി, നൂൽഡിപ്പോയിലോ മറേറതെങ്കിലും സൗകര്യമുള്ള സ്ഥലത്തോവച്ചു നെയ്യുകയും വേണം.

രണ്ടാമതായി ഓർമ്മിക്കാനുള്ളതു്, സ്വർണ്ണവും വെള്ളിയും കമ്മട്ടത്തിൽനിന്നു നാണയമായി പുറത്തുവരുന്നതുപോലെ, നൂൽബാങ്കിൽനിന്നു ഖാദിമാത്രമേ പുറത്തുവരാൻ പാടുള്ളു എന്നതാണു്. ഇതു സംഭവിക്കുന്നകാലത്തു മാത്രമെ കൈകൊണ്ടു നൂല്ക്കുന്ന നൂലിലുള്ള കുറവുകളും കുററങ്ങളും പരിഹരിക്കപ്പെടുകയും, ഖാദിയുടെ ഗുണം പ്രതീക്ഷയിൽ കവിഞ്ഞു വർദ്ധിക്കുകയും ചെയ്യുകയുള്ളു. ഇതു നിർബന്ധംകൊണ്ടു സാധിക്കാവുന്ന ഒരു ജോലിയല്ല. ഈ മഹനീയലക്ഷ്യം എളുപ്പത്തിലും, ശീഘ്രമായും, സ്വമേധയായും കൈവരുത്തത്തക്കവണ്ണം ഖാദിപ്രവർത്തകർ സ്വാർത്ഥരഹിതരും സത്യസന്ധരും ശാസ്ത്രീയമനോഭാവമുള്ളവരുമായിരിക്കണം.

അതു സാദ്ധ്യമാക്കുക എന്നതാണു് ചക്രാസംഘത്തിന്റെ യഥാർത്ഥ ലക്ഷ്യം.

## 139

ഖാദിക്കുവേണ്ടിയുള്ള പുതിയ പദ്ധതി എന്നു പറയപ്പെടുന്നതു വായനക്കാർ പൂർണ്ണമായി മനസ്സിലാക്കട്ടെ. 'പറയപ്പെടുന്ന' എന്ന വാക്കു ഞാൻ ഉപയോഗിച്ചതിൽ കാര്യമുണ്ടു്; ആരംഭത്തിൽ ഉദ്ദേശിച്ചതുപോലെ ഗ്രാമവാസികളുടെ വസ്ത്രധാരണത്തിനാണു ഖാദി ഉപയോഗിക്കപ്പെട്ടതെങ്കിൽ, ഇപ്പോഴത്തെ നടപടിയെ ന്യായയുക്തമെന്നു പറയാം. ഖാദി നഗരവാസികൾക്കുമാത്രം ഉദ്ദേശിക്കപ്പെ

---

138. Harijan, 7-7-1946 (Khadi, P. 223)

139. Harijan, 21-7-1946 (Economic and Industrial Life and Relations, vol. II, pp. 266—267)

digitized by www .sreyas.in

ട്ടതോ, ഇന്നു കാണുന്നമാതിരി ഗ്രാമവാസികളുടെ രക്തം ഊററിയെടുത്തു നഗരവാസികളെ പോററുന്നതിനുള്ളതോ ആയിരുന്നില്ല. ഖാദി, അതിന്റെ ഉത്ഭവകാലംമുതൽക്കുതന്നെ, ഈ വ്യവസ്ഥിതി മറിച്ചാക്കാനാണു് ഉദ്ദേശിക്കപ്പെട്ടിരുന്നതു്. എന്നാൽ നഗരവാസികളുടെ രക്തം ഊററിയെടുക്കാൻ ഉദ്ദേശമില്ലായിരുന്നു. 'വ്യവസ്ഥിതി മറിച്ചാക്കുക' എന്നതു പ്രകൃത്യാ ഉള്ള ബന്ധം പുനഃസ്ഥാപിക്കുക എന്നതാണു്. ബ്രിട്ടീഷുകാരുടെ ആഗമനത്തിനുമുമ്പും പട്ടണങ്ങളുണ്ടായിരുന്നു. സ്ഥിതിഗതികൾ അന്നു വളരെ മോശമായിരുന്നു. ഇപ്പോഴാകട്ടെ കാര്യങ്ങൾ കുറേക്കൂടി വഷളായിട്ടുണ്ടു്. പട്ടണങ്ങൾ ഇന്നു വമ്പിച്ച നഗരങ്ങളായിട്ടുണ്ടു്. ഈ നഗരങ്ങളിൽ ഇൻഡ്യൻ കോടീശ്വരന്മാരുണ്ടായിരുന്നിട്ടും, അവയുടെ നിലനില്പു ബ്രിട്ടീഷ് യജമാനന്മാർക്കുവേണ്ടിയായിരുന്നു. ഈ കടുത്ത ദുരാചാരത്തെ നശിപ്പിക്കാനായിരുന്നു ഖാദിയുടെ പുറപ്പാടു്. ഗ്രാമീണഭാരതത്തിന്റെ ദാസ്യപ്രതീകമാണു് മിൽത്തുണിയെങ്കിൽ, ഖാദി സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തെയാണു പ്രതിനിധാനം ചെയ്യുന്നതു്. ഖാദിക്കു് അങ്ങനെയാകാൻ കഴിഞ്ഞില്ലെങ്കിൽ അതു നിരർത്ഥകമാകും. അതുകൊണ്ടു ഖാദിയുടെ വികസനത്തിനുവേണ്ടിയുള്ള നടപടികളിൽ വരുത്തുന്ന ഏതു് ആരോഗ്യകരമായ മാററവും സ്വാഗതാർഹമാണു്.

നിലവിലുള്ള വികസനം നല്ലതായി കാണപ്പെട്ടുവെങ്കിലും, നൂൽനൂൽക്കുകയും ഖാദി നെയ്യുകയുംചെയ്ത ഗ്രാമീണർതന്നെ അതു ഉപയോഗിക്കാത്തതുകൊണ്ടു്, അവർക്കതു ഗുണപ്രദമായില്ല. അതു് ഉപയോഗിക്കുന്നതിന്റെ മഹത്ത്വവും മൂല്യവും അവർക്കു മനസ്സിലാക്കാനോ ഗുണദോഷചിന്ത ചെയ്യാനോ കഴിഞ്ഞില്ല. തെററു് അവരുടേതല്ലായിരുന്നു. പ്രവർത്തകർതന്നെയും ഖാദി ധരിച്ചില്ല. നഗരവാസികൾ ഖാദി ധരിക്കുകയും പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്യേണ്ടിവന്നു. തങ്ങൾക്കു് എളുപ്പത്തിൽ മിച്ചംവരുത്താൻ കഴിഞ്ഞ ഏതാനും ത്രുപകൊണ്ടു് ആ പ്രായശ്ചിത്തം വിലയ്ക്കുവാങ്ങാൻ അവർ ഒരുക്കമായിരുന്നു; ആ ഇടപാടിൽ അവർ സ്വരാജ്യസ്നേഹികളെന്നു വിളിക്കപ്പെടുകയും ചെയ്തു. എന്നാൽ ചക്കാസംഘത്തിനു (അഖിലേന്ത്യാ നൂൽനൂൽപ്പുസംഘം എന്നറിയപ്പെടുന്നതു്) ഖാദിയുടെ അടിസ്ഥാനത്തെ അവഗണിച്ചു് അതിലുള്ള വിശ്വാസത്തെ എങ്ങനെ തെററിക്കാൻ സാധിക്കും? അതുകൊണ്ടു ഗ്രാമീണരെ ഖാദിധാരികളാക്കാൻ സംഘത്തിന്റെ കഴിവു മുഴുവൻ വിനിയോഗിക്കുന്നു. അതു സ്വാഭാവികമായി നൂൽനൂൽപ്പുകാരിലും നെയ്ത്തുകാരിലുംനിന്നു് ആരംഭിക്കുന്നു. ആ പ്രസ്ഥാനം വിജയിക്കുകയാണെങ്കിൽ—വിജയിക്കുകതന്നെവേണം—കുറേക്കാലം കഴിയുമ്പോൾ നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള കമ്പോളങ്ങളിൽ ധാരാളം ഖാദി ഉണ്ടായിരിക്കും. അന്നു് ഇൻഡ്യയിൽ കിട്ടാവുന്ന

digitized by www .sreyas.in

തുണി ഖാദി മാത്രമായിരിക്കും. അതിന്റെ നിർവ്വഹണത്തിനുവേണ്ടി എ. ഐ. എസ്. എ. ഉത്സാഹപൂർവ്വം പ്രവർത്തിച്ചുവരുന്നു. അതിന്റെ ഗവേഷണങ്ങളിൽനിന്നും ഖാദിക്കു് അത്തരത്തിലൊരു ശക്തിയില്ലെന്നു തെളിയുകയാണെങ്കിൽ, സ്വന്തം പാപ്പരത്തം പ്രഖ്യാപിക്കുന്നതിനും സംഘം മടിക്കുകയില്ല. ഈ യന്ത്രയുഗത്തിൽ നാല്പതുകോടി ജനങ്ങളുടെ മാനസികപ്രവണതകളെ സംബന്ധിക്കുന്ന ഒരു ശാസ്ത്രമാണതെന്നു വായനക്കാരൻ ഓർത്തിരിക്കട്ടെ. ഇങ്ങനെ വിചിന്തനംചെയ്യുമ്പോൾ അതു് ഒരു ഗംഭീരവും അതേസമയം മോഹനവും രസകരവുമായ ഒരു പ്രശ്നമാണു്. അതിൽ വരാവുന്ന തോൽവി—തോൽവിവരാനാണിടയെങ്കിൽ—പോലും യഥാർത്ഥത്തിൽ തോൽവിയാകയില്ല. ചർക്ക, ജനസാമാന്യത്തിന്റെ അടിമത്തത്തിനു പ്രതീകമായിരുന്ന ഇരുളടഞ്ഞ ആ കാലഘട്ടത്തിലേക്കു മടങ്ങിപ്പോകാനുള്ള ഉദ്യമമല്ല അതെന്നു ധരിച്ചുകൊള്ളുക. ഇൻഡ്യ തന്റെ അടിമത്തച്ചങ്ങല പൊട്ടിക്കാൻ ചർക്കാമുഖേന ഒരു ശ്രമം നടത്തിയാൽ അതു മനുഷ്യവിവേകത്തിന്റെ, അതായതു് ഇൻഡ്യയുടെ ആത്മാവിന്റെ, ഒരു വമ്പിച്ച വിജയമായിരിക്കും. സ്വതന്ത്രനും അടിമയും ഒരേതരം അപ്പംതന്നെയാണു് ഭക്ഷിക്കുന്നതു്—ഒരാൾ സ്വാതന്ത്ര്യത്തിന്റെ അപ്പം; മറേറ ആൾ അടിമത്തത്തിന്റേയും.

ചർക്കയ്ക്കു് നല്കാനുള്ള സന്തോഷവാർത്ത നഗരവാസികളും പട്ടണവാസികളും ചെവിക്കൊള്ളുമെങ്കിൽ, അവർ തങ്ങളുടെ ഒഴിവുസമയങ്ങൾ, കുതിരപ്പന്തയത്തിലേർപ്പെട്ടോ മദ്യപാനംചെയ്തോ ക്ലബ്ബുകളിൽചെന്നു് വൃഥാ വ്യയം ചെയ്തോ കളയാതെ, പഞ്ഞി കടയാനും നൂൽനൂല്ക്കാനും നെയ്യാനും പൂർണ്ണമനസ്സോടെതന്നെ വിനിയോഗിക്കും. അവരുടെ കുഞ്ഞുങ്ങളോ? എന്താണു്? — തങ്ങളുടെ അച്ഛനമ്മമാർക്കും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി അവർക്കും നൂൽനൂല്ക്കാം. അങ്ങനെ ഇൻഡ്യയ്ക്കു വേണ്ടതരത്തിലുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായം സ്വീകരിക്കുകയും ചെയ്യും. ഞാൻ റോമിൽ പോയിരുന്നപ്പോൾ നാവികകൗശലങ്ങൾ അഭ്യസിച്ചുവന്ന അവിടത്തെ കൊച്ചുകുട്ടികൾ പ്രദർശിപ്പിച്ച ഹൃദ്യങ്ങളായ യുദ്ധമുറകൾ മുസ്സോളിനിയുടെ ഉദ്യോഗസ്ഥന്മാർ എനിക്കു കാണിച്ചുതന്നു. ഇംഗ്ലീഷുകാരുടെ കുട്ടികളും ഇംഗ്ലണ്ടിനുവേണ്ട സംഗതികൾ അവരുടെ മാതൃഭാഷയിൽ പഠിക്കുകയല്ലാതെ മറെറന്താണു ചെയ്യുന്നതു്? ഇൻഡ്യയിലുള്ള കുട്ടികൾക്കുമാത്രം ഒരു വിദേശീയവർഗ്ഗത്തിന്റെ ഭാഷയും, അതുമുഖേന ആ വിദേശീയവർഗ്ഗത്തിനു വേണ്ട കാര്യങ്ങളും പഠിക്കേണ്ടിവന്നിരിക്കുന്ന ഗതികേടുണ്ടു്. ഈ വിദ്യാഭ്യാസനിയമസംഹിത രൂപീകരിച്ചതു് ഒരു വിദേശീയനല്ലാതെ മററാരാണു്?

digitized by www .sreyas.in

## 140

നാല്പതുകോടി കൈകളുടെ പ്രവർത്തനംകൊണ്ടു ഖാദി ഉല്പാദിപ്പിക്കുന്നതു് ഒരു കാര്യവും മിൽത്തുണി നിർമ്മിക്കുന്നതു തികച്ചും മറെറാരു കാര്യവുമാണു്. ഏതാനും കൈകൾകൊണ്ടു് യന്ത്രങ്ങളിൽ പ്രവർത്തിച്ചാൽ അതുമുഖേന യഥാർത്ഥ സ്വരാജ് ലഭിക്കുകയില്ല. എന്നാൽ, 20 കോടി ജനങ്ങൾ, തൊഴിലിനെപ്പററി ശരിയായ ധാരണയോടുകൂടി, സ്വന്ത ആവശ്യത്തിനും മിച്ചംവരുന്നതു വില്പനയ്ക്കുമായി ഖാദി നിർമ്മിക്കുകയാണെങ്കിൽ അവർക്ക നിശ്ചയമായും ഇൻഡ്യയുടെ മുഖച്ഛായതന്നെ പാടേ മാററാൻ സാധിക്കും. നാല്പതു കോടി ജനങ്ങളിൽ 20 കോടിയും സ്വന്താവശ്യത്തിനു ഖാദി നിർമ്മിക്കാൻ മിനക്കെടുകയില്ലെന്നുള്ളതു് മറെറാരു കാര്യമാണു്. ചുരുങ്ങിയതു് എനിക്കെങ്കിലും അതൊരിക്കലും സമ്മതിക്കാൻ നിവൃത്തിയില്ല.

## 141

എ. ഐ. എസ്. എ. യുടെ ഇന്നത്തെ നയം പൂർണ്ണമായി ഗ്രഹിക്കണമെങ്കിൽ നിങ്ങൾ അതിൻെറ ഉത്ഭവസംബന്ധമായ തത്വശാസ്ത്രത്തിലേക്കു പ്രവേശിക്കണം. പ്രാരംഭഘട്ടങ്ങളിൽ പാവങ്ങൾക്കു് ആശ്വാസം നല്കുന്നതിനായിരുന്നു പ്രാധാന്യം കല്പിച്ചിരുന്നതു്. സന്ദർഭവശാൽ അതു വർഗ്ഗങ്ങൾ തമ്മിലും സമൂഹങ്ങൾ തമ്മിലും ഒരു ചേർപ്പുകണ്ണിയുണ്ടാക്കുകയും, ഒരു രാഷ്ട്രീയ ഗൗരവം കൈക്കൊള്ളുകയും ചെയ്തു. ആ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മുന്നോട്ടുപോകാൻ നമുക്കു സാദ്ധ്യമല്ല. ഉദാഹരണത്തിനു് നമുക്കു വേലക്കൂലി ഇനിയും വർദ്ധിപ്പിക്കാൻ നിവൃത്തിയില്ല. ഖാദിക്കു് അതു താങ്ങാൻ ശേഷിയില്ല. ഇതേവരെ നൂൽനൂൽപ്പും നെയ്ത്തും സാമാന്യജനങ്ങളാണു നടത്തിവന്നതു്. ഇനിയും അതു സാമാന്യജനങ്ങൾതന്നെ നടത്തണം. അതു് അവരുടെ സ്വന്തം ഉപയോഗത്തിനായിരിക്കയുംവേണം. എ. ഐ. എസ്. എ യുടെ പുതിയ നയം പരാജയപ്പെട്ടിട്ടില്ല. അതു്, സാവധാനത്തിലാണെങ്കിലും, ക്രമത്തിൽ പുരോഗമിക്കുകയാണെന്നു് ഏററവും ഒടുവിലത്തെ കണക്കുകളിൽനിന്നു കാണാൻ കഴിയും.

വൈഷമ്യങ്ങൾ പലതുമുണ്ടു്. നെയ്ത്താണു പ്രധാന ദുർഘടമായിത്തീർന്നിട്ടുള്ളതു്. നെയ്ത്തുകാരെ നാം വേണ്ടത്ര വശപ്പെടുത്തിയിട്ടില്ല. ഇവിടേയും വീഴ്ച എൻേറതാണു്. ഞാൻ ആരംഭമു

140. Harijan, 28-7-1946 (Economic and Industrial Life and Relations, vol. II, P. 307)

141. Harijan, 25-8-1946 (Khadi, pp. 211—217)

digitized by www .sreyas.in

തൽ എല്ലാരും നൂൽനൂല്പിനോടുകൂടി നെയ്ത്തും അഭ്യസിക്കണമെന്നു നിബ്ബന്ധിച്ചിരുന്നെങ്കിൽ, സംഗതികൾ ഇന്നു വ്യത്യസ്തമായിരുന്നേനെ. എ.ഐ.എസ്.എ. യുടെ പ്രവൎത്തനമൂലധനം ഇപ്പോൾ ഇരുപത്തഞ്ചുലക്ഷത്തിൽ നില്ക്കുന്നു. ഇരുപത്തഞ്ചുവൎഷംകൊണ്ടാണ് ആ തുകയിൽ എത്തിച്ചേൎന്നതു്. ആ കാലഘട്ടത്തിൽ, ഇരുപതിനായിരം ഗ്രാമങ്ങളിലായി ചിതറിക്കിടക്കുന്ന നാലരലക്ഷം പാവപ്പെട്ട നൂൽനൂല്പുകാരുടേയും നെയ്ത്തുകാരുടേയും ഇടയിൽ ഏഴുകോടിയിൽപ്പരം രൂപാ വിതരണം ചെയ്തിട്ടുണ്ടു്. ഇത്ര വിസ്തൃതമായ സ്ഥലത്തു് ഇത്രയും ചെറിയ മൂലധനം മുടക്കി ഇതുപോലെയൊരു വമ്പിച്ച തുക വിതരണം ചെയ്യപ്പെട്ട മറെറാരു സന്ദർഭം എൻെറ അറിവിലില്ല.

അപകടത്തെപ്പററി താക്കീതു ചെയ്യാനേ എനിക്കു സാധിക്കുകയുള്ളു. യന്ത്രത്തിൽ കടഞ്ഞ പഞ്ഞിത്തിരികൾ നൂൽനൂല്പിനു നാം ഉപയോഗിച്ചുവന്ന ഒരു കാലമുണ്ടായിരുന്നു. അതിൽഭേദം മിൽനൂലുപയോഗിക്കുകയായിരുന്നു. യന്ത്രത്തിൽ തയ്യാറാക്കിയ പഞ്ഞിത്തിരി നൂല്ക്കാത്ത നൂലല്ലാതെ മറെറന്താണു്? നാം അതിൽനിന്നു വിട്ടുമാറി, കൈകൊണ്ടു കടയുന്ന സമ്പ്രദായം നടപ്പിലാക്കിയിരുന്നില്ലെങ്കിൽ ഖാദി ഇതിനകം നാമാവശേഷമായേനെ. ''ചൎക്കമാത്രം ഉപേക്ഷിച്ചിട്ടു്, കൈത്തറിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാമെങ്കിൽ ഞാനും നിങ്ങളുടെകൂടെയുണ്ടു്'' എന്നു ദിവംഗതനായ സർ ഗംഗാറാം എന്നോടു പറഞ്ഞു. മിൽനൂലുപയോഗിക്കുന്നതാണു് കൈത്തറിവ്യവസായത്തെ ഞെക്കിക്കൊല്ലുന്ന പ്രധാന സംഗതിയെന്നു നാം ഇന്നു മനസ്സിലാക്കിയിട്ടുണ്ടു്; ഇതു് അദ്ദേഹത്തിനു ബോദ്ധ്യപ്പെടാൻ കഴിഞ്ഞില്ല. കൈകൊണ്ടു നൂല്ക്കുന്ന നൂലിൽമാത്രമാണു് കൈത്തറിയുടെ മോക്ഷം സ്ഥിതിചെയ്യുന്നതു്. ചൎക്ക പോയാൽ കൈത്തറിയും അതിനെ അനുഗമിക്കേണ്ടിവരും. ജനലക്ഷങ്ങൾക്കു് ഉപയോഗപ്രദമായ ജോലി കൊടുത്തില്ലെങ്കിൽ എൻെറ വീക്ഷണത്തിൽ, ഖാദിക്കു യാതൊരു വിലയുമില്ലാതാകും. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മദ്ധ്യമാർഗ്ഗങ്ങളിൽ പലതും ഖാദിയുടെ പ്രധാന ഗുണത്തെ അതിൽനിന്നും നീക്കിക്കളയുന്നവയാണു്. പരേതനായ സർ ഫേയ്സൽഭോയിയെ മുപ്പതു വർഷത്തിനുമുമ്പു ഞാൻ കണ്ടപ്പോൾ അദ്ദേഹം പ്രവചിച്ചതു് ഖാദി ഒടുവിൽ ഒരു പരാജയമായി ഭവിക്കുമെന്നായിരുന്നു. അദ്ദേഹം പോയി. എന്നാൽ ഖാദി ഇന്നും ശേഷിക്കുന്നു. ഇപ്പോൾ ഒരു പുതുയുഗം ആവിർഭവിച്ചിട്ടുണ്ടാവാം; ഖാദി ഈ കാലഘട്ടത്തിനു യോജിച്ചതല്ലെന്നുംവരാം. എനിക്കുമാത്രം അങ്ങനെ തോന്നുന്നില്ല.

digitized by www .sreyas.in

## 142

കഴിഞ്ഞ ഏപ്രിൽ 28—ാം തീയതിയിലെ എന്റെ ലേഖനത്തിന്റെ അർത്ഥമെന്തായാലും, ഖാദിസംബന്ധമായി അംഗീകരിക്കപ്പെടുന്ന ഏതൊരു പദ്ധതിയും അതിലേർപ്പെട്ടിരിക്കുന്നവരുടെ ഹൃദയപൂർവ്വമായ സഹകരണമില്ലാത്തതാണെങ്കിൽ സ്വരാജിനെ ലക്ഷ്യമാക്കിയുള്ള ഖാദിപ്രസ്ഥാനം നിശ്ചയമായും മരണമടയുമെന്നാണ് എനിക്കു പറയാനുള്ളതു്. അങ്ങനെയായാൽ ഖാദി മദ്ധ്യയുഗത്തിലെ അന്ധകാരത്തിലേക്കും അടിമത്തത്തിലേക്കുമുള്ള തിരിച്ചുപോക്കാണെന്ന അധിക്ഷേപം യഥാർത്ഥമാകും. എന്നാൽ നേരെമറിച്ചുള്ള അഭിപ്രായമാണ് എനിക്കുള്ളതു്. നിർബന്ധിത ഖാദി അടിമത്തത്തിന്റെ മുദ്രയാകുമെന്നിരിക്കെ, ബുദ്ധിപൂർവ്വമായും സ്വമനസ്സാലെയും സജ്ജമാക്കുന്നതും പ്രധാനമായി സ്വന്ത ഉപയോഗത്തിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതും ആയ ഖാദി സ്വാതന്ത്ര്യത്തിന്റെ മുദ്രയായിരിക്കും. സർവ്വതോമുഖമായ സ്വാശ്രയമല്ലെങ്കിൽ, സ്വാതന്ത്ര്യം ഒന്നുമല്ല. ഖാദി ഒരു സ്വതന്ത്രമനുഷ്യന്റെ അവകാശത്തോടൊപ്പം കർത്തവ്യവുമായിത്തീർന്നില്ലെങ്കിൽ, എനിക്കേതായാലും അതുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല.

ഇങ്ങനെ തയാറാകുന്ന ഖാദി അതേസമയത്തു വില്പനസ്സൗകര്യംകൂടിയുള്ളതാകുമോ എന്നു സ്നേഹഭാവമുള്ള ഒരു വിമർശകൻ ചോദിക്കുന്നു. അതെ, വില്പന അതിന്റെ രണ്ടാമത്തെ ആവശ്യമാക്കാമെങ്കിൽ. അതായതു ഖാദി നിർമ്മിക്കുന്നതു വില്പനസ്സൗവേണ്ടി മാത്രമാകരുതു്. വില്പന അതിന്റെ പ്രധാന ഉദ്ദേശ്യവും ആകാൻ പാടില്ല. ഖാദിയുടെ വില്പനമുതല്ലാണ് നാം പ്രവർത്തനമാരംഭിക്കുന്നതെന്നതു് നമ്മുടെ താല്ക്കാലികമായ ആവശ്യത്തേയും പരിമിതമായ വീക്ഷണശേഷിയേയുമാണു കാണിക്കുന്നതു്. അനുഭവം ഒരു വലിയ ഗുരുവാണ്. അതു വളരെ കാര്യങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ടു്.

## 143

ഖാദിയുടെ സമ്പദ്വ്യവസ്ഥ മത്സരം ഉൾക്കൊള്ളുന്ന സാധാരണ സമ്പദ്വ്യവസ്ഥകളിൽനിന്നു ഭിന്നവും അവയ്ക്കു് എതിരുമാണെന്നു ഖാദിപ്രേമികൾ അറിഞ്ഞിരിക്കണം. ''എല്ലാവരുടേയും, അതായതു് മർദ്ദിതരിൽ ഏററവും നിസ്സാരന്റെപോലും, ഏററവും വലിയ നന്മ'' എന്ന തത്വത്തെ ആധാരമാക്കിയുള്ളതല്ല, സാധാരണ സമ്പദ്വ്യവസ്ഥ. ഖാദിയുടെ സന്ദേശം നടപ്പിൽവരണമെ

---

142. Harijan, 1-9-1946 (Economic and Industrial Life and Relations, vol. II, P. 202)

143. Harijan, 24-6-1939 (Khadi, pp. 141—142)

digitized by www .sreyas.in

കിൽ താഴെ പറയുന്ന സംഗതികൾ നിർവ്വഹിക്കപ്പെടണമെന്ന് ഈ പംക്തികൾ മുഖേന ഞാൻ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്:

1) നൂൽനൂൽപുകാരുടെ ശമ്പളം ക്രമേണ വർദ്ധിപ്പിച്ചു കുറഞ്ഞത് മണിക്കൂറിന് ഒരണ എന്ന നിരക്കിലെത്തിക്കണം.

2) ഓരോ ഗ്രാമവും അതിലേക്കാവശ്യമുള്ള ഖാദി നിർമ്മിച്ച് ഉപയോഗിക്കണമെന്നതാണ് ആദർശം. ഇപ്പോൾ ചെയ്യാവുന്നതിൽ ഏററവും കുറഞ്ഞ കാര്യം ഓരോ പ്രവിശ്യയും അതിലേക്കാവശ്യമുള്ള ഖാദിമാത്രം നിർമ്മിക്കുക എന്നതാണെന്ന് ഇതിൽനിന്നും വിശദമാകുന്നു; പ്രവിശ്യയ്ക്കു വെളിയിൽ വിൽപനയ്ക്ക് അനുവാദം നല്കാവുന്നത് ആ പ്രവിശ്യയിലല്ലാതെ മറെറങ്ങും നിർമ്മിക്കാൻ സാധിക്കാത്തതരം ഖാദികൾ മാത്രമാണ്. ഉദാഹരണത്തിന്, ആന്ധ്രായിൽനിന്നും പുറത്തു വില്പനയ്ക്കയയ്ക്കാൻ അനുവദിക്കാവുന്നത് 80—ാം നമ്പർ നൂലുകൊണ്ടുണ്ടാക്കിയ ഖാദി മാത്രമായിരിക്കണം; അല്ലാതെ, എത്രതന്നെ വിലകുറഞ്ഞതാണെങ്കിലും, പരുക്കൻ ഖാദിയായിരിക്കാൻ പാടില്ല.

3) ലാഭത്തിനുവേണ്ടി മാത്രം ലാഭമുണ്ടാക്കാൻ പാടില്ല. ലോകത്തിലേക്ക് ഏററവും വലിയ സഹകരണസംഘടനയായ ഇതിൽനിന്നു ശമ്പളം വാങ്ങുന്നവർ ഇതിന്റെ പങ്കാളികളും ഉടമസ്ഥരുമാണ്. അതുകൊണ്ട് എതെങ്കിലും ഒരാണ്ടിൽ ലാഭമുണ്ടാവുകയാണെങ്കിൽ, ലാഭത്തെ വിനിയോഗിക്കുന്നത്, തൊഴിലില്ലാത്ത നൂൽനൂല്പുകാരുണ്ടെങ്കിൽ അവർക്കുകൂടി ജോലികൊടുക്കുന്നതിനോ അങ്ങനെ ആരുമില്ലെങ്കിൽ ഉള്ള നൂൽനൂല്പുകാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനോ ആയിരിക്കണം.

4) നൂൽനൂല്പുകാരുടെ ശമ്പളം ഉദ്ദേശിക്കുന്ന തോതുവരെ വർദ്ധിപ്പിക്കുന്നതിനുദ്യമിക്കുന്ന ഏതൊരു പ്രവിശ്യയെയും മററു ശാഖകളും ഖാദിപ്രേമികളും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

5) പൊതുജനങ്ങൾ അവരവരുടെ പ്രവിശ്യകളിൽ നിർമ്മിക്കുന്ന ഖാദിക്ക് അല്പം വിലകൂടിയിരുന്നാലും അതുതന്നെ വാങ്ങി ഉപയോഗിക്കണം. എ. ഐ. എസ്. എ. ഓരോ പ്രവിശ്യയിലും കഴിവുള്ളതു ചെയ്യുമെന്ന് അവർ വിശ്വസിക്കണം.

6) എ. ഐ. എസ്. എ. യുടെ നയം നിശ്ചയമായും ഇൻഡ്യയൊട്ടുക്കു ശമ്പളത്തിലും വിലയിലും ഒരു ഏകീകരണമുണ്ടാക്കുക എന്നതായിരിക്കണം. ആദർശപരമായ ആ സ്ഥിതിയിലെത്തുന്നതുവരെ, തങ്ങളുടെ പ്രവിശ്യയിലെ കൂലിക്കാരോട് തങ്ങൾക്ക് ഒരു കർത്തവ്യമുണ്ടെന്ന് സ്മരിക്കാൻ വേണ്ടത്ര മനുഷ്യസ്നേഹം

digitized by www .sreyas.in

പൊതുജനങ്ങൾക്കുണ്ടായിരിക്കണം. പ്രവിശ്യകൾ തമ്മിലുള്ള മത്സരം വിദേശരാജ്യങ്ങളോടുള്ള മത്സരംപോലെതന്നെ ചീത്തയാണ്.

ഉടൻ ചെയ്യേണ്ട കാര്യം അനധികൃതവ്യാപാരശാലകൾ അടയ്ക്കുകയാണ്. ആ മാതിരി വ്യാപാരശാലകളിൽനിന്നും ഖാദി വാങ്ങാതിരിക്കേണ്ടതിന്റെ ആവശ്യകത കാൺഗ്രസ്സുകാരും മററുള്ളവരും പൊതുജനങ്ങൾക്ക മനസ്സിലാക്കിക്കൊടുക്കണം. പ്രാദേശികശാഖകൾ അവരുടെ എ. ഐ. എസ്. എ. ഏജൻസികൾ മുഖാന്തിരമല്ലാതെ മററാക്കും ചരക്ക വില്ക്കുകയില്ലെന്ന ദൃഢനിശ്ചയം ചെയ്യണം.

### 144

ഖാദിക്ക് കുറഞ്ഞതു മൂന്ന നിശ്ചിതധർമ്മങ്ങളെങ്കിലും ഉണ്ടെന്ന് വാദിക്കപ്പെടുന്നു. അരപ്പട്ടിണിയിൽ കഴിയുന്നവരും വേണ്ടതിൽ പാതിമാത്രം തൊഴിൽ ചെയ്യാനുള്ളവരുമായ ഇൻഡ്യയിലെ ജനലക്ഷങ്ങൾക്ക മറേറതു തൊഴിലിനേക്കാളും മെച്ചപ്പെട്ട ഒരനുബന്ധത്തൊഴിൽ ഖാദിയിലൂടെ ലഭിക്കുന്നു. അതു് അശേഷം നഷ്ടം കൂടാതെ, ക്ഷാമബാധിത പ്രദേശങ്ങളിൽ തൊഴിൽ നല്കുന്നു. ഇൻഡ്യയിലെ ബാലികാബാലന്മാക്ക പ്രാഥമികഘട്ടത്തിൽ ബോധനം നല്കുന്നതിന്ന് ഏററവും പററിയ മാർഗ്ഗവും അതാണ്.

എന്നാൽ പ്രാഥമികഘട്ടത്തിൽ ക്ഷാമനിവാരണത്തിനുള്ള രക്ഷാഭോഗവും ബോധനത്തിനുള്ള ഉപാധിയുമെന്ന നിലയിൽ, ഖാദിയുടെ വിജയത്തിനു നിദാനമായ ഒരു നിശ്ചിതവ്യവസ്ഥയുണ്ട്. ക്ഷാമബാധിതപ്രദേശങ്ങളിലും വിദ്യാലയങ്ങളിലും നിർമ്മിക്കപ്പെടുന്ന ഖാദികൊണ്ട് എന്തു ചെയ്യാനാണ്? ഖാദി വില്ക്കാൻ കഴിഞ്ഞില്ലെങ്കിൽ അതു്, ക്ഷാമകാലത്തു് ഇൻഡ്യയിൽ പലഭാഗങ്ങളിലും തല്ലിപ്പൊട്ടിക്കുന്ന കല്ലിനു തുല്യം, പ്രയോജനശൂന്യമാണ്. ഒടുവിൽ പറഞ്ഞ രണ്ടിനത്തിലുമുള്ള ഖാദിയെ രാഷ്ട്രംതന്നെ ഏറെറടുക്കണമെന്നു ഞാൻ അനേകംപ്രാവശ്യം ഈ പംക്തികളിൽ നിർദ്ദേശിച്ചിട്ടുണ്ട്. റെയിൽവെയുടെയും മററു പലതിന്റെയും നടത്തിപ്പിൽ നഷ്ടപരിഹാരത്തിനുള്ള ചുമതല രാഷ്ട്രം വഹിക്കുന്നതുപോലെ ഖാദിയുടെ കാര്യത്തിലും രാഷ്ട്രം ചുമതലയെടുക്കുമെങ്കിൽ, എ. ഐ. എസ്. എ. മുഖേന അക്കാര്യം നിർവ്വഹിക്കാവുന്നതാണ്. വില കണക്കാക്കിയാൽ, ഖാദിക്കു നിശ്ചയമായും മിൽത്തുണിയെക്കാൾ വിലക്കൂടുതലുണ്ട്; അതുകൊണ്ട് അതിനു കമ്പോളം ലഭിക്കുന്നതു സ്വരാജ്യസ്നേഹികളുടേയും മനുഷ്യസ്നേഹികളുടെയും ഇടയിൽമാത്രമാണ്. എന്നാൽ കൈവശം കാശു മിച്ചമില്ലാത്തവക്ക രാജ്യസ്നേഹവും മനുഷ്യസ്നേഹവുമൊന്നും

144. Harijan, 19-8-1939 (Khadi, P. 240)

digitized by www .sreyas.in

പ്രേരകമാവുകയില്ല. അവർ ഏററവും വിലകുറവുള്ള കമ്പോളം തേടിപ്പോകും. അതുകൊണ്ട്, ഏതേതു സാധനങ്ങൾ കമ്പോളം സ്വാധീനപ്പെടുത്തുന്നതാണോ പൊതുനന്മസ്ഥതകുക, ആ സാധനങ്ങളോട് മത്സരത്തിനു വരുന്നവയെ പുറംതള്ളുകയോ, അവസ്ഥ ഭാരമേറിയകരം ചുമത്തുകയോ ചെയ്യേണ്ടതു് രാഷ്ട്രത്തിന്റെ കർത്തവ്യമാണ്. പൊതുജനനന്മസ്ഥതകുന്ന സാധനങ്ങളുടെകൂട്ടത്തിൽ ഖാദി ഉൾപ്പെടുമെന്നു തെളിയിച്ചുകഴിഞ്ഞിട്ടുണ്ടെന്നു ഞാൻ കരുതുന്നു.

## 145

നമ്മുടെ ആളുകൾ ആണ്ടിൽ ശരാശരി 15 ഗജം തുണി ഉപയോഗപ്പെടുത്തുന്നു എന്നുള്ളതിനു സംശയമില്ല. ഇൻഡ്യയിലെ ജനസംഖ്യ 35 കോടിയെന്നും, തുണി വാങ്ങാനുള്ള ചെലവ് ആളൊന്നിനു മൂന്നുരൂപയ്ക്കു താഴെയെന്നും കണക്കാക്കിയാൽ, ഈ ഇനത്തിൽ ആണ്ടിൽ 100 കോടി രൂപാവരെ ചെലവ് നാട്ടിനു വഹിക്കേണ്ടിവരുമെന്നുള്ളതിനും സംശയമില്ല. രാഷ്ട്രത്തിന്റെ സംരക്ഷണമുണ്ടെങ്കിൽ ഖാദിയുടെ വില്പന സുഗമമാകുമെന്ന് എളുപ്പത്തിൽ പറഞ്ഞുതീർക്കാം. ഖാദിക്കു സംരക്ഷണം വേണമെന്നുള്ളതു് എന്റെ അഭിപ്രായത്തിൽ സ്വയം തെളിയിക്കപ്പെട്ട ഒരു നിർദ്ദേശമാണ്. എന്നാൽ സംരക്ഷണംകൂടാതെതന്നെ വില്പന നടത്തുന്നതിനു നമ്മാൽ കഴിവുള്ളതെല്ലാം ചെയ്തുവോ എന്നു ഖാദിപ്രവർത്തനത്തിനുവേണ്ട യോഗ്യത സിദ്ധിച്ചിട്ടുള്ളവർ അന്വേഷിച്ചിട്ടുണ്ടോ? രണ്ടു തടസ്സങ്ങളുണ്ട്. മിൽത്തുണി ഖാദിയേക്കാൾ വളരെ വിലകുറഞ്ഞതാണെന്നും അതിനു ഖാദിക്കില്ലാത്ത വിവിധ വർണ്ണങ്ങളും വൈചിത്ര്യങ്ങളും മേനിയുമുണ്ടെന്നും പറയപ്പെടുന്നു. രണ്ടാമത്തെ കുറവ് ഏറെക്കുറെ പരിഹരിക്കപ്പെട്ടിട്ടുണ്ട്; എന്നാൽ ഇനിയും അതു സംബന്ധിച്ചു പലതും ചെയ്യാനുണ്ടായിരിക്കും. ഒരു അതിരിനപ്പുറം ഖാദിക്കു പോകാൻ സാദ്ധ്യമാകയില്ലായിരിക്കും. അങ്ങനെയാണെങ്കിൽ നാം അതു തുറന്നു സമ്മതിക്കണം. എന്നാൽ വിലയെപ്പററി വേണ്ട ഗവേഷണം നടത്തിയിട്ടില്ലെന്നാണു ഞാൻ ഭയപ്പെടുന്നതു്. പ്രൊഫസർ കുമരപ്പാ ചക്കയെക്കുറിച്ച് അമ്പരപ്പിക്കുന്ന ഒരവകാശം ഉന്നയിച്ചിട്ടുണ്ട്. അതിനു് ഉപോൽബലകമായ കണക്കുകളും അദ്ദേഹം ഹാജരാക്കിയിരിക്കുന്നു (12–8–1939–ലെ 'ഹരിജൻ' 231–ാംവശം നോക്കുക). എന്നാൽ ഖാദിക്ക് എന്തുകൊണ്ടാണു മിൽത്തുണിയേക്കാൾ വിലക്കുറവല്ലെന്നു സാധാരണക്കാരൻ ചോദിക്കുന്നു. ഈ ചോദ്യത്തിനു തൃപ്തികരമായ ഉത്തരം നൽകേണ്ടിയിരിക്കുന്നു. പ്രത്യക്ഷത്തിൽ കാണപ്പെടുന്ന ഉത്തരങ്ങൾ തൃപ്തികരമാണെന്നു ഞാൻ കരുതുന്നില്ല. ഉത്തരങ്ങളെത്തന്നെ പൂർണ്ണമായി പരിശോധിക്കേണ്ടതും,

145. Harijan, 26-8-1939.

digitized by www .sreyas.in

വൈഷമ്യങ്ങളെ തരണം ചെയ്യാനുള്ള മാർഗ്ഗം കണ്ടുപിടിക്കേണ്ടതും, ഖാദിക്ക് അതിനവകാശപ്പെട്ട മേന്മ കൈവരുന്നതുവരെ ആ പന്ഥാവിൽ തുടന്ന് പ്രവർത്തിക്കേണ്ടതുമാണ്. ആവശ്യത്തിൽക്കവിഞ്ഞ പരുത്തി കൃഷിചെയ്യുണ്ടാക്കുന്ന നാം നമ്മുടെ ഉപയോഗത്തിനു തുണിയുണ്ടാക്കാനായി ആ പരുത്തി വിദേശത്തേക്കയയ്ക്കേണ്ടിവരുന്നതു ലജ്ജാകരമായ ഒരു കാര്യമാണ്. നമ്മുടെ ഗ്രാമങ്ങളിൽ പ്രയോജനപ്പെടുത്താത്ത തൊഴിൽശക്തി അപരിമിതമായി ശേഷിക്കുകയും, ഉല്പാദനത്തിനുള്ള ഗ്രാമീണോപകരണങ്ങൾ നിഷ്പ്രയാസം നമുക്കു ലഭിക്കുകയും ചെയ്യുന്നുവെന്നിരിക്കെ, നമ്മുടെ പരുത്തി നഗരങ്ങളിലെ മില്ലുകളിലേക്ക് അയച്ച് നമുക്കാവശ്യമുള്ള തുണി അവിടെനിന്നും ഉല്പാദിപ്പിച്ചു വരുത്തുന്നതും അതുപോലെ ലജ്ജാവഹംതന്നെയാണ്. ഈ നാണക്കേടിന്റെ ചരിത്രം നമുക്കറിയാം. എന്നാൽ ഈ ഇരട്ടനാണക്കേടുതീർക്കാൻ പൊതുജനങ്ങളോടു രാജ്യസ്നേഹാടിസ്ഥാനത്തിൽ അഭ്യർത്ഥിക്കുകയല്ലാതെ യാതൊരു നിശ്ചിതമാർഗ്ഗവും നമുക്കു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. പൊതുജനങ്ങൾ പ്രോത്സാഹജനകമായ ഒരു സ്വീകരണമാണ് ഈ അഭ്യർത്ഥനയ്ക്കു നല്കിയിട്ടുള്ളത്. എന്നാൽ ഈ അടുത്തകാലത്തെ പ്രമേയത്തിൽനിന്ന്, നാം ഈ സംരക്ഷണത്തിന്റെ പരമാവധിയും ഉപയോഗപ്പെടുത്തിക്കഴിഞ്ഞതായിക്കാണുന്നു. ഖാദി സാർവ്വത്രികമായി വസ്ത്രധാരണത്തിന് ഉപയോഗിക്കപ്പെടുന്നതുവരെ നാം തൃപ്തിപ്പെടാൻ പാടില്ല. ചിലർ അഭിപ്രായപ്പെടുന്നതുപോലെ, നമ്മുടെ അന്വേഷണഫലമായി ഖാദി ഒരിക്കലും ഒരു നല്ല സാമ്പത്തികസിദ്ധാന്തമാവുകയില്ലെന്നു നമുക്കു തോന്നിയേക്കാം. അങ്ങനെ ബോദ്ധ്യപ്പെട്ടാൽ, നമ്മുടെ അഭിമാനം എത്ര വ്രണപ്പെട്ടാലും, നാം മടിക്കാതെ അതു സമ്മതിച്ചുകൊടുക്കുകയും, ഉറച്ച വിശ്വാസത്തോടുകൂടി നാം ഉന്നയിച്ചിട്ടുള്ള സിദ്ധാന്തങ്ങളെ ഉപേക്ഷിക്കുകയും ചെയ്യണം. എന്നാൽ അങ്ങനെ സമ്മതിച്ചുകൊടുക്കുക എന്നതു് ഒരു മനുഷ്യജീവിയുടെ കഴിവിൽപ്പെട്ട എല്ലാ അന്വേഷണങ്ങളും നടത്തി, ഞാൻ ഉന്നയിച്ച ചോദ്യങ്ങൾക്ക് അസന്നിഗ്ദ്ധമായ മറുപടി കിട്ടിയതിന്മേൽ, മാത്രമേ പാടുള്ളു.

## 146

എത്ര വമ്പിച്ച ഉദ്യമത്തിനും ഉത്സാഹവും അക്ഷമയും ഒരതിരുവരെ നല്ലതാണ്. സാമുദായികനിലയോ മതമോ പരിഗണിക്കാതെ ദശലക്ഷക്കണക്കിനു മനുഷ്യജീവികളുടെ ഒന്നിച്ചുള്ള നന്മക്ക് നിദാനമായിത്തീരുകകാരണം, ഞാൻ വിഭാവന ചെയ്തിട്ടുള്ളതിൽവച്ച് ഏററവും വലിയ ഉദ്യമം ഖാദിയാണ്. അതിൽ പ്രവേശിക്കാൻ സന്നദ്ധതയുള്ള അക്ഷമരായ ഉത്സാഹശീലരെ എ

---

146. Harijan, 2-9-1939

digitized by www .sreyas.in

ത്രപേരെ വേണമെങ്കിലും അതിലെടുക്കാം. എന്നാൽ അവർ സത്യസന്ധരും പരിശുദ്ധരും അഴിമതിക്ക വശംപ്പെടാത്തവരും സ്വാത്ഥരഹിതരുമായിരിക്കണം. ഒടുവിൽ ശാന്തതയും ക്ഷമയും അക്ഷീണമായ ഗവേഷണവുമാണ ജയിക്കുന്നതെന്നു് അക്ഷമരായ ഉത്സാഹികരം ഓർമ്മിക്കേണ്ടതാണു്.

## 147

ഏററവും ദരിദ്രരായ ഗ്രാമീണക്കപോലും സ്വയം നൂൽനൂല്പു മുഖേന ഖാദി ധരിക്കാൻ സാധിക്കമെന്ന ഞാൻ തയ്യാറാക്കിയ കണക്കകളിൽനിന്നും വ്യക്തമായിട്ടുണ്ടു്. ഏററവും കറഞ്ഞ മൂലധനവും സംഘടിതശ്രമവുംകൊണ്ടു് ഇത്രവളരെ പണം അസംഖ്യം ഗ്രാമവാസികളുടെ കീശയിൽ വരുത്താനുള്ള കഴിവു് നൂൽനൂല്പിനം അതിന കൂട്ടായുള്ള പ്രവർത്തനങ്ങറംക്കമുള്ളതുപോലെ, മറെറാരു ഗ്രാമീണകരകൗശലത്തിനുമില്ല. ഖാദി പ്രവർത്തനം ഇൻഡ്യയൊട്ടുക്ക വിജയകരമായി നടക്കന്ന എന്നതിന പ്രത്യക്ഷമായ തെളിവില്ലായിരുന്നെങ്കിൽ, മററു വൈഷമ്യങ്ങളെയെല്ലാം തരണംചെയ്യാൻ കഴിഞ്ഞാലും, പ്രത്യക്ഷസമരത്തിനു് ഒരുമ്പെടാൻ വേണ്ടത്രവിശ്വാസം എനിക്കു് എന്നിൽത്തന്നെയോ കോൺഗ്രസ്സുകാരിലോ ഉണ്ടാകുമായിരുന്നില്ല എന്നു് കോൺഗ്രസ്സുകാർ അറിഞ്ഞിരിക്കട്ടെ. ഗൗരവമുള്ളതും നിരന്തരവും ബുദ്ധിപൂർവ്വവുമായ ശ്രമം കോൺഗ്രസ്സുകാരുടെ കൂട്ടത്തിലാകമാനമില്ലെങ്കിൽ ഇതു സാദ്ധ്യമല്ല. അതുകൊണ്ടു് ഞാൻ പറയുന്നു: ''സ്വരാജിനുവേണ്ടി നൂൽനൂല്ക്കുക''.

## 148

ചക്കയെയും ഖാദിയെയും സംബന്ധിച്ചുള്ള സകല കാര്യങ്ങളുംകൊണ്ടു് ഞാൻ ഈ പങ്ക്തി നിറയ്ക്കുന്നതിൽ കോൺഗ്രസ്സുകാൎക്ക മുഷിവു തോന്നരുതു്. വിവിധവർഗ്ഗങ്ങളുടെ ഇടയിലുള്ള ഹൃദയശാന്തിയും, ഓരോ ഭവനത്തിലും ചക്കയുടെ പുനഃസംസ്ഥാപനവുമാണു് എന്റെ രാഷ്ട്രീയം; എന്തെന്നാൽ രാജ്യത്തെ രാഷ്ട്രീയവും സാമ്പത്തികവുമായ അടിമത്തത്തിൽനിന്ന മോചിപ്പിക്കാൻ ഈ മാർഗ്ഗമാണ ചുവന്ന ലഹളയെക്കാറം പററിയതെന്നു ഞാൻ വിശ്വസിക്കുന്നു. വിദേശിയായാലും സ്വദേശിയായാലും ഏതു മിൽത്തുണിക്കും സ്ഥാനമില്ലാതാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയെന്നതാണു് ഓരോ കോൺഗ്രസ്സുകാരനും അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നം. സ്വദേശിമിൽത്തുണി ഖാദിയോടൊപ്പം നല്ലതാണെന്നും, വിലക്കുറവിനെ പരിഗണിച്ചാൽ അതു

147. Harijan, 16-12-1939
148. Harijan, 30-12-1939.

digitized by www .sreyas.in

ഖാദിയെക്കാൾ മേന്മയുള്ളതാണെന്നും കോൺഗ്രസ്സുകാരിൽ പലരും വിശ്വസിച്ചുവരുന്നു. കോടിക്കണക്കിനുള്ള തൊഴിലാളികളുടെ കാര്യം പരിഗണിക്കുമ്പോൾ, വിലക്കുറവുസിദ്ധാന്തം തകർന്നുകഴിഞ്ഞിരിക്കുന്നു. ഈ ജനലക്ഷങ്ങൾക്കു മില്ലിൽ നൂല്ക്കുന്ന നൂല് കൈകൊണ്ടു നൂല്ക്കുന്നതിനെക്കാൾ വാസ്തവത്തിൽ വിലക്കൂടുതലുള്ളതാണ്. മില്ലിൽ നൂല്ക്കുന്ന നൂല് ജനങ്ങൾക്കു കിട്ടേണ്ട കൂലിയെ അപഹരിക്കുന്നു, വിദേശീഗോതമ്പു വില കുറഞ്ഞതാണെന്നുള്ള കാരണത്താൽ ഗോതമ്പുകൃഷിക്കാരനെ തൊഴിലില്ലാത്തവനാക്കുന്നതിന്റെ ഫലമെന്തായിരിക്കുമെന്ന് ഒന്നു ചിന്തിച്ചുനോക്കുക!

ഗ്രാമീണരായ നൂൽനൂല്പുകാർക്കും നെയ്ത്തുകാർക്കും തങ്ങളുടെ തൊഴിലിൽ അതിവേഗത്തിൽ സാമർത്ഥ്യം നേടണമെങ്കിൽ, ഓരോ കോൺഗ്രസ്സുകാരനും ഒരു നൂൽനൂല്പുവിദഗ്ദ്ധനും നെയ്ത്തുവിദഗ്ദ്ധനുമാകണം. ദരിദ്രരായ ഗ്രാമവാസികളെ പഠിപ്പിക്കുന്നതിനും അവർക്കു നിർദ്ദേശം നല്കുന്നതിനും അയാൾക്കു കഴിവുണ്ടായിരിക്കണം. ഖാദിയുടെ സാങ്കേതികവശങ്ങളെപ്പററിയുള്ള പരിപൂർണ്ണജ്ഞാനവും അയാൾക്കുണ്ടായിരിക്കണം. രാജ്യത്തിനുവേണ്ടി അയാൾ നൂൽനൂല്ക്കണം. യജ്ഞമെന്നനിലയിൽ നൂല്ക്കുന്ന നൂൽ വേണ്ടുവോളം ഉണ്ടാവുകയോ, നൂൽനൂല്പുകാരന് എട്ടുമണിക്കൂർ സമയത്തെ കഠിനമായ നൂൽനൂല്പിനുള്ള കൂലി ഒരണയിൽനിന്ന് ഒരു പൈസാ എന്ന പഴയ യാചകനിരക്കിലേക്കു താഴ്ത്തുകയോ ചെയ്യില്ലെങ്കിൽ, ഇടത്തരക്കാർക്കു ഖാദി കുറഞ്ഞ വിലയ്ക്കു കിട്ടുകയില്ലെന്ന് ഞാൻ തെളിയിച്ചിട്ടുണ്ട്.

സ്വദേശീവ്യവസായമില്ലുകളുടെ സ്ഥാനത്തു ചർക്കയേയും കൈത്തറിയേയും പ്രതിഷ്ഠിക്കാൻ കഴിയുമെന്നുള്ള വിശ്വാസം ഉണ്ടായാൽ മാത്രമേ, കോൺഗ്രസ്സുകാർ വേണ്ടുവോളം പ്രയത്നവും സാമർത്ഥ്യവും അതിലേക്കു വേണ്ടി വിനിയോഗിക്കുകയുള്ളൂ.

ഇത്തരം ഉറച്ച വിശ്വാസം കോൺഗ്രസ്സുകാരിലുണ്ടായാൽ എല്ലാ കോൺഗ്രസ്സ്സംഘടനകളും സമർത്ഥമായ നൂൽനൂല്പ്-നെയ്ത്തുവിദ്യാലയങ്ങളായിത്തീരും. 1921-ൽ അശ്രദ്ധമായി നൂല്ക്കപ്പെട്ട നൂല് കോൺഗ്രസ്സ് ആഫീസുകളിൽ ശേഖരിച്ച്, ഏതുവിധമെങ്കിലും നെയ്യണമെന്നുദ്ദേശിക്കപ്പെട്ടിരുന്നതു് ഞാൻ ഓർക്കുന്നു. അതു മുഴുവൻ ഒരു പാഴ്വേലയായിരുന്നു. അതു് ഏതുവിധം കൈകാര്യംചെയ്യണമെന്നും, നൂല്പു നന്നാവാൻ എന്തു ചെയ്യണമെന്നും ആർക്കും അറിയാൻപാടില്ലായിരുന്നു. ഇന്നു കാര്യങ്ങൾ മാറിയിട്ടുണ്ട്. എ. ഐ. എസ്. എ.ക്കു വളരെക്കൂടുതൽ അറിവും പരിചയവും സിദ്ധിച്ചുകഴിഞ്ഞു. അതു സംബന്ധിച്ചു കുറെ സാഹിത്യവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഗ്രാമങ്ങളെ സംഘടിപ്പിക്കാൻ ഉതകുന്ന ഒരു മാതൃകാപരീക്ഷണശാലയും, നൂൽ

നൂൽപ്പ്—നെയ്ത്തുസ്ഥാപനവുമാകണം ഓരോ കോൺഗ്രസാഫീസും. ഞാൻ നിർദ്ദേശിച്ചിട്ടുള്ളതുപോലെ, ഖാദിയെ കേന്ദ്രമാക്കി മററു ഗ്രാമീണവ്യവസായങ്ങരം നിലകൊള്ളുകയും, സംഘടിതമാകയും ചെയ്യണം. ഇത്തരം സേവനത്തിൻെറ വമ്പിച്ച സാദ്ധ്യതകളെ കോൺഗ്രസ്സുകാർ കണ്ടുപിടിക്കണം. ഗ്രാമങ്ങളെ ദ്രുതഗതിയിലും വിജയകരമായും സംഘടിപ്പിക്കുന്നതിനുള്ള പ്രധാന പ്രതിബന്ധം മാനസികജാഡ്യമാണു്. ഇൻഡ്യ അഹിംസാത്മകമാർഗ്ഗങ്ങളിൽക്കൂടി പ്രവർത്തിക്കാനുദ്ദേശിക്കുന്നെങ്കിൽ, അതിനു പല കാര്യങ്ങളും വികേന്ദ്രീകരിക്കേണ്ടിവരുമെന്നാണു് എൻെറ അഭിപ്രായം. വേണ്ടുവോളം ശക്തികൂടാതെ കേന്ദ്രീകരണം തുടർന്നുകൊണ്ടുപോകാൻ സാദ്ധ്യമല്ല. ഒന്നും എടുത്തുകൊണ്ടുപോകാനില്ലാത്ത നിസ്സാരഭവനങ്ങരംക്കു പോലീസ്സഹായം ആവശ്യമില്ല. ധനികന്മാരുടെ കൊട്ടാരങ്ങളെ കൊള്ളയിൽനിന്നു രക്ഷിക്കാൻ അവിടെ ശക്തരായ കാവൽക്കാർ വേണ്ടിവരും. വലിയ വ്യവസായശാലകരംക്കും അങ്ങനെ വേണം. കരസേന, നാവികസേന, വ്യോമസേന എന്നിവയെക്കൊണ്ടു സജ്ജമാക്കപ്പെട്ട നഗരീകൃതഭാരതത്തിനു വിദേശാക്രമണത്തെക്കുറിച്ചുണ്ടാകാവുന്ന ഭയം ഗ്രാമീണരീത്യാ സംഘടിതമായ ഭാരതത്തിനുണ്ടാകാവുന്നതിനേക്കാരം തുലോം കൂടുതലായിരിക്കും. കോൺഗ്രസ്സുകാർക്കു ചർക്കയുടെ അർത്ഥവും അതിലടങ്ങിയിരിക്കുന്ന തത്ത്വവും മനസ്സിലായിട്ടുണ്ടെങ്കിൽ, അവർ ഒരു നിമിഷം നഷ്ടപ്പെടുത്താതെ സേവനത്തിനു വേണ്ട യോഗ്യത സമ്പാദിക്കാൻ സന്നദ്ധരാകും. അവർ തുടക്കക്കാരാണെന്നു സങ്കല്പിക്കുക. അപ്പോരം അവർ, തങ്ങളുടെ ഗ്രാമത്തിലോ താലൂക്കിലോ ജില്ലയിലോ നട്ടുവളർത്തിയതിനു മുൻഗണന നല്കിക്കൊണ്ടു്, കുറെ പരുത്തി ശേഖരിക്കും. അവർ കൈകൊണ്ടോ, കൂടിയാൽ പലകപ്പുറത്തു വച്ചു് ഒരു വടിയുടെ സഹായത്തോടുകൂടിയോ, പഞ്ഞി തല്ലണം. കുരു സൂക്ഷിച്ചുവച്ചു ധാരാളമാകുമ്പോരം വില്ക്കുകയോ, സ്വന്തം കന്നുകാലിയുണ്ടെങ്കിൽ അവക്കു തീററയായി കൊടുക്കുകയോ ചെയ്യാം. ചെലവൊന്നുമില്ലെന്നു പറയാവുന്ന കൈവില്ലുകൊണ്ടു പഞ്ഞി കടയാം. ആ മാതിരി ഉപകരണം അവക്കു തന്നത്താൻ രൂപപ്പെടുത്തിയെടുക്കാം. ഇങ്ങനെ കടഞ്ഞെടുത്ത പഞ്ഞിയെ ചുരുളുകളാക്കണം. ഇവയെ തക്ലിയുപയോഗിച്ചു നൂലാക്കിയെടുക്കാം. ഈ നടപടികളിലെല്ലാം സാമാന്യവൈദഗ്ദ്ധ്യം നേടിയാൽ, പിന്നെ അവർക്കു കുറേക്കൂടി വേഗത്തിലുള്ള പ്രവൎത്തനങ്ങളിലേക്കു പ്രവേശിക്കാം. ഖാദി ഉപയോഗിക്കുന്ന കാര്യത്തിൽ തങ്ങളെയും തങ്ങളുടെ കുടുംബാംഗങ്ങളെയും നേരായ മാർഗ്ഗത്തിലേക്കു് അവർ തിരിച്ചുവിടുകയും വേണം. തങ്ങളുടെ ദിനംപ്രതിയുള്ള പുരോഗതി അവർ രേഖപ്പെടുത്തിവയ്ക്കുകയും, നൂലിൻെറ കണക്കുകരം പഠിക്കുകയും ചെയ്യണം.

കോൺഗ്രസ്സ്കമ്മററികൾ, അതതുസ്ഥലത്തെ എ. ഐ. എസ്. എ. ശാഖയുടെ സഹായത്തോടുകൂടി, തങ്ങളുടെ ആഫീസിലെ പ്രവർത്തനസമ്പ്രദായങ്ങളെ പുനഃസംവിധാനം ചെയ്ത് അവയെ നൂൽനൂൽപ്പ്–നെയ്ത്തുശാലകളായി രൂപാന്തരപ്പെടുത്തണം. തങ്ങളുടെ നൂൽ അന്യസ്ഥലങ്ങളിലെ നെയ്ത്തുശാലകളിൽ നെയ്യാനയയ്ക്കുക എന്ന വിനാശകരമായ അബദ്ധത്തിൽ കോൺഗ്രസ്സുകാർ പെടാതിരിക്കണമെന്ന് ഞാൻ അവർക്കു മുന്നറിയിപ്പു നല്കുന്നു. ഖാദിസമ്പദ്വ്യവസ്ഥ ആവശ്യപ്പെടുന്നത് പരുത്തിക്കൃഷിമുതൽ ഖാദിനിർമ്മാണവും ഖാദിവിനിയോഗവുംവരെയുള്ള എല്ലാ നടപടികളും കഴിവുള്ളിടത്തോളം അതതു ഗ്രാമത്തിലോ, കേന്ദ്രത്തിലോ നടത്തണമെന്നാണ്. അങ്ങനെ പഞ്ചാബിൽ നൂൽ നൂല്ക്കുകയും അതു ബോംബെയിൽ നെയ്യുകയും അതിൽനിന്നു ലഭിക്കുന്ന ഖാദി മലബാറിൽ വില്ക്കുകയും ചെയ്യുന്നതു തെററാണ്. കോൺഗ്രസ്സുകാരും കോൺഗ്രസ്സ്കമ്മററികളും ഖാദിപ്രവർത്തനം തുടങ്ങുമ്പോൾമുതൽ ഈ ലഘുവായ നിയമത്തിൽ ശ്രദ്ധ പതിപ്പിച്ചാൽ, ഈ വൈഷമ്യത്തെക്കുറിച്ചുള്ള ഭയം അവരെ ബാധിക്കുകയില്ല.

## 149

എ. ഐ. വി. ഐ. എ. യുടെ സ്രഷ്ടാവും മാർഗ്ഗദർശകനും ഞാനാണെങ്കിലും, അതിനോട് ഒരു ചിററമ്മനയമാണു ഞാൻ അനുവർത്തിക്കുന്നതെന്നു കരുതി പ്രൊഫസർ കുമരപ്പാ എന്നോടു പരിഭവിച്ചിരിക്കുകയാണ്. ആ നീരസം വെറും ഉപരിപ്ലവചിന്താഗതിയെ അടിസ്ഥാനമാക്കിയുള്ളതാണെന്നു ഞാൻ ഒരു ചുട്ട മറുപടി നല്കിയിട്ടുണ്ട്. എന്നാലും തോൽവി പററിയാൽ അനങ്ങാതെ അതു സഹിക്കുന്ന ആളല്ല അദ്ദേഹം. ആ ആരോപണം അദ്ദേഹം ആവർത്തിച്ചുകൊണ്ടിരിക്കുകയും, മററു ഗ്രാമീണവ്യവസായങ്ങൾക്കും ഖാദിക്കു തുല്യമായ സ്ഥാനമുണ്ടെന്നു ഞാൻ ലോകത്തോടു പ്രഖ്യാപിക്കുന്നതുവരെ അദ്ദേഹം തൃപ്തനാകാൻ വിസമ്മതിക്കുകയും ചെയ്യുന്നു. എനിക്കാകട്ടെ ആ സിദ്ധാന്തം ഒരു വിജ്ഞാപനത്തിന്റെ ആവശ്യമില്ലാത്തവിധം സ്വയം വെളിവായിരുന്നു. എന്നാൽ പ്രയോഗക്ഷമത പരിഗണിക്കുമ്പോൾ പ്രൊഫസർ കുമരപ്പായുടെ നില ശരിയാണ്. ജനങ്ങൾ സിദ്ധാന്തങ്ങൾക്കു വിധേയരല്ല. ഖാദി ഉപയോഗിക്കുന്നവർ മററു ഗ്രാമീണവ്യവസായോല്പന്നങ്ങളൊന്നും ഉപയോഗപ്പെടുത്തുന്നില്ല എന്നു പലരും എന്നോട് ഈയിടെ പരാതിപ്പെട്ടിട്ടുണ്ട്. പല കോൺഗ്രസ്സുകാരും ഖാദി ഉപയോഗിക്കുന്നതു രാഷ്ട്രനിയമം അനുശാസിക്കുന്നതുകൊണ്ടു മാത്രമാണെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ അതിൽ

149. Harijan, 28-7-1940.

digitized by www .sreyas.in

വിശ്വാസമില്ലാത്തതുകൊണ്ടു്, മററു് ഉപകരണങ്ങളുടെ കാര്യത്തിലും അവർ സ്വന്ത സൗകര്യംമാത്രമേ നോക്കുന്നുള്ളു. നിയമത്തിൻെറ അക്ഷരം സ്വീകരിച്ചിട്ട തത്ത്വം സംഹരിക്കുക എന്നാണ ഞാൻ ഇതിനു പേർ പറയുന്നതു്. തത്ത്വം നശിപ്പിക്കുമ്പോഴം അക്ഷരത്തിൻെറ സ്ഥിതി ജീവൻ ബഹിർഗ്ഗമിച്ച ശരീരത്തിനു സമമാണു്. ഖാദി നടുവിലുള്ള സൂര്യനും മററു ഗ്രാമവ്യവസായങ്ങളം അതിനെ പ്രദക്ഷിണം വയ്ക്കുന്ന അനേകം ഗ്രഹങ്ങളുമാണെന്നു ഞാൻ പലപ്പോഴം പറഞ്ഞിട്ടുണ്ടു്. അവയ്ക്കു സ്വതന്ത്രമായ നിലനില്പില്ല. മററു വ്യവസായങ്ങളെക്കൂടാതെ ഖാദിയും നിലനില്ക്കുകയില്ല. അവ തികച്ചും പരസ്പരാശ്രിതങ്ങളാണു്. ഭാരതത്തോടൊപ്പം തന്നെ പഴക്കമുള്ള ഗ്രാമീണഭാരതമോ വിദേശാധിപത്യത്തിൻെറ സൃഷ്ടിയായ നാഗരികഭാരതമോ, ഏതാണ വേണ്ടതെന്നു നാം തീരുമാനിക്കേണ്ടിയിരിക്കുന്നു എന്നുള്ളതാണ വസ്തുത. ഇന്നാകട്ടെ നഗരങ്ങൾ ആധിപത്യം വഹിക്കുകയും, ഗ്രാമങ്ങളെ ശോഷിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു് അവ തകൎന്നു നശിക്കുന്നു. ആ മേധാവിത്വം പോകുമ്പോൾ നഗരങ്ങൾ ഗ്രാമങ്ങളെ സേവിക്കണമെന്നു് എൻെറ ഖാദിമനസ്ഥിതി എന്നോടു പറയുന്നു. ഗ്രാമങ്ങളെ ചൂഷണം ചെയ്യുന്നതു സംഘടിതമായ അക്രമമാണു്. അക്രമരാഹിത്യത്തിൽ കെട്ടിപ്പടുക്കുന്ന സ്വരാജാണ നമുക്കു വേണ്ടതെങ്കിൽ, ഗ്രാമങ്ങൾക്കു് അവ അർഹിക്കുന്ന സ്ഥാനം നൽകേണ്ടതാണു്. നഗരങ്ങളിലുള്ള വിദേശിയോ സ്വദേശിയോ ആയ വ്യവസായശാലകളിൽ നിൎമ്മിക്കുന്ന സാധനങ്ങൾക്കു പകരം ഗ്രാമങ്ങളിൽ നിർമ്മിക്കുന്ന സാധനങ്ങളുപയോഗപ്പെടുത്തുകയും, അങ്ങനെ ഗ്രാമീണവ്യവസായത്തെ ഉദ്ധരിക്കുകയും ചെയ്യില്ലെങ്കിൽ അതു് ഒരിക്കലും സാദ്ധ്യമാകയില്ല. ഞാൻ ഖാദിക്കു് അഹിംസയോടു താദാത്മ്യം കല്പിക്കുന്നതു് എന്തിനാണെന്നു് ഇപ്പോൾ വിശദമായിരിക്കുമല്ലൊ. ഗ്രാമത്തിലെ ഏററവും പ്രധാനമായ കരകൗശലവസ്തു ഖാദിയാണു്. ഖാദിയെ നശിപ്പിച്ചാൽ, ഗ്രാമങ്ങളെയും അവയോടൊപ്പം അക്രമരാഹിത്യത്തെയും നശിപ്പിക്കുകയായിരിക്കും നിങ്ങൾ ചെയ്യുന്നതു്. സ്ഥിതിവിവരക്കണക്കുകൾകൊണ്ടു് ഇതു തെളിയിക്കാൻ എനിക്കു സാദ്ധ്യമല്ല. തെളിവു നമ്മുടെ കൺമുന്നിൽത്തന്നെയുണ്ടു്.

## 150

ഖാദി ഒരു വിവാദവിഷയമാണു്. ഖാദിയുടെ പക്ഷംപിടിച്ചു വാദിക്കുന്നതുകൊണ്ടു ഞാൻ കാററിനെതിരേ എൻെറ സ്വരാജ്യക്കപ്പൽ വിടുകയാണെന്നും, അതിനെ ഞാൻ നിശ്ചയമായും

150. Constructive Programme 1941 edn.) (Economic and Industrial Life and Relations, vol. II, pp. 254-257).

digitized by www .sreyas.in

മുക്കിക്കളയുമെന്നും, രാജ്യത്തെ ഞാൻ അന്ധകാരയുഗത്തിലേക്കു നയിക്കുകയാണെന്നും പലരും വിചാരിക്കുന്നു. ഈ ചുരുങ്ങിയ അവലോകനത്തിൽ ഞാൻ ഖാദിക്കുവേണ്ടി വാദിക്കാനുദ്ദേശിക്കുന്നില്ല. ഇതിനു മുമ്പ് അതിനായിട്ടു ഞാൻ ധാരാളം വാദിച്ചിട്ടുണ്ട്. ഇവിടെ ഞാൻ വിശദമാക്കാൻ ശ്രമിക്കുന്നത്, ഓരോ കോൺഗ്രസ്സുകാരനും, എന്നല്ല ഓരോ ഇൻഡ്യാക്കാരനും, ഖാദിയുടെ പുരോഗതിക്കായി എന്തു ചെയ്യാൻ കഴിയുമെന്നുള്ളതാണ്. അതു സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ ആരംഭത്തെയും രാജ്യത്തുള്ള എല്ലാവരുടെയും സമത്വത്തെയും സ്വാതന്ത്ര്യത്തെയും കുറിക്കുന്നു. ''പായസം നല്ലതാണോ എന്നു നിശ്ചയിക്കുന്നതു് അതു കഴിച്ചു നോക്കിയതിനു ശേഷമാണ്. ഓരോരുത്തരും ശ്രമിച്ചുനോക്കട്ടെ; അപ്പോൾ അവക്കറിയാം ഞാൻ പറയുന്നതു സത്യമാണോ എന്ന്. ഖാദിയെ അതിലുൾക്കൊള്ളുന്ന തത്ത്വങ്ങളോടുകൂടി പരിഗണിക്കണം. മൊത്തത്തിലുള്ള സ്വദേശിമനസ്ഥിതി, എല്ലാ ജീവിതാവശ്യങ്ങളും ഇന്ത്യയിൽത്തന്നെ ഉണ്ടാക്കാനുള്ള ദൃഢനിശ്ചയം—അതും ഗ്രാമീണരുടെ പരിശ്രമവും ബുദ്ധിസാമർത്ഥ്യവുംകൊണ്ട്—, എന്നൊക്കെയാണിതിനർത്ഥം. ഇന്നു നിലവിലുള്ള വ്യവസ്ഥിതിയെ പാടേ മാററുക എന്നാണ് അതിന്റെ സാരം. അതായതു് ഇൻഡ്യയിലേയും ബ്രിട്ടനിലേയും അരഡസൻ നഗരങ്ങൾ ഇൻഡ്യയിലെ ഏഴുലക്ഷം ഗ്രാമങ്ങളെ ചൂഷണംചെയ്തും നശിപ്പിച്ചും പുലരുന്നതിനു പകരം, ആ ഏഴുലക്ഷം ഗ്രാമങ്ങളും സ്വയംപര്യാപ്തമാവുകയും, അവ സ്വമനസ്സാലെ ഇൻഡ്യയിലും പുറമെയുമുള്ള നഗരങ്ങളെ സേവിക്കുകയും, അങ്ങനെ ഇരുകൂട്ടക്കും പ്രയോജനമുണ്ടാവുകയും ചെയ്യും.

ഇതിലേയ്ക്കു പലരുടേയും മനസ്ഥിതിയിലും അഭിരുചിയിലും ഒരു വിപ്ലവപരമായ വ്യതിയാനം വരേണ്ടതു് ആവശ്യമാണ്. അഹിംസാത്മകമായ മാർഗ്ഗം പലവിധത്തിലും എളുപ്പമുള്ളതാണെങ്കിലും, മററു ചില വിധത്തിൽ അതു വളരെ വിഷമകരവുമാണ്. അതു് ഓരോ ഇൻഡ്യാക്കാരന്റേയും ജീവിതത്തെ സാരമായി സ്പർശിക്കുകയും. തന്നിൽ ഒളിഞ്ഞുകിടന്നിരുന്ന ഒരു ശക്തിവിശേഷത്തിന്റെ ലബ്ധിയിൽ അയാളെ ഉത്തേജിതനാക്കുകയും, ഭാരതീയജനതാസമുദ്രത്തിലെ ഓരോ ബിന്ദുവിനോടുമുള്ള താദാത്മ്യബോധത്തിൽ അയാളെ അഭിമാനംകൊള്ളിക്കുകയും ചെയ്യുന്നു. ഈ അഹിംസ നാം ദീർഘകാലമായി തെററിദ്ധരിച്ചിരുന്നമാതിരിയുള്ള ഒരു ശൂന്യതയല്ല: അതു മനുഷ്യരാശിക്ക് അറിയാവുന്നതിൽവച്ചു് ഏററവും വലിയ ശക്തിയാണ്; മനുഷ്യരാശിയുടെ നിലനില്പുതന്നെ അതിനെ ആശ്രയിച്ചാണിരിക്കുന്നതു്. ആ ശക്തിയെയാണ് ഞാൻ കോൺഗ്രസ്സിനും അതുമുഖേന ലോകത്തിനും സംഭാവനചെയ്യാൻ ശ്രമിച്ചിട്ടുള്ളതു്. എനിക്കു

digitized by www .sreyas.in

ഖാദി ഇൻഡ്യൻജനസഞ്ചയത്തിൻെറ ഐക്യത്തിൻേറയും അവ രുടെ സാമ്പത്തികസ്വാതന്ത്ര്യത്തിൻേറയും സമത്വത്തിൻേറയും പ്ര തീകവും, ജവഹരിലാൽ നെഹ്റുവിൻെറ കാവ്യാത്മകഭാഷയിൽ പറഞ്ഞാൽ, ''ഇൻഡ്യൻസ്വാതന്ത്ര്യത്തിൻെറ മുദ്രയുമാണു്''.

കൂടാതെ, ഖാദിമനസ്ഥിതി എന്നുവച്ചാൽ ജീവിതാവശ്യത്തി നുള്ള സാധനങ്ങളുടെ ഉല്പാദനത്തിലും വിതരണത്തിലുമുള്ള വികേ ന്ദ്രീകരണവുമാണു്. അതുകൊണ്ടു്, ഓരോ ഗ്രാമത്തിനും ആവശ്യ മുള്ളിടത്തോളവും, നഗരങ്ങൾക്കു് എത്തിച്ചുകൊടുക്കാൻവേണ്ടി അല്പം കൂടുതലും, നിത്യോപയോഗസാധനങ്ങൾ അതതു ഗ്രാമ ത്തിൽ നിർമ്മിക്കണമെന്നുള്ളതാണു് ഇത്രത്തോളംകൊണ്ടു രൂപ വൽകൃതമായിട്ടുള്ള വ്യവസ്ഥ.

ഭാരിച്ച വ്യവസായങ്ങൾ കേന്ദ്രീകരിക്കേണ്ടതും ദേശസാല്ക്ക രിക്കേണ്ടതും ആവശ്യംതന്നെ. എന്നാൽ അവയ്ക്കു ദേശീയപ്രവൎത്ത നങ്ങളുടെ കൂട്ടത്തിൽ കാര്യമായ സ്ഥാനമുണ്ടായിരിക്കയില്ല; ദേ ശീയ പ്രവർത്തനങ്ങൾ പ്രധാനമായി ഗ്രാമങ്ങളിൽത്തന്നെ ആയി രിക്കും.

ഖാദിയുൾക്കൊള്ളുന്ന തത്ത്വങ്ങളെ ഞാൻ വിശദീകരിച്ചിരി ക്കുന്ന സ്ഥിതിക്കു്, അതിൻെറ ഉന്നമനത്തിനുവേണ്ടി കോൺഗ്ര സ്സുകാർക്കു ചെയ്യാൻ കഴിവുള്ളതും, അവർ ചെയ്യേണ്ടതുമായ സംഗ തികളെപ്പററിയും പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ഖാദിയുല്പാദന ത്തിൽ പരുത്തി നട്ടുവളർത്തൽ, പഞ്ഞി പറിച്ചെടുക്കൽ, പഞ്ഞി തല്ലൽ, വൃത്തിയാക്കൽ, കടയൽ, തിരിയാക്കൽ, നൂൽനൂല്പു്, പശയിടൽ, ചായം മുക്കൽ, ഊടും പാവും തയാറാക്കൽ, നെയ്ത്തു്, അലക്കു് എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ഇവയിൽ ചായംപിടിപ്പിക്കലൊഴിച്ചുള്ളതെല്ലാം നിർബ്ബന്ധിതനടപടികളാ ണു്. ഇവയിലോരോന്നും ഗ്രാമങ്ങളിൽ ഫലപ്രദമായ വിധത്തിൽ കൈകാര്യംചെയ്യാവുന്നതാണു്; എ. ഐ. എസ്. എ. യുടെ പ്ര വർത്തനപരിധിയിലുള്ള പല ഇൻഡ്യൻഗ്രാമങ്ങളിലും അങ്ങനെ കൈകാര്യംചെയ്യപ്പെടുന്നുമുണ്ടു്. ഒടുവിൽ തയ്യാറാക്കിയ റിപ്പോർ ട്ടനുസരിച്ചുള്ള രസകരമായ കണക്കുകൾ താഴെ ചേർക്കുന്നു.

13,451 ഗ്രാമങ്ങളിലായി കഴിഞ്ഞുകൂടുന്ന, 19,645 ഹരിജന ങ്ങളും 57,378 മുസ്ലീങ്ങളും ഉൾപ്പെടെയുള്ള 2,75,146 ഗ്രാമീണ ർക്കു്, നൂൽനൂല്പുകാരും നെയ്ത്തുകാരുമെന്നനിലയിൽ, 1940—ൽ, മൊത്തം 34,85,609 രൂപാ ലഭിച്ചു. നൂൽനൂല്പുകാർ അധിക വും സ്ത്രീകളായിരുന്നു.

എന്നിട്ടും ഇങ്ങനെ ചെയ്യുതീർത്ത ജോലി, ഖാദിപ്രവർത്തനം കോൺഗ്രസ്സുകാർ സത്യസന്ധതയോടെ ഏറെറടുത്തെങ്കിൽ തീരു

digitized by www .sreyas.in

മായിരുന്നതിൻെറ നൂറിലൊരുഭാഗമേ ആകുന്നുള്ളു. ഈ കേന്ദ്രഗ്രാമീണവ്യവസായത്തിൻേറയും അതിനോടു ബന്ധപ്പെട്ട കരകൗശലങ്ങളുടേയും ധൂർത്തമായ നശീകരണത്തോടുകൂടി പ്രതിഭയും പ്രകാശവും ഗ്രാമങ്ങളിൽനിന്നും പലായനംചെയ്യുകയും അതോടൊന്നിച്ചു ഗ്രാമങ്ങറം നിശ്ചേതനവും നിഷ്പ്രഭവും, അവിടങ്ങളിലെ അവഗണിക്കപ്പെട്ട കന്നുകാലികറംക്കു സമവുമായിത്തീരുകയും ചെയ്തു.

കോൺഗ്രസ്സുകാർ ഖാദിസംബന്ധമായ കോൺഗ്രസ്സിൻെറ ആഹ്വാനം ശരിക്കു ചെവിക്കൊള്ളുമെങ്കിൽ, ഖാദിസംവിധാനത്തിൽ അവർക്കു നിർവ്വഹിക്കാനുള്ള പങ്കിനെപ്പററി എ. ഐ. എസ്. എ. യിൽനിന്നും അതാതുകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങറം അവർ നിർവ്വഹിക്കുകതന്നെ ചെയ്യും. എന്നാൽ ഞാൻ ചില പൊതുനിയമങ്ങറം ഇവിടെ ചേർക്കുന്നു.

1) ഒരുതുണ്ടു ഭൂമിയെങ്കിലുമുള്ള ഒരു കുടുംബത്തിനു് തങ്ങറംക്കു് ആവശ്യമുള്ളിടത്തോളം പഞ്ഞിയെങ്കിലും നട്ടുവളർത്താൻ കഴിയും. പഞ്ഞിക്കൃഷി വളരെ എളുപ്പമുള്ള ഒന്നാണു്. ബീഹാറിൽ കൃഷിക്കുപയുക്തമായ ഭൂമിയിൽ ഇരുപതിൽ മൂന്നു ഭാഗം സ്ഥലത്തു കൃഷിക്കാർ നീലം കൃഷിചെയ്യുക എന്നതു നിയമപ്രകാരം നിർബ്ബന്ധിതമാക്കി. ഇതു വിദേശീയനായ നീലംകൃഷിക്കാരൻെറ താല്പര്യത്തെക്കരുതിയായിരുന്നു നമ്മു ട രാഷ്ട്രത്തിനു വേണ്ടി നമ്മുടെ ഭൂമിയുടെ ഒരു ഭാഗത്തു് എന്തുകൊണ്ടു സ്വമനസ്സാലെ പഞ്ഞിക്കൃഷി ചെയ്തുകൂടാ? ഖാദിപ്രവർത്തനങ്ങളുടെ ആരംഭത്തിൽത്തന്നെ വികേന്ദ്രീകരണവും തുടങ്ങുന്നുവെന്നു വായനക്കാർ അറിഞ്ഞിരിക്കണം. ഇന്നു പഞ്ഞിവിളവു മുഴുവൻ ഒരു കേന്ദ്രത്തിൽ സംഭരിച്ചു് ഇൻഡ്യയുടെ വിവിധഭാഗങ്ങളിലേക്കയയ്ക്കുന്നു: യുദ്ധത്തിനു മുമ്പു് അതു് ബ്രിട്ടണിലേക്കും ജപ്പാനിലേക്കുമായിരുന്നു പ്രധാനമായി അയച്ചുകൊണ്ടിരുന്നതു്. കമ്പോളനിലവാരത്തിൻെറ ഏററിറക്കങ്ങറംക്കു് വിധേയമാകുന്ന ഒരു നാണ്യവിളവായിരുന്നു അതു്; ഇന്നും അങ്ങനെതന്നെയാണു്. ഖാദിപദ്ധതിയനുസരിച്ചാണെങ്കിൽ വിലയിലുള്ള ഈ അനിശ്ചിതത്വവും ഭാഗ്യപരീക്ഷയും പഞ്ഞിയെ ബാധിക്കുകയില്ല. നട്ടുവളർത്തുന്നവറം തൻെറ ആവശ്യത്തിനു മാത്രമുള്ളതാണു വളർത്തുന്നതു്. കൃഷിക്കാരൻ തൻെറ സ്വന്താവശ്യത്തിനാണു കൃഷിചെയ്യുന്നതെന്നു മനസ്സിലാക്കണം. അങ്ങനെ ചെയ്യുമ്പോറം കമ്പോളത്തിലെ വിലക്കുറവുമൂലം അയാറം നശിക്കുന്നതിനുള്ള സാഹചര്യം കുറയും.

2) ഓരോ നൂൽനൂല്പുകാരനും തനിക്കു സ്വന്തം പഞ്ഞിയില്ലെങ്കിൽ ആവശ്യമുള്ളതു വിലയ്ക്കുവാങ്ങി തല്ലുന്നു; കൈകൊണ്ടു പ്രവർത്തിക്കാവുന്ന ഒരു തല്ലുയന്ത്രത്തിൻെറ സഹായംകൂടാതെ ഇതു ചെയ്യാൻ അയാറംക്കു കഴിയും, ഒരു ബോർഡും ഇരുമ്പുകമ്പിയും

digitized by www .sreyas.in

കൊണ്ടു് അക്കാര്യം നിർവ്വഹിക്കാം. ഇതു പ്രായോഗികമല്ലെന്നു കാണുന്നിടത്തു കൈകൊണ്ടു തല്ലിത്തയാറാക്കിയ പഞ്ഞി വാങ്ങി കടഞ്ഞെടുക്കണം. സ്വന്ത ആവശ്യത്തിനുള്ള പഞ്ഞികടയൽ, ഒരു ചെറിയ വില്ലുണ്ടെങ്കിൽ, വലിയ ശ്രമം കൂടാതെ സാധിക്കാവുന്നതാണു്. തൊഴിൽവികേന്ദ്രീകരണം കൂടുന്നതനുസരിച്ചു്, ഉപകരണങ്ങൾ കൂടുതൽ ലളിതവും ലാഭകരവും ആയിത്തീരും. തിരികളുണ്ടാക്കിക്കഴിഞ്ഞാൽ നൂൽനൂല്പു് തുടങ്ങുകയായി. ധനുസ്തക്ലി ഞാൻ ബലമായി ശുപാർശചെയ്യുന്നു. ഞാൻ ഈയിടെ അതാണു് പ്രധാനമായി ഉപയോഗിച്ചുവരുന്നതു്. ചർക്കയിലേതുപോലുള്ള വേഗത മിക്കവാറും എനിക്കു് അതിൽക്കിട്ടിയിട്ടുണ്ടു്. ഞാൻ തക്ലിയിൽ കൂടുതൽ നേർമ്മയുള്ള നൂലെടുക്കുന്നുണ്ടു്; ആ നൂലിനു ചർക്കയിലെടുക്കുന്നതിനെക്കാൾ ഉറപ്പും നിരപ്പുമുണ്ടുതാനും. എല്ലാവരുടെ കാര്യത്തിലും ഇതു ശരിയായിരിക്കണമെന്നില്ല. ധനുസ്തക്ലിക്കു ഞാൻ പ്രാധാന്യം കല്പിക്കുന്നതു്. അതു് എളുപ്പത്തിൽ നിർമ്മിക്കാവുന്നതും വിലകുറഞ്ഞതും ചർക്കയെപ്പോലെ അററകുററപ്പണികൾ വേണ്ടിവരാത്തതുമാകകൊണ്ടാണു്. രണ്ടു മാൽച്ചരടുകളുമുണ്ടാക്കാനും, അതു് തെന്നിപ്പോകുമ്പോൾ വച്ചുറപ്പിക്കാനും, ചക്രം കറങ്ങാതായാൽ അതിനെ ശരിപ്പെടുത്തുന്നതിനും ഒരാൾക്കു് അറിയാൻപാടില്ലെങ്കിൽ, അയാളുടെ ചർക്ക പലപ്പോഴും അലസമായിക്കിടക്കുകയേ ഉള്ളു. യുദ്ധംമൂലമുള്ള ക്ലേശങ്ങൾ അനുഭവിക്കുന്നതിനിടയിലും നൂൽനൂല്പു് ആവശ്യമായി വരാം; അങ്ങനെ ജനലക്ഷങ്ങൾ ഉടൻതന്നെ അതിലേയ്ക്കു് ഇറങ്ങിപ്പുറപ്പെടുകയാണെങ്കിൽ, എളുപ്പത്തിലുണ്ടാക്കാവുന്നതും കൈകാര്യം ചെയ്യാവുന്നതുമായ ധനുസ്തക്ലിക്കുമാത്രമേ ആവശ്യം നിറവേററാൻ സാധിക്കു. സാധാരണ തക്ലിയേക്കാൾ കുറേക്കൂടി എളുപ്പത്തിൽ അതുണ്ടാക്കാവുന്നതാണു്. ജനത ഒത്തൊരുമിച്ചു് ഒരേസമയം നൂൽനൂല്പിലേർപ്പെടുന്നതിൻെറ ഏകീകരണപരവും വിദ്യാഭ്യാസപരവുമായ ഫലത്തെപ്പററി വിഭാവനചെയ്യുക. ധനികരും ദരിദ്രരും ഒരേ തൊഴിലിൽ ഏർപ്പെടുന്നതിൻെറ സമീകരണഫലത്തെക്കുറിച്ചും ചിന്തിക്കുക.

ഇങ്ങനെ ഉല്പാദിപ്പിക്കുന്ന നൂലിനെ മൂന്നുതരത്തിൽ ഉപയോഗപ്പെടുത്താം: ദരിദ്രർക്കുവേണ്ടി അതിനെ എ. ഐ. എസ്. എ. യ്ക്കു സംഭാവനചെയ്യുകയോ, സ്വന്തം ഉപയോഗത്തിനുവേണ്ടി നെയ്യെടുക്കുകയോ, അല്ലെങ്കിൽ അതുകൊടുത്തു പകരം കിട്ടുന്നിടത്തോളം ഖാദി വാങ്ങുകയോ ചെയ്യാം. കൂടുതൽ നേർമ്മയുള്ളതും നല്ലതുമായ നൂലാണെങ്കിൽ വിലയും കൂടിയിരിക്കുമെന്നുള്ളതു സ്പഷ്ടമാണു്. കോൺഗ്രസ്സുകാർ അതിൽ ഹൃദയപൂർവ്വം പ്രവർത്തിക്കുകയാണെങ്കിൽ, അവർ ഉപകരണങ്ങളിൽ പരിഷ്കാരം വരുത്തുകയും, പുതുതായി പലതും കണ്ടുപിടിക്കുകയും ചെയ്യും. നമ്മുടെ

digitized by www .sreyas.in

രാജ്യത്തു തൊഴിലും ബുദ്ധിശക്തിയും തമ്മിൽ ഒരു വേർപാടുണ്ടായിട്ടുണ്ട്. അതിന്റെ ഫലം നിശ്ചലതയാണ്. ഇവിടെ നിർദ്ദേശിച്ചതുപോലെ അഭേദ്യമായ ഒരു ചേർച്ചയാണ് അവരണ്ടുംതമ്മിലുണ്ടായതെങ്കിൽ, അതിന്റെ ഫലമായുണ്ടാകുന്ന നന്മ വിലമതിക്കാൻപാടില്ലാത്തതാകും. ഒരു യജ്ഞമെന്നനിലയിലുള്ള ദേശവ്യാപകമായ ഈ നൂൽനൂല്പ്പദ്ധതിയിൽ, ഒരു സാധാരണ പുരുഷനോ സ്ത്രീയോ ദിവസം ഒരു മണിക്കൂറിൽ കൂടുതൽ സമയം ചെലവാക്കണമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല.

## 151

ജനങ്ങൾക്കു സന്നദ്ധതയുണ്ടെന്ന സങ്കല്പത്തിൽ പറയുകയാണെങ്കിൽ കൈകൊണ്ടുള്ള നൂൽനൂല്പിന്റെ വേഗത്തിലുള്ള പ്രചാരം താഴെ പറയുന്ന മൂന്നു മാർഗ്ഗങ്ങൾകൊണ്ടു മാത്രമേ സാദ്ധ്യമാകയുള്ളു.

1) സ്വന്തം ഭൂമിയിൽ പഞ്ഞി വളർത്തിയിട്ടില്ലെങ്കിൽ, ഏറ്റവും അടുത്തുള്ള സ്ഥലത്തുനിന്നും തല്ലിപ്പാകപ്പെടുത്താത്ത പഞ്ഞി വാങ്ങി ഉപയോഗിക്കുക.

2) മിനുസപ്പെടുത്തിയ ഒരു പലകയിൽവച്ച് ഒരിരുമ്പുകമ്പിയോ മിനുസമുള്ള വടിയോ ഉപയോഗിച്ച് പഞ്ഞി തല്ലിപ്പാകപ്പെടുത്തുകയും അതതു സ്ഥലത്തു നിർമ്മിക്കുന്ന ഒരു മരക്കത്തിയുടെ സഹായത്തോടെ വിരലുകൊണ്ടു പഞ്ഞി കടയുകയും ചെയ്യുക. ഇങ്ങനെ ചെയ്യുന്നതിനു 'ത്തുനായ്' എന്നു പറയുന്നു.

3) ധനുസ്തക്ലി ഉപയോഗിച്ചു പഞ്ഞിത്തിരികളിൽനിന്നും നൂൽ നൂല്ക്കുക.

ആവശ്യമനുസരിച്ചു കൈകൊണ്ടു പഞ്ഞിതല്ലാനുള്ള ഉപകരണം കിട്ടാൻ ഇന്നു സാദ്ധ്യമല്ല. കിട്ടുന്നിടത്തോളം തല്ലാത്ത പഞ്ഞി മുകളിൽ 2-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളപ്രകാരം തയ്യാറാക്കണം.

തല്ലിപ്പാകപ്പെടുത്താത്ത പഞ്ഞി കിട്ടാനില്ലാത്തപ്പോൾ വ്യവസായശാലകളിൽനിന്നു ലഭിക്കുന്ന തല്ലിയ പഞ്ഞി ഉപയോഗപ്പെടുത്തണം. അതും 'ത്തുനായ്'ക്കു വിധേയമാകും. എന്നാൽ നക്കുറായി വരുന്ന പഞ്ഞി ഉപയോഗിക്കുമ്പോൾ 'ത്തുനായ്' സമ്പ്രദായംമുഖേന പഞ്ഞി കടയുന്നതിനു വളരെ കൂടുതൽ സമയം ചെലവാക്കേണ്ടിവരും. പഞ്ഞി കടയാനുള്ള വില്ല് കിട്ടുന്ന സ്ഥലത്ത് അതുതന്നെ ഉപയോഗപ്പെട്ടുത്തണം. എന്നാൽ പഞ്ഞി തല്ലുന്നതു

151. Harijan, 22-2-1942 (Khadi, P. 158)

digitized by www .sreyas.in

സംബന്ധിച്ചുള്ള യാഥാർത്ഥ്യങ്ങൾ കടയുന്നതു സംബന്ധിച്ചും യാഥാർത്ഥ്യങ്ങൾതന്നെ. വില്ലും ഞാണും ഒരു നിമിഷംകൊണ്ടു നിർമ്മിക്കാവുന്നവയല്ല. 'ധുനായ്'' എന്നതു് ശ്രീ വിനോബാ രൂപം നല്കി, ഒരു കലാകാരന്റെ കൈവിരുതോടും ഔത്സുക്യത്തോടുംകൂടി പരിപൂർണ്ണതയിലെത്തിച്ച ഒരു മാർഗ്ഗമാണു്.

നൂൽനൂല്പു് ജനലക്ഷങ്ങളുടെ ഇടയിൽ പ്രചരിക്കുമ്പോൾ, ഒരു കേന്ദ്രത്തിൽനിന്നോ ചില കേന്ദ്രങ്ങളിൽനിന്നോ അവർക്കാവശ്യമുള്ളിടത്തോളം പഞ്ഞിച്ചുരുളുകൾ കൊടുക്കാൻ സാധിക്കാതെവരും. ഇത്ര ആളുകൾക്കു് ഒന്നോ രണ്ടോ പേർ എന്ന കണക്കിൽ, പഞ്ഞി കടയാനായി ആളുകളെ പ്രത്യേകം ഏർപ്പെടുത്തുക എന്നതാണു് കുടുംബങ്ങൾക്കു് അഥവാ സംഘങ്ങൾക്കു് അങ്ങേ അറ്റം ചെയ്യാൻ സാധിക്കുന്നതു്. മാതൃകാപരവും ഉത്തമവും കാലാന്തരത്തിൽ ശീഘ്രതമവും ആയ മാർഗ്ഗം ഓരോരുത്തരും അവരവർക്കാവശ്യമുള്ള പഞ്ഞിത്തിരികൾ തയാറാക്കുക എന്നതാണു്. അതു നൂൽനൂല്പിനെ കൂടുതൽ രസകരമാക്കുകയും അതിലുണ്ടാകുന്ന വൈവിദ്ധ്യം തൊഴിലിന്റെ മുഷിപ്പൻമട്ടിനു കുറവു വരുത്തുകയും ചെയ്യും.

## 152

ഇന്നത്തെ ഖാദിവിദ്യാർത്ഥികളെക്കുറിച്ചു വല്ലതും എഴുതണമെന്നു് എന്നോടാവശ്യപ്പെട്ടിരിക്കുന്നു. ഞാൻ അല്പമൊക്കെ എഴുതിയിട്ടുണ്ടു്; എന്നാൽ നൂൽനൂല്പിലും പഞ്ഞി കടയുക തുടങ്ങിയ മറ്റു നടപടികളിലുമുള്ള അറിവുകൊണ്ടു മാത്രം ഖാദിയെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനം സിദ്ധിക്കുന്നില്ലെന്നു് എത്ര ഉറപ്പിച്ചു പറഞ്ഞാലും അധികമാവുകയില്ല. അതൊക്കെ യാന്ത്രികവശങ്ങളാണു്. ഖാദിയുടെ ആന്തരാർത്ഥം ഗ്രഹിക്കണമെങ്കിൽ കൈകൊണ്ടു മാത്രം പ്രവർത്തിക്കേണ്ടതിനും അതിലേക്കു ശക്തിയന്ത്രങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതിനുമുള്ള കാരണം അറിഞ്ഞിരിക്കേണ്ടതാണു്. അനവധിയാളുകൾ ചെയ്യുന്നിടത്തോളം ജോലി ഒരൊറ്റയാൾക്കു് ഒരു യന്ത്രമുപയോഗിച്ചു് വളരെ ചുരുങ്ങിയ സമയംകൊണ്ടു ചെയ്തു് അത്രയും തുണി ഉല്പാദിപ്പിക്കാമെന്നിരിക്കെ അസംഖ്യം കൈകൾ എന്തിനു് അതിലേക്കായി ഉപയോഗിക്കണം? ഖാദി കൈകൊണ്ടു നിർമ്മിക്കണമെന്നുണ്ടെങ്കിൽ, തക്ലീ മാത്രം അതിലേക്കുപയോഗപ്പെടുത്തിയാൽ പോരേ? തക്ലി മതിയെങ്കിൽ, മുളകൊണ്ടുള്ള തക്ലി പോരേ? ഒരു കല്ലിൽ നൂലു കെട്ടിത്തൂക്കി കാര്യം നിർവ്വഹിക്കാമെന്നുണ്ടെങ്കിൽ, തക്ലിതന്നെ എന്തിനാണു്? ഈ മാതിരി ചോദ്യങ്ങൾ സ്വാഭാവികമായി ഉത്ത

152. Harijan, 1-3-1942 (Khadi, P. 95)

digitized by www .sreyas.in

വിക്കുന്നവയാണ്. ഈ ചോദ്യങ്ങൾക്കു ശരിക്കുള്ള ഉത്തരം നല്കേണ്ടതു നിശ്ചയമായും ഖാദിഗവേഷണത്തിലുൾപ്പെട്ട കാര്യമാണ്. ഈ ചോദ്യങ്ങളെപ്പററി ഇവിടെ ചർച്ചചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എനിക്കു മൊത്തത്തിൽ പറയാനുള്ളതു്, ഖാദിയെപ്പററിയുള്ള യഥാർത്ഥ അറിവ് യാന്ത്രികപ്രവർത്തനങ്ങൾക്കപ്പുറമുള്ളതാണെന്നും, ക്ഷമാപൂർവ്വമുള്ള ഗവേഷണം അതുസംബന്ധിച്ചാവശ്യമുണ്ടെന്നുമാണ്. ഇന്നാകട്ടെ ആ മാതിരി അറിവു നല്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഇല്ല. അതുകൊണ്ടു ഖാദി അദ്ധ്യാപകന്മാർ, പഠിപ്പിക്കുന്നതിനോടൊപ്പം, അവരുടെ അറിവും വർദ്ധിപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾ അവരുടെ പരിശ്രമം മുഖേന അറിവു സമ്പാദിക്കുകയും വേണം. ശാസ്ത്രീയമായ അറിവൊന്നുമില്ലാതിരുന്ന പുരാതനകാലങ്ങളിൽ വിദ്യാർത്ഥികൾതന്നെ അവരവരുടെ അദ്ധ്യാപകരായിരിക്കയും അവർ ഒന്നാംതരം പണ്ഡിതന്മാരും വിദഗ്ദ്ധന്മാരുമായിത്തീരുകയും ചെയ്തിരുന്നു. നാം ഇന്നു് ഏതാണ്ടു് അതേ നിലയിൽത്തന്നെയാണ്.

## 153

നിയമലംഘനം ഇപ്പോൾ സംസാരവിഷയമായിരിക്കുന്നതുകൊണ്ടു്, ആവർത്തനദോഷമുണ്ടാകുമെന്നിരുന്നാൽത്തന്നെയും, ചർക്ക, സ്വരാജ്, അഹിംസ എന്നിവ തമ്മിലുള്ള ജീവൽപ്രധാനമായ ബന്ധത്തെപ്പററി എനിക്കുന്നയിക്കാനുള്ള വാദങ്ങൾ ഒററ ലേഖനത്തിൽ ഞാൻ വീണ്ടും സംക്ഷേപിച്ചെഴുതണമെന്ന് ഒരു ലേഖകൻ പറയുന്നു. ഞാൻ സന്തോഷസമേതം അതിനുദ്യമിക്കുന്നു: എന്നെസ്സംബന്ധിച്ചിടത്തോളം ചർക്ക സാമാന്യജനങ്ങളുടെ പ്രത്യാശയെ പ്രതിനിധാനംചെയ്യുന്നു. ജനസാമാന്യത്തിനു ചർക്ക നഷ്ടപ്പെട്ടതോടുകൂടി അവരുടെ യഥാർത്ഥ സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു. ഗ്രാമവാസികളുടെ കൃഷിക്കു ചർക്ക അനുബന്ധമായി വർത്തിക്കുകയും അതിനു് അന്തസ്സു നല്കുകയും ചെയ്തു. അതു വിധവയ്ക്കു് ഒരു സഖിയും സാന്ത്വനവും ആയിരുന്നു. അതു ഗ്രാമീണരെ അലസതയിൽനിന്നു മോചിപ്പിച്ചു. പഞ്ഞിതല്ലുക, പഞ്ഞികടയുക, പാറവിടുക, പശയിടുക, ചായം മുക്കുക, നെയ്യുക എന്നിങ്ങനെ നൂൽനൂല്പിനു മുമ്പും പിമ്പുമുള്ള എല്ലാ പ്രവർത്തനങ്ങളും ചക്കയിൽ ഉൾപ്പെട്ടിരുന്നു. അവ ക്രമത്തിൽ ഗ്രാമത്തിലെ ആശാരിക്കും കൊല്ലനും ധാരാളം ജോലിയുണ്ടാക്കിക്കൊടുത്തു. ഏഴു ലക്ഷം ഗ്രാമങ്ങളേയും ചർക്ക സ്വയംപര്യാപ്തമാക്കി. ചർക്കയുടെ നിഷ്ക്രമണത്തോടൊപ്പം എണ്ണയാട്ട് തുടങ്ങിയ മററു വ്യവസായങ്ങളും തിരോധാനംചെയ്തു. ഈ വ്യവസായങ്ങളുടെ സ്ഥാനത്തു മറെറാന്നും ഉണ്ടായതുമില്ല. അതുകാരണം ഗ്രാമങ്ങൾക്കു വിവിധ തൊഴിലു

153. Harijan, 13-4-1940

digitized by www .sreyas.in

കളും സൃഷ്ടിപരമായ വൈദഗ്ദ്ധ്യവും അവയിൽനിന്നും കിട്ടിവന്ന ചെറിയ ആദായവും നഷ്ടപ്പെട്ടു.

ഗ്രാമീണകരകൗശലങ്ങൾ നഷ്ടപ്പെട്ട മററു രാജ്യങ്ങളെപ്പോലെ നമ്മുടെ രാജ്യത്തേയും പരിഗണിക്കുന്നതു യുക്തമല്ല. എന്തെന്നാൽ, അവർക്കു നഷ്ടപരിഹാരത്തിനുതകുന്ന മററു സൗകര്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നിരിക്കെ, ഇൻഡ്യയ്ക്കു പ്രായോഗികമായി യാതൊന്നുമുണ്ടായിട്ടില്ല. വ്യവസായവല്ക്കരിക്കപ്പെട്ട പാശ്ചാത്യരാജ്യങ്ങൾ മററു രാഷ്ട്രങ്ങളെ ചൂഷണംചെയ്യുകയായിരുന്നു; ഇൻഡ്യതന്നെയും അപ്രകാരം ചൂഷണംചെയ്യപ്പെട്ട രാജ്യങ്ങളിൽ ഒന്നാണ്. അതുകൊണ്ടു ഗ്രാമീണർക്കു് അവരുടെ പൂർവ്വസ്ഥിതി കൈവരണമെങ്കിൽ, അതിനുതകുന്ന നിർദ്ദേശം ചർക്കയുടേയും അതുൾക്കൊള്ളുന്ന എല്ലാററിൻേറയും പുനരുജ്ജീവനമാണ്. സ്വാർത്ഥരഹിതരും ബുദ്ധിശാലികളും സ്വരാജ്യസ്നേഹികളുമായ ഇൻഡ്യക്കാരുടെ ഒരു വലിയ സംഘം ഏകമനസ്സോടുകൂടി ചർക്കയുടെ സന്ദേശം ഗ്രാമങ്ങളിൽ പ്രചരിപ്പിക്കാനും തദ്വാരാ ഗ്രാമീണരുടെ നിഷ്പ്രഭമായ കണ്ണുകളിൽ ഒരാശാകിരണം അങ്കുരിപ്പിക്കാനും ഉണ്ടായില്ലെങ്കിൽ, ഈ പുനരുജ്ജീവനം സാദ്ധ്യമാവുകയില്ല. ഇതു സഹകരണത്തിനും ശരിയായ പ്രായപൂർത്തിവിദ്യാഭ്യാസത്തിനുമുള്ള ഒരു വമ്പിച്ച ശ്രമമാണ്. അതു് ചർക്കയുടെ നിശ്ശബ്ദവും എന്നാൽ സുനിശ്ചിതവും ജീവസന്ദായകവുമായ പരിവർത്തനംപോലെതന്നെ നിശ്ശബ്ദവും സുനിശ്ചിതവുമായ ഒരു വിപ്ലവം ഉണ്ടാക്കുന്നു.

ചർക്കാപ്രവർത്തനത്തിലുള്ള ഇരുപതുവർഷത്തെ പരിചയം കൊണ്ടു്, ഞാൻ ഉന്നയിക്കുന്ന ഈ വാദത്തിൻെറ യാഥാർത്ഥ്യം എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. പാവപ്പെട്ട മുസ്ലീങ്ങളേയും ഹിന്ദുക്കളേയും ചർക്ക ഏകദേശം തുല്യനിലയിൽ സേവിച്ചിട്ടുണ്ടു്. യാതൊരു കോലാഹലവും കൊട്ടിഘോഷിക്കലും കൂടാതെ, ലക്ഷക്കണക്കിനു് ഈ ഗ്രാമീണത്തൊഴിലാളികളുടെ കീശകളിൽ അഞ്ചുകോടി രൂപായോളം വീണിട്ടുമുണ്ടു്.

അതുകൊണ്ടു് എല്ലാ മതവിശ്വാസക്കാരുമായ ജനസഞ്ചയങ്ങളെ ചർക്ക സ്വരാജിലേയ്ക്കു നയിക്കുമെന്നും സംശയമെന്യേ എനിക്കു പറയാൻസാധിക്കും. ചർക്ക ഗ്രാമങ്ങളെ അവയ്ക്കു് അവകാശപ്പെട്ട നിലയിലേയ്ക്കു് ഉദ്ധരിക്കുകയും, ഉയർന്നവനും താഴ്ന്നവനുമെന്നുള്ള വ്യത്യാസം ഇല്ലാതാക്കുകയും ചെയ്യുന്നു.

എന്നാൽ ജനങ്ങൾക്കു് അഹിംസയിൽ വിശ്വാസമില്ലെങ്കിൽ ചർക്കയ്ക്കു് സ്വരാജ് കൈവരുത്തുക സാദ്ധ്യമല്ല; എന്നു മാത്രമല്ല അതു ചലിക്കുകപോലുമില്ല. അതിനു വേണ്ടുവോളം ഉത്തേജനശക്തിയില്ല. സ്വാതന്ത്ര്യത്തിനുവേണ്ടി കൊതിച്ചിരിക്കുന്ന രാജ്യ

digitized by www .sreyas.in

സ്നേഹികൾക്ക ചർക്കയോട്ട് ഒരു പുച്ഛഭാവമാണുണ്ടാകാനിടയുള്ളതു്. അവർ ചരിത്രപുസ്തകങ്ങൾ പരിശോധിച്ചാൽ അതേപ്പററി യാതൊന്നും കാണുകയില്ല. വിദേശീയഭരണകർത്താവിനെ യുദ്ധം ചെയ്തു പുറത്താക്കണമെന്നുള്ള ആവേശപൂർവ്വമായ ആഗ്രഹം സ്വാതന്ത്ര്യപ്രേമികളുടെ ഉള്ളിൽ കത്തിക്കാളുന്നുണ്ടു്. അവർ അയാളിൽ സകല ദൂഷ്യങ്ങളും ആരോപിക്കുന്നു; തങ്ങളിൽ യാതൊരു ദൂഷ്യവും കാണുന്നുമില്ല. ചോരപ്പുഴകളിലൂടെ സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളെ അവർ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു. ഹിംസാരഹിതമായ ചക്ക തീരെ നിസ്തേജമാണെന്നു് അവർക്കു തോന്നുന്നു.

1919—ൽ, സ്വരാജിലേക്കുള്ള ഏകവും സുനിശ്ചിതവുമായ മാർഗ്ഗമെന്ന നിലയിൽ അഹിംസയേയും, അതിന്റെ പ്രതീകമെന്നനിലയിൽ ചർക്കയേയും ഇൻഡ്യൻസ്വാതന്ത്ര്യപ്രേമികൾക്കു ഞാൻ പരിചയപ്പെടുത്തിക്കൊടുത്തു. 1921—ൽ ദേശീയപതാകയിൽ ചക്ക്രത്തിനു് അതിന്റെ മാന്യസ്ഥാനം ലഭിച്ചു. എന്നാൽ അഹിംസ ഇൻഡ്യയുടെ ഹൃദയത്തിന്റെ അഗാധതലത്തിലെത്തിയില്ല; അതുകൊണ്ടു ചർക്കയ്ക്കു് അതിന്റെ യഥാർത്ഥ സ്ഥാനം കൈവന്നതുമില്ല. ബൃഹത്തായ കോൺഗ്രസ്സ് സംഘടന അഹിംസയിൽ ഒരു സജീവവിശ്വാസം പുലർത്തിയില്ലെങ്കിൽ ചർക്കയ്ക്കു് അതിന്റെ സ്ഥാനപ്രാപ്തിയുണ്ടാകയുമില്ല. അവർ അങ്ങനെ ചെയ്യുമ്പോൾ, അഹിംസയ്ക്കു ചക്കയല്ലാതെ മററൊരു പ്രതീകവുമില്ലെന്നും, അതിനെ സാർവ്വത്രികമാക്കിയില്ലെങ്കിൽ, അഹിംസയ്ക്കു് പ്രത്യക്ഷമായ തെളിവൊന്നും ഉണ്ടായിരിക്കുകയില്ലെന്നും, ഒരു വാദപ്രതിവാദത്തിന്റെ ആവശ്യമില്ലാതെതന്നെ, അവർക്കു ബോദ്ധ്യമാകും. അഹിംസയില്ലെങ്കിൽ, അഹിംസാത്മകമായ ആജ്ഞാലംഘനത്തിനു സാദ്ധ്യതയുമില്ലെന്നുള്ളതു് സിദ്ധമാണല്ലോ. എന്റെ വാദം അബദ്ധമായിരിക്കാം; എന്നാൽ, ഞാൻ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ നിർവ്വഹിക്കപ്പെട്ടില്ലെങ്കിൽ, നിയമനിഷേധം പ്രഖ്യാപിക്കാൻ എനിക്കു കഴിയുകയില്ലെന്നു്, എന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

## 154

ജനങ്ങൾക്കു നൂൽനൂല്പിൽ മുഷിവു തോന്നുന്നുണ്ടെങ്കിൽ അതിൽനിന്നു വെളിവാകുന്നതു്, അവർക്കു് അതിന്റെ ജീവസന്ദായകസ്വഭാവവും അതിനു സഹജമായുള്ള സമ്മോഹനതയും ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണു്. നൂല്ക്കപ്പെടുന്ന ഓരോ ഗജം നൂലും ദേശീയസമ്പത്തിലേക്കുള്ള മുതൽക്കൂട്ടാണെന്നു മനസ്സിലാക്കാൻ

154. Harijan, 1-6-1940

digitized by www .sreyas.in

ന്താണു വൈഷമ്യം? ഒരു ഗജം നൂലെന്നതു് ഒരു വലിയ കാര്യമല്ല; എന്നാൽ അതു് ഏററവും ലാഘവമുള്ള തൊഴിൽസമ്പ്രദായമായതുകൊണ്ടു് എളുപ്പത്തിൽ അതു വർദ്ധിപ്പിക്കാൻ കഴിയും. അതിനാൽ നൂൽനൂല്പിൽ അന്തർലീനമായ മൂല്യം വളരെ വലുതാണെന്നു കാണാം. വിദ്യാർത്ഥികൾ ചർക്കയുടെ യന്ത്രവിധാനം മനസ്സിലാക്കിയിരിക്കണമെന്നും, അതു് ഉപയോഗയോഗ്യമായ നിലയിൽ സൂക്ഷിക്കാൻ അറിഞ്ഞിരിക്കണമെന്നും പ്രതീക്ഷിക്കപ്പെടുന്നു. അങ്ങനെ ചെയ്യുന്നവർക്കു് നൂൽനൂല്പിൽ ഒരു പ്രത്യേക ഹൃദ്യത അനുഭവപ്പെടും. അതുകൊണ്ടു മററു യാതൊരു തൊഴിലും നിർദ്ദേശിക്കാൻ ഞാൻ ഒരുക്കമില്ല. എന്നാൽ കുറേക്കൂടി അത്യാവശ്യമായും തിടുക്കത്തിലും ചെയ്തുതീർക്കേണ്ട ജോലിയുണ്ടാകുമ്പോൾ നൂൽനൂല്പു നിർത്തിവയ്ക്കേണ്ടിവരും. സമീപഗ്രാമങ്ങളിലെ ആരോഗ്യസംരക്ഷണപ്രവർത്തനങ്ങൾക്കോ, രോഗികളുടെ ശുശ്രൂഷയ്ക്കോ, ഹരിജനബാലികാബാലന്മാരുടെ ബോധനത്തിനോ മറേറാ അവരുടെ സഹായം ആവശ്യമായിത്തീർന്നേക്കും.

## 155

കോടിക്കണക്കിനാളുകളുടെ തൊഴിലില്ലായ്മയും പട്ടിണിയും നിവാരണംചെയ്യുകയെന്നതു് ഒരു ഭഗീരഥപ്രയത്നമാണു്. ചർക്കയെ സ്നേഹിക്കുന്ന ഓരോ ആളും ഈ പ്രയത്നത്തിലേക്കുള്ള തന്റെ പങ്കു സംഭാവനചെയ്തു് ആ ത്യാഗത്തെ അർത്ഥവത്താക്കുമെന്നു് ഞാൻ ആശിക്കട്ടെ. അവർ ആ പ്രയത്നത്തെ ബുദ്ധിപൂർവ്വം അതിന്റെ പാവനത വേണ്ടത്ര പരിഗണിച്ചും സമീപിക്കട്ടെ. അതുകൊണ്ടു് അവർ നൂൽനൂല്പിനു കൂടുതൽ സമയം വിനിയോഗിക്കുന്നതിനു പുറമെ, അതു കുറേക്കൂടി നന്നായി ചെയ്യത്തക്കവണ്ണം നൂൽനൂല്പുസാമഗ്രികൾ സജ്ജമാക്കുകയും അങ്ങനെ അതിന്റെ ശീഘ്രത വർദ്ധിപ്പിക്കുകയും കൂടി ചെയ്യട്ടെ. അവർ ചർക്കയുടെ ഭ്രമണത്തിൽ ശ്രദ്ധിക്കുകയും വേഗതകൂട്ടുന്നതിന്റെ രഹസ്യം കണ്ടുപിടിക്കുകയും ചെയ്താൽ ആ യജ്ഞത്തിന്റെ അവസാനത്തിൽ അവരുടെ വേഗത മിക്കവാറും ഇരട്ടിച്ചുകിട്ടുമെന്നു് എനിക്കുറപ്പുണ്ടു്.

## 156

വളരെക്കാലത്തേക്കു ചർക്ക ഹിംസയുടേയും ബലപ്രയോഗത്തിന്റേയും നിർബ്ബന്ധിതസേവനത്തിന്റേയും ഒരു പ്രതീകമായിരുന്നു; നൂൽനൂല്പുകാരനു് ഒരുപിടി ധാന്യമോ രണ്ടു ചെറിയ നാണയങ്ങളോ മാത്രം കിട്ടിയപ്പോൾ, രാജമന്ദിരങ്ങളിലെ

155. Harijan, 21-7-1940

digitized by www .sreyas.in

വനിതകൾ ഏററവും നേർമ്മയുള്ള മസ്ലിൻ വസ്ത്രങ്ങളണിഞ്ഞു ചൂഷണംചെയ്യപ്പെട്ട തൊഴിലിന്റെ ഫലം ആസ്വദിക്കുകയായിരുന്നു.

ഇതിനെതിരായി ചർക്കയെ അഹിംസയുടെ ചിഹ്നമായി ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നു. ഇക്കാര്യം ഇതുവരെ ഞാൻ നിങ്ങൾക്കു വിശദമാക്കിത്തന്നിട്ടില്ലെങ്കിൽ അതെന്റെ തെററുതന്നെയാണു്. ഞാൻ അംഗഭംഗം വന്നവരുടെ ഇടയിലാണെന്നും, എനിക്കു മന്ദഗതിയിൽമാത്രമേ സഞ്ചരിക്കാൻ കഴിവുള്ളൂ എന്നും നിങ്ങൾക്കറിയാമല്ലോ എന്നിരുന്നാലും ഇതേവരെ ചെയ്ത ജോലി വൃഥാ ആയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ചർക്കയെക്കൂടാതെ സ്വരാജു് ഉണ്ടാവുകയില്ലെന്നു് നാം ഇതുവരെ തെളിയിച്ചുകഴിഞ്ഞിട്ടില്ല. കോൺഗ്രസ്സുകാർക്കു് അതു വിശദമാക്കിക്കൊടുക്കുന്നതുവരെ അതു തെളിക്കുക സാദ്ധ്യമല്ല. ചർക്കയും കോൺഗ്രസ്സും പര്യായപദങ്ങളാകണം.

അഹിംസയുടെ മേന്മ തെളിയിക്കുന്നതു പ്രയാസമുള്ള ഒരു കാര്യമാണു്. അതിന്റെ സത്യാവസ്ഥ ഗ്രഹിക്കണമെങ്കിൽ നാം അതിന്റെ ആഴം അളക്കണം. ലോകം എന്നെ പരീക്ഷിക്കാൻ പോവുകയാണു്. ചർക്കയെപ്പററിയുള്ള എന്റെ വമ്പുപറച്ചിൽ കാരണം ലോകം ഞാനൊരു വിഡ്ഢിയാണെന്നു പ്രഖ്യാപിച്ചേക്കാം. നൂററാണ്ടുകളായി ദാരിദ്രത്തിന്റേയും നിസ്സഹായതയുടേയും അനീതിയുടേയും നിർബ്ബന്ധിതപ്രയത്നത്തിന്റേയും ചിഹ്നമായിക്കഴിഞ്ഞുവന്ന ചർക്കയെ ഗംഭീരമായ അഹിംസാശക്തിയുടേയും പുതിയ സാമുദായികവ്യവസ്ഥിതിയുടേയും പുതിയ സമ്പദ്‌വ്യവസ്ഥയുടേയും പ്രതീകമാക്കി മാററുന്ന ജോലി നമ്മുടെ ചുമലിൽ വന്നുചേർന്നിരിക്കുന്നു. നമുക്കു ചരിത്രത്തെ പാടേ മാറേറണ്ടതുണ്ടു്; അതു നിങ്ങളിലൂടെ എനിക്കു സാധിക്കണം.

ഞാൻ പറയുന്നതു നിങ്ങൾ മനസ്സിലാക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഇതൊക്കെയാണെങ്കിലും, സ്വരാജു് സമ്പാദിക്കാനുള്ള ശക്തി ചർക്കയ്ക്കുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു് എന്നെ വിട്ടുപോകാമെന്നു ഞാൻ പറയും. ഇവിടെ നിങ്ങൾ ഒരു വഴിത്തിരിവിലാണു്. വിശ്വാസമില്ലാതെ എന്നോടു സഹകരിക്കുകയാണെങ്കിൽ, നിങ്ങൾ എന്നെ ചതിക്കുകയും രാജ്യത്തോടു് ഒരു മഹാപരാധം പ്രവർത്തിക്കുകയുമായിരിക്കും ചെയ്യുന്നതു്. എന്റെ ജീവിതസായാഹ്നത്തിൽ എന്നെ വഞ്ചിക്കരുതെന്നു ഞാൻ നിങ്ങളോടു് അഭ്യർത്ഥിക്കുന്നു.

ചർക്ക അഹിംസയുടെ ഒരു ചിഹ്നമെന്നനിലയിൽ സമ്പദ്വ്യവസ്ഥാമണ്ഡലത്തിൽ എന്തിനെയാണു സൂചിപ്പിക്കുന്നതു്? സ്വയംപര്യാപ്തതയെന്നോ നിങ്ങൾക്കു് ഇഷ്ടമുള്ള മറെറന്തെങ്കിലും

digitized by www .sreyas.in

പേരുപറഞ്ഞോ അതിനെ വിളിച്ചുകൊള്ളുക. പാശ്ചാത്യരാജ്യങ്ങളിലും മററുചില ദേശങ്ങളിലും ദേശീയപുനഃസംഘടനയുടേയും സ്വയംപര്യാപ്തതയുടേയും പേരിൽ ലക്ഷക്കണക്കിനാളുകളുടെ രക്തം ഊററിയെടുക്കപ്പെടുന്നു. നമ്മുടേതു് ആ മാതൃകയിലുള്ള സ്വയംപര്യാപ്തതയല്ല. ചൂഷണവും മേധാവിത്വവും ഒഴിവാക്കുന്നതിനുള്ള മാർഗ്ഗം ചർക്കയാണു്. വാക്കുകളിൽ എനിക്കു വലിയ ശ്രദ്ധയില്ല; കാര്യത്തിലാണു് ശ്രദ്ധ.*

## 157

എന്റെ മുന്നിലുള്ള ചിത്രത്തിൽ. ഖാദിപ്രവർത്തനം ആരെയെങ്കിലും ഏല്പിക്കുന്നു പ്രശ്നമേയില്ല. നഗരവാസികൾക്കു് ഖാദി ധരിക്കണമെങ്കിൽ നാം നിശ്ചയിച്ചിട്ടുള്ള തത്ത്വങ്ങളനുസരിച്ചേ അതു സാദ്ധ്യമാകൂ എന്നു മാത്രം നമുക്കു് അവരോടു പറയാം. അതു സമ്പദ്വ്യവസ്ഥയുടെ മാത്രമല്ല സദാചാരത്തിന്റെയും നീതിശാസ്ത്രത്തിന്റേയും കൂടിയുള്ള ഒരു തത്ത്വമാണു്. അതനുസരിച്ചു് ഓരോ ആളും അയാൾക്കു വേണ്ട ഖാദി തന്നത്താൻ തയാറാക്കണം. നഗരങ്ങളിൽ നെയ്ത്തിനുള്ള ഏർപ്പാടുകളൊന്നുമില്ലെങ്കിൽ, നെയ്ത്തുകാരെ നഗരങ്ങളിൽ സ്ഥിരമായിത്താമസിപ്പിക്കുകയോ, നഗരപരിസരങ്ങളിൽ കുടിയേറിപ്പാർക്കുന്നതിനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുകയോ ചെയ്യാവുന്നതാണു്. നെയ്ത്തു് അവിടെവച്ചു നടത്താം. അതുസംബന്ധിച്ചു മത്സരത്തിന്റെ ആവശ്യമേയില്ല. നഗരവാസികൾക്കു് നാം ഇപ്പോൾ കൊടുത്തുവരുന്ന ഖാദി പ്രയോജനശൂന്യമാണെന്നു നാം അവർക്കു് വിശദമാക്കിക്കൊടുക്കണം. കാരണം, ആ ഖാദികൊണ്ടു പാവങ്ങൾക്കു കിട്ടുന്ന ആശ്വാസം എത്രമാത്രമാണെന്നു നഗരവാസികൾക്കറിഞ്ഞുകൂടാ. അതുകൊണ്ടു് അവർ സ്വന്തം കൺമുന്നിൽ നെയ്യുന്ന ഖാദിതന്നെ വാങ്ങണമെന്നും നാം

* ഏകദേശം രണ്ടു വർഷത്തെ ജയിൽവാസം കഴിഞ്ഞു് ഗാന്ധിജിയേയും എ. ഐ. എസ്. എ. യുടെ മററു പല ട്രസ്ററിമാരേയും മോചിപ്പിച്ചപ്പോൾ ആ ട്രസ്ററിമാരുടെ ഒരു സമ്മേളനം 1944 സെപ്ററംബർ 1-ം 2-ം 3-ം തീയതികളിൽ സേവാഗ്രാമിൽവച്ചു നടത്തി. ഗാന്ധിജി എല്ലാ ദിവസവും അതിൽ പങ്കുകൊള്ളുകയും അദ്ദേഹത്തിന്റെ പുതിയ അഭിപ്രായഗതി പ്രകടമാക്കുകയും ചെയ്തു. ഇതു് അദ്ദേഹത്തിന്റെ മൂന്നാം ദിവസത്തെ പ്രസംഗസംഗ്രഹത്തിൽനിന്നാണു്. (Khadi, pp. 171—172)

157. മുകളിൽ കൊടുത്ത കുറിപ്പു പരാമർശിച്ചിട്ടുള്ള സമ്മേളനത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കപ്പെട്ട ഒരു പ്രമേയത്തെപ്പററി 7-10-44 മുതൽ 14-10-44 വരെ, എ. ഐ. എസ്. എ. സിക്രട്ടറി ശ്രീ ജാജൂജി ഗാന്ധിജിയുമായി ചർച്ച നടത്തി. 12-10-44-ൽ ഗാന്ധിജി സംസാരിച്ചതിൽനിന്നാണു് ഈ ഭാഗം. (Khadi, pp. 197—198)

digitized by www .sreyas.in

അവരോടു പറയണം. ഖാദി ലക്ഷക്കണക്കിനാളുകളെ സംരക്ഷിക്കുന്നു എന്ന ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് നഗരവാസികളോടു ഖാദി സ്വീകരിക്കാൻ നാം ഇന്നു് ആവശ്യപ്പെടുന്നതു്. എന്നാൽ ഇതു് എ. ഐ. എസ്. എ. യെ വ്യാപാരവാണിജ്യങ്ങളിലേർപ്പെടാൻ നിബ്ബന്ധിതമാക്കുന്നു. പാവങ്ങൾക്കു് ആശ്വാസം നല്കുന്നതാണ് ഏക ഉദ്ദേശമെങ്കിൽ, അങ്ങേ അററം എത്ര ആളുകൾക്കു് ആഹാരം കൊടുക്കാനാണ് നമുക്കു കഴിയുന്നതു്?

അതുകൊണ്ടു് എ. ഐ. എസ്. എ. യ്ക്കുള്ള മാന്യസ്ഥാനം ഖാദിവ്യാപാരികൾക്കും അനുവദിച്ചുകൊടുക്കാൻ നാം ഒരുക്കമില്ല. ആ പ്രവർത്തനരംഗത്തുനിന്നു നമുക്കു പിന്മാറാം; അങ്ങനെ ആ സാക്ഷ്യപത്രങ്ങൾക്കു് അർത്ഥമില്ലാതായിത്തീരും. ഒരു ഗ്രാമത്തിലോ ഒരു പ്രത്യേക സ്ഥലത്തോ, അവിടത്തെ ആവശ്യം കഴിഞ്ഞു്, കുറച്ചു ഖാദി മിച്ചമുണ്ടെന്നും, ആ ഖാദി നഗരവാസികൾക്കു പ്രയോജനകരമാണെന്നും കണ്ടാൽ, അതു നഗരങ്ങളിൽ വിററഴിക്കാൻ നാം അനുവദിക്കും. ഇതു മാത്രമാണ് നാം അനുസരിക്കേണ്ട പരിമിതി. എന്നാൽ നഗരങ്ങളിലേയ്ക്കു കയററി അയയ്ക്കാനായി ഖാദി പ്രത്യേകം നിർമ്മിക്കാൻ പാടില്ല. ഇതുകൊണ്ടു നമ്മുടെ ജോലിയിൽ കുറവുവരുന്നെങ്കിൽ അതു സാരമാക്കാനില്ല. ഇന്നു് ഞാൻ ഖാദിപ്രവർത്തനം നടത്തുന്ന രീതികൊണ്ടു ജനങ്ങൾക്കു ശരിയായ ആശ്വാസം നല്കാൻ കഴിയുന്നില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്. ഞാൻ ചെയ്യുന്നതു് എ. ഐ. എസ്. എ. യുടെ നല്ല വേതനം കൊടുത്തു് അവരെ വശപ്പെടുത്തുക എന്നതാണ് ആ ജോലി ശാശ്വതമാക്കുന്നതിനുള്ള മാർഗ്ഗം ഇതല്ല. പാവങ്ങൾക്കു തൊഴിൽ വേണമെങ്കിൽ നാം അതുണ്ടാക്കിക്കൊടുക്കണം. എന്നാൽ അതു് അകലെയുള്ള നഗരങ്ങളെ ആശ്രയിക്കാതെ, സമീപസ്ഥലങ്ങളിൽനിന്നും അവരുടെ ജീവിതമാർഗ്ഗം തേടാൻ കഴിയുന്ന രീതിയിലായിരിക്കണം

## 158

ഖാദി നിത്യവൃത്തിനേടാൻ മാത്രമുള്ള ഒരു തൊഴിലോ കരകൗശലമോ അല്ലെന്നുള്ളതെങ്കിലും എല്ലാവരും വ്യക്തമായി ധരിച്ചിരിക്കണം. നമ്മിലാരും ഈ അഭിപ്രായം വച്ചുപുലർത്തരുതു്. എന്തെന്നാൽ, ഖാദി ഒരു വ്യവസായമാണെങ്കിൽ അതിന്റെ പ്രവർത്തനം തികച്ചും വ്യാപാരാടിസ്ഥാനത്തിൽത്തന്നെ നടത്തേണ്ടിവരും. അങ്ങനെയാകുമ്പോൾ ഖാദിയും മിൽത്തുണിയുമായുള്ള വ്യത്യാസം, ഒരു മിൽ നഗരത്തിലെ ഏതാനും ആയി

158. 157-ന്റെ അടിക്കുറിപ്പു നോക്കുക. 13-10-44-ൽ ഗാന്ധിജി സംസാരിച്ചതിൽനിന്നാണ് ഈ ഭാഗം. (Khadi, P. 205)

digitized by www .sreyas.in

രംപേക്ഷ തൊഴിൽ നല്കുമ്പോൾ, ഖാദി ഏതാണ്ടു പതിനയ്യായിരത്തോളം ഗ്രാമങ്ങളിലായിച്ചിതറിക്കിടക്കുന്ന ആളുകൾക്ക് ഒരു കോടിരൂപാ എത്തിച്ചുകൊടുക്കുന്നു എന്നുള്ളതായിരിക്കും. അങ്ങനെയാണെങ്കിൽ നാം അവ രണ്ടിനേയും വ്യവസായങ്ങളായി കണക്കാക്കേണ്ടിവരും; ആ സ്ഥിതിയിൽ ഖാദി ധരിച്ചിട്ടു മിൽത്തുണി ബഹിഷ്കരിക്കണമെന്ന് ആരോടെങ്കിലും നാം ആവശ്യപ്പെടുന്നതു ന്യായീകരിക്കുക വിഷമവുമാകും. എന്നുതന്നെയല്ല അത്തരം ഖാദി സ്വരാജിന്റെ മുന്നോടിയാണെന്ന് അവകാശപ്പെടാവുന്നതുമല്ല. നേരെമറിച്ച് ഖാദിയുടെ കാര്യത്തിൽ നാം അവകാശപ്പെട്ടിട്ടുള്ളതു്. അതു ഗ്രാമങ്ങളെ ഉദ്ധരിക്കുന്നതിനും തദ്വാരാ ജനങ്ങളിൽ സ്വരാജ്യസമ്പാദനത്തിനുതകുന്ന സ്വാഭാവികശക്തി ജനിപ്പിക്കുന്നതിനും പര്യാപ്തമായ ഒന്നാകുന്നു. അപ്പോൾ ആ അവകാശവാദം നിലനില്ക്കാതെവന്നേക്കും.

നഗരവാസികളുടെ ഭൂതദയയെ ആശ്രയിച്ചു ഗ്രാമീണരെ സഹായിക്കുന്ന രീതി തുടരുന്നതു് അഭിലഷണീയമല്ല. ജീവിതപ്രശ്നങ്ങളെ നേരിടുന്നതിനും ധൈര്യസമേതം മുന്നോട്ടു പോകുന്നതിനുമുള്ള ശക്തി ഗ്രാമീണർക്കുണ്ടാക്കിക്കൊടുക്കുകയാണു വേണ്ടതു്. മില്ലുകളെ നാം പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ജനങ്ങൾക്കാവശ്യമുള്ള തുണി കിട്ടിയേക്കും. മില്ലുകളെ ദേശസാല്ക്കരിച്ചാൽ തുണിവില കുറയുകയും, ജനങ്ങളുടെമേലുള്ള ചൂഷണം ഇല്ലാതാവുകയും, അവർക്കു് മതിയായ ശമ്പളം കിട്ടുകയും ചെയ്യും. എന്നാൽ ഖാദിയെ അവതരിപ്പിക്കുന്നതു്, ജനങ്ങളെ ജാഡ്യത്തിലും അലസമനോഭാവത്തിലുംനിന്നു മോചിപ്പിക്കുന്നതിനും, സ്വാതന്ത്ര്യസമ്പാദനത്തിനാവശ്യമായ ശക്തി അവരിൽ ഉളവാക്കുന്നതിനുമുള്ള ഏകമാർഗ്ഗം അതായതുകൊണ്ടാണു്. മററു കരകൗശലങ്ങളും ഇതുപോലെ പുനരുജ്ജീവിപ്പിക്കപ്പെടുമെങ്കിൽ, നമ്മുടെ ഗ്രാമങ്ങൾ സ്വയംപര്യാപ്തവും സ്വാശ്രയശക്തവുമാകും. അവർക്കു വേണ്ട സോപ്പു് അവർ 'സജ്ജി'ക്കളിമണ്ണിൽനിന്നു നിർമ്മിക്കും. ടാററായുടെയും ഗോദ്റേജിന്റെയും വ്യവസായശാലകളിൽ നിർമ്മിക്കുന്ന സോപ്പുകളുടെ വിലോഭനീയമായ പരിമളം ആ സോപ്പിനുണ്ടാവുകയില്ലായിരിക്കും. അതു പൊതിഞ്ഞുകെട്ടുന്ന സമ്പ്രദായവും അതുപോലെതന്നെ ആകർഷകമാകാതിരുന്നേക്കാം. എന്നാൽ ഖാദിയെപ്പോലെ സ്വയംപര്യാപ്തത എന്ന ഗുണം അതിനുമുണ്ടായിരിക്കും. പക്ഷേ ഗ്രാമങ്ങളുടെ സർവ്വപ്രകാരേണയുമുള്ള ഉന്നമനത്തിനുതകുന്ന മാർഗ്ഗമെന്നനിലയിൽ ഞാൻ ഇത്രയും കാലമായി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഖാദിയുടെ ഈ ഗംഭീര ചിത്രം ആരുടെ ഉള്ളിലും ശരിക്കു പതിഞ്ഞുകാണുന്നില്ല. അതുകൊണ്ടു് എന്റെ കാലുകൾ ഇനി പുറകോട്ടു വലിക്കണമെന്നു് എനിക്കു തോന്നുന്നു. ഖാദിയുടെ സംസ്ഥാപകനെന്ന നിലയ്ക്കു് അപ്രകാരം

digitized by www .sreyas.in

ചെയ്യുന്നതിൽ ഞാൻ ഈർഷ്യപ്പെടേണ്ട കാര്യമില്ല. അതു സത്യത്തിൻെറ ആഹ്വാനമാണു്. ഞാൻ എൻെറ കാലടികളെ ബോധപൂർവ്വമോ ബുദ്ധിപൂർവ്വമോ പിന്തിരിപ്പിക്കുന്നു; അതു പരാജയഭാവത്തിലോ ഭീരുത്വംകൊണ്ടോ അല്ല. ഖാദിക്കുവേണ്ടി ഞാനുന്നയിച്ചിട്ടുള്ള അവകാശങ്ങളിൽ ഏതെങ്കിലും അതിശയോക്തി ഉണ്ടായിട്ടുണ്ടെങ്കിൽ ഞാനതു പരസ്യമായി സമ്മതിക്കേണ്ടതും തിരുത്തേണ്ടതുമാണു്.

## 159

അത്യാവശ്യസാധനങ്ങളിൽ ആഹാരം കഴിഞ്ഞാൽ അടുത്ത സ്ഥാനത്താണു് വസ്ത്രത്തിൻെറ നില. ഓരോ ഗ്രാമവും അതിലേക്കാവശ്യമുള്ള തുണി ഉല്പാദിപ്പിക്കാൻ തുടങ്ങുമെങ്കിൽ ആ ഗ്രാമത്തിൻെറ ശക്തി വളരെ വർദ്ധിക്കും. എന്നാൽ ആ സ്ഥിതി കൈവരുത്തുന്നതിനു തുണിവ്യവസായശാലകളെ നിയമനിർമ്മിതിമുഖേന അടച്ചുപൂട്ടേണ്ട ആവശ്യമില്ല. മനുഷ്യൻെറ മനസ്ഥിതിയിൽ വിപ്ലവമുണ്ടാക്കി അങ്ങനെ കാര്യം നേടണം. വികേന്ദ്രീകരണം മുഖേന പരുത്തിക്കൃഷിയുള്ള സ്ഥലത്തെല്ലാം തുണി ഉല്പാദിപ്പിക്കണം.

എന്നാൽ ഖാദി ധരിച്ചുതുടങ്ങിയിരിക്കുന്ന നഗരവാസികളുടെ കാര്യം എങ്ങനെയാണു്? അവർക്കാവശ്യമുള്ള നൂൽ നൂല്ക്കുകയും ആ നൂൽ നെയ്തു തുണിയാക്കുന്നതിനു വേണ്ട നെയ്ത്തുകാരെ കണ്ടുപിടിക്കുകയും ചെയ്യണമെന്നാണു് ഞാൻ അവരോടാവശ്യപ്പെടുന്നതു്. ബോംബെയിലെ ജനങ്ങൾക്കുവേണ്ടി തുണിനിർമ്മിക്കുന്ന പാവപ്പെട്ടവരുടെ ഉപയോഗത്തിനുള്ള തുണി മാഞ്ചെസ്റ്ററിൽനിന്നും വരുകയെന്നതു് അസംബന്ധമാണു്. തങ്ങളുടെ ശമ്പളത്തിലൊരംശം ഖാദിയായി സ്വീകരിച്ചുകൊള്ളണമെന്നു് ആ പാവങ്ങളെ നിർബ്ബന്ധിക്കുന്നതും ശരിയല്ല. അവർ സ്വമനസ്സാലെയും ബുദ്ധിപൂർവ്വവും നൂൽനൂല്ക്കണമെന്നും അവർ തന്നത്താൻ ഉല്പാദിപ്പിച്ച തുണി സ്നേഹത്തോടും അഭിമാനത്തോടുംകൂടി ഉപയോഗിക്കുകയാണു വേണ്ടതെന്നും അവരെ ഉൽബോധിപ്പിക്കണം. ബോംബെയിലെ ജനങ്ങൾക്കു ഖാദി ധരിക്കണമെങ്കിൽ അവർ തന്നത്താൻ നൂൽനൂല്ക്കുകയോ, അവരുടെ കുഞ്ഞുങ്ങളെയും മററു് ആശ്രിതജനങ്ങളെയുംകൊണ്ടു നൂൽനൂല്പിക്കുകയോ ചെയ്യണം. ഖാദി ധരിക്കാൻ പ്രതിജ്ഞചെയ്തവർ തങ്ങൾക്കാവശ്യമുള്ള നൂൽ നൂല്ക്കുകയാണെങ്കിൽ, ആ പ്രവർത്തനം സാംക്രമികമായിത്തീരും. ഇപ്പോൾ ഒരു കോടി രൂപയുടെ ഖാദി ഉല്പാദിപ്പിക്കുന്ന സ്ഥാനത്തു് പത്തുകോടി രൂപയുടെ ഖാദി ഉല്പാദിപ്പിക്കാൻ സാധിച്ചാൽ

159. Harijan, 6-12-1944 (Selections from Gandhi, P. 136)

digitized by www .sreyas.in

പോലും ഇൻഡ്യയുടെ എല്ലാ ഭാഗത്തും എത്തുകയെന്ന നമ്മുടെ ലക്ഷ്യം സഫലമാവുകയില്ല.

## 160

നഷ്ടപ്പെട്ട തൊഴിലും അതോടു ചേർന്ന മററു പ്രവർത്തനങ്ങളും വീണ്ടെടുക്കാനായി ഏററവും കൂടുതൽ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും ഏർപ്പെടാവുന്ന അഹിംസാത്മകമായ ഒരേ ഒരു തൊഴിൽ സമ്പ്രദായം നൂൽനൂല്പാണു്. ഇങ്ങനെ വിഭാവനചെയ്യപ്പെടുമ്പോൾ അതു് അഹിംസയുടെ അത്യുത്തമപ്രതീകമായി ഭവിക്കുന്നു. സ്വരാജിനുള്ള ഒരുപകരണമായിത്തീരണമെങ്കിൽ അതു് ഗവണ്മെൻറിൻെറ കീഴിലോ, മററാരുടെയെങ്കിലും രക്ഷാധികാരത്തിലോ വളർന്നുവരാൻ പാടില്ല. വേണ്ടിവന്നാൽ ഗവണ്മെൻറിൻെറയോ, നൂൽനൂല്പ്–നെയ്ത്തുമില്ലുകളിൽ താല്പര്യമുള്ള മുതലാളിമാരുടെയോ എതിർപ്പുണ്ടായാലും അതു് അഭിവൃദ്ധിപ്പെടുകതന്നെ വേണം. ചർക്ക ഗ്രാമങ്ങളിലുള്ള ജനലക്ഷങ്ങളെയാണു് പ്രതിനിധാനംചെയ്യുന്നതു്, മില്ലുടമകളും മററും പ്രതിനിധാനംചെയ്യുന്ന കൂട്ടരെയല്ല.

## 161

ഖാദിക്കു് നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും സർവ്വസാധാരണമായ വസ്ത്രം എന്ന നില കൈവരണമെങ്കിൽ, അതു് നൂലു കൊടുത്താൽ മാത്രം പകരം കിട്ടുന്നതായിരിക്കണമെന്നു് അനുഭവത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. കാലക്രമേണ ഖാദി വാങ്ങുന്നതിനുള്ള നാണയം നൂലുതന്നെയായിരിക്കണമെന്നു ജനങ്ങൾക്കു നിർബന്ധമുണ്ടാകുമെന്നും ഞാൻ വിശ്വസിക്കുന്നു. ഇതു സംഭവിക്കാതിരിക്കുകയും അവർ നൂലുല്പാദിപ്പിക്കുന്നതു് മനസ്സില്ലാതെ ആയിരിക്കുകയും ചെയ്താൽ, അക്രമരാഹിത്യത്തിലൂടെ സ്വരാജ് സമ്പാദിക്കുന്നതു് അസാദ്ധ്യമായിത്തീരുമെന്നു ഞാൻ ഭയപ്പെടുന്നു.

മില്ലുകളുടേയും നഗരങ്ങളുടേയും സംഖ്യ വർദ്ധിക്കുന്നതു് ഇൻഡ്യൻജനതയുടെ അഭ്യുദയത്തിനുതകുന്നതല്ലെന്നു തീർച്ചയാണു്. പ്രത്യുത, തൊഴിലില്ലാത്തവരെസ്സംബന്ധിച്ചിടത്തോളം അതു കൂടുതൽ ദാരിദ്ര്യത്തിനും പട്ടിണിയുടെ അനന്തരഫലമായ ദീനങ്ങൾക്കും കാരണമാകും. അത്തരമൊരു ദൃശ്യം സമചിത്തതയോടുകൂടി വീക്ഷിക്കാൻ നഗരവാസികൾക്കു കഴിയുകയാണെങ്കിൽ. ഇനി

---

160. Gram Udyog Patrika, Aug. 1945 (Selections from Gandhi, P. 137.)

161. Swaraj through Charka, 1945 (Sarvodaya, P. 139)

digitized by www .sreyas.in

അതേപ്പററി കൂട്ടതലായി ഒന്നും പറയാനില്ല. അങ്ങനെ സംഭവിച്ചാൽ ഇൻഡ്യയിൽ നടക്കുന്നതു ഹിംസയുടെ ഭരണമല്ലാതെ സത്യത്തിൻേറയും അഹിംസയുടേയും ഭരണമായിരിക്കുകയില്ല. ഖാദിക്കു അവിടെ സ്വാഭാവികമായിത്തന്നെ ഒരു സ്ഥാനമില്ലെന്നു സമ്മതിക്കാൻ നാം നിർബ്ബന്ധരാകും. അപ്പോഠം നിർബ്ബന്ധ സൈനികപരിശീലനം എല്ലാവർക്കും വേണ്ടിവരും. എന്നാൽ പട്ടിണിയിൽ കഴിയുന്ന കോടിക്കണക്കിനുള്ള ആളുകളുടെ സ്ഥിതിയെപ്പററിവേണം നാം ചിന്തിക്കാൻ. അവരെ വീണ്ടെടുക്കുകയും അവർ ജീവിക്കുകയും ചെയ്യണമെന്നു നാം കരുതുന്നെങ്കിൽ, നമ്മുടെ പ്രവർത്തനകേന്ദ്രം ചർക്കയാക്കുകയും ജനങ്ങഠം സ്വമനസ്സാലെ നൂൽനൂല്ക്കുകയും ചെയ്യണം.

## 162

ചക്രം അഹിംസയുടെ പ്രതീകമെന്നനിലയ്ക്കു് കേന്ദ്രസ്ഥാനത്തു സ്ഥിതിചെയ്യുന്നു. അതുകൊണ്ടു് ഓരോ പ്രവത്തകനും നൂൽനൂല്ക്കുകയും നൂൽനൂല്പിനേക്കുറിച്ചു് എല്ലാം അറിഞ്ഞിരിക്കയുംവേണം. ഒരു പ്രവത്തകൻ കടലാസ് നിമ്മാണം പ്രധാന തൊഴിലായി സ്വീകരിച്ചു തൻെറ കാലയാപനമാർഗ്ഗം അതാക്കുകയാണെങ്കിൽ, അയാഠംക്കു മററു കാര്യങ്ങളിൽ ശ്രദ്ധിക്കാൻ അധികം സമയം കിട്ടുകയില്ല. എന്നാൽ നൂൽനൂല്പിനും കടലാസ് നിർമ്മാണത്തിനും പുറമേ മററു ചില സേവനങ്ങളും ഗ്രാമീണർക്കുവേണ്ടി ചെയ്യാൻ അയാഠംക്കു കഴിയും. ഉദാഹരണത്തിനു്, സ്ഥലത്തെ ശുചിത്വം മെച്ചപ്പെടുത്താൻ അയാഠംക്കു പ്രവത്തിക്കാം. അതുപോലെ രോഗികളുടെ ശുശ്രൂഷയ്ക്കുള്ള പൂർണ്ണ ചുമതല ഏറെറടുക്കാൻ കഴിയാത്തപ്പോഠം അതിനുവേണ്ട ഉപദേശം കൊടുക്കുന്നതിലും അയാഠംക്കു ശ്രദ്ധിക്കാം.

വേറൊരു പ്രവർത്തകൻ തൻെറ ശ്രദ്ധ ചർക്കയിൽമാത്രം കേന്ദ്രീകരിക്കാനും അതിലൂടെ തൻെറ ജീവസന്ധാരണം നിർവ്വഹിക്കാനും തീരുമാനിക്കുന്നു എങ്കിൽ, അയാഠംക്കു് അങ്ങനെ ചെയ്യാം. ചക്രം ഒരാളുടെ കാലക്ഷേപത്തിനുള്ള ഉപകരണമാവുകയും അതോടൊപ്പം തൻെറ അയല്ക്കാരനെ പ്രയോജനകരമായ വിധത്തിൽ സേവിക്കാൻ ഉപയോഗപ്പെടുകയും ചെയ്യുമെന്നുള്ളതിൽ എനിക്കു സംശയമില്ല. ചക്രത്തിനുപുറമേ, തൻെറ പ്രധാന പ്രവർത്തനവും അതിനു തുണയായ മററു പ്രവർത്തനങ്ങളും എന്തായിരിക്കണമെന്നു് ഓരോ പ്രവത്തകനും തന്നത്താൻ തീരുമാനിക്കേണ്ടതാണു്. അയാഠം ചെയ്യുന്ന ഓരോന്നും ബുദ്ധിപൂർവ്വവും അതിനേക്കുറിച്ചു

162. Harijan, 17-13-1946 (Economic and Industrial Life and Relations, vol. II, pp. 204-205)

digitized by www .sreyas.in

വേണ്ട അറിവു സമ്പാദിച്ചതിനുശേഷവുമായിരിക്കണം. ചർക്ക കൊണ്ടു് ബുദ്ധിപൂർവ്വം ജോലിചെയ്യുന്നതിനു്, നൂൽനൂല്പിനു മുമ്പും പിമ്പുമുള്ള എല്ലാ നടപടികളും അയാൾ അറിഞ്ഞിരിക്കണം. തന്റെ ശ്രദ്ധ കേന്ദ്രീകരിക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെപ്പററിയുള്ള പരിപൂർണ്ണ ജ്ഞാനവും, നിർമ്മാണപരിപാടിയിലെ മററു വകുപ്പുകളെ സംബന്ധിച്ചു് ഒരു സാമാന്യജ്ഞാനവും അയാൾ സമ്പാദിച്ചിരിക്കണം. ഒരു ജ്യോതിശ്ശാസ്ത്രവിദ്യാർത്ഥി അതു ശരിയായി അഭ്യസിക്കണമെങ്കിൽ പൊതുവെ ശാസ്ത്രത്തെപ്പററിയുള്ള അറിവു് അയാൾക്കുണ്ടായിരിക്കണം. അതുപോലെ, ഒരു പ്രവർത്തകനു നിർമ്മാണപ്രവർത്തനത്തിന്റെ മററു വകുപ്പുകളെപ്പററി അജ്ഞനായിരിക്കാൻ സാദ്ധ്യമല്ല.

## 163

ഒരാത്മീയപ്രചോദനംമുഖേനയാണു് ഞാൻ ആദ്യം ചർക്ക കണ്ടുപിടിച്ചതു്. എന്റെ ആ കണ്ടുപിടിത്തത്തിനു് അറിവിന്റെ പിൻബലമില്ലാതിരുന്നതുകൊണ്ടു ഞാൻ ചക്രയെ 'കർഘാ' ആയതു് കൈത്തറി എന്നു തെററിദ്ധരിച്ചു. പിന്നീടു പരേതനായ മഗൻലാൽഗാന്ധിയുടെ സഹായത്തോടെ ഞാൻ അതിന്റെ സാദ്ധ്യതകളെ പ്രവർത്തനരൂപത്തിൽ കൊണ്ടുവരാൻ ശ്രമിച്ചു. ഉദാഹരണത്തിനു താഴെപ്പറയുന്ന ചോദ്യങ്ങൾ ഉദിച്ചുയന്നു: നൂൽ ചുററുന്ന കമ്പി എന്താണു് ഇരുമ്പിലുണ്ടാക്കുന്നതു്? പിച്ചളകൊണ്ടായാലെന്തു്? അതു ലോലമായിരിക്കണമോ, നല്ല കനത്തതായിരിക്കണമോ? അതിന്റെ ശരിക്കുള്ള വണ്ണം എന്തായിരിക്കണം? ഞങ്ങൾ മില്ലിലെ സ്പിൻഡിൽകൊണ്ടാരംഭിച്ചു. സ്പിൻഡിൽപ്പിടികൾ അക്കാലത്തു മുളയും മരവുമാണുപയോഗിച്ചതു്. പിന്നീടു തോലും ഗട്ടും ഉപയോഗിച്ചുനോക്കി. സ്പിൻഡിലുകൾ എളുപ്പത്തിൽ വളയുന്നുവെന്നും നിവക്കാൻ പ്രയാസമുണ്ടെന്നും കണ്ടു. അതുകൊണ്ടു് പിന്നിൽ സൂചിയും അവസാനമായി കുടക്കമ്പിയും പരീക്ഷിച്ചുനോക്കി, ഇതിനെല്ലാം നിർമ്മാണശേഷിയും ശാസ്ത്രീയഗവേഷണശക്തിയും പ്രയോഗിക്കേണ്ടിവന്നു.

ശാസ്ത്രീയമനോഭാവമുള്ള ഒരു ഖാദിപ്രവർത്തകൻ അവിടെ നില്ക്കുകയില്ല. എന്തുകൊണ്ടു ചക്ര? നൂൽനൂൽപ്പുമിൽത്തന്നെയായിക്കൂടെ? ഈ ചോദ്യം അയാൾ തന്നത്താൻ ചോദിക്കും. അതിനു മറുപടി, ഒരു നൂൽനൂൽപ്പുമില്ലിന്റെ ഉടമസ്ഥനാകാൻ എല്ലാപേർക്കും സാദ്ധ്യമല്ല എന്നായിരിക്കും. ജനങ്ങൾ തങ്ങളുടെ വസ്ത്രധാരണത്തിനു നൂൽനൂൽപ്പുമില്ലുകളെ ആശ്രയിക്കുകയാണെങ്കിൽ, ആ

163. Harijan, 14-4-1946 (Economic and Industrial Life and Relations, vol. II, pp. 241—215)

digitized by www .sreyas.in

മില്ലുകളെ നിയന്ത്രിക്കുന്നവർ ജനങ്ങളെയും നിയന്ത്രിക്കുകയും, വ്യക്തിസ്വാതന്ത്ര്യം അതോടെ അവസാനിക്കുകയും ചെയ്യും. വിദ്യുച്ഛക്തിക്കും ജലവിതരണത്തിനുമുള്ള ബന്ധം ഛേദിച്ചിട്ട് ലണ്ടൻ, ന്യൂയോർക്ക് എന്നീ നഗരങ്ങളെ 24 മണിക്കൂറിനകം ഏതൊരുത്തനും ഇന്നു കീഴ്പ്പെടുത്താൻ കഴിയും. വ്യക്തികളുടെ സ്വാതന്ത്ര്യവും പരസ്പരാശ്രയവും സാമൂഹ്യജീവിതത്തിന് അത്യന്താപേക്ഷിതമാണ്. ഒരു റാബിൻസൺക്രൂസോയ്ക്കുമാത്രമേ എല്ലാത്തിലും സ്വയം പര്യാപ്തതയുള്ളവനായി കഴിയാൻ സാധിക്കൂ. ഒരാൾ തന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് തന്നാൽ കഴിയുന്നതെല്ലാം ചെയ്തതിനുശേഷം, ബാക്കി കാര്യങ്ങൾക്കു തന്റെ അയൽക്കാരുടെ സഹകരണം ആവശ്യപ്പെടുന്നു. അതാണു ശരിയായ സഹകരണം. അങ്ങനെ ചർക്കയെപ്പററിയുള്ള ശാസ്ത്രീയപഠനം സാമൂഹ്യശാസ്ത്രത്തിലേക്കു നയിക്കും. ചർക്കയുമായി ബന്ധപ്പെട്ട വിവിധ ശാസ്ത്രങ്ങൾ നാം ശരിക്കു ഗ്രഹിച്ചില്ലെങ്കിൽ അതു് ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുതകുന്ന ഒരു ശക്തിയായിത്തീരുകയില്ല. അപ്പോൾ അതു് ഇൻഡ്യയെ സ്വതന്ത്രയാക്കുക മാത്രമല്ല, ലോകത്തിനൊട്ടാകെ മാർഗ്ഗദർശകമാകയും ചെയ്യും.

ഒരു സ്വേച്ഛാധിപതി നൂൽചക്രത്തെ നശിപ്പിക്കാനുദ്യമിക്കുന്നു എന്നിരിക്കട്ടെ. അടുത്ത നടപടി എന്തു്? അങ്ങനെ സംഭവിച്ചാൽ ചർക്കയോടൊപ്പം നമ്മളും നശിക്കണം; അല്ലാതെ അതിന്റെ നാശത്തിനു സാക്ഷ്യംവഹിക്കാനായി നാം ജീവിച്ചിരിക്കേണ്ടതില്ല, എന്നായിരിക്കും എന്റെ മറുപടി. ഇങ്ങനെ സ്വയം ബലിയർപ്പിക്കുന്ന ഓരോ ഖാദിപ്രവർത്തകന്റേറയും സ്ഥാനത്തു് ആയിരംപേർവീതം ഉണ്ടായിക്കൊള്ളും. അയാളുടെ ആ പ്രവൃത്തി അയാൾ പ്രതിനിധാനംചെയ്യുന്ന കാര്യത്തിന്മേൽ അവസാനത്തെ വിജയമുദ്ര പതിക്കും.

## 164

നൂൽനൂല്പുകാരന് ആരംഭംമുതൽ അവസാനംവരെ — അതായതു നെയ്ത്തുവരെ — യുള്ള എല്ലാ നടപടികളിലും പരിപൂർണ്ണജ്ഞാനം ഉണ്ടായിരിക്കണം. അതിലാണു സ്വരാജിലേക്കുള്ള മാർഗ്ഗം സ്ഥിതിചെയ്യുന്നതു്. ഇതുവരെ നാം അറിഞ്ഞോ അറിയാതെയോ ഖാദി നിർമ്മിച്ചുവന്നതു മുഖ്യമായി വ്യാപാരോദ്ദേശത്തോടുകൂടിയായിരുന്നു. അതിനെത്തന്നെയും സ്വരാജിന്റെ ആദർശവുമായി എല്ലായ്പ്പോഴും ഘടിപ്പിച്ചിരുന്നു. അങ്ങനെ അല്ലായിരുന്നെങ്കിൽ വ്യാപാരോദ്ദേശത്തോടുകൂടിയ ഖാദിപോലും പരാജ

164. Harijan, 14-4-1946 (Economic and Industrial Life and Relations vol. II, P. 265)

digitized by www .sreyas.in

യപ്പെടുകയും, സ്വരാജിനുവേണ്ടിയുള്ള ഖാദി ഒരുപക്ഷേ ഒരു സ്വപ്നമായി അവശേഷിക്കുകയും ചെയ്യുമായിരുന്നു.

വ്യാപാരത്തിനുള്ള ഖാദി ഇതേവരെ നമുക്ക് ഒരു ചാടിന്റെ ഫലമാണു ചെയ്തിട്ടുള്ളതെന്നും, ഇപ്പോഴും ചെയ്തുവരുന്നതെന്നും പറയാം. നൂൽനൂൽപുകാരിക്കു മററുള്ളവർ പഞ്ഞികടഞ്ഞുകൊടുക്കുന്നതു് ഒരു കൂടുതൽ താങ്ങാണു്. ഇത്തരം താങ്ങുകൾ നാം ക്രമാനുഗതമായി വർജ്ജിക്കുമ്പോൾ മാത്രമേ സ്വരാജിനുവേണ്ടിയുള്ള ഖാദി ഉടലെടുക്കുകയുള്ളു. വ്യാപാരത്തിനുവേണ്ടിയുള്ള ഖാദി നിർമ്മിക്കുകയും അതിലേയ്ക്കുള്ള പഞ്ഞികടയൽ ഒരു സ്വതന്ത്രപ്രവർത്തനമായി നടത്തിവരുകയും ചെയ്യുന്ന ശാഖകൾ കഴിയുമെങ്കിൽ അടച്ചുപൂട്ടണം. ഏതായാലും ജീവിതംതന്നെ ഒത്തുതീർപ്പുകൾകൊണ്ടുണ്ടാക്കിയതാണു്. അതുകൊണ്ടു കഴിയുന്നതുംവേഗം ആ മാതിരി താങ്ങുകൾ ഉപേക്ഷിക്കപ്പെടേണ്ടതാണു്. വിശ്വാസവും അറിവും ഉള്ളവരായിരിക്കും ആദ്യമായി അപ്രകാരം ചെയ്യുന്നതു്. ആത്മാർത്ഥതയോടും താല്പര്യത്തോടുംകൂടി ശ്രമിക്കുകയാണെങ്കിൽ മത്സരത്തിന്റെ പ്രശ്നമേ ഉദിക്കുകയില്ല.

ഇന്നത്തെ സ്ഥിതിയുടെ ഒരു വശം ശ്രദ്ധാർഹമാണു്. കാലയാപനത്തിനുവേണ്ടി നൂൽനൂൽക്കുന്നവർ പുതിയ നടപടികൾ മനഃപൂർവ്വം അഭ്യസിക്കും; എന്തെന്നാൽ അതുമൂലം അവരുടെ സമ്പാദ്യശക്തി വർദ്ധിക്കുന്നതാണു്. ഇന്നാകട്ടെ, കുറെക്കൂടി എളുപ്പമുള്ള മററു് ആദായമാർഗ്ഗങ്ങൾ ജനങ്ങളുടെ മുമ്പിൽ ഉള്ളതുകൊണ്ടു് ഈ വകുപ്പു ക്ഷയോന്മുഖമാവുകയാണു്. അവർക്കു് ഇതൊരു സാന്മാർഗ്ഗികപ്രശ്നമല്ല. ഏററവും എളുപ്പമായതിനെ അവർ സ്വീകരിക്കുന്നു — ഉദാഹരണത്തിനു് ബീഡിയുണ്ടാക്കുന്നതിനുള്ള ഇല ശേഖരിക്കൽ. യഥാർത്ഥ അറിവു് അവർക്കു പകർന്നുകൊടുക്കുകയും, സ്വരാജിലേയ്ക്കുള്ള ചെങ്കുത്തായ പാതയിൽ കയറാൻ അവരെ സഹായിക്കുകയും, കയറാനുള്ള ആരോഗ്യവും ദാർഢ്യവും അവർക്കുണ്ടാക്കിക്കൊടുക്കുകയുമാണു് നമ്മുടെ കർത്തവ്യം. ഇതു ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ ജീവിതംതന്നെ നമുക്കു നഷ്ടപ്പെടും — നാം അർഹിക്കുന്നതുപോലെതന്നെ. അതുകൊണ്ടു് കാര്യംഗ്രഹിച്ചു് നൂല്ക്കുന്ന സ്ത്രീയോടോ പുരുഷനോടോ മാത്രമേ നാം ഇടപെടാൻപാടുള്ളൂ.

നമ്മുടെ ഓർമ്മയിലിരിക്കേണ്ട മറെറാരു കാര്യം, നൂൽനൂല്പു് അംഗീകൃതമായ ഒരു തൊഴിലാണെന്നും അതുകാരണം അതു തുടർന്നുകൊണ്ടുപോകുമെന്നുള്ളതാണു്. അതുകൊണ്ടു കച്ചവടത്തിനുവേണ്ടി ഉൽപാദിപ്പിക്കപ്പെടുന്ന ഖാദിയെപ്പററി നാം ക്ലേശിക്കേണ്ട കാര്യമില്ല. മുകളിൽ പ്രസ്താവിച്ച സംഗതികളിൽനിന്നും എന്തെല്ലാം വൈഷമ്യങ്ങൾ ഉത്ഭവിച്ചാലും പ്രവർത്തകർ അവയെല്ലാം

digitized by www .sreyas.in

തരണംചെയ്യണം. ഇതു് അല്ലെങ്കിൽ അതു് ഈ ചട്ടക്കൂട്ടിനക ത്തുൾപ്പെടുന്നതാണോ എന്നു ചോദിക്കുന്നതു മാനസികമായ അല സതയുടെയും, അജ്ഞതയുടെയും അടയാളമാണു്. അനുമാനങ്ങൾ കണ്ടുപിടിക്കാൻ കഴിയാത്തവനു ക്ഷേത്രഗണിതം അറിയാമെന്നു പറയാൻ പാടില്ല. ഇതു് എല്ലാ ശാസ്ത്രങ്ങളെസംബന്ധിച്ചും ശ രിയാണു്

## 165

''അതിനു് (ചക്രസ്സു്) അമേരിക്കൻ ഐക്യനാടുകൾക്കും ലോകത്തിനൊട്ടാകെത്തന്നെയും നൽകാൻ ഒരു സന്ദേശമുണ്ടെന്നു ഞാൻ ബലമായിക്കരുതുന്നു. എന്നാൽ ഇൻഡ്യ ചക്രയെ സ്വന്ത മാക്കിക്കഴിഞ്ഞു എന്നു ലോകത്തിനു കാണിച്ചുകൊടുക്കുന്നതുവരെ— അതു് ഇന്നും ചെയ്തിട്ടില്ല — ഇതു സാദ്ധ്യമല്ല. ആ അപരാധം ചക്രയുടേതല്ല. ഇൻഡ്യയുടെയും ലോകത്തിൻെറതന്നെയും രക്ഷ ചക്രയിലാണു് സ്ഥിതിചെയ്യുന്നതെന്നുള്ള കാര്യത്തിൽ എനിക്കു അല്പംപോലും സംശയമില്ല. ഇൻഡ്യ യന്ത്രത്തിനു് അടിമപ്പെ ട്ടുപോവുകയാണെങ്കിൽ പിന്നെ ഈശ്വരൻതന്നെ ലോകത്തെ രക്ഷിക്കട്ടെ.''

'Unto This Last' എന്ന വാക്യശകലത്തിലടങ്ങിയിരിക്കുന്ന ആശയത്തെ ഞാൻ മുറുകെപ്പിടിക്കുന്നു. ലോകം നമ്മോടു ചെയ്യ ണമെന്നു നാം ആഗ്രഹിക്കുന്നതുപോലെ നമ്മളും ഇങ്ങേ അററത്തെ നിസ്സാരനോടുവരെ പ്രവർത്തിക്കണം. എല്ലാവർക്കും അവസരസ മത്വം ഉണ്ടായിരിക്കണം. അവസരം ലഭിച്ചാൽ ഓരോ മനുഷ്യ ജീവിക്കും ഒരേമാതിരി ആത്മീയവളർച്ചയ്ക്കു സാദ്ധ്യതയുണ്ടു്. അതിനെയാണു ചക്ര പ്രതിനിധാനം ചെയ്യുന്നതു്.

## 166

അത്തരം ആളുകൾ ചർക്കയേയും ഖാദിയേയും സ്വീകരിച്ചതു് കേവലം യാന്ത്രികമായിട്ടും സ്വാതന്ത്ര്യപ്രാപ്തിക്കുള്ള ഒരു മാർഗ്ഗമെ ന്ന നിലയിലുമായിരുന്നെന്നു സ്പഷ്ടമാണു്. വൈദേശികനുക ത്തിൻെറ ദൂരീകരണം മാത്രമായിരുന്നില്ല — ആദ്യത്തെ അത്യാ വശ്യം അതായിരുന്നെങ്കിലും—സ്വാതന്ത്ര്യമെന്നു് ഈ സുഹൃത്തുക്കൾ വിസ്മരിക്കുന്നു. അഹിംസാധിഷ്ഠിതമായ ഒരു ജീവിതമാർഗ്ഗത്തെ ഖാദി പ്രതിനിധാനം ചെയ്യുന്നു; എന്നും പ്രതിനിധാനം ചെയ്തി ന്നു. ഖാദിയുടെയും അഹിംസയുടെയും മിക്കവാറുമുള്ള അന്തർ

165. Harijan, 17-11-1946 (Khadi, pp. 15—16)

166. Harijan, 21-12-1947 (Economic and Industrial Life and Relations, vol. II, P. 309)

digitized by www .sreyas.in

ദ്ധാനം, ഖാദിയുടെ പ്രധാനമായ ആന്തരതത്ത്വം നാം ഇത്രയും കാലത്തിനിടയ്ക്കു ഗ്രഹിച്ചിട്ടില്ല എന്നാണു കാണിക്കുന്നതു്. ഇതാണു്, തെററായാലും ശരിയായാലും, എന്റെ അഭിപ്രായം. അതുകൊണ്ടാണു് സഹോദരങ്ങൾ തമ്മിലുള്ള കലഹങ്ങളും പല ഭാഗങ്ങളിലുമുള്ള നിയമാതിക്രമവും ഹേതുവായി ഉണ്ടായിട്ടുള്ള ദുരന്തം നമുക്കു കാണാനിടയായതു്. ഇൻഡ്യയിലെ ഗ്രാമീണജനസാമാന്യത്തിനു് സ്വാഭാവികമായി അനുഭവപ്പെടത്തക്ക സ്വാതന്ത്ര്യമാണു് നമുക്കുണ്ടാവേണ്ടതെങ്കിൽ, അന്നു് മറെറന്നത്തെക്കാളും പ്രാധാന്യം നൂൽനൂല്പിനും ഖദർനെയ്ത്തിനും ഉണ്ടായിരിക്കുമെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല. അതാണു് ഭൂമിയിലെ ദൈവരാജ്യം. വൈദ്യുതശക്തികൊണ്ടു നടത്തുന്ന യന്ത്രങ്ങൾക്കു് മനുഷ്യന്റെമേലുള്ള ആധിപത്യത്തിന്റെ സ്ഥാനത്തു് അവന്റെതന്നെ ആധിപത്യം സ്ഥാപിക്കാനാണു് ഖാദിയിലൂടെ നാം അദ്ധ്വാനിച്ചുകൊണ്ടിരുന്നതു്. മനുഷ്യരുടെ ഇടയിൽ ഇന്നു കാണപ്പെടുന്ന ഘോരമായ അസമത്വത്തിന്റെ സ്ഥാനത്തു് സമത്വം സ്ഥാപിക്കാൻ നാം ഖാദിയിലൂടെ യത്നിക്കുകയായിരുന്നു. മുതലാളിക്കു് തൊഴിലാളിയുടെമേലുള്ള ധൃഷ്ടമായ ആധിപത്യത്തിന്റെ സ്ഥാനത്തു്, മുതലാളിക്കു് തൊഴിലാളിയോടുള്ള വിധേയത്വം സ്ഥാപിക്കാനാണു് നാം ശ്രമിച്ചതു്. അതുകൊണ്ടു കഴിഞ്ഞ മുപ്പതു വർഷക്കാലമായി ഇൻഡ്യയിൽ ചെയ്ത യത്നങ്ങളെല്ലാം പ്രതിലോമപരമായിരുന്നില്ലെങ്കിൽ, കൈകൊണ്ടുള്ള നൂൽനൂൽപ്പും അതുൾക്കൊള്ളുന്ന സർവ്വവും മുമ്പിലത്തെക്കാൾ വളരെക്കൂടുതൽ ഊർജ്ജിതത്തോടും അതിലും വലിയ ബുദ്ധിസാമർത്ഥ്യത്തോടുംകൂടി നടപ്പിലാക്കുകതന്നെ വേണം.

digitized by www .sreyas.in

അദ്ധ്യായം നാല്

# വ്യാവസായികസമ്പദ്വ്യവസ്ഥ

## എ. ആധുനികവ്യവസായവൽക്കരണത്തിന്റെ ന്യൂനതകൾ

1

റെയിൽവേകരം ഇല്ലായിരുന്നെങ്കിൽ ഇംഗ്ലീഷുകാക്ക് ഇന്നത്തെപ്പോലെയുള്ള പ്രാബല്യം ഇൻഡ്യയിൽ കിട്ടുമായിരുന്നില്ല എന്നു നിങ്ങരംക്കു വ്യക്തമായിരിക്കും. ഈ റെയിൽവേകരം കഴലവീക്കത്തോടുകൂടിയ പ്ലേഗും നാട്ടിൽ പരത്തിയിട്ടുണ്ട്. തീവണ്ടികൂടാതെ ആളുകരംക്ക് ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു നീങ്ങാൻ പററുകില്ലെന്നായിരിക്കുന്നു. തീവണ്ടികരം പ്ലേഗിന്റെ അണുക്കളുടെ വാഹനങ്ങളാണ്. മുമ്പൊക്കെ നമുക്കു സ്വാഭാവികമായ മാററിപ്പാർപ്പിക്കൽ ഉണ്ടായിരുന്നു. ഇന്ന് അതില്ല. റെയിൽവേകരം ക്ഷാമവും പൂർവ്വാധികം വർദ്ധിപ്പിച്ചിട്ടുണ്ട്. വാഹനസൗകര്യം ഉള്ളതുകൊണ്ട് ആളുകരം തങ്ങളുടെ ധാന്യങ്ങരം വില്ക്കുകയും കൂടുതൽ വില കിട്ടുന്ന കമ്പോളങ്ങളിലേയ്ക്കു് അയയ്ക്കുകയും ചെയ്യുന്നു. ജനങ്ങരം കരുതലില്ലാത്തവരാകുന്നു, അങ്ങനെ ക്ഷാമത്തിന്റെ സമ്മർദ്ദവും വർദ്ധിക്കുന്നു. റെയിൽവേ ആളുകളുടെ ദുസ്സ്വഭാവത്തെ ദൃഢീകരിക്കുന്നു. ദുഷ്ടന്മാർ തങ്ങളുടെ ദുഷിച്ച ലക്ഷ്യങ്ങരം കൂടുതൽ എളുപ്പത്തിൽ സാധിക്കുന്നു. ഇൻഡ്യയിലെ പുണ്യസ്ഥലങ്ങരം അവിശുദ്ധങ്ങളായിത്തീൎന്നിരിക്കുന്നു. മുമ്പൊക്കെ ആളുകരം ഈ സ്ഥലങ്ങളിലേയ്ക്കു വളരെ പ്രയാസപ്പെട്ടാണു പൊയ്ക്കൊണ്ടിരുന്നതു്. തന്നിമിത്തം പൊതുവേ യഥാർത്ഥഭക്തന്മാർ മാത്രമേ ഈ സ്ഥലങ്ങരം സന്ദർശിച്ചിരുന്നുള്ളു. ഇന്നാകട്ടെ, തെമ്മാടികരം തെമ്മാടിത്തരം പ്രവർത്തിക്കാൻ ഇവിടങ്ങളിൽ പോകുന്നു.

നന്മ ഒച്ചിന്റെ വേഗത്തിൽ ഇഴഞ്ഞിഴഞ്ഞാണു നീങ്ങുന്നതു്. അതുകൊണ്ട് അതിനു തീവണ്ടിയുടെ ആവശ്യമില്ല. നന്മ ചെ

1. Hind Swaraj, (1908) P. 45

digitized by www .sreyas.in

യ്വാൻ ഉദ്ദേശിക്കുന്നവർ സ്വാർത്ഥതല്പരരല്ല; അവക്കു തിടുക്കമി ല്ല; ആളുകളിൽ നന്മ നിക്ഷേപിക്കുന്നതിനു് വളരെ സമയം വേ ണമെന്നു് അവക്കറിയാം. എന്നാൽ തിന്മയ്ക്കു ചിറകുണ്ടു്. ഒരു കെട്ടിടം പണിയാൻ വളരെ സമയം ആവശ്യമുണ്ടു്. എന്നാൽ അതു നശിപ്പിക്കുവാൻ ഒട്ടും സമയം വേണ്ട. ആകയാൽ റെയിൽ വേ ചെകുത്താന്റെ വിതരണോപാധിയായിരിക്കാനേ കൊള്ളൂ. റെയിൽവേകൾ ക്ഷാമംപരത്തുന്നുണ്ടോ എന്നുള്ളതു് ഒരു തർക്കവി ഷയമായിരിക്കാം. എന്നാൽ അവ ക്ഷാമത്തെ ജനിപ്പിക്കയും വ ളർത്തുകയും ചെയ്യുന്നുണ്ടെന്ന സംഗതി നിർവ്വിവാദമാണു്.

2

ഈ ചോദ്യം ഇപ്പോൾ നന്നേ താമസിച്ചാണു വന്നിരിക്കു ന്നതു്. അതിനു് ഒരു അർത്ഥവും ഇല്ല. നമുക്കു തീവണ്ടികൾ കൂടാ തെകഴിക്കണമെന്നാണു് ആദർശമെങ്കിൽ ട്രാംകാറുകൾ കൂടാതെയും കഴിക്കേണ്ടിവരും. യന്ത്രങ്ങൾ ഒന്നു മുതൽ നൂറുവരെ പാമ്പുകൾ പതിയിരിക്കുന്ന ഒരു മാളംപോലെയാണു്. യന്ത്രങ്ങളുള്ളിടത്തു വലിയ നഗരങ്ങളുണ്ടു്; വലിയ നഗരങ്ങളുള്ളിടത്തു് ട്രാംകാറുകളും തീവണ്ടികളുമുണ്ടു്; അവിടെ മാത്രമേ ഒരുവൻ വൈദ്യുതദീപം കാണുന്നുള്ളു. ഇംഗ്ലീഷുകാരുടെ ഗ്രാമങ്ങൾ ഇവയിൽ എന്തെങ്കി ലും ഉണ്ടെന്നു് അഭിമാനിക്കുന്നില്ല. സത്യവാദികളായ വൈദ്യ ന്മാർ നിങ്ങളോടു പറയും, കൃത്രിമഗതാഗതമാർഗ്ഗങ്ങൾ വർദ്ധിച്ചി ട്ടുള്ളിടത്തു് ജനങ്ങളുടെ ആരോഗ്യത്തിനു ഹാനി സംഭവിച്ചിട്ടു ണ്ടെന്നു്. ഒരു യൂറോപ്യൻ പട്ടണത്തിൽ പണദൗർലഭ്യം ഉണ്ടായ പ്പോൾ ട്രാംവേകമ്പനിയുടേയും, വക്കീലന്മാരുടേയും, ഡാക്ടർമാ രുടേയും വരവു കുറഞ്ഞു. ആളുകളുടെ അനാരോഗ്യവും കുറഞ്ഞു എന്നു് ഞാൻ ഓർമ്മിക്കുന്നു. യന്ത്രങ്ങളെ സംബന്ധിച്ചു് ഒരൊററ നല്ല കാര്യം എനിക്കു് ഓർക്കാൻ സാധിക്കുന്നില്ല. അവയുടെ ദോഷങ്ങൾ വെളിപ്പെടുത്തുന്നതിലേക്കു് പുസ്തകങ്ങൾതന്നെ എഴു താം. വിഷം ഹരിക്കാൻ ചിലപ്പോൾ വിഷം ഉപയോഗിക്കാ റുണ്ടെന്നു കാണിക്കുന്ന ദൃഷ്ടാന്തങ്ങളിലൊന്നാണിതു്. അപ്പോൾ യന്ത്രത്തെ സംബന്ധിച്ചു് ഇതൊരു നല്ല കാര്യമാകയില്ല. ഇന്ന ത്തെ സ്ഥിതിയിൽ, യന്ത്രങ്ങൾ നമ്മളോടു് ഇങ്ങനെ പറയുന്നു വെന്നു തോന്നും: ''കരുതിക്കൊള്ളുവിൻ, നിങ്ങൾ എന്നെ പരി വർജ്ജിക്കുക. നിങ്ങൾക്കു് എന്നിൽനിന്നു് ഒരു പ്രയോജനവും കിട്ടുകയില്ല. അച്ചടിയിൽനിന്നുള്ള പ്രയോജനം യന്ത്രമൊന്നു പി ടിച്ചവർക്കേ ഉതകൂ.''

അതുകൊണ്ടു് പ്രധാന സംഗതി മറക്കരുതു്. യന്ത്രസാമഗ്രി ഗർഹ്യമാണെന്നു നാം മനസ്സിലാക്കണം. അപ്പോൾ നമുക്കു ക്ര

2. Hind Swaraj, (1908) P. 96

മേണ അതിനെ പരിവർജ്ജിക്കാൻ കഴിയും. നാം ആഗ്രഹിക്കുന്ന ലക്ഷ്യത്തിൽ പൊടുന്നനെ എത്തിച്ചേരാനൊരു വഴി പ്രകൃതി നമുക്കു തന്നിട്ടില്ല. യന്ത്രസാമഗ്രിയെ ഒരു അനുഗ്രഹമായി സ്വാഗതംചെയ്യുന്നതിനു പകരം, അതിനെ ഒരു ദോഷമായി നാം കണക്കാക്കുമെങ്കിൽ അവസാനം അതു് അപ്രത്യക്ഷമാകും.

### 3

ബോംബെയിലെ മില്ലുകളിലെ തൊഴിലാളികൾ കേവലം അടിമകളായിത്തീർന്നിട്ടുണ്ടു്. മില്ലുകളിൽ ജോലിചെയ്യുന്ന സ്ത്രീകളുടെ അവസ്ഥ ബീഭത്സമാണു്. മില്ലുകളില്ലാതിരുന്ന കാലത്തു് ഈ സ്ത്രീകൾ പട്ടിണികിടക്കുകയായിരുന്നില്ല. യന്ത്രഭ്രാന്തു വളരുന്നപക്ഷം നമ്മുടെ രാജ്യം ഒരു ഭാഗ്യംകെട്ട രാജ്യമായിത്തീരും. ഇതു വെറും മിഥ്യാകല്പനയായി ചിലർ പരിഗണിച്ചേക്കും. പക്ഷേ ഇൻഡ്യയിൽ മില്ലുകൾ വർദ്ധിപ്പിക്കുന്നതിനേക്കാൾ നല്ലതു മാഞ്ചസ്റ്ററിലേക്കു പണം അയച്ചുകൊടുത്തു്, അവിടത്തെ നേർത്ത വസ്ത്രങ്ങൾ വാങ്ങി ഉപയോഗിക്കുന്നതാണെന്നു പറയാൻ ഞാൻ നിർബ്ബന്ധനാണു്. മാഞ്ചസ്റ്റർ വസ്ത്രം ഉപയോഗിക്കുന്നതിനാൽ നാം നമ്മുടെ പണം മാത്രമേ ദുർവ്യയംചെയ്യുന്നുള്ളൂ. എന്നാൽ മാഞ്ചസ്റ്റർ ഇൻഡ്യയിൽ പുനഃസൃഷ്ടിക്കുന്നതായാൽ, നാം നമ്മുടെ രക്തത്തിൻെറ വില കൊടുത്തുവേണം പണം സൂക്ഷിക്കാൻ. കാരണം, നമ്മുടെ സാന്മാർഗ്ഗികാസ്തിത്വം അതോടെ നശിക്കും. എൻെറ പ്രസ്താവനയ്ക്കു സാക്ഷ്യംവഹിക്കുന്നതിനു മിൽത്തൊഴിലാളികളെത്തന്നെ ഞാൻ വിളിക്കുന്നു. ഫാക്ടറികൊണ്ടു പണം വാരിക്കൂട്ടിയിട്ടുള്ളവർ മററു ധനികന്മാരെക്കാൾ ഭേദപ്പെട്ടവരാകാൻ ഇടയില്ല. ഒരു ഇൻഡ്യൻ റോക്ക് ഫെല്ലർ അമേരിക്കൻ റോക്ക് ഫെല്ലറെക്കാൾ ഭേദമായിരിക്കുമെന്നു സങ്കല്പിക്കുന്നതു മൗഢ്യമാണു്. ദരിദ്രയായ ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യയാകാൻ സാധിക്കും. എന്നാൽ ദുഷിച്ച വഴിയിലൂടെ സമ്പന്നയാകുന്ന ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം വീണ്ടെടുക്കാൻ പ്രയാസമുണ്ടു്. പണക്കാർ ബ്രിട്ടീഷുഭരണത്തെ പിന്താങ്ങുന്നവരാണെന്നു നാം സമ്മതിക്കേണ്ടിവരുമെന്നാണു് എൻെറ ഭയം. പണം ഒരുവനെ നിസ്സഹായനാക്കുന്നു. അതുപോലെതന്നെയുള്ള മറെറാരു ദുഷ്യമാണു് ലൈംഗികമായ പാപം. രണ്ടും വിഷമാണു്. പാമ്പിൻെറ വിഷം ഇവ രണ്ടിനെക്കാളും ശക്തി കുറഞ്ഞ വിഷമാണു്. കാരണം, അതു് ശരീരത്തെ മാത്രമേ നശിപ്പിക്കുന്നുള്ളൂ. മറേറവ രണ്ടും ശരീരത്തേയും മനസ്സിനേയും ആത്മാവിനേയും നശിപ്പിക്കുന്നു. അതിനാൽ, മിൽവ്യവ

3. Hind Swaraj, (1908) (Economic and Industrial Life and Relations, vol. II, P. 34)

digitized by www .sreyas.in

സായത്തിന്റെ അഭിവൃദ്ധിസാദ്ധ്യതയോർത്തു നാം സന്തോഷി ക്കേണ്ട കാര്യമില്ല.

## 4

*എന്റെ ശരീരംതന്നെ, അസാധാരണമാംവണ്ണം പേലവമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു യന്ത്രവിശേഷമാണ്. നൂൽനൂല്ക്കുന്ന ചക്രവും ഒരു യന്ത്രമാണ്, അപ്രകാരംതന്നെ ഓരോ പല്ലുകുത്തി പോലും. കേവലം യന്ത്രസാമഗ്രികളോടല്ല എന്റെ എതിർപ്പ്, യന്ത്രസാമഗ്രികൾ മനുഷ്യാദ്ധ്വാനത്തെ ലാഭിക്കുന്നുവെന്നു സങ്കല്പിക്കുന്ന മതിഭ്രമത്തോടാണ്. മനുഷ്യർ അദ്ധ്വാനം ലാഭിക്കുന്നു, ഒടുവിൽ അനേകായിരം പേർ തൊഴിലില്ലാതായി, വിശന്നു്, തെരുവുനീളെ കിടന്നു മരിക്കുന്നു. മനുഷ്യവർഗ്ഗത്തിൽ ഒരു വിഭാഗത്തിനു മാത്രമല്ല, സകലമാനപേർക്കും ജോലിയും ജീവിതമാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കണമെന്നാണ് എന്റെ ആഗ്രഹം. സമുദായത്തെ കെടുത്തി, കുറേപ്പേരെ സമ്പന്നരാക്കുന്നതിനെ ഞാൻ അനുകൂലിക്കുകയില്ല. ഇപ്പോഴാകട്ടെ യന്ത്രസാമഗ്രികൾ, ജനസാമാന്യത്തെ ചൂഷണംചെയ്തു ജീവിക്കുവാൻ ഒരു ചെറിയ ന്യൂനപക്ഷത്തെ സഹായിക്കുകയാണു ചെയ്യുന്നതു്. ഈ ന്യൂനപക്ഷത്തിന്റെ പ്രവർത്തനശക്തി, മനുഷ്യത്വമോ, സഹജീവിസ്നേഹമോ അല്ല, അത്യാർത്തിയും ദുരാശയുമാണ്. ഈ സ്ഥിതിഗതിയെയാണ്, ഞാൻ എന്റെ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുന്നതു്.

മി. ദത്തു് എഴുതിയ 'ഇൻഡ്യയുടെ സാമ്പത്തികചരിത്രം (The Economic History of India)വായിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. അതേപ്പററി വീണ്ടും ചിന്തിക്കുമ്പോൾ എന്റെ ഹൃദയം അസ്വസ്ഥമാകുന്നു. യന്ത്രങ്ങളാണ് ഇൻഡ്യയെ ദരിദ്രയാക്കിയതു്. മാഞ്ചസ്റ്റർ നമുക്കു ചെയ്ത ദ്രോഹം എത്രയെന്നു നിർണ്ണയിക്കാൻ വിഷമമാണ്. മാഞ്ചസ്റ്റർ കാരണമാണ് ഇൻഡ്യൻ കൈത്തൊഴിൽ പാടേ അപ്രത്യക്ഷമായതു്.

അല്ല, എനിക്കു തെററിപ്പോയി. മാഞ്ചസ്റ്ററിനെ എങ്ങനെ കുററം പറയാം? നാം മാഞ്ചസ്റ്റർ വസ്ത്രം ധരിച്ചു, അതുകൊണ്ട് അവിടെ അതു നെയ്തുണ്ടാക്കി. ബംഗാളിന്റെ ധീരതയെക്കുറിച്ചു വായിച്ചപ്പോൾ എനിക്കു സന്തോഷം തോന്നി. ആ പ്രവിശ്യയിൽ തുണിമില്ലുകൾ ഇല്ലായിരുന്നു. തന്നിമിത്തം, അവക്ക്

4. "Lead Kindly Light" By Vincent Sheen, ch. IV, (Economic and Industrial Life and Relations, vol. II, P. 33)

*എല്ലാ യന്ത്രസാമഗ്രികളേയും സിദ്ധാന്തപരമായി എതിർക്കുന്നുണ്ടോ എന്നു രവീന്ദ്രനാഥടാഗോറിന്റെ ഒരു ശിഷ്യൻ ചോദിച്ച ചോദ്യത്തിനുത്തരം.

digitized by www .sreyas.in

ആദ്യമുണ്ടായിരുന്ന നെയ്ത്തുതൊഴിൽ പുനരുദ്ധരിക്കാൻ കഴിഞ്ഞു. ബംഗാൾ ബോംബെയിലെ മിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എല്ലാ യന്ത്രനിർമ്മിതങ്ങളായ സാധനങ്ങളെയും ബംഗാൾ ബഹിഷ്ക്കരിക്കുന്നതായി പ്രഖ്യാപിച്ചിരുന്നെങ്കിൽ. അതു വളരെയേറെ നന്നായിരുന്നേനെ.

5

പുരോഗതിയാകുന്ന നാഴികമണിയുടെ സൂചി പുറകോട്ടു തിരിച്ചു വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നുവോ? മില്ലിന്റെ സ്ഥാനത്തു കൈകൊണ്ടുള്ള നൂൽനൂല്പും നെയ്ത്തും പുനഃസ്ഥാപിക്കാൻ ഞാൻ വിചാരിക്കുന്നുവോ? തീവണ്ടിയുടെ സ്ഥാനത്തു കാളവണ്ടി ഏർപ്പെടുത്തണമെന്നുണ്ടോ എനിക്ക്? യന്ത്രങ്ങളെ പാടേ നശിപ്പിക്കണമെന്നാണോ എന്റെ ഉദ്ദേശ്യം? ഈ ചോദ്യങ്ങൾ ചില പത്രപ്രവർത്തകന്മാരും പൊതുക്കാര്യപ്രസക്തന്മാരും എന്നോടു ചോദിച്ചിട്ടുണ്ട്. എന്റെ മറുപടി ഇതാണ്: യന്ത്രങ്ങളുടെ തിരോധാനത്തിൽ ഞാൻ ദുഃഖിക്കയില്ല. അതൊരു ആപത്തായി ഗണിക്കയുമില്ല. പക്ഷേ യന്ത്രങ്ങളെ നശിപ്പിക്കണമെന്ന ഉദ്ദേശ്യമൊന്നും ഇപ്പോൾ എനിക്കില്ല. നമ്മുടെ മില്ലുകൾമുഖേനയുള്ള നൂലിന്റെയും വസ്ത്രത്തിന്റെയും ഉൽപാദനത്തിൽ കുറവുള്ളതു നികത്തുക, ഇന്ത്യയിൽനിന്നും പുറത്ത് അയയ്ക്കുന്ന ലക്ഷക്കണക്കിനു രൂപാ ലാഭിക്കുക, ഇവയെ നമ്മുടെ കുടിലുകളിൽ വിതരണം ചെയ്യുക, ഇത്രയുമാണ് ഞാനിപ്പോൾ ചെയ്യാൻ ആഗ്രഹിക്കുന്നത്.

6

റെയിൽവേകളോ ആശുപത്രികളോ ഇല്ലായ്മ ചെയ്യണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ അവയുടെ സ്വാഭാവികമായ വിനാശത്തെ ഞാൻ സ്വാഗതംചെയ്യും. റെയിൽവേകളാകട്ടെ ആശുപത്രികളാകട്ടെ ഉൽകൃഷ്ടവും പരിശുദ്ധവുമായ നാഗരികതയുടെ ലക്ഷണങ്ങളല്ല. കൂടിയാൽ അവ ആവശ്യമുള്ള ഒരു ദോഷമാണെന്നു പറയാം. ഇവയിലൊന്നും ഒരു ജനതയുടെ സാന്മാർഗ്ഗികമായ ഔന്നത്യത്തെ ഒരിഞ്ചുപോലും വർദ്ധിപ്പിക്കുന്നില്ല. നീതിന്യായക്കോടതി സ്ഥിരമായി നശിപ്പിക്കണമെന്നും എനിക്ക് ഉദ്ദേശമില്ല. പക്ഷേ കോടതികൾ ഇല്ലാതാകുന്ന അവസ്ഥ അത്യന്തം അഭിലഷണീയമായി ഞാൻ ഗണിക്കുന്നുണ്ട്. മില്ലുകളും യന്ത്രങ്ങളും നശിപ്പിക്കാൻ ഞാൻ തീരെ ശ്രമിക്കുന്നില്ല. അതിന് ഉൽകൃഷ്ടതരമായ ആർജ്ജവവും ത്യാഗവും ആവശ്യമുണ്ട്. ആളുകൾ ഇന്ന് അത്ര തയ്യാറായിട്ടില്ല.

---

5. Young India, 19-1-1921 (Khadi, P. 36)
6. Young India, 26-1-1921 (Hind Swaraj, Edn. 1958, P. 17)

digitized by www .sreyas.in

## 7

ഇന്ത്യയുടെ പാപ്പരത്തവും ആലസ്യവും ഒഴിവാക്കാൻ ഉപകരിക്കുമെങ്കിൽ അതിവിപുലമായ യന്ത്രവല്ക്കരണത്തെ ഞാൻ അനുകൂലിക്കും. ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്യുന്നതിനും വേലയുടെയും വിഭവത്തിന്റെയും ക്ഷാമം അസാദ്ധ്യമാക്കിത്തീർക്കുന്നതിനും ഇപ്പോൾ കൈവശമുള്ള ഏക മാർഗ്ഗമെന്ന നിലയിലാണ് ഞാൻ കൈകൊണ്ടുള്ള നൂൽനൂല്പുതൊഴിൽ നിർദ്ദേശിച്ചത്. ചർക്ക തന്നെ വിലയേറിയ ഒരു കൊച്ചു യന്ത്രമാണ്. എന്റെ എളിയ രീതിയിൽ ഇന്ത്യയിലെ പ്രത്യേക സ്ഥിതികൾക്ക് അനുയോജ്യമായി അതിൽ പരിഷ്കാരം വരുത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

## 8

എന്റെ ഉത്തരം ദൃഢമായിത്തന്നെ 'അല്ല' എന്നാണ്. എന്നാൽ അവ വകതിരിവുകൂടാതെ വർദ്ധിപ്പിക്കുന്നതിനോട് എതിരാണ് ഞാൻ. യന്ത്രങ്ങളുടെ ഒററനോട്ടത്തിലുള്ള വിജയം കണ്ടു ഭ്രമിക്കാൻ ഞാൻ ഒരുക്കമില്ല. എല്ലാ സംഹാരാത്മകമായ യന്ത്രത്തോടും എനിക്കു സന്ധിയില്ലാത്ത എതിർപ്പുണ്ട്. എന്നാൽ ലളിതമായ പണിയായുധങ്ങളേയും ഉപകരണങ്ങളേയും വ്യക്തികളുടെ അദ്ധ്വാനത്തെ കുറയ്ക്കുകയും അനേകലക്ഷം കുടിലുകളിലെ കഷ്ടപ്പാട് ലഘൂകരിക്കുകയും ചെയ്യുന്ന യന്ത്രസാമഗ്രികളെയും ഞാൻ സ്വാഗതംചെയ്യും.

## 9

യന്ത്രത്തെയല്ല, യന്ത്രവല്ക്കരണഭ്രാന്തിനെയാണ് ഞാൻ എതിർക്കുന്നത്. അദ്ധ്വാനം കുറയ്ക്കുന്നതെന്നു പറയപ്പെടുന്ന യന്ത്രത്തെച്ചൊല്ലിയാണു ഭ്രാന്ത്. ആളുകൾ അദ്ധ്വാനം കുറച്ചുകുറച്ചു കൊണ്ടുപോയി. ഒടുവിൽ ആയിരക്കണക്കിനാളുകൾ തൊഴിലില്ലാതെ തെരുവാധാരമായി പട്ടിണികിടന്നു മരിക്കാനിടയാകുന്നു. എനിക്കു സമയവും അദ്ധ്വാനവും ലാഭിക്കണമെന്നുണ്ട്. ആളുകളിൽ ഒരു ചെറിയ വിഭാഗത്തിന്റെയല്ല, സകല ജനങ്ങളുടെയും. ഇന്ന് യന്ത്രവല്ക്കരണം അനേകലക്ഷംപേരുടെ മേൽ കുതിരകയറാൻ ഏതാനുംപേരെ മാത്രം സഹായിക്കുകയാണു ചെയ്യുന്നത്. അതിന്റെ

---

7. Young India, 3-11-1921 (Selections from Gandhi, pp. 65—66)

8. ''അങ്ങ് എല്ലാ യന്ത്രസാമഗ്രികൾക്കും എതിരാണോ?'' എന്ന ചോദ്യത്തിനുത്തരം. Young India, 17-6-1926 (Selections from Gandhi, P. 66)

9 Young India, 24-7-1924 (Sarvodaya, pp. 42—45)

digitized by www .sreyas.in

പിമ്പിലുള്ള പ്രചോദനം അദ്ധ്വാനം കുറയ്ക്കുകയെന്ന പരോപകാരതല്പരതയല്ല, അത്യാർത്തിയാണ്. ഈ കെട്ടുപാടിനെയാണ് ഞാൻ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുന്നത്.

'അപ്പോൾ താങ്കൾക്ക് യന്ത്രസാമഗ്രികളോടല്ല, ഇന്ന ധാരാളം പ്രകടമായിട്ടുള്ള അവയുടെ ദുർവ്വിനിയോഗത്തോടാണ് എതിർപ്പ്, അല്ലേ?'

ഞാൻ സംശയം കൂടാതെ പറയുന്നു, 'അതെ.' ശാസ്ത്രീയസത്യങ്ങളും കണ്ടുപിടുത്തങ്ങളും ആദ്യമായി കേവലം അത്യാർത്തിയുടെ ഉപകരണങ്ങളല്ലാതാവണം. അപ്പോൾ തൊഴിലാളികൾക്ക ക്രമത്തിലധികം അദ്ധ്വാനിക്കേണ്ടിവരികില്ല, യന്ത്രസാമഗ്രികൾ ഒരു പ്രതിബന്ധമാകുന്നതിനു പകരം സഹായമായിരിക്കയും ചെയ്യും. ഞാൻ യന്ത്രങ്ങളെയെല്ലാം ഉന്മൂലനം ചെയ്യാനല്ല ഉദ്ദേശിക്കുന്നത്. അവയെ ക്ലിപ്തപ്പെടുത്തുവാനാണ്.

'യുക്തിയുക്തമായി വാദിച്ചാൽ, സങ്കീർണ്ണമായ എല്ലാ വിദ്യുച്ഛക്തിപ്രവർത്തിതയന്ത്രവും അപ്രത്യക്ഷമാകണമെന്ന ഉദ്ദേശ്യം അതിൽ അടങ്ങിയിട്ടുണ്ടെന്നു തോന്നുമല്ലോ.'

അതെ, അവ അപ്രത്യക്ഷമാകേണ്ടിയിരിക്കും: എന്നാൽ ഒരു സംഗതി വ്യക്തമാക്കേണ്ടതുണ്ട്. മനുഷ്യനെപ്പററിയാണ് മുഖ്യമായി ചിന്തിക്കാനുള്ളത്. യന്ത്രം മനുഷ്യൻെറ അവയവങ്ങളെ നിരുപയോഗമാവാൻ ഇടയാക്കരുത്. ബുദ്ധിപൂർവ്വകമായ ഒരു വ്യത്യസ്ത ദൃഷ്ടാന്തം ചൂണ്ടിക്കാണിക്കാം. സിംഗർമെഷീൻെറ കാര്യം നോക്കുക. ഇന്നോളമുണ്ടായിട്ടുള്ള ഉപയോഗപ്രദങ്ങളായ കണ്ടുപിടുത്തങ്ങളിൽ ഒന്നാണത്. അതിൻെറ വിഭാവനത്തിൽ ത്തന്നെ ഒരു വൈചിത്ര്യ(റൊമാൻസ്)മുണ്ട്. തൻെറ ഭാര്യ കൈകൊണ്ടു തുന്നുകയും തയ്ക്കുകയും ചെയ്തു വിഷമിക്കുന്നതുകണ്ട് അദ്ദേഹം അവരോടുള്ള സ്നേഹംകൊണ്ട് അവരുടെ അനാവശ്യയത്നം ലഘൂകരിക്കാൻവേണ്ടിയാണ് സിംഗർമെഷീൻ വിഭാവനംചെയ്തത്. അദ്ദേഹം തൻെറ ഭാര്യയുടെ മാത്രമല്ല, ഒരു തയ്യൽയന്ത്രം വാങ്ങാൻ കഴിവുള്ള സകലരുടേയും അദ്ധ്വാനം അതിനാൽ ലഘൂകരിച്ചു.

'എന്നാൽ അങ്ങനെയാണെങ്കിൽ ഈ സിംഗർ തയ്യൽമെഷീൻ നിർമ്മിക്കാൻ ഒരു ഫാക്ടറി വേണം. അതിൽ വിദ്യുച്ഛക്തി പ്രവർത്തിതമായ ഒരു യന്ത്രവും ഉണ്ടായിരിക്കണമല്ലോ.'

ഇത്തരം ഫാക്ടറികൾ ദേശസാൽക്കരിക്കപ്പെടണം അഥവാ സ്റ്റേററിനാൽ നിയന്ത്രിതമാകണം എന്നു പറയത്തക്കവണ്ണം സോഷ്യലിസ്റ്റാണ് ഞാൻ. അവ ആകർഷകവും മാതൃകാപരവുമായ രീതി

digitized by www .sreyas.in

യിൽ പ്രവർത്തിക്കണം—ലാഭത്തിനുവേണ്ടിയല്ല, മനുഷ്യരാശിയുടെ ഗുണത്തിനുവേണ്ടി. ദുരാഗ്രഹത്തിന്റെ സ്ഥാനത്തു സ്നേഹമായിരിക്കണം പ്രേരകം. സമ്പൽലാഭത്തിനുവേണ്ടിയുള്ള ഭ്രാന്തമായ ഓട്ടം നിലയ്ക്കണം. തൊഴിലാളികൾ ജീവിക്കാനുള്ള ശമ്പളം മാത്രമല്ല കേവലം വിരസവും ക്ലേശകരവുമല്ലാത്ത ദൈനംദിന ജോലിയും ഉണ്ടാവുമെന്ന് ഉറപ്പുകിട്ടണം. ഈ വ്യവസ്ഥകൾ അനുസരിച്ചാണെങ്കിൽ യന്ത്രങ്ങൾ സ്റ്റേററിനും അഥവാ അവയുടെ ഉടമസ്ഥനായ ആളിനും അവയിൽ ജോലിചെയ്യുന്ന ആളിനും ഒരുപോലെ സഹായകരമായിരിക്കും. ഇന്നത്തെ ഭ്രാന്തമായ ഓട്ടം നിലയ്ക്കും; തൊഴിലാളി, ഞാൻ പറഞ്ഞുകഴിഞ്ഞപോലെ, ആകർഷകവും ആദർശപരവുമായ സ്ഥിതിയിൽ ജോലിചെയ്യും. ഇതു് എന്റെ മനസ്സിലുള്ള വ്യത്യസ്തദൃഷ്ടാന്തങ്ങളിൽ ഒന്നാണ്. തയ്യൽയന്ത്രത്തിന്റെ നിർമ്മിതിക്കു സ്നേഹമായിരുന്നു പ്രേരകം. വ്യക്തിയെപ്പററിയാണ് പരമമായ പരിഗണന വേണ്ടതു്. അദ്ധ്വാനലഘൂകരണമായിരിക്കണം ലക്ഷ്യം, ദുരാഗ്രഹമല്ല യഥാർത്ഥമായ പരോപകാരതല്പരതയായിരിക്കണം ഉദ്ദേശ്യം. ദൃഷ്ടാന്തത്തിനു്, വളയുന്ന സ്പിൻഡിലുകൾ നേരെയാക്കാൻ ഒരു യന്ത്രം ഉണ്ടായാൽ അതിനെ എന്നായാലും ഞാൻ സ്വാഗതംചെയ്യും. കൊല്ലന്മാർ സ്പിൻഡിൽനിർമ്മാണത്തിൽനിന്നു വിരമിക്കണമെന്നല്ല. അതിന്റെ അർത്ഥം. അവർ തുടർന്നു സ്പിൻഡിലുകൾ നിർമ്മിക്കണം. എന്നാൽ സ്പിൻഡിലിനു തകരാറുണ്ടാകുമ്പോൾ അതു നേരെയാക്കാൻ ഓരോ നൂൽനൂല്പുകാരനും ഒരു യന്ത്രം കൈവശം വേണം.

## 10

'ആദർശപരമായി താങ്കൾ എല്ലാ യന്ത്രസാമഗ്രികളേയും നിരാകരിക്കല്ലേ?' മോക്ഷത്തിനു സഹായകമല്ലാത്ത ഈ ശരീരം ഉപേക്ഷിച്ച് ആത്മാവിന്റെ കേവലമുക്തി തേടുവാൻ ഞാൻ ഇച്ഛിക്കുന്നതുപോലെ, ആദർശപരമായി, ഏതായാലും, ഞാൻ എല്ലാ യന്ത്രോപകരണങ്ങളേയും നിരാകരിക്കുവാൻ ആഗ്രഹിക്കും. ഈ വീക്ഷണകോണത്തിൽ ഞാൻ സകല യന്ത്രങ്ങളേയും ഉപേക്ഷിക്കുമെങ്കിലും, യന്ത്രങ്ങൾ ഉണ്ടായിരിക്കുകതന്നെ ചെയ്യും. എന്തെന്നാൽ ശരീരംപോലെ അവ അനുപേക്ഷണീയമാണ്. ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞതുപോലെ, ശരീരംതന്നെ ഏററവും ശുദ്ധമായ യന്ത്രവിശേഷമാണ്. എന്നാൽ, പരമപദത്തിലേക്കുള്ള ആത്മാവിന്റെ പ്രയാണത്തിനു് അതു തടസ്സമാണെങ്കിൽ, അതിനെ ഉപേക്ഷിക്കുകതന്നെ വേണം.

---

10. Young India, 20-11-1924 (Selections from Gandhi, P. 65)

digitized by www .sreyas.in

## 11

ചർക്കതന്നെ അതിവിശിഷ്ടമായ ഒരു യന്ത്രമാണ്. അതിന്റെ അജ്ഞാതനായ കണ്ടുപിടിത്തക്കാരനോടുള്ള ആദരാതിശയത്തിൽ എന്റെ ശിരസ്സ് നിത്യവും അതിനു മുമ്പിൽ നമിക്കാറുണ്ട്. 1900 മൈൽ നീളവും 1500 മൈൽ വീതിയുമുള്ള ഒരു വിശാല ഭൂഭാഗത്തിലായി ചിതറിക്കിടക്കുന്ന ആയിരമായിരം വീടുകളിൽ നിന്ന് പട്ടിണിയെ അകററിനിർത്തുന്ന ഏക കുടിൽവ്യവസായ ത്തെ ധൂർത്തമായും ക്രൂരമായും നശിപ്പിക്കുന്നതിനോടാണ് എനി ക്ക് അമർഷമുള്ളത്.

## 12

വ്യവസായവല്ക്കരണമെന്നാൽ ഒരു ചെറിയ ന്യൂനപക്ഷം, ഭൂരിപക്ഷത്തെ നിയന്ത്രിക്കുക എന്നല്ലാതെ മറെറന്താണ്? അതിൽ ആകർഷകമായി ഒന്നുമില്ല. അനുപേക്ഷണീയമായും ഒന്നുമില്ല. ന്യൂനപക്ഷത്തിന്റെ ചക്കരവാക്കിന് 'അതു പററില്ല' എന്നു ഭൂരി പക്ഷം മറുപടി പറയാൻ നിശ്ചയിച്ചാൽ ന്യൂനപക്ഷം കുസൃതികാ ട്ടാൻ അശക്തമാവും.

യൂറോപ്പിലെപ്പോലെ ഇൻഡ്യയെ വ്യവസായവല്ക്കരിക്കുക എ ന്നുവച്ചാൽ, അസാദ്ധ്യമായുള്ളതിനു ശ്രമിക്കുക എന്നാണർത്ഥമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇന്ത്യ പല ആക്രമണങ്ങളേയും തടു ത്തുനിന്നിട്ടുണ്ട്. ഓരോന്നും അതാതിന്റെ മായാത്ത മുദ്ര അവ ശേഷിപ്പിച്ചിട്ടുണ്ടെന്നുള്ളതും ശരിയാണ്. എന്നാൽ ഇന്നുവരേയും അവറം തന്റെ വ്യക്തിത്വം നിലനിത്തിപ്പോന്നു. പല നാഗരി കതകളുടേയും പതനം കണ്ടു, എന്നാൽ സ്വയം കേടുതട്ടാതേയും, വത്തിക്കുന്ന ചുരുക്കം ചില രാഷ്ട്രങ്ങളിലൊന്നാണ് ഇൻഡ്യ. അ ന്ധവിശ്വാസവും പ്രമാദവും കടന്നുകൂടിയിട്ടുള്ളവയെങ്കിലും, പുരാ തനാചാരസംഹിതകളിൽ ചിലതെല്ലാം വിടാതെ വച്ചുകൊണ്ടി രിക്കുന്ന ചുരുക്കം ചില രാജ്യങ്ങളിലൊന്നാണ് ഇൻഡ്യ. അബ ദ്ധങ്ങളിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും ശുദ്ധിനേടാനുള്ള ഒരു നൈസർഗ്ഗിക പ്രഭാവം അവറം ഇന്നോളം പ്രദർശിപ്പിച്ചിട്ടു ണ്ട്. തന്റെ ലക്ഷോപലക്ഷം സന്താനങ്ങളെ അഭിമുഖീകരി ക്കുന്ന സാമ്പത്തികപ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ അവറം ക്കുള്ള ശേഷിയെപ്പററി എന്റെ വിശ്വാസം ഇന്നത്തേപ്പോലെ ഒരിക്കലും ഇത്ര ഭാസുരമായിരുന്നിട്ടില്ല.

സ്വന്തം മണ്ണിൽ ഉറച്ചുനിന്നതുകൊണ്ടാണ് ഇൻഡ്യയ്ക്കു മററു നാഗരികതകളുടെ ആക്രമണത്തെ ചെറുത്തുനില്ക്കാൻ കഴിഞ്ഞതു്.

---

11. Young India, 26-12-1924 (Economic and Industrial Life and Relations, vol. II, P. 32)
12. Young India, 6-8-1925 (Khadi, P. 18)

digitized by www .sreyas.in

അവരം പരിവർത്തനങ്ങരംക്ക വിധേയയായിട്ടില്ലെന്നല്ല പറയുന്നതു്. എന്നാൽ ആ പരിവർത്തനങ്ങരം അവളുടെ വളർച്ചയെ സഹായിച്ചിട്ടേ ഉള്ളൂ. വ്യവസായവല്ക്കരണത്തിലേക്കുള്ള മാററം, ആപത്തിനെ വിളിച്ചുവരുത്തലാണു്. ഇന്നത്തെ ദുരിതം തീർച്ചയായും അസഹനീയംതന്നെ. നിർദ്ധനത്വം പോകണം. എന്നാൽ വ്യവസായവല്ക്കരണം നിർദ്ധനത്വത്തിനു പരിഹാരമല്ല.

ഇൻഡ്യയുടെ ഭാഗധേയം പാശ്ചാത്യരുടെ രക്തപങ്കിലമായ മാർഗ്ഗത്തെ ആശ്രയിച്ചല്ല സ്ഥിതിചെയ്യുന്നതു്. ആ മാർഗ്ഗത്തെപ്പററി അവരംക്ക മടുപ്പുതോന്നിത്തുടങ്ങിയതിന്റെ ലക്ഷണങ്ങരം കാണാം. സരളവും ഗുണാന്വിതവുമായ ഒരു ജീവിതത്തിൽനിന്നും ഉദയംചെയ്യുന്ന സമാധാനത്തിന്റെ രക്തരഹിതമാർഗ്ഗമാണു് അവളുടെ ഭാഗധേയം നിർണ്ണയിക്കുന്ന മാർഗ്ഗം. അതുകൊണ്ടു് അവരം ഉദാസീനയായും നിസ്സഹായയായും പറയരുതു് 'എനിക്ക പടിഞ്ഞാറുനിന്നുമുള്ള ആ പ്രവാഹത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ നിവൃത്തിയില്ല' എന്നു്. സ്വന്തം നന്മയ്ക്കും ലോകത്തിന്റെ നന്മയ്ക്കും വേണ്ടി, അവരം അതിനെ ചെറുക്കുവാൻ വേണ്ടത്ര കെല്പുള്ളവളാകണം.

## 13

എനിക്ക റെയിൽപ്പാതകളോടും ആവിക്കപ്പലുകളോടും മററുള്ള നാനാതരം യന്ത്രങ്ങളോടും എതിർപ്പുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോരം ഭൂമിയിലെ പലേ ജനസമൂഹത്തേയും ചൂഷണംചെയ്യുന്നതിനോ അഥവാ നശിപ്പിക്കുന്നതിനോ വേണ്ടി അവയെ ദുർവ്വിനിയോഗംചെയ്യുന്നതിനെതിരായിട്ടാണു് ഞാൻ പ്രതിഷേധിച്ചതു്.

## 14

ഞാൻ റെയിൽപ്പാതകളെയോ ആശുപത്രികളെയോ ആക്ഷേപിക്കുന്നില്ല. എന്നാൽ ഒരു ആദർശയോഗ്യമായ സ്റ്റേററിൽ, അവയ്ക്കു സ്ഥാനമില്ലെന്നു് എനിക്ക തോന്നുന്നു. ലേഖകൻ ആഗ്രഹിക്കുന്ന ശ്രമംതന്നെയാണു് ഇന്നു നടക്കുന്നതു്. എന്നാൽ അതു് യന്ത്രത്തെ ഒരു ആദ്ധ്യാത്മികവിഷയമാക്കാനുള്ള ഒരു ശ്രമമല്ല- എന്തെന്നാൽ അതൊരു അസാദ്ധ്യമായ കൃത്യമായിരിക്കും—പിന്നെയോ യന്ത്രപ്രവർത്തനത്തിന്റെ പിമ്പിൽ നില്ക്കുന്ന മനുഷ്യ

13. Young India, 13-8-1925(Economic and Industrial Life and Relations, vol. II, P. 40)

14. Young India, 17-9-1925(Economic and Industrial Life and Relations, vol. II, P. 40)

digitized by www .sreyas.in

രുടെ ഇടയിൽ ഒരു മനുഷ്യത്വം, അഥവാ സഹാനുഭൂതി, കടത്തി വിടാനുള്ള ശ്രമമാണ്. ഏതാനും പേരുടെ കൈയിൽ പണവും പ്രതാപവും കേന്ദ്രീകരിക്കാനും അനേകം പേരെ ചൂഷണം ചെയ്യാനുമായി യന്ത്രവൽക്കരണം നടത്തുന്നതു് തികച്ചും തെററാണെന്നു ഞാൻ വിചാരിക്കുന്നു. ഇന്നത്തെ യന്ത്രവ്യൂഹനത്തിൽ പലതും അ ത്തരത്തിലുള്ളതാണ്. ചക്രപ്രസ്ഥാനം, യന്ത്രത്തെ കുത്തകാവകാശത്തിൻെറയും ചൂഷണത്തിൻെറയും അവസ്ഥയിൽനിന്നും മാററി അതിൻെറ യോഗ്യമായ സ്ഥാനത്തു് അവരോധിക്കാനുള്ള ഒരു സംഘടിതശ്രമമാണ്. ആകയാൽ യന്ത്രത്തിൻെറ ഉത്തരവാദിത്വം വഹിക്കുന്നവർ എൻെറ പദ്ധതിയനുസരിച്ചു് തങ്ങളെയോ തങ്ങളുടെ രാഷ്ട്രത്തെയോ പററിയല്ല ചിന്തിക്കേണ്ടതു്, മനുഷ്യവർഗ്ഗത്തെപ്പററി മുഴുവനുമാണ്. അങ്ങനെയാകുമ്പോൾ, ലങ്കാഷയർ മില്ലുടമസ്ഥന്മാർ തങ്ങളുടെ യന്ത്രങ്ങളെ ഇൻഡ്യയെയും മററു രാജ്യങ്ങളെയും ചൂഷണം ചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കാതാകും. നേരേമറിച്ചു് ഇൻഡ്യയെ, അവളുടെ സ്വന്തം ഗ്രാമങ്ങളിൽ പഞ്ഞി വസ്ത്രമായി രൂപാന്തരപ്പെടുത്തുന്നതിനു പ്രാപ്തയാക്കാൻ മാർഗ്ഗമുണ്ടാക്കുകയും ചെയ്യും. എൻെറ പദ്ധതിയനുസരിച്ചാണെങ്കിൽ അമേരിക്കക്കാരും തങ്ങളുടെ സമത്ഥമായ കണ്ടുപിടിത്തങ്ങളിലൂടെ ഭൂമിയിലെ മററു വർഗ്ഗക്കാരെ ചൂഷണംചെയ്യാൻ ശ്രമിക്കയില്ല.

## 15

യന്ത്രത്തിനു് അതിൻേറതായ സ്ഥാനമുണ്ടു്; അതിവിടെ സ്ഥാനം പിടിച്ചുകഴിഞ്ഞു. എന്നാൽ ആവശ്യമായ മനുഷ്യയത്നത്തെ നിഷ്കാസനംചെയ്യാൻ അതിനെ അനുവദിച്ചുകൂടാ. ഒരു പരിഷ്കരിച്ച കലപ്പ നല്ലൊരു സാധനമാണ്. എന്നാൽ യദൃച്ഛയാ വല്ല കണ്ടുപിടിത്തത്തിൻെറയും ഫലമായി ഒരുവനു് ഇൻഡ്യ മുഴുവനും ഉഴുതുമറിക്കുവാനും കാർഷികോല്പന്നങ്ങൾ മുഴുവൻ നിയന്ത്രിക്കുവാനും സാധിക്കുകയും, ജനലക്ഷങ്ങൾക്കു മററു തൊഴിലുകൾ ഇല്ലാതെ വരികയും ചെയ്താൽ എന്താണു സംഭവിക്കുക? ജനങ്ങൾ പട്ടിണി കിടക്കേണ്ടിവരും; അലസതയിൽ കഴിയേണ്ടിയിരിക്കുന്നതുകൊണ്ടു് അവർ മന്ദന്മാരായും തീരും. ഇപ്പോൾത്തന്നെ പലരും അങ്ങനെ ആയിത്തീൎന്നിട്ടുണ്ടു്. ഇനിയും വളരെപ്പേർകൂടി ആ അവസ്ഥയിൽ എത്തുമെന്ന അപകടം ശേഷിക്കുന്നുമുണ്ടു്.

കുടിൽവ്യവസായയന്ത്രങ്ങളിൽ വരുത്തുന്ന എല്ലാ പരിഷ്കാരവും ഞാൻ സ്വാഗതം ചെയ്യും. എന്നാൽ ലക്ഷോപലക്ഷം കൃഷിക്കാൎക്കു് അവരുടെ വീടുകളിൽ മറെറന്തെങ്കിലും പണികൊടുക്കാൻ

15. Young India, 5-11-1925 (P. 377)

digitized by www .sreyas.in

തയാറായില്ലെങ്കിൽ വിദ്യുച്ഛക്തിപ്രവത്തിതമായ കതിരു് (സ്പിൻഡിൽ) കടത്തിവിട്ടു്, കൈകൊണ്ടു നൂൽനൂല്ക്കുന്ന സമ്പ്രദായത്തെ നിഷ്കാസനം ചെയ്യുന്നതു കുററകരമാണു്

16

സകലരുടെയും താല്പര്യത്തിനുതകുന്ന മട്ടിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നതു ന്യായയുക്തമാണു്.

17

ഇൻഡ്യയെ ഇംഗ്ലണ്ടിനെയും അമേരിക്കയെയുംപോലെയാക്കുകയെന്നുവച്ചാൽ. ചൂഷണത്തിനു മററു രാജ്യങ്ങളെയും വർഗ്ഗങ്ങളെയും കണ്ടുപിടിക്കുകയെന്നാണു് അത്ഥം. ഇപ്പോൾത്തന്നെ പാശ്ചാത്യർ, യൂറോപ്പിനു വെളിയിൽ അറിയപ്പെട്ടിട്ടുള്ള സകല വർഗ്ഗങ്ങളെയും ചൂഷണം ചെയ്യാൻവേണ്ടി പങ്കിട്ടെടുത്തിട്ടുണ്ടെന്നാണു തോന്നുന്നതു്. പുതിയ ലോകങ്ങൾ കണ്ടുപിടിക്കാനും ഇല്ല. ചൂഷിതരുടെ കൂട്ടത്തിൽ ഏററവും വലിയ ബലിമൃഗം ഇൻഡ്യയാണു്. കൊള്ളമുതലിന്റെ പങ്കു് ജപ്പാനും കരസ്ഥമാക്കുന്നുണ്ടു്, സംശയമില്ല. എന്നാൽ ഇൻഡ്യയും ചൈനയും ചൂഷണം ചെയ്യപ്പെടാൻ വിസമ്മതിച്ചാൽ ചൂഷകരുടെ അവസ്ഥ എന്തായിരിക്കും? ഇൻഡ്യയും ചൈനയും ചൂഷണവിധേയരാവുന്നതിനു വിസമ്മതിച്ചാൽ, പാശ്ചാത്യരാജ്യങ്ങളും ജപ്പാനും കഷ്ടത്തിലാകാൻ ഇടയുണ്ടെങ്കിൽ, പാശ്ചാത്യരെ അനുകരിക്കാൻ ശ്രമിക്കുന്ന ഇൻഡ്യയുടെ വിധിയോ? വാസ്തവത്തിൽ പാശ്ചാത്യക്ക വ്യവസായവല്ക്കരണവും ചൂഷണവും ഇനിയും മുമ്പോട്ടു കൊണ്ടുപോകാൻ നിവൃത്തിയില്ലാത്തവിധം അധികപ്പെട്ടുപോയിട്ടുണ്ടു്. അവർ ഈ രോഗങ്ങൾക്കു് അധീനരാണു്, അവക്ക തങ്ങളുടെ കെടുതി പരിഹരിക്കുന്നതിലേക്കു് ഒരു ഉപായം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കേവലം പുഴുപ്പുള്ളികളായ നമുക്കു് എങ്ങനെ അതു പരിഹരിക്കാൻ കഴിയും? ഈ വ്യാവസായികപരിഷ്ക്കാരം ഒരു രോഗമാണെന്നുള്ളതാണു് വസ്തുത. കാരണം, അതു അടിമുടി ദോഷമയമാണു്. കുറിവാക്കുകളും മുദ്രാവാക്യങ്ങളുംകൊണ്ടു നാം വഞ്ചിതരാകാതിരിക്കുക. എനിക്കു് ആവിക്കപ്പലിന്റേയോ കമ്പിത്തപാലിന്റേയോ പേരിൽ വഴക്കില്ല. അവയ്ക്കു് യന്ത്രവല്ക്കരണത്തിന്റേയും അതു കുറിക്കുന്ന സകലതിന്റേയും ആശ്രയംകൂടാതെ നിലനില്ക്കാനാവുമെങ്കിൽ അവ നിലനിന്നുകൊള്ളട്ടെ; അവ ഒരു ലക്ഷ്യമല്ല. ആവിക്കപ്പലിനും കമ്പിത്തപാലിനുംവേണ്ടി നാം ചൂഷണം സഹിക്കാൻ പാ

---

16. Young India, 15-4-1926 (P. 142)

17. Young India, 7-10-1926, (Economic and Industrial Life and Relations, vol. II, P. 24)

digitized by www .sreyas.in

ടില്ല. മനുഷ്യവർഗ്ഗത്തിന്റെ ശാശ്വതക്ഷേമത്തിന് അവ ഒരു പ്രകാരത്തിലും അനുപേക്ഷണീയമല്ല.

## 18

കേവലമൊരു ചെറിയ ദ്വീപരാജ്യത്തിന്റെ (ഇംഗ്ലണ്ടിന്റെ) സാമ്പത്തികാധീശത്വം ഇന്നു ലോകത്തെ ബന്ധനത്തിൽ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. 30 കോടി വരുന്ന ഒരു മഹാജനത ഈവിധമുള്ള ചൂഷണത്തിനു മുതിർന്നാൽ, വെട്ടുക്കിളികളെപ്പോലെ ലോകത്തെ വെളിപ്പിച്ചുകളയും. ഇൻഡ്യയിലെ ധനികവർഗ്ഗങ്ങൾ ജനക്ഷേമത്തിനുള്ള ട്രസ്റ്റികളായിത്തീർന്ന്, തങ്ങളുടെ ബുദ്ധിവൈഭവം സ്വന്തധനം വർദ്ധിപ്പിക്കാൻ വിനിയോഗിക്കാതെ പരോപകാരതല്പരമായ മനോഭാവത്തോടെ ബഹുജനഹിതാർത്ഥം ഉഴിഞ്ഞുവച്ച്, ഈ വിപത്തിനെ ഒഴിവാക്കാൻ സഹായിക്കുന്നില്ലെങ്കിൽ, അവസാനം അവർ ജനങ്ങളെ നശിപ്പിക്കും, അല്ലെങ്കിൽ ജനങ്ങളാൽ അവർ നശിപ്പിക്കപ്പെടും.

## 19

ഒരററത്തു് അടങ്ങാത്ത ധനദാഹവും മറേറ അററത്തു് തൽഫലമായ യുദ്ധവും ചേരുന്ന ഈ നാഗരികതയിൽ നഷ്ടപ്രത്യയരായ വിവേകികളുടെ സംഖ്യ ഇന്നു വർദ്ധിച്ചുകൊണ്ടിരിക്കയാണ്. നല്ലതാകട്ടെ ചീത്തയാകട്ടെ, പാശ്ചാത്യരീതിയിൽ ഇൻഡ്യ എന്തിനു വ്യവസായപ്രധാനമാകണം? ഇംഗ്ലണ്ടിനെപ്പോലെയോ ഇററലിയെപ്പോലെയോ ഉള്ള കൊച്ചു രാജ്യങ്ങൾക്കു സ്വവ്യവസ്ഥിതികളെ നഗരവല്ക്കരിക്കാൻ സാധിക്കും. ജനസംഖ്യ കുറഞ്ഞ അമേരിക്കപോലുള്ള ഒരു വലിയ രാജ്യത്തിനും ഒരുവേള വേറൊരു വ്യവസ്ഥിതി സാദ്ധ്യമല്ലായിരിക്കും. എന്നാൽ കോടാനുകോടി ജനങ്ങളും, സ്വന്തം ആവശ്യങ്ങൾ നിറവേററിയിട്ടുള്ള ഒരു പുരാതന ഗ്രാമീണ പാരമ്പര്യവും ഉള്ള ഒരു വമ്പിച്ച രാജ്യം പാശ്ചാത്യമാതൃക പകർത്തേണ്ടതില്ലെന്നുതന്നെ ഒരുവനു വിചാരിക്കാം. ഒരു പ്രത്യേക സ്ഥിതിയിൽ വർത്തിക്കുന്ന ഒരു രാഷ്ട്രത്തിനു ഗുണകരമായിട്ടുള്ളതു്, വിഭിന്നമായൊരു സ്ഥിതിയിൽ വർത്തിക്കുന്ന മറെറാരു രാഷ്ട്രത്തിനു ഗുണകരമായിരിക്കണമെന്നില്ല. ഒരുവന്റെ ഭക്ഷണം പലപ്പോഴും വേറൊരുവനു വിഷമാണ്. ഒരു രാജ്യത്തിന്റെ ഭൂപ്രകൃതിക്കു് ആ രാജ്യത്തിന്റെ സംസ്കാരം നിർണ്ണയിക്കുന്നതിൽ ഗണ്യമായ ഒരു പങ്കുണ്ടു്. ധ്രുവപ്രദേശത്തു പാർക്കുന്ന ഒരാൾക്കു് രോമക്കുപ്പായം ആവശ്യമായിരിക്കാം, എന്നാൽ മദ്ധ്യരേഖാപ്രദേശങ്ങളിൽ പാർക്കുന്നവരെ അതു വീർപ്പുമുട്ടിക്കും.

---

18. Young India, 20-12-1928 (Towards Non-violent Socialism, P. 31)

19. Young India, 25-7-1929 (India of My Dreams, P. 29)

digitized by www .sreyas.in

## 20

എനിക്കോ കൗൺസിലിനോ യന്ത്രവൽക്കരണത്തോട് എതിർപ്പൊന്നുമില്ല. എന്നാൽ ഗാർഹികവ്യവസായങ്ങളെ തുലച്ച്, അവയെ ഒരു സങ്കുചിതമണ്ഡലത്തിൽ കേന്ദ്രീകരിക്കാൻതക്കവിധം, വ്യവസായത്തെ യന്ത്രവൽക്കരിക്കുന്ന നടപടി തെററാണെന്നു ഞങ്ങൾ ദൃഢമായി അഭിപ്രായപ്പെടുന്നു. ഒവറൊരുവിധം പറഞ്ഞാൽ ഇൻഡ്യയുടെ സംസ്കാരവും ഗ്രാമജീവിതവും ഇല്ലായ്മചെയ്തിട്ട് അവളെ നഗരവൽക്കരിക്കുന്നതിനോടു ഞങ്ങൾ എതിരാണ്.

## 21

യന്ത്രംമുഖേനയുള്ള ഉല്പാദനസമ്പ്രദായത്തെ വിജ്ഞമെന്നും, കൈകൊണ്ടുള്ളതിനെ അജ്ഞമെന്നും വിശേഷിപ്പിക്കുന്ന ലേഖകൻ, വിവാദവിഷയം പ്രമാണീകരിക്കുകയാണു ചെയ്യുന്നത്. കൈകൊണ്ടു ചെയ്യേണ്ട വേല യന്ത്രംകൊണ്ടു ചെയ്യുന്നത് എല്ലാകാര്യത്തിലും ഒരു അനുഗ്രഹമാണെന്ന് ഇനിയും തെളിയിക്കേണ്ടിയിരിക്കുന്നു. സുകരമായുള്ളതെന്തും ദുഷ്കരമായുള്ളതിനെക്കാൾ ശ്രേഷ്ഠമാണെന്നുള്ള വാദവും ശരിയല്ല. എല്ലാ മാററവും അനുഗ്രഹമാണെന്നോ, പഴയതെല്ലാം പരിവർജ്ജിക്കാൻ മാത്രമേ കൊള്ളൂ എന്നോ അത്രപോലും തെളിഞ്ഞിട്ടില്ല.

ഒരു ജോലി അന്യഥാ പണിയില്ലാത്ത അനേകലക്ഷം കൈകൾകൊണ്ട് അനായാസം ചെയ്യാമെന്നുള്ളപ്പോൾ അതിലേക്ക് യന്ത്രങ്ങൾ ഉപയോഗിക്കുന്നതു ദോഷകരമാണെന്നു ഞാൻ വാദിക്കുന്നു. 1900 മൈൽ നീളവും 1500 മൈൽ വീതിയുമുള്ള ഒരു ഭൂഖണ്ഡത്തിൽ 7 ലക്ഷം ഗ്രാമങ്ങളിലായി വ്യാപിച്ചു കിടക്കുന്ന അനേകലക്ഷം ജനങ്ങൾക്ക്, അവർതന്നെ സ്വന്തം ഭക്ഷണം പാകം ചെയ്യുമ്പോലെ സ്വന്തം ഗ്രാമത്തിൽ സ്വന്തം വസ്ത്രങ്ങൾ നിർമ്മിക്കുന്നതാണ് എക്കാലത്തും കൂടുതൽ നല്ലതും, ഭദ്രവും. പാശ്ചാത്യനിരീക്ഷകന്മാർ പാശ്ചാത്യോപാധികൾ വച്ചുകൊണ്ടു പെട്ടെന്നു വാദിക്കും, അവരുടെ രാജ്യത്തിനു യോജിച്ചവ, സാരമായ പല അംശത്തിലും സ്ഥിതിഗതിക്ക് വ്യത്യാസപ്പെട്ട ഇൻഡ്യയ്ക്കും യോജിക്കുമെന്ന്. സാമ്പത്തികശാസ്ത്രനിയമങ്ങളുടെ പ്രയോഗം വ്യത്യസ്തസ്ഥിതികളിൽ വ്യത്യാസപ്പെട്ടിരുന്നേ കഴിയൂ.

യാന്ത്രികസമ്പ്രദായം ആയാസരഹിതമാണെന്നതിൽ സംശയമില്ല. അക്കാരണത്താൽ അതൊരു അനുഗ്രഹമാണെന്നു വരുന്നില്ല കീഴ്പ്പോട്ടുള്ള ഇറക്കം സുഖകരമാണ്, എന്നാൽ ആപൽക്കരവുമാ

---

20. Young India, 21-11-1929 (Khadi, P. 94)
21. Young India, 2-7-1931 (Cent per Cent Swadeshi, P. 88)

digitized by www .sreyas.in

ണ്. കൈകൊണ്ടുള്ള വേല ഏതായാലും ഒരു അനുഗ്രഹമാണ്. കാരണം, അതു് ആയാസകരമാണ്. യന്ത്രസമ്പ്രദായത്തിലുള്ള ഭ്രാന്തു തുടരുന്നപക്ഷം, നാം നിശ്ശേഷം അപ്രാപ്തരും ദുർബ്ബലരുമായിത്തീരുന്ന ഒരു കാലം വന്നുചേരാൻ വളരെ ന്യായമുണ്ട്. ദൈവംതന്ന സജീവയന്ത്രസാമഗ്രികളുടെ ഉപയോഗം വിസ്മരിച്ചതിനു് നാം നമ്മെത്തന്നെ അന്നു ശപിക്കും. കളിയും വ്യായാമവും കൊണ്ടു് ലക്ഷോപലക്ഷം പേക്കു വേണ്ടത്ര ശേഷിയോടെ ഇരിക്കാൻ പററുകില്ല. അവർ എന്തിനു് പ്രയോജനകരവും, ഫലദായകവും, നെഞ്ഞുക്കുണ്ടാക്കുന്നതുമായ തൊഴിലുകൾ കളഞ്ഞിട്ടു് ഉപയോഗമില്ലാത്ത, വിഫലമായ, ചെലവുകൂടിയ കളികളുടേയും വ്യായാമമുറകളുടേയും പുറകെ പോകണം? അവ ഒരു മാററത്തിനും വിനോദത്തിനും കൊള്ളാം. എന്നാൽ ഉല്പാദനവിഷയകമായി നമുക്കു് യാതൊരു പങ്കുമില്ലാത്ത ഭക്ഷണം അകത്തു ചെലുത്തുന്നതിനാവശ്യമായ വിശപ്പുണ്ടാക്കാൻവേണ്ടി, ഒരു അവശ്യകർമ്മമായി, കളിക്കയും വ്യായാമം ചെയ്കയും വേണമെന്നുവരുമ്പോൾ അതു് ഒരു വലിയ സൊല്ലയായിത്തീരും.

## 22

'ഇന്നത്തെ കുഴപ്പത്തിനു കാരണമെന്തു്?' ചൂഷണംതന്നെ. ശക്തിയേറിയ രാഷ്ട്രങ്ങൾ ദുർബ്ബലരാഷ്ട്രങ്ങളുടെമേൽ നടത്തുന്ന ചൂഷണം എന്നല്ല ഞാൻ പറയുന്നതു്, സഹോദരരാഷ്ട്രങ്ങളുടെ മേൽ സഹോദരരാഷ്ട്രങ്ങൾ നടത്തുന്ന ചൂഷണം. യന്ത്രസാമഗ്രികളാണു് മററുള്ളവരെ ചൂഷണംചെയ്യാൻ ഈ രാഷ്ട്രങ്ങളെ ശക്തരാക്കിയിട്ടുള്ളതു്. ഈ വസ്തുതയാണു് യന്ത്രത്തോടുള്ള എന്റെ മൗലികമായ എതിർപ്പിനു നിദാനം. യന്ത്രം സ്വയമേവ ഒരു അചേതനവസ്തുവാണു്, അതിനെ നല്ലതോ തീയതോ ആയ കാര്യത്തിനു വേണ്ടി തിരിച്ചുവിടാം. എന്നാൽ അതിനെ നിഷ്പ്രയാസം ചീത്ത കാര്യങ്ങൾക്കായി തിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു എന്നു നാം കാണുന്നു.

## 23

വ്യാവസായികത മനുഷ്യരാശിക്കു് ഒരു ശാപമാകാൻ പോകയാണു്. ഒരു ജനത മറെറാരു ജനതയെ ചൂഷണം ചെയ്യുന്ന സമ്പ്രദായം എക്കാലവും തുടർന്നുപോകാൻ സാദ്ധ്യമല്ല. ചൂഷണം ചെയ്വാനുള്ള നിങ്ങളുടെ കഴിവിനെ, നിങ്ങളുടെ മുമ്പിൽ തുറന്നുകിടക്കുന്ന വിദേശവിപണിയെ, മത്സരത്തിനു മററാരും ഇല്ലാത്ത സൗകര്യത്തെമാത്രം ആശ്രയിച്ചാണു് വ്യവസായികതയുടെ നിലനി

22. Young India, 22-10-1931 (Selections from Gandhi, P. 63)
23. Young India, 12-11-1931 Cent per Cent Swadesi, P. 90(

digitized by www .sreyas.in

ല്പ്. ഈ ഘടകങ്ങൾ ഇംഗ്ലണ്ടിനു നാശകമായി കുറഞ്ഞുവരുന്നതുകൊണ്ടാണ്, അവിടെ തൊഴിൽരഹിതരുടെ സംഖ്യ ദിനംപ്രതി വർദ്ധിക്കുന്നത്. ഇൻഡ്യൻ ബഹിഷ്കരണം ഒരു കൊതുകുകടി മാത്രമേ ആകുന്നുള്ളു. ഇംഗ്ലണ്ടിന്റെ സ്ഥിതി ഇതാണെങ്കിൽ, ഒരു വിശാലരാജ്യമായ ഇൻഡ്യയ്ക്കു വ്യവസായവല്ക്കരണംകൊണ്ടു ഗുണമുണ്ടാകുമെന്നു വിചാരിക്കാൻ വയ്യ. വാസ്തവത്തിൽ ഇൻഡ്യ മറ്റു രാഷ്ട്രങ്ങളെ ചൂഷണംചെയ്യാൻ തുടങ്ങുമ്പോൾ, — വ്യവസായവല്ക്കരിക്കയാണെങ്കിൽ ചൂഷണം അനിവാര്യമാണ് — അതു മറ്റു രാഷ്ട്രങ്ങൾക്ക് ഒരു ശാപമായിത്തീരും, ലോകത്തിന് ഒരു ഭീഷണിയായിത്തീരും. മറ്റു ജനങ്ങളെ ചൂഷണം ചെയ്യുന്നതിനുവേണ്ടി ഇൻഡ്യയെ വ്യവസായവല്ക്കരിക്കാൻ ഞാൻ എന്തിനു സഹായിക്കണം? നിങ്ങൾ ആ ദുരവസ്ഥയുടെ വിപത്തു കാണുന്നില്ലേ? അതായത്, നമുക്കു നമ്മുടെ തൊഴിലില്ലാത്ത മുപ്പതുകോടിക്കു തൊഴിലുണ്ടാക്കിക്കൊടുക്കാൻ കഴിയും. എന്നാൽ ഇംഗ്ലണ്ടിന് അവിടത്തെ മുപ്പതു ലക്ഷത്തിനു തൊഴിൽ കൊടുക്കാൻ കഴികില്ല! ഇംഗ്ലണ്ടിലെ ഏററവും വലിയ ബുദ്ധിമാന്മാരെപ്പോലും കുഴക്കുന്ന ഒരു പ്രശ്നമാണ് ഇംഗ്ലണ്ടിനെ ഇന്ന് അഭിമുഖീകരിച്ചിരിക്കുന്നത്. വ്യാവസായികതയുടെ ഭാവി ഇരുണ്ടതാണ്. ഇംഗ്ലണ്ടിനോടു വിജയകരമായി മത്സരിക്കാൻ സമർത്ഥരായ എതിരാളികൾ അമേരിക്കയിലും, ജപ്പാനിലും, ഫ്രാൻസിലും, ജർമ്മനിയിലും ഉണ്ട്. ഇൻഡ്യയിൽത്തന്നെയുള്ള കുറച്ചു മില്ലുകളിലും അവയ്ക്കു പ്രതിയോഗികൾ ഉണ്ട്. ഇൻഡ്യയിൽ ഒരു ഉണർവ്വ് ഉണ്ടായിട്ടുള്ളതുപോലെ, ഇൻഡ്യയെക്കാൾ പ്രകൃതിവിഭവങ്ങളും ധാതുസമ്പത്തും മനുഷ്യശക്തിയും ഉള്ള തെക്കേ ആഫ്രിക്കയിൽ ഉണർവ്വുണ്ടാകും. ആഫ്രിക്കയിലെ മഹത്തായ വർഗ്ഗങ്ങളുടെമുമ്പിൽ ഇംഗ്ലീഷുകാർ വെറും വാമനന്മാരാണ്. അവർ ഏതായാലും, ഉൽകൃഷ്ടരായ കിരാതന്മാർ മാത്രമാണല്ലോ എന്നു നിങ്ങൾ പറഞ്ഞേക്കും. തീർച്ചയായും അവർ ഉൽകൃഷ്ടന്മാരാണ്, എന്നാൽ കിരാതന്മാരല്ല. കുറച്ചു കാലത്തിനുള്ളിൽ, പാശ്ചാത്യർക്കു തങ്ങളുടെ വിക്രയസാധനങ്ങൾ കൊണ്ടുചെന്നു മറിക്കാൻ ആഫ്രിക്കയിൽ സ്ഥലം ഇല്ലാതാവും. ഇങ്ങനെ പാശ്ചാത്യരാജ്യത്തു വ്യവസായവല്ക്കരണത്തിന്റെ ഭാവി ഇരുളടഞ്ഞതാണെങ്കിൽ, ഇൻഡ്യയിൽ അതു കുറേക്കൂടി ഇരുളടഞ്ഞതാവില്ലേ?

## 24

*അതെ, തീർച്ചയായും. എന്നാൽ ഞാൻ ആദർശമായിക്കാണുന്ന ബൃഹദുല്പാദനം (mass production) ബലാല്ക്കാരത്തെ ആശ്രയി

---

24. Harijan, 2-11-1934

"അങ്ങ് ബൃഹദുല്പാദനം (mass production) ഇന്ത്യയുടെ ഒരു ആദർശമായി പരിഗണിക്കുന്നുണ്ടോ?" എന്ന ചോദ്യത്തിനുത്തരം

digitized by www .sreyas.in

ച്ചുള്ളതല്ല. ഏതായാലും, ചർക്കയുടെ സന്ദേശം അതാണ്. അതു ബൃഹദുല്പാദനമാണ്, എന്നാൽ ജനങ്ങളുടെ സ്വന്തം ഭവനങ്ങളിൽ വച്ചു സാധിക്കുന്ന ബഹൂദുല്പാദനം വ്യക്തിപരമായ ഉല്പാദനത്തെ ലക്ഷോപലക്ഷം മടങ്ങു വർധിപ്പിച്ചാൽ അതു് ഒരു ബൃഹദുല്പാദനമാകില്ലേ? എന്നാൽ നിങ്ങളുടെ 'ബൃഹദുല്പാദനം' ഒരു സാങ്കേതികപദമാണെന്നു് എനിക്കറിയാം. അത്യന്തം വ്യാമിശ്രമായ യന്ത്രസാമഗ്രികളുടെ സഹായത്താൽ, കഴിയുന്നത്ര കുറച്ചാളുകൾ നടത്തുന്ന നിർമ്മാണത്തെയാണു് അതു കുറിക്കുന്നതു്. അതു തെറ്റാണെന്നു ഞാൻ വിചാരിക്കുന്നു. എന്റെ യന്ത്രസാമഗ്രികൾ ഏററവും പ്രാഥമികമായ രീതിയിലുള്ളതായിരിക്കണം. എനിക്കു് അവയെ ലക്ഷോപലക്ഷം ഭവനങ്ങളിൽ പ്രവർത്തിപ്പിക്കാൻ കഴിയണം.

## 25

മി. ഫോർഡിന്റെ യുക്തിവാദത്തിനു പിമ്പിൽ അതിഭീമമായ ഒരു പ്രമാദമുണ്ടു്. നിർമ്മാണത്തിന്റെകൂടെ, തത്തുല്യമായ തോതിൽ വിതരണവും ആവശ്യമുണ്ടു്. അല്ലെങ്കിൽ ആ നിർമ്മാണം ലോകത്തിനു് ഒരു മഹാവിപത്തായിത്തീരുകയേയുള്ളു. ഫോർഡിന്റെ കാറുകൾതന്നെ ദൃഷ്ടാന്തമായെടുക്കാം. ഇന്നല്ലെങ്കിൽ നാളെ, ഈ കാറുകളുടെ ഉല്പാദനം ഒട്ടും മുമ്പോട്ടുകൊണ്ടുപോകാൻ നിർവ്വാഹമില്ലാത്ത ഒരു പരകോടിയിൽ എത്തും, എത്തിയേ കഴിയൂ. അപ്പോൾ എന്തായിരിക്കും സംഭവിക്കുക?

ബൃഹദുല്പാദനം ഉപഭോക്താവിന്റെ യഥാർത്ഥത്തിലുള്ള ആവശ്യത്തെ കണക്കിലെടുക്കുന്നില്ല. ബൃഹദുല്പാദനം സ്വതേ ഗുണകരമാണെങ്കിൽ, അതു് അനിയന്ത്രിതമായി, അനിശ്ചിതമായി വർധിപ്പിക്കാൻ കഴിയണം. എന്നാൽ അതിന്മേൽ‌തായ പരിമിതികൾ അതിനുണ്ടെന്നു് ഖണ്ഡിതമായി തെളിയിക്കാൻ കഴിയും. എല്ലാ രാജ്യങ്ങളും ബൃഹദുല്പാദനപദ്ധതി സ്വീകരിച്ചാൽ, അവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കു കമ്പോളം മതിയാകാതെവരും. അപ്പോൾ ബൃഹദുല്പാദനം അവിടെ നിലയ്ക്കണം.

ലോകത്തിലെ വിഷമതസ്സുത്തരവാദി ബൃഹദുല്പാദനഭ്രാന്താണെന്നുള്ള എന്റെ വിശ്വാസം ഞാൻ നിസ്സന്ദേഹം പ്രസ്താവിച്ചുകൊള്ളുന്നു. മനുഷ്യരാശിയുടെ എല്ലാ ആവശ്യങ്ങളും യന്ത്രസാമഗ്രികൾ നിറവേററുമെന്നു തല്ക്കാലത്തേക്കു സമ്മതിച്ചാൽത്തന്നെ, അതു് ഉല്പാദനങ്ങളെ ചില പ്രത്യേക മണ്ഡലങ്ങളിൽ കേന്ദ്രീകരിക്കും. തന്നിമിത്തം വിതരണം ക്രമപ്പെടുത്താൻ വളഞ്ഞവഴിക്കു പോയേപററൂ. നേരേമറിച്ചു് ഉല്പാദനവും വിതരണവും സാധനങ്ങൾ ആവശ്യമു

---

25. Harijan, 2-11-1934 (Economic and Industrial Life and Relations, vol. II, pp. 151—153)

digitized by www .sreyas.in

ള്ള അതാതിടങ്ങളിൽ നടക്കുകയാണെങ്കിൽ, അതു സ്വയമേവ ക്രമീകൃതമാകുന്നു. അതിമോഹത്തിനോ കാപട്യത്തിനോ അപ്പോൾ അവസരം കുറയുകയും ചെയ്യുന്നു.

പ്രസ്തുത രാഷ്ട്രങ്ങൾക്ക് (യൂറോപ്പിനും അമേരിക്കയ്ക്കും) ദുർബ്ബലങ്ങളും അസംഘടിതങ്ങളുമെന്നറിയപ്പെടുന്ന വർഗ്ഗങ്ങളെ ചൂഷണം ചെയ്യാൻ കഴിയുന്നുണ്ടെന്നു നിങ്ങൾ കാണുന്നു. ഈ വർഗ്ഗങ്ങൾ ഒരു പ്രാഥമിക ജ്ഞാനം നേടുകയും ഇനിമേൽ ചൂഷണം ചെയ്യപ്പെടുവാൻ തങ്ങൾ സമ്മതിക്കുകില്ലെന്നു നിശ്ചയിക്കയും ചെയ്യുമ്പോൾ, അവർ സ്വയം നിർമ്മിക്കാൻ കഴിയുന്ന സാധനങ്ങളെക്കൊണ്ടു തൃപ്തിപ്പെട്ടുകൊള്ളും. മുഖ്യപ്രധാനമായ അത്യാവശ്യസാധനങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും അപ്പോൾ ബൃഹദുല്പാദനം അപ്രത്യക്ഷമാകും. അവർ പിന്നെ സ്വന്തം ആവശ്യത്തിനുവേണ്ടിയായിരിക്കും ഉല്പാദനം നടത്തുക. അങ്ങനെ വരുമ്പോൾ പാശ്ചാത്യർ മനസ്സിലാക്കിയിരിക്കുന്ന സാങ്കേതികാർത്ഥത്തിലുള്ള ബൃഹദുല്പാദനം നിലയ്ക്കുകയായി. ഉല്പാദനവും ഉപഭോഗവും അതാതു സ്ഥലത്തിന്റെ പരിധിയിൽ ഒതുങ്ങുമ്പോൾ, എത്രയെന്നോ ഏതു വിലയ്ക്കെന്നോ കണ്ണൂപ്പിയില്ലാതെ ഉല്പാദനത്തെ ത്വരിതപ്പെടുത്തുന്നതിനുള്ള പ്രലോഭനം അപ്രത്യക്ഷമാകുന്നു. നമ്മുടെ ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതിയിൽനിന്നുദിക്കുന്ന അനവധി ദുർഘടങ്ങളും വിഷമപ്രശ്നങ്ങളും അപ്പോൾ അസ്തമിക്കയും ചെയ്യും. ഇംഗ്ലണ്ടു് ഇന്നു ലോകത്തിന്റെ വസ്ത്രക്രയശാലയാണ്. തന്നിമിത്തം അവൾക്കു് കമ്പോളം കിട്ടാൻ ഒരു ലോകത്തെത്തന്നെ അടിമത്തത്തിൽ സൂക്ഷിക്കേണ്ട ആവശ്യകതയുണ്ടു്. എന്നാൽ ഞാൻ വിഭാവനം ചെയ്യുന്ന മാററം വന്നാൽ അവൾ ഉല്പാദനം അവളുടെ നാലരക്കോടി ജനങ്ങളുടെ യഥാർത്ഥ ആവശ്യത്തിനു മാത്രമായി ചുരുക്കും. ആ ആവശ്യം സാധിച്ചുകഴിയുമ്പോൾ ഉല്പാദനം അവശ്യം നില്ക്കും. ഒരു ജനതയുടെ ആവശ്യങ്ങളോ അവർ ദാരിദ്ര്യത്തിൽ നിപതിക്കുമെന്ന അപകടമോ പരിഗണിക്കാതെ, കൂടുതൽ സ്വർണ്ണം ആർജ്ജിക്കുന്നതിനു വേണ്ടി അതു തുടരുകയില്ല; അമേരിക്കയിൽ സംഭവിക്കുന്നതുപോലെ ഏതാനും ചിലരുടെ കീശയിൽ അസ്വാഭാവികമായ രീതിയിൽ പണം വന്നു കുമിഞ്ഞുകൂടുകയില്ല, ബാക്കിയുള്ളവർ സുഭിക്ഷതയുടെ നടുവിൽ ദാരിദ്ര്യം അനുഭവിക്കേണ്ടി വരികയും ഇല്ല. അമേരിക്ക ഇന്നു നാനാതരത്തിലുള്ള കളിപ്പാട്ടങ്ങൾ വിററോ, അല്ലെങ്കിൽ അവളുടെ എതിരററ കൗശലം വിററോ (അവൾക്കു് അതിനവകാശമുണ്ടു്) ലോകത്തെ സ്വാധീനതയിൽ വച്ചുകൊണ്ടിരിക്കുന്നു. അവൾ ബൃഹദുല്പാദനത്തിന്റെ പരമകോടിയിൽ എത്തിയിരിക്കയാണ്. എന്നിട്ടും അവൾക്കു തൊഴിലില്ലായ്മയോ ദാരിദ്ര്യമോ ദൂരീകരിക്കാൻ സാധിച്ചിട്ടില്ല. ഏതാനും ചിലർ മഹാകുബേരന്മാരായിട്ടുണ്ടെങ്കിലും അവിടെ ഇപ്പോഴും ആയി

രക്കണക്കിനാളുകൾ കഷ്ടതയിൽ കഴിയുന്നു. അമേരിക്കൻ ജനത മുഴുവൻ ഈ ബൃഹദുല്പാദനത്തിൻെറ ഗുണം അനുഭവിക്കുന്നില്ല.

26

മനുഷ്യൻെറ നിർമ്മാണകുശലമായ മസ്തിഷ്കം കീഴ്പ്പെടുത്തിയിട്ടുള്ള പ്രകൃതിശക്തികളെ ഉപയോഗപ്പെടുത്തുന്ന വഴിക്കാണു ഞാൻ രക്ഷാമാർഗ്ഗം തേടേണ്ടതെന്നു് എന്നെ ചിലർ ഉപദേശിച്ചിരിക്കുന്നു. പുരോഗതി പ്രാപിച്ചിട്ടുള്ള പാശ്ചാത്യരാജ്യങ്ങളിൽ ചെയ്യുന്നതുപോലെ വെള്ളം, വായു, എണ്ണ, വിദ്യുച്ഛക്തി എന്നിവയെ പൂർണ്ണമായി പ്രയോജനപ്പെടുത്തണമെന്നാണു് അവരുടെ താല്പര്യം. പ്രകൃതിയുടെ നിഗൂഢശക്തികൾക്കുമേൽ സ്ഥാപിച്ച നിയന്ത്രണം ഓരോ അമേരിക്കക്കാരനെയും മുപ്പതു് അടിമകളെ വെയ്ക്കാൻ പ്രാപ്തരാക്കുന്നുണ്ടെന്നു പറയപ്പെടുന്നു. ഈ പരിപാടി ഇൻഡ്യയിൽ ആവർത്തിക്കുന്നപക്ഷം, അതു് ഓരോ ആൾക്കും മുപ്പതു് അടിമകളെ കൊടുക്കുന്നതിനുപകരം, ഈ രാജ്യത്തു് നിവസിക്കുന്ന ഓരോ ആളിനെയും മുപ്പതുമടങ്ങു കൂടുതൽ ദാസ്യത്തിലാക്കുമെന്നു ഞാൻ പറയുന്നു.

27

ഈ പദ്ധതിയുടെ മറെറാരു പ്രയോജനംകൂടി നോക്കുക. നിങ്ങൾക്കു് അതു് എത്രമടങ്ങു വേണമെങ്കിലും വദ്ധിപ്പിക്കാം. എന്നാൽ നിരവധികമായ ഉല്പാദനകേന്ദ്രീകരണം തൊഴിലില്ലായ്മയ്ക്കു വഴിതെളിക്കുകയേ ഉള്ളു. പരിഷ്കൃതയന്ത്രസാമഗ്രികളുടെ ആവിർഭാവത്താൽ തൊഴിലില്ലാതാകുന്ന തൊഴിലാളികൾ മററു തൊഴിലുകളിൽ പ്രവേശിക്കാമല്ലോ എന്നു നിങ്ങൾ പറഞ്ഞേക്കും. പക്ഷേ, വ്യവസ്ഥാപിതമായുള്ള ഒരു രാജ്യത്തു് — ജോലിക്കു നിശ്ചിതവും പരിമിതവുമായ മാർഗ്ഗങ്ങൾ മാത്രമുള്ള, ഒരു പ്രത്യേകതരം യന്ത്രംമാത്രം ഉപയോഗിക്കുന്നതിൽ തൊഴിലാളി അതിനൈപുണ്യം നേടിയിട്ടുള്ള ഒരു രാജ്യത്തു് — ഇതു കൃച്ഛ്റസാദ്ധ്യമാണെന്നു നിങ്ങൾക്കു സ്വന്തം അനുഭവത്തിൽനിന്നറിയാം. ഇംഗ്ലണ്ടിൽത്തന്നെ ഇന്നു മുപ്പതുലക്ഷത്തിലധികം തൊഴിലില്ലാത്ത ആളുകളില്ലേ? 'തൊഴിലില്ലാത്ത ഈ മുപ്പതുലക്ഷംപേരെക്കൊണ്ടു് ഇന്നു് എന്തു ചെയ്യിക്കുന്നു?' ഈ അടുത്ത ഒരു ദിവസംമാത്രമാണു് ഈ ചോദ്യം ഒരാൾ എന്നോടു ചോദിച്ചതു്. അവരെ ഒരുദിവസംകൊണ്ടു ഫാക്ടറിയിൽനിന്നും കൃഷിഭൂമിയിലേക്കു മാററാൻ സാധിക്കയില്ല. അതു് ഒരു ഭീമമായ പ്രശ്നമാണു്.

---

26. Harijan, 16-11-1934 (Cent per cent Swadesi, P. 21)

27. Harijan, 2-11-1934 (Economic and Industrial Life and Relations, vol. II, P. 155)

digitized by www .sreyas.in

## 28

ഉദ്ദിഷ്ടജോലികൾക്ക് ആളുകൾ വളരെ കുറവായിരിക്കുമ്പോൾ യന്ത്രവൽക്കരണം കൊള്ളാം. എന്നാൽ ഇൻഡ്യയിലെപ്പോലെ ജോലിക്ക് ആവശ്യത്തിൽ കവിഞ്ഞ് ആളുകൾ ഉള്ളപ്പോൾ, അതൊരു ദോഷമാണ്. ഏതാനും ചതുരശ്രഗജം ഭൂമി കിളയ്ക്കാൻ ഞാൻ ഒരു കലപ്പ ഉപയോഗിച്ചെന്നു വരികില്ല. നമ്മുടെ പ്രശ്നം, ഗ്രാമങ്ങളിൽ നിവസിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾക്ക് എങ്ങനെ വിശ്രമം നൽകാമെന്നുള്ളതല്ല, അവർ വെറുതെ കളയുന്ന സമയം എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ളതാണ്. ഒരാണ്ടിൽ ആറുമാസത്തെ ജോലിദിവസങ്ങൾക്കൊപ്പമുണ്ട്, ജോലിയില്ലാത്ത സമയം. നിങ്ങൾക്കു വിചിത്രമെന്നു തോന്നിയേക്കാം, ഓരോ മില്ലും പൊതുവേ ഗ്രാമീണർക്ക് ഒരു ഭീഷണിയാണ്. ഞാൻ കണക്കുകൂട്ടിനോക്കിയിട്ടില്ല, എങ്കിലും ഓരോ യന്ത്രശാലാജോലിക്കാരനും അതേ ജോലി ഗ്രാമത്തിൽ ചെയ്യുന്ന ആളുകളിൽ കുറഞ്ഞപക്ഷം പത്തു ജോലിക്കാരുടെ പണി ചെയ്യുന്നുണ്ടെന്നു പറഞ്ഞാൽ അതിൽ ഒട്ടും തെറ്റുണ്ടാവുകയില്ല. വേറൊരുവിധം പറഞ്ഞാൽ, അയാൾ പത്തു സഹഗ്രാമീണരുടെ ജോലി നശിപ്പിച്ചിട്ട്, താൻ ഗ്രാമത്തിലുണ്ടാക്കിയതിനേക്കാൾ കൂടുതൽ വരുമാനം ഉണ്ടാക്കുന്നു. ഇങ്ങനെ, നൂൽനൂൽപ്പുമില്ലും നെയ്ത്തുമില്ലും ഗ്രാമീണരുടെ ഗണ്യമായ ഒരു ജീവിതമാർഗ്ഗം ഇല്ലാതാക്കിയിരിക്കുന്നു. മില്ലുകൾ കുറേക്കൂടി വിലകുറഞ്ഞ, മെച്ചപ്പെട്ട വസ്ത്രങ്ങൾ നിർമ്മിച്ചുവിടുന്നുവെന്നു പറഞ്ഞാൽ—അങ്ങനെ നിർമ്മിക്കുന്നുവെങ്കിൽത്തന്നെ—അതു ശരിയായ ഒരു മറുപടിയാകയില്ല. എന്തെന്നാൽ, അവ അനേകായിരം തൊഴിലാളികളുടെ സ്ഥാനം അപഹരിച്ചിട്ടുണ്ടെങ്കിൽ, ഏററവും വില കുറഞ്ഞതെന്നു പറയപ്പെടുന്ന മിൽത്തുണി ഗ്രാമങ്ങളിൽ നെയ്യുന്ന ഏററവും വിലകൂടിയ ഖാദിയേക്കാൾ യഥാർത്ഥത്തിൽ വിലകൂടിയ സാധനമാണ്. കൽക്കരി ഖനനംചെയ്യുന്നവന് അതു വിലകൂടിയ സാധനമല്ല. അയാൾക്ക് അത് അപ്പോൾ അവിടെത്തന്നെ ഉപയോഗിക്കാം. ഖാദിയും സ്വന്തമായി അതു നിർമ്മിക്കുന്ന ഗ്രാമീണനു വിലകൂടിയ സാധനമല്ല. എന്നാൽ മില്ലുകൾ മുഖേനയുള്ള തുണിനിർമ്മാണം ഗ്രാമത്തിലെ തൊഴിൽക്കാരെ നിരാധാരരാക്കുന്നു. നെല്ലുകുത്തുമില്ലും, ധാന്യംപൊടിക്കുന്ന മില്ലും പാവപ്പെട്ട അനേകായിരം സ്ത്രീത്തൊഴിലാളികളെ നിരാധാരരാക്കുന്നുവെന്നു മാത്രമല്ല, ഒരു ജനസമൂഹത്തിന്റെ ആരോഗ്യത്തെ നിഹനിക്കുകകൂടി ചെയ്യുന്നു. മാംസാഹാരത്തോടു വെറുപ്പും അതിന്റെ ചെലവു താങ്ങാൻ പ്രയാസവും ഇല്ലാത്തസ്ഥലങ്ങളിൽ വെളുത്ത മാവും തവിടുകളഞ്ഞ അരിയും ഉപദ്രവം ചെയ്കില്ലായിരിക്കാം. എന്നാൽ മാംസം ഭക്ഷിക്കുന്നതിൽ വിരോധമോ അതു വാങ്ങുന്ന

28. Harijan, 16-11-1934 (Cent per cent Swadesi, pp. 21—22)

digitized by www .sreyas.in

തിൽ സൗകര്യങ്ങളോ ഇല്ലാത്തിടങ്ങളിൽപ്പോലും അനേകലക്ഷം പേർക്കും മാംസം ലഭ്യമല്ലാത്ത ഇൻഡ്യയിൽ, മുഴുഗോതമ്പിലും വെളുപ്പിക്കാത്ത അരിയിലും അടങ്ങിയിട്ടുള്ള പോഷകങ്ങളും ഓജസ്സ് കരങ്ങളുമായ ധാതുക്കളുടെ പ്രയോജനം നഷ്ടപ്പെടുത്തിക്കളയുന്നതു പാപകരമാണ്.

## 29

യന്ത്രയുഗം എന്തെല്ലാം വിസ്മയങ്ങൾ കാട്ടിയാലും, വിദ്യുച്ഛക്തി പ്രവർത്തിതമായ യന്ത്രങ്ങൾ എമ്പാടും നടപ്പാക്കുന്നതുമൂലം സ്ഥാനഭ്രഷ്ടരാകുന്ന അനേകലക്ഷം ജോലിക്കാർക്ക് അതു് ഒരിക്കലും തൊഴിൽ നല്കുകയില്ല.

## 30

ആണ്ടിൽ നാലു മാസം നിർബന്ധിതാലസതയിൽ കഴിയേണ്ട ലക്ഷോപലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഇൻഡ്യയെപ്പോലൊരു രാജ്യത്തിൽ വൻതോതിലുള്ള വ്യവസായങ്ങൾ ഉണ്ടായിരിക്കെ, ജനങ്ങൾക്കു സാമാന്യം സുഖസൗകര്യങ്ങളോടെ ജീവിക്കാൻ സാധിക്കുമോ എന്നു് എനിക്കു് നിശ്ചയമില്ല. ഗ്രാമങ്ങളാൽ നടത്താൻ സാദ്ധ്യമല്ലാത്ത വ്യവസായങ്ങളിലൊഴികെ, വൻതോതിലുള്ള കേന്ദ്രീകൃതവ്യവസായവല്കരണം എന്നാൽ അനേകലക്ഷംപേർക്കു് പട്ടിണിയെന്നാണർത്ഥം. അല്ലെങ്കിൽ തൊഴിലില്ലാതായിത്തീരുന്ന ജനലക്ഷങ്ങൾക്കു മാന്യമായ തൊഴിൽ ഉണ്ടാക്കിക്കൊടുക്കണം.

## 31

ഓരോ ഗ്രാമീണഗൃഹത്തിലും വിദ്യുച്ഛക്തി ലഭ്യമാകുന്നെങ്കിൽ, ഗ്രാമീണർ തങ്ങളുടെ പണിക്കോപ്പുകളും ഉപകരണങ്ങളും അതിന്റെ സഹായത്തോടെ പ്രയോഗിക്കുന്നതു ഞാൻ സാരമാക്കുകയില്ല. പക്ഷേ പവ്വർഹൗസിന്റെ ഉടമസ്ഥത ഗ്രാമസമൂഹങ്ങളോ സ്റ്റേറ്റോ വഹിക്കണം. പൊതു മേച്ചിൽസ്ഥലങ്ങളുടെ ഉടമസ്ഥത അവ വഹിക്കുന്നതുപോലെ. എന്നാൽ വിദ്യുച്ഛക്തിയാകട്ടെ, യന്ത്രോപകരണങ്ങളാകട്ടെ ഇല്ലാത്തിടത്തു് അലസഹസ്തങ്ങൾ എന്തു ചെയ്യണം? നിങ്ങൾ അവർക്കു ജോലിയുണ്ടാക്കിക്കൊടുക്കുമോ, അതോ ഉടമസ്ഥന്മാർ ജോലിയില്ലെന്നു പറഞ്ഞു് അവരെ കുറവുചെയ്യട്ടെ എന്നു വയ്ക്കുമോ?

---

29. Harijan, 5-1-1935 (Cent per cent Swadesi, P. 31)

30. Harijan, 8-2-1935 (Economic and Industrial Life and Relations, vol. II, P. 168)

31. Harijan, 22-6-1935

digitized by www .sreyas.in

സകലരുടെയും നന്മയ്ക്കായുള്ള ഓരോ ശാസ്ത്രീയ കണ്ടുപിടുത്തത്തെയും ഞാൻ വിലമതിക്കും. കണ്ടുപിടുത്തങ്ങൾക്ക തമ്മിൽ അന്തരമുണ്ട്. ഒററയടിക്ക് അനേകംപേരെ കൊല്ലാൻ സമർത്ഥമായ ശ്വാസരോധ വാതകങ്ങളെ ഞാൻ കാര്യമാക്കുന്നില്ല. മനുഷ്യയത്നം കൊണ്ടു നിർവ്വഹിക്കാനാകാത്ത പൊതുജനോപകാരപ്രദങ്ങളായ ജോലികൾക്കുവേണ്ടിയുള്ള വൻകിട യന്ത്രങ്ങൾക്ക് അവയുടേതായ അനുപേക്ഷണീയ സ്ഥാനമുണ്ട്. എന്നാൽ അവയെല്ലാം സ്റ്റേററിൻെറ ഉടമയിലായിരിക്കണം, ജനങ്ങളുടെ ഉന്നമനത്തിനായി മാത്രം ഉപയോഗപ്പെടുത്തുകയും വേണം. അനേകം പേരെ കെടുത്തി ഏതാനുംപേരെ പണക്കാരാക്കാൻ, അഥവാ കാരണം കൂടാതെ അനേകംപേരുടെ പ്രയോജനപ്രദമായ തൊഴിലിനെ ഇല്ലായ്മചെയ്വാൻ, ഉദ്ദേശിക്കപ്പെട്ടിട്ടുള്ള യന്ത്രവല്ക്കരണത്തോട് എനിക്ക യാതൊരു അനുഭാവവും ഉണ്ടാവാൻ വയ്യ.

ഒരു സോഷ്യലിസ്റ്റ് എന്ന നിലയിൽ താങ്കൾ തന്നെയും യന്ത്രത്തിൻെറ വിവേചനം കൂടാതെയുള്ള ഉപയോഗത്തെ അനുകൂലിക്കുകയില്ല. അച്ചടിയന്ത്രങ്ങൾ എടുക്കുക. അവ തുടർന്നുപോകും. ശസ്ത്രക്രിയോപകരണങ്ങൾ എടുക്കുക, ഒരുവന് അവ കൈകൊണ്ട് എങ്ങനെ നിർമ്മിക്കാനാവും? ഘനയന്ത്രങ്ങൾതന്നെ വേണം അവയുടെ നിർമ്മിതിക്ക്. എന്നാൽ മനുഷ്യരുടെ അലസതയ്ക്ക് തൊഴിലില്ലായ്മയ്ക്ക്, ഇതല്ലാതെ (ചർക്ക) വേറെ പരിഹാരമാർഗ്ഗമില്ല. ഞാൻ നിങ്ങളോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്ക് ഇതിൽ വേലചെയ്യാം. അങ്ങനെ രാജ്യത്തിൻെറ സമ്പത്ത് അല്പമാത്രമായെങ്കിലും ഞാൻ വർദ്ധിപ്പിക്കുന്നുമുണ്ട്.

ആദ്യമായി ശാസ്ത്രീയസത്യങ്ങളും, കണ്ടുപിടുത്തങ്ങളും വെറും ദുരാഗ്രഹത്തിൻെറ ആയുധങ്ങളല്ലാതാവണം. അപ്പോൾ തൊഴിലാളികളെക്കൊണ്ട് അമിതമായി ജോലി ചെയ്യിക്കില്ല; യന്ത്രം ഒരു പ്രതിബന്ധമാകുന്നതിനു പകരം സഹായകമായിരിക്കയും ചെയ്യും.

ആവിയുടെയും വിദ്യുച്ഛക്തിയുടെയും ഉപയോഗം നമുക്കറിയാവുന്ന സ്ഥിതിക്ക്, വ്യവസായിയെ പരിവർജ്ജിക്കാൻ പഠിച്ചതിനുശേഷം, യഥാസന്ദർഭം നമുക്ക് അവയെ ഉപയോഗിക്കാൻ സാധിക്കണം. വ്യാവസായികത ഏതുവിധവും നശിപ്പിക്കാനായിരിക്കണം നമ്മുടെ ഉദ്ദേശ്യം.

## 32

ഇതിൽ യന്ത്രസാമഗ്രികളുടെ ദുരുപയോഗത്തിനും ദുഷ്പ്രയോഗത്തിനും എതിരായി, അതായതു് ജനലക്ഷങ്ങൾക്ക് ഹാനി

32. Harijan, 14-9-1935 (Cent per cent Swadesi, P. 53)

digitized by www .sreyas.in

കരമായുള്ള വിനിയോഗത്തിനു് എതിരായി, യുദ്ധമൊന്നുമില്ല. നിർജീവമായ യന്ത്രസാമഗ്രികളെ, ഇന്ത്യയിലെ ഏഴുലക്ഷം ഗ്രാമങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഗ്രാമീണർ പ്രതിനിധാനം ചെയ്യുന്ന അനേകലക്ഷം സജീവയന്ത്രങ്ങൾക്കെതിരായി അണിനിരത്തരുതു്. യന്ത്രസാമഗ്രികളെ യോഗ്യമായി ഉപയോഗപ്പെടുത്തുകയാണു് ഉദ്ദേശമെങ്കിൽ അവ മനുഷ്യയത്നത്തെ സഹായിക്കയും ലഘൂകരിക്കയും വേണം. അവയുടെ ഇന്നത്തെ വിനിയോഗമാകട്ടെ, ഏതാനുംപേരുടെ കൈയിൽ ധനം കേന്ദ്രീകരിക്കുന്ന പ്രവണതയാണു് മേല്ക്കുമേൽ കാണിക്കുന്നതു്. ജനലക്ഷങ്ങളെ അതു നിശ്ശേഷം അവഗണിക്കുന്നു. അവരുടെ അഷ്ടിക്കുള്ള വക വായിൽനിന്നു തട്ടിയെടുത്തു കളയുന്നു. എ. ഐ. എസ്. എ.,[1] എ. ഐ. വി. ഐ. എ.[2] എന്നിവ പ്രാതിനിധ്യം വഹിക്കുന്ന പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം എത്രയും ബോധയുക്തമായ മനുഷ്യായുധങ്ങളെ ഒഴിവാക്കി നിർജ്ജീവമായ ആയുധങ്ങൾ ഉപയോഗിച്ചു വലിയ സമ്പത്തു സമ്പാദിക്കാനുള്ള വ്യഗ്രതയുടെ ദൂഷ്യഫലങ്ങളെ ലഘൂകരിക്കുകയാണു്.

തൊഴിൽരഹിതരായ ബഹുജനലക്ഷങ്ങൾക്കു തുണ നൽകാൻ വൻകിടവ്യവസായങ്ങൾക്കു് ഒരിക്കലും സാധിക്കില്ല. അവയ്ക്കു് ആ ഉദ്ദേശ്യവും ഇല്ല. അവയുടെ ലക്ഷ്യം പ്രധാനമായും ചുരുക്കം ചില ഉടമസ്ഥന്മാൎക്കു് പണമുണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണു്. തൊഴിലില്ലാത്ത അനേകലക്ഷം ജനങ്ങൾക്കു് തൊഴിലുണ്ടാക്കിക്കൊടുക്കുക എന്ന ഋജുവായ ലക്ഷ്യം ഒരിക്കലും അവയ്ക്കില്ല.

## 33

ഈ യാന്ത്രികയുഗത്തിന്റെ നേട്ടങ്ങളെല്ലാം അപ്രത്യക്ഷമാകുമ്പോഴും നമ്മുടെ ഈ കൈത്തൊഴിലുകൾ അവശേഷിക്കുമെന്നു് എനിക്കു ദൃഢവിശ്വാസമുണ്ടു്. എല്ലാ ചൂഷണങ്ങളും അവസാനിക്കുമ്പോൾ സത്യസന്ധമായ തൊഴിൽ ശേഷിക്കും. ഈ വിശ്വാസം ധൈര്യം തരുന്നതുകൊണ്ടാണു് ഞാൻ എന്റെ പ്രവൃത്തി തുടരുന്നതു്. അഥവാ, നിരാശയ്ക്കു കാരണമുണ്ടോ? നീണ്ടുകിടക്കുന്ന അനന്തതയിൽ ഏതാനും വർഷങ്ങൾ എത്ര തുച്ഛം. മനുഷ്യോല്പത്തിയെക്കുറിച്ചുള്ള പഠനം നമ്മെ അനേകലക്ഷം വർഷം പുറകോട്ടു കൊണ്ടുപോകും. സ്വന്തം കർമ്മത്തിലുള്ള അദമ്യമായ വിശ്വാസമാണു് സ്റ്റീഫൻസൺ, കൊളംബസ്സ് മുതലായവർക്കു ധൈര്യം

1 All India Spinners' Association.

2 All India Village Industries Association.

33. Harijan, 30-11-1935 (Economic and Industrial Life and Relations, vol. II, P. 14)

digitized by www .sreyas.in

നല്ലിയതു്. എൻെറ കർമ്മത്തിലുള്ള വിശ്വാസം എനിക്കു ധൈര്യം തരുന്നു. എൻെറ വിശ്വാസത്തെ വെല്ലുവിളിക്കുന്നതായിത്തോന്നുന്ന മറ്റെല്ലാംതന്നെ നശിക്കുമെന്ന ദൃഢപ്രത്യയവും അതിൻെറ കൂടെയുണ്ടു്. ഇൻഡ്യ വ്യവസായവൽകൃതമാകുന്നുവെങ്കിൽ, നമുക്കു ചൂഷണംചെയ്യാൻ മററു രാജ്യങ്ങൾ കണ്ടുപിടിച്ചുണ്ടാക്കേണ്ടിയിരിക്കും; അതിലേയ്ക്കു് നമുക്കു് ഒരു നാദിർഷാ വേണ്ടിവരും. ബ്രിട്ടൻെറയും അമേരിക്കയുടെയും ജപ്പാൻെറയും റഷ്യയുടെയും ഇററലിയുടെയും നാവികവും സൈനികവുമായ ശക്തിക്കെതിരായി നമുക്കു് അണിനിരക്കേണ്ടിവരികയും ചെയ്യും. ഈ വസ്തുത നിങ്ങൾ കാണുന്നില്ലേ? പാടില്ല. ഈ യന്ത്രയുഗം മനുഷ്യരെ യന്ത്രങ്ങളാക്കി മാററാൻ ഉദ്ദേശിക്കുമ്പോൾ യന്ത്രമായിത്തീർന്ന മനുഷ്യനെ വീണ്ടും പൂർവ്വസ്ഥിതിയിലാക്കാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്.

## 34

വിശ്രമവേളയുടെ വില

നമ്മുടെ മനുഷ്യയന്ത്രങ്ങളെ അലസങ്ങളാക്കി വച്ചുകൊണ്ടിരിപ്പാൻ എനിക്കു നിവൃത്തിയില്ല. നമുക്കു് അലസമായിക്കിടക്കുന്ന മനുഷ്യശക്തി വളരെയധികമുണ്ടു്. തന്നിമിത്തം മററു ശക്തികളാൽ പ്രവർത്തിതമായ യന്ത്രങ്ങൾക്കു് ഇവിടെ ഇടമില്ല.

നമുക്കു് ആവശ്യമുള്ള വസ്ത്രങ്ങൾ മുഴുവൻ പ്രത്യേകതരം യന്ത്രങ്ങളിൽ നെയ്യുണ്ടാക്കുന്നുവെന്നും 30 ലക്ഷം പേർക്കു ജോലി കൊടുക്കുന്നുവെന്നും ആദായം മുഴുവൻ അവരുടെ ഇടയിൽ വിതരണം ചെയ്യുന്നുവെന്നും സങ്കല്പിക്കുക. എന്താണതിൻെറ ഫലം? ഒരു നൂറുകൊല്ലം മുമ്പു് 30 കോടി ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യപ്പെട്ടിരുന്ന പണമത്രയും ഈ 30 ലക്ഷം പേരുടെ കൈയിൽ ചെന്നുചേരുമെന്നു മാത്രം.

## 35

അപരിമിതമായ വൈദേശികവ്യവസായമത്സരത്തിനു വിധേയമാകുന്ന ഏതു രാജ്യത്തെയും, വിദേശികൾ വിചാരിച്ചാൽ ഒരു ദാരിദ്ര്യത്തിലും തൽഫലമായി അടിമത്തത്തിലും ആഴ്ത്താൻ കഴിയും. ഇതാണു് സമാധാനപരമായ നുഴഞ്ഞുകയററം എന്നു് അറിയപ്പെടുന്നതു്. കൈകൊണ്ടു നിർമ്മിക്കുന്ന സാധനങ്ങളും വിദ്യുച്ഛക്തിപ്രവർത്തിതമായ യന്ത്രങ്ങൾകൊണ്ടു നിർമ്മിക്കുന്ന സാധനങ്ങളും ഫലത്തിൽ തുല്യംതന്നെയെന്നു് അല്പം ചിന്തിച്ചാൽ മനസ്സിലാകും. ഓരോന്നിൻെറയും പ്രവർത്തനപരിപാടി നാം കൺ

34. Harijan, 7-12-1935 (Cent per cent Swadesi, P. 117)
35. Harijan, 20-6-1936, P. 145

digitized by www .sreyas.in

മുമ്പിൽ കണ്ടുകൊണ്ടിരിക്കയാണ്. ധാന്യം പൊടിക്കുന്ന മെഷിനറി മില്ലുകൾ നമ്മുടെ ഗ്രാമങ്ങളിലെ 'ചക്കി' (തിരികല്ല്)യേയും, എണ്ണമില്ലുകൾ നമ്മുടെ 'ഘനി' (ചക്ക്) യേയും, നെല്ലുകുത്തുമില്ലുകൾ 'ധേങ്കി' (ഉരൽ) യേയും, പഞ്ചസാരമില്ലുകൾ ഗഡ്പാനുകളേയും ബഹിഷ്കരിച്ചുവരികയാണ്. ഈ ഗ്രാമീണ തൊഴിൽബഹിഷ്കരണം ഗ്രാമീണരെ പട്ടിണിക്കാരാക്കുകയും പണക്കാരെ കുബേരന്മാരാക്കുകയുമാണ് ചെയ്യുന്നത്. ഈ രീതി കുറേക്കാലം തുടർന്നുപോയാൽ കൂടുതൽ ശ്രമമൊന്നുംകൂടാതെ ഗ്രാമങ്ങൾ നാമാവശേഷമാകും. ഗ്രാമങ്ങളെ നശിപ്പിക്കാൻ ഇതിനേക്കാൾ കുശലവും സഫലവുമായ ഒരു ഉപായം ഒരു ചെംഗിസ്ഖാനുപോലും ആസൂത്രണംചെയ്യാൻ സാധ്യമല്ല. ഇതിലെ പരിതാപകരമായ സംഗതി, ഗ്രാമീണർ അബോധമായിട്ടാണെങ്കിലും സുനിശ്ചിതമായി സ്വന്തം വിനാശത്തിനു സഹായിക്കുന്നുവെന്നുള്ളതാണ്. അവരുടെ ആപത്തിന്റെ കഥ പൂർത്തീകരിക്കാനെന്നോണം, കൃഷിതന്നെയും ആദായകരമല്ലാതായിത്തീർന്നിരിക്കയാണെന്ന സംഗതി വായനക്കാരൻ അറിഞ്ഞിരിക്കട്ടെ. ചില പൂവിൽ ഗ്രാമീണനു വിത്തിന്റെ വിലയ്ക്കുപോലും വിളവു കിട്ടാറില്ല.

## 36

വൻതോതിലുള്ള വ്യവസായവൽക്കരണം മത്സരത്തിന്റെയും കൊള്ളക്കൊടുക്കയുടെയും പ്രശ്നം അതിൽ വരുന്നതുകൊണ്ട്, ഗ്രാമീണരുടെ മേൽ സക്രിയമോ നിഷ്ക്രിയമോ ആയ ചൂഷണത്തിനു വഴി തെളിക്കുന്നു. ആകയാൽ ഗ്രാമം, പ്രധാനമായും സ്വോപയോഗത്തിനായി സാധനങ്ങൾ നിർമ്മിച്ചു സ്വയംപര്യാപ്തമാകുന്നതിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കണം. വ്യവസായത്തിന്റെ ഈ പ്രവണത നിലനിർത്താൻ കഴിയുമെങ്കിൽ, ഗ്രാമീണർ തങ്ങൾക്കുതന്നെ നിർമ്മിക്കാനും ഉപയോഗിക്കാനും സാധിക്കുന്ന ആധുനികയന്ത്രങ്ങളും ഉപകരണങ്ങളും പോലും ഉപയോഗിക്കുന്നതിനു് ഒരു വിരോധവുമില്ല. മറ്റുള്ളവരെ ചൂഷണംചെയ്യുന്നതിനുള്ള ഉപായമായി അവയെ വിനിയോഗിക്കരുതെന്നു മാത്രം.

## 37

എനിക്കു് യന്ത്രസാമഗ്രികളോടു് എതിർപ്പില്ല. എന്നാൽ അവ നമ്മെ ഭരിക്കുമ്പോൾ എനിക്കു് അവയോടു് എതിർപ്പുണ്ടു്.

36. Harijan, 29-8-1936.
37. Harijan, 27-2-1927 (Selections from Gandhi, P. 67)

digitized by www .sreyas.in

## 38

മൂന്നുകോടി ആളുകളുടെ സ്ഥാനത്ത് മുപ്പതിനായിരം പേരുടെ അദ്ധ്വാനംകൊണ്ടു രാജ്യത്തിന്റെ സർവ്വ ആവശ്യങ്ങൾക്കും വേണ്ട വക ഉല്പാദിപ്പിക്കാമെങ്കിൽ, ഞാൻ അതു കൂട്ടാക്കുകയില്ല. പക്ഷേ മൂന്നുകോടി ആളുകൾ അതുമൂലം അലസന്മാരും തൊഴിലില്ലാത്തവരും ആകരുതെന്നേയുള്ളു. പ്രവർത്തനസമയം ദിവസം ഒന്നോ രണ്ടോ മണിക്കൂർ കുറവുചെയ്തുകൊണ്ടുള്ള വ്യവസായവല്ക്കരണം സോഷ്യലിസ്റ്റുകൾ നടപ്പാക്കുമെന്ന് എനിക്കറിയാം. എന്നാൽ എനിക്കു് ആ വ്യവസായവല്ക്കരണം ആവശ്യമില്ല.

## 39

കൂടാതെ വൻകിട വ്യവസായത്തിന്റെ ധർമ്മം വ്യക്തമായി മനസ്സിലാക്കപ്പെട്ടിട്ടില്ല. നിലവാരപ്പെട്ട സാധനങ്ങൾ ധാരാളമായി നാം ഉല്പാദിപ്പിക്കുന്ന കാലത്തോളം, എല്ലാം ശരിയായിരിക്കുമെന്നു മിക്ക ആളുകളും വിചാരിക്കുന്നതുപോലെ തോന്നുന്നു. കുടിൽവ്യവസായത്തിന്റെയും ഗ്രാമവ്യവസായത്തിന്റെയും ഒരു കൈയാളായി മാത്രമേ വൻകിട ഉല്പാദനസമ്പ്രദായത്തെ ഉപയോഗപ്പെടുത്താൻ പാടുള്ളു എന്നു് അവർക്കു് കാണാൻ കഴിയുന്നില്ല. ആദ്യത്തെ രണ്ടിന്റെയും മൗലികാവശ്യങ്ങൾ ഒടുവിലത്തേതു സാധിച്ചുകൊടുക്കുന്നു. ഇനിയും ഗണിതശാസ്ത്രസങ്കേതങ്ങൾ അനുസരിച്ചാണെങ്കിൽ, ഈ രണ്ടുല്പാദനസമ്പ്രദായങ്ങളുടേയും സാമ്പത്തിക ബന്ധത്തെ, രാഷ്ട്രീയമോ സാമുദായികമോ ആയ മണ്ഡലത്തിൽ സ്റ്റേറ്റും പൗരനുമായുള്ള ബന്ധത്തോടു താരതമ്യപ്പെടുത്താം.

## 40

ഈ തൊഴിലുകളുടേയും വ്യവസായങ്ങളുടേയും കാതലായ ഭാഗം ശാരീരികാധ്വാനമായിരുന്നു. അന്നു് വൻകിടയന്ത്രസാമഗ്രികളുണ്ടായിരുന്നില്ല. സ്വന്തം അധ്വാനത്താൽ കൃഷിചെയ്യാവുന്നത്ര ഭൂമികൊണ്ടു് ഒരുവൻ തൃപ്തിപ്പെടുമെങ്കിൽ, അയാൾക്കു് അന്യരെ ചൂഷണംചെയ്യാൻ സാധിക്കില്ല. വൻകിടയന്ത്രം ഒരുവന്റെ കയ്യിൽ പണം കേന്ദ്രീകരിക്കുന്നു. അയാൾ തനിക്കുവേണ്ടി അടിമപ്പണി ചെയ്യുന്ന ബാക്കിയുള്ളവരുടെ മേൽ അധികാരം നടത്തുന്നു. അയാൾ തന്റെ വേലക്കാർക്കു് മാതൃകാപരമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കയായിരിക്കാം. എന്നിരുന്നാലും അക്രമത്തിന്റെ ഒരു വകഭേദമായ ചൂഷണംതന്നെയാണതു്.

---

38. Harijan, 12-2-1938 (Cent per cent Swadesi, P. 124)
39. Harijan, 18-11-1939 P. 346
40. Harijan, 1-9-1940

digitized by www .sreyas.in

വ്യവസായവല്ക്കരണം ആവശ്യമാണെന്നു് ജവഹർലാൽ നെഹ്രു വാദിക്കുന്നു. സ്ഥിതിസമത്വം വരുത്തിയാൽ അതു മുതലാളിത്തത്തിന്റെ ദൂഷ്യങ്ങളിൽനിന്നും വിമുക്തമായിരിക്കുമെന്നാണു് അദ്ദേഹത്തിന്റെ വിചാരം. എന്റെ അഭിപ്രായത്തിൽ, ദൂഷ്യങ്ങൾ വ്യവസായവല്ക്കരണത്തിന്റെ സഹജസ്വഭാവമാണു്. എത്രതന്നെ സ്ഥിതിസമത്വം വരുത്തിയാലും അതിനെ ദൂരീകരിക്കാൻ സാദ്ധ്യമല്ല.

## 41

ഇതിൽ മനുഷ്യപ്രയത്നത്തെ ഒഴിവാക്കുന്നതോ, ഏതാനുംപേരുടെ കൈയിൽ ശക്തി കേന്ദ്രീകരിക്കുന്നതോ ആയ യന്ത്രസാമഗ്രികൾക്കു സ്ഥാനമില്ല. സംസ്കാരോന്മുഖമായ മാനവവംശത്തിൽ പ്രയത്നത്തിനു് ഒരു പ്രത്യേക സ്ഥാനമുണ്ടു്. ഓരോ വ്യക്തിയേയും സഹായിക്കുന്ന യന്ത്രത്തിനും ഒരു സ്ഥാനമുണ്ടു്. എന്നാൽ ആ യന്ത്രം എന്തായിരിക്കാമെന്നു് ഞാൻ ഇരുന്നു ചിന്തിച്ചിട്ടില്ലെന്നു സമ്മതിക്കുന്നു. സിംഗറുടെ തയ്യൽയന്ത്രത്തെപ്പററി ഞാൻ ചിന്തിച്ചിട്ടുണ്ടു്. എന്നാൽ അതുതന്നെയും അനവധാനമായിട്ടാണു് എന്റെ ചിത്രം പൂർത്തിയാക്കുവാൻ എനിക്കതു് ആവശ്യമില്ല.

## 42

അനേകായിരം ഗ്രാമങ്ങളിൽ വിദ്യുച്ഛക്തി പ്രവർത്തിതമായ യന്ത്രങ്ങളുടെ ആവിർഭാവം നമ്മുടെ നിസ്സഹായതയുടെ പരമസീമയായി ഞാൻ കണക്കാക്കുന്നു. എല്ലാ യന്ത്രങ്ങളും, അഥവാ പേഷണയന്ത്രങ്ങളും ഇൻഡ്യ നിർമ്മിക്കുന്നില്ലെന്നു ഞാൻ വിചാരിക്കുന്നു. ലേഖകന്റെ അഭിപ്രായം ശരിയല്ലെന്നും, ഇൻഡ്യയൊട്ടാകെത്തന്നെയും പേഷണയന്ത്രങ്ങളുടേയും മററു യന്ത്രങ്ങളുടേയും എണ്ണം ആയിരം വരികില്ലെന്നും ഞാൻ സകൗതുകം ആശിക്കുന്നു. നേരെമറിച്ചു ലേഖകൻ പറഞ്ഞതു ശരിയാണെങ്കിൽ, നമ്മുടെ ആളുകളെ ബാധിച്ചിട്ടുള്ള ആലസ്യത്തിന്റെ പാരമ്യത്തെയാണു് അതു കാണിക്കുന്നതു്. അത്തരം യന്ത്രങ്ങളുടെ വൻതോതിലുള്ള സ്ഥാപനം അത്യാർത്തിയുടെ ഒരു ലക്ഷണംകൂടിയാണു്. സാധുക്കളെ കെട്ടത്തിയിട്ടു് ഇപ്രകാരം ഒരാൾ കീശ വീർപ്പിക്കുന്നതു് ശരിയാണോ? ഈമാതിരി ഓരോ യന്ത്രവും അനേകായിരം കൈച്ചക്കികളുടെ പ്രവർത്തനം നശിപ്പിക്കയും, ഈ ചക്കികൾ ഉണ്ടാക്കുന്ന അനേകായിരം ശില്പികൾക്കും അവയിൽ വേലചെയ്യുന്ന അനേകായിരം ഗൃഹിണികൾക്കും തൊഴിലില്ലാതാക്കുകയും ചെയ്യുന്നു.

41. Harijan, 28-7-1948 (Panchayat Raj P. 10)

42. Harijan, 10-3-1946 (Economic and Industrial Life and Relations, vol. II, P. 216)

digitized by www .sreyas.in

മാത്രമല്ല, ഈ പരിപാടി ഒരു സാംക്രമികരോഗമാണ്, അതു് എല്ലാ ഗ്രാമീണവ്യവസായങ്ങളിലേക്കും പടർന്നുപിടിക്കും. അവയുടെ അധഃപതനം കലയുടെ അധഃപതനത്തിനും കാരണമാകുന്നു. പഴയ കൈത്തൊഴിലുകളുടെ സ്ഥാനത്തു് പുതിയവയെ സ്ഥാപിക്കാനാണു് ഉദ്ദേശമെങ്കിൽ, അതിനെതിരായി വളരെയൊന്നും പറയാനുണ്ടാവില്ല. എന്നാൽ അതല്ല സംഭവിക്കുന്നതു്. വിദ്യുച്ഛക്തി പ്രവത്തിതമായ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ള അനേകായിരം ഗ്രാമങ്ങളിൽ, പ്രഭാതകാലത്തു് ധാന്യം പൊടിക്കുന്നവരുടെ ഹൃദ്യമായ ഗാനാലാപങ്ങൾ ഇന്നു കേൾക്കാനില്ലാതായിരിക്കുന്നു.

എന്നാൽ നമുക്കു പ്രധാന സംഗതിയിലേക്കു കടക്കാം. വിദ്യുച്ഛക്തി പ്രവർത്തിതമായ യന്ത്രങ്ങൾ ഇപ്പോൾ ശരിയായ കാര്യത്തിനല്ല ഉപയോഗപ്പെടുത്തുന്നതെന്നാണു് എന്റെ ബലമായ അഭിപ്രായം. എങ്കിലും ഇവയെ, കൃഷിക്കു ജലസേചനം ചെയ്യാൻ നദികളിൽനിന്നോ കുളങ്ങളിൽനിന്നോ കിണറുകളിൽനിന്നോ വെള്ളം തേകുന്നതിനുകൂടി ഉപയോഗിച്ചിരുന്നുവെങ്കിലും കുറച്ചൊരു പരിഹാരമായേനെ. ഇതിനു ഗവൺമെൻറിന്റെ സഹായംവേണമെന്നു ലേഖകൻ പറയുന്നു. ഇതു് ആവശ്യമാണോ? ഈ യന്ത്രങ്ങളെ അവയുടെ ഉടമസ്ഥന്മാർ സ്വമനസാ ഈ ഉപയോഗപ്രദവും ആവശ്യകവുമായ ജോലിക്കു് വിനിയോഗിക്കുകയില്ലേ? അതോ ഗവൺമെൻറിന്റെ നിർബ്ബന്ധം കൂടാതെ ഒന്നും ചെയ്യാൻ തയ്യാറില്ലാത്തവിധം നാം അത്രകണ്ടു സ്തംഭിതാവസ്ഥയിൽ ആയിപ്പോയിട്ടുണ്ടോ? അതെന്തുമാകട്ടെ, ജനങ്ങളെ അഭിമുഖീകരിക്കുന്ന ഭയങ്കരമായ ദുര്യോഗത്തിൽനിന്നു് അവരെ രക്ഷിക്കാൻ നിലവിലുള്ള ശക്തി ഉപയോഗപ്പെടുത്തുന്നതിനു് ആവശ്യമായ എല്ലാ നടപടികളും ഉടനെ എടുക്കേണ്ടതാണെന്നാണു് എന്റെ ബലമായ അഭിപ്രായം.

## 43

ഏതു രാജ്യത്തിനും ഏതവസ്ഥയിലും വ്യവസായവല്ക്കരണം ആവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇന്ത്യയുടെ കാര്യം പറയാനുമില്ല. വാസ്തവത്തിൽ സ്വതന്ത്രഭാരതത്തിനു ലളിതവും എന്നാൽ ഉൽകൃഷ്ടവുമായ ഒരു ജീവിതരീതി സ്വീകരിക്കയും, അവളുടെ ആയിരമായിരം ഗ്രാമങ്ങളെ വികസിപ്പിക്കയും, ലോകവുമായി സമാധാനത്തിൽ വർത്തിക്കയും ചെയ്യുന്നതുകൊണ്ടുമാത്രമേ, അതിനു് ആർത്തലോകത്തോടുള്ള കർത്തവ്യം നിറവേററാൻ സാധിക്കുകയുള്ളു. ഉൽകൃഷ്ടചിന്ത സങ്കീർണ്ണമായ ഭൗതിക

43. Harijan, 1-9-1946 (Towards Non-violent Socialism, P. 33)

digitized by www .sreyas.in

ജീവിതത്തോട്ട് പൊരുത്തപ്പെടുന്നതല്ല. ധനദേവതയുടെ ആരാധന നമ്മിൽ അടിച്ചേല്പിച്ച വ്യഗ്രതയെ ആധാരമാക്കിയാണല്ലോ ഈ സങ്കീർണ്ണമായ ഭൗതികജീവിതത്തിന്റെ നില. നാം ഉൽകൃഷ്ടജീവിതം നയിക്കാൻ പഠിക്കുമ്പോഴം മാത്രമേ, ജീവിതത്തിന്റെ എല്ലാ സൗന്ദര്യവും പ്രകാശിക്കുകയുള്ളു.

ജനസംഖ്യയിലും വിസ്തൃതിയിലും എത്രതന്നെ വലുതായിരുന്നാലും ഒററപ്പെട്ട ഒരു രാഷ്ട്രത്തിനു്, അടിമുടി ആയുധസജ്ജീകരണംചെയ്തിരിക്കുന്ന ഒരു ലോകത്തിന്റെ മുമ്പിൽ, ആഡംബരങ്ങളുടെയും നവീനസാഹചര്യങ്ങളുടെയും നടുവിൽ, ഇപ്രകാരം ലളിതജീവിതം സാദ്ധ്യമാണോ എന്നുള്ളതു് അശുഭശങ്കിയായ ഒരാൾക്കു് സംശയിക്കാൻ വക നല്കുന്ന ഒരു ചോദ്യമാണു്. ഉത്തരം ഋജുവും ലളിതവുമാണു്. നിരാഡംബരജീവിതം വിലപ്പെട്ടതാണെങ്കിൽ അതിലേക്കു് ഒരു ശ്രമം നടത്തിനോക്കേണ്ടതാണു്. ഒരു വ്യക്തിയോ ഒരു ചെറിയ സംഘം ആളുകളോ മാത്രമേ അതിനു തയാറാകുന്നുള്ളുവെങ്കിലും സാരമില്ല.

ഇതേസമയംതന്നെ, ചില മൗലികവ്യവസായങ്ങൾ ആവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഉദാസീനമായ സോഷ്യലിസത്തിലോ ആയുധബലത്തെ ആശ്രയിച്ചു നില്ക്കുന്ന സോഷ്യലിസത്തിലോ എനിക്കു വിശ്വാസമില്ല. സകലമാനപേരെയും മാനസാന്തരപ്പെടുത്താൻ കാത്തിരിക്കാതെ, വിശ്വാസം അനുസരിച്ചു പ്രവർത്തിക്കുന്നതിൽ ഞാൻ വിശ്വസിക്കുന്നു ആകയാൽ മൗലികവ്യവസായങ്ങൾ ഏതൊക്കെയെന്നു് എടുത്തുപറയാൻ ശ്രമിക്കാതെ, വളരെയധികം ആളുകൾ ഒന്നിച്ചു ജോലിചെയ്യേണ്ടിടത്തു സ്റ്റേറ്റുടമ വേണമെന്നു ഞാൻ പറയും. അവരുടെ അദ്ധ്വാനഫലമായ ഉല്പന്നങ്ങളുടെമേലുള്ള ഉടമസ്ഥാവകാശം ഗവണ്മെൻറിലൂടെ അവരിൽ നിക്ഷിപ്തമാകും എന്നാൽ അക്രമരാഹിത്യത്തിൽ അധിഷ്ഠിതമായ ഒരു സ്റ്റേററിനെ മാത്രമേ എനിക്കു വിഭാവനംചെയ്യാനാകൂ എന്നതുകൊണ്ടു് ഞാൻ പണക്കാരുടെ ധനം ബലാല്ക്കാരമായി പിടിച്ചെടുക്കുന്ന പരിപാടിയോടു യോജിക്കുകയില്ല. സ്റ്റേററുടമയിലേക്കുള്ള പരിവർത്തനപരിപാടിയിൽ അവരുടെ സഹകരണം ഞാൻ ആവശ്യപ്പെടും. കോടീശ്വരന്മാരായാലും നിർദ്ധനന്മാരായാലും സമുദായത്തിൽ പറയന്മാർ ഇല്ല. രണ്ടുകൂട്ടരും ഒരേ രോഗത്തിന്റെതന്നെ വ്രണങ്ങളാണു്. എല്ലാവരും എന്തായാലും മനുഷ്യർതന്നെ.

## 44

ഇന്നു് ഇൻഡ്യയിൽ പാശ്ചാത്യയന്ത്രസാമഗ്രികളുടെ ഒരു ഭീമമായ പാഞ്ഞുകയററം നടന്നുകൊണ്ടിരിക്കുകയാണു്. ഇൻഡ്യക്കു്

---

44. Harijan, 17-11-1946 (Khadi, P. 16)

digitized by www .sreyas.in

**അതിനെ** വിജയകരമായി ചെറുത്തുനില്ക്കാൻ സാധിക്കുമെ**ങ്കിൽ,** അതൊരു അത്ഭുതമായിരിക്കും. ഇന്ന് എല്ലാം നേരെ മറിച്ചാണ് ചൂണ്ടിക്കാണിക്കുന്നത് എന്നു സമ്മതിക്കേണ്ടിയിരി**ക്കുന്നു.**

## ബി. മിൽവ്യവസായം

### 45

മില്ലുടമകളെ നമുക്കു കുററപ്പെടുത്തുവാൻ വയ്യാ; അവരോടു സഹതപിക്കയേ തരമുള്ളു. അവർ മില്ലുകൾ ഉപേക്ഷിക്കണമെന്നു നാം ആശിക്കുന്നതു സാഹസമായിരിക്കും. എന്നാൽ അവയുടെ എണ്ണം വദ്ധിപ്പിക്കരുതെന്ന് നമുക്ക് അവരോട് അപേക്ഷിക്കാവുന്നതാണ്. അവർ നല്ലവരാണെങ്കിൽ അവർ ക്രമേണ തങ്ങളുടെ ബിസിനസ്സ് ചുരുക്കിക്കൊണ്ടുവരും. ആയിരക്കണക്കിനുള്ള ഭവനങ്ങളിൽ പുരാതനവും പാവനവുമായ കൈത്തറികൾ സ്ഥാപിക്കാവുന്നതും അങ്ങനെ നെയ്തുണ്ടാകുന്ന തുണികൾ അവർക്കു വില യ്ക്കു വാങ്ങാവുന്നതുമാണ്. മില്ലുടമകൾ ഇതു ചെയ്താലും ചെയ്തില്ലെങ്കിലും, ജനങ്ങൾക്ക് യന്ത്രനിർമ്മിതമായ സാധനങ്ങൾ ഉപയോഗിക്കാതിരിക്കാം.

### 46

മില്ലുകൾ വർദ്ധിപ്പിക്കുന്നതുകൊണ്ടു പ്രശ്നം പരിഹൃതമാകയില്ല. ഇന്നത്തെ ധനനിർഗ്ഗമം ഇല്ലാതാക്കാൻ അവക്കു വളരെക്കാലം വേണ്ടിവരും. ആ അറുപതുകോടി നമ്മുടെ ഭവനങ്ങളിൽ വിതരണംചെയ്യാൻ അവക്കു സാധിക്കയുമില്ല. അവക്കു പണവും തൊഴിലും കേന്ദ്രീകരിക്കാനും അങ്ങനെ കഴപ്പത്തിനുമേൽ കുഴപ്പം സൃഷ്ടിക്കാനും മാത്രമേ കഴിയൂ.

### 47

നൂൽനൂൽപുയന്ത്രത്തിൻെറയും ചർക്കയും നിലനില്ക്കാൻ ഇടയില്ലെന്നതിന് അശേഷം കാരണമില്ല. ഹോട്ടലുകളോടൊപ്പം വീട്ടടുക്കളകളും നിലനില്ക്കുന്നുണ്ടല്ലോ.

---

45. Hind Swaraj (1908) P. 95.

46. Young India, 10-12-1919 (Economic and Industrial Life and Relations, vol. II, P. 305)

47. Young India, 21-7-1920 (Economic and Industrial Life and Relations, vol. I, . P. lxxii)

digitized by www .sreyas.in

## 48

നമ്മുടെ ആവശ്യത്തിനു മതിയാവുന്നിടത്തോളം നൂല് ഉല്പാദിപ്പിക്കാൻ ഇപ്പോൾ നമ്മുടെ മില്ലുകൾക്കു കഴിയുകയില്ല. കഴിയുമെങ്കിൽത്തന്നെ, വിലനിരക്ക് നിർബന്ധമൂലമല്ലാതെ താഴ്ത്തുകയുമില്ല. മില്ലുടമകൾ പണം സമ്പാദിക്കാൻ മാത്രം നോക്കുന്നവരാണെന്നുള്ളതു പരസ്യമായ ഒരു വസ്തുതയാണ്. അതുകൊണ്ടു ജനങ്ങളുടെ ആവശ്യം പരിഗണിച്ച് അവർ വില കുറയ്ക്കുകയില്ല. പാവപ്പെട്ട ഗ്രാമീണരുടെ കൈയിൽ ലക്ഷക്കണക്കിനു രൂപാ എത്തിച്ചുകൊടുക്കുന്നതിനാണ് കൈകൊണ്ടുള്ള നൂൽനൂൽപുരീതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. കർഷകന് അധികം വരുന്ന സമയം പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി, എല്ലാ കാർഷികരാജ്യങ്ങൾക്കും ഒരു ഉപതൊഴിൽ ആവശ്യമാണ്. ഇൻഡ്യയുടെ അത്തരമുള്ള തൊഴിൽ എന്നും നൂൽനൂൽപ് ആയിരുന്നിട്ടുണ്ട്. ലോകത്തിന്റെ അസൂയയ്ക്കു വിഷയീഭവിച്ചിട്ടുള്ള അത്ഭുതകരമായ ഇൻഡ്യൻതുണിത്തരങ്ങളിൽ പ്രതിഫലിച്ചിരുന്ന അനുകരണസാദ്ധ്യമല്ലാത്ത കലാപ്രതിഭയുടെ തിരോധാനത്തിനും, ദാരിദ്ര്യത്തിനും അടിമത്തത്തിനും ഇടനല്കിയത് ഏതു തൊഴിലിന്റെ വിനാശമാണോ, ആ പഴയ തൊഴിൽ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം കേവലം ദിവാസ്വപ്നപ്രായമായ ഒരു ആദർശമാണോ?

## 49

കൈകൊണ്ടു നൂല്ക്കുന്നതും കൈകൊണ്ടു നെയ്യുന്നതുമായ ഖാദി — അതു തുണിയോ, കമ്പിളിയോ, സില്ക്കോ ആകട്ടെ — സർവ്വസാധാരണമായിത്തീർന്നാൽ, ദേശീയ സമ്പദ്വ്യവസ്ഥയിൽ മിൽത്തുണിയുടെ സ്ഥാനം എന്തായിരിക്കുമെന്നുള്ളതാണ് എപ്പോഴും ഉന്നയിക്കപ്പെടുന്ന ചോദ്യം. ചർക്കയുടെ സന്ദേശം ലക്ഷോപലക്ഷം ഗ്രാമീണരിൽ ചെന്നെത്തുകയും അവർ അതു മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്താൽ, മിൽത്തുണിക്ക്, അതു ഭാരതീയമായാലും വൈദേശികമായാലും ശരി, നമ്മുടെ കുടുംബസമ്പൽസംവിധാനത്തിൽ യാതൊരു സ്ഥാനവും കാണുകയില്ലെന്ന് എനിക്കറിയാം. അതു പരിപൂർണ്ണമായി അപ്രത്യക്ഷമാകുമെങ്കിൽ രാജ്യത്തിന് അതു കൂടുതൽ ഗുണകരമായിരിക്കുകയേ ഉള്ളു.

വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കണമെന്ന പ്രചരണവുമായോ യന്ത്രവൽക്കരണവുമായോ ഈ പ്രസ്താവനയ്ക്കു യാതൊരു

---

48. Young India, 16-2-1921 (India of My Dreams, P. 117)

49. Young India, 23-2-1932 (Economic and Industrial Life and Relations, vol. II, pp. 284-286)

digitized by www .sreyas.in

ബന്ധവുമില്ല. ഇൻഡ്യയിലെ ജനലക്ഷങ്ങളുടെ സാമ്പത്തിക സ്ഥിതിഗതികളെ മാത്രം സംബന്ധിക്കുന്ന ലഘുവായ ഒരു പ്രശ്നം മാത്രമാണതു്.

എന്നാൽ, ദൈവം സഹായത്തിനെത്തുകയും അത്ഭുതകരമായും സത്വരമായും ജനങ്ങളെ ഖാദിനിർമ്മാണത്തിൽ ഏർപ്പെടുത്തി അഭയം നൽകുകയും ചെയ്യുന്നില്ലെങ്കിൽ, കുറേ കൊല്ലങ്ങൾകൂടി ഖാദിയുടെ അപര്യാപ്തത പരിഹരിക്കുന്നതിനു് ഇൻഡ്യൻമില്ലുകൾ തുണി നിർമ്മിച്ചുകൊണ്ടിരിക്കണം. മിൽവ്യവസായം ഒരു ദേശീയ ട്രസ്റ്റാണെന്നും അതിന്റെ യഥാർത്ഥസ്ഥാനമെന്തെന്നു മനസ്സിലാക്കണമെന്നും സമുന്നതരായ മില്ലുടമകളോടു് ഫലപ്രദമായ ഒരഭ്യർത്ഥന നടത്തുന്നതു് അത്യന്തം അഭിലക്ഷണീയമാണു്. ജനങ്ങളെ ദോഷപ്പെടുത്തി പണം സമ്പാദിക്കണമെന്ന ആഗ്രഹം മില്ലുടമകൾക്കുണ്ടായിരിക്കാൻ പാടില്ല. നേരെമറിച്ചു് അവർ ദേശീയാവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടു് തങ്ങളുടെ വ്യവസായത്തിനു രൂപം നല്കുകയും, ബംഗാൾവിഭജനപ്രക്ഷോഭണകാലത്തു് അവരെപ്പററി ന്യായമായുണ്ടായ ആക്ഷേപങ്ങൾ നിർമ്മാർജ്ജനം ചെയ്കയും വേണം. ഇൻഡ്യൻമില്ലുകളിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾ മാഞ്ചസ്റ്ററിൽ നിർമ്മിക്കുന്നവയെക്കാൾ കുറഞ്ഞതരമാണെങ്കിലും ഇൻഡ്യൻമില്ലുടമകൾ കൂടുതൽവില ഈടാക്കിവരുന്നതായി കൽക്കത്തായിൽനിന്നും മററു സ്ഥലങ്ങളിൽനിന്നും ഇപ്പോഴും പരാതിയുണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഈ അറിവു ശരിയാണെങ്കിൽ അതു തികച്ചും രാജ്യസ്നേഹരഹിതമാണു്. ഈ രീതിയിൽ ലാഭമുണ്ടാക്കുന്ന നയം ആദർശത്തിനും രാജ്യത്തിനും ഹാനികരമായിരിക്കും. രാജ്യം ഒരു പുതിയ പിറവിയുടെ ഈററുനോവനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, അന്യായമായ വില ഈടാക്കുകയും ഇപ്രകാരം ജനകീയപ്രസ്ഥാനത്തിൽനിന്നു് ഒഴിഞ്ഞുമാറിനില്ക്കുകമാത്രമല്ല, യഥാർത്ഥത്തിൽ അതിന്റെനേരെ കുററകരമായ അനാസ്ഥ കാണിക്കുകയുംകൂടി ചെയ്യുന്നതു് തീർച്ചയായും ദുഷ്ടതയാണു്.

മില്ലുടമകൾക്കു മനസ്സുണ്ടെങ്കിൽ, ഇന്നത്തെ സാഹചര്യങ്ങളെ വിശാലമായ ഒരു കാഴ്ചപ്പാടിൽക്കൂടി കാണുകയും ഖാദിപ്രസ്ഥാനം എന്താണെന്നു മനസ്സിലാക്കുകയും അതിന്റെ വളർച്ചയെ സഹായിക്കുകയും ജനങ്ങളുടെ ആവശ്യങ്ങൾ ഗ്രഹിച്ചു് മില്ലുകൾ വഴിയുള്ള ഉല്പാദനം രാജ്യത്തിന്റെ പുതിയ ആവശ്യങ്ങൾക്കു് അനുഗുണമാക്കുകയും ചെയ്യാവുന്നതാണു്.

അവർ അതു ചെയ്താലും ഇല്ലെങ്കിലും സ്വാതന്ത്ര്യത്തിലേക്കുള്ള രാഷ്ട്രത്തിന്റെ മുന്നേററം ഏതാനും ആളുകളുടെ ഏതെങ്കിലുമൊരു കോർപ്പറേഷനേയോ ഗ്രൂപ്പിനേയോ ആശ്രയിച്ചുള്ളതാക്കാൻ പാടില്ല. ഇതു ബഹുജനപ്രസ്ഥാനമാണു്. ജനങ്ങൾ വളരെവേഗ

digitized by www .sreyas.in

ത്തിൽ വിമോചനത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കയാണു്; സംഘടിതമായ മുതലാളിത്തത്തിന്റെ സഹായത്തോടുകൂടിയായാലും അല്ലെങ്കിലും ആ നീക്കം തുടരേന്ന പററുകയുള്ളു. അതുകൊണ്ടു് ഈ പ്രസ്ഥാനം മുതലാളിത്തത്തിൽനിന്നു സ്വാതന്ത്ര്യവും എന്നാൽ അതിനോടു് എതിർപ്പില്ലാത്തതും ആയിരിക്കണം. മുതലാളിത്തം ബഹുജനങ്ങളുടെ സഹായത്തിനെത്തുന്നുവെങ്കിലേ അതു മുതലാളിമാരുടെ അഭിമാനം വർദ്ധിപ്പിക്കുകയും ആഹ്ലാദകരമായ സൗഭാഗ്യദിനത്തിന്റെ പിറവിയെ ത്വരിതപ്പെടുത്തുകയും ചെയ്യുകയുള്ളു.

മുമ്പു് അതു മററു രീതിയിൽ ആയിരുന്നിട്ടുമില്ല. മുതലാളിമാരും തൊഴിലാളികളും തമ്മിലുള്ള ബന്ധം സൗഹാർദ്ദരഹിതമായിരുന്നുവെന്നു കാണിക്കുന്ന ഒന്നല്ല ഇൻഡ്യയുടെ ചരിത്രം. നാലു വിഭാഗങ്ങൾ എന്ന ആശയം സാമ്പത്തികവും രാഷ്ട്രീയവുമെന്നപോലെ മതപരവുമാണു്. മുഖ്യമായും മതപരവും അതിനാൽ പാവപ്പെട്ടവർക്കു ഗുണകരവുമായ ഇസ്ലാമികസംസ്കാരവുമായുള്ള സമ്മേളനം ഇതിനെ ദോഷകരമായി ബാധിച്ചിട്ടില്ല. ഇസ്ലാംമതം പലിശവാങ്ങുന്നതിനെ അനുപദം നിരോധിക്കുന്നതുപോലെ ധനം ശേഖരിച്ചുവയ്ക്കുന്നതിനേയും നിരോധിക്കുന്നുണ്ടെന്നാണു തോന്നുന്നതു്.

ഇന്നത്തെ ഈ ഘട്ടത്തിൽപ്പോലും ധനികന്മാർ ഒഴിഞ്ഞുമാറിനില്ക്കുന്നുവെന്നു പറയാൻ സാദ്ധ്യമല്ല. തിലക് സ്വരാജ് ഫണ്ടിലേക്കു കൈയയച്ചു സഹായിച്ചതു് വിനയശീലരായ മുതലാളിമാരാണു്. എന്നാൽ മില്ലുടമകളിൽ ഭൂരിപക്ഷവും ഒഴിഞ്ഞുമാറിനിന്നുകളഞ്ഞുവെന്ന വസ്തുത വേദനയോടുകൂടി സമ്മതിക്കേണ്ടിയിരിക്കുന്നു. രാജ്യത്തെ ഏററവും വലിയ വ്യവസായം തുണിത്തരങ്ങളുടെ നിർമ്മാണമാണു്. ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർ കരണീയം തീർച്ചപ്പെടുത്തേണ്ട കാലം സമാഗതമായിരിക്കുന്നു. അവർ അതു ചെയ്യുമോ, ലക്ഷ്യമില്ലാതെ തെററിനടക്കുമോ?

## 50

മിൽത്തുണികളുടെ സ്ഥിരമായ ദേശീയ ബഹിഷ്കരണം എന്നൊരു പ്രശ്നമേ ഇല്ല. എന്നാൽ ഇന്നത്തെ ആവശ്യം മുഴുവനും നിറവേററുന്നതിനു് ഇൻഡ്യൻ മില്ലുകളെക്കൊണ്ടുമാത്രം കഴിയുകയില്ല; ചർക്കയ്ക്കും കൈത്തറികൾക്കും അതു കഴിയുകയും ചെയ്യും. പക്ഷേ ചർക്കകൊണ്ടുണ്ടാക്കുന്ന ഖാദിക്കു സാർവ്വത്രികമായ പ്രചാരം ഇനിയും സിദ്ധിച്ചിട്ടില്ല. ഇൻഡ്യയിലെ ചിന്തിക്കുന്ന വി

50. Young India, 22-5-1924 (Khadi, P. 58)

ഭാഗം ഒരു ആരംഭമിടുന്നുവെങ്കിലേ അതു സാധിക്കുകയുള്ളു. അവർ ഖാദി മാത്രമേ ഉപയോഗിക്കു എന്നു തീരുമാനിക്കണം. തുണി മില്ലുകാംക്കു നമ്മുടെ സംരക്ഷണമൊന്നും വേണ്ട. മിൽത്തുണിക്കു വേണ്ടത്ര പ്രചാരമുണ്ടു്. അതു മാത്രമല്ല, രാഷ്ട്രത്തിനു മില്ലുകളുടെ മേൽ യാതൊരു നിയന്ത്രണവുമില്ല. അവ ധർമ്മസ്ഥാപനങ്ങളല്ല. തങ്ങാം സ്വാർത്ഥതല്പരരാണെന്ന കാര്യം മില്ലുടമകാം മറച്ചുവയ്ക്കുന്നില്ല. അവക്കു് അവരുടേതായ പ്രചാരണമാർഗ്ഗങ്ങളുണ്ടു്. കാലത്തിൻെറ സൂചനകാം അവർ കണ്ടു മനസ്സിലാക്കുന്നുണ്ടെങ്കിൽ, തങ്ങളുടെ തുണിത്തരങ്ങാംക്കു വിലകുറച്ചും ഖാദി പ്രചാരത്തിലില്ലാത്ത സ്ഥലത്തു തുണികളെത്തിച്ചും വിദേശവസ്ത്രബഹിഷ്കരണത്തെ സഹായിക്കേണ്ടതാണു്. വേണമെന്നുണ്ടെങ്കിൽ അവക്കു് ഖാദിയുമായുള്ള മത്സരം ഒഴിവാക്കുകയും ഖാദിയുടെ കുറവു പരിഹരിച്ചു തൃപ്തിപ്പെടുകയും ചെയ്യാം.

## 51

ഓരോ താലൂക്കിലും നൂൽനൂൽപ്പുമില്ലു് സ്ഥാപിക്കുകയാണെങ്കിൽ അതു്, ഏതാനും ആളുകാം അനേകംപേരെ ചൂഷണം ചെയ്യുന്ന സമ്പ്രദായം ദേശസാൽക്കരിക്കലായിരിക്കും. അതു മാത്രമല്ല, 2000 താലൂക്കുകളിലേക്കു വേണ്ട യന്ത്രങ്ങാം നാം ഇറക്കുമതി ചെയ്യേണ്ടിവരും; ഈ മില്ലുകാം നടത്തുന്നതിനു വിദഗ്ധപരിശീലനം നൽകി ആളുകളെ ഏർപ്പെടുത്തേണ്ടതായും വരും. ചർക്കകാംക്കു സാധിക്കുമ്പോലെ മില്ലുകാംക്കു കൂമിളുകാംപോലെ വളർന്നുവരാൻ സാദ്ധ്യമല്ല. ഒരു ചക്കയുടെ പരാജയം ആരും ശ്രദ്ധിക്കുകയില്ല. എന്നാൽ ഒരു താലൂക്കിലെ മില്ലു പരാജയപ്പെട്ടാൽ അതു് ആ താലൂക്കിലെ ജനങ്ങളെ അമ്പരപ്പിക്കും. എൻെറ അഭിപ്രായത്തിൽ സ്നേഹിതൻ ഉന്നയിച്ചിരിക്കുന്ന നിർദ്ദേശം തികച്ചും അനാശാസ്യമാണു്. ഏതായാലും, തൻെറ പദ്ധതിയിൽ വിശ്വാസമുണ്ടെങ്കിൽ അതു നടപ്പിലാക്കാൻ അദ്ദേഹം ശ്രമിച്ചുനോക്കണമെന്നു ഞാൻ നിർദ്ദേശിച്ചിട്ടുണ്ടു്. ഞാൻ എൻെറ ചിറേറാടവും തുഴഞ്ഞു മുമ്പോട്ടു പോകും; എന്തെന്നാൽ മറെറാന്നും എന്നെ ആകർഷിക്കുന്നില്ല.

## 52

ലേഖകൻെറ ആശങ്കകാം യാഥാർത്ഥ്യങ്ങളായിപ്പരിണമിച്ചെങ്കിൽ, എന്നു ഞാൻ ആശിക്കുന്നു. മില്ലുകളുടേയും മില്ലുകളുടെ ഓഹരിക്കാരുടേയും തകർച്ചയുടെ സമയം അവരുടേയും ഇൻഡ്യയുടേയും രക്ഷയ്ക്കുള്ള സമയമാണെന്നു് അപ്പോാം അദ്ദേഹത്തിനു മന

51. Young India, 26-6-1924 (Khadi, p. 262)

52. Young India, 17-7-1924 (Khadi, p. 58 and Economic and Industrial Life and Relations, vol. II P. 288)

digitized by www .sreyas.in

സ്സിലാകും. അന്നു് ഇൻഡ്യയിൽ ഒരു പുതിയ ജീവൻ ത്രസിച്ചു തുടങ്ങുമെന്നും, തങ്ങൾക്കു ആവശ്യമുള്ളതും എന്നാൽ സ്വയം നിർമ്മിക്കാൻ കഴിയാത്തതുമായ സാധനങ്ങൾക്കുവേണ്ടി സ്വന്തം ഉല്പന്നങ്ങൾ സസന്തോഷം കൈമാറുന്ന, സമൃദ്ധിയിൽ കഴിയുന്ന, കർഷകനിൽനിന്നു്, — ഇന്നത്തെപ്പോലെ വിശന്നു പൊരിയുന്ന കർഷകനിൽനിന്നല്ല—ഇൻഡ്യയിലെ ഇടത്തരക്കാർ ജീവിതാവശ്യങ്ങൾ നിറവേററുമെന്നും അദ്ദേഹത്തിനു ബോദ്ധ്യമാകും. മില്ലുകളെ പുറംതള്ളാൻതക്കവണ്ണം ചക്രം നല്ല പ്രതിഷ്ഠ ലഭിക്കുന്നതുവരെ അദ്ദേഹവും ബാക്കിയുള്ള ഓഹരിക്കാരും മിൽ ഡയറക്ടറന്മാരും ജനങ്ങളുമായി സഹകരിക്കേണ്ടതാണെന്നും, അല്പമൊന്നാലോചിച്ചാൽ ലേഖകനു മനസ്സിലാകും. ഇൻഡ്യൻ മിൽത്തുണികളെ സ്പർശിക്കാൻകഴിയുന്നതിനുമുമ്പായി ചക്രം അറുപതുകോടി രൂപാ വിലവരുന്ന വിദേശവസ്ത്രത്തെ പുറംതള്ളേണ്ടതായുണ്ടെന്ന വസ്തുതയിൽ ലേഖകൻ ആശ്വാസം കണ്ടെത്തട്ടെ. എന്നാൽ ഈ പേജുകളിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ള കാരണങ്ങളാൽ, ഇൻഡ്യൻ തുണിത്തരങ്ങളെപ്പോലും ഒഴിച്ചുനിർത്തി നമ്മളോരോരുത്തരും ഖാദിയെപ്പററിമാത്രം ചിന്തിക്കണം. നമ്മുടെ മില്ലുകൾക്കു് എൻെറയോ മററാരുടെയെങ്കിലുമോ സംരക്ഷണം ആവശ്യമില്ല. അവക്കു് അവരുടേതായ ഏജൻസികളും സാധനങ്ങൾക്കു പരസ്യം നൽകുന്നതിനുള്ള പ്രത്യേകമായ പ്രചരണരീതികളുമുണ്ടു്. മിൽത്തുണികൾ ഉപയോഗിക്കുന്നതിനു കോൺഗ്രസ്സിലുള്ളവക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു പറയുന്നതു ഖാദിവ്യവസായത്തെ കൊല്ലാനാണു് ഉപകരിക്കുക. ഖാദിയെപ്പററി കമ്പോളത്തിൽ നല്ല മതിപ്പുണ്ടാകുന്നതുവരെ അതിനു ലഭിക്കാവുന്ന സംരക്ഷണമെല്ലാം ലഭിക്കണം.

താണപടികളിലുള്ള ആളുകളെ കെട്ടത്തി, നമ്മുടെ മില്ലുകളുടെ നേരേ മൃദുലമായ ഒരു മനോഭാവം സ്വീകരിക്കണമെന്നു് എൻെറ വിശാലമായ മനുഷ്യസ്നേഹത്തെ അടിസ്ഥാനമാക്കി എന്നെ ഉപദേശിച്ചാൽ, അതേകാരണത്താൽ—മററുചില സ്നേഹിതന്മാർ ഉപദേശിച്ചിട്ടുള്ളപോലെ — വിദേശമില്ലുകളോടും മൃദുലത കാണിക്കാൻ ഞാൻ നിർബ്ബന്ധനാകും. ജനലക്ഷങ്ങളുടെ ക്ഷേമൈശ്വര്യത്തെ വിദേശമില്ലുകൾ നശിപ്പിച്ചുവെന്നതു ശരിയാണെങ്കിൽ, വിദേശമില്ലുടമകൾക്കു കഷ്ടത നേരിട്ടാലും ജനങ്ങളെ ചക്രയിലേക്കു മടങ്ങുന്നതിനു പഠിപ്പിക്കയാണു മനുഷ്യത്വം. അതുപോലെ നാടൻ മില്ലുകളും, ആരുടെ ദാരിദ്ര്യത്തിലാണോ അവയുടെ ഭാഗധേയങ്ങൾ കെട്ടിപ്പടുത്തിരിക്കുന്നതു്, അവക്കുവേണ്ടി ആവശ്യമെന്നു കണ്ടാൽ കഷ്ടതകൾ സഹിക്കണം. നമ്മുടെ അടുക്കളകളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനുവേണ്ടി ഉത്സാഹശാലിയായ ഒരു റൊട്ടിക്കടക്കാരൻ ഗ്രാമങ്ങളിൽ കുറഞ്ഞവിലയ്ക്കു സാധനങ്ങൾ വി

ല്ലുന്ന റൊട്ടിക്കടകരം സ്ഥാപിച്ചാൽ, ആ സംരംഭത്തെ രാജ്യമൊട്ടുക്കള്ളവർ എതിർക്കുമെന്നാണ് എൻെറ വിശ്വാസം. ആ എതിർപ്പിൻെറ കാരണവും, ജനങ്ങളുടെ താല്പര്യങ്ങളുമായി മില്ലുകരം ഏററുമുട്ടുമ്പോരം ഞാൻ മില്ലുകളെ എതിർക്കുന്നതിൻെറ കാരണവും ഒന്നുതന്നെയാണ്.

## 53

മിൽവ്യവസായത്തെ നശിപ്പിക്കാനാണോ എൻെറ ശ്രമമെന്നു പലപ്പോഴും ചോദ്യങ്ങരം വരാറുണ്ട്. അതാണ് എൻെറ ഉദ്ദേശമെങ്കിൽ എക്സൈസ് നികുതി എടുത്തുകളയുന്നതിനു ഞാൻ നിർബ്ബന്ധിക്കുകയില്ലായിരുന്നു. മിൽവ്യവസായം അഭിവൃദ്ധിപ്പെടണമെന്നാണ് എൻെറ ആഗ്രഹം. എന്നാൽ രാജ്യത്തിനു ദോഷം ചെയ്തുകൊണ്ട് അതു് അഭിവൃദ്ധിപ്പെടണമെന്ന് എനിക്ക് ആഗ്രഹമില്ല. നേരെമറിച്ച് രാജ്യതാല്പര്യം ആവശ്യപ്പെടുന്നതു് ഈ വ്യവസായം ഇല്ലാതാകണമെന്നാണെങ്കിൽ ഞാൻ യാതൊരു ഈഷലും കൂടാതെ അതിനെ അനുകൂലിക്കും.

## 54

നമ്മുടെ ചരിത്രത്തിലെ ഈ വിഷമഘട്ടത്തിൽ യഥാർത്ഥമായ കുറേ ശക്തി പ്രകടമാക്കാൻ സാധിക്കണമെന്ന് ഓരോരുത്തർക്കും ആകാംക്ഷയുണ്ട്. ബ്രിട്ടീഷ് തുണിത്തരങ്ങളെന്ന പ്രത്യേകത കൂടാതെ വിദേശവസ്ത്രങ്ങളുടെ ബഹിഷ്കരണത്തിലൂടെ മാത്രമേ ആ ശക്തി വളർത്തുകയും പ്രകടമാക്കുകയും ചെയ്യാൻ കഴിയുകയുള്ളുവെന്നു കൂടുതൽകൂടുതൽ ബോദ്ധ്യമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ മില്ലുടമകരംക്ക് ആഗ്രഹമുണ്ടെങ്കിൽ ഈ ബഹിഷ്കരണസംരംഭത്തിൽ സുപ്രധാനവും നിർണ്ണായകവുമായ ഒരു പങ്കു വഹിക്കാൻ കഴിയും.

തങ്ങരം ഈ വൈദേശികഗവണ്മെൻറിൻെറ പക്ഷത്തു ചേരണോ ജനങ്ങളുടെ പക്ഷത്തു ചേരണോ എന്ന കാര്യം എന്നെങ്കിലുമൊരിക്കൽ അവർ തീരുമാനിക്കേണ്ടിവരും. തങ്ങളുടെ നിലനില്പിനു് ഏറിയകൂറും അവർ ഗവണ്മെൻറിൻെറ സന്മനോഭാവത്തെയല്ലെങ്കിൽ സഹിഷ്ണുതയെ ആശ്രയിക്കുന്നവരാണ്, സംശയമില്ല. ഒരു ചീത്ത ഗവണ്മെൻറിൻെറ കീഴിൽ ധനം സമ്പാദിച്ചു വയ്ക്കുന്നതു പാപമാണെന്നും, അവിടെ ദാരിദ്ര്യം പുണ്യമാണെന്നും, അഭിപ്രായപ്പെട്ട തോറൊ ഒരു സത്യംമാത്രമാണു പ്രസ്താവിച്ചതു്.

---

53. Young India, 24-2-1947 (Selections from Gandhi, P. 68)

54. Young India, 15-3-1928 (Economic and Industrial Life and Relations, vol. II, pp. 289-290)

digitized by www .sreyas.in

ഗുണകരമോ ദോഷകരമോ ആകട്ടെ, ധനവാന്മാരുടെ ധനം അതാതുകാലത്തു് അധികാരത്തിലിരിക്കുന്ന ഗവണ്മെൻറിനു് അധീനമാണു് എപ്പോഴും.

ഗവണ്മെൻറിൻെറ സഹിഷ്ണുതയേയോ സമ്മനോഭാവത്തേയോ ആശ്രയിച്ചാണു് മില്ലുകൾ നിലനില്ക്കുന്നതെങ്കിൽ, അതിലൊട്ടും കുറയാതെതന്നെ ജനങ്ങളുടെ സഹിഷ്ണുതയേയോ സമ്മനോഭാവത്തേയോ കൂടി ആശ്രയിച്ചുകൊണ്ടാണു് ആ നിലനില്പു്. ജനങ്ങൾ അജ്ഞരും ഉദാസീനരും അസംഘടിതരുമായിരിക്കുന്നിടത്തോളംകാലമേ മില്ലുടമകൾക്കു് അവരെ അവഗണിക്കാൻ സാധിക്കുകയുള്ളു. എന്നാൽ കഴിഞ്ഞ ഏഴുവർഷക്കാലം നമ്മുടെ ജനത വ്യർത്ഥജീവിതം നയിക്കയല്ല ചെയ്തതു്. ജനലക്ഷങ്ങളിലുണ്ടായിട്ടുള്ള ഉണർവ്വു് ഒരിക്കലും കെട്ടടങ്ങുന്നതല്ല. ജനങ്ങൾ എന്നു്, ഏതുവിധത്തിൽ അവരുടെ ശക്തി പ്രകടമാക്കുമെന്നു് ആക്കും പറയാൻ സാദ്ധ്യമല്ല.

എന്നാൽ മില്ലുടമകൾക്കു സവിശേഷാവകാശങ്ങളോടുകൂടിയ ഒരു സ്ഥാനമാണുള്ളതു്. അവർ അല്പം ധൈര്യവും രാഷ്ട്രത്തിൻെറ യഥാർത്ഥതാല്പര്യങ്ങളേപ്പററി അല്പം പരിഗണനയും കാണിക്കുകയും, അല്പം സ്വാർത്ഥത്യാഗം അനുഷ്ഠിക്കുകയും ചെയ്യുമെങ്കിൽ, അവക്കു ജനങ്ങളേയും ഗവണ്മെൻറിനേയും സേവിക്കാൻ കഴിയും. അവക്കു ഗവണ്മെൻറിൽ പരിവർത്തനങ്ങൾ വരുത്താനും ജനങ്ങളുടെ താല്പര്യങ്ങളെ സഹായിക്കാനും സാധിക്കും.

ഇതു് എങ്ങനെ സാധിക്കുമെന്നുള്ളതിനെപ്പററി എൻെറ വിനീതമായ അഭിപ്രായം ഇതാണു്: വില ഏറിനിന്ന വർഷങ്ങളിലേയും കുറഞ്ഞ വർഷങ്ങളിലെയും ഏററവും കുറഞ്ഞ ശരാശരി കണക്കാക്കി സാധനങ്ങളുടെ വില അവക്കു നിലവാരപ്പെടുത്താം.

രാഷ്ട്രത്തിനു് എന്തുമാത്രം തുണി വേണമെന്നും ഏതുതരം തുണി വേണമെന്നും ഉള്ളതിനെപ്പററി, അവക്കു ബഹിഷ്കരണം സംഘടിപ്പിക്കുന്ന നേതാക്കന്മാരുമായി ഒരു ധാരണയിൽ എത്താം.

ഖാദിസംഘങ്ങൾക്കു പ്രയാസംകൂടാതേയും പെട്ടെന്നും നിർമ്മിക്കാവുന്നതരം തുണികൾ മില്ലുകളിൽ നിർമ്മിക്കാതിരിക്കാം. അങ്ങനെ ഖാദിസംഘങ്ങൾക്കു് ഇപ്പോൾ ഉല്പാദിപ്പിക്കാൻ കഴിയാത്ത തരങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കുന്നതിനു് അവയുടെ ഉൽപ്പാദകശക്തി അവക്കു വിനിയോഗിക്കാം.

കഴിയുന്നത്ര കുറച്ചു ലാഭമെടുക്കുകയും, അധികം വരുന്ന തുക ബഹിഷ്കരണപരിപാടി നടപ്പിലാക്കുന്നതിനുവേണ്ടിയോ, തൊ

digitized by www .sreyas.in

ഴിലാളികളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയോ ഉപയോഗപ്പെടുത്തുകയും ചെയ്യാം.

ഇതിനു സാർവ്വത്രികമായ സത്യസന്ധതയും സ്ഥിരപരിശ്രമവും പരസ്പരവിശ്വാസവും തൊഴിലാളികളും മുതലാളികളും ഉപഭോക്താക്കളും തമ്മിലുള്ള അഭിമാനകരവും സ്വമേധയാ ഉടലെടുക്കുന്നതുമായ ഒരു ത്രികക്ഷിഐക്യവും ആവശ്യമാണ്. വമ്പിച്ച തോതിലുള്ള സംഘടനാശക്തി ഇതിനു വേണ്ടതുണ്ട്. അക്രമരഹിതമായ മാർഗ്ഗങ്ങളിൽക്കൂടി വിദേശവസ്ത്രബഹിഷ്കരണം സാധിക്കണമെങ്കിൽ ഞാൻ മുകളിൽ വിവരിച്ച പരീക്ഷണങ്ങൾ നിർവ്വഹിച്ചാലേ പററൂ.

ഈ കർത്തവ്യത്തിനു നാം ഏററവും പററിയവരാണെന്നാണ് എൻെറ വിനീതമായ അഭിപ്രായം. ഇതിന് ആവശ്യമായ സംഘടന നമുക്ക് അപരിചിതമല്ല. നമുക്കു പ്രവർത്തിക്കാൻ മനസ്സുണ്ടോ എന്നതു മാത്രമാണു പ്രശ്നം. മില്ലുടമകൾക്കു വേണ്ടത്ര ദീർഘവീക്ഷണവും രാജ്യസ്നേഹവുമുണ്ടോ? ഉണ്ടെങ്കിൽ അവർക്കു നേതൃത്വം നൽകാൻ കഴിയും.

എൻെറ സ്വന്തം വിശ്വാസം ഞാൻ ഒരിക്കൽക്കൂടി വെളിപ്പെടുത്തട്ടെ. ബഹിഷ്കരണം പെട്ടെന്നു നടപ്പിലാക്കുന്നതിന് ഖാദിയും യഥാർത്ഥത്തിൽ സ്വദേശീയമായ മില്ലുകളും തമ്മിലുള്ള സഹകരണം അഭിലഷണീയമാണ്; പക്ഷേ, കൂടിയേ കഴിയൂ എന്നവിധം അത്യാവശ്യമല്ല. ഇൻഡ്യയിൽ സ്ഥാപിതമായവ എന്ന അർത്ഥത്തിൽ മാത്രം ഭാരതീയം എന്നു കരുതപ്പെടുന്നവയും, എന്നാൽ ഓഹരി ഉടമകളും മാനേജുമെൻറുകളും അന്തസ്സത്തയും മുഴുവനുമല്ലെങ്കിൽ മുക്കാലും, വൈദേശികമായിരിക്കുന്നവയുമായ കള്ളക്കമ്പനികൾ ഇവിടെയുള്ളതുകൊണ്ടാണ് 'യഥാർത്ഥത്തിൽ സ്വദേശീയം' എന്ന വാക്കുകൾ ഞാൻ ഉപയോഗിച്ചത്.

എന്നാൽ ഈ നാട്ടിലെ മില്ലുകൾക്കു ദേശീയപ്രസ്ഥാനം നയിക്കയോ അതിൽ പങ്കെടുക്കുകയോ ചെയ്യാൻ കഴിവോ മനസ്സോ ഉണ്ടാവില്ലെങ്കിൽ, രാഷ്ട്രീയബോധമുള്ള ഇൻഡ്യയ്ക്കു വേണ്ടത്ര നിശ്ചയദാർഢ്യവും വിശ്വാസവും ഉത്സാഹവും ഉണ്ടായാൽ മതി, ഖാദിക്കു തനിച്ചു ബഹിഷ്കരണപ്രസ്ഥാനത്തെ വിജയിപ്പിക്കാൻ കഴിയുമെന്ന് എനിക്കു നല്ല ബോദ്ധ്യമുണ്ട്. ആവിയന്ത്രങ്ങളിലൂടെയോ എണ്ണയന്ത്രങ്ങളിലൂടെയോ വൈദ്യുതിയന്ത്രങ്ങളിലൂടെയോ ആവിഷ്കൃതമാകുന്ന കുതിരശക്തി നമുക്ക് വേണ്ടത്രയില്ല. എന്നാൽ അലസമായിക്കിടക്കുന്നതും ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നതും ആവശ്യനിർവ്വഹണത്തിനു തികച്ചും യോഗ്യവുമായ ഒടുങ്ങാത്ത മനുഷ്യശക്തിയുടെ ഒരു സംഭരണംതന്നെ നമുക്കുണ്ട്. ഈ

digitized by www .sreyas.in

സജീവശക്തിസംഭാരം കാണുന്നതിനും ഉപയോഗിക്കുന്നതിനും പര്യാപ്തമായ വിശ്വാസംകൂടി ഉണ്ടായിരുന്നെങ്കിൽ!

## 55

മില്ലുടമകൾ അവരുടെ കമ്മവിമുഖത കൈവെടിയുകയും, രാഷ്ട്രതാൽപര്യത്തെ മുൻനിർത്തി—ഓഹരിയുടമകളുടേയും ഡയറക്ടറന്മാരുടേയും ഏജൻറന്മാരുടേയും ലാഭസാദ്ധ്യതയെ മുൻനിർത്തിയല്ല—ആവേശപൂർവ്വം ചിന്തിച്ചുതുടങ്ങുകയും ചെയ്യുമ്പോഴേ അവർ അവരുടെ പങ്കു നിർവ്വഹിക്കുകയുള്ളു. ഈ പ്രശ്നം സംബന്ധിച്ചു എൻെറ നിലപാടു വ്യക്തമാക്കാം. ബഹിഷ്കരണപ്രസ്ഥാനത്തിൽ പങ്കെടുക്കുന്ന എല്ലാ മില്ലുകളും നിലവിലുള്ള വ്യത്യാസങ്ങൾ പരിത്യജിക്കുകയും ഒരു നിശ്ചിതവിലനിരക്ക് സ്വീകരിക്കുകയുംവേണം. തന്മൂലം ചില മില്ലുകൾക്കെങ്കിലും ഇപ്പോൾ കിട്ടിവരുന്ന ലാഭത്തിൻെറ ഒരു വലിയ ഭാഗം കുറയുന്നതാണ്. അവരുടെ രാജ്യസ്നേഹം അവികലവും പുരോഗമനപരവും ആണെങ്കിൽ, വളരെ ലാഭകരമായി നടക്കുന്ന മില്ലുകൾ നഷ്ടത്തിൽ നടക്കുന്നവയുടെ നഷ്ടം പരിഹരിക്കുന്നതും ഒഴിവാക്കാവുന്ന വ്യത്യാസങ്ങൾ ഒഴിവാക്കുന്നതുമാണ്. ഞാൻ ഉദ്ദേശിക്കുന്ന പദ്ധതിയിൽ, മില്ലുകൾക്കു മൊത്തത്തിൽ ഒരിക്കലും നഷ്ടം നേരിടുന്നതല്ല; ഉപഭോക്താക്കളെ ദോഷപ്പെടുത്തി അവയ്ക്കു ലാഭമെടുക്കേണ്ടിവരികയുമില്ല.

## 56

ലക്ഷക്കണക്കിനുള്ള നമ്മുടെ കുടിലുകളിൽ കൈകൊണ്ടു നൂൽ നൂല്ക്കുന്ന ദേശീയവ്യവസായത്തിനു പൂരകമായി പ്രവർത്തിക്കുന്നിടത്തോളമേ, ദേശീയസമ്പദ്വ്യവസ്ഥയിൽ മില്ലുകൾക്കു സ്ഥാനമുള്ളു. ആ വ്യവസായവുമായി മത്സരിക്കുന്നതിനോ അതിനെ പുറംതള്ളുന്നതിനോ മില്ലുകൾ തയാറാവുകയാണെങ്കിൽ അവ ഒരു തടസ്സമായിത്തീരുന്നതാണ്.

## 57

ഇപ്പോഴത്തെപ്പോലെ ജനങ്ങളെ ചൂഷണം ചെയ്യുന്നതിനല്ല മില്ലുകൾ പ്രവർത്തിക്കുന്നതെങ്കിൽ, കുടിലുകളിലെ ചക്കകളുടേയും കൈത്തറികളുടേയും ഉൽപ്പന്നങ്ങൾക്കു പൂരകമായി പ്രവർത്തിക്കുകയല്ലാതെ, ഇന്നത്തെമാതിരി അവയെ പുറംതള്ളാൻവേണ്ടി പ്രവർത്തിക്കുന്നതല്ല.

---

55. Young India, 22-3-1928 (Khadi, P. 67)
56. Young India, 5-4-1928 (Khadi, P. 59)
57. Young India, 12-4-1928

digitized by www .sreyas.in

## 58

അതുകൊണ്ടു്, ഖാദിയെ സംബന്ധിച്ചുള്ള കോൺഗ്രസ്സ് പ്രമേയങ്ങൾ അസന്ദിഗ്ദ്ധമാണ്. അവയെ ബഹുമാനിക്കാൻ ആഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം നമ്മുടെ മില്ലുകളിലുണ്ടാക്കുന്ന തുണി ഉപയോഗിക്കാതിരിക്കയല്ലാതെ അവക്കു മററു മാർഗ്ഗമില്ല. എന്നാൽ അരാജകത്വം വർദ്ധിച്ചുവരുന്ന ഈ കാലത്തു് കോൺഗ്രസ്സുകാരുടെ ഏതെങ്കിലും പ്രവൃത്തിയെ എതിർക്കുന്നതിനോ പിൻതാങ്ങുന്നതിനോവേണ്ടി കോൺഗ്രസ്സ് പ്രമേയങ്ങൾ ഉദ്ധരിക്കുന്നതു വ്യർത്ഥമാണ്.

അതുകൊണ്ടു കോൺഗ്രസ്സുകാർ വിദേശവസ്ത്രങ്ങൾക്കുപകരം നാടൻ മിൽവസ്ത്രങ്ങൾ ഉപയോഗിക്കുകയും അവ കൊണ്ടുനടന്നു വില്പനനടത്തുകയും ചെയ്യുന്ന പ്രശ്നം നമുക്കു പുനഃപരിശോധന ചെയ്യാം. ബംഗാളിന്റെ അനുഭവം എന്തെന്നു നമുക്കു് അറിയാം. ബംഗാൾവിഭജനകാലത്തു്, അവിടെ ഉടലെടുത്ത സ്വദേശിപ്രസ്ഥാനത്തിനു് ഒരു തിരിച്ചടി നേരിട്ടതു മില്ലുടമകളുടെ ദുരാഗ്രഹവും നേരുകേടും നിമിത്തമാണ്. അവർ വിലനിരക്കു് ഊതിപ്പെരുപ്പിക്കയും വിദേശവസ്ത്രങ്ങൾ 'സ്വദേശി'യാണെന്നുപറഞ്ഞു വില്ക്കുകപോലും ചെയ്തു. ഇത്തവണ അവർ കൂടുതൽ യോഗ്യമായി പെരുമാറുമെന്നു വിശ്വസിക്കാൻ യാതൊരു കാരണവുമില്ല. കള്ളഖദറിനെപ്പററി ഞാൻ വെളിച്ചത്തു കൊണ്ടുവന്നിട്ടുള്ള വസ്തുതകൾ തെളിയിക്കുന്നതു്, ഉപഭോക്താക്കളുടെ വിശാലതാൽപ്പര്യത്തിനു വിപരീതമായി സ്വാർത്ഥതാൽപ്പര്യത്തിനുവേണ്ടി ജനങ്ങളുടെ സ്വദേശിപ്രേമം ചൂഷണം ചെയ്യാൻ മില്ലുടമകൾ മടിക്കുകയില്ലെന്നാണ്.

മില്ലുകൾ ആ തന്ത്രം പ്രയോഗിക്കുമെന്നിരുന്നാലും കോൺഗ്രസ്സുകാർ മിൽത്തുണി ഉപയോഗിക്കുകയോ അതിനുവേണ്ടി പ്രചരണം നടത്തുകയോ ചെയ്യേണ്ടതില്ല. ഖാദിയാണെന്നുപറഞ്ഞു പരസ്യംചെയ്യുകയും വില്പന നടത്തുകയും ചെയ്യുന്ന തന്ത്രംകാണിക്കുന്ന മില്ലുടമകൾ ഖാദിയുടെ തത്വം ഉൾക്കൊള്ളുകയുമാണ് ചെയ്യുന്നതു്.

മില്ലുടമകൾ ആഗ്രഹിച്ചാൽത്തന്നെ നമ്മുടെ തലമുറക്കാലത്തു്, അവക്കു തനിച്ചു വിദേശവസ്ത്രങ്ങളെ പൂർണ്ണമായി പുറംതള്ളാൻ സാദ്ധ്യമല്ലെന്ന കാര്യം വ്യക്തമായി മനസ്സിലാക്കിയിരിക്കണം.

---

58. Young India, 10-5-1928 (Economic and Industrial Life and Relations, vol. II, pp. 291—292)

digitized by www .sreyas.in

അതുകൊണ്ടു വിദേശവസ്ത്രബഹിഷ്കരണം സംബന്ധിച്ച്, ഖാദി പ്രചാരണത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ഏജൻസി രാജ്യത്തുണ്ടായിരിക്കണം. ആ ഏജൻസി 1920—നുശേഷം കോൺഗ്രസ്സാണ്. ഖാദി ഉൽപ്പാദനവും ഖാദി പ്രചരണവും മില്ലുടമകളുടെ ദുരാഗ്രഹത്തിനു് ഒരു കടിഞ്ഞാണായിത്തീരുന്നതോടൊപ്പം വിദേശമില്ലുകളുമായുള്ള മത്സരത്തിൽ സ്വദേശമില്ലുകാക്കു പരോക്ഷവും എന്നാൽ വളരെ ഫലപ്രദവുമായ പ്രോത്സാഹനമായിത്തീരുകയും ചെയ്യും. കോൺഗ്രസ്സുകാർ ഖാദിമാത്രം ഉപയോഗിക്കുകയും അങ്ങനെ ഖാദിപ്രസ്ഥാനത്തിനു ചുവടുറപ്പിക്കാൻ കഴിയുകയുംചെയ്താൽ, കോൺഗ്രസ്സിനു പറയത്തക്ക സ്വാധീനമൊന്നും ഇല്ലാത്ത സ്ഥലങ്ങളിൽ തങ്ങളുടെ പ്രവത്തനം ഫലപ്രദമായി നടത്തുന്നതിനു മില്ലുകാക്കുകഴിയും. അതുകൊണ്ടാണു മില്ലുകാർ ഖാദിപ്രചരണത്തെ ഒരിക്കലും എതിക്കാതിരുന്നിട്ടുള്ളതു്. നേരെമറിച്ച് ഖാദിപ്രചരണംകൊണ്ടു് തങ്ങാക്കു ഗുണമാണുണ്ടായിട്ടുള്ളതെന്നു് അവരുടെ ഏജൻറന്മാരിൽ പലരും എന്നെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടു്. താരതമ്യേന പരുക്കനായ തങ്ങളുടെ തുണിത്തരങ്ങാ വിററഴിക്കുന്നതിനു് അനുകൂലമായി വിദേശവസ്ത്രവിരുദ്ധമായ ഒരു അന്തരീക്ഷം അതു സൃഷ്ടിച്ചിട്ടുണ്ടത്രേ. ഖാദിമാത്രമേ ഉപയോഗിക്കാവൂ എന്ന പ്രചരണം നിറുത്തുകയും, മിൽത്തുണിക്കു് അംഗീകാരം നൽകുകയും ചെയ്താൽ നിങ്ങാ ഖാദിയെ തുലയ്ക്കും. കാലാന്തരത്തിൽ മിൽത്തുണിയേയും കൊല്ലും. എന്തുകൊണ്ടെന്നാൽ മിൽത്തുണിക്കു് ഒററയ്ക്കുനിന്നു വിദേശമില്ലുകളുടെ മത്സരത്തെ നേരിടാൻ സാധിക്കുകയില്ല. സ്വദേശമില്ലുകളും വിദേശമില്ലുകളും തമ്മിലുള്ള മത്സരം നടക്കുന്നതു ഖാദിസ്പിരിററു നിലവിലില്ലാത്ത ഒരു സാഹചര്യത്തിലാണെങ്കിൽ, സ്വദേശമില്ലുകാക്കു് അനുകൂലവും വിദേശമില്ലുകാക്കു ശല്യഹേതുകവുമായ പൊതുജനവികാരാവേശം എന്ന ഏക ഘടകം അവിടെ നിശ്ശേഷം ഉണ്ടായിരിക്കയില്ല.

അവസാനത്തേതും എന്നാൽ ഒട്ടും അപ്രധാനമല്ലാത്തതുമായ ഖാദിയുടെ അമൂല്യപ്രയോജനം അതു ജനലക്ഷങ്ങളുടെ ഉയർച്ചയ്ക്കും ശിക്ഷണത്തിനും അവരുടെ വർദ്ധിച്ചുവരുന്ന പട്ടിണിക്കു സാരമായ പരിഹാരമുണ്ടാക്കുന്നതിനും ഉപകരിക്കുമെന്നുള്ളതാണു്. ജനങ്ങാക്കു ജോലിയോ സാമ്പത്തികസഹായമോ പ്രദാനംചെയ്യാൻ മിൽത്തുണിക്കു കഴിയാതിരിക്കുമ്പോാ, ജോലിയും കൂലിയും ഇല്ലാതെ രണ്ടുപ്രകാരത്തിൽ നശിച്ചുകൊണ്ടിരിക്കുന്ന ജനങ്ങാക്കു് ഓരോ വാര ഖാദിയും, അതു നിമ്മിക്കാൻ വേണ്ടത്ര ജോലിയും അതിൻെറ കൂലിയും നൽകുന്നു. അതുകൊണ്ടു ഖാദിമാത്രം ഉപയോഗിക്കുകയും പ്രചരിപ്പിക്കുകയുമല്ലാതെ ഒരു യഥാത്ഥ രാജ്യസ്നേഹിക്കു മററു പോംവഴിയില്ല.

digitized by www .sreyas.in

## 59

നാം മില്ലുകളെ ആശ്രയിച്ചുകഴിഞ്ഞാൽ, അവ ചില പരിമിതികാംക്കള്ളിൽനിന്ന പ്രവർത്തിക്കാൻ നിബ്ബന്ധിതമാകകൊണ്ടു്, അവസാനം നമ്മെ കൈവെടിയുമെന്നാണു് എൻെറ പൂർണ്ണവിശ്വാസം. ദേശീയ പരിഗണനകാം എന്തുതന്നെ ആയാലും ലാഭമുണ്ടാക്കണമെന്ന ചിന്ത പ്രധാനമായും ഉള്ള സ്ഥാപനങ്ങളാണവ. തന്നിമിത്തം പൊതുജനങ്ങളെ ചൂഷണം ചെയ്യുന്നതിനോ വിദേശവസ്ത്രങ്ങാം സ്വദേശിയെന്ന വ്യാജേന വില്ക്കുന്നതിനോ അവ മടിക്കുകയില്ല. ഖാദി എന്ന പേരിൽ മിൽത്തുണികാം വിക്രയംചെയ്യുന്ന വഞ്ചന ഞാൻ ഈ പേജുകളിൽ ഇതിനകം തുറന്നുകാട്ടിയിട്ടുണ്ടു്. നിലവിലുള്ള ഗവണ്മെൻറു് ഈ രാജ്യത്തു സ്ഥിതിചെയ്യുന്നുവെന്നതുകൊണ്ടുമാത്രം സ്വദേശിയായി പരിഗണിക്കപ്പെടുകില്ലല്ലോ. അതുപോലെ ഇൻഡ്യയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്ന ഏക കാരണത്താൽ എല്ലാ മില്ലുകളും സ്വദേശിമില്ലുകളായി പരിഗണിക്കപ്പെടാവുന്നതല്ല. ചില മില്ലുകാം എല്ലാപ്രകാരത്തിലും വിദേശീയംതന്നെയാണു്. വിദേശീയ മൂലധനംകൊണ്ടു നടത്തുന്നവയും, വിദേശീയർമാത്രം ഓഹരിയുടമകളായിരിക്കുന്നവയും, വിദേശീയർതന്നെ നേരിട്ടു ഭരിക്കുന്നവയുമാണു് ഈ മില്ലുകാം. ഈ രാജ്യത്തെ വിഭവങ്ങാം ചൂഷണംചെയ്യുന്നതിനു മാത്രമാണു് അവർ ഇവിടെ വന്നിട്ടുള്ളതു്. ഈ രാജ്യത്തെ വിലകുറഞ്ഞ മനുഷ്യശക്തി പ്രയോജനപ്പെടുത്തുകയും, ഈ മില്ലുകാം സ്വദേശിമില്ലുകളാണെന്നു ശുദ്ധാത്മാക്കളെ തെററിദ്ധരിപ്പിക്കുകയുമാണു് അവർ ചെയ്യുന്നതു്.

ബഹിഷ്കരണപ്രസ്ഥാനത്തിൽ ഈ മില്ലുകാം യാതൊരു പങ്കും വഹിക്കുകയില്ലെന്നു് ഇതിനത്ഥമില്ല. പങ്കു വഹിക്കും. പക്ഷേ അതു സ്വമേധയാ അല്ലാതേയും ആകസ്മികമായും ആയിരിക്കും. ഇൻഡ്യയിലെ ഓരോ ഗ്രാമത്തിലും പെട്ടെന്നു് എത്തിച്ചേരാൻ കോൺഗ്രസ്സുകാക്കു കഴിയുകയില്ല. നാം പട്ടണങ്ങളിലും അവയ്ക്കു ചുററുമുള്ള ഗ്രാമങ്ങളിലും ഖാദി എത്തിക്കണം. ഇൻഡ്യയിലെ ഓരോ ഗ്രാമത്തിലും മിൽത്തുണി ചെന്നെത്തുന്നുണ്ടു്. രാജ്യത്തു് ഇപ്പോാം സൃഷ്ടിക്കപ്പെട്ടിട്ടുള്ള അന്തരീക്ഷം ഗ്രാമീണരെ മില്ലുടമകളുടെ ഏജൻറന്മാരുടെ കൈകളിലേക്കു് എറിഞ്ഞുകൊടുക്കും; സ്വദേശി എന്ന പേരിൽ മില്ലുകാം നല്കുന്ന എന്തും ഗ്രാമീണർ വാങ്ങുകയും ചെയ്യും. ഈ ഏജൻറന്മാരുടെ പ്രവത്തനങ്ങളെ കോൺഗ്രസ്സുകാർ സൂക്ഷിച്ചുകൊണ്ടിരിക്കണം. പക്ഷേ ഇതു്, എന്തു സഹിച്ചും വിദേശവസ്ത്രങ്ങാം ബഹിഷ്കരിക്കുകയും പകരം ശുദ്ധമായ ഖാദി ഉപയോഗിക്കുകയും ചെയ്യും എന്ന ജനങ്ങളുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കും. ഖാദിയുടെ ഉല്പാദനത്തിനു യാ

59. Young India, 7-3-1929 (Khadi, P. 68)

digitized by www .sreyas.in

തൊരു പരിമിതിയുമില്ല. എന്തുകൊണ്ടെന്നാൽ നമുക്കു കോടിക്കണക്കിനുള്ള മനുഷ്യക്കതിരുകളും, ലക്ഷക്കണക്കിനുള്ള മനുഷ്യത്തറികളുമുണ്ട്. പ്രവർത്തിക്കാനുള്ള ആഗ്രഹം മാത്രമാണ് ആവശ്യമായിട്ടുള്ളതു്.

## 60

ഈ പുറങ്ങളിൽ ഇതേ കാര്യം ഞാൻ മുമ്പും പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ലേഖകന്മാർ പലപ്പോഴും എന്നോടു ചോദിക്കാറുണ്ട്, എന്തുകൊണ്ടാണ് ബഹിഷ്കരണപ്രസ്ഥാനത്തിൽ പങ്കെടുക്കാൻ നാടൻമില്ലുകളെ ക്ഷണിക്കാത്തതെന്നു്.

നിലവിലുള്ള മില്ലുകൾവഴി ഉടനടി ബഹിഷ്കരണം നടപ്പിലാക്കുക അസാദ്ധ്യമാണ്. ഇഷ്ടംപോലെ പുതിയ മില്ലുകൾ ആരംഭിക്കാൻ സാദ്ധ്യവുമല്ല. അതുകൊണ്ടു് ബഹിഷ്കരണം വിജയിക്കണമെങ്കിൽ അതു ഖാദിയിൽക്കൂടി മാത്രമായിരിക്കണം. മിൽത്തുണികളോടൊപ്പം ഖാദിയും പ്രചരിപ്പിക്കുക സാദ്ധ്യമല്ല. ഏതു വേണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നല്കിനോക്കൂ; ജനലക്ഷങ്ങൾ എളുപ്പം ലഭിക്കാത്തതും, പരുപരുത്തതും, വിലക്കൂടുതലുള്ളതെന്നു തോന്നുന്നതുമായ ഖാദിയെത്തള്ളിക്കളഞ്ഞു്, വില കുറഞ്ഞതെന്നു പ്രത്യക്ഷത്തിൽ തോന്നുന്നതും അയത്നലഭ്യവുമായ കാലിക്കോത്തുണി വാങ്ങും. അതുകൊണ്ടു് കോൺഗ്രസ്സ് പ്രവർത്തകർ അവരവരുടെ സ്വാധീനത ചെന്നെത്തുന്നിടത്തോളം സ്ഥലത്തു്—ആ സ്വാധീനത ഇതുവരെ വളരെദൂരത്തിൽ ചെന്നെത്തിയിട്ടില്ല—ഖാദിക്കുവേണ്ടി പ്രചരണം നടത്തുകയും മിൽത്തുണി ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യണം.

വിദേശവസ്ത്രബഹിഷ്കരണപ്രസ്ഥാനത്തിൽ പൂർണ്ണമായോ ഭാഗികമായോ മില്ലുകൾക്കു പങ്കെടുക്കുന്നതിനുള്ള വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്:

1) അവരുടെ ഏജൻസികൾവഴി അവർക്കു ഖാദി വില്ക്കാം.

2) തങ്ങളുടെ പ്രാഗദ്ഭ്യം അവക്കു് ഈ പ്രസ്ഥാനത്തിനു നല്കാം.

3) ബഹിഷ്കരണത്തെ അടിസ്ഥാനമാക്കി ഏതെല്ലാംതരം തുണികളാണ് തങ്ങൾ നിർമ്മിക്കേണ്ടതെന്നു് എ. ഐ. എസ്. എ. —യുമായി കൂടിയാലോചിച്ചു് അവക്കു് തീരുമാനിക്കാം.

4) ഖാദി അതേപേരിലോ മറേറതെങ്കിലും പേരിലോ അവക്കു നിർമ്മിക്കാതിരിക്കാം.

---

60. Young India 4-7-1929 (Khadi, P. 69)

digitized by www .sreyas.in

5) നഷ്ടംവരികയോ ലാഭം വർദ്ധിക്കയോ ചെയ്യാത്ത രീതിയിൽ അവക്ക വിലനിരക്ക ക്രമീകരിക്കാം.

6) വിദേശവസ്ത്രബഹിഷ്കരണപ്രസ്ഥാനത്തിന്ന് അവക്ക് സാമ്പത്തികസഹായം നല്കാം.

മേൽപ്പറഞ്ഞ പ്രധാനപ്പെട്ട ആറു വ്യവസ്ഥകളിൽനിന്നു മററു ധാരാളം മാർഗ്ഗങ്ങരം പ്രയാസംകൂടാതെ അനുമാനിക്കാം. മില്ലുടമകളും ഓഹരിയുടമകളും സ്വരാജ്യസ്നേഹികളാകയും സ്വന്തം ലാഭം പരിമിതപ്പെടുത്താൻ സന്നദ്ധരാകയും ചെയ്യുന്നുവെങ്കിലേ അവക്ക് ഈ സഹായം നല്കാൻ സാധിക്കുകയുള്ളു. ഓഹരിയുടമകളെ വേണ്ടവിധം പ്രേരിപ്പിച്ചാൽ അവരിൽ ഭൂരിപക്ഷവും ഇതിനെ എതിർക്കുകയില്ലെന്നു് എനിക്ക വിശ്വാസമുണ്ട്.

## 61

ഇൻഡ്യക്കാക്ക് ഉടമസ്ഥാവകാശമുള്ളതും, അവർതന്നെ നിയന്ത്രിക്കുന്നതും, നടത്തുന്നതും, നെയ്യാൻ വിദേശനൂൽ അശേഷം ഉപയോഗിക്കാത്തതും, ഖാദിക്ക തുല്യമായ തുണി നിർമ്മിക്കാത്തതും, തങ്ങളുടെ ലേബലുകളിൽ ഖാദിയുടേയോ ചക്രത്തിന്റേയോ പേർ സൂചിപ്പിക്കാത്തതും, വിലനിരക്ക് ഊതിപ്പെരുപ്പിക്കാത്തതുമായ മില്ലുകളുടെ ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ച് മില്ലുടമകരംക്ക വേണമെങ്കിൽ ഖാദിയിൽക്കൂടിയുള്ള ബഹിഷ്കരണത്തെ സഹായിക്കാൻ കഴിയും.

## 62

പരിവർത്തനഘട്ടത്തിൽ മില്ലുകരംക്ക പ്രയോജനകരമായ ഒരു പങ്കുവഹിക്കാൻ കഴിയുമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് കോൺഗ്രസ്സ് അവയോടു സഹിഷ്ണുത കാണിക്കുന്നതു്. ബഹിഷ്കരണപ്രസ്ഥാനവുമായി സഹകരിച്ചു നാടൻ മില്ലുകരം പ്രവർത്തിക്കുമെങ്കിൽ, അവ മുഖാന്തരം വിദേശവസ്ത്രങ്ങളുടെ സത്വരബഹിഷ്കരണം കൂടുതൽ സുഗമമായിരിക്കും. ഖാദി നാടൻമില്ലുകളുമായി മാത്രം മത്സരിക്കുന്നതു്, പ്രസ്തുത മില്ലുകളോടും ഇംഗ്ലണ്ട്, ജപ്പാൻ, ഇററലി എന്നിവിടങ്ങളിലെ മില്ലുകളോടും ഒരുമിച്ചു മത്സരിക്കുന്നതിലും എളുപ്പമാണ്. നാടൻമില്ലുകളുടെ വർദ്ധനവിൽ ഖാദിപ്രേമികരം ഭയപ്പെടേണ്ടതില്ല. ഖദറിന്റെ സാമ്പത്തികസ്വാധീനത വേണ്ടത്ര ഫലിച്ചുതുടങ്ങിയിട്ടില്ലെന്നതിനു തെളിവാണ് ആ വർദ്ധനവെന്ന കാര്യത്തിനു സംശയമില്ല. ഖാദി സാർവ്വത്രികമായിത്തീരുമ്പോരം അനേകം മില്ലു

---

61. Young India, 24-4-1930 (Khadi, P. 70)
62. Young India, 16-7-1931 (Khadi, P. 65)

digitized by www .sreyas.in

കൾക്കു ജോലിയില്ലാതായിത്തീരും. ഖാദിക്കു ജനങ്ങളുടെ മേൽ അത്രയും സ്വാധീനതയുണ്ടാകുമോ എന്നതിനെപ്പററി ഊഹാപോഹങ്ങൾ നടത്തേണ്ടതില്ല. പ്രവർത്തകരുടെ വിശ്വസ്തതയെ ആശ്രയിച്ചിരിക്കും അതു്. ഖദറിനെസംബന്ധിച്ചുള്ള യുക്തിയിൽ യാതൊരു വൈകല്യവുമില്ല. ദേശീയാഭിരുചി മാററുകയും രാജ്യത്തു ദാരിദ്ര്യത്തെ ഉച്ചാടനംചെയ്യുന്നതിനു ചർക്കയ്ക്കുള്ള അതിമഹത്തായ ശക്തിവിശേഷം മനസ്സിലാക്കുകയും ചെയ്യത്തക്കവിധത്തിൽ ലക്ഷക്കണക്കിനുള്ള ഗ്രാമീണക്കു് യഥാർത്ഥമായ വിദ്യാഭ്യാസം നല്കുക എന്ന പ്രശ്നം മാത്രമാണു് അതു്. പട്ടിണിക്കും അതിന്റെ സഹചാരികളായ മററു ഭവിഷ്യത്തുകൾക്കും എതിരായ സുരക്ഷിതത്വം വാഗ്ദാനംചെയ്യുന്ന ഒരു മാർഗ്ഗം കാണിച്ചുകൊടുക്കുക ഒരു നിസ്സാര കാര്യമല്ല.

രണ്ടാമത്തെ വിഷമപ്രശ്നത്തെ സംബന്ധിച്ചിടത്തോളം നേത്തരം തുണികൾ നിർമ്മിക്കുക എന്ന മില്ലുകളുടെ ആവശ്യം ചോദ്യംചെയ്യപ്പെടാവുന്നതല്ല. ഖാദിയുഗത്തിൽ നേത്തരം ഖാദിയുണ്ടായിരുന്നു. ഇന്നും അതു നിർമ്മിക്കപ്പെടുന്നുണ്ടു്. പക്ഷേ വൻതോതിലല്ല, ആവശ്യമുള്ളവക്കെല്ലാം വാങ്ങത്തക്കവണ്ണം വിലക്കുറവും ഇല്ല; അതുകൊണ്ടു പരിവർത്തനഘട്ടത്തിൽ, നേത്ത തുണിത്തരങ്ങളുണ്ടാക്കാൻ മില്ലുകളെ പ്രോത്സാഹിപ്പിക്കാവുന്നതാണു്. കൂടിയ നമ്പർ നൂലുകൊണ്ടുമാത്രം മില്ലുകളിൽ തുണികളുണ്ടാക്കുന്നതു ഖാദിക്കു് പൂർണ്ണമായും ഗുണകരമാണെന്നു് ആക്കും അനായാസേന കാണാൻകഴിയും. ദേശീയാഭിലാഷത്തിനു് അനുസരണമായ പ്രതികരണം മില്ലുടമകളുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ലെന്നുള്ളതാണു് കഷ്ടം.

അവസാനമായി വിലനിരക്കിന്റെ കാര്യം. ഖദറിന്റെ നിലനില്പിനുവേണ്ടി മിൽത്തുണികൾക്കു് ഉയർന്ന വിലനിരക്കു് ഏർപ്പെടുത്തണമെന്നു് തീർച്ചയായും ഈ ലേഖകൻ നിർദ്ദേശിക്കുന്നില്ല. ഖാദിപുനരുദ്ധാരണത്തിന്റെ ഉപജ്ഞാതാവു് എന്ന നിലയിൽ ഞാൻ തുറന്നു പറയുന്നു, ഖദറിന്റെ സംരക്ഷണത്തിനു മിൽത്തുണികളുടെ വിലനിരക്കു് ഉയർന്നതായിരിക്കണമെന്ന ചിന്ത ഒരിക്കലും എന്റെ ഉള്ളിൽ കടന്നുകൂടിയിട്ടില്ലെന്നു്, ഏതെങ്കിലും വ്യവസായത്തെ തുലയ്ക്കുന്ന മത്സരത്തിനെതിരായി സംരക്ഷണം തേടുന്നതിൽനിന്നു് തികച്ചും വിഭിന്നമാണു്. ധാരാളം പേക്കുവേണ്ടി കുറച്ചുപേർ നിർമ്മിക്കുന്ന സാധനങ്ങൾക്കു്,—അതുപോലുള്ള ഒരു വ്യവസായത്തിനു സംരക്ഷണം നൽകാനാണെങ്കിൽക്കൂടിയും—ഉയർന്ന വില കിട്ടണമെന്നു് ആഗ്രഹിക്കുന്നതു്.

digitized by www .sreyas.in

## 63

മഹത്തായ മിൽവ്യവസായം ഒരു ഇൻഡ്യൻ വ്യവസായമാണെന്നു പൊതുവേ അവകാശപ്പെടാം. ജപ്പാനും ലങ്കാഷയറുമായി മത്സരിക്കാൻ അതിനു കഴിവുണ്ടെങ്കിലും അതു ഖാദിയുടെ മേൽ നേടുന്ന വിജയത്തിനു തുല്യമായ അനുപാതത്തിൽ, ജനങ്ങളെ ചൂഷണംചെയ്കയും ദാരിദ്ര്യത്തിന്റെ ആഴം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു വ്യവസായമാണ്. സമൂലം വ്യവസായവല്ക്കരിക്കാനുള്ള ഇന്നത്തെ ഭ്രാന്തമായ പോക്കിൽ എന്റെ പ്രസ്താവന തള്ളിക്കളയപ്പെട്ടിട്ടില്ലെങ്കിലും ചോദ്യംചെയ്യപ്പെട്ടിട്ടുണ്ട്. വ്യാവസായികപുരോഗതിമൂലം ബഹുജനങ്ങളുടെ ഇടയിൽ വദ്ധമാനമായ ദാരിദ്ര്യം അനിവാര്യമാണെന്നും അതുകൊണ്ട് അതു സഹിക്കുക തന്നെ വേണമെന്നും ചിലർ വാദിക്കാറുണ്ട്. അതു സഹിക്കുന്ന കാര്യം കിടക്കട്ടെ, ആ ദോഷം അനിവാര്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ജനതയുടെ ഒഴിവുസമയം നൂൽനൂല്ക്കുന്നതിനും അതിനുമുമ്പുള്ള പ്രക്രിയകൾ നടത്തുന്നതിനും വിനിയോഗിക്കുന്നതുകൊണ്ടു മാത്രം, ഗ്രാമങ്ങളിൽ ഇൻഡ്യയ്ക്കു മുഴുവൻ ആവശ്യമുള്ള വസ്ത്രങ്ങൾ നിർമ്മിക്കാമെന്ന് എ. ഐ. എസ്. എ. വിജയകരമായി കാണിച്ചുതന്നിട്ടുണ്ട്. മിൽത്തുണി ഉപയോഗിക്കുന്നതിൽനിന്നു രാജ്യത്തെ പിൻതിരിപ്പിക്കുന്നതാണ് പ്രയാസപ്പെട്ട കാര്യം. അത് എങ്ങനെ സാധിക്കാമെന്നു ചർച്ചനടത്തേണ്ടത് ഇവിടെയല്ല. ലക്ഷക്കണക്കിനുള്ള ഗ്രാമീണരെ സംബന്ധിച്ചിടത്തോളം ഈ വ്യവസായം എന്താണെന്നു നിർവ്വചിക്കുകയും ആ നിർവ്വചനത്തിന് എനിക്കുള്ള കാരണങ്ങൾ വിശദമാക്കുകയുമാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം. എല്ലാ വിധത്തിലും പൊതുജനങ്ങളുടെ പിൻതുണ ആവശ്യമായിട്ടുള്ള വ്യവസായങ്ങൾക്കാണു ദേശീയപ്രദർശനങ്ങൾ വേണ്ടതെന്നും പ്രദർശനങ്ങളും മററും ഇല്ലാതെ തന്നെ തഴച്ചു വളരുന്നതും സ്വന്തമായി പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതുമായ വ്യവസായങ്ങൾക്കല്ലെന്നും എല്ലാവർക്കും വ്യക്തമായിരിക്കേണ്ടതാണ്.

## 64

ചർക്കയ്ക്കുവേണ്ടിപ്പോലും എനിക്കു പണം തരുന്ന മില്ലുടമകൾ, തങ്ങൾ അതിന്റെ മത്സരം ഭയപ്പെടുന്നില്ലെന്നു തുറന്നു പറയാറുണ്ട്. അവർക്ക് എന്തെല്ലാം ഉദ്ദേശ്യങ്ങളുണ്ടോ, അവയെല്ലാം പുറത്തുതന്നെയുണ്ട്. ഒന്നും ഒളിച്ചുവച്ചിട്ടില്ല. ചർക്കയുടെ ധനശാസ്ത്രം ചീത്തയാണെങ്കിൽ അതു സ്വാഭാവികമായി ചരമമടയും. എന്നാൽ രാഷ്ട്രത്തിന്റെ പിൻബലമുണ്ടെങ്കിൽ, അവസാ

---

63. Harijan, 23-10-1937 (Cent per cent Swadesi, P. 78)
64. Harijan, 16-12-1939 P. 375

digitized by www .sreyas.in

നത്തെ മില്ലും അടച്ചുപൂട്ടിക്കഴിഞ്ഞാലും ചർക്ക നിലനില്ക്കും. മില്ലുമായി മത്സരിക്കുമ്പോൾ, ഖാദി വിലകൂടിയതാണ്. ഖാദി ഇൻഡ്യയിലെ തൊഴിലില്ലാത്ത ലക്ഷക്കണക്കിനാളുകൾക്ക ഭാഗികമായും ലാഭകരമായും ഉള്ള തൊഴിൽ നല്കുമെങ്കിൽ—ഇന്നു നല്കിക്കൊണ്ടിരിക്കുന്നതുപോലെ—അതു് യഥാർത്ഥത്തിൽ മിൽത്തുണിയേക്കാൾ വിലകുറഞ്ഞതാണ്.

## 65

മില്ലുകളോടുള്ള എൻെറ എതിർപ്പ് അദമ്യവും ഒത്തുതീർപ്പില്ലാത്തതുമാണ്. എന്നാൽ അതു തികച്ചും അഹിംസാത്മകമായിരിക്കും. മില്ലുടമകൾതന്നെയായിരിക്കും എനിക്കു് ആദ്യം ആ സാക്ഷിപത്രം തരുന്നതു്. മില്ലുടമകളുമായുള്ള എൻെറ ബന്ധം അക്രമരഹിതമായ എതിർപ്പിൻെറ രമ്യവും പൂർണ്ണവുമായ ദൃഷ്ടാന്തമാണ്.

## 66

സ്പിന്നിംഗ്മില്ലിലെ തൊഴിലാളികൾക്കു് ഉയർന്ന കൂലിനിരക്ക നല്കപ്പെടുന്നുവെന്നതു് യാഥാത്ഥ്യത്തേക്കാൾ ഒരു തോന്നലാണ്. മിൽത്തുണി ഖാദിയുടെ രണ്ടരയിലൊരു ഭാഗം മാത്രം വിലയുള്ളതാണ്. മിൽവ്യവസായത്തിനു ധാരാളം മാർഗ്ഗങ്ങളിലൂടെ പ്രത്യേകാനുകൂല്യങ്ങളും സൗജന്യങ്ങളും ലഭിക്കുന്നില്ലായിരുന്നെങ്കിൽ മിൽത്തുണി ഖാദിയേക്കാൾ കുറഞ്ഞവിലയ്ക്കു വില്ക്കാൻ സാധിക്കില്ലായിരുന്നു. ഉദാഹരണമായി അസംസ്കൃതസാധനങ്ങൾ കൊണ്ടുവരുന്നതിനും വമ്പിച്ച തോതിൽ ഉല്പാദിപ്പിക്കപ്പെടുന്ന കുറതീർന്ന സാധനങ്ങൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നതിനും, മില്ലുകൾക്ക നാം ചെലവുകുറഞ്ഞ ഗതാഗതസൗകര്യങ്ങൾ നല്കുന്നു. നീണ്ട നാരുള്ള പരുത്തി കൃഷി ചെയ്യുന്നതിനും, സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമായി ധാരാളം പണം ചെലവഴിക്കപ്പെടുകയും ചെയ്യുന്നു. ഇൻഡ്യയിലെ ഏഴുലക്ഷം ഗ്രാമങ്ങൾക്ക വേണ്ടി എന്തെങ്കിലും ചെയ്യുന്നതിനു് ആരും മെനക്കെടാറില്ല. ആകയാൽ മില്ലുകൾക്കു് ഇന്നു് യഥാത്ഥത്തിൽ ഏതെങ്കിലുമൊരു രൂപത്തിൽ സർക്കാരിൽനിന്നു് ഒത്താശകൾ ലഭിക്കുന്നുണ്ടു്. ''ഇതെല്ലാം അവസാനിപ്പിക്കുക. എന്നിട്ടു് മിൽത്തുണി ഖാദിയേക്കാൾ വിലകുറഞ്ഞതാണോ എന്നു നോക്കുക.''

---

65. Harijan, 13-1-1940 P. 410
66. Harijan, 20-10-1946, (Khadi, P. 146)

digitized by www .sreyas.in

## സി. വ്യാവസായികബന്ധങ്ങൾ

### 67

പ്രവർത്തകന്മാർ ദേശീയനിയമം കുററകരമാംവണ്ണം ഉല്ലംഘിച്ച് തങ്ങളുടെ അമർഷം പ്രകടിപ്പിക്കുന്നപക്ഷം, അവർ ആത്മഹത്യാപരമായ ഒരു കൃത്യമായിരിക്കും ചെയ്യുക. ഇൻഡ്യ അവർണ്ണനീയമായ ദുരിതം അനുഭവിക്കേണ്ടതായും വരും. അക്രമം ചിലപ്പോൾ ഉദ്ദേശസാദ്ധ്യത്തിനുതകുന്നതായിത്തോന്നും. അതു കണ്ടു ഭ്രമിച്ച് നിങ്ങൾ അക്രമപ്രവൃത്തികളിൽ ചെന്നു ചാടരുതെന്നു ഞാൻ ആഗ്രഹിക്കുകതന്നെ ചെയ്യുന്നു. ഞാൻ സത്യാഗ്രഹവും നിയമലംഘനവും ഉപദേശിച്ചുതുടങ്ങിയ കാലത്ത് കുററകരമായ നിയമനിഷേധത്തെക്കൂടി അതിൽ ഉൾപ്പെടണമെന്ന് ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. അക്രമംപ്രവർത്തിച്ചു സത്യം പ്രചരിപ്പിക്കാൻ ഒരിക്കലും സാദ്ധ്യമല്ലെന്ന് അനുഭവം എന്നെ പഠിപ്പിച്ചിരിക്കുന്നു. തങ്ങളുടെ പക്ഷത്തു ന്യായമുണ്ടെന്നു വിശ്വസിക്കുന്നവർക്ക് അതിരററ ക്ഷമ ഉണ്ടായിരിക്കേണ്ടതാണ്. അക്രമപ്രവൃത്തിക്കും കുററകരമായ നിയമോല്ലംഘനത്തിനും അതീതരായിട്ടുള്ളവർക്കു മാത്രമാണ് നിയമലംഘനത്തിൽ ഭാഗഭാക്കുകളാകുവാൻ യോഗ്യതയുള്ളത്. ഒരാൾക്ക് ഒരേസമയം ശാന്തനും ഉഗ്രനും ആയിരിക്കാൻ ആവാത്തതുപോലെതന്നെ, അയാൾക്കു സിവിൽ നിയമലംഘനവും ക്രിമിനൽ നിയമലംഘനവും കൂടി ഒരേസമയത്തു ചെയ്യാനാവുന്നതല്ല. സ്വന്തം വികാരങ്ങളെ അടക്കാൻ കഴിഞ്ഞാലേ ഒരാൾക്ക് ആത്മനിയന്ത്രണം നേടാനാവുകയുള്ളു. അതുപോലെതന്നെ ഒരാൾക്ക് നിയമലംഘനത്തിനു വേണ്ട കഴിവുണ്ടാകണമെങ്കിൽ നേരത്തേതന്നെ അയാൾ രാജ്യത്തിലെ നിയമത്തിനു സമ്പൂർണ്ണമായും സ്വന്തം മനസ്സാലെയും കീഴ്‌വഴങ്ങിയുള്ള ശിക്ഷണം സമ്പാദിച്ചവനായിരിക്കണം. പ്രലോഭനങ്ങളുടെ നടുവിൽ പെട്ട് അവയെ ചെറുക്കുന്നതിൽ വിജയം പ്രാപിച്ച ആളിനെക്കുറിച്ചു മാത്രമല്ലേ പ്രലോഭനാതീതൻ എന്നു പറയാനാവുകയുള്ളു. അതുപോലെ, കോപിക്കാൻ മതിയായ കാരണമുണ്ടായിരിക്കെ കോപത്തെ അടക്കുന്നതിൽ നാം വിജയിച്ചെങ്കിൽ മാത്രമേ ജിതക്രോധരാണ് നാമെന്ന് പറയുന്നതിൽ അർത്ഥമുള്ളു. ഈ അടിസ്ഥാനത്തിലുള്ള പരീക്ഷണത്തിൽ കഴിഞ്ഞകൊല്ലം നാം പരാജയമടഞ്ഞു. നിങ്ങളെല്ലാവരോടും എനിക്കുള്ള ആത്മാർത്ഥമായ അഭ്യർത്ഥന, കഴിഞ്ഞ ഏപ്രിലിലെ ബുദ്ധിമോശങ്ങളേക്കുറിച്ചു നിങ്ങൾ

---

67. Young India, 28-4-1920 and 5-5-1920 (Towards Non-Violent Socialism, pp. 41—44). (1918-ലെ സമരത്തിന്റെ ദ്വിതീയവാർഷികസമ്മേളനത്തിൽ ഗാന്ധിജി അഹമ്മദാബാദിലെ മിൽത്തൊഴിലാളികളോടു ചെയ്ത പ്രസംഗത്തിൽനിന്ന് )

digitized by www .sreyas.in

ഈ ശുഭദിനത്തിൽ ഓർമ്മിക്കുക, അവ ഇനിയൊരിക്കലും ആവ ർത്തിക്കുകയില്ലെന്നു ശപഥംചെയ്യുക, എന്നാണു്.

ഇനി ഞാൻ മില്ലിൽ പണിയെടുക്കുന്നവരുടെ അവസ്ഥയെപ്പറ്റി ഏതാനും ചില കാര്യങ്ങൾ പൊതുവെ പറയാം. അതിനെപ്പറ്റി അവർ വളരെയേറെ കാര്യങ്ങൾ അറിയേണ്ടിയിരിക്കുന്നു. കൂടുതൽ കൂലി കിട്ടുന്നതുകൊണ്ടു മാത്രം നാം ധനികന്മാരായിത്തീരുക സാദ്ധ്യമല്ല. സമ്പന്നരാകുന്നതല്ല സർവ്വപ്രധാനമായ സംഗതിയും. അനസൂയാ ബെൻ നിങ്ങൾക്കുവേണ്ടി ജീവിതം അർപ്പിച്ചിരിക്കുന്നതു നിങ്ങൾക്കു കുറേക്കൂടി നല്ല കൂലി വസൂലാക്കിത്തരാൻ മാത്രം ഉദ്ദേശിച്ചല്ല. അവരുടെ ഉദ്ദേശ്യവും അഭിലാഷവും നിങ്ങൾക്കു സുഖമായി ജീവിക്കുവാൻ വേണ്ട വക നിങ്ങൾക്കു കിട്ടണം, നിങ്ങളെ യഥാർത്ഥത്തിൽ മതവിശ്വാസികളാക്കണം, ധർമ്മശാസ്ത്രത്തിന്റെ സനാതനനിയമങ്ങൾ നിങ്ങൾ അനുഷ്ഠിക്കണം, മദ്യപാനം ചൂതുകളി തുടങ്ങിയ ദുഷിച്ച ശീലങ്ങൾ ഉപേക്ഷിക്കണം, നിങ്ങളുടെ സമ്പാദ്യങ്ങൾ നല്ലകാര്യങ്ങൾക്കു വിനിയോഗിക്കണം, നിങ്ങളുടെ ഗൃഹങ്ങൾ ശുചിത്വമുള്ളതാക്കിത്തീർക്കണം, കുഞ്ഞുങ്ങളെ വിദ്യാഭ്യാസംചെയ്യിക്കണം, എന്നൊക്കെയാണു്.

നിങ്ങളുടെ ധനസ്ഥിതി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. ഇനിയും കൂടുതൽ അഭിവൃദ്ധിപ്പെടാൻ ഇടയുമുണ്ടു്. അതു രണ്ടുതരത്തിൽ നിർവ്വഹിക്കപ്പെടാം: ഒന്നുകിൽ മില്ലുടമസ്ഥന്മാരുമായി വേണ്ടപടി ആലോചിച്ചു്; അല്ലെങ്കിൽ അമിതസമ്മർദ്ദം ചെലുത്തിയിട്ടു്. ആദ്യത്തേതുമാത്രമാണു് യഥാർത്ഥ പരിഹാരം, പാശ്ചാത്യദേശത്തു മുതലാളിയും തൊഴിലാളിയും തമ്മിൽ ശാശ്വതമായ ഒരു ഭിന്നത ഉണ്ടായിക്കഴിഞ്ഞു. ഒരുകൂട്ടർ മറേറക്കൂട്ടരെ സ്വാഭാവികമായി തങ്ങളുടെ ശത്രുക്കളായിക്കരുതുന്നു. ആ മനോഭാവം ഇൻഡ്യയിലേക്കും സംക്രമിച്ചിട്ടുള്ളതായിത്തോന്നുന്നു. അതിനു് ഇവിടെ സ്ഥിരപ്രതിഷ്ഠ ലഭിക്കാനിടയാകുന്ന പക്ഷം നമ്മുടെ വ്യവസായവും നമ്മുടെ ശാന്തിയും ഒടുങ്ങും. ഇരുകൂട്ടർക്കും അന്യോന്യമുള്ള സമാശ്രയഭാവത്തെപ്പററി ബോദ്ധ്യമായെങ്കിൽ കലഹത്തിനു കാരണമുണ്ടാവില്ല.

മുതലാളിയുടെ കർത്തവ്യങ്ങളെന്തെല്ലാമെന്നു പരിശോധിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. തൊഴിലാളിതന്നെ തന്റെ അവകാശങ്ങളും കർത്തവ്യങ്ങളും മനസ്സിലാക്കുകയും ഏററവും ശുദ്ധമായ മാർഗ്ഗങ്ങളിൽനിന്നു ലവലേശം വ്യതിചലിക്കാതിരിക്കയും ചെയ്യുമെങ്കിൽ അതു് ഇരുകൂട്ടർക്കും ലാഭകരമായിരിക്കും. എന്നാൽ രണ്ടു കാര്യങ്ങൾ ആവശ്യമാണു്. അവകാശവാദങ്ങളും അവ സാധിച്ചെടുക്കുവാൻ അവലംബിക്കുന്ന മാർഗ്ഗങ്ങളും രണ്ടും ഒരുപോലെ

digitized by www .sreyas.in

നീതിയുക്തവും നിർമ്മലവുമായിരിക്കണം. മുതലാളിമാരുടെ വിഷമാവസ്ഥയിൽനിന്നു മുതലെടുക്കാനുള്ള അവകാശവാദം ന്യായരഹിതമാണു്. എന്നാൽ തൊഴിലാളി, തന്റെ നിത്യച്ചെലവിനും കുഞ്ഞുങ്ങൾക്കു ശരിയായ വിദ്യാഭ്യാസം നല്കുന്നതിനും മതിയാകുന്ന കൂലി ആവശ്യപ്പെടുന്നപക്ഷം തികച്ചും ന്യായപൂർവ്വമായ ഒരു അവകാശവാദമാണതു്. അക്രമത്തിനൊരുങ്ങാതെയും, മദ്ധ്യസ്ഥന്മാരുടെ സഹായത്തോടുകൂടി മുതലാളിമാരിൽ ന്യായബോധം ജനിപ്പിക്കുവാൻ മുതിർന്നും നീതി ആവശ്യപ്പെടുന്നതാണു് യോഗ്യമായ മാർഗ്ഗം.

അപ്പോൾ ലക്ഷ്യസാദ്ധ്യത്തിനു നിങ്ങൾക്കു യൂണിയനുകൾ ഉണ്ടാകണം. അതിനും ആരംഭം ഇട്ടുകഴിഞ്ഞിരിക്കുന്നു. ഏതു തുറയിലും ഉള്ള മിൽത്തൊഴിലാളികൾ ചേർന്നു യൂണിയനുകൾ ഉണ്ടാക്കുമെന്നും, അവയ്ക്കുവേണ്ടി നിർമ്മിക്കുന്ന നിയമാവലികളെ ഓരോരുത്തനും സനിഷ്കർഷം അനുസരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അപ്പോൾ നിങ്ങൾക്കു നിങ്ങളുടെ സംഘടനകൾവഴി മില്ലുടമകളെ സമീപിക്കാം. അവരുടെ തീരുമാനം നിങ്ങൾക്കു തൃപ്തികരമായിത്തോന്നുന്നില്ലെങ്കിൽ മദ്ധ്യസ്ഥതീരുമാനത്തെ ആശ്രയിക്കാം. ഇരുകൂട്ടരും മദ്ധ്യസ്ഥതാതത്ത്വം അംഗീകരിച്ചിട്ടുണ്ടു് എന്നുള്ളതു സംതൃപ്തികരമായ ഒരു സംഗതിയാണു്. ആ തത്ത്വം സമ്പൂർണ്ണമായി വികസിക്കുമെന്നും പണിമുടക്കുകൾ ഒരു കാലത്തും ഉണ്ടാവുകയില്ലെന്നും ഞാൻ ആശിക്കുന്നു. നീതി ലഭിക്കുവാൻ വേണ്ടിയുള്ള പണിമുടക്കുകൾ തൊഴിലാളികളുടെ ജന്മാവകാശമാണെന്നു് എനിക്കറിയാം. പക്ഷേ, മുതലാളർ മദ്ധ്യസ്ഥതാതത്ത്വം അംഗീകരിച്ചാലുടൻ പണിമുടക്കു് ഒരു പാതകമായി പരിഗണിക്കണം. കൂലിനിരക്കു വർദ്ധിച്ചുവരികയാണു്; ഇനിയും വർദ്ധിക്കുവാനുള്ള സർവ്വ സാദ്ധ്യതകളും ഉണ്ടു്. എന്നാൽ അതുപോലെ തന്നെയുള്ള ഒരു ആവശ്യമാണു് ജോലിസമയം കുറയ്ക്കുകയെന്നുള്ളതു്. മിൽത്തൊഴിലാളികൾ ദിവസം പന്ത്രണ്ടോ അതിൽ കൂടുതലോ മണിക്കൂർ സമയം പണിയെടുക്കാറുണ്ടെന്നു തോന്നുന്നു. അത്രയും സമയം പണിയെടുക്കേണ്ടവർക്കു് തങ്ങളുടെ മാനസികമായോ സാന്മാർഗ്ഗികമായോ ഉള്ള അഭിവൃദ്ധിക്കുവേണ്ടി ചെലവാക്കാൻ ഒട്ടും സമയം കിട്ടുകയില്ല. തന്നിമിത്തം അവരുടെ സ്ഥിതി മൃഗങ്ങളുടെ സ്ഥിതിയിലേയ്ക്കു താഴുകതന്നെ ചെയ്യും. ഈ അപകടത്തിൽ നിന്നു മോചനം നേടുകയെന്നുള്ളതാണു് നമ്മുടെ കർത്തവ്യം. എന്നാൽ നാം ഓരോ അടി വയ്ക്കുമ്പോഴും നമ്മുടെ വ്യവസായത്തിനു തകരാറുണ്ടാവാതെ സൂക്ഷിക്കയും വേണം. മില്ലുടമസ്ഥന്മാർ എന്നോടു പറയുന്നു മിൽത്തൊഴിലാളികൾ അലസന്മാരാണെന്നു്; അവർ മുഴുവൻസമയവും ജോലിചെയ്യാത്തവരും അശ്രദ്ധന്മാരും ആണെന്നു്. ദിവസേന പന്ത്രണ്ടു മണിക്കൂർ ജോ

digitized by www .sreyas.in

ലിചെയ്യാൻ നിർബ്ബദ്ധരായ ആളുകളിൽനിന്ന ശ്രദ്ധയും സന്നദ്ധതയും പ്രതീക്ഷിക്കാൻ എനിക്കാണെങ്കിൽ സാദ്ധ്യമല്ല. എന്നാൽ ജോലിസമയം പത്തുമണിക്കൂറായി കുറവുചെയ്താൽ തൊഴിലാളർ പന്ത്രണ്ട മണിക്കൂറുകൊണ്ട ചെയ്യുന്ന ജോലി കറേക്കൂടി ഭംഗിയായി ചെയ്യുതീക്കമെന്ന ഞാൻ നിസ്സന്ദേഹം പ്രതീക്ഷിക്കുന്നു. ജോലിസമയം കുറച്ചതുമൂലം ഇംഗ്ലണ്ടിൽ ആശാസ്യമായ ഫലങ്ങാം ഉണ്ടായിട്ടുണ്ട്. മില്ലുടമസ്ഥന്മാരുടെ താല്പര്യവും തങ്ങളുടെ താല്പര്യവും രണ്ടും രണ്ടല്ലെന്ന മിൽത്തൊഴിലാളികാം ഗ്രഹിക്കുമ്പോാം, അവർ ഉന്നമിക്കുകയായി. അതോടൊപ്പം നമ്മുടെ രാജ്യത്തെ വ്യവസായവും അഭിവൃദ്ധിപ്പെടുകയായി. അതുകൊണ്ട ജോലിസമയം പത്തു മണിക്കൂറായി കുറവുചെയ്യാൻ ഞാൻ മില്ലുടമകളെ നിർബ്ബന്ധിക്കുന്നു; പന്ത്രണ്ട മണിക്കൂറുകൊണ്ട തങ്ങാം ചെയ്യുവന്ന ജോലി ഈ പത്തു മന്നിക്കൂറുകൊണ്ട ചെയ്യുതീക്കാൻ ഞാൻ മിൽത്തൊഴിലാളികളോടും ആവശ്യപ്പെടുന്നു.

## 68

മുതലാളി തൻെറ തൊഴിലാളികാംക്ക് ഒരു ശമ്പളവദ്ധന വന്നല്ലന്നപക്ഷം തങ്ങാംക്ക നീതി ലഭിക്കുമെന്ന സംതൃപ്തി ആ തൊഴിലാളികാംക്കുണ്ടാവും. തൊഴിലാളികാം അവകാശമായി ചോദിക്കുന്നതു് അവക്ക കൊടുത്താൽ അവർ ധിക്കാരികളായിത്തീരുമെന്നാണ് മുതലാളിമാരുടെ ഭയം. ഈ ഭയം അടിസ്ഥാനരഹിതമാണ്. ഇന്ന വേലക്കാരെ അമർച്ചചെയ്യുവച്ചാൽത്തന്നെ തക്കസന്ദർഭം വരുമ്പോാം അവർ ധിക്കാരികളായിക്കൂടെന്നില്ല. അടിച്ചമർത്തപ്പെടുന്ന തൊഴിലാളികാം ഉള്ളിൽ ശത്രുത വച്ചുപുലർത്താനുമതി. എവിടെയെല്ലാം തൊഴിലാളികളെ അമർത്തിയിട്ടിരുന്നിട്ടുണ്ടോ, അവിടെയെല്ലാം അവസരംകിട്ടുമ്പോാം അവർ വിപ്ലവം തുടങ്ങിയിട്ടുമുണ്ട് എന്ന ലോകചരിത്രം പഠിപ്പിക്കുന്നു. തൊഴിലാളികളുടെ അവകാശവാദം സമ്മതിച്ചുകൊടുത്താൽ അവരുടെ ഉപദേഷ്ടാക്കാംക്ക് അവരുടെമേൽ സ്വാധീനശക്തി വദ്ധിക്കമെന്ന മുതലാളിമാർ വിചാരിക്കുന്നു. ഉപദേഷ്ടാക്കളുടെ യുക്തിവാദങ്ങാം ശരിയാണെങ്കിൽ, അവർ ഉത്സാഹശാലികളാണെങ്കിൽ, അവരെ വിജയത്തിലാകട്ടേ, പരാജയത്തിലാകട്ടേ, തൊഴിലാളികാം കൈവെടിയുകയില്ല. ഉപദേഷ്ടാക്കാം തൊഴിലാളികളെ ഉപേക്ഷിക്കയില്ലെന്നുള്ളതും സ്വത്തവ്യമാണ്. തൊഴിലാളിസേവനത്തെ ഒരു കർത്തവ്യമെന്നപോലെ സ്വീകരിച്ചിട്ടുള്ളവർ, മുതലാളിമാരുടെ വിരോധം സമ്പാദിക്കേണ്ടിവന്നാൽത്തന്നെയും അതു പരിത്യജി

---

68. 1918-ൽ അഹമ്മദാബാദ് മിൽത്തൊഴിലാളികളുടെ പണിമുടക്കു നടക്കുമ്പോാം പുറപ്പെടുവിച്ച അഞ്ചാമത്തെ ലഘുലേഖയിൽനിന്ന് (Economic and Industrial Life and Relations, P. 122)

digitized by www .sreyas.in

ക്കില്ല. അവർക്ക് എത്രകണ്ട് നൈരാശ്യം നേരിടുന്നുവോ അത്രക ണ്ട് തങ്ങളുടെ സേവനകർത്തവ്യത്തോടുള്ള കൂറും വർദ്ധിക്കും. മുതലാ ളിമാർ എത്രതന്നെ ശ്രമിച്ചാലും തൊഴിലാളികളിൽനിന്ന് അവ രുടെ ഉപദേഷ്ടാക്കളെ അകററുന്ന കാര്യത്തിൽ അവർ ഒരിക്കലും വിജയിക്കയില്ല. പിന്നെ, തൊഴിലാളികളുടെ അസംതൃപ്തിയെ പരാജയപ്പെടുത്തുന്നതുമൂലം എന്താണൊരു ലാഭം? അടിച്ചമർത്ത പ്പെട്ട തൊഴിലാളിയെ എപ്പോഴും സംശയദൃഷ്ടിയോടുകൂടിയായി രിക്കും മുതലാളിമാർ വീക്ഷിക്കുക.

ആവശ്യപ്പെടുന്ന വേതനവർദ്ധനവ് അനുവദിച്ചുകൊടുത്താൽ ജോലിക്കാർ സംതൃപ്തരാകും. തൊഴിലാളികൾ അവരുടെ കർത്ത വ്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയാൽ, തൊഴിലുടമകൾക്ക് എപ്പോഴും ഉപദേഷ്ടാക്കളുടെ സഹായത്തെ ആശ്രയിക്കുകയും, ഇ പ്പോൾ ഇരുകൂട്ടർക്കും സംഭവിച്ച നഷ്ടം അവസാനിപ്പിക്കുകയും ചെയ്യാം. ജോലിക്കാർ ആവശ്യപ്പെടുന്നതു സാധിക്കുന്നപക്ഷം അ വർ എന്നും കൃതജ്ഞരായിരിക്കും. തൊഴിലുടമകളും തൊഴിലാ ളികളും തമ്മിൽ സന്മനോഭാവം ഉണ്ടായിരിക്കയും ചെയ്യും. ഇ ങ്ങനെ തൊഴിലാളരുടെ വിജയത്തിൽ മുതലാളരുടെ വിജയം സ്ഥിതിചെയ്യുന്നു; അവരുടെ പരാജയത്തിൽ മുതലാളരുടെ പരാ ജയവും. ഈ വിശുദ്ധനീതിക്കു പകരം മുതലാളിമാർ പാശ്ചാത്യ ദേശത്തുള്ള അഥവാ ആധുനികമായിട്ടുള്ള ഏതോ ഒരു പൈശാചി കനീതിയാണ് അവലംബിച്ചിരിക്കുന്നതു്.

## 69

ഇൻഡ്യയുടെ മുമ്പിൽ രണ്ടു പന്ഥാക്കളാണു തുറന്നുകിടക്കുന്ന തു്: ഒന്നുകിൽ 'കൈയൂക്കാണു ശരി' എന്ന പാശ്ചാത്യസിദ്ധാ ന്തം സ്വീകരിക്കുക; അല്ലെങ്കിൽ, സത്യം മാത്രമേ ജയിക്കൂ, സ ത്യദീക്ഷ അനർത്ഥകാരണമല്ല, നീതിക്കു ബലവാനും ദുർബ്ബലനും ഒന്നുപോലെ അവകാശമുണ്ട്, എന്ന പൗരസ്ത്യസിദ്ധാന്തം ഉയ ർത്തിപ്പിടിക്കുക. ഇവയിൽ ഏതു തിരഞ്ഞെടുക്കണമെന്നു് ആദ്യം തൊഴിലാളിവർഗ്ഗം തീരുമാനിക്കട്ടെ. സാദ്ധ്യമാണെങ്കിൽത്തന്നെ അക്രമപ്രസക്തമായ മാർഗ്ഗത്തിലൂടെ അവർ കൂടുതൽ കൂലി നേ ടിയെടുക്കണമോ? തങ്ങളുടെ അവകാശവാദങ്ങൾ എത്രതന്നെ ന്യാ യയുക്തങ്ങളായിരുന്നാലും അക്രമംപോലെയുള്ള യാതൊന്നും അവർ സ്വീകരിക്കാൻ പാടില്ല. അവകാശങ്ങൾ പിടിച്ചുപററുവാനുള്ള ഒരു എളുപ്പമാർഗ്ഗമാണ് അക്രമപ്രയോഗമെന്നു തോന്നിയേക്കാം. എന്നാൽ ഒടുവിൽ തെളിയും അതു കണ്ടകവ്യാകീർണ്ണമാണെന്നു്.

69. Young India, 11-2-1920 (Economic and Industrial Life and Relations, vol. III, pp. 216-219)

digitized by www .sreyas.in

വാളുകൊണ്ടു ജീവിക്കുന്നവൻ വാളുകൊണ്ടു മരിക്കയും ചെയ്യും. നീന്തുന്നവർ പലപ്പോഴും മുങ്ങിച്ചാകും. യൂറോപ്പിലേക്കു നോക്കുക. ആരും അവിടെ സന്തുഷ്ടരാണെന്നു തോന്നുന്നില്ല. കാരണം സംതൃപ്തിയെന്നൊന്ന് ആർക്കുമില്ല. തൊഴിലാളി മുതലാളിയെ വിശ്വസിക്കുന്നില്ല. മുതലാളിക്കു തൊഴിലാളിയേയും വിശ്വാസമല്ല. ഇരുകൂട്ടർക്കും ഒരുവക വീറും വീര്യവുമുണ്ട്. പക്ഷേ, ഇതു കൂറന്മാർക്കുപോലുമുണ്ട്. അവ അവസാനംവരെ ഇടയും. എല്ലാ ചലനവും പുരോഗതിയാവില്ല. യൂറോപ്പിലെ ജനങ്ങൾ അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കയാണെന്നു വിശ്വസിക്കുവാൻ കാരണം കാണുന്നില്ല. അവർ സമ്പന്നന്മാരാണെന്നുള്ളത് അവർക്ക് സാന്മാർഗ്ഗികമോ ആദ്ധ്യാത്മികമോ ആയ ഏതെങ്കിലും ഗുണങ്ങൾ ഉണ്ട് എന്നുള്ളതിനു തെളിവല്ല. ദുര്യോധനരാജാവ് കണക്കില്ലാത്ത സ്വത്തിന് അധിപനായിരുന്നു. എന്നാൽ അതെല്ലാമുണ്ടായിരുന്നിട്ടും വിദുരരോടും സുദാമാവിനോടും തുലനംചെയ്തുനോക്കുമ്പോൾ അദ്ദേഹം വെറും പാപ്പരായിരുന്നു. ഇന്നു വിദുരരേയും സുദാമാവിനേയും ലോകം ആരാധിക്കുന്നു. എന്നാൽ, ദുര്യോധനന്റെ പേരാകട്ടെ, മനുഷ്യന് അറയ്ക്കുന്ന ദുർഗ്ഗുണങ്ങളുടെയെല്ലാം പര്യായമായി മാത്രമേ സ്മരിക്കപ്പെടുന്നുള്ളു.

അപ്പോൾ നാം എന്തു ചെയ്യണം? ബോംബെയിലെ തൊഴിലാളികൾ ഒരു നല്ല നിലപാടു സ്വീകരിച്ചു. വസ്തുതകളെല്ലാം ഗ്രഹിക്കുവാൻ എനിക്കു സാദ്ധ്യമായില്ല. പക്ഷേ, ഒരുകാര്യം എനിക്കു കാണാൻ കഴിഞ്ഞു. കുറേക്കൂടി നല്ല ഒരു മാർഗ്ഗത്തിൽ അവർക്കു സമരം ചെയ്യാമായിരുന്നു. മില്ലുടമകൾ ചെയ്തതൊക്കെയും തെററായിരിക്കാം. മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള സമരത്തിൽ മുതലാളികളുടെ പേരിലായിരിക്കും മിക്കവാറും തെറെറന്നു പൊതുവേ പറയാം. തൊഴിലാളിവർഗ്ഗത്തിനു മില്ലുടമകളുടെ ബുദ്ധിശക്തിയെ ജയിക്കാനാവുമെങ്കിൽ, അവർ അനുശാസിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചു മില്ലുടമകൾ പ്രവർത്തിക്കണം. പക്ഷേ, ഒരു കാര്യം വ്യക്തമാണ്. തൊഴിലാളിവർഗ്ഗം അത്തരമൊരു ബുദ്ധിശക്തിയുടെ മണ്ഡലത്തിലേക്ക് ഒരിക്കലും ഉയരുകയുണ്ടാവില്ല. അങ്ങനെ സംഭവിച്ചാൽ തൊഴിലാളിവർഗ്ഗം തൊഴിലാളിവർഗ്ഗമല്ലാതാവും; സ്വയം യജമാനവർഗ്ഗമായി പ്പരിണമിക്കും. പണത്തിന്റെ ബലംകൊണ്ടുമാത്രമല്ല മുതലാളിമാർ സമരം ചെയ്യുന്നത്; അവർക്കു ബുദ്ധിശക്തിയും യുക്തികൗശലവുമുണ്ട്.

ഇതാണു നമ്മുടെ മുമ്പിലുള്ള പ്രശ്നം: തൊഴിലാളർ തൊഴിലാളർതന്നെ ആയിരിക്കെ ഏററെക്കുറെ ബോധവാന്മാരായാൽ എന്തായിരിക്കണം അവരുടെ കർമ്മപദ്ധതി? തൊഴിലാളികൾ തങ്ങളുടെ സംഘബലത്തെ, മൃഗീയശക്തിയെ, അതായതു്, അ

digitized by www .sreyas.in

ക്രമത്തെ അവലംബിക്കുന്നപക്ഷം അതു് ആത്മഹത്യാപരമായിരിക്കും. അങ്ങനെ ചെയ്യുന്നതുകൊണ്ടു രാജ്യത്തെ വ്യവസായത്തിനു് അവർ ഉപദ്രവം വരുത്തിവയ്ക്കും. നേരെമറിച്ചു കേവലനീതിയിൽ നിലപാടുറപ്പിക്കുമെങ്കിൽ, നീതിനേടുവാൻ ആത്മക്ലേശങ്ങൾ സഹിക്കുമെങ്കിൽ, അവർ എപ്പോഴും വിജയിക്കുമെന്നുമാത്രമല്ല, തങ്ങളുടെ യജമാനന്മാരിൽ പരിവർത്തനമുളവാക്കാനും വ്യവസായങ്ങളെ പുരോഗമിപ്പിക്കുവാനും അവർക്കു സാധിക്കും. ഇരുകൂട്ടരും ഒരേകുടുംബത്തിലെ അംഗങ്ങളെന്നപോലെ വർത്തിക്കുവാനും സംഗതിയാകും. തൊഴിലാളിവർഗ്ഗത്തിൻെറ ഇന്നത്തെ അവസ്ഥയ്ക്കു തൃപ്തികരമായ ഒരു പരിഹാരം കാണുന്നതിനു താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യമാണു്:

1) തൊഴിലാളികൾക്കു കുറേ മണിക്കൂറുകൾ വിശ്രമസമയമായി ഒഴിച്ചിടണം.

2) അവർക്കു സ്വന്തം വിദ്യാഭ്യാസത്തിനു സൗകര്യം ലഭിക്കണം.

3) അവരുടെ കുട്ടികൾക്കു് ആവശ്യത്തിനുപാലും വസ്ത്രവും അവശ്യംവേണ്ട വിദ്യാഭ്യാസവും നൽകുവാനുള്ള ഏർപ്പാടു് ഉണ്ടാക്കണം.

4) അവർക്കു് ആരോഗ്യകരമായ പാർപ്പിടങ്ങൾ ഉണ്ടായിരിക്കണം.

5. വാർദ്ധക്യകാലത്തു കഴിഞ്ഞുകൂടാൻ മതിയായ ഒരു സമ്പാദ്യം കരുതിവയ്ക്കുവാൻതക്ക ഒരു പരിതസ്ഥിതി അവർക്കു് ഉണ്ടാവണം

ഈ വ്യവസ്ഥകൾ ഒന്നും ഇന്നു നിറവേററപ്പെടുന്നില്ല. ഇതിന്നു് ഇരുകക്ഷികളും ഉത്തരവാദികളാണു്. യജമാനന്മാർ തങ്ങൾക്കു സേവനം കിട്ടണമെന്ന കാര്യത്തിൽ മാത്രമേ ശ്രദ്ധിക്കുന്നുള്ളു. തൊഴിലാളികളുടെ സ്ഥിതി എന്തുമായിക്കൊള്ളട്ടെ, യജമാനന്മാക്കു് അതിനെപ്പററി ചിന്തയില്ല. ലഘുവായ വേതനം കൊടുത്തു പരമാവധി സേവനം വസൂലാക്കുന്നതിലാണു് അവരുടെ എല്ലാ ശ്രമവും കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളതു് നേരെമറിച്ചു് തൊഴിലാളിയാകട്ടെ എത്ര കുറച്ചു ജോലി ചെയ്യാമോ അത്ര കുറച്ചു ജോലി ചെയ്തു് അങ്ങേ അററത്തെ കൂലി തട്ടിയെടുക്കുവാനുള്ള സൂത്രങ്ങൾ കണ്ടുപിടിക്കുവാനാണു ശ്രമിക്കുക. അതിൻെറ ഫലമോ? തൊഴിലാളികൾക്കു ശമ്പളക്കൂടുതൽ കിട്ടുന്നെങ്കിലും അവർ ചെയ്യുന്ന ജോലി അല്പവും മെച്ചപ്പെടുന്നില്ല. ഇരുചേരികളും തമ്മിലുള്ള ബന്ധവും ശുദ്ധമാകുന്നില്ല. കിട്ടുന്ന കൂടുതൽ ശമ്പളം തൊഴിലാളികൾശരിയായി വിനിയോഗിക്കുന്നുണ്ടോ? അതുമില്ല.

digitized by www .sreyas.in

ഈ രണ്ടു ചേരികൾക്കുമിടയ്ക്കു മൂന്നാമതൊരു ചേരി ആവിർഭവിച്ചിരിക്കയാണ്. തൊഴിലാളികളുടെ സുഹൃദ്വർഗ്ഗമാണതു്. അങ്ങനെയൊരു ചേരിയുടെ ആവശ്യകതയുണ്ടു്. ഈ ചേരിക്കു തൊഴിലാളികളോടു് എത്രത്തോളം നിർമ്മമമായ സൗഹൃദമുണ്ടോ, അത്രത്തോളം ഉപകാരമേ അതിനു ചെയ്യാനാവൂ.

തൊഴിലാളിവർഗ്ഗത്തെ ഒന്നിലധികംവിധത്തിൽ പണയപ്പെടുത്താൻ ശ്രമം നടന്നേക്കാവുന്ന ഒരു കാലഘട്ടം സമാഗതമായിരിക്കയാണ്. രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുന്നവർ ഇതിനെപ്പററി ഈ സന്ദർഭത്തിൽ പരിഗണിക്കേണ്ടിയിരിക്കുന്നു. അവർ എന്താണു തെരഞ്ഞെടുക്കുവാനുദ്ദേശിക്കുന്നതു്? തങ്ങളുടെ സ്വന്തം താൽപര്യമോ? അതോ, തൊഴിലാളിവർഗ്ഗത്തിന്റേയും രാഷ്ട്രത്തിന്റേയും താൽപര്യമോ? തൊഴിലാളിവർഗ്ഗത്തിനു സുഹൃത്തുക്കളുടെ അത്യാവശ്യകതയുണ്ടു്. നേതൃത്വമില്ലാതെ തൊഴിലാളിവർഗ്ഗത്തിനു മുന്നോട്ടുപോവാൻ സാദ്ധ്യമല്ല. ഏതുതരത്തിൽപ്പെട്ടവരാണു നേതൃത്വം നൽകുന്നതെന്നതിനെ ആശ്രയിച്ചിരിക്കും തൊഴിലാളികളുടെ സ്ഥിതി.

പണിമുടക്കുകളും ഹർത്താലും അത്ഭുതകരങ്ങളായ പരിപാടികളാണ്, സംശയമില്ല. പക്ഷേ അവയെ ദുരുപയോഗപ്പെടുത്തുവാൻ വിഷമമൊന്നുമില്ല. തൊഴിലാളികൾ സുശക്തമായ തൊഴിലാളി യൂണിയനുകളായി സംഘടിക്കണം. ഈ സംഘടനകളുടെ സമ്മതംകൂടാതെ യാതൊരു കാരണവശാലും അവർ പണിമുടക്കു നടത്തരുതു് മില്ലുടമകളുമായി നേരത്തെ കൂടിയാലോചന നടത്താതെയും പണിമുടക്കിൽ ചെന്നു ചാടരുതു്. മില്ലുടമകൾ മദ്ധ്യസ്ഥതീരുമാനത്തിനു സമ്മതിക്കുന്നപക്ഷം, പഞ്ചായത്തിന്റെ തത്വം സ്വീകരിക്കണം. മദ്ധ്യസ്ഥന്മാരെ ആക്കിക്കഴിഞ്ഞാൽ, ഇഷ്ടമായാലും അല്ലെങ്കിലും അവരുടെ തീരുമാനത്തെ ഇരുഭാഗക്കാരും ഒരുപോലെ ആദരിക്കണം.

വായനക്കാരേ, നിങ്ങൾ തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി നന്നാക്കുന്നതിൽ തത്പരരാണെങ്കിൽ, തൊഴിലാളിയുമായി സൗഹൃദംപുലർത്തി അയാളെ സഹായിക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ, മുകളിൽ പ്രസ്താവിച്ച സംഗതികളിൽനിന്നു്, നിങ്ങളുടെ മുമ്പിൽ ഒരു രാജപാതമാത്രമേ ഉള്ളൂ എന്നു നിങ്ങൾക്കു കാണാം. അതായതു്, രണ്ടു ഭാഗക്കാരുംതമ്മിൽ ഒരേ കുടുംബത്തിലെ അംഗങ്ങളേപ്പോലുള്ള ബന്ധം സ്ഥാപിച്ചു തൊഴിലാളികളെ ഉദ്ധരിക്കുക എന്നതാണതു്. ഈ ലക്ഷ്യം പ്രാപിക്കുന്നതിനു സത്യംപോലെ മറെറാരു സരണിയുമില്ല. വേതനവർദ്ധനവുകൊണ്ടു നിങ്ങൾ തൃപ്തിപ്പെടരുതു്. ഏതു മാർഗ്ഗത്തിലൂടെയാണ് അതു് അവർക്കു കിട്ടുന്നതു്, അവർ അതെങ്ങനെ ചെലവാക്കുന്നു, എന്നുംകൂടി നിങ്ങൾ സൂക്ഷിക്കണം.

digitized by www .sreyas.in

## 70

വർദ്ധിക്കുന്ന ശമ്പളവും ലാഭപ്പെടുന്ന സമയവും എങ്ങനെ വിനിയോഗിക്കണമെന്നതിനെപ്പററി ചിന്തിക്കാനുള്ള സന്ദർഭം വന്നിരിക്കയാണിപ്പോൾ. കിട്ടുന്ന കൂടുതൽ ശമ്പളം മദ്യശാലയിലും ലാഭപ്പെടുന്ന സമയം ചൂതുകളിസങ്കേതങ്ങളിലും ചെലവഴിക്കുന്നതു്, വറച്ചട്ടിയിൽനിന്നു് എരിതീയിലേക്കു് എന്നമട്ടിലുള്ള പ്രവൃത്തിയായിരിക്കും. കിട്ടുന്ന പണം കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനു വിനിയോഗിക്കണം; ലാഭിക്കുന്ന സമയം സ്വന്തം വിദ്യാഭ്യാസത്തിനും. ഈ രണ്ടു കാര്യത്തിലും ധാരാളം സഹായം ചെയ്വാൻ മില്ലുടമസ്ഥന്മാക്കു കഴിയും. തൊഴിലാളികൾക്കു ശുദ്ധമായ പാലും ആരോഗ്യകരമായ പലഹാരങ്ങളും കിട്ടത്തക്കവണ്ണം പണച്ചെലവു കുറഞ്ഞ ഭക്ഷണശാലകൾ തുടങ്ങാം; നിരുപദ്രവകരങ്ങളായ വിനോദങ്ങൾക്കും കളികൾക്കും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാം. ഇത്തരം ആരോഗ്യകരമായ സാഹചര്യങ്ങൾ നൽകിയാൽ മദ്യപാനത്തിലും ചൂതാട്ടത്തിലുമുള്ള ആസക്തി അവരെ വിട്ടൊഴിയും. യൂണിയനുകളും ഇതുപോലെയുള്ള കാര്യങ്ങൾ ചെയ്യുവാൻ ഉദ്യമിക്കണം. അവ, മുതലാളിമാരുമായി സമരംചെയ്യുന്നതിനേക്കാൾ അകമേനിന്നു് അഭിവൃദ്ധിപ്പെടാനുള്ള വഴികൾ ആലോചിക്കുന്നതായിരിക്കും ഭേദം.

കൊച്ചുകുട്ടികളെ വിദ്യാലയങ്ങളിലയയ്ക്കാതെ കൂലിപ്പണികളിലേപ്പെടുത്തുന്നതു്, ദേശീയാധഃപതനത്തിന്റെ ലക്ഷണമാണു്, രാഷ്ട്രമെന്ന പേരിനു് അർഹതയുള്ള യാതൊരു രാഷ്ട്രവും കുട്ടികളെ ഇങ്ങനെ ദുരുപയോഗപ്പെടുത്തുകയില്ല. കുറഞ്ഞപക്ഷം പതിനാറുവയസ്സുവരെയെങ്കിലും കുട്ടികളെ വിദ്യാലയങ്ങളിലയയ്ക്കേണ്ടതാണു്. അതുപോലെ സ്ത്രീകളെയും മില്ലിലെ പണിയിൽനിന്നു ക്രമേണ ഒഴിവാക്കണം. ജീവിതത്തിൽ സ്ത്രീയും പുരുഷനും പങ്കാളികളാണെങ്കിൽ, അവരുടെ ജീവിതം അന്യോന്യപൂരകമാണെങ്കിൽ, അവരവക്കുള്ള പ്രവൃത്തി വിഭജിച്ചു നിർവ്വഹിച്ചാലേ അവർ നല്ല ഗൃഹസ്ഥരായിത്തീരുകയുള്ളു. വിവേകമുള്ള ഒരു മാതാവു് വീട്ടുകാര്യങ്ങളന്വേഷിച്ചും, കുഞ്ഞുങ്ങളെ സംരക്ഷിച്ചും ആയിരിക്കും തന്റെ സമയം മുഴുവൻ ചെലവാക്കുക. എന്നാൽ എവിടെ വെറും ഉപജീവനത്തിനുവേണ്ടി മാത്രം ഭാര്യാഭർത്താക്കന്മാർ പണിയെടുക്കുന്നുവോ, ആ രാഷ്ട്രം അപകൃഷ്ടമാവാതെ തരമില്ല. ഒരു നിർദ്ധനൻ തന്റെ മൂലധനം ചെലവാക്കി ജീവിക്കുന്നതുപോലെയാണതു്.

തൊഴിലാളികൾ വിദ്യാഭ്യാസംകൊണ്ടു മനോവികാസം ഉണ്ടാക്കേണ്ടതും തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കേ

70. Young India, 6-10-1920 (Collected vol. 1919—1922, pp. 731—732)

digitized by www .sreyas.in

ണ്ടതും അത്യാവശ്യമായിരിക്കുന്നതുപോലെതന്നെ, അവർ തങ്ങളുടെ ധാർമ്മികശക്തിയെ വികസിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

## 71

അതു് എന്നെ പണിമുടക്കു് എന്ന വിഷയത്തിൽ കൊണ്ടെത്തിച്ചിരിക്കുന്നു. ഇന്നു ലോകത്തിൽ എവിടെയുമുണ്ടു പണിമുടക്കു്. ഏററവും നിസ്സാരകാരണം മതി, തൊഴിലാളിവർഗ്ഗം പണിമുടക്കുകയായി. പല പണിമുടക്കുകളും തൊഴിലാളികൾക്കു ഗുണമല്ല ദോഷമാണു വരുത്തിവച്ചിട്ടുള്ളതെന്നത്രേ ഇക്കഴിഞ്ഞ ആറുമാസക്കാലത്തെ എൻെറ അനുഭവം. ബോംബെയിൽ നടന്ന പണിമുടക്കുകളെയും, ടാററാ അയേൺ വർക്സിൽ നടന്ന ഒരു പണിമുടക്കിനെയും, പഞ്ചാബിലെ റെയിൽവേ തൊഴിലാളികളുടെ പ്രഖ്യാതമായ പണിമുടക്കിനെയും കുറിച്ചു് ഞാൻ ആവുന്നത്ര മനസ്സിലാക്കിയിട്ടുണ്ടു്. ഈ പണിമുടക്കിലെല്ലാമുണ്ടായിരുന്നു ഒരു അപജയം. തൊഴിലാളിവർഗ്ഗത്തിനു് അതിൻെറ വാദമുഖങ്ങൾ അങ്ങേയററം സ്ഥാപിക്കാൻ കഴിഞ്ഞില്ല. എന്തായിരുന്നു കാരണം? തൊഴിലാളിവർഗ്ഗത്തിനു ലഭിച്ച നേതൃത്വം ശരിയായില്ല. നിങ്ങളുടെ ഇടയിൽനിന്നുതന്നെ ഉണ്ടായ രണ്ടുതരം നേതാക്കന്മാരുണ്ടു്. അവരെ നിങ്ങൾ വേർതിരിച്ചു മനസ്സിലാക്കണമെന്നു ഞാൻ നിങ്ങളോടു് ആവശ്യപ്പെടുന്നു. അവരാകട്ടെ, സ്വയം തൊഴിലാളികളല്ലാത്തവരും, എന്നാൽ തൊഴിലാളിവർഗ്ഗത്തോടു് അനുഭാവമുള്ളവരോ അനുഭാവമുള്ളവരെന്നു പ്രതീക്ഷിക്കപ്പെടുന്നവരോ ആയ ആളുകളാൽ ഉപദിഷ്ടരും നീതരുമാണു്. ഈ മൂന്നു കൂട്ടരുംതമ്മിൽ സമ്പൂർണ്ണമായ സമ്മനോഭാവം ഇല്ലെങ്കിൽ അപജയം ഉണ്ടാവാതെ തരമില്ല. ഈ നാലു പണിമുടക്കുകളിലും ആ സമ്പൂർണ്ണ സമാനഭാവത്തിൻെറ അഭാവം ഉണ്ടായിരുന്നു. ഞാൻ കണ്ടു മനസ്സിലാക്കിയ, കഴമ്പുള്ള മററൊരു കാരണം കൂടിയുണ്ടു്. തൊഴിലാളികൾ സ്വന്തം ചെലവിനു തങ്ങളുടെ സംഘടനകളിൽനിന്നു് ധനസഹായം കിട്ടണമെന്നു് ആഗ്രഹിക്കുന്നു. തൊഴിലാളിവർഗ്ഗം അതിൻെറ സംഘടനകളുടെ ധനത്തെ ഉപജീവിക്കുന്ന കാലത്തോളം, യാതൊരു തൊഴിലാളിസംഘടനയ്ക്കും പണിമുടക്കു് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോവുക സാദ്ധ്യമല്ല. അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാനാവാത്ത യാതൊരു പണിമുടക്കിനും സമ്പൂർണ്ണവിജയം ഉണ്ടാവുകയുമില്ല. ഞാൻ നയിച്ചിട്ടുള്ള

---

71. 1920-ൽ മദ്രാസിൽവെച്ചു നടന്ന ഒരു തൊഴിലാളിസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു് — Speeches and Writings of Mahatma Gandhi, 4th Edn, pp. 1045 — 1047 (Economic and Industrial Life and Relations, pp. 148—149)

digitized by www .sreyas.in

സകല പണിമുടക്കുകളിലും നീക്കുപോക്കില്ലാത്ത ഒരു നിയമം വച്ചിരുന്നു: അതായതു്, തൊഴിലാളികൾതന്നെ തങ്ങളുടെ നിത്യവൃത്തിക്കു വേണ്ട വക ഉണ്ടാക്കിക്കൊള്ളണം. അവിടെയാണു് വിജയത്തിന്റെ രഹസ്യം; അതാണു നിങ്ങൾ അഭ്യസിച്ചിരിക്കേണ്ടതും. ഒരു യജമാനനെ സേവിക്കുന്നതിനും ഇന്ന വേതനം കിട്ടണമെന്നു് ആവശ്യപ്പെടുന്നതിനും നിങ്ങൾക്കു കഴിയുമെങ്കിൽ, മറെറവിടെച്ചെന്നാലും അതു കിട്ടത്തക്കവണ്ണം ആക്ഷേപരഹിതമായിരിക്കണം നിങ്ങൾ ചെയ്യുന്ന ജോലി — ഈ വസ്തുത അറിയുവാൻ നിങ്ങൾക്കു കഴിയണം. അതുകൊണ്ടു പണിമുടക്കുകാർ അലസന്മാരായിരുന്നു വിജയിക്കാൻ നോക്കേണ്ട. നിങ്ങളുടെ യത്നങ്ങൾ നീതിയുക്തമായിരിക്കണം. നിങ്ങൾ കരിങ്കാലികൾ എന്നു വിളിക്കുന്നവരുടെമേൽ യാതൊരു സമ്മർദ്ദവും ചെലുത്തരുതു്. കൂട്ടുതൊഴിലാളികളുടെ നേരെയുള്ള ഇത്തരം ഏതൊരു ബലപ്രയോഗവും നിങ്ങളുടെ നേർക്കു പ്രത്യാഘാതമുളവാക്കാതിരിക്കയില്ല. ഈ മൂന്നു വ്യവസ്ഥകൾ നിറവേററപ്പെടുമെങ്കിൽ, യാതൊരു പണിമുടക്കും അപജയത്തിൽ കലാശിക്കേണ്ടിവരികില്ല. ഈ വസ്തുത നിങ്ങളുടെ ഉപദേഷ്ടാക്കൾ നിങ്ങളെ ഉദ്ബോധിപ്പിക്കുമെന്നു ഞാൻ വിചാരിക്കുന്നു. പണിമുടക്കിൽ ഏർപ്പെടുന്നതിനുമുമ്പു് ഒരു നൂറുവട്ടം ചിന്തിക്കേണ്ടതിന്റെ ആവശ്യകത അവർ ഉടനെ കാണിച്ചുതരേണ്ടതാണു്. നിങ്ങളുടെ അവകാശങ്ങളെപ്പററിയും അതു പിടിച്ചുപററുവാനുള്ള രീതിയെപ്പററിയും ഇത്രമാത്രമേ പറയാനുള്ളു. തൊഴിലാളികൾ സംഘടിക്കുന്നതോടെ പണിമുടക്കു കുറഞ്ഞു വളരെ അപൂർവ്വമാകണം. നിങ്ങൾക്കു മാനസികവും സംഘപരവുമായ വികാസം ഉണ്ടാവുന്നതോടെ, പണിമുടക്കുത്തൊഴിലാളിയുടെ സ്ഥാനം മദ്ധ്യസ്ഥതാതത്ത്വം കരസ്ഥമാക്കുന്നതായി നിങ്ങൾക്കു കാണാൻ കഴിയും. നാം ഈ സ്ഥിതിയിലെത്തേണ്ട കാലം ഇപ്പോൾ സമാഗതമായിരിക്കുന്നതാനും.

## 72

പണിമുടക്കുകൾ ഇന്നൊരു പതിവായി തീർന്നിട്ടുണ്ടു്. നിലവിലിരിക്കുന്ന അസ്വാസ്ഥ്യതയുടെ ലക്ഷണമാണവ. എല്ലാത്തരം അവ്യക്താശയങ്ങളും അന്തരീക്ഷത്തിൽ അങ്ങനെ പററി നടക്കുകയാണു്. അവ്യക്തമായ ഒരു പ്രതീക്ഷ എല്ലാവരെയും ഉത്തേജിപ്പിക്കുന്നു. ആ പ്രതീക്ഷ വ്യക്തരൂപം കൈക്കൊള്ളുന്നില്ലെങ്കിൽ നൈരാശ്യം വളരെ വലുതായിരിക്കും. ഉപദേഷ്ടാക്കളായും മാർഗ്ഗദർശകരായും വരുന്നവരുടെ കാരുണ്യത്തിനു് വിധേയമായിരിക്കയാണു്, മറെറവിടത്തേയുമെന്നപോലെ, ഭാരത

72. Young India, 16-2-1921 (Towards Non-violent Socialism pp. 91—92)

digitized by www .sreyas.in

ത്തിലെയും തൊഴിലാളിലോകം. ഉപദേഷ്ടാക്കളും മററും എപ്പോഴും വിവേകശാലികളാണെങ്കിൽത്തന്നെയും ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നവരാവില്ല. തൊഴിലാളർ തങ്ങളുടെ ദുഃസ്ഥിതിയിൽ അതൃപ്തരാണ്. ആതൃപ്തിക്കു സകല കാരണങ്ങളുമുണ്ട്. മുതലാളിമാരെ സമ്പന്നരാക്കിത്തീർക്കുന്നതിനു പ്രധാന കാരണക്കാർ തങ്ങൾതന്നെയാണെന്നു് അവർ കരുതുന്നു. അങ്ങനെയാണ് ഇന്നു് അവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതു്. കാര്യം ശരിയുമാണ്. അതുകൊണ്ടു പണിമുടക്കിനു് അവരെ പ്രേരിപ്പിക്കാൻ യാതൊരു പ്രയാസവുമില്ല. രാഷ്ട്രീയസ്ഥിതിയും ഇൻഡ്യയിലെ തൊഴിലാളികളെ ബാധിക്കാൻ തുടങ്ങിയിരിക്കയാണ്. രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി പണിമുടക്കുകളെ സൂത്രത്തിലുപയുക്തമാക്കാമെന്നു വിചാരിക്കുന്ന നേതാക്കന്മാരും കുറവല്ല.

എന്റെ അഭിപ്രായത്തിൽ തൊഴിലാളിപണിമുടക്കുകളെ അത്തരമൊരു ഉദ്ദേശ്യസാദ്ധ്യത്തിനു് ഉപയോഗപ്പെടുത്തുന്നതു് ഏററവും ഗൗരവാവഹമായ ഒരു തെററാണ്. അത്തരം പണിമുടക്കുകൾ രാഷ്ട്രീയലക്ഷ്യപ്രാപ്തിക്കു് ഉപകരിക്കുമെന്നുള്ള കാര്യം ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ അഹിംസാത്മകമായ നിസ്സഹകരണപദ്ധതിയിൽ അവ ഉൾപ്പെടുന്നില്ല. തൊഴിലാളികൾ രാജ്യത്തെ രാഷ്ട്രീയസ്ഥിതി അറിഞ്ഞു പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ തയാറാകുന്നതുവരെ, തൊഴിലാളിവർഗ്ഗത്തെ രാഷ്ട്രീയകാര്യങ്ങൾക്കു കരുക്കളാക്കുന്നതു് ഏററവും അപകടകരമാണ്. ഈ വസ്തുത ഗ്രഹിക്കുവാൻ വളരെയൊന്നും മേധാക്ലേശം ആവശ്യമില്ല. പൊതുനന്മയ്ക്കുവേണ്ടിയുള്ള പ്രവൃത്തി തൊഴിലാളരിൽനിന്നു വളരെ വേഗം — തങ്ങളുടെ ശരീരവും ആത്മാവും യോഗ്യമായ നിലയിൽ പുലർത്തിക്കൊണ്ടുപോകത്തക്കവണ്ണം അവർ തങ്ങളുടെ സ്ഥിതി തന്നെ അഭിവൃദ്ധിപ്പെടുത്തുന്നതുവരെ—പ്രതീക്ഷിക്കാവുന്നതല്ല. അതുകൊണ്ടു തൊഴിലാളികൾക്കു ചെയ്യാവുന്ന മഹത്തായ സംഭാവന, തങ്ങളുടെ സ്വന്തം സ്ഥിതി നന്നാക്കുക, കുറേക്കൂടി അറിവുനേടുക, തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ശക്തിയായി വാദിക്കുക, തങ്ങൾകൂടി അതിപ്രധാനമായ പങ്കുവഹിച്ചു നിർമ്മിക്കുന്ന സാധനങ്ങൾ മുതലാളിമാർ വേണ്ടപടി ഉപയോഗിക്കണമെന്നു പോലും ആവശ്യപ്പെടുക എന്നിവയാണ്. ഇങ്ങനെ കൂട്ടുടമസ്ഥന്മാർ എന്ന പദവിയിലേയ്ക്കു തങ്ങളെത്തന്നെ ഉയർത്തുകയെന്നുള്ളതാണ് തൊഴിലാളികളുടെ സമഞ്ജസമായ വികാസപരിണാമപ്രക്രിയ. അതിനാൽ, തല്ക്കാലം തൊഴിലാളികളുടെ സ്ഥിതി നന്നാക്കുന്നതിനുവേണ്ടിയായിരിക്കണം പണിമുടക്കുകൾ; അവക്കു രാജ്യാഭിമാനം ഉണ്ടായിക്കഴിയുമ്പോൾ അവരുടെ പ്രയത്നഫലമായ വ്യവസായികോൽപ്പന്നങ്ങളുടെ വില വ്യവസ്ഥാപിക്കുന്നതിനു വേണ്ടിയും.

digitized by www .sreyas.in

വിജയകരമായ ഒരു പണിമുടക്കിനുള്ള വ്യവസ്ഥകൾ ലഘുവാണ്. അവ പാലിക്കാൻ കഴിഞ്ഞാൽ പണിമുടക്ക് ഒരിക്കലും പരാജയപ്പെടേണ്ടിവരികില്ല.

1) പണിമുടക്കിനു് ന്യായമായ കാരണങ്ങൾ ഉണ്ടായിരിക്കണം.

2) പണിമുടക്കുകാരുടെയിടയിൽ പ്രായോഗികമായ ഒത്തൊരുമ ഉണ്ടായിരിക്കണം.

3) പണിമുടക്കാത്തവരുടെ നേരെ അക്രമം പ്രയോഗിക്കരുതു്.

4) പണിമുടക്കുകാലത്തു യൂണിയൻഫണ്ടിനെ ആശ്രയിക്കാതെ സ്വയം പോററുവാൻ പണിമുടക്കുകാർക്കു കഴിയണം. അതുകൊണ്ടു് ആ ഘട്ടത്തിൽ അവർ ഉപയോഗപ്രദവും ആദായകരവുമായ താൽക്കാലിക ജോലികളിൽ ഏർപ്പെട്ടിരിക്കയും വേണം.

5) പണിമുടക്കുന്നവരുടെ സ്ഥാനത്തു് വ്യവസായശാലകളിൽ കയറിക്കൂടുവാൻ മററാളുകൾ വേണ്ടുവോളം ഉണ്ടെങ്കിൽ പണിമുടക്ക് ഒരു പരിഹാരമാർഗ്ഗമേ അല്ല. അതാണ സ്ഥിതിയെങ്കിൽ, നീതികെട്ട പെരുമാററം, ശമ്പളത്തിന്റെ അപര്യാപ്തത എന്നിങ്ങനെയുള്ള വൈഷമ്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ രാജികൊടുക്കുകയാണ പരിഹാരമാർഗ്ഗം.

6) മുകളിൽ പറഞ്ഞ വ്യവസ്ഥകൾ എല്ലാം നിർവ്വഹിക്കപ്പെടാതെതന്നെ വിജയകരമായ പണിമുടക്കുകൾ നടന്നിട്ടുണ്ടു്. അതു് മുതലാളിമാരുടെ അപ്രാപ്തിയേയും അപരാധബോധത്തെയും തെളിയിക്കുക മാത്രമാണ ചെയ്യുന്നതു്. ചീത്തയായ മാതൃകകളെ അനുവർത്തിച്ചു പലപ്പോഴും നാം ഭയങ്കരമായ തെററുകളിൽ ചെന്നുചാടാറുണ്ടു്. ഏതു മാതൃകകളെക്കുറിച്ചു സമ്പൂർണ്ണമായ അറിവു നമുക്കില്ലയോ അവയെ അനുവർത്തിക്കാതിരിക്കുക. എന്നാൽ നമ്മുടെ വിജയത്തിനു് അപരിത്യാജ്യമെന്നറിയാവുന്നതും അങ്ങനെ നാം അംഗീകരിക്കുന്നതുമായ വ്യവസ്ഥകൾ അനുവർത്തിക്കുക; അതാണു് ഏററവും സുരക്ഷിതമായ മാർഗ്ഗം.

## 73

തിലക് സ്വരാജ്നിധിയിലേക്കു സംഭാവന ചെയ്യുന്നതിൽ തൊഴിലാളർ വഹിച്ച പങ്കു് എന്താണെന്നു പൊതുജനങ്ങൾക്കു യാതൊരു അറിവും ഇല്ല. അഹമ്മദ്ബാദിലെ ഇരുപത്തോരാ

73. Young India, 11-8-1921 (Collected vol. 1919-1922, pp. 736-737)

digitized by www .sreyas.in

യിരം മിൽത്തൊഴിലാളികൾ ഏതാണ്ട് 54,000 രൂപ ഫണ്ടി ലേയ്ക്കു നൽകി. അതും ഒരു നിർണ്ണിതനിരക്കിൽ — അതായതു് പ്രതിമാസവേതനത്തിൻെറ പത്തിലൊന്നു് എന്ന കണക്കിനു്. ഏഴായിരം പേർ അംഗത്വം സ്വീകരിച്ചു. ബോംബെയിലെ തൊഴിലാളികളും, അഹമ്മദ്ബാദ് തൊഴിലാളികളെപ്പോലെ അത്രകണ്ടു ശാസ്ത്രീയമായിട്ടും വലിയതോതിലുമല്ലെങ്കിലും ആരും ആവശ്യപ്പെടാതെതന്നെ പണം അയച്ചു. കാലത്തിൻെറ ഒരു ലക്ഷണമാണതു്. തൊഴിലാളികൾ കുറെക്കൂടി സംഘടിതരാകുമ്പോൾ തങ്ങളെപ്പററിയും അതുപോലെതന്നെ രാഷ്ട്രത്തെപ്പററിയും ചിന്തിക്കാൻ കഴിവുള്ളവരായിത്തീരുമ്പോൾ, തങ്ങൾ അതിമാത്രം അദ്ധ്വാനപ്പെട്ടു് ഉണ്ടാക്കുന്ന വ്യാവസായികോൽപ്പന്നങ്ങളുടെ വില വേണ്ടപടി ക്രമപ്പെടുത്തുവാൻ സമരം ചെയ്യും. വേലക്കാരൻേറയും ഉപഭോക്താവിൻേറയും താത്പര്യം നോക്കാതെ ഓഹരിക്കാരൻെറ ആദായവീതം കണ്ടമാനം വദ്ധിക്കുവാൻവേണ്ടിമാത്രം മില്ലുടമകൾ തങ്ങളുടെ വ്യാവസായികോൽപ്പന്നങ്ങൾക്കു മര്യാദകെട്ട വില ഇടുമെന്നുള്ള പ്രശ്നമേ അന്നുണ്ടാവില്ല. ആദായവീതം, വേതനം, വില എന്ന വസ്തു തമ്മിൽ ആക്കും ആക്ഷേപം തോന്നാത്ത തരത്തിൽ ഒരു ആനുപാതികബന്ധം ഉണ്ടാവുന്ന കാലം വന്നുചേരണം. എത്രവേഗം അതുണ്ടാവുമോ അത്രയും നന്നു്

## 74

ആസ്സാം—ബംഗാൾ റെയിൽവേ പണിമുടക്കും സ്റ്റീമർ പണിമുടക്കും സാധാരണ പണിമുടക്കുകളിൽനിന്നു വ്യത്യസ്തമായിരുന്നു. തൊഴിലാളി യൂണിയനുകൾക്കു പുറത്തുള്ളവരോടുള്ള അനുഭാവം ഹേതുവായി പണിമുടക്കു നടത്തുക——അങ്ങനെയൊരു സംരംഭം ആദ്യമായിട്ടാണു ഞാൻ കണ്ടതു്. ഈ പണിമുടക്കുകൾ അനുഭാവപരവും, ജീവകാരുണ്യപരവും, രാഷ്ട്രീയവും ആയിരുന്നു. റെയിൽവേ ലൈനിലെ എല്ലാ പണിമുടക്കുകാരെയും, പ്രത്യേകിച്ചും ഗൗഹതിയിലും, ചിററഗോംഗിലും, ബാരിസോളിലും ഉള്ളവരെ നേരിട്ടു കാണുവാൻ എനിക്കു സാധിച്ചു. അവരുമായി നടത്തിയ സ്വച്ഛന്ദസംഭാഷണത്തിൽനിന്നും തങ്ങൾ ഏർപ്പെട്ട സംരംഭത്തിൻെറ വൈഷമ്യത്തു് അവർ തികച്ചും മനസ്സിലാക്കിയിരുന്നില്ല എന്നു ഞാൻ തീരുമാനിച്ചു. എന്നാൽ പണിമുടക്കിലേർപ്പെട്ടുകഴിഞ്ഞപ്പോൾ അതിൻെറ ഭവിഷ്യത്തിനെ അഭിമുഖീകരിക്കാൻ അവർ തയ്യാറായി. താൻ ആ സന്ദർഭത്തിൽ നേതൃത്വം നൽകിയിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നു, ഇങ്ങനെ ചെയ്യുമായിരു

74. Young India, 22-9-1921, (Economic and Industrial Life and Relations, vol. III, pp. 153—156)

digitized by www .sreyas.in

ന്നു, എന്നു പുറത്തു നിൽക്കുന്ന ഒരാൾ പ്രസ്താവിക്കുന്നതു് അപകടകരവും നിർദ്ദയവുമാണു്. എങ്കിലും എനിക്കു തോന്നുന്നു തൊഴിലാളികൾ മനുഷ്യസ്നേഹപ്രേരിതമായ ഒരു പണിമുടക്കിനു തയാറായിരുന്നില്ല എന്നു്.

എന്റെ അഭിപ്രായത്തിൽ വിജയകരമായ അനുഭാവപ്പണിമുടക്കുകൾക്കു് അവശ്യം വേണ്ടിടത്തോളം ഉയർന്ന ഒരു ദേശീയബോധം ഇൻഡ്യയിലെ തൊഴിലാളികൾക്കും കൈവേലക്കാർക്കും ഉണ്ടായിട്ടില്ല. അതിനു കുററം പറയേണ്ടതു നമ്മളെത്തന്നെയാണു്. ദേശീയസേവനത്തിൽ തത്പരരായ നാം ഈ അടുത്ത കാലംവരെ ഈ വർഗ്ഗങ്ങളുടെ ആവശ്യങ്ങളെയും അഭിലാഷങ്ങളെയുംപററി പഠിക്കുകയോ, രാഷ്ട്രീയ സ്ഥിതിഗതികൾ അവർക്കു മനസ്സിലാക്കിക്കൊടുക്കാൻ ബദ്ധപ്പെടുകയോ ചെയ്തിട്ടില്ല. ഹൈസ്കൂളുകളിലും കോളേജുകളിലും പഠിച്ചിട്ടുള്ളവർക്കു മാത്രമേ ദേശീയപ്രവത്തനങ്ങളിൽ ഭാഗഭാക്കുകളാകുവാൻ അർഹതയുള്ളവെന്നു നാം ഇതേവരെ വിശ്വസിച്ചിരുന്നു. അതുകൊണ്ടു തൊഴിലാളികളും കൈവേലക്കാരും തങ്ങളുടെ സ്വന്തം താത്പര്യപരിധിക്കപ്പുറമുള്ളവയെ പെട്ടെന്നു വിലമതിക്കുകയും അവയ്ക്കുവേണ്ടി സ്വയം ബലികഴിക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നതു് ഉചിതമാണെന്നു തോന്നുന്നില്ല രാഷ്ട്രീയലക്ഷ്യങ്ങൾക്കോ മറേറതെങ്കിലും ലക്ഷ്യങ്ങൾക്കോ ആയി അവരെ നാം ചൂഷണം ചെയ്യരുതാ. ഇത്തരുണത്തിൽ നമുക്കു് അവർക്കായി ചെയ്യാവുന്നതും അവരിൽനിന്നു് സ്വീകരിക്കാവുന്നതും ആയ ഏററവും വലിയ സേവനം ഇത്രയുമാണു്: സ്വന്തം കാലിന്മേൽ നില്ക്കുവാൻ അവരെ പഠിപ്പിക്കുക; അവരുടെ കത്തവ്യങ്ങളെയും അവകാശങ്ങളെയുംകുറിച്ചുള്ള അറിവു നൽകുക; തങ്ങളുടെ ന്യായമായ സങ്കടങ്ങൾക്കു സ്വയം പരിഹാരം നേടുവാനുള്ള ഒരു സ്ഥിതിയിൽ അവരെ കൊണ്ടുചെന്നാക്കുക. അതുവരെ രാഷ്ട്രീയമോ, ദേശീയമോ, മനുഷ്യസ്നേഹപരമോ ആയ സേവനങ്ങൾക്കു് അവർ സജ്ജീകൃതരല്ല.

അതുകൊണ്ടു് അനുഭാവപ്പണിമുടക്കുകൾക്കുവേണ്ടിയുള്ള ഏതൊരു അപകടമായ ആവേശവും നമ്മുടെ പക്ഷത്തിനു് അത്യന്തം വിനാശകരമായിബ്ഭവിക്കും. ഭരണകൂടത്തെ കുഴക്കി എന്തെങ്കിലും സാധിക്കണമെന്ന വിചാരം അക്രമരാഹിത്യപരിപാടിയിൽനിന്നു് അകററിനിത്തണം. നമ്മുടെ പ്രവത്തനം വിശുദ്ധവും ഭരണകൂടത്തിന്റേതു് അശുദ്ധവും ആണെങ്കിൽ, നമ്മുടെ വിശുദ്ധിമൂലം ഭരണകൂടം തനിയേ ശുദ്ധീകൃതമാകും. ഇല്ലെങ്കിൽ അതു കുഴക്കത്തിൽപ്പെട്ടുപോകും. അത്തരമൊരു ശുദ്ധീകരണപ്രസ്ഥാനം ഇരുഭാഗക്കാർക്കും ഗുണകരമായിരിക്കും. നേരെമറിച്ച വിനാശകരമായ ഒരു പ്രസ്ഥാനമാകട്ടെ, വിനാശകനെ അശുദ്ധനാക്കിത്തന്നെ അവ

digitized by www .sreyas.in

ശേഷിപ്പിക്കയും ആരെ നശിപ്പിക്കണമെന്നു് അയാൾ വിചാരിക്കുന്നുവോ അവരുടെ പടിയിലേക്കു് അയാളെ അധഃപതിപ്പിക്കുകയും ചെയ്യും.

അതുകൊണ്ടു നമ്മുടെ അനുഭാവപ്പണിമുടക്കുകൾപോലും, ആത്മശുദ്ധീകരണത്തിനുള്ള പണിമുടക്കുകളായിരിക്കേണ്ടതുണ്ടു്—അതായതു്, നിസ്സഹകരണം മാത്രമായിരിക്കണമെന്നർത്ഥം. അങ്ങനെ, ഒരു തെററിനെ പരിഹരിക്കാൻവേണ്ടി നാം ഒരു പണിമുടക്കു പ്രഖ്യാപിക്കുമ്പോൾ വാസ്തവത്തിൽ നാം ആ തെററിൽ ഭാഗഭാക്കുകളാവാതിരിക്കയും തെററുകാരനെ സ്വയം നന്നാവാനുള്ള വഴിക്കു വിടുകയുമാണു് ചെയ്യുന്നതു്. മറെറാരുതരത്തിൽ പറഞ്ഞാൽ ആ തെററിൽത്തന്നെ തുടരുന്നതിലുള്ള മടയത്തരം മനസ്സിലാക്കുവാൻ അയാളെ പ്രാപ്തനാക്കുകയാണു്. അത്തരമൊരു പണിമുടക്കു വിജയിക്കണമെങ്കിൽ, അതിൻെറ പിമ്പിൽ ആ പണിക്കു തിരിച്ചു ചെല്ലുകയില്ലെന്ന ദൃഢനിശ്ചയം ഉണ്ടായിരിക്കണം.

വിജയംവരിച്ച വമ്പിച്ച പണിമുടക്കുകൾ നടത്തിയിട്ടുള്ള ഒരാളെന്നനിലയിൽ, പണിമുടക്കുനേതാക്കന്മാക്കു മാർഗ്ഗദർശകമായിത്തീരുവാൻ, ഇതേവരെപ്പറഞ്ഞ സിദ്ധാന്തങ്ങൾ ഞാൻ താഴെ ആവർത്തിക്കുന്നു:

1) യഥാർത്ഥമായ സങ്കടഹേതുവുണ്ടെങ്കിലേ പണിമുടക്കാവൂ.

2) പണിമുടക്കിലേർപ്പെടുന്നവക്കു്, തങ്ങൾ മിച്ചംവച്ചിട്ടുള്ള തുകകൊണ്ടോ, പഞ്ഞികടച്ചിൽ, നൂൽനൂൽപ്പു്, നെയ്ത്തു് ഇത്യാദി താല്ക്കാലിക ജോലികളിൽ വല്ലതിലും ഏർപ്പെട്ടോ ജീവസന്ധാരണം ചെയ്യാൻ സാധിക്കില്ലെങ്കിൽ, പണിമുടക്കു നടത്തരുതു്. പണിമുടക്കുകാർ പൊതുജനസംഭാവനകളെയോ മററു് ഔദാര്യങ്ങളെയോ ഒരിക്കലും സമാശ്രയിക്കരുതു്.

3) പണിമുടക്കുകാർ തങ്ങളുടെ നീക്കുപോക്കില്ലാത്ത ഏററവും കുറഞ്ഞ അവകാശവാദമെന്തെന്നു സ്ഥിരപ്പെടുത്തണം. അതു പണിമുടക്കിലേർപ്പെടുന്നതിനുമുമ്പു് പ്രഖ്യാപിക്കയും വേണം.

സങ്കടങ്ങൾ ന്യായയുക്തമാണു്, എത്രനാൾ വേണമെങ്കിലും പണിമുടക്കു നീട്ടിക്കൊണ്ടുപോകാൻ കഴിയും, എന്നൊക്കെയിരുന്നാലും, പണിമുടക്കുന്നവരുടെ സ്ഥാനത്തേക്കു വേറെ ആളുകളെ കിട്ടുമെങ്കിൽ പണിമുടക്കു പരാജയത്തിൽ കലാശിക്കാവുന്നതാണു്. അതുകൊണ്ടു് വിവേകമുള്ള ഒരുവൻ, തൻെറ സ്ഥാനത്തു വേറൊരാൾ വന്നുകേറാൻ എളുപ്പമുണ്ടെന്നു തോന്നുന്നപക്ഷം വേതനവർദ്ധനവിനുവേണ്ടിയോ, മററു സുഖസൗകര്യങ്ങൾക്കുവേണ്ടിയോ, പണിമുടക്കുകയില്ല. എന്നാൽ ഉദാരനോ രാജ്യാഭിമാനിയോ ആയ ഒരാൾ ആവശ്യപ്പെട്ടതിൽ കൂടുതൽ ലബ്ധമായാൽത്തന്നെയും, തൻെറ അയല്ക്കാരൻെറ ദുരിതത്തിൽ ദുഃഖിക്കുകയും അതിൽ ഭാഗ

digitized by www .sreyas.in

ഭാക്കാകാൻ അഭിലഷിക്കുകയും ചെയ്യുമ്പോൾ, പണിമുടക്കം. ഞാൻ വിവരിച്ച മട്ടിലുള്ള യോഗ്യമായ ഒരു പണിമുടക്കിൽ ഭീഷണിപ്പെടുത്തലിന്റെയോ കൊള്ളിവയ്പിന്റെയോ മററു രൂപത്തിലുള്ള അക്രമത്തിനു സ്ഥാനമൊന്നുമില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. അതുകൊണ്ട് ഈ അടുത്തകാലത്തു ചിററഗോംഗിനു സമീപത്തുവച്ച് തീവണ്ടി പാളംതെററി മറിഞ്ഞതു്, പണിമുടക്കുകാരിൽ ആരോ ചെയ്ത ദ്രോഹംമൂലമാണെന്നറിയുന്നതിൽ അത്യന്തം വ്യസനമുണ്ട്. ഞാൻ നിർദ്ദേശിച്ച മാനദണ്ഡങ്ങൾവച്ചു പര്യാലോചിക്കുമ്പോൾ, കോൺഗ്രസ്സിന്റെയോ ഏതെങ്കിലും പൊതുജനങ്ങളുടെയോ സാമ്പത്തികസഹായം അഭ്യർത്ഥിക്കയോ സ്വീകരിക്കയോ ചെയ്യുന്നതിനു പണിമുടക്കുകാരെ അവരുടെ സുഹൃത്തുക്കൾ ഒരിക്കലും ഉപദേശിക്കാൻ പാടില്ലായിരുന്നു എന്നുള്ളതു വ്യക്തമാണ്. പണിമുടക്കുകാർ ധനസഹായം ആവശ്യപ്പെട്ടോ അല്ലാതെയോ സ്വീകരിക്കുന്നതുമൂലം അവരുടെ അനുഭാവത്തിന്റെ മൂല്യം അത്രയ്ക്ക് ഇടിയുകയാണുണ്ടായതു്. ഒരു അനുഭാവപ്പണിമുടക്കിന്റെ മഹിമ സ്ഥിതിചെയ്യുന്നതു്, അനുഭാവികൾ സഹിക്കുന്ന അസൗകര്യത്തിലും നഷ്ടത്തിലുമാണ്.

ഭീഷണികളെയും പ്രലോഭനങ്ങളെയും വിഗണിച്ച് ആണത്തത്തോടെ പിടിച്ചുനിന്ന പണിമുടക്കുകാർക്കുവേണ്ടി (അങ്ങനെയുള്ളവർ 50 ശതമാനത്തിൽ കൂടുതലുണ്ട്), അഥവാ, അവർതന്നെ ഇപ്പോൾ എന്തു ചെയ്യണം എന്നതിനെപ്പററി എന്റെ അഭിപ്രായം ഞാൻ ബംഗാളിലെ പ്രാദേശികകോൺഗ്രസ്സ് കമ്മററിയെ ധരിപ്പിച്ചിട്ടുണ്ട്. ആ അഭിപ്രായത്തിൽത്തന്നെ ഉറച്ചുനില്ക്കുവാൻ ഞാൻ ആഗ്രഹിക്കയും ചെയ്യുന്നു. പണിമുടക്കുകാർ ചാന്ദ്പൂരിലെ അതിക്രമവിധേയരായ കൂലിക്കാരോടുള്ള അനുഭാവത്തിന്റെപേരിൽ മാത്രവും അവരുടെ തൊഴിലാളി സഹോദരന്മാരെ ഭീഷണിപ്പെടുത്താതെയുമാണ് പണിമുടക്കിയതെങ്കിൽ അവർ അപ്രതീക്ഷിതമായ തരത്തിലുള്ള രാജ്യാഭിമാനവും സഹഭാവവും ആണു് പ്രദർശിപ്പിച്ചിട്ടുള്ളതു്. ഗവണ്മെൻറു പരിപൂർണ്ണമായും നിർവ്യാജമായും ക്ഷമാപണം ചെയ്യുകയും, കൂലിക്കാരെ നാട്ടിലേക്കു് അയയ്ക്കുന്നതിനുവേണ്ടി കൊടുത്ത പണം ബന്ധപ്പെട്ട പാർട്ടികൾക്കു മടക്കിക്കൊടുക്കുകയും ചെയ്യുന്നതുവരെ അവർ ഉദ്യോഗത്തിൽ പ്രവേശിക്കയില്ലെന്നു ഞാൻ ആശിക്കുന്നു.

## 75

ഹർത്താലുണ്ടാവുമ്പോൾ, അനുഭാവരഹിതരോ അഥവാ വിദേശികളോ ആയ മുതലാളരിൽനിന്നു് അവധി ലഭിക്കാനാകാത്ത

75. Young India, 1-12-1921

digitized by www .sreyas.in

മിൽത്തൊഴിലാളികളും മററു ജോലിക്കാരും എന്തു ചെയ്യണം? അക്രമരാഹിത്യത്തിന്റെ ഭാഷയിൽ അതിന് ഒരൊററ ഉത്തരമേയുള്ളു. അധികാരികളുടെ സമ്മതംകൂടാതെ അവധിയെടുക്കുന്നതു് ഒരുവക അക്രമപ്രയോഗംതന്നെയാണു്. കാരണം, അങ്ങനെ അവധിയെടുക്കുന്നവൻ തന്റെ സേവനപരമായ കരാറിനെ കുററകരമാംവണ്ണം ലംഘിക്കുകയാണു ചെയ്യുന്നതു്. തൊഴിലുടമയേപ്പററി തൃപ്തിയില്ലെങ്കിൽ, ജോലി രാജിവയ്ക്കാം; അതാണു് ഒരു തൊഴിലാളിക്കു് ആകെക്കൂടി ചെയ്യാവുന്നതു്. എന്നാൽ ഇതും ഒരുസംഘം തൊഴിലാളികൾ പൊടുന്നനെ ചെയ്യാൻപാടില്ല. കാരണം തങ്ങളുടെ രാഷ്ട്രീയാശയങ്ങളെ നടപ്പാക്കാൻവേണ്ടി, ശരിയായ മുന്നറിയിപ്പുകൂടാതെ വിട്ടുപോരുമെന്നു ഭീഷണിപ്പെടുത്തുന്നതു ശരിയല്ല. ചുരുക്കിപ്പറഞ്ഞാൽ മിൽത്തൊഴിലാളികളും അതുപോലെയുള്ള മററു തൊഴിലാളരും ബലാൽക്കാരം പ്രയോഗിച്ചു തങ്ങളുടെ അധികാരികളെക്കൊണ്ടു് അവധി അനുവദിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചുകൂടാ. വിചാരിക്കുന്നതുപോലെ അത്ര എളുപ്പമുള്ളതല്ല അഹിംസാധിഷ്ഠിത കർമ്മപരിപാടി. മദ്യഷാപ്പിലേക്കു പോകുന്നവന്റെ കൈയും കാലും കെട്ടിയിടുന്നതു് അഹിംസയാണെന്നു ചിലർ വർണ്ണിക്കുന്നതു കേട്ടിട്ടുണ്ടു്. മദ്യവിക്രേതാക്കളെ തെറിപറയുന്നതിനെ ഹിംസയുടെ വകുപ്പിൽ ഉൾപ്പെടുത്തുന്ന ചെറുപ്പക്കാരുണ്ടു്. ഇതു വെറും ഭാഷകൊണ്ടുള്ള ഒരു കളി മാത്രമാണു്. ഇതിൽനിന്നും ചില അനർത്ഥങ്ങൾ ബോംബെയിലുണ്ടായി. അക്രമരാഹിത്യംകൊണ്ടു യോഗ്യമായ ഒരു പരീക്ഷണം നടത്തണമെങ്കിൽ, നാം നമ്മോടുതന്നെ സത്യസന്ധരായിരിക്കണം. നമ്മുടെ ചിന്തകളെ തികച്ചും അക്രമരഹിതമാക്കുവാൻ സാധിക്കില്ലെന്നു വന്നാൽത്തന്നെയും നമ്മുടെ വാക്കുകളെയും പ്രവൃത്തികളെയും നിശ്ശേഷം നിർദ്ദോഷമാക്കുവാൻ അസാദ്ധ്യമാണെങ്കിൽ അഥവാ വളരെ പ്രയാസമാണെങ്കിൽ, ആ ഉദ്യമം ഉപേക്ഷിക്കണം. പക്ഷേ, അത്യുൽകൃഷ്ടമായ ഒരു ജീവിതസിദ്ധാന്തത്തെ, നമ്മുടെ കഴിവുകേടുകാരണം, കുററം പറഞ്ഞുകൂടാ. നമുക്കു അപജയമാണു നേരിടുന്നതെങ്കിൽ അതു് അക്രമരാഹിത്യത്തിന്റെ അപജയമല്ല; പിന്നെയോ അക്രമരാഹിത്യത്തോടുള്ള പ്രതികരണത്തിൽ അക്രമിക്കുണ്ടാകുന്ന അപജയമാണു്.

## 76

മുതലാളിയും തൊഴിലാളിയും തമ്മിൽ ശരിയായ ബന്ധം സ്ഥാപിക്കണമെന്നാണു് എന്റെ നിലപാടു്. ഒരു കൂട്ടർക്കു മറേറ കൂട്ടരുടെമേൽ ആധിപത്യമുണ്ടാവണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഇരുകൂട്ടർക്കും തമ്മിൽ സ്വാഭാവികമായ എന്തെങ്കിലും ശത്രുത ഉണ്ടെന്നു് ഞാൻ വിചാരിക്കുന്നതുമില്ല.

---

76. Young India, 8-1-1925 (Sarvodaya, P. 47)

digitized by www .sreyas.in

## 77

ശ്ലാഘനീയമായ ഈ വ്യവസ്ഥകളോട് ഒരു പരീക്ഷണപ്രമാണംകൂടിമാത്രം ഞാൻ കൂട്ടിച്ചേർക്കുന്നു. പരിഹരിക്കപ്പെടേണ്ട സങ്കടങ്ങൾ ഉള്ളവർമാത്രമേ ശാന്തമായ പണിമുടക്കിൽ ഉൾപ്പെടാവൂ. ഉദാഹരണമായി തിംബക്ട്ടുവിലെ തീപ്പെട്ടിവ്യവസായത്തൊഴിലാളികളുടെ കാര്യം എടുക്കുക. തങ്ങളുടെ സ്ഥിതിയെക്കുറിച്ച് അവർക്കു പരാതിയില്ല. അവർ സംതൃപ്തരുമാണ്. എന്നാൽ പട്ടിണിവേതനം പററുന്ന മിൽത്തൊഴിലാളികളോടുള്ള അനുഭാവംകൊണ്ട് അവർ പണിമുടക്കുന്നു എന്നിരിക്കട്ടെ. എങ്കിൽ, ആ പണിമുടക്ക് ഒരുജാതി അക്രമമാണ്. തങ്ങൾ അക്രമികളാണെന്ന കുററാരോപണത്തിനു വിധേയരാകാതെ, മില്ലുടമസ്ഥന്മാരിൽനിന്നും തങ്ങളുടെ പതിവ് ഇടപാടുകൾ പിൻവലിച്ച് എത്രയും ഫലവത്തായ രീതിയിൽ അവർക്കു മിൽത്തൊഴിലാളികളെ സഹായിക്കാവുന്നതാണ്; അവർ അങ്ങനെ സഹായിക്കയുംവേണം. എന്നാൽ സ്വയം സങ്കടക്കാരല്ലാത്തവർ പണിമുടക്കിനു നിർബ്ബദ്ധരായിത്തീരുന്ന സന്ദർഭങ്ങൾ വിഭാവനം ചെയ്യാൻ കഴിയും. മുകളിൽ സങ്കല്പിച്ച ഉദാഹരണംതന്നെയെടുക്കുക. തീപ്പെട്ടിവ്യവസായശാലയുടെ അധികൃതന്മാരോടു തിംബക്ട്ടുവിലെ മില്ലുടമകളും ചേരുന്നു എന്നു വയ്ക്കുക. ആ പക്ഷത്തിൽ, സ്പഷ്ടമായും തീപ്പെട്ടിവ്യവസായശാലയിലെ ജോലിക്കാരുടെ കർത്തവ്യമാണ് മിൽത്തൊഴിലാളികളുമായിച്ചേർന്ന് ഒരേ പ്രശ്നത്തിൻെറപേരിൽ സമരംചെയ്യുക എന്നുള്ളത്. വെറുമൊരു ഉദാഹരണമായിമാത്രമാണിപ്പറഞ്ഞത്. ഓരോ സംരംഭത്തെയും അതാതിൻെറ യോഗ്യതായോഗ്യതയനുസരിച്ചു വിലയിരുത്തണം. അക്രമം ഒരു സൂക്ഷ്മശക്തിയാണ്. എപ്പോഴും അതിൻെറ സാന്നിദ്ധ്യം തിരിച്ചറിയുക എളുപ്പമല്ല. എന്നുവരികിലും നിങ്ങൾക്ക് ആ സാന്നിദ്ധ്യം അനുഭവഗോചരമാണ്.

## 78

മുതലാളിമാരും തൊഴിലാളികളും തമ്മിൽ ഏതെങ്കിലുംതരത്തിൽ ഒരു സംഘട്ടനം ഉണ്ടായേ കഴിയൂ എന്നു ഞാൻ വിചാരിക്കുന്നില്ല. അന്യോന്യം ആശ്രയിച്ചാണ് ഇരുകൂട്ടരും നിലനില്ക്കുന്നത്. മുതലാളി തൊഴിലാളിയുടെമേൽ സ്വേച്ഛാപ്രഭുത്വം നടത്തരുതെന്നുള്ളതാണ് ഇന്ന് അത്യന്താപേക്ഷിതമായിരിക്കുന്നത്. എൻെറ അഭിപ്രായത്തിൽ മില്ലിലെ തൊഴിലാളികൾ ഓഹരിയുടമ

77. Young India, 18-11-1926 (Economic and Industrial Life and Relations, vol. III, P. 150)

78. Young India, 4-8-1927 (Towards Non-violent Socialism P. 61)

digitized by www .sreyas.in

കളെപ്പോലെതന്നെ ആ മില്ലിന്റെ പ്രൊപ്രൈറ്ററന്മാരാണ്. തങ്ങൾക്കുള്ളത്ര തൊഴിലാളികൾക്കും മില്ലിന്റെമേൽ ഉടമസ്ഥതയുണ്ട് എന്ന വസ്തുത മില്ലുടമകൾ മനസ്സിലാക്കുമ്പോൾ ഇരുകൂട്ടരും തമ്മിൽ പിന്നെ കലഹമുണ്ടാവില്ല. എന്നാൽ എവിടെ അവകാശമുണ്ടോ അവിടെ അതോടൊപ്പം കർത്തവ്യവുമുണ്ട്. ഉടമസ്ഥൻ സ്വന്തം വസ്തുക്കൾക്ക് ഒരിക്കലും തകരാറുവരുത്തുകയില്ല. മില്ല് എത്രത്തോളം മില്ലുടമസ്ഥന്റെ വകയാണോ അത്രത്തോളംതന്നെ നിങ്ങളുടേയും വകയാണെന്ന് മനസ്സിലാക്കുമ്പോൾ നിങ്ങൾ അതിന്ന് ഒരു കേടും വരുത്തുകയില്ല. കോപാവേശംപൂണ്ട് മില്ലുടമകളുമായി വഴക്കടിച്ച്, അതിന്നൊപ്പിച്ച് നിങ്ങൾ തുണിയോ യന്ത്രങ്ങളോ നശിപ്പിക്കില്ല. സമരം ചെയ്യണമെങ്കിൽ, ധർമ്മത്തിന്റെ മാർഗ്ഗത്തിലൂടെ സമരംചെയ്യുക. ഈശ്വരൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും. ഞാൻ ആവർത്തിച്ച് പറയുന്നു, ആത്മശുദ്ധീകരണവും പീഡാനുഭവവും അല്ലാതെ നിങ്ങളുടെ അവകാശങ്ങൾ നേടുവാൻ വേറെ രാജപാതയില്ല.

## 79

നിങ്ങൾ എന്തുചെയ്യണമെന്നുള്ള എന്റെ അഭിപ്രായം ഞാൻ ചുരുക്കിപ്പറയാം. നിങ്ങൾ യൂണിയനുകളായി സ്വയം സംഘടിക്കണമെന്നുള്ളതാണു തീർച്ചയായും ഒന്നാമത്തെ കാര്യം. എന്നാൽ എന്റെ അനുഭവത്തിൽനിന്ന് ഒരു സംഗതി എനിക്കു പറയാൻ കഴിയും: ഇപ്പോൾ ഞാൻ നിങ്ങളോടു പ്രസ്താവിക്കാൻ പോകുന്ന മററു വ്യവസ്ഥകളെ നിങ്ങൾ ആദരിച്ചു പ്രവർത്തിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ യൂണിയനുകൾതന്നെ നിങ്ങളുടെ പാരതന്ത്ര്യത്തിനുള്ള കാരണങ്ങളിലൊന്നായിത്തീരാം.

മററു കൂട്ടുവേലക്കാരുടെ ക്ഷേമത്തിന്റെ ഒരു ട്രസ്റ്റിയാണ് താനെന്നു നിങ്ങളിൽ ഓരോരുത്തനും വിചാരിക്കണം. സ്വാർത്ഥതാല്പര്യം പാടില്ല. എത്രതന്നെ ഗൗരവാവഹവും പ്രകോപനഹേതുകവുമായ സാഹചര്യത്തിലും നിങ്ങൾ അക്രമരഹിതരായി വർത്തിക്കണം. നിങ്ങൾ മനുഷ്യത്വവും അഭിമാനബോധവും ഉള്ളവരാണെങ്കിൽ മദ്യപാനശീലം പാടേ ഉപേക്ഷിക്കണം—ആ നശിച്ച ശീലത്തിനു നിങ്ങൾ അടിമകളാണെങ്കിൽ. മദ്യപാനി മൃഗത്തേക്കാൾ അധഃപതിക്കുന്നു; അമ്മ, പെങ്ങൾ, ഭാര്യ എന്നിവർ തമ്മിലുള്ള ഭേദം മറക്കുന്നു. നിങ്ങളുടെ സുഹൃത്താണു ഞാൻ എന്നു നിങ്ങൾ യഥാർത്ഥമായി വിശ്വസിക്കുന്നുണ്ടെങ്കിൽ, ഈ വൃദ്ധസുഹൃത്തിന്റെ ഉപദേ

---

79. 1927 നവംബർ 16-ാം തീയതി കൊളമ്പിലെ ലേബർ യൂണിയന്റെ ആഭിമുഖ്യത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽനിന്ന്. (Economic and Industrial Life and Relations, vol. III, pp. 93—94)

digitized by www .sreyas.in

ശം നിങ്ങൾ കൈക്കൊള്ളുക. നിങ്ങളുടെ മുമ്പിൽ ചീററിക്കൊണ്ടു നില്ക്കുന്ന ഒരു പാമ്പിൽനിന്നെന്നപോലെ മദ്യപാനത്തിൽനിന്നു് ഒഴിഞ്ഞുമാറുക. പാമ്പിനു നിങ്ങളുടെ ശരീരത്തെ നശിപ്പിക്കാനേ കഴിയൂ. എന്നാൽ മദ്യപാനശാപമാകട്ടെ. നിങ്ങളുടെ അന്തരാത്മാവിനെത്തന്നെ ദുഷിപ്പിക്കുന്നു. പാമ്പിനെക്കാൾ കൂടുതൽ ഭയപ്പെടുകയും പരിവജ്ജിക്കയും ചെയ്യേണ്ട ഒന്നാണു മദ്യം. നിങ്ങൾ ചൂതാട്ടമെന്ന ദുശ്ശീലത്തിനു് അടിമകളാണെങ്കിൽ, അതും നിങ്ങൾ പരിവർജ്ജിക്കണം.

മനുഷ്യൻ ആദിമകാലംമുതല്ക്കേ വൈവാഹികജീവിതത്തിൻെറ പരിപാവനത അംഗീകരിച്ചു്, തൻെറമേൽ അധികമധികം സ്വയം ചുമത്തിയ ആത്മനിയന്ത്രണംവഴി സ്ത്രീകളുമായുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം സ്വജീവിതത്തെ വ്യവസ്ഥപ്പെടുത്തി എന്നുള്ളതാണു് അവനെ മൃഗത്തിൽനിന്നു പ്രകടമായി വ്യാവർത്തിപ്പിക്കുന്ന സംഗതികളിലൊന്നു്. പ്രാഥമികസഭ്യതയുടെ നിയമങ്ങളെ പാലിക്കാൻപോന്ന പ്രത്യേക പാർപ്പിടങ്ങൾ നിങ്ങൾക്കുണ്ടായിരിക്കണം. നിങ്ങളുടെ വരുമാനം അതിനു് അനുവദിക്കുന്നില്ലെങ്കിൽ, അത്ര തുച്ഛമായ വേതനം വാങ്ങി, അത്ര മോശപ്പെട്ട സ്ഥിതിയിൽ ജീവിച്ചുകൊണ്ടു സേവനം നടത്തുവാൻ നിങ്ങൾ തയാറാവരുതു്. സന്മാർഗ്ഗത്തിൻെറ പ്രാഥമികനിയമങ്ങളനുസരിച്ചു ജീവിക്കുവാൻ നിങ്ങളെ അപ്രാപ്തരാക്കുന്ന അപര്യാപ്തവേതനവും പററിക്കൊണ്ടു പണിയെടുക്കുന്നതിനേക്കാൾ, അറുംപട്ടിണിയെത്തന്നെ നിങ്ങൾ സ്വാഗതംചെയ്യുമെങ്കിൽ നിങ്ങളെ ധീരന്മാരെന്നു ഞാൻ ബഹുമാനിക്കും.

പുറമേനിന്നുള്ള ആക്രമണങ്ങളെ ചെറുക്കുവാനെന്നപോലെതന്നെ ആന്തരികമായ സംശോധനം നടത്തുവാനും നിങ്ങളുടെ യൂണിയനുകളെ ഉപയുക്തമാക്കുക. അവകാശങ്ങൾക്കും പ്രത്യേകാധികാരങ്ങൾക്കും വേണ്ടി വാദിക്കുന്നതു തികച്ചും യുക്തംതന്നെ. എന്നാൽ ഓരോ അവകാശത്തോടും ബന്ധിച്ചുകിടക്കുന്ന ബാദ്ധ്യതകളെയും നിങ്ങൾ അംഗീകരിക്കേണ്ടതു് അത്യാവശ്യമാണെന്നു് ഓർമ്മിക്കണം. പര്യാപ്തമായ വേതനത്തിനുവേണ്ടി മുതലാളിമാരിൽനിന്നു് മനുഷ്യോചിതമായ പെരുമാററം ഉണ്ടാവാൻവേണ്ടി, ആരോഗ്യകരമായ താമസസൗകര്യങ്ങൾക്കുവേണ്ടി, നിങ്ങൾ നിർബ്ബന്ധപൂർവ്വം വാദിക്കുമ്പോൾ, നിങ്ങളുടെ മുതലാളിമാരുടെ വ്യാപാരം നിങ്ങളുടെതന്നെ വ്യാപാരമാണെന്നു കരുതുകയും അതിനുവേണ്ടി ആത്മാർത്ഥവും അവികലവുമായ ശ്രദ്ധയോടെ പ്രവർത്തിക്കുകയും വേണം.

digitized by www .sreyas.in

80

പാശ്ചാത്യദേശത്തു് ഇന്ന മുതലാളിയും തൊഴിലാളിയും തമ്മിൽ ഒരിക്കലും ചേരാത്ത ഭിന്നതയുണ്ടു്. രാജ്യത്തു് ഉടനീളം അയിത്തം നടമാടുമ്പോൾ, ആദർശങ്ങൾ സംസാരിക്കുന്നതു് അസംബന്ധമാണെന്നു് എനിക്കു് അറിയായ്കയില്ല. എന്നാൽ ഉത്തമാദർശമെന്ന ഞാൻ കരുതുന്നതിനെ നിങ്ങളുടെ മുമ്പിൽ ആവിഷ്കരിക്കുന്നില്ലെങ്കിൽ ഞാൻ എന്നോടുതന്നെ അനീതി പ്രവർത്തിക്കുകയും എനിക്കു നിങ്ങളോടുള്ള കർത്തവ്യം നിർവ്വഹിക്കാതിരിക്കയും ആയിരിക്കും ചെയ്യുക. മില്ലുടമകളും മിൽത്തൊഴിലാളികളും തമ്മിലുള്ള ബന്ധം പിതൃപുത്രബന്ധംപോലെയോ ഏകോദരസഹോദരബന്ധംപോലെയോ ഉള്ള ഒന്നായിരിക്കണം. തങ്ങൾ 'യജമാനന്മാരാ'ണെന്നും തങ്ങളുടെ കീഴിലുള്ള പണിക്കാർ കേവലം 'ദാസ'ന്മാരാണെന്നും അഹമ്മദാബാദിലെ മില്ലുടമകൾ പലപ്പോഴും പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്. അത്തരം അഴിഞ്ഞ സംസാരങ്ങൾ, അഹമ്മദാബാദുപോലെ അഹിംസാപ്രേമത്തിൽ അഭിമാനംകൊള്ളുന്ന ഒരു ദേശത്തു തികച്ചും അനുചിതമാണു്. നമ്മുടെ സർവ്വശക്തിയും, ധനവും, ബുദ്ധിയും, അവരുടെ അജ്ഞതകൊണ്ടും നമ്മുടെ തെററായ ധാരണകൊണ്ടും, തൊഴിലാളികൾ അഥവാ 'ദാസന്മാർ' എന്നു വിളിക്കപ്പെടുന്ന ആളുകളുടെ ക്ഷേമൈശ്വര്യങ്ങൾക്കായി മാത്രം വിനിയോഗിക്കണമെന്നാണു് നമ്മുടെ ആദർശം അനുശാസിക്കുന്നതു്. അതുകൊണ്ടു് നിങ്ങളുടെ സകല ധനവും, നിങ്ങൾക്കായി അദ്ധ്വാനിക്കുന്നവരുടെ ഗുണത്തിനുവേണ്ടി മാത്രം വിനിയോഗിക്കത്തക്കവണ്ണം ഒരു ട്രസ്റ്റെന്നനിലയിൽ നിങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കണം. ഇതാണു് ഞാൻ നിങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നതു്. നിങ്ങളുടെ സ്ഥാനവലുപ്പവും ഐശ്വര്യവും അവരുടെ അദ്ധ്വാനത്തെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു്. തൊഴിലാളികളെ നിങ്ങളുടെ സ്വത്തിന്റെ കൂട്ടവകാശികളാക്കണം. ഇതെല്ലാം ചെയ്യുന്നതിനു നിയമപരമായി നിങ്ങൾ ബാദ്ധ്യസ്ഥരാവുന്നില്ലെങ്കിൽ, ഒരു തൊഴിലാളികലാപം ഉണ്ടായേ മതിയാകൂ എന്നല്ല സൂചന. ഈ സന്ദർഭത്തിൽ എനിക്കു ചിന്തിക്കാവുന്ന അനുശാസനശക്തി, നിയമത്തിന്റേതല്ല, പിതാവും പുത്രനും തമ്മിലെന്നപോലെയുള്ള പരസ്പരസ്നേഹത്തിന്റേയും ബഹുമാനത്തിന്റേയുമാണു്, അന്യോന്യം സ്നേഹജന്യമായ കടപ്പാടിനെ ആദരിക്കുന്നതിൽ നിങ്ങൾ നിഷ്ഠവച്ചാൽമതി, തൊഴിൽത്തർക്കങ്ങളെല്ലാം അവസാനിക്കും. യൂണിയനുകളായി സ്വയം സംഘടിക്കേണ്ടതിന്റെ ആവശ്യകത തൊഴിലാളികൾക്കും പിന്നെ ഒരിക്കലും ഉണ്ടാവുകയില്ല. ഞാൻ വിഭാവനംചെയ്യുന്ന

80. Young India, 10-5-1928 (Towards Non-violent Socialism, pp. 61—62)

ആദർശത്തിലെത്തിച്ചേർന്നാൽ പിന്നെ നമ്മുടെ അനസൂയാബഹന്മാക്കും, ശങ്കർലാൽമാക്കും ചെയ്യേണ്ടതായി യാതൊന്നും അവശേഷിക്കുകയില്ല. അവരുടെ സേവനത്തിന്റെ ആവശ്യകതയും തീരും. പക്ഷേ, താൻ പണിയെടുക്കുന്ന മില്ല് തന്റേതാണെന്ന കരുതാത്ത, താൻ ആവശ്യത്തിലധികം വിയത്തു പണിയെടുക്കുന്നുവെന്നു പരാതിപറയുന്ന, തന്റെ മുതലാളിയുടെ നേരെ പക മാത്രം നെഞ്ചിൽ വച്ചുപുലർത്തുന്ന ഒരൊററ മിൽത്തൊഴിലാളിയുള്ള കാലത്തോളം ഇതു നടക്കാൻ പോകുന്നില്ല.

അനുഭവമണ്ഡലം ക്രമേണ വിപുലീഭവിക്കുന്നതോടുകൂടി, നമുക്കു കൂടുതൽ വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. നമ്മുടെ ജോലിക്കാക്കു നാം കൂടുതൽ കൊടുക്കുന്തോറും നമ്മുടെ ആദായവും കൂടുതലാകാനാണിട. നിങ്ങളുടെ വേലക്കാർ, തങ്ങൾക്കു മില്ലിന്മേലുള്ള ഉടമസ്ഥാവകാശം നിങ്ങൾക്കുള്ളതിനേക്കാൾ ഒട്ടും താഴ്ന്നപടിയിലുള്ളതല്ല എന്നു മനസ്സിലാക്കുന്ന നിമിഷത്തിൽത്തന്നെ അവക്ക് സ്വന്തം സഹോദരന്മാരോടു തോന്നുന്ന ഒരു മനോഭാവം നിങ്ങളോടു തോന്നിത്തുടങ്ങും; പൊതുതാല്പര്യത്തിനു വിരുദ്ധമായി പ്രവർത്തിക്കുക എന്നൊരു പ്രശ്നമേ ഉണ്ടാവുകയില്ല. മേൽനോട്ടം വഹിക്കാൻ അവക്കു മീതേ ഒരു ഉദ്യോഗസ്ഥമണ്ഡലത്തെ സ്ഥാപിക്കേണ്ടതായും വരികില്ല.

നിങ്ങളുടെ ഈ യത്നങ്ങളുടെ മേന്മയെ ചെറുതാക്കി കാണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഒന്നു ചോദിച്ചുകൊള്ളട്ടെ, ഏതെങ്കിലുമൊരു ധനികൻ തന്റെ കുട്ടികളെ ഇതുപോലൊരു ശിശുപരിപാലനവിദ്യാലയത്തിൽ അയയ്ക്കുവാൻ താല്പര്യപ്പെടുമോ? ഒരു മിൽത്തൊഴിലാളിയുടെ ശിശുവിനെ അതിന്റെ അമ്മയുടെ സമീപത്തുനിന്നും നീക്കംചെയ്യുവാൻ സന്ദർഭം ഉണ്ടാവാത്ത ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുവാനായിരിക്കണം നമ്മുടെ ശ്രമം. നമ്മുടെ കുട്ടികൾക്കു ലഭിക്കുന്ന തരത്തിലുള്ള സൗകര്യങ്ങൾതന്നെ ഇവിടെ ഒരു ഫാക്ടറിത്തൊഴിലാളിയുടെ കുട്ടിക്കും കിട്ടണം.

## 81

വിവാദവിഷയം സംബന്ധിച്ച വസ്തുതകളുടെ ശ്രദ്ധാപൂർവ്വമായ പഠനത്തെ തെളിയിക്കുന്ന ഒരു സജീകരണമാണ് മദ്ധ്യസ്ഥന്റെ വിധിയിൽ കാണുന്നതു്. യോഗ്യമായ ഒരു ജീവിതനിലവാരം പുലത്തുവാൻ മതിയാവുന്ന വേതനം തനിക്കു കിട്ടാതെവരുമ്പോൾ, മതിയാവുന്ന ശമ്പളം കിട്ടണമെന്ന് ഒരു തൊഴി

---

81. Young India, 12-12-1929(Economic and Industrial Life and Relations, vol. III, pp. 62—63)

digitized by www .sreyas.in

ലാളിക്ക് തന്റെ മുതലാളിയോട് ആവശ്യപ്പെടാം എന്ന സിദ്ധാന്തത്തിന്റെ ധീരമായ പ്രഖ്യാപനംകൂടിയാണത്. ശരിക്കു ജീവിക്കുവാൻതക്ക വേതനത്തിനു തൊഴിലാളികൾ അവകാശികളാണെന്ന് കഴിഞ്ഞ ഏതാനും വർഷങ്ങളായി തൊഴിലാളിവർഗ്ഗം ഉന്നയിക്കുകയും മുതലാളിമാർ നിരാകരിക്കുകയും ചെയ്തുപോരുന്ന വാദത്തെ ഇന്നു മദ്ധ്യസ്ഥൻ പൂർണ്ണമായി അംഗീകരിച്ചിരിക്കുന്നു. അതങ്ങനെയേ വരാൻ ന്യായമുള്ളു. ഒരു കാര്യംകൂടി ശ്രദ്ധേയമാണ്. വേതനം ഏററവും കുറഞ്ഞ ആളും ഏററവും കൂടിയ ആളും ഉൾപ്പെടെയുള്ള ഒരു തൊഴിലാളികുടുംബത്തിന്റെ പ്രതിമാസ ശരാശരി വരവ് 50 രൂപയിൽ കവിയുകയില്ല എന്ന വസ്തുതയും മദ്ധ്യസ്ഥൻ കണ്ടെത്തിയിരിക്കുന്നു. 1929—ൽ മില്ലുടമസ്ഥന്മാർ വേലക്കാരുടെ വേതനത്തിൽനിന്നും വെട്ടിക്കുറച്ച 15 ശതമാനം മുഴുവനും തിരികെ കിട്ടണമെന്നു തൊഴിലാളികൾ ഉന്നയിച്ച അവകാശവാദമാണ് മദ്ധ്യസ്ഥതീരുമാനത്തിനു വിട്ടത്. തൊഴിലാളി ജീവിക്കാൻ മതിയായ കൂലിക്ക് അവകാശപ്പെട്ടവനാണെന്നും, അഹമ്മദാബാദിലെ നെയ്ത്തുതൊഴിലാളിക്ക് ആ വിധത്തിലുള്ള കൂലി കിട്ടുന്നില്ല എന്നും ഉള്ള വാദം ശരിയാണെന്ന് അഭിജ്ഞനായ മദ്ധ്യസ്ഥൻ സമ്മതിക്കുന്ന സ്ഥിതിക്ക്, വെട്ടിക്കുറച്ച വേതനം എന്തുകൊണ്ടു തിരിച്ചുകൊടുക്കുന്നില്ല എന്ന് മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നു. വെട്ടിക്കുറച്ച വേതനം മുഴുവനും തിരിച്ചുകൊടുത്താൽത്തന്നെയും ശരാശരി പ്രതിമാസവേതനം 50 രൂപയായി ഉയരുന്നില്ല എന്ന വായനക്കാർ ഗ്രഹിക്കണം. തത്ത്വത്തെ ആധാരമാക്കിച്ചെയ്ത നിഗമനത്തിനും വേതനത്തെ സംബന്ധിച്ചിടത്തോളം അതിന്റെ സാക്ഷാൽ നിർവ്വഹണത്തിനും തമ്മിലുണ്ടായ ഈ പൊരുത്തക്കേടിന് ഒരു വ്യാഖ്യാനമേ ഞാൻ കാണുന്നുള്ളു. സ്വന്തം നിഗമനത്തെത്തന്നെ മദ്ധ്യസ്ഥൻ ഭയപ്പെട്ടു. അഥവാ 1923—ൽ മില്ലുടമകൾ വേതനം വെട്ടിക്കുറച്ചതിനെ വ്യംഗ്യരൂപേണപോലും അപലപിക്കുവാൻ അദ്ദേഹം ശങ്കിച്ചു. അന്നു വേതനം വെട്ടിക്കുറച്ചതോ ഒരു മദ്ധ്യസ്ഥതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നില്ല. പിന്നെയോ തൊഴിലാളികളെ അടിച്ചമർത്താൻവേണ്ടിയുള്ള ഒരു സ്വേച്ഛാധികാരപ്രയോഗമായിരുന്നു അതു്. മിൽവ്യവസായം യുദ്ധകാലത്തേപ്പോലെ അഭിവൃദ്ധിയിലായിരുന്നില്ല എന്നുള്ളതു തികച്ചും ശരിതന്നെ, എങ്കിലും അന്നു ലാഭത്തിൽ കുറവുണ്ടായിരുന്നെന്നല്ലാതെ, നഷ്ടത്തിന്റെ കാലമായിരുന്നില്ല അതു്. വെട്ടിക്കുറയ്ക്കലിന്റെ പ്രശ്നം എപ്പോഴെങ്കിലും ഉണ്ടാകുമെങ്കിൽ അതുണ്ടാകാവുന്നതു് തൊഴിലാളികൾക്ക് ജീവിതച്ചെലവു കഴിഞ്ഞു് കുറച്ചു മിച്ചം വരത്തക്കവിധം വേതനം മെച്ചമായിരിക്കുമ്പോഴും, വ്യവസായത്തിനു യഥാർത്ഥമായ ഒരു സാമ്പത്തികത്തകർച്ചയെ അഭിമുഖീകരിക്കേണ്ടിവരുമ്പോഴും മാത്രമാണ്. എന്നാൽ മദ്ധ്യസ്ഥതാ

digitized by www .sreyas.in

ത്തത്വത്തോട്ട പ്രതിജ്ഞാബദ്ധരാണ് തൊഴിലാളികൾ. അതു കൊണ്ട് അവർ മദ്ധ്യസ്ഥന്റെ തീരുമാനത്തിനു സന്തോഷപൂർവ്വം കീഴ്വഴങ്ങണം—വെട്ടിക്കുറച്ച വേതനം മുഴുവനും തിരിച്ചുകിട്ടുക യില്ലെന്നുവന്നാൽത്തന്നെയും ദിവാൻബഹദൂർ അനുവദിച്ചിട്ടുള്ളതെ ന്തോ അതു കൃതജ്ഞതാപൂർവ്വം അവർ സ്വീകരിക്കണം. ബാക്കി ക്കുവേണ്ടി സ്ഥിരോത്സാഹത്തോടുകൂടി സമാധാനപരമായി പ്രയ ത്നിക്കാം. തൊഴിലാളികൾക്കു ജീവിക്കാൻവേണ്ട വേതനം വാസ്ത വത്തിൽ ലബ്ധമാകുന്നതുവരെയും, നല്ല പാർപ്പിടങ്ങളും മററു സാ ധാരണ സുഖസൗകര്യങ്ങളും ഉണ്ടാകുന്നതുവരെയും, അവരും മുതലാ ളിമാരും അശ്രാന്തപരിശ്രമം ചെയ്യേണ്ടതാണെന്ന കാര്യത്തിൽ സന്ദേഹമില്ല. എന്നാൽ പണിമുടക്കുകൾ ആവശ്യമില്ലാതായി ത്തീരുകയും ഇരുകൂട്ടരും മദ്ധ്യസ്ഥതാതത്ത്വത്തെ ദൃഢമായി ആ ശ്രയിക്കയും ചെയ്താൽ അതൊരു മഹത്തായ നേട്ടമായിരിക്കും.

## 82

മൂലധനമാണ് സർവ്വപ്രധാനമെന്ന് നാം വിശ്വസിച്ചുവശാ യിരിക്കുന്നു. എന്നാൽ അല്പനിമിഷം ചിന്തിച്ചാൽ മനസ്സിലാ വും, മുതലാളിമാർക്ക് ഒരുകാലത്തും സ്വായത്തമാക്കാനാവാത്ത മൂലധനം പ്രയത്നത്തിനു സ്വാധീനമായിട്ടുണ്ട് എന്നു്. പ്രയത്ന ത്തിന് അപ്രതിമമായ സൗകര്യങ്ങൾ ഉണ്ട് എന്നു് റസ്കിൻ തന്റെ കാലത്തു പഠിപ്പിച്ചിരുന്നു. നമുക്കു സുഗ്രഹമല്ലാത്ത രീ തിയിലാണ് അദ്ദേഹം പറഞ്ഞതു്. ആധുനികകാലത്തു് ഈ വിഷയത്തിൽ പ്രായോഗികപരീക്ഷണം നടത്തുന്ന ഒരു ആംഗലേ യൻ ഉണ്ട്—സർ ഡാനിയൽ ഹാമിൽട്ടൺ. അദ്ദേഹം ഒരു ധന തത്ത്വശാസ്ത്രജ്ഞനാണ്, മുതലാളിയുമാണ്. എന്നാൽ അദ്ദേഹം ധനശാസ്ത്രപരമായ ഗവേഷണപരീക്ഷണങ്ങളിലൂടെ, റസ്കിന്റെ സഹജജ്ഞാനോദിതമായ നിഗമനത്തിൽത്തന്നെ ചെന്നെത്തിയി രിക്കുന്നു. തൊഴിലിന്റെ മണ്ഡലത്തിലേയ്ക്കു് അതിപ്രധാനമായ ഒരു സന്ദേശവും അദ്ദേഹം ആനയിച്ചിരിക്കുന്നു. മൂലധനമെന്നാൽ ഒരു കഷണം ലോഹമാണെന്നു വിചാരിക്കുന്നതു് പിശകാണ്. ഉൽപന്നമാണ് മൂലധനമെന്നു വിചാരിക്കുന്നതും അബദ്ധം. എ ന്നാൽ സാക്ഷാൽ പ്രഭവസ്ഥാനത്തോളം നമ്മുടെ ചിന്ത കടന്നുചെ ന്നാൽ, പ്രയത്നമാണ് മൂലധനം എന്നും, ആ മൂലധനം ഒടുങ്ങാത്ത താണെന്നും മനസ്സിലാക്കാമെന്നുകൂടി അദ്ദേഹം പറയുന്നു.

മൂലധനം ശക്തിയാണെങ്കിൽ, പ്രയത്നവും ശക്തിതന്നെ. രണ്ടും വിനാശകരമായിട്ടോ സർഗ്ഗപരമായിട്ടോ പ്രയോഗിക്കാം. ഒന്നു മറേറതിനെ ആശ്രയിച്ചു നില്ക്കുന്നു. ഒരു തൊഴിലാളി തന്റെ

82. Young India, 26-3-1931 (Sarvodaya, P. 47)

digitized by www .sreyas.in

ശക്തി മനസ്സിലാക്കുന്ന ക്ഷണത്തിൽത്തന്നെ, മുതലാളിയുടെ അടിമയായിരിക്കുന്നതിനുപകരം, കൂട്ടോഹരിക്കാരനായിത്തീരുന്ന ഒരു നിലയിൽ എത്തും. ഏക ഉടമയായിത്തീരാനാണു് ഉദ്ദേശിക്കുന്നതെങ്കിൽ, അയാൾ പൊൻമുട്ടയിടുന്ന പിടക്കോഴിയെ കൊല്ലുകയായിരിക്കും ചെയ്യുന്നതു്.

## 83

ഇംഗ്ലീഷിൽ വളരെ ശക്തിയുക്തമായ ഒരു വാക്കുണ്ടു്, ഫ്രഞ്ചിലുമുണ്ടു്, ലോകത്തിലെ എല്ലാ ഭാഷകളിലുമുണ്ടു്. 'ഇല്ല' (നോ) എന്നാണു് ആ വാക്കു്. ഞങ്ങൾ യദൃച്ഛയാ കണ്ടെത്തിയ ഒരു രഹസ്യമുണ്ടു്. അതിതാണു്: തൊഴിലാളി 'ഉവ്വ്' (യസ്) എന്നു പറയണമെന്നു മുതലാളി ആഗ്രഹിക്കുമ്പോൾ, ഇല്ല എന്നു പറയാനാണു് തൊഴിലാളികൾക്കു് ഉദ്ദേശമുള്ളതെങ്കിൽ അയാൾ 'ഇല്ല' എന്നുതന്നെ അലറണം. തൊഴിലാളി തനിക്കു് 'ഉവ്വ്' എന്നു പറയാനും, 'ഇല്ല' എന്നു പറയേണ്ടപ്പോൾ 'ഇല്ല' എന്നു പറയാനും സ്വാതന്ത്ര്യമുണ്ടെന്നു് എപ്പോൾ കാണുന്നുവോ അപ്പോൾ അയാൾ മുതലാളിയുടെ പിടിയിൽനിന്നു സ്വതന്ത്രനാകുന്നു. അയാളെ പിന്നെ മുതലാളിക്കു് അനുനയിച്ചു വശീകരിക്കേണ്ടിയിരിക്കും. മുതലാളിക്കു തോക്കും വിഷവാതകവും സ്വാധീനത്തിലുണ്ടെങ്കിലും അശേഷം സാരമില്ല, തൊഴിലാളി തന്റെ 'ഇല്ല' യഥോചിതം ഊന്നിപ്പറഞ്ഞു് അന്തസ്സു പാലിക്കുമെങ്കിൽ, മുതലാളി തികച്ചും നിസ്സഹായനായിരിക്കും. തൊഴിലാളിക്കു പ്രതികാരം ചെയ്യേണ്ട ആവശ്യകതയില്ല, എന്നാൽ തന്റെ നേരേ പ്രയോഗിക്കുന്ന വെടിയുണ്ടയും വിഷവാതകവും തൃണവൽഗണിച്ചുകൊണ്ടു് അയാൾ അപ്പോഴും 'ഇല്ല' എന്നു ദൃഢസ്വരത്തിൽ പറഞ്ഞു് ഉറച്ചുനില്ക്കും.

തൊഴിലാളി പലപ്പോഴും പരാജയപ്പെടുന്നതിന്റെ കാരണം മറ്റൊന്നുമല്ല. മുതലാളിത്തത്തെ ഞാൻ നിർദ്ദേശിച്ചപ്രകാരം നിർവ്വീര്യമാക്കുന്നതിനുപകരം തൊഴിലാളി (ഒരു തൊഴിലാളി എന്ന നിലയിലാണു് ഞാൻതന്നെ സംസാരിക്കുന്നതു്) ആ മുതലാളിത്തം പിടിച്ചുപറ്റാനും കുറേക്കൂടി ദുഷിച്ച അർത്ഥത്തിൽ മുതലാളിയാകാനും ആഗ്രഹിക്കുന്നു. തന്നിമിത്തം വേണ്ടുവോളം സുരക്ഷിതനും സംഘടിതനുമായ മുതലാളി അതേ ഉദ്യോഗത്തിനു തൊഴിലാളികളുടെ ഇടയിൽനിന്നുതന്നെ സ്ഥാനാർത്ഥികളെ കണ്ടുപിടിച്ചു് അവരിൽ ഒരു വിഭാഗത്തെക്കൊണ്ടു് തൊഴിലാളികളെ അമർച്ചചെയ്യുന്നു. നാം വാസ്തവത്തിൽ മന്ത്രമുഗ്ദ്ധരല്ലെങ്കിൽ നമ്മിൽ

83. India's Case for Swaraj, (Feb. 1932) P. 394. (Selections from Gandhi, pp. 88—89)

digitized by www .sreyas.in

ഓരോരുത്തരും—സ്ത്രീകളും പുരുഷന്മാരും—ഈ അടിയുറച്ച സത്യം നിഷ്പ്രയാസം മനസ്സിലാക്കും. ജീവിതത്തിന്റെ വിവിധ തുറകളിൽ നടത്തിയ അനേകം പരീക്ഷണങ്ങളിലൂടെ ഞാനിതു തെളിയിച്ചിട്ടുണ്ട്. അതിനാൽ ഞാൻ നിങ്ങളോട് ആധികാരികമായിട്ടാണ് സംസാരിക്കുന്നതു് (ഞാൻ ഈവിധം പറയുന്നതു് നിങ്ങൾ ക്ഷമിക്കുക). ഈ പദ്ധതി ഏതോ മനുഷ്യാതീതമായ കാര്യമായിട്ടല്ല, പിന്നെയോ എല്ലാ തൊഴിലാളിയുടെയും —സ്ത്രീയുടെയും പുരുഷന്റെയും—പിടിയിൽപ്പെടുന്ന ഒരു കാര്യമായിട്ടാണ്, ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നതു്.

ഈ അക്രമരഹിതപദ്ധതിയിൽ തൊഴിലാളിക്കു ചെയ്യാനുള്ളതു്, സ്വിസ്സ് പടയാളി തീയുണ്ടകൾക്കു മുമ്പിൽ ചെയ്യുന്നതെന്തോ അഥവാ അടിമുടി ആയുധം ധരിച്ച സാധാരണപടയാളിയുടെ കരണീയമെന്തോ അതുതന്നെയാണ്. പടയാളി തന്റെ പ്രതിയോഗിക്കു മരണവും വിനാശവും വരുത്താൻ മുതിരുമ്പോൾ, അയാൾ സ്വന്തം ജീവിതത്തെയും നിർഭയം അപകടപ്പെടുത്തുന്നു. തൊഴിലാളി പടയാളിയിലുള്ള ആധീരതയെ—മൃഗീയതയെ അതായതു് സംഹാരശക്തിയെയല്ല—അനുകരിച്ചുകാണണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. മരണത്തെ സ്വാഗതം ചെയ്യുകയും ആത്മരക്ഷയ്ക്കുപോലും ആയുധം ധരിക്കാതെ മരിക്കാൻ ധൈര്യപ്പെടുകയും ചെയ്യുന്ന തൊഴിലാളി ആപാദചൂഡം ആയുധസജ്ജീകൃതനായ യോദ്ധാവിന്റേതിനെക്കാൾ വളരെ ഉയർന്നതരത്തിലുള്ള ധീരതയാണ് ആവിഷ്കരിക്കുന്നതെന്നുംകൂടി ഞാൻ നിങ്ങളോടു പറയുന്നു.

## 84

എന്നാൽ യജമാനനും ഭൃത്യനും തമ്മിലുള്ള ശരിയായ ബന്ധം എന്തെന്നു കണ്ടുപിടിക്കേണ്ടതു് ആവശ്യമാണ്. നിങ്ങളുടെ കർത്തവ്യങ്ങൾ എന്താണ്? നിങ്ങളുടെ അവകാശങ്ങൾ എന്താണ്? നിങ്ങളുടെ വേലയ്ക്കു കൂടുതൽ കൂലി കിട്ടണം, അതാണ് നിങ്ങളുടെ അവകാശമെന്നു മനസ്സിലാക്കാൻ വിഷമമില്ല. അതുപോലെതന്നെ മനസ്സിലാക്കാൻ വിഷമമില്ലാത്ത കാര്യമാണ്, കിട്ടുന്ന വേതനത്തിനു കഴിയുന്നത്ര ജോലി ചെയ്യുകയാണ് നിങ്ങളുടെ കർത്തവ്യമെന്നുള്ളതു്. മുതലാളി തൊഴിലാളിയോടുള്ള കടമകൾ നിറ്വ്വഹിക്കുന്നതിനെക്കാൾ സഫലമായും നിർവ്യാജമായും തൊഴിലാളി തന്റെ കടമകൾ നിറ്വ്വഹിക്കുന്നുണ്ടെന്നാണ് എന്റെ സാർവ്വത്രികമായ അനുഭവം. അതുകൊണ്ട് മേലധികാരികളുടെ മേൽ എത്രത്തോളം തങ്ങളുടെ ഇച്ഛാശക്തി ചെലുത്താം എന്നു

84. Speeches and Writings of Mahatma Gandhi, (Economic and Industrial Life and Relations, vol. III, pp. 60—61)

digitized by www .sreyas.in

തൊഴിലാളികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. നമുക്ക് മതിയായ വേതനവും ശരിയായ വാസസൗകര്യങ്ങളും ലഭിക്കുന്നില്ല എന്നു കണ്ടാൽ അവ ലഭിക്കുന്നതിനു് എന്തു മാർഗ്ഗമാണുള്ളതു്? തൊഴിലാളികളുടെ കൂലിനിരക്കും അവർക്കുണ്ടായിരിക്കേണ്ട സുഖ സൗകര്യങ്ങളുടെ മാനദണ്ഡവും ആരാണു് നിശ്ചയിക്കേണ്ടതു്? ഏറ്റവും നല്ല മാർഗ്ഗം, തൊഴിലാളികളായ നിങ്ങൾ നിങ്ങളുടെ അവകാശങ്ങൾ എന്തെന്നറിയുക, അവ സാധിപ്പിച്ചെടുക്കുന്ന സമ്പ്രദായം മനസ്സിലാക്കുക, എന്നിട്ടു് അവ സാധിപ്പിച്ചെടുക്കുക, എന്നുള്ളതാണു്, തീർച്ച. പക്ഷേ, ഇതു സാധിക്കണമെങ്കിൽ നിങ്ങൾക്കു മുൻകൂട്ടി അല്പം പരിശീലനം, വിദ്യാഭ്യാസം, ലഭിച്ചിരിക്കണം. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഒരു കേന്ദ്രസ്ഥാനത്തു് ആനീതരായി നിങ്ങൾ ഒന്നിച്ചുകൂടിയിരിക്കയാണു്. പക്ഷേ, നിങ്ങൾക്കു ശരിയായ കൂലിയും വാസസൗകര്യങ്ങളും കിട്ടുന്നില്ല. അതുകൊണ്ടു് ശ്രീ വാദിയായയോടും നിങ്ങളെ നയിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന ആളുകളോടും എനിക്കു് നിർദ്ദേശിക്കുവാനുള്ളതു്, അവരുടെ പ്രഥമകൃത്യം നിങ്ങൾക്കു് അക്ഷരജ്ഞാനം നല്കുകയില്ല. മനുഷ്യവ്യാപാരങ്ങളേയും മാനുഷികബന്ധങ്ങളേയുംകുറിച്ചു നിങ്ങൾക്കു് അറിവുണ്ടാക്കിത്തരികയാണു്. എന്നാണു്. തികഞ്ഞ ആദരവോടും വിനയത്തോടുംകൂടിയാണു് ഞാൻ ഈ നിർദ്ദേശം നൽകുന്നതു്. ഇന്ത്യയിലെ തൊഴിലാളിപ്രശ്നത്തെപ്പററി എനിക്കു നടത്താൻ സാധിച്ചിടത്തോളമുള്ള പര്യവേക്ഷണവും തെക്കേ ആഫ്രിക്കയിലെ തൊഴിലാളികളുടെ സ്ഥിതികളെപ്പററിയുള്ള എന്റെ ദീർഘകാലത്തെ പരിചയവുംകൊണ്ടു് ഒരു കാര്യം എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. അതായതു്, ബഹുഭൂരിപക്ഷം നേതാക്കന്മാരും തൊഴിലാളികളെ എഴുത്തും വായനയും പഠിപ്പിക്കണമെന്ന അഭിപ്രായക്കാരാണു്. കാര്യമതു് ആവശ്യംതന്നെ. എന്നാൽ അതിനുമുമ്പേ വേണ്ട ഒരു കാര്യമുണ്ടു് —നിങ്ങളുടെ സ്വന്തം അവകാശങ്ങളെപ്പററിയും അതു നിർബ്ബന്ധിച്ചു വാങ്ങാനുള്ള മാർഗ്ഗത്തെപ്പററിയും ഉള്ള ശരിയായ അറിവു്. മൗലികമായ ഈ വിദ്യാഭ്യാസം കുറച്ചുനാളുകൾകൊണ്ടു് തൊഴിലാളികൾക്കു നൽകാനാവുമെന്നു് അസംഖ്യം പണിമുടക്കുകൾ നടത്തി ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്.

## 85

നിങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നം ഇതാണെന്നു തോന്നുന്നു: നിങ്ങൾക്കാണോ ശക്തി വർദ്ധിപ്പിച്ചിട്ടുള്ളതു്, അതോ മില്ലുടമകൾക്കോ? മില്ലുടമകൾ മദ്ധ്യസ്ഥതയ്ക്കുള്ള വാതിലുകൾ അടയ്ക്കുന്ന

85. Harijan, 7-11-1936, pp. 308—310 (Economic and Industrial Life and Relations, vol. III, pp. 212—214)

digitized by www .sreyas.in

പക്ഷം നിങ്ങൾക്കു പണിമുടക്കിനെ ആശ്രയിക്കേണ്ടിവരും. അവക്കു നിങ്ങളുടെ ശക്തി പരീക്ഷിച്ചറിഞ്ഞാൽ കൊള്ളാമെന്നുകാണും. ഇത്തരുണത്തിൽ മില്ലുടമകളോടു് ഒരു കാര്യം സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്കു ശക്തി വർദ്ധിപ്പിച്ചാൽ അവക്കു ഭയപ്പെടാനൊന്നുമില്ല. നേരേമറിച്ചു് അവരുടെ ശക്തി വർദ്ധിച്ചാൽ, നിങ്ങൾക്കു ഭയപ്പെടാനുള്ള സകല കാര്യങ്ങളുമുണ്ടുതാനും. മില്ലുടമകളും തൊഴിലാളികളും തമ്മിലുള്ള വ്യത്യാസം എന്തെന്നു നമുക്കു് പര്യാലോചിക്കാം. മില്ലുടമകളുടെ ബലം അവരുടെ പണമാണു്; നിങ്ങളുടേതു് ജോലിചെയ്‌വാനുള്ള കഴിവും. തൊഴിലാളിയില്ലെങ്കിൽ മുതലാളി നിസ്സഹായനായിരിക്കും. ജോലിക്കു നിങ്ങളില്ലെങ്കിൽ മില്ലുകളുടെയെല്ലാം പ്രവൎത്തനം സ്തംഭിച്ചുപോകും. ഒരുവേള ഹേമിച്ചു് നിങ്ങളെക്കൊണ്ടു് അവർ പണിയെടുപ്പിച്ചേക്കും. ഏതായാലും തൊഴിലാളികളില്ലെങ്കിൽ അവർ നിസ്സഹായരാണെന്നുള്ളതിൽ തൎക്കമില്ല. തൊഴിലാളിയുടെ കൈയിലാണു താക്കോൽ; 'തൊഴിലാളിയുടെ' എന്നാണു് ഞാൻ പറയുന്നതു്, 'തൊഴിലാളി യൂണിയന്റെ' എന്നല്ല.

എന്നാൽ നേരേമറിച്ചു നിങ്ങൾ എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും—പത്തുലക്ഷം പേരുണ്ടെന്നുതന്നെയിരിക്കട്ടെ —ഒരു മില്ലു നടത്തുവാൻ നിങ്ങളാലാവുകയില്ല. അതിനുള്ള പ്രാപ്തി നിങ്ങൾക്കില്ല. പത്തുലക്ഷം രൂപാ നിങ്ങൾക്കുണ്ടായാൽത്തന്നെയും നിങ്ങളേക്കൊണ്ടു് അതു സാദ്ധ്യമാവുകയില്ല. പത്തുലക്ഷം രൂപാ ആരെങ്കിലും എന്നെ ഏല്പിച്ചിട്ടു് ഒരു മില്ലു നടത്താൻ ആവശ്യപ്പെട്ടാൽ ഞാൻ അതിനു തയാറാവുകയില്ല. ഞാൻ ആ പത്തുലക്ഷം ഖാദിപ്രസ്ഥാനത്തിനുവേണ്ടിയോ ഹരിജനോദ്ധാരണത്തിനുവേണ്ടിയോ, സന്തോഷപൂൎവ്വം വിനിയോഗിക്കും. എന്നാൽ മാതൃകാപരമായി ഒരു മില്ലുനടത്താൻ എന്നെക്കൊണ്ടാവില്ല. ഇതുപോലൊരു സ്ഥിതിയിലാണു നിങ്ങളും. കഴിഞ്ഞ ഇരുപതുകൊല്ലത്തെ ക്രമീകൃതമായ പ്രവൎത്തനത്തിനുശേഷവും ഒരു മില്ലു നടത്താനുള്ള കഴിവു നിങ്ങൾ നേടിയിട്ടില്ല, വരുന്ന ഇരുപതുകൊല്ലത്തിനുള്ളിലും നിങ്ങൾ ആ കഴിവു നേടുമെന്നു തോന്നുന്നുമില്ല. അല്ല, ആ കഴിവുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നപക്ഷം, നിങ്ങൾക്കു് ഒരു നേതാവിന്റെ ആവശ്യകതയില്ല.

നിങ്ങൾ ആ കഴിവു് ഒരിക്കൽ നേടിക്കണ്ടാൽ കൊള്ളാമെന്നു് ഞാൻ അഭിലഷിക്കുന്നു. നിങ്ങൾക്കു് ഒരു മില്ലു നടത്താൻ തക്ക പരിശീലനം നേടാൻ വ്യക്തിപരമായി തീർച്ചയായും സാധിക്കും. ആ പക്ഷത്തിൽ, നിങ്ങളുടെ കൂട്ടത്തിൽ ബാക്കിയുള്ളവർ ഇന്നത്തെപ്പോലെ അന്നും അടിമകളായിരിക്കും. ഒരു സംഘമെന്ന നിലയിൽ നിങ്ങൾക്കു് ഏതാനും കൊല്ലങ്ങൾക്കകം ഒരു മില്ലു നടത്താനാവുകയില്ലെന്നാണു് എന്റെ വിവക്ഷ.

digitized by www .sreyas.in

എന്നാൽ വർഗ്ഗബോധവും വർഗ്ഗസമരവും ആവശ്യമാണെന്നു വാദിക്കുന്ന നമ്മുടെ സുഹൃത്തുക്കാം പറയുന്നതു്, അവരുടെ പ്രതീക്ഷപോലെ നാം സമരംചെയ്താൽമതി, എന്തും സാദ്ധ്യമാവും എന്നാണു്. മില്ലുടമകളോടു നമുക്കു സമരംചെയ്യേണ്ടിവന്നേക്കും. എന്നാൽ സമരംചെയ്യുന്നതു്, രക്തബന്ധമുള്ളവരോടു്, സ്വന്തം അസ്സാദികളോടു സമരം ചെയ്യുമ്പോഴത്തേ അതേ സ്നേഹത്തോടും, ബഹുമാനത്തോടും, വൈമനസ്യത്തോടുംകൂടി വേണ്ടതാണു്.

ആകട്ടെ, കരിങ്കാലികളേക്കുറിച്ചു് എന്തുപറയുന്നു, എന്നു നിങ്ങാം ചോദിച്ചേക്കാം. നിർഭാഗ്യവശാൽ, കരിങ്കാലികാം ഉണ്ടായിരിക്കുകതന്നെ ചെയ്യും. അവരോടു സമരംചെയ്യരുതെന്നു ഞാൻ നിർബ്ബന്ധമായിപ്പറയും. നിങ്ങാം ന്യായവാദംചെയ്യണം: അവരുടെ നയം സങ്കുചിതമാണെന്നും, നിങ്ങളുടേതു തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യത്തെ സംരക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നും അവരോടു പറയണം. നിങ്ങളുടെ വാക്കു് അവർ ഗൗനിച്ചില്ലെന്നു വന്നേക്കാം. എന്നാലും നിങ്ങാം അവരോടു സഹിഷ്ണുത പ്രദർശിപ്പിക്കുകയല്ലാതെ സമരംചെയ്യരുതു്.

വർഗ്ഗസമരത്തിനുവേണ്ടി നിർബ്ബന്ധിക്കുന്ന സുഹൃത്തുക്കളിൽനിന്നു് എനിക്കു് ഒരു തുറന്ന കത്തുകിട്ടി. അഹമ്മദാബാദിൽ രണ്ടു യൂണിയൻ ഉണ്ടായിരിക്കരുതെന്നാണു് അവർ പറയുന്നതു്. ഞാൻ അവരോടു് അനുകൂലിക്കുന്നു. എന്നാൽ വർഗ്ഗസമരത്തെ വിശ്വാസപ്രമാണമായി സ്വീകരിച്ചിട്ടുള്ള ഒരു യൂണിയനാണു വേണ്ടതെന്നും അവർ ആവശ്യപ്പെടുന്നുണ്ടു്. അതിന്റെ അർത്ഥം അവരുടെ യൂണിയനിൽ നാം ലയിക്കണമെന്നാണു്. വർഗ്ഗസമരത്തിന്റെ അപരിത്യാജ്യതയിൽ നിങ്ങാം വിശ്വസിക്കുന്നില്ലെങ്കിൽ ആ പ്രലോഭനത്തിനു കീഴ്‌വഴങ്ങരുതു്. നിങ്ങളും ഞാനും സഹകരണത്തിൽ വിശ്വസിക്കുന്നു. ചിലപ്പോാം നാം മില്ലുടമകളുമായി സഹകരിക്കുന്നുവെങ്കിൽ അതു് അവസാനം സഹകരണത്തിൽചെന്നെത്താനാണു്. നമുക്കു് അഹമ്മദബാദും അവിടത്തെ മിൽവ്യവസായവും അഭിവൃദ്ധിപ്പെട്ടുകാണണം. വിവിധ ഘടകങ്ങളുടെ സമരച്ചേർച്ചയാകുന്ന വിശാലമായ അധിഷ്ഠാനത്തിലുള്ള അഭിവൃദ്ധിയാണു നമുക്കാവശ്യം.

മദ്ധ്യസ്ഥന്മാരിലൊരാളാണു ഞാൻ. തന്നിമിത്തം, പൊതുപണിമുടക്കുപ്രശ്നത്തിന്റെ ഗുണാഗുണങ്ങളേക്കുറിച്ചു പ്രസ്താവിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പണിമുടക്കു് അപരിത്യാജ്യമായിത്തീരുകയാണെങ്കിൽ എന്തു ചെയ്യണമെന്നു മാത്രമേ നിങ്ങളോടു ഞാൻ പറഞ്ഞുള്ളു. പണിമുടക്കു തികച്ചും സമാധാനപരമായിരിക്കണമെന്നു നിങ്ങാംക്കു് അറിയാമല്ലോ. ഒരു ഒത്തുതീർപ്പിലെത്തിച്ചേരുവാൻ നിങ്ങളുടെ സർവ്വ കഴിവുകളും വിനിയോഗിക്ക

digitized by www .sreyas.in

ണം, പൊതുപണിമുടക്ക വേണ്ടിവരികില്ലെന്നാണ് ഇപ്പോഴും എന്റെ പ്രതീക്ഷ. ഒരു പ്രതിസന്ധിഘട്ടം ഒഴിവാക്കാൻ ഞാൻ എന്റെ സർവ്വ ശക്തിയും പ്രയോഗിക്കുന്നതായിരിക്കും.

എന്നാൽ ഒരു കാര്യം സ്മരിക്കുക, സമരംചെയ്യേണ്ടിവന്നാൽ ത്തന്നെയും, നിങ്ങളുടെ പ്രതിജ്ഞാപാലനത്തിനുള്ള കഴിവ് നിങ്ങളുടെ ജീവിതവിശുദ്ധിയെ ആശ്രയിച്ചിരിക്കും. ഒരു ചൂതുകളിക്കാരനോ, മദ്യപാനിക്കോ, ചഞ്ചലസ്വഭാവനോ ഒരിക്കലും പ്രതിജ്ഞാപാലനം സാദ്ധ്യമല്ല. സ്വന്തം ശക്തിയെ ആശ്രയിച്ചാണ് സമരംചെയ്യേണ്ടിയിരിക്കുന്നത് എന്നും നിങ്ങൾ ഓർമ്മിക്കുക. അനസൂയാബഹനേയോ ശങ്കർലാലിനേയോ എന്നേയോ ആശ്രയിക്കരുത്. നിങ്ങൾക്ക വഴി ചൂണ്ടിക്കാണിച്ചുതരാൻ മാത്രമേ ഞങ്ങളെക്കൊണ്ട സാധിക്കൂ. സ്വന്തം ശക്തി മാത്രമാണ് നിങ്ങൾക്ക വിഷമഘട്ടത്തിൽ ഉപകരിക്കുന്നത്. നിങ്ങൾക്ക തികച്ചും അവലംബിക്കാവുന്ന ഒരാളല്ല ഞാൻ. നിങ്ങളോട് എനിക്കുള്ള താല്പര്യം നിലച്ചുപോയെന്നല്ല അർത്ഥം. ഞാൻ ഒരു ഗ്രാമീണനായിത്തീർന്നിരിക്കുന്നു. എന്റെ സർവ്വ കഴിവുകളും സെഗാവ് എന്ന ചെറുഗ്രാമത്തിൽ വിനിയോഗിച്ചുകൊണ്ടിരിക്കയാണ്. സ്വരാജിനുള്ള താക്കോൽ നഗരങ്ങളുടെ പക്കലല്ല, ഗ്രാമങ്ങളുടെ പക്കലാണെന്നു ഞാൻ വിശ്വസിക്കുന്നതുകൊണ്ടാണ് ആ സ്ഥലത്തു ഞാൻ താമസമുറപ്പിച്ചിരിക്കുന്നത്. ഗ്രാമങ്ങളിൽനിന്നു ദാരിദ്ര്യത്തെ ദൂരീകരിക്കുന്നതിൽ ഞാൻ വിജയിച്ചാൽ, അപ്പോൾ നിങ്ങൾക്കും ഭാരതത്തിനൊന്നാകെയുംവേണ്ടി ഞാൻ സ്വരാജ്യം നേടിക്കഴിഞ്ഞു. നഗരവാസികളായ നിങ്ങളേക്കാൾ, മോശപ്പെട്ട ഒരു സ്ഥിതിയിലാണു ഗ്രാമവാസികൾ. നിങ്ങൾക്ക കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ വിദ്യാലയങ്ങളുണ്ട്, ആശുപത്രിയുണ്ട്, മററനേകം സുഖസൗകര്യങ്ങളും ഉണ്ട്. അതൊന്നും അവക്കില്ല. നിലവിലുള്ള ദുഃസ്ഥിതിയെ അവർ മാറോടു ചേർത്തുപിടിക്കയാണ്. അതുകൊണ്ട് അവരുടെ വിമോചനത്തിന്റെ താക്കോൽ എനിക്ക കണ്ടുപിടിക്കാൻ സാധിക്കുന്നുവെങ്കിൽ അതു സാക്ഷാൽ സ്വരാജിന്റെ താക്കോൽ കണ്ടുപിടിക്കലായിരിക്കും. അവരുടെ വിമോചനം നിങ്ങളുടേയും വിമോചനമാണ്.

## 86

അഹിംസയിൽ അവശ്യം വേണ്ട ശിക്ഷണം ഇല്ലെങ്കിൽ അവരുടെ ഇടയിൽത്തന്നെ കലഹം ഉണ്ടാകും. തങ്ങളിൽ കുടികൊള്ളുന്ന ശക്തിവിശേഷത്തെ കണ്ടറിയുവാനുള്ള കഴിവ് അവരിൽ

---

86. Harijan, 25-6-1938 (Towards Non-violent Socialism pp. 83—84)

digitized by www .sreyas.in

ഒരുകാലത്തും വികസിക്കില്ല. അക്രമരാഹിത്യത്തിൻെറ മൗലിക തത്വം അംഗീകരിക്കുന്നതോടൊപ്പം സംഘടനാശക്തിയും സാങ്കേതികസാമർത്ഥ്യവും മററു വേണ്ടതെല്ലാംതന്നെയും കൈവരുന്നു. അതിൻെറ സ്വാഭാവികഫലമായി വർഗ്ഗസഹകരണവും ഉണ്ടാകുന്നു. അവർ സംഖ്യാബലമുള്ളവരാണ്. എങ്കിലും എന്തൊരു ആശ്രിതഭാവം! യജമാനന്മാരുടെ കൺകോണിളക്കത്തെ ആശ്രയിച്ചാണ് തങ്ങളുടെ നിലനില്പ് എന്ന് അവർ വിചാരിക്കുന്നു. തങ്ങളിൽ കുടികൊള്ളുന്ന ശക്തി എന്തെന്ന് അറിയായ്കയാണതിനു കാരണം. അല്ലെങ്കിൽ, അവക്കു സ്വന്തം കഴിവുകളെ ഏകീകരിച്ച്, ഇന്നു യജമാനന്മാർ ചെയ്യുന്നതുപോലെ, വ്യവസ്ഥകൾ അധികാരപൂർവ്വം നിർദ്ദേശിക്കാം. യാതൊരു ശക്തിക്കും അവരെ തടയാനാവുകയില്ല. നാണയമെന്നതുപോലെ പ്രയത്നവും മൂലധനമാണെന്ന വസ്തുത അവർ മനസ്സിലാക്കണം. അഹിംസാസ്വീകരണത്തിലൂടെ മാത്രമേ അതു മനസ്സിലാവുകയുള്ളു.

എന്നാൽ അവക്ക് ഈ ബോധമുണ്ടായി തൻേറടം വച്ചു കഴിയുമ്പോഴും അഹിംസ നിരുപയോഗമായി തീരുന്നില്ല. അഹിംസയ്ക്കു സലാം പറഞ്ഞു പിരിയുന്നപക്ഷം അവർ മുതലാളിമാരെപ്പോലെതന്നെ ദുഷിച്ച് ചൂഷകന്മാരായി പരിണമിക്കും. തങ്ങളുടെ ശക്തിയെപ്പററിയുള്ള അവബോധം അഹിംസാപ്രസക്തിയോടു ചേർത്ത്, അവരെ മുതലാളിമാരുമായി സഹകരിക്കുന്നതിനും വ്യവസായം ശരിയായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനും പ്രാപ്തരാക്കും. അപ്പോൾ, അതൊരു വിരുദ്ധതാല്പര്യമായി അവർ കരുതുകയില്ല. മില്ലും യന്ത്രോപകരണങ്ങളും ചൂഷകന്മാരുടെ മുതലാണെന്നും തങ്ങളെ തവിടുപൊടിയാക്കുന്ന കരുക്കളാണെന്നും അവർ വിചാരിക്കുകയില്ല. പിന്നെയോ തങ്ങൾക്ക് ഉടമസ്ഥാവകാശമുള്ള ഉല്പാദനോപകരണങ്ങളായി പരിഗണിക്കും; തന്മൂലം സ്വന്തം മുതൽപോലെ അവയെ കേടുപാടുകൂടാതെ സൂക്ഷിക്കയും ചെയ്യും. അവർ സമയം പാഴാക്കിക്കളകയില്ല; ചെയ്യേണ്ടിടത്തോളം ജോലി ചെയ്യാതിരിക്കയില്ല. നേരേമറിച്ചു തങ്ങൾക്കു കഴിയുന്ന പരമാവധി ജോലി അവർ ചെയ്തുതീർക്കും. വാസ്തവത്തിൽ മുതലാളികളും തൊഴിലാളികളും പരസ്പരം ട്രസ്റ്റികളായിരിക്കും; ഇരുകൂട്ടരും ഉപഭോക്താക്കളുടെ ട്രസ്റ്റികളും. ട്രസ്റ്റിഷിപ്പുസിദ്ധാന്തം ഏകപക്ഷീയമല്ല. അതിൽ ട്രസ്റ്റിക്കു കൂടുതൽ മേന്മ ഒട്ടുംതന്നെ വിവക്ഷിച്ചിട്ടില്ല. ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ അതു തികച്ചും രണ്ടു കൂട്ടരേയും ബാധിക്കുന്ന കാര്യമാണ്. ഇതരൻെറ താല്പര്യം സംരക്ഷിക്കുന്നതുകൊണ്ടു തൻെറ താല്പര്യംതന്നെ രക്ഷിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിശ്വസിക്കുന്നു. 'നിങ്ങൾ ദേവന്മാരെ പ്രസാദിപ്പിക്കുക; ദേവന്മാർ നിങ്ങളേയും പ്രസാദിപ്പിക്കട്ടെ. ഈ പരസ്പരപ്രസാദനംകൊണ്ടു നിങ്ങൾ നിശ്രേയസം പ്രാപിക്കുക'

digitized by www .sreyas.in

എന്നു ഭഗവത്ഗീത പറയുന്നു. ഈ പ്രപഞ്ചത്തിൽ ദേവന്മാർ എന്നു പ്രത്യേകം ഒരു വർഗ്ഗമില്ല. നിർമ്മാണശക്തിയുള്ളവരും ആ ശക്തി സമുദായത്തിനുവേണ്ടി വിനിയോഗിക്കുന്നവരുമായ സകലരും ദൈവങ്ങളാണ് — തൊഴിലാളി മുതലാളിയെക്കാൾ ഒട്ടും കുറഞ്ഞവനല്ല.

## 87

പണിമുടക്ക് അപ്രതിരോധ്യമാക്കുവാൻ കഴിയുമെന്ന് എനിക്ക് അറിയാം. അനധികൃതമായി നടത്തുന്ന പണിമുടക്കുകളെയാണു ഞാൻ പ്രതികൂലിച്ചത്. കോൺഗ്രസ്സിനു തൊഴിലാളിവർഗ്ഗത്തിൻെറമേൽ നിയന്ത്രണാധികാരമില്ല. കോൺഗ്രസ്സിലെ ചില ആളുകൾക്കുണ്ട്. പ്രായേണ പണിമുടക്കുനേതാക്കന്മാക്കെല്ലാം അവരവരുടേതായ രീതികളുണ്ട്. അക്രമരാഹിത്യത്തിൽ വിശ്വസിക്കുന്നവരാണ് എല്ലാവരുമെന്നു പറയാൻ നിവൃത്തിയില്ല. ചിലർ സ്വാത്ഥലോലുപന്മാരാണ്. മററു ചിലർ എന്തും ചെയ്യാൻ മടിയില്ലാത്ത സാഹസികന്മാരാണ്. അതുകൊണ്ടു ഞാൻ ആവശ്യപ്പെടുന്നതു ക്രിയാത്മകമായ സഹകരണം സാദ്ധ്യമല്ലെങ്കിൽ സഹനാത്മകമായ സഹകരണം ഉണ്ടാവണം എന്നാണ്. മാത്സര്യപ്രവണമായ പണിമുടക്കിനെ ഞാൻ അനുകൂലിക്കുന്നില്ല. കൂട്ടത്തോടെയുള്ള നിയമലംഘനം എപ്പോഴെങ്കിലും ഉണ്ടായാൽ, അതു് എതു രൂപംകൊള്ളുമെന്നു പ്രവചിക്കാൻ എന്നെക്കൊണ്ട് ആവുകയില്ല. എന്നാൽ എനിക്കു് അതിൽ വല്ല പങ്കുമുണ്ടെങ്കിൽ, ഒരിക്കലും അതു് എന്തു പ്രവർത്തിക്കില്ല എന്നു പറയാറാവും. ഒരു കാര്യം എനിക്കറിയാം. ഭാരതത്തിലെ എല്ലാ തൊഴിലാളികളുടേയുംമേൽ അഹിംസാത്മകമായ നിയന്ത്രണം കോൺഗ്രസ്സിനുണ്ടായിരുന്നെങ്കിൽ, അതു് ഇന്നത്തേക്കാൾ ഇരട്ടതൽ ശക്തിമത്തായിത്തീർന്നേനേ. കോൺഗ്രസ്സിനു്, തൊഴിലാളിപ്രശ്നം സംബന്ധിച്ചു് ഒരൊററ നയം ഉണ്ടാവുകയും അതിനെ പ്രായോഗികമാക്കാൻ പ്രവർത്തകന്മാർ വേണ്ടിടത്തോളം മുമ്പോട്ടുവരികയും ചെയ്യുമ്പോൾ ആ നിയന്ത്രണം വന്നുകൊള്ളും.

## 88

ഭാരതത്തിനൊന്നാകെ അനുകരിക്കാവുന്ന ഒരു മാതൃകയാണ് അഹമ്മദാബാദിലെ തൊഴിലാളി യൂണിയൻ. അതിൻെറ അടി

---

87. Harijan, 20-4-1940 (Economic and Industrial Life and Relations, vol. III, P. 157)

88. Constructive Programme, P. 23. (1941 ൽ എഴുതി, 1945-ൽ ആമൂലാഗ്രം പരിശോധിച്ചു പരിഷ്കരിക്കപ്പെട്ടു. ഈ സംഗ്രഹം പരിഷ്കരിച്ച പതിപ്പിൽനിന്നാണ്.)

digitized by www .sreyas.in

സ്ഥാനം ശുദ്ധവും ലളിതവും അഹിംസാത്മകവുമാണ്. അതിന്റെ ചരിത്രത്തിൽ അപജയമെന്നൊന്ന് ഉണ്ടായിട്ടില്ല. പ്രകടനകോലാഹലങ്ങൾ ഒന്നും കൂടാതെ അത് ഉത്തരോത്തരം ശക്തമായിത്തീർന്നു. അതിന്റെ വകയായി ആശുപത്രി ഉണ്ട്; മിൽത്തൊഴിലാളികളുടെ കുട്ടികൾക്കു പഠിക്കുവാൻ വിദ്യാലയങ്ങളുണ്ട്; വയോജനവിദ്യാഭ്യാസത്തെ ഉദ്ദേശിച്ച ക്ലാസ്സുകൾ നടത്തുന്നുണ്ട്; മുദ്രണാലയവും ഖാദിഡിപ്പോയും ഉണ്ട്. മാത്രമല്ല, പ്രത്യേകം സ്ഥലംതിരിച്ച് വാസസൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുമുണ്ട്. മിക്കവാറും എല്ലാ തൊഴിലാളികൾക്കും സമ്മതിദാനാവകാശം ഉണ്ട്. തെരഞ്ഞെടുപ്പുകളുടെ വിധിനിർണ്ണായകത്വം അവരിലാണു സ്ഥിതിചെയ്യുന്നത്. പ്രാദേശികകോൺഗ്രസ്സ് കമ്മററിയുടെ അപേക്ഷയനുസരിച്ച് അവരെയെല്ലാം സമ്മതിദായകന്മാരുടെ പട്ടികയിൽ കൊള്ളിച്ചിരിക്കുന്നു. പ്രസ്തുത സംഘടന കോൺഗ്രസ്സിന്റെ പാർട്ടിരാഷ്ട്രീയത്തിൽ ഒരിക്കലും ഭാഗഭാക്കാകുന്നില്ല. നഗരസഭയുടെ നയത്തിൽ അതു സ്വാധീനത ചെലുത്തിവരുന്നു. തികച്ചും അക്രമരഹിതമായ പണിമുടക്കുകൾനടത്തി വിജയം വരിച്ചിട്ടുണ്ട് എന്ന പ്രശസ്തി അതു് അർഹിക്കുന്നു. പ്രായേണ പരപ്രേരണകൂടാതെയുള്ള ഒത്തുതീർപ്പുകൾവഴി മില്ലുടമകളും തൊഴിലാളികളും തമ്മിൽ ബന്ധം പുലർത്തിപ്പോരുന്നു. എന്റെ ഇംഗിതാനുസരണം കാര്യങ്ങൾ നടക്കുമായിരുന്നെങ്കിൽ ഇൻഡ്യയിലെ എല്ലാ തൊഴിലാളിസംഘടനകളേയും അഹമ്മദാബാദ് മാതൃകയിൽ ഞാൻ ക്രമീകരിക്കുമായിരുന്നു. അതിന് അഖിലഭാരത ട്രേഡ്യൂണിയൻ കോൺഗ്രസ്സിന്റെ കാര്യത്തിൽ തലയിടാനോ അതിന്റെ സ്വാധീനതയ്ക്കു വശംവദമാകാനോ ഒരിക്കലും സംഗതിയായിട്ടില്ല. അഖിലഭാരത യൂണിയന്റെ ഒരു ഭാഗമായി അഹമ്മദാബാദ് സംഘടനയെ സ്വീകരിക്കുവാൻ ട്രേഡ്യൂണിയൻ കോൺഗ്രസ്സിനു സാധിക്കുന്ന ഒരു കാലഘട്ടം ഉണ്ടാവുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ, എനിക്കു തിടുക്കമില്ല. യഥാകാലം അതു സംഭവിച്ചുകൊള്ളും.

## 89

വർഗ്ഗത്തെ വർഗ്ഗത്തിനെതിരായി ഇളക്കിവിടുന്നതല്ല പ്രശ്നം; തൊഴിലാളിക്ക് അന്തസ്സും അഭിമാനബോധവും ഉണ്ടാകുമാറു് ശിക്ഷണം നല്കുന്നതാണ്. ലോകത്തിൽ ധനികന്മാർ വളരെ ചെറിയൊരു ന്യൂനപക്ഷമാണ്. തൊഴിലാളിവർഗ്ഗം അതിന്റെ ശക്തി മനസ്സിലാക്കിക്കഴിഞ്ഞാൽ, അവർ യോഗ്യമായി പെരുമാറും. പണക്കാർക്കെതിരായി തൊഴിലാളികളെ ഇളക്കിവിടുന്നതു വർഗ്ഗവിദ്വേഷത്തേയും തജ്ജന്യമായ ദൂഷ്യഫലങ്ങളേയും എന്നും നിലനിർത്താനാണു സഹായിക്കുക. എങ്ങനെയും ഒഴിവാക്കേണ്ട ഒരു ദൂഷി

89. Harijan, 16-10-1945 (India of My Dreams, P. 35)

digitized by www .sreyas.in

തവലയമാണു കലഹം. ദൗർബ്ബല്യം സമ്മതിക്കലാണു്, അപകർഷതാബോധത്തിന്റെ അടയാളമാണു്, കലഹം. തൊഴിലാളിവർഗ്ഗം അതിന്റെ അന്തസ്സു മനസ്സിലാക്കുന്ന നിമിഷം, പണം അതിനു സമർഹമായ സ്ഥാനം കരസ്ഥമാക്കിക്കൊള്ളും. അതായതു്, തൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു ട്രസ്റ്റ് എന്ന നില അതിനു ലഭിക്കും. എന്തെന്നാൽ പണത്തേക്കാൾ മൂല്യംകൂടും പ്രയത്നത്തിനു്.

## 90

തൊഴിലാളി പണിമുടക്കുമ്പോൾ മുതലാളി എങ്ങനെ പെരുമാറണം? ഈ ചോദ്യം ഇന്നു് എല്ലായിടത്തും ഉയരുന്നു. ഈ ഘട്ടത്തിൽ അതിനു വളരെ പ്രാധാന്യമുണ്ടു്. 'അമേരിക്കൻമാർഗ്ഗം' എന്നു് അറിയപ്പെടുന്ന, അഥവാ പരിഹാസപൂർവ്വം വിളിക്കപ്പെടുന്ന, അടിച്ചമർത്തലിന്റേതാണു് ഒരു മാർഗ്ഗം. ഗൂപ്താനും പദ്ധതിയും നേരത്തേ ഒപ്പിച്ചിട്ടുള്ള തെമ്മാടിത്തംവഴി തൊഴിലാളിയെ മട്ടിച്ചൊതുക്കലാണതു്. ഇതു് അബദ്ധമാണെന്നും വിനാശകരമാണെന്നും ഏവരും സമ്മതിക്കും. പ്രമാദരഹിതവും മാന്യവുമായ മറ്റൊരുമാർഗ്ഗം ഉണ്ടു്. ഓരോ പണിമുടക്കിനെയും അതതിന്റെ യോഗ്യതാനുസരണം പരിഗണിച്ചു്, തൊഴിലാളിക്കു ന്യായമായി ചെയ്യേണ്ടതു കൊടുക്കുക—ന്യായമെന്നു മുതലാളി നിശ്ചയിക്കുന്നതല്ല, പിന്നെയോ ന്യായമെന്നു തൊഴിലാളി സ്വയം കരുതുന്നതു്; കാര്യവേദികളായ പൊതുജനങ്ങളുടെ അഭിപ്രായത്തിൽ ന്യായമെന്നു പ്രഖ്യാപിക്കപ്പെടുന്നതു്.

ഇവിടെ പ്രാഥമികമായ ഒരു ചോദ്യം ന്യായമായി ഉണ്ടാകും: ശരിക്കും വ്യവസ്ഥാപിതമായ ഏതെങ്കിലും കാര്യത്തിൽ പണിമുടക്കിന്റെ ആവശ്യകതതന്നെ എന്താണു്? മുതലാളിയും തൊഴിലാളിയും തമ്മിൽ ധാരണയുണ്ടാവുമ്പോൾ, അന്യോന്യബഹുമാനവും സമത്വബോധവും ഉണ്ടാവുമ്പോൾ, പണിമുടക്കു് അസാദ്ധ്യമായിത്തന്നെ ഇരിക്കേണ്ടതാണു്. അത്യന്തം വ്യവസ്ഥാപിതങ്ങളായ സംഗതികളിൽപോലും മുതലാളിയും തൊഴിലാളിയുംതമ്മിൽ ചിലപ്പോഴൊക്കെ ഭിന്നതയുണ്ടായിരിക്കുകതന്നെ ചെയ്യുമെന്നുള്ള സ്ഥിതിക്കു്, മദ്ധ്യസ്ഥന്മാരുടെ തീർപ്പിനെ ഉത്തമവിശ്വാസത്തോടെ, സർവ്വാത്മനാ സമാദരിച്ചു് രണ്ടു കക്ഷികളും പ്രവർത്തിക്കത്തക്കവണ്ണം എന്തുകൊണ്ടു് ഒരു പഞ്ചായത്തുപദ്ധതി ഉണ്ടായിരുന്നുകൂടാ?

എന്നാൽ, കാര്യങ്ങളെപ്പററി നാം ചിന്തിക്കേണ്ടതു് അവ എങ്ങനെ ആയിരിക്കണം എന്ന അടിസ്ഥാനത്തിലല്ല, ഇപ്പോൾ എ

---

90. Harijan, 31-3-1946 (Economic and Industrial Life and Relations, vol. III, pp. 144—146)

digitized by www .sreyas.in

ങ്ങനെയിരിക്കുന്നു എന്ന അടിസ്ഥാനത്തിലാണു. കാലം പുരോഗമിക്കുന്നതോടെ തൊഴിലാളിലോകത്തിനു് സ്വാവകാശലബ്ധിക്കു പ്രതിദിനം നിർബ്ബന്ധം കൂടിക്കൂടി വരികയാണു്. അവകാശങ്ങൾ പിടിച്ചുപററുവാനുള്ള അക്ഷമയിൽ അക്രമമാർഗ്ഗം സ്വീകരിക്കുവാനും അവർ മടിക്കുന്നില്ല. പിടിച്ചുപററലിനുവേണ്ടി പുതിയപുതിയ സമ്പ്രദായങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കയാണു്. തൊഴിലുടമകളുടെ സാധനസാമഗ്രികൾ തകക്കുന്നതിനും, യന്ത്രോപകരണങ്ങൾക്കു തകരാറുകൾ വരുത്തുന്നതിനും, പണിമുടക്കിൽ പങ്കെടുക്കാത്ത വൃദ്ധന്മാരെയും വൃദ്ധകളെയും അസഹ്യപ്പെടുത്തുന്നതിനും, കരിങ്കാലികളെ ബലാൽക്കാരം പ്രയോഗിച്ചു പുറംതള്ളുന്നതിനും. തൊഴിലാളക്കു യാതൊരു മടിയുമില്ല. ഈ സ്ഥിതിക്കു് തൊഴിലുടമകൾ എങ്ങനെ പെരുമാറണം?

എന്റെ അഭിപ്രായത്തിൽ തൊഴിലുടമകളും തൊഴിലാളികളും തുല്യപങ്കാളികളാണു്—തൊഴിലാളിക്കാണു് കൂടുതൽ മേന്മയെന്നു പരിഗണിക്കപ്പെടാഞ്ഞാൽത്തന്നെയും. എന്നാൽ നാം ഇന്നു കാണുന്നതു നേരേ മറിച്ചാണു്. തൊഴിലുടമകളുടെപക്ഷത്തു് ബുദ്ധിശക്തിയുടെ സജ്ജീകരണമുണ്ടു് എന്നുള്ളതാണു് അതിനു കാരണം. മൂലധനകേന്ദ്രീകരണം കൈവരുത്തുന്ന കൂടുതൽ സൗകര്യവും അവക്കുണ്ടു്. അതു് എങ്ങനെ ഉപയോഗപ്പെടുത്തണമെന്നും അവക്കറിയാം. ഒരു ഉറുപ്പികമാത്രമായാൽ അതിനു വളരെ തുച്ഛമായ പ്രഭാവമേയുള്ളു. എന്നാൽ പണം മൂലധനമായി ഒന്നിച്ചുചേരുമ്പോൾ, അതു് ഒററയൊററ രൂപാ എല്ലാം കൂടിയതിനേക്കാൾ വ്യത്യസ്തവും അതിബൃഹത്തുമായ ഒരു ശക്തിവിശേഷത്തെ വ്യൽപാദിപ്പിക്കുന്നു. ലക്ഷോപലക്ഷം ജലബിന്ദുക്കൾ ഒററയ്ക്കൊററയ്ക്കു് അവഗണനീയങ്ങളാണു്. എന്നാൽ അവ ഒന്നായി സമ്മേളിക്കുമ്പോൾ മഹാപോതസംഘാതങ്ങളെ വഹിക്കുന്ന പെരുംകടലായി രൂപാന്തരപ്പെടുന്നു. ഇൻഡ്യയിൽ മുതലാളികൾ സാമാന്യം സുസംഘടിതരാണു്. എന്നാൽ യൂണിയനും ഫെഡറേഷനും ഉണ്ടെങ്കിലും തൊഴിലാളികളുടെ സ്ഥിതി അത്ര ആശാസ്യമല്ല. യഥാർത്ഥമായ യോജിപ്പുകൊണ്ടുണ്ടാകേണ്ട ശക്തി അവക്കു് ഇല്ല. മാത്രമല്ല, മേധാശക്തിയുടെ അഭാവവും അവക്കുണ്ടു്. അതിന്റെ ഫലമോ? വ്യക്തികൾ വ്യക്തികളോടും യൂണിയനുകൾ യൂണിയനുകളോടും പോരാടുന്നു. അവരുടെ ഇടയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുവാനും വർദ്ധിപ്പിക്കുവാനുംപോലും കാരണമാകുമാറു്, സ്വാർത്ഥബുദ്ധികളും എന്തും ചെയ്‌വാൻ മടിക്കാത്തവരുമായ ആളുകളുടെ ചൂഷണത്തിനു് ഈ മേധാശക്തിയുടെ അഭാവത്താൽ അവർ വിധേയരാകുന്നു. അഹിംസയുടെ രഹസ്യത്തെപ്പററി അജ്ഞരായതുകൊണ്ടു് ഈ ആളുകൾക്കു് അതിൽകവിഞ്ഞു് ഒന്നും അറിഞ്ഞുകൂടാതാനും. അതിന്റെ പരിണിതഫലമോ? അവർ കഷ്ടപ്പെടാനിടയാവുന്നു. തൊ

digitized by www .sreyas.in

ഴിലാളികൾ, അക്രമരാഹിത്യത്തിന്റെ കർമ്മപരിപാടി വേണ്ടവണ്ണം ഗ്രഹിക്കുന്നുവെങ്കിൽ, അവരുടെ സംയോജനത്തിൽനിന്നു് ഉത്ഭവിക്കുന്ന ശക്തിവിശേഷം ഏതാനും മുതലാളിമാരുടെ കൈയിലുള്ള നിർജ്ജീവനാണയങ്ങളുടെ ശക്തിയെ എന്നെങ്കിലും അതിശയിക്കും.

അതുകൊണ്ടു് എനിക്കു മുതലാളിമാരോടു് ഉപദേശിക്കുവാനുള്ളതു്, തങ്ങൾ സൃഷ്ടിച്ചതായി അവർ സങ്കല്പിക്കുന്ന വ്യവസായങ്ങളുടെ യഥാർത്ഥ ഉടമകൾ തൊഴിലാളികളാണെന്നു് സ്വമനസ്സാ കരുതണമെന്നാണു്. തൊഴിലാളികളുടെ സുഷുപ്താവസ്ഥയിൽ കിടക്കുന്ന ബുദ്ധിശക്തിയെ ഉത്തേജിപ്പിക്കുന്നതിനുവേണ്ട വിദ്യാഭ്യാസം അവർക്കു നല്കുന്നതും അവരുടെ സംഘടിതശക്തിയെ സന്തോഷപൂർവ്വം അഭിവൃദ്ധിപ്പെടുത്തുന്നതും സ്വാഗതം ചെയ്യുന്നതും തങ്ങളുടെ കടമയാണെന്നും അവർ കരുതണം. ഈ ആദരണീയമായ പ്രവൃത്തി മുതലാളിമാർക്കു് ഒരു ദിവസംകൊണ്ടൊന്നും സാധിക്കാവുന്നതല്ല. അതിനിടയ്ക്കു്, പണിമുടക്കുകാർ വ്യാവസായികപ്രവർത്തനങ്ങളിൽ വരുത്തിക്കൂട്ടുന്ന നാശനഷ്ടങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നവർ എന്തു ചെയ്യണം? ആ വ്യവസായങ്ങളുടെ—ഇരുകൂട്ടർക്കും തുല്യ ഉടമയുള്ളതാണല്ലോ അവ—നിയന്ത്രണാധികാരം പണിമുടക്കുകാരെ ഉടനടി ഏല്പിക്കണമെന്നു് ഞാൻ ആ മുതലാളിമാരെ നിസ്സന്ദേഹം ഉപദേശിക്കും. അവർ പരിസരങ്ങൾ ഒഴിഞ്ഞുകൊടുക്കണം—വിദ്വേഷത്തോടെയോ മുഷിച്ചിലോടെയോ അല്ല, പിന്നെയോ, അതു ശരിയാണെന്ന വിചാരത്തോടെ. തങ്ങളുടെ സന്മനോഭാവം പ്രകടിപ്പിക്കുവാൻ അവർ തൊഴിലാളികൾക്കു യന്ത്രോപകരണങ്ങളും, വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാരെയും വിട്ടുകൊടുത്തു സഹായിക്കണം. ഒടുവിൽ മുതലാളികൾക്കു് കാണാറാവും തങ്ങൾക്കു യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നു്. അവരുടെ ശരിയായ പെരുമാററം എതിർപ്പുകളെ അസ്തശക്തമാക്കും; ജോലിചെയ്യുന്ന ആളുകളുടെ അനുഗ്രഹം അവർക്കു ലഭിക്കും. തങ്ങളുടെ മൂലധനത്തിന്റെ ശരിയായ വിനിയോഗമായിരിക്കും അതു്. ഇത്തരം പ്രവൃത്തി ഒരു ഔദാര്യമായി ഞാൻ ഗണിക്കുന്നില്ല; അതു് മുതലാളിമാരുടെ വിഭവങ്ങളുടെ ബുദ്ധിപൂർവ്വകമായ ഉപയോഗമായിരിക്കും; അവരുടെ മാന്യപങ്കാളികളാക്കിയിരിക്കുന്ന തൊഴിലാളികളോടുള്ള സത്യസന്ധമായ പെരുമാററവുമായിരിക്കും.

## 91

ചില സംഗതികളിൽ പണിമുടക്കുകൾ തീരെ അനാശാസ്യമായി കരുതപ്പെടേണ്ടതുണ്ടു്. ഈ ഇനത്തിൽപ്പെടുന്നതാണു് ളുപ്പ

---

91. Harijan, 21-4-1946 (Economic and Industrial Life and Relations, vol. III, P. 157)

digitized by www .sreyas.in

കാരുടെ ആവലാതി. വേറെയും ചിലതുണ്ട്. അവയെപ്പററി ഇവിടെ പ്രതിപാദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. തൂപ്പുകാരുടെ പണിമുടക്കിനെ സംബന്ധിക്കുന്ന എന്റെ അഭിപ്രായം ഞാൻ 1897–ൽ ദർബാനിൽ ആയിരുന്നപ്പോഠംത്തന്നെ പ്രകടിപ്പിച്ചിട്ടുള്ളതാണ്. അവിടെ ഒരു പൊതു പണിമുടക്കു സംബന്ധിച്ചു തർക്കമുണ്ടായി. തോട്ടികഠം പണിമുടക്കിൽ ഉഠംപ്പെടണമോ എന്ന പ്രശ്നം വന്നു. ഉഠംപ്പെടണം എന്ന അഭിപ്രായത്തിനു് എതിരായിട്ടായിരുന്നു എന്റെ വോട്ട്. വായുവില്ലെങ്കിൽ മനുഷ്യനു ജീവിക്കാനാവാത്തപോലെ വീടും പരിസരവും ശുചിയായിരിക്കുന്നില്ലെങ്കിൽ അവനു വളരെനാഠം കഴിഞ്ഞുകൂടാൻ സാദ്ധ്യമല്ല. ഇന്നത്തെ ഡ്രെയിനേജുപദ്ധതി സ്തംഭിച്ചാൽ എന്തെങ്കിലും സാംക്രമികരോഗം പൊട്ടിപ്പുറപ്പെടും.

## 92

പണിമുടക്കു് കൃത്രിമമായി ഉണ്ടാക്കരുതു്, സ്വാഭാവികമായി ഉണ്ടാകണം. പരപ്രേരണ കൂടാതെ അതു സംഘടിതമാകുന്നപക്ഷം, തെമ്മാടിത്തരത്തിനോ കൊള്ളയടിക്കലിനോ വഴിയില്ല. പണിമുടക്കുകാർക്കിടയിൽ പരിപൂർണ്ണ സഹകരണം ഉണ്ടായിരിക്കുമെന്നുള്ളതാണു് അത്തരമൊരു പണിമുടക്കിന്റെ സവിശേഷസ്വഭാവം. പണിമുടക്കു സമാധാനപരമായിരിക്കണം. ബലപ്രയോഗം ലവലേശം ഉണ്ടാവരുതു്. പണിമുടക്കുകാർ നിത്യവൃത്തിക്കു്, വ്യക്തിപരമായോ അന്യോന്യം സഹകരിച്ചോ എന്തെങ്കിലും ജോലിയിൽ ഏർപ്പെടണം. മുൻകൂട്ടി അത്തരം ജോലിയുടെ സ്വഭാവം ആലോചിച്ചുവച്ചിരിക്കണം. സമാധാനപരവും, ഫലവത്തും, സുദൃഢവുമായ ഇത്തരം പണിമുടക്കുകളിൽ ആഭാസത്തരത്തിനോ കൊള്ളയടിക്കോ സ്ഥാനമില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ല. ഇത്തരം പണിമുടക്കുകഠം എനിക്കു പരിചിതമാണു്. ഒരു ആദർശലോകചിത്രമല്ല ഞാൻ ഇവിടെ അവതരിപ്പിച്ചതു്.

## 93

കവർച്ചയുടെ ഔചിത്യത്തെപ്പററി ചോദിച്ച ഒരു ലേഖകൻ, മററു മാർഗ്ഗങ്ങളെല്ലാം പരാജയപ്പെടുമ്പോഠം പാവപ്പെട്ട തൂപ്പുകാരൻ എന്തുചെയ്യണമെന്നുകൂടി ചോദിച്ചിരിക്കുന്നു. അദ്ദേഹം കപിതനായി ചോദിക്കുകയാണു്:

92. Harijan, 2-6-1946 (Economic and Industrial Life and Relations, vol. III, P. 151)

93. Harijan, 23-6-1946 (Towards Non-Violent Socialism, P .112)

digitized by www .sreyas.in

''അഴുക്കിലും ചെളിയിലും ജീവിച്ച് പട്ടിണിവേതനവും പററിക്കൊണ്ട് ഭംഗി അയാളുടെ സേവനം തുടരണമെന്നാണോ?''

ചോദ്യം സമുചിതമാണ്. ഇപ്പറഞ്ഞമട്ടിലുള്ളവരെ സംബന്ധിച്ചിടത്തോളം പണിമുടക്കല്ല ശരിയായ മാർഗ്ഗമെന്ന് എനിക്കു ദൃഢാഭിപ്രായമുണ്ട്. പട്ടിണിജീവിതവും അതിനോടു ചേർന്ന മററു ദുരിതങ്ങളും സഹിക്കാൻ ഇടയാക്കുന്ന ശുചീകരണവൃത്തിയിൽ മേലാൽ ഭംഗികൾ തുടരുന്നതല്ലെന്നു പൊതുജനങ്ങാക്കു പൊതുവെയും അവരെ ജോലിക്കു നിയമിച്ച കോർപ്പറേഷനു പ്രത്യേകിച്ചും മുന്നറിയിപ്പു നല്കുകയാണ് വേണ്ടതു്. പണിമുടക്കും സേവനത്തിൽനിന്നുള്ള വിരമിക്കലും (തല്ക്കാലത്തേക്കു നിർത്തിവയ്ക്കലല്ല) തമ്മിൽ സാരമായ വ്യത്യാസമുണ്ട്. വല്ല പരിഹാരവും ഉണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ട് തല്ക്കാലത്തേക്കു പ്രയോഗിക്കുന്ന ഒരു ഉപായമാണ് പണിമുടക്ക്. വിരമിക്കൽ, പരിഹാരപ്രതീക്ഷയില്ലാത്തതുകൊണ്ട് ജോലി ഉപേക്ഷിക്കലാണ്. യോഗ്യമായ വിരമിക്കലിൽ, ഒരു ഭാഗത്തു ശരിയായ മുന്നറിയിപ്പും, മറുഭാഗത്തു്, കുറേക്കൂടി നല്ല കൂലി കിട്ടുവാനും അഴുക്കിലും ചെളിയിലും നിന്നു് രക്ഷനേടുവാനുമുള്ള സാദ്ധ്യതയും ഉണ്ടായിരിക്കുമെന്ന് അനുക്തസിദ്ധമാണ്. ഇങ്ങനെയുള്ള വിരമിക്കൽ, സമൂഹത്തെ അതിന്റെ അവമാനകരമായ മയക്കത്തിൽനിന്നും ഉണർത്തും; തൽഫലമായി പൊതുജനമനസ്സാക്ഷിയെ മൂടിക്കിടക്കുന്ന ചപ്പും ചവറും നിർമ്മാർജ്ജിതമാകും. അങ്ങനെ ഒററയടിക്ക്, ഭംഗികൾ തോട്ടിപ്പണിയെ ഒരു സുന്ദരകലയുടെ മണ്ഡലത്തിലേക്ക് ഉയർത്തുകയും പണ്ടേതന്നെ അതിനു സംപ്രാപ്തമാകേണ്ടിയിരുന്ന പദവി നല്കുകയും ചെയ്യും.

## 94

ന്യായീകരണയോഗ്യമല്ലാത്ത യാതൊരു പണിമുടക്കും ഉണ്ടാവാൻ പാടില്ലെന്നു സ്പഷ്ടമാണ്. നീതികെട്ട പണിമുടക്ക് വിജയിച്ചുകൂടാ. അത്തരം പണിമുടക്കിൽനിന്നു പൊതുജനങ്ങളുടെ സകല സഹാനുഭൂതിയും പിൻവലിക്കണം.

പൊതുജനസമ്മതന്മാരായ നിഷ്പക്ഷമതികളുടെ പിന്തുണയില്ലാത്ത ഒരു പണിമുടക്കിന്റെ യോഗ്യത നിർണ്ണയിക്കുവാൻ മാലോകർക്ക് മാർഗ്ഗമൊന്നുമില്ല. തല്പരകക്ഷികാക്ക് സ്വന്തം വാദത്തിന്റെ യോഗ്യതായോഗ്യതകാം നിർണ്ണയിക്കുവാൻ സാദ്ധ്യമല്ല. ആകയാൽ ഉഭയകക്ഷികളും അംഗീകരിച്ചിട്ടുള്ള മദ്ധ്യസ്ഥതീരുമാനമോ നീതിന്യായവിധിയോ ആവശ്യമാണ്. സാമാന്യമാ

---

94. Harijan, 11-8-1946 (Towards Non-violent Socialism, pp. 113—115)

digitized by www .sreyas.in

യിപ്പറഞ്ഞാൽ, അംഗീകൃതമദ്ധ്യസ്ഥതീരുമാനമോ, നീതിന്യായ വിധിയോ ഉണ്ടായാൽ, സംഗതി പൊതുജനസമക്ഷം വരികില്ല. എന്നാൽ ഉദ്ധതന്മാരായ തൊഴിലുടമകളിൽ ചിലർ മദ്ധ്യസ്ഥതീരുമാനങ്ങളെ അവഗണിച്ചതായും, വഴിതെററിക്കപ്പെട്ട തൊഴിലാളികൾ കാര്യം നേടാൻ തങ്ങൾക്കുതന്നെ കഴിവുണ്ടെന്നുറച്ച് അതിന്മണ്ണം തീരുമാനങ്ങളെ വിഗണിക്കുകയും അവകാശങ്ങൾ ബലാല്ക്കാരമായി പിടിച്ചുപററാൻ നിശ്ചയിക്കുകയും ചെയ്യതായും ദൃഷ്ടാന്തങ്ങൾ ഉണ്ടായിട്ടുണ്ട്.

സാമ്പത്തികോന്നമനത്തിനുവേണ്ടിയുള്ള പണിമുടക്കുകൾക്കു പിമ്പിൽ ഒരു രാഷ്ട്രീയലക്ഷ്യം ഒരിക്കലും ഉണ്ടായിരിക്കാൻപാടില്ല. അപ്രകാരമുള്ള കുട്ടിക്കുഴക്കൽ രാഷ്ട്രീയലക്ഷ്യത്തെ ഒരിക്കലും പുരോഗമിപ്പിക്കുകയില്ല; മാത്രമല്ല, പോസ്റ്റൽവകുപ്പുപോലെ പൊതുജനോപയോഗപ്രദമായ വകുപ്പുകളിൽ ഉണ്ടാകുന്ന പണിമുടക്കുകളെന്നപോലെ, അവ പൊതുജീവിതത്തെ താറുമാറാക്കുന്നില്ലെങ്കിലും, പണിമുടക്കുകാക്ക് വൈഷമ്യമുണ്ടാക്കിവയ്ക്കുന്നു. ഗവണ്മെൻറിനാണെങ്കിൽ ചില അസൗകര്യങ്ങൾ ഉണ്ടാകുമെന്നേയുള്ളു. പക്ഷേ അതു സ്തംഭിച്ചുപോകയില്ല. പണക്കാർ എന്തും ചെലവാക്കി തപ്പാൽസൗകര്യങ്ങളുണ്ടാക്കും. പാവപ്പെട്ടവരായ ബഹുഭൂരിപക്ഷം ജനങ്ങൾക്ക്, അവർ തലമുറകളായി അനുഭവിച്ചുവരുന്നതും പ്രാഥമികപ്രാധാന്യമുള്ളതുമായ ഒരു സൗകര്യം അത്തരം പണിമുടക്കുകാലത്ത് ഇല്ലാതെപോകും. ന്യായമായ മററു സകല മാർഗ്ഗങ്ങളും പ്രയോഗിച്ചുനോക്കി പരാജയപ്പെട്ടപ്പോൾ മാത്രമേ അത്തരം പണിമുടക്കുകൾ നടത്താവൂ.

ഇപ്പോഴത്തെ കാര്യം സംബന്ധിച്ചാണെങ്കിൽ, നമുക്കു നാഷണൽ പ്രൊവിൻഷ്യൽ ഗവണ്മെൻറുകൾ ഉണ്ട്. അങ്ങേ അററത്തെ നടപടി യെടുക്കുന്നതിനു മുമ്പ് തപ്പാൽതൊഴിലാളികൾ ഈ ഗവണ്മെൻറുകളുമായി ആലോചന നടത്തണം. എനിക്കു മനസ്സിലായിട്ടുള്ളിടത്തോളംകൊണ്ട് ഒരു കാര്യം പ്രസ്താവിക്കാനാകും. ശ്രീ ബാലാസാഹേബ് ഖേർ, ശ്രീ മംഗൽദാസ് പക്വാസ, സർദാർ വല്ലഭ്ഭായിപട്ടേൽ എന്നിവർ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. അവരുടെ ഉപദേശത്തെ വിഗണിച്ച് ആളുകൾ പ്രവർത്തിക്കുന്നുവെങ്കിൽ അതു ഗൗരവാവഹമായ ഒരു അപകടനടപടിയാണ്. ശക്തങ്ങളായ ഈ എല്ലാ യൂണിയനുകളും തങ്ങളുടെ സ്വന്തം ഗവണ്മെൻറുകളേയും പ്രവർത്തകക്കമ്മിററിയംഗങ്ങളേയും അവഗണിക്കുന്നെങ്കിൽ, അവർ കോൺഗ്രസ്സിനെ നിരാകരിക്കുകയാണ് ചെയ്യുന്നതു്. അവരുടെ താല്പര്യങ്ങൾക്കു വിരുദ്ധമായിട്ടാണ് കോൺഗ്രസ്സ് പ്രവർത്തിക്കുന്നതെങ്കിൽ, കോൺഗ്രസ്സിനെ നിരാകരിക്കാനുള്ള അവകാശം അവക്കുണ്ട്.

digitized by www .sreyas.in

വിഷമം അനുഭവിക്കുന്ന ജനങ്ങൾ സങ്കടപരിഹാരത്തിനു തങ്ങളുടെ അധീനതയിലുള്ള എല്ലാ മാർഗ്ഗവും നോക്കിക്കഴിഞ്ഞു വെന്നു നിർണ്ണായകമായിത്തെളിയുന്നതുവരെ, തങ്ങളുടെ താല്പര്യ ങ്ങളെ കോൺഗ്രസ്സ് അവഗണിച്ചുവെന്നോ ഒററിക്കൊടുത്തുവെ ന്നോ തെളിയുന്നതുവരെ, അഥവാ മക്കടമുഷ്ടികളും സഹഭാവര ഹിതരുമായ അധികാരികളിൽനിന്നു് നീതി നേടുവാൻവേണ്ടി അനുഭാവപ്പണിമുടക്കിനു കോൺഗ്രസ്സ് ആഹ്വാനംചെയ്യുന്നതുവരെ അനുഭാവപ്പണിമുടക്കുകൾ നിഷിദ്ധങ്ങളായിത്തന്നെ ഇരിക്കണം.

ഭരണകൂടത്തെ സ്തംഭിപ്പിക്കുന്ന പണിമുടക്കുകൾ രാജ്യത്തൊ ട്ടാകെ നടക്കുന്നതായി കേൾക്കാം. ഈ സ്തംഭിപ്പിക്കൽ രാഷ്ട്രസം ബന്ധിയായ ഒരു ആത്യന്തികനടപടിയാണ്. കോൺഗ്രസ്സിനെ പ്പോലെയുള്ള ഒരു സംഘടനയ്ക്കു മാത്രമേ ആ നടപടി സ്വീകരി ക്കുവാൻ അർഹതയുള്ളു. യൂണിയനുകൾക്കുപോലും—അവ എത്ര തന്നെ ശക്തങ്ങളായിരുന്നുകൊള്ളട്ടെ—ഈ അർഹതയില്ല. ജനത യുടെ സ്വാതന്ത്ര്യസമ്പാദനാർത്ഥമുള്ള മുഖ്യഹസ്തമാണ് കോൺഗ്രസ്സെ ങ്കിൽ, ഗവണ്മെൻറിനെ സ്തംഭിപ്പിക്കുന്ന കർമ്മപരിപാടി ആ ഹ സ്തത്തിൽത്തന്നെ നിക്ഷിപ്തമായിരിക്കണം.

ഈ സമയത്തും, കോൺഗ്രസ്സ് ആലോചനയിൽ ഇരിക്കുന്ന കോൺസ്റ്റിററ്യുവൻറ് അസംബ്ലിയെ വിജയത്തിൽ എത്തിക്കുവാ നുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കയാണ്. നിരവധി വൈഷമ്യ ങ്ങൾ മുമ്പിലുണ്ട്. സ്തംഭനപ്പണിമുടക്കുകൾ കോൺഗ്രസ്സിൻെറ പ്ര വർത്തനപരിപാടിയെ വല്ലാതെ ബാധിക്കും.

മുൻപ്രസ്താവിച്ച സംഗതികളനുസരിച്ചു രാഷ്ട്രീയപ്പണിമുട ക്കുകൾ അവയുടെതന്നെ യോഗ്യതായോഗ്യതകളുടെ അടിസ്ഥാന ത്തിൽ പരിഗണിക്കപ്പെടണം. അവയെ സാമ്പത്തികപ്പണിമുടക്കു കളുമായി ഒരിക്കലും കൂട്ടിക്കുഴയ്ക്കുകയോ ബന്ധപ്പെടുത്തുകയോ ചെയ്തു കൂടാ. അഹിംസാത്മകകർമ്മപരിപാടിയിൽ രാഷ്ട്രീയപ്പണിമുട ക്കുകൾക്കു നിശ്ചിതമായ സ്ഥാനമുണ്ട്. ഒരിക്കലും അവയെ തോ ന്നിയപോലെ എടുത്തു പ്രയോഗിച്ചുകൂടാ. അവയിൽ ഒളിവോ മറവോ തെമ്മാടികളുടെ നേതൃത്വമോ ഒരിക്കലും പാടില്ല. അവ അക്രമത്തിലേക്കു തിരിയാൻ ഒരിക്കലും ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

അതുകൊണ്ടു് എല്ലാ പണിമുടക്കുകാരോടും എൻെറ വിനീത മായ നിർദ്ദേശം ഇതാണ്: നിങ്ങൾ മദ്ധ്യസ്ഥതീരുമാനത്തിനു് അഥവാ നീതിന്യായവിധിക്കു് വിധേയരായിരിക്കുമെന്നു തുറന്നു പ്രസ്താവിക്കുക. കോൺഗ്രസ്സിൻെറ മാർഗ്ഗദർശനം ആവശ്യപ്പെടു ക, അതിൻെറ ഉപദേശമനുസരിച്ചു പ്രവർത്തിക്കുക. കോൺഗ്ര സ്സ്, ആലോചനയിൽ ഇരിക്കുന്ന കോൺസ്റ്റിററ്യുവൻറ് അസം ബ്ലിയെ വിജയത്തിൽ എത്തിക്കുന്ന ശ്രമത്തിൽ ഏർപ്പെട്ടിരിക്കെ,

digitized by www .sreyas.in

പ്രൊവിൻഷ്യൽ നാഷണൽ ഗവണ്മെൻറുകളുടെ ഭരണം നടന്നുകൊണ്ടിരിക്കെ, എല്ലാ അനുഭാവപ്പണിമുടക്കുകാരും പ്രവർത്തനം നിർത്തിവയ്ക്കട്ടെ.

## 95

പണിമുടക്കുകരം ഇന്നു സാർവ്വത്രികമായ ഒരു മഹാമാരിയായിട്ടുണ്ട്. എവിടേയുമുണ്ടു പണിമുടക്കുകരം — അമേരിക്കയും ഇംഗ്ലണ്ടും ഇക്കാര്യത്തിൽ ഒഴിഞ്ഞുനില്ക്കുകയല്ല. എന്നാൽ ഇൻഡ്യയിൽ അവയ്ക്കൊരു പ്രത്യേകാത്മമുണ്ട്. ഒരു അസ്വാഭാവികമായ പരിതസ്ഥിതിയിലാണു നാം ജീവിക്കുന്നതു്. മേൽമൂടി നീങ്ങി സ്വാതന്ത്ര്യത്തിന്റെ പുതുവായു ഉള്ളിലേക്കു കടക്കുന്നതോടെ പണിമുടക്കുകരം എണ്ണത്തിൽ കൂടിവരും. ഈ വ്യാപകമായ പണിമുടക്കജ്വരത്തിന്റെ മൗലികകാരണം ഇതാണ്: മറെറല്ലായിടത്തും എന്നപോലെ ഇവിടേയും ജീവിതം അതിന്റെ അടിസ്ഥാനത്തിൽനിന്ന്, മതപരമായ അടിസ്ഥാനത്തിൽനിന്ന്, ഉന്മൂലനം ചെയ്യപ്പെട്ടിരിക്കുന്നു. അതിന്റെ സ്ഥാനം ഒരു ആംഗലേയൻ 'കാഷ് നെക്സസ്' എന്നു നാമകരണം ചെയ്തിട്ടുള്ള ധനപരമായ ബന്ധം കരസ്ഥമാക്കിയിരിക്കുന്നു. അപകടംപിടിച്ചൊരു ബന്ധമാണതു്. മതപരമായ അടിസ്ഥാനം ഉള്ളപ്പോരം തന്നെയും പണിമുടക്കുകരം ഉണ്ടാവും. കാരണം മതം സകലരുടേയും ജീവിതത്തിന്റെ അടിസ്ഥാനമായിത്തീർന്നിട്ടുണ്ടാവുമെന്നു വിചാരിച്ചുകൂടാ. അതുകൊണ്ടു് ഒരുവശത്തു ചൂഷണശ്രമവും മറുവശത്തു പണിമുടക്കിനുള്ള ശ്രമവും നടക്കും. പക്ഷേ അപ്പോരം ഈ പണിമുടക്കുകരം തനി അഹിംസാസ്വഭാവമുള്ളവയായിരിക്കും. ഇത്തരം പണിമുടക്കുകരം ആക്ഷേപം ഉപദ്രവം ഉണ്ടാക്കുകയില്ല. ജനറൽ സ്മട്ട്സിനെ മുട്ടുകുത്തിച്ചതു് ഒരുവേള ഇത്തരത്തിലുള്ള ഒരു പണിമുടക്കായിരിക്കാം. ''നിങ്ങരം ഒരു ഇംഗ്ലീഷുകാരനെ ദേഹോപദ്രവം ചെയ്തിരുന്നെങ്കിൽ,'' ജനറൽ സ്മട്ട്സ് പറയുകയാണു്, ''നിങ്ങളെ ഞാൻ വെടിവയ്ക്കുകയും നിങ്ങളുടെ ആളുകളെ നാടുകടത്തിക്കളയുകയും ചെയ്യുമായിരുന്നു. ഇപ്പോഴാകട്ടെ നിങ്ങളെ ഞാൻ ബന്ധനത്തിലാക്കി, നിങ്ങളേയും നിങ്ങളുടെ ആളുകളെയും എല്ലാവിധത്തിലും അമർച്ചചെയ്യുവാൻ ശ്രമിച്ചു. എന്നാൽ നിങ്ങരം പ്രതികാരംചെയ്യാതിരിക്കെ എത്രനാരം ഈ വിധത്തിൽ എനിക്കു മുന്നോട്ടുപോകാനാവും?'' അങ്ങനെ അദ്ദേഹത്തിനു് ''കൂലി''കളുടെ പ്രതിനിധിയായ വെറുമൊരു ''കൂലി''യുമായി — ദക്ഷിണാഫ്രിക്കയിൽ എല്ലാ ഭാരതീയരേയും ''കൂലി''യെന്നാണു വിളിച്ചുവന്നതു് — ഒത്തുതീർപ്പിലെത്തേണ്ടിവന്നു.

---

95. Harijan, 22-9-1946 (Economic and Industrial Life and Relations, vol. III. P, 143)

digitized by www .sreyas.in

96

സാമാന്യേന തൊഴിലാളികഠം തങ്ങളുടെ കടമകഠം, തത്സദൃശങ്ങളായ കടമകഠം തൊഴിലാളികളോടുമുള്ള യജമാനന്മാരേക്കാഠം കൂടുതൽ നീതിബോധത്തോടും ഫലപ്രദമായും നിർവ്വഹിക്കും എന്നുള്ളതാണ് എവിടേയും എന്റെ അനുഭവം. അതുകൊണ്ടു തങ്ങളുടെ യജമാനന്മാരുടെമേൽ എത്രകണ്ടു സ്വേച്ഛാശക്തി പ്രയോഗിക്കാനാവുമെന്നു തൊഴിലാളികഠം മനസ്സിലാക്കേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു. വേണ്ടത്ര കൂലിയും താമസസൗകര്യവും ലഭിക്കുന്നില്ലെന്നു കാണുന്നപക്ഷം, നമുക്കു് എങ്ങനെ കൂടുതൽ കൂലിയും നല്ല വാസസൗകര്യങ്ങളും സ്വായത്തമാക്കാം? തൊഴിലാളികഠംക്കു് ആവശ്യമുള്ള സുഖസൗകര്യങ്ങളുടെ മാനദണ്ഡം ആരാണു നിശ്ചയിക്കുക? തൊഴിലാളികളായ നിങ്ങഠം നിങ്ങളുടെ അവകാശങ്ങഠം എന്തെല്ലാമാണെന്നു മനസ്സിലാക്കുക; നിങ്ങളുടെ അവകാശങ്ങഠം നടപ്പിൽവരുത്തുന്നതെങ്ങനെയെന്നു് അറിയുക—ഇതാണു് ഉത്തമമായ മാർഗ്ഗം, സംശയമില്ല. എന്നാൽ ഇതിലേയ്ക്കു മുൻകൂട്ടി അല്പം പരിശീലനം നിങ്ങഠംക്കു ലഭിക്കേണ്ടതുണ്ടു്.

തൊഴിലാളികഠം വേണ്ടത്ര സംഘടിതരും ത്യാഗസന്നദ്ധരുമാണെങ്കിൽ അവക്കു് അവകാശങ്ങഠം കണക്കുപറഞ്ഞു വാങ്ങാൻ എപ്പോഴും കഴിയുമെന്നാണു് എന്റെ വിനീതമായ അഭിപ്രായം. മുതലാളിമാർ എത്രത്തോളം മർദ്ദകന്മാരാണെന്ന സംഗതി അവിടെ കിടക്കട്ടെ. തൊഴിലാളി പ്രശ്നവുമായി ബന്ധപ്പെട്ടവക്കും തൊഴിലാളിപ്രസ്ഥാനനേതാക്കഠംക്കുംതന്നെ, മുതലാളിക്കു് ഒരിക്കലും സ്വാധീനമാകാനിടയില്ലാത്ത തൊഴിലാളിയുടെ കഴിവുകളെപ്പററി യാതൊരു ബോധവും ഇല്ല. തങ്ങളേക്കൂടാതെ മുതലാളിമാർ തികച്ചും നിസ്സഹായരാണെന്നു തൊഴിലാളികഠം അറിയുകയും, ശരിക്കു മനസ്സിലാക്കുകയും ചെയ്താൽമതി; അവക്കു തന്റേടമുണ്ടാവാൻ പിന്നെ താമസമില്ല.

## ഡി. തൊഴിലാളിക്ഷേമം

97

സ്വന്തം ശക്തി അറിയാവുന്നവക്കു തങ്ങളുടെ സ്ഥിരം ജോലി വിട്ടുനില്ക്കേണ്ടിവരുന്നതു് ഒരു പ്രശ്നമല്ല. യഥാർത്ഥ

96. Speeches and Writings of Mahatma Gandhi, P. 1046 (India of My Dreams, P. 42)

97. 1918-ലെ അഹമ്മദ്ബാദ് തുണിമിൽപ്പണിമുടക്കു സംബന്ധിച്ചു പുറപ്പെടുവിച്ച 11-ാമതു ലഘുലേഖയിൽനിന്നു്. (Economic and Industrial Life and Relations, vol. III, P. 131)

digitized by www .sreyas.in

ത്തിൽ തൻെറ പോരിമയെപ്പററി ബോധമുണ്ടെങ്കിൽ ഒരു തൊഴിലാളിക്കു ജോലി പൊയ്പ്പോകുന്നതിൽ അസ്വസ്ഥനാകേണ്ട കാര്യമില്ല. അത്രമേൽ സ്വതന്ത്രനായിരിക്കാൻ അയാൾക്കു കഴിയും. ഒരു ധനികൻെറ ധനമെല്ലാം ഒരു ദിവസം എങ്ങനെയോ അപ്രത്യക്ഷമായെന്നു വരാം; വല്ലവരും അപഹരിച്ചെന്നോ സ്വയം ധൂർത്തടിച്ച് അവസാനത്തെ പൈസവരെ കളഞ്ഞുകുളിച്ചെന്നോ വരാം; അഥവാ കണക്കുകൂട്ടലിൽവന്ന പിഴവുമൂലം അയാൾ പാപ്പരായെന്നും വരാം. എന്നാൽ ഒരു തൊഴിലാളിയുടെ മൂലധനമാകട്ടെ ഒരിക്കലും ഒടുങ്ങുന്ന ഒന്നല്ല. ആർക്കും അതു ചോരണം ചെയ്യാനാവുകില്ല. അതിൽനിന്ന് ആഗ്രഹിക്കുന്ന പലിശ എക്കാലവും കിട്ടിക്കൊണ്ടിരിക്കയും ചെയ്യും. തൻെറ കൈകാലുകളുടെ കഴിവും, തൻെറ നൈപുണിയും അന്തശ്ശക്തിയും ഒക്കെ ചേർന്നതാണ് ആ മൂലധനം. അയാൾക്കു കിട്ടുന്ന കൂലിയാണ് അതിൻെറ പലിശ. സാധാരണഗതിയിൽ കൂടുതൽ അദ്ധ്വാനിക്കുന്നവനു കൂടുതൽ പലിശ കിട്ടും. അലസനായ തൊഴിലാളി തീർച്ചയായും പട്ടിണിയിലാണ്ടുപോകും. അയാൾ വിഷണ്ണനായിരിക്കും. എന്നാൽ ഉത്സാഹശാലിക്ക് ഒരു നിമിഷംപോലും ജീവസന്ധാരണപ്രശ്നം സംബന്ധിച്ച് അസ്വസ്ഥനാവാൻ കാരണമുണ്ടാവില്ല.

## 98

കത്തിൽ കൊടുത്തിരിക്കുന്ന കണക്കും വിവരണവും തികച്ചും ശരിയാണെന്നു തീർത്തുപറയാൻ എനിക്കു നിർവ്വാഹമില്ല. എന്നാൽ രണ്ടും ശരിയാണെന്ന് അപാകതാശങ്കകൂടാതെ കരുതാം. ലേഖകൻ പറയുന്നു. അവരെ യാതനയിൽനിന്നു മോചിപ്പിക്കാമെന്ന് ദേശബന്ധു വാഗ്ദാനം ചെയ്തിരുന്നുവെന്ന്. ദേശബന്ധുവിൻെറ അകാലചരമംമൂലം ആരംഭിക്കാൻപോലും കഴിയാതെവന്ന ആ ജോലി ഞാൻ ഏറെറടുത്തു പൂർത്തിയാക്കണമെന്ന് അദ്ദേഹം എന്നോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ഒരു സിനിമാക്കമ്പനിപ്രവർത്തകനു മിൽപ്പരിസരങ്ങളിൽ സിനിമാപ്രദർശനം നടത്തുന്നതിനും, തൊഴിലാളികളുടെ ഇടയിൽ ചക്കുകളും നെയ്ത്തുതറികളും സ്ഥാപിക്കുന്നതിനും മൂലധനമായി പതിനായിരം രൂപാ ഞാനുണ്ടാക്കിക്കൊടുക്കണമെന്നാണ് ലേഖകൻെറ പിന്നത്തെ നിർദ്ദേശം.

ലേഖകൻെറ ഉദ്ദേശ്യം നല്ലതുതന്നെ. എന്നാൽ സ്ത്രീപുരുഷന്മാരെ സാക്ഷരരാക്കിത്തീർക്കാനോ, അദ്ദേഹം പ്രസ്താവിക്കുന്നതുപോലെയുള്ള സ്വഭാവദൂഷ്യങ്ങളിൽനിന്ന് അവരെ അകററുവാനോ,

98. Young India, 24-9-1925 (Towards Non-violent Socalism, P. 56)

digitized by www .sreyas.in

സിനിമാ പ്രയോജനപ്പെടുകില്ലെന്ന് അദ്ദേഹത്തിന് അറിഞ്ഞുകൂടെന്ന സ്പഷ്ടം. ഒരു ഉപതൊഴിൽ എന്ന നിലയിൽ, നെയ്ത്തുതറി യിൽ ജോലിചെയ്യുവാനോ, ചക്കയിൽ നൂലുനൂല്ക്കുന്നതിനോ ഈ തൊഴിലാളികൾ സന്നദ്ധരാകാനിടയില്ല — കാരണം, അവക്ക് അതിന്റെ ആവശ്യകതയില്ല — എന്നുള്ളതും അദ്ദേഹത്തിനറിഞ്ഞുകൂടാ. ഹർത്താലിന്റെ ഘട്ടങ്ങളിലോ ജോലിയില്ലാതെ വരുമ്പോഴോ പ്രയോജകീഭവിക്കത്തക്കവണ്ണം നൂൽനൂൽപ്പും നെയ്ത്തും അവർ പഠിക്കുന്നതു കൊള്ളാം. തൊഴിലാളികളുടെ ഇടയിൽ സന്മാർഗ്ഗികവും സാമൂഹ്യവുമായ പരിഷ്കാരങ്ങൾ വരുത്തുവാൻ വളരെ വൈഷമ്യവും ബദ്ധപ്പാടും ഉണ്ട്. സാവധാനം മാത്രമേ അതു സാധിക്കാനാവുകയുള്ളൂ. വിശേഷിച്ചും അവരുടെയിടയിൽത്തന്നെ താമസിക്കുന്നവരും തങ്ങളുടെ സ്വഭാവമാഹാത്മ്യംകൊണ്ടു മിൽത്തൊഴിലാളികളുടെ ജീവിതത്തെ പരിവർത്തനം ചെയ്യിക്കാൻ കഴിവുള്ളവരുമായ പരിഷ്കർത്താക്കൾക്കു മാത്രമാണ് അതു സാദ്ധ്യമാവുന്നതും. അത്തരം പ്രവർത്തനങ്ങൾക്കു മൂലധനം വേണ്ട. വല്ലതും വേണമെങ്കിൽത്തന്നെ മിൽത്തൊഴിലാളികൾ സന്തോഷപൂർവ്വം അതു തന്നുകൊള്ളും. വാസ്തവത്തിൽ ഇന്ന് അഹമ്മദാബാദിൽ അങ്ങനെ നടക്കുന്നുണ്ട്. ജംഷദ്പൂരിൽ ഉടനെ അങ്ങനെ നടക്കാനും പോകുന്നുണ്ട്.

## 99

ഷോലാപ്പൂരിൽ ആശ്ചര്യകരമായ ക്ഷേമപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അവിടെ തൊഴിലാളികൾക്കു സാമാന്യം നല്ല പാർപ്പിടസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്, അവരുടെ കാര്യങ്ങൾ വേണ്ടവണ്ണം നോക്കുന്നുമുണ്ട്. എന്നാൽ അവിടെയും മിൽത്തൊഴിലാളികൾ അതൃപ്തരായി കൂടുതൽ വേതനത്തിനും മററും ആവശ്യപ്പെടുന്നെങ്കിൽ അത്ഭുതപ്പെടാനില്ല. അസംതൃപ്തി ആവുന്നത്ര ലഘൂകരിക്കാനുള്ള അസംഖ്യം ഏർപ്പാടുകൾ അവിടെ മാനേജരന്മാർ ചെയ്തിട്ടുണ്ട്. നിങ്ങൾക്ക് അവരുമായി ആലോചിക്കാവുന്നതാണ്. ഞാനും ആലോചിച്ചേനേ. എന്നാൽ എന്റെ ആളുകൾ ഏതുകാര്യം സംബന്ധിച്ചാണ് അസംതൃപ്തരാവുക എന്ന് എനിക്ക് അറിയാൻ കഴിയുന്നില്ല.

ഞാനൊരു മുതലാളിയായിരുന്നെങ്കിൽ, തങ്ങൾ ചൂഷണം ചെയ്യപ്പെടുന്നു എന്നും തങ്ങളുടെ ഏററവും കുറഞ്ഞ ആവശ്യങ്ങൾ സാധിച്ചുകിട്ടുന്നില്ല എന്നും എന്റെ ആളുകൾക്കു തോന്നിയാൽ പ്പിന്നെ ഒരൊററ ദിവസത്തേക്കുകൂടി ഞാൻ എന്റെ വ്യാപാരം

99. Young India, 9-6-1927 (Towards Non-violent Socialism pp. 58-59)

digitized by www .sreyas.in

തുടരുകയില്ല. എന്നാൽ ഇന്ന നിങ്ങൾ ക്ഷമിക്കുക. എനിക്കു കുറേ കൂടി ശക്തിയുണ്ടാവട്ടെ. അപ്പോൾ നമുക്കു് ഈ സംഗതി ദീർഘമായി ചർച്ചചെയ്യാം.

100

ലേഖകന്റെ തരക്കാരെ നെററാളിലും ചമ്പരാനിലും ഞാൻ കണ്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഉദ്ദേശ്യം നല്ലതാണു്. പക്ഷേ ഹൃദയാലുവായ ഒരു ഗോപാലകനിൽ കവിഞ്ഞ സ്ഥാനം തനിക്കു് ഇല്ലെന്നു് അദ്ദേഹം അറിയുന്നില്ല. കന്നുകാലികളോടെന്നപോലെ മനുഷ്യരോടു പെരുമാറാമെന്നു് ഒരിക്കൽ സമ്മതിച്ചാൽ, മൃഗങ്ങളോടു ക്രൂരമായിപ്പെരുമാറുന്നതിനെത്തടയുന്ന സമിതിയിൽനിന്നും അനേകം യൂറോപ്യൻ മാനേജരന്മാരും യോഗ്യതാസർട്ടിഫിക്കററുകൾ കരസ്ഥമാക്കും. വിലകൂടാതെ ഔഷധങ്ങൾ കൊടുക്കുക, ഫീസില്ലാതെ വൈദ്യശുശ്രൂഷ നല്കുക, വാടകകൂടാതെ വാസസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, പാട്ടമില്ലാതെ മേച്ചിൽസ്ഥലങ്ങൾ വിട്ടുകൊടുക്കുക, എന്നിവയൊക്കെ ''കൂലി''യെ എന്നും അടിമത്തത്തിൽ വച്ചുകൊണ്ടിരിക്കാനുള്ള വിവിധ തന്ത്രങ്ങളാണെന്നു് അനുഭവത്തിൽനിന്നു് എനിക്കു മനസ്സിലായിട്ടുണ്ടു്. വേതനം മുഴുവൻ കൊടുക്കുകയും ഔഷധങ്ങൾക്കും വാസസൗകര്യങ്ങൾക്കും പണം ഈടാക്കുകയും ചെയ്യുന്നപക്ഷം, കുറേക്കൂടി സ്വതന്ത്രനായിരിക്കും അയാൾ.

101

മില്ലുടമകളും മററു ബിസിനസ്സുകാരും വ്യാവസായിക സ്ഥാപനങ്ങളും തങ്ങളുടെ ജോലിക്കാരോടു പിതൃനിർവ്വിശേഷമായ താല്പര്യം പ്രദർശിപ്പിക്കണമെന്നുള്ളതിനെപ്പററി പക്ഷാന്തരം ഉണ്ടാവാൻ തരമില്ല. തൊഴിലുടമയും തൊഴിലാളിയും തമ്മിൽ ഇന്നോളം നിലനിന്നുപോന്ന ബന്ധങ്ങൾ യജമാനഭൃത്യഭാവത്തിൽ ഉള്ളവയായിരുന്നു. അവ പിതൃപുത്രബന്ധത്തിന്റെ സ്വഭാവം കൈക്കൊള്ളണം. അതുകൊണ്ടു് ഞാൻ ആ പദ്ധതിയെ സ്വാഗതം ചെയ്യുന്നു.

എന്റെ അഭിപ്രായത്തിൽ വൈദ്യസഹായം ചെയ്യുന്നതു് ഫീസു ചുമത്താതെ ആയിക്കൂടാ. അതു് അകൃത്രിമവും ചെലവു കുറഞ്ഞതും ആയിരിക്കണം. ഒട്ടും അമാന്തം വരുത്താതെ ചെയ്ക യും വേണം. സൗജന്യമായ വൈദ്യസഹായം അവരുടെ സ്വാതന്ത്ര്യബോധത്തിനു തുരങ്കംവയ്ക്കാനിടയുണ്ടു്. ചിലപ്പോൾ ഇത്തരം

---

100. Young India, 29-6-1921 (Economic and Industrial Life and Relations, vol. I, P. lxxx)

101. Young India, 3-5-1928 (Towards Non-violent Socialism, pp. 87—88)

digitized by www .sreyas.in

സഹായങ്ങൾ മനസ്സില്ലാമനസ്സോടെയായിരിക്കും ചെയ്യുക. ചിലപ്പോൾ അവ ദുരുപയോഗം ചെയ്യപ്പെടാറുമുണ്ട്. ഈ രണ്ടുതരം ദുഷ്യങ്ങളിൽനിന്നും ഗൃഹസ്ഥാക്കളെ പരിരക്ഷിക്കേണ്ടതാണ്.

ഗൃഹസ്ഥാക്കളുടെയും തൊഴിലാളികളുടെയും മുഖ്യമായ പരാതി തങ്ങൾക്കു കുറഞ്ഞ ശമ്പളം നൽകുന്നു, തങ്ങളുടെ ക്ഷേമത്തിൽ ഉദാസീനത കാണിക്കുന്നു എന്നത്രേ. പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ ആ പരാതിക്കുള്ള ദൃഢവും ലഘുവുമായ ഒരു പരിഹാരമായിരിക്കും. അവയെ ഞാൻ സ്വാഗതം ചെയ്യുന്നു.

ചില കാര്യങ്ങളിൽ ഗൃഹസ്ഥാക്കളുടെ സ്ഥിതി വളരെക്കൂടുതൽ ദയനീയമാണ്, സംശയമില്ല. അവരുടെ ദുരവസ്ഥയുടെ ഒരു സ്പഷ്ടചിത്രം എന്റെ മനസ്സിൽ മുന്നിട്ടുനില്ക്കുന്നു. 1915—ൽ കൽക്കത്തായിൽവച്ച് മാർവാറി ഗൃഹസ്ഥാസംഘടന അവരുടെ സ്ഥിതിയെപ്പററി എനിക്കു മനസ്സിലാക്കിത്തന്നതാണ്. അവരുടെ നിസ്സഹായതയുടെ ഒരു ശോകാത്മക കഥയായിരുന്നു അതു്. ഗൃഹസ്ഥാക്കൾ എണ്ണത്തിൽ കുറച്ചേ ഉള്ളു. അവരുടെ സഹനശക്തിയും സംഘബലവും അപര്യാപ്തമാണ്. ഒരു ഗൃഹസ്ഥാവിന്റെ വീട്ടിൽ ചെലവിനു വകയുണ്ടാക്കുന്ന ഏക അംഗമാണ് അയാൾ. എന്നാൽ പ്രായേണ ഒരു തൊഴിലാളിയുടെ കുടുംബത്തിലെ എല്ലാ അംഗങ്ങളും വേലചെയ്തു കാശുണ്ടാക്കുന്നവരായിരിക്കും. സ്വന്തം സ്ഥിതി അഭിവൃദ്ധിപ്പെടുത്തുവാൻ ഗൃഹസ്ഥാക്കൾതന്നെ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അവർ സംഘടിക്കണം. തങ്ങളെ ആശ്രയിച്ചു കഴിയുന്നവരെ, പ്രത്യേകിച്ചും തങ്ങളുടെ കുടുംബിനികളെ, ആദായകരമായ വല്ല തൊഴിലും പരിശീലിപ്പിക്കണം. ആത്മവിശ്വാസമെല്ലാം നഷ്ടപ്പെട്ടുകഴിഞ്ഞിട്ടുള്ള നിസ്സഹായരാണവർ. വിശ്വസ്തരും, ജോലിപ്പിടിപ്പുള്ളവരും, മനസ്സാക്ഷിയനുസരിച്ചു പ്രവർത്തിക്കുന്നവരും, നല്ലതുപോലെ അധ്വാനിക്കുന്നവരും, നിരാശപ്പെടേണ്ട; സമുചിതമായ ഒരു പണി അവക്കു ലഭിക്കും.

ഒരേ അദൃശ്യസംഘടനയിലെ അംഗങ്ങളാണു തൊഴിലാളിയും ഗൃഹസ്ഥാവും മുതലാളിയും എന്നു ശരിയായ സാമൂഹിക ധനതത്ത്വശാസ്ത്രം നമ്മെ പഠിപ്പിക്കും. ആക്കും തമ്മിൽ വലുപ്പച്ചെറുപ്പമെന്നമില്ല. അവരുടെ താല്പര്യങ്ങൾക്കുതമ്മിൽ സംഘർഷമുണ്ടാകരുതു്; അവ അഭിന്നങ്ങളും അന്യോന്യാശ്രിതങ്ങളും ആവണം.

## 102

ആവശ്യമുള്ള സാധനങ്ങൾ കഴിയുന്നത്ര കുറഞ്ഞവിലയ്ക്കു വ്യുൽപ്പാദിപ്പിക്കാനുള്ള പ്രവണതയാണ് ഏജൻറന്മാർക്കുള്ളതെന്നു് ഇതി

102. Harijan, 13-7-1935 (Economic and Industrial Life and Relations, vol. III, pp. 72—73)

digitized by www .sreyas.in

നകം വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടല്ലോ. കൈത്തൊഴിലുകാരന്റെ സമ്പാദ്യത്തിന്മേലല്ലെങ്കിൽ പിന്നെ എവിടെയാണു കോടാലിവയ്ക്കുക? അതുകൊണ്ടു് ഏററവും കുറഞ്ഞ ഒരു കൂലിനിരക്കു വയ്ക്കണം. അല്ലെങ്കിൽ ഗ്രാമത്തിലെ കൈത്തൊഴിലുകാരൻ—അയാളുടെ നന്മയ്ക്കായിട്ടാണു് എ.ഐ.വി.ഐ.എ. സ്ഥാപിതമായതെങ്കിലും—കഷ്ടത്തിലാകാൻ സകല സാദ്ധ്യതയുമുണ്ടു്. ക്ഷമാശാലികളായ പാവപ്പെട്ട ഗ്രാമീണരെ ദീർഘകാലമായി നാം ചൂഷണം ചെയ്തുവരുന്നു. ജീവകാരുണ്യവ്യാജേന എ.ഐ.വി.ഐ.എ. ആ ചൂഷണത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കാതിരിക്കട്ടെ. കഴിയുന്നതും കുറഞ്ഞ വിലയ്ക്കു ഗ്രാമീണസാധനങ്ങൾ ഉല്പാദിപ്പിക്കയല്ല അതിന്റെ ഉദ്ദേശ്യം; ജോലിയില്ലാത്ത ഗ്രാമീണർക്കു ജീവിക്കാൻ മതിയായ കൂലി കിട്ടത്തക്കവണ്ണം തൊഴിലുണ്ടാക്കിക്കൊടുക്കുകയാണു്.

ഗ്രാമങ്ങളിൽ നിർമ്മിക്കുന്ന സാധനങ്ങൾക്കു വിലക്കയററം ഉണ്ടാക്കുന്ന ഏതൊന്നും എ.ഐ.വി.ഐ.എ.യുടെ സ്ഥാപനോദ്ദേശ്യത്തെ പരാജയപ്പെടുത്തുമെന്നു യുക്തിവാദംചെയ്തു കേൾക്കാറുണ്ടു്. വില കൂടിയപ്പോൾ ഗ്രാമീണസാധനങ്ങൾ ആരും വാങ്ങുകയില്ലെന്നാണു പറയുന്നതു്. ഉല്പാദകർക്കു ജീവിക്കുവാൻ മതിയായ പ്രതിഫലം മാത്രമേ കിട്ടുന്നുള്ളുവെങ്കിൽ ഒരു സാധനത്തിന്റെ വില വളരെക്കൂടുതലാണു് എന്നു വിചാരിക്കുന്നതെന്തിനു്? ഈ ആളുകളുടെ കൃപണാവസ്ഥ മനസിലാക്കുവാൻ ക്രേതാക്കളായ പൊതുജനങ്ങളെ ഉദ്ബോധിപ്പിക്കേണ്ടിയിരിക്കുന്നു. കഷ്ടപ്പെടുന്ന ജനലക്ഷങ്ങളോടു നമുക്കു നീതി ചെയ്യണമെന്നുണ്ടെങ്കിൽ നാം അവർക്കു ചെല്ലേണ്ടതെന്തോ അതു കൊടുക്കണം; ജീവിക്കത്തക്ക വേതനം കൊടുക്കണം. അവരുടെ നിസ്സഹായതയെ ഒരു സൗകര്യമായിക്കരുതി ഒരുനേരം ശരിക്കു വയറുനിറയ്ക്കാൻപോലും മതിയാവാത്ത വേതനമല്ല കൊടുക്കേണ്ടതു്.

ഏററവും കുറഞ്ഞ അഥവാ ജീവിക്കാൻതക്ക കൂലിയുടെ മാനദണ്ഡം നിശ്ചയിക്കുന്നതാണു് അത്യന്തം വിഷമകരമായ പ്രശ്നം. നല്ല കഴിവുള്ള ഒരു കൈത്തൊഴിൽക്കാരൻ ഒരു നിശ്ചിത പരിമാണത്തിൽ സാധനങ്ങളായി രൂപാന്തരപ്പെടുത്തുന്ന അയാളുടെ എട്ടു മണിക്കൂർ നേരത്തെ അത്യദ്ധ്വാനത്തിനു് 8 ണ. എന്നാണു ഞാൻ നിർദ്ദേശിച്ചിട്ടുള്ളതു്. ഏതാണ്ടൊരളവോളം ജീവിതാവശ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു നാമമാത്രവേതനം മാത്രമാണു് ഈ എട്ടണ. അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിൽ പൂർണ്ണവേതനം നേടത്തക്ക രണ്ടു തൊഴിൽക്കാരുണ്ടെങ്കിൽ അവർ അവധിയെടുക്കുകയോ രോഗബാധിതരാവുകയോ ചെയ്യാത്തപക്ഷം, ആ കുടുംബത്തിന്റെ വരവു് ഇപ്പറഞ്ഞ നിരക്കനുസരിച്ച് പ്രതിമാസം മുപ്പതു രൂപയായിരിക്കും. ഈ തുക അഞ്ചുപേർക്കു് ഒരു വലിയ വരുമാന

digitized by www .sreyas.in

മല്ല. ഇവിടെ നല്കിയ നിർദ്ദേശത്തിൽ സ്ത്രീപുരുഷഭേദമോ വയോ ഭേദമോ കണക്കിലെടുത്തിട്ടില്ല.

## 103

ഏതെങ്കിലും വ്യവസായസംരംഭത്തിൽ, ഒരുവിധം കഴിഞ്ഞുകൂടാൻപോരുന്ന ഏററവും കുറഞ്ഞ വേതനം കൊടുക്കാൻ സാധിക്കില്ലെങ്കിൽ വ്യവസായശാല അടച്ചിടുകയായിരിക്കും ഭേദം. നാം നടത്തുന്ന ഏതു വ്യവസായത്തിലും വേലക്കാരനു ജീവിക്കാൻതക്ക വിധം ന്യായപൂർവ്വമായിരിക്കണം വേതനം.

ക്ഷയിച്ചതോ ക്ഷയിച്ചുകൊണ്ടിരിക്കുന്നതോ ആയ വ്യവസായങ്ങളെപ്പററി മാത്രമാണു നാം ചിന്തിക്കുന്നത്. അവയെ പുനർജ്ജീവിപ്പിക്കാനാണ് നമ്മുടെ ശ്രമം. നിലവിലുള്ള വ്യവസായങ്ങളെ കുഴപ്പത്തിലാക്കാൻ നാം ഒരുമ്പെട്ടിട്ടില്ല. ഏററവും കുറഞ്ഞ കൂലി നിശ്ചയിക്കുന്നത് ഗ്രാമീണർക്കു കുറേക്കൂടി വൈഷമ്യഹേതുകമാകയില്ലേ? മൺപാത്രങ്ങൾ, വിളക്കുകൾ എന്നിവപോലെ ഗ്രാമീണരുടെ ദൈനംദിനജീവിതത്തിൽ ആവശ്യമുള്ള സാധനങ്ങളുടെ കാര്യം എങ്ങനെ? ഈവക സാധനങ്ങൾ പട്ടണവാസികൾ കൂടുതൽ വിലകൊടുത്തു വാങ്ങുന്നതുകൊണ്ട്, ഗ്രാമവാസികളും അവയ്ക്ക് ആ കൂടിയവില കൊടുക്കണമെന്നുണ്ടോ? ഇപ്പോൾത്തന്നെ പട്ടണപ്രാന്തങ്ങളിലുള്ള ഗ്രാമങ്ങളിൽ പാർക്കുന്ന ആളുകൾ അകലെയുള്ള ഗ്രാമങ്ങളിൽ പാർക്കുന്നവരെക്കാൾ കൂടുതൽ വില പാലിനു കൊടുത്തുകൊണ്ടിരിക്കുന്നു. ഇതു് അനിവാര്യമാണ്. എന്നാൽ ഗ്രാമവാസികൾ സാധനങ്ങളുടെ വില തമ്മിൽത്തമ്മിൽ വിനിമയം ചെയ്തു ശരിയാക്കിക്കൊള്ളും. മാത്രമല്ല, നമ്മുടെ സംഘടന ശരിയായി പ്രവർത്തിച്ചുതുടങ്ങുമ്പോൾ, ആശാരിയും കൊല്ലനും നൂൽനൂൽപ്പുകാരനും നെയ്ത്തുകാരനും അവരവരുടെ വിക്രയച്ചരക്കുകൾ കൊടുത്തു്, ഏററവും കുറഞ്ഞകൂലിയുടെ അടിസ്ഥാനത്തിലുള്ള വിലയ്ക്കു് കുശവനോടു മൺപാത്രങ്ങൾ വാങ്ങും. അവർ പാവപ്പെട്ട കുശവനുകൊടുത്ത വില കൂടിപ്പോയെന്നു് അപ്പോൾ പരാതിപ്പെടുകയില്ല. എന്നാൽ ഇതു് ഒരു വിദൂരലക്ഷ്യമാണ്. നമുക്കു തല്ക്കാലം ഗ്രാമങ്ങളിൽനിന്നു പട്ടണങ്ങളിലേക്കു പോകുന്ന സാധനങ്ങളെപ്പററിമാത്രം ചിന്തിക്കാം. ജീവിക്കാൻ ആവശ്യമായ കൂലിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏററവും കുറഞ്ഞ വിലയിൽ താഴ്ത്തി ഈ സാധനങ്ങൾ നാം വാങ്ങുകയില്ലെന്നു വയ്ക്കണം.

---

103. Harijan, 31-8-1935 (Towards Non-violent Socialism pp. 38—39)

digitized by www .sreyas.in

## 104

നമ്മുടെ പ്രസ്ഥാനത്തിന്റെ പേരിൽനിന്നു വ്യഞ്ജിക്കുന്നതു പോലെ, ഏററവും കുറഞ്ഞകൂലി കിട്ടുന്ന തൊഴിലാളികളായ നൂൽനൂൽപ്പുകാരെ പ്രതിനിധാനം ചെയ്യുക, അതായതു്, അവരുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുക, എന്നുള്ളതാണു നമ്മുടെ ലക്ഷ്യം. അതുകൊണ്ടു് അവക്കു മേൽക്കുമേൽ അഭിവൃദ്ധിയുണ്ടാകുന്നതിനായി കാണിക്കേണ്ട ഭാരം നമുക്കുണ്ടു്. ഓരോ ഗൃഹത്തിലും ഓരോ ചക്കയും ഓരോ ഗ്രാമത്തിലും ഒന്നോ അതിലധികമോ നെയ്ത്തുതറികളും ഉണ്ടായിരിക്കണമെന്ന എന്റെ ആദ്യത്തെ വ്യവസ്ഥ നിങ്ങൾ സ്മരിക്കുക. അന്നെന്നപോലെ ഇന്നും അതു് സംഗതമാണു്. സ്വയംപര്യാപ്തമായ ഖാദിയുടെ ആദർശം അതാണു്. എന്റെ അഭിപ്രായം നിങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കാൻ എനിക്കു സാധിക്കുമെങ്കിൽ, ഖാദി വിററഴിച്ചു നൂൽനൂൽപ്പുകാരെ സഹായിക്കുന്നതിലും ഉപരിയായി, സ്വന്തം ആവശ്യത്തിനു് അവരെക്കൊണ്ടു ഖാദി ഉണ്ടാക്കിച്ചു് അവരെ സഹായിക്കേണ്ടതാണെന്നു ഞാൻ ഉപദേശിക്കും. ഗ്രാമങ്ങളിൽ ഹോട്ടലുകൾ ഇല്ലാത്തതുകൊണ്ടു നമുക്കു നാംതന്നെ ചപ്പാത്തി പാകപ്പെടുത്തുന്നു. അതുപോലെ എല്ലാ ഗ്രാമങ്ങളും അതതിനു വേണ്ടത്ര ഖാദി നിർമ്മിക്കണം. ചിലേടത്തു വേണ്ടതിലധികം നിർമ്മിച്ചുകൂടെന്നില്ല. എന്നാൽ അതു് ആവശ്യകതയെമാത്രം ആശ്രയിച്ചിരിക്കും. നമ്മുടെ ഖാദി ആവശ്യമുള്ള നഗരവാസികളിൽനിന്നും ആർഡർ തീർച്ചയായും നമുക്കു സ്വീകരിക്കാം. ദൈനംദിനാവശ്യങ്ങൾക്കു് ആനുപാതികമായി, മണിക്കൂറിൽ ഇന്ന കൂലി എന്ന കണക്കിനു ജോലിചെയ്യാൻ തയാറുള്ളവരെക്കൊണ്ടു് അതിലേക്കു ഖാദി നിർമ്മിപ്പിക്കണം. ഇതുമൂലം ഖാദിയുടെ വില താല്ക്കാലികമായി ഇപ്പോഴത്തേക്കാൾ വർദ്ധിച്ചേക്കാം. ജനങ്ങളുടെ ദരിദ്രാവസ്ഥയെ നാം ദീർഘകാലം ചൂഷണം ചെയ്തുകൂടാ. നാം മനപൂർവ്വം ചൂഷണം ചെയ്തുവെന്നു ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. കഴിഞ്ഞ പതിന്നാലുകൊല്ലക്കാലമായി നാം ചെയ്തുപോന്ന സകലതിന്റെയും ഉത്തരവാദിത്വം ഞാൻ ഏല്ക്കുന്നു. നാം എന്തു ചെയ്തോ അതു് അനിവാര്യമായിരുന്നു. എന്നാൽ ഇപ്പോൾ ഒരു പുതിയ വ്യതിയാനം വേണ്ടിയിരിക്കുന്നു. കൂലിവേലക്കാരെ ശതാബ്ദങ്ങളായി നാം അവഗണിച്ചിരിക്കുകയായിരുന്നു. അവരെക്കൊണ്ടു പണിയെടുപ്പിക്കാനുള്ള അവകാശം നമുക്കുണ്ടെന്നു നാം അഹന്താപൂർവ്വം വിചാരിച്ചുപോന്നു. തങ്ങൾക്കു് ഇന്ന കൂലി കിട്ടണമെന്നു് ആവശ്യപ്പെടാനുള്ള അവകാശം അവക്കുണ്ടെന്നോ, നമുക്കു നമ്മുടെ പണമെന്നപോലെ അവക്കു് അവരുടെ അദ്ധ്വാനം മൂലധനമായുണ്ടെന്നോ ഉള്ള ചിന്ത ഒരിക്കലും ന

---

104. Harijan, 14-9-1935 (Economic and Industrial Life and Relations, vol. III, pp. 66—67)

digitized by www .sreyas.in

മ്മുടെ മനസ്സിലൂടെ കടന്നുപോയിട്ടില്ല. അവരുടെ ജീവിതനിലവാരം എങ്ങനെയിരിക്കണമെന്നും, അവരുടെ ആവശ്യങ്ങളെ അടിസ്ഥാനമാക്കി എത്ര മണിക്കൂർ അവർ ജോലി ചെയ്യണം. എത്ര മണിക്കൂർ അവക്കു് ഒഴിവുസമയം കിട്ടണം എന്നു നാം ചിന്തിക്കുവാൻ തുടങ്ങിയിരിക്കുന്ന കാലമാണിപ്പോഴം.

ഏതാനംപേക്കു് ഉയർന്ന വേതനം നല്കുന്നതിനേക്കാഠം, എല്ലാവക്കും കുറഞ്ഞ വേതനം നല്കുന്നതിനെ നൂൽനൂൽപ്പുകാർതന്നെ പൂർണ്ണമായി അനുകൂലിക്കുമെന്നു വാദിക്കുന്നതു നിരർത്ഥകമാണു്. ഇതുതന്നെയാണു് ഏതൊരു ചൂഷകൻെറയും അടിമകളെവെച്ചുകൊണ്ടിരിക്കുന്നവൻെറയും വാദഗതി. വാസ്തവത്തിൽ, ദാസ്യശൃംഖലയെ മാറോടണച്ചു ലാളിക്കുന്ന ഹതഭാഗ്യന്മാർ അടിമകളുടെ ഇടയിൽ ഉണ്ടായിരിക്കാം. എന്നാൽ അവരിൽ ഭൂരിപക്ഷത്തിൻെറയും ജോലി പൊയ്പോകുമെന്നു നിങ്ങഠം എന്തിനു ഭയപ്പെടുന്നു? അവക്കു നല്കാൻ വേറെ ജോലികഠം നമുക്കില്ലേ? നൂൽനൂല്പുപണിവിട്ടിട്ടു കുറേക്കൂടി ആദായകരമായ നെല്ലുകുത്തുപണി സ്വീകരിക്കുന്നതിനു് അവരെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ആന്ധ്രായിൽ സീതാരാമശാസ്ത്രി മടിക്കുകയുണ്ടായില്ല. നാം നമ്മെത്തന്നെ വഞ്ചിക്കാതിരിക്കുക. അവരുടെ ദാരിദ്ര്യംതന്നെ നമുക്കുതരം എന്നു നാം വിചാരിച്ചു. അവരുടെ വീക്ഷണകോണത്തിൽ നിന്നു നാം പ്രശ്നത്തെ ഒരിക്കലും അഭിവീക്ഷിച്ചിട്ടില്ല.

## 105

ഇനി ആദ്യത്തെ പ്രമാണം എടുക്കുക. ലാഭം ഉള്ള കാലത്തോളം കൂലികുറയ്ക്കുവാൻ മില്ലുകഠം ഉദ്ദേശിക്കുന്നതെന്തിനു്? വയററിലെ ഏതോ ക്രമക്കേടു പരിഹരിക്കുന്നതിനു് കാല്മുറിച്ചുകളയുവാൻ ആഗ്രഹിക്കുന്ന ഒരുവൻെറ മട്ടാണിതു്. ലാഭശതമാനം അല്പം കൂട്ടാമെന്നുവച്ചു് യന്ത്രോപകരണങ്ങളിൽ കുറവുവരുത്തുവാൻ അവർ മുതിരുമോ? ജീവനുള്ള യന്ത്രങ്ങളെന്നു വ്യവഹരിക്കാവുന്ന സ്ത്രീകളും പുരുഷന്മാരും നിർജ്ജീവ യന്ത്രോപകരണങ്ങളെക്കാഠം താണപടിയിലാണോ? വ്യവസായത്തിൻെറ അടിസ്ഥാനമെന്ന നിലയിൽ കുറഞ്ഞപക്ഷം യന്ത്രോപകരണങ്ങഠംക്കും കെട്ടിടങ്ങഠംക്കും നല്കാവുന്ന സ്ഥാനത്തിനെങ്കിലും അർഹരായ ജോലിക്കാരുടെ വേതനം ചെറിയൊരു ലാഭത്തിനുവേണ്ടി കുറയ്ക്കരുതു് എന്നു് നിർദ്ദേശിക്കുന്നപക്ഷം, അതു വളരെയധികം ആദർശപരമാണെന്നു പറയുവാൻതക്കവണ്ണം എന്തെങ്കിലും അതിൽ ഉണ്ടോ? ദയാലുക്കളായ ഓഹരിക്കാരുടെ (മില്ലുടമകളെ ഞാൻ ദയാലുക്കളായി ക

105. Harijan, 13-2-1937 (Economic and Industrial Life and Relations, vol. III, pp. 201—203)

digitized by www .sreyas.in

രുതുന്നു) അഭിപ്രായം ആരാഞ്ഞുനോക്കുക. ഒരു കാര്യം എനിക്കു ധൈര്യമായി പറയാൻ കഴിയും. തങ്ങളുടെ ലാഭത്തിനുകാരണക്കാരായ തൊഴിലാളികളുടെ വേതനത്തെക്കാൾ തങ്ങളുടെ ലാഭത്തെയാണ് കാര്യമായിക്കരുതേണ്ടതെന്നുള്ള സിദ്ധാന്തത്തെ അവർ കൈയോടെ നിരാകരിക്കാതിരിക്കില്ല.

ഒന്നാമത്തെ പ്രമാണത്തെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിക്കുകയെങ്കിലും ചെയ്താൽ, 'ജീവിക്കാൻപോന്ന കൂലി' എന്ന രണ്ടാമത്തെ തത്ത്വം അതിൽനിന്നു് അനുസിദ്ധമാകും. ലാഭം കുറയാൻ തുടങ്ങുന്നതിനു മുമ്പു വേതനം കുറയ്ക്കാൻ പാടില്ലെന്നുവരികിൽ, ഏതു് അതിർത്തിക്കപ്പുറം വേതനന്യൂനീകരണം പാടില്ലെന്നു് അറിയേണ്ടതു് ആവശ്യമാണ്. വേറൊരു പ്രകാരം പറഞ്ഞാൽ, ജീവിക്കാൻതക്ക കൂലി എത്രയെന്നു് ഒരു തീരുമാനം ഉണ്ടാകണം. ഈ കൂലിയുടെ പേരു് എന്തെങ്കിലും ആയിക്കൊള്ളട്ടെ. പേരെനിക്കത്ര കാര്യമല്ല. ഏററവും കുറഞ്ഞ വേതനമെന്നു നാമകരണം ചെയ്തോളൂ—ആ പ്രയോഗം കൂടുതൽ ഹൃദ്യമായിത്തോന്നുന്നെങ്കിൽ കാര്യം ഒന്നുതന്നെയാണ്. വെട്ടിക്കുറയ്ക്കുവാൻ പാടില്ലാത്ത വേതനം എന്നതിലടങ്ങിയിരിക്കുന്ന അർത്ഥം എന്നെ സംബന്ധിച്ചിടത്തോളം ഏററവും ശരിയായി ദ്യോതിപ്പിക്കുന്ന പേരാണു് 'ജീവിക്കാൻതക്ക കൂലി' എന്നതു്.

ജീവിക്കാൻ തക്ക കൂലി എന്ന തത്ത്വം സ്വീകരിച്ചുകഴിഞ്ഞാൽ, അതിൽ എന്തു് ഉൾക്കൊള്ളിക്കണം എന്നൊരു പരിശോധനകൂടി ആവശ്യമായിത്തീരുന്നു. ലഹരിസാധനങ്ങൾ അതിലൊരംശമാണോ? പുകയില അതിൽ ഉൾപ്പെടുത്തണമോ? പാലോ നെയ്യോ ഒഴിവാക്കണമോ? ഇതൊന്നും കേവലം സ്വപ്നപ്രായങ്ങളായ കാര്യങ്ങളല്ല; തൊഴിലാളിവർഗ്ഗത്തിന്റെ അസ്തിത്വത്തെത്തന്നെ സ്പർശിക്കുന്ന കാര്യങ്ങളാണു്. അവരുടെ കാര്യശേഷി പിഴവില്ലാത്ത ജീവിതത്തെയാണു് ഏറിയകൂറും ആശ്രയിച്ചിരിക്കുന്നതു്. കാര്യശേഷി വർദ്ധിക്കുന്നതോടൊപ്പം ലാഭക്കൂടുതലിനുള്ള സാദ്ധ്യതയും വദ്ധിക്കുന്നു....

ഓഹരിക്കാരെപ്പോലെതന്നെയുള്ള ഉടമകളായി തൊഴിലാളികളെയും കണക്കാക്കേണ്ടതാണെന്ന തത്ത്വത്തിന്റെ യുക്തിസഹത ആൎക്കു നിഷേധിക്കാനവും? മുതലാളിയും തൊഴിലാളിയും തമ്മിലുള്ള സംഘർഷം ഒഴിവാക്കണമെങ്കിൽ (അതു് ഒഴിവാക്കാനാവും, ഒഴിവാക്കുകതന്നെ വേണം എന്നു ഞാൻ വിശ്വസിക്കുന്നു) മുതലാളിക്കുള്ളത്ര അന്തസ്സും പദവിയും തൊഴിലാളിക്കുമുണ്ടായിരിക്കണം. പത്തുലക്ഷം രൂപാ ഒന്നിച്ചു ചേർത്തു്, പത്തുലക്ഷം സ്ത്രീകളോ പുരുഷന്മാരോ ഒന്നിച്ചുകൂടുന്നതിനെക്കാൾ എന്തു കാരണംകൊണ്ടു കൂടുതൽ വിലപ്പെട്ടതായിത്തീരും? വെളുത്തതോ മഞ്ഞച്ചതോ ആയ ലോഹക്കഷണങ്ങളെക്കാൾ എത്രയോ മെച്ചമല്ലേ ഈ മനുഷ്യർ?

digitized by www .sreyas.in

നാണയത്തെ സ്വരൂപിക്കുമ്പോലെ ഈ തൊഴിലാളിവർഗ്ഗത്തെ സംഘടിപ്പിക്കുവാനോ ഏകോപിപ്പിക്കുവാനോ സാദ്ധ്യമല്ലെന്നു പണക്കാർ എന്നും സങ്കല്പിക്കണമോ? അഹമ്മദാബാദിൽ കഴിഞ്ഞ പതിനെട്ടു കൊല്ലമായി മുതലാളിമാരും തൊഴിലാളികളും സബോധമായോ അബോധമായോ നൈസർഗ്ഗികമായ യാതൊരു മാത്സര്യവും തങ്ങൾക്കു് അന്യോന്യമില്ലെന്ന ധാരണയിൽ വർത്തിച്ചുവരുന്നു. ഇരുകൂട്ടരുടെയും ഇടയിൽ സമാധാനം അസ്ഥിരമാണെന്ന കാര്യം പരമാർത്ഥമത്രേ. എന്നാൽ അതിൻെറ കാരണം മറെറാന്നുമല്ല, സ്ഥായിയായ സമാധാനത്തിൻെറ ഉപാധികളെന്ന നിലയിൽ ഇവിടെപ്പറഞ്ഞ സിദ്ധാന്തങ്ങളുടെ പൂർണ്ണ സാധുത ഇരുകൂട്ടക്കും മനസ്സിലായിട്ടില്ല.

തൊഴിലാളികൾ തുല്യപദവിയുള്ള ഉടമകളാണെങ്കിൽ മില്ലുകളുടെ നടത്തിപ്പിൽ ഓഹരിക്കാരെപ്പോലെയുള്ള കൈകാര്യകർത്തൃത്വം അവക്കും ഉണ്ടായിരിക്കണം. അറിയേണ്ട മുഖ്യകാര്യങ്ങൾ തൊഴിലാളികളെ അറിയിക്കാതിരുന്നാൽ അവരുടെ വിശ്വാസം സമ്പാദിക്കാൻ മുതലാളിമാക്കു സാദ്ധ്യമല്ല.

ഇനി ഒടുവിലത്തെ സിദ്ധാന്തം, അതിൻെറ പ്രാധാന്യം ഒട്ടും കുറയ്ക്കാവുന്നതല്ല. മില്ലുടമസ്ഥന്മാരുടെ സംഘടന എന്നപോലെ അഭിലഷണീയമായിട്ടാണു് തൊഴിലാളിയൂണിയൻ പരിഗണിക്കപ്പെടുന്നതെങ്കിൽ, ആവശ്യമായ ഒരു ദോഷമെന്ന നിലയിൽ മാത്രമല്ല അതിനെ സഹിച്ചുപോരുന്നതെങ്കിൽ, ഇന്നുള്ള തൊഴിലാളികളെ സംബന്ധിക്കുന്ന ഒരു രജിസ്റ്റർ, അവക്കുംകൂടി സമ്മതമായ ഒരു രജിസ്റ്റർ, ഉണ്ടായിരിക്കണം. മാത്രമല്ല, തൊഴിലാളിയൂണിയനു വെളിയിൽനിന്നു് ആരെയും മില്ലുടമകൾ ജോലിക്കു നിയമിക്കരുതുതാനും.

## 106

അഹമ്മദാബാദിലെ തൊഴിലാളിയൂണിയൻ ഈ അടുത്തകാലത്തു് ഒരു വമ്പിച്ച പരീക്ഷണം തുടങ്ങിയിട്ടുണ്ടു്. അതു് എല്ലാ തൊഴിലാളിസംഘടനകൾക്കും വളരെ ഉപകാരപ്രദവും പ്രാധാന്യമുള്ളതും ആയിത്തീരാൻ ഇടയുണ്ടു്. യൂണിയനിലെ അംഗങ്ങൾക്കു മില്ലുകളിലുള്ള പ്രധാന ജോലിക്കു പുറമേ ഒരു ഉപവൃത്തിയിൽ പരിശീലനം നല്കുക എന്നുള്ളതാണു് ഈ പരീക്ഷണത്തിൻെറ സാരാംശം. ലോക്കൗട്ടുമൂലമോ പണിമുടക്കുമൂലമോ മററു് ഏതെങ്കിലും പ്രകാരത്തിലോ ജോലിയില്ലാതാവുന്നപക്ഷം അവക്കു പട്ടിണികിടക്കാതെ കഴിഞ്ഞുകൂടുവാൻ അതൊരു മാർഗ്ഗമായിരിക്കും. മൽസ്യത്തൊഴിലാളിയുടെ ജീവിതം സദാ പരിവർത്തനവി

---

106. Harijan, 3-7-1937 (Towards Non-violent Socialism, pp. 74—76)

digitized by www .sreyas.in

ധേയമാണ്. ലുബ്ധും മിതവ്യയവും അതിനുള്ള പരിഹാരമാർഗ്ഗങ്ങളാണ്. ഇവയെ പരിഗണിക്കുന്നതു് കററകരംതന്നെ. എന്നാൽ ഇങ്ങനെയുണ്ടാകുന്ന മിച്ചം വളരെ നാളത്തേക്കു് ഉണ്ടായിരിക്കില്ല. നമ്മുടെ മിൽത്തൊഴിലാളികളിൽ അധികംപേരും ഒരുവിധം കഴിഞ്ഞുകൂടാൻതന്നെ വളരെ പ്രയാസപ്പെടുന്നവരാണ്. പണിമുടക്കു് നടക്കുകയോ തൊഴിലില്ലാതിരിക്കുകയോ ചെയ്യുന്ന കാലത്തു് തൊഴിലാളി വീട്ടിൽ മടിപിടിച്ചിരിക്കുന്നതു് ഒരിക്കലും ആശാസ്യമല്ല. നിർബന്ധിതമായ ആലസ്യംപോലെ അയാളുടെ സദാചാരത്തേയും ആത്മാഭിമാനത്തെയും ക്ഷതപ്പെടുത്തുന്ന മറെറാന്നുംതന്നെയില്ല. പ്രതിസന്ധിഘട്ടങ്ങളിൽ പ്രധാന വരുമാനമാർഗ്ഗം നിലയ്ക്കുന്ന ഓരോ തൊഴിലാളിക്കും ജീവിതാവശ്യം നിറവേററുവാൻ അപ്രധാനമായ മറെറാരു വരുമാനമാർഗ്ഗംകൂടി ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ തൊഴിലാളിവർഗ്ഗത്തിനു് ഒരിക്കലും ഒരു സുരക്ഷിതത്വം തോന്നുകയോ ആത്മവിശ്വാസവും സ്ഥൈര്യവും പുഷ്ടിപ്പെടുകയോ ചെയ്കില്ല.

ഞാനാണ്, മിൽത്തൊഴിലാളികൾക്കു് ഒരു ഉപവൃത്തികൂടി ഉണ്ടായിരിക്കണമെന്ന ആശയം ആദ്യം ഉന്നയിച്ചതു്. 1918–ൽ അഹമ്മദാബാദിലെ മത്സ്യത്തൊഴിലാളികൾ ഇരുപത്തിമൂന്നു ദിവസം നടത്തിയ സംഭവബഹുലമായ പണിമുടക്കിൻെറകാലത്തു്, പണിമുടക്കു വിജയത്തിൽ കലാശിക്കണമെങ്കിൽ നിത്യവൃത്തി മുഴുവനായോ ഭാഗികമായോ കഴിച്ചുകൂട്ടുവാൻ സഹായകമാകത്തക്ക വണ്ണം തൊഴിലാളികൾക്കു് ഒരു തൊഴിൽ ഉണ്ടായിരിക്കണമെന്നു് എനിക്കു തോന്നി. അവർ വല്ലവരുടേയും സംഭാവനകളെ ആശ്രയിച്ചു ജീവിക്കരുതു്. ആ പണിമുടക്കുകാലത്തു് അവരിൽ മിക്കവരും തങ്ങൾക്കു വേണ്ടത്ര പരിചയമില്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. ഈ സമയത്താണ് പ്രധാന തൊഴിലിനു പുറമേ ഒരു ഉപതൊഴിൽകൂടി മിൽത്തൊഴിലാളികളെ അഭ്യസിപ്പിക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിച്ചു വാദിച്ചതു്. അടുത്ത പണിമുടക്കു് ഉണ്ടാവുന്നതുവരെ ആ നിർദ്ദേശം പ്രായോഗികമാകാതെ കിടന്നു. ഏതാണ്ടൊരു തുടക്കമിട്ടു ആ കാലത്തു്. എന്നാൽ ഇത്തരം ഉപതൊഴിലുകൾ പഠിപ്പിക്കുന്ന ഒരു നല്ല സംഘടന പെട്ടെന്നു രൂപവല്ക്കരിക്കാൻ പ്രയാസമായിരുന്നു. രണ്ടാമത്തെ പണിമുടക്കു് അവസാനിച്ചതോടെ തക്ക ജോലികൾ കണ്ടുപിടിച്ചു പഠിപ്പിക്കുന്നതിനുള്ള യത്നവും അവസാനിച്ചു.

ഇപ്പോൾ തൊഴിലാളിയൂണിയൻ ആ വഴിക്കു ക്രമീകൃതവും വ്യവസ്ഥാപിതവുമായ ഒരു യത്നം നടത്തിക്കൊണ്ടിരിക്കയാണ്. മിൽത്തൊഴിലാളികൾക്കു് അവരുടെ വിശ്രമവേളകളിൽ പരിശീലിക്കാവുന്നതും തൊഴിലില്ലായ്മയെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ സാരമായി പ്രയോജനപ്പെടുന്നതുമായ തൊഴിലുകൾ

തെരഞ്ഞെടുക്കുവാൻവേണ്ട അറിവു നല്കിവരുന്നു. പഞ്ഞികടച്ചിൽ, ശുചീകരണം, കമ്പിളിചിക്കൽ, നൂൽനൂല്പ്, നെയ്ത്ത്, സോപ്പു നിർമ്മാണം, കടലാസുനിർമ്മാണം, അച്ചുനിരത്തൽ മുതലായവയാണ് ഈ ജോലികൾ.

മുതലാളിമാരെ സംബന്ധിച്ചിടത്തോളം അവരുടെ പണത്തിന് എന്തു സ്ഥാനമുണ്ടോ, ആ സ്ഥാനമാണ് തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം പലതരം തൊഴിലുകളിൽ അവർ നേടിയിട്ടുള്ള സാമാന്യപരിചയത്തിനുള്ളത്. തൊഴിലാളിക്ക് അയാളുടെ കർമ്മനൈപുണ്യമാണ് മൂലധനം. തൊഴിലാളിയുടെ സഹകരണം കൂടാതെ മുതലാളിയുടെ മൂലധനം ഫലപ്രദമായിത്തീരുകയില്ല. അതുപോലെതന്നെ മുതലാളിയുടെ സഹകരണം കൂടാതെ തൊഴിലാളിക്ക് തന്റെ അദ്ധ്വാനത്തേയും ഫലദായകമാക്കാൻ സാദ്ധ്യമല്ല. തൊഴിലാളികൾക്കും മുതലാളികൾക്കും ബുദ്ധിശക്തി ഒന്നുപോലെ വികസിച്ചിട്ടുണ്ടെങ്കിൽ, ഒരു കൂട്ടർക്ക് മറ്റേക്കൂട്ടരിൽനിന്നു ന്യായമായി കിട്ടേണ്ട പങ്കു നേടിയെടുക്കുവാനുള്ള കഴിവിൽ ഇരുകൂട്ടർക്കും വിശ്വാസമുണ്ടെങ്കിൽ, അവർ ഒരു പൊതുസംരംഭത്തിലെ തുല്യപങ്കാളികളെപ്പോലെ അന്യോന്യം ബഹുമാനിക്കുവാനും വിലമതിക്കുവാനും സന്നദ്ധരാകും. ജന്മനാ പൊരുത്തപ്പെടാത്ത പ്രതിയോഗികളായി അവർ അന്യോന്യം കരുതേണ്ടതില്ല. എന്നാൽ മുതലാളിവർഗ്ഗം സംഘടിച്ച്, ആ സംഘടനസ്ഥകളിൽ സുരക്ഷിതരായിരിക്കെ, അങ്ങെയൊന്നുമല്ല തൊഴിലാളിവർഗ്ഗമെന്നുള്ളതാണു വൈഷമ്യം. തൊഴിലാളിയുടെ ബുദ്ധിശക്തി അയാളുടെ നിർജ്ജീവവും യാന്ത്രികവും മാനസികവികസനത്തിന് അനുകൂലമായ സാഹചര്യം ലവലേശം നല്കാത്തതുമായ ജോലിമൂലം മുരടിച്ചുപോകുന്നു. സ്വന്തം ശക്തിയും സ്വസ്ഥാനമഹിമയും മനസ്സിലാക്കുന്നതിൽനിന്ന് അതു് അയാളെ തടയുന്നു. തന്റെ കൂലി നിശ്ചയിക്കേണ്ടതു് മുതലാളിമാരാണ്, അല്ലാതെ താൻതന്നെ അതു ന്യായവാദരൂപേണ ആവശ്യപ്പെടുകയല്ല ചെയ്യേണ്ടതു്, എന്നു വിശ്വസിക്കുവാനാണ് അയാളെ പഠിപ്പിച്ചിട്ടുള്ളതു്. ശരിയായവഴിക്കു സംഘടിക്കുവാൻ അയാളെ അനുവദിക്കുക. അയാളുടെ ബുദ്ധി വേഗം വികസിക്കുവാനും അനുവദിക്കുക; പലതരം വേലകൾ അയാൾ അഭ്യസിക്കട്ടെ. അപ്പോൾ അയാൾക്കു തലയുയർത്തിപ്പിടിച്ചു നടക്കാനാവും. ജീവസന്ധാരണത്തിനുള്ള മാർഗ്ഗം ഇല്ലാതാവുമോ എന്ന ഭീതി അയാളെ ഒരിക്കലും തീണ്ടുകയുമില്ല.

തന്റെ മുതലാളിയുടെ മുമ്പിൽ താൻ നിസ്സഹായനാണ് എന്ന വിശ്വാസം ഒരു തൊഴിലാളിക്കുണ്ടാവുന്ന പക്ഷം, അതു് ഏറ്റവും ലജ്ജാകരമായ അന്ധവിശ്വാസമായിരിക്കും. അഹമ്മദാബാദിലെ തൊഴിലാളിയൂണിയൻ ഈ അന്ധവിശ്വാസത്തെ പ്ര

കടമായ രീതിയിൽ തുരത്തുവാൻ യത്നിച്ചുവരുന്നു. തന്നിമിത്തം ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരും ആ യൂണിയന്റെ പരീക്ഷണങ്ങളെ സ്വാഗതംചെയ്യണം. തൊഴിലാളിയൂണിയനെ സംബന്ധിച്ചിടത്തോളം, അതു് ഇട്ടുകഴിഞ്ഞ നല്ല പ്രാരംഭത്തെ അചഞ്ചലമായ സ്ഥൈര്യത്തോടെ പിന്തുടരുവാനുള്ള ദൃഢനിശ്ചയത്തെ ആശ്രയിച്ചിരിക്കും വിജയം. യൂണിയനിൽ, നല്ല ബോധകന്മാർ ഉണ്ടാവണം. അവർ ജോലിയെസ്സംബന്ധിച്ചു് ബുദ്ധിപൂർവ്വകമായ താല്പര്യം തൊഴിലാളികളുടെയിടയിൽ ഉണർത്തണം. വെറും യാന്ത്രികമായരീതിയിൽ നടത്തിക്കൊണ്ടുപോകുന്ന കൈത്തൊഴിൽ, അത്തരത്തിൽപ്പെട്ട മററു് ഏതു യാന്ത്രികപ്രവർത്തനവും പോലെ, മനസ്സിനേയും ആത്മാവിനേയും മുരടിപ്പിച്ചുകളയാൻ പോരുന്നതാണു്. ആത്മാവു വേർപെട്ട പിണംപോലെയാണു് ബുദ്ധികെട്ട ഏതൊരു യത്നവും.

## 107

പ്രതിദിനം എട്ടു മണിക്കൂർ ജോലി ചെയ്യുന്ന ഒരു നൂൽനൂല്പുകാരനു് ദിവസക്കൂലി എട്ടണയാക്കി വർദ്ധിപ്പിക്കാൻ ഞാൻ സംഘത്തെ ഉത്സാഹിപ്പിക്കുകയായിരുന്നു. ഒററക്കുതിപ്പുകൊണ്ടല്ല ലക്ഷ്യത്തിൽ എത്തേണ്ടതെന്നു് എനിക്കു് അറിയാമായിരുന്നു. എങ്കിലും, അടുത്ത ഏതാനും മാസങ്ങൾക്കകം കൂലിയിൽ എന്തെങ്കിലും വർദ്ധനവുണ്ടാകും എന്നു് അടിക്കടി ഞാൻ പ്രതീക്ഷിച്ചു. പല ശാഖാസംഘടനകളിൽനിന്നു കിട്ടിയ റിപ്പോർട്ടുകളും, ഉത്തരോത്തരം മുന്നേറുമെന്ന പ്രതീക്ഷയോടുകൂടി ശ്രീ വിനോബായുടെ മാർഗ്ഗദർശനത്തിൽ എന്റെ കൺമുമ്പിൽവച്ചു് ശ്രീ ജാജുജി നടത്തിപ്പോന്ന പരീക്ഷണത്തിന്റെ ഭാഗികപരാജയവും എന്റെ കണ്ണു തുറപ്പിച്ചു. ലക്ഷോപലക്ഷം സ്ത്രീകൾക്കു് പ്രതിദിനം എട്ടു മണിക്കൂർ ജോലിക്കു് എട്ടണവച്ചു കൊടുക്കുവാനാകാത്തവണ്ണം ഈ രാജ്യം അത്രമേൽ ദരിദ്രമാണെന്ന അനിഷേദ്ധ്യവും ദാരുണവുമായ വസ്തുത എനിക്കു ബോദ്ധ്യമായി. സാധാരണമായി ഗ്രാമപ്രദേശങ്ങളിൽ യാതൊരിടത്തും ഗ്രാമീണത്തൊഴിലാളികൾ അഥവാ കൈത്തൊഴിലുകാർ എട്ടുമണിക്കൂർ വേലയ്ക്കു് എട്ടണ നേടുന്നില്ല. മററുള്ള എല്ലാ തൊഴിലാളിവർഗ്ഗങ്ങൾക്കും എട്ടണവച്ചു ലഭിക്കാനാവാത്തപ്പോൾ നൂൽനൂല്പുതൊഴിലാളികൾക്കു മാത്രം ആ നിരക്കിനു കൂലി കിട്ടുക സാദ്ധ്യമായിരുന്നില്ല. സ്ഥിതിഗതികൾ അമ്പേ മാറാത്ത കാലത്തോളം, പ്രതിദിനം എട്ടണവച്ചു പൊതുവേ കൊടുക്കുവാൻ വേണ്ടത്ര പണം ക്രേതാക്കൾക്കു് ഇല്ലതാനും.

കാരണമോ കാരണങ്ങളോ എന്തുതന്നെ ആയിക്കൊള്ളട്ടെ, വേദനാജനകമായ ഒരു വസ്തുത ഖാദിവേലക്കാർ നമുക്കു മനസ്സി

---

107. Harijan, 26-8-1939 (Khadi, p. 138)

digitized by www .sreyas.in

ലാക്കിത്തന്നിട്ടുണ്ട്. മൂന്നണ നിരക്കിൽക്കൂടുതൽ കൂലി കൊടുക്കേണ്ടിവരുന്നതുമൂലം വർദ്ധമാനമായിത്തീരുന്ന വിലയുള്ള ഖാദി വാങ്ങിക്കുവാൻ ഇടത്തരക്കാരായ ക്രേതാക്കൾക്ക്—അവർക്ക് തികച്ചും മനസ്സുണ്ടായിരുന്നാൽത്തന്നെയും—വേണ്ട പണമില്ല. ഏതായാലും തല്ക്കാലസ്ഥിതിക്ക് അങ്ങേ അററം കൊടുക്കാവുന്നതു് മൂന്നണവെച്ചാണെന്നു് അവർ റിപ്പോർട്ടുചെയ്യുന്നു.

108

ഈ പ്രവർത്തനം നിയതമായി നഗരങ്ങളിൽ മാത്രമായതുകൊണ്ടു് അതു് കർഷകന്മാരുടെ ഇടയിൽ നടത്തുന്ന പ്രവർത്തനത്തേക്കാൾ എളുപ്പത്തിൽ ജോലിക്കാരെ ആകർഷിക്കും. സർഗ്ഗാത്മകമായ ഒരു പരിപാടിയുടെ ഭാഗമെന്ന നിലയിൽ അതിന്റെ പ്രാഥമികലക്ഷ്യം തൊഴിലാളിവർഗ്ഗത്തെ അതർഹിക്കുന്ന പദവിയിലേക്കു് ഉയർത്തുകയെന്നുള്ളതാണു്. അതുകൊണ്ടു് ഒരു തൊഴിലാളിപ്രവർത്തകന്റെ ഉന്നം തൊഴിലാളിവർഗ്ഗത്തിന്റെ സദാചാരപരവും ബുദ്ധിപരവുമായ നിലവാരം ഉയർത്തുവാനായിരിക്കണം. അങ്ങനെ ഒരു തൊഴിലാളിസ്ത്രീക്കോ പുരുഷനോ സ്വന്തം സാമർത്ഥ്യംകൊണ്ടു് അവരവരുടെ ഭൗതികസ്ഥിതി അഭിവൃദ്ധിപ്പെടുത്താൻ മാത്രമല്ല, അവർ ഇന്നത്തെപ്പോലെ ഉല്പാദനോപാധിയുടെ അടിമകളായിരിക്കുന്നതിനു പകരം അധീശന്മാരായിത്തീരാൻകൂടി വേണ്ട കഴിവുണ്ടാക്കിക്കൊടുക്കുക എന്നതും ആ പ്രവർത്തകന്റെ ലക്ഷ്യമായിരിക്കണം. തൊഴിലാളികളുടെ ഭൃത്യനായിരിക്കണം മുതലാളി, അല്ലാതെ യജമാനനായിരിക്കയല്ല വേണ്ടതു്. തൊഴിലാളികളെ സ്വന്തം കർത്തവ്യത്തിൽ ബോധവാന്മാരാക്കണം. കർത്തവ്യാനുഷ്ഠാനത്തിൽനിന്നാണു് അവകാശങ്ങൾ സ്വാഭാവികമായി ഉദിക്കുന്നതു്.

വ്യക്തമായ രൂപത്തിൽ പറഞ്ഞാൽ,

a) തൊഴിലാളിവർഗ്ഗത്തിനു് അതിന്റേതായ യൂണിയനുകൾ ഉണ്ടായിരിക്കണം.

b) നിശാപാഠശാലകൾവഴി പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ സാമാന്യവിദ്യാഭ്യാസവും ശാസ്ത്രവിദ്യാഭ്യാസവും ക്രമമായി നൽകണം.

c) തൊഴിലാളികളുടെ കുട്ടികൾക്കു് അടിസ്ഥാനവിദ്യാഭ്യാസസമ്പ്രദായത്തിൽ ബോധനം നൽകണം.

---

108. The Hindustan Standard, 28-10-1944 (Selections from Gandhi, P. 143)

digitized by www .sreyas.in

d) ഓരോ കേന്ദ്രത്തോടും അനുബന്ധിച്ച് ഒരു ആശുപത്രിയും ഒരു നേഴ്സറിവിദ്യാലയവും ഒരു സൂതികാഗൃഹവും ഉണ്ടായിരിക്കണം.

e) പണിമുടക്കകാലത്തു് തൊഴിലാളികൾ പരാശ്രയംകൂടാതെ ജീവിക്കാൻകഴിയണം. (അഹിംസാത്മകവും വിജയപൂർവ്വകവുമായ പണിമുടക്ക നടത്തുന്ന ശാസ്ത്രീയരീതി തൊഴിലാളിയെ പഠിപ്പിക്കണം.)

## 109

തൊഴിലാളി തന്റെ കൂലിക്ക് അർഹതയുള്ളവനാണ്. ഈ നിയമത്തിനു മലകളോളംതന്നെ പഴക്കമുണ്ട്. ഉപയോഗമുള്ള എല്ലാ തൊഴിലിൽനിന്നും അതതു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഒരേ തരത്തിലുള്ളതും ആവശ്യത്തിനു മതിയാവുന്നതുമായ കൂലി കിട്ടണം. ആ കാലം വരുന്നതുവരെ, ഓരോ തൊഴിലാളിക്കും അയാളുടെ കുടുംബത്തിനും ആഹാരം വസ്ത്രം എന്നിവയ്ക്ക് അവശ്യം വേണ്ട വക കിട്ടുവാനുള്ള വഴിയുണ്ടാക്കുകയാണ് കുറഞ്ഞപക്ഷം ചെയ്യ്വാനുള്ളതു്. ഇത്രയ്ക്കെങ്കിലും ഉറപ്പു നൽകാത്ത ഭരണകൂടം ഭരണകൂടമല്ല. കേവലം അരാജകത്വമാണ്. ആ സ്ഥിതിയെ ശാന്തമായി എതിർക്കുകതന്നെ വേണം. ധാന്യക്കടകൾ കൊള്ളയടിക്കലും റൌഡിത്തരവുമല്ല പരിഹാരം. ആവശ്യമില്ലാത്ത നഷ്ടത്തിനും മരണത്തിനും അതു വഴിവയ്ക്കുന്നു. അധികാരികൾ പേടിച്ചു കീഴ്പ്പെട്ടാലും, അതു് അവർക്കോ ജനങ്ങൾക്കോ വാസ്തവത്തിൽ സഹായകമല്ല, അരാജകത്വത്തെ ദൂരീകരിക്കുന്നുമില്ല. കാര്യം എതു നിലയിൽ ആയിരുന്നുവോ ആ നിലയിൽത്തന്നെ അതു പിന്നെയും അവശേഷിക്കുന്നു. ഇപ്പറഞ്ഞതു ശരിയാണെന്നു കാണുവാൻ ചുററുമുള്ള ലോകത്തു് ഒന്നു കണ്ണോടിച്ചാൽ മതി.

ഡിപ്പോകളിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചിരുന്നിട്ടും പട്ടിണിപ്പാവങ്ങൾക്ക് അവ ലഭിക്കാനാവുന്നില്ലെങ്കിൽ, അവർക്ക് ശാന്തമായ സത്യഗ്രഹം തുടങ്ങാവുന്നതാണ്. നൽകപ്പെടാത്തതു ബലംപ്രയോഗിച്ചു കരസ്ഥമാക്കുവാൻ പാടില്ല. മരണംവരെ നിരാഹാരസത്യഗ്രഹം എന്ന സമരപരിപാടി ആകാം. അങ്ങനെ തങ്ങൾക്കും മററുള്ളവർക്കും ആശ്വാസം നേടുകയും ചെയ്യാം. അവർക്ക് ക്ഷമയുണ്ടെങ്കിൽ, ഞാൻ നിർദ്ദേശിച്ച രീതി വിജയത്തിൽ കലാശിക്കുമെന്നുള്ളതു തീർച്ച.

---

109. Harijan, 9-6-1946 (Economic and Industrial Life and Relations, vol. III, P. 68)

digitized by www .sreyas.in

## 110

തൊഴിൽ അമൂല്യമാണ്, സ്വർണ്ണം അല്ല. തൊഴിലാളിയും മുതലാളിയും സഹകരിച്ചാൽ അത്ഭുതം പ്രവർത്തിക്കാനാവും. എന്നാൽ അതു സംഭവിക്കുന്നത് തൊഴിലാളികൾ തമ്മിൽത്തമ്മിൽ സഹകരിക്കുന്നതിനും മാന്യമായ സമത്വനിലയിൽ മുതലാളിമാരുമായി സഹകരിക്കുന്നതിനും വേണ്ട ബുദ്ധിയുള്ളവരായിത്തീരുന്ന കാലത്തു മാത്രമാണ്. മുതലാളിവർഗ്ഗം സഹകരണകൗശലം ശരിക്കും മനസ്സിലാക്കിയിരുന്നതുകൊണ്ടാണ് അതിനു തൊഴിലാളിവർഗ്ഗത്തെ നിയന്ത്രണാധീനമാക്കുവാൻ കഴിഞ്ഞത്. വേർപെട്ട തുള്ളികൾ തേഞ്ഞുമാഞ്ഞുപോവുകയേ ഉള്ളു. പല തുള്ളികൾ ഏകോപിച്ചാണ് മഹാപോതങ്ങളെ മാറത്തു പേറുന്ന പെരുകടലുണ്ടായത്. ലോകത്തിന്റെ ഏതെങ്കിലും ഭാഗത്തുള്ള എല്ലാ തൊഴിലാളികളും സംഘടിക്കുന്ന പക്ഷം, അവരെ കൂലിക്കൂടുതൽ പ്രലോഭിപ്പിക്കയില്ല, അഥവാ, അവർ വെറും നക്കാപ്പിച്ചയാൽ ആകൃഷ്ടരാകുവാൻ സ്വയം അനുവദിക്കുകയില്ല. യഥാർത്ഥവും അക്രമരഹിതവുമായ തൊഴിലാളിസംഘടന ഒരു കാന്തംപോലെ അതിങ്കലേക്ക് ആവശ്യമുള്ള സകല മൂലധനത്തേയും സമാകർഷിക്കും. അപ്പോൾ മുതലാളിമാർ ട്രസ്റ്റികളായി മാത്രമേ ഇരിക്കുകയുള്ളു. ആ സൗഭാഗ്യകാലം സമാഗതമാവുമ്പോൾ മുതലാളിയും തൊഴിലാളിയും തമ്മിൽ വൈജാത്യമുണ്ടാവുകയില്ല. അന്നു തൊഴിലാളിക്ക് ആഹാരം സുലഭമായിരിക്കും; ആരോഗ്യകരങ്ങളായ നല്ല പാർപ്പിടങ്ങൾ കാണും; അവരുടെ കുട്ടികൾക്ക് അവശ്യം വേണ്ട എല്ലാ വിദ്യാഭ്യാസസൗകര്യങ്ങളും ഉണ്ടാവും; സ്വയം വിദ്യാഭ്യാസം ചെയ്യുന്നതിനു ധാരാളം വിശ്രമസമയം ലഭിക്കും; ശരിയായ വൈദ്യസഹായവും കിട്ടും.

## 111

വീട്ടുവേലയ്ക്കു വേലക്കാരെ ആക്കുകയെന്നുള്ളതു പുരാതനകാലം മുതലുള്ള ഒരു ഏർപ്പാടാണ്. എന്നാൽ കാലാനുസൃതമായി യജമാനനു ഭൃത്യനോടുള്ള മനോഭാവത്തിനു മാറ്റം സംഭവിച്ചിട്ടുണ്ട്. ചിലർ ഭൃത്യന്മാരെ കുടുംബാംഗങ്ങളെപ്പോലെ കരുതുന്നു. മറ്റു ചിലരാകട്ടെ അവരെ അടിമകളെപ്പോലെ അഥവാ ജംഗമസാധനങ്ങളെപ്പോലെ അഭിവീക്ഷിക്കുന്നു. ഈ രണ്ടുതരം അത്യന്തഭിന്നങ്ങളായ വീക്ഷണങ്ങൾക്കുള്ളിൽ സമൂഹത്തിനു ഭൃത്യന്മാരോടുള്ള മനോഭാവം സമാഹൃതമായിരിക്കുന്നു. ഇന്നു വേലക്കാരെ കിട്ടുവാ

---

110. Harijan, 7-9-1947 (Towards Non-violent Socialism, pp.84—85)

111. Harijan, 10-3-1946 (Towards Non-violent Socialism, pp. 88-89)

digitized by www .sreyas.in

നുള്ള വലിയ ബുദ്ധിമുട്ട് എവിടെയുമുണ്ട്. വേലക്കാർ തങ്ങളുടെ വിലയെപ്പററി ബോധം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് സ്വാഭാവികമായി തങ്ങളുടെ വേതനവും സേവനവും അവർതന്നെ വ്യവസ്ഥപ്പെടുത്തുന്നു. കാര്യം അഭിലഷണീയമാണ്; തങ്ങളുടെ കർത്തവ്യം അവർ എപ്പോഴും വേണ്ട പടി അറിയുകയും നിർവ്വിഘ്നം നിർവ്വഹിക്കുകയുംകൂടി ചെയ്യുമെങ്കിൽ. അപ്പോൾ അവർ ഭൃത്യന്മാരല്ലാതായിത്തീരും; കുടുംബാംഗങ്ങളുടെ പദവി അവർ സ്വയം നേടും. അക്രമംകൊണ്ടു കാര്യങ്ങളൊക്കെ സാധിക്കുമെന്ന വിശ്വാസം ഇന്നെവിടെയുമുണ്ട്. ആ സ്ഥിതിക്കു തങ്ങളുടെ യജമാനന്മാരുടെ കുടുംബങ്ങളിലെ അംഗങ്ങളെന്ന പദവി ഭൃത്യജനങ്ങൾക്ക് എങ്ങനെ സമ്പാദിക്കാൻ കഴിയും? ഇതു സംഗതമായ ഒരു ചോദ്യമാണ്.

മററുള്ളവരിൽനിന്നു സഹകരണം അഭിലഷിക്കുകയും മററുള്ളവരോടു സഹകരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഒരാൾ ഭൃത്യന്മാരെ ആശ്രയിക്കാതെ കഴിയണമെന്നാണ് എൻെറ ബലമായ അഭിപ്രായം. ഭൃത്യന്മാരെ കിട്ടാൻ നന്നേ ബുദ്ധിമുട്ടാണ്, ഒരാളെ വേണം താനും, എന്നുവരുന്ന പരിതസ്ഥിതിയിൽ ആവശ്യപ്പെടുന്ന വേതനമെന്തോ അതു കൊടുക്കേണ്ടതായും മററു വ്യവസ്ഥകളെല്ലാം സ്വീകരിക്കേണ്ടതായും വരും. അതിൻെറ ഫലമോ? അയാൾ യജമാനനായിരിക്കേണ്ടതിനുപകരം, അയാളുടെ ഭൃത്യനാൽ പണിക്കു നിയമിക്കപ്പെട്ട ആളെപ്പോലെയായിത്തീരും. ഇതു ഭൃത്യനും യജമാനനും നന്നല്ല. എന്നാൽ ഒരു വ്യക്തി അടിമത്തമല്ല സഹകരണമാണ് തൻെറ സഹജീവിയിൽനിന്നു പ്രതീക്ഷിക്കുന്നതെങ്കിൽ, തന്നേത്തന്നെ സേവിക്കണമെന്നു മാത്രമല്ല, ആരിൽനിന്നുള്ള സഹകരണം തനിക്കാവശ്യമായിരിക്കുന്നുവോ ആ ആളിനെ സേവിക്കുവാനും സന്നദ്ധനാകണം. ഈ തത്ത്വം കുറേക്കൂടി വിസ്തരിച്ചു നോക്കിയാൽ, ഒരു വ്യക്തിയുടെ കുടുംബം ലോകമൈത്രിയിൽ എത്തുമെന്നു വ്യക്തമാകും മാത്രമല്ല, അതനുസരിച്ചുള്ള ഒരു മാററം സഹജീവികളുടെ നേർക്കുള്ള അയാളുടെ മനോഭാവത്തിലും സംഭവിക്കും. അഭിലഷിതമായ പരമലക്ഷ്യം പ്രാപിക്കുന്നതിനു ഇതല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല, ഈ തത്വം അനുസരിച്ചു പ്രവർത്തിക്കാൻ ഇച്ഛിക്കുന്ന ഒരു വ്യക്തി ചെറിയ തുടക്കങ്ങൾകൊണ്ടു തൃപ്തിപ്പെടും. അനേകായിരങ്ങളുടെ സഹകരണം സ്വായത്തമാക്കുവാൻ കഴിവുണ്ടെന്നിരുന്നാലും സ്വന്തം കാലിൽത്തന്നെ നിൽക്കുന്നതിനു സഹായകമായ ആത്മനിയന്ത്രണവും ആത്മാഭിമാനവും അയാൾക്കു വേണ്ടുവോളം ഉണ്ടായിരിക്കണം. അത്തരത്തിൽപ്പെട്ട ഒരാൾ മറെറാരാളെ തൻെറ വീട്ടുപണിക്കാരനായും കളിപ്പാട്ടമായും കണക്കാക്കി കീഴ്പ്പെടുത്തി വച്ചുകൊണ്ടിരിക്കാൻ ഒരിക്കലും വിചാരിക്കുകയില്ല. വാസ്തവത്തിൽ താൻ തൻെറ ഭൃത്യന്മാരുടെ യജമാനനാണ് എന്ന സംഗതി അയാൾ പാടേ മറന്നുപോ

digitized by www .sreyas.in

കം; അവരെ തൻെറ നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നത്ര പരിശ്രമിക്കുകയും ചെയ്യും. മററൊരു തരത്തിൽ പറഞ്ഞാൽ മററുള്ളവക്ക് ഉണ്ടാവാൻ വയ്യാത്ത മേന്മകൾ തനിക്കും കൂടാതെ കഴിക്കുവാൻ അയാൾ തയ്യാറാവുമെന്നു കണക്കാക്കണം.

## ഇ. തൊഴിലാളിസംഘടന

### 112

നാം ആഗ്രഹിക്കുന്ന തരത്തിൽ തൊഴിലാളികൾക്ക് രാഷ്ട്രീയബോധം ഇതേവരെ ഉണ്ടായിട്ടില്ലാത്ത സ്ഥിതിക്ക്, തൊഴിലാളിസംഘടനകളെ രാഷ്ട്രീയലക്ഷ്യപ്രാപ്തിക്കായി ചൂഷണം ചെയ്യുന്നതിനെ ഞാൻ ശക്തിപൂർവ്വം എതിക്കുന്നു. ഏതായാലും കോൺഗ്രസ്സ് സംഘടനകൾ അവശ്യംവേണ്ട വിഭവശക്തിയുണ്ടെങ്കിൽ, തൊഴിലാളികളെ അവരുടെ തന്നെ സാമ്പത്തികോന്നമനത്തിനുവേണ്ടി സംഘടിപ്പിക്കുന്നതിനു സഹായിക്കുന്നതിൽ വിരോധമില്ല. രാഷ്ട്രീയകാര്യങ്ങളിൽവേണ്ട അറിവു തൊഴിലാളികൾക്കു നൽകുന്നതിലും, അവരെ കോൺഗ്രസ്സിൻെറ പ്രവർത്തനങ്ങളിൽ തല്പരരാക്കുന്നതിലും വിരോധമില്ല; എന്നല്ല, അതു നമ്മുടെ കടമയുമാണ്. പക്ഷേ ഒരു കാര്യം: നമ്മുടെ രാഷ്ട്രീയസമരത്തിൽ പങ്കാളികളെന്ന നിലയിൽ അവരുടെ സംഘടനകളെ നാം ഉപയോഗപ്പെടുത്തിക്കൂടാ.

### 113

അവസാനമായി നഗരങ്ങളിലെ തൊഴിലാളികളെപ്പററി പര്യാലോചിക്കാം. തൊഴിലാളിസംഘടനയ്ക്കു ഞാൻ എതിരല്ല. എന്നാൽ മററെല്ലാക്കാര്യത്തിലും ചെയ്യുന്നതുപോലെ, തൊഴിലാളികളെ സംഘടിപ്പിക്കലും ഭാരതീയമായ മാർഗ്ഗത്തിലൂടെ നിർവ്വഹിക്കണം; അഥവാ, നിങ്ങൾക്കു സമ്മതമാണെങ്കിൽ, ഞാൻ പറയുന്ന മാർഗ്ഗത്തിലൂടെ ഞാൻ അതു നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്; സഹജാവബോധംവഴി ഇൻഡ്യൻതൊഴിലാളിക്ക് അതറിയാം. ഇരുകൂട്ടരുംതമ്മിൽ ഏകീഭാവം പരിപൂർണ്ണമായും സാദ്ധ്യമാണെന്നു ഞാൻ ആധികാരികമായി പ്രസ്താവിക്കുന്നു. തെക്കേ ആഫ്രിക്കയിലും ചംപാരനിലും അഹമ്മദാബാദിലും ഞാൻ തൊഴിലാളികളെ സംഘടിപ്പിച്ചതു് മുതലാളികളോടു ശത്രുമനോഭാവം വച്ചുകൊണ്ടായിരുന്നില്ല. ഓരോന്നിലും ആവശ്യമെന്നു തോന്നി

---

112. Young India, 23-11-1922 (Towards Non-Violent Socialism, P. 48)

113. Young India, 17-3-1927 (Towards Non-violent Socialism, P.57)

digitized by www .sreyas.in

യോടത്തോളം എത്തിത്തു; അതു പരിപൂർണ്ണവിജയത്തിൽ കലാശിക്കയും ചെയ്തു. തുല്യവിതരണം എന്നുള്ളതാണ് എന്റെ ആദർശം. എന്നാൽ, എനിക്കു കാണാൻ കഴിഞ്ഞിടത്തോളം, അതു സാക്ഷാത്കരിക്കാൻപോകുന്നില്ല എന്നുള്ളതാണു വസ്തുത. അതുകൊണ്ടു ന്യായാനുസൃതമായ വിതരണത്തിനുവേണ്ടിയാണു ഞാൻ ശ്രമിക്കുന്നതു്.

## 114

ഇനി നയത്തെപ്പററി ഒരു വാക്കു്, മുതലാളിത്തവിരുദ്ധമല്ല ആ നയം. മുതലാളിയിൽനിന്നു തൊഴിലാളികൾ ന്യായമായി കിട്ടേണ്ട ഓഹരിയെന്തോ അതുമാത്രം വാങ്ങുകയെന്നുള്ളതാണ് ഉദ്ദേശ്യം. ഇതും മുതലാളിയെ സ്തംഭിപ്പിച്ചിട്ടല്ല, തൊഴിലാളികളുടെ ഇടയിൽ വേണ്ട പരിഷ്കാരം അകമേനിന്നു വരുത്തിയിട്ടാണ്; അവക്കുതന്നെയുണ്ടാകുന്ന സ്വാവബോധം മുഖാന്തരമാണ്; തൊഴിലാളികളല്ലാത്ത നേതാക്കന്മാരുടെ സാമർത്ഥ്യത്താലും സമരതന്ത്രപ്രയോഗത്താലുമല്ല, പിന്നെയോ, തൊഴിലാളികളുടെ നേതൃത്വം അവരുടെ ഇടയിൽനിന്നുതന്നെ വികസിപ്പിക്കാനും, സ്വാവലംബിയും സ്വയം ജീവിക്കുന്നതുമായ ഒരു സംഘടന സ്വന്തമായിത്തന്നെ ഉണ്ടാക്കാനും വേണ്ട ഉദ്ബുദ്ധത അവക്കു കൈവരുത്തിയിട്ടാണ്. അതിന്റെ പ്രത്യക്ഷലക്ഷ്യം ഒട്ടുംതന്നെ രാഷ്ട്രീയമല്ല. ആഭ്യന്തരപരിഷ്കാരവും ആഭ്യന്തരശക്തിവികസനവുമാണ് ആ പ്രത്യക്ഷലക്ഷ്യം. എപ്പോഴെങ്കിലും ആ വികസനം പരിപൂർണ്ണമാകുമെങ്കിൽ അപ്പോഠം അതിന്റെ പരോക്ഷമായ ഫലം സ്വാഭാവികമായി അതിമാത്രം രാഷ്ട്രീയമായിരിക്കും.

അതുകൊണ്ടു തൊഴിലാളികളെ ചൂഷണംചെയ്യണമെന്നോ, അഥവാ അവർ സ്വന്തം അസ്തിത്വം പുലത്തുന്ന ഒരു യൂണിററായിത്തീരുമ്പോഠം രാഷ്ട്രീയമായ ഒരു ഒന്നാംതരം പ്രത്യക്ഷശക്തിയായി അവരെ സംഘടിപ്പിക്കണമെന്നോ ഒരു വിദൂരോദ്ദേശ്യംപോലും എനിക്കില്ല. എന്റെ അഭിപ്രായത്തിൽ തൊഴിലാളിവർഗ്ഗം രാഷ്ട്രീയച്ചൂതുപലകമേൽ രാഷ്ട്രീയക്കാരൻ എറിയുന്ന കരുവായിത്തീൻകൂടാ. ആ കരു സ്വന്തം പ്രഭാവംകൊണ്ടുതന്നെ ആ ദ്യൂതഫലകത്തിന്മേൽ ആധിപത്യം സ്ഥാപിക്കണം.

114. "Is India Different?" എന്ന ഗ്രന്ഥത്തിൽ ഉദ്ധൃതമായ 1927 മേയ് 10-ാം തീയതിയിലെ ഒരു കത്തിൽനിന്ന്. എസ്. ശക്ലത്വാലായും ഗാന്ധിജിയും തമ്മിൽ നടന്ന കത്തിടപാടാണ് ഗ്രന്ഥത്തിലെ ഉള്ളടക്കം. (Sarvodaya, P. 97)

digitized by www .sreyas.in

## 115

കർഷകവൃത്തിയോടു് ഏററവും അടുത്ത ബന്ധമുണ്ടു് തൊഴിലിനു്. ഇവിടെ തൊഴിലെന്നു പറഞ്ഞാൽ വ്യാവസായികമായ തൊഴിലെന്നർത്ഥം. തന്നിമിത്തം അതു് ഏകാഗ്രവും കേന്ദ്രീകൃതവും വ്യാപ്തിയിൽ വളരെയേറെ പരിമിതവും ആണു്. മാത്രമല്ല അതു രാഷ്ട്രീയക്കാക്കു വളരെവേഗം വിധേയമായിത്തീരുകയും ചെയ്യുന്നു.

ഞാൻ പ്രസ്താവിച്ച പ്രവൎത്തനങ്ങൾ എല്ലാം (a) വകുപ്പിൽ സൂചിപ്പിച്ച യൂണിയനുകൾ മുഖേനയേ നിൎവ്വഹിക്കാൻ സാധിക്കൂ. എനിക്കു് അറിയാൻ കഴിഞ്ഞിടത്തോളം ഏററവും ഭംഗിയായി നടക്കുന്ന യൂണിയൻ അഹമ്മദാബാദിലേതാണു്. അതു് എന്റെ ആദർശത്തോളം എത്തി എന്നു് ഇപ്പറഞ്ഞതിനു് അർത്ഥമില്ല. എത്താൻ ശ്രമിക്കുന്നുണ്ടു്. എല്ലാ സംഘടനകളും ആ ഒരേ ലക്ഷ്യം വച്ചു പ്രവൎത്തിച്ചിരുന്നെങ്കിൽ, തൊഴിലാളികളുടെ സ്ഥിതി ഇന്നത്തേക്കാൾ വളരെയധികം മെച്ചപ്പെട്ടമായിരുന്നു. തൊഴിലാളികളെ സംഘടിപ്പിച്ചു് സദാചാരപരവും ബുദ്ധിപരവുമായ ശിക്ഷണം നൽകിയാൽ, അവർ എക്കാലത്തും മുതലാളികളേക്കാൾ മേലേക്കിടയിലായിരിക്കും.

---

115. Hindustan Standard, 28-10-1944 (Sarvodaya, P. 125)

digitized by www .sreyas.in

### അദ്ധ്യായം അഞ്ച്

# ഭാരതത്തിൻെറ ചില ജീവപ്രധാനമായ സാമ്പത്തികപ്രശ്നങ്ങൾ

## എ. ഭാരതീയസമ്പദ്വ്യവസ്ഥയുടെ സ്വഭാവം

1

ഭാരതത്തിന് അവളുടെ സ്വന്തം ധനശാസ്ത്രവും, സ്വന്തം നയവും, വ്യവസായത്തേയും മറെറല്ലാററിനേയും കൈകാര്യംചെയ്യുന്ന സമ്പ്രദായവും വികസിപ്പിക്കേണ്ടതായുണ്ട്.

2

ഞാൻ ഒരു സാധാരണക്കാരനാണെങ്കിലും ഒരുകാര്യം പറയാൻ ധൈര്യപ്പെടുന്നു: സാമ്പത്തികശാസ്ത്രഗ്രന്ഥങ്ങളിൽ എഴുതിവച്ചിട്ടുള്ള ചട്ടങ്ങൾ, മീഡ്സിൻേറയോ പേർഷ്യൻസിൻേറയോ ചട്ടങ്ങൾ പോലെ മാററമില്ലാത്തവയല്ല; സാർവ്വത്രികവുമല്ല. ഇംഗ്ലണ്ടിൻെറ ധനശാസ്ത്രം ജർമ്മനിയുടേതിൽനിന്നും ഭിന്നമാണ്. ജർമ്മനി ഗവണ്മെൻറിൻെറ ഉദാരമായ സഹായത്താൽ സംപുഷ്ടമായ ബീററു പഞ്ചസാരവ്യവസായംകൊണ്ടു സമ്പന്നമായി; ഇംഗ്ലണ്ട് വിദേശക്കമ്പോളങ്ങൾ ചൂഷണംചെയ്തും. ഒതുക്കമുള്ള ഒരു രാജ്യത്തിന് സാദ്ധ്യമായതു് 1900 മൈൽ നീളവും 1500 മൈൽ വീതിയുമുള്ള ഒരു ഭൂഭാഗത്തിനു സാദ്ധ്യമാവുകയില്ല. ഒരു രാജ്യത്തിൻെറ ധനശാസ്ത്രം അവിടത്തെ ശീതോഷ്ണപരവും ഭൂതത്ത്വവിഷയകവും, പ്രാകൃതികവും ആയ സ്ഥിതിഗതികളാൽ നിയന്ത്രിതമാണ്. ഈ പ്രധാനപ്പെട്ട അംശങ്ങളിലെല്ലാം ഇൻഡ്യയിലെ സ്ഥിതിഗതികൾ, ഇംഗ്ലണ്ടിലെ സ്ഥിതിഗതികളിൽനിന്നു വ്യത്യസ്തമാണ്. ഇംഗ്ലണ്ടിനു ഭക്ഷണമായുള്ളതു് ഇൻഡ്യയ്ക്കു പലപ്പോഴും വിഷമാണ്. ഗോമാംസക്കഷായം ഇംഗ്ലണ്ടിലെ ശീതോഷ്ണാവസ്ഥയ്ക്കു പററിയതായിരിക്കാം; മതവിശ്വാസികൾ അധിവസിക്കുന്ന ഇൻഡ്യയിലെ ചൂടുള്ള ശീതോഷ്ണാവസ്ഥയ്ക്ക് അതു നഞ്ചാണ്. ബ്രിട്ടീഷുദ്വീപുകളുടെ വടക്കുഭാഗത്തു തീക്ഷ്ണമായ വിസ്കി ഒരാവശ്യമായിരിക്കാം.

---

1. Speeches and Writings of Mahatma Gandhi, 4th. Edn, P. 844.
2. Young India, 8-12-1921

digitized by www .sreyas.in

എന്നാൽ അതു് ഒരു ഇൻഡ്യാക്കാരനെ ജോലിക്കും സമൂഹജീവിതത്തിനും അയോഗ്യനാക്കിത്തീർക്കുന്നു. സ്കോട്ട്ലണ്ടിൽ രോമപ്പുറം കുപ്പായങ്ങൾ അപരിത്യാജ്യമാണു്. ഇൻഡ്യയിൽ അവ സഹിക്കാനാവാത്ത ഒരു ഭാരമായിരിക്കും. വ്യവസായപ്രധാനവും, ജനങ്ങൾക്ക നഗരങ്ങളിൽ താമസിക്കാവുന്നതും, അവർ അങ്ങനെ താമസിച്ചുവരുന്നതും, മററു ജനങ്ങളെ കൊള്ളയടിക്കാൻ ആളുകൾക്ക കുസലില്ലാത്തതും, ആകയാൽ തങ്ങളുടെ അസ്വാഭാവികമായ വ്യാപാരത്തെ രക്ഷിക്കാൻ ഏററവും വലിയ നാവികസേനയെ പുലത്തിപ്പോരുന്നതുമായ ഒരു രാജ്യത്തിനു് സ്വതന്ത്രവ്യാപാരം (free trade) സാമ്പത്തികമായി ഗുണകരമായിരിക്കും (വായനക്കാരനു കാണാവുന്നതുപോലെ, ഞാൻ അതിന്റെ സാന്മാർഗ്ഗികതയെ ചോദ്യം ചെയ്യുന്നണ്ടെങ്കിലും). എന്നാൽ സ്വതന്ത്രവ്യാപാരം ഇൻഡ്യക്കു ശാപമായിട്ടാണതീർന്നതു്; അവളെ അതു് അസ്വതന്ത്ര്യയുമാക്കി.

### 3

ഇൻഡ്യ പാശ്ചാത്യമായ അർത്ഥത്തിൽ എന്തിനു വ്യവസായവല്ക്കരിക്കണം? പാശ്ചാത്യപരിഷ്കാരം നാഗരികമാണു്. ഇംഗ്ലണ്ടിനെപ്പോലെയോ ഇററലിയെപ്പോലെയോ ഉള്ള ചെറിയ രാജ്യങ്ങൾക്കു് നഗരവല്ക്കരിക്കാൻ സാധിക്കും. അമേരിക്കയെപ്പോലെ അല്പമാത്രമായ ജനസംഖ്യയുള്ള ഒരു വലിയ രാജ്യത്തിനു് വേറൊരു പ്രകാരം സാദ്ധ്യവുമല്ലായിരിക്കാം. എന്നാൽ അസാധാരണജനപ്പെരുപ്പമുള്ള ഒരു വമ്പിച്ച രാജ്യം, ഇന്നോളം സ്വന്തം ആവശ്യങ്ങൾക്ക ധാരാളം ഉതകിയ ഒരു പ്രാചീന ഗ്രാമീണപാരമ്പര്യമുള്ള ഒരു വമ്പിച്ച രാജ്യം, പാശ്ചാത്യമാതൃകയെ അനുകരിക്കേണ്ട ആവശ്യമില്ല, അനുകരിച്ചുകൂടാതാനും. ഒരു പ്രത്യേക അവസ്ഥയിൽ വർത്തിക്കുന്ന ഒരു രാഷ്ട്രത്തിനു ഗുണകരമായിട്ടുള്ളതു് വിഭിന്നമായ ഒരു സാഹചര്യത്തിൽ വർത്തിക്കുന്ന മറെറാരു രാജ്യത്തിനു ഗുണകരമായിരിക്കണമെന്നില്ല.

### 4

ശരി, ജനസംഖ്യയുടെ ഞെരുക്കം ഏററവും കൂടിനില്ക്കുന്ന ഒരു രാജ്യത്തിലെ ധനശാസ്ത്രവും പരിഷ്കാരവും ജനസാന്ദ്രത ഏററവും കുറഞ്ഞ രാജ്യത്തിന്റെ ധനശാസ്ത്രപരിഷ്കാരങ്ങളിൽനിന്നു വ്യത്യസ്തമാണു്, വ്യത്യസ്തമായിരിക്കയുംവേണം. ജനനിബിഡത വളരെ കുറവുള്ള അമേരിക്കയിൽ യന്ത്രവൽക്കരണത്തിന്റെ ആവശ്യകതയുണ്ടായിരിക്കും. ഇൻഡ്യക്കു് അതിന്റെ ആവശ്യകത ഒട്ടുംതന്നെ ഇല്ല. തൊഴിലില്ലാത്ത ലക്ഷോപലക്ഷം തൊഴിലാളി യൂണിററു

3. Young India, 25-7-1929 (Economic and Industrial Life and Relations, vol. II, P. 29)
4. Harijan, 11-5-1935 (Village Industries, P. 13)

digitized by www .sreyas.in

കൾ ഇവിടെയുള്ളപ്പോൾ, വേല ലാഭിക്കുന്ന സമ്പ്രദായത്തെപ്പററി ആലോചിച്ചിട്ട് കാര്യമില്ല. ആഹാരം കഴിക്കുന്നതിനു് കൈയുടെ ഉപയോഗം ഒഴിവാക്കാൻ ആരെങ്കിലും ഒരു യന്ത്രം കണ്ടുപിടിക്കുന്നുവെങ്കിൽ, ആഹാരത്തിലുള്ള സന്തോഷം അതോടെ തീരും. ആഹാരംകഴിക്കൽ ഒരു യാതനയായും തീരും. നമ്മുടെ ദാരിദ്ര്യത്തിൻെറ കാരണം ഇവിടത്തെ വ്യവസായത്തിനുണ്ടായ നാശവും തൽഫലമായ തൊഴിലില്ലായ്മയുമാണു്. ഏതാനും കൊല്ലങ്ങൾക്കുമുമ്പു് ഇൻഡ്യയുടെ കൃഷീവലജനസംഖ്യ 70 ശതമാനമായിരുന്നുവെന്നത്രേ. ഇന്നു് 90 ശതമാനമാണെന്നു പറയപ്പെടുന്നു. 90 ശതമാനവും കൃഷിക്കാരാണെന്നല്ല അർത്ഥം; ഭൂമിയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന 70 ശതമാനത്തിനു പകരം ഇപ്പോൾ 90 ശതമാനം ആളുകൾ ഭൂമിയെ ആശ്രയിക്കാൻ നിർബദ്ധരായിരിക്കുന്നു എന്നു മാത്രം. മറെറാരു പ്രകാരം പറഞ്ഞാൽ കുറച്ചുകാലം മുമ്പു് 20 ശതമാനംപേരെ തീററിപ്പോററാൻ ഉപകരിച്ച വ്യവസായങ്ങളും കൈത്തൊഴിലുകളും ഇന്നില്ല. അങ്ങനെ ആളുകൾ ഭൂമിയിലേക്കു തള്ളിനീക്കപ്പെട്ടു. അവർ അരിഷ്ടിച്ചു ജീവിച്ചുപോരുന്നു, അങ്ങനെ ജീവിക്കണമെന്നു് ആഗ്രഹമുണ്ടായിട്ടല്ല; കൂടുതൽ ഭൂമി ശേഷിച്ചിട്ടില്ലാത്തതുകൊണ്ടു്.

5

വ്യവസായവൽക്കരണത്തെ പൂജിക്കുന്ന റഷ്യയിലെ ജീവിതം എനിക്കു ഹൃദയംഗമമായി തോന്നുന്നില്ല. ബൈബിളിലെ ഭാഷയിൽ പറഞ്ഞാൽ, മനുഷ്യനു ലോകം മുഴുവനും ലഭിച്ചാലും ആത്മാവു നഷ്ടപ്പെടുന്നുവെങ്കിൽ എന്തു പ്രയോജനം? പുതിയ ഭാഷയിൽ പറഞ്ഞാൽ വ്യക്തിത്വം നഷ്ടപ്പെട്ടു്, കേവലം യന്ത്രത്തിൻെറ ഒരു ഭാഗമായി ഭവിക്കുന്നതു് മനുഷ്യൻെറ അന്തസ്സിനു ചേന്നതല്ല. ഓരോ വ്യക്തിയും പൂർണ്ണാരോഗ്യവും പൂർണ്ണവികാസവും പ്രാപിച്ച സമുദായാംഗമായിത്തീരണമെന്നതാണു് എൻെറ ആഗ്രഹം. ഗ്രാമങ്ങൾ സ്വയംപര്യാപ്തമാകണം, അഹിംസാതത്ത്വത്തിനു് അനുസരണമായി പ്രവർത്തിക്കണമെങ്കിൽ, വേറൊരു പോം വഴിയും ഞാൻ കാണുന്നില്ല.

## ബി. ദാരിദ്ര്യം

6

നമ്മുടെ മുമ്പിലുള്ള താല്ക്കാലപ്രശ്നം, രാജ്യഭരണം എങ്ങനെ നടത്തണം എന്നുള്ളതല്ല, എങ്ങനെ നമുക്കു് ഉണ്ണുവാ, ഉടുക്കാ

5. Harijan, 28-1-1939 (Economic and Industrial Life and Relations, vol. II, P. 12)

6. Young India, 19-1-1921 (Khadi, P. 41)

digitized by www .sreyas.in

നം ഉണ്ടാക്കാം എന്നുള്ളതാണ്. 1918—ൽ വസ്ത്രം വാങ്ങാൻവേണ്ടി അറുപതുകോടി രൂപാ നാം ഇൻഡ്യയിൽനിന്നു പുറത്തേക്കയച്ചു. ഇൻഡ്യയിലെ നൂൽനൂൽപ്പുകാക്കും നെയ്ത്തുകാക്കും മറേറതെങ്കിലും ജോലി ഉണ്ടാക്കിക്കൊടുക്കാതെ ഈ നിരക്കിൽ നാം തുടരെ വിദേശവസ്ത്രം വാങ്ങുകയാണെങ്കിൽ, ആണ്ടോടാണ്ട് അത്രയും തുക അവക്കു നഷ്ടപ്പെടുത്തുകയായിരിക്കും നാം ചെയ്യുക. നമ്മുടെ ജനങ്ങളിൽ കുറഞ്ഞപക്ഷം പകുതിപ്പേരെങ്കിലും ക്രൂരമാംവണ്ണം അർദ്ധപട്ടിണിക്കാരായിരിക്കുന്നതും ബാക്കിയുള്ളവരിൽ ഭൂരിപക്ഷവും അപര്യാപ്തമായ ആഹാരംകഴിച്ചു ജീവിക്കുന്നതും അത്ഭുതമല്ല.

7

നീണ്ടാളായി നിലനില്ക്കുന്ന പട്ടിണിയും ഇഞ്ചിഞ്ചായുള്ള മരണവും ഇൻഡ്യയിലെപ്പോലെ ഭൂമുഖത്ത് മറെറാരു രാജ്യത്തുമില്ല. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ പരിഹാരം അപൂർവ്വകല്പിതമായിരിക്കണം.

അതു കണ്ടുപിടിക്കാനുള്ള ശ്രമത്തിൽ, ആദ്യമായി ആ ഭീമമായ ദുരവസ്ഥയുടെ കാരണം കണ്ടുപിടിക്കണം. വെള്ളപ്പൊക്കമോ അനാവൃഷ്ടിയോകൊണ്ടു ക്ഷാമം നിരന്തരം ഉണ്ടാകുന്നു. തന്മൂലം ജനങ്ങൾ പട്ടിണികിടക്കുന്നു. അവക്കു ചെയ്യാൻ പണികളില്ല. ഈ തൊഴിലില്ലായ്മ വളരെക്കാലമായി ഇവിടെ നീണ്ടുനില്ക്കുന്നതാകയാൽ, അവക്ക് അതു ശീലമായിക്കഴിഞ്ഞിട്ടുണ്ട്. പട്ടിണിയും ആലസ്യവും അനേകായിരം ജനങ്ങളുടെ ജീവിതത്തിലെ സാമാന്യസമ്പ്രദായമായിത്തീൎന്നിട്ടുണ്ട്. വെള്ളപ്പൊക്കത്തിനു നമുക്കു പരിഹാരം കാണാവുന്നതാണ്. അതിന് അനേകവർഷം പിടിക്കും. കൃഷിക്കു കുറേക്കൂടി മെച്ചപ്പെട്ട സമ്പ്രദായം സ്വീകരിക്കുന്നതിന് ആളുകളെ പ്രേരിപ്പിക്കണം. അതിനു കുറെ കാലംകൂടി വേണ്ടിവരും. നാം വെള്ളപ്പൊക്കങ്ങൾ തടയുകയും ആധുനിക കൃഷിസമ്പ്രദായം ജനലക്ഷങ്ങളുടെ ഇടയിൽ നടപ്പാക്കുകയും ചെയ്തുകഴിയുമ്പോൾ കൃഷിക്കാക്കു പിന്നെയും ധാരാളം സമയം ബാക്കിയുണ്ടാവും,—അവർ ജോലിചെയ്യുമെങ്കിൽ. എന്നാൽ ഈ പരിഷ്കാരങ്ങൾ എല്ലാം നടപ്പാകാൻ തലമുറകൾ കഴിയണം. അതിനിടയിൽ ഈ ദരിദ്രലക്ഷങ്ങൾക്കു പട്ടിണികൂടാതെ കഴിയുവാൻ എന്തുണ്ടു മാൎഗ്ഗം? ചക്കയെ ആശ്രയിക്കുകയെന്നാണ് അതിനുള്ള ഉത്തരം.

8

ഇപ്പോഴത്തെ ദുരിതം അസഹനീയംതന്നെ, സംശയമില്ല. പാപ്പരത്തം പരിഹൃതമാകണം. എന്നാൽ വ്യവസായവൽക്കരണമല്ല

7. Young India, 31-10-1924 (Selections from Gandhi, P. 55)
8. Young India, 7-10-1926

digitized by www .sreyas.in

പരിഹാരമാർഗ്ഗം. നാം കാളവണ്ടി ഉപയോഗിക്കുന്നതിലല്ല, അയല്ക്കാരെപ്പററി ചിന്തയില്ലാത്ത നമ്മുടെ സ്വാർത്ഥതയിലാണ ദൂഷ്യം കിടക്കുന്നതു്. നാം അയൽക്കാരെ സ്നേഹിക്കുന്നില്ലെങ്കിൽ എത്ര വിപ്ലവകരമായ മാററംകൊണ്ടും നമുക്കു് ഒരു ഗുണവും ഉണ്ടാവുന്നതല്ല.

## 9

തൊഴിലാളികളുടേയും മുതലാളികളുടേയും സ്ഥിതികൾക്ക തമ്മിലുള്ള കഠോരകരമായ അന്തരം ആധുനികകാലത്തു പുത്തരിയല്ല. സുഹൃത്തിൻെറ കണ്ടുപിടുത്തം അനേകശതാബ്ദങ്ങൾക്കുമുമ്പു് ഗൗതമബുദ്ധൻ നടത്തിയതായി പറയപ്പെടുന്ന കണ്ടുപിടുത്തത്തെയാണു് അനുസ്മരിപ്പിക്കുന്നതു്. അദ്ദേഹം കണ്ടതു് ഒരു പുതിയ കാര്യമല്ല. എന്നാൽ വാർദ്ധക്യവും, രോഗവും മററു ജീവിതദുരിതങ്ങളും കണ്ടിട്ടുണ്ടായ ഞെട്ടൽ അദ്ദേഹത്തിൻെറ ജീവിതത്തെ രൂപാന്തരപ്പെടുത്തുകയും ലോകത്തിൻെറ ഭാഗധേയത്തെ സാരമായി സ്പർശിക്കുകയും ചെയ്തു. ഈ വനിതയ്ക്കും ആദ്യമായി ഇങ്ങനെയൊരു ഞെട്ടൽ ഉണ്ടായതു കൊള്ളാം. അവരും, ലേഖനത്തിൽ അത്യന്തം ദയാർഹരായി വർണ്ണിക്കപ്പെടുന്ന പാവപ്പെട്ട ആളുകളുടെ ചെലവിൽ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള മററു പരിഷ്കൃതവനിതകളും, കുറേക്കൂടി ആഴത്തിലേക്കിറങ്ങി, സഹാനുഭൂതിയോടെ പ്രവർത്തിക്കുമെങ്കിൽ ആ പാവങ്ങളുടെ ശോച്യാവസ്ഥയ്ക്കു കുറച്ചൊരുപശാന്തിയുണ്ടാവാൻ അധികംകാലം വേണ്ടിവരികയില്ല. ഇൻഡ്യയിൽ എവിടെ നോക്കിയാലും കാണാൻകഴിയുന്നതു് അവളുടെ സമ്പന്നതയല്ല. സമ്പത്തു് ഏതാനും പേർക്കുമാത്രം കൊടുക്കുന്ന അധികാരഗർവ്വമാണു്. ഈ സമ്പല്ലാഭത്തിനാകട്ടെ അവർ ഇൻഡ്യയിലെ ദരിദ്രലക്ഷങ്ങളുടെ ദുരിതത്തിൽക്കൂടിയുള്ള അദ്ധ്വാനത്തോടു കടപ്പെട്ടിരിക്കുന്നു. കഷ്ടപ്പെടുന്ന ജനലക്ഷങ്ങളെ ചൂഷണംചെയ്തു്, അതിനെമാത്രം ആധാരമാക്കി നിലനില്ക്കുന്ന ഒരു ഭരണകൂടമാണു് നമുക്കുള്ളതു്.

ഒരു സ്നേഹിതൻ ഒരു ഇംഗ്ലീഷ് പത്രത്തിൽനിന്നു് ഒരു ലേഖനം വെട്ടിയെടുത്തു് എനിക്കു് അയച്ചുതരികയുണ്ടായി. ലേഖകൻെറ അഭിപ്രായത്തിൽ 1500 രൂപാ ഒരു ഇംഗ്ലീഷുകാരനു് ഇൻഡ്യയിലെ ജീവിതാവശ്യങ്ങൾക്കു് അപര്യാപ്തമാണു്. പ്രതിമാസം 1500 രൂപയിൽ കൂടുതൽ കിട്ടാൻ ഇടയില്ലെങ്കിൽ ഇംഗ്ലീഷുകാർ ഇൻഡ്യയിലേക്കു് ഇറങ്ങിത്തിരിക്കരുതെന്നു ലേഖകൻ മുന്നറിയിപ്പു നൽകിയിരിക്കുന്നു. ഈ ജീവിതനിലവാരത്തോടു് കലഹിച്ചിട്ടാവശ്യമില്ല. ലേഖകൻെറ നിലപാടനുസരിച്ചു പ്രതിമാ

9. Young India, 28-4-1927 (Towards Non-violent Socialism, pp. 144—146)

സം 1500 രൂപാ പ്രത്യക്ഷത്തിൽ അപര്യാപ്തമാണ്. എന്തെന്നാൽ, അയാഠം കുബ്ബുജീവിതം, കാറ്, വേനൽക്കാലത്തു കുന്നിൻപുറത്തു് താമസം, ഇംഗ്ലണ്ടിൽ കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കൽ, എന്നിത്രയും കാര്യങ്ങഠം ഏററവും ചുരുങ്ങിയ ആവശ്യങ്ങളായി പരിഗണിക്കുന്നു. ഈ ജീവിതത്തോതിനെപ്പററി പറയാവുന്നതും പറയേണ്ടതും ഇത്രമാത്രമാണ്: ഇതൊക്കെയും അനുപേക്ഷണീയമായ ഏററവും ചുരുങ്ങിയ ആവശ്യമാണെങ്കിൽ, ഈ തോതു്, ഇൻഡ്യയ്ക്കു താങ്ങാനാവാത്തവിധം അത്ര വ്യയഹേതുകമാണ്. ആംഗല ഉദ്യോഗസ്ഥന്മാരുടെ സേവനം സൂക്ഷ്മത്തിൽ എത്രതന്നെ ഗുണകരമാണെന്നു സിദ്ധാന്തിച്ചാലും, കഷ്ടപ്പെടുന്ന ജനലക്ഷങ്ങഠംക്കു ജീവിക്കാൻ സാധിക്കണമെങ്കിൽ അവർ ഈ 'ഗുണകര'മായ സേവനങ്ങളുടെ 'ഗുണം' തങ്ങളുടെ ധനശേഷിക്കു് അതു് അതീതമാണെന്ന കേവലകാരണത്താൽ, വേണ്ടെന്നുവെച്ചു കഴിഞ്ഞുകൂടണം. ഇൻഡ്യയിലെ ജനലക്ഷങ്ങളെ ശക്തിവർദ്ധകമായ വല്ല ഹിമാലയൻ ഉന്നതതലങ്ങളിലും മാററിപ്പാർപ്പിച്ചാൽ, അവരുടെ ഭൂമിയിലെ ആയുസ്സിന്റെ ദൈർഘ്യം രണ്ടുമടങ്ങു വർദ്ധിപ്പിക്കാൻ സാധിക്കുമെന്നു സിദ്ധാന്തിക്കാൻ കഴിഞ്ഞേക്കും. എന്നാൽ പ്രസ്തുത പദ്ധതി തങ്ങഠംക്കു് അപ്രാപ്യമാണെന്ന കാരണത്താൽ അവർ ഈ പ്രമേയത്തെ പരിഹസിച്ചു തള്ളിക്കളയും.

നമ്മുടെ മാന്യവനിത ന്യൂഡൽഹിയിൽവച്ചു പ്രസ്താവിച്ചതു്, ആയിരമായിരം മനുഷ്യജീവിതത്തെ അനുദിനം നശിപ്പിച്ചുകൊണ്ടിരിക്കുന്ന വർദ്ധമാനവും രൂഢമൂലവുമായ ഒരു രോഗത്തിന്റെ ഒരു ചെറിയ ലക്ഷണം മാത്രമാണ്. ഉത്സാഹശാലിയായ ഒരു നിയമസഭാംഗം തൊഴിലാളികഠംക്കു കൂടുതൽ മെച്ചപ്പെട്ട പാർപ്പിടസൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് അസംബ്ലിയിൽ ഒരു പ്രമേയം അവതരിപ്പിക്കുന്നുവെന്നും, ഗവണ്മെൻറ് അതിനെ വീറേറാ ചെയ്യുന്നില്ലെന്നും, ഈ തൊഴിലാളികളേക്കാഠം പാവപ്പെട്ടവരായ ലക്ഷോപലക്ഷം ജനങ്ങഠംക്കു ഹാനികരമാകാവുന്ന മട്ടിൽ ഗവണ്മെൻറ് അതു സസന്തോഷം നടപ്പിൽവരുത്തുന്നു എന്നും സങ്കല്പിക്കാൻ സാധിക്കുന്നതാണ്. എന്റെ സ്നേഹിത വാസ്തവത്തിൽ ആഗ്രഹിക്കുന്നതു് ഇതല്ല എന്നു് എനിക്കു നിശ്ചയമുണ്ടു്, രാജ്യത്തെപ്പററി എന്തെങ്കിലും അറിയാവുന്ന ഏതു് ഇൻഡ്യാക്കാരനേയുംപോലെ അവർ ആഗ്രഹിക്കുന്നതു്. മുകഠംഭാരം കൂടിയതും താഴെ ചക്രശ്വാസം വലിച്ചു വിമ്മിട്ടപ്പെടുന്ന ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ അസഹനീയമായ ആഭാരംകൊണ്ടു ഞെരിക്കുന്നതുമായ ഭരണകൂടസംവിധാനത്തിൽ മൗലികമായ ഒരു പരിവർത്തനമാണ്. ഈ ദുർഘടാവസ്ഥയിൽനിന്നുള്ള പോംവഴി അസംഖ്യംപ്രാവശ്യം ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. വേറൊരു പോംവഴി എനിക്കറിഞ്ഞുകൂടാ.

digitized by www .sreyas.in

10

നമ്മുടെ രാജ്യത്തെ പീഡിപ്പിക്കുന്ന ദുർവ്വഹമായ ദാരിദ്ര്യവും പട്ടിണിയും കൂടുതൽ കൂടുതൽ ആളുകളെ യാചകന്മാരുടെ അണികളിലേക്ക് ആണ്ടുതോറും തള്ളിവിട്ടുകൊണ്ടിരിക്കുന്നു. ആഹാരത്തിനുവേണ്ടിയുള്ള അവരുടെ അന്തംവിട്ട പോരാട്ടം, എല്ലാ സഭ്യതാബോധത്തിന്റെയും ആത്മാഭിമാനബോധത്തിന്റെയും കാര്യത്തിൽ അവരെ നിർവ്വികാരരാക്കിത്തീർത്തിരിക്കുന്നു.. നമ്മുടെ ജീവകാരുണികന്മാരാകട്ടെ അവക്ക് ആഹാരസമ്പാദനത്തിന്, തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനു പകരം ഭിക്ഷകൊടുക്കുന്നു.

11

ഇവിടെ (ലങ്കാഷയർ—ഇംഗ്ലണ്ട്) പട്ടിണിയോ അരപ്പട്ടിണിയോ ഇല്ല: ഇൻഡ്യയിൽ ഞങ്ങൾക്ക് രണ്ടുമുണ്ട്. നിങ്ങൾ ഇൻഡ്യയിലെ ഗ്രാമപ്രദേശങ്ങളിൽ ഒന്നു പോകുമെങ്കിൽ, നിങ്ങൾക്ക ഗ്രാമീണരുടെ കണ്ണുകളിൽ കേവലനൈരാശ്യം നിഴലിക്കുന്നതു കാണാം; അസ്ഥിപഞ്ജരങ്ങളായവശേഷിച്ച അർദ്ധപ്പട്ടിണിക്കാരെ, ജീവച്ഛവങ്ങളെ, കാണാം. ഇൻഡ്യക്ക് അവരെ ആഹാരവും ചൈതന്യവും നൽകി പുനർജ്ജീവിപ്പിക്കാൻ സാധിക്കുമെങ്കിൽ അവർ ലോകത്തിന് ഒരു അനുഗ്രഹമായിരിക്കും. ഇന്ന് ഇൻഡ്യ ഒരു ശാപമാണ്. എന്റെ രാജ്യത്തു മററുള്ളവക്ക ജീവിക്കാൻവേണ്ടി ഈ അരപ്പട്ടിണിക്കാരായ ജനലക്ഷത്തിന്റെ ജീവിതത്തിന് അറുതിവരുത്താൻ നോക്കുന്ന ഒരു പാർട്ടിയുണ്ട്. ഞാൻ ദയാപരമായ ഒരു മാർഗ്ഗമാണ് ആലോചിച്ചതു്—അതായതു്, അവക്ക് പരിചയമുള്ള ഒരു ജോലി കൊടുക്കുവാൻ. പ്രസ്തുത ജോലി അവക്ക വീട്ടിലിരുന്നുതന്നെ ചെയ്യാം, ഉപകരണങ്ങൾക്ക വലിയ മുതൽമുടക്ക് ആവശ്യമില്ല; അതിന്റെ ഉല്പന്നങ്ങൾ എളുപ്പത്തിൽ വിററഴിക്കയും ചെയ്യാം. ലങ്കാഷയറിന്റെപോലും ശ്രദ്ധക്കു വിഷയീഭവിക്കാൻ അർഹമായ ഒരു തൊഴിലാണതു്.

12

നമ്മുടെ രാജ്യത്തിലെ രൂക്ഷമായ ദാരിദ്ര്യവും തൊഴിലില്ലായ്മയും കണ്ടു ഞാൻ വാസ്തവത്തിൽ കരഞ്ഞുപോയിട്ടുണ്ട്. എന്നാൽ ഞാൻ സമ്മതിക്കുന്നു. നമ്മളുടെതന്നെ ഉദാസീനതയും അജ്ഞതയുമാണതിനു കാരണമെന്ന്. നമുക്ക തൊഴിലിന്റെ മഹ

10. Young India, 13-9-1928 (Economic and Industrial Life and Relations, vol. III, P. 110)

11. Young India, 15-10-1931 (Economic and Industrial Life and Relations, vol. III, pp. 90—91)

12. Harijan, 19-12-1936 (Towards Non-Violent Socialism, P .143)

digitized by www .sreyas.in

ത്വം മനസ്സിലായിട്ടില്ല. തന്നിമിത്തം, ഒരു ചെരുപ്പുകുത്തി, തന്റെ തൊഴിലിൽനിന്നു ഭിന്നമായ മറെറാരു ജോലിയും ചെയ്കില്ല; അതൊക്കെയും തന്റെ അന്തസ്സിനു ചേന്നതല്ലെന്നാണ് അയാളുടെ വിചാരം. ഈ അബദ്ധധാരണ പോകണം. കൈകൊണ്ടും കാൽകൊണ്ടും സത്യസന്ധമായി ജോലിചെയ്യുന്നവക്കു വേണ്ടുവോളം ജോലി ഇൻഡ്യയിലുണ്ട്. ദൈവം സകലക്കും ജോലി ചെയ്യാനും തങ്ങളുടെ നിത്യവൃത്തിക്കുവേണ്ടതിൽക്കൂടുതൽ നേടുവാനും ശേഷി കൊടുത്തിട്ടുണ്ട്. ആ ശേഷി ഉപയോഗപ്പെടുത്താൻ തയ്യാറുള്ള ആക്കും തൊഴിലുണ്ടാകുമെന്നു തീർച്ച. നേരായ മാർഗ്ഗത്തിൽ നാലു പൈസായുണ്ടാക്കണമെന്നു വിചാരമുള്ള ഒരുവനു് ഒരു തൊഴിലും നികൃഷ്ടമല്ല. ദൈവം നമുക്കു തന്നിട്ടുള്ള കൈയും കാലും ഉപയോഗപ്പെടുത്താൻ സന്നദ്ധതവേണമെന്നേയുള്ളു.

## സി. തൊഴിലില്ലായ്മ

### 13

ആകയാൽ ഇൻഡ്യയേയും മനുഷ്യരാശിയേയും സ്നേഹിക്കുന്ന ഒരാറം ശ്രദ്ധിക്കേണ്ട ഏകകാര്യം ഇൻഡ്യയുടെ കഷ്ടതയും ദുരിതവും ദൂരീകരിക്കാൻ ഏററവും പര്യാപ്തമായ പ്രായോഗികപദ്ധതികറം ആസൂത്രണം ചെയ്യുക എന്നതാണ്. ജലസേചനപദ്ധതിക്കോ മനുഷ്യന്റെ ബുദ്ധിപാടവത്തിനു നിർദ്ധാരണം ചെയ്യാവുന്ന മററു കാർഷികപരിഷ്കരണത്തിനോ ഒന്നും ഇൻഡ്യ ഒട്ടുക്കു വ്യാകീർണ്ണമായിക്കിടക്കുന്ന ജനാവലിയുടെ പ്രശ്നം പരിഹരിക്കാനോ, നിരന്തരം തൊഴിലില്ലാതായിത്തീരുന്ന മനുഷ്യസഞ്ചയത്തിനു തൊഴിലുണ്ടാക്കിക്കൊടുക്കാനോ സാദ്ധ്യമല്ല. ഒരു ദിവസം ശരാശരി അഞ്ചു മണിക്കൂർ മാത്രം,—അതുതന്നെ സ്വന്തം ഇഷ്ടപ്രകാരമല്ല, സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട്—ജോലിചെയ്യുന്ന ഒരു ജനതയെ സങ്കല്പിച്ചുനോക്കുക. അപ്പോറം നിങ്ങറക്കു് ഇൻഡ്യയുടെ ഒരു യഥാതഥചിത്രം ലഭിക്കും. വായനക്കാരൻ ഈ ചിത്രം വിഭാവനചെയ്യുമെങ്കിൽ, അയാറം തന്റെ മനസ്സിൽനിന്നു് നഗരജീവിതത്തിലെ വ്യഗ്രതയും ബഹളവും, അഥവാ ഫാക്ടറിജീവിതത്തിലെ വിമർദ്ദകമായ ബദ്ധപ്പാടും, തോട്ടത്തിലെ അടിമത്തവും മനസ്സിൽനിന്നു മാററിനിറുത്തണം. ഇൻഡ്യൻമനുഷ്യമഹാസമുദ്രത്തിലെ ജലകണങ്ങറം മാത്രമാണവ. ഇൻഡ്യയുടെ സ്ഥൂലരൂപചിത്രം സങ്കല്പിക്കണമെങ്കിൽ, സ്വന്തം ഭൂമിയിൽ ജോലി ചെയ്യുന്ന എൺപതു ശതമാനം ജനങ്ങളെപ്പററി അയാറം ചിന്തിക്കണം. ആണ്ടിൽ കുറഞ്ഞതു നാലുമാസം പറയത്തക്ക പണിയൊന്നുമില്ല. തന്നിമിത്തം ഇവർ പട്ടിണിയോടടുത്ത ജീവിതമാ

13. Young India, 3-11-1921 (Selections from Gandhi, P. 55)

digitized by www .sreyas.in

...ന്നു് നശിക്കുന്നതു്. ഇതാണു് സാമാന്യേനയുള്ള അവസ്ഥ. കൂടെക്കൂടെ പൊട്ടിപ്പുറപ്പെടുന്ന ക്ഷാമങ്ങൾ ഈ നിർബ്ബന്ധിതതൊഴിലില്ലായ്മയെ വളരെയധികം വർദ്ധിപ്പിക്കുന്നുമുണ്ടു്.

## 14

ഈ കഷ്ടപ്പെടുന്ന ജനലക്ഷങ്ങളുടെ ഇടയിൽ ഭയങ്കരമായ നിർബ്ബന്ധിതതൊഴിലില്ലായ്മ ഇപ്പോൾത്തന്നെ ഉണ്ടു്. ആണ്ടിൽ കുറഞ്ഞതു നാലുമാസം അവർക്കു പണിയില്ല; നാം ഗ്രഹിച്ചുവയ്ക്കാനുള്ള മുഖ്യമായ വസ്തുതകളാണിവ. ഒരിക്കൽ ഈ വസ്തുതകൾ ഗ്രഹിച്ചുകഴിഞ്ഞാൽ, ജനലക്ഷങ്ങൾക്കു്, അവരുടെ അലസമായ സമയത്തെ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ജോലിയുണ്ടാക്കിക്കൊടുക്കാൻ ഒരു നിമിഷവും അമാന്തിച്ചുകൂടെന്നു സിദ്ധമാകും. ഇനിയും മനസ്സിലാക്കാനുള്ള മറെറാരു സംഗതി ഇതാണു്: ഈ രാജ്യത്തു് അധിവസിക്കുന്ന ആളുകളുടെ ശരാശരി വരുമാനം ദിവസം ഏഴു പൈസ (ഇന്നത്തെ നാണയമാററനിരക്കനുസരിച്ചു് രണ്ടു് ഇംഗ്ലീഷുപെനിക്കു താഴെ) ആണെങ്കിൽ അദ്ധ്വാനിക്കുന്ന ജനലക്ഷങ്ങളുടെ ശരാശരി വരുമാനം അതിലും വളരെ കുറഞ്ഞിരിക്കണം. അവരുടെ വരുമാനത്തോടു് രണ്ടു പൈസ കൂട്ടിച്ചേർക്കുന്നയാൾ—അതും വലിയ മുതൽമുടക്കൊന്നുമില്ലാതെ—സാരമായ ഒരു വർദ്ധനവാണുണ്ടാക്കുന്നതു്. മാത്രമല്ല അയാൾ ഈ ജനലക്ഷങ്ങളുടെ ഹതാശമായ ഹൃദയങ്ങളിൽ ആശാകിരണം ചൊരിയുകയും ചെയ്യുന്നു.

## 15

അനേകലക്ഷംപേർ തൊഴിലില്ലായ്മയാൽ ഭ്രഷ്ടരും അവമാനിതരും ദൈവവിശ്വാസമില്ലാത്തവരുമാണു്. ഇങ്ങനെ മുപ്പതുകോടി തൊഴിലില്ലാത്ത ജനങ്ങൾ ഒരു രാജ്യത്തുണ്ടായിരിക്കുകയെന്നതു് എന്തൊരു വിപത്താണെന്നു സങ്കല്പിച്ചുനോക്കുക. കണ്ണിൽ പ്രകാശമില്ലാത്ത, വിശന്നുപൊരിയുന്ന ഈ ജനങ്ങളുടെ മുമ്പാകെ ദൈവസന്ദേശം വയ്ക്കുന്നതു് അവിടെ കിടക്കുന്ന പട്ടിയുടെ മുമ്പിൽ ദൈവസന്ദേശം വയ്ക്കുന്നതുപോലെയേ ഉള്ളു. ഈ സാധുക്കളുടെ ദൈവം അവരുടെ ഭക്ഷണമാണു്. പാവനമായ ജോലിയുടെ സന്ദേശം വഹിച്ചുകൊണ്ടേ ദൈവസന്ദേശവുമായി അവരുടെ അടുത്തു ചെല്ലാനാവൂ. നല്ലൊരു പ്രഭാതഭക്ഷണവും കഴിച്ചു് കുറേക്കൂടി നല്ല ഒരു പ്രാതലും പ്രതീക്ഷിച്ചു് നാം ഇവിടെ ഇരിക്കുമ്പോൾ ദൈവത്തെപ്പററി പറയാൻ സുഖമുണ്ടു്. എന്നാൽ ഒരു ദിവസം രണ്ടു നേരം ആഹാരം കഴിക്കാൻ നിവൃത്തിയില്ലാത്ത ജനലക്ഷങ്ങളോടു ദൈവകാര്യം എങ്ങനെ പറയാനാണു്? അവർക്കു് ആഹാരത്തിൻെറ രൂപത്തിലേ ദൈവം പ്രത്യക്ഷമാകൂ.

---

14. Young India, 1-11-1928 (Khadi, P. 6)
15. Young India, 15-10-1931 (Selections from Gandhi, P. 47)

digitized by www .sreyas.in

16

ഒരുപ്രകാരത്തിൽ നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ പ്രശ്നം മററു രാജ്യങ്ങളിലെപ്പോലെ അത്ര വിഷമംപിടിച്ചതല്ല. ജീവിതരീതി ഒരു വലിയ ഘടകമാണ്. ജോലിയില്ലാത്ത പാശ്ചാത്യത്തൊഴിലാളിക്ക് ബാക്കി ആളുകളെപ്പോലെ ചൂടുള്ള വസ്ത്രം വേണം, ബൂട്സുവേണം, ഷൂസുവേണം, ചൂടുള്ള ഒരു പാർപ്പിടം വേണം—ഇങ്ങനെ അവരുടെ തണുത്ത ശീതോഷ്ണാവസ്ഥയ്ക്കു യോജിച്ച പലതും വേണം. നമുക്ക് ഇവയെല്ലാം ആവശ്യമില്ല.

17

തുടരെത്തുടരെയുണ്ടാകുന്ന തൊഴിലില്ലായ്മ അത്യന്തം വിഷാദകരമായ ഒരുവക ആലസ്യം ആളുകളിൽ ജനിപ്പിച്ചിട്ടുണ്ട്. അവരുടെ വളൎന്നുവരുന്ന ദാരിദ്ര്യത്തിനു നിശ്ചയമായും വൈദേശികഭരണമാണുത്തരവാദിയെങ്കിലും, നമ്മളാണു കൂടുതൽ ഉത്തരവാദികൾ. ഒരു പാത്രം കട്ടിസൂപ്പിനുവേണ്ടി ഇൻഡ്യയുടെ സാമ്പത്തികസ്വാതന്ത്ര്യം കൈമാററംചെയ്തു വിശ്വാസഘാതകരായ ഇടത്തരക്കാർ ഇപ്പോൾ തങ്ങൾക്കു പററിയ അമളി മനസ്സിലാക്കുകയും ചക്രയുടെ സന്ദേശം ഗ്രാമീണൎക്ക് എത്തിച്ചുകൊടുക്കുകയും ചക്രയിൽ നിന്നുള്ള പണിയെടുക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുമെങ്കിൽ നമുക്ക് ജനങ്ങളുടെ സ്ഥിതി വളരെയധികം നന്നാക്കാൻ സാധിക്കും.

## ഡി. ആഹാരം

18

ജനങ്ങളെ വിശപ്പിൽനിന്നും ചൂഷണത്തിൽനിന്നും കഴിയുന്നിടത്തോളം രക്ഷിക്കുക എന്നതു് സിവിക്ക് ഗാർഡുകളുടെ പ്രവൎത്തനത്തിന്റെ ഒരു ഭാഗമായിരിക്കേണ്ടതാണ്. ബുദ്ധിമുട്ടുകാലത്തു ഭക്ഷ്യസാധനങ്ങൾ എങ്ങനെ ചുരുക്കിച്ചെലവാക്കണമെന്നതിനെപ്പററി ചില ഉപദേശങ്ങൾ ഞാൻ തന്നുകഴിഞ്ഞു. അത്തരം ചെലവുചുരുക്കൽ ഇന്നുമുതൽ ആരംഭിക്കണം.

1) ഭക്ഷ്യപദാൎത്ഥങ്ങൾ ഒട്ടും പാഴിൽ പോകാതെ ചെലവു പരമാവധി ചുരുങ്ങിയിരിക്കാൻവേണ്ടി, ഭക്ഷണം ശാസ്ത്രീയമായി ക്രമീകരിക്കണം.

2) തിന്നാൻ കൊള്ളാവുന്ന എന്തെല്ലാം സസ്യങ്ങൾ നട്ടുപിടിപ്പിക്കാമോ അവയെല്ലാം ഉടനെ നട്ടുപിടിപ്പിക്കണം.

---

16. Harijan, 19-12-1936 (India of My Dreams, P. 50)
17. Harijan, 2-1-1937 (Selections from Gandhi, P. 98)
18. Harijan, 22-3-1942 (Food-shortage and Agriculture P. 5)

digitized by www .sreyas.in

3) തിന്നാൻ ഗുണമുള്ളതും സമൃദ്ധിയായി വളരുന്നതുമായ ചെടികൾ ഉപയോഗപ്പെടുത്തണം. അതുസംബന്ധിച്ച ഗവേഷണങ്ങൾ ആവശ്യമാണ്.

4) ആരും അലസമായിരിക്കരുത്. ജോലികിട്ടാൻ സാദ്ധ്യമല്ലെങ്കിൽ, നൂൽനൂൽപ്പുപോലെയുള്ള ഏതെങ്കിലും പണി കണ്ടു പിടിക്കണം.

5) യുദ്ധം പെട്ടെന്നു് അവസാനിച്ചില്ലെന്നുവരാം. ജപ്പാൻകാർ ഇൻഡ്യയെ ആക്രമിക്കുകയാണെങ്കിൽ, ഭക്ഷ്യധാന്യങ്ങൾ ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു കൊണ്ടുപോകാൻ പ്രയാസമായോ അസാദ്ധ്യമായോ തീരും. അവ എവിടെയെങ്കിലും മിച്ചമുണ്ടെങ്കിൽ ഏററവും ആവശ്യമുള്ള സ്ഥലത്തു് എത്തിച്ചുകൊടുക്കാൻ ശ്രമിക്കണം.

ഇതെല്ലാം എളുപ്പമുള്ള പണിയല്ലെന്നു് എനിക്കറിയാം. എന്നാൽ ഈ വിഷമഘട്ടം തരണംചെയ്യാൻ മറെറാരു വഴിയും ഞാൻ കാണുന്നില്ല.

## 19

കള്ളിനു് ഉണ്ടെന്നു പറയുന്ന പ്രയോജനങ്ങൾ എല്ലാം മററു ഭക്ഷ്യസാധനങ്ങളിൽനിന്നും ലഭിക്കും. കള്ളു് ഖജൂറിനീരിൽനിന്നാണുണ്ടാക്കുന്നതു്. പുതിയ ഖജൂറിനീരു് ലഹരിസാധനമല്ല. ഹിന്ദുസ്ഥാനിയിൽ 'നീരാ' എന്നാണു് അതു് അറിയപ്പെടുന്നതു്. നീരാ കുടിച്ചതിൻെറ ഫലമായി പലരുടേയും ദഹനക്കേടു മാറിക്കിട്ടിയിട്ടുണ്ടു്. ഞാൻതന്നെ നീരാ കുടിച്ചിട്ടുണ്ടു്. എനിക്കു് അതു് ഒരു വിരേചനസാധനമായില്ലെങ്കിലും കരിമ്പിൻനീരിനുള്ള അതേ ഭക്ഷണമൂല്യം അതിനുണ്ടെന്നു മനസ്സിലായി. തേയില മുതലായവസ്തുപകരം രാവിലെ ഒരുഗ്ലാസ്സു നീരാ ഒരുവൻ കുടിച്ചാൽ പ്രാതലിനു പിന്നെ വേറൊന്നും അയാൾക്കു വേണ്ടിവരികില്ല.

കരിമ്പിൻനീരുപോലെ, പനംകള്ളു കുറുക്കി ചക്കരയുണ്ടാക്കാം. ഖജൂറി പനയുടെ ഒരു വകഭേദമാണു്. പലമാതിരി പനകൾ നമ്മുടെ നാട്ടിൽ തന്നിയേ വളരുന്നു. അവയിൽനിന്നെല്ലാം നല്ല പാനീയങ്ങൾ കിട്ടും. നീരാ വളരെവേഗം പുളിച്ചുപോകുമെന്നതിനാൽ, എടുത്താൽ ഉടൻതന്നെ ഉപയോഗിക്കേണ്ടതുണ്ടു്. ഇതു പ്രയോഗത്തിൽ വളരെ പരിമിതമായ തോതിലല്ലാതെ സാധിക്കുക പ്രയാസമായതുകൊണ്ടു്, നീരായുടെ ഏററവും നല്ല ഉപയോഗം അതിനെ ചക്കരയാക്കി മാററുകയാണു്. കരിമ്പിൻചക്ക

19. Key to Health pp., 32—34 (India of My Dreams, pp. 163—164)

digitized by www .sreyas.in

രയുടെ സ്ഥാനത്തു പനംചക്കര ഉപയോഗിക്കാം. വാസ്തവത്തിൽ ചില ആളുകൾക്കു് പനംചക്കരയാണു പ്രിയം. കരിമ്പിൻചക്കരയേക്കാൾ പനംചക്കരയ്ക്കുള്ള വിശേഷം, അതിനു മധുരക്കുറവുണ്ടു്, തന്നിമിത്തം അതു കൂടുതൽ തിന്നാൻ സാധിക്കുമെന്നുള്ളതാണു്. കള്ളുല്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന പനകൾ ചക്കരയുണ്ടാക്കാൻ ഉപയോഗിക്കുമെങ്കിൽ, ഇൻഡ്യയ്ക്കു പഞ്ചസാരക്ഷാമം ഒരിക്കലും നേരിടുകയില്ല; വളരെ കുറഞ്ഞ തുകയ്ക്കു് നല്ല ചക്കര പാവങ്ങൾക്കു കിട്ടുകയും ചെയ്യും.

പനംചക്കര, ശർക്കരയായും ശുദ്ധമായ പഞ്ചസാരയായും മാററാം. എന്നാൽ ചക്കര പഞ്ചസാരയേക്കാൾ ഉപയോഗയോഗ്യമാണു്. ചക്കര ശുദ്ധി ചെയ്യുമ്പോൾ അതിൽ അടങ്ങിയിരിക്കുന്ന ലവണങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. കുത്തിവെളുപ്പിച്ച ഗോതമ്പിലും നെല്ലിലും തവിടുപോകുന്നതുകൊണ്ടു് പോഷകാംശം കുറയുന്നതുപോലെ ശുദ്ധീകരിച്ചു പഞ്ചസാരയാക്കിയ ചക്കരയിലേയും പോഷകാംശം കുറെ നഷ്ടപ്പെട്ടുപോകും. എല്ലാ ഭക്ഷ്യപദാർത്ഥങ്ങളും കഴിയുന്നിടത്തോളം അവയുടെ സ്വാഭാവികസ്ഥിതിയിൽ ഉപയോഗിച്ചാൽ പോഷകാംശങ്ങൾ കൂടുതൽ കാണുമെന്നു സാമാന്യമായി പ്പറയാം.

## 20

ഭക്ഷ്യദൗർല്ലഭ്യത്തെ നേരിടാൻ വേണ്ട കോപ്പു് ഗവണ്മെൻറിനേയുള്ള എന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും, മഴവരാൻ മാനത്തു നോക്കിക്കൊണ്ടു്, വിധിക്കു കീഴടങ്ങി നാം മനസ്സു മന്ദിച്ചിരിക്കേണ്ട കാര്യമില്ല. ഭൂഗർഭത്തിൽ വററാത്തൊരു ജലശേഖരം ഉണ്ടു്. രണ്ടായിരം അടി കുഴിക്കേണ്ടിവന്നാലും ശരി, നാം അതിൽനിന്നു വെള്ളം പുറത്തുകൊണ്ടുവന്നു ഭക്ഷ്യസാധനങ്ങൾ വിളയിക്കാൻ ഉപയോഗിക്കേണ്ടതാണു്. നമ്മെ ഭീഷണിപ്പെടുത്തുന്ന വിപത്തിനെ നേരിടാൻ, ലഭ്യമായ ഉപായങ്ങൾ സർവ്വവും പ്രയോഗിച്ചു നോക്കുന്നതിനുമുമ്പു്, നാം വിധിയെ പഴിക്കാൻ പാടില്ല.

ഇന്നു ബോംബെപോലുള്ള വലിയ നഗരങ്ങളിൽ സദ്യകൾക്കും അടിയന്തിരങ്ങൾക്കുമായി ഭക്ഷ്യസാധനങ്ങളുടെ വമ്പിച്ച ദുർവ്യയം നടന്നുകൊണ്ടിരിക്കുന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ ഓരോമണി ഭക്ഷ്യധാന്യവും ഓരോതുള്ളി എണ്ണയും നെയ്യും ഭദ്രമായി സൂക്ഷിക്കേണ്ടതു് ഓരോ പുരുഷൻേറയും സ്ത്രീയുടേയും കുട്ടിയുടേയും വിശുദ്ധകർത്തവ്യമാണു്. പട്ടിണിമൂലമുള്ള മരണത്തിൻെറ സംഭവ്യതയെ ജനലക്ഷങ്ങൾ അഭിമുഖീകരിക്കുമ്പോൾ, ഒരുവൻ,

20. Harijan, 3-3-1946 (Food-shortage and Agriculture, P. 16)

digitized by www .sreyas.in

ശരീരത്തിന്റെ ആരോഗ്യവും കർമ്മക്ഷമതയും നിലനിർത്താൻ ആവശ്യമുള്ളതിൽക്കവിഞ്ഞു ഭക്ഷണം കഴിച്ചുകൂടാ. ഇങ്ങനെ മിച്ചം വരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ ആവശ്യക്കാരായ പാവങ്ങൾക്കു് വിതരണംചെയ്യാം; ഭിക്ഷയായിട്ടല്ല, സത്യസന്ധമായ ജോലിക്കു പ്രതിഫലമായിട്ടു്.

## 21

ഭക്ഷ്യസംബന്ധമായ ഒരു പ്രതിസന്ധിഘട്ടം തീർച്ചയായും ഉണ്ടാകുമെന്നുവേണം വിചാരിക്കാൻ. ഈ പരിതഃസ്ഥിതിയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉടനെ ശ്രദ്ധിക്കണം.

ഓരോ വ്യക്തിയും ഭക്ഷ്യസംബന്ധമായ ആവശ്യങ്ങൾ അവനവന്റെ ആരോഗ്യത്തിനനുസരണമായി, എത്രകണ്ടു ചുരുക്കാമോ അത്ര ചുരുക്കണം. നഗരങ്ങളിലെപ്പോലെ പാലും സസ്യപദാർത്ഥങ്ങളും എണ്ണയും പഴങ്ങളും കിട്ടുന്നിടത്തു്, ധാന്യങ്ങളും പയർവർഗ്ഗങ്ങളും കുറയ്ക്കണം; കുറയ്ക്കാൻ എളുപ്പവുമാണു്. കാററ്, തക്കാളി, ഉരുളക്കിഴങ്ങു്, കാച്ചിൽ, നേന്ത്രയ്ക്കാ മുതലായവയിൽനിന്നു് ശരീരത്തിനു സ്റ്റാർച്ച് (നൂറു്) കിട്ടും. സൂക്ഷിച്ചുവയ്ക്കാവുന്ന ധാന്യങ്ങളും പയറുവർഗ്ഗങ്ങളും ഇന്നത്തെ ആഹാരങ്ങളിൽനിന്നു് ഒഴിവാക്കി ഭദ്രമായി കരുതിവയ്ക്കുയാണു് ഇതിന്റെ ഉദ്ദേശ്യം. സസ്യപദാർത്ഥങ്ങളുടെ ഉപയോഗം ലക്ഷോപലക്ഷം ജനങ്ങൾക്കു നിശ്ശേഷം നിഷേധിച്ചിരിക്കെ, അവ സുഖസാധനങ്ങളായി ഭക്ഷിച്ചുകൂടാ. ജനങ്ങൾ ധാന്യങ്ങളുടേയും പയർവർഗ്ഗങ്ങളുടേയും അഭാവത്താൽ പട്ടിണിയുടെ ഭീഷണിയെ അഭിമുഖീകരിക്കയാണു്.

വല്ലതും സ്ഥലസൗകര്യമുള്ളവർ സ്വന്തം ആവശ്യത്തിനോ പൊതു ആവശ്യത്തിനോ ആയി എന്തെങ്കിലും ഭോജ്യങ്ങൾ (edibles) നട്ടുപിടിപ്പിക്കണം. ഇതിനു് ഏററവും എളുപ്പവഴി, കുറച്ചു നല്ല മണ്ണു കൊണ്ടുവന്നു ജൈവവളവുമായി കലർത്തി—കുറച്ചു ഉണക്കച്ചാണകം നല്ല ജൈവവളമാണു്, കിട്ടുമെങ്കിൽ അതു കലർത്തണം—ഒരു മൺപാത്രത്തിലോ തകരപ്പാട്ടയിലോ ഇടണം. എന്നിട്ടു് കടുകു്, കീര മുതലായ ഏതെങ്കിലും സസ്യങ്ങളുടെ കുറച്ചു വിത്തു് അതിൽ വിതയ്ക്കണം. എത്ര വേഗത്തിലാണു് അവ മുളച്ചുവരുന്നതെന്നും, തിന്നാൻ കൊള്ളാവുന്ന ഇലകൾ അവയിൽ ഉണ്ടാകുന്നതെന്നും നാം അത്ഭുതപ്പെട്ടുപോകും. ഈ ഇലകൾ വേവിക്കയേ വേണ്ടാ. അതേപടി പച്ചക്കൂട്ടായി (salad) ഭക്ഷിക്കാം.

എല്ലാ പൂന്തോട്ടങ്ങളും സസ്യഭോജ്യങ്ങൾ വളർത്താൻവേണ്ടി ഉപയോഗിക്കണം. വൈസ്രോയിയും ഗവർണ്ണർമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും ഇതിനു നേതൃത്വം നൽകണമെന്നു താല്പര്യപ്പെടുന്നു.

---

21. Harijan, 24-2-1946 (Food-shortage and Agriculture, P. 10)

digitized by www .sreyas.in

എന്തെല്ലാം എങ്ങനെയെല്ലാം അനായസേന വളർത്തിയെടുക്കാമെന്നതിനെസ്സംബന്ധിച്ച പ്രാദേശികഭാഷകളിൽ ധാരാളം ലഘുലേഖകൾ രാജ്യത്തെമ്പാടും വിതരണം ചെയ്യണമെന്നു കേന്ദ്രത്തിലും പ്രവിശ്യകളിലും ഉള്ള കൃഷിഡിപ്പാർട്ടുമെൻറു മേധാവികളോടും ഞാൻ ആവശ്യപ്പെടുന്നു.

സിവിലിയന്മാർ മാത്രമല്ല പട്ടാളക്കാരും മുഖ്യമായിട്ടല്ലെങ്കിൽ തുല്യമായി ഭക്ഷ്യന്യൂനീകരണം സ്വീകരിക്കേണ്ടതാണ്. മുഖ്യമായി എന്നു ഞാൻ പറയുന്നതു്, പട്ടാളക്കാർ കർശനമായ സൈനികച്ചിട്ടയ്ക്കു വിധേയരാകകൊണ്ടു് അവർക്കു് വ്യയന്യൂനീകരണപദ്ധതികൾ, എളുപ്പത്തിൽ നടപ്പിലാക്കാമെന്നുള്ളതുകൊണ്ടാണു്.

എണ്ണക്കുരുക്കൾ, എണ്ണ, പിണ്ണാക്കു്, അണ്ടി മുതലായവയുടെ കയററുമതി ഇതുവരെയായും തടഞ്ഞിട്ടില്ലെങ്കിൽ തടയണം. പിണ്ണാക്കിലെ മണ്ണും അന്യപദാർത്ഥങ്ങളും കളഞ്ഞാൽ അതു മാംസ്യം (protein) ധാരാളമുള്ള നല്ല മനുഷ്യാഹാരമാണു്.

ജലസേചനത്തിനായാലും കുടിക്കാനായാലും, ആവശ്യംപോലെ കഴിയുന്നിടത്തെല്ലാം ഗവണ്മെൻറു് ആഴമുള്ള കിണറുകൾ കുഴിപ്പിക്കണം.

ഗവണ്മെൻറു ജീവനക്കാരുടേയും പൊതുജനങ്ങളുടേയും ഹൃദയപൂർവ്വമായ സഹകരണം ഉണ്ടാകുമെങ്കിൽ രാജ്യത്തിനു് ഈ ദുർഘടസന്ധി തരണംചെയ്യാൻ സാധിക്കുമെന്ന കാര്യത്തിൽ എനിക്കു ലേശവും സംശയമില്ല. സംഭ്രാന്തി പരാജയത്തിൻെറ തീർച്ചപ്പെട്ട മാർഗ്ഗമായിരിക്കുന്നതുപോലെതന്നെയാണു്, സാർവ്വത്രികമായ ദുരിതം ആസന്നമായിരിക്കെ, സത്വരനടപടികൾ നടത്താഞ്ഞാലത്തെ സ്ഥിതിയും. ദുരിതത്തിൻെറ കാരണത്തെപ്പററി നാം ചിന്തിക്കേണ്ട. കാരണം എന്തായാലും ശരി, ഗവണ്മെൻറും പൊതുജനങ്ങളും ക്ഷമയോടും ധീരതയോടും ഈ വിഷമസന്ധിയെ സമീപിക്കുന്നില്ലെങ്കിൽ ആപത്തു നിശ്ചയം. ഈയൊരെണ്ണത്തിലൊഴികെ മററെല്ലാ സമരമുഖങ്ങളിലും നാം വൈദേശികഗവണ്മെൻറിനോടു സമരം ചെയ്യണം; അവർ നിർദ്ദയതയോ, ന്യായമായ പൊതുജനാഭിപ്രായത്തോടു് അവജ്ഞയോ കാണിക്കുന്നപക്ഷം ഈ സമരമുഖത്തും സമരം ചെയ്യണം. ഈ സന്ദർഭത്തിൽ, ഗവണ്മെൻറിൻെറ പ്രതിജ്ഞകളെ അവയുടെ മുഖവിലയ്ക്കെടുക്കണമെന്നുള്ള എൻെറ അഭിപ്രായത്തോടു യോജിക്കാനും ഏതാനും മാസത്തിനുള്ളിൽ സ്വരാജ്യം കൈവരുമെന്നു വിശ്വസിക്കാനും ഞാൻ ജനങ്ങളോടു് അപേക്ഷിക്കുന്നു. സർവ്വോപരി കരിഞ്ചന്തയും കള്ളത്തരവും നിശ്ശേഷം തിരോഭവിക്കണം; ഈ വിഷമഘട്ടത്തെ സംബന്ധിച്ചിടത്തോളം സകല പാർട്ടികളും തമ്മിൽ പൂർണ്ണമനസ്സോടുകൂടിയ സഹകരണം സർവ്വത്ര ഉണ്ടാകയുംവേണം.

digitized by www .sreyas.in

## 22

*മുകളിൽപ്പറഞ്ഞ അഭിപ്രായമാണ പലക്കും ഉള്ളതെന്നു് എനിക്കു് അറിയാം. എന്നാൽ അവരുടെ യുക്തിവാദം എനിക്കു ബോദ്ധ്യമാകുന്നില്ല. ഇപ്പോൾത്തന്നെ വേണ്ടത്ര ആഹാരം കിട്ടാതിരിക്കെ, ഇനിയും തങ്ങളുടെ റേഷൻ കുറവുചെയ്യാൻ ആളുകൾക്കു വിഷമമുണ്ടു്. എന്നാൽ ഗവണ്മെൻറിൻെറ സ്ഥിതിവിവരക്കണക്കു ശരിയാണെന്നു നാം അംഗീകരിക്കയാണെങ്കിൽ ദീർഘവീക്ഷണവും നമ്മുടെ കർത്തവ്യവും അനുസരിച്ചു് ആ കയ്പുള്ള ഗുളിക വിഴുങ്ങുകയും അപ്രകാരം ചെയ്യാൻ ആളുകളെ പ്രേരിപ്പിക്കയും ചെയ്യേണ്ടതാണു്. അതായതു് അടുത്ത വിളവുവരെ പിടിച്ചുനില്ക്കാൻ നാം കുറച്ചേ ഭക്ഷിക്കാവൂ. ഇന്നു ദുഷിച്ചഭരണത്തിൻെറ ഫലമായി ബഹുജനങ്ങൾക്കു റേഷൻവിതരണത്തിൽ ന്യായമായി കിട്ടേണ്ട ഓഹരിപോലും കിട്ടുന്നില്ല. ഓരോരുത്തർക്കും അവരവരുടെ ഓഹരി ശരിയായും എളുപ്പത്തിലും കിട്ടത്തക്കവിധം, ഈ തകരാറു പരിഹരിക്കുമെങ്കിൽ അതൊരു വലിയ സംഗതിയാണു്. എന്നാൽ ഗവണ്മെൻറിൻെറ കണക്കു തെററാണെന്നു നാം വിശ്വസിക്കുകയും കൂടുതൽ റേഷനുവേണ്ടി നാം പ്രക്ഷോഭണം നടത്തുകയും, ആ ആവശ്യം ഗവണ്മെൻറു് അനുവദിച്ചു തരികയും ചെയ്യുന്നപക്ഷം വരുന്ന വിളവെടുപ്പിനുമുമ്പു്, നമുക്കു യാതൊരു ഭക്ഷ്യസാധനവും അവശേഷിക്കാതെ വരികയും, സാധുക്കൾ പട്ടിണികിടന്നു് അകാലചരമമടയുകയും ചെയ്യുന്ന ഒരു ഘട്ടം ഉണ്ടാവും. അത്തരം ഒരു വിപത്തുണ്ടാവാതെ കഴിക്കാൻ നാം സർവ്വപ്രകാരേണയും ശ്രദ്ധിക്കണം. അതുകൊണ്ടു് ഇന്നത്തെ റേഷനിൽ അല്പം കുറവു വരുത്തുന്നതിനെ നാം സഹിക്കുകയാണ ബുദ്ധി.

കൂടുതൽ ഭക്ഷ്യപദാർത്ഥങ്ങൾ കൃഷിചെയ്തുണ്ടാക്കുക അസാദ്ധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. പക്ഷേ, പ്രയാസമാണെന്നു ഞാൻ സമ്മതിക്കുന്നു. അറിവിൻേറയും ആവശ്യമായ നൈപുണ്യത്തിൻേറയും അഭാവമാണു് പ്രയാസത്തിനു കാരണം. നമ്മൾ എല്ലാവരും ശുഭാപ്തിവിശ്വാസത്തോടും ധൈര്യത്തോടും നമ്മുടെ വ്യക്തിഗതമായ പരിശ്രമത്താൽ എന്തെല്ലാം ഭക്ഷ്യപദാർത്ഥങ്ങൾ ഉല്പാദിപ്പിക്കാമോ അവയെല്ലാം ഉല്പാദിപ്പിക്കുന്നതിനു് ഉടനടി ഉത്സാഹിക്കുന്നപക്ഷം, ഒരുവേള വലിയ താമസംകൂടാതെ ജനങ്ങൾക്കു് ഒരു സന്തുലിതാഹാരം കൊടുക്കാനും, റേഷൻ വിതരണത്തിൻെറ കാലാവധി കുറയ്ക്കാനും നമുക്കു സാധിക്കുന്നതാണു്.

എൻെറ ശുഭാപ്തിവിശ്വാസം അപ്രതിരോദ്ധ്യമാണു്; എന്നാൽ ഗവണ്മെൻറിൻെറയും പൊതുജനങ്ങളുടെയും പൂർണ്ണമനസ്സാലെയുള്ള

22. Harijan, 24-2-1946 (Food-shortage and Agriculture, P. 12)

* ഭക്ഷണം ഇറക്കുമതിചെയ്യണമെന്ന അഭിപ്രായം.

digitized by www .sreyas.in

സഹകരണം കൂടാതെ ഒന്നും സാദ്ധ്യമല്ലെന്നു ഞാൻ സമ്മതിക്കുന്നു. ഈ സഹകരണം ഇല്ലെങ്കിൽ, ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾപോലും ദുർവ്യയം ചെയ്യപ്പെട്ടും, അവയുടെ വിതരണം കണ്ടമാനമായിരിക്കും. അതു മാത്രമല്ല, നാം ഇനിയും സ്വതന്ത്രരല്ല; പരസഹായാപേക്ഷ നമ്മെ കൂടുതൽ അസ്വതന്ത്രരാക്കും. അന്യരെ ആശ്രയിക്കാതെ പുറമേനിന്നു ഭക്ഷ്യധാന്യങ്ങൾ കിട്ടുമെങ്കിൽ, നമുക്കു് അവ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും ഏറ്റവും ഭംഗിയായി വിനിയോഗിക്കുകയും ചെയ്യാം. വെളിയിൽനിന്നു ഭക്ഷ്യസാധനങ്ങൾ വരുത്തേണ്ട ചുമതല ഗവണ്മെൻറിൻേറതായിരിക്കെ, അവരെയോ അന്യരാജ്യക്കാരെയോ നോക്കിയിരിക്കുന്നതു് നല്ലതാണെന്നു് എനിക്കു തോന്നുന്നില്ല മാത്രമല്ല, ആ വഴിക്കുണ്ടാകുന്ന നൈരാശ്യം ഈ വിഷമഘട്ടത്തിൽ നമ്മുടെ ആളുകളുടെ ആത്മവിശ്വാസത്തിനു നിശ്ചയമായും ഹാനികരമായിരിക്കും. എന്നാൽ ജനങ്ങൾ യോജിക്കുകയും, സഹായത്തിനു ദൈവത്തെയല്ലാതെ ആരെയും ആശ്രയിക്കുകയില്ലെന്നു നിശ്ചയിക്കുകയും, ഉപയോഗപ്രദമെന്നു കാണുന്ന ഗവണ്മെൻറുനടപടികളെ എതിർക്കാതിരിക്കുകയും ചെയ്താൽ നൈരാശ്യത്തിനു കാരണമുണ്ടാവുകയില്ല. ഇങ്ങനെയുള്ള പ്രവൃത്തി ഈ അഗ്നിപരീക്ഷയിൽ ജയിച്ചു കൂടുതൽ ശക്തരായി പുറത്തുവരുന്നതിനു ജനങ്ങളെ സഹായിക്കും. വിദേശരാജ്യങ്ങൾ മിച്ചമുള്ള ഭക്ഷണസാധനങ്ങൾ നമുക്കു് അയച്ചുതരേണ്ട കർത്തവ്യത്തെപ്പററി സ്വയം ചിന്തിക്കും; ''തന്നെത്താൻ സഹായിക്കുന്നവനെ ദൈവം സഹായിക്കും'' എന്നുണ്ടല്ലോ. സ്വാശ്രയിയെ സഹായിക്കാതിരിപ്പാൻ മററുള്ളവക്കു് എങ്ങനെ കഴിയും? ബ്രിട്ടീഷുഗവണ്മെൻറു് അവരുടെ ബുദ്ധിമുട്ടുകാലത്തു് നമുക്കുള്ളതെല്ലാം കുത്തിവാരിക്കൊണ്ടുപോയി. ഇന്നു് അവരുടെ പ്രവൃത്തിയുടെ അനന്തരഫലം നാം സഹിക്കേണ്ടിയിരിക്കുന്നു. ബ്രിട്ടീഷുഗവണ്മെൻറിനോടും ഇൻഡ്യയുടെ വിഭവങ്ങൾ ഊററിയെടുത്തു് അവർ ആരെ സഹായിച്ചുവോ അവരോടും, ഇപ്പോൾ അവരുടെ കടപ്പാടു് ഇൻഡ്യയോടാണെന്നു് നാം പറയണമെന്നുണ്ടോ?

## 23

ഭക്ഷണം കഴിച്ചാൽ പാത്രത്തിൽ അല്പം ഉച്ഛിഷ്ടം വയ്ക്കാതെ എഴുന്നേല്ക്കുന്നതു് യോഗ്യമല്ലെന്നാണു് സങ്കല്പം. ചെയ്യേണ്ടതു നേരെ മറിച്ചാണുതാനും.

ഇത്തരം പ്രവൃത്തികൾ എങ്ങനെ പൊറുക്കാൻകഴിയുമെന്നു് എനിക്കു മനസ്സിലാകുന്നില്ല. വിശേഷിച്ചും ഭക്ഷ്യക്ഷാമം നമ്മെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ. ഈ വഴക്കത്തിൻെറ കാ

23. Harijan, 17-3-1946 (Food-shortage and Agriculture. P. 21)

digitized by www .sreyas.in

രണം എന്താണെന്നു് എനിക്കറിഞ്ഞുകൂടാ, അതു് അന്വേഷിക്കാൻ തുനിയുന്നതു് സമയം പാഴാക്കുകയായിരിക്കും. ഒരാൾക്കു് ആവശ്യമുള്ളതിലേറെ ഭക്ഷണം അയാളുടെ പാത്രത്തിൽ വിളമ്പുന്നതു്, ഗ്രാമ്യതയുടെയും ഭാവനാശൂന്യതയുടെയും ലക്ഷണമായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. ഇക്കാലത്തു് വയറുനിറയെ ഉണ്ണാൻ വാസ്തവത്തിൽ ആർക്കും അർഹതയില്ല. ദുർവ്യയം ക്രൂരതയുടെ ഒരു അടയാളമാണു്. നേരെമറിച്ചു് സഭ്യതയും വിവേകവും പാത്രത്തിൽ ഒന്നും ശേഷിപ്പിക്കാതെ ഭക്ഷണംകഴിച്ചെഴുന്നേല്ക്കുന്നതാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. പാത്രമെടുക്കുന്നവരുടെ സമയവും അതുമൂലം ലാഭിക്കുന്നു. ഭക്ഷണം കഴിക്കാൻ തുടങ്ങുംമുമ്പു്, അധികമുണ്ടെന്നു തോന്നുന്ന ആഹാരം മറെറാരു വൃത്തിയുള്ള പാത്രത്തിലേക്കു പകരുന്നതാണു് ബുദ്ധിപൂർവ്വകമായ ശരിയായ പ്രവൃത്തി. ആതിഥേയന്മാർ വിവേചനാശക്തിയുള്ളവരായിരിക്കണം, തങ്ങളുടെ അതിഥികൾക്കു വേണ്ട ആഹാരം എന്താണെന്നും എത്രയാണെന്നും കണ്ടുപിടിച്ചു് അവർക്കു് ആവശ്യമുള്ളതിൽ ഒട്ടും കൂടുതൽ കൊടുക്കാതിരിക്കണം.

## 24

സംഭരിച്ചുവയ്ക്കുന്ന ഭക്ഷണസാധനം മനുഷ്യോപയോഗക്ഷമമല്ലെന്ന കാരണത്താൽ ഉപേക്ഷിക്കപ്പെടാറുണ്ടെന്നു ലേഖകൻ തുടരുന്നു. ആളുകൾക്കു് ഉപയോഗിച്ചു ശീലമില്ലായ്കയാൽ പാട നീക്കിയ പാൽ പുറംതള്ളപ്പെടുന്നു. കട്ടിയാക്കിയ പാൽ ഉപയോഗിക്കാതെ കെട്ടിക്കിടക്കുന്നു. തുറമുഖങ്ങളിൽ ഭക്ഷ്യസാധനങ്ങൾ കൂട്ടിയിട്ടതുകൊണ്ടായില്ല. അവ ഉടനടൻ ആവശ്യമുള്ള സ്ഥലങ്ങളിലേക്കു കൊണ്ടുപോയില്ലെങ്കിൽ ജനങ്ങളുടെ ദുരിതത്തിനു കുറവു കിട്ടുകയില്ല. വർദ്ധമാനമായ ക്ഷാമാവസ്ഥയുടെ കൂടെ, മൂന്നു മാതിരി ദുർവ്യയംകൂടി തുടർന്നുകൊണ്ടിരിക്കുന്നതാണു് ഇതിലും കഷ്ടം. ഇത്തരം ദുർവ്യയങ്ങൾ ഉണ്ടാകുന്നതു്, ജനങ്ങളും ഭരണാധികാരികളും തമ്മിൽ സജീവസമ്പർക്കം ഇല്ലാത്തതുകൊണ്ടാണു്.

## 25

ഭക്ഷണസാധനങ്ങൾ പുറമെനിന്നും വരുന്നെങ്കിൽ സ്വാഗതാർഹംതന്നെ. പക്ഷേ നാം അതിനെ ആശ്രയിച്ചിരിക്കരുതു്. ഇൻഡ്യ പൌരസ്ത്യരാജ്യത്തെ ധാന്യപ്പുരയാണു്. ഇപ്പോൾ അവർ ഭക്ഷ്യസാധനങ്ങൾക്കുവേണ്ടി അമേരിക്കയോടും മററു രാജ്യങ്ങളോടും ഇരക്കേണ്ടിവന്നിരിക്കുന്നു. ഞാൻ ഇതു് ഇഷ്ടപ്പെടുന്നില്ല. എങ്ങനെയെങ്കിലും നാം സ്വന്തം സഹായത്തെമാത്രം ആശ്രയി

---

24. Harijan, 31-3-1946 (Food-shortage and Agriculture, p. 23)
25. Harijan, 7-4-1946 (Food-shortage and Agriculture, P. 24)

digitized by www .sreyas.in

ച്ചാൽ, എവിടെനിന്നെന്നറിഞ്ഞുകൂടാ, നമുക്കു ശക്തി വന്നുചേരും. ഒരുവേള അതു് ആ മൗലികപ്രഭാവത്തിൽനിന്നായിരിക്കാം വരുന്നതു്; തങ്ങൾ മരിക്കേണ്ടിവരില്ലെന്നു് ആളുകൾക്കു് ഒരു തോന്നൽ ഉണ്ടാകുന്നു. തുറമുഖങ്ങളിൽ ഭക്ഷ്യസാധനങ്ങൾ വന്നുചേരുന്നതുകൊണ്ടു മാത്രം പ്രശ്നം പരിഹൃതമാവുകയില്ല, അവ അത്യാവശ്യമുള്ളേടങ്ങളിൽ എത്തിക്കണം. വിതരണമാണു് സാക്ഷാൽ പ്രശ്നം. അതിനു സജ്ജീകരണങ്ങൾ ഉണ്ടാക്കിയില്ലെങ്കിൽ ഉൾപ്രദേശങ്ങളിൽ ആളുകൾ പട്ടിണികിടന്നു മരിക്കുമ്പോൾ ഭക്ഷ്യസാധനങ്ങൾ തുറമുഖങ്ങളിൽ കിടന്നു ചീയും. ഇന്നത്തെ അഴിമതികാരണം, വിതരണകൃത്യം മിക്കവാറും ആശ്വാസ്യ വകയില്ലാത്ത പണിയാണു്. ഭക്ഷണസാധനങ്ങൾ തുറമുഖങ്ങളിൽ വന്നാലുടൻ, ദുരിതബാധിതപ്രദേശങ്ങളിൽ അവ ചെന്നെത്തുന്നതിനു കുറഞ്ഞ പക്ഷം രണ്ടുമാസം വേണ്ടിവരുമെന്നാണു് കഴിഞ്ഞ ഒരു ദിവസം ഒരു ഗവണ്മെൻറുദ്യോഗസ്ഥൻ കുറിപ്പെഴുതിയതു്. ഇതിനിടയ്ക്കു് ആളുകൾ എന്തുചെയ്യണം? സ്വന്തം പ്രയത്നംകൊണ്ടു് എന്തെല്ലാം നട്ടുവളർത്താമോ അതൊക്കെയും നട്ടുവളർത്തുന്നതിനു മണ്ണിനടിയിലുള്ള വെള്ളം ഉപയോഗപ്പെടുത്തണമെന്നു ഞാൻ നിർദ്ദേശിച്ചു. ജനകോടികൾ പ്രയത്നസന്നദ്ധരാകുമെങ്കിൽ, പുറമേനിന്നും ഭക്ഷ്യപദാർത്ഥങ്ങൾ വന്നുചേരുന്നതിനു മുമ്പുതന്നെ അവർക്കു സ്വയം രക്ഷയ്ക്കു് വളരെയധികം ചെയ്യാൻ കഴിയും.

## 26

മി. ഹൂവറുടെ ദ്രുതഗതിയിലുള്ള ഇൻഡ്യാസന്ദർശനം, ഗണ്യമായ താല്പര്യവും ഒരുവേള പ്രത്യാശയും ഇളക്കിവിട്ടിട്ടുണ്ടു്. പട്ടിണികൊണ്ടു വീർപ്പുമുട്ടുന്ന ഇൻഡ്യയ്ക്കു് അമേരിക്കയുടേയും മററു രാജ്യങ്ങളുടേയും സകല സഹായവും സ്വാഗതാർഹമായിരിക്കുമെങ്കിലും, നമ്മളെത്തന്നെ സ്വാശ്രയശീലരാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാനാണു് എൻെറ ശ്രമം. ജനങ്ങൾ സംഭ്രമവശഗരാകുന്ന നിമിഷം പട്ടിണി സുനിശ്ചിതമാകുന്നു. തുടരെത്തുടരെ കപ്പൽവ്യൂഹങ്ങൾ പുറമേനിന്നും കൊണ്ടുവന്നു് ഇൻഡ്യൻ തുറമുഖങ്ങളിൽ ഇറക്കിയാലും വിശേഷമില്ല. നേരേമറിച്ചു്, സത്യസന്ധമായും തൻേറടത്തോടുകൂടിയും ആപത്ഭീഷണിയെ നേരിടുന്ന സ്വാശ്രയശീലയായ ഇൻഡ്യയ്ക്കു്, ഒരു കർത്തവ്യമെന്നനിലയിൽ അന്യരാജ്യങ്ങൾ അയച്ചുകൊടുക്കുന്ന ഓരോ മണി ധാന്യവും രണ്ടുമടങ്ങു ധാന്യമായിരിക്കും. മിസ്റ്റർ ഹൂവറുടെ സന്ദർശനം ഗവണ്മെൻറുദ്യോഗസ്ഥന്മാരെയും പണക്കാരെയും ധാന്യക്കച്ചവടക്കാരെയും, അവർക്കു ജനങ്ങളോടു് എപ്പോഴുമുള്ള കടമയെപ്പററി ഓർമ്മപ്പെടുത്താൻ ഉപകരിക്കട്ടെ. സ്വയം സഹായിക്കുന്നവരെ പ്രകൃതി ഒരിക്കലും കൈവെടിയുകയില്ല.

---

26. Harijan, 5-5-1946 (Food-shortage and Agriculture, P. 29)

digitized by www .sreyas.in

## 27

ആദ്യപ്രശ്നത്തിലെ പ്രസ്താവന* തികച്ചും തെററാണ്. പലരും വിപരീതമായി അഭിപ്രായങ്ങൾ പറഞ്ഞുകേൾക്കാറുണ്ടെങ്കിലും, ഇൻഡ്യയ്ക്ക് ഇന്നു വേണ്ടിടത്തോളം ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിവുണ്ടെന്നു ഞാൻ കരുതുന്നു. വേണ്ടത്ര ഭക്ഷണം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഉപാധികൾ ഞാൻ മുമ്പു പറഞ്ഞുകഴിഞ്ഞു. അതായത്, തലപ്പത്തിരിക്കുന്ന ഭരണകൂടം ദേശീയമായിരിക്കണം. സ്വകൃത്യങ്ങൾ ചെയ്യാൻ അറിയാവുന്ന—കൊള്ളലാഭം, കരിഞ്ചന്ത, സർവ്വോപരി മാനസികവും ശാരീരികവുമായ അലസത, എന്നിവയ്ക്കെതിരായി നിർദ്ദാക്ഷിണ്യം നടപടികളെടുക്കാൻ കഴിവുള്ള—ഒരു ഗവണ്മെൻറായിരിക്കണം അതു്.

പ്രശ്നത്തിൻെറ ആദ്യഭാഗത്തിനു ഞാൻ നൽകിയ ഉത്തരം ശരിയാണെങ്കിൽ രണ്ടാം ഭാഗം യഥാർത്ഥത്തിൽ നിലംപരിശാകുന്നുണ്ട്. എന്നാൽ, ഇൻഡ്യയിൽ സുലഭമായുള്ള മനുഷ്യപ്രയത്നത്തിനെതിരേ, ആധുനികയന്ത്രങ്ങൾക്കായി നടത്തുന്ന വാദത്തെ നിരാകരിക്കാൻ വേണ്ടി ഞാൻ പറയുന്നു, ശരീരാരോഗ്യമുള്ള ജനലക്ഷങ്ങൾ ഏകമനസ്സോടും വീറോടുംകൂടി പ്രയത്നിക്കുമെങ്കിൽ, അവക്കു സ്വന്തം നിബന്ധനയിൽ, ഏതു രാഷ്ട്രത്തോടും—ആ രാഷ്ട്രം പുതിയ യന്ത്രസാമഗ്രികളാൽ എത്രതന്നെ സജ്ജീകൃതമായിരുന്നാലും ശരി—മത്സരിക്കാൻ സാധിക്കുമെന്ന്. യന്ത്രവൽക്കരണവും ഇന്നോളം ദുർബ്ബലങ്ങളെന്നു മുദ്രയടിക്കപ്പെട്ടിട്ടുള്ള യന്ത്രരഹിതരാഷ്ട്രങ്ങളുടെ ചൂഷണവും സഹചാരികളാണ്. ഞാൻ 'മുദ്രയടിക്കപ്പെട്ട' എന്ന വാക്ക് ഉപയോഗിച്ചതിന് കാരണമുണ്ട്. ഇപ്പോൾത്തന്നെ ആധുനിക ആയുധങ്ങളും യന്ത്രസാമഗ്രികളുംകൊണ്ടു സജ്ജീകൃതമായ രാഷ്ട്രങ്ങളേക്കാൾ കൂടുതൽ ശക്തി ഈ ദുർബ്ബലങ്ങളെന്നു പറയപ്പെടുന്ന രാഷ്ട്രങ്ങൾക്കുണ്ട്, ഈ വസ്തുത അറിയുന്നമാത്രയിൽ അവ ദുർബലങ്ങളായിരിക്കാൻ വിസമ്മതിക്കും.

## 28

ഒരു സ്നേഹിതൻ എഴുതുന്നു:

മൈസൂറിലെയും റായലസീമയിലെയും ഭക്ഷ്യക്ഷാമം അനുദിനം ഗുരുതരമായിതീർന്നുകൊണ്ടിരിക്കയാണ്. മതിയായ അ

27. Harijan, 18-8-1946 (Food-shortage and Agriculture, pp. 39—40)

* ഇൻഡ്യയ്ക്ക് ഇപ്പോൾ വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ സാധിക്കയില്ലെന്ന പ്രസ്താവന.

28. Harijan, 25-8-1946 (Food-shortage and Agriculture, pp. 40—41)

digitized by www .sreyas.in

ളവിൽ ഇറക്കമതിയുടെ പ്രവാഹം ഉണ്ടാകുന്നില്ലെങ്കിൽ, സഹകരണസ്റ്റോറുകൾക്ക് റേഷൻ കൊടുക്കാൻ ഒക്കാതെവരും. ഇപ്പോഴുള്ള റേഷൻതന്നെ കേവലം പട്ടിണിറേഷനാണ്. 8 ഔൺസ് അരി വീതമേ കൃഷീവലന്മാർക്ക നല്കപ്പെടുന്നുള്ളു. കൃഷിപ്പണി ചെയ്യുന്നവർക്ക് ആരോഗ്യം നിലനിർത്താൻ 24 ഔൺസ് ആണു വേണ്ടതു്. ആകയാൽ നവംബറിലും ഡിസംബറിലും പട്ടിണിമരണങ്ങളെ അഭിമുഖീകരിക്കാൻ നാം തയ്യാറായിരിക്കേണ്ടതുണ്ടെന്നു ഞാൻ ഭയപ്പെടുന്നു.

അദ്ദേഹം പറയുന്നതിൽ പകുതിയെങ്കിലും നേരാണെങ്കിൽ, ഇൻഡ്യയെപ്പോലൊരു വിസ്തൃതരാജ്യത്തിലെ ഭക്ഷ്യക്ഷാമത്തെ നേരിടുന്നതിൽ നമുക്കുള്ള ശോചനീയമായ അശക്തിയാണ് അതു കാണിക്കുന്നതു്. ഇവിടെ കൃഷിസ്ഥലങ്ങൾ തരിശായും വേണ്ടപ്രകാരം ഉപയോഗപ്പെടുത്താതെയും കിടപ്പുണ്ട്. അണകെട്ടി തടഞ്ഞു നിർത്തി സംഭരിക്കുന്നതിനു് ആവശ്യമായ മനുഷ്യവൈദഗ്ദ്ധ്യത്തിൻെറ അഭാവത്തിൽ നദീജലം അതിവേഗം ഒഴുകി സമുദ്രത്തിൽ പതിക്കുകയാണു ചെയ്യുന്നതു്. ഇറക്കുമതി ''മതിയായ അളവിൽ അകത്തേക്കു പ്രവഹിക്കുന്നില്ലെങ്കിൽ'' — നിശ്ചയമായും ഭക്ഷ്യസാധനങ്ങൾ ഇൻഡ്യയ്ക്കു പുറമേനിന്നു വരുന്നുവെന്നാണ് അദ്ദേഹം ഇതുകൊണ്ടുദ്ദേശിക്കുന്നതു്—ബഹുജനങ്ങളുടെ ''പട്ടിണിമരണം നവംബറിലും ഡിസംബറിലും സുനിശ്ചിതമാണെ''ന്നു് ലേഖകൻ പറയുന്നു. ബന്ധപ്പെട്ട സകലരോടും ഞാൻ പറയുന്നു, ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ, രാജ്യത്തെ ഗവണ്മെൻറു് ബഹുജനഹത്യയ്ക്കു് ഉത്തരവാദിയായിരിക്കുമെന്നു്.

ഭക്ഷ്യപദാർത്ഥങ്ങൾക്കായി പുറമെയുള്ള മാർഗ്ഗങ്ങളിലേക്കു നോക്കുന്നതു്, പട്ടിണിയെ ക്ഷണിച്ചുവരുത്തുകയാണ്. നവംബറിനിപ്പുറമുള്ള കാലംകൊണ്ടു് വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ കൃഷിചെയ്തുണ്ടാക്കാൻ ഇൻഡ്യയ്ക്കു കഴിവില്ലെന്നു് എപ്പോഴെങ്കിലും വ്യക്തമാക്കിയിട്ടുണ്ടോ? കോടാനുകോടി ജനങ്ങൾ അധിവസിക്കുന്ന ഇൻഡ്യയെപ്പോലൊരു വിസ്തൃതരാജ്യത്തിനു്, ലോകം മുഴുവൻ അതിൻെറ നേരേ ഒരു ഉപരോധം പ്രഖ്യാപിച്ചാൽത്തന്നെ, പട്ടിണികിടക്കേണ്ട ആവശ്യമുണ്ടോ?

## 29

ഒരു ഉപവാസംകൊണ്ടു് വരുത്താവുന്ന മിച്ചം:
ഇൻഡോനേഷ്യ നമുക്ക്,
50,000 ടൺ
= 2,240 അരലക്ഷം റാത്തൽ

29. Harijan, 18-8-1946 (Food-shortage and Agriculture, P. 118)

digitized by www .sreyas.in

= 1,120 ലക്ഷം റാത്തൽ
= 11.2 കോടി റാത്തൽ

അരി തരാമെന്നു വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതു്, ആഠം ഒന്നുക്കു് ഒരു റാത്തൽ എന്ന നിരക്കിൽ, 11.2 കോടി പ്രായപൂത്തിയായ ആളുകഠംക്കു് ഒരു ദിവസത്തെ ആഹാരത്തിനുണ്ടു്.

ആകയാൽ പ്രായപൂർത്തിയായ 11.2 കോടി പേർ ഒരു ദിവസം ഉപവസിച്ചാൽ, 50,000 ടൺ ഇൻഡോനേഷ്യയിൽനിന്നു കിട്ടിയാലത്തെ ഫലമുണ്ടു്.

വളരെ വയസ്സായവരും, ദുർബ്ബലരും, കായികാദ്ധ്വാനികളും ഒഴികെ എല്ലാ പ്രായപൂത്തിയായ ആളുകളും, ശനിയാഴ്ച വൈകിട്ടത്തെ ആഹാരം വേണ്ടെന്നു വയ്ക്കണം. ഇൻഡ്യയിൽ 24 കോടി പ്രായപൂത്തിയായവരുണ്ടു്. അവരിൽ 8 കോടി ശാരീരികാദ്ധ്വാനം ചെയ്യുന്നവരാണു്. ആകയാൽ ശനിയാഴ്ച വൈകിട്ടു് ഒരുനേരത്തെ ഭക്ഷണം വേണ്ടെന്നു വയ്ക്കുന്ന പ്രായപൂത്തിയായ ഒരാളിന്റെ ശരാശരി മിച്ചം 8 ഔൺസ് ആണെങ്കിൽ, തന്നാണ്ടിൽ ബാക്കിയുള്ള കാലത്തു് 26 ശനിയാഴ്ച ഒരു നേരത്തെ ഭക്ഷണം പരിവർജ്ജിച്ചു് പ്രായപൂത്തിയായ എല്ലാ ആളുകഠംക്കുംകൂടി (ശരീരാദ്ധ്വാനക്കാരെ കൂടാതെ) മൊത്തത്തിൽ ഉണ്ടാക്കാവുന്ന മിച്ചം 208 കോടി റാത്തൽ = 9.2 ലക്ഷം ടൺ ധാന്യം ആയിരിക്കും.

ഇതു നാം പ്രതീക്ഷിക്കുന്ന ഭക്ഷണക്ഷാമത്തെ ദൂരീകരിക്കും. സകല പാർട്ടികളും, സകല ഗവണ്മെൻറുകളും സകല വ്യക്തികളും പത്രങ്ങളും, ശനിയാഴ്ച വൈകിട്ടു് ഉപവാസം ആചരിക്കുന്നതിനു് തീവ്രമായ ഒരു പ്രചരണം നടത്തണം. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ആവിർഭവിച്ചുതുടങ്ങിയിരിക്കുന്ന പട്ടിണിയിൽ ഇൻഡ്യൻജനത പങ്കെടുക്കുന്നു എന്നു പറഞ്ഞാൽ വാസ്തവത്തിൽ ഭക്ഷണം പങ്കിട്ടെടുക്കുന്നു എന്നാണു് അത്ഥം.

ഇങ്ങനെ ഉപവാസംകൊണ്ടു പട്ടിണി ഉച്ചാടനം ചെയ്യാം. മാത്രമല്ല, ഉപവാസം ആരോഗ്യവദ്ധകവുമാണു്.

ഈ ഉദ്യമം 10 ശതമാനമേ വിജയിക്കുന്നുള്ളുവെങ്കിലും, മിച്ചപ്പെടുത്താൻ സാധിക്കുന്ന ധാന്യം 92,000 ടൺ ആയിരിക്കും. ഇതു് ഇൻഡോനേഷ്യ വാഗ്ദാനം ചെയ്തിട്ടുള്ളതിൽ എത്രയോ കൂടുതലാണു്. ഈ 92,000 ടൺ രാഷ്ട്രത്തിനു യാതൊരു ചെലവും കൂടാതെ ഉണ്ടാകുന്നതാണു്. ഇതു ഭക്ഷ്യധാന്യത്തിലുണ്ടാകുന്ന മിച്ചത്തെ മാത്രമല്ല, പ്രത്യേക കുടുംബങ്ങളുടെ ചെലവിലുണ്ടാകുന്ന മിച്ചത്തെയും പ്രതിനിധാനം ചെയ്യുന്നു.

digitized by www .sreyas.in

## 30

ഭക്ഷ്യധാന്യങ്ങളുടെ വില കുറേക്കൂടി കുറയ്ക്കണമെന്നാണ് എന്റെ ആഗ്രഹം, ഞാൻതന്നെ ഒരു കൃഷീവലനാണെന്നു് അവ കാശപ്പെടുന്നു; ഉപഭോക്താവു കൊടുക്കുന്ന വിലയിൽ ഒരു ചെറിയ അംശംമാത്രമേ വാസ്തവത്തിൽ ഉല്പാദകനു ചെന്നുചേരുന്നുള്ളു എന്നു് എനിക്കു് അറിയാം. ഭൂമിയിൽ കൃഷിചെയ്യുന്ന ആളിനു തന്റെ ഉല്പന്നങ്ങളുടെ മുഴുവൻ വിലയും കിട്ടത്തക്കവിധം വേണ്ട ഏർപ്പാടു കറം ചെയ്യേണ്ടതു്, ഇടക്കാലഗവണ്മെന്റിന്റെ ചുമതലയാണു്. ഉപഭോക്താവു കൊടുക്കുന്ന ഓരോ പൈസയും കൃഷിക്കാരന്റെ കീശയിൽ എത്തിക്കണം; സാധിക്കില്ലെങ്കിൽ ആ ഗവണ്മെന്റു പുറത്തുപോരണം. ഉല്പാദകനെ ദോഷപ്പെടുത്തിയിട്ടു് ഉപഭോക്താവിനു വിലകുറച്ചു ധാന്യങ്ങറം കൊടുക്കാൻ ആഗ്രഹിക്കുന്നുവെന്ന അപരാധം അതിനു് ഒരിക്കലും ഉണ്ടാകാൻ പാടില്ല. കൃഷീവലന്റെ ക്ലേശം വിലക്കുറവുകൊണ്ടുള്ളതല്ല, ഇടനിലക്കാരെക്കൊണ്ടുള്ളതാണു്.

ഖാദിയുടെ ഉല്പാദനത്തിൽപോലും, നൂൽനൂൽപ്പുകാരനു് ഒരു ദിവസം എട്ടണ കിട്ടണമെന്നാണു ഞാൻ അഭിപ്രായപ്പെട്ടതു്. വിലകൂടിയ ഖാദി, ഖാദിയുടെ ഉല്പാദനത്തിനു വിനാശകരമാകുമെന്ന ആക്ഷേപം ഉണ്ടായിട്ടും വാസ്തവത്തിൽ ഞങ്ങറം നാലണ നിരക്കിൽ കൊടുത്തു. ഉല്പാദകനോടുള്ള എന്റെ മനോഭാവം എന്താണെന്നു് അതിൽനിന്നു കാണാം. ഞാൻ ഇടനിലക്കാരനെ നിശ്ശേഷം മാററിനിർത്തും. അയാളാണു് ഇന്നു കൃഷിക്കാരനെ പററിക്കുന്നതു്. അല്ലെങ്കിൽ കൃഷിക്കാരൻ പട്ടിണികിടക്കേണ്ട ആവശ്യമില്ല. ഇതേസമയം അമിതാദായം ഉണ്ടാക്കുകയും, കരിഞ്ചന്തയിൽ ചൂഷണം നടത്തുകയും ചെയ്യുന്ന കൃഷിക്കാരൻ തന്റെ തൊഴിലിനെ വഞ്ചിക്കുകയാണു ചെയ്യുന്നതു്. അയാറം സെമീന്ദാരെക്കാറം ഒട്ടും കുറഞ്ഞ ചൂഷകനല്ല.

## 31

അധികൃതസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യക്ഷാമത്തിന്റെ അപകടത്തെപ്പററി പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകറം നമ്മുടെ മനോവീര്യം കെടുത്തി നമ്മെ സംഭ്രാന്തരാക്കാൻ പോന്നവയാണു്. സംഭ്രാന്തി സാക്ഷാൽ പട്ടിണിയേക്കാറം അപായകരമാണു്. ലോകത്തിലേക്കും കൂടുതൽ ഭക്ഷ്യക്ഷാമം തിരുവിതാംകൂറിലാണെന്നും, അവിടെ രണ്ടാഴ്ചത്തേക്കുമാത്രമേ ഭക്ഷ്യശേഖരമുള്ളുവെന്നും, അവിടത്തെ ക്രസ

30. Harijan, 6-10-1946 (Food-shortage and Agriculture, P. 44)

31. Harijan, 29-9-1946 (Food-shortage and Agriculture, pp. 41-42)

digitized by www .sreyas.in

ലില്ലാത്ത ദിവാൻ ഗൗരവമായി വാദിച്ചിരിക്കുന്നതായി പത്രത്തിൽ വായിച്ചുകേട്ടപ്പോൾ ഞാൻതന്നെ അമ്പരന്നുപോയി. തിരുവിതാംകൂറിനെപ്പററി നല്ലപോലെ അറിയാവുന്ന ഞാൻ, തിരുവിതാംകൂറിനുമാത്രമല്ല, ഇൻഡ്യയ്ക്കൊട്ടാകെ പലവിധ ആപത്തുകൾ വന്നുഭവിച്ചിരിക്കുന്നതായി സങ്കല്പിച്ചു. ഭക്ഷിക്കാൻ കൊള്ളാവുന്ന കിഴങ്ങുകളും, തേങ്ങയും, മീനും സമൃദ്ധമായുള്ള തിരുവിതാംകൂറിന്, ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽനിന്നും ഒരു സഹായവും കിട്ടിയില്ലെങ്കിൽപ്പോലും ഒരൊററദിവസമെങ്കിലും പട്ടിണി കിടക്കേണ്ട ആവശ്യകതയില്ല എന്നുള്ളതാണ് നില. തിരുവിതാംകൂറിനെപ്പററിയുള്ള എന്റെ വിശ്വാസം എന്നെ ആശ്വസിപ്പിച്ചു. അവിടെ ഭക്ഷ്യസാധനങ്ങൾക്കല്ല കുറവുള്ളത്, ഗോതമ്പിനും അരിക്കും മാത്രമാണെന്നു മനസ്സിലായപ്പോൾ എനിക്കു സന്തോഷമായി. തിരുവിതാംകൂറിൽ നെല്ലു വിളയിക്കാം, ഗോതമ്പു വിളയിക്കാൻ സാധിക്കില്ല. ധാന്യങ്ങളെ സംബന്ധിച്ചിടത്തോളം, തിരുവിതാംകൂറുകാർ നെല്ലരിച്ചോറുണ്ണുന്നവരാണ്. അവർ ഗോതമ്പുകഴിക്കുന്നതു് വിഷമിച്ചും ബുദ്ധിമുട്ടുകൊണ്ടുമാണ്. ഇൻഡ്യയുടെ ഏതുഭാഗത്തു ചെന്നുപെട്ടാലും നമുക്കു പൂർണ്ണസുഖം തോന്നത്തക്കവിധം നമ്മുടെ പ്രാദേശികത്വത്തെ ഉപേക്ഷിക്കുന്നതിനും, സർവ്വേൻഡ്യാശീലങ്ങളിൽ മനസ്സുവയ്ക്കുന്നതിനും ഇപ്പോഴത്തെ കഷ്ടത നമുക്കു പ്രേരകമായെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. തല്ക്കാലം ഏതായാലും, ഇൻഡ്യയിലെ ഉത്തരവാദിത്വമുള്ള സകല ആളുകളും അവരവരുടെ പ്രവിശ്യകളിലും, ഡിസ്ട്രിക്ടുകളിലും സംസ്ഥാനങ്ങളിലും ഉള്ള ആളുകളോട്, ഭക്ഷ്യപദാർത്ഥങ്ങൾക്കു വേണ്ടി അന്യരാജ്യങ്ങളുടെ സഹായത്തിനു് കാത്തിരിക്കരുതെന്നും, തങ്ങൾക്കു കഴിവുള്ളതു തങ്ങൾതന്നെ കൃഷിചെയ്തുണ്ടാക്കണമെന്നും, സ്വന്തം ഉത്പാദനങ്ങൾകൊണ്ടു ജീവിക്കാൻ പഠിക്കണമെന്നും അസന്നിഗ്ദ്ധമായി ഉദ്ബോധിപ്പിക്കുമെങ്കിൽ എന്റെ ഉദ്ദേശ്യം പൂർണ്ണമായി സാധിക്കും. എനിക്കു കിട്ടുന്ന അധികൃതമായ നിരവധി എഴുത്തുകൾ സംഗതികളുടെ കിടപ്പ് എങ്ങനെയാണെന്നോ എങ്ങനെ ആയിരിക്കണമെന്നോ ഉള്ളതിന്റെ സൂചനയാണെങ്കിൽ, സസ്യഭുക്കുകൾക്കു് ഓജോദായകമായ സസ്യങ്ങളും കുറച്ചുപാലും മാംസഭുക്കുകൾക്കു മീനും, ഇറച്ചിയും ഇല്ലാത്തതുകൊണ്ടു് നാം പട്ടിണികിടക്കേണ്ടിവരുമെന്നു ഭയപ്പെടേണ്ടതില്ല.

അന്യരാജ്യങ്ങളിൽനിന്നു് നമുക്കു് ഇനിയും ഗണ്യമായവിധത്തിൽ ഭക്ഷ്യപദാത്ഥങ്ങൾ കിട്ടുന്നില്ലെന്നും ഇൻഡ്യക്കാർ മനസ്സിലാക്കിയിരിക്കട്ടെ. പലർക്കും സഹായിക്കാൻ മനസ്സുണ്ടു്, എന്നാൽ അവർതന്നെ ഏററിയകൂറും ക്ലേശിക്കുന്നവരാണ്. അഥവാ നിവർത്തിക്കാൻ സാധിക്കുന്നതിലധികം സഹായാഭ്യർത്ഥനകൾ ചെന്നിട്ടുള്ളവരാണ്. അവക്കെല്ലാം സാധനങ്ങൾ കയററി അയയ്ക്കാനുള്ള

digitized by www .sreyas.in

യഥാർത്ഥമായ പ്രയാസമുണ്ട്; ഭക്ഷണസാധനങ്ങൾ നമ്മുടെ സമുദ്രതീരത്തു് എത്തുമ്പോൾ നമുക്കു് ആ പ്രയാസം ആരംഭിക്കും. സാധനങ്ങൾ രാജ്യത്തിനുള്ളിൽ ഒരു സ്ഥലത്തുനിന്നും മററൊരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതും വിതരണം നടത്തുന്നതുംതന്നെ ഒരു വിഷമപ്രശ്നമായിരിക്കയാണു്. ആകയാൽ നാംതന്നെ അത്യധ്വാനത്തിനുവേണ്ടി അരയും തലയും മുറുക്കുന്നതാണു് പ്രായോഗികബുദ്ധി. നമുക്കുവേണ്ട ആഹാരസാധനങ്ങൾ നാംതന്നെ ഇവിടെ ഉണ്ടാക്കുമെന്നു ദൃഢനിശ്ചയം ഏകസ്വരത്തിൽ പ്രഖ്യാപിക്കുക; വേണ്ടിവന്നാൽ ആ ഉദ്യമത്തിൽ ധീരമായി മരിക്കുക.

## 32

ഭക്ഷ്യപ്രശ്നത്തെപ്പററി എല്ലാം അറിയാൻ കടപ്പെട്ട ആളുകൾ, ഡാക്ടർ രാജേന്ദ്രപ്രസാദിന്റെ ക്ഷണപ്രകാരം അദ്ദേഹത്തിനു് ഈ വിഷമസന്ധിയെ തരണംചെയ്യുന്നതിലേക്കു വേണ്ട ഉപദേശം നൽകാൻ ഒന്നിച്ചുകൂടിയിരിക്കുന്നു. ഈ സുപ്രധാനമായ സംഗതിയിൽ വരുത്തുന്ന ഏതു തെററും അനേകായിരം പേരുടെ ഒഴിവാക്കാവുന്ന പട്ടിണിക്കും മരണത്തിനും കാരണമായേക്കാവുന്നതാണു് സ്വാഭാവികമോ, മനുഷ്യകൃതമോ ആയ ക്ഷാമത്തിന്റെ ഫലമായി അനേകലക്ഷങ്ങൾക്കല്ലെങ്കിൽ അനേകായിരങ്ങൾക്കു നേരിടുന്ന പട്ടിണിയും മരണവും ഇൻഡ്യയ്ക്കു് അപരിചിതമല്ല. ഒരു സുവ്യവസ്ഥിതമായ സമുദായത്തിൽ ജലദൗർലഭ്യത്തെയും വിജയകരമായി നിവാരണം ചെയ്യുന്നതിനുള്ള ഉപായങ്ങൾ എപ്പോഴും മുൻകൂട്ടി സജ്ജീകൃതമായിരിക്കണമെന്നു ഞാൻ ഉറപ്പിച്ചുപറയുന്നു. വേണ്ടവിധം ക്രമീകൃതമായ സമുദായത്തെപ്പററി വിവരിക്കാനോ, അതു് എങ്ങനെ ഈ സംഗതി കൈകാര്യം ചെയ്യുമെന്നു കാണിക്കാനോ ഉള്ള സന്ദർഭമല്ല ഇതു്. ഒരുവിധം വിജയപ്രത്യാശയോടെ ഇന്നത്തെ ഭക്ഷ്യപ്രതിസന്ധിയെ നേരിടാൻ സാധിക്കുമോ? അതാണു് നമ്മുടെ തല്ക്കാല ചിന്താവിഷയം.

നമുക്കു് സ്വാശ്രയം സാദ്ധ്യമാണെന്നു് ഞാൻ വിചാരിക്കുന്നു. നാം ആദ്യമായി പഠിക്കേണ്ട പാഠം, സ്വാശ്രയവും സ്വയം സഹായവുമാണു്, ഈ പാഠം ഗ്രഹിച്ചാൽ പരാശ്രയത്തിൽനിന്നും തൽഫലമായ പാപ്പരത്തത്തിൽനിന്നും പെട്ടെന്നു നാം വിമുക്തരാകും. ഞാൻ പൊങ്ങച്ചം പറയുകയല്ല, വസ്തുനിഷ്ഠമായി പറയുകയാണു്. ഭക്ഷ്യസാധനലബ്ധിക്കു ബാഹ്യസഹായം തേടാവുന്ന ഒരു കൊച്ചുരാജ്യമല്ല നമ്മുടേതു്. ഒരു ഭൂഖണ്ഡമാണു നമ്മുടെ രാജ്യം. 40 കോടി ജനസംഖ്യയുള്ള ഒരു രാഷ്ട്രമാണു നമ്മൾ. വമ്പിച്ച

32. Harijan, 19-10-1947 (Food-shortage and Agriculture pp. 46-49)

digitized by www .sreyas.in

നദികളും ഫലഭൂയിഷ്ഠമായ വിവിധ കൃഷിഭൂമികളും, ഒടുങ്ങാത്ത കന്നുകാലിസമ്പത്തും ഉള്ള രാജ്യമാണ് നമ്മുടേതു്. നമ്മുടെ കന്നുകാലികളിൽനിന്നു നമുക്കു് ആവശ്യമുള്ളതിൽ വളരെ കുറച്ചു പാലേ കിട്ടുന്നുള്ളു. പക്ഷേ അതു നമ്മുടെ കുററംകൊണ്ടു മാത്രമാണു്. നമുക്കു് ആവശ്യമുള്ള മുഴുവൻപാലും തരുവാൻ നമ്മുടെ കന്നുകാലിസമ്പത്തിനു് എന്നായാലും കഴിവുണ്ടു്. കഴിഞ്ഞ ഏതാനും ശതാബ്ദങ്ങളിൽ അവഗണിക്കപ്പെട്ടുകിടന്നില്ലായിരുന്നെങ്കിൽ, നമ്മുടെ രാജ്യം ഇന്നും വേണ്ടിടത്തോളം ഭക്ഷ്യസാധനങ്ങൾ സ്വന്തം ആവശ്യത്തിനു് ഉല്പാദിപ്പിക്കുകമാത്രമല്ല, ബാഹ്യലോകത്തിനു് അത്യാവശ്യപ്പെട്ട ഭക്ഷ്യസാധനങ്ങൾ നൽകുന്നതിൽ പ്രയോജനപ്രദമായ ഒരു പങ്കുവഹിക്കുകകൂടി ചെയ്തേനേ. അടുത്തുകാലത്തു നടന്ന യുദ്ധം നിർഭാഗ്യവശാൽ ഏതാണ്ടു ലോകത്തെ മുഴുവൻ ദാരിദ്ര്യത്തിൽ ആഴ്ത്തുകയാണല്ലോ ഉണ്ടായതു്. ഇൻഡ്യയേയും അതു് ഒഴിവാക്കിയിട്ടില്ല. ദുരിതങ്ങൾ കുറയാനുള്ള ലക്ഷണമൊന്നും കാണുന്നില്ല. നേരേമറിച്ചു് അവ വർദ്ധിച്ചുവരികയാണു ചെയ്യുന്നതു്. ഏതെങ്കിലും വിദേശരാജ്യം നമുക്കു ചെയ്യാൻ ആഗ്രഹിക്കുന്ന സൗജന്യം കൃതഘ്നമായി നിരസിക്കണമെന്ന ആശയം എന്റെ നിർദ്ദേശത്തിൽ ഇല്ല. നാം ഭക്ഷണത്തിനായി ഭിക്ഷാംദേഹികളായി ചെല്ലരുതെന്നു മാത്രമാണു ഞാൻ പറയുന്നതു്. അതു നമ്മുടെ മനോവീര്യവും ആത്മവിശ്വാസവും കെടുത്തും. ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു ഭക്ഷണം കടത്തിക്കൊണ്ടു പോകാനുള്ള ആഭ്യന്തരമായ ഗതാഗതവൈഷമ്യവും നമുക്കുണ്ടു്. ധാന്യങ്ങളും മററു ഭക്ഷ്യപദാർത്ഥങ്ങളും പെട്ടെന്നു കടത്തിക്കൊണ്ടു പോകാൻ ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഇല്ല. ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങൾ ഇവിടെക്കൊണ്ടിറക്കാൻ വിദൂരസാദ്ധ്യതയുണ്ടെന്നുള്ള സംഗതിയും കണക്കിലെടുക്കണം. നമുക്കു മനുഷ്യപ്രകൃതിയുമായിട്ടാണു് ഇടപെടേണ്ടിയിരിക്കുന്നതെന്ന വസ്തുത വിട്ടുപോകരുതു്. ലോകത്തിൽ ഒരുഭാഗത്തും മനുഷ്യപ്രകൃതി നിർദ്ദോഷമല്ല. ഒരിടത്തും അതു നിർദ്ദോഷമായോ മിക്കവാറുമെങ്കിലും നിർദ്ദോഷമായോ കാണാനില്ല.

അടുത്തതായി നമുക്കു കിട്ടാൻ സാദ്ധ്യതയുള്ള വൈദേശികസഹായം എന്തെന്നു നോക്കാം. ഇതു നമുക്കു് ഇന്നു് ആവശ്യമുള്ളതിന്റെ മൂന്നു ശതമാനത്തിൽക്കൂടുതൽ വരികയില്ലെന്നാണു് ഞാൻ അറിയുന്നതു്. എന്റെ അറിവു ശരിയാണെങ്കിൽ — പല വിദഗ്ദ്ധന്മാരെക്കൊണ്ടും പരിശോധിപ്പിച്ചതിൽ അവർ ഈ കണക്കു ശരിയാണെന്നു സ്ഥിരീകരിക്കുന്നു — ബാഹ്യമായ സഹായത്തെ ആശ്രയിക്കാമെന്ന സങ്കല്പം നിലംപരിശാകുന്നുവെന്നു തീർച്ച. എത്രയും ലഘുവായ പരാശ്രയവും നമ്മുടെതന്നെ സമൃദ്ധമായ ആഭ്യന്തരസാദ്ധ്യതകളെ പരമാവധി പരീക്ഷിച്ചുനോക്കുന്നതിൽ

digitized by www .sreyas.in

നിന്നു് അതായതു് നാണ്യവിളകൾക്കു പകരം ദൈനന്ദിനാഹാരത്തിനുള്ള വിളവുകൾ കൃഷിചെയ്യുണ്ടാക്കുന്നതിനു് ഓരോ ഇഞ്ചു കൃഷിഭൂമിയും ഉപയോഗപ്പെടുത്തുന്നതിൽനിന്നു്, നമ്മെ തെററിച്ചു കളയാൻ ഇടയുണ്ടു്. ഉടൻ കൃഷിയിറക്കാവുന്ന തരിശുഭൂമികൾ നാം വെട്ടിത്തെളിക്കണം.

ഭക്ഷ്യസാധനങ്ങളുടെ കേന്ദ്രീകരണം ആപൽക്കരമാണെന്നു ഞാൻ ശങ്കിക്കുന്നു. വികേന്ദ്രീകരണം കരിഞ്ചന്തവ്യാപാരത്തെ നിഷ്പ്രയാസം തടയും; അങ്ങോട്ടുമിങ്ങോട്ടും സാധനങ്ങൾ കൊണ്ടുപോകാൻ വേണ്ടിവരുന്ന സമയവും ചെലവും ലാഭിക്കയും ചെയ്യും. കൂടാതെ, ഇൻഡ്യയിലെ ധാന്യങ്ങളും പയറുവർഗ്ഗങ്ങളും കൃഷിചെയ്യുന്ന ഗ്രാമീണനറിയാം തന്റെ വിളവുകളെ മൂഷികവർഗ്ഗങ്ങളുടെ ആക്രമണത്തിൽനിന്നും രക്ഷിക്കേണ്ടവിധം. സ്റ്റേഷനിൽനിന്നു സ്റ്റേഷനിലേക്കുള്ള നീക്കത്തിനിടയിൽ ധാന്യങ്ങൾ എലിതിന്നുവാൻ ഇടയാകുന്നു. തന്മൂലം രാജ്യത്തിനു് അനേകലക്ഷം രൂപായുടെ നഷ്ടം ഉണ്ടാകുന്നു. ഓരോ ഔൺസു ധാന്യവും എത്രയും ആവശ്യമായിരിക്കുമ്പോൾ ടൺകണക്കിനു ധാന്യം ഇല്ലാതാവുകയും ചെയ്യുന്നു. സാധിക്കുന്നിടത്തെല്ലാം ഭക്ഷ്യവിളവുകൾ കൃഷിചെയ്യേണ്ടതിന്റെ ആവശ്യകത ഓരോ ഇൻഡ്യാക്കാരനും മനസ്സിലാക്കുമെങ്കിൽ, നാട്ടിൽ ഭക്ഷ്യക്ഷാമമുണ്ടെന്ന കാര്യംതന്നെ ഒരുവേള നാം മറക്കും. ആഹ്ലാദകരവും അത്യന്തം ശ്രദ്ധേയവുമായ ഭക്ഷ്യവർദ്ധനത്തെപ്പററി സമഗ്രമായി ഞാൻ പറഞ്ഞില്ല; എങ്കിലും ഈ വിഷയത്തിൽ താല്പര്യം ഉദ്ദീപിപ്പിക്കാനും ശ്ലാഘനീയമായ ഈ ശ്രമത്തിൽ ഓരോ വ്യക്തിക്കും എങ്ങനെ സഹായിക്കാൻ കഴിയുമെന്ന ചിന്തയിലേക്കു ബുദ്ധിമാന്മാരെ തിരിക്കാനും ആവശ്യമുള്ളത്ര ഞാൻ പറഞ്ഞുവെന്നു വിശ്വസിക്കുന്നു.

പുറമെനിന്നും കിട്ടാൻ സാദ്ധ്യതയുള്ള മൂന്നു ശതമാനം ധാന്യം വേണ്ടെന്നു വച്ചാൽ ആ കുറവു് എങ്ങനെ തീർക്കാമെന്നു വ്യക്തമാക്കിക്കൊള്ളട്ടെ. ഏകാദശിതോറും ഹിന്ദുക്കൾ ഒരു പൂർണ്ണോപവാസമോ അർദ്ധോപവാസമോ ആചരിക്കുന്നുണ്ടു്. മുസ്ലിമിങ്ങൾക്കും മററും ഇങ്ങനെയുള്ള ത്യാഗങ്ങൾ ചെയ്യുന്നതിനു തടസ്സമില്ല, പ്രത്യേകിച്ചും അതു പട്ടിണിക്കാരായ ജനങ്ങൾക്കുവേണ്ടിയാകുമ്പോൾ. ഈ ഭാഗികമായ ത്യാഗത്തിന്റെ ഭംഗി ജനത മുഴുവൻ മനസ്സിലാക്കുമെങ്കിൽ, വിദേശസഹായം സ്വമേധയാ വേണ്ടെന്നു വയ്ക്കുന്നതുമൂലം സംഭവിക്കുന്ന കുറവും അതിൽക്കൂടുതലും പരിഹൃതമാകും.

റേഷൻകൊണ്ടു വല്ല ഉപയോഗവുമുണ്ടെങ്കിൽത്തന്നെ അതു വളരെ പരിമിതമാണെന്നാണു് എന്റെ വ്യക്തിപരമായ അഭിപ്രായം. ഉല്പാദകന്മാരെ അവരുടെ പാട്ടിനുവിട്ടാൽ അവർ തങ്ങ

digitized by www .sreyas.in

ളുടെ ഉല്പന്നങ്ങൾ കമ്പോളത്തിൽ കൊണ്ടുവരും. സകലക്കും തിന്നാൻ കൊള്ളാവുന്ന നല്ല ധാന്യം കിട്ടും. അത്തരം ധാന്യം കിട്ടാൻ അത്ര എളുപ്പമല്ല.

ഭക്ഷ്യപ്രതിസന്ധി സംബന്ധിച്ച്, ധിറുതിയിലുള്ള ഈ അവലോകനം, അമേരിക്കയോട് പ്രസിഡൻറു ട്രൂമാൻ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒരു ഉപദേശത്തിലേക്ക് വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട്, ഞാൻ അവസാനിപ്പിച്ചേക്കാം. അവർ ആഹാരം കുറച്ചു കഴിക്കണമെന്നും, അങ്ങനെ പട്ടിണിയിൽ പെട്ടിരിക്കുന്ന യൂറോപ്പിനു് അത്യാവശ്യമായ ധാന്യം മിച്ചപ്പെടുത്തണമെന്നുമാണ് അദ്ദേഹത്തിൻെറ ഉപദേശം. താൻ ശുപാർശചെയ്യുന്ന ത്യാഗം അനുഷ്ഠിക്കുന്നതുമൂലം അമേരിക്കക്കാർക്ക് ആരോഗ്യക്ഷതി സംഭവിക്കയില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ ജീവകാരുണ്യപരമായ സൂചന നല്കിയതിനു പ്രസിഡൻറു ട്രൂമാനോട് ഞാൻ കൃതജ്ഞത പറയുന്നു. ഈ പ്രസ്താവനയ്ക്കു പുറകിൽ അമേരിക്കയ്ക്കു സാമ്പത്തികമായ ലാഭം നേടുവാനുള്ള ഹീനമായ ഉദ്ദേശ്യം ഉണ്ടെന്നുള്ള അഭിപ്രായത്തോടു യോജിക്കുവാൻ ഞാൻ വിസമ്മതിക്കുന്നു. ഒരുവൻെറ പ്രവൃത്തി നോക്കിയാണ്, അതിനു പ്രേരകമായ ഉദ്ദേശ്യം നോക്കിയല്ല, അയാളെപ്പററി വിധി കല്പിക്കേണ്ടതു്. പട്ടിണികിടക്കുന്ന യൂറോപ്പിനുവേണ്ടി, അമേരിക്ക ത്യാഗം അനുഷ്ഠിക്കുമെങ്കിൽ, നാം നമുക്കുവേണ്ടി ഈ ചെറിയ ത്യാഗം അനുഷ്ഠിക്കാതിരിക്കാമോ? അനേകംപേർ പട്ടിണികൊണ്ടുമരിക്കാൻ സാദ്ധ്യതയുള്ളപ്പോൾ, ഒരു രാഷ്ട്രത്തെ ശ്രേഷ്ഠമാക്കുന്ന സ്വയം സഹായമെന്ന നിലയ്ക്കു് നാം കഴിയുന്നത്ര പ്രവർത്തിച്ചു എന്ന ഖ്യാതി നമുക്കു സമ്പാദിക്കയെങ്കിലും ചെയ്യാം.

ഡാക്ടർ രാജേന്ദ്രപ്രസാദ് വിളിച്ചുകൂട്ടിയിരിക്കുന്ന കമ്മററി, രാജ്യത്തെ അഭിമുഖീകരിക്കുന്ന ഭക്ഷ്യപ്രതിസന്ധിക്കു പ്രായോഗികമായ ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കാതെ പിരിയുകയില്ലെന്നു് നാം ആശിക്കുക.

## ഇ: ജനസംഖ്യാപ്രശ്നം

### 33

ക്രമാധികമായ ജനപ്പെരുപ്പം ഉള്ളതുകൊണ്ടു് ജനനനിയന്ത്രണം ആവശ്യമാണെന്നാണു് വാദമെങ്കിൽ ഞാൻ ആ സിദ്ധാന്തത്തെ എതിർക്കുന്നു. അതു് ഒരിക്കലും തെളിയിക്കപ്പെട്ടിട്ടില്ല. എൻെറ അഭിപ്രായത്തിൽ സമുചിതമായ ഒരു ഭൂവ്യവസ്ഥിതിയും

33. Young India, 2-4-1925

digitized by www .sreyas.in

മെച്ചപ്പെട്ട കൃഷിയും, അതിനു പൂരകമായ വ്യവസായവും ഉണ്ടായാൽ ഈ രാജ്യത്തിനു് ഇന്നുള്ളതിന്റെ രണ്ടിരട്ടി ജനങ്ങളെ സംരക്ഷിക്കാൻ കഴിയും. എന്നാൽ ഇൻഡ്യയിലെ ജനനനിയന്ത്രണവാദികളുമായി, ഇന്നത്തെ രാഷ്ട്രീയസ്ഥിതി ആധാരമാക്കി, ഞാൻ യോജിച്ചുപോവുകയാണു്.

## 34

35 കോടി ജനങ്ങളെ പോററാൻ മതിയായ ഭൂമി ഇല്ലായ്കയല്ല. ഇൻഡ്യയിൽ ജനസംഖ്യ ക്രമാധികമാണെന്നും അധികമുള്ള ജനങ്ങൾ മരിക്കണമെന്നും പറയുന്നതു വിഡ്ഢിത്തമാണു്. ഇപ്പോഴുള്ള ഭൂമി വേണ്ടപ്രകാരം ഉപയോഗപ്പെടുത്തുകയും അതിൽ എത്രമാത്രം വിളവുണ്ടാകുമോ അത്രയും ഉല്പാദിപ്പിക്കയും ചെയ്യുമെങ്കിൽ ജനങ്ങളെ മുഴുവൻ ഇൻഡ്യയ്ക്കു് തീററിപ്പോററാൻ കഴിയും. നാം പരിശ്രമശീലരാകയും ഇന്നു് ഒരു പച്ചത്തലപ്പു വളരുന്നിടത്തു രണ്ടെണ്ണം വളർത്തുകയും ചെയ്യണമെന്നേയുള്ളു.

നാം പാവപ്പെട്ട ഗ്രാമീണനുമായി അഭേദബുദ്ധ്യാ യോജിക്കയും, ഭൂമിയെ ഫലസമൃദ്ധമാക്കുന്നതിനും നമുക്കു് ആവശ്യമുള്ളതു് ഉല്പാദിപ്പിക്കുന്നതിനും അയാളെ സഹായിക്കുകയും, അയാൾ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾകൊണ്ടു നാം തൃപ്തിപ്പെടുകയും, അയാൾ ജീവിക്കുന്നതുപോലെ നാമും ജീവിക്കുകയും, ആഹാരകാര്യത്തിലും ജീവിതത്തിലും കുറേക്കൂടി യുക്തിയുക്തമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനു് അയാളെ പ്രേരിപ്പിക്കുകയുമാണു് പരിഹാരമാർഗ്ഗം.

## 35

നിലവിലുള്ള ജനങ്ങൾക്കു ന്യായമായ സുഖസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുമോ എന്നതു സംബന്ധിച്ചുള്ള ലേഖകന്റെ ഭയം ജനങ്ങൾ കൂടിപ്പോകുന്നു എന്ന ഭയത്തിലേക്കു സ്വാഭാവികമായി വഴിതെളിക്കുന്നു. സന്താനനിയന്ത്രണം അപ്പോൾ യുക്തിയുക്തമായ നടപടിയായിത്തീരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ജനനനിയന്ത്രണം ഭീകരമായ പാതാളമാണു്. അജ്ഞാതശക്തികളുമായുള്ള ഒരു കളിയാണതു്. കൃത്രിമോപായങ്ങൾ മുഖേനയുള്ള നിയന്ത്രണം ചില പരിതഃസ്ഥിതികളിൽ സാധൂകരണാർഹമാണെന്നു സങ്കല്പിച്ചാൽത്തന്നെ, അനേകലക്ഷം ജനങ്ങളുടെ ഇടയിൽ അതു തികച്ചും അപ്രായോഗികമാണെന്നാണു് എന്റെ അഭിപ്രായം. ഗർഭനിരോധനോപകരണങ്ങൾകൊണ്ടു നിയന്ത്രിക്കു

34. Harijan, 11-5-1935
35. Harijan, 14-9-1925

digitized by www .sreyas.in

ന്നതിനേക്കാൾ ആത്മസംയമനം ശീലിക്കാൻ പഠിപ്പിക്കുന്നതാണു കുറേക്കൂടി എളുപ്പം എന്നു് എനിക്കു തോന്നുന്നു. നമ്മുടെ ഈ കൊച്ചുഭൂഗോളം ഇന്നലെയുണ്ടായ ഒരു കളിപ്പാട്ടമല്ല. കോടാനുകോടി വർഷങ്ങൾ പഴക്കമുള്ള അതിന്റെ ആയുസ്സിൽ ഒരിക്കലും ജനവർദ്ധനഭാരംകൊണ്ടു് അതു വിഷമിച്ചിട്ടില്ല. ഗർഭനിരോധനസാമഗ്രികളാൽ ജനനനിരക്കു നിയന്ത്രിച്ചില്ലെങ്കിൽ, ഭക്ഷ്യക്ഷാമംകൊണ്ടു് അതു നശിക്കുമെന്ന തത്ത്വം ഏതാനും പേരുടെ തലയിൽ പൊട്ടുന്നനെ ഉദയം ചെയ്തതെങ്ങനെ? ലേഖകൻ, ഒരു ഹേത്വാഭാസത്തിൽനിന്നു മറ്റൊന്നിലേക്കു സ്വയം നീതനായി അവസാനം ഇന്നോളം അറിയപ്പെടാത്തൊരു തോതിലുള്ള കൃത്രിമഗർഭനിരോധനത്തിന്റെ ചെളിക്കുണ്ടിൽച്ചെന്നു ചാടിയെന്നാണു് എന്റെ ഭയം.

## 36

വർദ്ധമാനമായ ജനനനിരക്കെന്ന ഉമ്മാക്കി ഒരു പുതിയ സംഗതിയല്ല. അതു പലപ്പോഴും ചവുട്ടിമെതിച്ചു നടന്നിട്ടുണ്ടു്. ജനസംഖ്യാവർദ്ധനവു് ഒഴിവാക്കേണ്ട ഒരു വിപത്തല്ല, ആണെന്നു വിചാരിച്ചുകൂടാ. കൃത്രിമസമ്പ്രദായങ്ങൾ വഴിയുള്ള നിയന്ത്രണം അല്ലെങ്കിൽ നിരോധനം, നാം അറിഞ്ഞാലും ഇല്ലെങ്കിലും, ഒന്നാം കിടയിലുള്ള ഒരു വിപത്താണു്. അതു സാർവ്വത്രികമായിത്തീന്നാൽ - ദൈവകൃപയാൽ അങ്ങനെ സംഭവിക്കാൻ പോകുന്നില്ല -- വർഗ്ഗത്തെ അപകൃഷ്ടമാക്കുമെന്നു തീർച്ച. ആവശ്യമില്ലാത്ത സന്താനങ്ങളുടെ ആവിർഭാവത്തിനുത്തരവാദിയായ ശപിക്കപ്പെട്ട കാമത്തിന്റെ ശപിക്കപ്പെട്ട മറുമരുന്നുകളാണു മഹാമാരിയും, യുദ്ധവും, ക്ഷാമവും. ഈ ത്രിവിധശാപത്തെ നാം ഒഴിവാക്കുമെങ്കിൽ, ആത്മനിയന്ത്രണമാകുന്ന മഹനീയൗഷധംകൊണ്ടു് അനാവശ്യസന്താനശാപവും ഒഴിവാക്കാം. ഇപ്പോൾത്തന്നെ കൃത്രിമമാർഗ്ഗങ്ങളുടെ ദൂഷിച്ച ഫലങ്ങൾ മനുഷ്യരിൽ കാണാം. സന്മാർഗ്ഗത്തിന്റെ മണ്ഡലത്തിൽ അനധികൃതമായി പ്രവേശിക്കാതെതന്നെ, മുയലിന്റെ മാതിരിയുള്ള വർഗ്ഗവർദ്ധനം നിശ്ചയമായും നിരോധിക്കണം. എന്നാൽ ആ നിരോധനം അതിന്റെകൂടെ കൂടുതൽവിനകൾ വലിച്ചുവയ്ക്കുന്നരീതിയിലായിരിക്കരുതു്. മനുഷ്യവർഗ്ഗത്തെ മേന്മപ്പെടുത്തുന്ന മാർഗ്ഗങ്ങളിൽക്കൂടി വേണം നിരോധിക്കാൻ. വേറൊരു പ്രകാരം പറഞ്ഞാൽ, ജീവിതത്തിന്റെ എല്ലാ തുറകളേയും ആശ്ലേഷിക്കുന്നതും, ഒരു ശാപത്തെ കൈകാര്യംചെയ്യുമ്പോൾത്തന്നെ മറ്റെല്ലാ ശാപങ്ങളേയും അതിന്റെ പരിധിയിലുൾപ്പെടുത്തുന്നതും ആയ സമുചിതശിക്ഷണംമാത്രമാണു് അതു്. മുകളിലേക്കുള്ളതും അതുകൊണ്ടുതന്നെ ദുർഗ്ഗമവും ആണെന്ന കാരണത്താൽ നാം ഒരു വഴി പരിവർജ്ജിച്ചുകൂടാ. മനുഷ്യന്റെ ഔന്നത്യത്തിലേക്കുള്ള

36. Harijan, 31-3-1946

digitized by www .sreyas.in

പ്രയാണത്തിൽ പ്രയാസങ്ങൾ അനിവാര്യമാണു്. അവയെ നാം സ്വാഗതംചെയ്കയാണു വേണ്ടതു്.

## എഫ്. സഹകരണം

## 37

ലോകത്തിന്റെ ധനശക്തിയായിത്തീർന്നുകൊണ്ടിരിക്കുന്ന ക്രെഡിററിനു സാന്മാർഗ്ഗികാടിസ്ഥാനമില്ല, അതു കേവലം സാന്മാർഗ്ഗികഗുണങ്ങളായ ട്രസ്റ്റിന്റേയോ വിശ്വാസത്തിന്റേയോ പര്യായവുമല്ല. തെക്കെ ആഫ്രിക്കയിൽ ബാങ്കിടപാടുണ്ടായിരുന്ന നൂററുക്കണക്കിന്നു് ആളുകളുമായി ഇരുപതുകൊല്ലം പരിചയിച്ചശേഷം, പലപ്പോഴും പറഞ്ഞുകേൾക്കാറുള്ള ഒരു അഭിപ്രായം, എന്നിൽ ദൃഢമൂലമായി. അതായതു്, ഒരുവൻ എത്രമേൽ വഞ്ചകനായിരിക്കുന്നുവോ അത്രമേൽ അയാൾക്കു ബാങ്കുകളിൽ ക്രെഡിററുകിട്ടും. ബാങ്കുകാർ അയാളുടെ സാന്മാർഗ്ഗികസ്വഭാവം നോക്കുകയില്ല; അയാൾ ഓവർഡ്രാഫ്ററുകളുടേയും പ്രോമിസറിനോട്ടുകളുടേയും പണം കണിശത്തിനു് അടയ്ക്കുന്നുണ്ടോ? എങ്കിൽ അവക്കു തൃപ്തിയായി. ക്രെഡിററു് സമ്പ്രദായം ഒരു സർപ്പത്തിന്റെ ചുരുൾപോലെ ഈ മനോഹരമായ ഭൂഗോളത്തെ ചുററിയിരിക്കുന്നു; നാം ഗൌനിക്കുന്നില്ലെങ്കിൽ അതു നമ്മെ ഞെരിച്ചു ശ്വാസംമുട്ടിച്ചുകളയും. ഈ ഏപ്പാടുമുഖേന പല കുടുംബങ്ങളും നശിച്ചിട്ടുള്ളതിന്നു ഞാൻ സാക്ഷിയാണു്. ക്രെഡിററിനു സഹകരണപരമെന്നോ മററോ മേൽവിലാസം കൊടുത്താലും അനുഭവത്തിൽ വ്യത്യാസമില്ല. യൂറോപ്പിൽ ഇന്നു കാണുന്ന സർവ്വനാശകമായ ദൃശ്യങ്ങൾക്കു് ഇടയാക്കിയതു് ഈ മാരകമായ ചുരുളാണു്. നാം ആ ദൃശ്യങ്ങൾ നിസ്സഹായരായി നോക്കിക്കൊണ്ടിരിക്കുന്നു. നിയമത്തിലെന്നപോലെ സമരത്തിലും 'ഏററവും നീണ്ട മടിശ്ശീല' അവസാനം വിജയിക്കുന്നുവെന്നുള്ളതു് ഒരുവേള ഇന്നത്തെപ്പോലെ ഒരിക്കലും യഥാർത്ഥമായിരുന്നിട്ടില്ല. ക്രെഡിററുസമ്പ്രദായത്തേപ്പററി നിലവിലുള്ള വിശ്വാസത്തിന്നു ഞാൻ പ്രാമുഖ്യംകൊടുക്കാൻ തുനിഞ്ഞതു്, സഹകരണപ്രസ്ഥാനം മതഭക്തിയുള്ള ആളുകൾമാത്രം മേൽനോട്ടംവഹിക്കുന്ന ഒരു ധാർമ്മികപ്രസ്ഥാനമായിരിക്കുന്നിടത്തോളമേ അതു് ഇൻഡ്യക്കു് ഒരു അനുഗ്രഹമായിരിക്കു എന്ന സംഗതി ഊന്നിപ്പറയാൻ വേണ്ടിയാണു്. ആകയാൽ, ധാർമ്മികമായി ശരിയായവഴിക്കു ജീവിക്കാൻ ആഗ്രഹമുള്ളവരും, എന്നാൽ കഠിനമായ ദാരിദ്ര്യംമൂല

---

37. Speeches and Writings of Mahatma Gandhi (ബോംബെ പ്രൊവിൻഷ്യൽ കോ ഓപ്പറേററീവ് കോൺഫറൻസിനുവേണ്ടി എഴുതിയ ഒരു പ്രബന്ധം—1917) (Economic and Industrial Life and Relations, Voll. II, pp. 144—147)

digitized by www .sreyas.in

മോ പണം വായ്പകൊടുക്കുന്ന മുതലാളിമാരുടെ (മഹാജൻ) പിടിമുറുക്കംമൂലമോ അങ്ങനെ ജീവിക്കാൻ സാധിക്കാതെവരുന്നവരുമായ ആളുകൾക്കിടയിലായിരിക്കണം സഹകരണപ്രസ്ഥാനം ഏർപ്പെടുത്തുന്നതെന്നു സിദ്ധിക്കുന്നു. ന്യായവിലപ്പലിശയ്ക്കു വായ്പ എളുപ്പം കിട്ടുമെന്നുള്ളതുകൊണ്ട്, അധാർമ്മികന്മാർ ധാർമ്മികരാകയില്ല....

പലപ്പോഴും നാം പ്രസംഗിക്കാറുണ്ട് ഭൗതികാഭിവൃദ്ധിയെന്നാൽ സാന്മാർഗ്ഗികാഭിവൃദ്ധിയെന്നാണ് അർത്ഥമെന്ന്. ഇൻഡ്യയ്ക്ക് അത്യന്തം ഗുണകരമായിട്ടുള്ള ഒരു പ്രസ്ഥാനം ആദായനിരക്കിൽ പണം കടംകൊടുക്കുന്ന ഒന്നായി അധഃപതിക്കരുതെന്നുള്ളതു് ആവശ്യമാണ്. ആകയാൽ ഇൻഡ്യൻ സഹകരണക്കമ്മററിയുടെ റിപ്പോർട്ടു വായിക്കാൻ എനിക്കു സന്തോഷം തോന്നി....

സഹകരണസംഘങ്ങളുടെ എണ്ണം ആധാരമാക്കിയല്ല, സഹകാരികളുടെ ധാർമ്മികസ്ഥിതി ആധാരമാക്കിയാണ് ഈ പ്രസ്ഥാനത്തിന്റെ വിജയം അളക്കേണ്ടതു്. രജിസ്ട്രാർമാർ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുമ്പ്, നിലവിലുള്ള സംഘങ്ങളുടെ സാന്മാർഗ്ഗികാഭിവൃദ്ധിക്ക് ഉറപ്പുവരുത്തണം. ഗവൺമെൻറ് അവർക്ക് ഉദ്യോഗക്കയററം കൊടുക്കുന്നതു്, അവർ രജിസ്റ്റർചെയ്ത സംഘങ്ങൾ എത്രയെന്നു നോക്കിയല്ല, നിലവിലുള്ള സംഘങ്ങളുടെ സാന്മാർഗ്ഗികവിജയംനോക്കിയായിരിക്കണം. ഇതിലേക്ക് അംഗങ്ങൾക്കു കടംകൊടുക്കുന്ന ഓരോ പൈസയും എങ്ങനെ ചെലവാക്കി എന്ന് ആരായേണ്ടതുണ്ട്. സഹകരണസംഘങ്ങളുടെ ശരിയായ നടത്തിപ്പിനു് ഉത്തരവാദികളായവർ, കടംവായ്പകൾ മദ്യഷാപ്പുകാരൻേറയും ചൂതുകളിസ്ഥലമുടമസ്ഥൻേറയും കീശയിൽ ചെന്നുചേരാതിരിപ്പാൻ ശ്രദ്ധിക്കണം. ചൂതും കള്ളും കൃഷീവലന്റെ വീട്ടിൽ കൊണ്ടുകേററാതിരിക്കുമെങ്കിൽ, മഹാജന്റെ അപഹരണശീലത്തെ ഞാൻ പൊറുക്കും.

ഒരുവേള മഹാജനേക്കുറിച്ച് ഒരുവാക്ക് ഇവിടെ അസ്ഥാനത്താവുകയില്ല. സഹകരണം ഒരു പുതിയ ഏർപ്പാടല്ല. കൃഷിക്കാർ തങ്ങളുടെ കൃഷി നശിപ്പിക്കുന്ന കുരങ്ങന്മാരേയും പക്ഷികളേയും ചെണ്ടകൊട്ടിത്തുരത്താൻ സഹകരിക്കുന്നു. ഒരു പൊതു മെതിക്കളം ഉപയോഗിക്കുന്നതിൽ അവർ സഹകരിക്കുന്നു. കന്നുകാലികൾക്കു മേയാൻ ഏററവും നല്ല സ്ഥലം ഒഴിച്ചിടുക എന്നിടത്തോളം ഗോരക്ഷണത്തിൽ അവർ സഹകരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. തങ്ങളുടെമേൽ മഹാജന്റെ പിടി മുറുകുമെന്നു ഭയന്ന്, അവർ സഹകരിക്കുന്നതായി കണ്ടിട്ടുണ്ട്. ഞാൻ ആ ഭയത്തിൽ പങ്കുചേരുന്നില്ല. ഏററവും ശക്തനായ മഹാജൻ, അയാൾ ഒരു ദുഷിച്ച ശക്തിയേയാണു പ്രതിനിധാനം ചെയ്യുന്നതെങ്കിൽ, സന്മാർഗ്ഗപ്ര

ധാനമായ പ്രസ്ഥാനമായി വിഭാവനചെയ്യപ്പെട്ടിട്ടുള്ള സഹകരണത്തിന്റെ മുമ്പിൽ തലകുനിക്കണം. എന്നാൽ ചമ്പരാനിലെ മഹാജനെപ്പററിയുള്ള എന്റെ പരിമിതമായ പരിചയം അയാളുടെ നശീകരണപ്രവണതയെപ്പററി പരക്കെയുള്ള ധാരണയെ പുനഃപരിശോധനചെയ്യാൻ എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്. അയാളെ എപ്പോഴും നിർദ്ദയനായും അവസാനത്തെ പൈസവരേയും പിടുങ്ങുന്ന ദുഷ്ടനായും ഞാൻ കണ്ടിട്ടില്ല. ചിലപ്പോൾ അയാൾ തന്റെ കക്ഷികളെ പലവിധത്തിലും സഹായിക്കും; അവക്ക് ആപത്തുണ്ടാകുമ്പോൾ അവരെ രക്ഷിക്കാൻ ഓടി എത്തുകപോലും ചെയ്യും. എന്റെ നിരീക്ഷണം വളരെ പരിമിതമാണ്; അതുകൊണ്ട് ഞാൻ അതിൽനിന്നും തീർത്ത് ഒരു നിഗമനവും ചെയ്യുന്നില്ല. എന്നാൽ ഞാൻ വിനീതമായി ചോദിക്കുന്നു, മഹാജനിലുള്ള ഗുണാംശത്തെ പുറത്തു കൊണ്ടുവരാൻ കാര്യക്ഷമമായ ഒരു ശ്രമം നടത്തിനോക്കുന്നതിനും, ദോഷാംശം പരിത്യജിക്കുവാൻ അയാളെ സഹായിക്കയോ പ്രേരിപ്പിക്കയോ ചെയ്യുന്നതിനും സാദ്ധ്യമല്ലേ എന്നു് സഹകരണസേനയിൽ ചേരുവാൻ അയാളെ പ്രേരിപ്പിച്ചുകൂടെ? അതോ അയാൾക്കുവേണ്ടി പ്രാത്ഥിച്ചതുകൊണ്ടു ഫലമില്ലെന്നാണോ അനുഭവം തെളിയിക്കുന്നതു്?

ഈ പ്രസ്ഥാനം എല്ലാ നാടൻ വ്യവസായങ്ങളിലും ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നു ഞാൻ കാണുന്നു. നെയ്ത്തുകാരുടെ സ്ഥിതി നന്നാക്കുന്നതിനുള്ള എന്റെ എളിയ ശ്രമത്തിൽ സഹായിക്കുന്ന ഗവണ്മെൻറിനോടു ഞാൻ പരസ്യമായി കൃതജ്ഞതപറഞ്ഞുകൊള്ളുന്നു. ഞാൻ നടത്തിവരുന്ന പരീക്ഷണത്തിൽനിന്നും, ഈ വഴിക്കു വേലചെയ്യാൻ വിശാലമായ ഒരു മണ്ഡലമുണ്ടെന്നു കാണാം. ഇൻഡ്യയുടെ ഒരു അഭ്യുദയകാംക്ഷിക്കോ ദേശാഭിമാനിക്കോ നെയ്ത്തുതൊഴിലാളികൾ വരാൻപോകുന്ന ആസന്നമായ വിനാശത്തെ നിസ്സാരമായി നോക്കിക്കൊണ്ടിരിക്കാൻ സാദ്ധ്യമല്ല. ഡാക്ടർ മാൻ (Dr. Mann) പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഈ വ്യവസായം കൃഷിക്കാരനു സ്വന്തം തൊഴിലിനു പുറമെയുള്ള ഒരു ജീവിതമാർഗ്ഗവും, ക്ഷാമത്തിനെതിരെയുള്ള ഒരു രക്ഷാഭോഗവുമാണ്. ഈ സുപ്രധാനവും സുന്ദരവുമായ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്ന ഓരോ രജിസ്ട്രാറും ഇൻഡ്യയുടെ കൃതജ്ഞതയ്ക്കു പാത്രവാനായിരിക്കും. എന്റെ എളിയ പരിശ്രമം ഒന്നാമതായി, പഴയതരം കൈത്തറികളിൽ ലളിതമായ പരിഷ്കാരങ്ങൾ വരുത്താനുള്ള സാദ്ധ്യതകളെപ്പററി ഗവേഷണം നടത്തുന്നതിനും, രണ്ടാമതായി അഭ്യസ്തവിദ്യരായ യുവാക്കന്മാരെ ഗവണ്മെൻറു സർവ്വീസിനോടോ അത്തരം മററു സർവ്വീസുകളോടോ ഉള്ള ഭ്രമത്തിൽനിന്നും, വിദ്യാഭ്യാസം തങ്ങളെ സ്വതന്ത്രജോലിക്ക് അയോഗ്യരാക്കിയിരിക്കുന്നു എന്നുള്ള വിചാരത്തിൽനിന്നും മോചിപ്പിക്കുന്നതിനും, ബാരിസ്റ്ററുടെയോ

ഡാക്ടർമാരുടെയോ ജോലിപോലെ മാന്യമായ ഒരു തൊഴിലായി നെയ്ത്തിനെ സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കുന്നതിനും, മൂന്നാമതായി, തങ്ങളുടെ തൊഴിൽ ഉപേക്ഷിച്ച നെയ്ത്തുകാരെ വീണ്ടും അതിൽ പ്രവേശിപ്പിക്കുന്നതിനുമാണ്. എന്റെ പരീക്ഷണത്തിന്റെ ആദ്യത്തെ രണ്ടു ഭാഗങ്ങളെപ്പറ്റി ഒരു പ്രസ്താവനചെയ്ത് ശ്രോതാക്കളെ മുഷിപ്പിക്കാൻ ഞാൻ വിചാരിക്കുന്നില്ല. മൂന്നാമത്തെ ഭാഗത്തിന്, നമ്മുടെ ചിന്താവിഷയവുമായി നേരിട്ടു ബന്ധമുള്ളതുകൊണ്ട്, അതേപ്പറ്റി ഏതാനും വാക്കുകൾ പറഞ്ഞുകൊള്ളട്ടെ. എനിക്ക് ആ കാര്യത്തിൽ ഏർപ്പെടാൻ സാധിച്ചത് ആറുമാസംമുമ്പു മാത്രമാണ്. നെയ്ത്തുജോലി ഉപേക്ഷിച്ച അഞ്ചു കുടുംബങ്ങൾ തിരികെ അതിൽ പ്രവേശിച്ച്, ഇപ്പോൾ മികച്ച നിലയിൽ വ്യാപാരം നടത്തിക്കൊണ്ടിരിക്കയാണ്. ആശ്രമത്തിൽനിന്ന് അവർക്കാവശ്യമുള്ള നൂല് വീട്ടിൽ എത്തിച്ചുകൊടുക്കുന്നു; നെയ്യുന്ന തുണി ആശ്രമത്തിലെ വാളണ്ടിയർമാർ കമ്പോളനിരക്കിൽ വിലകൊടുത്ത് എടുക്കുന്നു. നൂലിനുവേണ്ടി കൊടുക്കുന്ന വായ്പയുടെ പലിശമാത്രമേ ആശ്രമത്തിനു നഷ്ടപ്പെടുന്നുള്ളു. അതിന് ഇതുവരെ നഷ്ടമുണ്ടായിട്ടില്ല. അഥവാ വായ്പ ഒരു നിശ്ചിതസംഖ്യയിൽ കവിയാതെ പരിമിതപ്പെടുത്തി നഷ്ടം ഒരു മിനിമത്തിൽ ഒതുക്കിനിർത്താൻ അതിനു കഴിഞ്ഞിട്ടുണ്ട്. ഭാവിയിലുള്ള സകല ഇടപാടുകളും അങ്ങനെതന്നെയായിരിക്കും. കിട്ടുന്ന തുണി അപ്പപ്പോൾ വിറ്റഴിക്കാൻ ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്. ആകയാൽ പലിശനഷ്ടം നിസ്സാരമാണ്. ആദ്യംമുതൽ അവസാനംവരെയുള്ള അതിന്റെ ശുദ്ധമായ സാന്മാർഗ്ഗികസ്വഭാവം ശ്രോതാക്കൾ ശ്രദ്ധിക്കണമെന്നു ഞാൻ താല്പര്യപ്പെടുന്നു. സുഹൃത്തുക്കൾ കൊടുക്കുന്ന സഹായധനത്തെ ആശ്രയിച്ചാണ് ആശ്രമം നിലനില്ക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് പലിശവാങ്ങാൻ അധികാരമില്ല. നെയ്ത്തുകാരുടെമേൽ അതു കെട്ടിവയ്ക്കുവാൻവയ്യ. തകർന്ന് തരിപ്പണമാകുന്ന കുടുംബങ്ങൾ പുനരുദ്ധരിക്കപ്പെടുന്നു. വായ്പയുടെ ഉദ്ദേശം മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നു. ഇടനിലക്കാരായ ഞങ്ങൾ വാളണ്ടിയർമാർ ആയതുകൊണ്ട്, ഈ കുടുംബങ്ങളുടെ ജീവിതത്തിൽ കടന്നുചെല്ലാൻ ഞങ്ങൾക്കു സാധിക്കുന്നു. ഇത് അവർക്കും ഞങ്ങൾക്കും ഗുണകരമെന്നാണ് എന്റെ പ്രത്യാശ. ഞങ്ങൾക്കു സ്വയം ഉന്നമിക്കാനാകാതെ അവരെ ഉന്നമിപ്പിക്കാൻ കഴിയുകയില്ല. ഈ ഒടുവിൽ പറഞ്ഞ ബന്ധം ഇതുവരെയും വികസിതമായിട്ടില്ല. താമസംവിനാ ഈ കുടുംബങ്ങളുടെ വിദ്യാഭ്യാസംകൂടി കയ്യേല്ക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അവരുടെ ഉന്നമനത്തിനുവേണ്ട എല്ലാ കാര്യങ്ങളിലും ശ്രദ്ധിക്കാതെ ഞങ്ങൾ തൃപ്തിപ്പെടുകയില്ല. ഇത് അത്യാഗ്രഹപരമായ ഒരു സ്വപ്നമൊന്നുമല്ല. ഈശ്വരാനുകൂല്യമുണ്ടെങ്കിൽ ഞങ്ങളുടെ സങ്കല്പങ്ങൾ ഒരിക്കൽ സാക്ഷാൽകൃതമാകും, ഞാൻ ഞങ്ങളുടെ ചെറിയ

digitized by www .sreyas.in

പരീക്ഷണത്തെപ്പററി വിസ്തരിച്ച് പ്രതിപാദിച്ചതു്, സഹകരണം കൊണ്ടു ഞാൻ എന്താണുദ്ദേശിക്കുന്നതെന്നു വിശദീകരിക്കാനും, അതു് മററുള്ളവക്കു് അനുകരിക്കാൻവേണ്ടി അവരുടെ മുമ്പിൽ സമർപ്പിക്കാനുമാണു്. നമുക്കു് അതു സാക്ഷാൽകരിക്കുന്ന കാര്യത്തിൽ പരാജയം നേരിട്ടേക്കാം; എന്നാൽ അതിനുവേണ്ടിയുള്ള ശ്രമത്തിൽനിന്നു നാം വിരമിക്കരുതു്. അപ്പോഠം റസ്കിൻ ന്യായമായി ഭയപ്പെട്ട 'വഞ്ചകരുടെ സഹകരണ'ത്തിൻെറ ആവിർഭാവത്തെപ്പററി നാം ഭയപ്പെടേണ്ടിവരികില്ല.

## 38

ശ്രീജിത്തു് കേളപ്പൻ രണ്ടുദിവസംമുമ്പു് എന്നെ കാണാൻ വന്നു. കേരളത്തിൽ സഹകരണപ്രസ്ഥാനം ഊർജ്ജിതമായി നടക്കുന്നുണ്ടെന്നും, ജനങ്ങളുടെ ഇടയിൽ വളരെ പ്രചാരത്തിൽ വരുന്നുണ്ടെന്നും അദ്ദേഹം എന്നോടു പറഞ്ഞു. സംഘങ്ങഠം ഭദ്രമാണെങ്കിൽ, കേളപ്പൻ നൽകിയ വാർത്ത ഉത്സാഹജനകമാണു്. പക്ഷേ ഞാൻ ബലമായ സംശയം പ്രകടിപ്പിച്ചു. വിജയകരമായ സഹകരണശ്രമത്തിൻെറ രഹസ്യം ഇതാണു്: മെമ്പർമാർ സത്യസന്ധരായിരിക്കണം; സഹകരണത്തിൻെറ ഉൽകൃഷ്ടത അവർ അറിയണം; സഹകരണത്തിനു് പുരോഗമനപരമായ ഒരു നിശ്ചിതലക്ഷ്യം ഉണ്ടായിരിക്കയും വേണം. അക്രമപ്പലിശ ഈടാക്കി കൂടുതൽ പണം ഉണ്ടാക്കാൻ കുറേപ്പണം കൈയിൽ വച്ചുകൊണ്ടിരിക്കുന്നതിൽ ചീത്തയായ ലക്ഷ്യമാണുള്ളതു്. എന്നാൽ സഹകരണാടിസ്ഥാനത്തിലുള്ള കൃഷിയും ക്ഷീരോൽപാദനവും ദേശീയതാൽപര്യത്തിനു് അനുകൂലമായ നല്ല ലക്ഷ്യത്തിനു ദൃഷ്ടാന്തങ്ങളാണു്, സംശയമില്ല. ഇങ്ങനെയുള്ള ദൃഷ്ടാന്തങ്ങഠം വദ്ധിപ്പിക്കാം, കേരളത്തിലെ ഈ നിരവധി സംഘങ്ങഠം എങ്ങനെയുള്ളവയാണു് എന്നു ഞാൻ ശങ്കിക്കുന്നു. തങ്ങളുടെ ജോലി എന്തെന്നറിയാവുന്ന സത്യസന്ധന്മാരായ ഇൻസ്പെക്ടർമാർ അവക്കുണ്ടോ? നടത്തിപ്പുകാർ സത്യസന്ധതയില്ലാത്തവരായും ലക്ഷ്യം സംശയിതവ്യമായും ഇരിക്കുമ്പോഠം ഇത്തരം പ്രസ്ഥാനങ്ങഠം പലപ്പോഴും ആപൽക്കരമായിത്തീന്നിട്ടുണ്ടു് എന്നുള്ളതും പ്രസ്താവ്യമാണു്.

## ജി. മദ്യനിരോധനം

## 39

പൊതുജനങ്ങഠംക്കു് സ്റ്റോററിൽനിന്നു മദ്യം കിട്ടുകയെന്നതു് ഒരു അവകാശമാണെന്ന മട്ടിൽ മദ്യഷാപ്പുകഠം നിർബന്ധമായി

38. Harijan, 6-10-1946 (Co-operative Farming, P. 13)
39. Young India, 6-7-1921 (Drink, Drugs and Gambling, P. 4)

digitized by www .sreyas.in

തുറന്നുവയ്ക്കുന്നതു് പൊതുജനാഭിപ്രായത്തോടുള്ള പരസ്യവും അസാ
ന്മാർഗ്ഗികവുമായ ഒരു അവഹേളനമാണു്. മരിച്ചവരുടെ കുടുംബ
ങ്ങളെ എനിക്കു് അഭിനന്ദിക്കാനേ കഴിയൂ. ജനക്കൂട്ടങ്ങളിൽനിന്നു
ണ്ടായിരിക്കാവുന്ന ഏററവും നിസ്സാരമായ അക്രമപ്രകടനത്തെസം
ബന്ധിച്ചുപോലും എനിക്കു ഖേദമുണ്ടു്. എന്നാൽ ട്രാൻസ്ഫേർ
ഡ് വകുപ്പുകളുടെ ചാർജ്ജുവഹിക്കുന്ന മന്ത്രിമാർ, രാജ്യത്തു് ആ
വിർഭവിച്ചിരിക്കുന്ന ഗൗരവാവഹമായ ദുർഘടാവസ്ഥയെ സധൈ
ര്യം നേരിടുകയും, സകല മദ്യഷാപ്പുകളും ഉടനടി നിർത്തൽചെ
യ്കയും, പാവപ്പെട്ട ലൈസൻസികൾ മുൻകൂറടച്ചിട്ടുള്ള പണം
അവക്കു തിരിച്ചുകൊടുക്കുകയും ചെയ്യുന്നില്ലെങ്കിൽ, തങ്ങൾ അംഗ
ങ്ങളായിരിക്കുന്ന മഹത്തായ പാർട്ടിയുടെ പാരമ്പര്യത്തെ വഞ്ചി
ക്കുകയായിരിക്കും അവർ ചെയ്യുന്നതെന്നു ഞാൻ മുന്നറിയിപ്പുന
ല്കുന്നു. അതിശപ്തമായ ഈ വ്യാപാരത്തിൽനിന്നു് ധർമ്മവിരുദ്ധ
മായി ലഭിക്കുന്ന നികുതി നഷ്ടപ്പെടുന്നതിനെപ്പററി അന്ധാളി
ക്കേണ്ട. ഉദ്ബുദ്ധവും ക്ഷുബ്ധവുമായ പൊതുജനമനസ്സാക്ഷിക്കുമു
മ്പിൽ അതിനു പിടിച്ചുനില്ക്കാൻ സാധിക്കയില്ല. ഇന്നത്തെ നി
ലയിൽ, സദാചാരവിരുദ്ധമായ ഒരു മാർഗ്ഗത്തിൽ ലഭിക്കുന്ന നി
കുതിയുപയോഗിച്ചു നടത്തുന്ന വിദ്യാഭ്യാസംതന്നെ വേണ്ടുവോളം
ഹീനമാണു്. അചിരേണ നിർദ്ദോഷികളുടെ രക്തത്താൽ പങ്കി
ലമാകുമ്പോൾ അതു ദുർഗ്ഗന്ധം വമിച്ചുതുടങ്ങും. കാലം അതിക്ര
മിക്കുംമുമ്പു് ഈ അപകടം മനസ്സിലാക്കണമെന്നു ഞാൻ മന്ത്രിമാ
രോടു് അഭ്യർത്ഥിക്കുന്നു. നികുതിക്കുവേണ്ടി, കാലത്തിൻെറ സൂ
ചനകളെ നിർദ്ദാക്ഷിണ്യം വിഗണിച്ചുവെന്ന അപവാദം അവരെ
പ്പററിപ്പറയാൻ ഇടയാകാതിരിക്കട്ടെ. ആഴ്ചകൾ പോയിട്ടു്
മണിക്കൂറുകൾപോലും അവർ അമാന്തിക്കരുതു്. മററു നികുതി
മാർഗ്ഗങ്ങൾ ആസൂത്രണംചെയ്തശേഷം മദ്യനികുതി ഉപേക്ഷിക്കാൻ
കാത്തിരിക്കുന്നതു ശരിയല്ല. മറെറാരു വീടു സൗകര്യപ്പെടുന്നതു
വരെ, താൻ പാക്കുന്ന പ്ലേഗു ബാധിച്ച വീടുവിട്ടൊഴിയാൻ ഒരു
വൻ വിസമ്മതിക്കുന്നതുപോലെയാണതു്. ഇത്തരമൊരു സാഹ
ചര്യത്തിൽ മിക്കവരും പ്ലേഗു ബാധിച്ച വീടു് ആദ്യം വിടും,
എന്നിട്ടു് നിർബാധമായ ഒരു രക്ഷാസങ്കേതം അന്വേഷിക്കും.

## 40

നാട്ടുരാജാക്കന്മാർ നികുതി വർദ്ധിപ്പിക്കാൻവേണ്ടി, ബ്രിട്ടീ
ഷ് അബ്കാരി വകുപ്പിനെ അനുകരിക്കുന്നതു വിശേഷിച്ചും
ശോചനീയമാണു്. അബ്കാരി ഇൻഡ്യയിൽ പണ്ടേയുള്ള ഒരു
ശാപമാണെന്നു പറയപ്പെടുന്നു. ഉട്ടിഷ്ടാർത്ഥത്തിൽ അതു ശരിയാ
ണെന്നു ഞാൻ വിശ്വസിക്കുന്നില്ല. പുരാതനകാലത്തു് രാജാക്ക

---

40. Young India, 8-1-1925 (Drink, Drugs and Gambling, P. 16)

digitized by www .sreyas.in

ന്മാക്കു് മദ്യവിക്രയത്തിൽനിന്നും കുറച്ചു വരുമാനം കിട്ടിയിരിക്കാം. എന്നാൽ അവർ ഒരിക്കലും ജനങ്ങളെ ഇന്നത്തെ മാതിരി മദ്യത്തിന്റെ അടിമകളാക്കിയിരുന്നില്ല. എന്റെ അഭിപ്രായം ശരിയല്ലെന്നും അനാദികാലംമുതൽ ഇന്നത്തെ രീതിയിലുള്ള അബ്കാരി നിലനിന്നുപോന്നിട്ടുണ്ടെന്നുംതന്നെ ഇരിക്കട്ടെ. എന്നാലും പഴക്കമുള്ളതായതുകൊണ്ടു് സർവ്വവും സാധുവാണെന്ന അന്ധവിശ്വാസത്തെ ഞാൻ പിൻതാങ്ങുന്നില്ല. ഭാരതീയമാകകൊണ്ടു് സകലതും സാധുവാണെന്നും ഞാൻ വിശ്വസിക്കുന്നില്ല. കറുപ്പും അതുപോലെയുള്ള ലഹരിപദാൎത്ഥങ്ങളും മനുഷ്യന്റെ ബുദ്ധിയെ മന്ദിപ്പിക്കുമെന്നും അവനെ മൃഗത്തേക്കാൾ അധഃപതിപ്പിക്കുമെന്നും ആൎക്കും അറിയാം. അവ വിക്രയം ചെയ്യുന്നതു പ്രകടമായ പാപമാണു്. നാട്ടുരാജ്യങ്ങൾ സകല മദ്യശാലകളും നിൎത്തൽ ചെയ്കയും അങ്ങനെ ബ്രിട്ടീഷുഭരണാധികാരികൾക്കു് ഒരു നല്ല മാതൃക കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണു്.

## 41

അയിത്തം കഴിഞ്ഞാൽ ഏററവും പരിതാപകരമായ ശാപമാണു് മദ്യം. 1922—ൽ രാജ്യത്തെ മൊത്തം വരുമാനമായ 1,96,70,130 രൂപയിൽ ഭൂനികുതി 38,18,652 രൂപ ആയിരിക്കെ എക്സൈസ് നികുതി 46,94,300 രൂപയാണു്. ഇതു ഭരണത്തിനു വലിയ ഒരു കളങ്കമാണെന്നു ഞാൻ വിചാരിക്കുന്നു. ആകെ വരുമാനത്തിൽ ഇത്രത്തോളം സംഖ്യ ലഹരിപദാൎത്ഥങ്ങളിൽനിന്നാണു കിട്ടുന്നതു് എന്നുള്ളതു്. ഗൗരവമായി ചിന്തിക്കാനുള്ള ഒരു വിഷയമാണു്. എക്സൈസ്നികുതിയുടെ ഉപവിഭാഗങ്ങൾ ഇങ്ങനെയാണു്.

| | | |
|---|---|---|
| അബ്കാരി | 26,82,367 | രൂപ |
| കറുപ്പും കഞ്ചാവും | 3,11,635 | ,, |
| പുകയില | 17,00,298 | ,, |
| ആകെ | 46,94,300 | ,, |

ഇതിൽനിന്നും മദ്യനികുതി ഭീമമായ ഒരു ഇനമാണെന്നു കാണാം. ക്രിസ്ത്യാനികളുടെ ഇടയിൽ മദ്യപാനം സർവ്വസാധാരണമാണെന്നും, തൽഫലമായി നൂററുകണക്കിനു കുടുംബങ്ങൾ ക്ഷയിച്ചുപോകുന്നുവെന്നും, കഴിവും ബുദ്ധിയുമുള്ള ആയിരമായിരം ജനങ്ങൾ ദരിദ്രരും അവമാനിതരും ആയിത്തീരുന്നുവെന്നും അറി

41. Young India, 26-3-1925 (Drink, Drugs and Gambling, pp. 18—19)

digitized by www .sreyas.in

യുന്നു. കണ്ടിടത്തോളം സ്റ്റേററ് ഈ വൎദ്ധിച്ചുകൊണ്ടിരിക്കുന്ന നികുതിയെ ആഹ്ലാദത്തോടെയല്ലെങ്കിൽ തത്വജ്ഞാനിയുടെ അക്ഷോഭ്യതയോടെ നോക്കിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾ അസാന്മാൎഗ്ഗത്തിൽ വിഹരിക്കുന്നു, യാതൊരു ലഗാനും ഇല്ലാതെ മദ്യപാനം ചെയ്യുന്നു. കാലം വളരെ വൈകുംമുമ്പ് ഈ ദോഷം ഉന്മൂലനംചെയ്യേണ്ടതാണ്. ഇതിലേക്ക് ഏററവും ഫലപ്രദമായ ഉപായം വൈദ്യോപദേശപ്രകാരമല്ലാതെ ആൎക്കും മദ്യം കിട്ടുകയില്ലെന്നു വരുത്തുകയാണ്, സംശയമില്ല. സ്റ്റേററിൻെറ ഏററവും വലിയ നികുതിമാൎഗ്ഗം എങ്ങനെ ഉപേക്ഷിക്കും? അതാണു പ്രശ്നം. ഞാൻ തിരുവിതാംകൂറിൽ ആജ്ഞനടത്താൻ കഴിവുള്ള ഒരു സ്വേച്ഛാധികാരിയായിരുന്നെങ്കിൽ, ആ നികുതിമാൎഗ്ഗം നിശ്ശേഷം ഉപേക്ഷിക്കയും, എല്ലാ മദ്യശാലകളും നിൎത്തലാക്കുകയും, മദ്യപന്മാരുടെ ഒരു സ്ഥിതിവിവരക്കണക്കെടുത്ത്, അവൎക്ക് ആരോഗ്യകരമായ ലഘുഭക്ഷണവും, വിനോദവും തൊഴിലും ഉണ്ടാക്കിക്കൊടുക്കാനുള്ള വഴികൾ കണ്ടുപിടിക്കുകയും, മദ്യനികുതിയുടെ സ്ഥാനത്ത്, ബോധവാന്മാരാകുന്ന ജനങ്ങളുടെ വൎദ്ധമാനമായ കാൎയ്യക്ഷമതയുടെ ഫലമായി ലഭിക്കുന്ന വരുമാനത്തെ ആശ്രയിക്കുകയും ചെയ്തേനേ. പക്ഷേ സ്വേച്ഛാധിപത്യത്തിൻെറ കാലം കഴിഞ്ഞുപോയി. ജനായത്തഭരണമാണ് ഇന്നത്തെ സ്വേച്ഛാധിപതി. ലെജിസ്ലേററീവ് കൗൺസിലിനും പോപ്പുലർ അസംബ്ലിക്കും സൎവ്വവും ചെയ്യാം. ഒരു കല്ല് മഹാറാണി റീജൻറിൻെറ നേൎക്കും മറെറാരു കല്ല് ദിവാൻെറ നേൎക്കും വലിച്ചെറിഞ്ഞിട്ടു തങ്ങളുടെ ജോലിതീൎന്നു എന്നു പറയുന്നതു ശരിയല്ല. സ്റ്റേററിൻെറ ഭരണത്തിൽ ജനങ്ങൾക്കു നാൾക്കുനാൾ കൂടുതൽ കൂടുതൽ പങ്കു കിട്ടിക്കൊണ്ടിരിക്കുന്നു. അവർ അത്യധികം വിദ്യാസമ്പന്നരുമാണ്. അബ്കാരി നികുതി വസൂൽചെയ്തുകൊണ്ടിരിക്കെ, അതു മുഴുവനും ഈ ദോഷം നിൎമ്മാൎജ്ജനം ചെയ്‌വാൻ വിനിയോഗിക്കണമെന്ന് അവൎക്ക് ഗവണ്മെൻറിനെ നിൎബന്ധിക്കാം. ഒരു കൊല്ലത്തിനകം ഈ ദുഷിച്ച വ്യവസായം അവസാനിപ്പിക്കണമെന്നു ശഠിക്കാം. ഒരു കൊല്ലംകൊണ്ട് ഇതു നടക്കുമോ കൂടുതൽ കാലം വേണമോ എന്നു ജനങ്ങളാണു നിശ്ചയിക്കേണ്ടത്. പുൽത്തകിടിയിൽ ഒരു പാമ്പു പതിയിരിക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കട്ടെ. ഞാൻ ഒരിക്കൽക്കൂടി വിയപൂൎവ്വം ചോദിക്കുന്നു, ക്രിസ്ത്യാനികൾക്കല്ലെങ്കിൽ പിന്നെ ആൎക്കാണ് ഇതിൽ നേതൃത്വം നല്കാൻകഴിയുക? ക്രിസ്ത്യാനികളോടു ഞാൻ നിൎബന്ധമായി അപേക്ഷിക്കുന്നതുകൊണ്ട് ഹിന്ദുക്കളേയും മുസൽമാന്മാരേയും ഒഴിവാക്കുന്നതായി ധരിക്കരുത്. എന്നാൽ ഇങ്ങനെയുള്ള സംഗതികളിൽ കൂടുതൽ ശക്തിയുള്ള കക്ഷിയോടുവേണം ആദ്യം അഭ്യൎത്ഥിക്കുവാൻ.

digitized by www .sreyas.in

## 42

സമ്പൂർണ്ണമദ്യനിരോധനം തങ്ങളുടെ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയ മദ്രാസിലെ സ്വരാജ് പാർട്ടി എല്ലാ സുഹൃത്തുക്കളുടേയും അഭിനന്ദനം അർഹിക്കുന്നു. ആന്തരമായ ജാഡ്യത്തിന്റെ കടുത്ത ശക്തിമൂലമല്ലായിരുന്നെങ്കിൽ നാം എത്രയോ മുമ്പ് ഈ ദുഷ്യം ഉന്മൂലനംചെയ്തേനേ. തൊഴിലാളിവർഗ്ഗത്തിന്റെ ജീവശക്തിയെ അതു ചോർത്തിക്കളയുന്നു. അവരെ നാം സഹായിക്കണം. മദ്യനിരോധനം ഉടനടി നടപ്പിലാക്കാൻ ഇൻഡ്യയെപ്പോലെ പററിയ രാജ്യം ലോകത്തിലില്ല. ഇവിടെ പൊതുജനാഭിപ്രായം എന്നും ശരിയായ വഴിക്കേ പോയിട്ടുള്ളു. യൂറോപ്യൻരാജ്യങ്ങളിലെപ്പോലെ ഇവിടെ ഹിതപരിശോധന ആവശ്യമില്ല; കാരണം, ഇവിടെ ബുദ്ധിയുള്ള വർഗ്ഗങ്ങൾ യൂറോപ്പിലെ മാതിരി മദ്യപാനാസക്തരല്ല. മദ്രാസ്സിൽ റവറണ്ട് ഡബ്ള്യു. എൽ. ഫെർഗ്ഗുസൺ മദ്യനിരോധനത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു ലഘുലേഖ പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ദേഹം സാമ്പത്തികഭാരത്തെപ്പററിയാണ് ഊന്നിപ്പറയുന്നത്.

സാമ്പത്തികനഷ്ടത്തേക്കാൾ വലുതാണ സാന്മാർഗ്ഗികനഷ്ടം. മദ്യം, അതു കുടിക്കുന്നവരെയും വിക്രയം ചെയ്യുന്നവരെയും അധഃപതിപ്പിക്കുന്നു. മദ്യപൻ ഭാര്യയും അമ്മയും പെങ്ങളും തമ്മിലുള്ള വ്യത്യാസം മറക്കുന്നു. ബോധമുള്ളപ്പോൾ ഓർത്താൽ ലജ്ജിച്ചുപോകുന്ന അപരാധങ്ങൾ അയാൾ ചെയ്യുന്നു. മദ്യത്തിന്റെ പൈശാചികപ്രേരണയ്ക്ക് അധീനരാകുന്ന തൊഴിലാളികൾ ഏതൊരു നികൃഷ്ടാവസ്ഥയിലേക്കാണ് താഴുന്നതെന്ന് തൊഴിലാളിപ്രസ്ഥാനവുമായി എന്തെങ്കിലും ബന്ധമുള്ളവക്ക് അറിയാം. മദ്യോന്മത്താവസ്ഥയിൽ തന്നെത്താൻ മറക്കുന്ന ഒരു കപ്പിത്താനെ എനിക്കറിയാം. കപ്പൽ ഈ ഉദ്യോഗസ്ഥനെ വിശ്വസിച്ചേല്പിക്കാനുള്ളതാണ്. കുടിച്ചു വെളിവുകെട്ട് ഓടകളിൽ കിടന്നുരുളുന്ന ബാരിസ്റ്റർമാർ ഉണ്ട്. ഇത്തരം ഉയർന്ന നിലയിലുള്ള കുടിയന്മാരെ എവിടെയും പോലീസുകാർ രക്ഷിക്കും. നേരെമറിച്ച് ഒരു പാവപ്പെട്ട കുടിയൻ, അവൻ പാവമായതുകൊണ്ട് ശിക്ഷിക്കപ്പെടുന്നു.

## 43

മദ്യനിരോധനം ഏർപ്പെടുത്തണമെന്നുണ്ടെങ്കിൽ, മദ്യനികുതിയുടെ സ്ഥാനത്ത് വേറെ നികുതിയുണ്ടാക്കാനുള്ള പുതിയമാർഗ്ഗങ്ങൾ കണ്ടുപിടിക്കണമെന്നു ബോംബെ ഗവർണ്ണർ ബ്രോച്ചിലെ അഞ്ജുമാനോടു തെളിച്ചുപറഞ്ഞിരിക്കുന്നു. വേറൊരുപ്രകാരം പ

---

42. Young India, 4-2-1926 (Drink, Drugs and Gambling P. 9)
43. Young India, 11-2-1926 (Drink, Drugs, and Gambling P.4)

digitized by www .sreyas.in

റഞ്ഞാൽ, മദ്യവിക്രയജന്യമായ ദോഷങ്ങളെ തടയുന്ന കാര്യത്തിൽ ഗവണ്മെൻറിനു താല്പര്യമില്ല. ആളുകൾ സുബോധാവസ്ഥയിലേക്കു മടങ്ങുന്നതുമൂലം സംഭവിക്കുന്ന നികുതിനഷ്ടം നികഴ്ത്തിക്കൊടുക്കേണ്ടതു് പരിഷ്കർത്താവിൻെറ കർത്തവ്യമാണെന്നത്ഥം. മദ്യനിരോധനവാദികൾക്കു നിരോധനം ഏർപ്പെടുത്തിക്കാണണമെന്നുണ്ടെങ്കിൽ, അവർ ബോംബെ ഗവർണ്ണർക്കു കൊടുക്കേണ്ട മറുപടിയെപ്പററി ഒരു തീരുമാനം എടുക്കണം. ഗവർണ്ണറുടെ അഭിപ്രായം ഇൻഡ്യാഗവണ്മെൻറിൻെറ നയത്തെയാണു് പ്രതിനിധാനം ചെയ്യുന്നതു്.

## 44

മധുവർജ്ജനപ്രചരണത്തിൻെറ നിരോധനത്തിനു് യാതൊരു കാരണവും പറഞ്ഞിട്ടില്ലെന്ന സംഗതി ശ്രദ്ധേയമാണു്. നേരെ മറിച്ചു് ഒരു ജനകീയഗവണ്മെൻറിൻെറ കീഴിൽ, മദ്യം ശരീരത്തിനു ചെയ്യുന്ന ദോഷഫലങ്ങളെപ്പററി ജനങ്ങൾക്കു് ഉദ്ബോധനം നൽകാൻ ഗവണ്മെൻറുതന്നെ ഈ ആരോഗ്യസംരക്ഷകന്മാർക്കു വ്യക്തമായ നിർദ്ദേശം കൊടുക്കുമെന്നു് ഒരാൾക്കു പ്രതീക്ഷിക്കാം. മനുഷ്യശരീരത്തിൽ എത്ര മാരകമായ ഫലമാണു് മദ്യം ഉളവാക്കുന്നതെന്നു് അവർ ജനങ്ങളെ പഠിപ്പിക്കയും മദ്യം വരുത്തിക്കൂട്ടുന്ന സാർവ്വത്രികമായ വിനാശങ്ങൾ മായാദീപപ്രദർശനങ്ങൾ മുഖേന വിവരമായി കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണു്. പക്ഷേ നിലവിലുള്ള ഗവൺമെൻറിൽനിന്നും ഇങ്ങനെയെന്തെങ്കിലും പ്രതീക്ഷിക്കുന്നതു ഭ്രാന്താണു്. ഒരു മദ്യഷാപ്പിൻെറ നടത്തിപ്പുകാരൻ മദ്യപാനംകൊണ്ടുള്ള അപകടത്തെപ്പററി അവിടത്തെ അടവുകാർക്കു മുന്നറിയിപ്പു നൽകുമോ? ഇൻഡ്യയിലെ എല്ലാ മദ്യഷാപ്പുകളും ഗവൺമെൻറുതന്നെയല്ലേ നടത്തുന്നതു്? അതിൽനിന്നുകിട്ടുന്ന ഇരുപത്തഞ്ചുകോടി രൂപയാണു് നമ്മുടെ കുഞ്ഞുങ്ങളുടെ സർവ്വകലാശാലാവിദ്യാഭ്യാസത്തിനു വിനിയോഗിക്കുന്നതു്. ഈ നികുതിയാണു നമ്മുടെമേൽ 'പാക്സ് ബ്രിട്ടാനിക്കാ' (ബ്രിട്ടീഷ് സമാധാനം) കെട്ടിവയ്ക്കുവാൻ ഗവൺമെൻറിനെ ശക്തമാക്കുന്നതു്. ജനങ്ങൾ തങ്ങളുടെ കർത്തവ്യം മനസ്സിലാക്കുകയും മദ്യവിക്രയത്തിനനുകൂലമായ ഗവൺമെൻറിൻെറ നയത്തെ ചെറുക്കുവാനുള്ള ശക്തി സംഭരിക്കുകയും ചെയ്യുന്നതുവരെ, ഇൻഡ്യ മദ്യനിർമുക്തമാവാൻ സാദ്ധ്യമല്ല.

## 45

നമ്മുടെ ഇടയിൽ സമ്പൂർണ്ണ മദ്യനിരോധനത്തിനുവേണ്ടി പ്രക്ഷോഭണമില്ലെന്ന കാരണം പറഞ്ഞു് മദ്യനികുതിയെ പിൻ

44. Young India, 6-8-1926 (Drink, Drugs and Gambling, P. 8)
45. Young India, 1927, P. 68

digitized by www .sreyas.in

താങ്ങേണ്ട ആവശ്യം ഏതു് ഇംഗ്ലീഷുകാരനുമുണ്ടു്. ഈ വസ്തുത, നമുക്കു 'സ്വരാജ്' വേണമെന്നുള്ളതിന്റെ, എതിക്കാൻ വയ്യാത്ത ഒരു ന്യായത്തെയാണു കാണിക്കുന്നതു്. കാരണം, ഇൻഡ്യയിൽ സമ്പൂർണ്ണനിരോധനത്തിനു് അനുകൂലമായ അഭിപ്രായഗതി യഥാർത്ഥത്തിൽ ഉണ്ടു്. എന്നിട്ടും ഇംഗ്ലീഷുകാർ ഈ സംഗതിയിൽ ഇൻഡ്യയുടെ സ്ഥിതിഗതികളെപ്പററി തികഞ്ഞ അജ്ഞത പ്രകടിപ്പിക്കുന്നു. മലേറിയായ്ക്കും അതുപോലെയുള്ള മററു് അനേകം രോഗങ്ങൾക്കും എതിരായി ആരും പ്രക്ഷോഭണം നടത്തുന്നില്ല. ഈ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു് ഒരു നടപടിയും എടുക്കാതിരിക്കാൻ അതൊരു കാരണമാകുമോ? ആക്കും അറിയാവുന്ന ഒരു ദുഷ്യത്തിന്നെതിരായി സത്വരനടപടികൾ എടുക്കുന്നതിനു്, പ്രക്ഷോഭണം ആവശ്യമില്ല. മദ്യംകൊണ്ടുള്ള ദോഷങ്ങൾ, പലപ്രകാരത്തിലും, മലേറിയാ തുടങ്ങിയ രോഗങ്ങൾകൊണ്ടുള്ള ദോഷങ്ങളേക്കാൾ എത്രയോ ഭയങ്കരമാണു്. ഒടുവിൽ പറഞ്ഞ ദോഷങ്ങൾ ശരീരത്തെ മാത്രമേ ബാധിക്കുന്നുള്ളു. ആദ്യം പറഞ്ഞവയാകട്ടെ ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുന്നു. മദ്യനികുതി, സൈനികച്ചെലവു്, കാലിക്കോ വില്പനയിലൂടെ ലങ്കാഷയർ നടത്തുന്ന ചൂഷണം, എന്നിവ ബ്രിട്ടീഷുഭരണംമൂലം ഇൻഡ്യയ്ക്കുണ്ടായ മൂന്നു ദ്രോഹങ്ങളാണു്. ഇൻഡ്യയിലെ പാവപ്പെട്ട കർഷകരുടെ മദ്യപാനശീലം സൗകര്യമായിക്കരുതി മദ്യവ്യാപാരം നടത്തുന്നതു പാപമാണെന്നു്, ഇൻഡ്യയ്ക്കു് ആവശ്യമുള്ള വസ്ത്രം മുഴുവനും പട്ടിണിക്കാരായ ഇൻഡ്യക്കാർക്കുതന്നെ തങ്ങളുടെ വിശ്രമവേളകളിൽ നിഷ്പ്രയാസം ഉണ്ടാക്കാമെന്നിരിക്കെ ഇംഗ്ലീഷുകാരുടേയും മററും കാലിക്കോ ഇൻഡ്യയിൽ കൊണ്ടുവന്നു മറിക്കുന്നതു പാപമാണെന്നു്, ജനഹിതത്തിനെതിരായി ഇൻഡ്യയെ അടിമത്തത്തിൽ വച്ചുകൊണ്ടിരിക്കയാണു് യഥാർത്ഥമായ ഉദ്ദേശ്യമെങ്കിലും അതിർത്തി സംരക്ഷണത്തിനെന്ന കാരണം പറഞ്ഞു് ഇൻഡ്യയുടെമേൽ ഭീമമായ സൈനികഭാരം കെട്ടിവയ്ക്കുന്നതു പാപമാണെന്നു്, ഇംഗ്ലീഷുകാർ മനസ്സിലാക്കുമ്പോൾ, അതൊരു ഹൃദയപരിവർത്തനത്തിന്റെ സമ്പൂർണ്ണപ്രകടനമായിരിക്കും; കേവലസമത്വത്തിൽ അധിഷ്ഠിതമായ സഹകരണം അപ്പോൾ യഥാർത്ഥത്തിൽ സാദ്ധ്യമാകയും ചെയ്യും. ആകയാൽ ഈ അപകൃതികൾ സംഭവ്യമാക്കിത്തീർക്കുന്ന വ്യവസ്ഥിതി അവസാനിപ്പിക്കാൻവേണ്ടിയുള്ള പ്രക്ഷോഭണം മാത്രമാണു് ഇൻഡ്യയ്ക്കു നടത്താൻ കഴിയുക. സ്വരാജിനുവേണ്ടിയുള്ള പ്രക്ഷോഭണം ഈ അപകൃതികളെ ദൂരീകരിക്കാനുള്ള പ്രക്ഷോഭണമാണെന്നു സാരം. ഇംഗ്ലീഷുകാർ ഈ അപകൃതികളെ ദൂരീകരിക്കുമെങ്കിൽ, അതു് അവരുടെ ആത്മാർത്ഥതയ്ക്കു നിരാക്ഷേപമായ ഒരു തെളിവായിരിക്കും

digitized by www .sreyas.in

## 46

സമ്പൂർണ്ണമദ്യനിരോധനത്തിനു് എന്തു വില കൊടുക്കേണ്ടി വന്നാലും അതു് അധികമായിപ്പോകയില്ല.

ഇപ്പോൾ ഞാൻ ഇവിടെ ഉദ്ധരിച്ച ഭാഗത്തെപ്പററി മാത്രം പറയാം. മദ്യനിരോധനകാര്യത്തിൽ മന്ത്രിക്കു തെററായ ഒരു വീക്ഷണഗതിയാണുള്ളതെന്നു ഞാൻ ഭയപ്പെടുന്നു. എന്റെ അഭിപ്രായത്തിൽ നിരോധനം കുറേശ്ശക്കുറേശ്ശ നടപ്പാക്കിയാൽ പോരാ; അതു വിജയകരമാകണമെങ്കിൽ മൊത്തത്തിൽ നടപ്പാക്കണം. ഒരു ഡിസ്ട്രിക്ടിനെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല അതു്, ഒരു സർവ്വേന്ത്യാ പ്രശ്നമാണു്. ഇമ്പീരിയൽ ഗവണ്മെന്റു് അത്യന്തം അധാർമ്മികമായ ഈ മദ്യനികുതി പ്രവിശ്യകൾക്കു വിട്ടുകൊടുക്കുകയും, ഇതിനെ ഇൻഡ്യയിലെ യുവാക്കന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്ന ചിലവിലേക്കുള്ള ഏക ധനാഗമമാർഗ്ഗമാക്കുകയും ചെയ്തതു് കഠിനമായിപ്പോയി. എന്റെ ഈ അഭിപ്രായം തുറന്നുപറയാൻ ഞാൻ മടിച്ചിട്ടില്ല.

എന്നാൽ, ബഹുജനക്ഷേമത്തെ ബാധിക്കുന്ന ഈ പ്രശ്നത്തെപ്പററി മന്ത്രി തന്റെ പ്രസംഗത്തിൽ ചെയ്ത ഉപരിപ്ലവമായ പ്രസ്താവനയാണു് എന്നെ വേദനിപ്പിക്കുന്നതു്. തന്റെ ക്രമസമാധാനപാലനകൃത്യം ജനങ്ങൾ ചെയ്യണമെന്നു് അദ്ദേഹം പ്രതീക്ഷിക്കുന്നുവെങ്കിൽ തന്റെ പദ്ധതിയെ സംബന്ധിച്ചു് അദ്ദേഹത്തിനു് ഗൗരവബുദ്ധിയില്ലെന്നു തീർച്ച. മദ്യനിരോധനം പരീക്ഷിക്കുകയാണെങ്കിൽ വലിയ കുഴപ്പങ്ങൾ ഉണ്ടാവുമെന്നു പറഞ്ഞു് ആളുകളെ എന്തിനു ഭയപ്പെടുത്തുന്നു? മോഷണമോ വെടിമരുന്നു നിർമ്മാണമോ കുററകരമായി പരിഗണിക്കുന്നതുകൊണ്ടു് ആളുകൾക്കു കുഴപ്പമുണ്ടോ? വ്യാജവാററു് ഇപ്പോൾത്തന്നെ കുററകരമല്ലേ? ആകയാൽ മന്ത്രി പറയുന്നതിലെ വ്യംഗ്യം, ഇപ്പോൾ ചാരായം വാററാനോ വില്ക്കാനോ ലൈസൻസുള്ളവർ, നിരോധനം ഏർപ്പെട്ടു കഴിഞ്ഞാൽ, വ്യാജവാററു നടത്തുമെന്നും അതു് അവർക്കു കുഴപ്പമുണ്ടാക്കുമെന്നുമാണു്. ഇതിൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ശല്യകാരണവുമില്ല.

ഒരു മദ്യനിരോധകനെന്ന നിലയിൽ തനിക്കു നിരോധനം പ്രഖ്യാപിക്കുകയും ചട്ടം ലംഘിക്കുന്നവരെ ശിക്ഷിക്കയുമല്ലാതെ മറെറാന്നും ചെയ്യാനില്ലെന്നാണു് മന്ത്രി വിശ്വസിക്കുന്നതെങ്കിൽ, അതു ഭാവനാദാരിദ്ര്യത്തെയും ജനങ്ങളോടു് അനുകമ്പയില്ലായ്മയേയുമാണു് കാണിക്കുന്നതു്. നിരോധനത്തിന്റെ ഏററവും ചെറുതും സംഹാരാത്മകവുമായ ഭാഗമാണു് പ്രാസിക്യൂഷൻ എന്നു പറ

46. Young India, 8-9-1927, P. 296

digitized by www .sreyas.in

യാൻ ഞാൻ ധൈര്യപ്പെടുന്നു. ചുററുപാടുകളുടെ പ്രേരണനിമിത്തമാണു് ആളുകൾ മദ്യപിക്കുന്നതു്. ഫാക്ടറിതൊഴിലാളികളും മററുമാണു് മദ്യപാനികൾ. അവർ അശരണരും ഗൗനിക്കപ്പെടാത്തവരും ആകകൊണ്ടു് മദ്യപാനത്തിനു വിധേയരാകുന്നു. മദ്യവിരോധികൾ പ്രകൃത്യാ പുണ്യവാന്മാരല്ലാത്തതുപോലെ, ഇവർ പ്രകൃത്യാ ദുഷ്ടന്മാരുമല്ല. ആളുകളിൽ അധികവും സ്വന്തം ചുററുപാടുകളാൽ നിയന്ത്രിതരാണു്. മദ്യനിരോധനം വിജയപ്രദമാക്കണമെന്നു് ആത്മാർത്ഥമായ താല്പര്യമുള്ള ഏതൊരു മന്ത്രിയും പരിഷ്കർത്തൃസഹജമായ ഉത്സാഹവും ഗുണവിശേഷങ്ങളും വികസിപ്പിച്ചുകൊണ്ടുവരണം. മദ്രാസിലെ മന്ത്രി തിരസ്കരിച്ചതായി റിപ്പോർട്ടു ചെയ്യപ്പെടുന്ന അതേ സഹായം അപ്പോൾ അയാൾക്കു് ആവശ്യമാകും. എൻെറ എളിയ അഭിപ്രായത്തിൽ സന്നദ്ധസംഘങ്ങളോ 'മദ്യത്തിൻെറ ദോഷങ്ങളെപ്പററി എല്ലാടവും ഉപദേശപ്രസംഗങ്ങൾ നടത്തുകയും' ബന്ധപ്പെട്ട 'മററു പ്രവർത്തികൾ ചെയ്യുകയും' ചെയ്യുന്ന സ്ത്രീപുരുഷന്മാരോ അയാൾക്കു് ആവശ്യമില്ല. ഇതേ കാര്യങ്ങളിൽത്തന്നെ മദ്യപാനികളുടെ ജീവിതത്തെ പരിഷ്കരിക്കുന്നതിൽ തന്നോടു ചേർന്നു പ്രവർത്തിക്കുന്ന ഒരു വാളണ്ടിയർസേന അയാൾക്കു വേണ്ടിവരും. ഓരോ മദ്യശാലയും സംഗീതസജ്ജീകരണങ്ങളോടുകൂടിയ ലഘുഭക്ഷണശാലയായി അയാൾ രൂപാന്തരപ്പെടുത്തണം. പാവപ്പെട്ട തൊഴിലാളികൾക്കു് ഒന്നിച്ചുകൂടാനും, ആരോഗ്യപ്രദവും, വിലകുറഞ്ഞതും, സുഖകരവും, ലഹരിയില്ലാത്തതുമായ പാനീയങ്ങൾ ലഭിക്കാനും സൗകര്യമുള്ള ഒരു സ്ഥലം വേണം. അല്പസമയം നല്ല സംഗീതംകൂടി കേൾക്കാൻ തരപ്പെടുമെങ്കിൽ അതു് ആരോഗ്യവർദ്ധകമായ ഒരു ഔഷധംപോലെ അവർക്കു ഗുണം ചെയ്യും; അവരെ അങ്ങോട്ടു് ആകർഷിക്കുകയും ചെയ്യും. ബുദ്ധിപൂർവ്വകമായ നടത്തിപ്പും ജനങ്ങളുടെ സഹകരണവുംകൊണ്ടു് ഇവ സ്റ്റേററിനു് ആദായകരമായ സ്ഥാപനങ്ങളായിത്തീരും. മധുവർജ്ജനപ്രശ്നം കൈകാര്യം ചെയ്യുന്നവർ, നമ്മുടെ മന്ത്രിമാരെക്കാൾ കൂടുതൽ ഗൗരവമായി അതേപ്പററി പഠിക്കണം. അമേരിക്കയിൽ അംഗീകരിച്ചതും ലോകത്തിലെ മഹത്തായ മധുവർജ്ജനസംഘടനകൾ പരീക്ഷിച്ചുനോക്കിയതുമായ പരിപാടികൾ അവർ പഠിക്കട്ടെ; ഈ പഠനംകൊണ്ടു പരിമിതമായ സഹായമേ ലഭിക്കൂ. എന്തെന്നാൽ പാശ്ചാത്യസ്ഥിതിഗതികൾ ഇൻഡ്യൻസ്ഥിതിഗതികളിൽനിന്നു വളരെ വ്യത്യസ്തമാണു് തന്നിമിത്തം നമ്മുടെ മാർഗ്ഗങ്ങളും അത്യധികം വിത്യസ്തമായിരിക്കണം. പാശ്ചാത്യരാജ്യങ്ങളിൽ സമ്പൂർണ്ണ മദ്യനിരോധനം അത്യന്തം ദുഷ്കരമാണു്; ഈ രാജ്യത്തു് ഏററവും സുകരവും. മദ്യപാനംപോലെയുള്ള ഒരു ദോഷം മാന്യതയുടെ ലക്ഷണമായി പരിഗണിക്കപ്പെടുമ്പോൾ അതിനെ ചെറുക്കാൻ വളരെ പ്രയാസമുണ്ടു്. ദൈവകൃപയാൽ നാം ഇപ്പോഴും മദ്യപാനം അ

യോഗ്യമായിട്ടാണ വിചാരിച്ചുപോരുന്നതു്. ആളുകളുടെ ഇടയിൽ സാർവ്വത്രികമായി അതു പടന്നുപിടിച്ചിട്ടില്ല. പാവപ്പെട്ടവരിൽ ഒരു ന്യൂനപക്ഷത്തിന്റെ ഇടയിലേ അതു കടന്നുകൂടിയിട്ടുള്ളു.

## 47

ഇൻഡ്യയിലെ വലിയ രണ്ടു രോഗങ്ങളാണു് മദ്യപാനവും അയിത്തവും. ഈ രോഗങ്ങൾ, ഇവ ബാധിച്ചിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം ഗുരുതരവുമാണു്. എന്നിരുന്നാലും ഇൻഡ്യയിലെ ഏററവും രൂഢമൂലമായ രോഗം ഇവരണ്ടുമല്ല. ഇവസ്തു വിധേയരായ ആളുകളുടെ എണ്ണം എത്രയെന്നു നോക്കിയാൽ, കാനേഷുമാരിക്കണക്കു പരിശോധിച്ചാൽ, അഥവാ ഏതെങ്കിലും പ്രാമാണികചരിത്രഗ്രന്ഥം വായിച്ചാൽ, എന്നെപ്പോലെ നിങ്ങൾക്കും ഈ വസ്തുത മനസ്സിലാകും. ഉദാഹരണമായി സർ വില്യം ഹണ്ടറുടെ പുസ്തകമോ, രണ്ടുകൊല്ലംമുമ്പു് ഹിഗിൻ ബോത്തം ഒരു കമ്മീഷൻമുമ്പാകെ കൊടുത്ത തെളിവുകളോ വായിച്ചുനോക്കുക. ഇൻഡ്യയിലെ ഭൂരിപക്ഷം ജനങ്ങളും ദരിദ്രരാണെന്നു ഹിഗിൻ ബോത്തം പറഞ്ഞു. സർ വില്യം ഹണ്ടറുടെ അഭിപ്രായപ്രകാരം ഇൻഡ്യയിലെ ജനസംഖ്യയിൽ പത്തിലൊന്നു കഷ്ടിച്ചു് ദിവസം ഒരുനേരത്തേ ആഹാരംകൊണ്ടു കഴിച്ചുകൂട്ടുന്നവരാണു്. ഈ ആഹാരമാകട്ടെ, ഞാനോ നിങ്ങളോ തൊടാൻ മടിക്കുന്ന ഒരു ചീത്ത റൊട്ടിയും ഒരു നുള്ളു് ഉപ്പും മാത്രമായിരിക്കും. ഈ അവസ്ഥയാണു് ഇൻഡ്യയിലുള്ളതു്. തീവണ്ടി പോകുന്നവഴിവിട്ടു് ഉള്ളിലേക്കു കടന്നുചെന്നാൽ, ചാണകക്കൂനകൾപോലെ ആയിത്തീർന്നിട്ടുള്ള ഗ്രാമങ്ങൾ, എനിക്കു കാണാൻ കഴിഞ്ഞിട്ടുള്ളതുപോലെ നിങ്ങൾക്കും കാണാം. അവിടെ മനുഷ്യരില്ല, കഴുകന്മാരുണ്ടു്. കാരണം, മനുഷ്യർ ആഹാരമില്ലാതെ ശവപ്രായരായിത്തീർന്നവരാണു്.

## 48

ഇൻഡ്യയിൽ പട്ടിണിപ്പാവങ്ങളായ സ്ത്രീപുരുഷന്മാർ നടത്തുന്ന നിസ്സാരമോഷണങ്ങളെക്കാൾ കുററകരമാണു് മദ്യപാനം എന്നു ഞാൻ ബലമായി അഭിപ്രായപ്പെടുന്നു. ഇത്തരം മോഷണങ്ങൾക്കു് അവർ പ്രാസിക്യൂട്ടു് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാറുണ്ടു്. ആളുകൾ സ്നേഹത്തിന്റെ നിയമം പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ലാത്ത സ്ഥിതിക്കു്, മിതമായ ഒരു ശിക്ഷാനിയമത്തെ ഞാൻ വളരെ വൈമനസ്യത്തോടും നിസ്സഹായതയോടും പൊറുക്കുകതന്നെ ചെയ്യുന്നു. ഞാൻ അതു പൊറുക്കുന്ന

---

47. Young India, 15-9-1927, P. 312
48, Young India, 8-8-1929, P. 14

digitized by www .sreyas.in

കാലത്തോളം, പേത്തുംപേത്തുമുള്ള താക്കീതുകറം വകവയ്ക്കാതെ ഈ തീക്ഷ്ണദ്രാവകം നിർമ്മിക്കുന്നവരെയും അതു നിബ്ബന്ധപൂർവ്വം കടിക്കുന്നവരെയും നിർദ്ദാക്ഷിണ്യം ശിക്ഷിക്കേണ്ടതാണെന്നു ഞാൻ പറയും. തീയിലോ ആഴമേറിയ ജലാശയത്തിലോ ചെന്നു ചാടാൻ തുടങ്ങുന്ന എന്റെ കുട്ടികളെ ബലാൽക്കാരമായി തടയാൻ ഞാൻ മടിക്കുകയില്ല. എരിതീയിലോ പെരുവെള്ളത്തിലോ ചാടുന്നതിനേക്കാറം അപകടകരമാണ് മദ്യത്തിൽ മുഴുകുന്നതു്. തീയും വെള്ളവും ശരീരത്തെമാത്രമേ നശിപ്പിക്കുന്നുള്ളു; മദ്യം ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുന്നു.

## 49

മദ്യനികുതി നാം ഉപേക്ഷിക്കേണ്ട ഒരു വരുമാനമാണ്. അതു നിലനില്ക്കുന്ന കാലത്തോളം, അതിനെ ഒരു പ്രത്യേക ന്യാസമായി സൂക്ഷിക്കയും മദ്യപാനദോഷത്തെ ഉച്ചാടനംചെയ്യുന്നതിനായിമാത്രം വിനിയോഗിക്കുകയും ചെയ്യണം. എന്നാൽ ഇന്നു് അതു നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനായി വിനിയോഗിക്കപ്പെടുന്നു; തന്മൂലം ഇവിടെ അവശ്യം വേണ്ടിയിരിക്കുന്ന മദ്യനിരോധനനിയമനിർമ്മാണത്തിനു് അതു് ഒരു ഭയങ്കരമായ വിലങ്ങുതടിയായിത്തീർന്നിരിക്കുന്നു. ഈ വരുമാനം നിന്നുപോയാൽ കുഞ്ഞുങ്ങളെ വിദ്യാഭ്യാസംചെയ്യിക്കാൻ സാധിക്കില്ലെന്നു് ആളുകറം വിശ്വസിക്കുന്നു. സംഗതികറം ഇങ്ങനെ നിർബ്ബാധം മുമ്പോട്ടു പോവുകയാണെങ്കിൽ ഒരു രാഷ്ട്രം മുഴുവൻ നശിക്കേണ്ടി വരും. ഈ ദോഷം പടർന്നുപിടിക്കുന്നപക്ഷം, നിയമനിർമ്മാണത്തിനു കാലം നന്നേ വൈകിപ്പോയെന്നുവരും.

## 50

മിസ്റ്റർ കിങ്ങ്, ഇൻഡ്യയേയും ഇൻഡ്യൻസ്ഥിതിഗതികളേയുംപററി പരിചയമില്ലാത്ത ആളേപ്പോലെ, പഞ്ചാബിൽ സമ്പൂർണ്ണ മദ്യനിരോധനത്തിനു ജനങ്ങറം ആവശ്യപ്പെടുന്നില്ല എന്നു വാദിക്കുന്നു. ഇൻഡ്യയുടെ ദൗർഭാഗ്യമെന്നു പറയട്ടെ, ഒരു സമൂഹമെന്ന നിലയിൽ തങ്ങളെ ബാധിക്കുന്ന സംഗതികളിൽപ്പോലും, ജനങ്ങറം നിരുത്സാഹരാണ്. ഒരുവേള സമ്പൂർണ്ണ മദ്യനിരോധനത്തെ സംബന്ധിച്ച് ഒരു ഹിതപരിശോധന നടന്ന വിവരംതന്നെ വോട്ടറന്മാർ അറിഞ്ഞുകാണുകയില്ല. ഇൻഡ്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും മദ്യപാനികളല്ല. ലഹരിപദാർത്ഥങ്ങറം ഇസ്ലാംമതത്തിനും ഹിന്ദുമതത്തിനും നിഷിദ്ധമാണ്. ഇൻഡ്യയേക്കുറിച്ച് എന്തെങ്കിലും അറിയാവുന്നവക്ക നിശ്ചയമുള്ള ഈ

49. Young Indla, 11-4-1929, P. 241
50. Yonng India, 8-4-1926 (Drink, Drugs and Gambling, P. 10)

digitized by www .sreyas.in

വസ്തുത മിസ്റ്റർ കിങ്ങും അറിഞ്ഞിരിക്കേണ്ടതാണ്. മദ്യവിമുഖരായ പഞ്ചാബികൾ നിരോധനത്തിനു് ആവശ്യപ്പെട്ടില്ലെങ്കിൽ, മദ്യപാനംകൊണ്ടു നശിക്കുന്നവരെ സംബന്ധിച്ച് അവർ നിർവ്വിചാരരാണെന്നല്ല അനുമാനിക്കേണ്ടതു്. മുനിസിപ്പൽകമ്മീഷണർമാരും ലോക്കൽ ബോർഡുമെമ്പറന്മാരും വളരെയധികം സാമൂഹ്യപ്രാധാന്യമുള്ള ഈ കാര്യത്തിൽ വോട്ടറന്മാരോടുള്ള കർത്തവ്യം നിർവ്വഹിക്കുന്നതിൽ കുറ്റകരമാംവണ്ണം ഉദാസീനരായിരുന്നു എന്നനുമാനിക്കാനും അദ്ദേഹത്തിനു് അവകാശമുണ്ടു്. ഉന്നീതമായ വസ്തുതകളിൽനിന്നും പഞ്ചാബു് സമ്പൂർണ്ണനിരോധനത്തിനു് എതിരാണെന്നു വാദിക്കുന്നതു് അപരിചിതന്മാരുടേയും അറിവില്ലാത്തവരുടേയും കണ്ണിൽ മണ്ണിടുകയാണ്. നിർഭാഗ്യവശാൽ അതാണ് ഉദ്യോഗസ്ഥന്മാരുടെ സമ്പ്രദായം. സംഗതികൾ നിഷ്പക്ഷമായോ പൊതുജനങ്ങളുടെ വീക്ഷണകോണത്തിൽനിന്നോ അവർ നോക്കിക്കാണുകയില്ല. നേരേമറിച്ചു ഗവണ്മെൻറു് എന്തിനുവേണ്ടി നിലകൊള്ളുന്നു! എന്നാണവരുടെ നോട്ടം. ഗവണ്മെൻറു് എന്തുവന്നാലും നിലനിർത്താനാഗ്രഹിക്കുന്ന വ്യവസ്ഥകളുടെ അഭിഭാഷകന്മാരാണവർ. ഗോവധത്തിനു ഹിന്ദുക്കൾ വിരോധികളാണെന്നു സർവ്വവിദിതമാണ്. പഞ്ചാബിൽ മദ്യവർജ്ജനവിഷയകമായി നടത്തിയമാതിരി ഒരു ഹിതപരിശോധന ഗോവധം സംബന്ധിച്ചും നടത്തുന്നുവെന്നും, ലക്ഷക്കണക്കിനു ഹിന്ദുക്കൾ വോട്ടുചെയ്യാതിരിക്കുന്നുവെന്നും സങ്കല്പിക്കുക. പരിപാവനയായ പശുവിനെ വധിക്കുന്ന കശാപ്പുശാലകൾ ഹിന്ദുക്കൾക്കു് ആവശ്യമുണ്ടെന്നാണ് അതിൻെറ അത്ഥമെന്നു് ഇൻഡ്യയിലെ സ്ഥിതിഗതികൾ അറിയാവുന്ന ആരെങ്കിലും നിമിഷനേരം വാദിക്കുമോ? സാമൂഹ്യാപകൃതികൾ ക്ഷമിക്കാൻ ഭാവമില്ലാത്ത പ്രതിബോധം ജനങ്ങളിൽ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞിട്ടില്ലെന്നുള്ളതാണു വസ്തുത. ശോചനീയമായ ഒരു അവസ്ഥയാണതു്, സംശയമില്ല. അതിനു പരിഹാരം ക്രമേണയായി ഉണ്ടാക്കിക്കൊണ്ടുവരികയാണ്. എന്നാൽ വസ്തുതകൾ മൂടിവയ്ക്കുന്നതു ക്രൂരമായ ഒരു പ്രവൃത്തിയാണ്. അയഥാർത്ഥമായ അനുമാനത്തിനു് അതു വകനൽകുന്നു.

## 51

അതുകൊണ്ടു കൂടുതൽ ആഴമുള്ള കാര്യങ്ങളിലേക്കു കടക്കുന്നതിനുമുമ്പ്, അയവില്ലാത്ത നിരോധനത്തിൽ എനിക്കുള്ള വിശ്വാസം ഞാൻ ഒരിക്കൽക്കൂടി പ്രഖ്യാപിച്ചുകൊള്ളട്ടെ. ഒരു മണിക്കൂർനേരത്തേക്കു ഞാൻ ഇൻഡ്യയുടെ ഏകശാസകനായി നിയമിക്കപ്പെട്ടിരുന്നെങ്കിൽ, ആദ്യം ഞാൻ ചെയ്യുന്നതു നഷ്ടപരിഹാരം

51. Young India, 25-6-1931 (Drink, Drugs and Gambling P. 15)

digitized by www .sreyas.in

കൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും നിർത്തലാക്കുകയും ഗുജറാററിൽ ഞാൻ കണ്ടതുപോലുള്ള സകല പനകളും നശിപ്പിക്കയും, ജോലിക്കാർക്കു മനുഷ്യോചിതമായ ജീവിതസാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ ഫാക്ടറിയുടമകളെ നിർബ്ബന്ധിക്കുകയും, അവർക്കു നിരുപദ്രവകരമായ പാനീയങ്ങളും നിർദ്ദോഷമായ വിനോദങ്ങളും ലഭിക്കുന്ന വിനോദശാലകൾ ഏർപ്പെടുത്തുകയും ആയിരുന്നേനെ. ഉടമസ്ഥന്മാർ പണമില്ലെന്നു് ഒഴികഴിവു പറഞ്ഞാൽ ഞാൻ ഫാക്ടറികൾ അടച്ചുപൂട്ടിക്കും. ഒരു പരിപൂർണ്ണ മധുവർജ്ജകനായതുകൊണ്ടു്, ഒരുമണിക്കൂർനേരത്തേക്കു് ഏകശാസനാധികാരം കിട്ടിയാലും ഞാൻ എന്റെ സുബോധാവസ്ഥ പരിരക്ഷിക്കുകതന്നെ ചെയ്യും. തന്മൂലം എന്റെ യൂറോപ്യൻസുഹൃത്തുക്കളേയും ബ്രാണ്ടിയും മററും ആവശ്യമുള്ള രോഗികളേയും ഗവൺമെൻറുചെലവിൽ വിദഗ്ദ്ധഡാക്ടറന്മാരെക്കൊണ്ടു പരിശോധിപ്പിച്ചു് ആവശ്യമെന്നു കണ്ടാൽ അവർക്കു് അധികൃതകെമിസ്ററുകളുടെ പക്കൽനിന്നും നിശ്ചിതഅളവിൽ മദ്യം ലഭിക്കത്തക്കവിധം ഞാൻ വേണ്ട ഏർപ്പാടുകൾ ചെയ്യും. ഈ നിയമം ലഹരിയുള്ള മരുന്നുകളെ സംബന്ധിച്ചും ബാധകമാകും.

മദ്യനികുതിയുടെ നഷ്ടം നികഴ്ത്താൻ ഞാൻ സൈനികച്ചെലവു വെട്ടിച്ചുരുക്കും; സർവ്വസൈന്യാധിപൻ പുതിയ സാഹചര്യത്തോടു കഴിയുന്നതും സമീചീനമായി ഇണങ്ങിപ്പോകണമെന്നു ഞാൻ ആവശ്യപ്പെടും. ആവശ്യകമായ വ്യവസ്ഥകൾ പാലിച്ചു ഫാക്ടറികൾ ലാഭകരമായി നടത്താമെന്നും, തന്നിമിത്തം അവ ഉടമസ്ഥന്മാരിൽനിന്നും ഏറെറടുക്കാമെന്നും ആ ഹ്രസ്വകാലത്തു ഞാൻ ഉപദിഷ്ടനാകുന്നില്ലെങ്കിൽ, അവ അടച്ചുപൂട്ടുന്നതുമൂലം ജോലിയില്ലാതായിത്തീരുന്ന തൊഴിലാളികളെ, കഴിയുന്നിടത്തോളം അതതുഫാക്ടറികൾക്കു സമീപം ഉടനടി സമാരംഭിക്കുന്ന കൃഷിത്തോട്ടങ്ങളിലേക്കു മാററും.

## 52

സമ്പൂർണ്ണ മദ്യനിരോധനം ഉടനേ എങ്ങനെ നടപ്പാക്കാം? ആദ്യത്തെ കോൺഗ്രസ്സ് മന്ത്രിസഭ അധികാരമേല്ക്കുന്ന 1937 ജൂലൈ 14–ാം തീയതിമുതൽ മൂന്നുകൊല്ലത്തിനകം സമ്പൂർണ്ണ നിരോധനം സാധിക്കുമാറു് പ്ലാൻ അനുസരിച്ചുള്ള ഒരു പ്രഖ്യാപനം ഉടൻതന്നെ ചെയ്യാം. ഇതാണു ഞാൻ 'ഉടനേ' എന്ന പദം കൊണ്ടുദ്ദേശിക്കുന്നതു്. സമ്പൂർണ്ണ നിരോധനം രണ്ടു വർഷത്തിനുള്ളിൽ തീർച്ചയായും നടപ്പാക്കാൻ കഴിയുമെന്നു ഞാൻ സങ്കല്പിക്കുന്നു. എന്നാൽ ഭരണപരമായ പ്രയാസങ്ങളെപ്പററി നിശ്ചയമില്ലാത്തതുകൊണ്ടു മൂന്നുകൊല്ലം അവധിവയ്ക്കുകയാണു്, നികുതിനഷ്ടം ഒട്ടും

52. Harijan, 31-7-1937 (Drink, Drugs and Gambling, pp. 29-30)

digitized by www .sreyas.in

തന്നെ സാരമുള്ളതായി ഞാൻ കണക്കാക്കുന്നില്ല. അത്യന്തം ദേശീയപ്രാധാന്യമുള്ള ഈ സംഗതിയിൽ ധനനഷ്ടം സാരമാക്കാനാണ പോകുന്നതെങ്കിൽ മദ്യനിരോധനം ഒരു വിദൂരലക്ഷ്യമായി അവശേഷിക്കുകയേ ഉള്ളു.

മദ്യത്തിൽനിന്നും മാദകൗഷധങ്ങളിൽനിന്നുമുള്ള നികുതി അത്യന്തം ആക്ഷേപകരമായ ഒരു വരുമാനമാണെന്ന് ഓർമ്മിക്കണം. ഏതു നികുതിയും ക്ഷേമകരമായിരിക്കണമെങ്കിൽ നികുതിദായകന്ന്, ആവശ്യമായ സേവനത്തിന്റെ രൂപത്തിൽ, പത്തിരട്ടിയായി തിരികെ കിട്ടണം. എക്സൈസ് വകുപ്പ് ജനങ്ങളെക്കൊണ്ട് അവരുടെ സാന്മാർഗ്ഗികവും മാനസികവും ശാരീരികവുമായ അധഃപതനത്തിന്ന വില കൊടുപ്പിക്കുന്നു. താങ്ങാൻ ലേശവും കെല്പില്ലാത്തവക്ക് അതു ഒരു കനത്ത ഭാരമായിത്തീരുന്നു. നികുതി ഏറിയകൂറും വ്യവസായത്തൊഴിലാളികളുടെ പക്കൽനിന്നാണ് വസൂൽ ചെയ്യപ്പെടുന്നതെന്ന ഞാൻ വിശ്വസിക്കുന്നു. മിക്കവാറും വ്യവസായത്തൊഴിലാളികളെയും കർഷകത്തൊഴിലാളികളെയുമാണല്ലോ കോൺഗ്രസ്സ് പ്രതിനിധാനം ചെയ്യുന്നതു്.

നികുതിനഷ്ടം പ്രത്യക്ഷത്തിൽ തോന്നുന്ന ഒരു നഷ്ടം മാത്രമാണ്. ഈ ഹീനമായ നികുതിയുടെ നിരാസം നികുതിദായകനായ മദ്യപാനിയെ കൂടുതൽ പണം സമ്പാദിക്കാനും ചെലവാക്കാനും പ്രാപ്തനാക്കുന്നു. ജനങ്ങൾക്ക് ഇതു മഹത്തായ ഒരു സാന്മാർഗ്ഗികലാഭം മാത്രമല്ല, ഗണ്യമായ ഒരു സാമ്പത്തിക നേട്ടം കൂടിയാണ്.

ഞാൻ മദ്യനിരോധനത്തിന്ന പ്രാമുഖ്യം കൊടുക്കുന്നതു്, അതിന്റെ ഗുണഫലം ഉടനേ കാണാം എന്നുള്ളതുകൊണ്ടാണ്. കോൺഗ്രസ്സുകാർ, വിശേഷിച്ചും സ്ത്രീകൾ, ഇതിന്നുവേണ്ടി രക്തം ചിന്തിയിട്ടുണ്ട്. ഒററയായ മറെറാരു പ്രവൃത്തികൊണ്ടും സാധിക്കാത്തവിധത്തിൽ ഇതുമൂലം രാഷ്ട്രീയമായ ഖ്യാതി വർദ്ധിക്കും. ഈ ആറു പ്രവിശ്യകളുടെ മാതൃക മററു് അഞ്ചു പ്രവിശ്യകളും പിന്തുടരാൻ വളരെ സാദ്ധ്യതയുണ്ട്. കോൺഗ്രസ്സിൽപ്പെടാത്ത മുസ്ലിം പ്രധാനമന്ത്രിമാരും ഇൻഡ്യയെ മദ്യനിർമ്മുക്തമായിക്കാണുന്നതിൽ തുല്യമായ താൽപര്യം ഉള്ളവരാണ്.

വ്യാജവാററു തടയുവാൻ ഭീമമായ ചെലവു വേണ്ടിവരുമെന്ന ആക്ഷേപം വഞ്ചനാപരമാണ്, അല്ലെങ്കിൽ വിചാരശൂന്യമാണ്. ഇൻഡ്യ അമേരിക്കയല്ല. അമേരിക്കയുടെ ദൃഷ്ടാന്തം നമുക്കു സഹായകമല്ല, വിഘ്നഹേതുകമാണ്. അമേരിക്കയിൽ മദ്യപാനം അപമാനകരമല്ല, ഒരു ഫാഷനാണ്. കുറഞ്ഞ കാലത്തേയ്ക്കെങ്കിലും വെറും സാന്മാർഗ്ഗിക ശക്തികൊണ്ടു മദ്യനിരോധനം നടപ്പാക്കാൻ കഴിഞ്ഞതു്, അമേരിക്കയിലെ ദൃഢനിശ്ചയമുള്ള ന്യൂനപ

ക്ഷത്തിന്റെ ഏററവും യശസ്കരമായ ഒരു നേട്ടമാണ്. ആ പരീക്ഷണം ഒരു പരാജയമായിരുന്നെന്നു ഞാൻ വിചാരിക്കുന്നില്ല. അമേരിക്ക ഒരിക്കൽക്കൂടി പൂർവ്വാധികം ഉത്സാഹത്തോടും പരിചയസമ്പത്തിന്റെ പിൻബലത്തോടും അതിലേക്കു തിരിയുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഇൻഡ്യയിൽ നിരോധനം നടപ്പിൽവരികയാണെങ്കിൽ അതു് അമേരിക്കയിൽ നിരോധനത്തിന്റെ ആവിർഭാവത്തെ ത്വരിപ്പിക്കും. ഇൻഡ്യയിലെപ്പോലെ ലോകത്തിൽ മറെറാരിടത്തും മദ്യനിരോധനം നടപ്പിലാക്കാൻ എളുപ്പമില്ല. കാരണം നമ്മുടെ ഇടയിൽ മദ്യപിക്കുന്നവർ ഒരു ന്യൂനപക്ഷമാണ്. മദ്യപാനം പൊതുവെ ആക്ഷേപകരമായി കരുതപ്പെടുന്നു. മദ്യം എന്നാൽ എന്തെന്നറിഞ്ഞിട്ടില്ലാത്ത ലക്ഷോപലക്ഷം ജനങ്ങൾ ഇവിടെയുണ്ടു്.

മററു കുററങ്ങളുടെ നിരോധനത്തിനുവേണ്ടിവരുന്നതിൽ കൂടുതൽ ചെലവു വ്യാജവാററു തടയുന്നതിനു് എന്തുകൊണ്ടാണ് ആവശ്യമാവുക? ഞാൻ വ്യാജവാററു് കഠിനശിക്ഷാർഹമാക്കും, അതേപ്പററി കൂടുതൽ ഒന്നും ചിന്തിക്കയില്ല. മോഷണംപോലെ ഇതും ലോകാവസാനംവരെ ഒരുവേള കുറെയൊക്കെ നിലനിന്നെന്നു വരും. വ്യാജവാററു കണ്ടുപിടിക്കാൻ ഒരു പ്രത്യേക ഏജൻസി ഞാൻ രൂപവൽക്കരിക്കയില്ല. എന്നാൽ തെരുവുകളിലും മററു പൊതുസ്ഥലങ്ങളിലും (നിയമപ്രകാരം ക്രമവിരുദ്ധമായിട്ടല്ലെങ്കിലും) കുടിച്ചു നിലയിൽ കാണപ്പെടുന്ന ആരെയും വമ്പിച്ചൊരു തുക പിഴയൊടുക്കാൻ ശിക്ഷിക്കും. അഥവാ കുററം ചെയ്യുന്ന സ്ത്രീയോ പുരുഷനോ സ്വന്തം സംരക്ഷണത്തിനു വേണ്ടവക സമ്പാദിച്ചുതുടങ്ങുന്നതുവരെ നീണ്ടുനില്ക്കുന്ന, അനിശ്ചിതകാലത്തേക്കുള്ള, തടവുശിക്ഷ അവക്കു കൊടുക്കും.

ഇതു് ഏതായാലും നിരോധനപരിപാടിയുടെ നിഷേധാത്മകമായ ഭാഗമാണ്. സന്നദ്ധസംഘങ്ങൾ, വിശേഷിച്ചും സ്ത്രീകൾ നേതൃത്വം വഹിക്കുന്ന സംഘങ്ങൾ, തൊഴിലാളികൾ പാക്കുന്ന സ്ഥലങ്ങളിൽ പ്രചരണവേല നടത്തണം. അവർ മദ്യപാനം പതിവാക്കിയിട്ടുള്ളവരെ സന്ദർശിക്കണം. അവരെ ആ ശീലത്തിൽ നിന്നും വിമോചിപ്പിക്കാൻ ശ്രമിക്കണം. നിയോജകന്മാർ തൊഴിലാളികൾക്കു ചെലവുകുറഞ്ഞതും ആരോഗ്യകരവുമായ ലഘുഭക്ഷണവും വായിക്കാനും വിനോദിക്കാനുമുള്ള മുറികളും ഉണ്ടാക്കിക്കൊടുക്കാൻ നിയമപ്രകാരം ബാധ്യസ്ഥരായിരിക്കണം. അവിടെ തൊഴിലാളികൾക്കു് അഭയവും, വിജ്ഞാനവും ആരോഗ്യപ്രദമായ ഭക്ഷ്യപാനീയങ്ങളും നിർദ്ദോഷവിനോദങ്ങളും ലഭിക്കണം.

ഇങ്ങനെ നോക്കിയാൽ മദ്യനിരോധനം എന്നാൽ മദ്യഷാപ്പുകൾ നിത്തൽചെയ്യുക എന്നുമാത്രമല്ല അത്ഥം. രാഷ്ട്രത്തിലെ പ്രായ

digitized by www .sreyas.in

പൂർത്തിയായവക്കു കൊടുക്കുന്ന ഒരുവക വിദ്യാഭ്യാസം കൂടിയാണതു്.

പുതിയ ഷാപ്പുകൾക്കു ലൈസൻസു കൊടുക്കുന്നതിനെ തടഞ്ഞും പൊതുജനങ്ങൾക്കു് ഉപദ്രവകരമാവാനിടയുള്ള കുറേ ഷാപ്പുകൾ അടച്ചുപൂട്ടിയും മദ്യനിരോധനം ആരംഭിക്കണം. രണ്ടാമതു പറഞ്ഞ കാര്യം വലിയ നഷ്ടപരിഹാരം കൊടുക്കാതെ എങ്ങനെ സാധിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. ഏതായാലും പൊതുവേ പറഞ്ഞാൽ, കാലഹരണപ്പെടുന്ന ലൈസൻസുകൾ പുതുക്കിക്കൊടുത്തുകൂടാ. പുതിയ ഷാപ്പുകൾ ഒരു കാരണവശാലും അനുവദിക്കുകയും ചെയ്യരുതു്. നികുതിയെപ്പററി ചിന്തിച്ചു് ഒട്ടും സമയം കളയാതെ, നിയമപ്രകാരം ഉടൻ നടപ്പുള്ളതെന്തും ചെയ്യണം.

സമ്പൂർണ്ണനിരോധനത്തിൻെറ അർത്ഥവും വ്യാപ്തിയും എന്തു്? അതു മദ്യങ്ങളുടെയും മാദകൗഷധങ്ങളുടെയും വില്പനയ്ക്കെതിരായുള്ള നിരോധനമാണു്. പ്രത്യേകം നിയുക്തനായ ഒരു ഡാക്ടരുടെ കുറിപ്പനുസരിച്ചു്, ഗവണ്മെൻറു ഡിപ്പോയിൽനിന്നല്ലാതെ ഈവക സാധനങ്ങൾ വില്ക്കപ്പെടാൻ പാടില്ല. മദ്യംകൂടാതെ ജീവിക്കാൻ വയ്യാത്ത, അഥവാ ജീവിക്കാത്ത യൂറോപ്യൻമാരുടെ ഉപയോഗത്തിനു നിശ്ചിത അളവിൽ വിദേശമദ്യം ഇറക്കുമതി ചെയ്യാം. ഇതും അധികാരികളുടെ സാക്ഷ്യപത്രം അനുസരിച്ചും, നിശ്ചിത പ്രദേശങ്ങളിലും കുപ്പികളിൽ അടക്കംചെയ്തുമേ വില്ക്കപ്പെടാവു. ഹോട്ടലുകളിലും റസ്റ്റാറണ്ടുകളിലും മദ്യവില്പന നടത്തുന്ന പതിവു നിർത്തണം.

## 53

നിലവിലുള്ള എക്സൈസു് ജീവനക്കാരെ ഗുണകരമായവിധം പ്രയോജനപ്പെടുത്താമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. വിദൂരമായ ഒരു കാലത്തെങ്കിലും നിരോധനം നടപ്പാക്കുവാൻ ഗവൺമെൻറിനു് ആത്മാർത്ഥമായ ഉദ്ദേശ്യമുണ്ടെന്നു് അവക്കു് ഇന്നോളം വിശ്വാസമില്ലായിരുന്നു. എന്നാൽ മദ്യനിരോധനം സാധിക്കുന്നതുവരെ കോൺഗ്രസ്സു് അടങ്ങിയിരിക്കുകയോ മററുള്ളവരെ അടങ്ങിയിരിക്കാൻ അനുവദിക്കുകയോ ചെയ്യില്ലെന്നു് അവക്കു് ഇപ്പോൾ നല്ലതുപോലെ അറിയാം. അവർ പുതിയ നയത്തിലും പരിപാടിയിലും സന്തോഷപൂർവ്വം ഇണങ്ങിച്ചേരും. എന്നാൽ സന്നദ്ധസംഘങ്ങളായിരിക്കും കൂടുതൽ ഫലപ്രദം. നമുക്കു പ്രൊഫസറന്മാരും അദ്ധ്യാപകന്മാരും കാളേജുവിദ്യാർത്ഥികളുമുണ്ടു്. അവരോടു ദിവസവും ഒരു മണിക്കൂർ ഈ കാര്യത്തിനു ചെലവു ചെയ്യാൻ നമുക്കു് ആവശ്യപ്പെടാം. അവർ മദ്യപാനികൾ വിഹരി

53. Harijan, 28-8-1937 (Drink, Drugs and Gambling P. 55)

digitized by www .sreyas.in

ക്കുന്ന സ്ഥലങ്ങളിൽ പോകണം, അവരുമായി ഇടപെടണം, സംസാരിക്കണം, ന്യായവാദം ചെയ്യണം, ശിക്ഷണസ്വഭാവമുള്ള സമാധാനപരമായ പിക്കറ്റിംഗ് നടത്തണം. ജനങ്ങൾ മദ്യപാനം ചെയ്യുന്നത് എന്തുകൊണ്ടാണെന്നും അവരെ ആ ശീലത്തിൽനിന്ന് എങ്ങനെ രക്ഷിക്കാമെന്നും കണ്ടുപിടിക്കുന്നതിനും, മദ്യത്തിനു പകരം ഫലവത്തും, ആരോഗ്യകരവും സുഖപ്രദവുമായ മററു സാധനങ്ങൾ കണ്ടുപിടിക്കുന്നതിനും വൈദ്യവൃത്തിയിലിരിക്കുന്നവരുടെ സഹകരണവും ഞാൻ പ്രതീക്ഷിക്കുന്നു.

## 54

എനിക്കു മധുവർജ്ജനപ്രശ്നം, വർദ്ധിച്ചുവരുന്ന ഒരു സാമൂഹ്യദോഷത്തെ നേരിടാനുള്ള ഒരു പ്രശ്നമാണ്. അനുകൂലമായ അവസരം ലഭിച്ചിരിക്കെ, സ്റ്റേററ് ഈ പ്രശ്നം പരിഹരിക്കാൻ ബാദ്ധ്യസ്ഥവുമാണ്. ഉദ്ദേശ്യം സ്പഷ്ടമാണ്. നമുക്കു തൊഴിലാളിവർഗ്ഗത്തെയും ഹരിജനങ്ങളെയും ഈ ശാപത്തിൽനിന്നും മോചിപ്പിക്കണം. അതു് ഒരു വമ്പിച്ച പ്രശ്നമാണ്. എല്ലാ സാമൂഹ്യപ്രവർത്തകരുടെയും, വിശേഷിച്ചും സ്ത്രീകളുടെ, കഴിവുകൾ വിനിയോഗിച്ചാലേ ജനങ്ങളുടെ മദ്യപാനശീലം ഇല്ലാതാകയുള്ളു. ഞാൻ സാമാന്യമായി ആവിഷ്കരിച്ച മദ്യനിരോധനപരിപാടി പരിഷ്കാരസംരംഭത്തിന്റെ (തീർച്ചയായും അനിവാര്യമായ) പ്രാരംഭംമാത്രമാണ്. മദ്യപനെ പ്രലോഭിപ്പിക്കുവാൻ അയാളുടെ വീടിനടുത്തു മദ്യഷാപ്പുള്ള കാലത്തോളം നമുക്കു് അയാളെ ഉദ്ധരിക്കുവാൻ സാദ്ധ്യമല്ല. രോഗബാധിതനായ ഒരു ബാലന്റെ അഥവാ മനുഷ്യന്റെ മുമ്പിൽ തുറന്നുവച്ചിരിക്കുന്ന മിഠായിപ്പെട്ടി എടുത്തു മാററാതെ അവരെ അതിൽ തൊടീക്കാതിരിക്കാൻ ഉദ്ദേശിക്കുന്നതുപോലെയാണതു്.

ഈ സന്ദർഭത്തിൽ, എന്റെ സ്നേഹിതന്മാർ അയച്ചുതന്ന വൃത്താന്തപത്രഖണ്ഡങ്ങളിലൊന്നിൽ ഉന്നയിച്ചുകണ്ട ഒരു ആക്ഷേപത്തിനു മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ സി. രാജഗോപാലാചാരി തന്റെ പരിഷ്കരണവ്യഗ്രതയ്ക്കിടയ്ക്കു ജോലി നഷ്ടപ്പെടുന്ന ചെത്തുകാരുടെ തൊഴിലില്ലായ്മപ്രശ്നം വിഗണിച്ചിരിക്കുന്നുവത്രേ. അവക്കുവേണ്ടി എന്തു ചെയ്വാനാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നു് എനിക്കു് അറിഞ്ഞുകൂടാ. തെക്കേ സംസ്ഥാനത്തിൽ വ്യാജവ്യാപാരം നടത്തുന്ന ചെത്തുകാരുണ്ടെന്നു പനംചക്കരനിർമ്മാണവിദഗ്ദ്ധനായ ശ്രീ ഗജാനൻ എന്നെ അറിയിച്ചിരിക്കുന്നു. ചെത്തു് നിർത്തൽചെയ്യേണ്ട ആവശ്യമില്ലെന്നു് അദ്ദേഹം നിർദ്ദേശിക്കയും ചെയ്യുന്നുണ്ടു്. നിരോധനം നടപ്പായാൽ

54. Harijan, 14-8-1937 (Drink, Drugs and Gambling, P. 33)

digitized by www .sreyas.in

പിന്നെ അവക്ക മധുരക്കള്ള ചെത്താം. അതു ചാരായമായി മാററുന്നതിനു പകരം ചക്കരയായി മാററാം. വാസ്തവത്തിൽ ആന്ധ്രാപ്രദേശത്തു തങ്ങൾ ചെത്തിയെടുക്കുന്ന കള്ളു്, ചെത്തുകാർ വില്ക്കുന്നില്ല. അവർ അതു ചക്കരയാക്കി ചാരായനിർമ്മാതാക്കൾക്കു വില്ക്കുന്നു; ചാരായനിർമ്മാതാക്കൾ ഈ ചക്കരയിൽനിന്നു ചാരായം വാററിയെടുക്കുന്നു. ഇങ്ങനെയുള്ള കേസുകളിൽ ഇരുകൂട്ടരും സമ്മതിക്കുന്ന ന്യായമായ ഒരു വിലയ്ക്കു് ഈ ചക്കര കൈവശപ്പെടുത്തുകയല്ലാതെ മറെറാന്നും സ്റ്റേററിനു ചെയ്യാനില്ല.

ചെത്തുകാരെ സംബന്ധിച്ചുള്ള എൻെറ അറിവിൽനിന്നു പറഞ്ഞാൽ, ആസന്നമായ മദ്യനിരോധനംമൂലം അവക്കു യാതൊരു നഷ്ടവും വരാൻ ഇടയില്ല. സാധുക്കൾക്കാണെങ്കിൽ ശരീരത്തെയും ആത്മാവിനെയും കെടുത്തുന്ന ചാരായത്തിനു പകരം പോഷകാംശമുള്ള വിലകുറഞ്ഞ ചക്കര കിട്ടുകയും ചെയ്യും.

## 55

മദ്യം ഫാക്ടറിസിസ്റ്റത്തിൻെറ — വാസ്തവത്തിൽ ക്ലേശകരവും വിരസവുമായ കഠിനാദ്ധ്വാനം ഉള്ള എല്ലാ തൊഴിലിൻെറയും — ഒരു അവശ്യസഹകാരിയാണെന്നു പറയപ്പെടുന്നു. മഴയത്തും ചതുപ്പുനിലങ്ങളിലും വേലചെയ്യുന്ന കൃഷിക്കാക്കു ചൂടുകിട്ടാൻ 'എന്തെങ്കിലും' വേണമത്രേ. ഈവക വൈഷമ്യങ്ങൾക്കും മററു പലതിനും പരിഹാരം നിർദ്ദേശിക്കാനിരിക്കുന്ന വൈദ്യസുഹൃത്തുക്കൾക്കു ഭാരിച്ച ഒരു ജോലിയാണുള്ളതു്. എങ്കിലും അതു ദുഷ്കരമല്ല. കർഷകത്തൊഴിലാളികളുടെ ഇടയിൽപ്പോലും മദ്യം നിരോധിച്ചിട്ടുള്ള സ്ഥലങ്ങളിൽ കാൽറാത്തൽ കരുപ്പട്ടിയും അത്രയുംതന്നെ ഉള്ളിയും വർഷകാലത്തെ ഉത്തമാഹാരമായി കണക്കാക്കപ്പെടുന്നു. ഇതിനു പുറമേ മാഹ്വാപുഷ്പം ഉണ്ടു്. വളരെ ഓജസ്സുരമായ ഒരു നല്ല ആഹാരമാണതു്. വ്യാജവാററിനു പ്രലോഭനം ഉണ്ടാകാത്തവിധം ഇതു് എങ്ങനെ ആളുകൾക്കു് എത്തിച്ചുകൊടുക്കാൻ സാധിക്കുമെന്നു നാം കണ്ടുപിടിക്കണം. ഒരു ലേഖകൻ, നഗരത്തിലെയും ഗ്രാമത്തിലെയും തൊഴിലാളിയുടെ ജോലിസമയത്തിലും തൊഴിൽവ്യവസ്ഥകളിലും വരുത്തേണ്ട മാററങ്ങളെപ്പററി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. അവ പരിഗണനാർഹങ്ങളാണു്.

നഗരങ്ങളിൽ ശ്രമകരമായ ജോലിക്ക സമയക്ലിപ്തി വേണം. കൈവണ്ടിക്കാരനും റിക്ഷാക്കാരനും വഹിക്കേണ്ട ഭാരം പരിമിതമാക്കണം. കൂടിയ ഭാരം വലിക്കുന്നതു രാവിലെയും വൈകിട്ടുമാ

55. Harijan. 28-8-1937 (Drink, Drugs and Gambling, P. 56)

digitized by www .sreyas.in

യിരിക്കണം. പകൽ 12 മണിക്കും 2 മണിക്കും ഇടയ്ക്കു വിശ്രമമോ ലഘുവായ ജോലിയോ മാത്രമേ പാടുള്ളു.

ഗ്രാമങ്ങളിൽ ചൂടുള്ള കൊയ്ത്തുകാലത്തു പണിയെടുക്കുന്ന കൃഷിക്കാർ വളരെവേഗം വാടിത്തളരുന്നു; എന്തെങ്കിലും ഉത്തേജകവസ്തുക്കൾക്കുവേണ്ടി ആഗ്രഹിക്കുന്നു. അവരുടെ ജോലിസമയം രാവിലെ 5-30 മുതൽ 10.30വരെയോ വൈകിട്ടു് 3 മുതൽ 6 വരെയോ ആയിരിക്കണം. സ്ട്രെയിററ്സ് സെററിൽമെൻറുകളിൽ ഈ രീതിയാണുള്ളതെന്നു കേൾക്കുന്നു. നാരക്കലിൽ, കുളിർമ്മയുള്ള രാത്രികാലത്തു് ആളുകൾ കൊയ്ത്തിനു പോകുന്നതു ഞാൻ നേരിട്ടു കണ്ടിട്ടുണ്ടു്. വെയിലത്താണു കററ തല്ലുന്നതു്. കളത്തിൽ അവരുടെ തലയ്ക്കുമീതെ ഒരു പന്തലിടുന്നതു സഹായകമായിരിക്കും. നെല്ലു കൊഴിയുമ്പോൾ ഓവും പൊടിയും നഗ്നമായ ശരീരത്തിൽ പറന്നടിയും. കൃഷിക്കാർ, അതിന്റെ ചൊറിച്ചിൽ, മദ്യപിച്ചു മറക്കാൻ ശ്രമിക്കുന്നു. അവരെ ഉടുപ്പു ധരിക്കാൻ പ്രേരിപ്പിക്കണം.

മദ്യത്തിനു പകരം പാനകം കുടിക്കുന്ന രീതി പുനർജ്ജീവിപ്പിക്കുന്നതു കൊള്ളാം. ശുദ്ധജലവും ചക്കരയും നാരങ്ങാനീരും സബ്ജാവിത്തുകളും ചേർത്താണു് പാനകം ഉണ്ടാക്കുന്നതു്. അതു ശരീരത്തിനു ചുറുചുറുക്കും കുളിർമയും നല്കും. പുളിച്ച തൈരും അവയ്ക്കുവേണ്ടി നിർദ്ദേശിക്കാവുന്നതാണു്.

## 56

ചില പ്രവിശ്യകളിൽ മൂന്നിലൊന്നോളം വരുന്ന നികുതി നഷ്ടം നികത്താൻ എന്താണു വഴി? വിദ്യാഭ്യാസബഡ്ജററു വെട്ടിക്കുറയ്ക്കണമെന്നു ഞാൻ നിസ്സന്ദേഹം നിർദ്ദേശിച്ചിട്ടുണ്ടു്. എക്സൈസ് നികുതി മുഖ്യമായും വിനിയോഗിക്കുന്നതു വിദ്യാഭ്യാസത്തിനുവേണ്ടിയാണല്ലോ. വിദ്യാഭ്യാസം സ്വയം സംരക്ഷകമാക്കാമെന്നാണു് ഇപ്പോഴും എന്റെ അഭിപ്രായം. ഇതേപ്പററി വേറൊരിടത്തു പറയാം. വിദ്യാഭ്യാസം സ്വയം സംരക്ഷകമാക്കാമെന്നു സമ്മതിച്ചാൽത്തന്നെ അതു് ഒരുദിവസംകൊണ്ടു സാധിക്കുകയില്ല. നിലവിലുള്ള ബാദ്ധ്യതകൾ നിർവ്വഹിക്കണം. അതിലേക്കു പുതിയ നികുതിമാർഗ്ഗങ്ങൾ തേടണം. മരണനികുതിയും, ബീഡി, പുകയില എന്നിവയുടെമേലുള്ള നികുതിയും അംഗീകാര്യമാർഗ്ഗങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. ഇവ ഉടനടി നടപ്പില്ലെന്നു തോന്നുന്നപക്ഷം, നികുതിയുടെ കുറവു പരിഹരിക്കാൻ ഹ്രസ്വകാലവായ്പകൾ ആസൂത്രണം ചെയ്യാം. അതും സാധിക്കുന്നില്ലെങ്കിൽ, സൈനികബഡ്ജററു വെട്ടിച്ചുരുക്കുന്നതിനും

56. Harijan, 28-8-1937 (Drink, Drugs and Gambling P. 36)

digitized by www .sreyas.in

പ്രവിശ്യകൾക്കു് ആനുപാതികമായ ഗ്രാൻറു നൽകുന്നതിനും കേന്ദ്രഗവണ്മെൻറിനോടു് ആവശ്യപ്പെടാം. തങ്ങൾക്കു് ആഭ്യന്തരമായ സമാധാനത്തിനും ശാന്തിക്കും പട്ടാളത്തിന്റെ അവശ്യകതയില്ലെന്നു പ്രവിശ്യാഗവണ്മെൻറുകൾ തെളിയിച്ചുകൊടുക്കുമ്പോൾ നാം ചെയ്യുന്ന ഈ അഭ്യർത്ഥന കേന്ദ്രത്തിനു് എതിർക്കാൻ സാധിക്കുകയില്ല.

## 57

പഴുതുകിടന്നാൽ, ഈ അസാന്മാർഗ്ഗികലാഭത്തെ ഉപയോഗപ്പെടുത്താനുള്ള പ്രലോഭനം ദുർന്നിവാരമായിരിക്കും. എന്തെന്നാൽ മദ്യപാനിയെ നിമിഷംകൊണ്ടു മദ്യവിമുഖനാക്കാൻ പ്രയാസമുണ്ടു്. എന്റെ മദ്യനിരോധനവാദം അപ്രായോഗികമാണെന്നു്, പഴയ മന്ത്രിമാർ ആരും പറഞ്ഞിട്ടില്ല. മദ്യവ്യാപാരത്തിൽനിന്നു കിട്ടിക്കൊണ്ടിരിക്കുന്ന വമ്പിച്ച നികുതി ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ലെന്നുമാത്രമേ അവർ പറഞ്ഞിട്ടുള്ളു. വിദ്യാഭ്യാസച്ചെലവിനു് ഈ നികുതി ആവശ്യമാണത്രേ. അവിശുദ്ധമായ നികുതിയുപയോഗിച്ചു നടത്തുന്ന വിദ്യാഭ്യാസം സ്വീകാര്യയോഗ്യമാണോ? അതിനു യഥാർത്ഥമായ ഗുണമുണ്ടോ? ഇൻഡ്യയിലെ സ്കൂളുകളിലും കാളേജുകളിലും നൽകുന്നമാതിരി വിദ്യാഭ്യാസംകൊണ്ടു്, ഇൻഡ്യക്കു് അവർ ചെലവഴിക്കുന്ന പണത്തിന്റെ പ്രയോജനം സിദ്ധിച്ചിട്ടുണ്ടോ?

## 58

ദൈവേച്ഛയാൽ, മദ്യനിരോധനാശയത്തിനു പ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. കോൺഗ്രസ്സ് മററു സംഭാവനകൾ ചെയ്താലും ഇല്ലെങ്കിലും അതു് 1920--ൽ മദ്യനിരോധനത്തിനു പ്രതിജ്ഞചെയ്തുവെന്നും, ആദ്യം ലഭിച്ച അനുകൂലസന്ദർഭത്തിൽ ലാഭനഷ്ടങ്ങൾ കണക്കാക്കാതെ ആ പ്രതിജ്ഞ നിറവേററി എന്നും ചരിത്രത്തിൽ സുവർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെടും. മററു പ്രവിശ്യകളും ഈ മാതൃക പിന്തുടരുമെന്നതിൽ എനിക്കു സംശയമില്ല. അത്യന്താപേക്ഷിതമായ ഈ പരിഷ്ക്കാരത്തിനെതിരായി കോൺഗ്രസ്സിനെ ഉപദേശിക്കരുതെന്നും നേരേമറിച്ചു തന്റെ പ്രവിശ്യയിൽ ധീരന്മാരായ സിക്കുകാരുടെ ഇടയിൽ അതിന്നനുകൂലമായി തന്റെ പ്രേരണാശക്തി മുഴുവൻ വിനിയോഗിക്കണമെന്നും ഞാൻ സർദാർ ജോഗേന്ദ്രസിങ്ങിനോടു് അപേക്ഷിക്കുന്നു.

---

57. Harijan, 25-9-1937 (Drink, Drugs and Gambling P. 37)
58. Harijan, 25-9-1937 (Drink, Drugs and Gambling P. 38)

digitized by www .sreyas.in

## 59

ഞങ്ങൾ താഴെപ്പറയുന്ന തീരുമാനത്തിൽ എത്തിയിരിക്കുന്നു:

1) എല്ലാ എക്സൈസ് നികുതിയും മദ്യനിരോധനാവശ്യങ്ങൾക്കല്ലാതെ മറെറാന്നിനും ഉപയോഗിക്കാതിരിക്കാൻ നിഷ്കർഷിക്കുക.

2) മദ്യഷാപ്പുകൾ നിർത്തലാക്കണമെന്ന് അവിടത്തെ അടവുകാരിൽ 75 ശതമാനം പേരുടെ ഭാഗത്തുനിന്നു വ്യക്തമായ ആവശ്യം ഉണ്ടാകുന്നേടത്ത് ലൈസൻസുകൾ പുതുക്കാതിരിക്കുകയും ലൈസൻസിൻെറ കാലാവധി കഴിയുമ്പോൾ ഷാപ്പുകൾ അടച്ചുപൂട്ടുകയും ചെയ്യുക.

3) മദ്യവില്പന ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ഗവൺമെൻറിൻെറ നേരിട്ടുള്ള ഏജൻസികൾ മുഖാന്തരം വില്പന നടത്തുക.

4) നിലവിലുള്ള സകല മദ്യഷാപ്പുകളും കഴിയുന്നിടത്തോളം ലഘുഭക്ഷണശാലകളായും വിനോദശാലകളായും മാററുക.

5) മദ്യപാനം ഏററിനില്ക്കുന്ന സ്ഥലങ്ങളിൽ അതിൻെറ കാരണങ്ങൾ എന്തെന്നു ശ്രദ്ധാപൂർവ്വം ഗവേഷണം നടത്തുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുക.

6) തികച്ചും സമാധാനപരവും, ശാന്തവും പ്രബോധകവുമായ പിക്കററിംഗ്, അംഗീകാരം സിദ്ധിച്ചിട്ടുള്ള വ്യക്തികളോ ഗ്രൂപ്പുകളോ നടത്തുക. മദ്യപാനികളെ അവരുടെ ദുശ്ശീലം ഉപേക്ഷിക്കുന്നതിൽ സഹായിക്കാൻ അവരുമായി ഗാഢസമ്പക്കം സ്ഥാപിക്കുകയായിരിക്കണം പിക്കററിംഗിൻെറ ഉദ്ദേശ്യം. മദ്യപന്മാരെ അവരുടെ വീട്ടിൽച്ചെന്നു വ്യക്തിപരമായി സന്ദർശിക്കുന്നതും ശാസ്ത്രീയമായ പിക്കററിംഗിൻെറ ഒരു ഭാഗമായിരിക്കണം. ഈ ജീവകാരുണ്യപരമായ സേവനത്തിനു ഗവൺമെൻറു് സന്നദ്ധസംഘങ്ങളുടെ സേവനം ആവശ്യപ്പെടുകയും അവരെ അതിലേക്കു പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

## 60

കോൺഗ്രസ്സ് പ്രവിശ്യകളിൽ മദ്യനിരോധനപരിപാടി ഉദ്ദിഷ്ടമായ ആന്തരാത്മത്തിൽ പുരോഗമിക്കുന്നില്ല. ഒരുവേള അതു മന്ത്രിമാരുടെ കുററമല്ലായിരിക്കാം. പൊതുജനങ്ങൾ നിർബ്ബന്ധിക്കുന്നില്ല. കോൺഗ്രസ്സുകാർക്കും ഊർജ്ജിതമില്ല. മദ്യനിരോധനമെ

59. Harijan, 9-10-1937 (Drink, Drugs and Gambling, P, 39)
60. Harijan, 24-12-1938 (Drink, Drugs and Gambling pp. 42—44.)

digitized by www .sreyas.in

ന്നാൽ അനേകലക്ഷം പേക്ക് ഒരു നവജീവൻ കൈവരുത്തുകയെന്നാണ് അത്ഥമെന്ന് അവർ മനസ്സിലാക്കുന്നതായി തോന്നുന്നില്ല. സാമ്രാജ്യികവും ഭൗതികവുമായ ശക്തികളുടെ ഒരു പുതിയ അത്ഥവത്തായ സമ്മേളനമാണ് അത്. ഒററയായ മറെറാരു നടപടിക്കും നല്ലാനാകാത്ത പ്രശസ്തിയും അന്തസ്സും സത്യസന്ധമായ നിരോധനം കോൺഗ്രസ്സിനു നല്ലമെന്ന് അവർ അറിയുന്നില്ല. നിരോധനത്തിൻെറ നിവ്വഹണം എന്നുവച്ചാൽ ജനങ്ങളുമായുള്ള സമീകരണമാണെന്നും, മദ്യനികുതിയുമായി തങ്ങൾക്ക് ഒരു ബന്ധവും പാടില്ലെന്ന ദൃഢനിശ്ചയമാണെന്നും അവർ കാണുന്നില്ല. രാജാജിയെപ്പോലെ അടിയുറച്ച ഒരു നിരോധനവാദിക്കുപോലും മദ്യനികുതി മദ്യപാനദോഷത്തെ ഉന്മൂലനം ചെയ്യുന്ന പരിപാടികൾക്കായിമാത്രം നീക്കിവയ്ക്കാൻ ധൈര്യമുണ്ടായിട്ടില്ല. ഈ സംഗതിയിൽ അദ്ദേഹം ക്രമത്തിലധികം സാവധാനനായിത്തോന്നി. സ്വാതന്ത്ര്യസമ്പാദനത്തിനു നല്കേണ്ടിവരുന്ന ഏതൊരു വിലയും കുട്ടതലാണെന്നു കണക്കാക്കാതിരിക്കാൻ കോൺഗ്രസ്സുകാർ പഠിച്ചിട്ടുണ്ട്. നാം മദ്യപാനശീലത്തിൻെറ അടിമകളായിത്തുടരുകയാണെങ്കിൽ, നമുക്കു കിട്ടുന്ന സ്വാതന്ത്ര്യം അടിമകളുടെ സ്വാതന്ത്ര്യമായിരിക്കും. എല്ലാ പ്രവിശ്യകളിലും സമ്പൂർണ്ണനിരോധനം നടപ്പാക്കുന്നതിനുവേണ്ടി ചെയ്യുന്ന ഏതു ചെലവും ഏറിപ്പോകുമോ?

എങ്കിലും നമ്മുടെ മന്ത്രിമാർ നിരോധനപരിപാടി ശരിയായ കച്ചവടമനോഭാവത്തോടുകൂടി ആസൂത്രണം ചെയ്യുന്നതായി കാണുന്നു. അവർ തങ്ങൾക്കുണ്ടാകാവുന്ന നികുതിനഷ്ടത്തെപ്പററി ചിന്തിക്കുന്നു. സകല മദ്യപാനികളും കറപ്പുതീനികളും മദ്യവും കറപ്പും പൊടുന്നനെ പരിവജ്ജിച്ചാൽ അവർ എന്തുചെയ്യുമെന്നു ഞാൻ അത്ഭുതപ്പെടുന്നു. അവർ എങ്ങനെയെങ്കിലും കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുമെന്നു പറഞ്ഞേക്കും. അപ്പോൾ സ്വമേധയാ എന്തുകൊണ്ട് അങ്ങനെ ചെയ്തില്ല? നിശ്ചയമായും ശരിയായ ഒരു കാര്യം, നിർബ്ബന്ധത്തിനു വഴിപ്പെട്ടു ചെയ്യുന്നതല്ല, സ്വമേധയാ ചെയ്യുന്നതാണു യോഗ്യത. വാർഷികവരുമാനത്തെക്കാൾ കൂടിയ തുക ഭൂകമ്പംമൂലം നഷ്ടപ്പെട്ടിട്ടും ബീഹാർഗവണ്മെൻറു സ്തംഭിച്ചുപോയില്ല. ക്ഷാമങ്ങളും വെള്ളപ്പൊക്കങ്ങളും ജനങ്ങൾക്കു കെടുതി വരുത്തുകയും ഗവണ്മെൻറു നികുതിയെ സാരമായി ലഘൂകരിക്കുകയും ചെയ്യുമ്പോൾ ഇൻഡ്യയൊട്ടുക്കുള്ള ഗവണ്മെൻറുകൾ എന്താണു ചെയ്യുക? കോൺഗ്രസ്സു ഗവണ്മെൻറു നികുതിയെക്കരുതി നിരോധനം വിളംബിപ്പിക്കുമ്പോൾ തങ്ങളുടെ പ്രതിജ്ഞ ലംഘിക്കുകയാണവർ ചെയ്യുന്നതെന്ന് ഞാൻ വാദിക്കുന്നു.

പുതിയ നികുതികൾ ചുമത്തി പണമുണ്ടാക്കുന്നതിന് ആത്മാത്ഥമായ ഒരു ശ്രമം നടത്താൻ അവക്കു കഴിയും, അങ്ങനെ

digitized by www .sreyas.in

അവർ ചെയ്കയും വേണം. മദ്യപാനം പട്ടണപ്രദേശങ്ങളിൽ സർവ്വസാധാരണമാണു്. അവിടങ്ങളിലാണു് പുതിയ നികുതി ചുമത്താവുന്നതു്. മദ്യനിരോധനം മുതലാളിമാർക്കു് പ്രത്യക്ഷത്തിൽ സഹായകരമാണു്. നിരോധനംമൂലമുണ്ടാകുന്ന നഷ്ടം അവർക്കു തീർച്ചയായും പരിഹരിക്കാം. അഹമ്മദബാദിൽ ഏതാനും മാസത്തെ നിരോധനം മുതലാളിമാർക്കും തൊഴിലാളികൾക്കും സാമ്പത്തികലാഭം ഉണ്ടാക്കിക്കൊടുത്തു. ഈ അമൂല്യസേവനത്തിനു് മുതലാളിമാർ പ്രതിഫലം കൊടുക്കണം; കൊടുക്കാതിരിക്കുന്നതിനു് അവർക്കു യാതൊരു ന്യായവുമില്ല. ഇങ്ങനെ പല നികുതി മാർഗ്ഗങ്ങളെപ്പററിയും ചിന്തിക്കാവുന്നതാണു്.

കൂടുതൽ നികുതി ഈടാക്കുക എന്നുള്ളതു് അപ്രായോഗികമായ ഒരു പ്രമേയമാണെന്നു തെളിഞ്ഞാൽ, ഇൻഡ്യാഗവൺമെൻറിൽനിന്നും ഒരു ഗ്രാൻറോ പലിശയില്ലാത്ത വായ്പയെങ്കിലുമോ വാങ്ങണമെന്നു നിർദ്ദേശിക്കാൻ ഞാൻ മടിച്ചിട്ടില്ല.

മുൻപരിചയം ഇല്ലെന്നുള്ളതും ആകയാൽ മുൻകരുതൽ ആവശ്യമാണെന്നുള്ളതും മാത്രമാണു് ഉടനടി മദ്യനിരോധനം നടപ്പാക്കിക്കൂടെന്നു പറയുന്നതിൻെറ പ്രബലകാരണം. ഇതിൻെറ വെളിച്ചത്തിൽ ഞാൻ സേലംപരീക്ഷണത്തെ അഭിവീക്ഷിച്ചു. മദ്രാസ് ഗവൺമെൻറു് ആദ്യത്തെ ചുവടു് വളരെ കരുതലോടുകൂടി വയ്ക്കാനാണു് ആഗ്രഹിച്ചതു്. സാഹസികമായി എടുത്തുചാടി അപജയം വരിക്കാൻ അതു് ഇഷ്ടപ്പെട്ടില്ല. സേലം പരീക്ഷണത്തിൻെറ വിജയം ഈ പദ്ധതി സമഗ്രമായിത്തന്നെ നടപ്പിൽ വരുത്തുന്നതിനു വേണ്ടുവോളം പ്രോത്സാഹജനകമാണു്. എന്നാൽ തദ്ദേശപരമായ പരിചയം സിദ്ധിക്കത്തക്കവിധം നിരോധനം പടിപടിയായി നടപ്പിലാക്കാനുള്ള ഓരോ ഗവൺമെൻറിൻെറയും ആഗ്രഹം മനസ്സിലാക്കാൻ വയ്യാത്തതല്ല. ഈ കാരണത്താലാണു് വർക്കിംഗ്കമ്മററി സമ്പൂർണ്ണനിരോധനത്തിനു് മൂന്നുകൊല്ലം കാലാവധി നിശ്ചയിച്ചതു്. കാലം അതിവേഗം കടന്നുപൊയ്ക്കൊണ്ടിരിക്കയാണു്. നിശ്ചിത കാലത്തിനുള്ളിൽ ഇൻഡ്യ ഈ ശാപത്തിൽനിന്നു മുക്തയാകണമെങ്കിൽ, പണമില്ലെന്ന കാരണത്താലോ നികുതിയുടെ കുറവു ഭയന്നോ നിരോധനം അമാന്തിപ്പിച്ചുകൂടാ. ഈ പരിപാടി ഇവിടെ ഏകമനസ്സോടും ഉത്സാഹത്തോടും നടപ്പാക്കുമെങ്കിൽ മററു പ്രവിശ്യകളും സ്റ്റേററുകളും ആ മാതൃക പിന്തുടരുമെന്ന കാര്യത്തിൽ സംശയമില്ല.

## 61

ബോംബെയിൽ നിരോധനംമൂലം നികുതിയിൽ സാരമായ കുറവുണ്ടാവും. ധനകാര്യമന്ത്രിക്കു് ബഡ്ജററു സമീകരിക്കണം,

61. Harijan, 1-4-1939 (Drink, Drugs and Gambling, P- 47)

digitized by www .sreyas.in

പണമുണ്ടാക്കണം. ഇതിലേക്കു് പുതിയ നികുതികൾ ചുമത്തേണ്ടിവരും. എന്നാൽ നികുതിഭാരം താങ്ങേണ്ടവരിൽനിന്നു് പരാതിയുണ്ടാവാതിരിക്കയും വേണം. നികുതി എത്രതന്നെ ന്യായയുക്തമായാലും ആളുകൾക്കു് പണ്ടേ ഇഷ്ടമല്ല. ധനകാര്യമന്ത്രി ന്യായമായ എല്ലാ ആക്ഷേപങ്ങൾക്കും സമാധാനം പറഞ്ഞിട്ടുണ്ടെന്നു് അറിയുന്നു. മഹത്തായ ഒരു പരീക്ഷണത്തിനു തങ്ങളുടെ ഓഹരി സംഭാവനചെയ്‌വാൻ അവസരം ലഭിച്ചതിൽ നികുതിദായകന്മാർ അഭിമാനിക്കയാണു വേണ്ടതു്. സകലജനങ്ങളുടെയും ആഹ്ലാദസമന്വിതമായ സഹകരണത്തോടെ മദ്യനിരോധനം നടപ്പാക്കുകയാണെങ്കിൽ, അതു നടപ്പാവുന്ന ദിനം ബോംബെയ്ക്കു് അഭിമാനകരമായ ഒരു സുദിനമായിരിക്കും. ഈ നിരോധനം മുകളിൽനിന്നുള്ള ഒരു ഭാരംചുമത്തലല്ലെന്നു് ഓർമ്മയിരിക്കട്ടെ. ജനങ്ങളോടു് ഉത്തരവാദിത്വമുള്ള ഒരു ഗവണ്മെൻറാണു് അതു് ഏർപ്പെടുത്തുന്നതു്. 1920 മുതൽ അതു ദേശീയ പരിപാടിയിലെ ഒരു ഇനമായിരുന്നു. ആകയാൽ ഏതാണ്ടു് ഇരുപതു സംവത്സരംമുമ്പു് വ്യക്തമായാവിഷ്കരിച്ച ദേശീയേച്ഛയുടെ നിർവ്വഹണമായിട്ടാണു് അതിപ്പോൾ നടപ്പിൽവരുന്നതു്.

## 62

ബോംബെഗവണ്മെൻറു നടത്തിയ പരീക്ഷണം എന്താണെന്നു് എനിക്കു് അറിഞ്ഞുകൂടാ. എന്നാൽ നീരാ ഉപഭോക്താക്കൾക്കു ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ പ്രയോജനം എനിക്കു നല്ലപോലെ അറിയാം. സെഗാവ് ആശ്രമത്തിൽ നടത്തിയ പരീക്ഷണം പരാജയമടഞ്ഞുവെന്നും അതു് അപായകരമായ ഫലങ്ങൾ ഉളവാക്കിയെന്നും പറയുന്നതു് തികച്ചും തെററാണു്. ലേഖകൻ പറയുന്ന യാതൊരു ദൂഷ്യഫലവും ഉളവായതായി അറിഞ്ഞിട്ടില്ല. നേരേമറിച്ചു നീരാ സെഗാവിൽ ഇപ്പോഴും യഥേഷ്ടം ഉപയോഗിക്കുന്നു; അതു് അവരുടെ ആരോഗ്യത്തിനു ഗുണകരമായും ഇരിക്കുന്നു. കൂടാതെ, അതു പാനിയായും ചക്കരയായും രൂപാന്തരപ്പെടുത്താം. ആ സ്ഥിതിയിൽ ഞാനും മററു പലരും അതു മിക്കദിവസവും ഉപയോഗിക്കുന്നുണ്ടു്. ചക്കരയായി അതു ധാരാളം വില്ക്കപ്പെടുന്നു. കരിമ്പിൻശർക്കരയേക്കാൾ ഹിതകരമാണതു്. കാരണം അതിനു താരതമ്യേന മധുരം കുറവാണു്. വാർദ്ധായിൽ (സെഗാവിലല്ല) ഉണ്ടായ മരണത്തെ സംബന്ധിച്ചാണെങ്കിൽ, അതു നീരാ കുടിച്ചിട്ടല്ല. കോളറാകൊണ്ടാണു സംഭവിച്ചതെന്നു് അന്വേഷണത്തിൽ വ്യക്തമായി തെളിഞ്ഞിരിക്കുന്നു. മരണവും നീരായും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെന്നു സ്ഥാപിക്കാൻ യാതൊരു തെളിവുമില്ല. നീരാ കുടിക്കാത്ത ആളുകൾക്കു് കോളറാ

62. Harijan, 1-5-1939 P. 120

യുണ്ടായി എന്നു സങ്കല്പിക്കുക. അവർ തിന്ന സാധാരണ ഭക്ഷണസാധനങ്ങളാണ് കോളറാസ്സു കാരണമായതു് എന്നു പറയുന്നതു ശരിയായിരിക്കുമോ? വാർദ്ധായിൽ ഉപയോഗിച്ച അതേ നീരാ തന്നെ സെഗാവിൽ വളരെ ആളുകൾ ഉപയോഗിച്ചിട്ടു യാതൊരു അപായവും ഉണ്ടായില്ലെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

## 63

പാർസികളെക്കാൾ എത്രയോ കൂടുതൽ ജനസംഖ്യയുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ഇരുട്ടറകളിലേക്കു് ഒരു ആശാകിരണം വാഗ്ദാനം ചെയ്യുന്നതും, വളരെ മുമ്പുതന്നെ നടപ്പിൽവരുത്തേണ്ടിയിരുന്നതുമായ ഒരു പരിഷ്കാരത്തെ ഒരു ലക്ഷം പാർസികൾ തടസ്സപ്പെടുത്തുകയോ? പരാതികളുള്ള എല്ലാ കാരണങ്ങളും ഡാക്ടർ ഗിൽഡർ ദൂരീകരിച്ചിട്ടുണ്ടു്. ആരോഗ്യപരമായ കാരണങ്ങളാൽ മദ്യം ഉപയോഗിച്ചേ കഴിയൂ എന്നുള്ള ഒരു പാർസിക്കും അതു നിഷേധിക്കുന്നതല്ല. പാർസികളുടെ മതകർമ്മങ്ങൾക്കു മദ്യം വാസ്തവത്തിൽ ആവശ്യമുണ്ടെങ്കിൽ കൊടുക്കും. പിന്നെയുള്ളതു സാമ്പത്തികപ്രശ്നമാണു്. പാവപ്പെട്ട പല മദ്യവില്പനക്കാരും തങ്ങടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നതിനാൽ വല്ലാതെ വിഷമിക്കും. അവരുടെ കാര്യത്തിൽ ന്യായമായ എന്തെങ്കിലും പരിഹാരമുണ്ടാക്കാൻ മന്ത്രിമാർ തലപുകഞ്ഞാലോചിക്കുന്നുണ്ടെന്നു ഞാൻ അറിയുന്നു. എന്നാൽ ആളുകൾ കലക്കമുണ്ടാക്കുകയും ബലപ്രയോഗത്തോടടുത്ത ഭീഷണി പ്രയോഗിക്കുകയും ചെയ്തുകൊണ്ടിരുന്നാൽ നിശ്ചയമായും അവക്കു് എന്തെങ്കിലും ചെയ്‌വാൻ, അസാദ്ധ്യമല്ലെങ്കിൽ, വളരെ പ്രയാസമെങ്കിലുമായിരിക്കും. ഈ ഭീഷണി കാരണം മന്ത്രിമാർ ന്യായംനടത്തുകയില്ലെന്നല്ല. എന്നാൽ ഫലപ്രദമായ നടപടികളെടുക്കുന്നതിനു് അവർ അശക്തരായിത്തീരുന്നു. പാർസിപഞ്ചായത്തിലെ തലവന്മാർ മന്ത്രിമാരുമായി കൂടിയാലോചിക്കുകയും കഴിയുന്നത്ര വൈഷമ്യം കൂടാതെ ബോംബെയിൽ മദ്യനിരോധനം ആരംഭിക്കാൻ ഒരു പദ്ധതി തയാറാക്കുകയും ചെയ്യേണ്ടതാണു്. നിരോധനം കൂടിയേ തീരൂ എന്നു് എല്ലാ പാർട്ടികളും സമ്മതിച്ചാൽ മാത്രമേ ഇതു നടക്കൂ.

ഞാൻ നിരോധനകാര്യത്തിൽ അതീവ തല്പരനാണു്, ഒരു വേള അതിന്റെ ഗുണഫലങ്ങൾ എന്നെപ്പോലെ അറിയാവുന്നവർ ഇൻഡ്യയിൽ ആരുമില്ല. അതുകൊണ്ടു് അതിന്റെ ആവശ്യകത എന്നെപ്പോലെ മററാക്കും അത്ര തീക്ഷ്ണമായി അനുഭവപ്പെടുന്നില്ല. സാധാരണഗതിയിൽ ബോധവാന്മാരായ ആളുകൾ, മദ്യപിച്ചു് ഓടയിൽ കിടക്കുന്നതു ഞാൻ എന്റെ സ്വന്തം കണ്ണുകൾ

63. Harijan, 3-6-1939, P. 148

കൊണ്ടു കണ്ടിരിക്കുന്നു. മദ്യപാനം തൊഴിലാളികളുടെ കുടുംബങ്ങൾക്കു് എന്തൊരു വിനാശമാണു വരുത്തിവച്ചിട്ടുള്ളതെന്നു തൊഴിലാളികളുമായി സാത്മ്യംപ്രാപിച്ചിട്ടുള്ള എനിക്കറിയാം. കിട്ടാൻ സൗകര്യമില്ലെങ്കിൽ അവർ മദ്യം തൊടുകയേ ഇല്ലെന്നും എനിക്കു് അറിയാം. കുടിയന്മാർതന്നെ പലപ്പോഴും മദ്യനിരോധനം നടപ്പാക്കണമെന്നു് ആവശ്യപ്പെടുന്നുണ്ടു്. ബുദ്ധിമാനും, ധീരനും, ദേശാഭിമാനിയും, ത്യാഗസന്നദ്ധനും ആയിരുന്ന എന്റെ മൂത്തമകൻതന്നെ മദ്യപാനശീലത്താൽ നശിച്ചു് ഇപ്പോൾ മാതാപിതാക്കന്മാർക്കും സമുദായത്തിനും നഷ്ടപ്പെട്ടുപോയിട്ടില്ലേ? ഉദാരമതികൾ ചെയ്യുന്ന അപാത്രദാനംകൊണ്ടല്ലേ അവൻ ജീവിക്കുന്നതു്? ഇതു മാതൃകാപരമായ ഒരു ദൃഷ്ടാന്തമാണു്, ഒരപവാദമല്ല, ഉയൎന്ന നിലയിൽ ജീവിക്കുന്നവരുടെ പുത്രന്മാരെപ്പററിയുള്ള അറിവിൽ നിന്നു് എനിക്കിതു പറയാൻകഴിയും. ഈ വരികൾ എഴുതുമ്പോൾ, ഒന്നാംതരം ദൃഷ്ടാന്തങ്ങൾ എന്റെ ഓർമ്മയിൽ തിങ്ങിക്കൂടുന്നു. ആകയാൽ, എന്റെ പാർസി ലേഖകന്മാരോടും അവരെപ്പോലെയുള്ള മററാളുകളോടും ഇത്രയേ പറയാനുള്ളു: അവർ മന്ത്രിമാരുടെ ഉൽകൃഷ്ടവും ജീവകാരുണ്യപരവുമായ ദൗത്യനിർവ്വഹണത്തിൽ അവരെ സഹായിക്കണം. കോൺഗ്രസ്സുമന്ത്രിമാരുടെ ജനകീയപരിപാടികളെപ്പററി അനുകൂലമായോ പ്രതികൂലമായോ എന്തുതന്നെ പറഞ്ഞാലും, അവർ മദ്യനിരോധനം നിർവ്വിഘ്നം നടപ്പാക്കുമെങ്കിൽ സംശയമെന്യേ ഏററവും ഉൽകൃഷ്ടമായ പരിപാടിയായി അതിനെ ഭാവിതലമുറ സ്മരിക്കും. ഇതു വോട്ടുപിടിക്കാനുള്ള തന്ത്രമല്ല. ദേശീയമായ സ്വയം ശുദ്ധീകരണത്തിന്റെ ഒരു അവിഭാജ്യഭാഗമാണു് മദ്യനിരോധനം. വാളണ്ടിയറന്മാരുടെ ശ്രമഫലമായിപ്പോലും മദ്യഷാപ്പുകൾ അടച്ചുപൂട്ടുന്ന കാര്യത്തിൽ എന്തു സാധിക്കുമെന്നു രണ്ടുതവണ വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്. മഹത്തായ പാർസിസമുദായം—സ്ത്രീകളും പുരുഷന്മാരും—അയോഗ്യമായ അധിക്ഷേപങ്ങൾ അവസാനിപ്പിച്ചിട്ടു് സന്ദർഭാനുസരണം ഉയരുകയും, ഈ പരിഷ്കരണപ്രസ്ഥാനത്തെ സഹായിക്കുകയും ചെയ്യട്ടെ. ഈ പ്രസ്ഥാനം വിജയിക്കുന്നപക്ഷം, ഇൻഡ്യ സാന്മാർഗ്ഗികമായും ഭൗതികമായും സമ്പന്നമാകുമെന്നു മാത്രമല്ല, പാശ്ചാത്യലോകത്തിനു് ഏതാദൃശസംഭവങ്ങൾക്കു് ഉത്തേജനം ലഭിക്കുകയും ചെയ്യും. ഇൻഡ്യയ്ക്കു പുറത്തു പലരും ഈ പരീക്ഷണത്തെ ആകാംക്ഷയോടും വിജയപ്രാർത്ഥനയോടും ഉററുനോക്കിക്കൊണ്ടിരിക്കുകയാണു്.

പല പാർസികളും പ്രത്യക്ഷത്തിൽ തകരാറുകൾ കൂടാതേയും, മിതമായും മദ്യം പാനംചെയ്യുന്നുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഇതു മദ്യനിരോധനത്തെ എതിർക്കാൻ പററിയ ഒരു വാദമുഖമല്ല, വൈദ്യശാസ്ത്രപരമായ ഒരു ആവശ്യമാണെന്നു തെളിയിക്കുന്ന

digitized by www .sreyas.in

പക്ഷം അവക്ക് മദ്യം കിട്ടണമെന്നുള്ളതിനു പററിയ ഒരു വാദമു ഖമാണ്. തങ്ങളുടെ പരിമിതമായ അനുഭവത്തിനെതിരായി മദ്യ പാനശീലത്തിന്റെ മാരകഫലങ്ങളെ തെളിയിക്കുന്ന സാർവ്വത്രി കമായ അനുഭവം ഉണ്ടെന്ന സംഗതി സമ്മതിക്കാൻമാത്രം രാജ്യ സ്നേഹം അവർ കാണിക്കണം.

## 64

മദ്യനികുതിയുടെ നഷ്ടം നികഴ്ത്താൻ മററു നികുതികരം വർ ദ്ധിപ്പിക്കുന്ന കാര്യത്തിൽ തന്നെ സഹായിക്കുമെങ്കിൽ താൻ ഉട നടി നിരോധനം ഏർപ്പെടുത്താൻ തയാറാണെന്നു വാസ്തവത്തിൽ ഒരു മന്ത്രി എന്നോടു പറയുകയുണ്ടായി. ഈ പരിഷ്കാരം നി കുതിയേക്കരുതി മാത്രം നീട്ടിക്കൊണ്ടുപോകുന്നുവെന്നുള്ളതു് ഒരു പരസ്യമായ രഹസ്യമാണ്. വേറൊരു വിധം പറഞ്ഞാൽ, ഗവ ൺമെൻറ് റവന്യ വർദ്ധിപ്പിക്കാൻവേണ്ടി ജനങ്ങരംക്ക മദ്യപാന ത്തിനു പ്രലോഭനം നല്കിക്കൊണ്ടിരിക്കുന്നു. കറപ്പുകച്ചവടത്തിന്റെ ഇരുണ്ട വശം ഈ പ്രസ്താവനയുടെ യഥാത്ഥ്യത്തെ തെളിയിക്കുന്നു.

വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ സംസാരിക്കുന്നവക്ക്, ഇൻഡ്യയെ അറിഞ്ഞുകൂടാ. ഒരുവനു തന്റെ കാമവികാരത്തെ ശ മിപ്പിക്കുവാൻ സ്റ്റേററിൽനിന്നു വേശ്യകളെ കിട്ടണമെന്നു് ആവ ശ്യപ്പെടാൻ എത്രത്തോളം അവകാശമുണ്ടോ, അത്രത്തോളം അവകാ ശമേ മദ്യപാനസൗകര്യങ്ങരം വേണമെന്നു് ആവശ്യപ്പെടാനും ഉള്ളു. തങ്ങരം മിതമായി മദ്യപാനം ചെയ്യുന്നു എന്നു് അഭിമാനിക്കുന്ന വക്ക് ഈ ഉദാഹരണം അരോചകമാകയില്ലെന്നു ഞാൻ ആശി ക്കുന്നു. ഈ രാജ്യത്തു് വ്യഭിചാരത്തെ വ്യവസ്ഥാപിക്കുന്ന നിയ മങ്ങരം നമുക്ക് അത്ര പരിചിതമല്ല. എന്നാൽ ജർമ്മനിപോലെ യുള്ള രാജ്യങ്ങളിൽ ചാരിത്ര്യം വില്ക്കുന്ന സ്ത്രീകളുടെ ഭവനങ്ങരംക്ക ലൈസൻസു കൊടുക്കാറുണ്ട്. ആ രാജ്യങ്ങളിൽ വേശ്യാഗൃഹങ്ങ ളുടെ ലൈസെൻസു നിർത്തൽചെയ്യുന്നതോ മദ്യഷാപ്പുകളുടെ ലൈ സൻസു നിർത്തൽചെയ്യുന്നതോ ഏതായിരിക്കും കൂടുതൽ എതി ക്കപ്പെടുന്നതു് എന്നു് എനിക്ക് അറിഞ്ഞുകൂടാ. സ്ത്രീ അവളുടെ മഹത്വം മനസ്സിലാക്കുമ്പോരം ചാരിത്ര്യം വിക്രയംചെയ്യാൻ വി സമ്മതിക്കും. ആ വർഗ്ഗത്തിൽപ്പെട്ട, അതിന്റെ മാന്യതയിൽ സ്പർദ്ധാലുക്കളായ അംഗങ്ങരം, നിയമസമ്മതമായ വ്യഭിചാരം നിർത്തൽചെയ്യപ്പെടുകയാണെങ്കിൽ ആകാശവും ഭൂമിയും ഇളക്കി മറിക്കും. അപ്പോരം, ഇങ്ങനെ ലൈസൻസു റദ്ദാക്കുന്നതു് വേ ശ്യകരംക്കും അവരുടെ ആശ്രിതക്കും വലിയ കഷ്ടതയ്ക്കു കാരണമാ കുമെന്നും, അവരുടെ ഉപജീവനം ഈ തൊഴിലിനെ ആശ്രയിച്ചാ ണിരിക്കുന്നതെന്നും ആരെങ്കിലും വാദിക്കുമോ?

64. Harijan, 17-6-1939 (Drink, Drugs and Gambling, P. 45)

digitized by www .sreyas.in

ലൈസൻസുള്ള മദ്യശാലകരം മദ്യപാനികളെ ആകർഷിച്ചു കൊണ്ടു നിലനില്ക്കുന്ന കാലത്തോളം സാമൂഹ്യപ്രവർത്തകക്ക ഫലപ്രദമായി പ്രവത്തിക്കാൻ സാധിക്കയില്ലെന്നാണ് എൻെറ അഭിപ്രായം.

## 65

മദ്യവ്യാപാരികരം തങ്ങളുടെ കേസ്സ് വേണ്ടപോലെ കൈകാര്യംചെയ്യാൻ തക്കവിധം വിശദവിവരങ്ങളോടുകൂടി ഗവണ്മെൻറിനു സമർപ്പിക്കണം. മദ്യസ്റ്റാക്കിൻെറ മിക്ക ഉടമസ്ഥന്മാരും ഗവണ്മെൻറ് ആവശ്യപ്പെട്ട വിവരങ്ങരം കൊടുത്തിട്ടില്ലെന്നാണ് അറിയുന്നതു്. അവർ തങ്ങളെ സഹായിക്കാൻ ഗവണ്മെൻറിനെ സഹായിക്കുന്നില്ലെങ്കിൽ ഗവണ്മെൻറ് എന്തു ചെയ്യും? തെളിയിക്കപ്പെട്ടിട്ടുള്ളതും ഒഴിവാക്കാവുന്നതുമായ ബുദ്ധിമുട്ടുള്ള കേസുകളിൽ വേണ്ടതു ചെയ്വാൻ ഗവണ്മെൻറ് നന്നേ ക്ലേശിക്കുന്നുണ്ടു് എന്നെനിക്കറിയാം. 'ഒഴിവാക്കാവുന്നതും' എന്ന വാക്കു ഞാൻ ഉദ്ദേശപൂർവ്വം ഉപയോഗിക്കുകയാണ്. താജിനു നിശ്ചയമായും ഊനം തട്ടും. മദ്യഷാപ്പുകാക്ക് ഊനം തട്ടുമെന്നു പറയുന്നതിനു തുല്യമാണതു്. ഈ താജ് ഒരു ഊക്കൻ മദ്യവിക്രയശാലയാണ്. പല ധർമ്മസ്ഥാപനങ്ങരംക്കും പേരു കേട്ട ടാററാഭവനം, അവയുടെ സംരക്ഷണത്തിനു വേറെ നല്ല മാർഗ്ഗങ്ങരം ആസൂത്രണം ചെയ്യാൻതക്കവിധം വിഭവസമ്പന്നമാണ്. മദ്യവിക്രയത്തിൽനിന്നുള്ള ആക്ഷേപകരമായ ആദായത്തിൻെറ കളങ്കം ഇല്ലാതെയായാൽ ഈ ധമ്മസ്ഥാപനങ്ങരം ഉൽക്കൃഷ്ടതരങ്ങളായ ഫലങ്ങരം പ്രദാനംചെയ്യും. ഒരു വർഗ്ഗമെന്ന നിലയിൽ ഏററവും വലിയ ജീവകാരുണ്യകരെന്നു ലോകമൊട്ടുക്ക് അറിയപ്പെടുന്ന പാഴ്സികരം, നിസ്സഹായമായ തൊഴിലാളിവർഗ്ഗത്തെ സാമൂഹ്യവും സാമ്പത്തികവുമായ വിനാശത്തിൽനിന്നു രക്ഷിക്കാൻ അത്യന്താപേക്ഷിതമായ ഈ പരിഷ്കാരോദ്യമത്തിൽ പിന്നോക്കം നിന്നുവെന്നോ വിഘ്നകാരികളായിത്തീന്നെന്നോ ഉള്ള അപവാദത്തിനു് ഇടയുണ്ടാവാതിരിക്കട്ടെ.

## 66

എല്ലാ ചെത്തുകാക്കും ജോലിയുണ്ടാക്കിക്കൊടുക്കുന്നതിനു്, അവർ ശീലിച്ച ജോലിതന്നെ കൊടുക്കുന്നതിനു്, മന്ത്രിമാർ ശ്രമിച്ചുകൊണ്ടിരിക്കയാണെന്നറിയിക്കാൻ എനിക്കു സന്തോഷമുണ്ടു്. അതിലേക്കുള്ള പദ്ധതി പ്രായോഗികമാക്കുന്നതിനു ചെത്തുകാർ മന്ത്രിമാരെ സഹായിക്കണമെന്നുമാത്രം. നീരാ കിട്ടുന്ന കാലത്തു നീരാ

65. Harijan. 8-7-1939, P. 189

66. Harijan, 15-7-1939 (Drinks, Drugs and Gambling, P. 49)

digitized by www .sreyas.in

ചെത്തുകയും, അതു ചക്കരയായി രൂപാന്തരപ്പെടുത്തുകയുമാണ വേണ്ടതു്. ശരിയായ ശ്രദ്ധയും സൂക്ഷ്മതയും ഇതിന്നു് ആവശ്യമുണ്ടു്. ഈ കാളങ്ങളിൽ ചുണ്ണാമ്പിടാണിച്ചിട്ടുള്ളപോലെ പാന (കുടം) സംസ്കരിക്കണം. നീരാ കുടിക്കണമെന്നില്ല. ശുദ്ധമായ നീരാക്കു കള്ളിന്റെ സ്ഥാനം കരസ്ഥമാക്കാൻ കഴികയില്ല. കള്ളിൽ ഒരു പ്രത്യേക ശതമാനം ആൽക്കഹോറം ഉണ്ടു്, തന്നിമിത്തം അതിന്ന ഗുണത്തിൽ മാററം വരികയും ചെയ്യും. ശുദ്ധമായ നീരാ പഞ്ചസാര പോലെയുള്ള ഭക്ഷ്യസാധനമാണു്. മധുരക്കള്ളുപോലും നീരായോളം നല്ലതല്ല. ആകയാൽ നീരാ ചക്കരയാക്കിയാൽ, മിക്കവാറും വൃത്തികെട്ടതും മായം ചേർന്നതും മണൽ നിറഞ്ഞതുമായ സാധാരണ ചക്കരയോടു് അതിന്ന മത്സരിക്കാൻ കഴിയും. പനംചക്കര ഉണ്ടശ്ശർക്കരയേക്കാറം രുചികരമാണു്. അതു് അതേപടി തിന്നാം. നേരേമറിച്ചു് ഉണ്ടശ്ശർക്കര കൂടുതൽ മധുരമുള്ളതാകകൊണ്ടു് അതേപടി തിന്നാൻ പററുകില്ല. സ്റ്റേററിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന പനംചക്കര ശുദ്ധമായിരിക്കുമെന്നു് ആളുകറംക്കു വിശ്വസിക്കയും ചെയ്യാം. പല മധുരപദാർത്ഥങ്ങളും പനംചക്കരയിൽനിന്നും നിർമ്മിക്കാം. എന്നാൽ ഈ മഹത്തായ സംരംഭത്തിന്ന ഭണ്ഡാരികളുടെ പൂർണ്ണമനസ്സോടുകൂടിയ സഹകരണം ആവശ്യമാണു്. അവക്കു് ആത്മാർത്ഥതയുണ്ടെങ്കിൽ തങ്ങളെത്തന്നെയും ഗവണ്മെൻറിനെയും സഹായിക്കാം. ഇതുസംബന്ധിച്ച ജോലിയില്ലാത്ത കാലത്തു് ഇവർ എന്തുചെയ്യണം എന്നൊരു ചോദ്യമുണ്ടു്. കള്ളെടുപ്പിന്റെ ഉപാധികളെപ്പററി എനിക്കു പഠിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇതു വിശദാംശത്തെയും സമീകരണത്തെയും മാത്രം സ്പർശിക്കുന്ന ഒരു കാര്യമാണു്.

## എച്ചു്. പൊതുമുതലെടുപ്പു്

### 67

വിമർദ്ദകവും വന്ധ്യവുമായ സൈനികഭാരം രാജ്യത്തിന്റെ ധനശക്തി ഊററിക്കളയുന്നു. ഇതിന്റെകൂടെ ഇവിടെ കൊടുക്കുന്നതും വെളിയിൽ ചെലവഴിക്കപ്പെടുന്നതുമായ അമിതശമ്പളവും അതിന്നൊപ്പം ഉയന്ന പെൻഷനും കൂട്ടണം. ഇവയ്ക്കു പുറമേ, ഇവിടത്തെ നിർദ്ധനാവസ്ഥയ്ക്കു മററു് ആഭ്യന്തരകാരണങ്ങളും ഉണ്ടു്.

---

67. Harijan, 26-8-1939 (Economic and Industrial Life and Relations, P. 75)

digitized by www .sreyas.in

## 68

ഈ സന്ദർഭത്തിൽ വളരെ വിനീതമായി ഒരു കാര്യം എനിക്കു പറയാനുണ്ടു്. കോൺഗ്രസ്സിന്നെതിരേ ദുഷ്ടമായി ആരോപിക്കപ്പെടുന്നതുപോലെ, അതു് ദേശീയബാദ്ധ്യതയുടെ ഒരു ചെറിയ അംശംപോലും നിഷേധിക്കണമെന്നു്, ഒരിക്കലും നിർദ്ദേശിച്ചിട്ടില്ല. കോൺഗ്രസ്സ് പ്രസ്താവിച്ചിട്ടുള്ളതു് ഇത്രമാത്രമാണു്: ഇപ്പോൾ ഇൻഡ്യയുടേതെന്നു സങ്കല്പിക്കപ്പെടുന്ന ബാദ്ധ്യതകളിൽ ചിലതു് ഇൻഡ്യയുടെമേൽ കെട്ടിവയ്ക്കാൻ പാടില്ലാത്തതാണു്, അവ ഗ്രേറ്റുബ്രിട്ടൺ തന്നെ ഏറ്റെടുക്കണം. നിങ്ങൾക്കു് ഈ വാല്യങ്ങളിൽ പ്രസ്തുത ബാദ്ധ്യതകൾ സകലതിനെയും സംബന്ധിച്ച ഒരു വിമർശനപരമായ അവലോകനം കാണാം. അവ എടുത്തുപറഞ്ഞു് ഈ കമ്മറ്റിയെ മുഷിപ്പിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഈ രണ്ടു വാല്യങ്ങളും പഠിക്കണമെന്നുള്ളവർക്കു്, ആ പഠനംകൊണ്ടു ഗണ്യമായ പ്രയോജനം ഉണ്ടാകാമെന്നു്, ഉണ്ടാകുമെന്നു്, എനിക്കു തീർച്ചയുണ്ടു്. ഈ ബാദ്ധ്യതകളിൽ ചിലതു് ഇൻഡ്യയുടെമേൽ ഒരിക്കലും കെട്ടിവയ്ക്കാൻ പാടില്ലാത്തതായിരുന്നുവെന്നു് അവർക്കു കാണാം. കാര്യം അങ്ങനെയിരിക്കെ, സ്ഥിതിഗതികൾ കൃത്യമായി അറിഞ്ഞാൽ, ഒരുവനു ഖണ്ഡിതമായി ഒരു അഭിപ്രായം പറയാൻ കഴിയും. എങ്കിലും അതിനു വിധേയമായി, ഫെഡറൽ കമ്മറ്റിയുടെ ഈ റിപ്പോർട്ടിന്റെ 18–ം, 19–ം ഖണ്ഡികകളിൽ നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങൾ അഥവാ സംരക്ഷണാഭാസങ്ങൾ ഇൻഡ്യയെ സഹായിക്കുന്നതിനു പകരം ഓരോ അടിവയ്പിലും അവളുടെ പുരോഗതി തടയുമെന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു.

പ്രഭോ, ഇൻഡ്യൻ മന്ത്രിമാരിൽ വിശ്വാസമില്ലെന്നുള്ളതല്ല അങ്ങയുടെ മുമ്പിലുള്ള പ്രശ്നമെന്നു് അങ്ങു് പറഞ്ഞു. നേരെമറിച്ചു്, ഇൻഡ്യൻ മന്ത്രിമാർ മറ്റേതു മന്ത്രിമാരെയുംപോലെ കഴിവുറ്റവരായിരിക്കുമെന്ന പൂർണ്ണമായ പ്രത്യാശ അങ്ങേക്കുണ്ടു്. എന്നാൽ, ഇൻഡ്യയുടെ അതിർത്തിക്കു പുറമെയുള്ള ക്രെഡിറ്റിന്റെ കാര്യത്തിൽ അങ്ങു് ശ്രദ്ധാലുവായി. ഇൻഡ്യയ്ക്കു മൂലധനം നൽകുകയും, ന്യായമായ പലിശനിരക്കിനു പണം ഇൻഡ്യയിൽ കൊണ്ടുവരികയും ചെയ്യുന്നവർക്കു്, ഇവിടെ സൂചിപ്പിച്ചമാതിരി പരിരക്ഷണങ്ങളില്ലെങ്കിൽ അവർ തൃപ്തിപ്പെടുകയില്ലെന്നു് അങ്ങു പറഞ്ഞു. എന്റെ ഓർമ്മ ശരിയാണെങ്കിൽ, ഏതെങ്കിലും പണം ഇൻ

68. 1931 സെപ്തംബർ മുതൽ ഡിസംബർവരെ നടന്ന രണ്ടാം വട്ടമേശസമ്മേളനക്കാലത്തു് ഫെഡറൽ സ്ട്രക്ചർ കമ്മറ്റിയിൽ ധനകാര്യത്തെ അധികരിച്ചു ചെയ്ത ഒരു പ്രസംഗത്തിൽനിന്നു്. (The Nation's Voice, pp. 62—67)

digitized by www .sreyas.in

ഡ്യയിലേക്ക് അയയ്ക്കപ്പെടുമ്പോൾ, അതു് ഇൻഡ്യയുടെയുംകൂടെ ഗുണത്തിനല്ല എന്നു വിചാരിച്ചുകൂടെന്നും അങ്ങു് തുടൻ്റുപറഞ്ഞു.

എൻെറ ഓർമ്മ ശരിയാണെങ്കിൽ, ''പ്രത്യക്ഷത്തിൽ അതു് ഇൻഡ്യയുടെ താല്പര്യത്തിനുവേണ്ടിയാണു്'' എന്ന വാക്കുകൾ അങ്ങു് ഉപയോഗിച്ചു. വാസ്തവത്തിൽ ചില ദൃഷ്ടാന്തങ്ങൾ കാണാൻ ഞാൻ കാത്തിരിക്കുകയായിരുന്നു. എന്നാൽ അങ്ങയുടെ മനസ്സിലുള്ള ആ സംഗതികളോ ആ ദൃഷ്ടാന്തങ്ങളോ ഞങ്ങൾക്കു് അറിയാമെന്നതു് അങ്ങു് സിദ്ധവൽക്കരിച്ചുവെന്നതിൽ തർക്കമില്ല. പക്ഷേ താങ്കൾ സംസാരിക്കുമ്പോൾ വാസ്തവത്തിൽ നേരേ വിപരീതമായ ദൃഷ്ടാന്തങ്ങൾ എൻെറ മനസ്സിൽ തോന്നി. ഇങ്ങനെ ഞാൻ വിചാരിക്കുകയും ചെയ്തു: ഇൻഡ്യയുടെ താൽപര്യം ഗ്രേററു ബ്രിട്ടൻെറ താൽപര്യത്തിനു സമമല്ല. രണ്ടും, പരസ്പര സ്പർദ്ധികളാണു് എന്നതിനു് എൻെറ അനുഭവത്തിൽത്തന്നെ പല ദൃഷ്ടാന്തങ്ങളും ഉണ്ടു്. ആകയാൽ, ഗ്രേററുബ്രിട്ടനിൽനിന്നുള്ള വായ്പകളൊക്കെയും ഇൻഡ്യയുടെ ഗുണത്തിനാണെന്നു പറവാൻ ഞങ്ങൾക്കു നിവൃത്തിയില്ല.

എത്രയോ യുദ്ധങ്ങൾ ഉദാഹരണങ്ങളാണു്. അഫ്ഗാനിസ്ഥാൻ യുദ്ധംതന്നെ എടുക്കാം. അടുത്തകാലത്തു് അന്തരിച്ച സർ ജോൺ കേയ്നാഡിൻെറ അഫ്ഗാൻ യുദ്ധചരിത്രം ചെറുപ്പത്തിൽ ആത്തിയോടുകൂടി വായിച്ചിട്ടുള്ള എൻെറ മനസ്സിൽ, ആ യുദ്ധങ്ങളിൽ പലതും ഇൻഡ്യയുടെ ഗുണത്തിനല്ലായിരുന്നു എന്ന വ്യക്തമായ ഓർമ്മ അവശേഷിച്ചിട്ടുണ്ടു്. ഗവർണ്ണർജനറൽ ഈ യുദ്ധങ്ങളുടെ കാര്യത്തിൽ അബദ്ധമാണു് പ്രവർത്തിച്ചതെന്നും ഞാൻ ഓർമ്മിക്കുന്നു. ഇൻഡ്യയിലെ ബ്രിട്ടീഷ് ഫിനാൻസിൻെറ ചരിത്രം, ഇൻഡ്യയുടെ മേലുള്ള ചൂഷണത്തിൻെറയുംകൂടി ചരിത്രമല്ലാത്തപ്പോൾ, തുമ്പുകേടിൻെറയും പ്രമാദത്തിൻെറയും ചരിത്രമാണെന്നു് ദിവംഗതനായ ദാദാബായ് നവറോജി ചെറുപ്പക്കാരായ ഞങ്ങളെ പഠിപ്പിച്ചിരുന്നു.

ഇപ്പോഴത്തെ മുതലെടുപ്പു് വളരെ പേലവമായ ഒരു സംഗതിയാണെന്നും, അതു വല്ലാതെ കൈകാര്യംചെയ്തു പ്രയാസങ്ങൾ സൃഷ്ടിക്കാതിരിക്കാൻ, അഥവാ ഇൻഡ്യൻ ധനകാര്യമന്ത്രിയെ ഇപ്പോൾത്തന്നെ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ വർദ്ധിപ്പിക്കാതിരിക്കാൻ, ചർച്ചയിൽ പങ്കെടുക്കുന്ന നമ്മൾ വളരെ കരുതലും സൂക്ഷ്മതയും ഉള്ളവനായിരിക്കണമെന്നും ലോർഡ്ചാൻസലർ മുന്നറിയിപ്പു നൽകുകയും അങ്ങു് അതു ശരിവയ്ക്കുകയും ചെയ്തു. അതുകൊണ്ടു് ഞാൻ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. എന്നാൽ ഈ വിനിമയാനുപാതത്തിലെ (എക്സ്ചേംജ് റേഷ്യോ) വർദ്ധനവുസംബന്ധിച്ചു് ഒരു സംഗതി പറയാതിരിക്കാൻ തരമില്ല. രൂപയ്ക്കു് ഇപ്പോഴത്തെ 1/4–ൽനിന്നു് 1/6 ആയി വിലവച്ചു.

digitized by www .sreyas.in

ഈ താറ്റു് അംഗീകരിച്ചതു്, ഇൻഡ്യാക്കാരുടെ—കോൺഗ്രസ്സുകാരുമായി യാതൊരു ബന്ധവുമില്ലാത്ത ഇൻഡ്യാക്കാരുടെ—ഐകമത്യമുള്ള എതിർപ്പു് വകവയ്ക്കാതെയാണു്. എതിർത്തവർ സ്വതന്ത്രന്മാരാണു്. ചിലരെല്ലാം തങ്ങൾ പറയുന്നതെന്താണെന്നു് കൃത്യമായി അറിഞ്ഞുകൊണ്ടുതന്നെ അഭിപ്രായം പറഞ്ഞ വലിയ സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധന്മാരുമാണു്. ഇവിടെയും, ഇൻഡ്യൻ താൽപര്യം വിദേശതാൽപര്യത്തിനു് യഥാർത്ഥത്തിൽ കീഴ്പ്പെടുത്തിയതായിക്കാണുന്നു. വിലകുറഞ്ഞ ഉറുപ്പിക, എപ്പോഴുമല്ലെങ്കിൽ, നിയമേന കൃഷിക്കാരുടെ താൽപര്യത്തിനു് അനുഗുണമാണെന്നറിയാൻ ഒരു വിദഗ്ദ്ധന്റെ സഹായം ആവശ്യമില്ല. ഉറുപ്പികയെ സ്റ്റെർലിംഗിനോടു ബന്ധിപ്പിക്കുന്നതിനുപകരം താല്ക്കാലികമായിട്ടെങ്കിലും അതിന്റെ പാട്ടിനു വിട്ടേക്കാമെങ്കിൽ കൃഷിക്കാൎക്കു വലിയ സൗകര്യമായേനേ എന്നു് ഇവിടെ രണ്ടു് ധനശാസ്ത്രജ്ഞന്മാർ സമ്മതിച്ചതു്, എനിക്കു് അത്യന്തം ഹൃദയസ്പൃക്കായിത്തോന്നി. അങ്ങനെ സ്വതന്ത്രമായ ഉറുപ്പിക, അതിന്റെ സ്വാഭാവിക വിലയിലേക്കു് താഴുകയാണെങ്കിൽ. അതു് ഇൻഡ്യയ്ക്കു് ഏതോ വലിയ വിപത്തായിത്തീരുമെന്ന ആത്യന്തികാഭിപ്രായത്തിലേക്കു കടക്കുകയായിരുന്നു അവർ. ഇൻഡ്യൻ കർഷകനു് യഥാർത്ഥത്തിൽ ഏതെങ്കിലും വിധത്തിൽ തകരാറുണ്ടാകുമെന്നു കാണാൻ എനിക്കു കഴിഞ്ഞില്ല. ആ സ്ഥിതിക്കു്, കർഷകതാൽപര്യത്തിനു് അനുഗുണമായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള തന്റെ ചുമതല പൂർണ്ണമായി നിർവ്വഹിക്കുന്ന കാര്യത്തിൽ ഇൻഡ്യൻ ധനകാര്യമന്ത്രിക്കു തടസ്സമുണ്ടാക്കുന്ന ഈ പരിരക്ഷണങ്ങളെ അനുകൂലിക്കാൻ എനിക്കു നിർവ്വാഹമില്ല.

ഒരു കാര്യത്തിലേക്കുകൂടി ഈ കമ്മററിയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. പ്രഭോ, അങ്ങും, ചാൻസലർ പ്രഭുവും നൽകിയ താക്കീതുകൾ ഇരിക്കിലും, ഇൻഡ്യൻ വരവുചെലവുകൾ പൂർണ്ണമായും ഇൻഡ്യയുടെ താൽപര്യത്തിനൊപ്പിച്ചു വേണ്ടപോലെ നടത്തുകയാണെങ്കിൽ, വിദേശക്കമ്പോളങ്ങളിൽ,—ലണ്ടൻ കമ്പോളത്തിൽ,—ഉണ്ടാകുന്നതുപോലെയുള്ള ഗൗരവാവഹമായ ഏററക്കുറച്ചിലുകൾക്കു് നാം ഇന്നത്തെപ്പോലെ വിധേയരാകേണ്ടിവരില്ല എന്നു് എനിക്കു തോന്നുന്നു. അതിന്റെ കാരണംകൂടി പറയാം. സർ ഡാനിയൽ ഹാമിൽട്ടന്റെ ലേഖനങ്ങളുമായി ആദ്യമായി പരിചയപ്പെട്ടപ്പോൾ, ഞാൻ ഗണ്യമായ ശങ്കയോടും സങ്കോചത്തോടുംകൂടിയാണു് അദ്ദേഹത്തെ സമീപിച്ചതു്. എനിക്കു് ഇൻഡ്യൻ ഫിനാൻസിനെപ്പററി പറയത്തക്ക അറിവൊന്നും ഇല്ലായിരുന്നു; തികച്ചും പുത്തിരിയായിരുന്നു ആ വിഷയം. എന്നാൽ അദ്ദേഹം ഉത്സാഹപൂർവ്വം എനിക്കു തുടരെ ലേഖനങ്ങൾ അയച്ചുതരികയും അവ പഠിക്കാൻ എന്നെ നിർബ്ബന്ധിക്കയും ചെയ്തു. നമുക്കെല്ലാം അറി

digitized by www .sreyas.in

യാവുന്നതുപോലെ, അദ്ദേഹത്തിനു് ഇൻഡ്യയിൽ വലിയ താത്പര്യങ്ങൾ ഉണ്ടു്. അദ്ദേഹം പ്രധാനപ്പെട്ട ഉദ്യോഗങ്ങൾ വഹിച്ചിട്ടുണ്ടു്, അദ്ദേഹംതന്നെ പ്രഗത്ഭനായ ഒരു ധനശാസ്ത്രജ്ഞനുമാണു്. താൻ നിർദ്ദേശിച്ച മാർഗ്ഗത്തിൽ അദ്ദേഹംതന്നെ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ. ഇൻഡ്യൻ ഫിനാൻസിനെപ്പററിയുള്ള അദ്ദേഹത്തിന്റെ വീക്ഷണഗതി മനസ്സിലാക്കാൻ താത്പര്യമുള്ളവരുടെ മുമ്പിൽ ശ്രദ്ധേയമായ ഒരു ആശയം അദ്ദേഹം വച്ചിട്ടുണ്ടു്. അതു് ഇതാണു്: ഇൻഡ്യ സ്വർണ്ണമാനദണ്ഡമോ വെള്ളിമാനദണ്ഡമോ, അഥവാ മററതെങ്കിലും ലോഹത്തിന്റെ മാനദണ്ഡമോ നോക്കേണ്ട ആവശ്യമില്ല. ഇൻഡ്യയ്ക്കു സ്വതന്ത്രമായ ഒരു മാനദണ്ഡമുണ്ടു്. അതു് അവളുടെ എണ്ണമററ തൊഴിലാളി ലക്ഷങ്ങളാണു്. ഇൻഡ്യൻ ധനകാര്യത്തിൽ ബ്രിട്ടീഷ് ഗവണ്മെൻറു് പാപ്പരായിട്ടില്ല എന്നുള്ളതു ശരിതന്നെ. ഇന്നോളം അതിനു കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടു്. പക്ഷേ എന്തൊരു ഭാരിച്ച ചെലവിൽ? കൃഷിക്കാരനെ ദോഷപ്പെടുത്തിയാണു് അവനിൽനിന്നും പണം പിഴിഞ്ഞെടുത്തിട്ടുള്ളതു്. അധികാരികൾ ഉറപ്പികയുടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നതിനുപകരം, കൂടിയാലോചിക്കയും ഫിനാൻസിനെപ്പററി മേൽപ്പറഞ്ഞ രീതിയിൽ ചിന്തിക്കയും ചെയ്തിരുന്നെങ്കിൽ, അവൾക്കു് ഇൻഡ്യയുടെ കാര്യങ്ങൾ ഇതുവരെ ചെയ്തതിലും അത്യധികം ഭംഗിയായി നിർവ്വഹിക്കാമായിരുന്നു; വിദേശക്കമ്പോളങ്ങളെ ആശ്രയിക്കേണ്ട ആവശ്യം നേരിടുകയുമില്ലായിരുന്നു. പത്തിൽ ഒൻപതുകൊല്ലവും ഇൻഡ്യയ്ക്കു് അനുകൂലമായ ഒരു നീക്കിയിരുപ്പു് നിയമേനയുണ്ടെന്നു് സകലരും സമ്മതിക്കുമെന്നു് ബ്രിട്ടീഷ് ധനശാസ്ത്രജ്ഞന്മാർ ഞങ്ങളോടു പറഞ്ഞിട്ടുണ്ടു്.

എന്നുപറഞ്ഞാൽ, ഇൻഡ്യയ്ക്കു ശരാശരി വരുമാനം എട്ടണയോ പത്തണയോ ഉള്ള കൊല്ലങ്ങളിലെല്ലാം, സാമാന്യം നല്ല ഒരു നീക്കിയിരിപ്പുണ്ടാവാൻ വാസ്തവത്തിൽ എട്ടണ മതിയാകുമെന്നർത്ഥം. അപ്പോൾ ഇൻഡ്യ ഉദാരയായ പ്രകൃതിയിൽനിന്നു്, ഭൂമാതാവിൽനിന്നു്, അവളുടെ എല്ലാ ബാധ്യതകളെയും ഇറക്കുമതികളുടെയും ചെലവിനു വേണ്ടതിൽക്കൂടുതൽ വിഭവങ്ങൾ ഉല്പാദിപ്പിക്കുന്നു. ഇതു ശരിയാണെങ്കിൽ,—ശരിയാണെന്നു ഞാൻ ബലമായി വിശ്വസിക്കുന്നു—ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്തിനു് വിദേശമുതലാളിമാരെ ആശ്രയിക്കേണ്ട ആവശ്യം വാസ്തവത്തിൽ ഇല്ല.

'ആഭ്യന്തരവ്യയങ്ങൾ' എന്നറിയപ്പെടുന്ന ചെലവും വമ്പിച്ച പ്രതിരോധച്ചെലവും വഹിക്കേണ്ടിവരുന്നതുകൊണ്ടു് ഇൻഡ്യയിൽനിന്നു ഭീമമായ ധനനിർഗ്ഗമനം ഉണ്ടാകുന്നു. അക്കാരണത്താലാണു് അവൾ വിദേശമുതലാളിമാരെ ആശ്രയിക്കാൻ നിർബന്ധിതയാകുന്നതു്. ഈ ബാധ്യതകൾ നിറവേററാൻ അവൾ തികച്ചും അശ

ക്തയാണ്. എങ്കിലും, ഒഫിഷ്യേററിംഗ് കമ്മീഷണർമാരിലൊരാളായിരുന്ന് അടുത്ത കാലത്തു് അന്തരിച്ച രമേശ് ചന്ദ്രദത്ത് അങ്ങേയററം അപലപിച്ചിട്ടുള്ള ഒരു നികുതിനയംമുഖാന്തരം ഈ ബാധ്യതകളുടെ ദുർവ്വഹമായ ചെലവു് അവർ വഹിച്ചുപോരികയാണ്. അദ്ദേഹം പരേതനായ കഴ്സൺ പ്രഭുവുമായി ഇതേവിഷയംസംബന്ധിച്ച് ഒരു വാദപ്രതിവാദം നടത്തുകയുണ്ടായി. ഇൻഡ്യാക്കാരായ ഞങ്ങൾ, രമേശ്ചന്ദ്രദത്തിന്റെ ഭാഗത്താണ് ന്യായം എന്ന തീരുമാനത്തിൽ എത്തുകയും ചെയ്തു.

എന്നാൽ എനിക്ക ഒരടികൂടി മുമ്പോട്ടുപോകേണ്ടിയിരിക്കുന്നു. ഈ കർഷകലക്ഷങ്ങൾക്ക് ആണ്ടിൽ ആറുമാസം യാതൊരു പണിയുമില്ലെന്നു പ്രസിദ്ധമാണ്. ഇങ്ങനെ വരാതിരിക്കാൻ ബ്രിട്ടീഷ് ഗവണ്മെൻറ് നിഷ്കർഷിച്ചിരുന്നെങ്കിൽ, ഇവർ ഉല്പാദിപ്പിക്കുന്ന സമ്പത്തു് എത്ര മഹത്തായിരുന്നേനേ എന്ന് ഒന്നാലോചിച്ചുനോക്കുക. അപ്പോൾ ഞങ്ങൾ വിദേശക്കമ്പോളത്തെ എന്തിനാശ്രയിക്കണം? ഒരു സാധാരണക്കാരനായ എനിക്ക്—ഈ ജനലക്ഷങ്ങളെപ്പററി നിരന്തരം ചിന്തിക്കയും ഇവക്കുണ്ടാകുന്ന അതേ അനുഭവങ്ങൾ ഉണ്ടാവാൻ ആഗ്രഹിക്കയും ചെയ്യുന്ന എനിക്ക്—ഇൻഡ്യൻ വരവുചെലവുശാസ്ത്രത്തെപ്പററി ആകെക്കൂടി തോന്നുന്ന അഭിപ്രായം ഈവിധമാണ്. പണിയെല്ലാം ഞങ്ങൾ ചെയ്യുന്നു, അതുകൊണ്ടു് ഒരു വിദേശമൂലധനത്തെയും ആശ്രയിക്കേണ്ടകാര്യം ഞങ്ങൾക്കില്ല എന്ന് അവർ പറയും. ഞങ്ങൾ പണിയെടുക്കുന്ന കാലത്തോളം, സർവ്വലോകത്തിനും ഞങ്ങളുടെ പ്രയത്നഫലങ്ങൾ ആവശ്യമുണ്ടാവും. നേരാണതു്; ലോകത്തിനു ഞങ്ങളുടെ പ്രയത്നഫലം ആവശ്യമുണ്ട്. ലോകം സ്വമനസ്സാലെ, സന്തോഷത്തോടെ ഞങ്ങളോടു വാങ്ങുന്ന സാധനങ്ങൾ ഉൽപാദിപ്പിക്കാൻ ഞങ്ങൾക്ക സാധിക്കും. പണ്ടുകാലംമുതല്ക്കേ ഇൻഡ്യയുടെ സ്ഥിതി ഇതാണ്. പ്രഭോ, ഇൻഡ്യൻ പൊതുമുതലെടുപ്പിനെപ്പററി പ്രതിപാദിച്ചകൂട്ടത്തിൽ അങ്ങു് പ്രകടിപ്പിച്ച ഭയത്തോടു് വാസ്തവത്തിൽ ഞാൻ യോജിക്കുന്നില്ല. ഞങ്ങളുടെ സ്വന്തം വാതിൽകാവല്ക്കാരുടെയും ഞങ്ങളുടെ സ്വന്തം ഖജാനയുടെയുംമേൽ സമ്പൂർണ്ണനിയന്ത്രണാധികാരം ഇല്ലെങ്കിൽ ഞങ്ങൾക്ക് ഉത്തരവാദിത്വം വഹിക്കാൻ കഴിയുകയില്ല. നിയന്ത്രണാധികാരമില്ലാത്ത ഉത്തരവാദിത്വം ആ പേരിന് അർഹവുമല്ല. തൽക്കാലം യാതൊരു പരിരക്ഷണവും നിർദ്ദേശിക്കാൻ എനിക്ക തീരെ നിർവ്വാഹമില്ലാതെയാണിരിക്കുന്നതു്. രാഷ്ട്രത്തിനു പരിപൂർണ്ണ ഉത്തരവാദിത്വം ലഭിക്കുമെന്ന്, സൈന്യത്തിന്റെമേലും സിവിൽസർവ്വീസിന്റെമേലും സമ്പൂർണ്ണനിയന്ത്രണാധികാരം ഉണ്ടായിരിക്കുമെന്ന്, ഇൻഡ്യയെപ്പോലൊരു നിർധനരാജ്യത്തിനു യോജിച്ചവിധത്തിൽ, ഞങ്ങൾക്ക് ആവശ്യമുള്ളത്ര സിവിലിയന്മാരെയും പട്ടാളക്കാരെയും എടുക്കാൻ സ്വാത

ന്ത്ര്യമുണ്ടായിരിക്കുമെന്നു്, അറിയുന്നതുവരെ എനിക്കു് പരിരക്ഷണങ്ങൾ നിർദ്ദേശിക്കാൻ സാധ്യമല്ലെന്നുതന്നെപറയാം. വാസ്തവത്തിൽ ഈ സംഗതികളെല്ലാംകൂടി പരിഗണിക്കുമ്പോൾ ഒരുവേള യാതൊരു പരിരക്ഷണത്തിന്റെയും ആവശ്യകത കാണുന്നില്ല. അല്ലെങ്കിൽ ഇൻഡ്യയ്ക്കു് അവളുടെ ചുമതല വഹിക്കാനുള്ള, സമാധാനപരമായ രീതിയിൽ ഭരണം നടത്തിക്കൊണ്ടുപോകാനുള്ള, കഴിവിൽ വിശ്വാസമില്ലെന്ന വാദവുമായി ഒരാൾ മുമ്പോട്ട വരണം. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ എനിക്കു് വിഭാവനചെയ്യാവുന്ന ഏക അപകടം, ഞങ്ങൾ ചുമതലയേറെറടുക്കുന്ന നിമിഷം ശുദ്ധ കുഴപ്പവും ക്രമക്കേടും ആയിരിക്കുമെന്നുള്ളതാണു്. ബ്രിട്ടീഷുകാരുടെ ഭയം ഇതാണെങ്കിൽ യോജിപ്പിനു് ഇടമില്ല. ഞങ്ങൾ ഉത്തരവാദിത്വം ഏല്ക്കുകയും, ചോദിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നതു ഞങ്ങളുടെ കാര്യം യോഗ്യമായി നടത്തിക്കൊണ്ടുപോകാൻ ഞങ്ങൾക്കു കഴിയുമെന്ന വിശ്വാസം ഉള്ളതുകൊണ്ടാണു്. ബ്രിട്ടീഷ് ഭരണാധികാരികളെക്കാൾ വളരെ ഭംഗിയായി ഞങ്ങൾക്കു് അതു സാധിക്കുമെന്നു തോന്നുന്നു. അവർ കഴിവില്ലാത്തവരായതുകൊണ്ടല്ല ഞാൻ ഇങ്ങനെ പറയുന്നതു്. അവർ ഞങ്ങളെക്കാൾ പ്രഗത്ഭരാണെന്നു സമ്മതിക്കാം. ഞങ്ങൾ ശിഷ്യപ്പെട്ടു പഠിക്കേണ്ട സംഘടനാവൈഭവം അവർക്കുണ്ടു്. എന്നാൽ ഞങ്ങൾക്കു് ഒരു പ്രത്യേകതയുണ്ടു്. ഞങ്ങൾക്കു ഞങ്ങളുടെ രാജ്യത്തെപ്പററി അറിയാം, ഞങ്ങളുടെ ജനങ്ങളെപ്പററി അറിയാം. തന്നിമിത്തം ഞങ്ങളുടെ ഭരണം കുറഞ്ഞ ചെലവിൽ നടത്തിക്കൊണ്ടുപോകാൻ ഞങ്ങൾക്കു സാധിക്കും. ഞങ്ങൾ എല്ലാ കലഹങ്ങളും ഒഴിവാക്കും. ഞങ്ങൾക്കു സാമ്രാജ്യമോഹങ്ങൾ ഇല്ലാത്തതുകൊണ്ടു് അഫ്ഗാന്മാരുമായോ, മറേറതെങ്കിലും രാജ്യക്കാരുമായോ യുദ്ധത്തിനൊരുമ്പെടുകയില്ല. നേരേമറിച്ചു് അവരുമായി മൈത്രീബന്ധം സ്ഥാപിക്കും, ഞങ്ങളിൽനിന്നു് അവർക്കു് ഒരു ഭയകാരണവും പിന്നെ ഉണ്ടാവുകയില്ല.

ഇൻഡ്യൻ പൊതുമുതലെടുപ്പിനെപ്പററി വിഭാവനംചെയ്യുമ്പോൾ എന്റെ മനസ്സിൽ പ്രതിഭാസിക്കുന്ന ആദർശത്തിന്റെ സ്വഭാവം ഇതാണു്. അതിനാൽ എന്റെ വിഭാവനയിൽ ഇൻഡ്യൻ ഫിനാൻസിനു്, വളരെ വിശാലമായ ഒരു നിലയോ, അങ്ങോ ചാൻസലർ പ്രഭുവോ ഈ പ്രശ്നം സംബന്ധിച്ചു ഞാൻ ചർച്ച നടത്തിയ ബ്രിട്ടീഷ്മന്ത്രിമാരോ വിചാരിക്കുന്നതുപോലെ അപകടകരമായ ഒരു നിലയോ അല്ല ഉള്ളതെന്നു താങ്കൾക്കു കാണാം. അതുകൊണ്ടും, മുൻ വിവരിച്ച കാരണങ്ങൾകൊണ്ടും, ഇവിടെ നിർദ്ദേശിച്ചിരിക്കുന്ന പരിരക്ഷണങ്ങളെ അംഗീകരിക്കാനോ ബ്രിട്ടീഷുജനതയെ അഥവാ ഗ്രേററുബ്രിട്ടനിലെ ഉത്തരവാദിത്വമുള്ള ആളുകളെ ചഞ്ചലപ്പെടുത്തുന്ന ഭീതിയെ ശരിവയ്ക്കാനോ എനിക്കു നിർവ്വാഹമില്ല എന്നു വിനയപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

digitized by www .sreyas.in

ദേശീയഗവണ്മെൻറ് ഏറെറടുക്കുന്ന എല്ലാ ബാദ്ധ്യതകൾക്കും ശരിയായ ഉറപ്പുണ്ടായിരിക്കും—ഒരു രാഷ്ട്രത്തിനു നൽകാൻ കഴിയുന്ന ഉറപ്പ്, സാക്ഷാൽ വിശ്വാസത്തിൽ അധിഷ്ഠിതമായ ഉറപ്പ്. എന്നാൽ ആ ബാധ്യതകൾ ഈ ഖണ്ഡികകളിൽ വിവരിച്ചിട്ടുള്ള തരത്തിലോ സ്വഭാവത്തിലോ ഉള്ളതായിരിക്കയില്ല. എന്തുമാകട്ടെ, ഗ്രേറബ്രിട്ടനുവേണ്ടി ഞങ്ങൾ ഏറെറടുക്കേണ്ടതും നിർവ്വഹിക്കേണ്ടതുമായ ചില ബാധ്യതകൾ ഉണ്ടെങ്കിൽ (ഉണ്ടാകുമെന്ന കാര്യത്തിൽ എനിക്കു സംശയമില്ല) ഞങ്ങൾ അതിൽ പിശകു കാണിക്കുന്നുവെന്നും യാതൊന്നും ചെയ്യുന്നില്ലെന്നും സങ്കല്പിക്കുക; ആ പക്ഷത്തിൽ കടലാസിൽ എഴുതിയ കരാറിന് ഒരു വിലയും ഉണ്ടാവില്ല. ഇനിയും ഇൻഡ്യ സ്വാതന്ത്ര്യയാകുമ്പോൾ നിർഭാഗ്യവശാൽ ഋഷ്ടദോഷങ്ങൾ തുടരെ സംഭവിക്കുന്നുവെന്നിരിക്കട്ടെ. അപ്പോഴും ഏതു സംരക്ഷണവ്യവസ്ഥയുണ്ടായിരുന്നാലും, ഇൻഡ്യയെ ഞെക്കിപ്പിഴിഞ്ഞു പണമുണ്ടാക്കാൻ സാധിക്കുമോ എന്നു സംശയമാണ്. ഇത്തരം അപ്രതീക്ഷിതസാഹചര്യങ്ങളോ, പ്രകൃതികോപങ്ങളോ, ദുർഘടസന്ധികളോ ഉണ്ടാകുമ്പോഴും ബാധ്യതകൾ നിവ്വഹിച്ചുകൊള്ളാമെന്ന് ഒരു ദേശീയഗവണ്മെൻറിനും ഉറപ്പുതരാൻ സാദ്ധ്യമല്ല.

ഈവക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ഇൻഡ്യയുടെ കാര്യങ്ങളിൽ പരിചയസമ്പന്നന്മാരായ പലേ ഭരണാധികാരികളുമായും ഈ വട്ടമേശസമ്മേളനത്തിൽ സംബന്ധിച്ചിരിക്കുന്ന എൻെറ നാട്ടുകാരിൽത്തന്നെ പലരുമായും വിയോജിക്കേണ്ടിവന്നതുമൂലമുള്ള വലുതായ ഖേദത്തോടുകൂടി മാത്രമേ എനിക്കു സമാപിപ്പിക്കാൻ കഴിയുന്നുള്ളു. എന്നാൽ കോൺഗ്രസ്സിൻെറ ഒരു പ്രതിനിധിയെന്ന നിലയിൽ, മററനേകം കോൺഗ്രസ്സ മെമ്പാന്മാക്കൊപ്പം ഞാൻ മുറുകെപ്പിടിക്കുന്ന ആശയങ്ങൾ ആരുടെയും അതൃപ്തി നോക്കാതെ തുറന്നുപറയുകതന്നെ വേണമല്ലോ.

## 69

ഇൻഡ്യയിൽ വ്യക്തികൾ അമിതമായി ധനം കൈവശം വയ്ക്കുന്നതു് ഇവിടത്തെ മനുഷ്യരാശിയോടു ചെയ്യുന്ന ഒരു ദ്രോഹമാണ്. ആകയാൽ ഒരു അതിർത്തിക്കപ്പുറമുള്ള ധനത്തിൻെറ പരമാവധി നികുതി എന്തായിരിക്കണമെന്നു ഖണ്ഡിതമായി പറയുവാൻ സാദ്ധ്യമല്ല. ഇംഗ്ലണ്ടിൽ നികുതി ഒരു നിശ്ചിത തുകയ്ക്കു മേലുള്ള സമ്പാദ്യത്തിൻെറ 70 ശതമാനംവരെ ഇപ്പോൾ എത്തിയിട്ടുണ്ട് എന്നറിയുന്നു. ഇൻഡ്യയ്ക്കു കുറേക്കൂടി ഉയർന്ന ഒരു ശതമാനത്തോളം പോകാം. എന്തുകൊണ്ട് ഇവിടെ മരണനികുതി ഏർപ്പെടുത്തിക്കൂടാ? ലക്ഷപ്രഭുക്കളുടെ പ്രായമായ പുത്രന്മാക്കു പിതൃ

69. Harijan, 31-7-1937 (India of My Dreams, P. 266)

digitized by www .sreyas.in

സ്വത്തു് അവകാശമുറസ്സു ലഭിക്കുന്നു. ആ ലാഭം വാസ്തവത്തിൽ അവക്കു നഷ്ടമാണു്. രാഷ്ട്രത്തിനു് ഇരട്ടിനഷ്ടവും. പിതൃരാർജ്ജിതം വാസ്തവത്തിൽ പിതാവിന്റെ കാലശേഷം സ്റ്റേറ്റിന്റെ വകയായിരിക്കേണ്ടതാണു്. അവകാശികൾക്കു് അതു വെറുതേ കിട്ടുന്നതുകൊണ്ടു് അവരുടെ കഴിവുകൾ അതിന്റെ ഭാരത്തിൽ അമർന്നു ഞെരിഞ്ഞുപോകുന്നു. ഇങ്ങനെ രണ്ടുപ്രകാരത്തിൽ സ്റ്റേറ്റിനു നഷ്ടം സംഭവിക്കുന്നു.

## 70

ഞാൻ ഒരു ലോക്കൽബോർഡിന്റെയോ മുനിസിപ്പാലിററിയുടെയോ അധികാരാതിർത്തിയിൽപ്പെട്ട നികുതിദായകനാണെങ്കിൽ, അധികനികുതിയായി ഒരൊററ പൈപോലും കൊടുക്കുവാൻ വിസമ്മതിക്കും. ഇങ്ങനെതന്നെ ചെയ്യുവാൻ മററുള്ളവരെയും ഉപദേശിക്കും. അല്ലെങ്കിൽ, നാം കൊടുക്കുന്ന പണം നാലുമടങ്ങായി തിരികെ കിട്ടണം. ജനപ്രതിനിധികളായി ലോക്കൽബോർഡുകളിലും മുനിസിപ്പാലിററികളിലും കടന്നുകൂടുന്നവൻ, മാന്യത നേടാനോ പരസ്പരം മത്സരിക്കാനോ അല്ല അവിടെ പോകുന്നതു്, സ്നേഹപൂർണ്ണമായ സേവനം അനുഷ്ഠിക്കാനാണു്. പണത്തെ ആശ്രയിച്ചുള്ളതല്ല അമ്മാതിരി സേവനം. നമ്മുടെ രാജ്യം ഒരു നിർദ്ധന രാജ്യമാണു്. മുനിസിപ്പൽ കൗൺസിലർമാർ യഥാർത്ഥ സേവനസന്നദ്ധതയുള്ളവരാണെങ്കിൽ, അവർ പ്രതിഫലം പററാത്ത തൂപ്പുകാരും ഭംഗികളും റോഡുവെട്ടുകാരും ആകും. അതിൽ അഭിമാനംകൊള്ളുകയും ചെയ്യും. കോൺഗ്രസ്സു് ടിക്കററിൽ വന്നിട്ടില്ലാത്ത മററു കൂട്ടുകൗൺസിലർമാരേയും തങ്ങളുടെ അണികളിൽ ചേരാൻ ക്ഷണിക്കും. അവക്കു് ആത്മവിശ്വാസവും കർത്തവ്യബോധവും ഉണ്ടെങ്കിൽ, അവരുടെ മാതൃക മററുള്ളവരും അനുകരിക്കാതെയിരിക്കയില്ല. മുനിസിപ്പൽ കൗൺസിലർമാർ മുഴുവൻസമയവും ജോലിചെയ്യുന്ന സേവകന്മാരായിരിക്കുമെന്നാണു് ഇതിന്റെ അർത്ഥം. അവക്കു് സ്വകാര്യലാഭത്തിൽ ദൃഷ്ടിയുണ്ടായിരിക്കരുതു്. അടുത്തതായി അവർ മുനിസിപ്പാലിററിയുടേയോ ലോക്കൽബോർഡിന്റേയോ അതിർത്തിയിൽപ്പെട്ട പ്രായപൂർത്തിയായ സകലരുടേയും ഒരു പട്ടിക തയാറാക്കുകയും, മുനിസിപ്പൽ പ്രവർത്തനത്തിൽ അവരവരുടെ സംഭാവനകൾ ചെയ്യുവാൻ സകലരോടും പറയുകയും വേണം. ഒരു ശരിയായ രജിസ്റ്റർതന്നെ സൂക്ഷിക്കേണ്ടതാണു്. പണമായി സംഭാവന നൽകാൻ നിവൃത്തിയില്ലാത്തവരെങ്കിലും ശരീരശേഷിയും ആരോഗ്യവുമുള്ള പാവങ്ങളോടു ശ്രമദാനം ചെയ്യാൻ ആവശ്യപ്പെടാം. യഥാർത്ഥ ഇൻഡ്യ ഉൾക്കൊള്ളുന്നതു നമ്മുടെ ഏതാനും വലിയ നഗരങ്ങളെയോ പ്രസിഡൻസി ടൗണുകളെയോ അല്ല, ഏഴ

70. Harijan, 18-2-1939, P. 22

digitized by www .sreyas.in

ലക്ഷം ഗ്രാമങ്ങളെയാണ്. അഭിമുഖീകരിക്കാനും പരിഹരിക്കാനുമുള്ള ഇൻഡ്യയുടെ സാക്ഷാൽപ്രശ്നങ്ങൾ കിടക്കുന്നതു് അവിടെയാണ്. നമുക്കു ഗ്രാമങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട റോഡുകൾ വേണം, ശുചീകരണം വേണം, ശുദ്ധജലം വേണം. നാം പണത്തിന്റെ അടിസ്ഥാനത്തിൽ മുമ്പോട്ടുപോയാൽ ഈ മഹത്തായ ജോലിയുടെ ഒരു അംശംപോലും ചെയ്തുതീർക്കാൻ സാധിക്കില്ല. എന്നാൽ ഇൻഡ്യയ്ക്കു് ഒടുങ്ങാത്ത ഒരു ഈടുവയ്പുണ്ടു്—അവളുടെ നിസ്തുലമായ മാനവശക്തി. അതിനെ പ്രവർത്തനസന്നദ്ധമാക്കാമെങ്കിൽ നമുക്കു് എത്രയും ചുരുങ്ങിയ കാലംകൊണ്ടു് രാജ്യത്തിന്റെ മുഖഭാവം പാടേ മാററാം.

## 71

പരോക്ഷനികുതിവ്യവസ്ഥ നികുതിദായകന്മാർക്കു കൂടുതൽ സമ്മതമാണു്, കാരണം അതിന്റെ സന്നിപാതം, നേരിട്ടു് അനുഭവപ്പെടുന്നില്ല. എന്നാൽ പ്രത്യക്ഷനികുതിക്കു കൂടുതൽ ശിക്ഷണമൂല്യമുണ്ടു്. ഉദ്ദേശ്യം നികുതിദായകന്മാരെ നാഗരികമനസ്കന്മാരാക്കുകയാവുമ്പോൾ, അതു കൂടുതൽ ക്ലേശകരമാണെന്നും കാണാം.

## 72

ഒരു ജനകീയമന്ത്രിസഭ, നിയമസഭയോടു് ഉത്തരവാദപ്പെട്ടിരിക്കുന്നു. അതിനു നിയമസഭയുടെ അനുമതി കൂടാതെ ഒന്നും ചെയ്വാൻ കഴിയുകയില്ല. ജനകീയനിയമസഭയിലെ ഓരോ അംഗവും വോട്ടറന്മാരോടു് ഉത്തരവാദപ്പെട്ടിരിക്കുന്നു. ആകയാൽ പൊതുജനങ്ങളെ പ്രതിനിധാനംചെയ്യുന്ന വോട്ടർ നല്ലതുപോലെ ആലോചിച്ചശേഷമേ തന്റെ സൃഷ്ടിയായ ഗവണ്മെൻറിനെ നിരൂപണം ചെയ്വാൻ പുറപ്പെടാവൂ. ജനങ്ങൾക്കു് ഒരു ദുസ്വഭാവമുണ്ടു്. ഒരുതരം നികുതിയും അവക്കു് ഇഷ്ടമല്ല. ഒരു നല്ല ഗവണ്മെൻറുള്ളപ്പോൾ, താൻ കൊടുക്കുന്ന പണത്തിനു പൂർണ്ണമായ പ്രതിഫലം നികുതിദായകനു കിട്ടും. നഗരത്തിലെ വെള്ളക്കരം ഉദാഹരണമാണു്. അത്രയും തുച്ഛമായ ഒരു ചെലവിൽ അയാൾക്കു് വെള്ളം വേറെ കിട്ടുകയില്ല. എങ്കിലും ഇത്തരം നികുതി കൊടുക്കുന്നതുപോലും നികുതിദായകനു് എപ്പോഴും അഹിതമാണു്. എല്ലാ നികുതിയുടെയും പ്രയോജനം മുൻ ദൃഷ്ടാന്തത്തിലെപ്പോലെ തെളിയിക്കാൻ എളുപ്പമല്ലെന്നുള്ളതു ശരിതന്നെ. സമൂഹത്തിന്റെ സങ്കീർണ്ണതയും വലിപ്പവും വർദ്ധിക്കുകയും സേവനമണ്ഡലം വിസ്തൃതമാകയും ചെയ്യുമ്പോൾ, ഏതെങ്കിലും ഒരു പ്രത്യേക നികുതിയുടെ പ്രതിഫലം എങ്ങനെയാണു കിട്ടുന്നതെന്നു് ഓരോ നികുതിദായകനും വി

71. Harijan, 18-2-1939, P. 28
72. Harijan, 8-9-1946 (India of My Dreams, P. 264)

digitized by www .sreyas.in

വരിച്ചുകൊടുക്കാൻ പ്രയാസമാണ്. ഏതായാലും നികുതികൾ പൊതുവേ ജനസമൂഹത്തിന്റെ സാമാന്യ ക്ഷേമത്തിനായി വിനിയോഗിക്കപ്പെടണം. അല്ലെങ്കിൽ പൊതുജനസമ്മതപ്രകാരമാണ് അവ ഈടാക്കപ്പെടുന്നതെന്ന വാദം നിലനില്ക്കാതെവരും.

## 73

നമ്മുടെ രാജ്യതന്ത്രജ്ഞന്മാർ രണ്ടു തലമുറക്കാലത്തിലധികം, ബ്രിട്ടീഷ് ഭരണത്തിലെ ഭാരിച്ച സൈന്യച്ചെലവിനെ ശക്തിയായ ഭാഷയിൽ അപലപിച്ചിരുന്നു. എന്നാൽ ഇപ്പോൾ രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചശേഷവും നമ്മുടെ സൈനികച്ചെലവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു, കൂടുതൽ വർദ്ധിക്കാൻ ഇടയുമുണ്ടു്. ഇതിൽ നാം അഭിമാനം കൊള്ളുന്നു! നമ്മുടെ നിയമനിർമ്മാണസഭയിൽ ആരും ഇതിനെതിരായി ശബ്ദം ഉയർത്തിയിട്ടില്ല. പിത്തലാട്ടവും വ്യർത്ഥമായ പാശ്ചാത്യാനുകരണവും ഇരിക്കിലും, ഇൻഡ്യ ഈ മരണക്കുത്തിനെ അതിജീവിക്കുമെന്നും, 1915 മുതൽ തുടരെ മുപ്പതുകൊല്ലം അക്രമരാഹിത്യത്തിൽ ശിക്ഷണം ലഭിച്ചിട്ടുള്ള അവൾക്കു് അവശ്യം ഉണ്ടായിരിക്കേണ്ട സാന്മാർഗ്ഗികൗന്നത്യത്തിൽ അവൾ സന്നിവിഷ്ടയാകുമെന്നും എന്റെയും എന്നെപ്പോലെ മററു പലരുടെയും മനസ്സിൽ ഇപ്പോഴും ഒരു പ്രത്യാശ തങ്ങിനില്ക്കുന്നുണ്ടു്.

## 74

നിലവിലുള്ള മാനദണ്ഡങ്ങൾ നമുക്കു മാററണം. ഞങ്ങൾ നിങ്ങൾക്കു ലൗകികജീവിതവൃത്തികൾ വാഗ്ദാനം ചെയ്യുന്നില്ല. വാസ്തവത്തിൽ അങ്ങനെയുള്ള അത്യാശകളിൽനിന്നു നിങ്ങളെ അകററുവാനാണു ഞങ്ങൾ ആഗ്രഹിക്കുന്നതു്. നിങ്ങളുടെ ഭക്ഷണബിൽ പ്രതിമാസം 6 രൂപയ്ക്കുള്ളിൽ ഒതുക്കിനിർത്തണം. ഒരു ഐ. സി. എസ്. ആഫീസറുടെ ഭക്ഷണബിൽ പ്രതിമാസം 60 രൂപയോളം ആയിരിക്കാം. എന്നാൽ അയാൾ ആ കാരണത്താൽ ശാരീരികമായോ മാനസികമായോ സാന്മാർഗ്ഗികമായോ നിങ്ങളെക്കാൾ ശ്രേഷ്ഠനാണെന്നോ ശ്രേഷ്ഠനാകുമെന്നോ അർത്ഥമില്ല. എത്രതന്നെ സുഖജീവിയായാലും അയാൾ ഈ അംശങ്ങളിൽ നിങ്ങളെക്കാൾ മോശപ്പെട്ടവനായിരിക്കും. നിങ്ങൾ സ്വന്തം യോഗ്യതകളെ നാണയത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നില്ല; അതുകൊണ്ടാണു് ഈ സ്ഥാപനത്തിൽ വന്നുചേർന്നതു് എന്നു ഞാൻ ഊഹിക്കുന്നു. ഒരു നിസ്സാരവേതനം സ്വീകരിച്ചുകൊണ്ടു രാജ്യത്തെ സേവിക്കുന്നതിൽ നിങ്ങൾ ആനന്ദിക്കുന്നു. ഒരുവൻ സ്റ്റോക്ക് എക്സ്ചേ

73. Harijan, 7-12-1947 (India of My Dreams, P. 269)

74. Harijan, 23-5-1936 (Economic and Industrial Life and Relations, pp. 100—101)

digitized by www .sreyas.in

ഞ്ചിൽ ധാരാളം പണം ആർജ്ജിച്ചിട്ടുണ്ടാവാം. പക്ഷേ നമ്മുടെ ആവശ്യത്തിന് അയാൾ നിശ്ശേഷം ഉപയോഗശൂന്യനാണ്. അയാൾ നമ്മുടെ എളിയ ചുററുപാടുകളിൽ അസംതൃപ്തനായിരിക്കും. അയാളുടെ ചുററുപാടുകളിൽ നമ്മൾക്കും തൃപ്തിയുണ്ടാവില്ല. രാജ്യനന്മയ്ക്ക് ആദർശയോഗ്യരായ പ്രവർത്തകരെയാണ് നമുക്ക് ആവശ്യം. തങ്ങൾക്ക് കിട്ടുന്ന ആഹാരത്തിന്റെയോ ഗ്രാമീണർ ചെയ്തുകൊടുക്കുന്ന സൗകര്യങ്ങളുടെയോ സ്വഭാവത്തെപ്പററി അവർ ക്ലേശിക്കുകയില്ല. അവർ സകലതിനും ദൈവത്തെ ആശ്രയിക്കും. തങ്ങൾക്ക് നേരിടുന്ന പീഡകളിലും ബുദ്ധിമുട്ടുകളിലും അവർ ആറ്റുദാദിക്കും. ഏഴുലക്ഷം ഗ്രാമങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കാനുള്ള ഈ രാജ്യത്ത് ഇമ്മാതിരി സേവനം അനിവാര്യമാണ്. നമുക്ക് ശമ്പളത്തിനു പ്രവർത്തകന്മാരെ നിയമിക്കാൻ കെല്പില്ല. അത്തരം പ്രവർത്തകന്മാർക്ക് എപ്പോഴും ശമ്പളക്കൂടുതൽ, പ്രോവിഡൻഫണ്ട്, പെൻഷ്യൻ എന്നിവയെപ്പററിയായിരിക്കും ചിന്ത. യഥാർത്ഥ സേവകന്, ഗ്രാമീണരെ വിശ്വാസപൂർവ്വം സേവിക്കുന്നതുതന്നെയാണു സംതൃപ്തിക്കു കാരണം.

നിങ്ങളിൽ ചിലർ ചോദിച്ചേക്കും, ഗ്രാമീണർക്കുദ്ദേശിക്കുന്ന നിലവാരവും ഇതുതന്നെയോ എന്ന്. ഒരിക്കലുമല്ല. ഇതൊക്കെയും സേവകന്മാരായ നമ്മുടെ കാര്യമാണ്. യജമാനന്മാരായ ഗ്രാമീണജനങ്ങളുടേതല്ല. നാം ഇത്രയുംകാലം അവരുടെ മുതുകിൽകയറിഞെളിഞ്ഞിരുന്നു; ഇനി നാം സ്വമനസ്സാലെ ദാരിദ്ര്യം വരിക്കണം. എങ്കിലേ നമ്മുടെ യജമാനന്മാരായ അവരുടെ നില ഇന്നത്തേക്കാൾ അഭിവൃദ്ധിപ്പെടുകയുള്ളു. ഇന്ന് അവർ സമ്പാദിക്കുന്നതിനേക്കാൾ വളരെക്കൂടുതൽ ഇനിമേൽ സമ്പാദിക്കാൻ നാം അവരെ പ്രാപ്തിയുള്ളവരാക്കണം. ഗ്രാമവ്യവസായസംഘത്തിന്റെ ഉദ്ദേശ്യം അതാണ്. ഞാൻ വിചാരിച്ചതുപോലെയുള്ള ധാരാളം സേവകന്മാർ ഉണ്ടാകുന്നില്ലെങ്കിൽ, അതിന് അഭിവൃദ്ധിപ്പെടാൻ സാദ്ധ്യമല്ല. നിങ്ങൾ അത്തരം സേവകന്മാരാകുവിൻ.

## 75

...ഗവണ്മെൻറ് ആളുകളുടെ സ്വാശ്രയശക്തിയെ ഊട്ടിവളർത്തുകയാണു ചെയ്തത്. അതിനുപകരം അവരെ സ്വന്തം കഴിവുകളെ ആശ്രയിച്ചു ജീവിക്കാൻ വിടണം. സിവിൾസർവ്വീസ്, ആഫീസിൽ ഇരുന്നുള്ള ജോലിക്ക് ഉപയോഗപ്പെടുത്തി. ചുവപ്പുനാടയും ഫയലുകളും അവരുടെ പ്രവർത്തനത്തെ നിയന്ത്രിച്ചു. അവർ ഒരിക്കലും കൃഷിക്കാരുമായി സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടില്ല. അവർ അവരെ അറിഞ്ഞിട്ടില്ല. ജനങ്ങളിൽ വന്ന മാററം അംഗീകരിക്കാൻമാ

75. Harijan, 9-10-1949, P. 269

digitized by www .sreyas.in

ത്രം വിനയം അവക്കുണ്ടായെങ്കിൽ! ജനങ്ങളുടെ ഉദ്യമശീലത്തെ കൺട്രോളുകൾകൊണ്ടു വീർപ്പുമുട്ടിച്ചു നശിപ്പിക്കരുതു്. സ്വാശ്രയ ശീലരാകുവാൻ അവരെ അനുവദിക്കണം. ജനാധിപത്യം അവരെ നിസ്സഹായരാക്കുന്നതിൽ ചെന്നവസാനിക്കരുതു്.

## ഐ. വിദേശവാണിജ്യം

### 76

നാം ബ്രിട്ടീഷുകാരുമായി മാന്യമായ ഒരു കൂട്ടുകെട്ടിനു പററിയ അവസ്ഥയിൽ എത്തുമ്പോൾ, ഇൻഡ്യയുടെ താൽപര്യത്തിനു ഹാനികരമല്ലെങ്കിൽ നമുക്കു് ബ്രിട്ടീഷുവാണിജ്യത്തെ അനുകൂലിക്കാം. ബാഹ്യവും ആഭ്യന്തരവുമായ ചൂഷണത്തിൽനിന്നു വിമുക്തയാകുന്ന ഇൻഡ്യ അത്ഭുതകരമായ വേഗത്തിൽ അഭിവൃദ്ധി പ്രാപിക്കും. ശ്രേയസ്സു വദ്ധിക്കുന്നതോടെ അവളുടെ ആവശ്യങ്ങളും വദ്ധിക്കും. ആവശ്യങ്ങൾ വദ്ധിക്കുമ്പോൾ ഇറക്കുമതിയും വർദ്ധിച്ചേതീരൂ. ആ ഘട്ടത്തിൽ ബ്രിട്ടൻ നമ്മുടെ പങ്കാളിയോ ബന്ധുവോ ആണെങ്കിൽ, അവൾക്കു് ഇൻഡ്യയുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന മുഖ്യരാഷ്ട്രം ആയിരിക്കാൻ വിഷമമുണ്ടാവില്ല....

### 77

ടാററാ സ്റ്റീൽവക്ക്സിനു നൽകേണ്ട സംരക്ഷണത്തെപ്പററി എൻെറ അഭിപ്രായം ആവശ്യപ്പെട്ടിരിക്കയാണു്. ഇപ്പോൾ അതിൻെറ ഉപയോഗമെന്തെന്നു് എനിക്കു് അറിഞ്ഞുകൂടാ. സ്റ്റീൽവക്ക്സ് സംബന്ധിച്ച പ്രമേയത്തിൻെറ ഗുണദോഷങ്ങളും എനിക്കു നിശ്ചയമില്ല. എന്നാൽ ഞാൻ മുതലാളികളുടെ വൈരിയാണെന്നും, അധികാരമുണ്ടെങ്കിൽ യന്ത്രവും യന്ത്രോപകരണങ്ങളും ഇല്ലാതാക്കിക്കളയുമെന്നും ചിലർക്കുള്ള തെററിദ്ധാരണ നീക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളുന്നു. ഞാൻ ഒരു ഉറച്ച സംരക്ഷകനാണെന്നുള്ളതാണു വാസ്തവം. വ്യവസായോൽപ്പന്നങ്ങൾ നിസ്സഹായരായ ജനലക്ഷങ്ങളുടെ ഇടയിൽ കൊണ്ടുമറിക്കുകയും സ്വന്തം ആവശ്യത്തിനുള്ള സാധനങ്ങൾ ഏററവും കുറഞ്ഞ വിലയ്ക്കു പുറമേനിന്നു കിട്ടാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഇംഗ്ലണ്ടിനു സ്വതന്ത്രവാണിജ്യം ഗുണകരമായിരിക്കാം. എന്നാൽ പ്രസ്തുത വാണിജ്യം ഇൻഡ്യയിലെ കുടിൽവ്യവസായത്തെ നശിപ്പിക്കുകയും അ

---

76. Young India, 26-3-1931 (Economic and Industrial Life and Relations, vol. II, pp. 116—117)

77. Young India, 15-5-1924 (Economic and Industrial Life and Relations, vol. II, P. 131)

digitized by www .sreyas.in

ങ്ങനെ ഇൻഡ്യൻ കൃഷീവലവർഗ്ഗത്തെ മുടിക്കുകയുമാണ് ചെയ്യുന്നതു്. സംരക്ഷണം കൂടാതെ ഒരു വ്യവസായത്തിനും വിദേശവ്യാപാരത്തോടു മത്സരിക്കാൻ സാധിക്കയില്ല. നെററാൾ അവരുടെ പഞ്ചാരവ്യവസായത്തെ ഗവണ്മെൻറ സഹായംകൊണ്ടും ഇറക്കുമതിച്ചുങ്കംകൊണ്ടും ഊട്ടിവളർത്തി. ജർമ്മനി ഗവണ്മെൻറുസഹായപദ്ധതി കൊണ്ടു ബീററുപഞ്ചസാരവ്യവസായത്തെ വികസിപ്പിച്ചു. ഞാൻ എക്കാലവും മിൽവ്യവസായത്തിനു സംരക്ഷണം നൽകുന്നതിനെ സ്വാഗതംചെയ്യും. എന്നാൽ കൈകൊണ്ടു നൂൽനൂററു നെയ്ത ഖദറിനു മുൻഗണന നൽകും. വാസ്തവത്തിൽ ഞാൻ ഉപയോഗപ്രദമായ എല്ലാ വ്യവസായങ്ങൾക്കും സംരക്ഷണം നൽകാൻ തയാറാണു്. ഗവണ്മെൻറു് ഇന്ത്യയുടെ സാമ്പത്തികവും സാന്മാർഗ്ഗികവുമായ ക്ഷേമത്തിനു യഥാത്ഥത്തിൽ ഉത്സുകമാണെന്നു കണ്ടാൽ എനിക്കു ഗവണ്മെൻറിനോടുള്ള എതിർപ്പു മുക്കാലും പൊയ്പോകും. ഗവണ്മെൻറു സകല വിദേശവസ്ത്രവും നിരുദ്ധമാകുമാറു് ഇവിടത്തെ തുണിവ്യവസായത്തെ സംരക്ഷിക്കട്ടെ, വാങ്ങുന്ന തുണി മുഴുവൻ ഖദറായിരിപ്പാൻ നിഷ്കർഷിച്ചു് ചർക്കയെ പ്രചരിപ്പിക്കട്ടെ, നികുതിയെപ്പററി നോക്കാതെ മദ്യവിക്രയം നിർത്തലാക്കട്ടെ, അതുമൂലം സംഭവിക്കുന്ന നഷ്ടം പരിഹരിക്കാൻ അത്രത്തോളം സൈനികച്ചെലവു വെട്ടിക്കുറയ്ക്കട്ടെ, അപ്പോൾ എൻെറ എതിർപ്പിനു പ്രസക്തിയില്ലെന്നാകും. പരിഷ്കരണത്തെപ്പററിയുള്ള ശരിയായ ചർച്ചയ്ക്കു് അതു വഴിതെളിക്കും. ഒടുവിൽ പറഞ്ഞ രണ്ടു നടപടികളും ഒരു ഹൃദയപരിവർത്തനത്തിൻെറ ഗണ്യമായ ലക്ഷ്യങ്ങളായി ഞാൻ പരിഗണിക്കും. മാന്യമായ ഒരു ഒത്തുതീർപ്പിൽ ഞാൻ പങ്കെടുക്കുന്നതിനു മുമ്പു് ഈ ലക്ഷ്യങ്ങൾ കാണണം.

## 78

ഇൻഡ്യ സാമ്പത്തികസ്വാതന്ത്ര്യമുള്ള ഒരു രാഷ്ട്രമാണെങ്കിൽ, ഇൻഡ്യയിലെ കർഷകജനങ്ങൾ ചിരകാലമായി അനുഭവിക്കുന്ന ദാരിദ്ര്യത്തിൽനിന്നു മുക്തരാകണമെങ്കിൽ, ക്ഷാമവും അതുപോലെയുള്ള മററു കെടുതികളും സംഭവിക്കുന്ന കാലങ്ങളിൽ ഈ കൃഷീവലവർഗ്ഗത്തിനു മാന്യമായ തൊഴിൽ ഉണ്ടായിരിക്കണമെങ്കിൽ, വിദേശവസ്ത്രം ഇൻഡ്യൻ കമ്പോളത്തിൽനിന്നു പാടേ നിഷ്കാസനംചെയ്യപ്പെടണം. ഇൻഡ്യയുടെ പ്രമുഖവ്യവസായത്തിൻെറ സംരക്ഷണം അവരുടെ ജന്മാവകാശമാണു്. ആകയാൽ ഞാൻ ഇൻഡ്യൻമില്ലുകളെ വിദേശമത്സരത്തിനെതിരെ സംരക്ഷിക്കും. തല്ക്കാലത്തേക്കു് അതു് പാവപ്പെട്ടവരെ ദണ്ഡിപ്പിക്കുന്നതിൽ കലാശിച്ചേക്കാം. മില്ലുടമകൾ തങ്ങൾക്കു കിട്ടുന്ന കുത്തകാവകാശത്തിൻെറ ബലത്തിൽ ചരക്കിനു വില കൂട്ടുവാൻതക്കവിധം അത്ര സ്വ

78. Young India, 28-8-1924 (Khadi, P. 67)

digitized by www .sreyas.in

രാജ്യസ്നേഹമില്ലാത്തവരാണെങ്കിലെ ഇങ്ങനെ സംഭവിക്കൂ. ആകയാൽ പഞ്ഞിയുടെ എക്സൈസ്നികുതി റദ്ദുചെയ്യണമെന്നും, ഇറക്കുമതി ചെയ്യപ്പെടുന്ന ചരക്കിനു ഭാരിച്ച ചുങ്കം ചുമത്തണമെന്നും വാദിക്കാൻ എനിക്കു് ഒരു സന്ദേഹവുമില്ല.

## 79

ഇൻഡ്യയിലെ ദരിദ്രലക്ഷങ്ങൾ നൂൽനൂററു നെയ്തുണ്ടാക്കുന്ന വസ്ത്രം വാങ്ങാതെ, ഒരുവേള കുറേക്കൂടി മെച്ചപ്പെട്ട വിദേശവസ്ത്രങ്ങൾ വാങ്ങുന്നതു പാപമാണെന്നു ഞാൻ കരുതുന്നു. എന്റെ സ്വദേശിസ്നേഹം മുഖ്യമായി കൈകൊണ്ടു നെയ്ത ഖദറിൽ കേന്ദ്രീകരിച്ചു്, ഇൻഡ്യയിൽ ഉണ്ടാക്കാവുന്നതും ഉണ്ടാക്കുന്നതുമായ സകലതിലേക്കും വ്യാപിക്കുന്നതാണു്. എന്റെ ദേശീയത എന്റെ 'സ്വദേശി'യോളം വിപുലമാണു്. സർവ്വലോകത്തിനും പ്രയോജനം ലഭിക്കുമാറു് ഇൻഡ്യ ഉയരണമെന്നാണു് എന്റെ ആഗ്രഹം. മററു രാഷ്ട്രങ്ങളുടെ നഷ്ടശിഷ്ടങ്ങൾക്കുമേൽ അവൾ ഉയരണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഇൻഡ്യയ്ക്കു ശക്തിയും കഴിവും ഉണ്ടെങ്കിൽ, അവളുടെ കലാസമ്പത്തുകളും ആരോഗ്യപ്രദങ്ങളായ സുഗന്ധദ്രവ്യങ്ങളും ബാഹ്യലോകത്തിനു് അയച്ചുകൊടുക്കും. എന്നാൽ, ഭൗതികലാഭങ്ങൾ സിദ്ധിക്കുമെന്നിരുന്നാലും, കറപ്പോ മദ്യങ്ങളോ അയയ്ക്കാൻ വിസമ്മതിക്കുകയും ചെയ്യും.

## 80

വസ്ത്രം ഒഴികെയുള്ള വിദേശസാമാനങ്ങളുടെ വിക്രയത്തെസംബന്ധിച്ചിടത്തോളം ഞാൻ ഏറെക്കുറെ ഉദാസീനനാണു്. വൈദേശികമാണെന്ന കാരണത്താൽ എല്ലാ വിദേശസാമാനങ്ങളും നിരോധിക്കപ്പെടേണ്ടതാണെന്നു് ഞാൻ ഒരിക്കലും വാദിച്ചിട്ടില്ല. ഇറക്കുമതിമൂലം നാടൻതൊഴിലാളികൾക്കും വ്യവസായങ്ങൾക്കും ഹാനിയുണ്ടാക്കുന്ന എല്ലാ വിദേശസാധനങ്ങളും നിശ്ശേഷം നിരോധിക്കണമെന്നാണു് എന്റെ അഭിപ്രായം. എന്നുവച്ചാൽ, നമ്മുടെ നാട്ടിൽത്തന്നെ സുലഭമായ ഒരു ചരക്കു്, യാതൊരു പരിത:സ്ഥിതിയിലും ഇറക്കുമതി ചെയ്യരുതു്. ഉദാഹരണത്തിനു്, ഇവിടത്തെ ഗോതമ്പിനെക്കാൾ മെച്ചപ്പെട്ടതാണെന്ന കാരണത്താൽ ആസ്ത്രേലിയൻഗോതമ്പു് ഇറക്കുമതിചെയ്യുന്നതു് പാപമാണെന്നു ഞാൻ കരുതുന്നു. എന്നാൽ കൂടിയേതീരൂ എന്നുണ്ടെങ്കിൽ സ്കോട്ട്ലൻഡിൽനിന്നും ഓട്ട്മീൽ വരുത്തുന്ന കാര്യത്തിൽ എനിക്കു ലേശംപോലും വൈമനസ്യമുണ്ടാവില്ല. കാരണം. നാം ഇൻഡ്യയിൽ ഓട്ടമീൽ കൃഷിചെയ്യുന്നില്ല. വേറൊരു വിധം പറഞ്ഞാൽ,

---

79. Young India, 12-3-1925 (Khadi, P. 44)
80· Young India, 15-11-1928 (Khadi. P. 382)

digitized by www .sreyas.in

വെറുപ്പോ വിദ്വേഷമോ നിമിത്തം ഒരൊററ വിദേശസാധനത്തിന്റെ ബഹിഷ്കരണത്തെയും ഞാൻ അനുകൂലിക്കില്ല. അഥവാ, ഒരു പ്രതിലോമദൃഷ്ടാന്തം എടുക്കാം; ഇൻഡ്യ വേണ്ടുവോളം തോൽ ഊററയക്കുന്നുണ്ട്. എന്നാൽ ഇതുകൊണ്ടു നിർമ്മിക്കുന്ന പാദരക്ഷകളെ അപേക്ഷിച്ച് വരവുതോൽകൊണ്ടുണ്ടാക്കുന്ന പാദരക്ഷകൾക്ക വിലക്കുറവും ഗുണക്കൂടുതലും കണ്ടേക്കാം. എങ്കിലും ഇവിടത്തെ തോൽകൊണ്ടു നിർമ്മിക്കുന്ന പാപ്പാസുകൾ ഉപയോഗിക്കേണ്ടതു് എന്റെ കർത്തവ്യമാണ്. ഇതിന്മണ്ണംതന്നെ നമ്മുടെ ആവശ്യത്തിനു വേണ്ടത്ര ശർക്കരയും പഞ്ചസാരയും ഇവിടെ നിർമ്മിക്കാമെന്നുണ്ടെങ്കിൽ പുറമേനിന്നും അവ ഇറക്കുമതിചെയ്യുന്നതിനെ ഞാൻ അപലപിക്കും. ഇറക്കുമതി നിരോധിക്കേണ്ട വിദേശസാമാനങ്ങളുടെ സമഗ്രമായ ഒരു പട്ടിക തരാൻ പ്രയാസമുണ്ടെന്നു മുകളിൽ കാണിച്ച ദൃഷ്ടാന്തങ്ങളിൽനിന്നു വ്യക്തമായിരിക്കുമല്ലോ. എല്ലാ സന്ദർഭങ്ങളിലും നമുക്ക് മാർഗ്ഗദർശകമാകാവുന്ന സാമാന്യതത്ത്വം ചൂണ്ടിക്കാണിക്കുകമാത്രമാണ് ഞാൻ ചെയ്തതു്. നമ്മുടെ രാജ്യത്തെ ഉൽപാദനത്തിന്റെ സ്ഥിതി ഇന്നത്തേപ്പോലെ തുടരുന്നിടത്തോളം ഭാവികാലത്തിനും ഈ സിദ്ധാന്തം യോജിക്കും.

## 81

ഇന്നത്തെ നില ഇതാണ്; ഇൻഡ്യാക്കാരൻ അവന്റെ നാട്ടിൽ ദാസൻ, ബ്രിട്ടീഷുകാരൻ യജമാനനും. രാജ്യഭരണകാര്യത്തിൽ പൊതുവേ ഇൻഡ്യാക്കാരൻ വെറും ഗുമസ്തനാണ്. ബിസിനസ്സിൽ അങ്ങേ അററം ഒരു കമ്മീഷൻ ഏജൻറും. ഇംഗ്ലീഷുകാരനു് 95% ലാഭം കിട്ടുമ്പോൾ അവനു കഷ്ടിച്ച് 5% കിട്ടും. ഇംഗ്ലീഷുകാരൻ അധീശവർഗ്ഗത്തിൽപ്പെട്ട ആളാകകൊണ്ട് എല്ലാ ജീവിതമണ്ഡലത്തിലും അയാൾക്ക വിശേഷാധികാരയുക്തമായ ഒരു സ്ഥാനമുണ്ട്. ഇംഗ്ലീഷുകാരൻ ഇൻഡ്യയുടെ വാണിജ്യത്തെയും വ്യവസായത്തെയും നശിപ്പിച്ചാണ് ഉൽഗതിപ്രാപിച്ചിട്ടുള്ളതെന്നു പറഞ്ഞാൽ അതിൽ പൊരുത്തക്കേടോ അതിശയോക്തിയോ ഉണ്ടാവില്ല. ലങ്കാഷയറിന് അഭിവൃദ്ധിപ്പെടാൻ ഇൻഡ്യയിലെ കുടിൽവ്യവസായം നശിക്കേണ്ടിയിരുന്നു. ബ്രിട്ടീഷ് നാവികവാണിജ്യം അഭിവൃദ്ധിപ്പെടാൻ ഇൻഡ്യൻ നാവികവാണിജ്യവും നശിക്കേണ്ടിയിരുന്നു. ഒരു വാക്കിൽ പറഞ്ഞാൽ, ബ്രിട്ടീഷുകാർക്ക സിംലായിലെ ഉന്നതസ്ഥാനങ്ങളിൽ ജീവിക്കാൻ നമ്മൾ അടിച്ചമർത്തപ്പെട്ടു. അവർ നമ്മുടെ വളർച്ച മുരടിപ്പിച്ചുകളഞ്ഞുവെന്നു ഗോഖലേ പറഞ്ഞതു് വെറും അലങ്കാരപ്രയോഗമല്ല. ഇൻഡ്യൻ താൽപര്യമെന്നോ ആംഗലതാൽപര്യമെന്നോ, യൂറോപ്യൻ താൽപര്യമെന്നോ വിവേചനം പാടില്ലെന്ന വാദം ഇൻഡ്യയുടെ അടിമത്ത

81. Young India, 26-3-1931 (Cent per cent Swadesi, P. 81)

digitized by www .sreyas.in

ത്തെ ശാശ്വതീകരിക്കാനേ ഉതകൂ. ഭീമനും വാമനനും തമ്മിൽ എന്തു് അവകാശസമത്വമാണുള്ളതു്? തുല്യതയില്ലാത്തവർ തമ്മിലുള്ള സമത്വത്തെപ്പററി ചിന്തിക്കാൻ കഴിയണമെങ്കിൽ, വാമനൻ ഭീമനോടൊപ്പം ഉയരണം. താഴ്വരയിൽ താമസിക്കുന്ന ജനലക്ഷങ്ങളെ സിംലായുടെ അധിത്യകകളിലേക്കു് മാററാൻ സാദ്ധ്യമല്ലാത്തതിനാൽ അവിടെ പാക്കുന്നവർ താഴ്വരകളിലേക്കു് ഇറങ്ങിവരണം. ഈ പ്രക്രിയ ദുഷ്കരമെന്നു തോന്നിയേക്കാം; എന്നാൽ താഴ്വരയിലെ ജനലങ്ങൾ അധിത്യകയിലെ അനുഗ്രഹീതരായ ഏതാനുംപേക്കു തുല്യരാകണമെങ്കിൽ ഇതുകൂടാതെ കഴിയില്ല.

## 82

ഇനിയും കടലോര നാവികവാണിജ്യത്തെപ്പററി കോൺഗ്രസ്സിനു് ആ വ്യാപാരം വികസിപ്പിക്കണമെന്ന ആശയത്തോടു് അതിയായ അനുഭാവമുണ്ടു്. എന്നാൽ കടലോരവാണിജ്യം സംബന്ധിച്ച ബില്ലിൽ യൂറോപ്യക്കെതിരായി എന്തെങ്കിലും വിവേചനം ഉണ്ടെങ്കിൽ, ഞാൻ യൂറോപ്യന്മാരുടെ പക്ഷംപിടിച്ചു്, ആ ബില്ലിനെ, അഥവാ ഇംഗ്ലീഷുകാരാണെന്ന കാരണത്താൽ ഇംഗ്ലീഷുകാക്കു് വിരുദ്ധമായി വിവേചനംകാണിക്കുന്ന പ്രമേയത്തെ, എതിക്കും. എന്നാൽ ഇപ്പോൾ വമ്പിച്ച വ്യാപാരിവർഗ്ഗങ്ങൾ ആവിർഭവിച്ചിരിക്കുന്നു. ഞാൻ മിക്കപ്പോഴും ബംഗാളിലെ വലിയ നദീമാർഗ്ഗത്തിലൂടെ മേലോട്ടു യാത്ര ചെയ്തിട്ടുണ്ടു്. വളരെക്കാലങ്ങൾക്കു മുമ്പു് ഐരാവതിയിലൂടെയും മേല്പോട്ടു സഞ്ചരിച്ചിട്ടുണ്ടു്. എനിക്കു് ആ വ്യാപാരത്തെപ്പററി ചിലതെല്ലാം അറിയാം. സൗജന്യങ്ങൾ, പ്രത്യേകാനുകൂല്യങ്ങൾ എന്നിവകൊണ്ടു് ഈ വമ്പിച്ച കാർപ്പറേഷനുകൾ വ്യവസായങ്ങളും, കമ്പനികളും ആക്കും മത്സരിക്കാൻ നിർവ്വാഹമില്ലാത്ത ഒരു വ്യാപാരവും കെട്ടിപ്പടുത്തിരിക്കുന്നു.

ചിററഗോംഗിനും റംഗൂണിനും ഇടയ്ക്കു് ഒരു കമ്പനി ഉടലെടുക്കുന്നതായി നിങ്ങളിൽ ചിലർ കേട്ടിരിക്കും. അതിന്റെ ഡയറ

82. 1931-ൽ (സെപ്തംബർ മുതൽ ഡിസംബർ വരെ) രണ്ടാം വട്ടമേശസമ്മേളനകാലത്തു് ഫെഡറൽ സ്ട്രക്ചർ കമ്മററിയിൽ ചെയ്ത ഒരു പ്രസംഗത്തിൽനിന്നു്. ഗാന്ധിജി ഈ കാലത്തു് ഇംഗ്ളണ്ടിൽ ചെയ്ത പ്രസംഗങ്ങളും അദ്ദേഹത്തിന്റെ അവിടത്തെ താമസം സംബന്ധിച്ചു് ശ്രീ മഹാദേവദേശായി എഴുതിയ വിവരണവും 1932-ൽ അപ്പപ്പോഴായി യംഗ് ഇൻഡ്യയിൽ വന്നുകൊണ്ടിരുന്നു. പിന്നീടു് അവ സമാഹരിച്ചു് The Nation's Voice എന്ന ശീർഷകത്തിൽ പുസ്തകരൂപേണ പ്രസിദ്ധീകരിക്കപ്പെട്ടു. (The Nation's Voice, pp. 57—58)

digitized by www .sreyas.in

കൂർമാർ പാവപ്പെട്ട മുസ്ലീങ്ങളാണ്. അവർ വളരെ ബദ്ധപ്പെടുന്നുണ്ട്. റംഗൂണിൽ വച്ച് അവർ എന്നെ സമീപിച്ച്, എന്തെങ്കിലും സഹായം ചെയ്തുകൊടുക്കാമോ എന്നു ചോദിച്ചു. എനിക്ക് അവരോട് തികഞ്ഞ അനുകമ്പ തോന്നി; പക്ഷേ ഒന്നും ചെയ്വാനുണ്ടായിരുന്നില്ല എന്തു ചെയ്യാനാണ്? പ്രബലമായ ബ്രിട്ടീഷ് ഇൻഡ്യാ സ്റ്റീം നാവിഗേഷൻകമ്പനി ഈ മുളച്ചുവരുന്ന കമ്പനിയെക്കാൾ വിലകുറച്ചു സാധനങ്ങൾ വില്ക്കുന്നു; പ്രായേണ യാതൊരു കൂലിയും വാങ്ങാതെ യാത്രക്കാരെ കയററിക്കൊണ്ടു പോകുന്നു. ഇത്തരം അനേകം ദൃഷ്ടാന്തങ്ങൾ എനിക്കു ചൂണ്ടിക്കാണിക്കാൻ കഴിയും. അതൊരു ബ്രിട്ടീഷ്കമ്പനിയായതുകൊണ്ടല്ല ഇങ്ങനെ ചെയ്യുന്നത്. തൽസ്ഥാനത്ത് ഒരു ഇൻഡ്യൻകമ്പനിയാണെങ്കിലും വ്യത്യാസമുണ്ടാവില്ല. തങ്ങളുടെ മൂലധനം ഇൻഡ്യയിൽ നിക്ഷേപിക്കുന്നതിനുപകരം ഇൻഡ്യയ്ക്കു പുറത്തു നിക്ഷേപിക്കുന്ന ഇൻഡ്യാക്കാർ ഉണ്ടല്ലോ. അതുപോലെ ഒരു ഇൻഡ്യൻ കമ്പനിയും മൂലധനം ഇവിടെ നിന്നും കൊണ്ടുപോകുന്നുവെന്നു സങ്കല്പിക്കുക. ഒരു വമ്പിച്ച ഇൻഡ്യൻ കോർപ്പറേഷൻ, ദേശീയഗവണ്മെൻറു ശരിയായ ഒരു നയമല്ല പിന്തുടരുന്നതെന്നു പേടിച്ച് അതിൻെറ പണം ഭദ്രമായി സൂക്ഷിക്കാൻ പുറത്തേക്കു കൊണ്ടുപോകുന്നുവെന്ന്, അതിൻെറ സകല ആദായങ്ങളും കൊണ്ടുപോയി ലോകത്തിൽ മറേറതെങ്കിലും ഭാഗത്തു നിക്ഷേപിക്കുന്നുവെന്ന്, സങ്കല്പിക്കുക. അല്പംകൂടി മുന്നോട്ടുകടന്ന്, ഈ ഇൻഡ്യൻ ഡയറക്ടർമാർ അത്യന്തം ശാസ്ത്രീയവും സമഗ്രവും, നിരവദ്യവുമായ രീതിയിൽ സംഘടിക്കുന്നതിന്, തങ്ങൾക്കു കൊണ്ടുവരാവുന്ന എല്ലാ യൂറോപ്യൻ വൈദഗ്ദ്ധ്യവും ഇവിടെ കൊണ്ടുവരുന്നുവെന്നും ഇവിടത്തെ ഈ പാട്ടപെടുന്ന കോർപ്പറേഷനുകളെ മേലോട്ടു വരാൻ അനുവദിക്കുന്നില്ലെന്നും സങ്കല്പിക്കുക. ആ പക്ഷത്തിൽ എനിക്കു നിശ്ചയമായും ചിലതെല്ലാം പറയാനുണ്ടാകും. ചിററഗോംഗ്കമ്പനിപോലെയുള്ള കമ്പനികൾക്കു സംരക്ഷണം നൽകാൻ നിയമനിർമ്മാണം വേണമെന്നു ഞാൻ ആവശ്യപ്പെടും.

ചില സ്നേഹിതന്മാർക്കു തങ്ങളുടെ കപ്പലുകൾ ഐരാവതിയിൽ ഇറക്കാൻപോലും സാധിച്ചിട്ടില്ല. അതു കേവലം അസാദ്ധ്യമായിത്തീർന്നിരിക്കുന്നു എന്ന് എന്നെ ബോദ്ധ്യപ്പെടുത്താൻ വിശ്വാസയോഗ്യമായ തെളിവുകൾ അവർ തന്നു. അവർക്കു ലൈസൻസു കിട്ടാൻ സാദ്ധ്യമല്ല; ആർക്കും അവകാശപ്പെട്ട സാമാന്യമായ ആനുകൂല്യങ്ങൾ ലഭിക്കില്ല. പണത്തിന് എന്തെല്ലാം വാങ്ങാൻ കഴിയുമെന്നും, ഇളംതയ്യുകളെ കൊല്ലുന്നതരം സ്ഥാനമാനങ്ങൾ പടുത്തുയർത്തിയാൽ, സർ ജോൺ ഗോർസ്റ്റിൻെറ ഭാഷയിൽ പറഞ്ഞാൽ, 'മുതിന്ന പോപ്പിച്ചെടികൾ കൊത്തിക്കളയേണ്ടതു് ആവശ്യമായിത്തീരുന്നു'വെന്നും നമ്മിൽ ഓരോരുത്തർക്കും

digitized by www .sreyas.in

അറിയാം. മുതിന് പോപ്പികാം തൈച്ചെടികളെ ഞെരുക്കിക്കൊല്ലാൻ അനുവദിച്ചുകൂടാ. സമുദ്രതീരവ്യാപാരത്തിൻെറ കാര്യത്തിൽ വാസ്തവത്തിൽ ഇതാണവസ്ഥ. ബില്ലിൻെറ വാചകം ശരിയായിരിക്കാം. സാരമില്ല. അതിൻെറ സാരാംശം തികച്ചും ശരിയാണെന്നു് എനിക്കു തോന്നുന്നു.

## 83

ഇൻഡ്യാ—ജപ്പാൻ കരാർ ഒരു മിഥ്യയാണു്. ഇംഗ്ലണ്ടും ജപ്പാനും തമ്മിലുള്ള ഒരു കരാറാണതു്. ജപ്പാൻ ഈ മത്സരത്തിൽനിന്നു് ഒഴിഞ്ഞുപോകണം. ഈ മത്സരം നിങ്ങാംക്കും ഞങ്ങാംക്കും ഉപദ്രവകരമാണു്. തന്നെപ്പററി ഗണിക്കാതെ ആക്കും മററുള്ളവരെ ദാസ്യത്തിൽവയ്ക്കാൻ കഴികില്ല. ഏതാനും കൊല്ലങ്ങാംക്കുമുമ്പു നാം നമ്മുടെ ആവശ്യത്തിനു വസ്ത്രങ്ങാം നിമ്മിച്ചിരുന്നു. ഇപ്പോാം നമുക്കു വസ്ത്രങ്ങാം ജപ്പാനിൽനിന്നും ഇംഗ്ലണ്ടിൽനിന്നും ലഭിക്കേണ്ടിയിരിക്കുന്നു. ഇതു് അസ്വാഭാവികമായ ഒരു അവസ്ഥയാണു്. നമ്മുടെ മാത്രമല്ല സവ്വലോകത്തിൻെറയും ആവശ്യത്തിനു മതിയായ വസ്ത്രം നമുക്കു ഉണ്ടാക്കാൻ കഴിഞ്ഞിരുന്നു. ഈ രാജ്യത്തു പ്രകൃതിവിഭവങ്ങാം വേണ്ടുവോളമുണ്ടു്. സ്വന്തം പഞ്ഞി അന്യരാജ്യങ്ങളിലയച്ചു പകരം അവിടെ നിർമ്മിച്ച ചരക്കുകാം വാങ്ങുന്നതിൽ അത്യന്തം ബീഭത്സമായ തെററുണ്ടു്. ഒൻപതുകോടി രൂപയുടെ തോൽ ഇവിടെനിന്നും കയററിഅയയ്ക്കപ്പെടുന്നു. എന്തിനു്? സംസ്കൃതസാധനങ്ങളാക്കി തിരിയെ വാങ്ങാൻ. ഇതിനു യാതൊരു ആവശ്യവുമില്ല.

## 84

ഇൻഡ്യയുടെ ഗുണത്തിനു് അന്യരാജ്യങ്ങളെ ചൂഷണംചെയ്‌വാൻ എനിക്കു് ഉദ്ദേശമില്ല. നാംതന്നെ ചൂഷണത്താൽ വലയുന്നവരാണു്. എൻെറ രാജ്യം അത്തരം അപരാധം ചെയ്യുന്നതു് എനിക്കു് ഇഷ്ടമല്ല. ജപ്പാൻ, ഒരു സ്വതന്ത്രരാജ്യമെന്നനിലയിൽ ഇൻഡ്യയുടെ സഹായം ആവശ്യപ്പെടുകയും നമുക്കു ലാഭകരമായി നിർമ്മിക്കാവുന്ന ചില സാധനങ്ങാം കയററിഅയച്ചുകൊടുക്കണമെന്നു പറയുകയും ചെയ്താൽ ഞാൻ സന്തോഷപൂവ്വം അതിനു സമ്മതിക്കും. എന്നാൽ ഒരു രാജ്യം മറെറാരു രാജ്യത്തു കരസേനയുടേയും കടൽസേനയുടേയും സഹായത്തോടുകൂടി സാധനങ്ങാം കൊണ്ടുചെന്നു മറിക്കുന്ന സമ്പ്രദായം അവസാനിക്കണം. അതാണു് എൻെറ പദ്ധതി.

---

83. Harijan, 27-2-1937 (Economic and Industrial Life and Relations, vol. II, P. 43)

84. Harijan, 29-9-1940, P. 298

digitized by www .sreyas.in

അമേരിക്കയുടെ ചൂഷണം, ചൂഷിതചൂഷകരാജ്യങ്ങളുടെ സാമ്പത്തികവളർച്ചയെ സഹായിച്ചിട്ടില്ല. നേരേമറിച്ച് അത് അവയുടെ ആത്മീയപുരോഗതിയെ തടസ്സപ്പെടുത്തുകയും അമേരിക്കയുടെ യഥാർത്ഥജീവകാരുണ്യശീലത്തെ ക്ഷയിപ്പിക്കുകയുമാണ് ചെയ്തിട്ടുള്ളത്. അമേരിക്കയിലുണ്ടായപോലെയൊരു പ്രതിഭാസം ഇൻഡ്യയിൽ ഉണ്ടാകാൻ പാടില്ല. ടൺകണക്കിനു പഞ്ചസാരയും കാർഷികോല്പന്നങ്ങളും അവിടെ നശിപ്പിച്ചതിനെയാണ് ഞാൻ സൂചിപ്പിക്കുന്നത്. ആ പഞ്ചസാരയും ഗോതമ്പും അന്യരാജ്യങ്ങൾക്കോ, അമേരിക്കയിൽത്തന്നെ തൊഴിലില്ലാത്തവർക്കോ കൊടുക്കാമായിരുന്നു.

## ജെ. സാമ്പത്തികനിയന്ത്രണങ്ങൾ

### 85

പോലീസുകാർ പലപ്പോഴും ഒരു ചെറുകിട കച്ചവടക്കാരനെ റാഞ്ചിപ്പിടിച്ച് അധികാരികളുടെ മുമ്പിൽ വലിച്ചിഴച്ചു കൊണ്ടു ചെല്ലും. 'കച്ചവടക്കാരെ ഒരു പാഠം പഠിപ്പിക്കാനാണ്' ഇങ്ങനെ ചെയ്യുന്നതെന്നു നമ്മോടു പറയും. അവരെ പഠിപ്പിക്കുന്ന പാഠത്തിന്റെ അർത്ഥം നമുക്കറിയാം. ഇൻഡ്യൻവാണിജ്യമണ്ഡലക്കമ്മററി ഇൻഡ്യാഗവണ്മെൻറിനയച്ച ഒരു കത്തിൽ വില നിയന്ത്രണം എന്തെല്ലാം അനർത്ഥങ്ങളാണുളവാക്കുന്നതെന്നു വ്യക്തമാക്കിയിട്ടുണ്ട്. ജീവിതാവശ്യസാധനങ്ങൾ ന്യായവിലയ്ക്കു പൊതുജനങ്ങൾക്കു ലഭ്യമാക്കുകയും കൊള്ളലാഭം തടയുകയുമാണു വിലനിയന്ത്രണത്തിന്റെ പ്രഖ്യാപിതോദ്ദേശ്യം. കമ്മററിയുടെ കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഗവണ്മെൻറു കൈക്കൊണ്ടുപോരുന്ന നടപടികൾ ഫലത്തിൽ ഏറിയകൂറും ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുകയാണു ചെയ്തിട്ടുള്ളത്. വിലനിയന്ത്രണം ഏർപ്പെടുത്തുന്നതിനെത്തുടർന്ന് സാധനങ്ങൾ കമ്പോളത്തിൽ കുറയുന്നതോ നിശ്ശേഷം അപ്രത്യക്ഷപ്പെടുന്നതോ ആയ പ്രവണത കാണാം. ഇത്തരം ദൗർലഭ്യത്തിനും തിരോധാനത്തിനും എതിരായി ഗവണ്മെൻറു സമുചിത നടപടികൾ എടുക്കുന്നില്ലെങ്കിൽ ആ പ്രവണത തുടരുകയേ ഉള്ളൂ. ഉദാഹരണത്തിന്, അടുത്തകാലത്ത് ഇൻഡ്യാഗവണ്മെൻറ് ഗോതമ്പിന്റെ വില ക്ലിപ്തപ്പെടുത്തിയതുമൂലം കൽക്കത്താക്കമ്പോളത്തിൽ ആ ചരക്കു ദുർലഭമായി; സ്ഥിതിഗതികൾ വാസ്തവത്തിൽ വളരെ ഗൗരവാവഹമായിത്തീർന്നിരിക്കുന്നു. സപ്ലൈ നിലനിർത്തുന്നതിനു വേണ്ട നടപടികൾ ഗവണ്മെൻറ് യഥാസമയം കൈക്കൊണ്ടില്ലെങ്കിൽ, കുറച്ചുനാൾക്കൂടി

85. Harijan, 8-2-1942 (Food-shortage and Agriculture. pp. 85-86)

digitized by www .sreyas.in

ക്കഴിഞ്ഞാൽ ഗോതമ്പു് ഒരുവേള കിട്ടാൻതന്നെ പ്രയാസമാവും. യു. കെ. യിലും കഴിഞ്ഞ കൊല്ലം തക്കാളിയുടെയും അരിനെല്ലിക്കായുടെയും വില ക്ലിപ്തപ്പെടുത്തിക്കഴിഞ്ഞയുടനെ ആ സാധനങ്ങൾ കമ്പോളത്തിൽനിന്നു് അപ്രത്യക്ഷമായി. ഇതേ അനുഭവകഥ ഇൻഡ്യയിലെ മററു സ്ഥലങ്ങളിൽനിന്നും കിട്ടുന്നുണ്ടു്. ഒരു സ്ഥലത്തു്, രൂപയ്ക്കു് ഒരു സേർ ഗോതമ്പു കിട്ടാൻ അസാദ്ധ്യമാണത്രേ. പോലീസിൻെറ നടപടി പലപ്പോഴും വകതിരിവില്ലാത്ത തരത്തിലാണു്. കമ്മററി അതേപ്പററിയും പരാമർശിക്കുന്നുണ്ടു്. നോക്കുക:

''ഇപ്പോൾ ഇങ്ങനെയാണു ചെയ്തുവരുന്നതു്. ഏതെങ്കിലും ഒരു സാധനം കമ്പോളത്തിൽ വില്ക്കപ്പെടുന്നില്ലെന്നു കാണുമ്പോൾ പോലീസ് അതിൻെറ കാരണം നോക്കാതെ, വിവേചനരഹിതമായ നടപടി എടുക്കുന്നു; സാധനങ്ങൾ നിശ്ചിതവിലയിൽ കൂട്ടി വിററതിനും, പൂഴ്ത്തിവച്ചതിനും അവിടുന്നും ഇവിടുന്നും ഏതാനുംപേരെ അറസ്ററുചെയ്യുന്നു. പൂഴ്ത്തിവയ്പിനെ കമ്മററി പിന്താങ്ങുന്നില്ല; അത്തരം വഴക്കങ്ങൾ നിയന്ത്രിക്കേണ്ടതാണെന്നു സമ്മതിക്കയും ചെയ്യുന്നു. എന്നാൽ പോലീസിൻെറ വിവേചനരഹിതമായ നടപടി വ്യാപാരത്തെ തകിടംമറിക്കാനേ ഉപകരിക്കു എന്നും, ഇമ്മാതിരി ഉപദ്രവങ്ങൾ സഹിക്കുന്നതിലും ഭേദം വ്യാപാരം നിർത്തിക്കളയുകയാണെന്നു പല ചെറുകിട കച്ചവടക്കാരും വിചാരിക്കുന്നുണ്ടെന്നും കമ്മററി ചൂണ്ടിക്കാണിക്കുന്നു.''

കൂടാതെ, വിവിധ പ്രവിശ്യാഗവണ്മെൻറുകളുടെ നടപടി അസമീകൃതവുമാണു്.

''ഉദാഹരണത്തിനു്, കഴിഞ്ഞ സെപ്ററംബറിൽ ഹാപ്പൂർ കമ്പോളത്തിൽ, ഗോതമ്പിനു മററു കേന്ദ്രങ്ങളിലെ നിരക്കുമായി യാതൊരു ബന്ധവുമില്ലാത്ത വില യു. പി ഗവണ്മെൻറു നിശ്ചയിച്ചു. ഗോതമ്പിൻെറ നിലവാരം ഇൻഡ്യയിലെ, മററു പ്രവിശ്യകളിലെയും - വിശേഷിച്ചു് പഞ്ചാബിലെ — കമ്പോളങ്ങളിലെയും വിലനിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായിരുന്നു. ഇങ്ങനെ വില ക്ലിപ്തപ്പെടുത്തിയതിൻെറ ഫലമോ? ഹാപ്പൂർ കമ്പോളത്തിൽനിന്നു് ഒരു നിശ്ചിതനിരക്കിൽ ഗോതമ്പു വാങ്ങാൻ മുൻകൂട്ടി കരാർ ചെയ്തിരുന്ന ഇന്ത്യയുടെ മററു ഭാഗങ്ങളിലെ, ഉദാഹരണത്തിനു കൽക്കത്തായിലെ, കച്ചവടക്കാർക്കു് ആ കമ്പോളത്തിൽനിന്നു് ഗോതമ്പു കിട്ടാൻ കഴിഞ്ഞില്ല. വില കൂടുതലുള്ള പഞ്ചാബിലെ വിപണിയിലേക്കു വലിയ അളവിൽ ഗോതമ്പു് ആകർഷിക്കപ്പെട്ടു.''

സംഗതിക്കു മററു ചില വശങ്ങൾകൂടിയുണ്ടു്. അവയിലേക്കു നാം കടക്കേണ്ട. മേൽ സൂചിപ്പിച്ച ക്രമക്കേടുകളും വൈഷമ്യ

digitized by www .sreyas.in

ങ്ങളും അവസാനിക്കുകയും കൺട്രോൾപദ്ധതി വിജയിക്കുകയും ചെയ്യണമെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധിക്കണം:

1) ഗവണ്മെൻറു നിശ്ചയിക്കുന്ന വിലയ്ക്ക് റീപ്ലേസ്മെൻറ് കോസ്ററുമായി ശരിയായ ബന്ധമുണ്ടായിരിക്കണം.

2) ഗവണ്മെൻറ് സാധനങ്ങൾ ആ നിരക്കിനു വിൽക്കാൻ തയ്യാറായിരിക്കണം. ഉല്പാദനത്തിൻെറ മൊത്തം ചെലവ്, വാഹനക്കൂലി, അസംസ്കൃതസാധനങ്ങളുടെ ലഭ്യത, വേതനം, ന്യായമായ ലാഭം ഉൾപ്പെടെയുള്ള മററു ഘടകങ്ങൾ എന്നിവ കണക്കിലെടുത്തുകൊണ്ടു വേണം വിലനിരക്കുകൾ നിശ്ചയിക്കുവാൻ.

ഇതു് അത്യന്തം ഭദ്രമായ ഒരു അഭിപ്രായമാണു്. നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറിനു പ്രയാസവുമില്ല. കമ്മററി ഇതിലേക്കു മാർഗ്ഗനിർദ്ദേശം ചെയ്തിട്ടുണ്ട്. ഗവൺമെൻറ് ഏററവും കൂടിയ വില ക്ലിപ്തപ്പെടുത്തിയശേഷം രാജ്യത്തിൻെറ വിവിധകേന്ദ്രങ്ങളിൽ എത്രാനും വലിയ ധാന്യപ്പുരകൾ സ്ഥാപിക്കയും മൊത്തമായോ ചില്ലറയായോ എത്ര ചാക്കു ധാന്യവും ആ നിരക്കിനു വില്ക്കാൻ തയ്യാറായിരിക്കയും വേണം. ധാന്യങ്ങൾ ഒരു പ്രത്യേക വിലനിരക്കിനു വിൽക്കാൻ ഗവൺമെൻറു സന്നദ്ധമാണെങ്കിൽ, കച്ചവടക്കാർ വിലനിരക്കു വർദ്ധിപ്പിക്കാൻ മുതിരുകയില്ല. വെള്ളിയെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ ഇങ്ങനെയാണു സംഭവിക്കുന്നതു്.

ഫെബ്രുവരി ഒന്നാം വാരത്തിൽ കൂടാനിരിക്കുന്ന പ്രൈസ് കൺട്രോൾ കാൺഫ്രൻസിൽ വിവിധ വ്യാപാരങ്ങളുടെ പ്രതിനിധികളുമായി ആലോചിച്ച്, ഈ പ്രമേയം പരിഗണിക്കുകയും താമസംവിനാ നിയന്ത്രണാതീതമായിപ്പോയേക്കാവുന്ന സ്ഥിതിവിശേഷത്തിനു് അറുതിവരുത്തുകയും വേണം.

## 86

ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കാൻ ഗവണ്മെൻറു ചെയ്ത ശ്രമം തികഞ്ഞ പരാജയമായിട്ടാണു കലാശിച്ചിരിക്കുന്നതു്. അടുത്ത കാലത്തു് ഗോതമ്പിൻെറ കൂടിയ വില മന്നിനു് 4 രൂപ 6 ണയായി നിശ്ചയിച്ചുകൊണ്ടുള്ള നിയന്ത്രണം ഉപഭോക്താവിനെ സഹായിക്കുന്നതിനുപകരം പല കമ്പോളകേന്ദ്രങ്ങളിലും ആ സാധനത്തിൻെറ സാക്ഷാൽ ദുർഭിക്ഷം ഉളവാക്കുകയാണു ചെയ്യുന്നതെന്നാണു് പൊതുവേയുള്ള അനുഭവം. മനശ്ശാസ്ത്രപരമായി ഈ നിയന്ത്രണം ഒരു പരിഭ്രാന്തിക്കും സ്വകാര്യോപ

86. Harijan, 12-4-1942 (Food-shortage and Agriculture, pp. 88—89)

digitized by www .sreyas.in

യോഗാത്മമുള്ള പൂഴ്ത്തിവയ്പിനും കാരണമായി. അതിന്റെ ഫലമോ? കമ്പോളത്തിൽ ഒരു വിലയ്ക്കും ഗോതമ്പ് കിട്ടാനില്ല.

ഗവണ്മെന്റിന്റെ വിലനിയന്ത്രണനടപടി മുഴുവൻ തെററായിട്ടാണ് വിഭാവനം ചെയ്തതു്; അവിദഗ്ദ്ധമായിട്ടാണ് പ്രയോഗത്തിൽ വരുത്തിയതു് ഗവണ്മെന്റിനു വിതരണം നടത്താൻ ഒരു മെഷിനറിയും ഉണ്ടായിരുന്നില്ല. സ്വകാര്യ മെഷിനറി ഉണ്ടായിരുന്നതെല്ലാം ഗവണ്മെന്റിന്റെ നടപടിമൂലം നശിക്കയും ചെയ്തു. ഗവണ്മെന്റ് ഗോതമ്പുവില നിയന്ത്രിക്കാൻ വിചാരിച്ചപ്പോൾ സ്റ്റോക്കു വാങ്ങുന്നതിനും വാങ്ങുന്ന വിലയ്ക്കു വില്ക്കുന്നതിനും കാര്യക്ഷമമായ ഒരു മെഷിനറി ഉണ്ടാക്കുകയായിരുന്നു ശരിയായ മാർഗ്ഗം. കാര്യശേഷിയുള്ള ഒരു വമ്പിച്ച മെഷിനറിതന്നെ ഇതിനു വേണ്ടിയിരുന്നു. എന്നാൽ അതുണ്ടാക്കിയില്ല. നേരേമറിച്ച് ഒരു സുപ്രഭാതത്തിൽ ഗവണ്മെന്റ് ഗോതമ്പിന്റെ കൂടിയ വില പ്രഖ്യാപിച്ചു. എന്നിട്ട് സ്റ്റോക്ക് അന്വേഷിക്കാനും തുടങ്ങി. ഇങ്ങനെ വിതരണമെഷിനറിയെപ്പററിയോ വിതരണം ചെയ്യുന്ന സ്റ്റോക്കിന്റെ സ്ഥാനത്തു പുതിയ സ്റ്റോക്കു വാങ്ങിവയ്ക്കുന്നതിനു വേണ്ടിവരുന്ന ചെലവിനെപ്പററിയോ പരിഗണനകൂടാതെയുള്ള ഗവണ്മെന്റിന്റെ ഇത്തരം പിടിപ്പുകെട്ട ഉദ്യമവും, പല സ്ഥലങ്ങളിലും ഇടനിലക്കാരുടെ ഭീഷണിപ്രയോഗവും, യു. പി. യെപ്പോലെയുള്ള പല പ്രവിശ്യകളിലും കണക്കുവയ്ക്കുന്ന രീതിയെ സംബന്ധിച്ചുള്ള നിയന്ത്രണങ്ങളും, ഒരു പ്രദേശത്തുനിന്നു് മറെറാരു പ്രദേശത്തേയ്ക്കു് — എന്നല്ല, ഒരു ഡിസ്ട്രിക്ടിൽനിന്നു് മറെറാരു ഡിസ്ട്രിക്ടിലേക്കുപോലും — ധാന്യങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും എല്ലാംകൂടി കച്ചവടത്തിന്റെ സാധാരണ സരണികളെ താറുമാറാക്കുകയും, ജനങ്ങളുടെ ഇടയിൽ പരിഭ്രാന്തി ജനിപ്പിക്കുകയും തൽഫലമായി സ്വാത്മപരമായ പൂഴ്ത്തിവയ്പിനു വഴിതെളിക്കുകയും ചെയ്തു. ആകയാൽ, വില, വിതരണം, ട്രാൻസ്പോർട്ട് എന്നിവയിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ഗവണ്മെന്റു നീക്കംചെയ്യുന്നതു നന്നായിരിക്കും. നിയന്ത്രണം നീക്കുന്നതോടെ ഗോതമ്പുപോലെയുള്ള ചില ഭക്ഷ്യസാധനങ്ങളുടെ വില പെട്ടെന്നൊന്നു വദ്ധിച്ചെന്നു വരാം. എന്നാൽ ഉപഭോക്താക്കളായ ബഹുജനങ്ങൾക്ക്, നിയന്ത്രിതമെന്നു പറയപ്പെടുന്ന വിലയ്ക്കു വേണ്ടിടത്തോളം ഭക്ഷ്യപദാർത്ഥങ്ങൾ കിട്ടാൻ നിവൃത്തിയില്ലാത്ത കാലത്തോളം, ഇന്നത്തെ നയം ഉപഭോക്താവിനു് കൃത്രിമമായ ധാന്യദുർഭിക്ഷത്തിനു സംഗതിയാക്കുകയേ ഉള്ളു. ഗവണ്മെന്റ് ഏർപ്പെടുത്തിയ വിലനിയന്ത്രണം മിക്ക സന്ദർഭങ്ങളിലും വിചിത്രമായ ഫലമാണു് ഉളവാക്കിയതു്. കമ്പോളത്തിലെ സ്റ്റോക്കുകൾ മുഴുവൻ അപ്രത്യക്ഷമായി, ഉപഭോക്താവിനു നിയന്ത്രിതസാധനങ്ങൾ ഒരുവിലയ്ക്കും കിട്ടാൻ സാധിക്കാതായി.

digitized by www .sreyas.in

ആകയാൽ, നിയന്ത്രണത്തിന്റെ അഭാവം അപ്രഗത്ഭവും അപൂർണ്ണവുമായ നിയന്ത്രണത്തെക്കാൾ ഉപഭോക്താവിനു ഗുണകരമായിരിക്കുമെന്ന നിഗമനം നിരാക്ഷേപമാണ്.

നിയന്ത്രണമില്ലാതാവുമ്പോൾ, പൊതുജനങ്ങൾക്ക് ഒരു പ്രത്യേക ഉത്തരവാദിത്വമുണ്ട്. അവർ പരിഭ്രമിക്കയും തങ്ങളുടെ ആവശ്യത്തിനു വേണ്ടതിൽക്കൂടുതൽ ഭക്ഷ്യസാധനങ്ങൾ സംഭരിച്ചുവയ്ക്കുകയും ചെയ്യരുത്.

ഈ ഗൗരവാവഹവും പ്രയാസംനിറഞ്ഞതുമായ കാലഘട്ടത്തിൽ, രാജ്യത്തോടുള്ള കടമ വ്യാപാരികളും കച്ചവടക്കാരും ഓർമ്മിക്കണം. അമിതലാഭം ഉണ്ടാക്കാനുള്ള സകലശ്രമവും അവർ ഉപേക്ഷിക്കണം. ഏതു പൂഴ്ത്തിവയ്പുനയവും രാഷ്ട്രത്തിനു വമ്പിച്ച ദോഷം ചെയ്യുമെന്നു മാത്രമല്ല പൂഴ്ത്തിവെപ്പുകാർക്കുതന്നെ ഗുരുതരമായ വിപത്താവുകയും ചെയ്യും.

ഗവണ്മെന്റിനു ചെയ്യാൻ സാധിക്കാത്തതു കച്ചവടക്കാർക്കു ചെയ്യാം.

## 87

12-ാം തീയതിയിലെ ഹരിജൻ വിലനിയന്ത്രണത്തെപ്പററി എഴുതിയ ലേഖനം അത്യന്തം സ്വാഗതാർഹമാണ്. ഇപ്പോഴത്തെ വിലനിയന്ത്രണം പരിത്യജിക്കേണ്ടതിന്റെ മുഖ്യകാരണം ആർക്കും അതു ഗുണം ചെയ്തിട്ടില്ല എന്നുള്ളതാണ്. ഉപഭോക്താവിനു് ഒട്ടുംതന്നെയില്ല. ഉല്പാദകരുടെയും വിതരണക്കാരുടെയും മാത്രമല്ല ഉപഭോക്താക്കളുടെയും താൽപര്യം മുമ്പിൽ വച്ചുകൊണ്ടു് പ്രശ്നം മുഴുവൻ പുനരാലോചിക്കേണ്ടിയിരിക്കുന്നു. വിലനിയന്ത്രണത്തിന്റെ ഗൗരവാവഹമായ ഒരു ഫലം, കമ്പോളത്തിൽനിന്നു ഭക്ഷ്യസാധനങ്ങൾ നിഷ്കാസിതമാകുന്നു എന്നതുമാത്രമല്ല, അവ ഉണ്ടായിരുന്ന സ്ഥലത്തും പാവപ്പെട്ടവനു പ്രയാസം നേരിടുന്നു എന്നതുകൂടിയാണ്. ഗവണ്മെന്റു വലിയ പൂർവ്വചിന്തയോ, വ്യാപാരികളുമായി കൂടിയാലോചനയോ കൂടാതെ നിയന്ത്രിതവില പ്രഖ്യാപിച്ചു; എന്നാൽ ചരക്ക് ആ വിലയ്ക്കു ലഭ്യമാകുന്ന കാര്യത്തിൽ പരാജയപ്പെടുകയും ചെയ്തു.

നിയന്ത്രണം ഏർപ്പെടുത്താൻ വിചാരിച്ചപ്പോൾ അതു് എല്ലാ നിത്യോപയോഗസാധനങ്ങൾക്കും ബാധകമാക്കേണ്ടതായിരുന്നു. എന്നാൽ നിയന്ത്രണം ഭക്ഷ്യസാധനങ്ങൾക്കുമാത്രം ഏർപ്പെടുത്തി, വസ്ത്രം, മണ്ണെണ്ണ, തീപ്പെട്ടി, കടലാസ്, ഇരുമ്പ് മുതലായ സാധനങ്ങളുടെ വില നിയന്ത്രിച്ചതുമില്ല. ഈ സാധനങ്ങളുടെ വില യാകട്ടെ, നൂറുശതമാനംമുതൽ മുന്നൂറു ശതമാനംവരെ കുതിച്ചുകയറി.

87. Harijan, 26-4-1942 (Food-shortage and Agriculture, pp. 90—92)

digitized by www .sreyas.in

പാവപ്പെട്ട കർഷകനാണ് അതുമൂലം ഏററവും കൂടുതൽ ദോഷം സംഭവിച്ചതു്. ധാന്യവില വർദ്ധിച്ചതുകൊണ്ടുള്ള പ്രയോജനം അയാൾക്കു കിട്ടിയില്ല. അയാളുടെ വീക്ഷണകോണത്തിൽനിന്നു നോക്കിയാൽ, ധാന്യവിലയുടെ നിയന്ത്രണം അയാൾക്കു ഭയങ്കരമായ ദോഷമാണ് വരുത്തിവച്ചതെന്നു കാണാം. കാരണം, അയാൾക്കു വിക്രയം ചെയ്യാനുള്ള ഏകസാധനം നിയന്ത്രിതമായി; അതേസമയം മററുള്ള നിത്യോപയോഗസാധനങ്ങൾക്കു് അയാൾ തീപിടിച്ച വില കൊടുക്കുകയും വേണമെന്നു വന്നു.

മററു് ഏതു സംഗതിയിലുമെന്നപോലെ ഇതിലും പ്രധാന വൈഷമ്യകാരണം ഉത്തരവാദിത്വമുള്ള ഒരു ഗവണ്മെൻറിൻെറ അഭാവമാണ്. റൂറൽ എക്കണോമിക്ക് സൊസൈററിയുടെ എക്കണോമിക്ക് ജേർണലിൽ, കഴിഞ്ഞ യുദ്ധകാലത്തു ജർമ്മനിയിൽ ഏർപ്പെടുത്തിയ വിലനിയന്ത്രണത്തെപ്പററി പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ലേഖനം ഈ പ്രശ്നം സംബന്ധിച്ചു ധാരാളം വെളിച്ചം വീശുന്നുണ്ട്, ഒരു പോംവഴിയും കാട്ടിത്തരുന്നുണ്ട്. ഗവണ്മെൻറു് ഈ ലേഖനം ഒന്നു വായിക്കേണ്ടതാണ്. ആഭ്യന്തരമായ സാമ്പത്തികമുന്നണി (Economic Home Front) ബലപ്പെടുത്തുന്നതിനും അതേസമയം ത്യാഗസമത്വത്തിൻെറ സമതുലിതാവസ്ഥയെ അധികം ഉലയ്ക്കാതിരിക്കാനും, ബ്രിട്ടീഷുകാരുടെ ശ്രമങ്ങൾ സഹായകമായി, ജർമ്മൻകാരുടെ അനുഭവത്തിൽനിന്നും നിഗമനങ്ങൾ എടുക്കേണ്ടതാണെന്നു് ലേഖകനായ ലിയോൺ സീററ്ലിൻ പറയുന്നു.

അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ള ഒന്നാമത്തെ സംഗതി ആദേശവ്യയം, (Replacement Cost) നിർണ്ണയിക്കലാണ്. ഇതിനു് രണ്ടു് അർത്ഥമുണ്ട്: 1. ഉൽപാദകരെ സംബന്ധിച്ചിടത്തോളം അതു് ഉൽപാദനച്ചെലവാണ്. 2. വിതരണക്കാരെ (മൊത്തവും ചില്ലറയും വിതരണക്കാരെ) സംബന്ധിച്ചിടത്തോളം തങ്ങളുടെ സ്റ്റോക്കിൽനിന്നും വിററ സാധനങ്ങളുടെ അതേ ഗുണത്തിലും അളവിലും ഉള്ള സാധനങ്ങൾ വാങ്ങുന്നതിനു് അവർ കൊടുക്കേണ്ടിവരുന്ന വിലയാണ്. എന്നാൽ ഈ വിലനിരക്കുകൾ നിർണ്ണയിക്കുന്നതു്, ഒരു നിശ്ചിതകാലത്തെ (മൂന്നു മാസത്തേതെന്നിരിക്കട്ടെ) പഴയതും പുതിയതുമായ സ്റ്റോക്കിൻെറ ശരാശരി എടുത്തായിരിക്കണം.

രണ്ടാമത്തെ കാര്യം, വിലനിയന്ത്രണപരിധിയിൽ വരുന്ന സാധനങ്ങളുടെ എണ്ണത്തെ സംബന്ധിച്ചുള്ളതാണ്. ''വിലനിയന്ത്രണം കാര്യക്ഷമമായിരിക്കണമെങ്കിൽ അതിൻെറ പരിധിയിൽ നിന്നും ഏററവും കുറച്ചു സാധനങ്ങൾ മാത്രമേ ഒഴിവാക്കപ്പെടാവൂ. പാവപ്പെട്ട കർഷകൻ ഈ രാജ്യത്തു സഹിച്ചുകൊണ്ടിരിക്കുന്ന പ്രയാസത്തെ ഇത്തരം നിയന്ത്രണം ലഘൂകരിക്കും.

digitized by www .sreyas.in

''എന്നാൽ ഈ രാജ്യത്തെ സർവ്വപ്രധാനമായ കാര്യം ട്രേഡ് യൂണിയനുകളുടെ സേവനത്തെ ആകർഷിക്കുക എന്നുള്ളതാണ്. ബ്രിട്ടനോ ജർമ്മനിയോ പോലെയുള്ള സ്വാതന്ത്ര്യരാജ്യങ്ങളിൽ അതു് ഒരു സാധാരണ രീതിയാണ്. അങ്ങനെയൊരു നീക്കം ഇവിടെ ഉണ്ടാവില്ല. ഉണ്ടായാൽത്തന്നെ ഇവിടത്തെ വൈദേശിക ബ്യൂറോക്രസിക്കു് അതു് അനിഷ്ടമായിരിക്കുകയും ചെയ്യും. പക്ഷേ ട്രേഡ് യൂണിയനുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ എല്ലാ വിലനിയന്ത്രണവും സങ്കീർണ്ണമായിക്കിടക്കുകയേ ഉള്ളു. ജർമ്മനിയിലെ ട്രേഡ്‌യൂണിയനുകൾ സാമ്പത്തികജീവിതത്തിൽ മററു രാജ്യങ്ങളിലെ തത്തുല്യസംഘടനകളേക്കാൾ പ്രധാനപ്പെട്ട ഒരു പങ്കു വഹിച്ചുവെന്നു ലേഖകൻ പറയുന്നു. ഒരുവക 'പ്രവേശനമില്ലാക്കട' (closed shop) സമ്പ്രദായം അവിടെ വികസിതമാകയും, സംഘത്തിനു്, അംഗമായി ആരെ പ്രവേശിപ്പിക്കാം, ആരെ പ്രവേശിപ്പിച്ചുകൂടാ എന്നു തീരുമാനിക്കാനുള്ള അവകാശം ലഭിക്കുകയും ചെയ്തു. സംഘോദ്യോഗസ്ഥന്മാർ റീച്ചിലെ ഡെപ്യൂട്ടി കമ്മീഷണർമാരായി നിയമിക്കപ്പെട്ടു. അങ്ങനെ അവർ ഗവൺമെൻറിൻെറ ട്രസ്റ്റികളായിത്തീർന്നു. യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനു തൊട്ടുപുറകേ സ്ഥാപിതമായ 'യുദ്ധകാര്യാലയ'ത്തിൻെറ ഒരു പ്രത്യേക വകുപ്പായിരുന്നു ഈ സംഘടനയുടെ കേന്ദ്രം. ഈ വകുപ്പു് ലഭ്യമായ എല്ലാ അസംസ്കൃതസാധനങ്ങളും പിടിച്ചെടുത്തു്, യുദ്ധാവശ്യങ്ങൾ മാത്രമല്ല, സിവിൽ ആവശ്യങ്ങളും വിനിമയം ചെയ്തു. മാത്രമല്ല, അതിൻെറ ദൂരവ്യാപകങ്ങളായ ബഹുവിധ സാമ്പത്തികപ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കുന്നതിനു്, നാനാതരം വ്യവസായങ്ങളെയും വ്യാപാരങ്ങളെയും സംബന്ധിച്ച പ്രത്യേകം ചുമതലയുള്ള അനേകം സംഘങ്ങൾ രൂപവൽക്കരിച്ചു. ഈ സംഘങ്ങളായിരുന്നു വാണിജ്യമണ്ഡലങ്ങളുടെ അർദ്ധ ഔദ്യോഗിക പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ചതും മേൽനോട്ടം വഹിച്ചതും.''

ലേഖകൻ തുടരുന്നു:

''വാണിജ്യമണ്ഡലങ്ങളെ സംബന്ധിച്ച ഗവൺമെൻറുനയം, ജർമ്മൻ സാമ്പത്തികജീവിതത്തിൽ പ്രമുഖമായ ഒരു സ്ഥാനം ലഭിക്കണമെന്നുള്ള അവയുടെ അഭിലാഷത്തിനു് അനുരൂപമായിരുന്നു. തന്നിമിത്തം നിർമ്മാതാക്കളുടെയും, മൊത്തക്കച്ചവടക്കാരുടെയും, കയററുമതിക്കച്ചവടക്കാരുടെയും, ചില്ലറവില്പനക്കാരുടെയും, കൈത്തൊഴിൽക്കാരുടെയും കേന്ദ്ര ഫെഡറേഷൻ രൂപവൽക്കരിക്കുന്നതിനെ ഗവൺമെൻറു പ്രോത്സാഹിപ്പിച്ചു. ഈ കേന്ദ്രഫെഡറേഷനുകൾ എല്ലാ സംഘങ്ങളെയും, കോർപ്പറേഷനുകളെയും, വിവിധ തൊഴിൽ ഗിൽഡുകളെയും ഉൾക്കൊണ്ടു. ഗവൺമെൻറിനു് ഇവ വലിയ സഹായമായി. എങ്ങനെയെന്നാൽ വ്യക്തികളുടെയും അസംതൃപ്തസംഘങ്ങളുടെയും നിരന്തരമുള്ള, മിക്കവാറും കെട്ടും കി'ഴ'ി

വുമില്ലാത്ത, പരാതികൾ തീർക്കുകയെന്ന ദുഷ്കരകൃത്യം അതിന്ന് അഭിമുഖീകരിക്കേണ്ടിവന്നു. അതിനും പുറമെ, ഈ കേന്ദ്രഫെഡറേഷനുകൾ, യുദ്ധസാമഗ്രികളുടെ ഉല്പാദനവും വിതരണവും സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ഗവണ്മെൻറിനെ ഉപദേശിക്കാൻ ചുമതലപ്പെട്ട, കാര്യക്ഷമമായ സംഘങ്ങളായി അതിവേഗം പുഷ്ടിപ്പെട്ടു.''

വാണിജ്യമണ്ഡലങ്ങളെ സ്വയംഭരണസഭകളായി മാററി അവയുടെ സേവനങ്ങളെ ആകർഷിക്കുന്ന ഈ പദ്ധതി. ''അത്യന്തം പ്രശസ്തന്മാർതന്നെയെങ്കിലും അതതു തൊഴിലിൻെറ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളല്ലാത്ത അംഗങ്ങളെ ഉൾപ്പെടുത്തി കമ്മററികൾ രൂപവല്ക്കരിക്കുന്നതിനേക്കാൾ, കാര്യക്ഷമമായിരുന്നു. സ്വയംഭരണരാജ്യങ്ങളെ സംബന്ധിച്ച് ഇതു വാസ്തവമാണെങ്കിൽ, ഗവണ്മെൻറിനു ജനങ്ങളോടു ബന്ധമോ ഉത്തരവാദിത്വമോ ഇല്ലാത്ത ഇൻഡ്യയേപ്പോലൊരു ആശ്രിതരാജ്യത്തെ സംബന്ധിച്ചിടത്തോളം കുറേക്കൂടി വാസ്തവമാണ്.

സാമ്പത്തികശക്തി ദുർവ്വിനിയോഗംചെയ്യുന്നതിനെതിരായുള്ള നിയമനിർമ്മാണമാണ് അവസാനത്തെ കാര്യം. യുദ്ധാനന്തര ജർമ്മനിയിൽ ഒരു അടിയന്തിര ഉത്തരവിൻപ്രകാരം ഒരു പ്രത്യേക പരമാധികാരക്കോടതി സംസ്ഥാപിക്കപ്പെട്ടു. ''പൊതുജനക്ഷേമത്തിനു ഹാനികരമായ കരാറുകൾ റദ്ദുചെയ്യുന്നതിനും, അസോസിയേഷൻ അംഗങ്ങളെ അവരുടെ ബാദ്ധ്യതകളിൽനിന്നു വിടുർത്തുന്നതിനും, ഉല്പാദനം, വിതരണം, വില മുതലായവസംബന്ധിച്ച നയങ്ങളിൽ സ്വാധീനംചെലുത്താൻ ശ്രമിക്കുന്ന സംഘങ്ങൾക്കും വ്യക്തികൾക്കും പിഴയിടുന്നതിനും ഈ കോടതിക്ക് അധികാരമുണ്ടായിരുന്നു.''

ഈ വഴിക്കു നടപടികൾ എടുക്കാത്ത കാലത്തോളം, യുക്തിശൂന്യവും, വിഫലവും, വിനാശകരവുമായ വിലനിയന്ത്രണനയം ഉപേക്ഷിക്കയാണു വേണ്ടതു്.

ഇടക്കാലത്തു് എന്തുചെയ്യണമെന്നതു സംബന്ധിച്ച് ഒരു വ്യവസായിക്കൂടിയായ ലേഖകൻ നൽകിയിട്ടുള്ള നിർദ്ദേശത്തിൽ ഒരു പരിഷ്കാരവും വരുത്താൻ സാദ്ധ്യമല്ല.

## 88

സ്വാശ്രയശീലരാവാൻ പൊതുജനങ്ങളെ പഠിപ്പിക്കണം. തങ്ങൾ സ്വന്തം കാലിൽ നില്ക്കുകതന്നെ വേണമെന്ന് അവർ മനസ്സി

88. Harijan, 9-10-1949, P. 269 (Delhi Diary, 10-10-1947, pp. 77—78)

digitized by www .sreyas.in

ലാക്കിക്കഴിഞ്ഞാൽ, അന്തരീക്ഷം ചൈതന്യപൂർണ്ണമാകും. ഭയം സാക്ഷാൽ രോഗത്തേക്കാൾ ധാരാളംപേരുടെ ജീവൻ അപഹരിച്ചിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാം. സ്വാശ്രയം എന്ന സ്വാഭാവിക മാർഗ്ഗം അവലംബിക്കുന്നുവെങ്കിൽ, ജനങ്ങൾ സകല ആപത്തുകളും കൈവെടിയണം. ഭക്ഷ്യനിയന്ത്രണം നീക്കുന്നതുമൂലം ക്ഷാമമോ, മരണമോ, പട്ടിണിയോ നേരിടുന്നതല്ല.

ഇതുപോലെതന്നെ, ഇൻഡ്യയിൽ വസ്ത്രദൗർലഭ്യം ഉണ്ടാവാനും കാരണമില്ല. ഇൻഡ്യ സ്വന്തം ആവശ്യത്തിനു വേണ്ടതിൽ കൂടുതൽ പഞ്ഞി ഉല്പാദിപ്പിക്കുന്നുണ്ട്. ജനങ്ങൾ തന്നത്താൻ നൂൽ നൂല്ക്കുകയും മുണ്ടു നെയ്യുകയും വേണം. വസ്ത്രത്തിന്റെ കൺട്രോളും നിർത്തൽചെയ്യണം. നിയന്ത്രണം നീക്കുമ്പോൾ വില വർദ്ധിച്ചേക്കാം. കൂടിയാൽ ആറുമാസം ആളുകൾ വസ്ത്രംവാങ്ങാതെയിരിക്കുമെങ്കിൽ, വില സ്വാഭാവികമായി ഇടിയും. ഇതിനിടയ്ക്ക് ആവശ്യമുള്ളപക്ഷം അവർ സ്വന്തം ഖാദി ഉല്പാദിപ്പിക്കണം. ജനങ്ങൾ സ്വന്തം ആഹാരവും വസ്ത്രവും ഉണ്ടാക്കിത്തുടങ്ങിയാൽ, അവരുടെ വീക്ഷണഗതി പാടേ മാറും. ഇന്ന് അവർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമേ കിട്ടിയിട്ടുള്ളു. ഈ ഉപദേശം അനുസരിച്ചാൽ, സാമ്പത്തികസ്വാതന്ത്ര്യവും നേടാം. അത് ഓരോ ഗ്രാമീണനും അനുഭവപ്പെടുകയും ചെയ്യും. പിന്നീടു തങ്ങളിൽ കലഹിക്കുന്നതിനു സമയമോ താല്പര്യമോ അവർക്കു കാണുകയില്ല. മദ്യപാനം, ചൂതാട്ടം മുതലായ ദൂഷ്യങ്ങളും നീങ്ങും. ഇൻഡ്യൻജനത, സ്വാതന്ത്ര്യം—ആ പദത്തിനുള്ള എല്ലാ അർത്ഥത്തിലും—നേടും. ദൈവസഹായം അവർക്കുണ്ടാകും; എന്തെന്നാൽ, തന്നത്താൻ സഹായിക്കുന്നവരെ ദൈവവും സഹായിക്കും.

## 89

ഡാക്റ്റർ രാജേന്ദ്രപ്രസാദ് ഭക്ഷ്യനിയന്ത്രണകാര്യത്തിൽ ഉപദേശം ആരാഞ്ഞുകൊണ്ടും പ്രധാനമന്ത്രിമാരുടെയും അവരുടെ പ്രതിനിധികളുടെയും മററും ഒരു സമ്മേളനം വിളിച്ചുകൂട്ടിയിരിക്കുന്ന സ്ഥിതിക്ക്, ഈ സായാഹ്നത്തിൽ സുപ്രധാനമായ ആ പ്രശ്നത്തെപ്പററി സംസാരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. നിയന്ത്രണം എത്രയും വേഗം നീക്കംചെയ്യണം. (തീർച്ചയായും ആറുമാസത്തിൽകവിയാൻ പാടില്ല) എന്ന എന്റെ ആദ്യംമുതല്ക്കുള്ള നിലപാടിന്, ഈയിടെ ഞാൻ കേട്ട കാര്യങ്ങൾകൊണ്ടൊന്നും ഒരു ഇളക്കവും വന്നിട്ടില്ല. രണ്ടു നിയന്ത്രണങ്ങളും നീക്കേണ്ടതാണെന്നു ശക്തിയായി പ്രഖ്യാപിക്കുന്ന കത്തുകളും കമ്പികളും എനിക്കു

89. Harijan, 16-11-1947 (Food-shortage and Agriculture pp. 51-53)

digitized by www .sreyas.in

കിട്ടാത്ത ദിവസങ്ങളില്ല. ചിലതെല്ലാം പ്രശസ്തവ്യക്തികരം അയയ്ക്കുന്നവയാണ്. തല്ക്കാലം വസ്ത്രത്തിൻെറമേലുള്ള കൺട്രോളിനെപ്പററി ഞാൻ ഇവിടെ ചർച്ചചെയ്യുന്നില്ല.

നിയന്ത്രണം വഞ്ചനസ്ഥം, സത്യഗോപനത്തിനും, കരിഞ്ചന്തയെ പുഷ്ടിപ്പെടുത്തുന്നതിനും, കൃത്രിമദുർഭിക്ഷത്തിനും കാരണമാകുന്നു. സർവ്വോപരി അതു ജനങ്ങളുടെ പൗരുഷവും എന്തെങ്കിലും സ്വയം ചെയ്യുന്ന ശീലവും നശിപ്പിക്കുന്നു. ഒരു തലമുറയായി അവർ പഠിച്ചുവരുന്ന സ്വയംസഹായപഠനത്തിൻെറ പ്രയോജനം ഇല്ലായ്മചെയ്യുന്നു; കരണ്ടിയിൽ ആഹാരം കോരിക്കൊടുത്തു ഭക്ഷിപ്പിക്കേണ്ടവരുടെ നിലയിൽ അവരെ എത്തിക്കുന്നു. ഇതു്, ഇപ്പോഠം വൻതോതിൽ നടക്കുന്ന ഭ്രാതൃഹത്യസ്ഥം, അനാവശ്യമരണത്തിലും പട്ടിണിയിലും അടുത്തുവരുന്ന കൊടിയ കാലാവസ്ഥയിൽ ദുസ്സഹമാകുന്ന ഭവനരാഹിത്യത്തിലും വസ്ത്രമില്ലായ്മയിലും കലാശിക്കുന്ന ഭ്രാന്തമായ ജനവിനിമയത്തിനും തുല്യമായ അഥവാ ഇവയോടടുത്ത, ഒരു ദുരന്തമാണ്; ഒന്നു കൂടുതൽ പ്രകടമാണ്; മററതു് അത്രതന്നെ പ്രകടമല്ലെന്നതുകൊണ്ടു് നാം അതിനെ വിസ്മരിച്ചുകൂടാ.

ഈ ഭക്ഷ്യനിയന്ത്രണം കഴിഞ്ഞ ലോകമഹായുദ്ധത്തിൻെറ ദുഷിച്ച അനന്തരഫലങ്ങളിൽ ഒന്നാണ്. യുദ്ധകാലത്തു നിയന്ത്രണം ഒരുവേള ആവശ്യമായിരുന്നിരിക്കാം. കാരണം ധാന്യങ്ങളുടേയും മററു ഭക്ഷ്യപദാർത്ഥങ്ങളുടേയും ഭീമമായ ഒരു ഭാഗം പുറത്തേക്കു് അയച്ചിരുന്നു. ഈ അസ്വാഭാവികമായ ഏററുമതി ഒരു മനുഷ്യകൃതദുർഭിക്ഷം സൃഷ്ടിക്കുകയും, റേഷനിംഗ് (അതിനു പല പോരായ്മകളും ഉണ്ടെങ്കിലും) ആവശ്യമാക്കിത്തീർക്കുകയും ചെയ്തു: അന്നു് അതു് അനിവാര്യമായിരുന്നു. എന്നാൽ ഇന്നു നമുക്കു വേണമെന്നുവച്ചാൽ ഒഴിവാക്കാൻ വയ്യാത്ത ഏററുമതിയൊന്നുമില്ല. ഭക്ഷ്യകാര്യത്തിൽ ഇൻഡ്യയ്ക്കു ബാഹ്യസഹായം നാം പ്രതീക്ഷിക്കുന്നില്ലെങ്കിൽ ലോകത്തിൽ പട്ടിണികിടക്കുന്ന ഭാഗങ്ങളെ നാം സഹായിക്കണം.

രണ്ടു തലമുറക്കാലം ദൈർഘ്യമുള്ള എൻെറ ജീവിതത്തിൽ ദൈവം വരുത്തിവച്ച പല ക്ഷാമങ്ങളും ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ റേഷനിംഗിനേപ്പററി സങ്കല്പിക്കയെങ്കിലും ചെയ്തിട്ടുള്ള ഒരു ഘട്ടം എൻെറ ഓർമ്മയിലില്ല.

ഇന്നു്, ദൈവകൃപയാൽ മഴ പെയ്യാതിരിക്കുന്നില്ല. തന്നിമിത്തം വാസ്തവത്തിൽ ഭക്ഷ്യദുർഭിക്ഷവും നമുക്കില്ല. ഇൻഡ്യയിലെ ഗ്രാമങ്ങളിൽ വേണ്ടത്ര ധാന്യങ്ങളും പയറുവർഗ്ഗങ്ങളും എണ്ണക്കുരുക്കളും ഉണ്ടു്. കൃഷിക്കാരക്കു് കൃത്രിമമായ വിലനിയന്ത്രണത്തെപ്പററി ഒന്നും അറിഞ്ഞുകൂടാ, അറിയാൻ കഴികയുമില്ല. അതിനാൽ

digitized by www .sreyas.in

തുറന്ന കമ്പോളത്തിൽ കിട്ടാവുന്നതിൽ വളരെ കുറഞ്ഞ വിലയ്ക്കു തങ്ങളുടെ സാധനങ്ങൾ അവർ മനസ്സോടുകൂടി വിട്ടുകൊടുക്കുകയില്ല. ഈ നഗ്നമായ വസ്തുതയ്ക്കു തെളിവാവശ്യമില്ല. ദുർഭിക്ഷമുണ്ടെന്നു തെളിയിക്കാൻ സ്ഥിതിവിവരക്കണക്കുകളോ, 'ചുവപ്പുനാട' ഫയലുകളുടെ നടുക്കിരുന്നു ഗൃമസ്ഥപണി നടത്തുന്ന സിവിലിയന്മാരുടെ വിസ്തരിച്ച റിപ്പോർട്ടുകളോ ഉപന്യാസങ്ങളോ ഒന്നും വേണ്ട. ജനപ്പെരുപ്പമെന്ന ഉമ്മാക്കികാട്ടി നമ്മെ ആരും ഭയപ്പെടുത്തുകയില്ലെന്നു നാം ആശിക്കുക.

നമ്മുടെ മന്ത്രിമാർ, ജനങ്ങളിൽനിന്നു വന്ന ജനങ്ങളുടേതായ മന്ത്രിമാരാണ്. മന്ത്രിക്കസേരകളിൽ കയറിക്കൂടാൻ സംഗതിയാകാത്തവരെങ്കിലും എത്രയും വേഗം നിയന്ത്രണം നീക്കംചെയ്യുന്നുവോ അത്രയും നന്ന് എന്ന അഭിപ്രായക്കാരായ പരിചയസമ്പന്നന്മാരേക്കാൾ കൂടുതൽ അറിവു തങ്ങൾക്കുണ്ടെന്ന് അവർ അഹങ്കരിക്കാതിരിക്കട്ടെ. ഭക്ഷ്യനിയന്ത്രണം നിമിത്തം റേഷൻ സാധനങ്ങളെ ആശ്രയിക്കുന്നവക്ക്, തിന്നാൻ കൊള്ളാവുന്ന ധാന്യങ്ങളും പയറുവർഗ്ഗങ്ങളും വാങ്ങാൻ സാദ്ധ്യമല്ലാതായിട്ടുണ്ടെന്നും, തന്മൂലം ആളുകൾ ആവശ്യമില്ലാതെ ദുഷിച്ച സാധനങ്ങൾ ഭക്ഷിച്ച് രോഗബാധിതരാകുന്നുവെന്നും ഒരു വൈദ്യൻ എഴുതിയിരിക്കുന്നു.

നിയന്ത്രിതഭക്ഷ്യസാധനങ്ങളുടെ സ്ഥാനത്തു തുറന്ന കമ്പോളത്തിൽനിന്നു ഭക്ഷ്യസാധനങ്ങൾ വാങ്ങി ശേഖരിച്ചു വില്പനനടത്തുന്ന സ്റ്റോറുകൾ ഗവണ്മെൻറിനു നിഷ്പ്രയാസം നടത്താം. അങ്ങനെ സ്വയംപ്രേരിതമായ വിലനിയന്ത്രണം നടപ്പാകയും പൂഴ്ത്തിവച്ചിരിക്കുന്ന ധാന്യങ്ങളും, പയറുവർഗ്ഗങ്ങളും, എണ്ണക്കുരുക്കളും പുറത്തുവരികയും ചെയ്യും. ഗവണ്മെൻറു കൃഷിചെയ്യുന്നവരേയും കച്ചവടംചെയ്യുന്നവരേയും വിശ്വസിക്കില്ലേ? ജനാധിപത്യം നിയന്ത്രണത്തിൻെറ മുറുക്കംകൊണ്ടു പൊട്ടിപ്പോകും. അതിനു വിശ്വാസത്തിന്മേൽ മാത്രമേ നിലനില്ക്കാൻ സാധിക്കൂ. പണിയെടുക്കാത്തതുകൊണ്ടോ പരസ്പരവിശ്വാസം ഇല്ലാത്തതുകൊണ്ടോ ആളുകൾ മരിക്കുമെങ്കിൽ, അതൊരു സ്വാഗതാർഹമായ മോചനമായിരിക്കും. മടിപിടിച്ചോ സ്വാർത്ഥപരരായോ ഇരിക്കുകയെന്ന തെററ് ആവർത്തിക്കാതിരിക്കാൻ ബാക്കിയുള്ളവർ പഠിക്കും.

## 90

വളരെ വിവാദങ്ങൾക്കു വിഷയീഭവിച്ചിട്ടുള്ള ഭക്ഷ്യനിയന്ത്രണത്തെപ്പററി തെല്ലിട നിങ്ങളോടു പ്രതിപാദിക്കേണ്ടിയിരിക്കുന്നു. നിയന്ത്രണത്തിൻെറ ഗുണങ്ങളെപ്പററി സർവ്വവും അറിയാമെ

90. Harijan, 30-11-1947 (Food-shortage and Agriculture, P. 57)

digitized by www .sreyas.in

ന്നു് അവകാശപ്പെടുന്ന 'പണ്ഡിതന്മാരുടെ' ശബ്ദകോലാഹല ത്തിൽ ജനശബ്ദം മുഴകിപ്പോകണമോ? ജനങ്ങളിൽനിന്നുവന്ന ജന ങ്ങളുടേതായ മന്ത്രിമാർ 'ചുവപ്പു'നാടക്കാരായ അധികാരികളുടെ ശബ്ദത്തെക്കാൾ ജനങ്ങളുടെ ശബ്ദം ചെവിക്കൊള്ളുകയില്ലേ? അ വർക്കു് തങ്ങൾ അധികാരത്തിൽ വരാതെ പുറത്തുനിന്ന കാലത്തു കണക്കില്ലാത്ത ദ്രോഹം ചെയ്തവരാണു് ഈ ചുവപ്പുനാടക്കാർ എ ന്നു് അറിഞ്ഞുകൂടേ? പണ്ഡിതന്മാർ അന്നു പ്രതികാരബുദ്ധിയോ ടുകൂടി ഭരണം നടത്തിയിരുന്നു. അവർ ഇപ്പോഴും അങ്ങനെ തുട രട്ടെയെന്നോ? ജനങ്ങൾക്കു തെററുചെയ്തു് അതിൽനിന്നു പാഠങ്ങൾ പഠിക്കാൻ ഒരു അവസരം ലഭിക്കില്ലേ? അപൂർണ്ണങ്ങളെങ്കിലും, താഴെക്കൊടുക്കുന്ന ദൃഷ്ടാന്തങ്ങളിലേതെങ്കിലുമൊന്നിൽ, നിയന്ത്ര ണം നീക്കുന്നതുകൊണ്ടു ജനങ്ങൾക്കു ദോഷമുണ്ടെന്നു കണ്ടാൽ, ആ വശ്യമുള്ളേടത്തു വീണ്ടും നിയന്ത്രണം ഏർപ്പെടുത്തുന്നതിനു തങ്ങൾ ക്കു് അധികാരമുണ്ടെന്നു് മന്ത്രിമാർക്കു് അറിഞ്ഞുകൂടേ? എന്റെ മു മ്പിലിരിക്കുന്ന ലിസ്റ്റു് എന്റെ ലളിതമനസ്സിൽ അമ്പരപ്പുളവാ ക്കുന്നു. ചില ഇനത്തിന്റെ കാര്യത്തിൽ ഗുണമുണ്ടായിരിക്കാം. എന്റെ വാദം ഇത്രയേ ഉള്ളു: നിയന്ത്രണശാസ്ത്രം—അതൊരു ശാ സ്ത്രമാണെങ്കിൽ—പക്ഷപാതരഹിതമായ ഒരു പരിശോധനയ്ക്കു വി ധേയമാക്കേണ്ടതുണ്ടു്. എന്നിട്ടു സാമാന്യമായോ പ്രത്യേകമായോ ഉള്ള നിയന്ത്രണത്തിന്റെ രഹസ്യം എന്തെന്നു് ആളുകളെ പഠിപ്പി ക്കണം. എനിക്കു കിട്ടിയിട്ടുള്ള ലിസ്റ്റിന്റെ ഗുണദോഷങ്ങൾ പ രിശോധിക്കാതെ, അതിൽ കൊടുത്തിട്ടുള്ള ദൃഷ്ടാന്തങ്ങളിൽ ചില തുമാത്രം ഉദ്ധരിക്കാം: നാണയവിനിമയം, മുതൽമുടക്കു്, മൂലധന ച്ചെലവുകൾ, ബാങ്കു് ശാഖോൽഘാടനവും അവയ്ക്കുള്ള മുതൽമുടക്കും, ഇൻഷ്വറൻസു് മുതൽമുടക്കു്, എല്ലാത്തരം ചരക്കുകളുടെയും ഏററുമ തിയും ഇറക്കുമതിയും, ധാന്യങ്ങൾ, പഞ്ചസാര, കരിമ്പു്, സിറ പ്പു്, വനസ്പതി, കമ്പിളിയുംപ്പെടെയുള്ള വസ്ത്രങ്ങൾ, വിദ്യച്ഛ ക്തി, പലതരം ആൽക്കഹോൾ, പെട്രോളും മണ്ണെണ്ണയും, കടലാ സു്, സിമിൻറു്, ഉരുക്കു്, അഭ്രം, മാംഗനീസ്, കൽക്കരി. ട്രാൻസ്പോർട്ടു്, യുദ്ധസാമഗ്രികൾ, വ്യവസായശാലകൾ, ചില പ്രത്യേക പ്രവിശ്യകളിൽ കാർവിതരണം, തേയിലക്കൃഷി, എ ന്നിവയുടെ മേലുള്ള നിയന്ത്രണം.

## 91

പഞ്ചസാരയുടെ നിയന്ത്രണം പോയി; പയർ വർഗ്ഗങ്ങൾ വ സ്ത്രങ്ങൾ എന്നിവയുടെ നിയന്ത്രണവും നീങ്ങും. നിയന്ത്രണം നീ ക്കുന്നതു് ഒററയടിക്കു വിലനിരക്കു കുറയ്ക്കാമെന്നുവച്ചല്ല, സാധാ

---

91. Harijan, 21-12-1947 (Food-shortage and Agriculture pp. 60—62)

digitized by www .sreyas.in

തന്നെ ജീവിതത്തിലേക്ക മടങ്ങാമെന്നുവച്ചാണ്. ബലമായി ചുമത്തുന്ന നിയന്ത്രണങ്ങൾ എന്തായാലും ചീത്തതന്നെ. 1900 മൈൽ നീളവും 1500 മൈൽ വീതിയുമുള്ള ഒരു വിസ്തൃതരാജ്യത്തു പരന്നുപാർക്കുന്ന ലക്ഷോപലക്ഷം ജനങ്ങളടങ്ങിയ ഒരു ജനതയാണ് നമ്മൾ. ഇത്തരം നിയന്ത്രണങ്ങൾ ഇവിടെ തീരെപ്പററിയതല്ല. രാജ്യവിഭജനത്തെ കണക്കിലെടുക്കേണ്ട കാര്യമില്ല. നമ്മൾ ഒരു സൈനികരാഷ്ട്രമല്ല; നമ്മുടെ ആവശ്യത്തിനു ഭക്ഷ്യസാധനങ്ങളും പഞ്ഞിയും നാം ഇവിടെ കൃഷിചെയ്തുണ്ടാക്കുന്നു, അഥവാ നമുക്ക കൃഷിചെയ്തുണ്ടാക്കാം. ഈ നിയന്ത്രണം നീങ്ങുമ്പോൾ രാഷ്ട്രം സ്വതന്ത്രമായി ശ്വസിക്കും, അതിനു തെററുതിരുത്താനുള്ള അവകാശം കിട്ടും. തെററുകൾ വരുത്തിയും തിരുത്തിയും പുരോഗമിക്കുന്ന പഴയ സമ്പ്രദായമാണ് ശരിയായ വഴി. ഒരു കുഞ്ഞിനെ കമ്പിളിയിൽ പൊതിഞ്ഞു സൂക്ഷിച്ചാൽ അതു കുരുടായിപ്പോകും, അല്ലെങ്കിൽ ചത്തുപോകും. അതു് ആരോഗ്യമുള്ള മനുഷ്യജീവിയാകണമെങ്കിൽ, വെയിലും, മഴയും, ചൂടും, തണുപ്പും മററും ഏററു വളരണം. ഇവയെ കൂട്ടാക്കാതിരിക്കാൻ ജനങ്ങളെ പഠിപ്പിക്കണം. ഇതുപോലെ ഗവണ്മെൻറന്ന പേരിന് അർഹതയുള്ള ഒരു ഗവണ്മെൻറു് ജനങ്ങൾക്ക് എങ്ങനെയെങ്കിലും ജീവിക്കാൻ എളുപ്പമുണ്ടാക്കിക്കൊടുക്കുന്നതിനുപകരം, കൂട്ടായ ഉദ്യമങ്ങളിലൂടെ കാലപ്പിഴകളെയും മററു വൈഷമ്യങ്ങളെയും നേരിടുന്ന സമ്പ്രദായങ്ങളും കാണിച്ചുകൊടുക്കണം.

സുചിന്തിതമായ നിയന്ത്രണനിരാസത്തിനർത്ഥം ദീർഘദൃഷ്ടി ഗവണ്മെൻറിൻെറ ഏതാനും അംഗങ്ങളിൽനിന്നു് ജനലക്ഷങ്ങളിലേക്ക മാററംചെയ്യപ്പെടുക എന്നാണ്. രാഷ്ട്രത്തെ, അതിൻെറ കർത്തവ്യം നിർവ്വഹിക്കുന്നതിനു ശക്തമാക്കാൻവേണ്ടി, ഗവണ്മെൻറിനു പുതിയ ജോലികൾ ചെയ്യാനുണ്ടാവും. ട്രാൻസ്പോർട്ടുസൗകര്യങ്ങൾ ഉണ്ടാക്കണം; ഭക്ഷ്യോൽപന്നങ്ങൾ വർദ്ധിപ്പിക്കേണ്ടതിൻെറ ആവശ്യകത ജനങ്ങളെ പറഞ്ഞു മനസ്സിലാക്കണം. കൃഷിഡിപ്പാർട്ടുമെൻറു് പണക്കാരായ കൃഷിക്കാർക്ക് ഒത്താശകൾ ചെയ്യുന്നതിലുമധികം ചെറുകിട കൃഷിക്കാരെ സേവിക്കാൻ പഠിക്കണം. പ്രവൃത്തിയെടുക്കുന്ന എല്ലാ വിഭാഗങ്ങളെയും ഗവണ്മെൻറു വിശ്വസിക്കണം. അതേസമയം, അവയുടെ പ്രവർത്തനങ്ങൾ സൂക്ഷിക്കുകയും പരിശോധിക്കുകയും വേണം. ജനലക്ഷങ്ങളിൽ ഭൂരിപക്ഷത്തെയും പ്രതിനിധാനം ചെയ്യുന്ന ചെറുകിട കൃഷിക്കാരുടെ, ഇന്നോളം വിഗണിക്കപ്പെട്ടുകിടക്കുന്ന താൽപര്യങ്ങളിൽ എപ്പോഴും ശ്രദ്ധയുണ്ടായിരിക്കണം. ചെറുകിടകൃഷിക്കാരൻ സ്വന്തം വിളവുകളുടെ ഉപഭോക്താവാണ്. ഒരു ചെറിയശതമാനം അയാൾ കൃഷിചെയ്യാത്ത ഉപഭോക്താവിനു കരുതിവയ്ക്കുന്നു. ആ ഉപഭോക്താവു് തനിക്ക കിട്ടുന്ന സാധനങ്ങൾക്ക പകരം കൃഷിക്കാരനു മററു ജീവി

digitized by www .sreyas.in

താവശ്യസാധനങ്ങറം വാങ്ങാൻ പണം കൊടുക്കുന്നു. കൺട്രോറം ഉള്ളപ്പോറം കർഷകനു തുറന്ന കമ്പോളത്തിൽ കിട്ടുന്നതിൽ കുറഞ്ഞ വിലയേ കിട്ടൂ. ആകയാൽ അയാറംക്കു കൂടുതൽ വില കിട്ടണമെങ്കിൽ, ഭക്ഷ്യസാധനങ്ങളുടെ വില കൂടിയിരിക്കണം. ഇതിൽ ഉപഭോക്താവിനു് അതൃപ്തിയുണ്ടാവില്ല. പുതിയ സംവിധാനത്തിൽ, വിലക്കയററത്തിൻെറ മുഴുവൻ പ്രയോജനവും കൃഷിക്കാരനുതന്നെ കിട്ടാൻ ഗവണ്മെൻറു ശ്രദ്ധിക്കണം. ഇതു പൊതുജനങ്ങറംക്കു് ദിവസംതോറുമോ ആഴ്ചതോറുമോ വ്യക്തമാക്കിക്കൊടുക്കണം. ധനികന്മാരായ ഫാക്ടറി ഉടമസ്ഥന്മാർ അഥവാ മദ്ധ്യവർത്തികറം ഗവണ്മെൻറിനോടു സഹകരിച്ചും ഗവണ്മെൻറിനു വിധേയമായും പ്രവർത്തിക്കണം. ഇങ്ങനെ നടന്നുകൊണ്ടിരിക്കുന്നുവെന്നു ഞാൻ അറിയുന്നു. ഇതുവരേയും സ്വാർത്ഥലോഭത്താൽ പാവങ്ങളെ ചൂഷണം ചെയ്കയും, പരസ്പരം അനാരോഗ്യകരമായ മത്സരങ്ങളിൽ സങ്കോചം കൂടാതെ ഏർപ്പെടുകയും ചെയ്തുവന്ന ഈ ചുരുക്കം ഫാക്ടറി ഉടമസ്ഥന്മാക്കു്, അഥവാ കോർപ്പറേഷനുകറംക്കു തമ്മിൽ പരിപൂർണ്ണ സമീകരണം ഉണ്ടാകണം. സ്വാർത്ഥതയും മത്സരവും നീങ്ങണം, പ്രത്യേകിച്ചും ലാഭോദ്ദേശ്യം തീരെപ്പാടില്ലാത്ത ഭക്ഷ്യസാധനങ്ങളുടേയും വസ്ത്രത്തിൻേറയും കാര്യത്തിൽ. നിയന്ത്രണനിരാസത്തിൻെറ തണലിൽ ലാഭം വർദ്ധിപ്പിക്കാൻ നടത്തുന്ന ഏതു വിജയകരമായ ശ്രമവും നിയന്ത്രണനിരാസത്തിൻെറ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തും. ഈ ധനികവർഗ്ഗം സന്ദർഭത്തിനൊത്തു് ഔചിത്യപൂർവ്വം പെരുമാറുമെന്നു നാം ആശിക്കുക.

## 92

നിയന്ത്രണനിരാസം നിങ്ങറം പറയുന്ന ഫലം ഉളവാക്കിയിട്ടുണ്ടെങ്കിൽ, നിങ്ങറം അതിനുവേണ്ടി ശബ്ദം ഉയർത്തണം. നിങ്ങറം ഒററയ്ക്കു ഉള്ളവെങ്കിലും നിങ്ങളുടെ ശബ്ദം ദുർബലമാണെങ്കിലും സാരമില്ല, വാസ്തവത്തിൽ നിങ്ങറംക്കു ധാരാളം കൂട്ടുകാരുണ്ടു്. അധികാരലഹരി ദുർബലമാക്കിയിട്ടില്ലെങ്കിൽ നിങ്ങളുടെ ശബ്ദം ദുർബലവുമല്ല. വ്യക്തിപരമായിപ്പറഞ്ഞാൽ, നിയന്ത്രണനിരാസംകൊണ്ടു വില കുതിച്ചുകയറുമെന്ന ഭീഷണി എന്നെ ഭയപ്പെടുത്തുകയില്ല. ദുരാഗ്രഹികറം വളരെയധികം ഉണ്ടായിരിക്കെ, അവരെ മെരുക്കാൻ നമുക്കു് അറിഞ്ഞുകൂടെങ്കിൽ അവർ നമ്മെ വിഴുങ്ങുകയാണു വേണ്ടതു്. ആപത്തിൻെറ നടുവിൽ പെട്ടാൽ എങ്ങനെ രക്ഷപെടാൻ ശ്രമിക്കണമെന്നു് അപ്പോറം നാം അറിയും. ശരിയായ ജനാധിപത്യം ജനങ്ങറം പുസ്തകത്തിൽനിന്നല്ല പഠിക്കുന്നതു്. ഗവണ്മെൻറിൽനിന്നുമല്ല. ഗവണ്മെൻറു വാസ്തവത്തിൽ ജനങ്ങളുടെ ദാസന്മാരാണു്. കഠിനമായ അനുഭവേ

---

92. Harijan, 18-1-1948 (Food-shortage and Agriculture, P.67)

digitized by www .sreyas.in

താണു് ജനാധിപത്യത്തിലെ ഏററവും നല്ല ആചാര്യൻ. ഇതു സംബന്ധിച്ചു നിങ്ങൾ എനിക്കു് എഴുതുന്നതിനും നിങ്ങളുടെ അഭിപ്രായം അറിയിക്കുന്നതിനും എതിരായി മുന്നറിയിപ്പു നൽകാനുദ്ദേശിച്ചുള്ളതല്ല ഈ കത്തു്. ഞാൻ ഒററയ്ക്കു ഉള്ളുവെന്നുവന്നാലും നിയന്ത്രണം നീക്കേണ്ടതാണെന്നു ശക്തിയായി വാദിക്കാൻ വിചാരിക്കുന്നതെന്തുകൊണ്ടാണെന്നു നിങ്ങളെ അറിയിക്കുകയാണു് ഇതിന്റെ ഉദ്ദേശ്യം.

## 93

എന്റെ ലേഖകൻ പ്രസ്താവിക്കുന്ന വസ്തുതകൾ ശരിയാണെങ്കിൽ, അവ സംഭ്രമജനകമാണു്. ഈ നിയന്ത്രണം പാവങ്ങൾക്കുവേണ്ടിയാണു തുടരുന്നതെങ്കിലും, അതു ധനികന്മാർക്കു് അനുഗ്രഹവും പാവങ്ങൾക്കു ശാപവുമാണു്. കുത്തകകൾ ഉണ്ടെന്നുള്ളതു് ഒരു വസ്തുതയാണെങ്കിൽ, അവ ലേഖകൻ പറയുന്നവിധമാണു പ്രവർത്തിക്കുന്നതെങ്കിൽ, നിശ്ചയമായും അവ പോയേ മതിയാകൂ.

## കെ. സ്റേററററ് സംരംഭം

## 94

അത്തരം *ഫാക്ടറികൾ ദേശസാൽക്കരിക്കണമെന്നു് അഥവാ സ്റ്റേററിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നു് അഭിപ്രായപ്പെടാൻ വേണ്ടത്ര സ്ഥിതിസമത്വവാദിയാണു ഞാൻ. അവ അത്യന്തം ആകർഷകവും ആദർശപരവുമായ നിലയിൽ നടക്കണം— ലാഭത്തിനുവേണ്ടിയല്ല, മനുഷ്യരാശിയുടെ ഗുണത്തിനുവേണ്ടി. അതിന്റെ പ്രേരകം ദുരാഗ്രഹത്തിന്റെ സ്ഥാനത്തു് സ്നേഹമാകണം. തൊഴിലാളികളുടെ സ്ഥിതിക്കു് ഒരു മാററംവരണം, അതാണു ഞാൻ ആഗ്രഹിക്കുന്നതു്. പണത്തിനുവേണ്ടിയുള്ള ഈ ഭ്രാന്തുപിടിച്ച പരക്കംപാച്ചിൽ അവസാനിക്കണം. തൊഴിലാളികൾക്കു ജീവിക്കാൻതക്ക കൂലിമാത്രമല്ല, കേവലം വിരസമല്ലാത്ത ഒരു നിത്യത്തൊഴിലിനും ഉറപ്പു കിട്ടണം. യന്ത്രങ്ങൾ ഈ വ്യവസ്ഥകളനുസരിച്ചു നടത്തുകയാണെങ്കിൽ, അതു് അവയിൽ ജോലി ചെയ്യുന്ന ആളിനെന്നപോലെ സ്റ്റേററിനും അഥവാ ഉടമസ്ഥനും സഹായമായിരിക്കും. ഇപ്പോഴത്തെ വ്യഗ്രത നിലയ്ക്കും. ഞാൻ പറഞ്ഞുകഴിഞ്ഞപോലെ, തൊഴിലാളികൾ ആകർഷകവും ആദർശപരവുമായ വ്യവസ്ഥകളിൽ പണിയെടുക്കും. ഇതു് എന്റെ മനസ്സിലുള്ള വ്യത്യസ്തതകളിൽ ഒന്നു മാത്രമാണു്. തയ്യൽ യന്ത്രത്തിന്റെ

93. Harijan, 18-1-1948 (Food-shortage and Agriculture, P. 69)
94. Young India, 13-11-1924 (Selections from Gandhi, P. 67)

* തയ്യൽമെഷീൻപോലുള്ള ചെറിയ യന്ത്രങ്ങൾ ഉണ്ടാക്കാനുള്ള ഫാക്ടറികൾ.

പശ്ചാത്തലത്തിൽ പ്രേമം പ്രവർത്തിച്ചിരുന്നു. വ്യക്തിയാണു പരമമായ പരിഗണനാവിഷയം. വ്യക്തിയുടെ അഭ്യുദയം ലഘൂകരിക്കലായിരിക്കണം ഉദ്ദേശ്യം. ദുരാഗ്രഹമല്ല, സാക്ഷാൽ ജീവകാരുണ്യപരമായ വിചാരങ്ങളായിരിക്കണം ഹേതുകം. ദുരാഗ്രഹം കളഞ്ഞു് അവിടെ സ്നേഹം ഉറപ്പിക്കുക, സർവ്വവും നേരേയാകും.

## 95

പണ്ഡിററ് ജവഹർലാൽ നെഹ്റു, ഭൂമി ദേശസാൽക്കരിക്കണമെന്നു പറയാറുണ്ട്, ശരിതന്നെ. എന്നാൽ അതുകേട്ടു നിങ്ങൾ ഭയപ്പെടേണ്ട. വ്യക്തികളെ ഏല്പിക്കാതെ രാഷ്ട്രത്തിനു ഭൂമി കൈവശംവച്ചുകൊണ്ടിരിക്കാൻ സാധിക്കയില്ല. രാഷ്ട്രം ഭൂമിയുടെ യോഗ്യവും ന്യായ്യവും ആയ ഉപയോഗത്തിനു് ഉറപ്പു നൽകുകയും ദുർവ്വിനിയോഗത്തെ തടയുകയും മാത്രമാണു ചെയ്യുന്നതു്. കുടിയാന്മാരുടെ നന്മയ്ക്കായി വസ്തുക്കൾ കൈവശം വയ്ക്കുന്നതിൽ നിങ്ങൾക്കു് എന്തെങ്കിലും തടസ്സമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. സമാധാനമായും സ്വാതന്ത്ര്യമായും ജീവിക്കണമെന്നതിൽ കവിഞ്ഞ മോഹമൊന്നും കുടിയാന്മാർക്കും ഇല്ല. വസ്തുക്കൾ അവർക്കുവേണ്ടി ഉപയോഗപ്പെടുത്തുമെന്നുണ്ടെങ്കിൽ നിങ്ങൾ അവ കൈവശംവച്ചുകൊണ്ടിരിക്കുന്നതിനെപ്പററി അവർ ഒരിക്കലും പിറുപിറുക്കുകയില്ല.

## 96

വേണ്ടപോലെ ചിന്തിച്ചാൽ, സ്റ്റേററു് പൗരന്മാരെ സേവിക്കണം. പൗരൻ സ്വന്തം ലാഭത്തിനുവേണ്ടി ശ്രമിച്ചെന്നു വരും. എന്നാൽ സ്റ്റേററ് അങ്ങനെയല്ല. ഇതുപോലെ വികേന്ദ്രീകൃതയൂണിററുകൾ ലാഭത്തിനുവേണ്ടി പ്രവർത്തിച്ചെന്നു വരാം. എന്നാൽ കേന്ദ്രീകൃതയൂണിററുകൾ അങ്ങനെയല്ല. പൗരനുമായി മത്സരിക്കാൻ സ്റ്റേററിനെ അനുവദിക്കാൻ പാടില്ലാത്തതുപോലെ, വികേന്ദ്രീകൃതയൂണിററുകളുടെ ഉൽപാദനമണ്ഡലത്തിൽ പ്രവേശിക്കാൻ കേന്ദ്രീകൃതവ്യവസായങ്ങളെയും അനുവദിച്ചുകൂടാ. ഈ അതിർത്തിരേഖ വ്യക്തമായി കാണുന്നില്ലെങ്കിൽ ആപത്താണു്.

## 97

മൗലികവ്യവസായങ്ങളെപ്പററി സംസാരിക്കെ, മി. ജയ്ക്കർ പുറപ്പെടുവിച്ച അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

---

95. Amrit Bazaar Patrika, 2-8-1934 (Selections from Gandhi, P. 92)
96. Harijan, 18-11-1939, P. 346
97. രണ്ടാം വട്ടമേശസമ്മേളനക്കാലത്തു് (1931 സെപ്തംബർ മുതൽ ഡിസംബർവരെ) ഫെഡറൽ സ്ട്രക്ചർ കമ്മററിയിൽചെയ്ത പ്രസംഗത്തിൽനിന്നു് (The Nation's Voice, P. 57)

digitized by www .sreyas.in

മൗലികവ്യവസായങ്ങൾ സ്റ്റേറ്റ് ഏറ്റെടുക്കുന്നില്ലെങ്കിൽ, അവയുടെ നടത്തിപ്പിലും, ഭരണത്തിലും, വികസനത്തിലും സ്റ്റേറ്റിന്റെ അഭിപ്രായത്തിനു മുൻതൂക്കം ഉണ്ടായിരിക്കുകയെങ്കിലും വേണം.

ബ്രിട്ടനെപ്പോലെ അത്യധികം വികാസം സിദ്ധിച്ചിട്ടുള്ള ഒരു പ്രത്യേക ദ്വീപിനെപ്പററി പറയുമ്പോലെ, ഇൻഡ്യയെപ്പോലൊരു പാവപ്പെട്ട അവികസിത രാജ്യത്തെപ്പററി അഭിപ്രായം പറയരുത്. ഇന്ന് ഗ്രേററുബ്രിട്ടനു ഗുണകരമായുള്ളതു്, എന്റെ അഭിപ്രായത്തിൽ ഇൻഡ്യയ്ക്കു പല പ്രകാരത്തിലും ദോഷകരമാണ്. ഇൻഡ്യയ്ക്കു് അവരുടെ സ്വന്തം ധനശാസ്ത്രവും, നയവും, അവരുടെ വ്യവസായകാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള സ്വന്തം രീതിയും, അങ്ങനെ സർവ്വവും, വികസിപ്പിക്കാനുണ്ട്. ആകയാൽ മൗലികവ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങൾക്കു നീതി ലഭിക്കുന്നില്ലെന്നു ബ്രിട്ടീഷുകാർക്കു മാത്രമല്ല മററു പലർക്കും തോന്നുമെന്നു ഞാൻ ഭയപ്പെടുന്നു. എന്നാൽ ഒരു സ്റ്റേററിന്നെതിരായുള്ള 'നീതി'യുടെ അർത്ഥമെന്തെന്ന് എനിക്കു മനസ്സിലാകുന്നില്ല.

## എൽ. സാമ്പത്തികസംവിധാനം

### 98

അങ്ങനെ—ഗ്രേററുബ്രിട്ടന്റെയും അമേരിക്കയുടെയും കാര്യത്തിൽ, അബോധപൂർവ്വമായ സംവിധാനം മുതലാളിത്തത്തിൽ ചെന്നവസാനിച്ചതായി നാം കാണുന്നു—ആദ്യത്തേതിൽ മുതൽ വലുതായതുകൊണ്ട്; രണ്ടാമത്തേതിൽ തൊഴിൽ ചുരുക്കമായതുകൊണ്ടും. നമുക്കുള്ള ഘടകങ്ങളെ സൂക്ഷ്മാവലോകനം ചെയ്യാതെ, അവരുടെ സമ്പ്രദായം നമുക്ക് അംഗീകരിക്കാൻ വയ്യ.

പ്രവൃത്തികൾക്കു പ്രാധാന്യംകൊടുത്തു് അവയെ പ്രത്യേകം വ്യവസായങ്ങളാക്കി ലംബരൂപമായി സംവിധാനം ചെയ്യുന്ന രീതി കൊള്ളുകയില്ല. ഉദാ: ബാങ്കിംഗ്, ഇൻഷ്വറൻസ് മുതലായവ. ഇവ ക്യാപ്പിററലിസത്തിലേക്കു വഴിതെളിക്കുന്നു. മറേറ രീതി വ്യവസായങ്ങളെ അനുപ്രസ്ഥരീതിയിൽ എടുക്കുകയും, അവയുടെ പ്രവർത്തനവിധങ്ങൾ പഠിക്കുകയും, സമുചിതസ്ഥാനങ്ങളിൽ പ്രവർത്തനസഹായങ്ങൾ നൽകുകയുമാണ്. സർവ്വേന്ത്യാ നൂൽനൂൽപ്പുസംഘത്തിന്റെ കർമ്മപദ്ധതി അനുപ്രസ്ഥരീതിയിലുള്ള സംവിധാനത്തിനു് ഉദാഹരണമാണ്; നൂൽനൂൽപ്പുമിൽ, ലംബരൂപത്തിലുള്ള സംവിധാനത്തിനും.

98. Harijan, 18-11-1939, P. 346

digitized by www .sreyas.in

മേൽപ്പറഞ്ഞ രണ്ടു ഘടകങ്ങളെയും സംബന്ധിച്ചു സൂക്ഷ്മമായി മനസ്സിലാക്കാതെ മുന്നോട്ടുപോയാൽ, നമുക്കു സുപരിചിതമായ 'വെളുത്ത ക്യാപ്പിററലിസ'ത്തിനുപകരം നാം ഇവിടെ 'തവിട്ടു ക്യാപ്പിററലിസം' സ്ഥാപിക്കുകയായിരിക്കും ചെയ്യുക. രണ്ടാമത്തേതു് ആദ്യത്തേതിനേക്കാൾ കഷ്ടതരമായിരിക്കില്ലെന്നു് ആക്കു പറയാൻ കഴിയും?

## 99

ദേശീയസംവിധാനത്തെപ്പററി എന്റെ അഭിപ്രായം നിലവിലുള്ള അഭിപ്രായങ്ങളിൽനിന്നു വ്യത്യസ്തമാണു്. സംവിധാനം വ്യാവസായികമാർഗ്ഗത്തിലൂടെ കൊണ്ടുപോകണമെന്ന അഭിപ്രായം എനിക്കില്ല. വ്യവസായവല്ക്കരണരോഗം നമ്മുടെ ഗ്രാമങ്ങൾക്കു പിടിപെടാതെ സൂക്ഷിക്കണമെന്നാണു ഞാൻ ഉദ്ദേശിക്കുന്നതു്.

## 100

ഒരു രാജ്യത്തിന്റെ അസംസ്കൃതസാധനങ്ങളെ ചൂഷണംചെയ്യുന്നതും, കൂടുതൽ നിഗൂഢവീര്യം വഹിക്കുന്ന മനുഷ്യശക്തിയെ പുറംതള്ളുന്നതുമായ ഏതു സംവിധാനവും അസ്ഥിരമാണു്. മനുഷ്യസമത്വത്തെ സ്ഥാപിക്കാൻ അതു് ഒരിക്കലും ഉതകുകയുമില്ല.

ലോകത്തിൽ ഏററവും വ്യവസായവൽക്കൃതമായ രാജ്യമാണു് അമേരിക്ക. എന്നിട്ടും അവിടെ ദാരിദ്ര്യമോ അധോഗതിയോ ദൂരീകരിക്കപ്പെട്ടിട്ടില്ല. സാർവ്വത്രികമായ മനുഷ്യശക്തിയെ വിഗണിക്കുകയും പലരെയും ദോഷപ്പെടുത്തി ഏതാനും പേരുടെ കൈയിൽ ശക്തി കേന്ദ്രീകരിക്കുകയും ചെയ്തതാണു് അതിനു കാരണം. അതിന്റെ ഫലമോ? വ്യവസായവൽക്കരണം അവിടത്തെ ഏഴകൾക്കും ബാഹ്യലോകത്തിനും വിപത്തായിത്തീർന്നു.

ഇൻഡ്യ അത്തരമൊരു വിപത്തിൽ പെടാതിരിക്കണമെങ്കിൽ, അവർ അമേരിക്കയിലെയും മററു പാശ്ചാത്യരാജ്യങ്ങളിലെയും ഉത്തമപരിപാടികൾമാത്രം അനുകരിക്കുകയും പുറമേ ആകർഷകമായിത്തോന്നുന്നതും യഥാത്ഥത്തിൽ വിനാശകരവുമായ സാമ്പത്തികനയങ്ങൾ പരിവർജ്ജിക്കുകയുമാണു വേണ്ടതു്. ആകയാൽ ഇൻഡ്യയിലെ മനുഷ്യശക്തി മുഴുവനും സമീചീനമായി ഉപയോഗപ്പെടുത്തുകയും അസംസ്കൃതസാധനങ്ങൾ പുറമേ അയച്ചു് സംസ്കൃതസാധനങ്ങളാക്കി ഭീമമായ വിലയ്ക്കു തിരികെ വാങ്ങുന്നതിനുപകരം, അവ ഇൻഡ്യയിലെ നിരവധി ഗ്രാമങ്ങളിൽ തന്നെ വിതരണം ചെയ്യുകയുമാണു് യഥാത്ഥ സംവിധാനം.

99. Harijan, 29-9-1940, P. 299
100. Harijan, 23-9-1947 (Selections from Gandhi, P. 71)

digitized by www .sreyas.in

അദ്ധ്യായം ആറ്

# സാമ്പത്തികവ്യവസ്ഥിതികൾ—താരതമ്യവിചാരം

## എ. ക്യാപ്പിററലിസവും സോഷ്യലിസവും

1

ഈ രണ്ടു് 'ഇസ'ങ്ങളും* അന്യോന്യവിരുദ്ധങ്ങളാണു്, അഥവാ ഇന്നോളം അങ്ങനെയാണിരുന്നിട്ടുള്ളതു്, എന്നതിൽ സംശയമില്ല. എന്നാൽ ക്യാപ്പിററൽ (മൂലധനം) ക്യാപ്പിററലിസ (മുതലാളിത്തം) ത്തിൽനിന്നും ക്യാപ്പിററലിസ്റ്റു് (മുതലാളി) ഇവ രണ്ടിൽനിന്നും പാടേ വിഭിന്നമാണു്. ക്യാപ്പിററൽ എല്ലാ സംരംഭങ്ങൾക്കും ആവശ്യമാണു്. ലേബർ (തൊഴിൽ) തന്നെ ഒരുവക ക്യാപ്പിററൽ ആണെന്നുപറയാം. എന്നാൽ പണമെന്ന കുറേക്കൂടി ഇടുങ്ങിയ അർത്ഥത്തിൽത്തന്നെയും, കുറച്ചു ക്യാപ്പിററൽ—അതെത്രതന്നെ ചുരുക്കമായിരുന്നാലും—ലേബറിന്റെ സംരംഭങ്ങൾക്കുപോലും ആവശ്യമുണ്ടു്. ആകയാൽ, ക്യാപ്പിററലിനും സ്വരാജ്യസ്നേഹത്തിനും തമ്മിൽ വൈരുദ്ധ്യമില്ല. ഒരു ക്യാപ്പിററലിസ്റ്റു് സ്വരാജ്യസ്നേഹിയാണെന്നോ അല്ലെന്നോ വരാം.

2

ക്യാപ്പിററലിനോടു് എനിക്കു വഴക്കില്ല, ക്യാപ്പിററലിസത്തോടാണു് ഞാൻ സമരം ചെയ്യുന്നതു്. പാശ്ചാത്യരാജ്യങ്ങൾ ക്യാപ്പിററലിന്റെ കേന്ദ്രീകരണത്തെ ഒഴിവാക്കാൻ, കുറേക്കൂടി മാരകമായ മറെറാരു രൂപത്തിലുള്ള വർഗ്ഗസമരത്തെ ഒഴിവാക്കാൻ, പഠിപ്പിക്കുന്നു. ക്യാപ്പിററലും ലേബറും പരസ്പരസ്പർദ്ധികളായിരിക്കണമെന്നില്ല. ഒരുവൻ മറെറാരുവനെക്കാൾ ധനികനല്ലാതിരിക്കുന്ന ഒരു കാലം എനിക്കു വിഭാവനം ചെയ്യാൻ വയ്യ. എന്നാൽ ധനികന്മാർ പാവങ്ങളെ ദോഷപ്പെടുത്തി കുബേരന്മാരാകുന്ന സമ്പ്രദായം പരിവർജ്ജിക്കുകയും, പാവങ്ങൾ പണക്കാരോടു് സ്പർദ്ധ

1. Young India, 3-6-1926

* ക്യാപ്പിററലിസവും സോഷ്യലിസവും.

2. Young India, 7-10-1926 (Economic and Industrial Life and Relations, vol. II, P. 25)

digitized by www .sreyas.in

വിചാരിക്കാതിരിക്കയും ചെയ്യുന്ന ഒരു കാലം ഞാൻ വിഭാവനം ചെയ്യുന്നുണ്ട്. എത്രയും കുററമററ ഒരു ലോകത്തിൽപോലും നമുക്ക് അസമത്വങ്ങളെ നിശ്ശേഷം ഒഴിവാക്കാൻ സാധിക്കുകയില്ല. എന്നാൽ കലഹവും വിദ്വേഷവും ഒഴിവാക്കാൻ കഴിയും. നാം അവയെ ഒഴിവാക്കുകയും വേണം. പണക്കാരും പാവങ്ങളും സമ്പൂർണ്ണമൈത്രിയിൽ കഴിഞ്ഞുകൂടുന്ന ധാരാളം ദൃഷ്ടാന്തങ്ങൾ ഇപ്പോൾ ത്തന്നെയുണ്ട്. ഇത്തരം ദൃഷ്ടാന്തങ്ങൾ നാം വർദ്ധിപ്പിക്കേണ്ട കാര്യമേ ഉള്ളു.

3

ആർക്കും ഉണ്ണാനും ഉടുക്കാനും ഇല്ലാത്തതുകൊണ്ടുള്ള സങ്കടം ഉണ്ടാവാത്ത വിധത്തിലായിരിക്കണം ഇൻഡ്യയുടെ, എന്നല്ല ലോകത്തിൻേറതന്നെ, സാമ്പത്തികഘടന എന്നാണ് എൻെറ അഭിപ്രായം. വേറൊരു പ്രകാരം പറഞ്ഞാൽ, ഈ രണ്ട് ആവശ്യങ്ങളും നിവർത്തിക്കാൻ വേണ്ടിടത്തോളം വേല ഏവക്കും കിട്ടണം. പ്രാഥമികജീവിതാവശ്യസാധനങ്ങളുടെ ഉൽപാദനോപാധികൾ ബഹുജനങ്ങളുടെ നിയന്ത്രണത്തിൽ ഇരുന്നാലേ ഈ ആദർശം സാർവ്വത്രികമായി പ്രയോഗത്തിൽ വരികയുള്ളു. ദൈവം സൃഷ്ടിച്ച വായുവും വെള്ളവുംപോലെ ഇവ സകലക്കും സ്വച്ഛന്ദം ലഭിക്കണം. ഇവയെ മററുള്ളവരെ ചൂഷണംചെയ്‌വാനുള്ള ഉപകരണങ്ങളാക്കരുത്. ഏതൊരു രാജ്യവും ഏതൊരു ജനതയും, ഏതൊരു ഗ്രൂപ്പും ഇവയുടെമേൽ കുത്തകാവകാശം സ്ഥാപിക്കുന്നതു് അന്യായമാണ്. ഈ ലളിതമായ സിദ്ധാന്തത്തിൻെറ അവഗണനയാണ് ഹതഭാഗ്യമായ നമ്മുടെ രാജ്യത്തു മാത്രമല്ല ലോകത്തിൽ മററു ഭാഗങ്ങളിലും നാം ഇന്നു കാണുന്ന ദുരിതങ്ങൾക്കെല്ലാം കാരണം.

4

ബോൾഷെവിസത്തിൻെറ അത്ഥം പൂർണ്ണമായി മനസ്സിലാക്കാൻ എനിക്കു് ഇതുവരെയും കഴിഞ്ഞിട്ടില്ലെന്നു ഞാൻ സമ്മതിക്കുന്നു. സ്വകാര്യവസ്തുഉടമ എന്ന സ്ഥാപനം ഇല്ലായ്മചെയ്യുകയാണ് അതിൻെറ ഉന്നം എന്നുമാത്രമാണ് എനിക്കറിയാവുന്നതു്. ഇതു് ധനശാസ്ത്രമണ്ഡലത്തിൽ, നിർമ്മമത എന്ന ധർമ്മശാസ്ത്രപ്രോക്തമായ ആദർശത്തിൻെറ പ്രയോഗംമാത്രമാണ്. ജനങ്ങൾ ഈ ആദർശം സ്വയമേവ അംഗീകരിക്കുമെങ്കിൽ, അഥവാ, സമാധാനപരമായ പ്രേരണ മുഖേന അവരെക്കൊണ്ടു സ്വീകരിപ്പിക്കാമെങ്കിൽ, മേൽസൂചിപ്പിച്ചമാതിരി നടപടിയൊന്നും വേണ്ടാ. എന്നാൽ ബോൾഷെവിസത്തെക്കുറിച്ചു ഞാൻ അറിഞ്ഞിടത്തോളം, അതു ബലപ്രയോഗത്തെ തടയുന്നില്ലെന്നു മാത്രമല്ല, സ്വകാര്യ

3. Young India, 15-11-1928 (India of My Dreams, P. 70)
4. Young India, 15-11-1928 (India of My Dreams, P. 26)

digitized by www .sreyas.in

വസ്തുവകകൾ പടിച്ചെടുക്കുന്നതിനും അവയുടെമേൽ കൂട്ടായ സ്റ്റേറ്റുടമ സ്ഥാപിക്കുന്നതിനും ഇഷ്ടംപോലെ അനുവാദം കൊടുക്കുകയും ചെയ്യുന്നു. എന്റെ അറിവു ശരിയാണെങ്കിൽ, ബോൾഷെവിക്കുഭരണത്തിനു് അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ നീണ്ടുനില്ക്കാൻ കഴിയില്ലെന്നു പറയാൻ എനിക്കു യാതൊരു മടിയുമില്ല. എന്തെന്നാൽ സ്ഥായിയായ യാതൊന്നും അക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിയുറപ്പിക്കാൻ സാധിക്കില്ലെന്നാണു് എന്റെ ദൃഢമായ വിശ്വാസം. അതൊക്കെ എങ്ങനെയിരുന്നാലും, ബോൾഷെവിക്ക് ആദർശത്തിന്റെ പിമ്പിൽ, അതിലേക്കു തങ്ങളുടെ സർവ്വവും ഉപേക്ഷിച്ചിട്ടുള്ള നിരവധി സ്ത്രീപുരുഷന്മാരുടെ അതിവിശുദ്ധമായ ത്യാഗമുണ്ടു്. ലെനിനെപ്പോലെയുള്ള മഹാനുഭാവന്മാരുടെ ത്യാഗത്തിന്റെ പിൻബലമുള്ള ഒരു ആദർശം വ്യർത്ഥമാവുകയില്ല. അവരുടെ പരിത്യാഗത്തിന്റെ വിശിഷ്ടമാതൃക എക്കാലവും ഉജ്ജ്വലകാന്തി വഹിക്കുകയും, കാലംചെല്ലുന്തോറും ആ ആദർശത്തെ ത്വരിപ്പിക്കുകയും വിശുദ്ധീകരിക്കുകയുംചെയ്യും.

## 5

നിങ്ങൾ കമ്മ്യൂണിസ്റ്റുകളാണെന്നു് അവകാശപ്പെടുന്നു; എന്നാൽ കമ്മ്യൂണിസത്തിനു് അനുയോജ്യമായവിധം നിങ്ങൾ ജീവിക്കുന്നില്ല. കമ്മ്യൂണിസം എന്ന വാക്കിന്റെ ഉൽക്കൃഷ്ടമായ അർത്ഥത്തിൽ, ആ ആദർശത്തിനനുസരണമായി ജീവിക്കുവാനാണു് ഞാൻ പരമാവധി പരിശ്രമിക്കുന്നതെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. നിങ്ങൾക്കു രാജ്യത്തെ നയിക്കണമെന്നുണ്ടെങ്കിൽ, യുക്തിയുക്തമായി ചിന്തിച്ചു പ്രവർത്തിക്കണം. നിങ്ങൾക്കു് ബലം പ്രയോഗിച്ചു് ആളുകളെ നിങ്ങളുടെ പക്ഷത്തേക്കു തിരിക്കാൻ സാധിക്കയില്ല. രാജ്യവാസികളെ നിങ്ങളുടെ അഭിപ്രായഗതിയോടു യോജിപ്പിക്കാനുള്ള ശ്രമത്തിൽ നിങ്ങൾക്കു വിനാശം അഴിച്ചുവിടാൻ സാധിച്ചേക്കും. എന്നാൽ എത്രപേരെ നിങ്ങൾക്കു നശിപ്പിക്കാം? കോടിക്കണക്കിനാളുകളെ നശിപ്പിക്കാൻ സാധിക്കുമോ? ലക്ഷക്കണക്കിനു് ആളുകൾ നിങ്ങളുടെ കൂടെയുണ്ടെങ്കിൽ ഏതാനും ആയിരങ്ങളെ ഹനിക്കാൻ സാധിച്ചേക്കും. എന്നാൽ നിങ്ങൾ ഇന്നു് ഒരുപിടിയാളുകളിൽ കൂടുതലില്ല. കഴിയുമെങ്കിൽ കോൺഗ്രസ്സിനെ മാനസാന്തരപ്പെടുത്തി അതിന്റെ നേതൃത്വം നിങ്ങൾ ഏറ്റെടുക്കുക. നിങ്ങളുടെ ആശയങ്ങൾ പൂർണ്ണമായി പ്രകടിപ്പിക്കാൻ നിങ്ങൾക്കു സാധിക്കും. യുക്തിപൂർവ്വം സംസാരിക്കാൻ കഴിയുന്ന ആരുടെ വാക്കും ക്ഷമയോടെ കേൾക്കാൻ വേണ്ട സഹിഷ്ണുത ഇൻഡ്യയ്ക്കുണ്ടു്.

5. Young India, 25-3-1931 (Towards Non-violent Socialism, P. 157)

digitized by www .sreyas.in

തല്ക്കാലസന്ധി തൊഴിലാളികൾക്ക് ഒരു ഉപദ്രവവും ചെയ്തിട്ടില്ല. എന്റെ ഒരു പ്രവൃത്തിയും ഒരിക്കലും തൊഴിലാളികൾക്ക ഹാനികരമായിരുന്നിട്ടില്ല; മേലിൽ ഹാനികരമാകയുമില്ല. കോൺഗ്രസ്സ്, കാൺഫറൻസിൽ പ്രതിനിധികളെ അയയ്ക്കുന്നുവെങ്കിൽ, അവർ തൊഴിലാളികളുടെയും കൃഷിക്കാരുടെയുമല്ലാത്ത സ്വരാജ്യത്തിനുവേണ്ടി ആവശ്യപ്പെടുകയില്ല. തൊഴിലാളികളുടെയും കൃഷിക്കാരുടെയും അല്ലാത്ത സ്വരാജ് അർത്ഥശൂന്യമായിരിക്കുമെന്ന് കമ്മ്യൂണിസ്റ്റുപാർട്ടി ഉടലെടുക്കുന്നതിനു എത്രയോമുമ്പേ കോൺഗ്രസ്സുകാർ തീരുമാനിച്ചതാണ്. ഒരുവേള, ഇവിടത്തെ തൊഴിലാളികളിൽ ആരും പ്രതിമാസം ഇരുപതു രൂപയിൽ കുറഞ്ഞ വേതനം വാങ്ങുന്നവരല്ല. എന്നാൽ ഞാൻ സ്വരാജ്യലബ്ധിക്കായി വേല ചെയ്യുന്നതു്, നിങ്ങൾക്കുവേണ്ടി മാത്രമല്ല; ദിവസം ഒരു നേരത്തെ ആഹാരത്തിനുപോലും നിവൃത്തിയില്ലാത്ത, ചീഞ്ഞ ഒരു കഷണം റൊട്ടിയും ഒരുനുള്ളുപ്പുംകൊണ്ടു് ജീവൻ നിലനിർത്തേണ്ടിയിരിക്കുന്ന, തൊഴിലില്ലാതെ ക്ലേശിക്കുന്ന, ജനലക്ഷങ്ങൾക്കുകൂടി വേണ്ടിയാണ്. പക്ഷേ നിങ്ങളെ തെററിദ്ധരിപ്പിക്കാൻ ഞാൻ വിചാരിക്കുന്നില്ല. ഞാൻ മുതലാളിമാരോടു യാതൊരു വിരോധവും പുലർത്തുന്നില്ലെന്നു നിങ്ങൾക്കു മുന്നറിയിപ്പു നൽകുന്നു.

## 6

മൂലധനം ഇല്ലാതാകണമെന്നും പണക്കാരെയും മുതലാളിമാരെയും നശിപ്പിക്കണമെന്നുമാണു നിങ്ങളുടെ ഉദ്ദേശ്യമെങ്കിൽ, നിങ്ങൾ ഒരിക്കലും വിജയിക്കുകയില്ല. തൊഴിലിന്റെ ശക്തി മുതലാളിമാക്കു കാണിച്ചുകൊടുക്കുകയാണു നിങ്ങൾ ചെയ്യേണ്ടതു്. അപ്പോൾ തങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുന്നവരുടെ ട്രസ്റ്റികളായിരിക്കാൻ അവർ സമ്മതിക്കും. എല്ലാ തൊഴിലാളികൾക്കും ആഹാരവും, വസ്ത്രവും, പാർപ്പിടവും കിട്ടണം; ആത്മാഭിമാനമുള്ള മനുഷ്യരെപ്പോലെ, സാധാരണ സുഖസൗകര്യങ്ങളോടെ ജീവിക്കാൻ സാധിക്കണം. ഇതിൽ കൂടുതലൊന്നും വേണമെന്നു ഞാൻ പറയുന്നില്ല. ഈ നില വന്നുകഴിഞ്ഞാൽ, അവരിൽ ബുദ്ധിയുള്ളവർ മററുള്ളവരേക്കാൾ കൂടുതൽ സ്വത്തുണ്ടാക്കും. എന്നാൽ എന്താണു എന്റെ ലക്ഷ്യമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ധനികന്മാർ തങ്ങളുടെ സ്വത്തു് സാധുക്കൾക്കുവേണ്ടിയുള്ള ഒരു ട്രസ്റ്റെന്ന നിലയിൽ കൈവശം വയ്ക്കണം, അല്ലെങ്കിൽ അവർക്കു വിട്ടുകൊടുക്കണം. ഞാൻ ടോൾസ്റ്റോയി ഫാറം സ്ഥാപിച്ചപ്പോൾ എന്റെ സകല സ്വത്തും ഇങ്ങനെ വിട്ടുകൊടുത്തുവെന്നു നിങ്ങൾക്കു് അറിയാമല്ലോ?

---

6. Young India, 2-4-1931 (Towards Non-violent Socialism, P. 159)

digitized by www .sreyas.in

റസ്കിന്റെ 'Unto the Last' എന്ന ഗ്രന്ഥം എന്നെ ഉത്തേജിപ്പിച്ചു. അതിൽ പറഞ്ഞിട്ടുള്ള രീതിയിലാണ് ഞാൻ എന്റെ ഫാറം നിർമ്മിച്ചതു്. കൃഷിക്കാരും തൊഴിലാളികളുമായ നിങ്ങളുടെ റിപ്പബ്ലിക്കിന്റെ സ്ഥാപകരെമ്പറാണ ഞാനെന്നു് നിങ്ങൾക്കിപ്പോൾ മനസ്സിലാക്കാം. പണമോ വേലയോ ഏതാണ നിങ്ങൾ വിലമതിക്കുന്നതു്? നിങ്ങൾ സഹാറാമരുഭൂമിയിൽ വണ്ടിക്കണക്കിനു പണവുമായി ചെന്നുപെട്ടുവെന്നു വയ്ക്കുക. ആ പണംകൊണ്ടു് എന്തു പ്രയോജനം? എന്നാൽ നിങ്ങൾക്കു പണിയെടുക്കാൻ കഴിയുമെങ്കിൽ പട്ടിണികിടക്കേണ്ടിവരികയില്ല. അപ്പോൾ പിന്നെ പ്രയത്നത്തെക്കാൾ പണം എങ്ങനെ കാമ്യമാകും? അഹമ്മദാബാദിലെ ലേബർയൂണിയന്റെ പ്രവർത്തനം നിങ്ങൾ പോയി നേരിട്ടു കാണുക; സ്വന്തമായി ഒരു റിപ്പബ്ലിക്കു സ്ഥാപിക്കാൻ അവർ എങ്ങനെ ശ്രമിക്കുന്നുവെന്നു മനസ്സിലാക്കുക.

## 7

പാശ്ചാത്യരുടെ സോഷ്യലിസത്തിന്റേയും കമ്മ്യൂണിസത്തിന്റേയും അടിസ്ഥാനം നമ്മുടെ ആശയങ്ങളിൽനിന്നു മൗലികമായി വ്യത്യാസപ്പെട്ട ചില ആശയങ്ങളാണു്. അവയിലൊന്നു്, മനുഷ്യപ്രകൃതി അവശ്യം സ്വാർത്ഥപരമാണെന്ന വിശ്വാസമത്രേ. ഞാൻ അതിനോടു യോജിക്കുന്നില്ല. കാരണം മനുഷ്യനും മൃഗവും തമ്മിലുള്ള മുഖ്യമായ വ്യത്യാസം എന്താണെന്നു് എനിക്കറിയാം. മനുഷ്യനു തന്റെ അന്തരാത്മാവിന്റെ ആഹ്വാനത്തോടു പ്രതികരണംചെയ്‌വാൻ സാധിക്കും. മൃഗസാധാരണമായ വികാരങ്ങൾക്കു് ഉപരിയായുയരാൻ, തന്നിമിത്തം സ്വാർത്ഥതയ്ക്കും അക്രമത്തിനും ഉപരിയായുയരാൻ അവനു കഴിയും. സ്വാർത്ഥതയും അക്രമവും മൃഗപ്രകൃതിക്കുള്ളതാണു്. മനുഷ്യന്റെ അനശ്വരാത്മാവിനുള്ളതല്ല. ഹിന്ദുമതത്തിലെ മൗലികസങ്കല്പമാണു് ഇതു്. അനേകവർഷങ്ങളിലെ നിഷ്ഠയുടേയും തപസ്യയുടേയും ഫലമായാണു് ഈ തത്ത്വം കണ്ടെത്തിയിട്ടുള്ളതു്. ആത്മരഹസ്യം കണ്ടുപിടിക്കാൻ ശരീരത്തെ കർശിതമാക്കുകയും ജീവൻ അർപ്പിക്കുകയും ചെയ്തിട്ടുള്ള ജ്ഞാനികൾ നമുക്കുള്ളപ്പോൾ പാശ്ചാത്യലോകത്തിലെപ്പോലെ ഭൂമിയിലെ അജ്ഞാതങ്ങളായ വിദൂരസ്ഥലങ്ങളാകട്ടെ അത്യുന്നതസ്ഥലങ്ങളാകട്ടെ കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുള്ള ആരും നമുക്കു് ഇല്ലാതെപോയതിന്റെ കാരണം ഇതാണു്. ആകയാൽ നമ്മുടെ സോഷ്യലിസവും കമ്മ്യൂണിസവും അക്രമരാഹിത്യത്തിലും, തൊഴിലാളിയും മുതലാളിയും തമ്മിലും ജന്മിയും കുടിയാനും തമ്മിലുമുള്ള അനുരഞ്ജനാത്മകമായ സഹകരണത്തിലും അധിഷ്ഠിതമായിരിക്കണം.

7. Amrit Bazaar Patrika, 2-8-1934 (India of My Dreams, P. 27)

digitized by www .sreyas.in

## 8

വർഗ്ഗസമരം എന്ന ആശയം എനിക്കു ബോധ്യമാകുന്നില്ല. ഇൻഡ്യയിൽ ഒരു വർഗ്ഗസമരം അനിവാര്യമല്ലെന്നു മാത്രമല്ല, അഹിംസാസിദ്ധാന്തം നാം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ നമുക്ക് അതു് ഒഴിവാക്കാവുന്നതുമാണ്. വർഗ്ഗസമരം അനിവാര്യമാണെന്ന നിലയിൽ സംസാരിക്കുന്നവർ അക്രമരാഹിത്യത്തിൻെറ അർത്ഥവ്യാപ്തി മനസ്സിലാക്കിയിട്ടില്ല, അഥവാ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽത്തന്നെ ഉപരിപ്ലവമായേ മനസ്സിലാക്കിയിട്ടുള്ളു.

## 9

കറാച്ചി പ്രമേയം അടുത്ത കോൺഗ്രസ്സ് പൊതുസമ്മേളനത്തിലേ ഭേദഗതി ചെയ്‌വാൻ സാധിക്കൂ. എന്നാൽ ഞാൻ വസ്തുവുടമകളുടെ സ്വകാര്യസ്വത്തുകൾ ന്യായമായ കാരണം കൂടാതെ പിടിച്ചെടുക്കുന്നതിൽ കക്ഷിയാകയില്ലെന്നു തീർത്തുപറയുന്നു. എൻെറ ഉദ്ദേശ്യം നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുകയും നിങ്ങളെ മാനസാന്തരപ്പെടുത്തുകയുമാണ്. നിങ്ങളുടെ സ്വകാര്യസ്വത്തു മുഴുവനും കുടിയാന്മാരുടെ ട്രസ്റ്റ് എന്ന നിലയിൽ നിങ്ങൾ കൈവശം വയ്ക്കുകയും, മുഖ്യമായും അവരുടെ ക്ഷേമത്തിനായി വിനിയോഗിക്കുകയും വേണം. കോൺഗ്രസ്സിൻെറ അണികളിൽ സോഷ്യലിസ്റ്റു പാർട്ടി എന്നൊരു പുതിയ പാർട്ടി ഉടലെടുത്തു വരുന്നുണ്ടെന്നു് എനിക്കറിയാം. പ്രസ്തുത പാർട്ടി കോൺഗ്രസ്സിനെക്കൂടി സ്വാധീനം ചെയ്തു കൊണ്ടുപോകുന്നതിൽ വിജയിക്കുകയാണെങ്കിൽ എന്തു സംഭവിക്കുമെന്നു് എനിക്കു പറയാനാവില്ല. എന്നാൽ തികച്ചും സത്യസന്ധവും നിരാക്ഷേപവുമായ ഒരു ഹിതപരിശോധന നടത്തുകയാണെങ്കിൽ ധനികവർഗ്ഗത്തിൻെറ സ്വത്തു മുഴുവൻ പിടിച്ചെടുക്കണമെന്നു നമ്മുടെ ജനലക്ഷങ്ങൾ വോട്ടു ചെയ്കില്ല എന്നു് എനിക്കു നല്ലതിന്മണ്ണം അറിയാം. മുതലാളിമാരും തൊഴിലാളികളും ജന്മികളും കുടിയാന്മാരും തമ്മിലുള്ള സഹകരണത്തിനും സമീകരണത്തിനും വേണ്ടിയാണു ഞാൻ പരിശ്രമിക്കുന്നതു്. നിങ്ങൾക്കെന്നപോലെ ഏററവും പാവപ്പെട്ട ആളുകൾക്കും നാലണ ഫീസുകൊടുത്തു്, കോൺഗ്രസ്സിൻെറ വിധാനപ്രമാണം സമ്മതിച്ച് കോൺഗ്രസ്സിൽ അംഗങ്ങളായി ചേരാൻ സ്വാതന്ത്ര്യമുണ്ടു്.

ഇവിടെ ഒരു മുന്നറിയിപ്പു നൽകേണ്ടിയിരിക്കുന്നു. ഞാൻ എന്നും മില്ലുടമസ്ഥരോടു പറഞ്ഞിട്ടുണ്ടു്. അവർ മാത്രമല്ല മില്ലി

---

8. Amrit Bazaar Patrika, 3-8-1934 (Selections from Gandhi, P. 94)

9. Amrit Bazaar Patrika, 2-8-1934 (Selections from Gandhi, P. 91)

digitized by www.sreyas.in

ന്റെ ഉടമകരം, അതിൽ വേലചെയ്യുന്നവരും ഉടമയിൽ പങ്കാളികളാണ് എന്നു്. ഇതിന്മണ്ണംതന്നെ നിങ്ങളുടെ ഭൂമിയിൽ നിങ്ങരം ക്കെന്നപോലെ കുടിയാന്മാക്കും ഉടമസ്ഥാവകാശം ഉണ്ടു്. നിങ്ങളുടെ ആദായവും വരുമാനവും ആഡംബരപൂർണ്ണവും ധൂർത്തവുമായ ജീവിതത്തിനായി ദുർവ്വ്യയം ചെയ്യരുതു്; അതു കൃഷിക്കാരുടെ ഗുണത്തിനായി വിനിയോഗിക്കണം. നിങ്ങരംക്കും നിങ്ങളുടെ കുടിയാന്മാക്കും തമ്മിൽ ഒരു ഗാഢബന്ധം ഉണ്ടെന്നു് അവക്കു് ഒരിക്കൽ അനുഭവപ്പെടുത്തിക്കൊടുത്താൽ, നിങ്ങരംമൂലം തങ്ങളുടെ താല്പര്യങ്ങരംക്കു ഹാനി സംഭവിക്കുകയില്ലെന്നു് അവക്കു് ഒരു ഉറപ്പു കിട്ടിക്കഴിഞ്ഞാൽപ്പിന്നെ, നിങ്ങളും അവരും തമ്മിൽ ഉരസലോ വർഗ്ഗസമരമോ ഉണ്ടാവുകയില്ലെന്നു നിങ്ങരംക്കു തീർച്ചപ്പെടുത്താം.

വർഗ്ഗസമരം ഇൻഡ്യയുടെ ആത്മസത്തയ്ക്കെതിരാണു്. തുല്യനീതി പാലിച്ചും സകലരുടേയും മൗലികാവകാശങ്ങളെ ആധാരമാക്കിയും കമ്മ്യൂണിസം വികസിപ്പിച്ചുകൊണ്ടുവരാൻ ഇൻഡ്യയ്ക്കു കഴിയും. എന്റെ സങ്കല്പത്തിൽ സ്ഥിതിചെയ്യുന്ന രാമരാജ്യം രാജാവിന്റേയും ദരിദ്രന്റേയും അവകാശങ്ങരംക്കു് ഒന്നുപോലെ ഉറപ്പുനല്കുന്നതാണു്.

10

നമുക്കു പൗരസ്ത്യസ്ഥാപനങ്ങളെ പൗരസ്ത്യമായ ശാസ്ത്രീയാന്വേഷണമനോഭാവത്തോടുകൂടി പഠിക്കാം. അപ്പോരം നമുക്കു് ലോകം ഇന്നോളം സങ്കല്പിച്ചിട്ടില്ലാത്തതും കുറേക്കൂടി യഥാർത്ഥവുമായ സോഷ്യലിസവും കമ്മ്യൂണിസവും വികസിപ്പിച്ചെടുക്കാം. ബഹുജനങ്ങളുടെ ദാരിദ്ര്യപ്രശ്നം സംബന്ധിച്ച അവസാന വാക്കാണു പാശ്ചാത്യരുടെ സോഷ്യലിസമോ കമ്മ്യൂണിസമോ എന്നു വിചാരിക്കുന്നതു തീർച്ചയായും അബദ്ധമാണു്.

11

നമ്മുടെ പൂർവ്വികന്മാർ ശരിയായ സോഷ്യലിസം ഇങ്ങനെ പഠിപ്പിച്ചുതന്നിട്ടുണ്ടു്: എല്ലാ ഭൂമിയും ഗോപാലനുള്ളതാണു്. പിന്നെ അതിർത്തിരേഖ എവിടെ? മനുഷ്യനാണു് അതിർവരമ്പുണ്ടാക്കിയതു്, അവനുതന്നെ അതു് ഇല്ലാതാക്കുകയും ചെയ്യാം. 'ഗോപാലൻ' എന്നാൽ ഇടയൻ എന്നും ഈശ്വരൻ എന്നും അർത്ഥമുണ്ടു്. ആധുനികഭാഷയിൽ അതിനു് സ്റ്റേറ്റു് അതായതു് ജന

10. Amrit Bazaar Patrika, 2-8-1934 (Selections from Gandhi, P. 95)

11. Harijan, 2-1-1937 (Selections from Gandhi, P. 98)

digitized by www .sreyas.in

ങ്ങൾ എന്നാണർത്ഥം. ഇന്നു് ഭൂമി ജനങ്ങളുടെ ഉടമയിലല്ല എന്നുള്ളതു് എത്രയും പരമാർത്ഥമാണു്. എന്നാൽ അതു നമുക്കു കിട്ടിയ ഉപദേശത്തിന്റെ കുററമല്ല, ഉപദേശം അനുസരിച്ചു ജീവിക്കാത്ത നമ്മുടെ കുററമാണു്.

റഷ്യയുൾപ്പെടെ സകല ജനതയ്ക്കും സാധ്യമായ ഒരു നല്ല സമീപനം അക്രമം കൂടാതെതന്നെ നമുക്കു് ഇതിൽ ആവാമെന്ന കാര്യത്തിൽ എനിക്കു് ഒരു സംശയവുമില്ല. സാഹസികമായ പിടിച്ചടക്കലിനുപകരം സ്വീകരിക്കാവുന്ന ഏററവും ഫലപ്രദമായ ഉപായമാണു് 'ചക്രാ' (അതിന്റെ വ്യാപകമായ അർത്ഥത്തിൽ). സകല വസ്തുവകകളും വേലചെയ്യുന്നവന്റെ വകയാണു്. നിർഭാഗ്യവശാൽ ഈ ലളിതമായ വസ്തുത വേലചെയ്യുന്നവർ അറിയുന്നില്ല. അഥവാ അവരെ അറിയിക്കുന്നില്ല.

12

മൂലധനം മുതലാളിമാർ ദുർവ്വിനിയോഗം ചെയ്യുന്നതു കണ്ടിട്ടല്ല സോഷ്യലിസം ഉണ്ടായതു്. സോഷ്യലിസം മാത്രമല്ല കമ്യൂണിസംപോലും ഈശോപനിഷത്തിന്റെ ആദ്യത്തെ സൂക്തത്തിൽ വ്യക്തമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. ചില പരിഷ്കർത്താക്കൾക്കു മാനസാന്തരപ്രക്രിയയിൽ വിശ്വാസം നശിച്ചപ്പോൾ സോഷ്യലിസം എന്നറിയപ്പെടുന്ന ടെക്നിക്കു് ഉണ്ടായി. ശാസ്ത്രീയസോഷ്യലിസ്ററുകളെ അഭിമുഖീകരിക്കുന്ന അതേ പ്രശ്നത്തിനു പരിഹാരം കാണാനാണു് ഞാനും പരിശ്രമിക്കുന്നതു്. എന്റെ സമീപനം എപ്പോഴും കലർപ്പില്ലാത്ത അഹിംസയിൽ കൂടിയാണെന്നും, അതിൽക്കൂടിമാത്രമാണെന്നും ഉള്ളതു ശരിതന്നെ. ഒരുവേള എന്റെ ഈ ശ്രമം പരാജയപ്പെട്ടേക്കാം. എങ്കിൽ അതു് അഹിംസയിൽ എനിക്കുള്ള അജ്ഞതകൊണ്ടായിരിക്കും. ഞാൻ അനുദിനം അധികമധികം വിശ്വസിച്ചുവരുന്ന ആ തത്വത്തിന്റെ ഒരു മോശപ്പെട്ട അവിഷ്കർത്താവായിരിക്കാം ഞാൻ. അക്രമരാഹിത്യതന്ത്രം സർവ്വേന്ദ്ധ്യാടിസ്ഥാനത്തിൽ പരീക്ഷിച്ചുനോക്കുന്ന സംഘടനകളാണു് എ. ഐ. എസ്. എ. യും എ. ഐ. വി. ഐ. എ. യും. കോൺഗ്രസ്സിനെപ്പോലെ തികച്ചും ജനകീയമായ ഒരു സംഘടന നയപരിവർത്തനങ്ങൾക്കു സദാ വിധേയമാണു്. അത്തരം മാററങ്ങൾകൊണ്ടുള്ള പ്രതിബന്ധം നേരിടാതെ പരീക്ഷണങ്ങൾ നടത്തുന്നതിനു് എന്നെ സഹായിക്കാൻവേണ്ടി കോൺഗ്രസ്സു് സൃഷ്ടിച്ച സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങളാണു് ഈ സംഘടനകൾ.

12. Harijan, 20-2-1937 (India of My Dreams, P. 22)

digitized by www .sreyas.in

13

റഷ്യൻമാതൃകയിലുള്ള കമ്മ്യൂണിസം, അതായതു്, ജനങ്ങളുടെമേൽ ബലാൽക്കാരമായി ചുമത്തുന്ന കമ്മ്യൂണിസം, ഇൻഡ്യയ്ക്കു വിരുദ്ധമാണു്. കമ്മ്യൂണിസം അക്രമംകൂടാതെ നടപ്പിൽ വരുമെങ്കിൽ അതു സ്വാഗതാർഹമായിരിക്കും. അപ്പോൾ ആരും ഒരു വസ്തുവും ജനങ്ങളുടെ ആവശ്യപ്രകാരവും ജനങ്ങൾക്കുവേണ്ടിയും അല്ലാതെ കൈവശംവച്ചുകൊണ്ടിരിക്കുകയില്ല. ലക്ഷപ്രഭുവിനു ലക്ഷക്കണക്കിനുള്ള സ്വത്തു കാണും; പക്ഷേ അതു കൈവശംവച്ചുകൊണ്ടിരിക്കുന്നതു് ജനങ്ങൾക്കുവേണ്ടിയായിരിക്കും. സ്റ്റേറ്റിനു പൊതുവായ ആവശ്യമുള്ളപ്പോൾ അതു് ഏറ്റെടുക്കുകയും ചെയ്യാം.

14

അവസാനാപഗ്രഥനത്തിൽ കമ്മ്യൂണിസത്തിന്റെ അർത്ഥം എന്താണു്? വർഗ്ഗരഹിതമായ ഒരു സമുദായം എന്നാണു് അതിന്റെ അർത്ഥം. പ്രാപിക്കാനുള്ള യത്നം അർഹിക്കുന്ന, ഒരു ആദർശമാണതു്. എന്നാൽ അതു സാധിക്കുന്നതിനു സഹായകമായി അക്രമത്തെ ആശ്രയിക്കുമ്പോൾ മാത്രം ഞാൻ അതുമായി കൂട്ടുപിരിയുന്നു. നമ്മളെല്ലാവരും തുല്യരായി ജനിച്ചു; എന്നാൽ ഈ ശതാബ്ദങ്ങളിലെല്ലാം ഈശ്വരനിശ്ചയത്തെ ധിക്കരിച്ചുപോന്നു. വലിയവനെന്നും ചെറിയവനെന്നുമുള്ള ഭേദബുദ്ധിദോഷമാണു്. എന്നാൽ ആ ദോഷം മനുഷ്യഹൃദയത്തിൽനിന്നു് കുന്തമുനകൊണ്ടു ദൂരീകരിക്കുന്ന പദ്ധതിയിൽ ഞാൻ വിശ്വസിക്കുന്നില്ല. മനുഷ്യഹൃദയം അത്തരം ഉപായത്തിനു വഴങ്ങുന്നതല്ല.

15

ഏററവും താണവക്കും എളിയവക്കുംപോലും സാമുദായികനീതി ബലപ്രയോഗംകൊണ്ടു സംപ്രാപ്തമാകയില്ലെന്നു് ഞാൻ എന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എളിയവക്കു് അക്രമരഹിതമാർഗ്ഗത്തിൽ കൂടുതൽ പരിശീലനം കൊടുത്തു്, അവർ സഹിച്ചിട്ടുള്ള അപകൃതികൾക്കു പരിഹാരം ഉണ്ടാക്കാമെന്നും ഞാൻ വിശ്വസിച്ചുപോരുന്നു. അക്രമരഹിതനിസ്സഹകരണമാണു് ഇവിടെ സൂചിതമായ മാർഗ്ഗം. ചിലപ്പോൾ നിസ്സഹരണം സഹകരണംപോലെ ഒരു കർത്തവ്യമായിത്തീരും. ഒരുവൻ സ്വാതന്ത്ര്യത്തിനോടോ അടിമത്തത്തോടോ സഹകരിക്കാൻ ബാദ്ധ്യസ്ഥനല്ല. അന്യരുടെ എത്ര ദയാപരമായ ശ്രമത്തിലൂടെ ലഭിക്കുന്ന സ്വാതന്ത്ര്യവും, ആ ശ്രമം പിൻവലിയുമ്പോൾ, വച്ചുപുലർത്താൻ സാദ്ധ്യമല്ല. വേറൊതുപ്ര

13. Harijan, 13-3-1937 (India of My Dreams, pp. 27—28)
14. Harijan, 13-3-1937 (India of My Dreams, P. 27)
15. Harijan, 20-4-1940 (India of My Dreams, P. 23)

digitized by www .sreyas.in

കാരം പറഞ്ഞാൽ അത്തരം സ്വാതന്ത്ര്യം യഥാർത്ഥ സ്വാതന്ത്ര്യമല്ല. എന്നാൽ എളിയവർ അഹിംസാത്മകനിസ്സഹകരണത്തിലൂടെ സ്വതന്ത്രരാവാൻ പഠിച്ചാൽ, അവക്ക് ആ സ്വാതന്ത്ര്യത്തിന്റെ ഗുണം അനുഭവിക്കാൻ കഴിയും. ഹിംസകൊണ്ട് ഒരിക്കലും സാധിക്കാത്ത കാര്യം അഹിംസാത്മകനിസ്സഹകരണംകൊണ്ടു സാധിക്കുമെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്. അപകർത്താവിനെ അവസാനം മാനസാന്തരപ്പെടുത്തിയാണിതു സാധിക്കുക. ഇൻഡ്യയിൽ നമ്മൾ അഹിംസയെ അതർഹിക്കുന്നവിധത്തിൽ ഒരിക്കലും പരീക്ഷിച്ചുനോക്കിയിട്ടില്ല. നമ്മുടെ സമ്മിശ്രമായ അഹിംസകൊണ്ടു തന്നെ നാം ഇത്രയുമെല്ലാം നേട്ടങ്ങൾ ഉണ്ടാക്കിയതാണ് അത്ഭുതം.

16

ദരിദ്രചൂഷണം അവസാനിപ്പിക്കുന്നതു്, ലക്ഷപ്രഭുക്കളായ ഏതാനുംപേരെ നശിപ്പിച്ചിട്ടല്ല, പാവങ്ങളുടെ അജ്ഞത നീക്കുകയും ചൂഷകവർഗ്ഗത്തോട് നിസ്സഹകരിക്കാൻ അവക്ക് ഉപദേശം നൽകുകയും ചെയ്തിട്ടാണ്. ഈ പ്രക്രിയ ചൂഷകന്മാരെയും മാനസാന്തരപ്പെടുത്തും. അവസാനം ഇതു് ഇരുകൂട്ടരേയും തുല്യപങ്കാളികളാക്കുന്നതിനു വഴിതെളിക്കുമെന്നുപോലും ഞാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. മൂലധനം, അതിന്റെ കേവലരൂപത്തിൽ, ദോഷമല്ല. അതിന്റെ തെറ്റായ വിനിയോഗമാണ് ദോഷം. മൂലധനം ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ എന്നും ആവശ്യമായിരിക്കും.

17

വർഗ്ഗസമരത്തിന്റെ അസ്തിത്വത്തിൽ ഞാൻ വിശ്വസിക്കുന്നില്ലെന്ന ലേഖകന്റെ സൂചന തെറ്റാണ്. വർഗ്ഗസമരത്തെ പ്രോത്സാഹിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് എനിക്കു വിശ്വാസമില്ലാത്തതു്. തീർച്ചയായും അതു് ഒഴിവാക്കാൻ കഴിയും എന്ന വിശ്വാസം എന്നിൽ വർദ്ധിച്ചുവരുന്നുണ്ട്. അതിനെ തടയുന്നതിലുള്ളതുപോലെ ഗുണം, പ്രോത്സാഹിപ്പിക്കുന്നതിലില്ല. ധനികവർഗ്ഗങ്ങളും തൊഴിലാളികളും തമ്മിലുള്ള മത്സരം പുറമേ തോന്നുന്ന ഒന്നുമാത്രമാണ്. തൊഴിലാളികൾ സംഘടിക്കാൻതക്കവിധം ബുദ്ധിയുള്ളവരായിരിക്കുകയും ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ പഠിക്കുകയും ചെയ്യുമ്പോൾ അവരുടെ കൂട്ടുകെട്ടിനു പണത്തേക്കാൾ എത്രയോ കൂടുതൽ തൂക്കം കാണും; ഇല്ലെങ്കിൽ പണത്തിനു തുല്യമായ തൂക്കമെങ്കിലും ഉണ്ടായിരിക്കും. മത്സരം വാസ്തവത്തിൽ ബുദ്ധിയും

---

16. Harijan, 28-7-1940, P. 219

17. Harijan, 16-10-1945 (Selections from Gandhi, pp. 96—97)

ബുദ്ധിശൂന്യതയും തമ്മിലാണ്. നിശ്ചയമായും അത്തരമൊരു മത്സരം നിലനില്ക്കുന്നതു വിസ്മൃതമായിരിക്കും. ബുദ്ധിശൂന്യതയെ ദൂരീകരിക്കണം.

ആകയാൽ വർഗ്ഗത്തെ വർഗ്ഗത്തിനെതിരായി അണിനിരത്തുന്നതല്ല പ്രശ്നം, തൊഴിലാളികൾക്കു വിദ്യാഭ്യാസം നൽകി മാന്യതാബോധം ജനിപ്പിക്കുന്നതാണ്. പണക്കാർ ലോകത്തിൽ ഒരു നിസ്സാര ന്യൂനപക്ഷം മാത്രമേ ഉള്ളൂ. തൊഴിലാളികൾ തങ്ങളുടെ ശക്തി മനസ്സിലാക്കുകയും പരമാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യുന്ന മാത്രയിൽ, പണക്കാർ പരമാർത്ഥമായി പ്രവർത്തിച്ചുതുടങ്ങും. പണക്കാർക്കെതിരായി തൊഴിലാളികളെ പ്രകോപിപ്പിക്കുന്നതു്, വർഗ്ഗവിദ്വേഷത്തെയും തജ്ജന്യമായ എല്ലാ ദൂഷ്യഫലങ്ങളെയും ശാശ്വതീകരിക്കലാണ്. ഏതു വിലകൊടുത്തും ഒഴിവാക്കേണ്ട ഒരു ദൂഷിതവലയമാണു സമരം. അതു ദുർബലത സമ്മതിക്കലാണ്, അപകൃഷ്ടതാബോധത്തിന്റെ ലക്ഷണമാണ്. തൊഴിലാളിവർഗ്ഗം സ്വന്തം മഹത്വം മനസ്സിലാക്കുന്ന നിമിഷം, പണം അതിന്റെ ശരിയായ സ്ഥാനത്തു ചെന്നുചേരും, അതായതു് ഒരു ട്രസ്റ്റ് എന്ന നിലയിൽ അതു തൊഴിലാളികൾക്കു ഉതകും. എന്തെന്നാൽ തൊഴിലിനു പണത്തേക്കാൾ വിലയുണ്ടു്.

## 18

സാമ്പത്തികസമത്വം കൈവരുത്താൻ തങ്ങൾക്കു് ഇന്നു് ഒന്നും ചെയ്വാൻ നിവൃത്തിയില്ലെന്നു സോഷ്യലിസ്റ്റുകളും കമ്മ്യൂണിസ്റ്റുകളും പറയുന്നു. അവർ അതിനനുകൂലമായി പ്രചരണം നടത്തിക്കൊണ്ടിരിക്കുക മാത്രം ചെയ്യും. അതിന്നായി വിദ്വേഷം ജനിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നതിൽ അവർ വിശ്വസിക്കുന്നു. സ്റ്റേറ്റിന്റെ നിയന്ത്രണം കയ്യിൽ കിട്ടുമ്പോൾ തങ്ങൾ സമത്വം സ്ഥാപിക്കുമെന്നു് അവർ പറയുന്നു. എന്റെ പദ്ധതി പ്രകാരമാണെങ്കിൽ, സ്റ്റേറ്റ് ജനങ്ങളുടെ ഇച്ഛ നടപ്പിൽവരുത്തുകയേ ചെയ്കയുള്ളൂ. സ്റ്റേറ്റു് അതിന്റെ ഇച്ഛ ജനങ്ങളുടെമേൽ കെട്ടിവയ്ക്കുകയോ ബലംപ്രയോഗിച്ച് അവരെക്കൊണ്ടു് അനുസരിപ്പിക്കയോ ചെയ്കയില്ല. ഞാൻ സാമ്പത്തികസമത്വം അക്രമരാഹിത്യത്തിലൂടെ നടപ്പാക്കും. വിദ്വേഷത്തിനെതിരേ സ്നേഹശക്തി പ്രയോഗിച്ചു ജനങ്ങളെ എന്റെ അഭിപ്രായത്തിലേക്കു മാനസാന്തരപ്പെടുത്തും. സമുദായം മുഴുവൻ എന്റെ അഭിപ്രായഗതിയിലേക്കു തിരിയുന്നതുവരെ ഞാൻ കാത്തിരിക്കുകയില്ല. ഞാൻതന്നെ ഒരു തുടക്കമിടും. അൻപതു മോട്ടോർകാറിന്റേയോ പത്തുബീഗാ ഭൂമിയുടേയോ ഉടമസ്ഥനാണു ഞാനെങ്കിൽ എനിക്കു് എന്റെ

18. Harijan, 31-3-1946

വിഭാവനയിലുള്ള സാമ്പത്തികസമത്വം നടപ്പിൽവരുത്താൻ സാധിക്കയില്ലെന്നുള്ളതു് അനുഭവസിദ്ധമാണു്. സാധിക്കണമെങ്കിൽ പാവങ്ങളിൽ പാവങ്ങളുടെ നിലയിലേക്കു ഞാൻ താഴേണ്ടതായുണ്ടു്. കഴിഞ്ഞ അൻപതോ അതിലധികമോ വർഷമായി അതിലേക്കാണു ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ആകയാൽ, ധനികന്മാർ തരുന്ന കാറും മററു സൗകര്യങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും, ഞാൻ ഒരു പ്രമുഖ കമ്മ്യൂണിസ്റ്റാണെന്നു് അവകാശപ്പെടുന്നു. അവക്കു് എൻെറമേൽ ഒരു പിടിയുമില്ല. ബഹുജനങ്ങളുടെ താല്പര്യത്തിനു് ആവശ്യമെന്നു കണ്ടാൽ ഒരു നിമിഷത്തെ നോട്ടീസിന്മേൽ എനിക്കു് അവരെ കൈയൊഴിക്കാൻ കഴിയും.

## 19

എൻെറ സോഷ്യലിസം ഇന്നോളവും ഇതാണു്: എനിക്കു് അന്ധന്മാരുടെയും ബധിരന്മാരുടെയും മൂകന്മാരുടെയും ചുടലച്ചാമ്പലിൽ വളൎന്നുയരാൻ താല്പര്യമില്ല. ഈ അഭിപ്രായഗതിക്കു് അവരുടെ സോഷ്യലിസത്തിൽ പക്ഷേ സ്ഥാനമില്ലായിരിക്കാം. അവരുടെ ഏകലക്ഷ്യം ഭൗതികപുരോഗതിയാണു്. ഉദാഹരണത്തിനു് അമേരിക്ക അവിടത്തെ ഓരോ പൗരനും ഓരോ കാറുണ്ടായിരിക്കണമെന്നുദ്ദേശിക്കുന്നു. എനിക്കു് ആ ലക്ഷ്യമില്ല. എൻെറ വ്യക്തിത്വം പൂർണ്ണമായി ആവിഷ്കരിക്കാനുള്ള സ്വാതന്ത്ര്യം വേണം; അതാണു് എൻെറ ലക്ഷ്യം. വേണമെന്നു തോന്നിയാൽ ചോതിനക്ഷത്രത്തിലേക്കു് ഒരു കോവണി തീർക്കാൻ എനിക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണം. അങ്ങനെ എന്തെങ്കിലും ചെയ്യണമെന്നു് എനിക്കു താല്പര്യമുണ്ടെന്നല്ല അൎത്ഥം. മറേറ സോഷ്യലിസത്തിൽ വ്യക്തിസ്വാതന്ത്ര്യം എന്നൊന്നില്ല. നിങ്ങൾക്കു സ്വന്തമായി ഒരുവകയുമില്ല, നിങ്ങളുടെ ശരീരംപോലും.

അങ്ങനെയാണു് സോഷ്യലിസ്ററുകളുടെ രീതി. എൻെറ കമ്മ്യൂണിസം സോഷ്യലിസത്തിൽനിന്നും വളരെ ഭിന്നമല്ല. അതു രണ്ടിൻേറയും സമരസമായ ഒരു മേളനമാണു്. ഞാൻ മനസ്സിലാക്കിയപ്രകാരമുള്ള കമ്മ്യൂണിസം സോഷ്യലിസത്തിൻെറ ഒരു സ്വാഭാവികമായ ഉപസിദ്ധാന്തമാണു്.

## 20

ഇതേസമയം, ഏതാനും മൗലികവ്യവസായങ്ങൾ ആവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. 'ചാരുകസേരസോഷ്യലിസ' ത്തിലോ സായുധസോഷ്യലിസത്തിലോ എനിക്കു വിശ്വാസമി

19. Harijan, 4-8-1946
20. Harijan, 1-9-1946 (India of My Dreams, P. 32)

digitized by www .sreyas.in

ല്ല. സമൂലമനഃപരിവർത്തനത്തിനു കാത്തിരിക്കാതെ എന്റെ വിശ്വാസത്തിനനുസരണമായി പ്രവർത്തിക്കേണ്ടതാണെന്നു ഞാൻ വിശ്വസിക്കുന്നു. ആകയാൽ മൗലികവ്യവസായങ്ങളുടെ കണക്കെടുക്കാതെതന്നെ, വളരെയധികം ആളുകൾ ജോലിചെയ്യേണ്ട വ്യവസായങ്ങൾ സ്റ്റേറ്റുടമയിൽ എടുക്കും. പ്രയത്നം വിദഗ്ദ്ധമോ അവിദഗ്ദ്ധമോ ആകട്ടെ, അവരുടെ പ്രയത്നഫലത്തിന്റെ ഉടമസ്ഥത സ്റ്റേറ്റിലൂടെ അവരിൽ നിക്ഷിപ്തമാവും. എന്നാൽ അഹിംസയിൽ അധിഷ്ഠിതമായ ഒരു സ്റ്റേറ്റിനെ മാത്രമേ എനിക്കു വിഭാവനംചെയ്‌വാൻ സാധിക്കുകയുള്ളു. തന്നിമിത്തം എന്റെ പദ്ധതിയിൽ, പണക്കാരുടെ സ്വത്തു ബലാല്ക്കാരേണ അപഹരിക്കപ്പെടുകയില്ല. എന്നാൽ സ്റ്റേറ്റുടമയിലേക്കുള്ള പരിവർത്തനപരിപാടിയിൽ അവരുടെ സഹകരണം ഞാൻ ആവശ്യപ്പെടും. ലക്ഷപ്രഭുക്കളാകട്ടെ, പാവങ്ങളാകട്ടെ, സമുദായത്തിൽ മ്ലേച്ഛന്മാരില്ല. രണ്ടു കൂട്ടരും ഒരേ രോഗത്തിന്റെ ഫലമായ രണ്ടു വ്രണങ്ങളാണ്. എല്ലാവരും മനുഷ്യർതന്നെ.

നാം മറ്റെവിടെയുമെന്നപോലെ ഇൻഡ്യയിൽ കണ്ടതും കാണാനിരിക്കുന്നതുമായ നൃശംസതകളുടെ മുമ്പിലാണ് ഞാൻ ഈ വിശ്വാസം പ്രഖ്യാപിക്കുന്നത്. നമുക്ക് അപകടത്തിന്റെ മുമ്പിൽത്തന്നെ ജീവിക്കാം.

## 21

കമ്മ്യൂണിസ്റ്റുകൾ തങ്ങളുടെ വിശ്വാസപ്രമാണം വിളിച്ചുപറഞ്ഞു ശല്യം ഉണ്ടാക്കിയെന്നാണു തോന്നുന്നത്. എനിക്ക് അവരുടെ കൂട്ടത്തിൽ സുഹൃത്തുക്കളുണ്ട്. ചിലരെല്ലാം എന്റെ സ്വന്തം മക്കളെപ്പോലെയാണ്. എന്നാൽ അവർ യോഗ്യതയും അയോഗ്യതയും തമ്മിൽ, സത്യവും അസത്യവും തമ്മിൽ, ഒരു വ്യത്യാസവും കല്പിക്കാറില്ലെന്നു തോന്നുന്നു. അവർ ആരോപണം നിഷേധിക്കുന്നുണ്ട്. എന്നാൽ റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ള പ്രവൃത്തികൾ, ആരോപണത്തെ സ്ഥാപിക്കുകയാണു ചെയ്യുന്നത്. മാത്രമല്ല, അവർ ഉപദേശങ്ങൾ സ്വീകരിക്കുന്നതു് റഷ്യയിൽനിന്നാണെന്നു തോന്നുന്നു. റഷ്യയെയാണ് അവർ തങ്ങളുടെ ആത്മീയകുടുംബമായി പരിഗണിക്കുന്നതു്. ഒരു ബാഹ്യശക്തിയോടുള്ള ഈ ആശ്രയീഭാവത്തെ എനിക്കു് അനുകൂലിക്കാൻ നിവൃത്തിയില്ല. നമ്മുടെ ഇപ്പോഴത്തെ ഭക്ഷ്യക്ഷാമത്തിൽ റഷ്യൻഗോതമ്പിനെ ആശ്രയിക്കരുതെന്നുപോലും ഞാൻ പറഞ്ഞിട്ടുണ്ട്. വിദേശസൗജന്യത്തെ ആശ്രയിക്കുന്നതിലുംഭേദം നമ്മുടെ മണ്ണിനു നൽകാൻ കഴിയുന്ന വിളവിനെ മാത്രം ആശ്രയിക്കുന്നതാണ്. അ

---

21. Harijan, 6-10-1946 (Towards Non-violent Socialism P. 165)

digitized by www .sreyas.in

തിനു കഴിവും ധൈര്യവും നമുക്കുണ്ടാകണം. അല്ലാത്തപക്ഷം ഒരു സ്വാതന്ത്ര്യരാജ്യമായി നിലനില്ക്കാൻ നാം അർഹരായിരിക്കയില്ല. ഈ തത്വം വൈദേശികപ്രത്യയശാസ്ത്രങ്ങളുടെ കാര്യത്തിലും യോജിക്കും. എനിക്കു് സാത്മ്യംപ്രാപിക്കാനും ഇൻഡ്യൻരംഗത്തു് സ്വീകരിക്കാനും കഴിയുന്നിടത്തോളം മാത്രമേ ഞാൻ അവയെ സ്വീകരിക്കുകയുള്ളു. അവയ്ക്കു കീഴ്പെട്ടുപോകാൻ ഞാൻ വിസമ്മതിക്കും.

ആകയാൽ കമ്മ്യൂണിസ്റ്റുകാർക്കായുള്ള എന്റെ ഫോർമുലാ ഇതാണു്: ഞാൻ അവരുടെ കൈയിനാൽ മരിക്കാൻ തയ്യാറാകും, പക്ഷേ പ്രതികാരം ചെയ്യുകയില്ല.

## 22

ഇന്നു ഭീമമായ സാമ്പത്തികാസമത്വമുണ്ടു്. സോഷ്യലിസത്തിന്റെ അടിസ്ഥാനം സാമ്പത്തികസമത്വമാണു്. ചുരുക്കം ചിലർ സമ്പത്തിൽ കൂത്താടുകയും ബഹുജനങ്ങൾ ആഹാരത്തിനുപോലും പാങ്ങില്ലാതെ വിഷമിക്കുകയും ചെയ്യുന്ന ഇന്നത്തെ അന്യായമായ അസമത്വം നിലനില്ക്കുമ്പോൾ രാമരാജ്യം നമുക്കു കൈവരികയില്ല.

ശാശ്വതമായ എന്തെങ്കിലും പരിഷ്കാരം നടപ്പിൽവരുത്തുന്നതിനു് അക്രമം ഉപായമായി സ്വീകരിക്കുന്നതു സംബന്ധിച്ചാണു് എനിക്കു സോഷ്യലിസ്റ്റുകളോടും മററും എതിർപ്പുള്ളതു്.

## 23

'സോഷ്യലിസം' ഒരു മനോഹരമായ വാക്കാണു്. ഞാൻ മനസ്സിലാക്കിയിടത്തോളം, സോഷ്യലിസത്തിൽ സമുദായത്തിലെ എല്ലാ അംഗങ്ങളും തുല്യരാണു്, ആരും താണവരല്ല, ആരും വലിയവരും അല്ല. നമ്മുടെ ശിരസ്സു് ശരീരത്തിന്റെ മീതേ ഇരിക്കുന്നതുകൊണ്ടു് മററു് അവയവങ്ങളെക്കാൾ ഉൽകൃഷ്ടമല്ല. പാദം താഴെ തൊടുന്നതു കാരണം നികൃഷ്ടവുമല്ല. ശരീരത്തിലെ എല്ലാ അവയവങ്ങളും തുല്യമായിരിക്കുന്നതുപോലെ സമൂഹത്തിലെ എല്ലാ അംഗങ്ങളും തുല്യമാണു്. ഇതാണു് സോഷ്യലിസം.

ഈ വ്യവസ്ഥിതിയിൽ രാജാവും കൃഷിക്കാരനും ധനികനും ദരിദ്രനും തൊഴിലുടമയും തൊഴിലാളിയും എല്ലാം ഒരേ നിലയിലുള്ളവരാണു്. മതത്തിന്റെ ദൃഷ്ടിയിൽ ദ്വിത്വം എന്നൊന്നില്ല. എന്നാൽ ലോകത്തിൽ എവിടെ നോക്കിയാലും ദ്വിത്വം അഥ

22. Harijan, 1-6-1947 (India of My Dreams, P. 72)
23. Harijan, 13-7-1947 (India of My Dreams, P. 25)

digitized by www .sreyas.in

വാ ബഹുത്വം അല്ലാതെ മറ്റൊന്നും ഇല്ലതാനും. നാനാത്വം അതിന്റെ അഭാവംമൂലമാണ് പ്രകടമായിരിക്കുന്നതു്. ഇയാൾ ശ്രേഷ്ഠൻ, അയാൾ താണവൻ, അതു ഹിന്ദു, ഇതു മുസ്ലീം, ഇനിയൊരുവൻ ക്രിസ്ത്യൻ, നാലാമൻ പാഴ്സി, അഞ്ചാമൻ സിക്ക്, ആറാമൻ യഹൂദൻ ഇങ്ങനെ പോകുന്നു ഭേദകല്പന. ഇവയ്ക്കുതന്നെ ഇനിയും ഉപവിഭാഗങ്ങളുണ്ട്. എന്റെ വിശ്വാസമനുസരിച്ച് രൂപങ്ങളുടെ നാനാത്വത്തിൽ തികഞ്ഞ ഏകത്വമാണുള്ളതു്.

ഈ അവസ്ഥയിൽ എത്തുന്നതിനു്, നാം തത്ത്വജ്ഞാനികളുടെ മട്ടിൽ സംഗതികൾ വീക്ഷിക്കുകയും എല്ലാവരും സോഷ്യലിസത്തിലേക്കു പരിവർത്തനം ചെയ്യപ്പെടുന്നതുവരെ നാം അനങ്ങേണ്ടെന്നു പറയുകയും ചെയ്താൽ പറ്റില്ല. നാം നമ്മുടെ ജീവിതം മാറ്റാതെ, പ്രസംഗങ്ങൾ നടത്തുകയും, പാർട്ടികൾ രൂപവൽക്കരിക്കയും, പ്രാപ്പിടിയന്റെ മാതിരി കണ്ണിൽപ്പെടുന്ന ഇരയെ റാഞ്ചിപ്പിടിക്കുകയും ചെയ്യുന്നു. ഇതല്ല സോഷ്യലിസം. ഇങ്ങനെ റാഞ്ചിപ്പിടിക്കേണ്ട ഇരയായി സോഷ്യലിസത്തെ നാം പരിഗണിക്കുന്തോറും അതു കൂടുതൽ കൂടുതൽ നമ്മിൽനിന്നു് അകന്നു പൊയ്ക്കൊണ്ടിരിക്കും.

മാനസാന്തരപ്പെടുന്ന ആദ്യത്തെ ആളോടൊപ്പം സോഷ്യലിസം ആരംഭിക്കുന്നു. അത്തരം ഒരാൾ ഉണ്ടായാൽ മതി, നിങ്ങൾക്കു് ആ ഒന്നിനോടു പൂജ്യങ്ങൾ ചേർക്കാം. ആദ്യത്തെ പൂജ്യം ചേരുമ്പോൾ തുക പത്താകും. പിന്നെ ചേർക്കുന്ന ഓരോ പൂജ്യവും മുൻസംഖ്യയെ പത്തിരട്ടിയായി വർദ്ധിപ്പിക്കും. എന്നാൽ തുടങ്ങുന്ന സംഖ്യ പൂജ്യമാണെങ്കിൽ, അതിന്റെ ഗുണനഫലവും പൂജ്യംതന്നെയായിരിക്കും. തുടക്കമിടാൻ ആരുമില്ലെങ്കിലത്തെ കഥയും ഇതുതന്നെയെന്നു സാരം. പൂജ്യങ്ങൾ പകർത്താൻ ചെലവാക്കുന്ന സമയവും കടലാസും അത്രത്തോളം വ്യർത്ഥം.

ഈ സോഷ്യലിസം സ്ഫടികംപോലെ ശുദ്ധമാണ്. ആകയാൽ അതു പ്രാപിക്കാനുള്ള മാർഗ്ഗവും ശുദ്ധമായിരിക്കേണ്ടതാണ്. അശുദ്ധമാർഗ്ഗത്തിനു് അശുദ്ധപരിണാമമാണുള്ളതു്. രാജാവിന്റെ തല കൊയ്താൽ രാജാവും കൃഷിക്കാരനും തുല്യരാകയില്ല. ഈ തലകൊയ്ത്തുകൊണ്ട് തൊഴിലുടമയേയും തൊഴിലാളിയേയും തുല്യരാക്കാൻ സാധിക്കുകയില്ല. അസത്യത്തിലൂടെ സത്യത്തിൽ എത്തിച്ചേരുകയില്ല. സത്യസന്ധമായ പെരുമാറ്റംകൊണ്ടേ സത്യത്തിൽ എത്താൻ കഴിയൂ. അഹിംസയും സത്യവും രണ്ടും ഇരട്ടപ്പിറപ്പുകളല്ലേ? ദൃഢസ്വരത്തിലുള്ള ഒരു 'അല്ല'യാണു് ഈ ചോദ്യത്തിനുത്തരം. അഹിംസ സത്യത്തിലും സത്യം അഹിംസയിലും സന്നിവിഷ്ടമാണ്. അവ ഒരു നാണയത്തിന്റെതന്നെ രണ്ടു വശങ്ങളാണെന്നു് അതുകൊണ്ടാണു പറയപ്പെടുന്നതു്. നാണയത്തിന്റെ

digitized by www .sreyas.in

ഇരുപുറത്തേയും അക്ഷരങ്ങൾ വ്യത്യസ്തമായിരിക്കാം. എന്നാൽ മൂല്യം ഒന്നുതന്നെ. ഈ അനുഗൃഹീതമായ അവസ്ഥ സമ്പൂർണ്ണ വിശുദ്ധി കൂടാതെ പ്രാപ്യമല്ല. മാനസികവും ശാരീരികവുമായ അശുദ്ധിക്ക് ഇടംകൊടുക്കുകയാണെങ്കിൽ, നിങ്ങളിൽ അസത്യവും ഹിംസയും ഉണ്ടായിരിക്കും.

ആകയാൽ, സത്യസന്ധരും അഹിംസാത്മകരും ശുദ്ധമനസ്സുരുമായ സോഷ്യലിസ്ററുകൾക്ക മാത്രമേ ഇൻഡ്യയിലും ലോകത്തിലും സ്ഥിതിസമത്വസുന്ദരമായ ഒരു സമുദായത്തെ കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളു. എന്റെ അറിവിൽ കേവലം സോഷ്യലിസ്റ്റായുള്ള ഒരു രാജ്യവും ലോകത്തില്ല. മുകളിൽ വിവരിച്ച മാർഗ്ഗങ്ങൾ അവലംബിക്കാതെ, അത്തരമൊരു സമുദായത്തിന്റെ ആവിർഭാവം അസാദ്ധ്യംതന്നെയാണ്.

## ബി: ട്രസ്ററിഷിപ്പ് സിദ്ധാന്തം

### 24

മുതലാളിത്തത്തെയോ സാമ്രാജ്യത്വത്തെയോ സംബന്ധിച്ചുള്ള എന്റെ പ്രസ്താവനയിൽ യാതൊരു പൂർവ്വാപരവൈരുദ്ധ്യവും ഞാൻ കാണുന്നില്ല. ലേഖകൻ ഒരു ചിന്താക്കുഴപ്പത്തിൽ പെട്ടിരിക്കുകയാണ്. രാജാക്കന്മാരോ, സാമ്രാജ്യത്വവാദികളോ, മുതലാളിത്തവാദികളോ എന്തു് അവകാശപ്പെടുന്നുവെന്നും അവകാശപ്പെട്ടിരുന്നുവെന്നും ഞാൻ പറയുകയോ ആലോചിക്കുകയോ ചെയ്തിട്ടില്ല. മൂലധനം എങ്ങനെ വിനിയോഗിക്കണമെന്നു പറയുകയും എഴുതുകയും ചെയ്തിട്ടുണ്ട്. പിന്നെ, അവകാശപ്പെടുക എന്നുള്ളതു് ഒരു കാര്യം; അതനുസരിച്ചു ജീവിക്കുക എന്നുള്ളതു മറെറാരു കാര്യം. എന്നെപ്പോലെ ജനങ്ങളുടെ ദാസന്മാരെന്ന് അവകാശപ്പെടുന്നവരെല്ലാം, ആ അവകാശവാദംകൊണ്ടു മാത്രം അങ്ങനെ ആയിത്തീരുന്നില്ല. എന്നാൽ അവകാശപ്പെടുന്നതുപോലെ ജീവിക്കുന്നതു കണ്ടാൽ എന്നെപ്പോലുള്ളവരെ സകലരും അഭിനന്ദിക്കും. ഇതിനുണ്ണും, ഒരു മുതലാളി തനിക്കു മാത്രമായുള്ള ഉടമസ്ഥാവകാശം പരിത്യജിക്കുകയും തങ്ങൾ മുതലു കൈവശംവച്ചുകൊണ്ടിരിക്കുന്നതു് ജനങ്ങളുടെ ഒരു ട്രസ്റ്റി എന്ന നിലയിലാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുമെങ്കിൽ എല്ലാവരും സന്തുഷ്ടരാകും.

### 25

പണം അവരുടെ കൈവശമായതുകൊണ്ടു് അവക്കു് ഒരു കമ്മീഷനു് അവകാശമുണ്ടായിരിക്കും. ആരും അവരെ ട്രസ്റ്റികളായി

24. Harijan, 20-2-1937 (Towards Non-violent Socialism, P. 136)
25. Young India, 26-11-1931 (Towards Non-violent Socialism, P. 162)

digitized by www .sreyas.in

സംഘടിപ്പിച്ചിട്ടില്ല. ട്രസ്റ്റികളായി പ്രവർത്തിക്കാൻ ഞാൻ അവരെ ക്ഷണിക്കുകയാണ്. ഇന്നു സ്വയം ഉടമസ്ഥരാണെന്നു പരിഗണിച്ചുപോരുന്ന ആ ആളുകളെ ട്രസ്റ്റികളായിരിപ്പാൻ, അതായതു് സ്വന്തം അവകാശത്തിന്റെ ബലത്തിലല്ല അവർ ചൂഷണംചെയ്തിട്ടുള്ള ആളുകളുടെ അവകാശത്തിന്റെ ബലത്തിൽ, ഉടമസ്ഥരായിരിക്കാൻ ഞാൻ ക്ഷണിക്കുകയാണ്. അവർ എന്തു കമ്മീഷൻ എടുക്കണമെന്നു ഞാൻ പറയുകയില്ല. യോഗ്യമായ ഒരു തുക എടുക്കണം. 100 രൂപാ കൈവശമുള്ള ആളോടു ഞാൻ പറയും. 50 രൂപാ എടുത്തിട്ടു ബാക്കി 50 രൂപാ ജോലിചെയ്യുന്നവക്കു കൊടുക്കാൻ. എന്നാൽ ഒരുകോടിരൂപാ കൈവശമുള്ള ആളോടു ഞാൻ പറഞ്ഞേക്കും ഒരു ശതമാനം മാത്രം എടുക്കാൻ. ഇതിൽനിന്നും ഞാൻ പറയുന്ന കമ്മീഷൻ ഒരു നിശ്ചിത തുകയല്ലെന്നു നിങ്ങൾക്കു കാണാം. ഒരു നിശ്ചിത തുക വ്യവസ്ഥാപിക്കുന്നതു കടുത്ത അന്യായമായിരിക്കും.

## 26

എനിക്കു സാമാന്യം നല്ല ഒരു സ്വത്തു്, ഒസ്യത്തവകാശമുറയ്ക്കോ, കച്ചവടംമുഖേനയോ, വ്യവസായംമുഖേനയോ കിട്ടിയെന്നിരിക്കട്ടെ. ആ സ്വത്തു മുഴുവനും എനിക്കുള്ളതല്ലെന്നു ഞാൻ അറിയണം. മാന്യമായ ഒരു ഉപജീവനത്തിനുള്ള അവകാശം മാത്രമാണ് എനിക്കുള്ളതു്. ആ ഉപജീവനമാകട്ടെ, മററുള്ള ജനലക്ഷങ്ങളുടേതിനേക്കാൾ മെച്ചപ്പെട്ട ഒന്നായിരിക്കയില്ല. ബാക്കി വരുന്ന സ്വത്തു് സമൂഹത്തിന്റെ വകയാണ്, അതു സമൂഹക്ഷേമത്തിനായി ഉപയോഗപ്പെടുത്തുകയും വേണം. സെമിന്ദാരന്മാരുടെയും നാടുവാഴികളുടെയും വസ്തുവകകളെ സംബന്ധിച്ചുള്ള സോഷ്യലിസ്ററുസിദ്ധാന്തം രാജ്യത്തിന്റെ മുമ്പാകെ വയ്ക്കപ്പെട്ടപ്പോഴാണ് ഞാൻ എന്റെ ഈ സിദ്ധാന്തം പ്രഖ്യാപിച്ചതു്. വിശേഷാവകാശങ്ങളുള്ള ഈ വർഗ്ഗത്തെ ഇല്ലായ്മചെയ്യണമെന്നാണ് സോഷ്യലിസ്ററുകളുടെ ലക്ഷ്യം. ഇവർ ദുരാശയും, തങ്ങൾ ഉടമസ്ഥരാണെന്ന ചിന്തയും ഉപരിയായി വളരണം, സ്വത്തു കൈവശമുണ്ടെങ്കിലും പ്രയത്നിച്ചു കാലയാപനം ചെയ്യുന്നവരുടെ നിലയിലേയ്ക്കു് ഇറങ്ങണം. തൊഴിലാളി എത്രത്തോളം തന്റെ ധനമായ അദ്ധ്വാനശക്തിയുടെ ഉടമയാണോ, അതിൽ കുറച്ചേ ധനവാൻ അയാളുടെ ധനത്തിന്റെ ഉടമയാകുന്നുള്ളു.

ഈ സിദ്ധാന്തമനുസരിച്ചു് എത്രപേക്കു് യഥാത്ഥ ട്രസ്ററികളാകാം എന്നുള്ളതു മറെറാരു കാര്യം. സിദ്ധാന്തം ശരിയാണെങ്കിൽ, അതനുസരിച്ചു വളരെപ്പേർ ജീവിക്കുന്നോ ഒരാൾ മാത്രം ജീവിക്കുന്നോ എന്ന പ്രശ്നം സാരമുള്ളതല്ല. നിങ്ങൾക്കു വിശ്വാ

26. Harijan, 3-6-1939 (India of My Dreams, P. 66)

digitized by www .sreyas.in

സമുണ്ടോ? അതാണു പ്രശ്നം. നിങ്ങൾ അഹിംസാതത്വം അംഗീകരിക്കുന്നുണ്ടെങ്കിൽ, അതിൻപ്രകാരം ജീവിക്കണം. ജയമോ തോൽവിയോ വരട്ടെ. ഈ സിദ്ധാന്തത്തിൽ ദുർഗ്രഹമായൊന്നുമില്ല. പക്ഷേ ഇതു പ്രയോഗത്തിൽ വരുത്താൻ വിഷമമാണെന്നു നിങ്ങൾ പറഞ്ഞേക്കാം.

## 27

പല മുതലാളിമാരും എന്നോടു സ്നേഹമുള്ളവരാണെന്നും എന്നെ ഭയപ്പെടുന്നില്ലെന്നും സമ്മതിക്കാൻ ഞാൻ ലജ്ജിക്കുന്നില്ല. എത്രയും മുന്തിയ സോഷ്യലിസ്റ്റുകൾ അഥവാ, കമ്മ്യൂണിസ്റ്റുകൾ അഭിലഷിക്കുന്നതുപോലെയില്ലെങ്കിലും ഏതാണ്ട് അത്രത്തോളം തന്നെ, മുതലാളിത്തം അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടെന്ന് അവർക്കറിയാം. എന്നാൽ ഞങ്ങളുടെ സമ്പ്രദായങ്ങൾ വ്യത്യസ്തമാണ്, ഞങ്ങളുടെ ഭാഷയും വിഭിന്നമാണ്. എന്റെ ട്രസ്റ്റിഷിപ്പുസിദ്ധാന്തം തീർച്ചയായും ഒരു ഒപ്പിക്കലോ കള്ളപ്പണിയോ അല്ല. മറ്റെല്ലാ സിദ്ധാന്തങ്ങളേയും അതു് അതിജീവിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. അതിനു തത്വശാസ്ത്രത്തിന്റേയും മതത്തിന്റേയും സമ്മതിയുണ്ട്. സ്വത്തുടമസ്ഥന്മാർ ഈ സിദ്ധാന്തത്തിനനുസരണമായി പ്രവർത്തിച്ചിട്ടില്ലായിരിക്കാം. പക്ഷേ അതു സിദ്ധാന്തം അബദ്ധമാണെന്നതിന്റെ തെളിവല്ല. ധനികന്മാരുടെ ദൗർബല്യത്തെയാണ് അതു തെളിയിക്കുന്നതു്. മറ്റൊരു സിദ്ധാന്തവും അഹിംസയോടു പൊരുത്തപ്പെടുന്നതല്ല. അഹിംസാമാർഗ്ഗത്തിൽ, അകൃത്യകാരി അയാളുടെ തെറ്റുതിരുത്തണം. അല്ലെങ്കിൽ അയാൾ സ്വന്തം വിനാശത്തെ പൂർത്തീകരിക്കുകയായിരിക്കും ചെയ്യുക. അഹിംസാത്മകനിസ്സഹകരണത്താൽ അയാൾ തന്റെ തെറ്റു മനസ്സിലാക്കും, അല്ലെങ്കിൽ താൻ തികച്ചും ഒററപ്പെട്ടവനാണെന്നു കാണും. ബുദ്ധിയുള്ള സോഷ്യലിസ്റ്റുകളും ഇടതുപക്ഷക്കാരും, പ്രവൃത്തിയുടെ സമയം സമാഗതമാവുമ്പോൾ, എനിക്കു വിഘ്നകാരികളാവാൻ ഇടയില്ല. എന്റെ മാർഗ്ഗം ഫലിക്കുന്നെങ്കിൽ, നിർധനരും മർദ്ദിതരും സന്തുഷ്ടരാവുമെന്നു് അവർക്കറിയാം. സ്വന്തം മാർഗ്ഗത്തിൽ പ്രവർത്തിക്കാൻ അവർ തയ്യാറായിട്ടില്ല. എന്റെ സത്യസന്ധതയിലും രാജ്യസ്നേഹത്തിലും അവർക്കു വിശ്വാസമുള്ള കാലത്തോളം എനിക്കു് അവർ തടസ്സമുണ്ടാക്കുകയില്ല. അത്രത്തോളം രാജ്യസ്നേഹികളാണവർ.

## 28

പണമുള്ളവർ ആ പണം സാധുക്കൾക്കുവേണ്ടി കൈവശംവച്ചു ട്രസ്റ്റികളുടെ നിലയിൽ പെരുമാറുകയാണാവശ്യം. ട്രസ്റ്റിഷിപ്പ്

27. Harijan, 16-12-1933, P. 376
28. Modern Review, October, 1935

digitized by www .sreyas.in

നിയമപരമായ ഒരു മിഥ്യാസങ്കല്പമാണെന്നു നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ ജനങ്ങൾ അതേപ്പററി നിരന്തരം ചിന്തിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യുമെങ്കിൽ, ലോകജീവിതം ഇപ്പോഴത്തേക്കാൾ സ്നേഹഭരിതമാകും. കേവലമായ ട്രസ്റ്റിഷിപ്പ്, യൂക്ലിഡ് നിർവ്വചിക്കുന്ന ബിന്ദുപോലെ ഒരു സൂക്ഷ്മതത്ത്വമാണ്. അതിൻവണ്ണംതന്നെ അപ്രാപ്യവുമാണ്. എന്നാൽ നാം അതിനുവേണ്ടി കിണഞ്ഞുശ്രമിക്കുന്നപക്ഷം, മറേറതു മാർഗ്ഗത്തിലൂടെ സാധിക്കുന്നതിലുമധികം, ലോകത്തിൽ സമത്വസുന്ദരമായ ഒരു അവസ്ഥ സംജാതമാക്കുന്ന കാര്യത്തിൽ, നമുക്കു പുരോഗമിക്കാൻ സാധിക്കും.

പണം സമ്പാദിക്കുകയും ആ സമ്പാദ്യം മനുഷ്യരാശിയുടെ ഗുണത്തിനു സ്വമനസാ വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നവരോട് കാണിക്കുന്ന ഒരു വിട്ടുവീഴ്ചയാണ് ട്രസ്റ്റിഷിപ്പ്.

## 29

വാസ്തവത്തിൽ ഈ തുല്യവിതരണസിദ്ധാന്തത്തിൻെറ അടിയിൽ ട്രസ്ററിഷിപ്പിൻെറ സിദ്ധാന്തംതന്നെയാണുള്ളത്—ധനികന്മാരുടെ അധികധനത്തെ സംബന്ധിക്കുന്ന ട്രസ്ററിഷിപ്പിൻെറ സിദ്ധാന്തം. എന്തെന്നാൽ ഈ പ്രമാണപ്രകാരം അവർക്കു തങ്ങളുടെ അയല്ക്കാരെക്കാൾ ഒരൊററ ഉറുപ്പിക കൂടുതൽ കൈവശംവച്ചുകൊണ്ടിരിക്കാൻ പററുകില്ല. ഇതെങ്ങനെയാണു സാധിക്കുക? ഹിംസ കൂടാതെയോ അതോ ധനികന്മാരുടെ സർവ്വസ്വവും പിടിച്ചുപററിയിട്ടോ? ഹിംസ സമുദായത്തിനു ഗുണകരമല്ല. സമുദായത്തെ അതു കൂടുതൽ ദരിദ്രമാക്കുകയേ ഉള്ളു. കാരണം, പണം സമ്പാദിക്കാൻ അറിയാവുന്നവൻെറ സംഭാവനകൾ അതുമൂലം നഷ്ടപ്പെട്ടു പോകുന്നു. അതിനാൽ അഹിംസാമാർഗ്ഗമാണു കൂടുതൽ ശ്രേഷ്ഠമെന്നു വ്യക്തം. ധനികൻ അയാളുടെ സ്വത്തിൻെറ കൈവശക്കാരനായിരിക്കും. അതിൽനിന്നു തൻെറ വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടവക അയാൾ എടുക്കും. സമുദായത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ ബാക്കിയുള്ളതിൻെറ ട്രസ്ററിയായി അയാൾ വർത്തിക്കും. ട്രസ്ററി സത്യസന്ധമായി പെരുമാറുമെന്നാണ് ഇവിടെ സങ്കല്പം.

താൻ സമൂഹത്തിൻെറ ദാസനാണെന്ന് ഒരുവൻ സങ്കല്പിക്കുമ്പോൾ, അയാൾ സമൂഹത്തിനുവേണ്ടി സമ്പാദിക്കുന്നു; സമൂഹത്തിൻെറ ഗുണത്തിനുവേണ്ടി ചെലവുചെയ്യുന്നു; അപ്പോൾ അയാളുടെ സമ്പാദ്യത്തിനു വിശുദ്ധി സിദ്ധിക്കുന്നു; ഉദ്യമം അഹിംസാപരമാകുന്നു. മാത്രമല്ല, മനുഷ്യരുടെ മനസ്സ് ഈവിധമുള്ള ഒരു ജീവി

29. Harijan, 25-8-1940

digitized by www .sreyas.in

ത്തിലേക്കു തിരിഞ്ഞാൽ, സമൂഹത്തിൽ, വിദ്വേഷസ്പർശമില്ലാത്ത, സമാധാനപരമായ ഒരു വിപ്ലവം വന്നുകൂടും. എന്നാൽ, എങ്ങനെയൊക്കെ ശ്രമിച്ചാലും പണക്കാർ പാവങ്ങളുടെ സംരക്ഷകന്മാരാകുന്നില്ലെങ്കിൽ, പാവങ്ങൾ അടിക്കടി മർദ്ദനം അനുഭവിക്കുകയും പട്ടിണികിടന്നു മരിക്കുകയും ചെയ്യേണ്ടിവരുന്നുവെങ്കിൽ, എന്താണു വേണ്ടതു്? ഈ പ്രഹേളികയ്ക്കു് ഉത്തരം കണ്ടുപിടിക്കാൻ ചെയ്ത ശ്രമത്തിൽ ഞാൻ കണ്ടെത്തിയ സമഞ്ജസവും സുനിശ്ചിതവുമായ ഉപായങ്ങളാണു് അഹിംസാധിഷ്ഠിതനിസ്സഹകരണവും സിവിൽനിയമനിഷേധവും. ധനികന്മാർക്കു സമൂഹത്തിലെ സാധുക്കളുടെ സഹകരണം കൂടാതെ പണം സമ്പാദിക്കാൻ സാധിക്കയില്ല. ആദ്യകാലംമുതല്ക്കേ മനുഷ്യൻ ഹിംസാപ്രസക്തനാണു്. ഈ ഹിംസാസക്തി, അവന്റെ മൃഗപ്രകൃതിയിൽനിന്നു പാരമ്പര്യവഴിക്കു കിട്ടിയിട്ടുള്ളതാണു്. അവൻ ഒരു നാൽക്കാലിയുടെ (മൃഗത്തിന്റെ) സ്ഥിതിയിൽനിന്നു് ഇരുകാലിയുടെ (മനുഷ്യന്റെ) സ്ഥിതിയിലേക്കു് ഉയർന്നപ്പോൾമാത്രമാണു് അഹിംസാശക്തിയുടെ ജ്ഞാനം അവന്റെ ഉള്ളിൽ കടന്നുകൂടിയതു്. ഈ ജ്ഞാനം അവനിൽ സാവധാനമായിട്ടാണെങ്കിലും സുനിശ്ചിതമായി വളർന്നുവന്നിട്ടുണ്ടു്. ഇതു പാവങ്ങളുടെ ഇടയിൽ പരക്കെ വ്യാപിക്കുമെങ്കിൽ അവർ ശക്തരായിത്തീരും. തങ്ങളെ പട്ടിണിയുടെ വക്കത്തെത്തിച്ചിട്ടുള്ള വിമർദ്ദകമായ അസമത്വങ്ങളിൽനിന്നും സ്വയം വിമുക്തരാകുന്നതെങ്ങനെയെന്നു് അവർ പഠിക്കും.

## 30

ഇപ്പറഞ്ഞ മാർഗ്ഗം പിന്തുടരാൻ ആഗ്രഹിക്കുന്നവർക്കു് അത്യുത്തമവും അത്യന്തം ഫലപ്രദവുമായ മന്ത്രം ഇതാണു്: ''ത്യക്തേന ഭുഞ്ജീഥാഃ'' ഇതിന്റെ അർത്ഥം ഇങ്ങനെ വിശദീകരിക്കാം: നിങ്ങൾ കോടിക്കണക്കിനു സമ്പാദിച്ചുകൊള്ളുക. എന്നാൽ ആ സമ്പത്തു നിങ്ങളുടേതല്ലെന്നു മനസ്സിലാക്കണം. അതു ജനങ്ങളുടെ വകയാണു്. നിങ്ങളുടെ ന്യായമായ ആവശ്യത്തിനു വേണ്ട വക നിങ്ങൾ എടുക്കുകയും ബാക്കി സമുദായത്തിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യണം.

## 31

ട്രസ്റ്റിഷിപ്പ് ആശയം പ്രചുരപ്രചാരമാകുമെങ്കിൽ നാം അറിയുന്നപ്രകാരമുള്ള ജീവകാരുണ്യം അപ്രത്യക്ഷമാകും. നിങ്ങൾ പേർപറഞ്ഞവരുടെ കൂട്ടത്തിൽ ജംനലാൽജി മാത്രമേ ഈ ആശയത്തോടു് അടുത്തുവന്നിട്ടുള്ളു—അതും അടുത്തുവന്നിട്ടേയുള്ളു എന്നോ

30. Harijan, 1-2-1942
31. Harijan, 12-4-1942

digitized by www .sreyas.in

ക്കണം. ഒരു ട്രസ്റ്റിക്ക പൊതുജനങ്ങളല്ലാതെ വേറെ അനന്തരാവകാശികളില്ല. അക്രമരാഹിത്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തിട്ടുള്ള ഒരു സ്റ്റേറ്റിൽ ട്രസ്റ്റികളുടെ കമ്മീഷൻ വ്യവസ്ഥാപിക്കപ്പെടും. രാജാക്കന്മാരും സെമിന്ദാരന്മാരും മററു ധനികന്മാരെക്കൊപ്പം പരിഗണിക്കപ്പെടും.

## 32

ഇന്നത്തെ സ്വത്തുടമകളാണെങ്കിൽ, ഒന്നുകിൽ അവർ വർഗ്ഗസമരത്തെ നേരിടാൻ തയാറാകണം, അല്ലെങ്കിൽ സ്വമനസ്സാലെ തങ്ങളുടെ സ്വത്തിന്റെ ട്രസ്റ്റികളായി മാറണം. രണ്ടിലൊന്ന തെരഞ്ഞെടുത്തേ പററൂ. രണ്ടാമത്തെ മാർഗ്ഗത്തിൽ, അവക്ക തങ്ങളുടെ സ്വത്തിന്റെ വിചാരിപ്പുകാരായി തുടരാം. തങ്ങളുടെ ബുദ്ധിപരമായ കഴിവുകൾ സമ്പദ്‌വൃദ്ധിക്കായി വിനിയോഗിക്കാം—തങ്ങൾക്കവേണ്ടിയല്ല, ബഹുജനങ്ങൾക്കവേണ്ടി. അതിൽ ചൂഷണം ഉണ്ടായിരിക്കയില്ല. അവരുടെ സേവനത്തിന്റെയും സമൂഹത്തിന് അതിൽനിന്ന ലഭിക്കുന്ന പ്രയോജനത്തിന്റെയും തോതനുസരിച്ച് സ്റ്റേററ് അവർക്കുള്ള കമ്മീഷന്റെ തോതു നിർണ്ണയിക്കും. അവരുടെ സന്താനങ്ങൾക്ക സ്വത്തിന്റെ വിചാരിപ്പുകാരാകാൻ സാധിക്കണമെങ്കിൽ, ആ സന്താനങ്ങൾ അതിന യോഗ്യതയുള്ളവരാണെന്ന തെളിയിക്കണം.

ഇൻഡ്യ നാളെ ഒരു സ്വതന്ത്രരാജ്യമാകുന്നുവെന്ന വിചാരിക്കുക. എല്ലാ മുതലാളിമാക്കം നിയമപ്രകാരമുള്ള ട്രസ്റ്റികളാകാൻ അവസരമുണ്ടായിരിക്കും. എന്നാൽ അങ്ങനെയൊരു നിയമം മുകളിൽനിന്ന് അടിച്ചേല്പിക്കുകയില്ല, താഴെനിന്ന് അതു വരേണ്ടിയിരിക്കും. ജനങ്ങൾ ട്രസ്റ്റിഷിപ്പിന്റെ അത്ഥം മനസ്സിലാക്കുകയും അന്തരീക്ഷം പരിപക്വമാകുകയും ചെയ്യുമ്പോൾ അവർതന്നെ ഗ്രാമപ്പഞ്ചായത്തുകളിൽ ആരംഭിച്ച് ഈവക നിയമങ്ങൾ ഏർപ്പെടുത്തിത്തുടങ്ങും. ഇമ്മാതിരി കാര്യം താഴെനിന്നുവന്നാൽ അതിൽ വൈഷമ്യം തോന്നുകയില്ല. മുകളിൽനിന്ന വന്നാലോ, അതൊരു വൻഭാരമായിത്തീരാൻ ഇടയുണ്ട്.

## 33

ഈ പ്രശ്നത്തിൽ കുറച്ചു ചിന്താക്കുഴപ്പമുണ്ട്. നിയമപ്രകാരമുള്ള ഉടമസ്ഥാവകാശം രൂപാന്തരം പ്രാപിച്ച അവസ്ഥയിൽ, സ്റ്റേററിലല്ല, ട്രസ്റ്റിയിലായിരിക്കും നിക്ഷിപ്തമാവുക. കണ്ടുകെട്ടൽ ഒഴിവാക്കാനാണ് ട്രസ്റ്റിഷിപ്പ സിദ്ധാന്തം പ്രയോഗിക്കുന്നതു്.

---

32. Harijan, 31-3-1946 (Selections from Gandhi, P. 80)

33. Harijan, 16-2-1947 (Towards Non-Violent Socialism, P. 138)

digitized by www .sreyas.in

ഇതിൽ ആദ്യത്തെ ഉടമസ്ഥന്റെ പ്രത്യേകാവകാശമായി അയാളുടെ കഴിവുകൾ സമുദായത്തിനുവേണ്ടി വിടാതെ വച്ചുകൊണ്ടിരിക്കുന്നു. സ്റ്റേറ്റ് എപ്പോഴും ഹിംസയിൽ അധിഷ്ഠിതമായിരിക്കണമെന്നില്ല. സിദ്ധാന്തപരമായി അങ്ങനെയായിരിക്കാം. എന്നാൽ ആ സിദ്ധാന്തത്തിന്റെ പ്രയോഗം, മിക്കവാറും അഹിംസയിൽ അധിഷ്ഠിതമായ ഒരു സ്റ്റേറ്റിനു യോജിച്ചവിധമായിരിക്കണം.

## 34

സർവ്വശക്തനായ ദൈവത്തിന് ഒന്നും സംഭരിച്ചുവയ്ക്കേണ്ട ആവശ്യകതയുണ്ടായിരുന്നില്ല. അവിടന്ന് അനുദിനം സൃഷ്ടികർമ്മം നടത്തി. ആകയാൽ മനുഷ്യരും സിദ്ധാന്തപരമായി ദിവസംതോറും അങ്ങനെ ജീവിച്ചുപോകണം, ഒന്നും സംഭരിച്ചുവയ്ക്കേണ്ട. ജനങ്ങൾ പൊതുവേ ഈ പരമാർത്ഥം ഗ്രഹിക്കുകയാണെങ്കിൽ അതു നിയമാനുസൃതമാകും; ട്രസ്റ്റിഷിപ്പ്, നിയമപ്രകാരമുള്ള ഒരു സ്ഥാപനമാകും. ലോകത്തിന് ഇൻഡ്യ നൽകുന്ന ഒരു സംഭാവനയായിരിക്കും അതു്. പിന്നെ എങ്ങും ഒരു ചൂഷണവും ഉണ്ടാവില്ല. ആസ്ട്രേലിയാ മുതലായ രാജ്യങ്ങളിലെപ്പോലെ, വെള്ളക്കാർക്കും അവരുടെ സന്താനപരമ്പരയ്ക്കുംവേണ്ടി സംവരണങ്ങളും ഉണ്ടാവില്ല. ഈ വിവേചനങ്ങളിൽ, കഴിഞ്ഞ രണ്ടു യുദ്ധങ്ങളെക്കാൾ ഉഗ്രമായ ഒരു സമരത്തിന്റെ ബീജങ്ങൾ കിടപ്പുണ്ട്. പിൻഗാമിയുടെ കാര്യമാണെങ്കിൽ, അധികാരത്തിലിരിക്കുന്ന ട്രസ്റ്റിക്കു നിയമപ്രകാരമുള്ള അനുമതിക്കു വിധേയമായി പിൻഗാമിയെ നാമനിർദ്ദേശം ചെയ്‌വാൻ അധികാരമുണ്ടായിരിക്കും.

## 35

ഇന്നത്തെ രാജാക്കന്മാരും മററും പാവങ്ങളുടെ ട്രസ്റ്റികളായിരിക്കുമെന്നു പ്രതീക്ഷിക്കാമോ എന്നു ചിലർ ചോദിച്ചേക്കും. അവർ സ്വമനസാ ട്രസ്റ്റികളാകുന്നില്ലെങ്കിൽ സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം ഈ പരിഷ്കാരത്തിനു വഴങ്ങും. ഇല്ലെങ്കിൽ അവർ നിശ്ശേഷം നശിക്കും. പഞ്ചായത്തുരാജ് സ്ഥാപിതമാവുമ്പോൾ, ഹിംസകൊണ്ടു സാധിക്കാത്തകാര്യം പൊതുജനാഭിപ്രായം സാധിക്കും. സെമിന്ദാരന്മാരുടെയും മുതലാളിമാരുടെയും രാജാക്കന്മാരുടെയും പ്രതാപം, സാധാരണക്കാർ സ്വശക്തി മനസ്സിലാക്കാതിരിക്കുന്ന കാലത്തോളമേ വിലപ്പോവുകയുള്ളു. സെമിന്ദാരിയുടെ അഥവാ മുതലാളിത്തത്തിന്റെ ദൂഷ്യങ്ങളോടു ജനങ്ങൾ നിസ്സഹകരിക്കുമെങ്കിൽ അവ ദുർബലമായി നശിക്കും. പഞ്ചായത്തുരാജിൽ ജന

---

34. Harijan, 23-2-1947 (Selections from Gandhi, P. 102)

35. Harijan, 1-6-1947 (Towards Non-violent Socialism, P. 140)

digitized by www .sreyas.in

ങ്ങൾ പഞ്ചായത്തിനെ മാത്രമേ അനുസരിക്കുകയുള്ളു. പഞ്ചായത്തിനു് അവരുണ്ടാക്കുന്ന നിയമങ്ങളനുസരിച്ചേ പ്രവർത്തിക്കാനും കഴിയൂ.

ചുരുക്കം ചില ട്രസ്റ്റികൾ (ആ പദത്തിൻെറ പൂർണ്ണാർത്ഥത്തിലല്ലെങ്കിലും) ഇന്നും നിലനില്ക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അവർ തീർച്ചയായും യഥാർത്ഥ ട്രസ്റ്റികളുടെ വഴിക്കാണു നീങ്ങിക്കൊണ്ടിരിക്കുന്നതു്.

## 36

എൻെറ ട്രസ്റ്റിഷിപ്പുസിദ്ധാന്തം പലരുടെയും ആക്ഷേപത്തിനു വിധേയമായിട്ടുണ്ടെങ്കിലും ഞാൻ അതിനെ മുറുകെപ്പിടിക്കുകതന്നെ ചെയ്യുന്നു. അതു ദുഷ്പ്രാപമാണെന്നുള്ളതു് പരമാർത്ഥമാണു്. അഹിംസാസിദ്ധാന്തവും അപ്രകാരംതന്നെ.

# സി. പഞ്ചായത്തുരാജ്, സർവ്വോദയം, സമഗ്രഗ്രാമസേവ

## 37

'പഞ്ചായത്തി'നു് ഒരു പ്രാചീനസൗഭാഗ്യം ഉണ്ടു്. ഒരു നല്ല വാക്കാണതു്. ഗ്രാമവാസികൾ തെരഞ്ഞെടുക്കുന്ന അഞ്ചുപേരടങ്ങിയ ഒരു സമിതിയെന്നാണു് അതിൻെറ പദാർത്ഥം. ഇൻഡ്യയിലെ നിരവധി റിപ്പബ്ലിക്കുകൾ ഭരിച്ചുപോന്ന ഒരു ഭരണസമ്പ്രദായത്തെ അതു പ്രതിനിധാനം ചെയ്യുന്നു. ബ്രിട്ടീഷ്ഗവണ്മെൻറു് അതിൻെറ നിർദ്ദാക്ഷിണ്യമായ നികുതിപിരിവുസമ്പ്രദായംകൊണ്ടു് പഴയ റിപ്പബ്ലിക്കുകൾ മിക്കവാറും നാമാവശേഷമാക്കിക്കളഞ്ഞു. ആ നികുതിപിരിവിൻെറ ആകസ്മികമായ അഭിഘാതത്തെ തട്ടുന്നിൽക്കാൻ അവയ്ക്കു കഴിഞ്ഞില്ല. കാൺഗ്രസ്സുകാർ ഗ്രാമമൂപ്പന്മാർക്കു സിവിലും ക്രിമിനലും അധികാരങ്ങൾ നൽകി പഴയ സമ്പ്രദായത്തെ പുനർജ്ജീവിപ്പിക്കാൻ ഒരു അപകചശ്രമം നടത്തുകയാണിപ്പോൾ. ആദ്യത്തെ ശ്രമം 1921—ലാണുണ്ടായതു്. അതു പരാജയമടഞ്ഞു. വീണ്ടും ഇപ്പോൾ ശ്രമിക്കുകയാണു്. ക്രമാനുസൃതമായും യോഗ്യമായും അല്ല പരീക്ഷണമെങ്കിൽ അതു പരാജയപ്പെടും.

യു. പി. യിൽ ചില സ്ഥലങ്ങളിൽ ബലാൽസംഗംപോലെയുള്ള ക്രിമിനൽ കേസുകൾപോലും ഈവക പഞ്ചായത്തുകൾ വി

---

36. Constructive Programme (1941) (Sarvodaya, P. 153)
37. Young India, 28-5-1931 (Panchayat Raj, pp. 6—8)

digitized by www .sreyas.in

ചാരണചെയ്യുന്നുണ്ടെന്നു് എനിക്കു നൈനിത്താലിൽ റിപ്പോർട്ടു കിട്ടി. അജ്ഞന്മാരും തല്പരകക്ഷികളുമായ ചില പഞ്ചായത്തുകൾ പ്രസ്താവിച്ച വിലക്ഷണവിധികളെപ്പററി ഞാൻ കേട്ടു. കേട്ടതു ശരിയാണെങ്കിൽ, ഇതൊക്കെയും മോശമാണു്. ക്രമംകെട്ട പഞ്ചായത്തുകൾ അവയുടെതന്നെ ദുർവ്വഹഭാരത്താൽ വീണു തകരാതെ തരമില്ല. ആകയാൽ ഗ്രാമപ്രവർത്തകൎക്കു മാർഗ്ഗദർശകമായി താഴെപ്പറയുന്ന നിയമങ്ങൾ ഞാൻ നിർദ്ദേശിക്കുകയാണു്:

1) പ്രൊവിൻഷ്യൽ കോൺഗ്രസ്സു് കമ്മററിയുടെ രേഖാമൂലമായ അനുവാദം കൂടാതെ ഒരു പഞ്ചായത്തും രൂപവൽക്കരിക്കാൻ പാടില്ല.

2) തമുക്കടിച്ചു വിളിച്ചുകൂട്ടിയ ഒരു പൊതുസമ്മേളനത്തിൽ വച്ചുവേണം പഞ്ചായത്തുമെമ്പറന്മാരെ തെരഞ്ഞെടുക്കാൻ.

3) ആ പഞ്ചായത്തിനെ താലൂക്കുകമ്മററി ശുപാർശ ചെയ്യണം.

4) ഇത്തരം പഞ്ചായത്തുകൾക്കു ക്രിമിനൽ അധികാരം ഉണ്ടായിരിക്കാൻ പാടില്ല.

5) കക്ഷികൾ തങ്ങളുടെ തൎക്കങ്ങൾ പഞ്ചായത്തിന്റെ തീരുമാനത്തിനു സമർപ്പിക്കുന്നപക്ഷം അതിനു സിവിൽകേസുകൾ വിചാരണചെയ്യാം.

6) യാതൊരു കേസും പഞ്ചായത്തിന്റെ വിചാരണയ്ക്കു വിടണമെന്നു് ആരെയും നിർബന്ധിച്ചുകൂടാ.

7) പിഴയിടാനുള്ള അധികാരം ഒരു പഞ്ചായത്തിനും ഉണ്ടായിരുന്നുകൂടാ. അതിന്റെ സിവിൽവിധികളുടെ ഏക പിൻബലം സാന്മാർഗ്ഗികശക്തിയും നിഷ്കൃഷ്ടനിഷ്പക്ഷതയും കക്ഷികളുടെ പൂൎണ്ണമനസ്സോടുകൂടിയ അനുസരണയും ആയിരിക്കണം.

8) സാമുദായികമായും മററുമുള്ള ബഹിഷ്ക്കരണനടപടികൾ തൽക്കാലം അംഗീകാര്യമല്ല.

9) ഓരോ പഞ്ചായത്തും താഴെപ്പറയുന്ന കാര്യങ്ങളിൽ ശ്രദ്ധിക്കണം.

എ. ഗ്രാമത്തിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിദ്യാഭ്യാസം.

ബി. ശുചീകരണം.

സി. വൈദ്യസഹായം.

ഡി. കേടുതീൎത്തും വൃത്തിയാക്കിയും ഗ്രാമക്കിണറുകളുടെയും കുളങ്ങളുടെയും സൂക്ഷിപ്പു്.

ഇ. അസ്പൃശ്യരെന്നു പറയപ്പെടുന്നവരുടെ ഉന്നമനവും അവരുടെ ദൈനംദിനാവശ്യങ്ങളും.

digitized by www .sreyas.in

10) ഒരു പഞ്ചായത്ത് അതിന്റെ തെരഞ്ഞെടുപ്പുകഴിഞ്ഞു് ആറുമാസത്തിനകം മേൽപ്പറഞ്ഞ കാര്യങ്ങളിൽ ന്യായമായ കാരണംകൂടാതെ ശ്രദ്ധിക്കാതിരിക്കുകയോ, അഥവാ മററുപ്രകാരത്തിൽ ഗ്രാമവാസികളുടെ പ്രീതി നിലനിർത്തുന്നതിൽ പരാജയപ്പെടുകയോ, പ്രൊവിൻഷ്യൽ കമ്മററിക്കു മതിയായതെന്നു തോന്നുന്ന എന്തെങ്കിലും കാരണവശാൽ സ്വയം നിരുപയോഗമായിത്തീരുകയോ, ചെയ്യുന്നുവെങ്കിൽ ആ പഞ്ചായത്തു പിരിച്ചുവിട്ടിട്ട് തൽസ്ഥാനത്തു വേറൊരു തെരഞ്ഞെടുപ്പു നടത്തണം.

പിഴയോ സമുദായബഹിഷ്കരണമോ വിധിക്കാൻ പഞ്ചായത്തുകൾക്ക് അധികാരം ഉണ്ടായിരിക്കരുതെന്നുള്ളത് ആദ്യഘട്ടങ്ങളിൽ ഒരു ആവശ്യംതന്നെയാണ്. സാമുദായികബഹിഷ്കരണം അറിവും വകതിരിവും ഇല്ലാത്ത ആളുകളുടെ കൈയിൽ അപകടംപിടിച്ച ഒരു ആയുധമായിക്കണ്ടിട്ടുണ്ട്. പിഴയിടലും അനത്ഥത്തിനു വഴിതെളിക്കുകയും പഞ്ചായത്തിന്റെ ഉദ്ദേശ്യത്തെത്തന്നെ പരാജയപ്പെടുത്തുകയും ചെയ്യും. യഥാത്ഥത്തിൽ ജനകീയമായ ഒരു പഞ്ചായത്ത്, 9—ാം വകുപ്പിൽ പ്രസ്താവിച്ച സൃഷ്ടിപരപ്രവൃത്തികളാൽ ജനസമ്മതി വദ്ധിപ്പിച്ചിട്ടുള്ളപ്പോൾ, അതിന്റെ ന്യായവിധികളും അധികാരവും അതിന്റെ സാന്മാഗ്ഗികപ്രഭാവം ഹേതുവായി മാനിക്കപ്പെടുന്നതായിക്കാണാം. നിശ്ചിയമായും ഒരു ജനകീയസ്ഥാപനത്തിനു കിട്ടാവുന്നതിൽവച്ച് ഏററവും വലിയ പിൻബലം അതാണ്. അതു് ഇല്ലാതാക്കാൻ ആക്കും സാദ്ധ്യവുമല്ല.

## 38

അവർ (സവ്വോദയപ്രവത്തകർ) ത്യാഗത്തിന്റെയും സ്വയം വരിക്കുന്ന എളിമയുടെയും കലയും സൗന്ദര്യവും മനസ്സിലാക്കണം; രാഷ്ട്രനിമ്മാണപ്രവത്തനങ്ങളിൽ അവർ ഏപ്പെടണം; സ്വന്തം കൈകൊണ്ടു നൂൽ നൂററും നെയ്തും ഖദർ പ്രചരിപ്പിക്കണം; എല്ലാ ജീവിതമണ്ഡലങ്ങളിലും നേരിട്ടുള്ള നിരാക്ഷേപമായ പെരുമാററം കൊണ്ട് സാമുദായികമായ ഹൃദയൈക്യം പരക്കെ ഉളവാക്കണം: തന്നിൽത്തന്നെ എല്ലാ രൂപത്തിലും ഭാവത്തിലും ഉള്ള അസ്പൃശ്യത ദൂരീകരിക്കണം; മദ്യപന്മാരോടു വ്യക്തിപരമായ സമ്പക്കം പുലത്തിയും പൊതുവേ സ്വന്തം വിശുദ്ധി പാലിച്ചും സമ്പൂണ്ണമദ്യവജ്ജനം പ്രചരിപ്പിക്കണം. ഒരുവനു് ഒരു പാവപ്പെട്ട ആളിന്റെ തോതിൽ ഉപജീവനമാർഗ്ഗം പ്രദാനംചെയ്യുന്ന സേവനങ്ങളാണിവ. പാവപ്പെട്ടവന്റെ തോതിൽ കഴിയാൻ സാധ്യമല്ലെന്നു തോന്നുന്നവർ, കുറേക്കൂടി മെച്ചപ്പെട്ട ശമ്പളം കിട്ടാൻ ഇടയുള്ളതും ദേശീയപ്രാധാന്യമുള്ളതും അസംഘടിതവുമായ ചെറുകിട വ്യവസായങ്ങളിൽ ഒരു സ്ഥാനം കരസ്ഥമാക്കണം.

---

38. Amrit Bazzar Patrika, 8-4-1934 (Sarvodaya, P. 122)

digitized by www .sreyas.in

## 39

1) അയാറംക്ക് (സർവ്വോദയപ്രവർത്തകന്) ദൈവത്തിൽ സജീവമായ വിശ്വാസം ഉണ്ടായിരിക്കണം. എന്തെന്നാൽ ദൈവം മാത്രമാണ് അയാളുടെ ഉറച്ച ആശ്രയം.

2) അയാറം തന്റെ അംഗീകൃതമതമായ സത്യത്തിലും അഹിംസയിലും വിശ്വസിക്കണം. മനുഷ്യപ്രകൃതിയുടെ നിസർഗ്ഗസിദ്ധമായ നന്മയിൽ അയാറംക്ക വിശ്വാസംവേണം. തന്റെ ദുരിതാനുഭവങ്ങളിലൂടെ ആവിഷ്കൃതമാകുന്ന സത്യസ്നേഹങ്ങളാലാണ് അയാറം മനുഷ്യപ്രകൃതിയെ ഉത്തേജിപ്പിക്കാമെന്നു പ്രതീക്ഷിക്കുന്നതു്.

3) അയാറം നയിക്കുന്ന ജീവിതം പരിശുദ്ധമായിരിക്കണം. ആദർശപ്രാപ്തിക്കുവേണ്ടി തന്റെ സർവ്വസ്വവും, ജീവിതംതന്നെയും, ഉപേക്ഷിക്കാൻ മനസ്സും സന്നദ്ധതയും അയാറംക്കുണ്ടായിരിക്കണം.

4) അയാറം പതിവായി ഖാദി ധരിക്കുകയും നൂൽനൂല്ക്കുകയും ചെയ്യുന്ന ആളായിരിക്കണം.

5) തന്റെ വിവേകം എപ്പോഴും നിരഭ്രവും മനസ്സ് അവികലവുമായിരിക്കുന്നതിലേക്ക്, അയാറം മദ്യത്തിന്റേയും മററു ലഹരിസാധനങ്ങളുടേയും പിടിയിൽനിന്നു വിമുക്തനായിരിക്കണം.

6) കാലാകാലങ്ങളിൽ വ്യവസ്ഥാപിക്കപ്പെടുന്ന എല്ലാ അച്ചടക്കനിയമങ്ങളേയും അയാറം പൂർണ്ണ മനസ്സോടെ നടപ്പിൽവരുത്തണം.

മേൽ ഇച്ചൊന്ന യോഗ്യതകറം സമഗ്രമാണെന്നു കരുതരുതു്. ഇവ കേവലം നിദർശകങ്ങറംമാത്രമാണു്.

## 40

ഗ്രാമസ്വരാജിനെപ്പററിയുള്ള എന്റെ ആശയം ഇതാണ്: അതൊരു സമ്പൂർണ്ണ റിപ്പബ്ലിക്കാണ്. സുപ്രധാനമായ ആവശ്യങ്ങറംക്ക് അതു് അയൽക്കാരെ ആശ്രയിക്കുകയില്ല. എന്നാൽ പരസ്പരാശ്രയം ആവശ്യമായ കാര്യങ്ങളിൽ അതു് ഉണ്ടായിരിക്കുകയും ചെയ്യും. ഓരോ ഗ്രാമത്തിന്റേയും പ്രഥമകരണീയം ആഹാരത്തിനു ഭക്ഷ്യധാന്യങ്ങളും വസ്ത്രത്തിനു പഞ്ഞിയും കൃഷിചെയ്യുകയായിരിക്കും. കന്നുകാലികറംക്കു പ്രത്യേകം ഒഴിച്ചിട്ടിട്ടുള്ള ഒരു മേച്ചിൽ സ്ഥലം വേണം. പ്രായമായവക്കും കുഞ്ഞുങ്ങറംക്കും വിനോദവും കളിസ്ഥലങ്ങളും ഉണ്ടായിരിക്കണം. കൂടുതൽ സ്ഥലം ലഭ്യമാണെങ്കിൽ വാണിജ്യവിളവുകറം കൃഷിചെയ്യണം. കഞ്ചാവു്, കറുപ്പു് ആദിയായവ അങ്ങനെ ഒഴിവാക്കാം. ഓരോ ഗ്രാമത്തിലും നാടക

---

39. Harijan, 25-3-1939 (Sarvodaya, P. 119)
40. Harijan, 26-7-1942 (Panchayat Raj, pp. 11—12)

digitized by www .sreyas.in

ശാലയും, പള്ളിക്കൂടവും, പൊതുമന്ദിരവും ഉണ്ടായിരിക്കണം. എല്ലാവർക്കും വെള്ളം മുടക്കംകൂടാതെ കിട്ടത്തക്കവിധം ഗ്രാമത്തിനു് അതിന്റേതായ ജലവിതരണപദ്ധതി വേണം. നിയന്ത്രിതമായ കിണറുകളും കുളങ്ങളും മുഖേന ജലവിതരണം സാധിക്കാം. അടിസ്ഥാനവിദ്യാഭ്യാസം, കോഴ്സിന്റെ അവസാനംവരെയും നിർബ്ബന്ധിതമായിരിക്കും. കഴിയുന്നിടത്തോളം എല്ലാ പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽ നടത്തപ്പെടും. ശ്രേഡ്തിരിച്ച് അസ്പൃത്തം ആചരിക്കുന്ന ജാതിവിഭാഗം കാണുകയില്ല. സത്യാഗ്രഹം, നിസ്സഹകരണം എന്നീ സങ്കേതങ്ങളോടുകൂടിയ അഹിംസയായിരിക്കും ഗ്രാമീണസമൂഹത്തിന്റെ പിൻബലം. നിർബ്ബന്ധിതസേവനം അനുഷ്ഠിക്കേണ്ട 'ഗ്രാമപാലക'ന്മാരുടെ ഒരു 'സർവ്വീസ്' ഉണ്ടായിരിക്കും. ഈ ഗ്രാമപാലകന്മാരെ ഗ്രാമത്തിൽ സൂക്ഷിക്കുന്ന ഒരു രജിസ്റ്ററിലെ പേരുകാരിൽനിന്നു തവണ അനുസരിച്ചായിരിക്കും തെരഞ്ഞെടുക്കുന്നതു്. ഗ്രാമഭരണം അഞ്ചുപേരടങ്ങിയ ഒരു പഞ്ചായത്തു നിർവ്വഹിക്കും. പ്രായപൂർത്തിയായ സ്ത്രീപുരുഷന്മാരുൾപ്പെടെ ഏററവും കുറഞ്ഞ നിശ്ചിത വോട്ടവകാശയോഗ്യതയുള്ള ഗ്രാമവാസികൾ ഇവരെ ആണ്ടുതോറും തെരഞ്ഞെടുക്കും. ഇവർക്കു് ആവശ്യമുള്ള എല്ലാ കർത്തൃത്വവും വിചാരണാധികാരവും ഉണ്ടായിരിക്കും. അംഗീകൃതമായ അർത്ഥത്തിൽ ശിക്ഷാപരിപാടികൾ ഇല്ലാത്തസ്ഥിതിക്കു്, ഈ പഞ്ചായത്തു് അധികാരത്തിലിരിക്കുന്ന വർഷത്തേക്കു് ലെജിസ്ലേച്ചറും ജുഡീഷ്യറിയും എക്സിക്യൂട്ടീവും കൂടിച്ചേർന്ന ഒരു സ്ഥാപനമായി പ്രവർത്തിക്കും. ഏതു ഗ്രാമത്തിനും ഇന്നത്തെ ഗവണ്മെന്റിൽനിന്നുപോലും വലിയ പ്രതിബന്ധമൊന്നുംകൂടാതെ ഇത്തരമൊരു റിപ്പബ്ലിക്കാവാൻ സാധിക്കും. ഗ്രാമനികുതി ഈടാക്കുകമാത്രമാണല്ലോ ഇന്നത്തെ ഗവണ്മെന്റിനു ഗ്രാമങ്ങളുമായുള്ള ഫലപ്രദമായ ഏകബന്ധം. അയൽഗ്രാമങ്ങളും കേന്ദ്രവുമായി വല്ല ബന്ധവുമുണ്ടെങ്കിൽ ആ ബന്ധത്തിന്റെ പ്രശ്നം ഞാനിവിടെ പരിശോധിച്ചിട്ടില്ല. ഗ്രാമഭരണത്തിന്റെ ഒരു രൂപരേഖ നൽകാൻമാത്രമേ ഞാൻ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളു. വ്യക്തിസ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ സമ്പൂർണ്ണ ജനായത്തഭരണം ഇതിലുണ്ടു്, വ്യക്തിയാണു് അയാളുടെ ഭരണത്തിന്റെ ശില്പി. അക്രമരാഹിത്യനിയമം അയാളെയും അയാളുടെ ഗവണ്മെന്റിനേയും ഭരിക്കുന്നു. അയാൾക്കും അയാളുടെ ഗ്രാമത്തിനും ലോകബലത്തെത്തന്നെ വകവയ്ക്കാതിരിക്കാൻകഴിയും. തന്റെയും തന്റെ ഗ്രാമത്തിന്റെയും അഭിമാനം സംരക്ഷിക്കാൻ അയാൾ മരണംവരിക്കും. അതാണു് ഓരോ ഗ്രാമീണനേയും ഭരിക്കുന്ന നിയമം.

ഇവിടെ വരച്ചുകാണിച്ചിരിക്കുന്ന ചിത്രത്തിൽ പ്രകൃത്യാ അസാദ്ധ്യമായി ഒന്നുമില്ല. ഇത്തരമൊരു ഗ്രാമം കെട്ടിപ്പടുക്കുവാൻ ഒരു ജീവിതകാലത്തെ ശ്രമം വേണ്ടിവന്നേക്കും. ഗ്രാമജീവിത

digitized by www .sreyas.in

ത്തേയും യഥാർത്ഥ ജനായത്തഭരണത്തേയും സ്നേഹിക്കുന്ന ഏതൊരു
വനും ഒരു ഗ്രാമത്തെ തന്റെ ലോകമായി പരിഗണിച്ച് അതി
ന്റെ നന്മയ്ക്കുവേണ്ടിയുള്ള വേലകൾക്കായി ജീവിതം ഉഴിഞ്ഞു
വയ്ക്കാം. അതുമൂലം നല്ല ഫലങ്ങൾ ഉണ്ടാവുന്നത് അയാൾക്കു കാ
ണാൻകഴിയും. ഒരേസമയം ഗ്രാമത്തിലെ തോട്ടിയായും, നൂൽ
നൂല്പുകാരനായും, കാവൽക്കാരനായും, വൈദ്യനായും അദ്ധ്യാ
പകനായും അയാൾക്കു വേല തുടങ്ങാം. ആരും തന്റെ അടുക്കൽ
വന്നില്ലെങ്കിൽ തോട്ടിവേലചെയ്തും നൂൽ നൂൽറ്റും അയാൾക്കു തൃ
പ്തിപ്പെടാം.

## 41

പതിനെട്ട് ഇനങ്ങളുള്ള നിർമ്മാണപരിപാടിയിൽ സമഗ്ര
ഗ്രാമസേവയും ഉൾപ്പെടുന്നു. ഒരു ഗ്രാമസേവകൻ തന്റെ ഗ്രാമത്തി
ലുള്ള സകല ആളുകളേയും അറിഞ്ഞിരിക്കണം. കഴിവുള്ള സേ
വനം അവക്കു ചെയ്തുകൊടുക്കുകയും വേണം. പ്രവത്തകന് എല്ലാം
ഒററയ്ക്കു ചെയ്‌വാൻ കഴിയുമെന്ന് ഇതിന് അർത്ഥമില്ല. സ്വയം
സഹായത്തിനുള്ള വഴി അയാൾ അവക്കു കാണിച്ചുകൊടുക്കുകയും
അവക്ക് ആവശ്യമുള്ള സഹായവും സാമഗ്രികളും നൽകുകയും ചെ
യ്യണം. സ്വന്തം സഹായികളെ അയാൾ പരിശീലിപ്പിച്ചെടു
ക്കണം. തന്റെ ഉപദേശം ആരായുകയും അനുസരിക്കുകയും
ചെയ്യുമാറ് ഗ്രാമീണരെ അയാൾ വശീകരിക്കണം. ഞാൻ ഒരു
ഗ്രാമത്തിൽ ഒരു ഘനി (പഴയ ഗ്രാമച്ചക്ക്) യുമായി താമസി
ക്കുന്നു എന്നു വിചാരിക്കുക; അപ്പോൾ ഞാൻ 15—20 ക. വരെ
യുള്ള ഒരു സാധാരണ 'ഘഞ്ചി' (എണ്ണയാട്ടുകാരൻ) യല്ല; മഹാ
ത്മാഘഞ്ചിയായിരിക്കും. 'മഹാത്മാ' എന്നു നേരംപോക്കായി
പ്രയോഗിച്ചതാണ്. എന്നാൽ എന്റെ വിവക്ഷ ഇതാണ്: ഒരു
ഘഞ്ചി എന്ന നിലയിൽ ഞാൻ ഗ്രാമീണക്ക് ഒരു മാതൃകാപുരു
ഷനായിരിക്കും. ഗീതയും ഖുറാനും അറിയാവുന്ന ഒരു ഘഞ്ചി
യായിരിക്കും ഞാൻ. ഗ്രാമീണരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ
പോന്ന അറിവ് എനിക്കു കാണും. സമയമില്ലാത്തതുകൊണ്ട് എ
നിക്കു പഠിപ്പിക്കാൻ സാധിച്ചെന്നു വരികില്ല. ഗ്രാമവാസികൾ
എന്നെ സമീപിച്ച് ആവശ്യപ്പെടും: ''ദയവുചെയ്തു ഞങ്ങളുടെ കു
ഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കാൻ വേണ്ട സഹായം അവി
ടുന്നു ചെയ്യണം.'' ''ഞാൻ ഒരു അദ്ധ്യാപകനെ ഏർപ്പെടുത്തി
ത്തരാം, എന്നാൽ നിങ്ങൾ ചെലവു വഹിക്കേണ്ടിയിരിക്കും.''
ഞാൻ മറുപടി പറയും. അവർ ചെലവു വഹിക്കാൻ തയാറാ
യിരിക്കും. വളരെ സന്തോഷത്തോടുകൂടി ഞാൻ അവരെ നൂൽനൂ
ല്പു പഠിപ്പിക്കും. അവർ ഒരു നെയ്ത്തുകാരന്റെ സേവനം ആവ

---

41. Harijan, 17-3-1946 (Cent per cent Swadesi, P. 138)

digitized by www .sreyas.in

ശ്യപ്പെടുമ്പോൾ, അവർക്ക് അദ്ധ്യാപകനെ ഉണ്ടാക്കിക്കൊടുത്ത അതേ വ്യവസ്ഥയിൽ, ഒരു നെയ്ത്തുകാരനെക്കൂടി ഉണ്ടാക്കിക്കൊടുക്കും. നെയ്ത്തുകാരൻ അവരെ സ്വന്തമായി വസ്ത്രം നെയ്യാൻ അഭ്യസിപ്പിക്കും. ഞാൻ ആരോഗ്യത്തിന്റേയും ശുചീകരണത്തിന്റേയും പ്രാധാന്യം അവരെ പറഞ്ഞു ധരിപ്പിക്കും. അവർ വന്ന് ഒരു തൂപ്പുകാരൻ വേണമെന്ന് ആവശ്യപ്പെടുമ്പോൾ ഞാൻ പറയും: ''ഞാൻ നിങ്ങളുടെ തൂപ്പുകാരനായിരിക്കാം. നിങ്ങളെയെല്ലാം തൂപ്പുജോലി പരിശീലിപ്പിക്കാം.'' ഇതാണു സമഗ്രഗ്രാമസേവയെപ്പറ്റിയുള്ള എന്റെ ധാരണ. ഈ യുഗത്തിൽ ഇത്തരമൊരു ഘഞ്ചിയെ എനിക്കു കാണാൻ കിട്ടുകില്ലെന്നു നിങ്ങൾ പറഞ്ഞേക്കും. എങ്കിൽ നമുക്കു നമ്മുടെ ഗ്രാമം ഈ യുഗത്തിൽ നന്നാക്കാമെന്ന ആശയും വേണ്ടെന്ന് അപ്പോൾ ഞാൻ പറയും. റഷ്യയിലെ ഒരു ഘഞ്ചിയുടെ ഉദാഹരണം എടുക്കുക. എന്തായാലും ഓയിൽമിൽ നടത്തുന്ന ആൾ ഘഞ്ചിതന്നെ. അയാൾക്കു പണമുണ്ട്. എന്നാൽ അയാളുടെ യഥാർത്ഥശക്തി പണത്തിലല്ല, അറിവിലാണു സ്ഥിതിചെയ്യുന്നത്. സാക്ഷാൽ ജ്ഞാനം സാന്മാർഗ്ഗികസ്ഥിരതയും സാന്മാർഗ്ഗികശക്തിയും പ്രദാനംചെയ്യുന്നു. സകലരും അങ്ങനെയുള്ള ഒരാളിന്റെ ഉപദേശം ആരായുന്നു. വിനോബയുടെ ദൃഷ്ടാന്തം എടുക്കുക, അദ്ദേഹം ഒരു നല്ല ഘഞ്ചിയാണ്. അദ്ദേഹം എന്താണു ചെയ്യുന്നതെന്നു നിങ്ങൾ അറിയും. നിങ്ങൾക്കെല്ലാം കഴിവനുസരിച്ച് അദ്ദേഹത്തിന്റെ മാതൃക പിന്തുടരാം.

## 42

ഇൻഡ്യയുടെ കഷ്ടകാലത്തിന്, കക്ഷിതിരിവുകളും ഭിന്നതകളും നമ്മുടെ നഗരങ്ങളിലെപ്പോലെ ഗ്രാമങ്ങളിലും കാണാം. ഗ്രാമങ്ങളുടെ ക്ഷേമത്തെപ്പറ്റി ശ്രദ്ധ കുറവായും കക്ഷിബലം വർദ്ധിപ്പിക്കുന്നതിന് അവയെ ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധ കൂടുതലായും ശക്തിരാഷ്ട്രീയം നമ്മുടെ ഗ്രാമങ്ങളിൽ കടന്നു കൂടുമ്പോൾ ഇതു ഗ്രാമീണപുരോഗതിക്കു സഹായകമായല്ല തടസ്സമായാണുതീരുന്നത്. ഫലം എന്തുതന്നെയായിരുന്നാലും പ്രാദേശികസഹായം കഴിയുന്നത്ര ഉപയോഗപ്പെടുത്തണമെന്നു ഞാൻ പറയും. നാം ശക്തിരാഷ്ട്രീയത്തിന്റെ ദൂഷ്യത്തിൽനിന്നു മുക്തരാണെങ്കിൽ നമുക്കു തെറ്റുപറ്റാൻ ഇടയില്ല. പട്ടണങ്ങളിൽ ഇംഗ്ലീഷുവിദ്യാഭ്യാസം ചെയ്തിട്ടുള്ള സ്ത്രീകളും പുരുഷന്മാരും ഇൻഡ്യൻ ഗ്രാമങ്ങളെ കുറ്റകരമാംവണ്ണം അവഗണിച്ചിരിക്കുകയാണ് എന്നു നാം ഓർമ്മിക്കണം. വാസ്തവത്തിൽ ഗ്രാമങ്ങളാണ് രാജ്യത്തിന്റെ നട്ടെല്ല്. നമ്മുടെ അനാസ്ഥയെപ്പറ്റി സ്മരിക്കുക എന്ന പ്രക്രിയ ക്ഷമയെ ഉത്തേജിപ്പിക്കും. ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു പ്രവർത്തകനെ

---

42. Harijan, 2-3-1947 (Panchayat Raj, P. 39)

കിലും ഇല്ലാത്ത ഗ്രാമത്തിൽ ഞാൻ പോയിട്ടില്ല. നമ്മുടെ ഗ്രാമങ്ങളിലെ ഗുണവിശേഷം അംഗീകരിക്കാൻവേണ്ട എളിമ നമുക്കില്ലാത്തതിനാൽ നാം അയാളെ കാണുന്നില്ല. തീർച്ചയായും പ്രാദേശികരാഷ്ട്രീയത്തിൽ കുടുങ്ങാതെ നാം മുമ്പോട്ടുപോകണം. യഥാർത്ഥത്തിൽ ഗുണകരമേതെന്നു നോക്കി തദനുസരണം എല്ലാ പാർട്ടികളിൽനിന്നും സഹായം സ്വീകരിക്കുകയോ ഒരു പാർട്ടിയിൽ നിന്നും സ്വീകരിക്കാതിരിക്കുകയോ ചെയ്യുമ്പോഴ് നാം ഇതു പഠിക്കും.

പ്രധാന പ്രവർത്തകരോടു ഞാൻ സ്പഷ്ടമായി പറയുന്നു: ''നിങ്ങൾക്കു വല്ല ബാഹ്യസഹായവും ലഭിക്കുന്നുണ്ടെങ്കിൽ അതിൽനിന്നു സ്വതന്ത്രരാവുക, ലഭ്യമായ എല്ലാ പ്രാദേശികസഹായവും സ്വീകരിച്ച്, ഒററയ്ക്കു ധൈര്യമായി ബുദ്ധിപൂർവ്വം പ്രവർത്തിക്കുക. നിങ്ങൾ വിജയിക്കുന്നില്ലെങ്കിൽ മററാരേയും കുററപ്പെടുത്തേണ്ട, നിങ്ങളെ മാത്രം കുററപ്പെടുത്തിയാൽ മതി.''

## 43

സ്വാതന്ത്ര്യം ചോട്ടിൽ തുടങ്ങണം. ഇങ്ങനെ ഓരോ ഗ്രാമവും പൂർണ്ണാധികാരമുള്ള ഒരു റിപ്പബ്ളിക്ക് അഥവാ പഞ്ചായത്ത് ആയിരിക്കും. ആകയാൽ ഓരോ ഗ്രാമവും സ്വയം വർദ്ധകവും സ്വന്തം കാര്യങ്ങൾ നോക്കാൻ പ്രാപ്തിയുള്ളതും ആയിരിക്കണം എന്നു സിദ്ധിക്കുന്നു. സർവ്വലോകത്തിനും എതിരായിപ്പോലും അതിനു തടുത്തുനില്ക്കാൻ കഴിയണം. ബാഹ്യാക്രമണത്തെ തടുക്കുന്ന ശ്രമത്തിൽ വേണ്ടിവന്നാൽ സ്വയം നശിക്കാൻപോലും അതിനെ പരിശീലിപ്പിക്കുകയും സന്നദ്ധമാക്കുകയും വേണം. ഇങ്ങനെ നോക്കിയാൽ അവസാനം വ്യക്തിയാണ് യൂണിററ് എന്നു കാണാം. അയല്ക്കാരെ അഥവാ ബാഹ്യലോകത്തെ ആശ്രയിക്കുന്നതിനേയോ, അവർ സൗമനസ്യത്തോടുകൂടി ചെയ്യുന്ന സഹായം സ്വീകരിക്കുന്നതിനേയോ ഇതു് ഒഴിവാക്കുന്നില്ല. സ്വതന്ത്രമായും സ്വമനസ്സോടുകൂടിയും ഉള്ള പരസ്പരവേഴ്ചയായിരിക്കും അതു്. അങ്ങനെയുള്ള ഒരു സമൂഹം അത്യന്തം സംസ്കൃതമായിരിക്കും. അതിൽ സകല സ്ത്രീപുരുഷന്മാർക്കും അവരവർക്കു് എന്താണു വേണ്ടതെന്നു് അറിയാം. മാത്രമല്ല, തുല്യജോലികൊണ്ടു മററുള്ളവർക്കു ലഭിക്കാൻ നിവൃത്തിയില്ലാത്തതു് ആരും ആവശ്യപ്പെടുകയില്ലെന്നും അവർക്കറിയാം.

ഈ ഗ്രാമസമൂഹം സ്വാഭാവികമായി, സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായിരിക്കണം. എന്റെ അഭിപ്രായത്തിൽ സജീവമായ ദൈവവിശ്വാസം കൂടാതെ ഇതു സാദ്ധ്യമല്ല. സ്വയം

43. Harijan, 28-7-1946 (Panchayat Raj, pp. 8—9)

digitized by www .sreyas.in

ഭേവും സർവ്വജ്ഞവുമായ ഒരു സജീവശക്തിയാണു ദൈവം. ഈ ശക്തി ലോകത്തിൽ അറിയപ്പെട്ടിട്ടുള്ള മറെറല്ലാ ശക്തികളിലും നിഗൂഢമായി വർത്തിക്കുന്നു. അതിനു മററൊന്നിന്റേറയും ആശ്രയമില്ല. മറെറല്ലാ ശക്തികളും നിശ്ശേഷമാകുകയോ നശിക്കുകയോ ചെയ്താലും ഈ ശക്തി ജീവിക്കും. സർവ്വവ്യാപകമായ ഈ ജീവശക്തിയിൽ വിശ്വസിക്കാതെ എന്റെ ജീവിതത്തിനു കാരണം പറയാൻ എനിക്കു സാദ്ധ്യമല്ല.

അസംഖ്യം ഗ്രാമങ്ങൾ കൂടിച്ചേർന്നുള്ള ഈ ഘടനയിൽ, ഒരിക്കലും ആരോഹക്രമത്തിൽ വളരാത്ത. നാൾക്കുനാൾ വിസ്താരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന, വൃത്തങ്ങൾ ഉണ്ടായിരിക്കും. ശിഖരത്തെ അധോഭാഗം താങ്ങിനിർത്തുന്ന ഒരു പിരമിഡ് ആയിരിക്കയില്ല ജീവിതം. അതു് ഒരു മഹാസമുദ്രസന്നിഭമായ വൃത്തമാണു്. അതിന്റെ കേന്ദ്രം ഗ്രാമത്തിനുവേണ്ടി മരിക്കാൻ എപ്പോഴും സന്നദ്ധനായ വ്യക്തിയത്രേ. ആ ഗ്രാമം, ഗ്രാമവൃത്തത്തിനുവേണ്ടിയും നശിക്കാൻ തയാറായിരിക്കും. അങ്ങനെ അവസാനം എല്ലാംകൂടി വ്യക്തികൾ ചേർന്നുള്ള ഒരൊററ ജീവിതമായിത്തീരുന്നു. ഒരിക്കലും അതു് അക്രമപ്രസക്തമാവുകയില്ല. നേരേമറിച്ചു് എപ്പോഴും വിനീതമായിരിക്കും. ഈ സമുദ്രതുല്യമായ മണ്ഡലത്തിന്റെ അവിഭാജ്യ ഘടകങ്ങളായ വ്യക്തികൾ അതിന്റെ ഗാംഭീര്യത്തിൽ ഭാഗഭാക്കുകളാകുന്നു.

ആകയാൽ, ഏററവും പുറമേയുള്ള പരിധി അകമേയുള്ള വൃത്തത്തെ ഭഞ്ജിക്കുവാൻ ശക്തി പ്രയോഗിക്കുകയില്ല. നേരേമറിച്ചു് അകമേയുള്ള സകല വൃത്തത്തിനും അതു ശക്തി നല്കുന്നു. കേന്ദ്രത്തിൽനിന്നു സ്വന്തം ശക്തി ആവഹിച്ചെടുക്കുകയും ചെയ്യുന്നു. ഇതെല്ലാം യുട്ടോപ്യൻ ആശയങ്ങളാണെന്നും ആകയാൽ ചിന്തനാർഹമല്ലെന്നും എന്റെ നേരെ പ്രത്യാഖ്യാനം ഉയർന്നേക്കാം. മനുഷ്യരെക്കൊണ്ടു വരയ്ക്കാൻ സാദ്ധ്യമല്ലെങ്കിലും യൂക്ലിഡിന്റെ ബിന്ദുവിനു് ഒരു അനശ്വരമൂല്യമുണ്ടെങ്കിൽ, മനുഷ്യജീവിതസംബന്ധിയായ ഒരു മൂല്യം എന്റെ ചിത്രത്തിനുമുണ്ടു്. സമ്പൂർണ്ണരൂപത്തിൽ എന്റെ ചിത്രം ഒരിക്കലും സാക്ഷാൽക്കരിക്കാവുന്നതല്ലെങ്കിലും, ഇൻഡ്യ ഈ ശരിയായ ചിത്രത്തിനുവേണ്ടി ജീവിക്കട്ടെ. നമുക്കു വേണ്ടതിന്റെ ഒരു ശരിയായ ചിത്രം നമുക്കുണ്ടായിരിക്കണം. എങ്കിലേ ഏതാണ്ടു് അതിനോടടുത്ത ഒന്നു നമുക്കു സിദ്ധിക്കുകയുള്ളു. ഇൻഡ്യയിൽ എല്ലാ ഗ്രാമങ്ങളും ഉൾപ്പെട്ട ഒരു റിപ്പബ്ലിക്കു് എന്നെങ്കിലും ഉണ്ടാകുമെങ്കിൽ എന്റെ ചിത്രം ശരിയാണെന്നു ഞാൻ പറയും. അതിൽ അവസാനത്തെ ആൾ ആദ്യത്തെ ആളിനു സമനാണു്. അഥവാ, വേറൊരുപ്രകാരം പറഞ്ഞാൽ, ആദ്യത്തെ ആളെന്നോ അവസാനത്തെ ആളെന്നോ വ്യത്യാസമുണ്ടാവില്ല.

digitized by www .sreyas.in

## 44

ഗ്രാമവാസികളോ ഗ്രാമകാര്യനിരതരോ ആയ പ്രായപൂർത്തിയുള്ള അഞ്ചു പുരുഷന്മാരോ സ്ത്രീകളോ അടങ്ങിയ ഓരോ പഞ്ചായത്തും ഓരോ യൂണിററായിരിക്കും.

അടുത്തടുത്തുള്ള അത്തരം രണ്ടു പഞ്ചായത്തുകൾക്ക്, അവർ തന്നെ തെരഞ്ഞെടുത്ത ഒരു നേതാവിന്റെ കീഴിൽ ഒരു പ്രവർത്തകക്കക്ഷി രൂപവൽക്കരിക്കാം.

അത്തരം നൂറു പഞ്ചായത്തുകളുള്ളപ്പോൾ, അമ്പതു് ഒന്നാംഗ്രേഡ് നേതാക്കന്മാർ ചേർന്ന് അവരിൽനിന്ന് ഒന്നാംഗ്രേഡ് നേതാവിനെ തെരഞ്ഞെടുക്കണം. ഒന്നാംഗ്രേഡ് നേതക്കന്മാർ രണ്ടാം ഗ്രേഡ് നേതാവിന്റെ കീഴിൽ ജോലി ചെയ്യണം. ഇങ്ങനെ ഇരുനൂറു പഞ്ചായത്തുകളുടെ സമാന്തരഗ്രൂപ്പുകൾ തുടരെ രൂപവല്ക്കരിക്കണം. ഒടുവിൽ ഇൻഡ്യയൊട്ടുക്ക് ഇത്തരം ഗ്രൂപ്പുകൾ ആവിർഭവിക്കും. പുറകേ പുറകേ രൂപവൽകൃതമാകുന്ന ഓരോ പഞ്ചായത്തു ഗ്രൂപ്പും ആദ്യത്തേമാതിരി ഓരോ രണ്ടാംഗ്രേഡ് നേതാവിനെ തെരഞ്ഞെടുക്കണം. എല്ലാ രണ്ടാംഗ്രേഡ് നേതാക്കന്മാരും കൂട്ടായി ഇൻഡ്യയെ പൊതുവിലും അവരവരുടെ മണ്ഡലങ്ങളെ പ്രത്യേകിച്ചും സേവിക്കണം. രണ്ടാംഗ്രേഡു നേതാക്കന്മാർ ആവശ്യമെന്നു കാണുമ്പോൾ തങ്ങളുടെ ഇടയിൽനിന്ന് ഒരു പ്രധാനിയെ തെരഞ്ഞെടുക്കണം. മററുള്ളവർക്ക് സമ്മതനായിരിക്കുന്ന കാലത്തോളം അയാൾ എല്ലാ ഗ്രൂപ്പുകളെയും നിയന്ത്രിക്കുകയും ശാസിക്കുകയും ചെയ്യും.

പ്രവിശ്യകളുടെ അവസാന രൂപവല്ക്കരണം ഇപ്പോഴും കുഴപ്പത്തിൽ കിടക്കുകയാകകൊണ്ടു്, സേവകന്മാരുടെ ഈ ഗ്രൂപ്പിനെ പ്രൊവിൻഷ്യൽ കൗൺസിലുകളായോ ഡിസ്ട്രിക്ട് കൗൺസിലുകളായോ വിഭജിക്കാൻ ശ്രമിച്ചിട്ടില്ല. ഇൻഡ്യയൊട്ടുക്കുള്ള അധികാരം ഏതെങ്കിലുമൊരു പ്രത്യേകകാലത്തു രൂപവല്ക്കരിക്കുന്ന ഗ്രൂപ്പിലോ ഗ്രൂപ്പുകളിലോ നിക്ഷിപ്തമായിരിക്കും. ഈ സേവകസംഘത്തിനു് അധികാരമോ ശക്തിയോ ലഭിക്കുന്നതു്, അവർ തങ്ങളുടെ യജമാനനു്—ഇൻഡ്യക്കു്—മടികൂടാതെയും ബുദ്ധിപൂർവ്വകമായും ചെയ്യുന്ന സേവനത്തിൽനിന്നാണെന്ന സംഗതി ശ്രദ്ധേയമാണു്.

1) ഓരോ പ്രവർത്തകനും സ്വയം നൂററ നൂൽകൊണ്ടു നെയ്യതോ, എ. ഐ. എസ്. എ. സാക്ഷ്യപത്രം നൽകിയിട്ടുള്ളതോ ആയ ഖാദിധരിക്കുന്ന ആളായിരിക്കണം. പ്രവർത്തകൻ ഹിന്ദുവാണെങ്കിൽ, അയാളും അയാളുടെ കുടുംബവും, ഏതു രൂപത്തിലും

44. New Delhi, 29-1-1948 (Last Phase, vol. II, pp. 819—820)

digitized by www .sreyas.in

മാതൃകയിലും ഉള്ള അസ്പൃശ്യതയേയും നിശ്ശേഷം പരിവർജ്ജിച്ചിരിക്കണം. സമുദായാന്തരൈക്യം എന്ന ആദർശത്തിൽ അയാൾ വിശ്വസിക്കണം. എല്ലാ മതങ്ങളെയും ഒരുപോലെ ബഹുമാനിക്കണം. ലിംഗവർഗ്ഗവിശ്വാസഭേദങ്ങൾ പരിഗണിക്കാതെ സകലക്കും അവസരസമത്വവും സ്ഥാനസമത്വവും നൽകാൻ സന്നദ്ധനായിരിക്കണം.

2) തന്റെ അധികാരപരിധിയിൽ പെടുന്ന ഓരോ ഗ്രാമീണനോടും അയാൾ നേരിട്ടു സമ്പക്കം പുലർത്തണം.

3) അയാൾ ഗ്രാമീണരുടെ ഇടയിൽനിന്നു പ്രവർത്തകരെ തെരഞ്ഞെടുത്തു പരിശീലിപ്പിക്കണം. ഇതിനെല്ലാം ഒരു രജിസ്റ്റർ സൂക്ഷിക്കയും വേണം.

4) തന്റെ ദൈനംദിനജോലിയുടെ ഒരു ഡയറി അയാൾ സൂക്ഷിക്കണം.

5) കൃഷി, കൈത്തൊഴിൽ എന്നിവയിലൂടെ സ്വയംപര്യാപ്തവും സ്വയം സംരക്ഷകവുമാകത്തക്കവിധം ഗ്രാമങ്ങളെ സംഘടിപ്പിക്കണം.

6) ഗ്രാമീണജനങ്ങൾക്കു് ആരോഗ്യം ശുചിത്വം എന്നിവയിൽ ശിക്ഷണം നൽകണം. അവരുടെ ഇടയിൽ അനാരോഗ്യവും രോഗവും തടയുന്നതിനു് ആവശ്യമായ എല്ലാ നടപടികളും നടത്തണം.

7) ഗ്രാമീണജനങ്ങളുടെ ജനനം മുതൽ മരണം വരെ ഹിന്ദുസ്ഥാനി താലിമിസംഘിന്റെ നയം അനുസരിച്ചു്, നയീതാലിം രീതിയിൽ വിദ്യാഭ്യാസം സംഘടിപ്പിക്കണം.

8) നിയമപ്രകാരമുള്ള വോട്ടർമാരുടെ പട്ടികയിൽ വിട്ടുപോയിട്ടുള്ള ആളുകളുടെ പേരുകൾ യഥാക്രമം അതിൽ ചേക്കുന്നതിൽ ശ്രദ്ധിക്കണം.

9) നിയോജകാവകാശം ലഭിക്കുന്നതിനു നിയമപ്രകാരം യോഗ്യതയില്ലാത്തവക്കു്, അതു ലഭിക്കാൻ ഒത്താശ ചെയ്തുകൊടുക്കണം.

10) മുകളിൽ പറഞ്ഞ കാര്യങ്ങൾക്കു അവയോടു് അപ്പപ്പോൾ കൂട്ടിച്ചേക്കുന്ന മററു കാര്യങ്ങൾക്കുമായി, സംഘം വ്യവസ്ഥാപിച്ചിട്ടുള്ള ചട്ടങ്ങളനുസരിച്ചു് അയാൾ പരിശീലനം നടത്തുകയും യഥാവിധി കർത്തവ്യം നിവ്വഹിക്കുന്നതിനു പ്രാപ്തനാവുകയും ചെയ്യണം. സംഘം താഴെപ്പറയുന്ന സ്വയംനിർണ്ണയാവകാശമുള്ള സംഘടനകളുമായി ബന്ധപ്പെടണം.

digitized by www .sreyas.in

1. എ. ഐ. എസ്. എ.
2. എ. ഐ. വി. ഐ. എ.
3. ഹിന്ദുസ്ഥാനി താലിമിസംഘ്
4. ഹരിജൻ സേവക്സംഘ്
5. ഗോസേവാസംഘ്.

ധനകാര്യം

സംഘം അതിന്റെ ദൗത്യം നിർവ്വഹിക്കുന്നതിലേക്ക് ഗ്രാമീണരിൽനിന്നും മററും പണം പിരിച്ചുണ്ടാക്കണം. പാവങ്ങളോട് ചെറിയ തുകകൾ പിരിക്കുന്ന കാര്യത്തിൽ പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്.

digitized by www .sreyas.in

## NAVAJIVAN PUBLICATIONS USED FOR REFERENCE

1 An Autobiography
2 Cent per cent Swadesi
3 Constructive Programme
4 Drink, Drugs and Gambling
5 Economic and Industrial Life and Relations, vol. I
6 Economic and Industrial Life and Relations, vol. II
7 Economic and Industrial Life and Relations, vol. III
8 Food-shortage and Agriculture
9 Harijan (1938, '39, '40, '50 and '52)
10 Hind Swaraj
11 How to Serve the Cow
12 India of My Dreams
13 Khadi—Why and How
14 Re-building Our Villages
15 Sarvodaya—Its Principles and Programmes
16 Sarvodaya—The Welfare of All
17 Selections from Gandhi
18 The Nation's Voice
19 To the Students
20 Towards Non-violent Socialism
21 Young India (Collected vol. 1919—1922).

(Available from the Navajivan Publishing House, Ahmedabad-14)

digitized by www .sreyas.in



digitized by www.sreyas.in



digitized by www .sreyas.in

# അർത്ഥശാസ്ത്രം

ജീവിതത്തിന്റെ വിവിധ മേഖലകളെ സമന്വയിച്ച് എല്ലാ ജീവിതമണ്ഡലങ്ങളിലും സത്യത്തിന്റെയും സ്നേഹത്തിന്റെയും ആർദ്രത പകരുവാനാണ് ഗാന്ധിജി ശ്രമിച്ചത്. അർത്ഥശാസ്ത്രം ഗാന്ധിജിക്ക് ഒറ്റപ്പെട്ട ശാസ്ത്രമല്ല. മാനുഷികമൂല്യങ്ങൾക്ക് മുൻതൂക്കം നൽകി സർവ്വജനങ്ങളുടെയും ഉദയം ലക്ഷ്യമാക്കിയുള്ള സദാചാരനിഷ്ഠമായ ഒരർത്ഥശാസ്ത്രത്തിനാണ് ഗാന്ധിജി രൂപം നല്കിയത്. ഭൗതികാവശ്യങ്ങൾ വളർത്തി ഒടുവിൽ തൃഷ്ണയുടെ ആഴക്കടലിൽ മുങ്ങിച്ചാകാൻ ക്ഷണിക്കുന്ന ഇന്നത്തെ അർത്ഥശാസ്ത്രത്തിന് ഒരു വെല്ലുവിളിയാണിത്. അർത്ഥശാസ്ത്രത്തെ ലോകത്തിൽ ഒരനർത്ഥശാസ്ത്രമാക്കി വളർത്തുന്ന ആധുനിക സമീപനം അപകടകാരിയാണെന്നും, ആ മാർഗ്ഗത്തിൽനിന്നും വേഗം പിന്തിരിയണമെന്നും ലോകത്തിലെ പ്രമുഖ ചിന്തകന്മാർ ഇന്നു മുറവിളി കൂട്ടുന്നതു നാം അനുദിനം കേൾക്കുന്നുണ്ടല്ലോ. ഈ അപകടം മുൻകൂട്ടിക്കാണുകയും അതൊഴിവാക്കാൻ പര്യാപ്തമായ ഒരു സാമ്പത്തികചിന്തയും ജീവിതചര്യയും കാലേ ആസൂത്രണം ചെയ്യുകയും ചെയ്ത ഗാന്ധിജിയുടെ ക്രാന്തദർശിത്വം ഈ ഗ്രന്ഥത്തിൽ തെളിഞ്ഞു കാണാം.

ഭാരതത്തിലെ ഗ്രാമങ്ങൾക്കുവേണ്ടി കരുപ്പിടിപ്പിച്ച സാമ്പത്തികാസൂത്രണം വളരെയധികം അവഗണിക്കപ്പെട്ടുപോയി. എങ്കിലും കാൽനൂററാണ്ടുകാലത്തെ മററു പരീക്ഷണങ്ങളുടെ ഭാഗികമായ പരാജയങ്ങളുടെ വെളിച്ചത്തിൽ ഗാന്ധിജിയുടെ ആസൂത്രണത്തിന്റെ സാംഗത്യം ആസൂത്രണവിദഗ്ദ്ധന്മാർ ഇന്നു തെളിഞ്ഞു കാണാം.

**കേരളഗാന്ധിസ്മാരകനിധി പ്രസിദ്ധീകരണം**

**കറന്റ് ബുക്സ്**

തിരുവനന്തപുരം, കോട്ടയം, എറണാകുളം, ആലപ്പുഴ,
കോഴിക്കോട്, തൃശ്ശൂർ, തലശ്ശേരി

digitized by www .sreyas.in